ജി. ചേടിയത്ത്

# കേരളത്തിലെ ക്രൈസ്തവസഭകൾ

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2019

www.malankaralibrary.com

www.malankaralibrary.com

# കേരളത്തിലെ ക്രൈസ്തവസഭകൾ

www.malankaralibrary.com

www.malankaralibrary.com

ജി. ചേടിയത്ത്

# കേരളത്തിലെ ക്രൈസ്തവസഭകൾ

OIRSI No. 457

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2019

www.malankaralibrary.com

**G.Chediath, Keralathile Kraisthavasabhakal**
**(The Christian Churches of Kerala)**
A Publication of the Oriental Institute of Religious Studies, India
Paurastya Vidyapitham, Vadavathoor, Kottayam-686010
Kerala, India.

TTTThe Ecclesiastical History of Sozomen

© G.Chediath, 2019
Fifth Edition

ISBN : 978-93-82762-82-9

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : Rs. 300/-

www.malankaralibrary.com

# ഉള്ളടക്കം

ഒന്നാം പതിപ്പിന്റെ അവതാരിക 7

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

ആശംസ - മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് 8

കർദിനാൾ ക്ലീമീസ് കാതോലിക്കോസ്

ആമുഖം 10

ഭാഗം-1

**കേരളസഭ പതിനേഴാം നൂറ്റാണ്ടുവരെ (52-1653) 11**

അധ്യായം 1 കേരളസഭയുടെ അപ്പസ്തോലികോത്ഭവം 12

അധ്യായം 2 മാർ തോമാ ഭാരതത്തിന്റെ അപ്പസ്തോലൻ ചില ചരിത്രത്തെളിവുകൾ 21

അധ്യായം 3 കേരളസഭ പതിനാറാം നൂറ്റാണ്ടുവരെ 30

അധ്യായം 4 പാശ്ചാത്യ മിഷണറിമാരും കേരളസഭയും 38

അധ്യായം 5 ഉദയംപേരൂർ സൂനഹദോസ് (1599) 44

അധ്യായം 6 ഉദയംപേരൂർ സൂനഹദോസും കേരളസഭയിലെ പരിവർത്തനങ്ങളും 50

അധ്യായം 7 ഉദയംപേരൂർ മുതൽ കൂനൻകുരിശുവരെ(1599-1653) 54

അധ്യായം 8 കൂനൻകുരിശുസത്യം (1653) 58

അധ്യായം 9 കേരളത്തിലെ അപ്പസ്തോലികസഭ കത്തോലിക്കാസഭ തന്നെ. 63

ഭാഗം-2

**കേരളത്തിലെ വിവിധ സഭകൾ 77**

അധ്യായം 1 കത്തോലിക്കാസഭകൾ 78

1. സീറോ-മലബാർസഭ. 82
2. ലത്തീൻ കത്തോലിക്കാ സഭ. 120
3. മലങ്കര കത്തോലിക്കാസഭ 139

www.malankaralibrary.com

| | | |
|---|---|---|
| അധ്യായം 2 | യാക്കോബായാ-ഓർത്തഡോക്സ് സഭകൾ | 171 |
| അധ്യായം 3 | മാർത്തോമ്മാസുറിയാനിസഭ | 232 |
| | 1. മാർത്തോമ്മാസുറിയാനിസഭ. | 236 |
| | 2. വിശ്വാസവിഷയങ്ങൾ | 256 |
| | 3. സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ | 275 |
| അധ്യായം 4 | ചർച്ച് ഓഫ് സൗത്തിൻഡ്യ (സി.എസ്.ഐ) | 287 |
| | 1. സി. എസ്. ഐ. കേരളത്തിൽ. | 296 |
| | 2. തിരുവിതാംകൂർ - കൊച്ചി സി.എം. എസ്. ആംഗ്ലിക്കൻ മഹായിടവക | 299 |
| അധ്യായം 5 | തൊഴിയൂർസഭ | 304 |
| അധ്യായം 6 | കൽദായ സുറിയാനിസഭ | 307 |
| അധ്യായം 7 | പ്രോട്ടസ്റ്റന്റ് സഭകൾ | 317 |
| അധ്യായം 8 | രണ്ട് അഡ്വന്റിസ്റ്റ് സഭകൾ | 348 |
| | 1. സെവൻത് ഡേ അഡ്വന്റിസ്റ്റ് സമൂഹം. | 350 |
| | 2. ഞായറാഴ്ചയാചരണം. | 352 |
| | 3. യുയോമയം | 360 |
| അധ്യായം 9 | പെന്തക്കോസ്തു സമൂഹങ്ങൾ | 364 |
| | 1. കേരളത്തിലെ പെന്തക്കോസ്തു സമൂഹങ്ങൾ | 372 |
| | 2. ശിശുസ്നാനം വേദാനുസൃതം | 376 |
| | 3. ഭാഷാവരം | 400 |
| | 4. പരിശുദ്ധാത്മസ്നാനം | 403 |
| | 5. കത്തോലിക്കാവിരുദ്ധഗ്രൂപ്പുകൾ | 405 |
| | 6. കരിസ്മാറ്റിക് നവീകരണം | 408 |
| അധ്യായം 10 | യഹോവാസാക്ഷികൾ (റസ്സൽമതക്കാർ) | 411 |
| അനുബന്ധം | | |
| | 1. റോസ്,എസ്.ജെ., ദെ എറോരിബൂസ് നെസ്തോറിയനോരും... | 436 |
| | 2. മലങ്കരസഭയിലെ പുരാതന ആരാധനക്രമം ചില സൂചനകൾ... | 455 |
| | 3. മലങ്കര കാനൻ | 460 |
| | 4. ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് | 462 |
| ഗ്രന്ഥസൂചിക | | 463 |


www.malankaralibrary.com

# ഒന്നാം പതിപ്പിന്റെ അവതാരിക

ഒന്നാം നൂറ്റാണ്ടിൽ തന്നെ സുവിശേഷവെളിച്ചം ലഭിക്കാൻ ഭാരതത്തിന് ഭാഗ്യമുണ്ടായി. ഇന്ന് ക്രൈസ്തവർ ഭൂരിഭാഗമുള്ള അനേകം രാജ്യങ്ങളിലും സുവിശേഷം പ്രസംഗിക്കപ്പെടുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പാണ് ഇത് സംഭവിച്ചത്. എന്നാൽ ഈ നാട്ടിൽ 98% ആളുകൾ രക്ഷയുടെ സദ്വാർത്ത ഇനിയും അറിഞ്ഞിട്ടില്ല. ഭാരതത്തിലും, കേരളത്തിൽ പ്രത്യേകിച്ചും, ക്രിസ്തീയജീവിതത്തിൽ ഉണ്ടായിട്ടുള്ള വൈകല്യം മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനുള്ള അവസരമാണിത്. സ്നേഹവും ഐക്യവുമാണ് ക്രൈസ്തവജനതയുടെ മുഖമുദ്ര. ഫലപ്രദമായ പ്രേഷിതവേലയ്ക്കുള്ള ഉപാധിയും മറ്റൊന്നല്ല.

ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യം കേവലം മാനുഷികമായ സിദ്ധിയല്ല. തന്റെ സാന്നിധ്യം കൊണ്ടും ചൈതന്യംകൊണ്ടും സഭയുടെ ഐക്യം നിലനിർത്തുന്നത് സഭയുടെ ആത്മാവായ പരിശുദ്ധാത്മാവാണ്. ദൈവാത്മാവ് അഗ്രാഹ്യമാംവിധം എല്ലാവരെയും ഐക്യത്തിലേക്ക് ആനയിക്കുന്നു. ഈ ദൈവകൃപയോട് പൂർണമായി സഹകരിക്കുക വിശ്വാസികളുടെയും ക്രൈസ്തവസമൂഹങ്ങളുടെയും കടമയാണ്.

അറിവിൽ നിന്നാണല്ലോ സ്നേഹം ഉത്ഭവിക്കുക.ക്രിസ്തീയസ്നേഹം ശക്തിപ്പെടുത്തുന്നതിനും ഐക്യം പുനഃസ്ഥാപിക്കുന്നതിനും വിശ്വാസികൾ പരസ്പരം അറിയുന്നത് അത്യന്താപേക്ഷിതമാണ്. കേരളത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും ഉറവിടം ഒന്നുതന്നെയാണ്. ചരിത്രത്തിന്റെ ഗതിവിഗതികളിൽ സംഭവിച്ചവയാണ് ചേരിതിരിവുകൾ. നമുക്ക് പൊതുവായുള്ളവ ദൈവദത്തവും അമൂല്യവുമായ നിധികളാണ്. മാത്രമല്ല, വ്യത്യാസങ്ങളേക്കാൾ ഐക്യപ്പെടുത്തുന്നവയ്ക്ക് നാം പ്രാധാന്യം നൽകണമെന്ന് കാലത്തിന്റെ ചുവരെഴുത്ത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്ന് നമുക്ക് പരസ്പരമുള്ള അറിവ് പരിമിതമാണ്. ഈ കുറവുകളെല്ലാം ഒരളവിൽ പരിഹരിക്കുന്നതിനും ക്രൈസ്തവസഭകളെ പരസ്പരം പരിചയപ്പെടുത്തുന്നതിനും അവ തമ്മിലുള്ള ആദരവും സ്നേഹബന്ധവും വർധിപ്പിക്കുന്നതിനും ഉപകരിക്കുന്ന വിശിഷ്ട ഗ്രന്ഥമാണ് ബഹുമാനപ്പെട്ട ചേടിയത്ത് ഗീവർഗീസച്ചൻ തയാറാക്കിയിരിക്കുന്ന **"കേരളത്തിലെ ക്രൈസ്തവസഭകൾ"**.

നമ്മുടെ കർത്താവിനെയും തന്റെ സഭയെയും സ്നേഹിക്കുന്നവരായ സാധാരണ വിശ്വാസികൾക്കും സഭയെപ്പറ്റി ആഴമായി പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും ഇത് പ്രയോജനകരമാണ്. അച്ചനെ ഹൃദയപൂർവം അഭിനന്ദിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്
തിരുവനന്തപുരം മെത്രാപ്പോലീത്താ

മെയ് 29,1989.

www.malankaralibrary.com

**THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH**

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP HOUSE
PATTOM, TRIVANDRUM 695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

1-12-2020

# ആശംസ

ബഹുമാനപ്പെട്ട ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചൻ 1989-ൽ തയാറാക്കിയ "കേരളത്തിലെ ക്രൈസ്തവസഭകൾ" എന്ന ഗ്രന്ഥം വളരെ പ്രയോജനപ്രദമായിരുന്നു. 1998-ലാണ് നാലാം പതിപ്പ് പ്രസിദ്ധീകരിച്ചത്. 1998-നു ശേഷമുള്ള സഭാചരിത്രസംഭവങ്ങൾ ഉൾക്കൊള്ളിച്ച് ഈ ഗ്രന്ഥം വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. കേരളത്തിലെ വിവിധ സഭാസമൂഹങ്ങളെപ്പറ്റി അറിയാൻ ഈ ഗ്രന്ഥം ഏറെ സഹായകമാണ്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട്, സഭകൾ പരസ്പരം അറിയുകയും സ്നേഹിക്കുകയും സഹകരിക്കുകയും വേണം. ഇന്നത്തെ സാഹചര്യത്തിൽ ഈ സാക്ഷ്യം ഏറെ പ്രസക്തവും ഫലപ്രദവുമാണ്. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെയും ബഹുവിധ സ്വാധീനങ്ങളിലൂടെയും കേരളത്തിലെ പുരാതന ക്രൈസ്തവസഭ കടന്നുപോയി. ലത്തീൻ, അന്ത്യോക്യൻ, പ്രോട്ടസ്റ്റന്റ് ധാരകൾ ഈ സഭയെ സ്വാധീനിച്ചു. തദ്ഫലമായി നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടായെങ്കിലും ഒന്നായിരുന്ന സഭ പിളരുകയും വിവിധ വിഭാഗങ്ങളായി വ്യത്യസ്ത ചിന്താഗതികൾ സ്വായത്തമാക്കുകയും പല തട്ടുകളിലായി നിലകൊള്ളുകയും ചെയ്തു. മാത്രമല്ല, വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഉരുത്തിരിയുകയും പല നേതൃത്വങ്ങളുടെ കീഴിൽ വന്നുചേരുകയും ചെയ്തു.

മാമോദീസാ സ്വീകരിച്ചവരെല്ലാം നമ്മുടെ കർത്താവിന്റെ ഏകശരീരത്തിലെ അവയവങ്ങളും നാമെല്ലാം ഏകോദരസഹോദരങ്ങളുമാണെന്ന യാഥാർഥ്യം നിലനിൽക്കുന്നു. ജീവിതയാത്രയിൽ നാം വിഭജിതരായിരിക്കുന്നത് പാപമാണെന്നുള്ള ബോധം വിവിധ സഭകളിലെ നേതൃത്വത്തിനും വിശ്വാസികൾക്കും വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. കാലാകാലങ്ങളായി പരസ്പര ബന്ധം കൂടാതെ ഒറ്റപ്പെട്ട അവസ്ഥയിൽ സഭകൾ നിലനിന്ന സാഹചര്യത്തിൽ ഏകപക്ഷീയമായ സഭാതത്വങ്ങളും വീക്ഷണങ്ങളും സഭകൾ രൂപീകരിച്ചു എന്ന സംഗതി വിസ്മരിക്കരുത്.

www.malankaralibrary.com

വിവിധ സഭാവിഭാഗങ്ങളെ ആത്മപരിശോധനയ്ക്കും നവീകരണത്തിനും പരിശുദ്ധാത്മാവ് ക്ഷണിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന രീതിയിലും സമയത്തും ഐക്യപ്പെടാൻ നമ്മെത്തന്നെ ഒരുക്കേണ്ടിയിരിക്കുന്നു. സഭൈക്യം ദൈവദാനമാണെന്നും ഇതിന് നമുക്ക് മഹത്തായൊരു ദൗത്യമുണ്ടെന്നും നാം അംഗീകരിക്കാൻ തയാറാകണം.

ക്രൈസ്തവസാക്ഷ്യത്തിന് വിപരീതമായ എല്ലാ പ്രവർത്തനങ്ങളും ക്രൈസ്തവർ പരിത്യജിക്കണം. സ്നേഹമാണ് എല്ലാ മനുഷ്യരും ഉൾക്കൊള്ളേണ്ട പരമോന്നതനിയമം. നമ്മുടെ കർത്താവ് ശിഷ്യരോട് അരുളിച്ചെയ്തത് നാം നിരന്തരം അനുസ്മരിക്കണം: "നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ.13,35).

സഭാനേതൃത്വത്തിന്റെ മുഖ്യമായ ദൗത്യം മനുഷ്യസമൂഹത്തെ ദൈവത്തിന്റെ പക്കലേക്ക് ചേർത്തുനിർത്തുക എന്നതാണ്. അപൂർവമായിട്ടെങ്കിലും ഇതിനു വിപരീതമായ പ്രവർത്തനശൈലി പ്രകടമാകാറുണ്ട്.ആയതിനാൽ നാം കർത്താവിന്റെ വചനം നിരന്തരം ഓർക്കുക: "എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചുകളയുന്നു" (ലൂ.11,23).

പീഡനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ക്രിസ്ത്യാനികൾ കടന്നുപോകുന്ന കാലമാണിത്. ചില രാജ്യങ്ങളിലെങ്കിലും ദൈവത്തിന്റെ മഹത്തായ രക്ഷ പ്രഘോഷിക്കാൻ തടസ്സങ്ങൾ നേരിടുന്നു. ഭീകരവാദവും ഭീകരപ്രവർത്തനങ്ങളും വീണ്ടും വീണ്ടും ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, ഈ കാലഘട്ടത്തിൽ കൊറോണാ എന്ന മഹാമാരി മനുഷ്യരെയാകെ പിടിച്ചുലയ്ക്കുന്നു. ഈ സാഹചര്യത്തിലും നമ്മുടെ കർത്താവ് പകർന്നു നൽകിയ സ്നേഹസന്ദേശം ഏവർക്കും എത്തിച്ചുകൊടുക്കാനാണ് ക്രിസ്തുവിന്റെ നാമം വഹിക്കുന്നവർ ശ്രമിക്കേണ്ടത്. എന്നാൽ എതിർസാക്ഷ്യത്തിന്റെ ദുർമാതൃകകൾ ചിലയിടങ്ങളിൽ ഉണ്ടാകുന്നു എന്നത് ദുഃഖകരമാണ്. "അന്തഃച്ഛിദ്രമുള്ള രാജ്യം നശിച്ചുപോകും" എന്ന തിരുവചനം (ലൂ.11,17) ഓർമയിൽ ഉണ്ടായിരിക്കട്ടെ.

സുവിശേഷം സംശയരഹിതമായി ഉൾക്കൊള്ളുകയും ജീവിക്കുകയും ചെയ്ത ആദിമസഭാപിതാക്കന്മാരെ കുറിച്ചുള്ള ഗ്രന്ഥങ്ങൾ മലയാളഭാഷയ്ക്ക് സമ്മാനിച്ച മലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ ശ്രേഷ്ഠ മൽപ്പാൻ ഡോ. ഗീവർഗീസ് ചേടിയത്ത് അച്ചന്റെ നന്മയിൽ "കേരളത്തിലെ ക്രൈസ്തവസഭകൾ" എന്ന ഗ്രന്ഥത്തിന്റെ അഞ്ചാമത്തെ പതിപ്പ് നമുക്ക് വീണ്ടും ലഭിക്കുന്നു. ബഹുമാനപ്പെട്ട മൽപ്പാനച്ചന് എല്ലാ വിധമായ അനുഗ്രഹങ്ങളും നേരുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുന്നു.

✠കർദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ,<br>
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ<br>
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &<br>
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# ആമുഖം

കേരളത്തിലെ ക്രൈസ്തവസഭകൾ എന്ന പേരിൽ ബ. തോമസ് ഇഞ്ചക്കലോടി അച്ചൻ (+1974) 1952-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥം കൂടുതൽ മൂലരേഖകളെ ആധാരമാക്കി രണ്ടു വാല്യങ്ങളിലായി 1989-ൽ ഞാൻ പ്രസിദ്ധീകരിച്ചു. ഇപ്പോൾ രണ്ടും കൂട്ടിച്ചേർത്ത് ഒറ്റവാല്യമായി പ്രസിദ്ധീകരിക്കുകയാണ്. ബ. ഇഞ്ചക്കലോടി അച്ചന്റെ ഗ്രന്ഥത്തിന് മൂന്നു പതിപ്പുകളും എന്റെ ഗ്രന്ഥത്തിന് നാല് പതിപ്പുകളും ഉണ്ടായി.

ഈ ഗ്രന്ഥത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാംഭാഗം മാർത്തോമ്മാ ശ്ലീഹാ മുതൽ 17-ാം നൂറ്റാണ്ടുവരെയുള്ള അവിഭക്ത മലങ്കരസഭാചരിത്രം ചുരുക്കി വിവരിക്കുന്നു. രണ്ടാംഭാഗം ഇപ്പോൾ കേരളത്തിലുള്ള എല്ലാ ക്രൈസ്തവ സഭകളെ പറ്റി ചർച്ച ചെയ്യുന്നു. പുരാതന ചരിത്രപരസഭകളും നവീന പ്രോട്ടസ്റ്റന്റുസഭകളും അതിൽ ഉൾപ്പെടുന്നു.

ചരിത്രപര സഭകളെ തമ്മിൽ അകറ്റുന്ന ഘടകങ്ങളേക്കാൾ ഒന്നിപ്പിക്കുന്ന ഘടകങ്ങൾക്കാണ് മുൻതൂക്കം. ഈ യാഥാർഥ്യം മിക്ക സഭകളും കൂടുതൽ കൂടുതൽ മനസ്സിലാക്കിവരുന്നു. ഈ ലോകത്തിൽ നമ്മുടെ കർത്താവിന്റെ സ്നേഹസന്ദേശം ഏകസ്വരത്തിൽ പ്രഘോഷിക്കാൻ ദൈവം സഭകളെ ആഹ്വാനം ചെയ്യുന്നെന്ന് മനസ്സിലാക്കുന്ന സഭകളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കയാണ്. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകൾക്കിടയിലുള്ള ധാരണ പ്രത്യേകം എടുത്തുപറയേണ്ടതാണ്. സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളുടെ തുല്യത പ്രായോഗിക തലത്തിൽ അംഗീകരിച്ച് നടപ്പാക്കിക്കൊണ്ട് ഈയടുത്ത കാലത്തുണ്ടായ നടപടികളും ശ്ലാഘനീയമാണ്. അതേസമയം ചില സഭകൾക്കിടയിലെ അധികാരവടംവലി നമ്മുടെ കാലത്തും തുടരുന്നത് ഖേദകരമാണ്.

ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയുടെ പല മൂല്യങ്ങളും ചോർന്നുപോയ പ്രോട്ടസ്റ്റന്റ് സഭാവിഭാഗങ്ങളുണ്ട്. അവർ ചില ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു. എന്നാൽ സമഗ്ര ക്രൈസ്തവപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ അവയൊക്കെ ഭാഗികമായ ക്രൈസ്തവസന്ദേശം മാത്രമേ അവതരിപ്പിക്കുന്നുള്ളു. കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുപോയ നല്ല ക്രൈസ്തവ പാരമ്പര്യങ്ങൾ വീണ്ടെടുക്കാൻ സഭകൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഈ ഗ്രന്ഥം ഭംഗിയായി അച്ചടിച്ച ബഥനി പ്രസ്സിലെ അധികാരികൾക്കും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ,
സെന്റ് തോമസ് മൈനർ സെമിനരി,
ആറ്റരികം, മുള്ളനിക്കാട്, ഓമല്ലൂർ,
പത്തനംതിട്ട, 689647.

28-12-2020

www.malankaralibrary.com

## ഭാഗം - 1

# കേരളസഭ പതിനേഴാം നൂറ്റാണ്ടുവരെ
## (52-1653)

www.malankaralibrary.com

## അധ്യായം - 1

# കേരളസഭയുടെ അപ്പസ്തോലികോത്ഭവം

നമ്മുടെ കർത്താവായ യേശുമിശിഹാ സർവലോകത്തിനും മഹാസന്തോഷം പ്രദാനം ചെയ്യുന്ന രക്ഷാകരസന്ദേശത്തിന്റെ വാഹകരായി (ലൂ.2,10) പന്ത്രണ്ടു ശ്ലീഹന്മാരെ അയച്ചു. സ്വർഗത്തിലും ഭൂമിയിലും സമസ്താധികാരവും നൽകിയാണ് കർത്താവ് അവരെ അയച്ചത് (മത്താ.28,18-20). പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മാവിനെ പ്രാപിച്ച ശ്ലീഹന്മാർ ശക്തി പ്രാപിച്ച് ജറുസലേമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും മിശിഹായ്ക്ക് സാക്ഷികളായി (നട.1,8). അവർ പാപമോചനത്തിനുള്ള അനുതാപം എല്ലാ ജനതകളോടും പ്രസംഗിച്ചു (ലൂ.24,47). കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു (മർക്കോ.16,20). ഈ പന്ത്രണ്ടു പേരിൽ ഒരാളായിരുന്നു മാർ തോമാശ്ലീഹാ.

### മാർ തോമാശ്ലീഹാ ഭാരതത്തിൽ

മാർ തോമാശ്ലീഹാ കേരളത്തിലും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും സുവിശേഷം പ്രസംഗിച്ച് ക്രിസ്തീയ സഭയ്ക്ക് ആരംഭമിട്ടു. അക്കാരണത്താൽ ഭാരതത്തിന്റെ ശ്ലീഹായായി മാർ തോമാശ്ലീഹാ പരിഗണിക്കപ്പെടുന്നു. മാർ തോമാശ്ലീഹായിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർ എന്ന അർഥത്തിൽ ഇവിടുത്തെ ക്രിസ്ത്യാനികൾ *മാർത്തോമ്മാ നസ്രാണികൾ* എന്ന് അറിയപ്പെട്ടിരുന്നു. ഇപ്പോഴും അപ്രകാരം തന്നെ അറിയപ്പെടുന്നു.

### മാർ തോമാശ്ലീഹായുടെ ജീവചരിത്രം

മാർ തോമാ പലസ്തീനയിലെ ഗലീലയിൽ നിന്നുള്ള ആളായിരുന്നു. മീൻപിടിത്തമായിരുന്നു കുലത്തൊഴിൽ. തോമായുടെ ആദ്യകാലജീവിതത്തെ പറ്റിയോ, ബന്ധുജനങ്ങളെ പറ്റിയോ നമുക്കൊന്നും അറിയില്ല. യേശു വിളിച്ചപ്പോൾ തോമാ സസന്തോഷം പിൻചെന്നു. ഇരട്ട പിറന്നവൻ എന്നർഥ

www.malankaralibrary.com

മുള്ള തോമാ എന്ന പേരിലാണ് ശ്ലീഹാ അറിയപ്പെട്ടിരുന്നത്. തോമാ എന്നതിന്റെ ഗ്രീക്കാണ് ദിദിമോസ് (മത്താ.10,3; മർക്കോ.3,18; ലൂ.6,15; നടപടി,1,13).

*യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ മൂന്നിടത്ത് മാർ തോമായെപ്പറ്റി പരാമർശമുണ്ട്.*

ഒന്നാമത്തേത്, ലാസറിന്റെ മരണത്തോട് അനുബന്ധിച്ചുള്ളതാണ്. യൂദന്മാർ യേശുവിനെ കല്ലെറിയാൻ തക്കം നോക്കിയിരിക്കയായിരുന്നു (11,8). എന്നാൽ കർത്താവ് ലാസറിന്റെ പക്കലേക്ക് പോകുന്നു എന്നു പറഞ്ഞപ്പോൾ, "നമുക്കും പോയി അവനോടൊത്തു മരിക്കാം" എന്ന് തോമാ പറഞ്ഞു (യോഹ.11,16).

രണ്ടാമത്തേത്, കർത്താവിന്റെ വിടവാങ്ങൽ പ്രസംഗത്തിന്റെ അവസരത്തിൽ ഉള്ളതാണ് (യോഹ.14,5). "ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു" എന്ന് കർത്താവ് പറഞ്ഞപ്പോൾ, തോമാ പറഞ്ഞു, "കർത്താവേ, നീ എവിടേയ്ക്കു പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി അറിയുന്നതെങ്ങനെ?" അപ്പോൾ കർത്താവു പറഞ്ഞു: "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു."

മൂന്നാമത്തേത്, ഉത്ഥാനത്തിനു ശേഷമത്രേ. തങ്ങൾ കർത്താവിനെ ദർശിച്ചു എന്ന് ശ്ലീഹന്മാർ അവകാശപ്പെട്ടു. തോമാ അത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അവന്റെ ആണിപ്പഴുതുകളിലും വിലാപ്പുറത്തും എന്റെ വിരൽ ഇട്ടല്ലാതെ ഞാൻ വിശ്വസിക്കയില്ലെന്ന് തോമാ ശാഠ്യം പിടിച്ചു. എന്നാൽ കർത്താവ് കാണപ്പെട്ടപ്പോൾ, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് തന്റെ വിശ്വാസം ഉറക്കെ പ്രഖ്യാപിച്ചു (യോഹ.20,28-29). അങ്ങനെ, കാണാതെ വിശ്വസിക്കാൻ അവൻ അനേകർക്ക് ഹേതുഭൂതനായി.

*യോഹ.14,18-23 ന്റെ ചില പ്രാചീന കൈയെഴുത്തുപ്രതികളിൽ യൂദാ എന്നതിനു പകരം യൂദാ തോമാ എന്നോ തോമാ എന്നു മാത്രമോ കാണാം.*

*കുറെറ്റോണിയൻ സുറിയാനി കയ്യെഴുത്തു പ്രതിയിൽ* യൂദാ തോമാ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. *ആദായിയുടെ പ്രബോധനം, യൂദാ തോമായുടെ നടപടികൾ* എന്നീ രേഖകളും യൂദാ തോമാ എന്നാണ് പറയുന്നത്. എവുസേബിയസും ഇതിന് സാക്ഷ്യം വഹിക്കുന്നു(തിരുസഭാചരിത്രം, 1,13,10). മാർ അപ്രേം യോഹ. 20, 24 ഒരിടത്ത് ഉദ്ധരിക്കുമ്പോൾ, യൂദാ തോമാ എന്നാണ് ഉദ്ധരിക്കുന്നത്. യോഹ. 21, 1-4 ൽ ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമാ എന്നാണ് കാണുക. ശ്ലീഹന്മാരുടെ കൂട്ടത്തിൽ യൂദാ എന്നു പേരുള്ള രണ്ടു പേരേ ഉണ്ടായിരുന്നുള്ളു. ഒറ്റുകാരൻ യൂദായും മറ്റേ യൂദായും (യോഹ. 14,18-23). *കോഡക്സ് സീറുസ് സിനൈറ്റിക്കുസ്* ഈ ഭാഗത്ത് തോമസ് എന്നു മാത്രം രേഖപ്പെടുത്തുന്നു, യൂദാ എന്നില്ല. സുവിശേഷങ്ങളുടെ ആദ്യകാല കൈയെഴുത്തു പ്രതികളിൽ യൂദാ എന്നായിരിക്കാം ഉണ്ടായിരുന്നത്. എന്നാൽ തോമാ എന്ന ഇരട്ടപ്പേരിലായിരിക്കാം പലയിടങ്ങളിലും ശ്ലീഹാ അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് കൈയെഴുത്തുപ്രതികൾ പകർത്തിയവർ തോമാ എന്ന പേരു കാണാതെ വന്നപ്പോൾ ശ്ലീഹന്മാരുടെ പട്ടികയിൽ ചേർത്തു.

www.malankaralibrary.com

യൂദാ തോമാ തന്നെയാണ് യൂദാ തദെവുസ് എന്നും യൂദാ ലബ്ബെയുസ് എന്നും വിളിക്കപ്പെട്ടിരുന്ന വ്യക്തി. തോമസിനെ തദായി എന്നു വിളിക്കുന്ന രേഖകളുണ്ട്. തദേവുസ് അല്ലെങ്കിൽ ദിദിമുസ് എന്നു പറയുന്ന പരാമർശങ്ങളുണ്ട്. പഴയ നിയമത്തിലോ, യഹൂദ പാരമ്പര്യത്തിലോ തോമാ എന്ന പേരു കാണപ്പെടുന്നില്ല. യൂദാ എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർഥ നാമം. ആ യൂദാ, *യേശുവിന്റെ സഹോദരന്മാർ* എന്ന് അറിയപ്പെടുന്നവരിൽ ഒരാളായിരുന്നു (മത്താ.13,55; മർക്കോ.6,3). തോമാ (*താമാ, തൗമാ*) എന്നത് ഇരട്ടപ്പേരായിരിക്കാം. വാക്കിനർഥം *ഇരട്ട* (twin) എന്നാണ്. അതിന്റെ ഗ്രീക്കാണ് ദിദിമോസ്. കറിയോത്തുകാരൻ യൂദാ നിമിത്തം യൂദാ എന്ന നാമം അപമാനത്തിന്റെ പര്യായമായി. അതുകൊണ്ട് കഴിയുന്നതും ഈ പദം ഉച്ചരിക്കാതിരിക്കാനുള്ള ശ്രമം ആദിമസഭയിൽ നടന്നു. എന്നാൽ സുറിയാനി പാരമ്പര്യത്തിൽ ഉടലെടുത്ത മിക്ക കൃതികളും യൂദാ തോമാ എന്ന പ്രയോഗം നിലനിർത്തി. പാശ്ചാത്യപാരമ്പര്യത്തിൽ യൂദാ വിസ്മരിക്കപ്പെടുകയും തോമാ എന്ന നാമം പ്രാബല്യത്തിൽ വരികയും ചെയ്തു. പ്രാചീനസഭയിൽ, പ്രത്യേകിച്ച് ഏഷ്യാമൈനറിലെ സഭകളിൽ, തോമായെ ചുറ്റിപ്പറ്റിയുള്ള പാരമ്പര്യങ്ങൾ നിലനിന്നു. അപ്പോക്രിഫൽ സാഹിത്യത്തിൽ മാർ തോമായെപ്പറ്റി പരാമർശമുണ്ട്. തോമായുടെ പേരിൽ രണ്ട് അപ്രാമാണിക സുവിശേഷങ്ങളും ഒരു നടപടിയും അറിയപ്പെടുന്നു.

## സുവിശേഷപ്രഘോഷണം

മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം പാർത്തിയായും ഭാരതവുമായിരുന്നു (എവുസേബിയസ്, തിരുസഭാചരിത്രം, 3,1.1). മെസൊപ്പൊട്ടേമിയാ, പേർഷ്യ, മേദ്യ, ഹിർക്കാനിയാ, ബാക്ട്രിയാ എന്നീ സ്ഥലങ്ങളിലൊക്കെ ശ്ലീഹാ ചുറ്റി സഞ്ചരിച്ച് സുവിശേഷം അറിയിച്ചു. എന്നാൽ ഭാരതത്തിന്റെ അപ്പസ്തോലനായിട്ടാണ് മാർ തോമാ അറിയപ്പെടുന്നത്. ഭാരതത്തിന്റെ വടക്കുഭാഗത്തും തെക്കുഭാഗത്തും ഒന്നിലധികം പ്രാവശ്യം അദ്ദേഹം എത്തിച്ചേർന്നു. ഭാരതത്തിലുടനീളം നിരവധി സഭാസമൂഹങ്ങൾക്ക് ജന്മം നൽകി. തെക്കേ ഇൻഡ്യയിൽ *മാർതോമാ ക്രിസ്ത്യാനികൾ* എന്ന ക്രിസ്തീയസമൂഹത്തിന്റെ സജീവ സാക്ഷ്യമാണ് മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതത്വത്തിനുള്ള ഏറ്റവും വലിയ തെളിവ്.

## ഭാരതയാത്ര

മാർ തോമാശ്ലീഹാ ഭാരതത്തിലെത്താൻ രണ്ടു പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒന്ന്, *കേരളത്തിലെ യഹൂദസാന്നിധ്യം:* കച്ചവടത്തിനെത്തിയ യഹൂദരുടെ കോളനികൾ അന്നത്തെ കേരളത്തിൽ ഉണ്ടായിരുന്നു. കച്ചവടക്കാരായ യഹൂദരോട് അറമായ ഭാഷയിൽ അദ്ദേഹം പ്രസംഗിച്ചു; അവർ വഴി മറ്റു ജനങ്ങളോടും. യഹൂദരുടെ ഏഴു കേന്ദ്രങ്ങളാണ് പിൽക്കാലത്ത് ക്രിസ്തീയ കേന്ദ്രങ്ങളായത്. രണ്ട്, *യാത്രാസൗകര്യം:* പാശ്ചാ

www.malankaralibrary.com

ത്യലോകത്തു നിന്ന് മൺസൂൺകാറ്റിന്റെ ഗതിയനുസരിച്ച് കുറഞ്ഞ സമയംകൊണ്ട് ഭാരതത്തിൽ എത്താമെന്ന് കണ്ടുപിടിക്കപ്പെട്ടതോടെ കേരളവും പാശ്ചാത്യ ലോകവുമായുള്ള വ്യാപാരബന്ധം ശതഗുണീഭവിച്ചു. ഇപ്രകാരമുള്ള വ്യാപാരികളോടു കൂടെയാകാം മാർ തോമാശ്ലീഹാ കേരളത്തിലെത്തിയത്.

## ഭാരതത്തിലെ പ്രേഷിതവൃത്തി-സപ്ത ദൈവാലയങ്ങൾ

കേരളത്തിലെ ഏഴു സ്ഥലങ്ങളിലുള്ള ക്രൈസ്തവസമൂഹങ്ങൾ വിശേഷവിധിയായി മാർ തോമാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടയ്ക്കാവ്), കോക്കമംഗലം, കൊല്ലം, നിരണം (തൃപ്പലേശ്വരം), ചായൽ (നിലയ്ക്കൽ) എന്നിവയാണ് ഈ ഏഴു കേന്ദ്രങ്ങൾ. ഓരോന്നിനെപ്പറ്റിയും ചുരുക്കമായി പ്രതിപാദിക്കാം.

## കൊടുങ്ങല്ലൂർ

ഭാരതത്തിലെ മാർ തോമാക്രിസ്ത്യാനികളുടെ തറവാടാണ് കൊടുങ്ങല്ലൂരിലെ മാല്യങ്കര സഭ. മാർ തോമാശ്ലീഹാ മാനസ്സാന്തരപ്പെടുത്തിയ ആദ്യ കുടുംബങ്ങൾ മുസ്സീരിസിൽ (കൊടുങ്ങല്ലൂരിൽ) താമസിച്ചിരുന്നവരായിരുന്നു. അവിടെ നിന്ന് മറ്റിടങ്ങളിലേക്ക് കാലാകാലങ്ങളിൽ കുടിയേറിയവരും മക്കോദയ, മഹോദയ എന്ന് കൂട്ടിച്ചേർത്ത് പ്രയോഗിച്ചിരുന്നു. മലങ്കരസമുദായത്തിന്റെ തായ്വേരാണ് നാമിവിടെ ദർശിക്കുക. പോർട്ടുഗീസുകാർ ഭാരതത്തിലെത്തുമ്പോൾ കൊടുങ്ങല്ലൂരായിരുന്നു മാർ തോമാക്രിസ്ത്യാനികളുടെ പ്രധാന സഭാകേന്ദ്രം. യഹൂദർക്ക് ജറുസലേം പോലെയാണ് മാർ തോമാക്രിസ്ത്യാനികൾക്ക് കൊടുങ്ങല്ലൂർ. യഹൂദരും യഹൂദരല്ലാത്തവരുമായ ജനപദങ്ങൾ തോമായുടെ മാർഗം സ്വീകരിച്ച് നസ്രാണികളായി. കാലക്രമത്തിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം കുറഞ്ഞു. പോർട്ടുഗീസ് ആധിപത്യത്തോടു കൂടിയാണ് ക്രൈസ്തവർക്ക് കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന പ്രധാന്യം കുറഞ്ഞുപോയത്.[1]

## കൊല്ലം

മാർ തോമാശ്ലീഹാ സ്ഥാപിച്ച മറ്റൊരു സഭാകേന്ദ്രം കൊല്ലത്തോ, കൊല്ല

1. മുസീരിസ്, മുരചിപത്തനം (വാൽമീകി രാമായണം), മുറിച്ചി (തമിഴ് കൃതികൾ), മുയിരിക്കോട് (യൂദശാസനം), മാകോതൈ, മഹോദയപുരം, മഹോദയപട്ടണം (രണ്ടാം ചേരസാമ്രാജ്യം: 800-1102), മർഹാഷി (അറബികൾ), ഇൻഡ്യയിലെ ഏറ്റവും പ്രധാന പട്ടണം (പ്ലീനി), സിംഗ്ളി, ശൃംഖല, ചങ്ങല, ശങ്ങല, സന്ത്രോക്, ആന്ദ്രപ്പൊളീസ്, തിരുവഞ്ചിക്കുളം, വഞ്ചി എന്നൊക്കെ കൊടുങ്ങല്ലൂർ അറിയപ്പെട്ടിരുന്നു. കൊടുങ്ങല്ലൂർ എന്ന നാമം 9-ാം നൂറ്റാണ്ടിൽ ഉടലെടുത്തതാണ്. മുസീരി എന്ന പേരോടുകൂടി ഒരു ഗോത്രം പുരാതന നിനവേയുടെ വടക്കു കിഴക്കു ഭാഗത്ത് പാർത്തിരുന്നു. അവർ കുടിയേറി പാർത്ത സ്ഥലമാണോ മുസീരിപട്ടണം? പെരിയാറിൽ 1341-ലുണ്ടായ വെള്ളപ്പൊക്കത്തിൽ അഴിമുഖത്ത് വൻതോതിൽ മണ്ണടിഞ്ഞ് ആഴം കുറഞ്ഞു. നദി ഗതി മാറി. തുടർന്ന് കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം കുറയുകയും കൊച്ചി ഉയർന്നുവരികയും ചെയ്തു. കൊടുങ്ങല്ലൂരായിരുന്നു സഭാധ്യക്ഷന്റെ പ്രധാന ആസ്ഥാനം.

www.malankaralibrary.com

ത്തിനു സമീപത്തോ ആണ്. കുരക്കേണിക്കൊല്ലം, കൗലം മലൈ, കൊല്ലി മല എന്നൊക്കെ കൊല്ലം അറിയപ്പെട്ടിരുന്നു. കൊല്ലം വാണിജ്യകേന്ദ്രമായത് പിൽക്കാലത്താണ്. ചൈനാക്കാരുടെ ഒരു കച്ചവടസംഘം സ്ഥിരമായി കൊല്ലത്തുണ്ടായിരുന്നു. അവരിൽ ചിലരും ക്രിസ്ത്യാനികളായി. കൊല്ലത്തെ മാതൃദൈവാലയത്തെപ്പറ്റി ഇന്നു നമുക്ക് അറിവില്ല. ഒരുപക്ഷേ അതും കൊടുങ്ങല്ലൂർ പള്ളിപോലെ കടലിനടിയിൽ ഉൾപ്പെട്ടു പോയിരിക്കാം. ഏതായാലും ഒരു ശ്ലൈഹികസഭ കൊല്ലത്ത് ഉണ്ടായിരുന്നു എന്നാണ് മാർ തോമാക്രിസ്ത്യാനികളുടെ പുരാതനപാരമ്പര്യം. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്ത് കൊല്ലത്ത് രണ്ടു പള്ളികൾ ഉണ്ടായിരുന്നു. അതിലൊന്ന് മാതാവിന്റെ നാമത്തിൽ ഉള്ളതായിരുന്നു. അത് മാർ തോമാശ്ലീഹാ സ്ഥാപിച്ച പള്ളിയായിരുന്നു. കടലിലേക്ക് തള്ളിനിൽക്കുന്ന സ്ഥലത്തായിരുന്നു ആ പള്ളി. അത് കടൽ കയറി നശിച്ചുപോയി. ഒരു പാരമ്പര്യമനുസരിച്ച്, ക്രിസ്തുവിന്റെ ജനനം വെളിപ്പെടുത്തിയ ഒരു ദർശനക്കാരി (സിബിൽ) കൊല്ലത്തുണ്ടായിരുന്നു. സിബിലിന്റെ വാക്കുകേട്ട് പെരുമാൾ പലസ്തീനയിൽ പോയി. ശിശുവിനെ വന്ദിച്ച വിദ്വാന്മാരിൽ ഒരാൾ ഈ പെരുമാളായിരുന്നു എന്നാണ് ഐതിഹ്യം. തിരികെയെത്തിയ പെരുമാൾ മാതാവിന്റെ ഒരു പടം വരച്ചു കൊണ്ടുവന്നു സിബിലിനു സമ്മാനിച്ചു. സിബിലിന്റെ കല്ലറയിൽ ആ പടം അടക്കം ചെയ്തു. കൊല്ലത്ത് ഓർത്തഡോക്സ്, ലത്തീൻ സഭകളുടെ അധ്യക്ഷന്മാരുണ്ട്. മലങ്കര കത്തോലിക്കാസഭയ്ക്ക് അവിടെ ഒരു പള്ളിയും മാതാവിന്റെ നാമത്തിലുള്ള തീർഥാടന കേന്ദ്രവുമുണ്ട്.

## നിരണം

കടൽതീരത്തുള്ള ഒരു സ്ഥലമായിരുന്നു നിരണം. പമ്പയാർ കടലിൽ പതിച്ചിരുന്നത് നിരണത്തായിരുന്നു എന്നു പറയപ്പെടുന്നു. അവിടം ഒരു യഹൂദ കേന്ദ്രവും കച്ചവടകേന്ദ്രവുമായിരുന്നു. പമ്പയാറ്റിൽ കൂടി ചങ്ങാടങ്ങളിൽ കൊണ്ടുവന്ന ചരക്കുകൾ നിരണംവഴി കപ്പലുകളിൽ എത്തിച്ചിരുന്നു. നിരണത്തും ശ്ലീഹാ ഒരു ക്രിസ്തീയസമൂഹം രൂപീകരിച്ചു. യഹൂദരും യഹൂദർ അല്ലാത്തവരും ക്രിസ്ത്യാനികളായി. തയ്യിൽ, പട്ടമുക്കിൽ, മാങ്കി, മടത്തിലാൻ എന്നീ നാലുകുടുംബങ്ങളാണ് നിരണത്തെ ആദ്യ ക്രിസ്തീയ കുടുംബങ്ങൾ എന്നും പാരമ്പര്യമുണ്ട്. നിരണത്ത് മാർ തോമാശ്ലീഹാ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന ഒരു പുരാതന ദൈവാലയമുണ്ട്. പുതുക്കിപ്പണിത ഒരു പിൽക്കാല ദൈവാലയമാണ് ഇപ്പോൾ ആ സ്ഥലത്തുള്ളത്. മാർ തോമാശ്ലീഹാ ആദ്യം കുരിശു സ്ഥാപിച്ചത് ഇപ്പോൾ ജറുസലേം മാർതോമാ പള്ളി ഇരിക്കുന്ന സ്ഥലത്താണെന്ന് പറയപ്പെടുന്നു. എതിരാളികൾ കുരിശെടുത്ത് ആറ്റിലെറിഞ്ഞു. അത് കടപ്രയിൽ മുതലപ്പുഴ എന്ന സ്ഥലത്ത് ചെന്നടിഞ്ഞു. അവിടെയാണ് മാതാവിന്റെ നാമത്തിലുള്ള യാക്കോബായ പള്ളി. മാർ ജോസഫ് പൗവത്തിൽ തിരുമേനി 2005-ൽ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ ഒരു ഭാഗം കൊണ്ടുവന്ന് നിരണത്തുള്ള സിറോ മലബാർ പള്ളി

www.malankaralibrary.com

യിൽ പ്രതിഷ്ഠിച്ചു. മാർതോമാ, ഓർത്തഡോക്സ്, യാക്കോബായാ, മലങ്കര കത്തോലിക്കാ സഭകളുടെ അധ്യക്ഷന്മാർ നിരണത്തും പരിസരത്തുമായി ട്ടുണ്ട്.[2]

## നിലയ്ക്കൽ (ചായൽ)

നിരണത്തു നിന്ന് പമ്പയാറ്റിൽകൂടി യാത്ര ചെയ്ത് നിലയ്ക്കലെത്തിയ ശ്ലീഹാ അവിടെ ഒരു ക്രിസ്തീയ സമൂഹം രൂപീകരിച്ചു. ഐശ്വര്യസമൃദ്ധ മായ ഒരു വാണിജ്യകേന്ദ്രമായിരുന്നു നിലയ്ക്കൽ. ആ പ്രദേശം പാണ്ടിനാ ടിനെയും കേരളത്തെയും ബന്ധിച്ചിരുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും അവിടെ ഒന്നിച്ചു പാർത്തിരുന്നു. കാലക്രമത്തിൽ അവിടെ നിന്ന് മനുഷ്യർ കൂട്ടത്തോടെ മറ്റിടങ്ങളിലേക്ക് പലായനം ചെയ്യാനിടയായി. എന്തെങ്കിലും പ്രകൃതിക്ഷോഭം മൂലമാണോ, അതോ തമിഴ്നാട്ടിൽ നിന്നുള്ള കൊള്ളക്കാ രുടെ ആക്രമണം മൂലമാണോ, പകർച്ചവ്യാധി മൂലമാണോ അവിടം വിജന മായത് എന്നറിവില്ല. പിന്നീട് അതൊരു കാട്ടുപ്രദേശമായി. ദക്ഷിണകേരള ത്തിലെ പല സ്ഥലങ്ങളിലും, പ്രത്യേകിച്ചു കടമ്പനാടും കാഞ്ഞിരപ്പള്ളിയും നിലയ്ക്കൽ നിന്ന് നാടു വിട്ടോടിയവരുടെ പിൻഗാമികളുണ്ട്. ചിലർ ഇപ്പോഴും നിലയ്ക്കൽ എന്ന വീട്ടുപേര് നിലനിർത്തുന്നു. കടമ്പനാടു നിന്ന് തുമ്പമൺ, കടമ്മനിട്ട തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിയവരും നിലയ്ക്കൽകാരാണ്. നിലയ്ക്കലിനടുത്താണ് ശബരിമല ശാസ്താവിന്റെ അമ്പലം. കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകളുടെ ആഭിമുഖ്യത്തിൽ ഒരു പള്ളിയും എക്യൂമെ നിക്കൽ സെന്ററും നിലയ്ക്കൽ സ്ഥാപിച്ചിട്ടുണ്ട്. നിലയ്ക്കലിനടുത്ത് ആങ്ങ മുഴിയിൽ മലങ്കര കത്തോലിക്കാ ദൈവാലയമുണ്ട്.[3]

### കോക്കമംഗലം

വേമ്പനാട്ടുകായലിന്റെ പിടിഞ്ഞാറേ തീരത്ത് ആലപ്പുഴയ്ക്കും തണ്ണീർമു ക്കത്തിനും മധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു നാട്ടിൻപുറമാണ് കോക്ക മംഗലം അഥവാ കോക്കോമംഗലം. ഈ സ്ഥലം ഒരു ബ്രാഹ്മണസങ്കേതമാ യിരുന്നു. കായൽ തീരത്തുള്ള ഈ സ്ഥലം യഹൂദവ്യാപാരികളുടെ സാന്നി ധ്യമുള്ള വ്യാപാരകേന്ദ്രമായിരുന്നു. ശ്ലീഹാ അവിടെയും ഒരു സഭാസമൂഹം രൂപീകരിച്ചു. പുരാതന കോക്കമംഗലം പള്ളി സിറോ-മലബാർ സഭയുടെ വകയാണ്.

---

2. നെയാസിൻസി (പ്ലീനി), നെൽക്കിൻഡ (ടോളമി), നിംസില (പെവുറ്റിംഗർ ടേബിൾ), നാക്കിട. നാക്കിട നിന്നും ചെങ്ങന്നൂർ നിന്നും ധാരാളം റോമൻ സ്വർണനാണയങ്ങൾ കിട്ടിയിട്ടുണ്ട്. നിരണവും അതോട് തൊട്ടുകിടക്കുന്ന സ്ഥലങ്ങളും മാർ തോമാക്രിസ്ത്യാനികളുടെ കേന്ദ്ര ങ്ങളാണ്. മിക്കവാറും എല്ലാ സഭക്കാർക്കും നിരണത്തും പരിസരത്തും സഭാ ആസ്ഥാന ങ്ങളോ പള്ളികളോ ഉണ്ട്.
3. ശബരിമലയിലെ മണ്ഡല പൂജയ്ക്കും (നവംബർ 17-ഡിസംബർ 27) മകരവിളക്കിനും (മകരം 1) യേശുവിന്റെ ജനനത്തോടും സ്നാനത്തോടും ഏതെങ്കിലും തരത്തിൽ ബന്ധ മുണ്ടോ എന്ന് ചിന്തിക്കാവുന്നതാണ്.

www.malankaralibrary.com

## കോട്ടയ്ക്കാവ്

ആലുവായ്ക്ക് പടിഞ്ഞാറ് കായൽ തീരത്തോടു ചേർന്നുകിടക്കുന്ന സ്ഥലമാണ് പറവൂർ. പറവൂർ പട്ടണത്തിന്റെ അരികിലായി കോട്ടയ്ക്കാവു പള്ളി സ്ഥിതി ചെയ്യുന്നു. ഈ സ്ഥലം ബ്രാഹ്മണരുടെ ഒരു പ്രധാനകേന്ദ്രമായിരുന്നു. കൊടുങ്ങല്ലൂരിന് എതാനും മൈലുകൾ മാത്രം തെക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലം തോമാശ്ലീഹായ്ക്ക് അനായാസം ചെന്നെത്താവുന്ന സ്ഥലമായിരുന്നു. പട്ടമന പറവൂർ, കോട്ടക്കായൽ, വടക്കൻ പറവൂർ, കോട്ടയ്ക്കാവു പറവൂർ എന്നീ പേരുകളിലും ഇത് അറിയപ്പെട്ടിരുന്നു. ഇവിടെ ഒരു യഹൂദ കച്ചവടകേന്ദ്രമായിരുന്നു. പുരാതന പള്ളി സിറോ-മലബാർ സഭ വകയാണ്.

## പാലയൂർ

പ്രമുഖ ഹൈന്ദവ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിനും മുസ്ലീം കേന്ദ്രമായ ചാവക്കാട് എന്ന സമുദ്രതീര പട്ടണത്തിനും മധ്യത്തിലായിട്ടാണ് പാലയൂരിന്റെ സ്ഥാനം. കച്ചവടക്കാരായ യഹൂദർ അവിടെയും ധാരാളമുണ്ടായിരുന്നു. പാലയൂർ ബ്രാഹ്മണരുടെ ഒരു ശക്തികേന്ദ്രവുമായിരുന്നു. ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് തുടങ്ങി മുപ്പത്തിരണ്ട് ഇല്ലക്കാർ ഒരുമിച്ച് ക്രിസ്തീയവിശ്വാസം സ്വീകരിച്ചുവെന്നും അതിൽ ക്ഷുഭിതരായ മറ്റു ബ്രാഹ്മണർ നാടു വിട്ടുപോയെന്നും ഐതിഹ്യമുണ്ട്. തോമാശ്ലീഹായെ സംബന്ധിച്ച ചരിത്രസ്മരണകൾ സജീവമായി നിലനിർത്താൻ താത്പര്യപൂർവം ശ്രമിക്കുന്നവരാണ് പാലയൂർ ഇടവകക്കാർ. പുരാതന ദൈവാലയം സിറോ-മലബാർസഭ വകയാണ്.

## തിരുവാങ്കോട്

തിരുവനന്തപുരം മുതൽ കന്യാകുമാരി ചുറ്റി മൈലാപ്പൂർ വരെ നിരവധി ക്രിസ്തീയ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. മാർ തോമാശ്ലീഹാ ഈ സ്ഥലങ്ങളിലൊക്കെ ചുറ്റിസഞ്ചരിച്ച് അനേകമാളുകളെ ക്രിസ്ത്യാനികളാക്കി. ഇവിടെ മാർ തോമാക്രിസ്ത്യാനികളുടെ നിരവധി സഭാകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. നിരവധി സ്ഥലങ്ങളിൽ മലങ്കര കുരിശുകൾ ഈ അടുത്ത കാലംവരെ ദൃശ്യമായിരുന്നു. തിരുവാങ്കോട് എന്ന സ്ഥലത്ത് ഇപ്പോഴും ഒരു പുരാതന ദൈവാലയമുണ്ട്. എന്നാൽ ക്രിസ്ത്യാനികൾ തുലോം കുറവാണ്. ഉദയംപേരൂർ സൂനഹദോസിൽ തിരുവാങ്കോട്ടു ക്രിസ്ത്യാനികളെ പറ്റി പരാമർശമുണ്ട്. ഈ ചെറിയ പള്ളി ഓർത്തഡോക്സ് സഭ വകയാണ്.

## മറ്റിടങ്ങളിലെ സഭകൾ

തെക്കേ ഇൻഡ്യയിൽ ഉടനീളം ചെറിയ ചെറിയ ക്രിസ്തീയ സമൂഹങ്ങൾ ഉണ്ടായിരുന്നു. മൈലാപ്പൂരിലും കല്യാണിലും ഉണ്ടായിരുന്നവർ അവിടം വിട്ട് കേരളത്തിൽ കുടിയേറി. തോടമലയിൽ ഉണ്ടായിരുന്നവർ മൈലാപ്പൂരിൽ നിന്ന് കുടിയേറിയവരാണ്. അവരെപ്പറ്റിയും ഉദയംപേരൂർ സൂനഹദോസ്

www.malankaralibrary.com

പരാമർശിക്കുന്നു. അതുപോലെ സിലോണിലും ലക്ഷദ്വീപിലും മാർ തോമാ ശ്ലീഹാ സഭയ്ക്ക് ജന്മം നൽകി. വടക്കുപടിഞ്ഞാറൻ ഭാരതത്തിലും ഭാരതത്തിൽ ഉടനീളവും ഫാർസ് ഉൾപ്പെടെയുള്ള പശ്ചിമേഷ്യയിലെ പല കേന്ദ്രങ്ങളിലും ശ്ലീഹാ സുവിശേഷം പ്രചരിപ്പിച്ചു. മാർ തോമാശ്ലീഹാ സ്ഥാപിച്ച സഭാസമൂഹങ്ങളുടെ പിൻതുടർച്ചക്കാർ ഇന്നും നിലനിൽക്കുന്നു. ഈ സഭകളെപ്പറ്റി മാർ അബ്രഹാം മറ്റം തന്റെ ലേഖനത്തിൽ ചുരുക്കി വിവരിക്കുന്നു.[4]

## മലങ്കരസഭ

മാർ തോമാശ്ലീഹാ പശ്ചിമേഷ്യയിൽ നിന്ന് കപ്പലിൽ വന്നിറങ്ങിയത് കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കര എന്ന സ്ഥലത്താണ്. ആദ്യം സുവിശേഷം പ്രസംഗിച്ചതും സഭ സ്ഥാപിച്ചതും അവിടെയാണ്. അക്കാരണത്താൽ ശ്ലീഹാ സ്ഥാപിച്ച സഭ *മലങ്കരസഭ* എന്ന് അറിയപ്പെടുന്നു. മലങ്കര എന്ന പദത്തിന് മലകളുടെ കര എന്നും ചിലർ അർഥം പറഞ്ഞു കാണുന്നു. മാർ തോമാശ്ലീഹായുടെ കാലം മുതൽ ഇവിടുത്തെ ശ്ലൈഹികസഭ അറിയപ്പെട്ടിരുന്നത് മലങ്കരസഭ എന്നായിരുന്നു. മറ്റു പേരുകളെല്ലാം പിന്നീട് ഉണ്ടായിട്ടുള്ളതാണ്. ക്രിസ്ത്യാനികളെ *മലങ്കര നസ്രാണികൾ, മാർ തോമാനസ്രാണികൾ* എന്നൊക്കെ വിളിച്ചിരുന്നു. മലങ്കരസഭ സെമിറ്റിക് ആയിരിക്കാനാണിട. ശ്ലീഹാ സഭ സ്ഥാപിച്ചിടങ്ങളിലെല്ലാം യഹൂദ കോളനികളുണ്ടായിരുന്നു. യഹൂദരിൽ നിന്നാണ് ആദ്യമാനസ്സാന്തരങ്ങൾ. അക്കാലത്ത് തെക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്ന ദ്രാവിഡരും ക്രിസ്ത്യാനികളായി. അങ്ങനെ ഇവിടുത്തെ ക്രിസ്തീയസമൂഹം ഒരു സങ്കരസമൂഹമായിരുന്നു. താൻ സ്ഥാപിച്ച സഭകൾക്ക് ശ്ലീഹാ ആരാധനാരീതികൾ ഏർപ്പെടുത്തി. ആരാധനാലയങ്ങളിൽ ആളുകളെ ഒന്നിച്ചുകൂട്ടി. നമ്മുടെ കർത്താവ് അന്ത്യത്താഴവേളയിൽ സെഹിയോൻ മാളികയിൽ വച്ച് കുർബാന സ്ഥാപിച്ചതു കണ്ട മാർ തോമ്മാശ്ലീഹാ മറ്റു ശ്ലീഹന്മാരെപ്പോലെ (1 കൊറി.11,23-26) ഇവിടെ കുർബാന നടപ്പാക്കി. ജനങ്ങളെ പ്രാർഥിക്കാൻ പഠിപ്പിച്ചു. ക്രിസ്തീയാരാധനയിലേക്ക് അവരെ ആനയിച്ചു.

## രക്തസാക്ഷിത്വം

കേരളത്തിൽ നിന്ന് തോമാശ്ലീഹാ ചോഴമണ്ഡലത്തിലേക്ക് (തമിഴ്നാട്) പോയി. മൈലാപ്പൂരിലെ ചിന്നമലയായിരുന്നു പ്രവർത്തനകേന്ദ്രം. മൈലാപ്പൂർ രാജാവും അനുജനും ക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിച്ചു. മൈലാപ്പൂരിൽ അനേകരെ മാനസ്സാന്തരപ്പെടുത്തി. എന്നാൽ അവിടെയുണ്ടായിരുന്ന ചിലർക്ക് പുതിയ മതത്തിന്റെ പ്രചാരകനായ ശ്ലീഹായോട് വിദ്വേഷം തോന്നുകയും പ്രാർഥനാനിരതനായിരിക്കുമ്പോൾ അദ്ദേഹത്തെ ശൂലം എറിഞ്ഞ് കൊല്ലുകയും ചെയ്തു. അങ്ങനെ രക്തം ചിന്തി തന്റെ സാക്ഷ്യം ഉറപ്പിച്ചിട്ട് വിശുദ്ധ ശ്ലീഹാ ഈ ലോകത്തിൽ നിന്ന് കടന്നുപോയി. ശിഷ്യന്മാർ

4. Mar Abraham Mattam, *The Indian Church of St. Thomas and her Missionary Enterprises before the 15th Century*, in **Christian Orient** 5,1-2 (1984)7-25.

www.malankaralibrary.com

ശ്ലീഹായുടെ ശരീരം മൈലാപ്പൂരിൽ സംസ്ക്കരിച്ചു. അതിനു മുകളിൽ പിൽക്കാലത്ത് ഒരു വലിയ ദൈവാലയം ഉയർന്നുവന്നു. മൈലാപ്പൂർ കത്തീഡ്രലിലാണ് ഇപ്പോൾ മാർ തോമാശ്ലീഹായുടെ കല്ലറ.

## തിരുശേഷിപ്പ്

മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ പ്രധാനഭാഗം മൂന്നാം നൂറ്റാണ്ടിൽ മൈലാപ്പൂരിൽ നിന്ന് മെസൊപ്പൊട്ടേമിയായിലെ എഡേസ്സായിലേക്ക് (ഇന്ന് തുർക്കിയിലെ ഉർഹാ/സാൻലി ഉർഫാ) മാറ്റപ്പെട്ടു. മാർ അപ്രേം ഇക്കാര്യം രേഖപ്പെടുത്തുന്നു. ഇപ്രകാരം മാറ്റാനുള്ള സാഹചര്യം വ്യക്തമല്ല. ഏതോ കാരണത്താൽ മൈലാപ്പൂരിലെ ക്രിസ്ത്യാനികളുടെ സംഖ്യ കാലക്രമത്തിൽ കുറഞ്ഞതായി കാണുന്നുണ്ട്. പശ്ചിമേഷ്യയിൽ മുഹമ്മദീയാക്രമണം ശക്തിപ്പെട്ടപ്പോൾ 1143-ൽ തിരുശേഷിപ്പ് ഏഷ്യാമൈനറിന്റെ പടിഞ്ഞാറേ തീരത്തുള്ള കിയോസ് ദ്വീപിലേക്ക് മാറ്റപ്പെടുകയുണ്ടായി. 1257-ൽ അത് മധ്യഇറ്റലിയുടെ കിഴക്കേ തീരത്തുള്ള ഒർത്തോണായിലേക്ക് മാറ്റപ്പെട്ടു. അവിടെ മാർ തോമാശ്ലീഹായുടെ നാമത്തിലുള്ള കത്തീഡ്രൽ ദൈവാലയത്തിൽ പ്രധാന ബലിപീഠത്തിന്റെ അടിയിൽ തിരുശേഷിപ്പ് സൂക്ഷിക്കുന്നു. മാർ തോമാശ്ലീഹായുടെ ഒരു കരം നെതർലൻഡിലെ മാസ്ട്രിക്ടിൽ വി. സെർവാസിന്റെ ബസിലിക്കായിൽ സൂക്ഷിച്ചിരിക്കുന്നു. 1953-ൽ കേരളത്തിലെത്തിയ പൗരസ്ത്യസംഘം സെക്രട്ടറി കർദിനാൾ എവുജീൻ തിസറാങ് തിരുമേനി തിരുശേഷിപ്പിന്റെ ഒരു ഭാഗം കേരളത്തിൽ കൊണ്ടുവന്ന്, കൊടുങ്ങല്ലൂർ അഴീക്കോട് സെന്റ് തോമസ് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു.

കേരളത്തിലെ ക്രിസ്ത്യാനികൾ തോമാശ്ലീഹായുടെ ഓർമ (ദുക്റാന) ജൂലൈ മൂന്നിനാണ് കൊണ്ടാടുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം (1962-1965) ലോകം മുഴുവനുമുള്ള കത്തോലിക്കർ മാർ തോമാക്രിസ്ത്യാനികളുടെ രീതി അനുസരിച്ച് ജൂലൈ മൂന്നിനാണ് ഓർമ കൊണ്ടാടുന്നത്. ഇറ്റലിയിലെ ഒർത്തോണായിലേക്ക് മാറ്റിയ ഡിസംബർ 21-നായിരുന്നു പാശ്ചാത്യസഭ മാർ തോമാശ്ലീഹായെ അനുസ്മരിച്ചിരുന്നത്.[5]

5. M. Gielen, *St.Thomas the Apostle of India*, Kottayam, 1990 (ed. G. Chediath); X. Koodapuzha, *Christianity in India*, Kottayam,1998; Idem, *Bharatha Sabhacharithram*, Kottayam,1998; G. Chediath, *Mar Thoma Sleehayude Indian Sabha*, Kottayam, 2001. K. S. Mathew, *The South Indian Apostolate of St.Thomas and the Portuguese in the Sixteenth Century*, in **Christian Orient** 6,1(1985) 5-12;J. N. Farquhar, *The Apostle Thomas in North India,* Manchester,1926; A. E. Medlycott, *India and the Apostle Thomas,* London,1905.

www.malankaralibrary.com

## അധ്യായം - 2

# മാർ തോമാ ഭാരതത്തിന്റെ അപ്പസ്തോലൻ ചില ചരിത്രത്തെളിവുകൾ

മാർ തോമാശ്ലീഹാ ഭാരതത്തിന്റെ അപ്പസ്തോലനായി അറിയപ്പെടുന്നു. ഇന്ന് ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്ന ഒരു സംഗതിയാണിത്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെ സംബന്ധിച്ച് നിരവധി തെളിവുകൾ നൽകാനാകും. മാർ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്ന് മലങ്കര സഭയ്ക്ക് ആരംഭമിട്ടു.

### 1. മലങ്കരയിലെ സജീവപാരമ്പര്യം

മാർ തോമാക്രിസ്ത്യാനികൾ എന്ന പേരിൽ ഇവിടെ ഒരു സജീവ ക്രിസ്തീയസമൂഹം ഇപ്പോഴും നിലനിൽക്കുന്നു. മാർ തോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ, സ്ഥാപിച്ച പള്ളികൾ അഥവാ ക്രിസ്തീയ കേന്ദ്രങ്ങൾ, പ്രാർഥിച്ച മലകൾ, രക്തസാക്ഷിമരണം വരിച്ച സ്ഥലം, കബറിടം എന്നിവ ഇന്നും തെക്കേ ഇൻഡ്യയിൽ പ്രത്യക്ഷ സാക്ഷ്യങ്ങളായി നിലകൊള്ളുന്നു. മാർ തോമാശ്ലീഹായുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ ചുറ്റിപ്പറ്റി നിരവധി ഐതിഹ്യങ്ങൾ ഭാരതത്തിലുണ്ട്. ശ്ലീഹാ കൈവയ്പു നൽകി വൈദികസ്ഥാനത്തേക്ക് ഉയർത്തിയ കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. മലങ്കരസഭ മാർ തോമ്മാശ്ലീഹായുടെ ഓർമദിനം (ദുക്റാനാ) ജൂലൈ മൂന്നിനാണ് ആഘോഷിക്കുന്നത്. ദുക്റാനാചരണം മലങ്കരയിലെ വളരെ പുരാതനമായ പാരമ്പര്യമാണ്. ആ ആചരണം എട്ടുദിവസം നീണ്ടുനിന്നു. ഇത് മറ്റൊരു സഭയിലും ഇല്ലാതിരുന്ന രീതിയത്രേ. ദുക്റാനാ തിരുനാളിന് മാർ തോമാക്രിസ്ത്യാനികൾ വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. പുറത്തു നിന്നുവന്ന സഭാനേതാക്കന്മാരുടെ സ്വാധീനത്താലല്ല മലങ്കരസഭ ഇപ്രകാരം ചെയ്തത്.

ഈ സജീവപാരമ്പര്യം വാമൊഴിയായി പാട്ടുകളുടെ രൂപത്തിൽ മലങ്കരയിൽ പ്രചരിച്ചിരുന്നു. അവ ലിഖിതരൂപത്തിലായത് പിൽക്കാലത്താണെ

www.malankaralibrary.com

ങ്കിലും, അവയുടെ പുരാതനത്വം നിഷേധിക്കേണ്ട കാര്യമില്ല. തോമാപർവം (റമ്പാൻ പാട്ട്), മാർഗംകളിപ്പാട്ട്, വീരടിയാൻ പാട്ട് (പാണപ്പാട്ട്) എന്നിവ മാർ തോമാശ്ലീഹായുടെ ചരിത്രത്തോട് ബന്ധപ്പെട്ട പുരാതന പാട്ടുകളാണ്. ആഘോഷാവസരങ്ങളിൽ നസ്രാണികൾ ഈ ഗാനങ്ങൾ ആലപിച്ചിരുന്നു. മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതവേലയെപ്പറ്റി ഈ പാട്ടുകൾ വ്യക്തമായി വിവരിക്കുന്നു. മാർ തോമാശ്ലീഹായിൽ നിന്ന് സുവിശേഷവെളിച്ചം ലഭിച്ചവരുടെ പിൻതലമുറയാണ് തങ്ങളെന്ന് ഒരു സജീവ ക്രിസ്തീയ സമൂഹം അഭിമാനപൂർവം പ്രസ്താവിക്കുന്നു. മറ്റെല്ലാ തെളിവുകളേക്കാൾ വിലപ്പെട്ടതാണ് മലങ്കരയിലെ ഈ സജീവസാക്ഷ്യം.

## 2. സഭാപിതാക്കന്മാരുടെ സാക്ഷ്യം

ക്രിസ്തീയസഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന അനേകം പിതാക്കന്മാർ, മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേല, രക്തസാക്ഷിമരണം, കല്ലറ ആദിയായവയെപ്പറ്റി സ്പഷ്ടമായി രേഖപ്പെടുത്തുന്നു. മാർ അപ്രേം (+373), വി. ഗ്രിഗറി നസ്യാൻസൻ (+390), വി. അംബ്രോസ് (+396), വി. ജോൺ ക്രിസൊസ്തോം (+407), ഗൗദെൻസ്യൂസ് (5-ാം നൂ.), വി. ജറോം (+420), നോളായിലെ പൗളീനുസ് (+431), ടൂർസിലെ വി. ഗ്രിഗറി (+594), വി. ഇസിദോർ (+636), വാഴ്ത്തപ്പെട്ട ബീഡ് (+735) ആദിയായ പുരാതന ക്രൈസ്തവ പിതാക്കന്മാർ മാർ തോമായെ ഇൻഡ്യയുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നു.

***മാർ അപ്രേം:***

നിസിബിയൻ ഗീതം, 42,1. "ദുഷ്ടൻ ഇപ്രകാരം നിലവിളിച്ചു: നീതിമാന്മാരിൽ നിന്ന് എനിക്ക് എവിടേക്ക് ഓടിപ്പോകാൻ കഴിയും? ശ്ലീഹന്മാരുടെ അടികളിൽ നിന്ന് രക്ഷപെടാനായി അവരെ കൊല്ലാൻ ഞാൻ മരണത്തെ ഇളക്കിവിട്ടു. എന്നാൽ അവരുടെ മരണത്തിലൂടെ ഞാൻ കൂടുതൽ മഥിക്കപ്പെടുന്നു. ഇൻഡ്യയിൽ ഞാൻ കൊന്ന ശ്ലീഹാ എനിക്കുമുമ്പേ എഡേസ്സായിൽ എത്തിയിരിക്കുന്നു. അവൻ മുഴുവനായി ഇവിടെയും അവിടെയുമുണ്ട്. ഞാൻ അവിടെ ചെന്നു, അവൻ അവിടെ ഉണ്ടായിരുന്നു. ഇവിടെയും അവിടെയും ഞാൻ അവനെ കണ്ടുമുട്ടുകയും വ്യാകുലപ്പെടുകയും ചെയ്തു." 42,2. "ആ കച്ചവടക്കാരൻ അസ്ഥികൾ വഹിച്ചു. അഥവാ ഒരുപക്ഷേ അവ അവനെ വഹിച്ചു. ഇതാ, അവർക്ക് പരസ്പരം നേട്ടമുണ്ടായി. അവർക്ക് പരസ്പരം നേട്ടമുണ്ടായപ്പോൾ, അവ എനിക്കെന്തു നേട്ടമുണ്ടാക്കി? രണ്ടിലും എനിക്ക് നഷ്ടമുണ്ടായി. എനിക്ക് ശക്തി കിട്ടാനായി സ്കറിയോത്തായുടെ പണസഞ്ചി ആരെന്നെ കാണിക്കും? തോമസിന്റെ പേടകം എന്നെ കൊന്നു. കാരണം, അതിൽ വസിക്കുന്ന നിഗൂഢശക്തി എന്നെ പീഡിപ്പിക്കുന്നു."

മാർ അപ്രേമിന്റെ പേരിൽ അറിയപ്പെടുന്ന ഒരു ഗീതത്തിൽ ഇപ്രകാരം കാണുന്നു:

www.malankaralibrary.com

''വലിയ ഗോളത്തിൽ നിന്നു രശ്മിപോലെ പുറപ്പെടുന്നവനേ, നീ ഭാഗ്യവാൻ. നിന്റെ അനുഗൃഹീതാഗമനമാകുന്ന പ്രഭാതം ഇൻഡ്യയുടെ അന്ധകാരം നീക്കുന്നു. പന്ത്രണ്ടു പേരിൽ ഒരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ നിറഞ്ഞവനായി, ഇൻഡ്യയുടെ ഇരുട്ടു നിറഞ്ഞ നിശയെ ദീപത്താൽ നീ പ്രകാശിപ്പിക്കുന്നു. തന്റെ ഏകജാതനു വിവാഹം ചെയ്തുകൊടുക്കാൻ മഹാരാജാവ് ഇൻഡ്യയിലേക്ക് അയച്ചതിനാൽ നീ ഭാഗ്യവാനാകുന്നു. നീ കറുത്ത വധുവിനെ മഞ്ഞിനേക്കാളും വെളുത്ത വസ്ത്രത്തേക്കാളും പ്രശോഭിതയാക്കി. ഈ മുത്തു സ്വന്തമാക്കിയ വാഴ്ത്തപ്പെട്ട നഗരമേ, നീ ഭാഗ്യവതിയാകുന്നു. ഇതിനേക്കാൾ മഹത്തരമായ ഒന്നു നൽകാൻ ഇൻഡ്യയ്ക്കില്ല. ഈ അമൂല്യരത്നം സ്വന്തമാക്കാൻ അർഹയായിത്തീർന്ന നീ ഭാഗ്യവതിയാകുന്നു. കണ്ടാലും, ഇൻഡ്യയിൽ നിന്റെ അത്ഭുതങ്ങൾ, ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയവും. എല്ലായിടത്തും നിന്റെ പെരുന്നാളും.''[1]

മാർ തോമായുടെ തിരുശേഷിപ്പ് ഇൻഡ്യയിൽ നിന്ന് എഡേസ്സായിലേക്ക് കൊണ്ടുപോയതിനെപ്പറ്റിയും അപ്രേം പറയുന്നു: "അയാൾ (കച്ചവടപ്രമാണി) പല പ്രാവശ്യം ഇൻഡ്യയിലേക്ക് പോകുകയും തിരിച്ചു വരികയും ചെയ്തു. അവിടെ കണ്ടിട്ടുള്ള സകല വസ്തുക്കളും അങ്ങയുടെ അസ്ഥികളോട് താരതമ്യപ്പെടുത്തിയപ്പോൾ, നിസ്സാരങ്ങളായി മാത്രം അയാൾ പരിഗണിച്ചു".[2]

***വി. ഗ്രിഗറി നസ്യാൻസൻ:***

"സുവിശേഷം എല്ലാ സ്ഥലങ്ങളിലും പ്രചരിക്കുന്നതിനും അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ അജ്ഞതയുടെ മേഘപാളികൾ നീക്കുന്നതിനും വേണ്ടി ശ്ലീഹന്മാർ പോയ രാജ്യങ്ങളിലും പട്ടണങ്ങളിലും അവർ പരദേശികൾ ആയിരുന്നില്ലേ? ... പത്രോസിന്റെ ഭവനം യൂദയായിലാണെന്നതു വാസ്തവം. എന്നാൽ പൗലോസിന് വിജാതിയരുമായി എന്തു ബന്ധമുണ്ടായിരുന്നു? ലൂക്കോസിന് അക്കായിയായോടും അന്ത്രയോസിന് എപ്പീറൂസിനോടും യോഹന്നാന് എഫേസോസിനോടും തോമായ്ക്ക് ഇൻഡ്യയോടും മർക്കോസിന് ഇറ്റലിയോടും... എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ?[3]."

***വി. അംബ്രോസ് :***

കൊടുങ്ങല്ലൂരിനെ പറ്റിയും ബ്രാഹ്മണരെ പറ്റിയും അംബ്രോസിന് അറിവുണ്ടായിരുന്നു. മിലാനിലെ ബസിലിക്കായിൽ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് ഉണ്ടായിരുന്നു. മാർ തോമായെ പറ്റി അദ്ദേഹം പറയുന്നു, "ദുർഗമ

---

1. *Breviary according to the Rite of the Church of Antioch of the Syrians, VI*, Mossul,1886-96, p.635; T.Lamy, S. *Ephremi Syri Hymni et Sermones, IV*, Mechlinae, 1902, col.704; A.E. Medlycott, *India and the Apostle Thomas*,London, 1905,p.27.
2. T.Lamy,*op.cit*. 704.
3. പ്രസംഗം 33,11.

www.malankaralibrary.com

ങ്ങളായ പർവതങ്ങളാൽ വേർതിരിക്കപ്പെട്ടു കിടന്ന രാജ്യങ്ങൾ പോലും അവർക്ക് (ശ്ലീഹന്മാർക്ക്) അഭിഗമ്യമായിത്തീർന്നു. അങ്ങനെ തോമായ്ക്ക് ഇൻഡ്യയും...."

### *വി. ജോൺ ക്രിസൊസ്തോം:*

"ശ്ലീഹന്മാരിൽ മിക്കവരുടെയും കല്ലറകൾ എവിടെയാണെന്ന് നമുക്കറിയില്ല. എന്നാൽ പത്രോസ്, പൗലോസ്, യോഹന്നാൻ, തോമസ് എന്നിവരുടെ കല്ലറകൾ സുപ്രസിദ്ധമാണ്." തോമാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചെന്നും അദ്ദേഹത്തിന് ഭാഷാവരം ഉണ്ടായിരുന്നെന്നും പോയിടത്തെല്ലാം - ഷിത്തിയാ, പാർത്തിയാ, ഇൻഡ്യാ - ബലിപീഠം സ്ഥാപിച്ചെന്നും ക്രിസൊസ്തോം രേഖപ്പെടുത്തുന്നു[4].

### *ഗൗദെൻസ്യൂസ്:*

വടക്കേ ഇറ്റലിയിലെ ബ്രേഷ്യാ മെത്രാനായ ഗൗദെൻസ്യൂസ് 402-ൽ തന്റെ ബസിലിക്കായിൽ മാർ തോമാശ്ലീഹാ, സ്നാപക യോഹന്നാൻ, വി. അന്ത്രയോസ് ശ്ലീഹാ, വി. ലൂക്കോസ് എന്നിവരുടെ തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചശേഷം ഈ വിശുദ്ധർ കൊല്ലപ്പെട്ട സ്ഥലങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം ഇൻഡ്യ ആയിരുന്നെന്നും ഇൻഡ്യയിൽ വച്ച് രക്തസാക്ഷി ആയെന്നും അദ്ദേഹം സാക്ഷിക്കുന്നു[5].

### *വി. ജറോം:*

"ദിവ്യസ്വഭാവം പൂർണമായി എല്ലായിടത്തും സന്നിഹിതമാണ്. ക്രിസ്തു ഒരേസമയം ശ്ലീഹന്മാരോടൊത്തും മാലാഖമാരോടൊത്തും ഉണ്ടായിരുന്നു. അവിടുന്ന് പിതാവിലും ലോകാതിർത്തികളിലും ഉണ്ടായിരുന്നു. അവിടുന്ന് തോമായോടൊത്ത് ഇൻഡ്യയിലും പത്രോസിനോടൊത്ത് റോമിലും പൗലോസിനോടൊത്ത് ഇല്ലിരിക്കുമിലും തീത്തോസിനോടൊത്ത് ക്രീറ്റിലും അന്ത്രയോസിനോടൊത്ത് അക്കായിയായിലും ഉണ്ടായിരുന്നു"[6]. മാർ തോമാ ശ്ലീഹാ പ്രസംഗിച്ച സ്ഥലങ്ങളെപ്പറ്റി മഹദ്വ്യക്തികൾ എന്ന തന്റെ കൃതിയിൽ ജറോം രേഖപ്പെടുത്തുന്നു. അതിൽ ഇൻഡ്യയും ഉൾപ്പെടുന്നു.

### *നോളായിലെ പൗളീനുസ്:*

വിശുദ്ധ ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിന് ലഭിച്ച സ്ഥലങ്ങളെ പറ്റി പറയുന്നിടത്ത് തോമാശ്ലീഹായ്ക്ക് ഇൻഡ്യാ ലഭിച്ചെന്ന് പൗളീനുസ് പറയുന്നു.

---

4. എബ്രായലേഖന ഹോമിലി 26,2: എബ്രാ.11,20-22.
5. *Thomas apud Indos*- പ്രസംഗം, 17.
6. മർച്ചെല്ലായ്ക്കുള്ള ലേഖനം, 50.

www.malankaralibrary.com

***ടൂർസിലെ വി. ഗ്രിഗറി:***

തോമാശ്ലീഹായുടെ മരണത്തെപ്പറ്റിയും കബറിടത്തിലെ അത്ഭുതത്തെപ്പറ്റിയും ഗ്രിഗറി ഇപ്രകാരം വിവരിക്കുന്നു: "തോമാശ്ലീഹായുടെ പീഡാനുഭവചരിത്രം അനുസരിച്ച്, അദ്ദേഹം ഇൻഡ്യയിൽ വച്ച് രക്തസാക്ഷിയായി എന്നു പറയപ്പെടുന്നു. വളരെ കാലങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ തിരുശരീരം, സുറിയാനിക്കാർ എഡേസ്സാ എന്ന് വിളിക്കുന്ന പട്ടണത്തിലേക്കു മാറ്റുകയും അവിടെ സംസ്ക്കരിക്കുകയും ചെയ്തു. ഇൻഡ്യയിൽ അദ്ദേഹം ആദ്യം സംസ്ക്കരിക്കപ്പെട്ട സ്ഥലത്ത്, അതിനുശേഷം ഒരാശ്രമവും സാമാന്യം വലിപ്പമുള്ളതും ഭംഗിയായി അലങ്കരിക്കപ്പെട്ടതും രൂപകൽപ്പന ചെയ്യപ്പെട്ടതുമായ ഒരു പള്ളിയും ഉണ്ടായി. ഈ പള്ളിയിൽ ദൈവം ഒരു വലിയ അത്ഭുതം കാട്ടി. അദ്ദേഹത്തെ സംസ്ക്കരിച്ചതിനു മുമ്പിൽ ഒരു വിളക്കു കത്തിച്ചുവച്ചിരുന്നു. കത്തിച്ചു വച്ചപ്പോൾ മുതൽ ഇടതടവില്ലാതെ രാപകൽ, ദൈവിക കൽപ്പനയാൽ അത് കത്തിക്കൊണ്ടിരുന്നു. ആരും അതിൽ പുതുതായി എണ്ണയോ, തിരിയോ അർപ്പിച്ചില്ല. കാറ്റ് അതിനെ കെടുത്തിയുമില്ല. നോട്ടപ്പിശകാൽ അത് ഇല്ലാതായില്ല. അതിന്റെ പ്രകാശം ഒട്ടും കുറഞ്ഞില്ല. ശ്ലൈഹിക ശക്തിയാൽ ആ വിളക്ക് കത്തിക്കൊണ്ടിരുന്നു. അത് മനുഷ്യർക്ക് അപരിചിതമാണെങ്കിലും, ദൈവിക ശക്തിയുമായി ബന്ധപ്പെട്ടതാണ്. അവിടം സന്ദർശിച്ച തിയഡോറാണ് എന്നോടിത് പറഞ്ഞത്."

***വി. ഇസിദോർ:***

മാർ തോമാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചെന്നും ഇവിടെത്തന്നെ രക്തസാക്ഷിയായി മരിച്ചെന്നും ഇസിദോർ സാക്ഷിക്കുന്നു: "പൗരസ്ത്യദേശങ്ങളുടെ ഉൾനാടുകളിലേക്ക് അദ്ദേഹം കടന്നു. തന്റെ സുവിശേഷപ്രഘോഷണത്തിന് സ്വമരണം കൊണ്ടുതന്നെ അദ്ദേഹം മുദ്രവച്ചു. ഇൻഡ്യയിലെ ഒരു നഗരമായ കലാമിനായിൽ വച്ച് കുന്തം കൊണ്ടുള്ള കുത്തേറ്റ് അദ്ദേഹം മരിച്ചു. അവിടെത്തന്നെ ബഹുമാനപൂർവം സംസ്ക്കരിക്കപ്പെടുകയും ചെയ്തു."[7].

***വാഴ്ത്തപ്പെട്ട ബീഡ്:***

വിശുദ്ധ ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിന് ലഭിച്ച സ്ഥലങ്ങളെ പറ്റി പറയുന്നിടത്ത് തോമാശ്ലീഹായ്ക്ക് ഇൻഡ്യാ ലഭിച്ചെന്ന് ബീഡ് പറയുന്നു.

***മറ്റു ചിലർ:***

മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം ഇൻഡ്യ ആയിരുന്നെന്ന് മഹാനായ ഗ്രിഗറി മാർപാപ്പാ (+604), ടയറിലെ ഡൊറോതേവുസ് (6-ാം നൂ.), സിസിക്കൂസിലെ ജലാസിയുസ് തുടങ്ങിയ ആദ്യകാല നേതാക്കന്മാരും സാക്ഷിക്കുന്നു.

---

7. *De Ortu et Obitu Patrum*,74.

www.malankaralibrary.com

## 3. പ്രാചീന രേഖകൾ

***ആദായിയുടെ പ്രബോധനം:***

മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു അപ്പോക്രിഫൽ കൃതിയാണിത്. അതിൽ മാർ തോമാശ്ലീഹായെപ്പറ്റി ഇപ്രകാരം പരാമർശിക്കുന്നു. "ഇൻഡ്യയും അതിലെ രാജ്യങ്ങളും അതിൽ വസിക്കുന്ന എല്ലാവരും വിദൂരസ്ഥമായ കടൽക്കര ഉള്ളവർ പോലും യൂദാ തോമായിൽ നിന്നു കൈവയ്പ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. താൻ സ്ഥാപിച്ച സഭയിൽ അവൻ നായകനും ഭരണാധികാരിയുമായിരുന്നു." പ്രസ്തുത കൃതിയിൽ മറ്റൊരിടത്ത്, ശ്ലീഹന്മാർ തങ്ങൾക്കു ലഭിച്ചവ പിൻഗാമികൾക്ക് കൈമാറി എന്നും തോമാ ഇൻഡ്യയിൽ നിന്ന് എഴുതിയവ പിൻഗാമികളെ ഏൽപ്പിച്ചെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

***തോമായുടെ നടപടി:***

സിറിയായിൽ വച്ച് മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു അപ്പോക്രിഫൽ കൃതിയാണിത്. ശ്ലീഹായുടെ ഇൻഡ്യയിലെ പ്രേഷിതപ്രവർത്തനം, മരണം എന്നിവ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

***തോമായുടെ രക്തസാക്ഷിത്വ വിവരണം:***

ആറാം നൂറ്റാണ്ടിൽ എഴുതിയ ഈ അപ്പോക്രിഫൽ കൃതിയും തോമായെ ഇൻഡ്യയുമായി ബന്ധിക്കുന്നു. മാർ തോമായെ വലിയ ബഹുമാനാദരവുകളോടെ കബറടക്കി. അവിടെ വലിയ അത്ഭുതങ്ങൾ നടന്നു. തിരുശേഷിപ്പ് എഡേസ്സയിലേക്കു മാറ്റി എന്നും മറ്റും ഈ വിവരണത്തിൽ കാണാം.

## 4. വിവിധ സഭകളുടെ പാരമ്പര്യം

കിഴക്കും പടിഞ്ഞാറുമുള്ള വിവിധ ക്രിസ്തീയ സഭകളുടെ പാരമ്പര്യങ്ങൾ മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷപ്രവർത്തനത്തിന് സാക്ഷ്യം നൽകുന്നു. അവയിൽ ചിലത് താഴെ കുറിക്കുന്നു:

***പൗരസ്ത്യ സുറിയാനി സഭ:***

പേർഷ്യൻ സാമ്രാജ്യത്തിലെ പൗരസ്ത്യസുറിയാനിസഭയും ജൂലൈ മൂന്നിനാണ് ദുക്റാനാ പെരുന്നാൾ ആചരിക്കുന്നത്. പ്രസ്തുത ദിനത്തിലെ സന്ധ്യാപ്രാർഥനയിൽ ഇപ്രകാരം കാണുന്നു: "ഹാ, തോമായേ, ഇൻഡ്യാക്കാർ നിന്റെ ഉപദേശം വഴി ജീവന്റെ പരിമളം ശ്വസിച്ചു. ഇൻഡ്യയിൽ കണ്ടെത്തപ്പെട്ട ഒരു നിക്ഷേപം എന്നപോലെ ദിവ്യരക്ഷകൻ മാർ തോമായെ അദ്ദേഹത്തിന്റെ സഭയ്ക്ക് നൽകുന്നതിന് തിരുമനസ്സായി."

മറ്റൊരിടത്ത്: "മിശിഹാ റോമായുടെ പ്രധാനാചാര്യനായി പത്രോസിനെ അഭിഷേകം ചെയ്തു, അതുപോലെ തോമായേ, നീ ഇൻഡ്യാക്കാരുടെ ഇടയിൽ താദൃശ്യമായ ബഹുമാനം പ്രാപിച്ചിരിക്കുന്നു."

www.malankaralibrary.com

ജൂലൈ മൂന്ന് രാത്രി പ്രാർഥനയിൽ: "പിശാചുക്കളുടെ ആലയങ്ങളെ നശിപ്പിക്കുന്നതിനായി തോമാ ഇൻഡ്യയിലേക്ക് യാത്രയായി."

പൗരസ്ത്യ സുറിയാനി കലണ്ടറിൽ: "ജൂലൈ മൂന്ന്. ഇൻഡ്യയിൽ വച്ച് കുന്തത്താൽ തുളയ്ക്കപ്പെട്ട മാർ തോമാശ്ലീഹാ. അദ്ദേഹത്തിന്റെ അസ്ഥികൾ ഉറഹായിലാണ്. ഹാബാൻ എന്ന കച്ചവടക്കാരനാണ് അതുകൊണ്ടുവന്നത്. വലിയ പെരുന്നാൾ."

***അന്ത്യോക്യൻ സുറിയാനി സഭ:***

"ഇൻഡ്യയിൽ വന്ന മാർ തോമാ"എന്ന് *ശ്ഹീമോ നമസ്ക്കാരത്തിലെ* ഒരു ഗാനത്തിൽ കാണാം.

ഒരു *സെദ്റായിൽ* ഇപ്രകാരം കാണുന്നു: "ദുഷ്ടൻ നിമിത്തം ക്ഷയം സംഭവിച്ച ഇൻഡ്യാക്കാർക്കും കുശാന്മാർക്കും തന്റെ ശുശ്രൂഷയാൽ സ്വാതന്ത്ര്യം സമ്പാദിച്ചു കൊടുത്ത വാഴ്ത്തപ്പെട്ട മാർ തോമാശ്ലീഹായേ, നീ സ്തുത്യർഹനാകുന്നു."

മറ്റൊരു സെദ്റാ:

"സൂര്യൻ ലോകത്തെ പ്രകാശിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ, തോമാശ്ലീഹാ തന്റെ അപരിമേയമായ അനുഗ്രഹങ്ങൾ കൊണ്ട് അജ്ഞാന തിമിരത്താൽ ആവൃതമായിരുന്ന ഇൻഡ്യയെ പ്രകാശിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു."

*സ്രോഗിലെ മാർ യാക്കോബിന്റെ* ഒരു പ്രാർഥനാഗീതം ഇപ്രകാരമാണ്:

"തോമാശ്ലീഹാ ഇൻഡ്യയിലേക്ക് പോകാനായി സഹശിഷ്യന്മാരിൽ നിന്നു വേർപിരിഞ്ഞ സമയത്ത് കരയുകയും കരയത്തക്കവിധം മറ്റുള്ളവരെ വികാരാധീനരാക്കുകയും ചെയ്തു...അല്ലയോ, ഭാഗ്യവാനേ, ഇൻഡ്യയുടെ അന്ധകാര നിബിഡമായ രാത്രിയെ നീക്കുന്നതിന് സൂര്യരശ്മിപോലെ നീ യാത്ര ചെയ്യുന്നു."

മാർ അപ്രേമിന്റെ **ഒരു പ്രാർഥന:**

"നീ വഴി സത്യവിശ്വാസത്തിലേക്ക് ഇൻഡ്യാക്കാരെ ദൈവം ആകർഷിക്കുകയും ത്രിത്വത്തിന്റെ നാമത്തിൽ അവരെ മാമോദീസാ മുക്കുകയും ചെയ്തു."

ജൂലൈ മൂന്നിലെ യാമപ്രാർഥന:

"പൗരസ്ത്യ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിക്കാനായി കർത്താവ് മാർ തോമാശ്ലീഹായെ അയച്ചു".

**ബിസന്റൈൻ സഭ:**

ഗ്രീക്കുകാരുടെ *മെനോലോഗിയോൻ* എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു:

www.malankaralibrary.com

"ഒക്ടോബർ ആറാം തീയതി മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം...മാർ തോമായ്ക്ക് ഇൻഡ്യ ലഭിച്ചു. അവൻ അവിടെ മിശിഹായെ പ്രസംഗിച്ചു...ഈ വിശുദ്ധൻ കുന്നിന്മുകളിലേക്ക് ആനീതനായി. അവർ അവനെ ശൂലം കൊണ്ട് കുത്തിക്കൊന്നു." അതിൽ മറ്റൊരിടത്ത്: "ജൂൺ 30 പന്ത്രണ്ടു ശ്ലീഹന്മാരുടെ പെരുന്നാൾ...ഏഴാമത്തെയാൾ ദിദിമോസ് തോമസ്. അദ്ദേഹം ഇൻഡ്യാക്കാരാൽ കുന്തംകൊണ്ട് കൊല്ലപ്പെട്ടു."

*സിനക്സാരിയോൻ* എന്ന ഗ്രന്ഥത്തിൽ ഒക്ടോബർ ആറിന് മാർ തോമാശ്ലീഹായുടെ വായനയിൽ:

"തോമാ പാർത്തിയർക്കും...ഇൻഡ്യാക്കാർക്കും വേദം ഉപദേശിച്ചു... ഇൻഡ്യാക്കാരുടെ നേതാവ് മിസദേവൻ അദ്ദേഹത്തെ കൊന്നു."

***എത്യോപ്യൻ സഭ:***

"ഒക്ടോബർ ആറാം തീയതി ഇൻഡ്യയുടെ ശ്ലീഹാ ആയ മാർ തോമായുടെ പെരുന്നാൾ" എന്ന് എത്യോപ്യൻ കലണ്ടറിൽ കാണുന്നു.

***ലത്തീൻ സഭ:***

പാശ്ചാത്യസഭയുടെ ആരാധനക്രമ കലണ്ടറുകളും രക്തസാക്ഷിവിവരണങ്ങളും മാർ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിന് സാക്ഷ്യം വഹിക്കുന്നു.

വി. *ജറോമിന്റെ* പേരിൽ അറിയപ്പെടുന്ന രക്തസാക്ഷിവിവരണത്തിൽ ഡിസംബർ 21 ശ്ലീഹായുടെ മരണവും ജൂലൈ മൂന്ന് ശരീരം എഡേസ്സായിലേക്ക് കൊണ്ടുപോയ സംഭവവും അനുസ്മരിക്കുന്നു.

വാഴ്ത്തപ്പെട്ട *ബീഡിന്റെ* രക്തസാക്ഷി വിവരണത്തിൽ: "ഡിസംബർ 21. പാർഥ്യരോടും മേദ്യരോടും സുവിശേഷം അറിയിച്ച ശേഷം ഇൻഡ്യയിൽ വച്ച് പീഡ സഹിച്ച അനുഗൃഹീതനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം " എന്നു കാണുന്നു.

റോമൻ രക്തസാക്ഷിവിവരണത്തിൽ: "ഡിസംബർ 21. പാർഥ്യരോടും മേദ്യരോടും പേർഷ്യാക്കാരോടും ഹിർക്കാന്യരോടും സുവിശേഷം അറിയിച്ചശേഷം ഒടുവിൽ ഇൻഡ്യയിൽ വന്ന് അവിടുത്തെ ജനങ്ങളെ മിശിഹായുടെ സുവിശേഷം പഠിപ്പിച്ചു വരികയിൽ, രാജാജ്ഞപ്രകാരം കലാമിനായിൽ വച്ച് കുന്തത്താൽ കുത്തപ്പെട്ട ഭാഗ്യവാനായ മാർ തോമായുടെ പൂജ്യാവശിഷ്ടം ആദ്യം എഡേസ്സാ പട്ടണത്തിലേക്കും പിന്നീട് ഒർത്തോണായിലേക്കും കൊണ്ടുപോകപ്പെട്ടു."

മാർ തോമാശ്ലീഹാ ഭാരതത്തിന്റെ അപ്പസ്തോലനാണെന്നുള്ള ചരിത്രസത്യം വിവിധ ആരാധനക്രമങ്ങളും രക്തസാക്ഷിവിവരണങ്ങളും സ്ഥിരീകരിക്കുന്നു.

www.malankaralibrary.com

## 5. കബറിടസന്ദർശന റിപ്പോർട്ടുകൾ

മാർ തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിലേക്ക് മലങ്കര നസ്രാണികൾ നിരന്തരമായി തീർഥാടനം നടത്തിയിരുന്നു. ഭാരതത്തിനു പുറമേ നിന്നുള്ള തീർഥകരും മൈലാപ്പൂർ സന്ദർശിച്ചിട്ടുണ്ട്. 17-ാം നൂറ്റാണ്ടിനുമുമ്പ് ജീവിച്ചിരുന്ന ഒട്ടനേകം ചരിത്രകാരന്മാരും തീർഥയാത്രക്കാരും മിഷണറിമാരും ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ആദിമനൂറ്റാണ്ടുകളെ സംബന്ധിച്ച് നമുക്ക് രേഖകളില്ല. മാർക്കോ പോളോ (13-ാം നൂ.), മോന്തേ കൊർവീനോ (13-ാം നൂ.), ഒഡെറിക് (14-ാം നൂ.), ആമ്രേ് (14-ാം നൂ.), മരിഞ്ഞോളി (14-ാം നൂ.), നിക്കൊളോ കോന്തി (15-ാംനൂ.) ആദിയായവർ മൈലാപ്പൂരിലെ പള്ളിയെപ്പറ്റി സൂചിപ്പിക്കുന്നു.

പോർട്ടുഗീസുകാർ മൈലാപ്പൂരിൽ ഒരു വലിയ ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. മാർ തോമാശ്ലീഹായുടെ കല്ലറയ്ക്ക് ഉപയോഗിച്ച ഇഷ്ടിക ഒന്നാം നൂറ്റാണ്ടിലേതാണെന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. കലാമിനാ, ക്വലിമായ, മൈലൂഫ്, മൈലാൻ, കലമേന എന്നീ പേരുകളിലും മൈലാപ്പൂർ അറിയപ്പെട്ടിരുന്നു. കലൂർ (കല്ല്) മീനാ (മേൽ) എന്നതിൽ നിന്ന് കലൂർ മിനാ (കല്ലിൻമേൽ) എന്നു ചിലർ അർഥം പറയുന്നു. ചിന്നമലയിൽ വച്ചാണല്ലോ ശ്ലീഹാ രക്തസാക്ഷിയായത്. ചിന്നമല സുറിയാനിയിൽ ഗൽമാനാ എന്നാണ്. അതിൽ നിന്നാണ് കലാമിനാ എന്ന പേരുണ്ടായത് എന്നും പറയപ്പെടുന്നു.

## 6. ചരിത്രപണ്ഡിതന്മാരുടെ പ്രസ്താവനകൾ

മാർ തോമായെ സംബന്ധിച്ച ചരിത്രപരമായ തെളിവുകൾ പരിശോധിച്ച പ്രശസ്തരായ പണ്ഡിതന്മാരെല്ലാം മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതവൃത്തിയും മരണവും അംഗീകരിക്കുന്നവരാണ്. അത്തരത്തിൽ പെട്ടവരാണ് ജെ. എസ്. അസ്സെമാനി (1687-1768), റൗളിൻ (1745), മെഡ്ലിക്കോട്ട് (1905), ഫാ. ബർണാർദ്, ക്ലോഡിയസ് ബുക്കാനൻ, എ. മിംഗാനാ, വിൻസെന്റ് സ്മിത്ത്, എഡ്ഗാർ തെഴ്സ്റ്റൺ, കേണൽ യൂൾ, പ്ലാസിഡ് പൊടിപ്പാറ, സേവ്യർ കൂടപ്പുഴ, മാർട്ടിൻ ഗീലൻ തുടങ്ങിയവർ.

---

H.Perumalil-E.R.Hambye,(ed.) *Christianity in India*, Alleppey, 1972.

P.Yousif, *The Apostle Thomas in the Witness of St. Ephrem of Nisibis:* ***in*** C.Payngot, **Homage to Mar Cariatti**, Rome, 1987.

T. Bernard, *A Brief Sketch of the History of the St.Thomas Christians,* Trichinopoly, 1924.

T. Bernard, *Mar Thoma Christianikal,* vol. I, Palai,1906; vol.II, Mannanam, 1921.

A.Mundaden,*Traditions of the St.Thomas Christians*, Bangalore, 1970;

A.Mundaden, *Historyof Christianity in India, I*, Bangalore, 1984.

P. J. Podipara, *The Thomas Christians,* London-Bombay, 1970.

X.Koodapuzha, *Bharatha Sabhacharitram*, Kotayam, 1998.

www.malankaralibrary.com

## അധ്യായം – 3

# കേരളസഭ
# പതിനാറാം നൂറ്റാണ്ടു വരെ

മലങ്കരസഭയുടെ ആദ്യകാലഘട്ടങ്ങളെ സംബന്ധിച്ച് എഴുതപ്പെട്ട രേഖകൾ വളരെ വിരളമായേ നമുക്ക് കൈവന്നിട്ടുള്ളൂ. ചരിത്രരേഖകളുടെ അഭാവത്തിൽ ആദ്യകാലചരിത്രത്തെ *ഇരുളടഞ്ഞ കാലം* എന്നു ചിലർ വിളിക്കുന്നു. ഇന്നു വരെയുള്ള രേഖകൾ വച്ചുകൊണ്ട് സുവ്യക്തമായ ചിത്രം വരയ്ക്കാൻ എളുപ്പമല്ല.

### പേർഷ്യൻ ബന്ധം

മലങ്കരസഭ ആദ്യകാലങ്ങളിൽ പശ്ചിമേഷ്യയിലെ പേർഷ്യൻ (പൗരസ്ത്യസുറിയാനി/കൽദായ) സഭയുമായി ബന്ധപ്പെട്ടിരുന്നെന്ന് പിൽക്കാല രേഖകൾ സാക്ഷിക്കുന്നു. പേർഷ്യൻ സഭയുമായി മലങ്കരസഭ ബന്ധപ്പെട്ടത് എന്നു മുതലാണെന്ന് കൃത്യമായി പറയുക എളുപ്പമല്ല. പേർഷ്യൻ സഭയുമായുള്ള ബന്ധം മാർ തോമാശ്ലീഹാ മുതലുള്ള ബന്ധമായി കാണുന്നവരുണ്ട്. പേർഷ്യയിലെയും മലങ്കരയിലെയും സഭകൾ പൊതുപിതാവായി കാണുന്നത് മാർ തോമാശ്ലീഹായെ ആണ്. പേർഷ്യൻ സാമ്രാജ്യത്തിന്റെ പല സ്ഥലങ്ങളിലെയും സഭകൾ മാർ തോമാശ്ലീഹാ സ്ഥാപിച്ചതാണെന്ന് അവകാശപ്പെടുന്നു. മാർ തോമാശ്ലീഹായുടെ മാതൃഭാഷയായ അറമായാ (സുറിയാനി) ഈ സഭകളെ ഒന്നിപ്പിക്കുന്ന ഒരു ഘടകവുമായിരുന്നു. അന്ന് പൗരസ്ത്യദേശങ്ങളിൽ ഉടനീളം വ്യാപാരഭാഷ സുറിയാനി ആയിരുന്നു. പാശ്ചാത്യലോകത്ത് ഗ്രീക്കിനും ലത്തീനും ഉണ്ടായിരുന്ന സ്ഥാനം പൗരസ്ത്യദേശത്ത് സുറിയാനി ഭാഷയ്ക്ക് ലഭിച്ചിരുന്നു. യൂഫ്രട്ടീസ്–ടൈഗ്രീസ് നദീതടങ്ങളിലെ ആദ്യക്രൈസ്തവർ മിക്കവരും സെമിറ്റിക് വംശജരും സുറിയാനി (അറമായ) സംസാരിക്കുന്നവരുമായിരുന്നു. ഭാരതത്തിലെത്തിയ മാർ തോമാശ്ലീഹായും ഇവിടെ ഉണ്ടായിരുന്ന യഹൂദരോട് സുറിയാനി ഭാഷയിൽ ആയിരിക്കണം ആദ്യം സുവിശേഷം അറിയിച്ചത്. മാനസ്സാന്തരപ്പെട്ട യഹൂദന്മാർവഴി യഹൂദന്മാർ അല്ലാത്തവരോടും സുവിശേഷപ്രസംഗം നടത്തി. ശ്ലീഹ

www.malankaralibrary.com

ന്മാർ എല്ലായിടത്തും പ്രസംഗിച്ച രീതി പരിഗണിക്കുമ്പോൾ ഈ നിഗമനം ശരിയാണെന്നു തോന്നുന്നു. ശ്ലീഹന്മാർക്ക് ഭാഷാവരവും സിദ്ധിച്ചിരുന്നല്ലോ.

ആദ്യകാലത്ത് മലങ്കരസഭയുടെ ബന്ധം പേർഷ്യൻ ഉൾക്കടലിനടുത്തുള്ള ഫാർസ് സഭയുമായിട്ടായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന സെലൂഷ്യാ-സ്റ്റെസിഫണിലെ സഭ നാലാം നൂറ്റാണ്ടോടു കൂടി പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളുടെ മേൽ അധികാരം പ്രയോഗിക്കാൻ തുടങ്ങി. എന്നാൽ എന്നു മുതലാണ് മലങ്കരസഭ, മേൽപ്പറഞ്ഞ സെലൂഷ്യൻ(പേർഷ്യൻ) കൽദായ സഭയുടെ കീഴിൽ വന്നതെന്ന് കൃത്യമായി പറയാൻ സാധ്യമല്ല. ഭരണരീത്യാ, ഏഴാം നൂറ്റാണ്ടുവരെ മാർ തോമാശ്ലീഹായുടെ പിൻഗാമികളായ നാട്ടുമെത്രാന്മാർ ഇവിടെ ഉണ്ടായിരിക്കാനാണിട. മാർ തോമാശ്ലീഹാ ഇന്നാട്ടുകാരായ രണ്ടു മെത്രാന്മാരെയും (എപ്പിസ്ക്കോപ്പാമാരെയും) ഏഴു കേന്ദ്രങ്ങൾക്കായി വൈദികരെയും (പ്രെസ്ബിറ്റർമാരെയും) വാഴിച്ചു എന്നാണ് പുരാതന പാരമ്പര്യം. ഈ നേതാക്കന്മാരുടെ പിൻതുടർച്ചക്കാർ ഇവിടുത്തെ ക്രിസ്തീയ സമൂഹങ്ങൾക്ക് നേതൃത്വം നൽകി.

നിഖ്യാ സൂനഹദോസിൽ പേർഷ്യയുടെയും വലിയ ഇൻഡ്യയുടെയും യോഹന്നാൻ സംബന്ധിച്ചു എന്ന് സിസിക്കൂസിലെ ജലാസിയുസിൽ ഒരു സാക്ഷ്യമുണ്ട്. നിഖ്യാ സൂനഹദോസിനുശേഷം (325) അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജലാസിയുസ് മാത്രമാണ് യോഹന്നാനെ ഇൻഡ്യയുമായി ബന്ധിക്കുന്നത്. നിഖ്യായിൽ സംബന്ധിച്ചവരുടെ പട്ടികയിലാകട്ടെ, തുടർന്നു സഭാചരിത്രം എഴുതിയവരാകട്ടെ ഇപ്രകാരം ചെയ്യുന്നില്ല. സൊക്രാട്ടസ്, സൊസൊമെൻ, തിയഡൊറെറ്റ് തുടങ്ങിയ സഭാചരിത്രകാരന്മാരും ജലാസിയുസ് നൽകുന്ന സൂചന നൽകുന്നില്ല. അതുകൊണ്ട് ജലാസിയുസിന്റെ പിൽക്കാലസാക്ഷ്യം സംശയാതീതമല്ല. കൂടാതെ, പേർഷ്യൻസഭ നിഖ്യാ സൂനഹദോസ് അംഗീകരിച്ചത് 410-ൽ മാത്രമാണ്.

ഏഴു മുതലുള്ള നൂറ്റാണ്ടുകളിൽ പേർഷ്യൻ മെത്രാന്മാർ ഭാരതസഭയെപ്പറ്റി പരാമർശിക്കുന്നു. ഈശോയാബ് മൂന്നാമൻ (650-660), സ്ലീബാ സേക്കാ (714-728), തിമോതി (778-823), തിയഡോഷ്യസ് (853-858) എന്നീ പേർഷ്യൻ കൽദായ പാത്രിയർക്കീസന്മാർ ഇൻഡ്യയിലെ സഭയെപ്പറ്റി സൂചന നൽകുന്നു.

ഇവിടുത്തെ സഭയിൽ മെത്രാന്മാരില്ലാത്ത ഒരു സാഹചര്യം *ഈശോയാബ്* വിവരിക്കുന്നു. ഫാർസിലെ മെത്രാനായ ശെമയോനാണ് അതിനു കാരണക്കാരനെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു:

"ദൈവഭക്തനായ സഹോദരാ, ഇൻഡ്യയിലെ വിവിധ ജനപദങ്ങൾക്കെതിരെ നിങ്ങൾ മേൽപ്പട്ടസ്ഥാനത്തിന്റെ കവാടം അടച്ചുകളയുകയും ക്ഷണഭംഗുരങ്ങളായ ലൗകിക നേട്ടങ്ങളെ പ്രതി ദൈവദാനം തടയുകയും ചെയ്തിരിക്കുന്നു. നമ്മുടെ അധ്യക്ഷന്മാർ ദൈവദാനത്തിന്റെ കവാടങ്ങൾ

www.malankaralibrary.com

നിങ്ങൾക്കെതിരെ അടച്ചിരുന്നെങ്കിൽ, സഭാസംഗതികൾ എത്ര ദയനീയമായ അവസ്ഥയിൽ ആകുമായിരുന്നെന്ന് നിങ്ങൾക്കു തന്നെ ഊഹിക്കാവുന്നതേയുള്ളു. നിയമാനുസൃതം സ്ഥാപിക്കപ്പെടുന്ന പിൻഗാമികളിലൂടെ ദൈവദാനം പ്രവഹിക്കുന്നതിനാൽ, നഭോമണ്ഡലത്തിൽ നക്ഷത്രങ്ങളെപ്പോലെ ലോകത്തിൽ മെത്രാന്മാരും വൈദികരും വിശ്വാസികളും അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങൾ സഭയുടെ കാനോനകൾക്ക് വിപരീതമായി പ്രവർത്തിച്ചതുവഴി ഇൻഡ്യൻ ജനങ്ങളിൽ പൗരോഹിത്യപരമ്പര അവസാനിച്ചിരിക്കുന്നു. യഥാർഥ മെത്രാന്മാരിൽ കൂടിയുള്ള ദൈവിക അധ്യാപനത്തിന്റെ പ്രകാശം ഇല്ലാതെ ഇൻഡ്യ അന്ധകാരത്തിൽ നിമഗ്നമായിരിക്കുന്നു. ഇതുമൂലം പേർഷ്യൻ സാമ്രാജ്യത്തിന്റെ അതിർത്തി മുതൽ കാലാവരെ 1200 ഫർസഹീൻ നീളത്തിൽ കിടക്കുന്ന ഇൻഡ്യയ്ക്കു മാത്രമല്ല, നിങ്ങളുടെ പേർഷ്യയ്ക്കും ഈ വിധം സംഭവിച്ചു.'' ഇൻഡ്യയിലുടനീളം വിവിധ സ്ഥലങ്ങളിൽ നിരവധി മെത്രാന്മാരും ഇടവകകളും ഉണ്ടായിരുന്നു എന്ന് ഈ കത്തിൽ ധ്വനിയുണ്ട്.

*സ്ലീബാസേക്കാ* പാത്രിയർക്കീസ് ഇൻഡ്യയിലെ സഭയുടെ മെത്രാപ്പോലീത്താസ്ഥാനം അംഗീകരിച്ചു. *തിമോതി* പാത്രിയർക്കീസ് ഇൻഡ്യയിലെ സഭയ്ക്കയച്ച കത്തിൽ ഇവിടുത്തെ മെത്രാഭിഷേകരീതി സൂചിപ്പിക്കുന്നു. "മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പിന്റെയും അഭിഷേകത്തിന്റെയും കാര്യത്തിൽ ജനങ്ങൾ രാജാവിന്റെ ഉപദേശമല്ല, പാത്രിയർക്കീസിന്റെ ഉപദേശമാണ് സ്വീകരിക്കേണ്ടത്, പാത്രിയർക്കീസിന്റെ അംഗീകാരത്തിനു ശേഷം മാത്രമേ മെത്രാപ്പോലീത്തായുടെ നിയമനക്കാര്യം രാജാവിനെ അറിയക്കേണ്ടതുള്ളു" എന്ന് തിമോതി ഉപദേശിക്കുന്നു.

എല്ലാ മെത്രാന്മാരും പേർഷ്യൻ സൂനഹദോസുകളിൽ സംബന്ധിക്കണമെന്ന നിയമത്തിൽ നിന്ന് *തിയഡോഷ്യസ്* ഇൻഡ്യയെ ഒഴിവാക്കി. അതിനു പകരം കൂട്ടായ്മക്കത്തുകളും പിരിവുകളും ആറു വർഷത്തിലൊരിക്കൽ അയച്ചാൽ മതിയെന്നു കൽപ്പിച്ചു. സഫ്രഗൻ മെത്രാന്മാരുടെ സാന്നിധ്യത്തിൽ ജനങ്ങൾ മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തിരുന്നു. ഒൻപതാം നൂറ്റാണ്ടിലും ഇൻഡ്യൻസഭ ഉൾഭരരണസ്വാതന്ത്ര്യമുള്ള സഭയായിരുന്നു. ആ നൂറ്റാണ്ടിൽ സാപാർ, പ്രോത് എന്നീ മെത്രാന്മാർ മലങ്കരസഭയിലെത്തി. ഇൻഡ്യൻ മെത്രാപ്പോലീത്താ പേർഷ്യൻ മെത്രാന്മാരുടെ പട്ടികയിൽ പത്താം സ്ഥാനത്തായിരുന്നു. ചില പട്ടികകളിൽ പതിമൂന്നാം സ്ഥാനത്തും. ചൈനയുടെയും ഇൻഡ്യയുടെയും മെത്രാപ്പോലീത്താമാർ അടുത്തടുത്താണ് വന്നത്.

പാശ്ചാത്യലോകത്തു നിന്നു വന്ന പോർട്ടുഗീസുകാർ ഇവിടെ കണ്ടത് പേർഷ്യയിൽ നിന്നുള്ള പൗരസ്ത്യസുറിയാനി മെത്രാന്മാരെ ആയിരുന്നെന്ന് അവരുടെ രേഖകൾ വ്യക്തമാക്കുന്നു. ഒരു *മാർ യാക്കോബ്* എപ്പിസ്ക്കോപ്പാ 1301-ൽ ഇവിടെയുണ്ടായിരുന്നു.

www.malankaralibrary.com

1490-ൽ മാർ യോഹന്നാനും മാർ തോമായും ഒന്നിച്ച് പശ്ചിമേഷ്യയിൽ നിന്ന് ഇവിടെ വന്നു. തോമാ 1492-ൽ തിരികെ പോയി. യോഹന്നാൻ 1504-ൽ മരിച്ചു. മറ്റു മൂന്നു മെത്രാന്മാരോടു കൂടി മാർ തോമാ 1504-ൽ വീണ്ടും വന്നു. മാർ യാക്കോബ്, മാർ യാബാലാഹാ, മാർ ദനഹാ എന്നിവരായിരുന്നു ആ മെത്രാന്മാർ. അവരിൽ മാർ യാബാലാഹായും മാർ ദനഹായും പെട്ടെന്ന് മരിച്ചുപോയി. *മാർ യാക്കോബ്* മാത്രം അവശേഷിച്ചു. മാർ യാക്കോബും മാർ തോമായും കൊടുങ്ങല്ലൂരും കൊല്ലവും ആസ്ഥാനമാക്കി ഭരണം നടത്തി. വി. ഫ്രാൻസിസ് സേവ്യർ ഈ യാക്കോബിനെപ്പറ്റി 1549-ൽ വളരെ നന്നായി പോർട്ടുഗീസ് രാജാവിന് എഴുതിയിട്ടുണ്ട്. മാർ യാക്കോബ് 1550-ലോ 1552-ലോ മരിച്ചു.

തുടർന്ന് *മാർ യൗസേപ്പ് (1556-1569)* മാർ തോമാ ക്രിസ്ത്യാനികളുടെ മെത്രാനായി. പേർഷ്യയിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് മാർ ജോൺ സ്യൂദ് സൂലാക്കായുടെ സഹോദരനായിരുന്നു മാർ യൗസേപ്പ്. മാർ അബ്ദീശോ എന്ന കൽദായ കത്തോലിക്കാ പാത്രിയർക്കീസാണ് അദ്ദേഹത്തെ ഇവിടേക്കയച്ചത്.

*മാർ അബ്രഹാം* എന്ന മെത്രാൻ 1558-ൽ ഇവിടെയെത്തി. മാർ അബ്ദീശോ പാത്രിയർക്കീസ് 1567-ൽ മാർ യൗസേപ്പിനും മാർ അബ്രഹാമിനും മാർ തോമാ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ശുശ്രൂഷ പങ്കിട്ടുകൊടുത്തു. മാർ യൗസേപ്പിനെ പാശ്ചാത്യമിഷണറിമാർ റോമിലേക്ക് നാടുകടത്തി. അദ്ദേഹം 1569-ൽ അവിടെ വച്ച് മരിച്ചു. മാർ അബ്രഹാം 1597-ൽ മരിക്കുന്നതുവരെ മാർ തോമാക്രിസ്ത്യാനികളുടെ മെത്രാനായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി മലങ്കരസഭയ്ക്ക് പേർഷ്യൻ കൽദായ കത്തോലിക്കാ സഭയോടുള്ള ഹയരാർക്കിക്കൽ ബന്ധം അവസാനിച്ചെന്നു പറയാം.

പേർഷ്യൻ കൽദായ സഭയിൽ നിന്നുള്ള പൗരസ്ത്യസുറിയാനി മെത്രാന്മാർ ഇവിടെ വരാൻ തുടങ്ങിയത് എന്നു മുതലാണെന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല. മാർ തോമാ ശ്ലീഹായുടെ കാലം മുതൽ ഇടതടവില്ലാതെ പേർഷ്യയിൽ നിന്ന് പൗരസ്ത്യ സഭാനേതാക്കന്മാർ ഇവിടെ വന്നിരുന്നെന്നും തെളിയിക്കപ്പെട്ടിട്ടില്ല. നാട്ടുകാരാരും മെത്രാന്മാരായില്ല എന്നും അനുമാനിക്കാൻ പാടില്ല. മലങ്കരസഭയിലെ മെത്രാന്മാർ ദൈവജനത്തിന്റെ ആധ്യാത്മികാചാര്യന്മാരായിരുന്നു. സഭയുടെ ലൗകിക ഭരണം ആർച്ചുഡീക്കൻ (അർക്കൻ, അർക്കദിയാക്കോൻ) നിർവഹിച്ചിരുന്നു. ആർച്ചുഡീക്കന്മാരുടെ ഭരണം എന്നു മുതലാണ് തുടങ്ങിയതെന്ന് വ്യക്തമല്ല. ഓരോ പള്ളിക്കും പള്ളിയോഗവും സഭയ്ക്ക് മൊത്തത്തിൽ പൊതുയോഗവും ഉണ്ടായിരുന്നു. *"ഇൻഡ്യ മുഴുവന്റെയും മെത്രാപ്പോലീത്താ", "മാർ തോമായുടെ സിംഹാസനത്തിന്റെയും ഇൻഡ്യ മുഴുവനുമുള്ള ക്രിസ്ത്യാനികളുടെ സഭയുടെയും മെത്രാപ്പോലീത്താ"* എന്നിങ്ങനെയായിരുന്നു മലങ്കര സഭാധ്യക്ഷന്മാർ അറിയപ്പെട്ടിരുന്നത്. *"ഇൻഡ്യ മുഴുവന്റെയും ആർച്ചുഡീക്കൻ"* എന്നായിരുന്നു ആർച്ചുഡീക്കന്റെ സ്ഥാനനാമം.

www.malankaralibrary.com

## ചില സന്ദർശകർ

മറ്റു സഭകളിൽ പെട്ട ചില നേതാക്കന്മാർ മലങ്കരസഭ സന്ദർശിച്ചതായി രേഖകളുണ്ട്. അക്കൂട്ടത്തിൽ പെട്ടവരാണ് പന്തേനൂസ് (190), ബസ്രായിലെ ദാവീദ് (295), തെയോഫിലസ് (354), കോസ്മോസ് (6-ാം നൂ.), ബോധ് (6-ാം നൂ.). അലക്സാൺഡ്രിയാക്കാരൻ പന്തേനൂസ് ഇൻഡ്യയിൽ വന്നെന്നും ക്രിസ്ത്യാനികളുടെ പക്കൽ മത്തായിയുടെ സുവിശേഷം കണ്ടെന്നും എവുസേബിയസ് (+339) സാക്ഷിക്കുന്നു. ഇതിനെ ആധാരമാക്കി വി. ജറോമും (+420) ഇതിനു സാക്ഷ്യം നൽകുന്നു.

കോസ്മോസ് തെക്കേ ഇൻഡ്യ സന്ദർശിച്ച് "സാർവത്രിക ക്രൈസ്തവ സ്ഥലവിവരങ്ങൾ" എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അതിൽ കുരുമുളകു വിളയുന്ന മലേ എന്ന സ്ഥലത്തുള്ള സഭയെപ്പറ്റി പരാമർശിക്കുന്നു. മലനാട് അഥവാ മലങ്കര എന്നതിന്റെ ഒരു രൂപമാണ് മലേ എന്നാണ് പണ്ഡിതമതം. പുരാതനകാലത്ത് കുരുമുളക് വിളയുന്ന സ്ഥലം കേരളം മാത്രമായിരുന്നല്ലോ. ദാനിയേൽ എന്ന ഒരിൻഡ്യാക്കാരൻ ഗ്രീക്കു ബൈബിൾ സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യാൻ കൂമി എന്ന പേർഷ്യാക്കാരനെ സഹായിച്ചു. മേർവിലെ ഈശോദാദിന്റെ (9-ാം നൂ.) റോമാലേഖനഭാഷ്യത്തിലാണ് ഈ പരാമർശം.

## ചില കുടിയേറ്റങ്ങൾ

കേരളത്തിലേക്ക് കാലാകാലങ്ങളിൽ മറ്റിടങ്ങളിൽ നിന്നുള്ള ക്രിസ്തീയ കുടിയേറ്റം ഉണ്ടായി. അവയിൽ പ്രധാനപ്പെട്ടത് മൂന്നു കുടിയേറ്റങ്ങളാണ്.

(1) *കൊല്ലത്തെ കുടിയേറ്റം:* ഇൻഡ്യയുടെ കിഴക്കൻ കടൽതീരത്തുനിന്ന് മൂന്നാം നൂറ്റാണ്ടിൽ കൊല്ലത്തേയ്ക്ക് ഒരു കുടിയേറ്റമുണ്ടായി. 293-ൽ കിഴക്കൻ തീരത്തുണ്ടായ മതപീഡനമാണ് കുടിയേറ്റത്തിനു കാരണം. കാവേരിപ്പൂപട്ടണത്തിൽ നിന്ന് 72 കുടുംബങ്ങൾ കൊല്ലത്തു കുടിയേറി. കൊല്ലത്തും കായംകുളത്തുമുള്ള *മണിഗ്രാമക്കാർ* എന്ന കച്ചവടസംഘത്തിൽ പെട്ടവർ ഇപ്രകാരം കുടിയേറിയവരുടെ പിൻതലമുറക്കാരാണ് എന്ന ഒരൈതിഹ്യമുണ്ട്.

(2) *ക്നായിത്തൊമ്മന്റെ കുടിയേറ്റം:* കേരളത്തിലേക്ക് പശ്ചിമേഷ്യയിൽ നിന്ന് പല കുടിയേറ്റങ്ങളും ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ക്നായിത്തൊമ്മൻ എന്ന പേരിൽ അറിയപ്പെടുന്ന കച്ചവടപ്രമാണിയുടെ കുടിയേറ്റം. കുടിയേറിയ ഈ ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂർ മാല്യങ്കരയ്ക്ക് തെക്കുഭാഗത്തു താമസിച്ചതിനാൽ *തെക്കുംഭാഗർ* എന്ന് അറിയപ്പെടുന്നു. ഈ കുടിയേറ്റം ഉണ്ടായത് 345-ലാണെന്നാണ് കേരളത്തിലെ തെക്കുംഭാഗ സമുദായത്തിന്റെ വിശ്വാസം. എന്നാൽ 9-ാം നൂറ്റാണ്ടിലാണ് കച്ചവടക്കാരനായ തോമസ് (ക്നാനായാ) വന്നതെന്ന് ചിലർ കരുതുന്നു. തെക്കേ ഇറാക്കിൽ നിന്നാണ് ഇവർ വന്നതെന്നാണ് അവരിൽ ചിലർ പറയുന്നത്. ഈ കുടിയേറ്റക്കാരുടെ

www.malankaralibrary.com

പിൻഗാമികളിൽ ഇന്ന് കത്തോലിക്കരും യാക്കോബായക്കാരുമായ ക്രിസ്ത്യാനികളുണ്ട്. ഈ രണ്ടുകൂട്ടരും തങ്ങളുടെ ഇടയിൽ നിന്നു മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാറുള്ളു.

(3) *മാർ സാബാറീശോയുടെ കുടിയേറ്റം:* ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് മാർ സാബാറീശോ (സാബോർ/സാപ്പോർ), മാർ പ്രോത്ത് എന്നിവരുടെ നേതൃത്വത്തിൽ ഒരു കുടിയേറ്റമുണ്ടായി. മാർ സാപ്പോർ കൊല്ലത്തും പ്രോത്ത് ഉദയംപേരൂരും താമസിച്ചു. ഇവരെ മലങ്കര നസ്രാണികൾ വിശുദ്ധരായി പരിഗണിച്ച് ഇവരുടെ നാമത്തിൽ പല പള്ളികളും പണിയിച്ചു.

## ചെപ്പേടുകൾ

സമൂഹത്തിൽ മലങ്കര നസ്രാണികൾ ഉന്നതസ്ഥാനീയരായിരുന്നു. അവർക്ക് ഇവിടുത്തെ ഭരണാധികാരികൾ കൽപ്പിച്ചനുവദിച്ച സ്ഥാനങ്ങളാണ് ചെപ്പേടുകളിലുള്ളത്. ചെമ്പുപട്ടയങ്ങൾ (താമ്രശാസനങ്ങൾ) എന്ന് ഇവ അറിയപ്പെടുന്നു. ചെമ്പുതകിടുകളിൽ എഴുതപ്പെട്ടവയാകയാൽ, ചെപ്പേടുകൾ എന്നറിയപ്പെടുന്നു. പ്രധാനമായി നാലു ചെപ്പേടുകളാണുള്ളത്:

(1) *തരീസാപ്പള്ളി ചെപ്പേടുകൾ രണ്ടെണ്ണം:* കൊല്ലത്തെ തരീസാപ്പള്ളിക്ക് അവിടുത്തെ നാടുവാഴിയിൽ നിന്നു കിട്ടിയ അവകാശങ്ങളും ആനുകൂല്യങ്ങളുമാണ് ഇവയുടെ ഉള്ളടക്കം. വേണാട്ടുരാജാവായ അയ്യനടികൾ സാബാറീശോയോടുകൂടി കുടിയേറിയ സുറിയാനിക്കാർക്ക് 849-ൽ തരീസാപള്ളിയുടെ നാമത്തിൽ നൽകിയതാണി വ. അന്നത്തെ ക്രിസ്ത്യാനികളെപ്പറ്റി ഏകദേശജ്ഞാനം ലഭിക്കാൻ ഇവ സഹായിക്കും. ക്രിസ്ത്യാനികൾക്ക് 72 പദവികൾ രാജാവ് കൽപ്പിച്ചനുവദിക്കയുണ്ടായി.

(2) *ഇരവികോർത്തൻ ചെപ്പേട് (വീരരാഘവപട്ടയം):* വീരരാഘവ ചക്രവർത്തി, ഇരവികോർത്തൻ എന്ന വ്യാപാരിക്ക് മണിഗ്രാമപട്ടം നൽകുന്നതാണ് ഉള്ളടക്കം. വ്യാപാരിസംഘമായ മണിഗ്രാമത്തിൽ അംഗത്വം നൽകുന്നതാണിത്. കച്ചവടസംബന്ധമായി ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ള ഈ രേഖ പ്രധാനപ്പെട്ട ഒന്നാണ്. ഈ ചെപ്പേടിന്റെ ഭാഷ 13-14 നൂറ്റാണ്ടിലേതാണ്.

(3) *ക്നായിത്തൊമ്മൻ ചെപ്പേട്:* ഇവിടുത്തെ ബിഷപ്പായിരുന്ന മാർ യാക്കോബിന്റെ കൈവശം (+1552) ഉണ്ടായിരുന്ന ഈ രേഖ നഷ്ടപ്പെട്ടു പോയി. ഇതിന്റെ പോർട്ടുഗീസ് ഭാഷയിലുള്ള ഒരു പരിഭാഷ മാത്രമുണ്ട്. ക്നായിത്തൊമ്മന് ചില പദവികളും അവകാശങ്ങളും നൽകുന്നതാണിത്. ഇത് 9-ാം നൂറ്റാണ്ടിലേതാണെന്ന് ചിലർ കരുതുന്നു.

## വില്ലാർവട്ടം നാടുവാഴികൾ

ഉദയംപേരൂർ കേന്ദ്രമാക്കി ഭരിച്ചിരുന്ന ഒരു ക്രിസ്തീയ നാട്ടുരാജ്യമായിരുന്നു വില്ലാർവട്ടം. ഈ രാജവംശം 15-ാം നൂറ്റാണ്ടായപ്പോഴേക്കും അന്യം

www.malankaralibrary.com

നിന്നുപോയി. അവിഞ്ഞോണിൽ നിന്ന് (ഫ്രാൻസ്) ജോൺ 22-ാം മാർപാപ്പാ (1316-1334) കേരളത്തിലെ ക്രിസ്തീയ രാജാവിന് കത്തെഴുതുകയുണ്ടായി. അതുപോലെ എവുജീൻ നാലാമൻ മാർപാപ്പായും 1439-ൽ കത്തെഴുതിയിട്ടുണ്ട്. മലങ്കര നസ്രാണികൾ മതപരമായി മാത്രമല്ല, രാഷ്ട്രീയമായും ഒരു ശക്തിയായിരുന്നെന്ന് ഇത് തെളിയിക്കുന്നു.

## ആരാധനക്രമം

ഇവിടുത്തെ പുരാതനമായ ആരാധനക്രമത്തെപ്പറ്റി വളരെ ഖണ്ഡിതമായി പറയാൻ സാധ്യമല്ല. രണ്ടു സാധ്യതകൾ ചൂണ്ടിക്കാണിക്കാം.

ഒന്ന്, ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിലെല്ലാം അവർ മൂപ്പന്മാരെ വാഴിക്കയും ആരാധനക്രമം നടപ്പാക്കുകയും ചെയ്തു. പ്രസ്തുത ആരാധനക്രമങ്ങൾ സുപ്രധാന കാര്യങ്ങളിൽ ഐകരൂപ്യം പുലർത്തുന്നു. അതുപോലെയൊന്ന് കേരളത്തിൽ മാർ തോമാശ്ലീഹാ നടപ്പാക്കിയിരിക്കാൻ ഇടയുണ്ട്. ശ്ലീഹന്മാരെല്ലാം യഹൂദ പശ്ചാത്തലത്തിലാണ് ആരാധനക്രമം നൽകിയത്. ഇവിടെയും അപ്രകാരമായിരിക്കും. ഇവിടുത്തെ വ്യാപാര ഭാഷയായ അറമായ (സുറിയാനി) ഭാഷയിലായിരിക്കാം അതു നടപ്പിലായത്. പാശ്ചാത്യലോകത്തുടനീളം ഗ്രീക്ക് ആരാധനാഭാഷ ആയിരുന്നതുപോലെ പൗരസ്ത്യദേശങ്ങളിൽ അറമായ ആയിരുന്നു ആരാധനാഭാഷ എന്നു കരുതാം. അല്ലെങ്കിൽ അന്നത്തെ നാട്ടുഭാഷയായിരുന്ന തമിഴിൽ ആയിരിക്കാം. തമിഴും അറമായഭാഷയും തമ്മിൽ സാമ്യം കാണുന്നുണ്ട്. സെമിറ്റിക് പശ്ചാത്തലത്തിലും അറമായ ഭാഷയിലും നടപ്പിലിരുന്ന ആരാധനാരീതികളുടെ വികസിതരൂപം പശ്ചിമേഷ്യയിൽ നിന്ന് വന്നപ്പോൾ പിൻതലമുറ സ്വീകരിച്ചു.

രണ്ട്, ഇവിടെ ഉണ്ടായിരുന്ന തമിഴ് ഭാഷയിലുള്ള ആരാധനാരീതികൾ പിൽക്കാല സുറിയാനിക്കാരുടെ സ്വാധീനത്താൽ നീക്കി സുറിയാനിഭാഷയിലുള്ളവ നടപ്പാക്കി. അടിസ്ഥാന ഘടകങ്ങളിൽ വ്യത്യാസമില്ലാതിരുന്നതിനാൽ, ഈ ഭാഷാമാറ്റം വലിയ ബുദ്ധിമുട്ടുണ്ടാക്കിയില്ല. റോമാസഭയിൽ ഗ്രീക്കു മാറ്റി ലത്തീൻഭാഷ നടപ്പാക്കിയതുപോലെ ഇതിനെ കരുതാം. ഇതിൽ ഏതാണ് മലങ്കരസഭയിൽ സംഭവിച്ചതെന്നതിന് ഇനിയും ഉത്തരം കിട്ടേണ്ടിയിരിക്കുന്നു.

പാശ്ചാത്യമിഷണറിമാർ 16-ാം നൂറ്റാണ്ടിൽ ഇവിടെ വന്നപ്പോൾ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് ഇവിടെ നടപ്പിലിരുന്നത്. എന്നാൽ എന്നു മുതലാണ് പൗരസ്ത്യസുറിയാനി ആരാധനക്രമത്തിന്റെ വികസിതരൂപം മലങ്കരയിൽ നടപ്പായതെന്ന് പറയാൻ സാധ്യമല്ല. പൗരസ്ത്യസുറിയാനി ആരാധനക്രമം യൂദയോ-ക്രൈസ്തവ പശ്ചാത്തലത്തിൽ രൂപീകൃതമായതാണ്. പൗരസ്ത്യ സുറിയാനിസഭയുമായി ബന്ധം പുലർത്തിയിരുന്ന മലങ്കരസഭ, കാലാകാലങ്ങളിൽ വികസിച്ചു വളർന്ന പൗരസ്ത്യസുറിയാനി ആരാധനക്രമം സ്വീകരിച്ചു എന്നു വേണം കരുതാൻ.[1]

1. പുരാതന ആരാധനക്രമത്തിന്റെ സൂചനകൾക്ക് താഴെ അനുബന്ധം 1 കാണുക.

www.malankaralibrary.com

## മലങ്കര നസ്രാണികളുടെ വിവിധ പേരുകൾ

നസ്രായനേശുവിന്റെ അനുയായികൾ എന്ന അർഥത്തിൽ നസ്രാണികൾ എന്നു പുരാതനകാലം മുതൽ ഇവിടുത്തെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരുന്നു. നസ്രാണിമാപ്പിള എന്ന് ബഹുമാനസൂചകമായും അവർ വിളിക്കപ്പെട്ടു. മാർതോമാ ക്രിസ്ത്യാനികൾ (മാർ തോമാ നസ്രാണികൾ) എന്നതും പൊതുപേരായിരുന്നു. പാശ്ചാത്യമിഷണറിമാരുടെ വരവിനുശേഷം സുറിയാനി ക്രിസ്ത്യാനികൾ എന്ന പേര് സാർവത്രികമായി.

---

E.Tisserant-E. R. Hambye, *Eastern Christianity in India*, Calcutta, 1957.

G. T. Mackenzie, *Christianity in Travancore*, Trivandrum, 1901.

P. J. Podipara,*The Hierarchy of the Syro-Malabar Church*, Alleppey, 1976.

Jacob Vellian, *Symposium on Knanites*, Kottayam, 1986.

Ä.Mingana, *The Early Spread of Christianity in India*, Manchester, 1926.

C. V. Cherian, *A History of Christianity in Kerala,* Kottayam, 1973.

www.malankaralibrary.com

### അധ്യായം - 4

# പാശ്ചാത്യമിഷണറിമാരും കേരളസഭയും

ഇൻഡ്യയുമായി നേരിട്ട് കച്ചവടം നടത്തുന്നതിനുവേണ്ടി പോർട്ടുഗീസുകാർ 1498 മുതൽ ഇവിടെയെത്തി. ആദ്യമെത്തിയ പോർട്ടുഗീസ് കപ്പിത്താൻ വാസ്കോഡിഗാമ ആയിരുന്നു. പാശ്ചാത്യലോകത്തു നിന്നെത്തിയ ക്രിസ്തീയ സഹോദരന്മാരെ മലങ്കര നസ്രാണികൾ സസന്തോഷം സ്വീകരിക്കുകയും അവർക്ക് വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. അതുപോലെ പോർട്ടുഗീസുകാരും ഇവിടുത്തെ ക്രിസ്ത്യാനികളെ പലവിധത്തിൽ സഹായിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. പാശ്ചാത്യക്രിസ്ത്യാനികൾ മലങ്കരസഭയുമായി കൂദാശകളിൽ സംസർഗം നടത്തി. കേരളത്തിലെ നാനാജാതി മതസ്ഥരുടെ ഇടയിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ച് അവരെ ക്രിസ്ത്യാനികൾ ആക്കുന്നതിന് ഒട്ടേറെ മിഷണറിമാർ പോർട്ടുഗലിൽ നിന്ന് ഇവിടെയെത്തി. അക്കൂട്ടത്തിൽ, വിശ്വാസവീരനും വൈദികശ്രേഷ്ഠനുമായിരുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാമം അവിസ്മരണീയമാണ്.

## വി. ഫ്രാൻസിസ് സേവ്യർ (1542–1552)

വി. ഫ്രാൻസിസ് സേവ്യർ ജസ്വിട്ട് സന്ന്യാസ സമൂഹത്തിൽ ഉൾപ്പെട്ട വൈദികൻ ആയിരുന്നു. അദ്ദേഹം 1542-ൽ ഗോവയിലെത്തി. ഗോവാ അക്കാലത്ത് ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ പ്രധാന താവളമായിരുന്നു. അദ്ദേഹം ഇൻഡ്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തു. തദ്ഫലമായി അനേകായിരം അക്രൈസ്തവരെ ക്രിസ്ത്യാനികളാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം 1544-ൽ തിരുവിതാംകൂറിലെത്തി. കേരളത്തിലെ കടൽത്തീരങ്ങളിൽ സഞ്ചരിച്ച് സുവിശേഷം പ്രഘോഷിച്ചു. ഏതാണ്ട് നാലു വർഷത്തോളം ചുറ്റിനടന്ന് സുവിശേഷം അറിയിച്ചശേഷം അദ്ദേഹം ഇൻഡ്യ

www.malankaralibrary.com

യുടെ ഇതര ഭാഗങ്ങളിലേക്കും ചൈനയിലേക്കും ജപ്പാനിലേക്കും പോയി. 1552-ൽ മരിച്ചു. വിശുദ്ധന്റെ ശരീരം ഇപ്പോഴും ഗോവയിൽ സൂക്ഷിച്ചിരിക്കുന്നു.

## പോർട്ടുഗീസ് നീക്കങ്ങൾ

കച്ചവടത്തിൽ കണ്ണുനട്ട പാശ്ചാത്യർ ഇവിടുത്തെ ശ്ലൈഹികസഭയെ കച്ചവടത്തിന് ഉപാധിയാക്കാൻ ശ്രമിച്ചു. രാജാക്കന്മാരെ വശീകരിച്ചും സൈന്യബലം ഉപയോഗിച്ചും മലങ്കരസഭയെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ അവർ സർവശ്രമങ്ങളും നടത്തി. ഈ സഭയെ പാശ്ചാത്യ (ലത്തീൻ) സഭയുടെ ഭാഗമാക്കാനുള്ള നീക്കങ്ങളുണ്ടായി.

മധ്യകാലഘട്ടത്തിൽ പാശ്ചാത്യലോകത്ത് ഉടലെടുത്ത ദൈവശാസ്ത്ര ചിന്താഗതികളും ഭക്താഭ്യാസങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ ഇവിടെ നടപ്പാക്കാൻ തുടങ്ങി. ഇവിടെ നിലവിലിരുന്ന പൗരസ്ത്യസുറിയാനി (കൽദായ) ആരാധനക്രമം മാറ്റി ലത്തീൻ ആരാധനക്രമം നടപ്പാക്കുക എന്നതായിരുന്നു മിഷണറിമാരുടെ രണ്ടാമത്തെപദ്ധതി.

എല്ലാ ശീശ്മകളുടെയും പാഷണ്ഡതകളുടെയും കാരണം സുറിയാനിയും സുറിയാനി ആരാധനക്രമവുമാണെന്ന് ധരിച്ചിരുന്ന ചില പാശ്ചാത്യ മിഷണറിമാരുണ്ടായിരുന്നു. തങ്ങൾ ആചരിക്കുന്ന ലത്തീൻ രീതികൾ മാത്രമാണ് ശരിയായിട്ടുള്ളത്, മറ്റ് രീതികളും അനുഷ്ഠാനങ്ങളും ആചാരവിധികളും തെറ്റാണ്, അതുകൊണ്ട് അപ്രകാരമുള്ളവ നീക്കി എല്ലായിടത്തും ഐകരൂപ്യം (uniformity) സ്ഥാപിക്കണം, ഐക്യത്തിന് ഐകരൂപ്യം അത്യന്താപേക്ഷിതമാണ്, വൈവിധ്യം (diversity) വൈരുധ്യമാണ് എന്നൊക്കെ ധരിച്ചിരുന്ന ഐകരൂപ്യവാദികളും പൗരസ്ത്യസഭാകാര്യങ്ങളിൽ അജ്ഞരുമായിരുന്ന പാശ്ചാത്യമിഷണറിമാർ മലങ്കരയിലെ പൗരസ്ത്യ സുറിയാനി ആരാധനക്രമം മാറ്റിമറിക്കാനും നീക്കിക്കളയാനും ലത്തീനീകരിക്കാനും പദ്ധതികൾ ആവിഷ്ക്കരിച്ചു.

## പദ്രവാദോ നടപ്പാക്കൽ

പോർട്ടുഗീസ് രാജാവാണ് കച്ചവടക്കാരെയും മിഷണറിമാരെയും ഇൻഡ്യയിലേക്കയച്ചത്. രാജാവ് തന്റെ സംരക്ഷണം-പദ്രവാദോ-മലങ്കരസഭയിലും നടപ്പാക്കി. പദ്രവാദോ (Padroado) എന്നത് പോർട്ടുഗീസ് പദമാണ്. രക്ഷാധികാരിത്വം എന്നു ഭാഷാന്തരം ചെയ്യാം. മിഷൻ പ്രദേശങ്ങളുടെ മേൽ പോർട്ടുഗീസ് രാജാവിനു മാർപാപ്പാമാർ നൽകിയിരുന്ന അധികാരമാണിത്.

നിക്കൊളാസ് അഞ്ചാമൻ മാർപാപ്പാ (1447-1455) 1455 ജനുവരി 8-നെഴുതിയ *റൊമാനുസ് പോന്തിഫെക്സ്* എന്ന രേഖയാണ് പദ്രവാദോയുടെ അടിസ്ഥാനം. "കണ്ടുപിടിക്കപ്പെട്ടതോ, ഇനിയും കണ്ടുപിടിക്കാൻ ഇരിക്കുന്നതോ ആയ കരകളും കടലുകളും എന്നേക്കുമായി പോർട്ടുഗൽ രാജാവിനുള്ളതാ

www.malankaralibrary.com

കുന്നു" എന്ന് പ്രസ്തുത രേഖയിൽ മാർപാപ്പാ നിശ്ചയിച്ചു. ഇപ്രകാരം ഒര ധികാരം 1493-ൽ അലക്സാണ്ടർ ആറാമൻ മാർപാപ്പാ (1492-1503) സ്പെയി നിനും നൽകി. പോർട്ടുഗലും സ്പെയിനും തമ്മിൽ അവകാശം പങ്കിടുന്ന ഒരുടമ്പടി 1494 ജൂൺ 7-ന് ഉണ്ടാക്കി. കേപ് ഓഫ് ഗുഡ് ഹോപ് മുതൽ ഇൻഡ്യാ വരെയുള്ള പ്രദേശങ്ങൾക്കായി ഒരു അപ്പസ്തോലിക കമ്മീഷ ണറെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം 1500 മാർച്ച് 26-ന് പോർട്ടു ഗൽ രാജാവിന് മാർപാപ്പാ നൽകി. പോർട്ടുഗലിനും സ്പെയിനിനും നൽകിയ ഈ അവകാശങ്ങൾ തുടർന്നു ഭരിച്ച മാർപാപ്പാമാരായ ജൂലിയസ് രണ്ടാ മനും (1503-1513) ലെയോ പത്താമനും (1513-1521) ആവർത്തിച്ചുറപ്പിച്ചു. ഇൻഡ്യയിലുള്ള പുതിയ സ്ഥലങ്ങളും അവിടെയുള്ള ആരാധനാലയങ്ങളും ഇനിയും നിർമിക്കാൻ പോകുന്നവയും തോമാറിലെ (പോർട്ടുഗൽ) വികാരി യുടെ ഭരണത്തിൻ കീഴിൽ വച്ചു. എല്ലാ പള്ളികളും സഭവക സ്വത്തുക്കളും പോർട്ടുഗൽ രാജാവിന്റെ സംരക്ഷണയ്ക്ക് വിധേയമാക്കി. 1600 ആഗസ്റ്റ് 4-നാണ് മലങ്കരസഭയുടെ മേൽ പദ്രവാദോ ഔദ്യോഗികമായി നടപ്പാക്കിയത്.

## മാർ യാക്കോബും പോർട്ടുഗീസുകാരും

മലങ്കരയുടെ ആധ്യാത്മികാധ്യക്ഷന്മാരായിരുന്ന പേർഷ്യൻ മെത്രാന്മാരെ പൂർണമായി ഒഴിവാക്കി, പകരം ലത്തീൻ മെത്രാന്മാരെ നിയമിക്കുക എന്ന നയമാണ് പോർട്ടുഗീസുകാർ അവലംബിച്ചത്. പോർട്ടുഗീസുകാർ വന്ന കാല ത്തുണ്ടായിരുന്ന മാർ യാക്കോബ് എന്ന മെത്രാനുമായി (1504-1552)പോർട്ടുഗീ സുകാർ വളരെ സൗഹൃദത്തിൽ കഴിഞ്ഞു. മാർ യാക്കോബ് കാതോലിക വിശ്വാസം തന്നെയുള്ള ആളാണെന്നാണ് പോർട്ടുഗീസുകാർ മനസ്സിലാക്കി യത്. റോമാസഭയിൽ നിന്നു വ്യത്യസ്തമായ ഒരു സഭയിലെയോ, ഏതെ ങ്കിലും പാഷണ്ഡതയിൽ ഉൾപ്പെട്ട സഭയിലെയോ അംഗങ്ങളാണ് തങ്ങ ളെന്ന് മലങ്കര നസ്രാണികളും ചിന്തിച്ചിരുന്നില്ല. പോർട്ടുഗീസുകാർ തങ്ങ ളുടെ ബലപീഠങ്ങളിൽ കുർബാന അർപ്പിക്കാൻ മാർ യാക്കോബിനെ അനു വദിച്ചു. മലങ്കര പള്ളികളിൽ കുർബാന അർപ്പിക്കാൻ പോർട്ടുഗീസുകാരെ മലങ്കരക്കാരും അനുവദിച്ചു. കൂദാശകളിലുള്ള പരിപൂർണ സംസർഗം അന്നുണ്ടായിരുന്നു. വിശ്വാസത്തിൽ തങ്ങളുടെ സഹോദരന്മാരായി പോർട്ടു ഗീസുകാരെ കരുതിയതിനാലാണ് നസ്രാണികൾ ഇപ്രകാരം പ്രവർത്തി ച്ചത്. നസ്രാണികളെപ്പറ്റിയും അവരുടെ മെത്രാനെപ്പറ്റിയും ഈ ആശയം തന്നെ പോർട്ടുഗീസുകാർക്കും ഉണ്ടായിരുന്നു. ഇരുകൂട്ടരുടെയും ആരാധ നാരീതികളും ആചാരാനുഷ്ഠാനങ്ങളും വ്യത്യസ്തമായിരുന്നെങ്കിലും, തങ്ങൾ ഏകസഭയുടെ അംഗങ്ങളാണെന്ന് ഇരുകൂട്ടരും കരുതി. വാസ്കോ ഡിഗാമ 1502-ൽ രണ്ടാമത് കേരളത്തിൽ എത്തിയപ്പോൾ കൊടുങ്ങല്ലൂരെ ക്രിസ്ത്യാനികൾ തങ്ങളുടെ ചെങ്കോൽ ഗാമയ്ക്ക് സമർപ്പിച്ചു. ആൽബു ക്കർക്ക് എന്ന പോർട്ടുഗീസ് നാവികൻ 1503-ൽ കൊല്ലത്തു വന്നപ്പോൾ ക്രിസ്ത്യാനികൾ തങ്ങളുടെ മൂന്നു കുരിശുകളിലൊന്ന് അയാൾക്ക് സമ്മാ

www.malankaralibrary.com

നിച്ചു. അയാൾ ഹൈന്ദവ രാജാവിനെക്കൊണ്ട് ക്രിസ്ത്യാനികളുടെ പുരാതനാവകാശങ്ങളൊക്കെ പുനരുദ്ധരിപ്പിച്ചു. അവിടുത്തെ പള്ളിക്ക് ഒരു മണിയും വി. യാക്കോബ് ശ്ലീഹായുടെ ഒരു പടവും അയാൾ നൽകി. ഒരു ഡൊമിനിക്കൻ സന്ന്യാസിയായ റൊഡ്രീഗോയെ അവരെ പഠിപ്പിക്കാൻ അവിടെ വിട്ടിട്ട് പോകുകയും ചെയ്തു.

ആൽബുക്കർക്ക് 1510-ൽ കൊടുങ്ങല്ലൂരെ പള്ളി പുതുക്കിപ്പണിയാൻ മാർ യാക്കോബിന് 1000 പണം നൽകി. പോർട്ടുഗീസ് ഗവർണർ ലോപോ സ്വാരസ് കൊല്ലം രാജ്ഞിയുമായി 1516-ൽ ഉണ്ടാക്കിയ ഉടമ്പടിയിൽ കൊല്ലത്തെ പള്ളി പുതുക്കി പണിയാമെന്ന് രാജ്ഞിയെ കൊണ്ട് സമ്മതിപ്പിച്ചു. മലങ്കര നസ്രാണികളും പോർട്ടുഗീസുകാരും ഒന്നിച്ച് 1517-ൽ മൈലാപ്പൂരിലേക്ക് തീർഥാടനം പോയി. മാർ യാക്കോബിന് പോർട്ടുഗലിലെ മാനുവൽ രാജാവിൽ നിന്നും ജോൺ മൂന്നാമൻ രാജാവിൽ നിന്നും തന്റെ സുവിശേഷ പ്രവർത്തനങ്ങൾക്ക് സഹായമായി ഒരു തുക ലഭിച്ചുകൊണ്ടിരുന്നു. മാർ യാക്കോബ് തന്നെ തന്റെ ജനത്തെ പോർട്ടുഗീസുകാർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. തനിക്ക് ലത്തീൻ രീതികളൊന്നും അറിയില്ലെന്നും അവ നടപ്പാക്കാൻ ശ്രമിച്ച പെന്തെയാദോ എന്ന മിഷണറിയെ നസ്രാണികൾക്ക് ഇഷ്ടമല്ലെന്നും അയാളെ ഉടനെ തിരികെ വിളിക്കണമെന്നും അദ്ദേഹം രാജാവിനെഴുതി. മാർ യാക്കോബ് പോർട്ടുഗീസ് രാജാവിനയച്ച കത്തുകളിൽ നിന്നാണ് ഈ സംഗതികൾ നാം ഗ്രഹിക്കുന്നത്. വി. ഫ്രാൻസിസ് സേവ്യറും മാർ യാക്കോബ് *ആബൂനായെപ്പറ്റി* വളരെ നന്നായിട്ടാണ് യൂറോപ്പിലേക്ക് എഴുതിയിട്ടുള്ളത്.

## മാർ യൗസേപ്പും പോർട്ടുഗീസുകാരും

മാർ യാക്കോബിനുശേഷം ഭരിച്ച മാർ യൗസേപ്പ് (1556-1569) എന്ന പശ്ചിമേഷ്യൻ കത്തോലിക്കാ മെത്രാനെ പോർട്ടുഗീസുകാർ പീഡിപ്പിക്കുകയും ജയിലിൽ അടയ്ക്കുകയും യൂറോപ്പിലേക്ക് നാടു കടത്തുകയും ചെയ്തു. അദ്ദേഹം ശുപാർശക്കത്തുകളുമായി ഗോവാവഴി വന്നപ്പോൾ പോർട്ടുഗീസുകാർ അദ്ദേഹത്തെ അവിടെ തടഞ്ഞുവച്ചു. താൻ കത്തോലിക്കനാണെന്നും കത്തോലിക്കാ പാത്രിയർക്കീസായ അബ്ദീശോയാണ് തനിക്ക് പട്ടം തന്നതെന്നും തന്റെ സഹോദരനായ ജോൺ സ്യൂദ് സൂലാക്കായോടുകൂടെ റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചിട്ടുണ്ടെന്നും പറഞ്ഞെങ്കിലും പോർട്ടുഗീസുകാർ അതൊന്നും വകവച്ചില്ല. അവർ അദ്ദേഹത്തെ 18 മാസം അവിടെ തടഞ്ഞുവച്ചു. അവിടെ നിന്ന് കപ്പൽ കയറ്റി യൂറോപ്പിലേക്കയച്ചു. ഒരു വർഷത്തിനുശേഷം ലിസ്ബണിലെ മതവിചാരണക്കോടതി മുമ്പാകെ വിസ്തരിച്ചു. കുറ്റക്കാരനല്ലെന്നു കണ്ട് വെറുതെ വിട്ടു. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ തിരികെ കൊണ്ടുവരുന്നതിനു പകരം റോമിലേക്കയച്ചു. വിവരം അറിഞ്ഞ മാർപാപ്പായാകട്ടെ ശുപാർശക്കത്തുകളുമായി അദ്ദേഹത്തെ കേരളത്തിലേക്ക് അയച്ചു. അദ്ദേഹം കേരളത്തിൽ വന്നപ്പോൾ പോർട്ടുഗീസുകാർ അദ്ദേഹത്തെ വീണ്ടും അറസ്റ്റു ചെയ്തു. എങ്കിലും കോടതി

www.malankaralibrary.com

വിധിയും മാർപാപ്പായുടെ കൽപ്പനകളും ഉണ്ടെന്നറിഞ്ഞപ്പോൾ സ്വതന്ത്ര നാക്കി. അദ്ദേഹം പത്തുകൊല്ലം (1558-1568) മലങ്കരനസ്രാണികൾക്ക് ആത്മീയശുശ്രൂഷ നിർവഹിച്ചു. പോർട്ടുഗീസുകാർ അദ്ദേഹത്തെ 1568-ൽ അറസ്റ്റു ചെയ്ത് ലിസ്ബണിലേക്കും പിന്നെ റോമിലേക്കും അയച്ചു. റോമിൽ വച്ച് 1569-ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ പല പുസ്തകങ്ങളും ഇപ്പോഴും വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ട്.

## മാർ അബ്രഹാമും പോർട്ടുഗീസുകാരും

മാർ യൗസേപ്പിനെ പോർട്ടുഗീസുകാർ യൂറോപ്പിലേക്ക് നാടുകടത്തിയപ്പോൾ, മാർ അബ്രഹാം എന്ന പശ്ചിമേഷ്യൻ മെത്രാൻ 1558-ൽ മലങ്കരയിലെത്തി. വേഷപ്രച്ഛന്നനായി വന്നതിനാൽ അദ്ദേഹത്തെ അറസ്റ്റു ചെയ്യാൻ പോർട്ടുഗീസുകാർക്ക് സാധിച്ചില്ല. അദ്ദേഹം അങ്കമാലി കേന്ദ്രമാക്കി സഭാശുശ്രൂഷ നിർവഹിച്ചു. എന്നാൽ അധികം താമസിയാതെ പോർട്ടുഗീസുകാർ മാർ അബ്രഹാമിനെയും അറസ്റ്റു ചെയ്ത് യൂറോപ്പിലേക്കയച്ചു. നെസ്തോറിയനാണോ സത്യവിശ്വാസിയാണോ എന്നറിയാൻ ലിസ്ബണിലെ മതവിചാരണക്കോടതിക്ക് ഏൽപ്പിച്ചുകൊടുക്കാനാണ് കൊണ്ടുപോയത്. യൂറോപ്പിലേക്ക് പോകുന്ന വഴി അദ്ദേഹം രക്ഷപെട്ട് പശ്ചിമേഷ്യയിൽ തന്റെ പാത്രിയർക്കീസിന്റെ പക്കലെത്തി വിവരമെല്ലാം ധരിപ്പിച്ചു. മാർ അബ്ദീശോ പാത്രിയർക്കീസിൽ നിന്നുള്ള ശുപാർശക്കത്തുകളോടുകൂടെ അദ്ദേഹം 1565-ൽ റോമിലെത്തി നാലാം പീയൂസ് മാർപാപ്പായെ (1559-1565) വിവരം ധരിപ്പിച്ചു. ഗോവായിലും കൊച്ചിയിലുമുള്ള ലത്തീൻ മെത്രാന്മാർക്ക് ഓരോ കത്തു കൊടുത്ത് മാർപാപ്പാ അദ്ദേഹത്തെ മലങ്കരയിലേക്കയച്ചു. അദ്ദേഹം 1568-ൽ ഗോവായിലെത്തി. മാർപാപ്പായുടെ ശുപാർശക്കത്തുകൾ ഉണ്ടായിരുന്നിട്ടും പോർട്ടുഗീസുകാർ അദ്ദേഹത്തെ തടഞ്ഞുവച്ചു. എന്നാൽ അദ്ദേഹം അവിടെ നിന്ന് രക്ഷപെട്ട്, ഒളിച്ചോടി മലങ്കരയിലെത്തി. പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽ പെടാതെ അവരുടെ വിഹാരസീമയ്ക്ക് അകലെയായി മലനാട്ടിലുള്ള പള്ളികളിൽ സഞ്ചരിച്ചുകൊണ്ട് ആത്മീയശുശ്രൂഷകൾ നടത്തിക്കൊണ്ടിരുന്നു. തുടർന്ന് ചില മിഷണറിമാർ മധ്യസ്ഥത വഹിച്ച് മാർ അബ്രഹാമിനെയും പേർട്ടുഗീസുകാരെയും ഏതാണ്ട് രമ്യതയിലാക്കി.

## നെസ്തോറിയൻ ആരോപണം

മാർ അബ്രഹാമിന്റെ കാലത്ത് പോർട്ടുഗീസുകാർ മലങ്കരസഭയുടെ മേലുള്ള പിടി മുറുക്കിത്തുടങ്ങി. ഇവിടെയുള്ള പ്രാർഥനപുസ്തകങ്ങളിൽ നെസ്തോറിയൻ പാഷൺഡത ഉണ്ടെന്നും അവ നീക്കണമെന്നും മറ്റും അവർ പ്രചരിപ്പിച്ചു. ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികൻ 1585/6-ൽ *പൗരസ്ത്യ ഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയരുടെ തെറ്റുകൾ (De Erroribus Nestorianorum)* എന്ന പേരിൽ ഒരു ലഘുലേഖയെഴുതി. ഇവിടുത്തെ സുറിയാനി വേദപുസ്തകത്തിലും ആരാധനക്രമഗ്രന്ഥങ്ങളിലും

www.malankaralibrary.com

ദൈവശാസ്ത്ര കൃതികളിലും റോസ് നെസ്തോറിയൻ പാഷൺഡത ആരോപിച്ചു. റോസ് ചൂണ്ടിക്കാണിച്ചവ യഥാർഥത്തിൽ പാഷൺഡത ആയിരുന്നില്ല. ബൈബിളിൽ കണ്ട വ്യത്യാസങ്ങൾ സുറിയാനി ബൈബിളിന്റെ *(പ്ശീത്തായുടെ)* പ്രത്യേകതകളാണ്. ആരാധനക്രമത്തിലും ദൈവശാസ്ത്രത്തിലും ഉണ്ടെന്നു പറഞ്ഞ തെറ്റുകൾ ലത്തീൻ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ പാശ്ചാത്യർ മനസ്സിലാക്കിയ തെറ്റുകളാണ്. സുറിയാനി പദങ്ങൾക്ക് സുറിയാനിസഭ കൊടുക്കാത്ത അർഥം കൊടുത്തതിന്റെ ഫലമായി രൂപീകരിക്കപ്പെട്ട തെറ്റുകളാണ് അവയൊക്കെ. വസ്തുനിഷ്ഠമായി അവ തെറ്റുകളല്ല. ലത്തീൻ ഭാഷയിൽ നിന്ന് വ്യത്യസ്തമായതെന്തും പല പാശ്ചാത്യർക്കും പാഷൺഡത ആയിരുന്നു; സുറിയാനിഭാഷ പാഷൺഡതയുടെ ഉറവിടവും. മലങ്കര നസ്രാണികളുടെ സഭയിൽ ഉണ്ടെന്ന് പാശ്ചാത്യർ പറഞ്ഞു പരത്തിയ നെസ്തോറിയൻ പാഷൺഡത പാശ്ചാത്യരുടെ ഭാവനാസൃഷ്ടിയാണ്.[1]

## മൂന്നാം ഗോവൻ സിനഡ് (1585)

ഗോവയിൽ വച്ച് നടന്ന മൂന്നാം സിനഡിൽ മലങ്കര സഭാസംബന്ധമായ പല കാര്യങ്ങളും ചർച്ച ചെയ്തു. മാർ അബ്രഹാം ആ സിനഡിൽ സംബന്ധിക്കാൻ വിസമ്മതിച്ചു. മാർപാപ്പാ സുരക്ഷിതത്വം ഉറപ്പു നൽകിയതിനാൽ അദ്ദേഹം അതിൽ സംബന്ധിച്ചു. ആരാധനക്രമ ഗ്രന്ഥങ്ങളിലെ തെറ്റുകൾ എന്ന് ലത്തീൻ മിഷണറിമാർക്ക് തോന്നിയവ തിരുത്താൻ അവിടെ നിയമങ്ങൾ പാസ്സാക്കി. എന്നാൽ തിരികെ കേരളത്തിലെത്തിയ മാർ അബ്രഹാം അതൊന്നും തിരുത്താൻ കൂട്ടാക്കിയില്ല. അതിന്റെ ആവശ്യം അദ്ദേഹത്തിന് തോന്നിയില്ല. അവസാനകാലത്ത് പോർട്ടുഗീസ് മിഷണറിമാർ അദ്ദേഹത്തോട് നീരസത്തിലായിരുന്നു. അദ്ദേഹം മരിച്ചു കഴിഞ്ഞാൽ പിന്നെ സഭാഭരണം കൈയടക്കണമെന്ന് അവർ ഉറച്ചു തീരുമാനിച്ചു. മാർ അബ്രഹാം 1597-ൽ മരിച്ചു.അങ്കമാലിയിൽ കബറടങ്ങി. ഈയടുത്ത കാലത്ത് ്ദ്ദേഹത്തിന്റെ കല്ലറ കണ്ടുപിടിക്കപ്പെട്ടു.

1. റോസിന്റെ രേഖയ്ക്ക്: താഴെ അനുബന്ധം 2 കാണുക.

www.malankaralibrary.com

## അധ്യായം - 5

# ഉദയംപേരൂർ സൂനഹദോസ് (1599)

മാർ തോമാശ്ലീഹായുടെ മലങ്കരസഭയെ പാശ്ചാത്യസഭയുടെ ഭാഗമാക്കാനുള്ള നടപടികൾക്ക് നിയമസാധുത്വം നൽകിയ സഭാസമ്മേളനമായിരുന്നു 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. പോർട്ടുഗീസ് മേൽക്കോയ്മയും പാശ്ചാത്യവൽക്കരണവും ശാശ്വതീകരിക്കാൻ വേണ്ടിയാണ് മിഷണറിമാർ ഇപ്രകാരം പ്രവർത്തിച്ചത്. വൈവിധ്യങ്ങളിൽ അന്തർലീനമായിരിക്കുന്ന ആഴമായ ഐക്യം ആസ്വദിക്കാൻ സാധിക്കാതെ, സ്ഥാപിത താൽപര്യങ്ങൾക്കുവേണ്ടി മിശിഹായുടെ സഭയെ ഉപയോഗിച്ചതിന്റെ ദാരുണഫലങ്ങളാണ് നാമിവിടെ ദർശിക്കുക. മലങ്കരസഭയെ പോർട്ടുഗൽ രാജാവിന്റെ കീഴിൽ കൊണ്ടുവന്ന് പാശ്ചാത്യവൽക്കരിക്കുക, മലങ്കരസഭയുടെ മേൽ പോർട്ടുഗലിന് അധീശത്വം പൂർണമാക്കുക, ഇൻഡ്യയിൽ പോർട്ടുഗീസ് കോളനി മതപരമായും രാഷ്ട്രീയമായും അരക്കിട്ടുറപ്പിക്കുക, തദ്ഫലമായി വ്യാപാരവിനിമയം അഭിവൃദ്ധിപ്പെടുത്തുക, പോർട്ടുഗലിന്റെ സമ്പദ്‌വ്യവസ്ഥിതി മെച്ചപ്പെടുത്തുക എന്നിവ ആയിരുന്നു പോർട്ടുഗീസ് ലക്ഷ്യം. മലങ്കരസഭയെ പേർഷ്യൻ ബന്ധത്തിൽ നിന്ന് മാറ്റിക്കൊണ്ടു മാത്രമേ ഇതു സാധിക്കൂ എന്നു ഗ്രഹിച്ചതു കൊണ്ടാണ് പൗരസ്ത്യസുറിയാനി മെത്രാന്മാരുടെ വരവ് തടഞ്ഞതും വന്നവരെ പീഡിപ്പിച്ചതും.

### ഗീവർഗീസ് ആർച്ചുഡീക്കൻ

മാർ അബ്രഹാം മരിക്കുന്നതിനുമുമ്പ് തന്റെ പിൻഗാമിയായി പേർഷ്യയിൽ നിന്ന് ഒരു പൗരസ്ത്യസുറിയാനി കത്തോലിക്കാ മെത്രാൻ വരണമെന്ന് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ മേലിൽ പേർഷ്യയിൽനിന്ന് ഒരു കത്തോലിക്കാ മെത്രാനും വരാതിരിക്കാനുള്ള പദ്ധതികളെല്ലാം പോർട്ടുഗീസുകാർ ആവിഷ്ക്കരിച്ചു. മാർ അബ്രഹാം തന്റെ മരണത്തിനുമുമ്പ് ഗീവർഗീസ് ആർച്ചുഡീക്കനെ സഭാഭരണം ഏൽപ്പിച്ചു. മാർ അബ്രഹാമിന്റെ മരണവാർത്ത അറിഞ്ഞ അന്നത്തെ

www.malankaralibrary.com

ഗോവൻ ലത്തീൻ മെത്രാപ്പോലീത്താ ആയിരുന്ന മെനെസിസ്, ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികനെ വികാരി അപ്പസ്തോലിക്കാ ആയി നിയമിച്ചു. എന്നാൽ ഗീവർഗീസ് ആർച്ചുഡീക്കന്റെ നിയമനവാർത്ത അറിഞ്ഞപ്പോൾ, റോസിന്റെ നിയമനം മെനെസിസ് പിൻവലിച്ചു. ആർച്ചുഡീക്കൻ പോർട്ടുഗീസ് മിഷണറിമാരുടെ പക്കൽ പോയി വിശ്വാസപ്രഖ്യാപനം നടത്തണമെന്ന് മെനെസിസ് നിർദേശിച്ചു. അതിനു ഗീവർഗീസ് ആർച്ചുഡീക്കൻ കൂട്ടാക്കിയില്ല. അതിനു പകരം അങ്കമാലിയിൽ വച്ച് വൈദികരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം ആർച്ചുഡീക്കൻ വിളിച്ചുകൂട്ടി. യോഗം ആർച്ചുഡീക്കന് പൂർണപിന്തുണ പ്രഖ്യാപിച്ചു. മലങ്കരസഭയിലെ പുരാതനമായ സുറിയാനി ആരാധനക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം കാത്തുസൂക്ഷിക്കുമെന്നും പൗരസ്ത്യ സുറിയാനിക്കാരനല്ലാത്ത മെത്രാനെ അംഗീകരിക്കുകയില്ലെന്നും യോഗം തീരുമാനിച്ചു. തുടർന്ന് വൈപ്പിനിൽ വച്ച് ഫ്രാൻസിസ്ക്കൻ സന്ന്യാസികളുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ വച്ച് പോർട്ടുഗീസ് ഭാഷയിൽ വിശ്വാസപ്രഖ്യാപനം വായിച്ചു. അതിന്റെ അവസാനം *ഉവ്വ്* എന്നു പറഞ്ഞ് ആർച്ചുഡീക്കൻ അതംഗീകരിച്ചു. എന്നാൽ വൈപ്പിനിലെ ചടങ്ങിൽ ജസ്വിട്ട് മിഷണറിമാരെ ആരെയും പങ്കെടുപ്പിച്ചില്ല.

## മെനെസിസ് മലങ്കരയിലേക്ക്

മലങ്കരസഭയിൽ യാതൊരധികാരവും ഇല്ലാതിരുന്നയാളും പാശ്ചാത്യ നാട്ടുകാരനുമായ മെനെസിസ് മെത്രാൻ ഇവിടെ മെത്രാനില്ലാതിരുന്ന അവസരം നോക്കി ഈ സഭാഭരണം കൈയടക്കാനായി 1599 ഫെബ്രുവരി ഒന്നിന് ഗോവയിൽ നിന്ന് കൊച്ചിയിലെത്തി. റോമിലേക്ക് 1597 ഡിസംബർ 19-ന് അയച്ച കത്തിൽ അദ്ദേഹം തന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു: മലങ്കരസഭയിലെ ദൂഷ്യങ്ങൾ പരിഹരിക്കുക, പള്ളികൾ സംരക്ഷിക്കുക, വൈദികരുടെ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി റോമാസഭയുടെ (ലത്തീൻ സഭയുടെ) സ്വാധീനത്തിൽ കൊണ്ടുവരിക, പാശ്ചാത്യ മെത്രാന്മാരെ സ്വീകരിക്കാനായി നിർബന്ധിക്കുക, അബദ്ധസിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളെല്ലാം നശിപ്പിക്കുക, ഒരു ജസ്വിട്ട് പാതിരിയെ ഇവിടെ മെത്രാനാക്കുക, സുറിയാനിഭാഷ ക്രമേണ നശിപ്പിക്കുക, പ്രസ്തുത ഭാഷ അബദ്ധസിദ്ധാന്തങ്ങൾ പ്രവേശിക്കുന്നതിനുള്ള സ്രോതസ്സാകയാൽ വൈദികർ ലത്തീൻ പഠിക്കണമെന്ന് ആവശ്യപ്പെടുക, സുറിയാനി മാറ്റി ലത്തീൻഭാഷ പ്രതിഷ്ഠിക്കുക, മലങ്കര മെത്രാനെ ഗോവയുടെ സാമന്തമെത്രാനാക്കുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾ.

മലങ്കരയിൽ എത്തിയപ്പോൾ മെനെസിസും ആർച്ചുഡീക്കനും തമ്മിൽ കൂടിക്കാഴ്ച നടന്നു. ആ കൂടിക്കാഴ്ച സ്നേഹത്തിലല്ല അവസാനിച്ചത്. എങ്കിലും മലങ്കരസഭയിൽ തന്റെ സ്വാധീനം ഉറപ്പിക്കുന്നതിനുള്ള പദ്ധതികൾ ഈ പരദേശി മെത്രാൻ ആവിഷ്കരിച്ചു. അദ്ദേഹം മലങ്കര പള്ളികൾ സന്ദർശിക്കാനിറങ്ങിത്തിരിച്ചു. വൈപ്പിൻ കോട്ടയിലുള്ള ജസ്വിട്ട് സെമിനരി

www.malankaralibrary.com

യിൽ നിന്ന് പറവൂർ, ആലങ്ങാട്, ചൊവ്വര എന്നീ പള്ളികൾ സന്ദർശിച്ചു. ആർച്ചുഡീക്കന്റെ സഹകരണം ലഭിക്കാഞ്ഞതിനാൽ, തണുപ്പൻ സ്വീകരണമാണ് മൂന്നിടത്തും ലഭിച്ചത്. അക്കാരണത്താൽ, ആർച്ചുഡീക്കനുമായി രമ്യപ്പെടാൻ തന്ത്രശാലിയായ മെനെസിസ് തീരുമാനിച്ചു. മലങ്കരസഭയുടെ ആഭ്യന്തര കാര്യങ്ങളിൽ വിദേശിയനും ലത്തീൻ സഭാംഗവുമായ ആർച്ചുബിഷപ്പ് ഇടപെടുന്നതിനെ ആർച്ചുഡീക്കൻ ശക്തിയായി എതിർത്തു. തുടർന്നുള്ള ചർച്ചകളുടെ ഫലമായി ഒരു പരദേശിമെത്രാനെപ്പോലെ പ്രസംഗിക്കാനും ആശീർവദിക്കാനും മെനെസിസിനെ ആർച്ചുഡീക്കൻ അനുവദിച്ചു. മെത്രാനടുത്ത കർമങ്ങളൊന്നും ഈ സഭയിൽ ചെയ്യുകയില്ലെന്ന് ആർച്ചുബിഷപ്പ് ഉടമ്പടി എഴുതിക്കൊടുത്തു.

അതിനുശേഷം കാഞ്ഞൂർ, പുറക്കാട്, കായംകുളം, കുണ്ടറ, കരുനാഗപ്പള്ളി, വെൺമണി എന്നീ പള്ളികൾ സന്ദർശിച്ചു. കൊച്ചിയിൽ മടങ്ങി വന്ന ശേഷം മുളന്തുരുത്തി, ഉദയംപേരൂർ, കടുത്തുരുത്തി, തൃപ്പൂണിത്തുറ എന്നീ പള്ളികൾ സന്ദർശിച്ചു. ആർച്ചുഡീക്കനുമായി ഉണ്ടാക്കിയ ഉടമ്പടിക്ക് വിരുദ്ധമായി ഈ പള്ളികളിൽ മൂറോൻകൂദാശയും വൈദിക പട്ടശുശ്രൂഷയും നടത്തി. ഇത് ബഹളത്തിന് വഴിതെളിച്ചു. ഉദയംപേരൂർ വച്ച് 38 പേർക്ക് പട്ടം നൽകി. കടുത്തുരുത്തിയിൽ വച്ച് ഹാശാആഴ്ച ശുശ്രൂഷകളും പട്ടശുശ്രൂഷയും നടത്തി. മുളന്തുരുത്തിയിൽ മൂറോനഭിഷേകം നൽകി. തന്റെ ഹിതാനുസരണം വർത്തിക്കുന്നതിന് പാർശ്വവർത്തിക്കാരായ കുറേ പട്ടക്കാരെയും ജനങ്ങളെയും ലഭിച്ചതുകൊണ്ട് മെനെസിസ് ധൈര്യവാനായി. നസ്രാണികളുടെ തെക്കുംഭാഗ (ക്നാനായ) സമുദായത്തിന്റെ രണ്ട് പ്രബല കേന്ദ്രങ്ങളായിരുന്നു കടുത്തുരുത്തിയും ഉദയംപേരൂരും. അവിടെ വച്ചാണ് മെനെസിസ് നിരവധി പേർക്ക് വൈദികപട്ടം നൽകിയത്. ആർച്ചുഡീക്കന്റെ വിലക്കിനെ അവഗണിച്ചുകൊണ്ട് മുന്നോട്ടു വന്നതിൽ കൂടുതലും ഈ പള്ളിക്കാരായിരുന്നു. ആളുകളുടെ പിൻബലം നേടിയ മെനെസിസ്, ആർച്ചുഡീക്കന് അസ്വീകാര്യമായ ചില നിർദേശങ്ങൾ വച്ചു. മലങ്കരസഭയെ പോർട്ടുഗീസുകാർക്ക് അടിയറ വയ്ക്കുന്നതിനും ഇവിടുത്തെ പാരമ്പര്യം നശിപ്പിക്കുന്നതിനും ഈ സഭയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്നതിനും സഹായകമായ നിർദേശങ്ങളൊക്കെ ഗത്യന്തരമില്ലാത്തതിനാൽ, ആർച്ചുഡീക്കന് അംഗീകരിക്കേണ്ടിവന്നു. രാജാക്കന്മാരെയും നാട്ടുപ്രമാണികളെയും മെനെസിസ് സ്വാധീനിച്ചിരുന്നു.

## സൂനഹദോസ്-ഒരുക്കം

ഒരു സൂനഹദോസ് വിളിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നെന്നും അതിലേക്ക് ആർച്ചുഡീക്കനും മലങ്കരസഭയിലെ എല്ലാ പള്ളികളിലെയും വികാരമാരും ശെമ്മാശ്ശന്മാരും പള്ളിയോഗം തെരഞ്ഞെടുത്ത നാല് അൽമായപ്രതിനിധികളും വന്നെത്തണമെന്നും കാരണം കൂടാതെ സൂനഹദോസിൽ സംബന്ധിക്കാത്തവർ അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെന്നും കാണിച്ച് 1599

www.malankaralibrary.com

മെയ് 14-ന് ചേന്നമംഗലത്തുനിന്ന് മെനെസിസ് ഒരു കത്തയച്ചു. പോർട്ടുഗീസ് ശക്തികേന്ദ്രമായിത്തീർന്ന കൊടുങ്ങല്ലൂർ വച്ച് ത്രെന്തോസ് സൂനഹദോസിന്റെ ചുവടുപിടിച്ച് മെനെസിസ് കുറേ ഡിക്രികൾ എഴുതിയുണ്ടാക്കി. സിനഡിനു കുറേ ദിവസം മുമ്പ് പറവൂർ പള്ളിയിൽവച്ച് 50 പേർക്കുകൂടി പട്ടം കൊടുത്തു.

## സൂനഹദോസ്-നടപടികൾ

മലങ്കര സഭയുടെ ചരിത്രം മാറ്റിക്കുറിച്ച ഈ സഭായോഗം 1599 ജൂൺ 20-ന് ഉദയംപേരൂർ പള്ളിയിൽ വച്ച് ആരംഭിച്ചു. 153 വൈദികരും 660 അൽമായ പ്രതിനിധികളും ഇതിൽ സംബന്ധിച്ചു. എന്നാൽ മലങ്കര സഭാകേന്ദ്രമായിരുന്ന അങ്കമാലി പള്ളിയിൽ ഉണ്ടായിരുന്ന 18 വൈദികരിൽ ആരും സിനഡിൽ പങ്കെടുത്തില്ല. അതുപോലെ അപൂർവം ചില പള്ളികളും ആരെയും അയച്ചില്ല. ഇതിൽ സംബന്ധിച്ച 153 വൈദികരിൽ വലിയൊരു സംഖ്യയും മെനെസിസിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികരായിരുന്നു.

പ്രാരംഭദിവസം ആഘോഷമായ കുർബാനയർപ്പണം നടന്നു. എല്ലാവരും സിനഡിന്റെ വിജയത്തിനായി കുമ്പസാരിച്ച് കുർബാന സ്വീകരിച്ചു. സിനഡ് തീരുന്നതുവരെ ആരും ഉദയംപേരൂർ വിട്ടുപോകരുതെന്നും പോയാൽ അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെന്നും മെനെസിസ് ഭീഷണിപ്പെടുത്തി. രഹസ്യചർച്ചകൾ നടത്തുന്നതും മഹറോൻ ശിക്ഷയിൻ കീഴിൽ നിരോധിച്ചു. ആരും ഉദയംപേരൂർ വിട്ടുപോകുന്നില്ലെന്ന് ഉറപ്പുവരുത്താൻ പോർട്ടുഗീസ് സൈന്യത്തെ കാവലുമിട്ടു. എല്ലാ ദിവസവും മാതാവിന്റെ ലുത്തിനിയാ ചൊല്ലണമെന്നും നിർദേശിച്ചു. വൈപ്പൻകോട്ട സെമിനരിയിൽ നിന്ന് ജസ്വിട്ടരായ ഫാ. ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ആന്റണി തൊസ്ക്കാനോ, ജോൺ കമ്പോറി എന്നിവർ മെനെസിസിന്റെ സഹായികളായി പ്രവർത്തിച്ചു. പള്ളുരുത്തിക്കാരൻ ചാക്കോ കത്തനാർ ദ്വിഭാഷിയായിരുന്നു.

രണ്ടാം ദിവസം വിശ്വാസപ്രഖ്യാപനം നടന്നു. തങ്ങൾ സത്യക്രിസ്ത്യാനികളാകയാൽ ഇപ്പോൾ അപ്രകാരമൊന്നും നടത്തേണ്ട കാര്യമില്ല എന്നായി ജനങ്ങൾ. ഉടനെ മെനെസിസ് തന്നെ ആദ്യപ്രഖ്യാപനം നടത്തി. തുടർന്ന് ആർച്ചുഡീക്കനും വൈദികരും നടത്തി. ജനങ്ങളുടെ എതിർപ്പുകളെല്ലാം തന്ത്രശാലിയായ മെനെസിസ് ശാന്തമാക്കി. താൻ ഉദ്ദേശിച്ച രീതിയിൽ യോഗം മുന്നോട്ടു കൊണ്ടുപോയി. തുടർന്നുള്ള ദിവസങ്ങളിൽ വിശ്വാസം, കൂദാശകൾ തുടങ്ങിയ കാര്യങ്ങളെപ്പറ്റി, മെനെസിസ് എഴുതിക്കൊണ്ടുവന്ന കാനോനാകൾ വായിച്ചുപോയി. അവ ചർച്ച ചെയ്യാനോ, തിരുത്താനോ, പാസ്സാക്കാനോ മിനക്കെട്ടില്ല. എന്താണ് വായിക്കുന്നതെന്നു തന്നെ കൂടിയവരിൽ പലർക്കും അറിയില്ലായിരുന്നു. മെനെസിസിന്റെ മുന്നിൽ എതിർപ്പുകൾക്കൊന്നും വിലയുണ്ടായിരുന്നില്ല.

www.malankaralibrary.com

ഏഴാം ദിവസം മലങ്കരയെ 75 ഇടവകകളായി തിരിച്ചു. മെനെസിസ് ഇടവകകളിൽ പുതുതായി നിയമിച്ച വികാരിമാരുടെ പേരുകൾ സമാപനദിവസം വായിച്ചു. മലങ്കരയിൽ വികാരിസമ്പ്രദായം തുടങ്ങുന്നത് ഇവിടെയാണ്. ഈ നിയമനത്തിൽ മെനെസിസ് പട്ടം നൽകിയവർക്കായിരുന്നു മുൻഗണന. അവസാനമായി, കൂടിയിരുന്ന എല്ലാവരും ഒപ്പു വച്ചു. 1599 ജൂൺ 26-ലെ പ്രദക്ഷിണത്തോടെ സിനഡ് സമാപിച്ചു. സിനഡിൽ സംബന്ധിച്ചവർക്കെല്ലാം മെനെസിസ് തന്നെ ആശീർവദിച്ച കുർബാനക്കല്ല്, വി. തൈലങ്ങൾ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, ലത്തീൻ കൂദാശക്രമത്തിന്റെ സുറിയാനിയിലുള്ള പരിഭാഷയുടെ ഓരോ കോപ്പി, ലത്തീൻരീതി അനുസരിച്ചുള്ള സർപ്ലീസ്, കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങൾ, അൾത്താര വിരികൾ, കാസകൾ എന്നിവ സൗജന്യമായി നൽകി. ലത്തീൻ കാനോനാനമസ്ക്കാരം സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് മലങ്കരവൈദികർ ചൊല്ലണമെന്ന നീക്കം എതിർപ്പുമൂലം ഉപേക്ഷിക്കപ്പെട്ടു. സുറിയാനി കാനോനാ നമസ്ക്കാരത്തിലെ തെറ്റുകൾ തിരുത്തിയാൽ മതിയെന്ന് അവസാനം അംഗീകരിച്ചു.

## റോമിന്റെ അംഗീകാരശ്രമം

ഈ സിനഡിന് റോമിൽ നിന്ന് അംഗീകാരം കിട്ടാൻ മെനെസിസ് ശ്രമിച്ചു. എന്നാൽ അംഗീകാരം കിട്ടിയില്ല. ഇതിന് അംഗീകാരം നൽകരുതെന്ന് കാണിച്ച് ജസ്വിട്ട് പാതിരി റോസ് തന്നെ റോമിലേക്കെഴുതി. മാർഗനിർദേശകമായ ചട്ടങ്ങൾ ഉൾക്കൊള്ളുന്ന രേഖ എന്നതിൽ കവിഞ്ഞ് ഇതിന് എന്തെങ്കിലും നിയമപ്രാബല്യം ഉണ്ടെന്നു പറഞ്ഞുകൂടാ എന്നാണ് പണ്ഡിതമതം. ഇതിന് ഒരു സൂനഹദോസിന്റെ യഥാർഥ രൂപമോ ക്രമമോ ഇല്ലായിരുന്നു. സൂനഹദോസ് കഴിഞ്ഞും മെനെസിസ് പല കാനോനാകളും കൂട്ടിച്ചേർത്തു. മലയാളത്തിലും പോർട്ടുഗീസിലുമുള്ള കാനോനകൾ തമ്മിൽ വളരെ അന്തരമുണ്ട്. മലങ്കര നസ്രാണികൾക്ക് അപമാനകരമായ പലതും പോർട്ടുഗീസ് കാനോനാകളിൽ എഴുതി ചേർത്തിട്ടുണ്ട്. മലങ്കരസഭയിൽ യാതൊരധികാരവും ഇല്ലാതിരുന്ന പരദേശിയായ ലത്തീൻ മെത്രാൻ ഇവിടെ കടന്നുവന്ന് വിളിച്ചുകൂട്ടിയതാണ് ഉദയംപേരൂർ സിനഡ്. സൈന്യബലം കൊണ്ടും മഹറോന്റെ ഭീഷണി കൊണ്ടുമാണ് ഇപ്രകാരം കടന്നുവന്ന് തന്നിഷ്ടം പ്രവർത്തിച്ചത്. ഒരു തരത്തിലും ന്യായീകരിക്കാൻ പാടില്ലാത്തതാണ് മെനെസിസിന്റെ ചെയ്തികൾ.

## സിനഡിനുശേഷം

സൂനഹദോസിനു മുമ്പുള്ള പള്ളിസന്ദർശനവേളയിലും സൂനഹദോസിന്റെ അവസരവും നെസ്തോറിയൻ പാഷണ്ഡതയെ പറ്റിയും ഇവിടെയുള്ള പൗരസ്ത്യസുറിയാനി ആരാധനക്രമഗ്രന്ഥങ്ങളിലെ തെറ്റുകളെ പറ്റിയും മെനെസിസ് പ്രസംഗിച്ചു. പേർഷ്യൻ മെത്രാന്മാരുടെ സഭാശുശ്രൂഷ ഇവിടെ അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയും നിരന്തരം

www.malankaralibrary.com

www.malankaralibrary.com

## അധ്യായം - 6

# ഉദയംപേരൂർ സൂനഹദോസും കേരളസഭയിലെ പരിവർത്തനങ്ങളും

പോർട്ടുഗീസുകാരുടെ ഭാരതപ്രവേശനത്തോടുകൂടെ മലങ്കര സഭാചരിത്രത്തിൽ പുതിയൊരധ്യായം തുടങ്ങി. കച്ചവടമായിരുന്നു പാശ്ചാത്യരുടെ പ്രധാന ലക്ഷ്യമെങ്കിലും അവരോടൊപ്പം വന്ന പല മിഷണറിമാരും സ്തുത്യർഹമായ സഭാസേവനം അനഷ്ഠിച്ചവരാണ്. അവരിൽ ഏറ്റവും പ്രധാനവ്യക്തി വി. ഫ്രാൻസിസ് സേവ്യറാണ്. മിഷണറി പ്രവർത്തനം വഴി കേരളത്തിലെ കടൽത്തീരത്തുള്ള അനേകായിരങ്ങൾ ക്രിസ്ത്യാനികളായി. സമുദായത്തിന്റെ താഴേക്കിടയിൽ നിന്ന അനേകർക്ക് മിഷണറിമാർ സഹായഹസ്തം നീട്ടിക്കൊടുത്തു. സാമുഹ്യരംഗത്തും പല നല്ല കാര്യങ്ങൾ അവർ ചെയ്തിട്ടുണ്ട്.

എന്നാൽ അവർ ചെയ്ത നല്ല കാര്യങ്ങൾക്കു കൂടി മങ്ങലേൽക്കത്തക്ക വിധമായിരുന്നു അവരുടെ പല പ്രവർത്തനങ്ങളും. ലത്തീൻ രീതികളും ആചാരങ്ങളും മാത്രമായിരുന്നു യഥാർഥ കത്തോലിക്കാ വിശ്വാസത്തിന്റെ കാതലെന്ന് പല മിഷണറിമാരും ധരിച്ചിരുന്നു. ലത്തീൻ റീത്തിൽ നിന്നു വ്യത്യസ്തമായ കാര്യങ്ങളെ കുറിച്ച് ചിന്തിക്കാനും അവർക്ക് കഴിഞ്ഞില്ല. സത്യക്രിസ്ത്യാനികൾ ലത്തീൻകാർ ആയിരിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. മലങ്കരസഭയെ പാശ്ചാത്യസഭയിൽ ലയിപ്പിക്കുന്നതിനുള്ള നടപടികളാണ് അവരുടെ ഭാഗത്തു നിന്ന് ഉണ്ടായത്. അർഥശൂന്യമായ ഒട്ടേറെ മാറ്റങ്ങൾക്ക് അവർ മലങ്കരസഭയെ നിർബന്ധിച്ചു. ഈ പുരാതന സഭയുടെ ആദിമ പരിശുദ്ധിയും വ്യക്തിത്വവും അവർ നശിപ്പിച്ചു. വികല വ്യക്തിത്വമുള്ള സങ്കരസഭയാക്കി മാറ്റി. സഭാചൈതന്യത്തിനു നിരക്കാത്ത നിരവധി സംരംഭങ്ങൾക്ക് മലങ്കരസഭ സാക്ഷ്യം വഹിച്ചു. പൊതുവേ പൗരസ്ത്യ കാര്യങ്ങളിൽ പോർട്ടുഗീസുകാർ അജ്ഞരായിരുന്നു എന്ന് സൂനഹദോസിന്റെ കാനോനകൾ വ്യക്തമാക്കുന്നു. പോർട്ടുഗീസുകാർ മലങ്കരസഭയിൽ വരുത്തിയ മാറ്റങ്ങളെപ്പറ്റി ചുരുക്കി ചർച്ച ചെയ്യാം.

www.malankaralibrary.com

## 1. മെത്രാന്മാരെ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരസഭയെ ഭരിച്ചിരുന്ന മേൽപട്ടക്കാർ പേർഷ്യയിൽ നിന്ന് വന്നവരായിരുന്നു. അവർ ആരാധനക്രമം അറിയാവുന്നവരും ആരാധനാസമൂഹത്തിന്റെ തലവന്മാരുമായിരുന്നു. അതുപോലെ പ്രാർഥനയുടെ വ്യക്തികളും ആത്മീയാചാര്യന്മാരുമായിരുന്നു. അവരെ ഈ ആത്മീയ ശുശ്രൂഷയിൽ നിന്നു തട്ടിമാറ്റിയ പാശ്ചാത്യർ, ലത്തീൻ മെത്രാന്മാരെ നിയമിച്ചു. മലങ്കരസഭയെ പറ്റിയും സഭാപാരമ്പര്യത്തെ പറ്റിയും തികച്ചും അജ്ഞരായവർ സഭാധ്യക്ഷസ്ഥാനത്തു വരാനിടയായി.

## 2. ആർച്ചുഡീക്കനെ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരസഭയുടെ ലൗകികഭരണം നടത്തിയിരുന്നത് ആർച്ചുഡീക്കനായിരുന്നു. ഓരോ ഇടവകയിലും പള്ളിയോഗവും സഭയ്ക്കു മൊത്തത്തിൽ പൊതുയോഗവും ഉണ്ടായിരുന്നു. അൽമായർക്കു സഭയിൽ നിർണായകസ്വാധീനം ഉണ്ടായിരുന്നു. സഭാധ്യക്ഷന്മാർ ഭരിക്കുന്നവരും വിശ്വാസികൾ ഭരിക്കപ്പെടേണ്ടവരുമാണെന്ന ചിന്ത അന്നില്ലായിരുന്നു. സഭാഭരണത്തിൽ വൈദികർക്കും ജനങ്ങൾക്കുമെല്ലാം പങ്കുണ്ടായിരുന്നു. പോർട്ടുഗീസ് ആധിപത്യത്തോടുകൂടി ഈ നില മാറി. ആദ്യമാദ്യം നാമമാത്രമായെങ്കിലും ആർച്ചുഡീക്കനെ നിയമിച്ചിരുന്നു. എന്നാൽ പിന്നെപ്പിന്നെ പ്രസ്തുത സ്ഥാനം തന്നെ ഇല്ലാതായി. തൽസ്ഥാനത്ത് ലത്തീൻ സഭയിലെ പോലെ വികാരി ജനറാൾ നിയമിതനായി. അതോടുകൂടി ഭരണകാര്യങ്ങളിലെല്ലാം തകിടം മറിച്ചിലുകൾ ഉണ്ടായി.

## 3. വൈദികരെ സംബന്ധിച്ച മാറ്റങ്ങൾ

ഓരോ ഇടവകയിലും അതാതു ദേശത്തെ പട്ടക്കാരാണ് ആധ്യാത്മിക ശുശ്രൂഷകൾ നിർവഹിച്ചിരുന്നത്. ഈ രീതി മാറ്റി വികാരിമാരെ നിയമിക്കുന്ന രീതി ഉദയംപേരൂർ സൂനഹദോസാണ് തുടങ്ങിയത്. വൈദികരുടെ ഐച്ഛികബ്രഹ്മചര്യം മാറ്റി ലത്തീൻ സഭയിലേതു പോലെയുള്ള ബ്രഹ്മചര്യാനുഷ്ഠാനം നടപ്പാക്കി. പൗരസ്ത്യ സഭകളിലെല്ലാം ഐച്ഛിക ബ്രഹ്മചര്യമായിരുന്നു. അതായിരുന്നു മലങ്കര സഭാപാരമ്പര്യവും.

## 4. വൈദിക വിദ്യാർഥികളെ സംബന്ധിച്ച മാറ്റങ്ങൾ

വൈദികവിദ്യാർഥികൾക്ക് മൽപ്പാന്മാർ അത്രേ പരിശീലനം നൽകിയിരുന്നത്. ഇന്നത്തെ സെമിനരി സിസ്റ്റം അന്നില്ലായിരുന്നു. അതുപോലെ വിദ്യാർഥികളുടെ തെരഞ്ഞെടുപ്പിൽ ഇടവകയ്ക്ക് നിർണായകസ്വാധീനം ഉണ്ടായിരുന്നു. ഇടവകയുടെ ദേശക്കുറി കിട്ടിയാലേ മെത്രാന്മാർ പട്ടം നൽകിയിരുന്നുള്ളു. ഈ രീതിയൊക്കെ പാടേ മാറി.

www.malankaralibrary.com

## 5. ആരാധനക്രമം സംബന്ധിച്ച മാറ്റങ്ങൾ

മലങ്കരസഭയിൽ നൂറ്റാണ്ടുകളായി നിലനിന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ പോർട്ടുഗീസുകാർ വളരെയധികം മാറ്റങ്ങൾ വരുത്തി. ലത്തീൻ രീതികളുമായി ചേർന്നു പോകാത്തതെന്ന് അവർക്കു തോന്നിയവയെല്ലാം വെട്ടിത്തിരുത്തി. ഇവിടെ നിലവിലിരുന്ന മൂന്ന് അനാഫറാകളിൽ രണ്ടെണ്ണം നിർത്തലാക്കി. ഒന്നാമത്തെ അനാഫറായിൽ തന്നെ വളരെയധികം മാറ്റം വരുത്തി. സ്ഥാപനവിവരണം ലത്തീനിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് കുർബാനക്രമത്തിൽ ചേർത്തു. മിശിഹായുടെ മാതാവ് (Emmeh damshiha) എന്നു ചൊല്ലിയിരുന്നിടത്തെല്ലാം ദൈവമാതാവ് (Emmeh dalaha) എന്നാക്കി. നിഖ്യാവിശ്വാസപ്രമാണത്തിൽ പുത്രനിൽ നിന്നും (filioque)എന്ന് കൂട്ടിച്ചേർത്ത് ലത്തീൻ രീതിയിലാക്കി.

കൂദാശകളുടെ അനുഷ്ഠാനക്രമം ലത്തീൻ റീത്തനുസരിച്ച് ലത്തീനിൽ നിന്ന് സുറിയാനിയിലാക്കി. പൗരസ്ത്യസഭകളിലെ ഔദ്യോഗിക തിരുവസ്ത്രങ്ങൾക്കു പകരം ലത്തീൻ റീത്തിലെ തിരുവസ്ത്രങ്ങൾ ഉപയോഗിക്കാൻ നിർബന്ധിച്ചു. വലത്തെ തോളിൽ നിന്ന് ഇടത്തെ തോളിലേക്ക് കുരിശു വരച്ചിരുന്ന രീതി മാറ്റി, ഇടത്തു നിന്ന് വലത്തോട്ടാക്കി. കുർബാനയുടെ തിരുനാൾ നടപ്പാക്കി. പൗരസ്ത്യ സഭാപാരമ്പര്യമനുസരിച്ച് പെസഹാവ്യാഴാഴ്ചയാണ് കുർബാനയുടെ തിരുനാൾ. രണ്ടു സാദൃശ്യങ്ങളിൽ കുർബാന കൊടുത്തിരുന്നതു മാറ്റി ഒരു സാദൃശ്യത്തിലാക്കി. പുളിപ്പിച്ച കുർബാനയപ്പത്തിന്റെ സ്ഥാനത്ത് ലത്തീൻ സഭയിലേതുപോലെ പുളിക്കാത്ത അപ്പം ഇവിടെ നടപ്പാക്കി.

പട്ടംകൊടക്രമം ലത്തീനിൽ നിന്നെടുത്തു. മറ്റു കൂദാശക്രമങ്ങളും ലത്തീൻ റീത്തിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. ആരാധനക്രമപഞ്ചാംഗം മാറ്റി ലത്തീൻ സഭയിലെ വിശുദ്ധരുടെ പേരുകൾ തിരുകിക്കയറ്റി. കൂദാശവചനങ്ങൾ പൗരസ്ത്യരീതിയിൽ നിന്നുമാറ്റി (passive form) ലത്തീൻ രീതിയിൽ (active form) ആക്കി. പൗരസ്ത്യ സുറിയാനി സഭയിലെ വിശുദ്ധരുടെ പേരുകൾ നീക്കി. അവരുടെ നാമത്തിലുണ്ടായിരുന്ന പള്ളികൾ ലത്തീൻ സഭയിലെ വിശുദ്ധരുടെ നാമത്തിൽ പുനഃപ്രതിഷ്ഠിച്ചു. പള്ളികളിൽ തൂങ്ങപ്പെട്ട രൂപങ്ങളും മറ്റു രൂപങ്ങളും സ്ഥാപിച്ചു. അന്നുവരെ രൂപമില്ലാത്ത സ്ലീബാ മാത്രമേ മലങ്കരപ്പള്ളികളിൽ ഉണ്ടായിരുന്നുള്ളു. മാമോദീസായോടു കൂടി കൊടുത്തിരുന്ന മൂറോനഭിഷേകം ലത്തീൻ റീത്തിലേതുപോലെ മാറ്റി മാമോദീസായിൽ നിന്നു വേർതിരിച്ചു. മാമോദീസായുടെ അവസരം കുർബാന കൊടുത്തിരുന്ന രീതി നിർത്തലാക്കി.

## 6. നോമ്പ്, ഉപവാസം എന്നിവ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരയിൽ വലിയ നോമ്പ് ആരംഭിച്ചിരുന്നത് ബുധനാഴ്ചയല്ല, തിങ്കളാഴ്ച ആയിരുന്നു. അൻപതു നോമ്പെന്ന് അതറിയപ്പെട്ടിരുന്നു. നോമ്പുകാ

www.malankaralibrary.com

ലത്ത് നസ്രാണികൾ മത്സ്യമാംസാദികൾ വർജിച്ചിരുന്നു. ഉപവാസ ദിവസങ്ങളിൽ വൈകിട്ട് മാത്രമേ ഭക്ഷിച്ചിരുന്നുള്ളു. മലങ്കരയിൽ നിലനിന്ന ഇതും ഇതുപോലുള്ള മറ്റു രീതികളും മാറ്റി ലത്തീൻ രീതി പോലെയാക്കി. ഉപവാസദിവസങ്ങളിൽ വൈകിട്ടു മാത്രം ഭക്ഷിക്കുന്ന രീതി, സന്ധ്യ മുതൽ സന്ധ്യ വരെ ദിവസം കണക്കാക്കുന്ന രീതി ആദിയായവ മാറ്റിമറിച്ചവയിൽ ഉൾപ്പെടുന്നു. മലങ്കരയിൽ നിലനിന്ന മറ്റു പല നോമ്പുകൾക്കും പാശ്ചാത്യർ വേണ്ടത്ര പ്രാധാന്യം നൽകിയില്ല. ഇവയെല്ലാം ജനരോഷത്തിന് കാരണമായി.

മിഷണറിമാർ പാഷണ്ഡതയും അക്രൈസ്തവത്വവും എന്നുപറഞ്ഞ പലതും പൗരസ്ത്യവും ഭാരതീയവും മാത്രമായിരുന്നു. ഈ സഭയെ തങ്ങൾക്ക് കീഴ്പ്പെടുത്തണമെന്ന് അവർ തീരുമാനിച്ചുറച്ചിരുന്നതിനാൽ, അതിനുവേണ്ട നടപടികളൊക്കെ അവർ സ്വീകരിച്ചു. മലങ്കര നസ്രാണികളെ ഉദയംപേരൂർ സൂനഹദോസുവഴി നെസ്തോറിയനിസത്തിൽ നിന്ന് റോമൻകത്തോലിക്കാ വിശ്വാസത്തിലേക്ക് രക്ഷിച്ചെടുത്തെന്ന് പാശ്ചാത്യലോകത്തെമ്പാടും അവർ പ്രചരിപ്പിക്കുകയും അനേകമാളുകൾ അതു വിശ്വസിക്കുകയും ചെയ്തു. ഇന്നും അപ്രകാരം വിശ്വസിക്കുന്ന ചിലരുണ്ട്.

---

See the references in: T.Mannooramparambil, *Syro-Malabar Sabhayude Charitra Paschaathalam,* Kottayam, 1986.

T.Mannooramparambil, *Syro-Malabar Sabhayude Qurbana-Oru Padhanam,* vol.I, Kottayam, 1999 (2nd ed.) ; vol.II.1998.

X.Koodapuzha, *Bharatha Sabhaacharitram*, p.325-329.

Schariah Zacharia, *Randu Praachina Gedyakrithikal,* Changanassery, 1976.

J.Vellian, *The Romanization Tendency*, Kottayam, 1975.

www.malankaralibrary.com

### അധ്യായം - 7

# ഉദയംപേരൂർ മുതൽ കൂനൻ കുരിശുവരെ (1599-1653)

മലങ്കര സഭയെ ഇൻഡ്യയിൽ പുതുതായി സ്ഥാപിച്ച മിഷണറി സഭയുടെ (ലത്തീൻ റീത്തിന്റെ) ഭാഗമാക്കാനായി തയാറാക്കിയ പദ്ധതിയുടെ ക്രമീകൃതമായ നടപ്പാക്കലാണ് ഉദയംപേരൂർ സൂനഹദോസിൽ നടന്നത്. മലങ്കരസഭ കത്തോലിക്കാ സഭ ആയിരുന്നെങ്കിലും റോമാസഭയുടെ ഭാഗമായിരുന്നില്ല. റോമാസഭയുടെ ഭാഗമല്ലാത്ത സഭകൾ കാതോലികം അല്ലെന്നു വരുന്നില്ല. എന്നാൽ ഈ സഭയും റോമാസഭയും നേരിട്ട് ബന്ധപ്പെടാൻ സാധിക്കാതെ വളരെക്കാലം കഴിഞ്ഞു. പോർട്ടുഗീസുകാർ വന്നപ്പോൾ മലങ്കര നസ്രാണികൾ ബന്ധം സ്ഥാപിച്ചു. കാതോലിക സഭയായിരുന്ന മലങ്കരസഭയെ റോമാസഭയുടെ ഭാഗം (പ്രോവിൻസ് അഥവാ രൂപത) ആക്കിയെങ്കിലേ പാഷണ്ഡത നീങ്ങൂ എന്നു ധരിച്ചുവശായ പാശ്ചാത്യർ കൊടിയ അപരാധം കാട്ടി. 1599 മുതൽ ഏതാണ്ട് അര നൂറ്റാണ്ടുകാലം മലങ്കരക്കാർ വീർപ്പുമുട്ടിക്കഴിഞ്ഞു.

## ബിഷപ്പ് ഫ്രാൻചിസ്കോ റോസ് (1599-1624)

ഗോവൻ ലത്തീൻ പദ്രവാദോ അതിരൂപതയുടെ സാമന്തനായിട്ടാണ് മലങ്കരസഭാധ്യക്ഷനായി 1599 ഡിസംബർ 20-ന് റോസ് എന്ന ജസ്വിട്ട് മെത്രാൻ അങ്കമാലി രൂപതയിൽ നിയമിതനായത്. 1600-ൽ മലങ്കരസഭയുടെ മേൽ പദ്രവോദോ നടപ്പാക്കി. നസ്രാണികൾ ശക്തിയായി പ്രതിഷേധിച്ചു. മലങ്കരസഭയ്ക്ക് നീതി ലഭിക്കാൻ ഏതാണ്ട് എട്ടുവർഷമെടുത്തു. 1608-ൽ അങ്കമാലിയെ പഴയ രീതിയിൽ അതിരൂപതയായി പുനഃപ്രതിഷ്ഠിച്ചു. എന്നാൽ പദ്രവാദോ രൂപത എന്ന നില തുടർന്നു. അതായത്, മലങ്കര സഭയുടെമേൽ പോർട്ടുഗീസ് രാജാവിനാണ് അധികാരം. ഇവിടുത്തെ മെത്രാന്മാരെ പോർട്ടുഗീസ് രാജാവിന്റെ അനുവാദത്തോടും സമ്മതത്തോടും കൂടെ നിയമിക്കണം. ഇൻഡ്യയിലെ മിഷൻ പ്രവർത്തനങ്ങളുടെ കുത്തകാവകാശം പോർട്ടുഗീസ് രാജാവിനായിരിക്കും എന്നൊക്കെയാണ് ഈ മേൽക്കോയ്മയുടെ അർഥം.

www.malankaralibrary.com

അങ്ങനെ, പതിനാറു നൂറ്റാണ്ടുകാലം പാശ്ചാത്യർക്കോ, പാശ്ചാത്യസഭയ്ക്കോ ഇവിടെ ഇല്ലാതിരുന്ന അധികാരം കൊളോണിയലിസത്തിന്റെ ഉരുക്കുമുഷ്ടി യിലൂടെ പോർട്ടുഗീസുകാർ നേടിയെടുത്തു. നസ്രാണികളുടെ ശക്തിയായ എതിർപ്പ് അവഗണിച്ചുകൊണ്ടാണ് മിഷണറിമാർ ഇപ്രകാരം ചെയ്തത്. എന്നാൽ നാട്ടുകാരായ ചില ക്രിസ്ത്യാനികൾ ഇവരുടെ പ്രീതി സമ്പാദി ക്കുകയും ഇവരുടെ കൂടെ നിൽക്കുകയും ഇവർക്കു വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുകയും ചെയ്തു. ഇപ്രകാരം സഭയിൽ തന്നെ ഒരു വിഭ ജനം ഉണ്ടായതിന്റെ ഫലമായിട്ടാണ് പോർട്ടുഗീസുകാരുടെ തന്ത്രങ്ങൾ ഇവിടെ നടപ്പായതും അവർ ഈ സഭയെ കീഴടക്കിയതും.

ബിഷപ്പ് റോസ് തന്റെ ആസ്ഥാനം കൊടുങ്ങല്ലൂരേക്ക് മാറ്റി. മലങ്കര സഭാധ്യക്ഷന്മാരുടെ അന്നു വരെയുള്ള ആസ്ഥാനം അങ്കമാലി ആയിരുന്നു. ബിഷപ്പ് റോസ് 1603-ൽ അങ്കമാലിയിൽ ഒരു സിനഡ് കൂടി. ഉദയംപേരൂർ സൂനഹദോസിന്റെ ഡിക്രികൾ അപ്പാടെ മലങ്കര സഭയിൽ നടപ്പാക്കുന്നത് മലങ്കര നസ്രാണികൾക്ക് അപമാനകരമായിരിക്കുമെന്ന് റോസിന് അറിയാ മായിരുന്നു. ഉദയംപേരൂർ കാനോനകളെ അടിസ്ഥാനമാക്കി റോസ് മലങ്കര സഭയിൽ ചില നടപടിക്രമങ്ങളുണ്ടാക്കി. റോസ് തന്റെ നിയമാവലി (Rozian Statutes) 1606-ൽ പ്രസിദ്ധീകരിച്ചു. സഭയിലെ സർവാധികാരങ്ങളും മെത്രാ നിൽ കേന്ദ്രീകരിച്ചു. ആർച്ചുഡീക്കന്റെ അധികാരം നിശ്ശേഷം ഇല്ലാതാക്കി. പിൽക്കാലത്ത് ആർച്ചുഡീക്കനും ലത്തീൻ മെത്രാന്മാരും തമ്മിലുള്ള ഉരസ ലിന്റെ പ്രധാന കാരണം ഇതായിരുന്നു.

കുർബാന, മറ്റ് കൂദാശകൾ, കാനോന നമസ്ക്കാരത്തിന്റെ ചില ഭാഗ ങ്ങൾ എന്നിവ അദ്ദേഹം ലത്തീനീകരിച്ചു. ലത്തീൻ ക്രമം സുറിയാനിയി ലേക്ക് വിവർത്തനം ചെയ്ത് സുറിയാനിയുടെ കൂടെ ചേർത്തു. ചിലയിടങ്ങ ളിൽ ലത്തീനും സുറിയാനിയും കൂട്ടിക്കലർത്തി.

റോസ് ഗോവയുടെ സാമന്തനായിരുന്നെങ്കിലും, മലങ്കര നസ്രാണിക ളുടെ പുരാതന പാരമ്പര്യമനുസരിച്ച് *ഇൻഡ്യയുടെ മെത്രാപ്പോലീത്താ* എന്നു തന്നെ ഒപ്പിട്ടിരുന്നു. റോസിന്റെ ആർച്ചുഡീക്കന് ലത്തീൻ വികാരി ജനറാ ളിനേക്കാൾ താഴ്ന്ന അധികാരങ്ങളേ ഉണ്ടായിരുന്നുള്ളു എങ്കിലും, *ഇൻഡ്യ യുടെ അർക്കദിയാക്കോൻ* എന്ന് ഒപ്പിട്ടിരുന്നു.

റോസിന്റെ കാലത്ത് 1610 ഡിസംബർ 20-ന് പോർട്ടുഗീസ് പദ്രവാദോ യുടെ കീഴിൽ ഇൻഡ്യയെ മൊത്തം നാല് രൂപതകളായി പുനർവിഭനം നടത്തി: ഗോവാ, കൊച്ചി, മൈലാപ്പൂർ, കൊടുങ്ങല്ലൂർ. പുതിയ കൊടുങ്ങ ല്ലൂർ രൂപതയ്ക്ക് പുറത്തുള്ള നസ്രാണികൾ ആരാധനാരീതികൾ മാറാതെ തന്നെ ലത്തീൻ രൂപതകളിലായി. ഇൻഡ്യ മുഴുവൻ അധികാരം ഉണ്ടായി രുന്ന മലങ്കര നസ്രാണികളുടെ മെത്രാന്റെ അധികാരം ഇപ്രകാരം പദ്രവാദോ കൊടുങ്ങല്ലൂർ രൂപതയ്ക്കുള്ളിൽ ഒതുങ്ങി. ഇതേത്തുടർന്ന് കൊടുങ്ങല്ലൂർ

www.malankaralibrary.com

രൂപതയെ ഒരു ലത്തീൻ രൂപത പോലെയാണ് പാശ്ചാത്യർ പരിഗണിച്ചത്. റോസ് ലത്തീനീകരിച്ച കൽദായ ആരാധനക്രമങ്ങളാണ് തുടർന്നു വന്ന നൂറ്റാണ്ടുകളിൽ മലങ്കര നസ്രാണികൾ ഉപയോഗിച്ചിരുന്നത്. റോസ് 1624–ൽ മരിച്ച് പറവൂർ പള്ളിയിൽ കബറടങ്ങി.

## ബിഷപ്പ് എസ്തെവാവോ (സ്തേഫാനോ) ദെ ബ്രിട്ടോ (1624–1641)

ബിഷപ്പ് ഫ്രാൻസിസ് റോസിനു ശേഷം സ്റ്റീഫൻ ബ്രിട്ടോ എന്ന ജസ്വിട്ട് പാതിരി മലങ്കര നസ്രാണികളുടെ മെത്രാനായി. വളരെ ചുരുങ്ങിയ പ്രദേശത്തു മാത്രമേ ബ്രിട്ടോയ്ക്കും അധികാരം ഉണ്ടായിരുന്നുള്ളു. എങ്കിലും മാർ തോമാ നസ്രാണികളുടെ പാരമ്പര്യത്തിന്റെ പിൻബലത്തിൽ *ഇൻഡ്യയുടെ ആർച്ചുബിഷപ്പ്* എന്നാണ് ഒപ്പിട്ടിരുന്നത്. ബ്രിട്ടോയും ആർച്ചുഡീക്കന്റെ അധികാരം നാമമാത്രമാക്കി. ഗീവർഗീസ് ആർച്ചുഡീക്കൻ 1640–ൽ അങ്കമാലിയിൽ കബറടങ്ങി. തുടർന്ന് തോമസ് ആർച്ചുഡീക്കൻ സഭാനേതാവായി. റോസിന് സുറിയാനി കുറെയൊക്കെ അറിയാമായിരുന്നു, എന്നാൽ ബ്രിട്ടോയ്ക്ക് സുറിയാനി ഒട്ടുംതന്നെ വശമില്ലായിരുന്നു. അതുകൊണ്ട് ലത്തീൻ ക്രമങ്ങളോടു യോജിക്കാത്തവയെല്ലാം സുറിയാനി ക്രമത്തിൽ നിന്ന് മാറ്റാൻ അദ്ദേഹം ശ്രമിച്ചു. ഈ ശ്രമം ജനങ്ങളുടെ എതിർപ്പിന് ആക്കം കൂട്ടി.

ആർച്ചുഡീക്കനുമായി രമ്യപ്പെട്ട് മുമ്പോട്ടുപോകാൻ ബ്രിട്ടോ തീരുമാനിച്ചു. കാരണം, ഉത്തരകേരളത്തിൽ കച്ചവടക്കുത്തക ഉറപ്പിച്ചശേഷം മധ്യകേരളത്തിലേക്ക് ശ്രദ്ധ തിരിച്ച ഡച്ചുകാരെ തുരത്താൻ ആർച്ചുഡീക്കന്റെയും നസ്രാണികളുടെയും സഹകരണം സമ്പാദിക്കേണ്ടത് പോർട്ടുഗീസുകാരുടെ രാഷ്ട്രീയാവശ്യമായിരുന്നു. അതുകൊണ്ട് ആർച്ചുഡീക്കനെ പ്രീതിപ്പെടുത്തി മുന്നോട്ടുപോകുന്ന നയം ബ്രിട്ടോ സ്വീകരിച്ചു. ആർച്ചുഡീക്കന്റെ സമ്മതപ്രകാരമല്ലാതെ ഏതെങ്കിലും വികാരിയെ നിയമിക്കുകയോ, നീക്കുകയോ, മഹറോൻ ചൊല്ലുകയോ, മഹറോനിൽ നിന്നു മോചിക്കുകയോ ചെയ്കയില്ലെന്ന് ബ്രിട്ടോ രേഖാമൂലം ആർച്ചുഡീക്കന് ഉറപ്പു നൽകി. എന്നാൽ ഇതുകൊണ്ടൊന്നും നസ്രാണികളും പോർട്ടുഗീസുകാരും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടില്ല. ബ്രിട്ടോ 1641–ൽ മരിച്ചു.

## ബിഷപ്പ് ഫ്രാൻചിസ്കോ ഗാർസ്യാ മെൻഡെസ് (1641–1659)

ബ്രിട്ടോയ്ക്കു ശേഷം ഫ്രാൻസിസ് ഗാർസ്യാ എന്ന ജസ്വിട്ട് പാതിരി നസ്രാണികളുടെ മെത്രാനായി. ഗാർസ്യാ പിടിവാശിക്കാരനും കഠിനഹൃദയനും പ്രതികാര മനോഭാവം ഉള്ളവനുമായിരുന്നെന്ന് സഹപ്രവർത്തകർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനിയും മലയാളവും സാമാന്യം നന്നായി അദ്ദേഹത്തിന് അറിയാമായിരുന്നു. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പാണ്ഡിത്യവുമുണ്ടായിരുന്നു. എന്നാൽ അനുരഞ്ജനത്തിന്റെയും സഹകരണത്തിന്റെയും പാതയല്ല ഗാർസ്യാ സ്വീകരിച്ചത്. ആർച്ചുഡീക്കന് ബ്രിട്ടോ രേഖാമൂലം എഴുതിക്കൊടുത്തതുപോലും അംഗീ

www.malankaralibrary.com

കരിക്കാൻ ഗാർസ്യാ കൂട്ടാക്കിയില്ല. മാത്രമല്ല, സുറിയാനിക്രമങ്ങളെ ലത്തീൻ രീതിക്ക് അനുയോജ്യമാക്കാനുള്ള ശ്രമങ്ങളിൽ ഗാർസ്യായും വ്യാപൃതനായിരുന്നു.

ഈ മെത്രാന്റെ കാലത്താണ് നസ്രാണികൾക്ക് പോർട്ടുഗീസുകാരോടുള്ള എതിർപ്പും പിണക്കവും അതിന്റെ മൂർധന്യത്തിലെത്തിയത്. അതിന് നേതൃത്വം നൽകിയത് തോമാ ആർച്ചുഡീക്കനും. തങ്ങളുടെ ശത്രുക്കളായിട്ടാണ് അവർ ഗാർസ്യായെയും ജസ്വിട്ടരെയും കണ്ടത്. ഒരു പ്രാചീനസഭയുടെ പരമ്പരാഗതമായ ഭരണക്രമവും പോർട്ടുഗീസുകാരുടെ സ്ഥാപിത താൽപര്യങ്ങളുമായുള്ള ഏറ്റുമുട്ടലാണ് 1599 മുതലുള്ള കാലഘട്ടത്തിൽ കാണാൻ കഴിയുക. പോർട്ടുഗീസുകാർക്ക് രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. അവർ മതത്തെ അതിന് കരുവാക്കി. മലങ്കരസഭ എന്താണെന്ന് വ്യക്തമായി അറിയാവുന്നവരും സഭയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്തവരും ജനങ്ങളുടെ യഥാർഥ ഇടയന്മാരുമായിരുന്ന ആർച്ചുഡീക്കന്മാർക്ക് കൊളോണിയലിസത്തിന്റെ മുമ്പിൽ തല കുനിച്ചു കൊടുക്കാനായില്ല. സഭയുടെയും സമുദായത്തിന്റെയും അധ്യക്ഷസ്ഥാനത്തിരിക്കുന്ന വ്യക്തികൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ സംഗതികൾ ഉണ്ടല്ലോ. ആർച്ചുഡീക്കന്മാർ ഇത് നന്നായി അറിഞ്ഞിരുന്നു. അതിന്റെ പരിണിത ഫലമായി കൊളോണിയലിസത്തോട് ഏറ്റുമുട്ടേണ്ടിവന്നു. അതാണ് കൂനൻകുരിശുസത്യത്തിൽ (1653) ദർശിക്കുക.

J.Thekkedath,*The Troubled Days of Francis Garcia*, Rome, 1972.

G. Beltrami, *La Chiesa Caldea nel secolo dell' Unione,* Rome, 1933.

J. Kollaparampil,*The Archdeacon of All India,* Kottayam,1972.

www.malankaralibrary.com

## അധ്യായം - 8

# കൂനൻകുരിശുസത്യം (1653)

പോർട്ടുഗീസ് മേധാവിത്വത്തിൽ സഹികെട്ട നസ്രാണികൾ 1653-ൽ മട്ടാഞ്ചേരിയിൽ വച്ച് നടത്തിയ ഒരു സമൂഹശപഥമാണ് കൂനൻകുരിശുസത്യം. ഒന്നും രണ്ടും നസ്രാണികളല്ല, ഒറ്റതിരിഞ്ഞ് ചില പള്ളിക്കാർ നടത്തിയ നീക്കവുമല്ല, പിന്നെയോ, മലങ്കര നസ്രാണിസമുദായം ഒന്നടങ്കം തങ്ങളുടെ പ്രതിനിധികളായ 25,000 പേർ വഴി പാശ്ചാത്യരുടെ ആധിപത്യത്തിനും സഭാ കൊളോണിയലിസത്തിനും എതിരെ സത്യം ചെയ്തു.

*സന്തതിയുള്ള കാലത്തോളം സമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കയില്ല - ഇതായിരുന്നു സത്യം.*

വൈദികരെല്ലാം മട്ടാഞ്ചേരി പള്ളിക്കകത്ത് മെഴുകുതിരി കത്തിച്ചു പിടിച്ചും ജനങ്ങൾ മട്ടാഞ്ചേരി പള്ളിയുടെ മുൻവശത്തുള്ള കൽക്കുരിശിൽ നിന്ന് നാലുപാടും കയറുകെട്ടി കയറിൽ പിടിച്ചുമാണ് ശപഥം നടത്തിയത്. പ്രസ്തുത കുരിശ് കൂനൻകുരിശെന്നാണ് അറിയപ്പെടുന്നത്. ആ കുരിശ് ഇപ്പോഴും അവിടെയുണ്ട്. അമ്പഴക്കാട്ടിനടുത്തുള്ള ജസ്വിട്ട് പഠനക്കളരി സമ്പാളൂർ എന്നാണ് അറിയപ്പെട്ടിരുന്നത്. സെന്റ് പോൾസ് എന്നേ അർഥമുള്ളു. വി. പൗലോസിന്റെ നാമത്തിലുള്ള പഠനക്കളരി. അവിടെ നിന്നുള്ള ആളുകളായിരുന്നു ബിഷപ്പുമാരായ റോസും ബ്രിട്ടോയും ഗാർസ്യായും. ഗാർസ്യായുടെ കാലത്താണ് കൂനൻകുരിശുസത്യം നടന്നത്.

*സമ്പാളൂർ പാതിരിമാരായ ജസ്വിട്ടരെ മേലിൽ അനുസരിക്കയില്ല, അവരുടെ കീഴിൽ കഴിയുകയില്ല എന്നതായിരുന്നു പ്രതിജ്ഞയുടെ ചുരുക്കം.*

### താത്ക്കാലിക കാരണം

ഈ സംഭവത്തിന് ഒരു താത്ക്കാലിക കാരണമുണ്ടായി. മലങ്കര നസ്രാണികൾ പശ്ചിമേഷ്യയിൽ നിന്നുള്ള സുറിയാനി മെത്രാന്മാരെ ഇഷ്ടപ്പെട്ടി

www.malankaralibrary.com

രുന്നു. സുറിയാനി മെത്രാന്മാർക്കുവേണ്ടി പശ്ചിമേഷ്യയിലേക്ക് തുടരെത്തുടരെ നിവേദനങ്ങൾ പൊയ്ക്കൊണ്ടിരുന്നു. അതിന്റെ ഫലമായി 1653-ൽ അഹത്തള്ളാ എന്നൊരു സുറിയാനി മെത്രാൻ സൂററ്റിൽ വന്നിറങ്ങി. അവിടെ നിന്ന് അദ്ദേഹം മൈലാപ്പൂരിലെത്തി. അവിടെ തീർത്ഥാടനത്തിനു പോയ മലങ്കര നസ്രാണികൾ വശം തോമാ ആർച്ചുഡീക്കന് മാർ അഹത്തള്ളാ ഒരു കത്തയച്ചു കൊടുത്തു. അഹത്തള്ളാ പോർട്ടുഗീസ് കപ്പലിൽ കൊച്ചിയിൽ വരുന്ന ദിവസം നസാണികൾ കൃത്യമായി അറിയുകയും അദ്ദേഹത്തെ ആഡംബര പൂർവം സ്വീകരിക്കാൻ അവർ കൊച്ചിയിൽ ഒന്നിച്ചുകൂടുകയും ചെയ്തു. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ കൊച്ചിയിൽ ഇറക്കാതെ നേരേ ഗോവായിലേക്കയച്ചു. അദ്ദേഹം കൊച്ചിയിൽ ഇറങ്ങിയാൽ കേരളത്തിൽ തങ്ങൾക്കുള്ള സ്വാധീനം നഷ്ടപ്പെടുമെന്നും നസ്രാണികൾ ഒന്നടങ്കം തങ്ങളുടെ നേതൃത്വം ഉപേക്ഷിച്ച് അദ്ദേഹത്തെ സ്വീകരിക്കുമെന്നും മറ്റും ധരിച്ചുവശായ പോർട്ടുഗീസുകാർ ഇവിടെ എങ്ങനെയെങ്കിലും പിടിച്ചു നിന്ന് ആധിപത്യം ഉറപ്പിക്കാൻ വേണ്ടിയാണ് അദ്ദേഹത്തെ കരയ്ക്കിറക്കാഞ്ഞത്. നസ്രാണികളെ ഭരിച്ചിരുന്ന ഗാർസ്യാ മെത്രാൻ, അഹത്തള്ളായെ കരയ്ക്കിറങ്ങാൻ അനുവദിച്ചില്ലെന്നു മാത്രമല്ല, കപ്പലിൽ പോയി കാണാൻപോലും നസ്രാണികളെ അനുവദിച്ചില്ല. ഇതിനിടെ, പോർട്ടുഗീസുകാർ അഹത്തള്ളാ മെത്രാനെ കടലിൽ താഴ്ത്തി കൊന്നെന്ന് ഏതോ കുബുദ്ധികൾ വ്യാജവാർത്ത പരത്തി. ജനം ഇളകിവശായി. അതിന്റെ പ്രത്യാഘാതമായിരുന്നു കൂനൻകുരിശുസത്യം.

അഹത്തള്ളായെ പോർട്ടുഗീസുകാർ കൊച്ചീക്കായലിൽ കെട്ടിത്താഴ്ത്തിയില്ല. ചില യാക്കോബായാ ഗ്രന്ഥങ്ങളിൽ അപ്രകാരം കാണുന്നുണ്ടെങ്കിലും അതിൽ ചരിത്ര സത്യമില്ല. അഹത്തള്ളായെപ്പറ്റി ആധുനിക കാലത്ത് ഗവേഷണം നടന്നിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിഗമനത്തിൽ പണ്ഡിതന്മാർ എത്തിയിട്ടുണ്ട്. അഹത്തള്ളാ ആദ്യം പശ്ചിമേഷ്യയിലെ അലപ്പോയിൽ യാക്കോബായാ മെത്രാനായിരുന്നു. കുറേക്കഴിഞ്ഞ് അദ്ദേഹം കത്തോലിക്കനായി. റോമിൽ പോയി കുറേനാൾ താമസിച്ചു. അദ്ദേഹം കെയ്റോയിൽ ആയിരിക്കുമ്പോഴാണ് നസ്രാണികളുടെ നിവേദനം ലഭിച്ചത്. പോർട്ടുഗീസുകാർ അദ്ദേഹത്തെ ആദ്യം ഗോവയിലേക്കും പിന്നെ യൂറോപ്പിലേക്കും കൊണ്ടുപോയി. അദ്ദേഹം പാരീസിൽ വച്ച് മരിച്ചു.

## അനന്തരനടപടി

കൂനൻകുരിശുസത്യം നടന്നത് 1653 ജനുവരി 3-നായിരുന്നു. തുടർന്ന് ഇടപ്പള്ളി പള്ളിയിൽവച്ച് പള്ളിപ്രതിനിധികളുടെ യോഗം നടന്നു. മേലിൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് അവർ ആലോചിച്ചു. ഈശോസഭക്കാരായ മെത്രാന്മാരെ തങ്ങൾക്ക് വേണ്ടെന്നും സ്വജാതിയിൽ പെട്ട ഒരാളെത്തന്നെ വാഴിച്ചു കിട്ടണമെന്നും അല്ലെങ്കിൽ വല്ല കർമലീത്തരോ, മറ്റേതെങ്കിലും സന്ന്യാസസമൂഹത്തിൽ പെട്ടവരോ ആയ മെത്രാന്മാരായാലും വേണ്ടില്ലെ

www.malankaralibrary.com

ന്നും മറ്റും നിശ്ചയങ്ങൾ പാസ്സാക്കി. അത് റോമിലേക്ക് അയക്കണമെന്നും ആലങ്ങാട്ടു പള്ളിയിൽ വച്ച് 1653 മെയ് 22-ന് വീണ്ടും ഒരു യോഗം കൂടണമെന്നും ബാക്കി കാര്യങ്ങളെല്ലാം അവിടെവച്ച് തീരുമാനിച്ചു കൊള്ളാമെന്നും നിശ്ചയിച്ചു പിരിഞ്ഞു.

## പന്ത്രണ്ടു പട്ടക്കാർ ചേർന്നു നടത്തിയ മെത്രാൻവാഴ്ച

പന്ത്രണ്ടു പട്ടക്കാർ കൂടി ഒരു മെത്രാനെ വാഴിച്ചുകൊള്ളാൻ അഹത്തള്ളാ മെത്രാൻ അനുവദിച്ചിരിക്കുന്നു എന്നുകാണിച്ച് ഇട്ടിത്തൊമ്മൻ കത്തനാർ ആയിടയ്ക്ക് ഒരു വ്യാജരേഖ ഉണ്ടാക്കി പ്രചരിപ്പിച്ചു. അതു സത്യമാണെന്നു ധരിച്ച് 1653 മെയ് 22-ന് പെന്തിക്കൊസ്തി ദിവസം ആലങ്ങാട്ടുപള്ളിയിൽ വച്ച് 12 പട്ടക്കാർ ചേർന്ന് തോമാ ആർച്ചുഡീക്കന്റെ തലയിൽ കൈവച്ച് മെത്രാനായി വാഴിച്ചു. നാല് ആലോചനക്കാരെയും നിയമിച്ചു: പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ, കടവിൽ ചാണ്ടിക്കത്തനാർ, വെങ്ങാട്ടൂർ ഗീവർഗീസ് കത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നിവരായിരുന്നു നാല് ആലോചനക്കാർ.

കൂനൻകുരിശിൽ പിടിച്ച് ലത്തീൻ മിഷണറിമാരുടെ ഭരണത്തിൽ നിന്നു മാറിയ നസ്രാണികൾക്ക് ഒരു നേതാവ് ആവശ്യമായിരുന്നു. മെത്രാന്റെ അഭാവത്തിൽ സഭാഭരണം പരമ്പരാഗതമായി നിർവഹിച്ചിരുന്നത് ആർച്ചുഡീക്കനായിരുന്നു. ആർച്ചുഡീക്കന് പരമ്പരാഗതമായി ഉണ്ടായിരുന്ന അധികാരങ്ങൾ വീണ്ടും അദ്ദേഹത്തിൽ നിക്ഷേപിക്കുന്നതിന്റെ ഒരു പ്രത്യേക ചടങ്ങ് മാത്രമായിരുന്നു 12 പേരുടെ കൈവയ്പ് എന്നു തോന്നുന്നു. ഇട്ടിത്തൊമ്മൻ കത്തനാർ കാണിച്ച വ്യാജരേഖയിലും പട്ടം കൊടുക്കുക, വിശുദ്ധ മൂറോൻ കൂദാശ ചെയ്യുക മുതലായ ശുശ്രൂഷകൾ നടത്താൻ പാടില്ല എന്ന നിബന്ധനയോടുകൂടി, നിയുക്തമെത്രാനായി നിയമിക്കുന്നതിനാണ് അഹത്തള്ളാ അനുവാദം നൽകിയിരുന്നത്.

## രഹസ്യം പരസ്യമാകുന്നു

ഇട്ടിത്തൊമ്മൻ കത്തനാർ കാണിച്ച രേഖയുടെ അടിസ്ഥാനത്തിലാണല്ലോ 12 പട്ടക്കാർ ചേർന്ന് തോമ്മാ ആർച്ചുഡീക്കനെ മെത്രാന്റെ വേഷഭൂഷാദികൾ അണിയിച്ചത്. എന്നാൽ അധികം താമസിയാതെ രഹസ്യം വെളിപ്പെടാൻ തുടങ്ങി. കേട്ടവർ കേട്ടവർ വിഷണ്ണരായി നിന്നുപോയി. തനിക്ക് മെത്രാൻപട്ടം ഇല്ലെന്ന് ആർച്ചുഡീക്കനും അറിയാമായിരുന്നു.

## ജോസഫ് മരിയ സെബസ്ത്യാനി

മലങ്കരസഭയിൽ വലിയൊരു പ്രശ്നം ഉണ്ടായിരിക്കുന്നു, ഉടനേ അതിലിടപെട്ട് വേണ്ട നിവർത്തിയുണ്ടാക്കണമെന്നു കാണിച്ചുള്ള സന്ദേശങ്ങൾ റോമിൽ എത്തിക്കൊണ്ടിരുന്നു. 1653-ലെ ഈ പ്രശ്നത്തെ പറ്റി അന്വേഷിക്കാൻ റോമിൽ നിന്ന് ജോസഫ് സെബസ്ത്യാനി, ഹിയാസിന്ത്, എന്നീ കർമ

www.malankaralibrary.com

ലീത്താ വൈദികരെ രണ്ടു ഡലഗേഷനായി കേരളത്തിലേക്കയച്ചു. സെബസ്ത്യാനി നാലുവർഷം കഴിഞ്ഞ് 1657-ൽ കേരളത്തിലെത്തി. മുട്ടം, മട്ടാഞ്ചേരി, ഇടപ്പള്ളി, ആലങ്ങാട്ട് എന്നിവിടങ്ങളിൽ സെബസ്ത്യാനി യോഗങ്ങൾ സംഘടിപ്പിച്ച് നിജസ്ഥിതി മനസ്സിലാക്കി. മാർ തോമാആർച്ചുഡീക്കന് 12 പട്ടക്കാർ നൽകിയ മെത്രാൻപട്ടം ശരിയല്ല, ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജമാണ്, മാർപാപ്പാ തന്നെ അയച്ചിരിക്കയാണ് എന്നെല്ലാം സെബസ്ത്യാനി ജനങ്ങളെ ധരിപ്പിച്ചു. സെബസ്ത്യാനിയുടെ പ്രവർത്തനഫലമായി സത്യം ഗ്രഹിച്ച അനേകം നസ്രാണികൾ തിരികെ വീണ്ടും മിഷണറിമാരെ അംഗീകരിക്കാൻ തുടങ്ങി. സെബസ്ത്യാനി 1658-ൽ റോമിൽ പോയി.

ഹിയാസിന്ത് 1658 മാർച്ച് 10-ന് കേരളത്തിലെത്തുകയും ആർച്ചുഡീക്കനെ സന്ദർശിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. മെത്രാന്റെ വടി, മുടി മുതലായ സ്ഥാനചിഹ്നങ്ങൾ ത്യജിക്കാൻ തോമാ സന്നദ്ധത പ്രകടിപ്പിച്ചു. മിഷണറി മെത്രാനായ ഗാർസ്യായാകട്ടെ ഇതിനകം മറ്റൊരാളെ തന്റെ ആർച്ചുഡീക്കനായി നിയമിച്ചു കഴിഞ്ഞിരുന്നു. തിരികെ വരാം, എന്നാൽ ഗാർസ്യായെ അംഗീകരിക്കയില്ല എന്ന നിലപാടായിരുന്നു പൊതുവേ നസ്രാണികൾക്ക് ഉണ്ടായിരുന്നത്. ഗാർസ്യായാകട്ടെ, എല്ലാവരും തന്റെ കീഴിൽ തിരികെ വരണമെന്നു ദുശ്ശാഠ്യം പിടിച്ചു. പുതുതായി നിയമിക്കപ്പെട്ട ആർച്ചുഡീക്കനും പിന്മാറാൻ സന്നദ്ധത കാണിച്ചില്ല. അങ്കമാലി ഉൾപ്പെടെ പല ഇടവകകളെയും തിരികെ കൊണ്ടുവരാൻ ഹിയാസിന്തിനു കഴിഞ്ഞു. എന്നാൽ 1659 ജൂലൈ 26-ന് തോമാ ആർച്ചുഡീക്കനെ ഹിയാസിന്ത് മഹറോൻ ചൊല്ലി. ഐക്യത്തിനുള്ള വാതിൽ ഈ കർമലീത്താ വൈദികൻ കൊട്ടിയടച്ചു. ഗാർസ്യാ 1659 സെപ്തംബർ 3-ന് മരിച്ചു. 1661 ഫെബ്രുവരി 10-ന് കൊച്ചിയിൽ വച്ച് ഹിയാസിന്തും മരിച്ചു.

റോമിൽ പോയിരുന്ന സെബസ്ത്യാനി രഹസ്യമായി മെത്രാൻപട്ടമേറ്റ് 1661 മെയ് 14-ന് കേരളത്തിൽ തിരിച്ചെത്തി. കൊടുങ്ങല്ലൂരിലെ പദ്രവാദോ ജസ്വിട്ട് ഭരണത്തിൽ തുടരാൻ ആഗ്രഹമില്ലാതിരുന്ന മാർതോമാ ക്രിസ്ത്യാനികൾക്കു വേണ്ടി *മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ്* എന്ന പേരിൽ പ്രൊപ്പഗാന്തായുടെ കീഴിൽ ഒരു ഭരണസംവിധാനം തുടങ്ങി. അതിന്റെ അപ്പസ്തോലിക വികാരിയായിട്ടാണ് സെബസ്ത്യാനി മെത്രാൻ കേരളത്തിലെത്തിയത്.

ജസ്വിട്ടരെ അധ്യക്ഷന്മാരായി സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള മാർ തോമാക്രിസ്ത്യാനികളിൽ പലരും സെബസ്ത്യാനിയെ സ്വീകരിച്ചു. ആർച്ചുഡീക്കനുമായി സെബസ്ത്യാനി പുനരൈക്യചർച്ചകൾ ആരംഭിച്ചു. തന്റെ പട്ടം ക്രമീകരിക്കണം എന്ന നിബന്ധന ആർച്ചുഡീക്കൻ മുന്നോട്ടുവച്ചു. സ്വമേധയാ സ്വീകരിച്ച സ്ഥാനവസ്ത്രങ്ങൾ സ്വമേധയാ താഴെ വയ്ക്കട്ടെ, പിന്നെ പട്ടത്തെപ്പറ്റി ചിന്തിക്കാം എന്നായിരുന്നു സെബസ്ത്യാനിയുടെ നിലപാട്. ഈ കാലഘട്ടത്തിൽ ഡച്ചുകാർ പോർട്ടുഗീസുകാരിൽ നിന്ന് കൊടുങ്ങല്ലൂരും

www.malankaralibrary.com

കൊച്ചിയും പിടിച്ചെടുത്തു. ഉടൻ നാടു വിട്ടുകൊള്ളണമെന്ന് ഡച്ചുകാർ സെബസ്ത്യാനിയോട് ആവശ്യപ്പെട്ടു. ആ അവസരം തോമാ ആർച്ചുഡീക്കന്റെ പട്ടം ക്രമപ്പെടുത്തി സഭയിൽ ഐക്യം പുനഃസ്ഥാപിക്കാമായിരുന്നു. എന്നാൽ മാർ തോമായ്ക്ക് പട്ടം കൊടുക്കാൻ സെബസ്ത്യാനി കൂട്ടാക്കിയില്ല. മറിച്ച് മാർ തോമായെ മഹറോൻ ചൊല്ലി. ആർച്ചുഡീക്കന്റെ പകലോമറ്റം കുടുംബത്തിൽ പെട്ടയാളും ആലോചനക്കാരിൽ ഒരുവനുമായ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ കടുത്തുരുത്തി വലിയ പള്ളിയിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ ആയി വാഴിച്ചിട്ട് 1663 ഫെബ്രുവരി 14-ന് നാടുവിട്ടു.

ആർച്ചുഡീക്കനാകട്ടെ തന്റെ പട്ടം ക്രമപ്പെടുത്തിക്കിട്ടാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി ജറുസലേമിൽ നിന്ന് 1665-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാൻ കേരളത്തിലെത്തി.

*തുടർന്ന് നസ്രാണിസമുദായം രണ്ടു വഴിക്കു തിരിഞ്ഞു:*

1. ചാണ്ടി മെത്രാന്റെ കൂടെ നിന്നവർ പുരാതനമായ പൗരസ്ത്യസുറിയാനി ആരാധനാരീതികൾ അതേപടി തുടരുകയും കത്തോലിക്കരായി തുടർന്നു ജീവിക്കുകയും ചെയ്തു. അവർ പഴയ രീതികൾ തുടർന്നതിനാൽ പഴയകൂറ്റുകാർ എന്നറിയപ്പെട്ടു.

2. തോമാ ആർച്ചുഡീക്കനെ സഭാനേതാവായി അംഗീകരിക്കുകയും യാക്കോബായക്കാരനായ മാർ ഗ്രിഗോറിയോസിനെ സ്വീകരിക്കുകയും കാലാന്തരത്തിൽ അന്ത്യോക്യൻ രീതികളും ക്രമങ്ങളും സ്വീകരിക്കുകയും ചെയ്തവർ പുത്തൻകൂറ്റുകാർ എന്നറിയപ്പെട്ടു.

J. Kollaparampil, *Ahathalla Geveshanangalude Velichathil,* Kottayam, s.d.

J.Kollaparampil,*The St.Thomas Christians' Revolution in 1653,* Kottayam, 1981.

www.malankaralibrary.com

## അധ്യായം - 9

# കേരളത്തിലെ അപ്പസ്തോലികസഭ കത്തോലിക്കാസഭ തന്നെ

ഭാരതത്തിൽ സുവിശേഷ വെളിച്ചമെത്തിച്ചത് മാർതോമാ ശ്ലീഹായാണ് എന്നതാണ് മലങ്കരനസ്രാണികളുടെ സജീവപാരമ്പര്യം. ലോകം മുഴുവനും പോയി സുവിശേഷപ്രഘോഷണം നടത്തിയ വിശുദ്ധ ശ്ലീഹന്മാരെല്ലാവരും നമ്മുടെ കർത്താവിന്റെ ഏകസഭയ്ക്കാണ് അടിസ്ഥാനമിട്ടത്. ആ സഭാസമൂഹത്തിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിച്ചത് അന്ത്യോക്യയിൽ വച്ചാണ് (നട.11,26). അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്യോസാണ് (+117) ക്രിസ്തുവിന്റെ സഭയെ ആദ്യമായി കത്തോലിക്കാ സഭയെന്നു വിളിച്ചത്. എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന, വിശുദ്ധിക്കുള്ള എല്ലാ മാർഗങ്ങളുമുള്ള സഭ എന്ന അർഥമാണ് കത്തോലിക്കാസഭ എന്ന വാക്കിനുള്ളത്. വിശുദ്ധ ശ്ലീഹന്മാർക്ക് കർത്താവിന്റെ ഈ സഭയെപ്പറ്റിയല്ലാതെ മറ്റൊരു സഭയെപ്പറ്റി അറിവില്ലായിരുന്നു. ശ്ലീഹന്മാർ സ്ഥാപിച്ച ഈ സഭയ്ക്ക് മാത്രമേ കത്തോലിക്കാസഭ എന്ന പേര് ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് മാർ തോമാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ച ക്രൈസ്തവസഭ കത്തോലിക്കാസഭ തന്നെയായിരുന്നു. ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായിരുന്നു ഇവിടുത്തെ സഭ.

എന്നാൽ കേരളത്തിൽ ഈയടുത്ത കാലത്ത് ചിലർ പ്രചരിപ്പിക്കുന്നത് മാർതോമാ ശ്ലീഹാ സ്ഥാപിച്ചത് ഓർത്തഡോക്സ് സഭയാണ് എന്നത്രേ. വേറേ ചിലർ പറയുന്നത് മാർതോമാസഭയാണ് ശ്ലീഹാ സ്ഥാപിച്ചത് എന്നത്രേ. ഇനിയും ചിലർ പറയുന്നത് യാക്കോബായാ സഭയാണ് 52-ൽ ശ്ലീഹാ സ്ഥാപിച്ചത് എന്നാണ്.

ശ്ലീഹന്മാരുടെ കാലത്തോ, ആറാം നൂറ്റാണ്ടുവരെയോ യാക്കോബായാ സഭ ഇല്ലായിരുന്നു എന്നത് ചരിത്രം അറിയാവുന്നവർക്കെല്ലാം സുവ്യക്തമാണല്ലോ. അപ്പോൾ, മലങ്കരയിൽ മാർ തോമാശ്ലീഹാ സ്ഥാപിച്ചത് യാക്കോബായാ സഭയല്ല. എന്നാൽ മാർതോമാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിൽ

www.malankaralibrary.com

www.malankaralibrary.com

ഗീസുകാരുടെയും എന്നു മനസ്സിലാക്കിയാണ് മലങ്കരനസ്രാണികൾ പോർട്ടുഗീസുകാരെ തങ്ങളുടെ പള്ളികളിൽ കയറ്റിയതും അവരുമായി കൂദാശാപരമായി സംസർഗം പുലർത്തിയതും. ഇതിൽനിന്ന് മനസ്സിലാക്കാവുന്ന സംഗതി മലങ്കരസഭ പോർട്ടുഗീസുകാരുടെ ആഗമനകാലത്ത് കത്തോലിക്കാസഭയായിരുന്നു എന്നത്രേ.

**തെളിവുകൾ**

### *1. മാർതോമാ ശ്ലീഹാ സ്ഥാപിച്ചസഭ*

ലോകം മുഴുവൻ ശ്ലീഹന്മാർ പ്രസംഗിച്ച, യേശുക്രിസ്തുവിന്റെ സത്യസഭ ആയിരിക്കണം മാർ തോമാശ്ലീഹാ ഇൻഡ്യയിലും സ്ഥാപിച്ചത്.

### *2. പന്തേനൂസ് കണ്ട സഭ*

അലക്സാണ്ഡ്രിയായിൽ നിന്ന് പന്തേനൂസ് എന്ന പണ്ഡിതൻ ഇൻഡ്യയിലെത്തി എന്ന പാരമ്പര്യം സജീവമാണ്. പന്തേനൂസിന്റെ കാലത്ത് (190) ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഭകളെല്ലാം തന്നെ ഒരേ വിശ്വാസം പാലിച്ചിരുന്നു.

### *3. ആദ്യകാല മലങ്കര-പോർട്ടുഗീസ് ബന്ധങ്ങൾ*

വാസ്കോ ഡി ഗാമയേയും അനുയായികളെയും 1498-ലും തുടർന്നും മലങ്കര നസ്രാണികൾ സന്തോഷപൂർവം സ്വീകരിച്ചത് അവർ പാശ്ചാത്യലോകത്തു നിന്നു വന്ന ക്രൈസ്തവസഹോദരങ്ങൾ ആയതിനാലാണ്. തങ്ങളുടേതും അവരുടേതും ഒരേ സഭയും ഒരേ വിശ്വാസവുമായി നസ്രാണികൾ മനസ്സിലാക്കി.

### *4. വി. ഫ്രാൻസിസ് സേവ്യറിന്റെ കത്തുകൾ*

മലങ്കരസഭ മിശിഹായുടെ കത്തോലിക്കാ സഭയാണെന്ന് ഫ്രാൻസിസ് സേവ്യറിനെ പോലെയുള്ളവർ സാക്ഷിച്ചിട്ടുണ്ട്. അതുപോലെ ഇവിടുത്തെ മെത്രാനായിരുന്ന മാർ യാക്കോബിന്റെ സത്യവിശ്വാസത്തെ പറ്റിയും വി. സേവ്യർ വളരെ പ്രകീർത്തിച്ച് യൂറോപ്പിലേക്ക് എഴുതിയിട്ടുണ്ട്. കൊടുങ്ങല്ലൂരെ മലങ്കര ദൈവാലയത്തിന് ദണ്ഡവിമോചനം നൽകണമെന്നു കാണിച്ച് ഫ്രാൻസിസ് സേവ്യർ റോമിലേക്ക് എഴുതുകയുണ്ടായി. കത്തോലിക്കരുടേതല്ലാത്ത ഒരു ദൈവാലയത്തിനു വേണ്ടി ഫ്രാൻസിസ് സേവ്യർ ഇപ്രകാരം എഴുതുകയില്ലല്ലോ. പോർട്ടുഗീസുകാർ കൊടുങ്ങല്ലൂർ സ്ഥാപിച്ച വൈദിക സെമിനരിയിലേക്ക് നൂറിൽപരം നസ്രാണി കുടുംബങ്ങൾ യുവാക്കളെ വൈദികപരിശീലനത്തിന് അയച്ചു എന്ന് ഫ്രാൻസിസ് സേവ്യർ മറ്റൊരു കത്തിലെഴുതുന്നു. ഇത് ഉദയംപേരൂർ സൂനഹദോസിന് അര നൂറ്റാണ്ടുമുമ്പു നടന്ന സംഗതിയാണ്.

www.malankaralibrary.com

### *5. മാർപാപ്പായുടെ കത്തുകൾ*

മലങ്കരസഭയ്ക്കുവേണ്ടി ഗോവയിലെ ലത്തീൻ സഭയുടെ സിനഡുകളിൽ നിയമങ്ങളുണ്ടാക്കി. സുറിയാനി മെത്രാനായ മാർ അബ്രഹാമിനെ കൊണ്ട് അവ നടപ്പിലാക്കാനായിരുന്നു പോർട്ടുഗീസ് തന്ത്രം. ഗോവൻ സിനഡുകളിൽ നിന്നു നീതി ലഭിക്കയില്ലെന്നു മനസ്സിലാക്കിയ മാർ അബ്രഹാം സിനഡിൽ സംബന്ധിക്കാൻ വിസമ്മതിച്ചു. നാലാം പീയൂസ് മാർപാപ്പാ (1559 –1565) മാർ അബ്രഹാമിനു വേണ്ടി നാലു കത്തുകളെഴുതി. ഒന്ന് പശ്ചിമേഷ്യയിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് മാർ അബ്ദീശോയ്ക്കും (1555–1571), മറ്റു കത്തുകൾ ഗോവാ, കൊച്ചി എന്നിവിടങ്ങളിലെ ലത്തീൻ മെത്രാന്മാർക്കും ഉള്ളതായിരുന്നു. അങ്കമാലി കത്തോലിക്കാ ഇടവകയുടെ യഥാർഥ ഇടയനായ മാർ അബ്രഹാമിനോട് ലത്തീൻ മിഷണറിമാർ മാന്യമായി ഇടപെടേണ്ടതാണെന്ന് പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

### *6. മിഷണറിമാരുടെ സാക്ഷ്യം*

ലുഡൊവിക്കോ വർത്തേമാ (1505), നൂനസ് ബറേറ്റോ (1561), ഡയനീഷ്യോ (1570) എന്നീ മിഷണറിമാരും മലങ്കരനസ്രാണികളുടെ സത്യവിശ്വാസത്തെപ്പറ്റി സാക്ഷിച്ചിട്ടുണ്ട്.

### *7. ബിഷപ്പ് ഫ്രാൻസിസ് റോസിന്റെ സാക്ഷ്യം*

മലങ്കര നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായ ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് മിഷനറിയാണ് മലങ്കരസഭയിൽ നെസ്തോറിയനിസം ആരോപിച്ച് ആദ്യമായി ലഘുലേഖ പ്രസിദ്ധീകരിച്ചത്. 1585/6–ൽ പ്രസിദ്ധീകൃതമായ പ്രസ്തുത രേഖയിൽ ആ മിഷണറി നെസ്തോറിയനിസമായി തനിക്കു തോന്നിയ കുറേ സംഗതികൾ നിരത്തി വയ്ക്കുന്നുണ്ട്. അതിന്റെ അവസാനം അദ്ദേഹം ഇപ്രകാരം പറയുന്നു:

“ഇങ്ങനെയൊക്കെയാണെങ്കിലും അവർ കന്യകമറിയത്തെ ദൈവമാതാവെന്ന് പരസ്യമായി വിളിക്കുന്നു.”

മറിയത്തെ ദൈവമാതാവെന്ന് വിളിക്കാതിരിക്കുന്നതാണല്ലോ നെസ്തോറിയനിസം എന്ന പാഷണ്ഡത. മലങ്കരനസ്രാണികളാകട്ടെ, അപ്രകാരം വിളിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്ന ഈ തെറ്റുകൾ അദ്ദേഹത്തിന്റെ ധാരണയിൽ നിന്നുണ്ടായിട്ടുള്ളതാണ്.

റോസ് തുടരുന്നു: “ഈ ക്രിസ്ത്യാനികൾ റോമൻ കത്തോലിക്കാവിശ്വാസം പുലർത്തിയിരുന്നവരാണ്.”

റോസ് മലങ്കരമെത്രാനായ ശേഷം 1601–ൽ റോമിലെ ജസ്വിട്ട് ജനറലിന് എഴുതിയ കത്തിൽ മലങ്കര നസ്രാണികളെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്:

“ഇവർ പൗരസ്ത്യദേശത്തെ ഏറ്റവും പുരാതന ക്രിസ്തീയ സഭയാ

www.malankaralibrary.com

ണെന്നുള്ളതിൽ സംശയമില്ല. മാർ തോമാശ്ലീഹായാണ് ഇവരെ വിഗ്രഹാരാധനയിൽ നിന്ന് നമ്മുടെ വിശുദ്ധ വിശ്വാസത്തിലേക്ക് ആനയിച്ചത്. അജ്ഞാനികളുടെയും യഹൂദരുടെയും മുഹമ്മദീയരുടെയും ഇടയിലാണ് അവർ താമസിച്ചിരുന്നതെങ്കിലും, നിരന്തരമായി ഇന്നുവരെയും അവർ അവരുടെ വിശ്വാസത്തിൽ അടിയുറച്ചു തന്നെയാണ് നിലനിന്നിട്ടുള്ളത്."

### *8. ഉദയംപേരൂർ സൂനഹദോസുമായി ബന്ധപ്പെട്ട രേഖകൾ*

ഉദയംപേരൂർ സിനഡുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചാൽ അന്നത്തെ മലങ്കരനസ്രാണികളുടെ സഭ കത്തോലിക്കാസഭ ആയിരുന്നെന്ന് വ്യക്തമാണ്. എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിനിധികളെ ക്ഷണിക്കുന്നതു മുതൽ നടന്ന സംഗതികളെല്ലാം ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആ സിനഡിൽ ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥങ്ങളെല്ലാം തന്നെ കൽദായ സുറിയാനിസഭയിലെ എഴുത്തുകാരുടെ ഗ്രന്ഥങ്ങളാണ്. അവിടെ പരാമർശിച്ചിരിക്കുന്ന കുർബാന കൽദായ സുറിയാനി കുർബാനയാണ്, അന്ത്യോക്യൻ കുർബാനയല്ല. അവിടെ ഉപയോഗിച്ചിരിക്കുന്നത് പൗരസ്ത്യസുറിയാനി ഭാഷയാണ്, യാക്കോബായക്കാരും മറ്റും ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനി ഭാഷയല്ല. യാക്കോബായാ സഭയുമായി ബന്ധപ്പെട്ട യാതൊന്നിനെപ്പറ്റിയും ഉദയംപേരൂർ സിനഡിൽ പരാമർശിച്ചിട്ടില്ല. ഇനിയും ചില തെളിവുകൾ പരിശോധിക്കാം.

#### 1. *ദൈവാലയസന്ദർശനങ്ങൾ*

ഉദയംപേരൂർ സൂനഹദോസിനു മുമ്പ് മെനെസിസ് മെത്രാപ്പോലീത്താ ഒട്ടനേകം നസ്രാണി ദൈവാലയങ്ങൾ സന്ദർശിച്ചു. പറവൂർ, ആലങ്ങാട്, ചൊവ്വര, കാഞ്ഞൂർ, പുറക്കാട്, കായംകുളം, കുണ്ടറ, കരുനാഗപ്പള്ളി, വെണ്മണി, കൊച്ചി, മുളന്തുരുത്തി, ഉദയംപേരൂർ, തൃപ്പൂണിത്തുറ ആദിയായ പള്ളികൾ സന്ദർശിച്ചു. പ്രസ്തുത ദൈവാലയങ്ങളിലെല്ലാം പരസ്യമായി വിശുദ്ധ കുർബാന അർപ്പിച്ചു. ഈ ദൈവാലയങ്ങൾ അകത്തോലിക്കാ പള്ളികളായിരുന്നെങ്കിൽ, ജനങ്ങൾ അകത്തോലിക്കർ ആയിരുന്നെങ്കിൽ, ഇപ്രകാരം പരക്കെ സന്ദർശനം നടത്താൻ സാധിക്കുമായിരുന്നില്ല.

#### 2. *വൈദികാഭിഷേകം*

കൊടുങ്ങല്ലൂർ വച്ച് അഞ്ചു ശെമ്മാശ്ശന്മാർക്കും ഉദയംപേരൂർ വച്ച് മുപ്പത്തിയെട്ട് ശെമ്മാശ്ശന്മാർക്കും കടുത്തുരുത്തിയിൽ വച്ച് കുറേപ്പേർക്കും പറവൂർ വച്ച് അമ്പതു പേർക്കും സൂനഹദോസിനു മുമ്പ് മെനേസിസ് വൈദികപട്ടം നൽകി. പ്രസ്തുത ശെമ്മാശ്ശന്മാരും അവരുടെ കുടുംബങ്ങളും അകത്തോലിക്കർ ആയിരുന്നെങ്കിൽ, ഒരു കത്തോലിക്കാ മെത്രാനിൽ നിന്ന് പട്ടം സ്വീകരിക്കാൻ അവർ സന്നദ്ധത പ്രകടിപ്പിക്കുമോ? അതുപോലെ അകത്തോലിക്കാ ഇടവകയിലോ, രൂപതയിലോ കയറി വൈദികരെ അഭിഷേചിക്കാൻ ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ സന്നദ്ധനാകുമോ? ആകയാൽ

www.malankaralibrary.com

പ്രസ്തുത ദൈവാലയങ്ങൾ കത്തോലിക്കാ ദൈവാലയങ്ങളും വൈദികരും ജനങ്ങളും കത്തോലിക്കരും ആയിരുന്നു എന്നു സിദ്ധിക്കുന്നു.

### *3. മഹറോൻ ഭീഷണി*

മെനെസിസ് മെത്രാപ്പോലീത്താ പള്ളികൾ സന്ദർശിച്ച അവസരം സുറിയാനി സഭാചാരങ്ങളെയും മെത്രാന്മാരെയും പിതാക്കന്മാരെയും താറടിച്ചും അധിക്ഷേപിച്ചും പ്രസംഗിച്ചു. ഇതിൽ ജനങ്ങൾ കുപിതരായി. എതിർക്കുന്നവരെ മഹറോൻ ചൊല്ലുമെന്ന് മെനെസിസ് ഭീഷണിപ്പെടുത്തി. പ്രസ്തുത ജനങ്ങൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, അവരെ മഹറോൻ ചൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നതിൽ സാംഗത്യമില്ലല്ലോ.

### *4. മെനെസിസിന്റെ സർക്കുലർ*

ഉദയംപേരൂർ വച്ച് ഒരു സഭാസിനഡ് വിളിച്ചുകൂട്ടാൻ പോകുന്നു എന്നറിയിച്ചുകൊണ്ട് 1599 മെയ് 14-ന് ചേന്നമംഗലത്തു നിന്ന് മെനെസിസ് എല്ലാ പള്ളികൾക്കും കൽപ്പന അയച്ചു.

"ദിവ്യമായ അനുസരണത്തിന്റെ അവകാശത്തോടും ലംഘനത്തിൽ മഹറോൻശിക്ഷ വിധിച്ചുകൊണ്ടും നാം ആജ്ഞാപിക്കുന്നു: ഈ രൂപതയിലെ അർക്കദിയാക്കോനും സകല വൈദികരും നമ്മോടൊന്നിച്ച് രൂപതാസംബന്ധമായ ഒരു സൂനഹദോസ് കൂടുന്നതിനായി ഉദയംപേരൂർ നഗരത്തിൽ സന്നിഹിതരാകേണ്ടതാകുന്നു....അതേ തത്വത്തിലും അതേ ശിക്ഷയിലും നാം ആജ്ഞാപിക്കുന്നു: ഈ രൂപതയിലെ സകല നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള സകല ക്രിസ്ത്യാനികളും അവരുടെ ഇടയിൽ അത്യധികം ബഹുമാന്യരായ നാലുപേരെ ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുത്ത് സൂനഹദോസിന് അയക്കേണ്ടതാകുന്നു."

ഈ കത്തിൽ മെനെസിസ് അകത്തോലിക്കരെയല്ല, കത്തോലിക്കരെയാണ് അഭിസംബോധന ചെയ്യുന്നത്. ദിവ്യമായ അനുസരണം അകത്തോലിക്കരോട് ഒരു കത്തോലിക്കാ മെത്രാന് ആവശ്യപ്പെടാമോ? കത്തോലിക്കരുടെ മഹറോനെ കത്തോലിക്കർ അല്ലാത്തവർ എന്തിനു ഭയപ്പെടണം? ഇവിടുത്തെ ജനങ്ങൾ കത്തോലിക്കർ ആയതിനാലത്രേ കത്തോലിക്കാ മെത്രാനെ അവർ ശ്രവിച്ചത്; അദ്ദേഹം ഉരുക്കുമുഷ്ടി പ്രയോഗിക്കാൻ മുതിർന്നത്.

### *5. ജനപ്രതിനിധികളുടെ ആഗമനം*

മെനെസിസിന്റെ കൽപ്പന അനുസരിച്ച് വിവിധ ഇടങ്ങളിലുള്ള മലങ്കര നസ്രാണി പള്ളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായി 153 പട്ടക്കാരും 660 ജനപ്രതിനിധികളും വ്യക്തിപരമായ സ്ഥാനം പരിഗണിച്ച് ക്ഷണിക്കപ്പെട്ടവരായി 11 പേരും ഉദയംപേരൂർ എത്തി. ഒരാഴ്ച നീണ്ടുനിന്ന സിനഡ് നടന്നു. മലങ്കര നസ്രാണികൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, ഒരു കത്തോലിക്കാ മെത്രാപ്പോലീത്തായുടെ കൽപ്പന കിട്ടിയ ഉടനെ പ്രതി

www.malankaralibrary.com

നിധികളെ തെരഞ്ഞെടുത്തയക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുമോ? ഏഴു ദിവസം സിനഡിൽ സംബന്ധിക്കുമോ? ആകയാൽ അവരെല്ലാം കത്തോലിക്കർ ആയിരുന്നു എന്ന് സ്പഷ്ടമത്രേ.

### *6. സൂനഹദോസിന്റെ ഡിക്രി*

സൂനഹദോസിന്റെ വിജയത്തിനായി ആഘോഷമായ പൊന്തിഫിക്കൽ കുർബാന നടന്നു. എല്ലാവരും കുമ്പസാരിച്ച് കുർബാന സ്വീകരിക്കണമെന്നും വൈദികർ രണ്ടു കുർബാന അർപ്പിക്കണമെന്നും ദിവസവും മാതാവിന്റെ ലുത്തിനിയാ ചൊല്ലണമെന്നും മെനെസിസ് നിർദേശിച്ചു. അതുപോലെ സിനഡ് അവസാനിക്കാതെ ആരും ഉദയംപേരൂർ വിട്ടുപോകരുതെന്നും മറിച്ചു ചെയ്താൽ മഹറോനിൽ ഉൾപ്പെടുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. രഹസ്യചർച്ചകൾ നടത്തുന്നതും മഹറോൻശിക്ഷ കൽപിച്ചുകൊണ്ട് അദ്ദേഹം നിരോധിച്ചു. പ്രഥമദിവസം തന്നെയാണ് ഇപ്രകാരം പാസ്സാക്കപ്പെട്ടത്. അവിടെ കൂടിയിരുന്ന സുറിയാനിക്കാരായ വൈദികരും ജനങ്ങളുമെല്ലാം മെനെസിസിനേപ്പോലെ കത്തോലിക്കർ ആയിരുന്നു എന്നല്ലേ ഇത് തെളിയിക്കുന്നത്?-കത്തോലിക്കർ അല്ലാത്തവരോട് കുർബാന അർപ്പിക്കണമെന്നും ലുത്തിനിയാ ചൊല്ലണമെന്നും കുമ്പസാരിക്കണമെന്നും ഒരു കത്തോലിക്കാ മെത്രാന് മഹറോന്റെ കീഴിൽ എങ്ങനെ സൂനഹദോസ് ഡിക്രിമൂലം കൽപ്പിക്കാനാകും?

### *മൂന്നു ലത്തീൻ കത്തോലിക്കാ മെത്രാന്മാർ*

ഉദയംപേരൂർ സൂനഹദോസിനുശേഷം മലങ്കര നസ്രാണികളെ ഭരിച്ചത് ലത്തീൻ മെത്രാന്മാരാണ്. അവർ ജസ്വിട്ട് സന്ന്യാസ സമൂഹത്തിൽ പെട്ടവരായിരുന്നു. അങ്ങനെ നസ്രാണികളെല്ലാം പോർട്ടുഗീസ് പദ്രവാദോ ഭരണത്തിലൂടെ നേരിട്ട് മാർപാപ്പായുടെ ഭരണത്തിൻ കീഴിലായി. ഈ സംവിധാനത്തിനുമുമ്പ് അവർ കത്തോലിക്കർ ആയിരുന്നെങ്കിലും "റോമൻ കത്തോലിക്കർ", അതായത് മാർപാപ്പായുടെ നേരിട്ടുള്ള ഭരണസംവിധാനത്തിൻ കീഴിൽ, അല്ലായിരുന്നു.

അങ്ങനെ ഇൻഡ്യയിൽ അന്നുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികളെല്ലാം, അതായത് സമസ്ത മലങ്കര മാർതോമാ നസ്രാണികളും നേരിട്ട് മാർപാപ്പായുടെ ഭരണത്തിൻ കീഴിൽ 1600 മുതൽ 1653 വരെ കഴിഞ്ഞു. ഇത് ഒരു ചരിത്രസത്യമാണ്. എന്നാൽ എക്യുമേനിക്കൽ മീറ്റിംഗുകളിലൊന്നും ഈ സത്യം ആരും തുറന്നു പറയുന്നില്ല. ഇപ്പോഴത്തെ ഓർത്തഡോക്സുകാർ, യാക്കോബായക്കാർ, മാർതോമാക്കാർ, മധ്യകേരള സി.എസ്.ഐ.യിലെ മുഖ്യവിഭാഗം, സിറോ-മലബാർ സഭക്കാർ, ത്രിശൂരെ സൂറിയാകൾ, മലങ്കര കത്തോലിക്കർ, തൊഴിയൂർ സഭക്കാർ എന്നീ സഭാവിഭാഗങ്ങളെല്ലാം ഏകസഭയായി ലത്തീൻ ഭരണത്തിൻ കീഴിൽ ഏതാണ്ട് അരനൂറ്റാണ്ട് കഴിഞ്ഞു. അക്കാലത്ത് മലങ്കരനസ്രാണികൾ കത്തോലിക്കർ മാത്ര

www.malankaralibrary.com

മല്ല, ലത്തീൻ ഭരണത്തിൽ പദ്രവാദോയുടെ കീഴിൽ റോമൻ കത്തോലിക്കർ കൂടിയായി. ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ഫ്രാൻസിസ് ഗാർസ്യാ എന്നീ ലത്തീൻ ജസ്വിട്ട് മെത്രാന്മാരായിരുന്നു ഇക്കാലയളവിൽ മലങ്കരന സ്രാണികളെ ഭരിച്ചത്. ഇക്കാലത്ത് അവർ കത്തോലിക്കർ അല്ലായിരുന്നു എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ?

പോർട്ടുഗീസുകാരുടെ വരവോടുകൂടി മലങ്കരസഭയ്ക്ക് സമ്പർക്കതല ത്തിൽ റോമാസഭയോട് അടുത്ത ബന്ധം സ്ഥാപിക്കാൻ അവസരം വന്നു. അതൊരു നേട്ടം തന്നെയാണ്. എന്നാൽ അത് കീഴ്പ്പെടുത്തലിനും മേൽക്കോ യ്മയ്ക്കുമായി മിഷണറിമാർ ഉപയോഗിച്ചു. ഈ സഭയുടെ സ്വാതന്ത്ര്യം ഇല്ലാ താക്കി.

### *9. കൂനൻകുരിശുസത്യവുമായി ബന്ധപ്പെട്ട രേഖകൾ*

കൂനൻകുരിശു സത്യത്തോടുകൂടി മലങ്കരനസ്രാണികൾ കത്തോലിക്കർ അല്ലാതായി തീർന്നില്ല. എന്നാൽ അത് കാലക്രമത്തിൽ കാതോലികത്വത്തിൽ നിന്ന് വഴുതിമാറാൻ ഇടയാക്കി എന്നു പറയാം. കൂനൻകുരിശുസത്യത്തിൽ അന്നത്തെ മലങ്കരനസ്രാണികളുടെ പ്രതിനിധികളെല്ലാം പങ്കെടുത്തു. 1600 മുതൽ മലങ്കരസഭാഭരണം കൈയടക്കിയ ജസ്വിട്ട് മിഷണറി മെത്രാന്മാർക്ക് എതിരായിട്ടായിരുന്നു കൂനൻകുരിശുസത്യം എന്നത് സമകാലീനരേഖകളും പിൽക്കാല രേഖകളും സാക്ഷിക്കുന്നു. കൊളോണിയലിസത്തിനും അനീ തിക്കും സുവിശേഷവിരുദ്ധ നടപടികൾക്കും എതിരായിട്ടായിരുന്നു അത്.

### *1. ഗീവർഗീസ് ആർച്ചുഡീക്കന്റെ കത്തുകൾ*

ലത്തീൻ റീത്തുകാരായ ജസ്വിട്ട് മെത്രാന്മാരുടെ ഭരണത്തിൽ നിന്ന് ഒഴി യുക, സുറിയാനി മെത്രാന്മാരെ സഭാധ്യക്ഷന്മാരായി ലഭിക്കുക എന്നതായി രുന്നു ഉദയംപേരൂർ സിനഡിനു ശേഷം മലങ്കര നസ്രാണികളുടെ ലക്ഷ്യ മെന്ന് 1606, 1608, 1624, 1628/9, 1632 എന്നീ വർഷങ്ങളിൽ ഗീവർഗീസ് ആർച്ചു ഡീക്കൻ പോർട്ടുഗലിലേക്കും റോമിലേക്കും അയച്ച കത്തുകൾ തെളിയി ക്കുന്നു. അല്ലാതെ കത്തോലിക്കാ വിശ്വാസത്തോടും റോമാസിംഹാസന ത്തോടും അവർക്ക് വിപ്രതിപത്തി ഉണ്ടായിരുന്നില്ല. ജസ്വിട്ട് മെത്രാന്മാരുടെ ഭരണത്തിൽ നിന്നു തങ്ങളെ ഒഴിവാക്കണമെന്ന് മാത്രമായിരുന്നു അവരുടെ അപേക്ഷ.

### *2. മാർ അഹത്തള്ളാ മെത്രാൻ*

മാർപാപ്പായുടെ കൽപ്പനപ്രകാരം വന്നയാളാണ് എന്ന ചിന്തയാലാണ് മാർ അഹത്തള്ളായെ സ്വീകരിക്കാൻ മലങ്കരക്കാർ തയാറായത്. അദ്ദേഹം കത്തോലിക്കനായിരുന്നു. കത്തോലിക്കനായിട്ടാണ് പാരീസിൽ വച്ച് മരിച്ച തും. എന്നാൽ മാർപാപ്പായിൽ നിന്നോ പാത്രിയർക്കീസിൽ നിന്നോ ഉള്ള ശരിയായ നിയമനപത്രം കാണിക്കാൻ അഹത്തള്ളായ്ക്ക് കഴിഞ്ഞില്ല.

www.malankaralibrary.com

തന്നെയുമല്ല അഹത്തള്ളായെ പരിശുദ്ധസിംഹാസനത്തിൽ നിന്ന് അയച്ചി ട്ടില്ലെന്ന് ഏഴാം അലക്സാണ്ടർ പാപ്പാ ഒരു കത്തിലൂടെ കേരളക്രൈസ്ത വർക്ക് എഴുതുകയുണ്ടായി. നിയമവിരുദ്ധമായ പ്രവേശനംവഴി ശീശ്മക്കാര നായെങ്കിലും വിശ്വാസവിഷയങ്ങളിൽ അദ്ദേഹം കത്തോലിക്കൻ ആയിരുന്നു. മാർപാപ്പായുടെ കത്തിൽ അദ്ദേഹത്തെ പാഷണ്ഡി അഥവാ അബദ്ധോപ ദേശകൻ എന്നല്ല ശീശ്മക്കാരൻ എന്നേ വിളിച്ചിട്ടുള്ളു. 1657-ൽ റോമിൽ നിന്നു വന്ന കർമലീത്താ സന്ന്യാസിയായ സെബസ്ത്യാനി നടത്തിയ വിചാരണയിൽ സുറിയാനിക്കാരുടെ നടപടികളെപ്പറ്റി കൊച്ചി കത്തീഡ്രൽ ചാപ്ലിൻ റവ. ദോമിനുസ് നൽകിയ വിവരത്തിൽ ഇപ്രകാരം പറയുന്നു:

"പാത്രിയർക്കീസിനെ വിട്ടുതരണമെന്ന് അവരെല്ലാവരും ആവശ്യ പ്പെട്ടു. അദ്ദേഹം മാർപാപ്പായുടെ കൽപ്പനപ്രകാരം വന്നതല്ലെന്നു തെളി ഞ്ഞാൽ കടലിൽ മുക്കിക്കൊല്ലുമെന്നു വേണ്ടപ്പെട്ട അധികൃതരെ അറിയി ക്കാനും അവർ മടിച്ചില്ല."

### *3. പോർട്ടുഗീസ് കപ്പിത്താന്റെ പേർക്കയച്ച കത്ത്*

അഹത്തള്ളായെ പോർട്ടുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന കിംവദന്തി പരന്നപ്പോൾ അർക്കദിയാക്കോൻ പോർട്ടുഗീസ് കപ്പിത്താന് എഴുതി:

"അഹത്തള്ളായെ തിരികെ കൊണ്ടുവരണം. എന്നാൽ അതിനു സാധ്യ മല്ലെങ്കിൽ ജസ്വിട്ടരൊഴിച്ച് മറ്റാരെങ്കിലും മാർപാപ്പായുടെ കൽപ്പനയാൽ വരാൻ ഇടപാടു ചെയ്യണം. പൗളിസ്ത്യരാൽ (ജസ്വിട്ടരാൽ) കൊല്ലപ്പെടുക മൂലം പാത്രിയർക്കീസിനെ ഹാജരാക്കാൻ സാധ്യമല്ലെങ്കിൽ, മറ്റാരെങ്കിലും മാർപാപ്പായുടെ കൽപ്പനപ്രകാരം ഇവിടെ വരട്ടെ. സുറിയാനി ഭാഷാജ്ഞാ നവും ഞങ്ങളെ പഠിപ്പിക്കാനും സഹായിക്കാനും കഴിവുമുള്ള ഒരാളായിരി ക്കണം. എന്നാൽ പൗളിസ്ത്യർ വേണ്ട. അവരെ ഞങ്ങൾ ഒട്ടും ആഗ്രഹി ക്കുന്നില്ല. കാരണം, അവർ ഞങ്ങളുടെയും പരിശുദ്ധ മാതാവായ റോമാസ ഭയുടെയും ശത്രുക്കളാകുന്നു. ഇവരൊഴികെ മറ്റാരെങ്കിലും വരട്ടെ. യാതൊ രാശങ്കയും കൂടാതെ അവരെ അനുസരിക്കാൻ ഞങ്ങൾ തയാറാണ്."

കൂനൻകുരിശുസത്യം ചെയ്ത ഉടനെ ഇപ്രകാരമൊരു കത്ത് മലങ്കര നസ്രാണികൾ കൊടുത്തയക്കണമെങ്കിൽ, നിശ്ചയമായും മാർപാപ്പായോടോ കത്തോലിക്കാസഭയോടോ യാതൊരു വിദ്വേഷവും അവർക്കില്ലായിരു ന്നെന്നും അവർക്കുണ്ടായിരുന്ന ഏകവിദ്വേഷം ജസ്വിട്ടരോടു മാത്രമായിരു ന്നെന്നും സ്പഷ്ടമാണ്.

### *4. ആലങ്ങാട്ടെ വിളംബരം*

കൂനൻകുരിശു സത്യത്തിനുശേഷം ആലങ്ങാട്ടു വച്ച് നസ്രാണികൾ ഒരു യോഗം കൂടി. അവിടെ വച്ച് പാസ്സാക്കിയ യോഗനിശ്ചയത്തിന്റെ ഒരു ഭാഗം താഴെച്ചേർക്കുന്നു:

www.malankaralibrary.com

''തോമാശ്ലീഹായുടെ കബറിടത്തിലേക്ക് പോയിരുന്ന നമ്മുടെ ആളുകൾ പാത്രിയർക്കീസിനെ കണ്ട് ഒരെഴുത്തും അധികാരപത്രവും സ്വീകരിച്ച് നമ്മുടെ പക്കൽ കൊണ്ടുവരികയും അവയ്ക്കനുസരണം നാം ഭരിക്കപ്പെടുകയും ചെയ്യുന്നതിനാലും, മാർപാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും കൽപ്പനയാലെ വന്ന പാത്രിയർക്കീസിന്റെ കൽപ്പനയും നിശ്ചയവുമനുസരിച്ച് നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നതിനാലും നമുക്ക് ഈ മെത്രാപ്പോലീത്തായോടുകൂടെ നിൽക്കുക തന്നെ ചെയ്യാം... ആകയാൽ ഇവിടെ കൂടിയിരിക്കുന്ന നാം നിശ്ചയിക്കുന്നതെന്തെന്നാൽ, അവർ (ജസ്വിട്ടർ) മാർപാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും ശത്രുക്കൾ ആയിരിക്കുന്നതുകൊണ്ട്, പാത്രിയർക്കീസിനെ നമ്മുടെ കണ്ണുകൊണ്ട് കാണുന്നതുവരെ നാം അവരുടെ സ്നേഹത്തിൽ ഇരിക്കേണ്ടതില്ല. ആ സന്ന്യാസസമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കൽപ്പനയെ നാം ശ്രദ്ധിക്കേണ്ടതുമില്ല.''

ഇങ്ങനെ ഒരു വിളംബരം ചെയ്തവർ റോമാ മാർപാപ്പായ്ക്ക് എതിരെയാണ് സത്യം ചെയ്തതെന്ന് എങ്ങനെ പറയാൻ സാധിക്കും? പൗളിസ്ത്യരായ പറങ്കികളോടു മാത്രമായിരുന്നു അവർക്കെതിർപ്പെന്ന് ഈ വിളംബരവും വ്യക്തമാക്കുന്നു.

### *5. കപ്പിത്താന്റെ കത്ത്*

കൂനൻകുരിശുസത്യത്തെപ്പറ്റി പോർട്ടുഗീസ് കപ്പിത്താൻ ഗോവയിലെ വൈസ്രോയിക്കയച്ച കത്തിൽ ഇപ്രകാരം കാണുന്നു: "തങ്ങളുടെ അധ്യക്ഷനായി ഗാർസ്യാ മെത്രാപ്പോലീത്തായെയോ ഈശോസഭക്കാരിൽ ആരെയെങ്കിലുമോ സ്വീകരിക്കയില്ലെന്ന് അവർ സത്യം ചെയ്തു."

### *6. മാർ ഏലിയാസ് പാത്രിയർക്കീസിന് ആർച്ചുഡീക്കൻ അയച്ച കത്ത്*

ആർച്ചുഡീക്കൻ 1659-ൽ നിനിവയിലെ ഏലിയാസ് എന്ന കത്തോലിക്കാ പാത്രിയർക്കീസിന് ഒരു കത്തെഴുതി. തങ്ങളെ ഭരിക്കാൻ മെത്രാന്മാരെയും തങ്ങൾക്ക് ഉപയോഗിക്കാൻ ആരാധനക്രമപുസ്തകങ്ങളും ആവശ്യപ്പെട്ടുകൊണ്ടാണ് എഴുതിയിരിക്കുന്നത്. അഹത്തള്ളായെപ്പറ്റിയും ഇവിടെ നടന്ന സംഭവവികാസങ്ങളെപ്പറ്റിയും അതിൽ വിവരിക്കുന്നു. ഈ പാത്രിയർക്കീസു തന്നെയാണ് അഹത്തള്ളായെ അയച്ചതെന്നും ഇക്കാര്യം അദ്ദേഹത്തിന് ബോധ്യമാണെന്നും ആർച്ചുഡീക്കന് വിശ്വാസം ഇല്ലായിരുന്നെങ്കിൽ, ഇങ്ങനെ സൂചിപ്പിക്കുകയില്ലല്ലോ!

"നിനിവെയിലെ ശ്രേഷ്ഠസിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കോസ് ഏലിയായ്ക്ക് നമ്മുടെ കർത്താവീശോമിശിഹായുടെ സമാധാനം...ദൈവമാതാവായ വാഴ്ത്തപ്പെട്ട കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും കൃപയാൽ തന്നെ."

www.malankaralibrary.com

### *7. മത്തായി എന്ന മലങ്കര വൈദികന്റെ സാക്ഷ്യം*

"സുറിയാനിക്കാർക്ക് ഭവിച്ച ഭവിതങ്ങൾ" എന്ന പേരിൽ മത്തായി കശ്ശീശാ ഒരു ചരിത്രം 18-ാം നൂറ്റാണ്ടിൽ എഴുതിയിട്ടുണ്ട്. പോർട്ടുഗീസ് മേധാവിത്വത്തിനെതിരായിട്ടാണ് കൂനൻകുരിശുസത്യം നടന്നതെന്ന് പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു: "ഇനിമുതൽ എന്നോളം ഞങ്ങൾ പറങ്കികളോട് യോജിക്കുന്നതല്ല. ഞങ്ങളുടെ സന്തതികൾ അവരുടെ സന്തതികളോടും യോജിക്കുന്നതല്ല. ഈ വാക്കുകൾ ഓലയിൽ എഴുതി."

### *8. അഞ്ചാം മാർതോമായുടെ പുനരൈക്യാപേക്ഷ*

അഞ്ചാം മാർതോമാ (1728-1765) ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പായ്ക്ക് 1748 ആഗസ്റ്റ് 16-ന് ഒരു കത്തയച്ചു. സഭൈക്യമായിരുന്നു വിഷയം. അന്നുവരെ ഇവിടെയുണ്ടായ സംഭവവികാസങ്ങൾ അദ്ദേഹം ചുരുക്കി വിവരിക്കുന്നു: "പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐക്യവും യോജിപ്പും മേലിൽ ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് ഞങ്ങൾ സത്യം ചെയ്തു. അതിനുശേഷം 1653-ൽ ഞങ്ങൾ അർക്കദിയാക്കോനെ മെത്രാപ്പോലീത്താ ആക്കുകയും അന്നു റോമാസിംഹാസനത്തിൽ ഭരിച്ചിരുന്ന അലക്സാണ്ടർ ഏഴാമൻ മാർപാപ്പായ്ക്ക് ഞങ്ങളുടെ കഷ്ടപ്പാടുകളെ കുറിച്ച് കത്തെഴുതുകയും ചെയ്തു." - കൂനൻകുരിശുസത്യം പോർട്ടുഗീസുകാർക്കും ജസ്വിട്ടർക്കും എതിരായിരുന്നു എന്നത്രേ അഞ്ചാം മാർതോമാ പറയുന്നത്.

### *9. ആറാം മാർതോമായുടെ പുനരൈക്യപരിശ്രമം*

മലങ്കരയിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിക്കുന്നതിന് വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെട്ട ആറാം മാർതോമാ (1761-1808) പല പരിശ്രമങ്ങൾ നടത്തി. കൂനൻകുരിശുസത്യം പോർട്ടുഗീസുകാർക്കും ജസ്വിട്ടർക്കും എതിരായിരുന്നു എന്നത്രേ അദ്ദേഹം എഴുതിയ കത്തുകളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്.

(1) കൊച്ചി വികാരി അപ്പസ്തോലിക്കാ ഫ്രാൻസിസ് സാലസിന് 1775-ൽ അയച്ച കത്തിൽ നിന്ന്: "മലങ്കരയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചേരിയിൽ കൂടി പൗളിസ്ത്യരെ കണ്ടനുസരിച്ച് അവരുടെ കീൾ ഇരിക്കയില്ലെന്ന് സത്യംചെയ്ത് ഉറപ്പിച്ചതിന്റെ ശേഷം എല്ലാവരും ആലങ്ങാട്ടു കൂടി, മാർപാപ്പായുടെ നാമത്തിൽ ഒപ്പിട്ടു കണ്ട ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ പന്ത്രണ്ടു പട്ടക്കാരുകൂടി അർക്കദിയാക്കോനെ മെത്രാനായി തെരഞ്ഞെടുത്തു വാഴിച്ചു."

(2) ആറാം പീയൂസ് മാർപാപ്പായ്ക്ക് 1778 മാർച്ച് 12-ന് നിരണം പള്ളിയിൽ നിന്നയച്ച കത്ത്: "പോർട്ടുഗീസുകാർ ഞങ്ങളുടെ ജനങ്ങളുടെ നേർക്ക് അഴിച്ചുവിട്ട കൊടിയ മർദനങ്ങളും ഈശോസഭാംഗമായ മോൺ. ഫ്രാൻസിസ് ഗാർസിയാ ഞങ്ങളുടെ പൂർവപിതാക്കന്മാരോട് പ്രദർശിപ്പിച്ച നിന്ദയും

www.malankaralibrary.com

നിമിത്തം എല്ലാവരും ശക്തിമത്തായ എതിർപ്പോടുകൂടെ 1653-ൽ കൊച്ചിരാജ്യത്തിലുള്ള മട്ടാഞ്ചേരി പള്ളിയിൽ സമ്മേളിച്ച് പോർട്ടുഗീസ് വർഗത്തോടുള്ള വിധേയത്വത്തിൽനിന്ന് പിൻമാറുകയാണെന്ന് ഏകയോഗമായി ധീരതയോടെ സത്യം ചെയ്തു...ഇതു മാത്രമല്ല, ... ഇട്ടിത്തൊമ്മൻ കത്തനാർ ഏഴാം അലക്സാണ്ടർ മാർപാപ്പായുടെ പിൻഗാമിയുടെ നാമത്തിൽ ഒരു വ്യാജക്കത്തെഴുതി. തോമാ അർക്കദിയാക്കോനെ മെത്രാൻസ്ഥാനത്തേക്ക് ഉയർത്താൻ പന്ത്രണ്ട് പുരോഹിതരെ മാർപാപ്പാ അനുവദിക്കുന്നു എന്നായിരുന്നു എഴുത്തിന്റെ ചുരുക്കം."

(3) ആറാം മാർതോമാ 1799 ജൂൺ 11-ന് ആലപ്പുഴ മാർ സ്ലീബാപള്ളിയിൽ വച്ച് (തത്തംപള്ളിയിൽ വച്ച്) തന്റെ സഭൈക്യാവസരം എഴുതിവച്ച പടിയോലയിൽ നിന്ന്: "മലങ്കര എടവകക്കാർ എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി സമ്പാളൂർക്കാരെ ജാതിയ യജമാനന്മാരായി കൈക്കൊള്ളുകയില്ലെന്ന് സത്യം ചെയ്തു."- ഈ രേഖകൾ സൂചിപ്പിക്കുന്നത് കൂനൻകുരിശുസത്യം പോർട്ടുഗീസ് മേധാവിത്വത്തിന് എതിരായിട്ടാണ് എന്നത്രേ.

## *10. എട്ടാം മാർതോമായുടെ കത്ത്*

മലങ്കരസഭയെ സംബന്ധിച്ച് 1812-ൽ മദ്രാസ് ഗവർമെന്റധികാരികൾ എട്ടാം മാർതോമായോട് ഏതാനും കാര്യങ്ങൾ എഴുതി ചോദിക്കുകയുണ്ടായി. എട്ടാം മാർതോമാ ഉടനെ അവയ്ക്ക് മറുപടി നൽകി. അതിൽ നാലാം ചോദ്യത്തിന്റെ മറുപടി ഇപ്രകാരമാണ്: "അർക്കദിയാക്കോനും പള്ളിക്കാരും കൂടെ മട്ടാഞ്ചേരിപള്ളിയിൽ കൂടി ഇനി മേലാൽ സന്തതികാലം വരെയും പറങ്കികളെ അനുസരിക്കരുതെന്ന് സ്ലീബാ പിടിച്ച് സത്യം ചെയ്തു."-കൂനൻകുരിശുസത്യം പറങ്കികൾക്കെതിരെ ആയിരുന്നു എന്നാണല്ലോ ഈ രേഖയും തെളിയിക്കുന്നത്.

## *11. മുളന്തുരുത്തി സൂനഹദോസിന്റെ പടിയോല (1876)*

അതിൽ ഇപ്രകാരം കാണുന്നു: "ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിയിൽ കൂട്ടം കൂടി മേലാൽ പറുങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്ന് സത്യം ചെയ്തു പിരിയുകയും ചെയ്തു."- പോർട്ടുഗീസുകാർക്കെതിരെ മാത്രമായിരുന്നു കൂനൻകുരിശുസത്യം എന്നല്ലയോ ഈ രേഖയും തെളിയിക്കുന്നത്.

ഈ തെളിവുകളെല്ലാം ഒരു യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു: മാർ തോമാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ ഏകവും വിശുദ്ധവും കാതോലികവുമായ സഭയായിരുന്നു. 1498-ൽ കേരളത്തിൽ എത്തിയ പോർട്ടുഗീസുകാർ മാർതോമാ ക്രിസ്ത്യാനികളുമായി അടുത്തിടപെട്ടു. കൂദാശകളിൽ പങ്കുകൊണ്ടു. വിശ്വാസപരമായ കാര്യങ്ങളിൽ ഇരുകൂട്ടരും ഒരന്തരവും കണ്ടില്ല. ഇൻഡ്യയിൽ വന്നിട്ട് ആദ്യത്തെ അമ്പതു കൊല്ലക്കാലത്തേക്ക് പോർട്ടുഗീ

www.malankaralibrary.com

സുകാർക്ക് നാട്ടുകാരായ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടായിരുന്നു എന്നതിന് തെളിവില്ല.

മാർതോമാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസത്തെ സംശയിച്ചുകൊണ്ടുള്ള ഒരൊറ്റ പ്രസ്താവന പോലും വി. ഫ്രാൻസിസ് സേവ്യറാകട്ടെ ആദ്യ കാല രേഖകളാകട്ടെ നൽകിയിട്ടില്ല. വിശ്വാസത്തിലും ഭക്തിയിലും സഭാജീവിതത്തിലും ഉന്നതനിലവാരം പുലർത്തിയിരുന്ന ഒരു സഭയെയാണ് മിഷണറിമാർ ദർശിച്ചത്. പോർട്ടുഗീസ് മിഷണറിമാർ സെമിനരി സ്ഥാപിച്ചതും പോർട്ടുഗീസുകാരുടെ കീഴിൽ വൈദികപരിശീലനത്തിനായി മാർതോമാ ക്രിസ്ത്യാനികൾ വിദ്യാർഥികളെ അയച്ചതും തങ്ങൾ ഒരേ വിശ്വാസത്തിലും ഐക്യത്തിലും കഴിയുന്നവരാണ് എന്നുള്ള ആഴമാർന്ന ബോധ്യത്തിൽ നിന്നു മാത്രമാണ്.

കാലക്രമത്തിൽ സഭയെ തങ്ങളുടെ ആധിപത്യത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴാണ് പോർട്ടുഗീസുകാർ ഇവിടെ "നെസ്തോറിയനിസം കണ്ടെത്തിയത്".എന്നാൽ പോർട്ടുഗീസുകാരുടെ കൂടെ ഉണ്ടായിരുന്ന ചിലരുടെ പ്രസ്താവനകൾ തന്നെ നെസ്തോറിയനിസവാദത്തെ ഖണ്ഡിക്കുന്നു.

എങ്കിലും നാം അനുസ്മരിക്കേണ്ട ഒരു കാര്യമുണ്ട്. പോർട്ടുഗീസ് ആധിപത്യം വരെ (1599) നസ്രാണിസമുദായം ലത്തീൻ ആയിരുന്നില്ല. ലത്തീൻ സഭയുടെ ഭാഗമായിരുന്നില്ല. ഇപ്പോഴും നസ്രാണികളാരും ലത്തീൻ റീത്തിൽ പെട്ടവരല്ല. ഇവിടുത്തെ സിറോ-മലബാർ സഭയും മലങ്കര കത്തോലിക്കാ സഭയും ലത്തീൻസഭയുടെ ഭാഗമല്ല. എന്നാൽ അജ്ഞത കൊണ്ടോ മുൻവിധികൊണ്ടോ ചില ചരിത്രകാരന്മാർ, എല്ലാ കത്തോലിക്കരെയും റോമൻ കത്തോലിക്കർ എന്നു വിളിക്കുന്നു.

ഇൻഡ്യയിലെ പൗരസ്ത്യകത്തോലിക്കരെ ലത്തീൻ റീത്തിൽ ലയിപ്പിച്ച് "റോമൻ കത്തോലിക്കർ" ആക്കാനാണ് മിഷണറിമാർ പരിശ്രമിച്ചത്. അതിന് അവർ സമ്മതിച്ചില്ല. അതിനാണ് കൂനൻ കുരിശുസത്യം ചെയ്തത്.

അതുപോലെ പാശ്ചാത്യർ വരുന്നതുവരെ ഇവിടുത്തെ സഭയ്ക്ക് റോമാ സഭയുമായി സമ്പർക്കതലത്തിൽ വ്യാപകമായ ബന്ധമുണ്ടായിരുന്നില്ല. എന്നാൽ പേർഷ്യയിൽ നിന്നു ഭാരതത്തിൽ കൊണ്ടുവന്നിരുന്ന പുസ്തകങ്ങളിൽ മാർപാപ്പായ്ക്ക് സാർവത്രിക സഭയിലുള്ള പ്രത്യേകപദവി അംഗീകരിച്ചിരിക്കുന്നത് വ്യക്തമായി കാണാം. പാശ്ചാത്യലോകവുമായി ബന്ധമില്ലാതിരുന്നെങ്കിലും, പേർഷ്യയിൽ നിന്നു കൊണ്ടുവന്നിരുന്ന ഗ്രന്ഥങ്ങളിൽ ചില തെറ്റുകൾ ഉണ്ടായിരുന്നെങ്കിലും, ഈ സഭ ശ്ലൈഹികവും കാതോലികവുമായ സത്യവിശ്വാസം കാത്തുസൂക്ഷിക്കാൻ എന്നും ശ്രദ്ധിച്ചു. ഈ നൂറ്റാണ്ടിൽ പല പ്രാവശ്യം റോമാ മാർപാപ്പാമാർ ഈ സംഗതി എടുത്തു പറഞ്ഞിട്ടുണ്ട്.

www.malankaralibrary.com

ചുരുക്കത്തിൽ മലങ്കരനസ്രാണികളെ സംബന്ധിച്ച് തങ്ങളുടെ സഭ ക്രിസ്തുവിന്റെ സഭയായിരുന്നു. റോമാസഭയെപ്പോലെയും മറ്റു സഭകളെപ്പോലെയും തങ്ങൾ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയാണെന്ന് അവർ കണക്കാക്കിയിരുന്നു. തങ്ങൾ നെസ്തോറിയൻ പാഷണ്ഡികളാണെന്ന് നസ്രാണികൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ല, ഇന്നും അംഗീകരിക്കുന്നില്ല.

G. Schurhammer, *The Malabar Church and Rome,* Trichinopoly, 1933.

X. Koodapuzha, *Faith and Communion of the Indian Church of St.Thomas Christians*, Kottayam, 1982.

S. Giamil, *Genuinae Relationes inter Sedem Apostolicam....*Rome, 1902.

J. Wicki, *Documenta Indica, V*, Rome,1958.

M. Geddes,*The History of the Church of Malabar,* London, 1694.

J. Hough, *The History of Christianity in India*,2 vols. London, 1845.

Raulin, *Historia Ecclesiae Malabaricae*, Rome 1745.

Cyril Mar Baselios, *Syro-Malankara Sabha*, Kottayam, 1982.

www.malankaralibrary.com

## ഭാഗം - 2

# കേരളത്തിലെ വിവിധ സഭകൾ

www.malankaralibrary.com

## അധ്യായം - 1

# കത്തോലിക്കാസഭകൾ

കത്തോലിക്കാ സഭയുടെ മൂന്നു ഘടകങ്ങൾ കേരളത്തിലുണ്ട്. സീറോ-മലബാർസഭ, മലങ്കര കത്തോലിക്കാ സഭ, ലത്തീൻ (റോമൻ) കത്തോലിക്കാ സഭ. ഈ മൂന്നു സഭകളെ പറ്റിയാണ് ഈ ഭാഗത്ത് ചുരുക്കമായി ചർച്ച ചെയ്യുന്നത്. കേരളത്തിലെയും ഭാരതം മുഴുവനിലെയും ഏറ്റവും പുരാതന ക്രിസ്തീയ സഭയാണ് സീറോ- മലബാർ സഭ എന്ന് ഇന്നറിയപ്പെടുന്ന അപ്പസ്തോലികസഭ. മാർതോമാ ശ്ലീഹായുടെ കാലം മുതൽ ഇന്നയോളം സാർവത്രിക സംസർഗത്തിൽ നിലനിന്ന സഭയാണിത്.

ക്രി.വ. 1653-നു ശേഷം സാർവത്രികസംസർഗം നഷ്ടപ്പെട്ടെങ്കിലും, 1930-ൽ കത്തോലിക്കാ സഭയുമായുള്ള സമ്പൂർണവും കാനോനികവുമായ ഐക്യത്തിലും കൂട്ടായ്മയിലും എത്തിച്ചേർന്ന സഭയാണ് മലങ്കര കത്തോലിക്കാസഭ.

പതിനാറാം നൂറ്റാണ്ടു മുതൽ കേരളത്തിലെത്തിയ പാശ്ചാത്യ മിഷണറി മാരുടെ മിഷൻപ്രവർത്തനം കൊണ്ട് ഉണ്ടായിട്ടുള്ളതാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കാസഭ. മലങ്കരസഭയും മലബാർസഭയും സാർവത്രിക സഭയിൽ വ്യക്തിത്വമുള്ള രണ്ട് അപ്പസ്തോലിക കത്തോലിക്കാസഭകളാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ യാഥാർഥ്യം അംഗീകരിച്ചിട്ടുള്ള താണ്. ലത്തീൻ സഭയാകട്ടെ, റോമിലെ അപ്പസ്തോലിക സഭയുടെ ഭാഗമാണ്.

സീറോ-മലബാർസഭയുടെ ആരാധനക്രമം വളരെ പുരാതനമാണ്. മെസൊപ്പൊട്ടേമിയായിലെ സെമിറ്റിക് വംശജർ രൂപം നൽകിയ പൗരസ്ത്യ സുറിയാനി ആരാധനക്രമമാണിത്. ഭാരതം, ടിബറ്റ്, ചൈനാ, മംഗോളിയാ, ചില റഷ്യൻ പ്രദേശങ്ങൾ, ഭാരതം മുതൽ സിറിയാ വരെയുള്ള പശ്ചിമേഷ്യൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ഏഷ്യൻ വംശജരുടെ ഇടയിൽ പ്രചാര

www.malankaralibrary.com

ത്തിലിരുന്നത് പൗരസ്ത്യസുറിയാനി ലിറ്റർജിയാണ്. സുവിശേഷത്തോളം ഇതിന് പഴക്കമുണ്ട്.

മലങ്കരസഭയുടെ ആരാധനക്രമം അന്ത്യോക്യനാണ്. സിറിയായിലെ സെമിറ്റിക് വംശജരാണ് അന്ത്യോക്യൻ ആരാധനക്രമത്തിന് രൂപം നൽകിയത്. അത് അൽപ്പസ്വൽപ്പ രൂപഭേദത്തോടെ കോൺസ്റ്റാന്റിനോപ്പിളിലും അലക്സാൺഡ്രിയായിലും വ്യാപിച്ചു. അന്ത്യോക്യൻ ആരാധനക്രമം പതിനെട്ടാം നൂറ്റാണ്ടിൽ (1751) ഭാരതമണ്ണിലെത്തുകയും 1876-ഓടുകൂടി ഒരു വിഭാഗം മലങ്കരനസ്രാണികളുടെ ആരാധനക്രമമായി തീരുകയും ചെയ്തു. അന്ത്യോക്യൻ ആരാധനക്രമം തികച്ചും സെമിറ്റിക്കും സുവിശേഷസന്ദേശം ലഭിച്ച ആദ്യപശ്ചാത്തലങ്ങളുമായി വളരെയധികം ഒത്തുപോകുന്നതുമാണ്. ഈ രണ്ട് ആരാധനക്രമങ്ങളും ഏഷ്യൻ ആരാധനക്രമങ്ങളാണ്. ക്രിസ്തുമതം ഏഷ്യൻ മതമാണല്ലോ. ഏഷ്യയിലെ മണ്ണിന് ഏറ്റവും യോജിച്ചതാണ് പൗരസ്ത്യസുറിയാനി ആരാധനക്രമവും അന്ത്യോക്യൻ ആരാധനക്രമവും. ദൈവികപരിപാലനയിലാണ് ഇവ രണ്ടും ഭാരതത്തിന് ലഭിച്ചത്

പാശ്ചാത്യസഭയിൽ നിന്നാണ് ലത്തീൻ ആരാധനക്രമം കേരളത്തിനും ഭാരതത്തിനും ലഭിച്ചത്. പാശ്ചാത്യമാണെങ്കിലും, ഏതാണ്ട് നാനൂറ് വർഷത്തോളം ഭാരതത്തിൽ ഈ ആരാധനക്രമം നിലനിന്നതിനാൽ, ഇതും ഭാരതത്തിന്റെ ഭാഗമായിരിക്കയാണ്.

പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ ലത്തീൻ മിഷണറിമാർ ഇവിടുത്തെ അതിപുരാതന അപ്പസ്തോലിക സഭയായ സീറോ-മലബാർ സഭയെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. 1500 മുതൽ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ലത്തീൻസഭ ഭാരതത്തിലെ നസ്രാണികളുടെ സഭയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ഈ സഭയെ ലത്തീനീകരിക്കാൻ മിഷണറിമാർ പരിശ്രമിച്ചെങ്കിലും, ഇതിനെ ലത്തീൻ സഭയിൽ ലയിപ്പിക്കാൻ അവർക്കു കഴിഞ്ഞില്ല. എന്നാൽ ഇതിന്റെ വ്യക്തിത്വം വികലമാകുകയും സഭ പിളരുകയും വളരെയധികം പാശ്ചാത്യവൽക്കരിക്കപ്പെടുകയും ചെയ്തു.

ഭാരതത്തിലെ ക്രിസ്തീയസഭയ്ക്ക് മിഷണറിമാരുമായുള്ള സമ്പർക്കം വഴി പല നന്മകളും ലഭിച്ചു. എന്നാൽ സഭാത്മകമായി ഈ സഭ തളർന്നു പോയി. അതിന് വലിയൊരളവിൽ മിഷണറിമാർ കാരണക്കാരാണ്. മിഷണറിബന്ധം സഭാത്മകമായി പൗരസ്ത്യസഭയ്ക്ക് ഒട്ടേറെ ദോഷം ചെയ്തു. അന്ന് മിഷണറിമാർ പ്രവർത്തിച്ചതിന്റെ ദോഷഫലങ്ങൾ ഇന്നും ഇവിടുത്തെ പുരാതനസഭ അനുഭവിക്കുന്നു. എങ്കിലും മിഷണറിമാരുടെ പിൻതലമുറയിൽ പെട്ടവർ ആരും ആ തെറ്റിന് ഉത്തരവാദികളല്ല. എന്നാൽ അന്നത്തെ മിഷണറിമാരുടെ മനോഭാവം ആരെങ്കിലും വച്ചുപുലർത്തുന്നെങ്കിൽ, അത് തിരുത്തി കുറിക്കപ്പെടുക തന്നെ വേണം. ഇത്തരം പരിഹാര ക്രിയകൾ ആവശ്യമാണെന്ന് രണ്ടാംവത്തിക്കാൻ കൗൺസിലിനുശേഷമുള്ള

www.malankaralibrary.com

സഭാചരിത്രവും നടപടികളും നമ്മെ അനുസ്മരിപ്പിക്കുന്നു. ചരിത്രത്തിലെ വേദനാജനകമായ സംഗതികൾ ആവർത്തിച്ച്, മുറിവുകൾ വലുതാക്കാനല്ല, പിന്നെയോ, സഭ നടന്നു നീങ്ങിയ വഴികൾ മനസ്സിലാക്കി തെറ്റു തിരുത്താനും നേരായ പാത തെരഞ്ഞെടുക്കാനും ഓർമകൾ പവിത്രീകരിക്കാനുമാണ് നാം ശ്രമിക്കുന്നത്. നമ്മുടെ അടുത്ത തലമുറയ്ക്ക് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശമാണ് നാം പകർന്നു കൊടുക്കേണ്ടത്.

കത്തോലിക്കാസഭ വ്യക്തിത്വമുള്ള സഭകളുടെ കൂട്ടായ്മയാണ്. കേരളത്തിലെ മൂന്നു കത്തോലിക്കാസഭകളും റോമാ മാർപാപ്പായുടെ നേതൃത്വത്തിൻ കീഴിൽ വിശ്വാസത്തിലും കൗദാശികജീവിതത്തിലും പരിപൂർണമായ കാനോനികൈക്യം പാലിച്ചുകൊണ്ട് ഒറ്റക്കെട്ടായി കർത്താവിനു സാക്ഷ്യം നൽകുന്നു. ഈ മൂന്നു സഭകൾക്കും വ്യത്യസ്ത ചരിത്ര പശ്ചാത്തലങ്ങൾ ഉണ്ടെങ്കിലും, റോമാ സഭാധ്യക്ഷന്റെ കീഴിൽ ഇവ മൂന്നും തുല്യ അവകാശങ്ങളും തുല്യകടമകളുമുള്ള സഭകളാണ്. കിഴക്കും പടിഞ്ഞാറുമുള്ള കത്തോലിക്കാസഭകൾ റോമിലെ മാർപാപ്പായുടെ ആധ്യാത്മിക നേതൃത്വം അംഗീകരിക്കുന്നു.“സ്നേഹത്തിൽ അധ്യക്ഷ സ്ഥാനത്തിരുന്നുകൊണ്ട്” റോമാമെത്രാൻ എല്ലാ സഭകളുടെയും വളർച്ചയിൽ ശ്രദ്ധിക്കുന്നു.

കേരളത്തിലെയും ഭാരതത്തിലെയും ജനങ്ങൾക്ക് ഈ മൂന്നു കത്തോലിക്കാസഭാഘടകങ്ങളും കൂടി ഗണ്യമായ സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. വികസിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തിനു നൽകാൻ തങ്ങൾക്ക് ഒരു മഹാദൗത്യം ഉണ്ടെന്ന ചിന്തയാൽ പ്രേരിതരായിട്ടത്രേ ഈ സഭകളിലെ അംഗങ്ങളുടെ പ്രവർത്തനങ്ങളെല്ലാം തന്നെ. സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, മറ്റ് സാമുഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നുതുടങ്ങി കേരളത്തിന്റെ എല്ലാ ജീവിതത്തുറകളിലും കത്തോലിക്കാസഭകൾ പ്രവർത്തിക്കുന്നു. കേരളത്തിനകത്തും പുറത്തുമുള്ള ജനങ്ങളും ജനനേതാക്കന്മാരും അംഗീകരിച്ചിരിക്കുന്ന ഒരു വലിയ യാഥാർഥ്യമാണിത്. കേരളത്തിലെ കത്തോലിക്കാസഭകളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അവയെ ഏകോപിപ്പിക്കുകയും ചെയ്യാൻ കത്തോലിക്കാ മെത്രാന്മാർക്ക് കേരളാ കാത്തലിക് ബിഷപ്പ്സ് കൗൺസിൽ എന്നൊരു സംഘടനയുണ്ട്.

മുൻകാലങ്ങളിൽ സീറോ-മലബാർ, മലങ്കര കത്തോലിക്കാ സഭകളിലെ വൈദികർക്ക് ലത്തീൻ സെമിനരികളിലത്രേ പരിശീലനം ലഭിച്ചിരുന്നത്. ഇപ്പോൾ ഈ മൂന്നു സഭകൾക്കും സ്വന്തമായി വൈദികപരിശീലന കേന്ദ്രങ്ങളുണ്ട്. നാനാത്വത്തിലുള്ള ഏകത്വത്തിനും വൈവിധ്യത്തിലുള്ള ഐക്യത്തിനുമാണ് വിവിധ കത്തോലിക്കാ സഭകൾ ഊന്നൽ കൊടുക്കുന്നത്. വൈവിധ്യം വൈരുധ്യമായി ഇന്നാരും ചിത്രീകരിക്കുന്നില്ല. അതുപോലെ ഐക്യം ഐകരൂപ്യമായും ആരും കരുതുന്നില്ല. ഓരോ സഭയുടെയും

www.malankaralibrary.com

വ്യക്തിത്വവും ചരിത്രപശ്ചാത്തലവും അംഗീകരിച്ചുകൊണ്ട് കൂട്ടായ്മയിൽ ജീവിക്കാമെന്ന് കേരളത്തിലെ മൂന്നു കത്തോലിക്കാ സഭകൾ കാണിച്ചു കൊടുത്തുകൊണ്ടിരിക്കയാണ്. നാനാത്വത്തിലുള്ള ഏകത്വത്തിനും കൂട്ടായ്മയ്ക്കും സാക്ഷ്യം വഹിച്ചുകൊണ്ട് ഭാരതത്തിലെ ജനകോടികൾക്ക് രക്ഷകനെ ചൂണ്ടിക്കാണിക്കാനുള്ള പരിശ്രമത്തിലാണ് കേരളത്തിലെ കത്തോലിക്കാസഭകൾ. കേരളത്തിലെ മൂന്നു കത്തോലിക്കാ സഭകളെപ്പറ്റി ചുരുക്കമായി ചർച്ചചെയ്യാം.

www.malankaralibrary.com

# 1
# സീറോ-മലബാർ സഭ

കേരളത്തിലെ എന്നുമാത്രമല്ല, ഭാരതം മുഴുവനിലെയും അതിപൂരാതന സഭയാണ് ഇപ്പോൾ സീറോ-മലബാർ സഭ എന്നറിയപ്പെടുന്ന കത്തോലിക്കാ സഭ. കർതൃശിഷ്യനായ മാർ തോമാശ്ലീഹാ സ്ഥാപിച്ച ഏകവും വിശുദ്ധവും കാതോലികവുമായ സഭയാണിത്. ഈ സഭ ഒരിക്കലും കാതോലികത്വം നഷ്ടപ്പെടുത്തിയിട്ടില്ല. ഈ സഭയുടെ ചരിത്രം പുത്തൻകൂർ സമുദായവുമായും ലത്തീൻസഭയുമായും കെട്ടുപിണഞ്ഞു കിടക്കുന്നു. അതുകൊണ്ട് ഈ സഭയുടെ ചരിത്രത്തിൽ ഇടയ്ക്കിടെ മേൽപ്പറഞ്ഞ സഭകളുടെ ചരിത്രവും കടന്നുവരുന്നുണ്ട്. ഈ സഭയുടെ ചരിത്രം മൂന്നായി തിരിക്കാം.

## 1. മാർ തോമാശ്ലീഹാ മുതൽ കൂനൻകുരിശുസത്യം വരെ (52–1653)

ഇതേപ്പറ്റി ഒന്നാംഭാഗത്ത് ചർച്ചചെയ്തിട്ടുള്ളതാണ്.[1] അതുകൊണ്ട് വളരെ ചുരുക്കി മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു. മാർതോമാ ശ്ലീഹാ സ്ഥാപിച്ച അവിഭക്ത മലങ്കര സഭയ്ക്ക് പേർഷ്യയിലെ ക്രിസ്തീയ സഭയുമായിട്ടായിരുന്നു ആദ്യനൂറ്റാണ്ടുകളിൽ അടുപ്പം. ആരാധനക്രമം പൗരസ്ത്യ സുറിയാനി ഭാഷയിൽ ആയിരുന്നു. പോർട്ടുഗീസുകാർ പതിനാറാം നൂറ്റാണ്ടിൽ ഇവിടെ വന്നപ്പോൾ ഇവിടെ ഉണ്ടായിരുന്ന മെത്രാന്മാർ പേർഷ്യയിലെ കൽദായ കത്തോലിക്കാ സഭയിൽ പെട്ടവരായിരുന്നു. റോമൻ സഭയുടെ രീതികളിൽ നിന്നു വ്യത്യസ്തമായവ ശീശ്മയും പാഷണ്ഡതയുമായി മനസ്സിലാക്കിയ പാശ്ചാത്യ മിഷണറിമാർ ഈ സഭയെ "കാതോലികമാക്കാൻ" ശ്രമങ്ങൾ ആരംഭിച്ചു. ലത്തീൻ രീതികൾ നടപ്പിലാക്കി ഈ സഭയെ റോമൻ കത്തോലിക്കാ സഭയുടെ ഭാഗമാക്കാനുള്ള പരിശ്രമങ്ങൾ പോർട്ടുഗീസുകാർ നടത്തി.

---

1. മുകളിൽ ഒന്നാം ഭാഗം കാണുക.

www.malankaralibrary.com

ഉദയംപേരൂർ സൂനഹദോസിൽ വച്ചാണ് (1599)മലങ്കരസഭയിൽ നിർണായക മാറ്റങ്ങൾക്കു വേണ്ടിയുള്ള ഡിക്രികൾ പോർട്ടുഗീസുകാരനായ ഗോവാ മെത്രാപ്പോലത്താ ഡോം മെനെസിസ് എഴുതി വായിച്ചത്. തുടർന്ന് ലത്തീൻ മെത്രാന്മാർ സഭാധ്യക്ഷസ്ഥാനത്തു വന്നു. ഫ്രാൻസിസ് റോസ് (1599–1624), സ്റ്റീഫൻ ബ്രിട്ടോ (1624–1641), ഫ്രാൻസിസ് ഗാർസ്യാ (1641–1657) എന്നീ ജസ്വിട്ടരായിരുന്നു മെത്രാന്മാർ. മലങ്കരനസ്രാണികൾ മുഴുവൻ അങ്ങനെ ഈ ലത്തീൻ കത്തോലിക്കാ മെത്രാന്മാരുടെ കീഴിൽ വന്നു.

## 2. കൂനൻകുരിശുസത്യം മുതൽ (1653) സീറോ-മലബാർ ഹയരാർക്കി പുനഃസ്ഥാപനം വരെയുള്ള കാലഘട്ടം (1923)

ഒരു പ്രാചീനസഭയുടെ പരമ്പരാഗതമായ ഭരണക്രമവും പോർട്ടുഗീസുകാരുടെ സ്ഥാപിത താൽപ്പര്യങ്ങളുമായുള്ള ഏറ്റുമുട്ടലുമാണ് 1599 മുതൽ 1653 വരെയുള്ള കാലഘട്ടത്തിൽ നാം ദർശിക്കുക. പോർട്ടുഗീസുകാർക്ക് രാഷ്ട്രീയലക്ഷ്യങ്ങളുണ്ടായിരുന്നു. മതത്തെ അതിനവർ കരുവാക്കി. മാർതോമാ നസ്രാണിസഭ എന്താണെന്ന് വ്യക്തമായി അറിയാമായിരുന്നവരും സഭയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്തവരും ജനങ്ങളുടെ ഇടയന്മാരുമായിരുന്ന ആർച്ചുഡീക്കന്മാർക്ക് കൊളോണിയലിസത്തിന്റെ മുമ്പിൽ തല കുനിച്ചുകൊടുക്കാനായില്ല.

മട്ടാഞ്ചേരിയിൽ വച്ച് 1653 ജനുവരി മൂന്ന് വെള്ളിയാഴ്ച ദിവസം നടന്ന കൂനൻകുരിശുസത്യം എന്നറിയപ്പെടുന്ന സംഭവത്തിലൂടെ മലങ്കര നസ്രാണികൾ ഒന്നടങ്കം പോർട്ടുഗീസുകാരായ ജസ്വിട്ടർക്കെതിരെ ഒരു ശപഥം നടത്തി. ഒന്നോ രണ്ടോ ആളുകളോ, നസ്രാണികളിൽ ഒരു വിഭാഗമോ അല്ല, നസ്രാണി സമുദായം മുഴുവനുമാണ് ഈ പ്രതിജ്ഞ ചെയ്തത്:

"സന്തതിയുള്ള കാലത്തോളം സമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കുകയില്ല".

ഇതായിരുന്നു കൂനൻകുരിശു സത്യം. അമ്പഴക്കാട്ടിനടുത്തുള്ള ജസ്വിട്ട് പഠനക്കളരിയായ സമ്പാളൂരിലെ (സെന്റ് പോൾസ്) പാതിരിമാരായ ജസ്വിട്ടരെ മേലിൽ അനുസരിക്കയില്ല, അവരുടെ കീഴിൽ മേലിൽ കഴിയുകയില്ല എന്നതായിരുന്നു പ്രതിജ്ഞ. ബിഷപ്പന്മാരായ റോസും ബ്രിട്ടോയും ഗാർസ്യായുമെല്ലാം ഇതിൽ പെട്ടവരായിരുന്നല്ലോ.

കൂനൻകുരിശു സത്യത്തോടുകൂടി മലങ്കരസഭ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയല്ലാതായി തീർന്നില്ല. എന്നാൽ കാലക്രമത്തിൽ ഒരു വിഭാഗത്തിന് സാർവത്രികസഭയുമായുള്ള സമ്പൂർണ കൂട്ടായ്മ നഷ്ടപ്പെടാൻ ഇടയായി. അതായത് അവരെ സംബന്ധിച്ച് കാതോലികത്വത്തിന് മങ്ങലേറ്റു. 1599 മുതൽ 1653 വരെ പോർട്ടുഗീസ് പാദ്രോവാദോയിലൂടെ നസ്രാണികളെല്ലാവരും റോമാ മാർപാപ്പായുമായി

www.malankaralibrary.com

സമ്പൂർണ്ണ കൂട്ടായ്മയിൽ ആയിരുന്നു. അതായത്, കത്തോലിക്കരായിരുന്ന മലങ്കരനസ്രാണികൾ റോമൻ കത്തോലിക്കരും ആയിരുന്നു എന്നു സാരം. ആ കാലഘട്ടത്തിൽ ലത്തീൻ സഭയിൽ നിന്നു ലഭിച്ചതും ഈ സഭയിൽ നിലനിന്നതുമായ നിരവധി നടപടിക്രമങ്ങൾ, പിന്നീട് പുത്തൻകൂറ്റുകാർ ആയിത്തീർന്നവരുടെ ഇടയിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി വരെയും മാറ്റം കൂടാതെ നിലനിന്നു. അവയിൽ ചലതൊക്കെ നീക്കം ചെയ്യപ്പെട്ടത് 1836-ലെ മാവേലിക്കര സൂനഹദോസിനുശേഷമാണ്. ഏതാണ്ട് പൂർണമായി നീക്കം ചെയ്യപ്പെട്ടത് 1876-ലെ മുളന്തുരുത്തി സൂനഹദോസോടു കൂടിയാണ്. കൂനൻകുരിശുസത്യം റോമാ മാർപാപ്പായ്ക്ക് എതിരല്ലായിരുന്നു. പിന്നെയോ ജസ്വിട്ട് പാതിരിമാർക്ക് എതിരായിട്ടായിരുന്നു എന്ന്, കൂനൻ കുരിശിനുശേഷം ഒന്നാം മാർത്തോമായും നാലാം മാർത്തോമായും അഞ്ചാം മാർത്തോമായും ആറാം മാർ തോമായും പുലിക്കോട്ടിൽ രണ്ടാമൻ മാർ ദിവന്നാസ്യോസും റോമിലേക്കയച്ച കത്തുകളിലും നിവേദനങ്ങളിലും നിന്ന് സ്പഷ്ടമാകുന്നു. ഇക്കാര്യം വളരെ സ്പഷ്ടമായി മേൽപ്പറഞ്ഞ സഭാനേതാക്കന്മാരുടെ കത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയൊക്കെ ഇന്നു ലഭ്യമാണ്.

കൂനൻകുരിശുസത്യത്തിൽ പങ്കെടുത്തവർ തോമാ ആർച്ചുഡീക്കനെ സഭാനേതാവായി അംഗീകരിച്ചു. നാല് ആലോചനക്കാരെയും നിയമിച്ചു. 1653 മെയ്മാസത്തിൽ പന്ത്രണ്ടു വൈദികർകൂടി ആലങ്ങാട്ടുവച്ച് ആർച്ചുഡീക്കനെ മാർതോമാ എന്ന പേരിൽ തലയിൽ കൈവച്ച് സഭാനേതാവാക്കി. തെക്കും ഭാഗസമുദായത്തിൽ പെട്ടയാളും ചുങ്കംപള്ളിവികാരിയുമായിരുന്ന ആഞ്ഞിലി മൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ വ്യാജരേഖയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത്. പട്ടംകൊട, മൂറോൻകൂദാശ എന്നിവ നടത്തരുതെന്ന നിബന്ധനയോടു കൂടിയാണ് ആർച്ചുഡീക്കനെ സഭാനേതാവാക്കിയത്.

നടന്ന സംഗതികൾ വിവരിച്ചുകൊണ്ടും തന്റെ സ്ഥാനം ക്രമപ്പെടുത്തണ മെന്ന് കാണിച്ചുകൊണ്ടും മാർതോമാ ആർച്ചുഡീക്കൻ റോമിലേക്കെഴുതി. അതിനു മറുപടിയായി സെബസ്ത്യാനി, ഹിയാസിന്ത് എന്നീ രണ്ട് കർമ ലീത്താ വൈദികരെ റോമിൽ നിന്ന് ഭാരതത്തിലേക്കയച്ചു. അവർ നാട്ടിലെ ത്താൻ കുറേ സമയമെടുത്തു. മരിയ സെബസ്ത്യാനി 1657-ൽ ഇവിടെ യെത്തി. അടുത്തവർഷം ഹിയാസിന്തുമെത്തി. സെബസ്ത്യാനി മാർതോമാ യുമായി കൂടിക്കാഴ്ച നടത്തി. നിരവധിപേരേ ഇന്റർവ്യൂ ചെയ്തു. "മാർതോമാ യുടെ പട്ടം ശരിയല്ല. ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജമാണ്. തന്നെ അയച്ചത് മാർപാപ്പായാണ്" എന്നെല്ലാം സെബസ്ത്യാനി പ്രചരിപ്പിച്ചതിന്റെ ഫലമായി കൂനൻകുരിശുസത്യം ചെയ്ത അനേകർ മാർ തോമായെ വിട്ടിട്ട്, തിരികെ വീണ്ടും മിഷണറിമാരെ അഗീകരിക്കാൻ തുടങ്ങി. "തന്റെ പട്ടം ക്രമീകരിക്കണം" എന്ന ഡിമാന്റ് മാർതോമാ മുന്നോട്ടുവച്ചു. "സ്വമേധയാ സ്വീകരിച്ച അധികാരചിഹ്നങ്ങൾ താഴെവയ്ക്കുക, അതിനുശേഷം പട്ടം

www.malankaralibrary.com

ക്രമപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കാം" എന്ന നിലപാട് സെബസ്ത്യാനി എടുത്തു. സെബസ്ത്യാനി 1658-ൽ റോമിൽ പോയി റിപ്പോർട്ടു സമർപ്പിച്ചു.

ഹിയാസിന്ത് 1658-ൽ കേരളത്തിൽ എത്തുകയും മാർതോമായെ സന്ദർശിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. മെത്രാന്റെ വടി, മുടി മുതലായ സ്ഥാനചിഹ്നങ്ങൾ ത്യജിക്കാൻ മാർ തോമാ സന്നദ്ധത പ്രകടിപ്പിച്ചു. "തിരികെ വരാം, എന്നാൽ ഗാർസ്യായെ അംഗീകരിക്കയില്ല" എന്ന നിലപാടായിരുന്നു പൊതുവെ നസ്രാണികൾക്ക് ഉണ്ടായിരുന്നത്. ബിഷപ്പ് ഗാർസ്യായാകട്ടെ, എല്ലാവരും തന്റെ കീഴിൽ വരണമെന്ന് ദുശ്ശാഠ്യം പിടിച്ചു. ഗാർസ്യാ ഇതിനോടകം മറ്റൊരാളെ തന്റെ ആർച്ചുഡീക്കനായി നിയമിച്ചു കഴിഞ്ഞിരുന്നു. പുതുതായി നിയമിക്കപ്പെട്ട ആർച്ചുഡീക്കൻ പിന്മാറാൻ സന്നദ്ധത കാണിച്ചില്ല. അങ്കമാലി ഉൾപ്പെടെ പല ഇടവകകളെയും തിരികെ കൊണ്ടുവരാൻ ഹിയാസിന്തിന് കഴിഞ്ഞു. എന്നാൽ 1659-ൽ ഹിയാസിന്ത് തോമാ ആർച്ചുഡീക്കനെ മഹറോൻ ചൊല്ലി. ഗാർസ്യാ 1659-ലും ഹിയാസിന്ത് 1661-ലും മരിച്ചു. മരിക്കുന്നതിനുമുമ്പ് ഗാർസ്യായും മാർതോമായെ മഹറോൻ ചൊല്ലി.

സെബസ്ത്യാനി മെത്രാനായി 1661-ൽ തിരികെ നാട്ടിലെത്തി. കൊടുങ്ങല്ലൂർ പാദ്രൊവാദോ ജസ്വിട്ട് ഭരണത്തിൽ ഗാർസ്യായുടെ കീഴിൽ നിൽക്കാൻ ഇഷ്ടമില്ലാതിരുന്ന മാർതോമാ ക്രിസ്ത്യാനികൾക്കുവേണ്ടി *മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ്*[2] എന്നൊന്ന് റോം സ്ഥാപിച്ചു. അതിന്റെ മെത്രാനായിട്ടാണ് സെബസ്ത്യാനി എത്തിയത്. പിണങ്ങി നിന്നവരെ അതിന്റെ കീഴിൽ വരാൻ സെബസ്ത്യാനി ക്ഷണിച്ചു. ഈ സ്ഥാപനം പ്രൊപ്പഗാന്തായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. സെബസ്ത്യാനിയുടെ പ്രവർത്തനഫലമായി വളരെയധികം പേർ മാർ തോമായെ വിട്ട് കർമലീത്താക്കാരനായ സെബസ്ത്യാനിയുടെ കൂടെ കൂടി. ഇപ്രകാരം ലത്തീൻസഭ തന്നെ ഇവിടെ ദ്വിഭരണാധികാരം[3] ഏർപ്പെടുത്തി.

അന്ന് കൊടുങ്ങല്ലൂർ പാദ്രൊവാദോ രൂപതയിൽ ഏതാണ്ട് ഒൻപത് ഇടവകകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ജസ്വിട്ടരെ സ്വീകരിക്കാത്തവർക്കുവേണ്ടിയായിരുന്നു "മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ്." അതിന്റെ കീഴിൽ വരാൻ ആഗ്രഹിച്ച മാർതോമാ ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം അതിന്റെ വ്യാപ്തി ഉണ്ടായിരുന്നു. ഇതോടുകൂടി മാർതോമാ ക്രിസ്ത്യാനികളുടെ ഏകസഭ നാലു തട്ടിലായി:

1. കൊച്ചി പാദ്രൊവാദോ രൂപതയിലും മറ്റ് ലത്തീൻ രൂപതകളിലും 1610-ൽ ഉൾപ്പെട്ടുപോയ പള്ളിക്കാർ. അവർ ആരാധനക്രമം മാറ്റാതെ സുറിയാനിക്കാരായി ലത്തീൻ മെത്രാന്മാരുടെ കീഴിൽ കഴിഞ്ഞു.

---

2. Vicariate Apostolic of Malabar
3. Double Jurisdiction

www.malankaralibrary.com

2. കൊടുങ്ങല്ലൂർ പാദ്രോവാദോ രൂപതയിലേക്ക് (1657) തിരികെപ്പോയ ഏതാണ്ട് ഒൻപത് പള്ളിക്കാർ

3. മലബാറിലെ വികാരിയേറ്റിൽ സെബസ്ത്യാനിയുടെ കീഴിൽ വന്ന ബഹുഭൂരിപക്ഷം പള്ളിക്കാർ

4. തോമാ ആർച്ചുഡീക്കന്റെ കൂടെ നിന്ന ന്യൂനപക്ഷം പള്ളിക്കാർ.

കത്തോലിക്കരായി തുടർന്ന മാർതോമാ ക്രിസ്ത്യാനികൾ തുടർന്നുള്ള നൂറ്റാണ്ടുകളിൽ പാദ്രോവാദോ, പ്രൊപ്പഗാന്താ എന്നിങ്ങനെ രണ്ടു ഭരണ ങ്ങളുടെ കീഴിൽ വന്നു. റോസ് മെത്രാൻ ഉണ്ടാക്കിയ ലത്തീനീകരിച്ച സുറിയാനി ആരാധനക്രമം ആണ്, മാർ തോമായുടെ കൂടെ നിന്നവർ ഉൾപ്പെടെ, എല്ലാ നസ്രാണികളും ഉപയോഗിച്ചു കൊണ്ടിരുന്നത്. തുടർന്ന് ഏതാണ്ട് ഒരു നൂറ്റാണ്ടുകാലത്തേക്ക് (1661–1779) പ്രൊപ്പഗാന്തായുടെ കീഴിലുള്ള മലബാറിലെ അപ്പസ്തോലിക വികാരയേറ്റിൽ പെട്ട കർമലീത്താ മെത്രാന്മാരുടെ (ഓ.സി.ഡി.) കീഴിലായിരുന്നു കത്തോലിക്കരായ മാർതോമാ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും.[4]

പാദ്രോവാദോയുടെ കീഴിൽ വളരെ കുറച്ചു പള്ളികളേ ഉണ്ടായി രുന്നുള്ളു. അതുപോലെ ഗാർസ്യായുടെ പിൻഗാമികളായി പോർട്ടുഗീസ് സർക്കാർ നിയമിച്ച പാശ്ചാത്യമെത്രാന്മാർ ഒന്നുകിൽ നിയമനം സ്വീകരിച്ചില്ല, അല്ലെങ്കിൽ ഇവിടെയെത്തി ഭരണം നടത്തിയില്ല. 1701 മുതൽ 1773 വരെ നാലുപേർ കൊടുങ്ങല്ലൂർ പാദ്രോവാദോ രൂപത ഭരിച്ചിട്ടുണ്ട്. റിബെയ്രോ (1701–1716), പിമെന്റൾ (1716–1752), വാസ് കൊൺസെല്ലോസ് (1753–1756), സാൽവദോർ (1756–1773). റോം ജസ്വിട്ട് സമൂഹം നിർത്തലാക്കിയപ്പോൾ (1773–1782) പ്രൊപ്പഗാന്തായുടെ ഭരണം മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളു. കൊടുങ്ങല്ലൂർ ഭരണാധികാരികളായ ജസ്വിട്ട് മെത്രാന്മാർ പുത്തൻചിറയിലും മലബാർ വികാരി അപ്പസ്തോലിക്കാമാർ വരാപ്പുഴയിലും താമസിച്ചിരുന്നു.

## പറമ്പിൽ മാർ ചാണ്ടിമെത്രാൻ (1663–1687)

പ്രൊപ്പഗാന്തായുടെ കീഴിലുള്ള മലബാറിലെ അപ്പസ്തോലിക വികാരിയേറ്റിൽ ആദ്യം ഭരിച്ചയാൾ ജോസഫ് മരിയ സെബസ്ത്യാനി എന്ന കർമലീത്താ(ഓ.സി.ഡി.)മെത്രാനായിരുന്നു. കേരളത്തിലെ പൗരസ്ത്യ സുറിയാനി ആരാധനാരീതികൾ നടപ്പാക്കാനും ആവശ്യമെങ്കിൽ ഒരു പിൻഗാമിയെ വാഴിക്കാനുമുള്ള അധികാരപത്രങ്ങളോടു കൂടിയാണ് സെബസ്ത്യാനി തിരികെയെത്തിയത്. അദ്ദേഹം മാർ തോമായുമായി ചർച്ചകൾ നടത്തി. യാതൊരു കാരണവശാലും മാർ തോമായ്ക്ക് പട്ടം നൽകുന്നതല്ലെന്ന് സെബസ്ത്യാനി മർക്കടമുഷ്ടി പിടിച്ചു.

4. J.M. Pananthanam, *The Canonical Reforms of Leonardo Mellano,* Rome 1976 (Doctoral Thesis). ലത്തീൻ റീത്തിൽ പെട്ട ഈ കർമലീത്തരുടെ പ്രവർത്തനങ്ങളുടെ സ്വഭാവം അറിയാൻ ഈ ഗ്രന്ഥം സഹായകമാണ്.

www.malankaralibrary.com

ഈ കാലഘട്ടത്തിൽ ഡച്ചുകാർ പോർട്ടുഗീസുകാരിൽ നിന്ന് കൊടുങ്ങല്ലൂരും കൊച്ചിയും പിടിച്ചെടുത്തു. ഉടൻ നാടുവിട്ടുകൊള്ളാൻ ഡച്ചുകാർ സെബസ്ത്യാനിയോട് ആവശ്യപ്പെട്ടു. ഉടനെ അദ്ദേഹം മാർ തോമായുടെ പട്ടം ക്രമപ്പെടുത്തുന്നതിന് കൂട്ടാക്കാതെ, അദ്ദേഹത്തെ മഹറോൻ ചൊല്ലുകയും മാർതോമായുടെ നാല് ആലോചനക്കാരിൽ ഒരാളായിരുന്ന പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടിക്കത്തനാരെ കടുത്തുരുത്തി വലിയ പള്ളിയിൽ വച്ച് തന്റെ പിൻഗാമിയായി മെത്രാനായി വാഴിക്കുകയും ചെയ്തിട്ട് നാടുവിട്ടു. റോമിന്റെ വ്യക്തമായ അനുവാദം കൂടാതെ ആർക്കും മെത്രാൻപട്ടം കൊടുക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യിച്ച ശേഷമാണ് ചാണ്ടിക്കത്തനാർക്ക് സെബസ്ത്യാനി മെത്രാൻപട്ടം നൽകിയത്. അപ്പസ്തോലിക വികാരി ആയിരുന്നെങ്കിലും, *ഇൻഡ്യാ മുഴുവന്റെയും മെത്രാപ്പോലീത്താ* എന്നാണ് ചാണ്ടിമെത്രാൻ ഒപ്പിട്ടിരുന്നത്. അദ്ദേഹത്തിന്റെ ആർച്ചുഡീക്കനായ മത്തായിയും *ഇൻഡ്യാ മുഴുവന്റെയും അർക്കദിയാക്കോൻ* എന്നാണ് ഒപ്പിട്ടിരുന്നത്.

മലങ്കരസഭയും സഭാപാരമ്പര്യങ്ങളും ആചാരങ്ങളും ആരാധനക്രമങ്ങളും നന്നായറിയാവുന്ന ആളായിരുന്നു ചാണ്ടിമെത്രാൻ. നാട്ടുകാരനെ മെത്രാനായി കിട്ടിയതിൽ മൊത്തം മലങ്കരയിൽ ഉണ്ടായിരുന്ന 110 പള്ളികളിൽ 64 എണ്ണം പൂർണമായും 20 എണ്ണം ഭാഗികമായും ചാണ്ടി മെത്രാനെ സ്വീകരിച്ചു. 26 പള്ളിക്കാർ തോമാ മെത്രാനെയും സ്വീകരിച്ചു.[5] ഇങ്ങനെ സമുദായം പിളർന്നു. ചാണ്ടി മെത്രാന്റെ കൂടെ നിന്നവർ, അന്നുവരെ ഉപയോഗിച്ച പേർഷ്യയിലെ പൗരസ്ത്യസുറിയാനിക്രമങ്ങൾ തുടർന്നും ഉപയോഗിക്കുകയും റോമൻ കത്തോലിക്കരായി തുടരുകയും ചെയ്തു. മാർതോമായുടെ കൂടെ നിന്നവർ കാലക്രമത്തിൽ പൗരസ്ത്യ സുറിയാനി ആരാധനക്രമം ഉപേക്ഷിക്കുകയും റോമൻ കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ കൂട്ടായ്മ നഷ്ടപ്പെടുത്തുകയും ചെയ്തു. ചാണ്ടിമെത്രാന്റെ അനുയായികൾ പഴയകൂറ്റുകാരെന്നും തോമാ മെത്രാന്റെ അനുയായികൾ പുത്തൻകൂറ്റുകാരെന്നും അറിയപ്പെടാൻ തുടങ്ങി.

സമുദായം പിളർന്നെങ്കിലും, അന്നൊന്നും അകന്നില്ല. പൊതുവായി ഉപയോഗിച്ചിരുന്ന പല പള്ളികളും ഉണ്ടായിരുന്നു. താൻ മാർപാപ്പായുടെ കൽപ്പനയാലാണ് എല്ലാം ചെയ്തതെന്ന് ജനങ്ങളെ വിശ്വസിപ്പിക്കാൻ മാർതോമാ ആവുന്നത്ര ശ്രമിച്ചു. മാർതോമായുമായി ധാരണയുണ്ടാക്കി പട്ടംകൊടുത്ത് സമുദായത്തെ ഒന്നിപ്പിക്കുന്നതിനു പകരം സമുദായത്തെ പിളർപ്പിൽ നിലനിർത്താൻ വേണ്ടിയാണ് അതേ കുടുംബത്തിലും അതേ ഇടവകയിലും പെട്ട ചാണ്ടിക്കത്തനാരെ മെത്രാനാക്കിയത്. ചാണ്ടിക്കത്തനാരുടെ സ്ഥാനത്ത് മാർതോമായ്ക്ക് സെബസ്ത്യാനി പട്ടംകൊടുത്തി

5. കൂടപ്പുഴ, *ഭാരതസഭാചരിത്രം*, കോട്ടയം, 1980, പേ. 332.

www.malankaralibrary.com

രുന്നെങ്കിൽ, ഇവിടെ പിളർപ്പോ പുത്തൻകൂർ സമുദായമോ ഉണ്ടാകുമായിരുന്നില്ല. മിഷണറിമാരുടെ തുടർന്നുള്ള പ്രവർത്തനങ്ങളും ഈ പിളർപ്പ് വർധിപ്പിച്ചു. മാർതോമാ ശീശ്മക്കാരനാണെന്ന് അവർ പ്രചരിപ്പിച്ചു.

മാർതോമായാകട്ടെ, എങ്ങനെയും തന്റെ സ്ഥാനം ശരിപ്പെടുത്തിക്കിട്ടാൻ ശ്രമിച്ചു. റോമിൽ നിന്ന് അനുകൂലമറുപടി ലഭിക്കാതെ വന്നപ്പോൾ, അന്ത്യോക്യൻ യാക്കോബായാ സഭയിൽ നിന്ന് 1665–ൽ ഇവിടെ വന്ന മാർ ഗ്രിഗോറിയോസിനെ മാർതോമാ സ്വീകരിച്ചു. എന്നാൽ മാർതോമായ്ക്ക് ഈ ഗ്രിഗോറിയേസ് പട്ടം ക്രമപ്പെടുത്തി കൊടുത്തു എന്നതിന് സമകാലീന തെളിവുകൾ ഒന്നുമില്ല. യാക്കോബായാസഭയിൽ മെത്രാൻപട്ടത്തിന്റെ അവസരം പേരുമാറി വിളിക്കുക അന്നുമിന്നും പതിവാണ്. അത് ഇവിടെ നടന്നില്ല. ഗ്രിഗോറിയോസും അദ്ദേഹത്തിനു ശേഷം ഇവിടെ ഇടയ്ക്കിടെ വന്ന യാക്കോബായാ മെത്രാന്മാരും ഇവിടുത്തെ ക്രിസ്തീയ സഭയിലെ പിളർപ്പ് വർധിപ്പിക്കാൻ പാശ്ചാത്യരായ ലത്തീൻ മിഷണറിമാരെപ്പോലെ പരിശ്രമിച്ചു. പോർട്ടുഗീസ് ജസ്വിട്ടരോടുള്ള പിണക്കം റോമിലെ മാർപാപ്പായോടുള്ള പിണക്കമായി മാറ്റിയെടുക്കാനും മാർതോമായോടു കൂടെ നിന്നവരെ അതിൽ തളച്ചിടാനും സമുദായത്തിന്റെ വളർച്ച തടയാനും അവർ ശ്രമിച്ചു. അതിൽ അവർ വിജയിക്കുകയും ചെയ്തു. കൂനൻകുരിശു സത്യത്തേക്കാൾ സമുദായത്തിന് ഹാനികരമായത് മാർ ഗ്രിഗോറിയോസിന്റെ വരവും യാക്കോബായാ സഭാപ്രവേശനവുമായിരുന്നു.[6] ഈ പിളർപ്പിൽ ആർച്ചുഡീക്കനും പങ്കുണ്ടായിരുന്നു. സ്വന്തം ജാതിയിൽ പെട്ട മെത്രാനെ ലഭിച്ചശേഷവും കൂടുതൽ ആളുകളെയും പള്ളികളെയും സ്വാധീനിച്ച് തന്റെ കൂടെ നിർത്താനാണ് മാർതോമാ ശ്രമിച്ചത്.

## ചാണ്ടി മെത്രാന്റെ പിൻഗാമി

ചാണ്ടിമെത്രാന്റെ പിൻഗാമിയായി പഴയകൂറ്റുകാരുടെ മെത്രാനായത് മാർതോമാ നസ്രാണികളിൽ പെട്ട ആളല്ലായിരുന്നു. റോമിൽ നിന്ന് നിർദേശിച്ചത് 'ആ ദേശത്തു ജനിച്ചവനും നാട്ടുകാരനുമായ ഒരാളെ മെത്രാനാക്കണം' എന്നായിരുന്നു. റോമിന്റെ നിർദേശം തൃണവൽക്കരിച്ചു കൊണ്ട് മാർതോമാ ക്രിസ്ത്യാനികൾക്ക് മെത്രാൻപട്ടം കൊടുക്കാതെ സമുദായത്തെ കൈയടക്കി വയ്ക്കാനായി, കർമലീത്താക്കാരായ (ഓ.സി.ഡി.) ലത്തീൻ മിഷണറിമാർ റഫായേൽ ഫിഗുവെരെദോ എന്ന യാളെ മെത്രാനായി തെരഞ്ഞെടുത്തു. ഈ നാട്ടിൽ ജനിച്ച ഒരു സങ്കര ജാതിക്കാരനായിരുന്നു ഇയാൾ. 'കുപ്പായക്കാരൻ റപ്പായേൽ' എന്ന് അദ്ദേഹത്തെ ചിലർ കളിയാക്കി വിളിച്ചിരുന്നു. ഈ വ്യക്തിക്ക് മാർതോമാ ശ്ലീഹായുടെ മലങ്കരസഭാകാര്യങ്ങൾ ഒന്നും തന്നെ അറിവില്ലായിരുന്നു. ഈ സ്ഥാനത്തിന് അദ്ദേഹം തികച്ചും അയോഗ്യനുമായിരുന്നെന്ന് മറ്റു

6. അതേകൃതി, 335.

www.malankaralibrary.com

പാശ്ചാത്യർക്കും പിന്നീട് സമ്മതിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ നിയമനത്തിൽ ചാണ്ടിമെത്രാൻ വളരെ ദുഃഖിക്കുകയും അയാൾക്ക് മെത്രാൻപട്ടം നൽകാൻ വിസമ്മതിക്കുകയും ചെയ്തു.

റപ്പായേലാകട്ടെ, കാനറാ വികാരി അപ്പസ്തോലിക്കാ ആയിരുന്ന തോമസ് കാസ്ട്രോയെ സ്വാധീനിച്ച് മെത്രാനായി. എന്നാൽ ചാണ്ടിമെത്രാൻ മരിക്കുന്നതുവരെ (1687) റപ്പായേലിന് ഭരിക്കാൻ സാധിച്ചില്ല.[7] ചാണ്ടി മെത്രാന്റെ മരണശേഷം റപ്പായേൽ ഭരണം ഏറ്റെടുത്തെങ്കിലും, കർമലീത്തർ തന്നെ അദ്ദേഹത്തിനെതിരെ റോമിലേക്ക് എഴുതുകയും റോമിൽ നിന്നുള്ള അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് തെളിയുകയും ചെയ്തു. അതിനാൽ 1694-ൽ അദ്ദേഹത്തെ സ്ഥാനത്തുനിന്നു നീക്കി. തുടർന്ന് നിയമിതരായ ലത്തീൻ മെത്രാന്മാർക്ക് ഭരണം ഏറ്റെടുക്കാൻ കഴിഞ്ഞില്ല. മത്തായി എന്ന ആർച്ചുഡീക്കൻ 1694 മുതൽ 1700 വരെ ഭരണം നടത്തി.[8] അദ്ദേഹത്തെ മെത്രാനാക്കാൻ കൊളോണിയൽ ശക്തികൾ ശിപാർശ ചെയ്തില്ല. അവരെ ധിക്കരിച്ച് നിജസ്ഥിതി ഗ്രഹിച്ച് സ്വന്തമായ തീരുമാനമെടുക്കാൻ റോമിനും ശക്തിയില്ലായിരുന്നു. സഭയും കൊളോണിയൽ രാഷ്ട്രീയവും അത്രമാത്രം കെട്ടുപിണഞ്ഞു കിടന്നു.

## ആൻജലൂസ് ഫ്രാൻസിസ് (1700-1712)

പിന്നീട് പേരെടുത്തു പറയത്തക്ക വ്യക്തി ആൻജലൂസ് ഫ്രാൻസിസ് എന്ന കർമലീത്താക്കാരൻ (ഓ.സി.ഡി.) ആയിരുന്നു. ഡച്ചുകാരുടെ സാന്നിധ്യംമൂലം കൊടുങ്ങല്ലൂർ, കൊച്ചി എന്നീ പാദ്രൊവാദോ രൂപതകളിൽ മെത്രാന്മാർ ഇല്ലാതിരുന്നപ്പോഴാണ് അദ്ദേഹത്തെ പ്രൊപ്പഗാന്താസംഘം നിയമിച്ചത്. മലബാറിലെ വികാരി അപ്പസ്തോലിക്കാ സ്ഥാനമായിരുന്നു അദ്ദേഹത്തിന്. കൊടുങ്ങല്ലൂരിലും കൊച്ചിയിലും അധ്യക്ഷന്മാർ നിയമിതരാകുന്നതുവരെ അധികാരി ആയിരിക്കാൻ നിയമിക്കപ്പെട്ട ആളായിരുന്നു അദ്ദേഹം. ആൻജലൂസ് ഫ്രാൻസിസിനു പട്ടം കൊടുക്കാൻ ഇൻഡ്യയിലെ പാദ്രൊവാദോ മെത്രാന്മാർ വിസമ്മതിച്ചു. ആയിടയ്ക്ക് കേരളത്തിലെത്തിയ മാർ ശെമഓൻ എന്ന പേർഷ്യൻ കത്തോലിക്കാ മെത്രാനെ ആൻജലൂസ് ഫ്രാൻസിസ് സമീപിച്ചു. അദ്ദേഹം 1701 മെയ് മാസം 22-ന് ആലങ്ങാട്ടു പള്ളിയിൽ വച്ച് ഫ്രാൻസീസിന് പട്ടം നൽകി.

അതിനുമുമ്പും അതിനുശേഷവും പൗരസ്ത്യ സുറിയാനിമെത്രാന്മാരെ ശീശ്മക്കാരായും പാഷണ്ഡികളായും അത്രേ മിഷണറിമാർ കണ്ടിരുന്നത്. ആൻജലൂസ് ഫ്രാൻസീസിന് മെത്രാൻപട്ടം ലഭിക്കേണ്ടിവന്നപ്പോൾ, പശ്ചിമേഷ്യൻ മെത്രാൻ ശീശ്മക്കാരൻ അല്ലാതായി. അപ്പോൾ അവർ

---

7. ചാണ്ടിമെത്രാന്റെ കല്ലറയിൽ ''മലങ്കര മെത്രാപ്പോലീത്താ'' എന്നാണ് എഴുതിയിരിക്കുന്നത്.
8. കൂടപ്പുഴ, *അതേകൃതി,* 348.

www.malankaralibrary.com

ആരോപിച്ചിരുന്ന പാഷണ്ഡതയും ശീശ്മയും അവസരവാദപരമായ പ്രസ്താവനകൾ മാത്രമാണെന്ന് വ്യക്തമാണല്ലോ.[9]

## പാദ്രോവാദോ ഭരണം

പ്രൊപ്പഗാന്താ ഒരു മെത്രാനെ കേരളത്തിൽ നിയമിച്ചു എന്നറിഞ്ഞ പോർട്ടുഗൽ രാജാവ് കൊടുങ്ങല്ലൂർ രൂപതയ്ക്ക് പാദ്രോവാദോ മെത്രാന്മാരെ നിയമിച്ചു. അപ്രകാരം നിയമിതനായ റിബെയ്രോ എന്ന ജസ്വിട്ട് മെത്രാന് (1701–1716) കൊടുങ്ങല്ലൂർ രൂപതയുടെ കീഴിൽ നിന്ന പള്ളികളുടെ ഭരണം കാര്യക്ഷമമായി ഏറ്റെടുത്ത് നടത്താൻ കഴിഞ്ഞില്ല. മാർതോമാ ക്രിസ്ത്യാനികളുടെയും ഡച്ചുകാരുടെയും കർമലീത്താക്കാരുടെയും എതിർപ്പും നിസ്സഹകരണവും നിമിത്തമാണ് അപ്രകാരം സംഭവിച്ചത്.[10] കൊടുങ്ങല്ലൂരിന്റെയും കൊച്ചിയുടെയും കീഴിലുള്ള സുറിയാനി പള്ളികൾ റിബെയ്രോയെ ഏൽപ്പിക്കാൻ ആൻജലൂസ് ഫ്രാൻസീസ് സന്നദ്ധനായിരുന്നു. കർമലീത്തരും ജസ്വിട്ടരും ഈ കാലഘട്ടത്തിൽ കടുത്ത കിടമത്സരത്തിൽ ഏർപ്പെട്ടിരുന്നു. മാർതോമാ ക്രിസ്ത്യാനികളുടെ ഇടയിൽ തങ്ങൾക്കുള്ള സ്വാധീനം നിലനിർത്താനും എതിർകക്ഷിയെ ഇവിടെ നിന്ന് ഓടിക്കാനും ഇരുകൂട്ടരും തന്ത്രങ്ങൾ ആവിഷ്കരിച്ചു. പരസ്പരം കുറ്റാരോപണം നടത്തിക്കൊണ്ടുള്ള കത്തുകൾ റോമിലേക്ക് പ്രവഹിച്ചു കൊണ്ടിരുന്നു. എന്നാൽ ഇരുകൂട്ടരും യോജിച്ചിരുന്ന ഒരു സുപ്രധാന മേഖലയുണ്ടായിരുന്നു: മാർതോമാ ക്രിസ്ത്യാനികളിൽ നിന്ന് ആരെയും മെത്രാനായി വാഴിക്കാൻ പാടില്ല. യൂറോപ്പിൽ നിന്ന് ഈ സഭയിൽ അനധികൃതമായി കടന്നുവന്ന ഈ രണ്ട് പാശ്ചാത്യ സന്യാസസമൂഹങ്ങൾ തമ്മിലുള്ള കിടമത്സരങ്ങൾ ഇവിടുത്തെ പഴയകൂറ്റുകാരുടെ സഭയുടെ വളർച്ചയെ സാരമായി ബാധിച്ചു. ഇരുകൂട്ടരും കുറെയാളുകളെ തങ്ങളുടെ കൂടെ തടുത്തുനിർത്തി. പഴയകൂർസമുദായം തന്നെ രണ്ടുതട്ടിലായി. രണ്ടുതരം ചിന്താധാര ഇവരുടെ ഇടയിൽ ഉടലെടുത്തു. പൊതുവെ നോക്കിയാൽ ജസ്വിട്ടരായ മെത്രാന്മാരെ കൂനൻകുരിശിനുശേഷം മാർതോമാ ക്രിസ്ത്യാനികൾ ഇഷ്ടപ്പെട്ടിരുന്നില്ല. പാദ്രോവാദോയുടെ കീഴിൽ വളരെ കുറച്ചു പള്ളികളേ ഉണ്ടിയിരുന്നുള്ളു താനും. ഡച്ചുകാർ പാദ്രോവാദോ മെത്രാന്മാർക്ക് പ്രവേശനാനുമതി നൽകിയതുമില്ല. ഈ കാലത്ത് (1708) മാർ ഗബ്രിയേൽ എന്ന ഒരു മെത്രാൻ പശ്ചിമേഷ്യയിൽ നിന്ന് ഇവിടെയെത്തി. കുറേപ്പേർ അദ്ദേഹത്തിന്റെ കൂടെയും ചേർന്നു. കോട്ടയത്തു വച്ച് 1731–ൽ മാർ ഗബ്രിയേൽ മരിച്ചു.

ആൻജലൂസ് ഫ്രാൻസൂസിനുശേഷം (1712) ഭരിച്ച പ്രൊപ്പഗാന്താ ഭരണാധികാരികളായ മലബാറിലെ അപ്പസ്തോലിക വികാരിമാർ കൊച്ചി,

---

9. *അതേകൃതി,* 349.

10. *അതേകൃതി,* 355.

www.malankaralibrary.com

കൊടുങ്ങല്ലൂർ എന്നീ പദ്രവാദോ രൂപതകളിലെ മെത്രാന്മാർക്ക് ഭരിക്കാൻ സാധിക്കാത്ത പള്ളികളും ഭരിച്ചിരുന്നു.[11] ഈ വികാരി അപ്പസ്തോലിക്കാമാർ ലത്തീൻകാരായിരുന്നു. അവരുടെ കീഴിൽ ലത്തീൻകാരും സുറിയാനിക്കാരും ഉണ്ടായിരുന്നു. ഈ മെത്രാന്മാരെയും പഴയകൂറ്റുകാരായ സുറിയാനിക്കാരുടെ മെത്രാന്മാർ എന്നു വിളിച്ചുകൂടാ. നിയമപരമായി റോമിൽ നിന്നോ പോർട്ടുഗലിൽ നിന്നോ ഉള്ള അധികാരപത്രം ഒന്നുകൊണ്ടുമാത്രം മെത്രാന്മാർ ആയവരായിരുന്നു അവരൊക്കെ. അവർ ഈ അപ്പസ്തോലിക സഭയുടെ വക്താക്കളോ പ്രതിനിധികളോ ഇവിടുത്തെ ജനങ്ങളുടെ നേതാക്കന്മാരോ ആയിരുന്നില്ല.

## കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്താ (1782–1786)

റോം 1773-ൽ ജസ്വിട്ട് സമൂഹം നിർത്തലാക്കിയപ്പോൾ കൊടുങ്ങല്ലൂർ അതിരൂപതയിൽ 1782 വരെ അഡ്മനിസ്ട്രേറ്റർമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. തുടർന്ന് മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്താ സഭാധ്യക്ഷനായി. എന്നാൽ അദ്ദേഹത്തിന് നാട്ടിലെത്താനായില്ല. പറമ്പിൽ ചാണ്ടി മെത്രാനുശേഷം ''മാർതോമാക്രിസ്ത്യാനികളുടെ മെത്രാൻ'' എന്നു വിളിക്കാവുന്ന ഏകയാൾ കരിയാറ്റിയാണ്. ചാണ്ടിമെത്രാൻ പ്രൊപ്പഗാന്താ ഭരണത്തിൻ കീഴിലായിരുന്നെങ്കിൽ, കരിയാറ്റി പാദ്രൊവാദോ ഭരണത്തിൻ കീഴിലായിരുന്നു. മാർതോമാ ക്രിസ്ത്യാനികളുടെ സഭ പുത്തൻകൂറെന്നും പഴയകൂറെന്നും രണ്ടായി പിളർന്നു കഴിയുന്നതിൽ അത്യധികം വേദനിച്ചിരുന്ന ഒരു മഹദ്വ്യക്തിയായിരുന്നു കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്താ. പുത്തൻകൂറ്റുകാരെ കരിയാറ്റി ഒരിക്കലും ശീശ്മക്കാരായി കണ്ടില്ല. 'ഒരേ സമുദായത്തിലെയും സഭയിലെയും രണ്ടു ശാഖകളാണിവർ. ഇവരെ ഒന്നിപ്പിക്കണം'എന്നചിന്ത അദ്ദേഹത്തിൽ ശക്തമായിരുന്നു. കരിയാറ്റി ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം എടുത്തത് റോമിലായിരുന്നു. 'പുത്തൻകൂറും പഴയകൂറും യോജിച്ച് സ്വന്തം മെത്രാന്റെ കീഴിൽ വരണം. വിദേശികളുടെ മേൽക്കോയ്മ അവസാനിപ്പിക്കണം, വൈദിക വിദ്യാർഥികളെ പരിശീലിപ്പിക്കാൻ സ്വന്തമായി സെമിനരി വേണം' എന്നൊക്കെ ധരിച്ചിരുന്ന സ്വാതന്ത്ര്യപ്രേമിയായ കരിയാറ്റി മൽപ്പാൻ, പാറേമ്മാക്കൽ തോമ്മാക്കത്തനാരോടു കൂടെ അനേകം കഷ്ടതകൾ സഹിച്ച് യൂറോപ്പിലെത്തി. പുത്തൻകൂറ്റുകാരുടെയും പഴയകൂറ്റുകാരുടെയും മെമ്മോറാണ്ഡങ്ങൾ കൊണ്ടാണ് അദ്ദേഹം പോയത്. രണ്ടു കൂട്ടരുടെയും പ്രതിനിധിയായി റോമിലെത്തിയ കരിയാറ്റി മൽപ്പാന് റോമിൽ നിന്ന് അനുകൂല പ്രതികരണം ലഭിച്ചില്ല. പ്രതിബന്ധങ്ങൾ വകവയ്ക്കാതെ കരിയാറ്റി പോർട്ടുഗലിലെത്തി. രാജ്ഞിയുടെ ശിപാർശപ്രകാരം കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്താ ആയി. പുത്തൻകൂറ്റുകാരെ പുനരൈക്യപ്പെടുത്താനുള്ള അനുവാദവും സമ്പാദിച്ചു.

11. *അതേകൃതി,*359.

www.malankaralibrary.com

ഇക്കാലമത്രയും (1653-1782) മാർതോമാ നസ്രാണികളുടെ ഐക്യത്തിന് തടസ്സം നിന്നത് പാശ്ചാത്യ മിഷണറിമാരായിരുന്നു. രണ്ടുവിഭാഗങ്ങളും കൂടി ഐക്യപ്പെട്ട് സ്വന്തം മെത്രാന്റെ കീഴിൽ വന്നാൽ തങ്ങൾക്കിവിടെ പിന്നീട് ഒരു സ്ഥാനവും ഉണ്ടായിരിക്കുന്നതല്ലെന്ന് മിഷണറിമാർക്ക് അറിയാമായിരുന്നു. കരിയാറ്റി യൂറോപ്പിലേക്ക് പോയ അവസരം ഇവിടെ ഉണ്ടായിരുന്ന മിഷണറിമാർ അദ്ദേഹത്തിനെതിരായി ദുരാരോപണങ്ങൾ അടങ്ങിയ നിരവധി കത്തുകൾ യൂറോപ്പിൽ പലയിടത്തും എത്തിച്ചിരുന്നു. എങ്കിലും നിരാശനാകാതെ കരിയാറ്റി പ്രവർത്തിച്ചു. അന്ന് സുറിയാനി സമുദായത്തിൽ ഏറ്റവും അറിവുള്ള വ്യക്തി കരിയാറ്റി തന്നെയായിരുന്നു. "തന്റെ ജനം അടിമത്തത്തിലാണ്, അവർക്ക് മോചനം കിട്ടണം അതിൽ കുറഞ്ഞൊന്നും തനിക്ക് സ്വീകാര്യമല്ല'' എന്ന ധീരമായ നിലപാടാണ് കരിയാറ്റി സ്വീകരിച്ചത്. യൂറോപ്പിൽ വച്ച് കരിയാറ്റിക്കുണ്ടായ പ്രയാസങ്ങളുടെ ബഹിർസ്ഫുരണമാണ് *വർത്തനമാനപ്പുസ്തകം*. ഒരപ്പസ്തോലികസഭയുടെ ആത്മാലാപനമാണത്. കരിയാറ്റി 1782-ൽ മെത്രാപ്പോലീത്താ ആയി നിയമിതനായി. തിരികെ നാട്ടിലേക്ക് വരുന്നവഴി 1786-ൽ ഗോവായിൽ വച്ച് മരിച്ചു. അതോടെ സുറിയാനിക്കാരുടെ പ്രതീക്ഷകൾ കരിഞ്ഞുപോയി. കരിയാറ്റി നാട്ടിലെത്തിയില്ല. പുത്തുൻകൂറ്റുകാരും പഴയകൂറ്റുകാരും യോജിപ്പിലെത്തിയില്ല.

## പാറേമ്മാക്കൽ തോമ്മാക്കത്തനാർ (1786-1799)

കരിയാറ്റി മരിച്ചശേഷം, സഹയാത്രികനായിരുന്ന തോമ്മാക്കത്തനാർ അഡ്മിനിസ്ട്രേറ്റർ (ഗോവർണദോർ) ആയി. കൊടുങ്ങല്ലൂർ പാദ്രൊവാദോ രൂപതയിലാണ് കത്തനാർ ഭരിച്ചതെങ്കിലും, മറ്റു രൂപതകളിൽ ഉൾപ്പെട്ടിരുന്ന പഴയകൂർ സുറിയാനിക്കാരെല്ലാം അദ്ദേഹത്തെ അംഗീകരിച്ചു. പാറേമ്മാക്കലിനെ മെത്രാപ്പോലീത്താ ആക്കണമെന്ന് സമുദായം ഒന്നടങ്കം അങ്കമാലിയിൽ കൂടി തീരുമാനിച്ചു. അവർ യൂറോപ്പിലേക്ക് നിവേദനങ്ങളുമയച്ചു. എന്നാൽ അപ്പോഴും മിഷണറിമാർ എതിർത്തുകൊണ്ടിരുന്നു. രാജാക്കന്മാരെക്കൊണ്ട് നാട്ടുകാരായ സുറിയാനി ക്രിസ്ത്യാനികളെ ഉപദ്രവിപ്പിക്കുകയും ചെയ്തു. പൗളീനുസ് എന്നു പേരുള്ള പാശ്ചാത്യമിഷണറിക്ക് ഇക്കാര്യത്തിൽ നല്ല പങ്കുണ്ടായിരുന്നു.[12] ഈ കാലത്ത് പണ്ടാരി പൗലോസ് എന്ന പഴയകൂർ വൈദികൻ പശ്ചിമേഷ്യയിൽ പോയി കത്തോലിക്കാ മെത്രാനായി മാർ അബ്രഹാം എന്ന് പേരെടുത്തു വന്നു. അദ്ദേഹത്തിനു യഥാർഥ കൈവയ്പ് ഉണ്ടായിരുന്നങ്കിലും, ഭരിക്കാനുള്ള അധികാര പത്രങ്ങളൊന്നും ലഭിച്ചിരുന്നില്ല. അദ്ദേഹം സഭാഭരണത്തിൽ ഇടപെടാതെ അങ്കമാലിയിൽ താമസമാക്കി.

12. *അതേകൃതി*, 384-385.

www.malankaralibrary.com

## കട്ടക്കയം അബ്രഹാം കത്തനാരും ശങ്കുരിക്കൽ ഗീവർഗീസ് മൽപ്പാനും

പാറേമ്മാക്കൽ തോമ്മാക്കത്തനാർ മരിച്ചപ്പോൾ (1799), മാർ അബ്രഹാമും മറ്റു പ്രമുഖവൈദികരും കൂടി കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി കട്ടക്കയം അബ്രഹാം കത്തനാരെ തെരഞ്ഞെടുത്തു. ഒന്നരക്കൊല്ലം അദ്ദേഹം നേതൃത്വം നൽകി. ഇക്കാലത്താണ് ആറാം മാർതോമാ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടത്. പഴയകൂർ സുറിയാനിക്കാർ എല്ലാവരും ഒന്നിച്ച് കട്ടക്കയത്തിനെ അംഗീകരിച്ചത് മിഷണറിമാർക്ക് ഇഷ്ടപ്പെട്ടില്ല. അവർ ചില പള്ളികളെ സ്വാധീനിച്ച് ശങ്കുരിക്കൽ ഗീവർഗീസ് മൽപ്പാനെ അഡ്മിനിസ്ട്രേറ്ററാക്കി. ഈ പശ്ചാത്തലത്തിൽ, ഐക്യം നിലനിർത്താൻവേണ്ടി കട്ടക്കയം അബ്രഹാം കത്തനാർ രാജിവച്ചു. പിളർപ്പ് ഒഴിവാക്കാനാണ് അപ്രകാരം ചെയ്തത്. സുറിയാനിക്കാർ ഒന്നടങ്കം ശങ്കുരിക്കലിനെ സ്വീകരിച്ചു. അങ്ങനെ മിഷണറിമാരുടെ തന്ത്രം പൊളിഞ്ഞു. മാർ അബ്രഹാം മെത്രാനെന്ന പണ്ടാരി പൗലോസും ഇതംഗീകരിച്ചു.[13]

## വരാപ്പുഴ അപ്പസ്തോലിക വികാരിയേറ്റ്

അതിനുശേഷം നാട്ടുകാരെ അഡ്മിനിസ്ട്രേറ്റർമാരാക്കിയില്ല. ഗ്രിഗറി പതിനാറാമൻ മാർപാപ്പായുടെ കാലത്ത്(1831-1846) പോർട്ടുഗലുമായി പാപ്പായ്ക്ക് ഉണ്ടായിരുന്ന പ്രശ്നങ്ങളുടെ പേരിൽ പാദ്രോവാദോ രൂപതകളായ കൊടുങ്ങല്ലൂരും കൊച്ചിയും 1838-ൽ നിർത്തൽ ചെയ്തു. 1864 വരെ ഈ നില തുടർന്നു. ഈ കാലയളവിൽ പഴയകൂറ്റുകാരായ മാർതോമാ ക്രിസ്ത്യാനികളും ലത്തീൻകാരുമെല്ലാം മലബാറിലെ അപ്പസ്തോലിക വികാരിയേറ്റിന്റെ കീഴിലായി. അന്നുമുതൽ ഈ വികാരിയേറ്റ്, *വരാപ്പുഴ അപ്പസ്തോലിക വികാരിയേറ്റ്* എന്നറിയപ്പെടാൻ തുടങ്ങി. ഈ വികാരിയേറ്റിന്റെ അതിർത്തി 1838 മുതൽ കാനറാ വരെ നീട്ടിയിരുന്നു. തങ്ങളുടെ ഭരണാധികാരിക്ക് ആർച്ചുബിഷപ്പ് സ്ഥാനം നൽകണമെന്ന് സുറിയാനിക്കാർ ആവശ്യപ്പെട്ടതനുസരിച്ച് വരാപ്പുഴയിലെ അപ്പസ്തോലിക വികാരിയെ റോം ആർച്ചുബിഷപ്പു സ്ഥാനം നൽകി 1840-ൽ ബഹുമാനിച്ചു.[14]

## വീണ്ടും വിഭജനം

വരാപ്പുഴ അപ്പസ്തോലികവികാരിയേറ്റിനെ 1845-ൽ വരാപ്പുഴ, കൊല്ലം, മംഗലാപുരം എന്നിങ്ങനെ മൂന്നു വികാരിയേറ്റുകളായി വിഭജിച്ചു. വരാപ്പുഴയുടെ അതിർത്തി പമ്പയും ഭാരതപ്പുഴയുമായി. മാർ തോമാ നസ്രാണികളിൽ

13. അതേകൃതി, 396-397.
14. 1886-ൽ ഇൻഡ്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചപ്പോൾ ഈ "വരാപ്പുഴ വികാരിയേറ്റിനെ" അതിരൂപതയാക്കി. എന്നാൽ അത് സുറിയാനിക്കാർക്കുവേണ്ടി ആയിരുന്നില്ല. പിന്നെയോ, ലത്തീൻ കാർക്കുവേണ്ടി ആയിരുന്നു.

www.malankaralibrary.com

ഭൂരിഭാഗവും ഈ വികാരിയേറ്റിൽ ഉൾപ്പെട്ടു. അതിനു പുറത്തുള്ളവർ കൊല്ലം, മംഗലാപുരം എന്നീ വികാരിയേറ്റുകളിലായി. വരാപ്പുഴ വികാരി യേറ്റിൽ സുറിയാനിക്കാരും ലത്തീൻകാരും ഉണ്ടായിരുന്നു. പുതിയ സംവിധാനത്തിലും മെത്രാന്മാർ പാശ്ചാത്യർ തന്നെയായിരുന്നു.[15] 1864-ൽ പാദ്രോവാദോ വീണ്ടും നടപ്പാക്കിയപ്പോൾ കൊടുങ്ങല്ലൂർ രൂപത പുനഃ സ്ഥാപിക്കപ്പെട്ടു. മാർതോമാ ക്രിസ്ത്യാനികൾക്ക് ഇഷ്ടാനുസരണം കൊടുങ്ങല്ലൂരോ, വരാപ്പുഴയോ ചേരാമായിരുന്നു. അങ്ങനെ പഴയകൂറ്റുകാരെ പിന്നെയും ഒരു വിഭജനത്തിനു വിധേയരാക്കി.

## നാട്ടുമെത്രാനു വേണ്ടിയുള്ള നിവേദനങ്ങൾ

ഇപ്രകാരം പല ഭരണാധികാരികളുടെ കീഴിൽ കിടന്ന് സമുദായം നശിച്ചുകൊണ്ടിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ ജസ്വിട്ടർ ചെയ്തതുപോലെ പതിനെട്ടാം നൂറ്റാണ്ടിൽ കർമലീത്തരും ചെയ്തു. ജനം രണ്ടുകൂട്ടരെയും ഇഷ്ടപ്പെട്ടില്ല. സഭയെ വളർത്താനോ, സഭാഭരണം നാട്ടുകാരെ ഏൽപ്പി ക്കാനോ ഈ വിദേശിയരാരും സന്നദ്ധരായില്ല. ഇവിടെ എത്ര വിഭജനങ്ങൾ ഉണ്ടായാലും കഴിയുന്നത്ര ഇവിടെ പിടിച്ചുനിൽക്കാനാണ് അവർ ശ്രമിച്ചത്. എന്നാൽ സ്വന്തം സഭയുടെ പൈതൃകം അറിയാവുന്ന വൈദികരും ജനങ്ങളും വിദേശശക്തികൾക്കെതിരെ ഒത്തൊരുമിച്ചുനിന്നു. അവർ നിരന്തര മായി റോമിലേക്ക് നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു. പുത്തൻകൂർ സഹോദരങ്ങളെ പുനരൈക്യപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളും നടന്നു. എന്നാൽ ഇതിനൊക്കെ ഇടയിൽ സഭയെയും സമുദായത്തെയും ഒറ്റു കൊടുത്തുകൊണ്ട് മിഷണറിമാരുടെ പിണിയാളുകളായി വർത്തിച്ച ചിലർ 17-ാം നൂറ്റാണ്ടിലും 18-ാം നൂറ്റാണ്ടിലും ഉണ്ടായിരുന്നു.

## മാറ്റങ്ങളുടെ കാലഘട്ടം

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിലും കേരളത്തിൽ മൊത്തത്തിൽ മാറ്റങ്ങളുടെ കാലഘട്ടമായിരുന്നു. മൈസൂറിൽ നിന്ന് 1766 മുതൽ ഹൈദരാലിയും ടിപ്പുവും കേരളം ആക്രമി ക്കുകയും നിരവധി പള്ളികൾ തകർക്കുകയും നാശനഷ്ടങ്ങൾ വരുത്തി വയ്ക്കുകയും ചെയ്തു. ഇവിടെ ബ്രിട്ടീഷ് ആധിപത്യം 1792 മുതൽ സ്ഥാപിതമായി. ക്രിസ്ത്യാനികൾ ആയുധധാരികളായി സഞ്ചരിക്കുന്നത് 1795 മുതൽ ബ്രിട്ടീഷുകാർ നിരോധിച്ചു. ബ്രിട്ടീഷുകാരോടൊത്ത് ആംഗ്ലിക്കൻ മിഷണറിമാർ കേരളത്തിൽ എത്തുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങു കയും ചെയ്തു. അന്നുവരെ സവർണരുടെ കുത്തകയായിരുന്ന വിദ്യാഭ്യാസം അവർണരുടെ ഇടയിലേക്ക് വ്യാപിക്കാൻ തുടങ്ങി. അടിമക്കച്ചവടവും അടിമവ്യവസ്ഥിതിയും നിരോധിക്കപ്പെട്ടു. നാട്ടിൽ ഗതാഗതസൗകര്യങ്ങൾ

15. *Christian Orient*, 9/1(1988) p.41.n.5

www.malankaralibrary.com

വർധിച്ചു. പൊതുജനാരോഗ്യപ്രദമായ കാര്യങ്ങൾ ചെയ്തുതുടങ്ങി. വിദ്യാഭ്യാസം വഴി വിവിധ സമുദായങ്ങളും ഉദ്ബുദ്ധരായി. ചട്ടമ്പിസ്വാമികൾ (1854–1924), ശ്രീ നാരായണഗുരു (1856–1928), വക്കം അബ്ദുൾ ഖാദർ മൗലവി (1873–1932) തുടങ്ങിയ നേതാക്കന്മാർ ഉയർന്നുവന്നു. പഴയകൂറ്റുകാർ നാട്ടു മെത്രാനു വേണ്ടിയുള്ള ധർമസമരം തുടർന്നുകൊണ്ടിരുന്നു.

## മാർ തോമാ റോക്കോസ് (1861–1862)

ഇക്കാലത്ത് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്നത് ബർണദീനോ ബാച്ചിനെല്ലി (1853–1868) എന്ന ഇറ്റാലിയൻ മിഷണറി മെത്രാൻ ആയിരുന്നു. തദവസരം പശ്ചിമേഷ്യയിൽ നിന്ന് മെത്രാന്മാരെ ലഭിക്കാനുള്ള പരിശ്രമങ്ങൾ നസ്രാണികൾ നടത്തി. ആന്റണി കുടക്കച്ചിറ, ആന്റണി തൊണ്ടനാട്ട് എന്നീ വൈദികരാണ് അതിനു നേതൃത്വം നൽകിയത്. അവർ പശ്ചിമേഷ്യയിലുള്ള കത്തോലിക്കാ പാത്രിയർക്കീസായ മാർ ജോസഫ് ഔദോയുടെ(1848–1878) പക്കലെത്തി മാർ തോമാ റോക്കോസ് എന്ന കത്തോലിക്കാ മെത്രാനെ 1861–ൽ നാട്ടിൽ കൊണ്ടുവന്നു. ഇവിടുത്തെ സ്ഥിതിഗതികൾ കണ്ടറിഞ്ഞ് റിപ്പോർട്ടു ചെയ്യാൻ വിസിറ്റർ എന്ന നിലയി ലാണ് റോക്കോസിനെ ഔദോ പാത്രിയർക്കീസ് അയച്ചത്. റോക്കോസിന് കൊച്ചിയിൽ ഗംഭീരസ്വീകരണം നൽകി. അദ്ദേഹത്തെ ആഘോഷമായി തൈക്കാട്ടുശ്ശേരി പള്ളിയിലേക്ക് ആനയിച്ചു. അവിടെവച്ചു നടന്ന പള്ളിക്കാ രുടെ യോഗത്തിൽ മാന്നാനവും എൽത്തുരുത്തും മെത്രാന്റെ ആസ്ഥാനങ്ങ ളായി നിശ്ചയിച്ചു. റോക്കോസിന്റെ വരവ് പഴയകൂർ സമുദായത്തിൽ വീണ്ടും പിളർപ്പുണ്ടാക്കി. ഭൂരിഭാഗം ജനങ്ങൾ റോക്കോസിന്റെ പക്ഷം ചേർന്നു. പഴയകൂറ്റുകാരുടെ 86 പള്ളികൾ പൂർണമായും 15 പള്ളികൾ പകുതിയും 14 പള്ളികളിൽ നാലിൽ മൂന്നു ഭാഗവും റോക്കോസിനെ സ്വീകരിച്ചു. 38 പഴയകൂർ പള്ളികൾ റോക്കോസിനെ സ്വീകരിക്കാതെ പാശ്ചാത്യ ലത്തീൻ മെത്രാന്മാരുടെ കീഴിൽ തന്നെ നിന്നു.[16] തദവസരം പഴയകൂറ്റുകാർ വരാപ്പുഴ, പാദ്രോവാദോ, റോക്കോസ് എന്നീ നേതൃത്വങ്ങളുടെ കീഴിലായി. മിഷണറി മാർ റോമിൽ സ്വാധീനം ചെലുത്തി. റോക്കോസിനെ തിരികെ വിളിക്കാൻ ഒൻപതാം പീയൂസ് മാർപാപ്പാ (1846–1878) പാത്രിയർക്കീസിനെ പ്രേരിപ്പിച്ചു. റോക്കോസിനെ നേരിടാൻ വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചനെ 1861 ജൂൺ 8–ന് ബർണദീൻ മെത്രാൻ സുറിയാനിക്കാരുടെ വികാരി ജനറാളാക്കി. പാത്രിയർക്കീസ് ആവശ്യപ്പെട്ടതനുസരിച്ച് 1862–ൽ റോക്കോസ് തിരികെ പോയി. അദ്ദേഹത്തോടൊപ്പം തൊണ്ടനാട്ട് അന്തോണിക്കത്തനാർ, പൂണ്ടിക്കുളത്ത് അബ്രഹാം ശെമ്മാശ്ശൻ, ശ്രാമ്പിക്കൽ തോമ്മാ എന്നിവർ പശ്ചിമേഷ്യയിലേക്കു പോയി. തൊണ്ടനാടിനെ പശ്ചിമേഷ്യയിലെ നെസ്തോ

16. ആലഞ്ചേരി തോമ്മാ ബർണാർദ്, *മാർതോമ്മാ ക്രിസ്ത്യാനികൾ,* കോട്ടയം,1992,$^2$ പേ.276–278.

www.malankaralibrary.com

റിയൻ പാത്രിയർക്കീസ് 1862-ൽ മാർ അബ്ദീശോ എന്ന പേരിൽ മെത്രാനാക്കി. റോക്കോസിന്റെ കൂടെ നിന്നവർ വരാപ്പുഴയിലോ, പാദ്രോവാദോയിലോ ചേരാൻ നിർബന്ധിതരായി. മാർ അബ്ദീശോ തിരികെയെത്തി പ്ലാശനാൽ താമസമാക്കി. പിന്നീട് അനുതപിച്ചതിനാൽ മഹറോൻ പോക്കി ഇടമറ്റത്തും പിന്നെ വിളക്കുമാടത്തും പള്ളിവികാരിയാക്കി.

## വിശുദ്ധ ചാവറയച്ചൻ (1805-1871)

ചാവറയച്ചനെ വികാരി ജനറാൾ ആക്കിയപ്പോൾ ജനം സന്തോഷിച്ചു. അദ്ദേഹത്തെ മെത്രാനാക്കുമെന്ന് അവർ കരുതി. 'വിവേകവതിയായ' ചാവറയച്ചനെ മെത്രാനാക്കണമെന്ന് റോക്കോസ് പ്രശ്നം കൊടുമ്പിരിക്കൊണ്ടിരുന്നപ്പോൾ ബർണദീൻ മെത്രാൻ പ്രൊപ്പഗാന്തായോട് ശിപാർശ ചെയ്തു. റോക്കോസ് പോയിക്കഴിഞ്ഞപ്പോഴുള്ള മറുപടി, അദ്ദേഹം 'ശുദ്ധനെങ്കിലും സന്മാർഗ ശാസ്ത്രവിജ്ഞാനം ഇല്ലാത്തവനും ഭരണപാടവം ഇല്ലാത്തവനും വൃദ്ധനും' ആണ് എന്നത്രേ. മിഷണറിമാർ ഐകകണ്ഠ്യേന ചാവറയച്ചന് എതിരായിരുന്നു. ബരാർദി എന്ന മിഷണറിയെ ശ്രവിക്കൂ: "ഇവർ അഹങ്കാരികളും അസ്ഥിരരും ശീശ്മയിലേക്ക് ചാച്ചിൽ ഉള്ളവരുമാണ്. നല്ല പെരുമാറ്റമുള്ള ചില വൈദികർ അവരുടെ ഇടയിൽ ഉണ്ടായിരുന്നെങ്കിലും, വിവേകം എവിടെയാണ്? ധൈര്യം എവിടെയാണ്? അറിവ് എവിടെയാണ്? മെത്രാന് ആവശ്യമായ മറ്റു ഗുണങ്ങൾ എവിടെ? ഇവയൊന്നും ഞാൻ ഇവിടെ കാണുന്നില്ല. തടസ്സങ്ങൾ കുറവുള്ള ഏകവൈദികൻ പ്രിയോർ ജനറൽ (ചാവറയച്ചൻ) മാത്രമാണ്"[17]. മേൽപ്പറഞ്ഞ ഗുണങ്ങളെല്ലാം ഉള്ളവർ വെള്ളക്കാരായ വിദേശ മിഷണറിമാരാണുപോലും!

വിശുദ്ധ ചാവറയച്ചൻ വ്രതവാഗ്ദാനം നടത്തിയത് 1855 ഡിസംബർ 8-നാണ്. ഇന്ന് സി.എം.ഐ. എന്നറിയപ്പെടുന്ന സുറിയാനിക്കാരുടെ കർമലീത്താ സന്യാസസമൂഹത്തിന്റെ ആദ്യത്തെ അധ്യക്ഷനും വി. ചാവറയച്ചൻ തന്നെയായിരുന്നു. അദ്ദേഹം സഹപ്രവർത്തകരുടെ സഹായത്തോടെ സന്യാസ സമൂഹത്തിന്റെ ശാഖകൾ ആരംഭിച്ചു. പഴയകൂറ്റുകാരുടെ സ്വാതന്ത്ര്യ സമരങ്ങളിൽ ഈ സന്യാസ സമൂഹത്തിന്റെ പങ്ക് നിർണായകമായിരുന്നു. നാട്ടുമെത്രാനെ കിട്ടാൻ രക്തസാക്ഷിത്വം വരിച്ച *ഏഴു വ്യാകുലങ്ങൾ* എന്നറിയപ്പെടുന്നവർ ഈ സന്യാസ സമൂഹത്തിൽ പെട്ടവരായിരുന്നു. ഈ വലിയ സന്യാസസമൂഹം കേരളത്തിലെ പഴയകൂർ സമുദായത്തിനും ഈ നാടിനും ചെയ്ത സേവനം ഒരിക്കലും മറക്കാൻ സാധ്യമല്ല.

വളരെ പ്രയാസമേറിയ കാലഘട്ടത്തിലാണ് വി. ചാവറയച്ചൻ ജീവിച്ചത്. താൻ ജീവിച്ച കാലഘട്ടത്തിന്റെ സന്തതിയായിരുന്നു അദ്ദേഹം. "നല്ലതെന്നു

17. P.J.Podipara, *The Hierarchy of the Syro-Malabar Church*, Alleppey, 1976, p.54.

www.malankaralibrary.com

തോന്നിയ പല പാശ്ചാത്യാനുഷ്ഠാനങ്ങളും മലബാർ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിപ്പിച്ചതിൽ ചാവറയച്ചന് ഉത്തരവാദിത്വമുണ്ട്. വേസ്പരാ, ലദീഞ്ഞ്, മരിച്ചവരുടെ അന്നീദാ, വൈദികപഞ്ചാംഗം തുടങ്ങിയവ അദ്ദേഹം എഴുതിയുണ്ടാക്കി. അവയിൽ അന്ധമായ അനുകരണം പ്രകടമായിരുന്നു. അദ്ദേഹം 40 മണി ആരാധനയുടെ പ്രചാരകനുമായിരുന്നു. കാനോനാജപം ക്രമപ്പെടുത്തി എഴുതിയെങ്കിലും, അതിലും ലത്തീൻ സ്വാധീനം കടന്നു കൂടിയിട്ടുണ്ട്. "ലത്തീൻക്രമങ്ങളോട് അനുരൂപപ്പെടുന്നത് കത്തോലിക്കാ സഭയിൽ ആവശ്യമാണെന്ന ചിന്താഗതി ആയിരിക്കാം ഇതിനൊക്കെ അദ്ദേഹത്തെ പ്രേരിപ്പിച്ചത്."[18] മാന്നാനം, ചെത്തിപ്പുഴ, പുളിങ്കുന്ന്, മുത്തോലി, വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട്, പുതുപ്പള്ളി എന്നീ ആശ്രമങ്ങളോടു ചേർന്ന് ചേരമർ, സാംബവർ എന്നീ വിഭാഗങ്ങളിൽനിന്ന് ഏതാണ്ട് 2500-ൽ പരം ആളുകൾ വി. ചാവറയച്ചന്റെ മേൽനോട്ടത്തിൽ സീറോ-മലബാർ സഭയിൽ ചേർന്നു.

## സെമിനരി സിസ്റ്റം

ബർണദീൻ മെത്രാന്റെ കാലത്ത് 1864-ലിൽ ആണ് പാദ്രൊവാദോ പുനഃസ്ഥാപിച്ചത്. അത് 1886 വരെ നിലനിന്നു. കേരളത്തിൽ മൽപ്പാന്മാരുടെ കീഴിൽ ഉണ്ടായിരുന്ന ഇരുപതോളം വൈദികപരിശീലനക്കളരികൾ ബർണദീൻ നിർത്തലാക്കി. മാന്നാനം, വാഴക്കുളം, പുളിങ്കുന്ന്, എൽത്തുരുത്ത്, പുത്തൻപള്ളി എന്നിവിടങ്ങൾ മാത്രം പരിശീലന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. ഇവിടെ പഠിക്കാത്തവർക്ക് പട്ടം നൽകുകയില്ലെന്ന് എല്ലാവരെയും അറിയിച്ചു. വരാപ്പുഴ സെമിനരിയാണ് പുത്തൻപള്ളിക്ക് മാറ്റിയത്. 1886 ആയപ്പോഴേക്കും അത് സുറിയാനിക്കാർക്കും ലത്തീൻകാർക്കും വൈദികപരിശീലനം നൽകാനുള്ള ഏകസ്ഥാപനമായി. മറ്റുള്ളവ നിർത്തലാക്കി.[19]

## ലെയൊണാർദ് മെല്ലാനോ (1868-1887)

ലെയൊണാർദ് മെല്ലാനോ എന്ന കർമലീത്താ മിഷണറി മെത്രാൻ തുടർന്ന് വികാരി അപ്പസ്തോലിക്കാ ആയി. അദ്ദേഹത്തിന്റെ കാലത്ത് പഴയകൂർ ചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന പല സംഭവങ്ങളും നടന്നു. സീറോ-മലബാർ സഭയിൽ നിലവിലിരിക്കുന്ന പല ഭക്താഭ്യാസങ്ങളും വ്യാപകമായി പ്രചരിപ്പിച്ചത് ഇദ്ദേഹവും സഹായ മെത്രാനായിരുന്ന മർസെലിൻ ബെരാർദി എന്ന മിഷണറിയും കൂടിയാണ്.

---

18. *ചാവറയച്ചന്റെ സമ്പൂർണകൃതികൾ*, വാല്യം 1. എറണാകുളം $1985^2$, പേ. 138; കൂടപ്പുഴ, ഭാരതസഭാചരിത്രം, 415.
19. 1933-ൽ പുത്തൻപള്ളി സെമിനരി ആലുവായ്ക്ക് മാറ്റി.വാഴക്കുളം,എൽത്തുരുത്ത്, മാന്നാനം എന്നിവിടങ്ങളിലെ സെമിനരികൾ 1886 ഓഗസ്റ്റ് 15-ന് നിർത്തലാക്കി. പുത്തൻപള്ളി സെമിനരി പ്രസ്തുത വർഷം പ്രൊപ്പഗാന്തായുടെ കീഴിലാക്കി.

www.malankaralibrary.com

അങ്ങനെ 40 മണി ആരാധന, വാഴ്വ്, കുർബാനയുടെ പ്രദക്ഷിണം തുടങ്ങിയവ അദ്ദേഹം പരക്കെ പ്രചരിപ്പിച്ചു. മാതാവിനോടുള്ള ഭക്തിപ്രകടനം ശനിയാഴ്ച ആക്കിയതും ലത്തീനുമായി യോജിച്ചുപോകുന്ന കാനോനാ നമസ്കാരം സുറിയാനിയിൽ പ്രസിദ്ധീകരിച്ചതും അദ്ദേഹമാണ്. കുർബാന, കുർബാനക്കുപ്പായം, ദൈവാലയം തുടങ്ങിയവയിലും അദ്ദേഹം മാറ്റം വരുത്തി. നിരവധി പാശ്ചാത്യഭക്താഭ്യാസങ്ങൾ ഇക്കാലത്ത് പരക്കെ നടപ്പാക്കി. പൗരസ്ത്യവും ഭാരതീയവുമായ പല ആചാരങ്ങൾക്കും അനുഷ്ടാനങ്ങൾക്കും ചേരാത്തവ ആയിരുന്നു അവയിൽ പലതും. വണക്കമാസഭക്തി, വെന്തിങ്ങാഭക്തി, നവനാൾഭക്തി തുടങ്ങിയവ പ്രചരിപ്പിച്ചു. നൂറ്റാണ്ടുകളായി നിലനിന്ന മൂന്നുനോമ്പ്, പതിനഞ്ചുനോമ്പ്, ദേശക്കുറി നൽകൽ എന്നിവ നിർത്തലാക്കി.[20]

ലെയൊണാർദ് മെല്ലാനോ വികാരി അപ്പസ്തോലിക്കാ ആയി അധികം കഴിയുന്നതിനുമുമ്പ് ഒന്നാം വത്തിക്കാൻ കൗൺസിലിൽ(1869-1870) പങ്കെടുക്കാൻ റോമിൽ പോയി. 1869 സെപ്തംബറിൽ പോയ അദ്ദേഹം 1870 നവംബറിലാണ് തിരികെ നാട്ടിലെത്തിയത്. കേരളസഭയിലേക്ക് മെത്രാന്മാരെ അയക്കുന്നതിന് കൽദായ കത്തോലിക്കാ പാത്രിയർക്കീസിനുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിച്ചുകിട്ടാൻ റോമിലെ ഈ കൗൺസിലിനിടയ്ക്ക് ഒരു ചർച്ച നടന്നു. റോം നിഷേധാത്മക നിലപാടെടുത്തു. മലബാർ പ്രശ്നം അറിയാവുന്ന പല മെത്രാന്മാരും അവിടെ സന്നിഹിതരായിരുന്നു. പാത്രിയർക്കീസിന് മലബാർ ഏൽപ്പിച്ചുകൊടുക്കാൻ മടിക്കുന്നെങ്കിൽ, എന്തുകൊണ്ട് നാട്ടുകാരനായ ഒരു വൈദികനെ മെത്രാനാക്കിക്കൂടാ എന്ന് അവരിൽ പലരും ചോദിച്ചു. അക്കൂട്ടത്തിൽ കർദിനാൾ യൊവാക്കിം പെച്ചിയും ഉണ്ടായിരുന്നു. പിന്നീട് ലെയോ 13-ാമൻ മാർപാപ്പാ ആയത് ഈ കർദിനാളായിരുന്നു. "സ്വന്തം റീത്തിലും ജാതിയിലും പെട്ട മെത്രാൻ വേണമെന്നാണ് മലബാറുകാർ ആഗ്രഹിക്കുന്നതെങ്കിൽ, എന്തുകൊണ്ട് അത് സാധിച്ചുകൊടുത്തു കൂടാ?" എന്ന് കർദിനാൾ പെച്ചി ചോദിച്ചപ്പോൾ, ലെയോണാർദ് മെല്ലാനോയ്ക്ക് വാക്കു മുട്ടിപ്പോയി. അദ്ദേഹം ക്രുദ്ധനായി പൊട്ടിത്തെറിച്ചു. "കർദിനാൾ തിരുമേനീ, അങ്ങേയ്ക്ക് ഇതിൽ ഇടപെടേണ്ട കാര്യമില്ല". കർദിനാൾ പിന്നൊന്നും ഉച്ചരിച്ചില്ല.[21]

## മാർ മേലൂസ് (1874-1882)

നാട്ടിൽ തിരികെയെത്തിയ ലെയൊണാർദ് മെല്ലാനോ തന്റെ ആസ്ഥാനം വരാപ്പുഴ നിന്ന് മഞ്ഞുമ്മേലേക്ക് മാറ്റി. പശ്ചിമേഷ്യയിൽ തിരികെയെത്തിയ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് മാർ ഔദോ, ഏലിയാസ് മേലൂസ്

20. കൂടപ്പുഴ, *ഭാരതസഭാചരിത്രം*,401-402.

21. J.Pananthanam, *op.cit.* p.7.n.27.

www.malankaralibrary.com

എന്ന മെത്രാനെ 1874-ൽ കേരളത്തിലേക്കയച്ചു.[22] അദ്ദേഹം 1874 ഒക്ടോബറിൽ തൃശൂരിൽ എത്തിച്ചേർന്നു. പാത്രിയർക്കീസിന്റെ കത്തുമായിട്ടാണ് മേലൂസ് എത്തിയത്. വിളക്കുമാടം പള്ളി വികാരി ആയിരുന്ന തൊണ്ടനാട്ട് അന്തോണിക്കത്തനാർ (മാർ അബ്ദീശോ) അദ്ദേഹത്തിന്റെ കൂടെക്കൂടി. പാദ്രോവാദോയുടെ കീഴിൽനിന്ന് 10 പള്ളികളും വരാപ്പുഴയുടെ കീഴിൽനിന്ന് രണ്ട് പള്ളികളും പൂർണമായി മേലൂസിനെ അംഗീകരിച്ചു. പ്രൊപ്പഗാന്തായുടെ കീഴിൽ നിന്ന് 18 പള്ളികൾ ഭാഗികമായി മേലൂസിനെ സ്വീകരിച്ചു. രണ്ട് ലത്തീൻ ഇടവകകളും മേലൂസിന്റെ കൂടെ ചേർന്നു. അത് പഴയകൂറ്റുകാരുടെ ഇടയിൽ പുതിയൊരു വിഭജനത്തിന് കളമൊരുക്കി. മേലൂസ് അനേകം പേർക്ക് വൈദികപട്ടം നൽകി. പാലാക്കുന്നേൽ വല്യച്ചനായിരുന്നു മേലൂസിന്റെ വികാരി ജനറാൾ. 1875-ൽ മാർ യാക്കോബ് എന്ന കൽദായ കത്തോലിക്കാ മെത്രാനും ഇവിടെ എത്തിച്ചേർന്നു. അദ്ദേഹം തെക്കൻ പള്ളികളുടെ ചുമതല ഏറ്റെടുത്തു. പാശ്ചാത്യമിഷണറിമാർ അന്തംവിട്ടു പോയി. അവർ ഉടനെ സജീവമായി പ്രവർത്തിച്ചു. 1876-ൽ മാർ യാക്കോബിനെ അവർ തിരികെ അയച്ചു. റോമിന്റെ നിർദേശപ്രകാരം ഔദോ പാത്രിയർക്കീസ് മേലൂസിനെ തിരികെ വിളിച്ചു. തൊണ്ടനാട്ട് അന്തോണി കത്തനാരെ (മാർ അബ്ദീശോയെ - +1900) ഭരണം ഏൽപ്പിച്ചിട്ട് 1882-ൽ മേലൂസ് പശ്ചിമേഷ്യയിലേക്ക് തിരികെ പോയി. തുടർന്ന് മിക്ക പള്ളികളും മിഷണറിമാരുടെ കീഴിലായി. വ്യാകുലമാതാവിന്റെ നാമത്തിലുള്ള തൃശൂരെ ഒരു പള്ളിമാത്രം വേറിട്ടുനിന്നു. അബ്ദീശോയും ഒരു അഗസ്റ്റിനും കൂടി ആ പള്ളിക്കാരെ ഭരിക്കാൻ തുടങ്ങി.

റോക്കോസിന്റെയും മേലൂസിന്റെയും വരവും ഇവിടുത്തെ പ്രവർത്തനങ്ങളും സുറിയാനിസഭയിൽ വളരെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഇവരിരുവരും കത്തോലിക്കാ മെത്രാന്മാർ ആയിരുന്നെങ്കിലും ഇവരുടെ പ്രവർത്തനത്തിന്റെ അനന്തരഫലമായി സുറിയാനിസഭയിൽ കാലാന്തരത്തിൽ ഒരു വിഘടിത വിഭാഗം ഉടലെടുക്കാൻ അവർ കളമൊരുക്കി.

## ഏഴു വ്യാകുലങ്ങൾ

സഭാസ്വാതന്ത്ര്യസമരം ശക്തിപ്പെട്ടിരുന്ന അവസരമായിരുന്നത്. മാന്നാനം കേന്ദ്രമാക്കി നിരവധി ഹർജികൾ റോമിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. നാട്ടുമെത്രാന്മാരെ ലഭിച്ചെങ്കിൽ മാത്രമേ കേരളത്തിലെ സുറിയാനി സഭയുടെ പ്രശ്നങ്ങൾ തീരുകയുള്ളൂന്ന് എല്ലാ കത്തുകളിലും ഹർജിക്കാർ റോമിനെ ധരിപ്പിച്ചു. റോമിലേക്ക് നേരിട്ട് കത്തുകളെഴുതി എന്ന കാരണത്താൽ അതിന് നേതൃത്വം കൊടുത്തവരെയൊക്കെ തേടിപ്പിടിച്ച് ശിക്ഷിക്കുകയും ആശ്രമങ്ങളിൽ നിന്ന് പുറത്താക്കുകയും മേലിൽ ഇപ്രകാരം

22. *Ibid.*p.8.n.33.

www.malankaralibrary.com

എഴുതിക്കൂടാ എന്നു വിലക്കുകയും ചെയ്തു.[23] നിത്യവ്രതം ചെയ്ത ഏഴ് കർമലീത്താസന്യാസികളായിരുന്നു ലെയൊണാർദ് മെല്ലാനോയുടെ ലക്ഷ്യം. ഇവരാണ് *ഏഴ് വ്യാകുലങ്ങൾ* എന്ന് അറിയപ്പെടുന്നത്. മേലൂസിന്റെ പ്രവർത്തനം ഒരുവശത്ത്, കർമലീത്താ മിഷണറിമെത്രാന്റെ പ്രതികാര നടപടികൾ മറുവശത്ത്. സഭാസ്നേഹികളും സഭാമക്കളും വഴിയാധാരമായി. മിഷണറിമാർ നിരന്തരം റോമിനെ തെറ്റുദ്ധരിപ്പിച്ചുകൊണ്ടിരുന്നു. "മത്സര ക്കാരും ദുർമാർഗികളുമായി സ്വാതന്ത്ര്യപ്രേമികൾ റോമിൽ ചിത്രീകരി ക്കപ്പെട്ടു. അവരുടെ പ്രവർത്തനങ്ങൾ പൈശാചികവും."[24] മെത്രാൻ ആകാൻ കൊള്ളാവുന്ന ഒരു നാട്ടുകാരൻ പോലുമില്ല, അവർ "ദേശീയ വാദികളും അഹങ്കാരികളും ദുർബലമാനസ്സരും വിദേശിയരെ എതിർക്കുന്നവരുമാണ്" എന്നൊക്കെ മിഷണറിമാർ റോമിനെ അറിയിച്ചു കൊണ്ടിരുന്നു. മിഷണറി മാരുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്ന നാട്ടുകാരായ കത്തനാര ന്മാരും ഉണ്ടായിരുന്നു.

## ലെയോ മൊയ്റീൻ (1876 - 1877)

ഹർജിക്കാരായ സഭാസ്നേഹികൾ ഇൻഡ്യയിലെ എല്ലാ ലത്തീൻ അപ്പസ്തോലിക വികാരിമാർക്കും എഴുതി. ബോംബെ വികാരി അപ്പസ്തോ ലിക്കാ ജോൺ ഗബ്രിയേൽ ലെയോ മൊയ്റീൻ(1825-1895) മാത്രമേ അനുകൂലമായി പ്രതികരിച്ചുള്ളു. മലബാർ പ്രശ്നങ്ങൾ പഠിച്ച് റോമിനെ അറിയിക്കാൻ 1876-ൽ അദ്ദേഹത്തെ റോമിൽ നിന്ന് വിസിറ്ററായി നിയമിച്ചു.[25] സ്വദേശമെത്രാനെ നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ലെയോ മൊയ്റീൻ എന്ന വിസിറ്റർ റോമിനെ അറിയിച്ചു. മേലൂസിനെ നിയന്ത്രിക്കുന്ന തിനും പിന്തിരിപ്പിച്ച് തിരികെ അയക്കുന്നതിനും പള്ളികൾ തിരികെ കൊണ്ടുവരുന്നതിനും അദ്ദേഹം ശ്രമിച്ചു. ഏതാണ്ട് ഒരു വർഷത്തോളം അദ്ദേഹം ഇവിടെ താമസിക്കുകയും സുറിയാനിക്കാർക്ക് അനുകൂലമായ റിപ്പോർട്ടുകൾ അപ്പോഴപ്പോൾ റോമിലേക്ക് അയക്കുകയും ചെയ്തുകൊണ്ടി രുന്നു. എന്നാൽ കർമലീത്താ മിഷണറിമാർ ലെയോ മൊയ്റീനെതിരെയും റോമിലേക്കെഴുതി. റോമിൽ നിന്ന് 1877-ൽ പെർസിക്കോ എന്ന മറ്റൊരു വിസിറ്ററെ അയച്ചു. നാട്ടുമെത്രാനെ കൊടുക്കുന്നതിന് പെർസിക്കോ എതിരായിരുന്നു. നാട്ടുമെത്രാനുവേണ്ടി മൊയ്റീൻ ശക്തിയായി ശിപാർശ ചെയ്തെങ്കിലും, റോം അത് സ്വീകരിച്ചില്ല. പെർസിക്കോയുടെ റിപ്പോർട്ടാണ് സ്വീകരിച്ചത്.

---

23. സുറിയാനി കർമലീത്താ സന്യാസാശ്രമങ്ങൾ പഠനകേന്ദ്രങ്ങൾ ആയപ്പോൾ സന്യാസികൾ പ്രബുദ്ധരായി. അവർ സംഗതികളുടെ നിജസ്ഥിതി റോമിനെ നേരിട്ട് അറിയിച്ചു തുടങ്ങി. (കൂടപ്പുഴ, *ഭാരതസഭാചരിത്രം*,405-406.425-431).

24. J.Pananthanam,*op.cit.* p.12.n.49.
25. ചാൾസ് പൈങ്ങോട്ട്, *കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ, (മൊയ്റീന്റെ കത്തുകൾ), കോട്ടയം, 1996.*

www.malankaralibrary.com

തദ്ഫലമായി 1877-ൽ മർസെലിൻ ബെരാർദി എന്ന മിഷണറി സുറിയാനിക്കാരുടെ കാര്യം മാത്രം നോക്കാൻ സഹായമെത്രാനായി വരാപ്പുഴ നിയമിതനായി. നാട്ടുമെത്രാനെ നൽകുന്നതിനെ ശക്തിയായി എതിർക്കുകയും എതിർപ്രചരണങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്ത ഈ കർമലീത്താ മിഷണറിയെ സുറിയാനിക്കാർ ഒട്ടും ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ഹർജിപ്രസ്ഥാനം കൂടുതൽ ശക്തമാക്കി. ബെരാർദി 1877 മുതൽ 1887 വരെ വരാപ്പുഴയുടെ കീഴിൽ സുറിയാനിക്കാരുടെ കാര്യം നോക്കുന്ന സഹായമെത്രാനായിരുന്നു. റീത്തിന്റെ അടിസ്ഥാനത്തിൽ വരാപ്പുഴ വികാരിയേറ്റ് വിഭജിക്കണമെന്ന റിപ്പോർട്ട് മറ്റൊരു വിസിറ്ററും റോമിനു നൽകി.[26] നിധിയിരി മാണിക്കത്തനാരും ലൂയിസ് പഴേപറമ്പിലും ആയിരുന്നു മൊയ്റീന്റെ ദ്വിഭാഷികളും സെക്രട്ടറിമാരും.

## മാർ ലൂയിസ് പഴേപറമ്പിൽ

മെമ്മോറാണ്ഡങ്ങൾ അയക്കുന്നതിന് നേതൃത്വം നൽകിയത് ലൂയിസ് പഴേപറമ്പിൽ എന്ന സന്യാസവൈദികൻ ആയിരുന്നു. ആശ്രമത്തിൽ നിന്ന് മെല്ലാനോ പുറത്താക്കിയ ഏഴുപേരിൽ പ്രമുഖനായിരുന്നു അദ്ദേഹം. സ്വന്തമായി മെത്രാനെ വേണം എന്നതിന് അദ്ദേഹം മൂന്നുകാരണങ്ങൾ ചൂണ്ടിക്കാട്ടി.

1. മെത്രാന്മാർ ആണെന്ന ഒറ്റക്കാരണത്താൽ മാത്രം അധികാരം ഉപയോഗിച്ച് ലത്തീൻ മെത്രാന്മാർ പൗരസ്ത്യാചാരങ്ങളും പാരമ്പര്യങ്ങളും മാറ്റിമറിക്കുകയും കൂട്ടിക്കുഴയ്ക്കുകയും ചെയ്യുന്നു.

2. നാട്ടുകാരായ വൈദികരെ അവർക്ക് പുച്ഛമാണ്. കുലീന കുടുംബത്തിൽ പിറന്നവനും വിദ്യാസമ്പന്നനും ഭക്തനും പ്രായം ചെന്നവനുമായ നാട്ടുവൈദികനുപോലും മിഷണറി മെത്രാന്മാർ ഇരിപ്പിടം നൽകാറില്ല. എന്നാൽ പ്രായം കുറഞ്ഞവനാണെങ്കിലും പാശ്ചാത്യമിഷണറി വൈദികൻ ആണെങ്കിൽ നൽകാറുണ്ട്. മലബാറിലെ വൈദികർ മിഷണറി മെത്രാന്റെ മുമ്പിൽ എപ്പോഴും നിന്നുകൊണ്ടു മാത്രമേ സംസാരിക്കാൻ പാടുണ്ടായിരുന്നുള്ളു. മിഷണറിവൈദികർ പോലും ഇപ്രകാരം തന്നെയാണ് നാട്ടുകാരായ വൈദികരോട് പ്രവർത്തിച്ചിരുന്നത്.

3. മേലൂസിന്റെ വരവിന്റെയും പ്രവർത്തനത്തിന്റെയും ഇവിടുത്തെ കുഴപ്പങ്ങളുടെയും കാരണം സ്വന്തജാതിയിൽ പെട്ട മെത്രാൻ ഇല്ലാത്തതാണ്. സ്വന്തമായി മെത്രാനെ വേണമെന്നുള്ള തീവ്രമായ ആഗ്രഹം മിഷണറിമാർ പുച്ഛിച്ചു തള്ളിയിരുന്നു.[27]

---

26. ചാൾസ് പൈങ്ങോട്ട്, *കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ, (പെർസിക്കോയുടെ കത്തുകൾ), കോട്ടയം, 1997.*

27. J.Pananthanam,*op.cit*.p.26.n.89.

www.malankaralibrary.com

### അലിയാർദിയുടെ റിപ്പോർട്ട്

ഇൻഡ്യയിലെ ദലഗാദ് അപ്പസ്തോലിക്കാ ആയിരുന്ന അലിയാർദി കേരളത്തിലെ ലത്തീൻ കർമലീത്താ ഭരണത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്: താഴെപ്പറയുന്ന കാരണങ്ങളാൽ വരാപ്പുഴ വികാരിയേറ്റ് റീത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണം.

1. നേതൃത്വപാടവമില്ലാത്ത കർമലീത്തരാണ് ഈ വികാരിയേറ്റിന് നേതൃത്വം നൽകുന്നത്. 2. വൈദികരുടെയും ജനങ്ങളുടെയും വിദ്യാഭ്യാസ കാര്യത്തിൽ അവർ ശ്രദ്ധിക്കുന്നില്ല. 3. നാട്ടുവൈദികരോടും ജനങ്ങളോടും അവർ പുച്ഛമായും പരുഷമായും പെരുമാറുന്നു. 4. കർമലീത്തർ സംഗതികൾ വസ്തുനിഷ്ഠമായി റോമിനെ ധരിപ്പിക്കുന്നില്ല എന്ന് നാട്ടുകാർ കരുതുന്നു.

കർമലീത്താ മിഷണറിമാരെപ്പറ്റി മിഷൻ പ്രദേശങ്ങളുടെ പ്രൊക്കുറേറ്റർ ജനറൽ ഫാദർ ഗുലിയെൽമോ 1920-ൽ നൽകിയ റിപ്പോർട്ട് കർമലീത്താ മിഷണറിമാരെപ്പറ്റി വെളിച്ചം വീശുന്നു.[28] കർമലീത്തരുടെ ഇവിടുത്തെ ഭരണം, പ്രത്യേകിച്ച് 19-ാം നൂറ്റാണ്ടിലെ ഭരണം പരാജയമായിരുന്നെന്ന് കരുതുന്നവരുണ്ട്. ആ നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇംഗ്ലീഷുകാർ കേരള ത്തിലെത്തി, ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങി. തദവസരം പുത്തൻകൂറ്റുകാരും മറ്റുള്ളവരും കുട്ടികളെ സ്കൂളിലയച്ചു. അവർ വിദ്യാസമ്പന്നരായി. പഴയ കൂറ്റുകാരെ നയിച്ചിരുന്ന മിഷണറിമാർ അത്തരം കലാലയങ്ങൾ തുടങ്ങി യില്ലെന്നു മാത്രമല്ല, പഴയകൂർ കുട്ടികൾ പോയി പഠിക്കുന്നത് മുടക്കുകയും ചെയ്തിരുന്നു.[29]

വൈദികവിദ്യാഭ്യാസത്തിന്റെയും സ്ഥിതി വ്യത്യസ്തമല്ലായിരുന്നു. ചുമതലാബോധമുള്ളവരും വളർന്നവരുമായ വൈദികസമൂഹത്തെ അവർ വാർത്തെടുത്തില്ല. കുറേ ധാർമികനിയമങ്ങൾ പഠിച്ച് ഇടവക വികാരിമാരായി 'പള്ളി നടത്തുന്നതിനുള്ള' പരിശീലനമാണ് അവർ നടത്തിയ സെമിനരികൾ പ്രദാനം ചെയ്തത്. വൈദികർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിലും അവർ ശ്രദ്ധിച്ചില്ല.[30] അവർ നടപ്പാക്കിയ പല നിയമങ്ങളും അടിച്ചേൽപ്പിച്ച പല ആചാരങ്ങളും അനുഷ്ഠാനങ്ങളും സഭയുടെ പേരിലാണ് നടപ്പാക്കിയത്. ഏതു സഭയുടേതെന്ന ചോദ്യം പ്രസക്തമാണിന്ന്!

## ലെയോ മാർപാപ്പായും ലത്തീൻ ഹയരാർക്കിയും

ലെയോ മാർപാപ്പാ 1886-ൽ ഇൻഡ്യയിലെ ലത്തീൻ ഹയരാർക്കി പുനഃസംഘടിപ്പിച്ചു. വരാപ്പുഴ അപ്പസ്തോലിക വികാരിയേറ്റ് ലത്തീൻ

---

28. *Ibid.* p.62-65.
29. *Ibid.* p.61-66.
30. *Ibid.*p.347; A.Urumpackal, *Vocations in India,II*,Kottayam, 1988.p.252ff.

www.malankaralibrary.com

കാരുടെ ഒരു അതിരൂപതയായി. സുറിയാനിക്കാരെ ഒരു പ്രത്യേക വികാരി ജനറാളിന്റെ കീഴിലാക്കി. ലെയൊണാർദ് മെല്ലാനോ ആദ്യത്തെ ആർച്ചു ബിഷപ്പായി. കൊടുങ്ങല്ലൂർ പാദ്രൊവാദോ അതിരൂപത നിർത്തലാക്കി. സുറിയാനിക്കാർക്ക് നാട്ടുമെത്രാന്മാരെ കൊടുക്കുന്ന കാര്യം വരാപ്പുഴ ആർച്ചു ബിഷപ്പ്, അദ്ദേഹത്തിന്റെ സഹായമെത്രാൻ, കൊല്ലം മെത്രാൻ എന്നിവരു മായി റോം ആലോചിച്ചെങ്കിലും അവർ അതിന് അനുകൂലമായിരുന്നില്ല. സുറിയാനിക്കാരെ രണ്ടു വികാരിയേറ്റുകളിലായി തിരിച്ച് രണ്ട് കർമലീത്തരെ മെത്രാന്മാരായി നിയമിക്കണം എന്നാണ് മേൽപ്പറഞ്ഞ മെത്രാന്മാർ നിർദേശിച്ചത്.

റോം 1887-ൽ കോട്ടയം, തൃശൂർ എന്നീ വികാരിയേറ്റുകൾ സുറിയാനി ക്കാർക്കു വേണ്ടി സ്ഥാപിച്ച്, സുറിയാനിക്കാരെ ലത്തീൻകാരിൽ നിന്ന് വേർപെടുത്തി. കർമലീത്തർ അല്ലാത്ത ചാൾസ് ലവീഞ്ഞും(ജസ്വിട്ട്) അഡോൾഫ് മെഡ്‌ലിക്കോട്ടും അപ്പസ്തോലിക വികാരിമാരായി. അതോടു കൂടി സുറിയാനിക്കാരുടെ മേൽ കർമലീത്തർക്ക് ഉണ്ടായിരുന്ന 230 വർഷത്തെ ഭരണം അവസാനിച്ചു. 1896-ൽ ഈ രണ്ടു വികാരിയേറ്റുകൾ മൂന്നായി തിരിച്ച് നാട്ടുകാരെ മെത്രാന്മാരാക്കി. തൃശൂർ (മാർ ജോൺ മേനാച്ചേരി), എറണാകുളം (മാർ ളൂയിസ് പഴേപറമ്പിൽ), ചങ്ങനാശ്ശേരി (മാർ മാത്യു മാക്കിൽ). മെല്ലാനോ ജീവിച്ചിരിക്കെ തന്നെയാണ്, അദ്ദേഹം ആശ്രമത്തിൽ നിന്ന് ഇറക്കിവിട്ട മാർ ളൂയിസ് വരാപ്പുഴയ്ക്കടുത്ത് എറണാകുളത്ത് മെത്രാനായത്. തുടർന്ന് 1911-ൽ തെക്കുംഭാഗർക്കായി കോട്ടയം വികാരിയേറ്റ് സ്ഥാപിച്ചു. മാർ മാത്യു മാക്കിലിനെ അതിന്റെ മെത്രാനാക്കിയിട്ട്, ചങ്ങനാശ്ശേരിക്ക് മാർ തോമസ് കുര്യാളശ്ശേരിയെ നിയമിച്ചു.

ഇന്ന് സീറോ-മലബാർ സഭയിൽ കാണുന്ന പല ഭക്ത്യാഭ്യാസങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കർമലീത്തർ നടപ്പാക്കി യവയാണ്. പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും പൊതുവായി ഉപയോഗിച്ചു കൊണ്ടിരുന്ന പല പള്ളികളും 19-ാം നൂറ്റാണ്ടിലും ഉണ്ടായിരുന്നു. അവരെ തമ്മിൽ പൂർണമായി അകറ്റിയത് ഈ കാലഘട്ടത്തിലാണ്. ഈ കാല ത്തിലെ കർമലീത്തരും ഈ കാലത്ത് എത്തിയ പ്രോട്ടസ്റ്റന്റുകാരായ ആംഗ്ലി ക്കരും അതിന് വഴിയൊരുക്കി. അതുപോലെ മുളന്തുരുത്തിയിൽ വച്ചുനടന്ന പുത്തൻകൂറ്റുകാരുടെ സിനഡ്(1876) പുത്തൻകൂർ-പഴയകൂർ ബന്ധത്തിൽ അകൽച ഉണ്ടാക്കുന്നതിനും യാക്കോബായാസഭയുമായി പുത്തൻകൂറ്റുകാർ കൂടുതൽ അടുക്കുന്നതിനും നിർണായകസ്വാധീനം ചെലുത്തി. പുത്തൻ കൂറ്റുകാരെ അന്ത്യോക്യൻ യാക്കോബായാ സഭയുടെ ഭാഗമാക്കാനും അവരെ പഴയകൂറ്റിൽ നിന്ന് അകറ്റാനുമുള്ള സംരംഭങ്ങളാണ് അവിടെ നടന്നത്. അതുപോലെ ലെയൊണാർദ് മെല്ലാനോയുടെ നിയമാവലിയും

www.malankaralibrary.com

ഇവിടുത്തെ സുറിയാനിസഭയിൽ പിൽക്കാലത്ത് ഗണ്യമായ സ്വാധീനം ചെലുത്തി.[31]

## 3. സീറോ-മലബാർ ഹയരാർക്കി പുനഃസ്ഥാപനം (1923)[32]

ലെയോ 13-ാമൻ മാർപാപ്പാ തുടങ്ങിവച്ച ഹയരാർക്കി പുനഃസ്ഥാപനം പൂർത്തിയാക്കിയത് 11-ാം പീയൂസ് മാർപാപ്പായാണ്. അദ്ദേഹം 1923-ൽ സീറോ മലബാർ ഹയരാർക്കി പുനഃസ്ഥാപിച്ചു. എറണാകുളം അതിരൂപത യായും തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നീ രൂപതകൾ സാമന്തരൂപത കളായും പ്രഖ്യാപിച്ചു. ഭാരതത്തിലെ ലത്തീൻ (റോമൻ കത്തോലിക്കാ) ഹയരാർക്കി സ്ഥാപിച്ചിട്ട് 37 വർഷം കഴിഞ്ഞാണ് ഇവിടുത്തെ പഴയകൂറ്റു കാരുടെ ഹയരാർക്കി പുനഃസ്ഥാപിച്ചത്. അതും പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കുള്ള ഇടുങ്ങിയ ഭൂപ്രദേശത്തു മാത്രം.അതിന് എത്ര നൂറ്റാണ്ടെടുത്തു! എത്രയെത്ര നിവേദനങ്ങൾ റോമിലേക്ക് അയക്കേണ്ടിവന്നു! എത്രയെത്ര മഹാരഥന്മാർ കണ്ണീരോടെ പ്രാർഥിക്കുകയും രക്തസാക്ഷികൾ ആകുകയും ചെയ്തു! അവരുടെ ചോരയും നീരും വീണുണ്ടായതാണ് ഈ സീറോ-മലബാർ സഭ.

രൂപതാവിഭജനം 1923-നുശേഷം 1950-ലാണ് ഉണ്ടായത്. ചങ്ങനാശ്ശേരി യിൽ നിന്ന് പാലാ രൂപത ഉണ്ടായി. തലശ്ശേരി രൂപത 1953-ന് സ്ഥാപിച്ചു. സീറോ-മലബാർ സഭയുടെ അതിർത്തി 1955-ൽ വികസിപ്പിച്ചു. ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ ഉൾപ്പെടുത്തി തെക്കോട്ട് വ്യാപിപ്പിച്ചു. തൃശൂർ രൂപത കോയമ്പത്തൂർ രൂപതാപ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചു. തലശ്ശേരി രൂപത മൈസൂർ, മംഗലാപുരം എന്നീ രൂപതകളിലെ പ്രദേശങ്ങളിലേക്ക് വ്യാപി പ്പിച്ചു. കോട്ടയം മെത്രാന് ഈ പ്രദേശങ്ങളിലെല്ലാം വ്യക്തിപരമായ അധികാരവും ലഭിച്ചു.

എറണാകുളം അതിരൂപതയിൽനിന്ന് കോതമംഗലം രൂപത 1956-ൽ സ്ഥാപിച്ചു. ആ വർഷം തന്നെ ചങ്ങനാശ്ശേരിയെ അതിരൂപതയായി ഉയർത്തി. പാലായും കോട്ടയവും അതിന്റെ സാമന്തരൂപതകളായി. 1962-ൽ മധ്യപ്രദേ ശിൽ ഛന്ദാ എന്ന എക്സാർക്കേറ്റ് സ്ഥാപിച്ചു. സീറോ-മലബാർ സഭയിലെ സി.എം.ഐ. സന്യാസികളെ ഏൽപ്പിച്ചു. സത്നാ, സാഗർ, ഉജ്ജൈൻ എന്നീ എക്സാർക്കേറ്റുകൾ 1969-ലും ബിജ്നോർ, ജഗദൽപൂർ എന്നീ എക്സാർ ക്കേറ്റുകൾ 1972-ലും സ്ഥാപിച്ചു.

തലശ്ശേരി രൂപത വിഭജിച്ച് 1973-ൽ മാനന്തവാടി രൂപതയും 1986-ൽ താമരശ്ശേരി രൂപതയും 2007-ൽ ബൽത്തങ്ങാടി രൂപതയും സ്ഥാപിച്ചു.

31. See J.Pananthanam, *op.cit.*
32. *Syro-Malabar Church Directory.* Year Book 2020.

www.malankaralibrary.com

മാനന്തവാടി രൂപത വിഭജിച്ച് 2007-ൽ ഭദ്രാവതി രൂപതയും 2010-ൽ മാണ്ഡ്യ രൂപതയും സ്ഥാപിക്കപ്പെട്ടു. 1995-ൽ തലശ്ശേരി അതിരൂപതയായി.

തൃശൂർ രൂപത വിഭജിച്ച് 1974-ൽ പാലക്കാട്ട് രൂപതയും 1978-ൽ ഇരിങ്ങാലക്കുട രൂപതയും സ്ഥാപിതമായി. പാലക്കാട് രൂപത വിഭജിച്ച് 2010-ൽ രാമനാഥപുരം രൂപത രൂപീകൃതമായി. തൃശൂർ 1995-ൽ അതിരൂപതയായി.

സത്നാ, സാഗർ, ഛന്ദാ, ഉജ്ജൈൻ, ജഗദൽപൂർ എന്നീ അഞ്ച് എക്സാർക്കേറ്റുകളെ 1977-ൽ രൂപതകളാക്കി. അന്നുതന്നെ ചങ്ങനാശ്ശേരി വിഭജിച്ച് കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിച്ചു. രാജക്കോട്ട് രൂപതയും ബിജനോർ രൂപതയും 1977-ലും ഗോരക്പൂർ രൂപത 1984-ലും കല്യാൺ രൂപത 1988-ലും തക്കല രൂപത 1996-ലും സ്ഥാപിതമായി.1999-ൽ ഛന്ദാ രൂപത വിഭജിച്ച് അദീലാബാദ് രൂപതയും സ്ഥാപിതമായി.

അമേരിക്കയിൽ ചിക്കാഗോ രൂപത 2001-ൽ നിലവിൽ വന്നു. സാമന്ത രൂപതയില്ലാതെ കോട്ടയം രൂപത 2005-ൽ അതിരൂപതയായി.

സീറോ-മലബാർ സഭയ്ക്ക് ചങ്ങനാശ്ശേരി, എറണാകുളം, തൃശൂർ, തലശ്ശേരി, കോട്ടയം എന്നിങ്ങനെ ഇപ്പോൾ നാല് അതിരൂപതകളുണ്ട്:

അതുപോലെ സീറോ-മലബാർ ആരാധനക്രമം പരിഷ്കരിച്ച് നവീകരിക്കാനുള്ള സംരംഭവും റോമിന്റെ ഭാഗത്തു നിന്നുണ്ടായി.

ഭാരതീയവും പൗരസ്ത്യവുമായ വൈദികപരിശീലനം വൈദികർക്ക് ലഭിക്കാനായി കോട്ടയത്ത് വടവാതൂർ സെമിനാരി സ്ഥാപിതമായി. അതുപോലെ മംഗലപ്പുഴ സെമിനരി (ആലുവാ) 1997-1998 കാലയളവിൽ സുറിയാനിക്കാർക്കും കാർമൽഗിരി സെമിനരി ലത്തീൻകാർക്കുമായി റോമിന്റെ അംഗീകാരത്തോടെ വിഭജിക്കപ്പെട്ടു. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനരി, തൃശൂർ മേരീമാതാ സെമിനരി, സത്നാ സെന്റ് എഫ്രേം തിയളോജിക്കൽ കോളേജ്, ഉജ്ജൈൻ റൂഹാലയാ എന്നീ സെമിനരികളും സീറോ-മലബാർ സഭയ്ക്കുണ്ട്. ഇവയ്ക്കു പുറമേ, സി.എം.ഐ. സന്യാസ സമൂഹത്തിന്റെ ബാംഗ്ളൂരിലെ സുപ്രസിദ്ധ ധർമാരാം വിദ്യാക്ഷേത്രം സീറോ-മലബാർ സഭയുടെ അഭിമാനകേന്ദ്രമാണ്. വിൻസെൻഷ്യൻ സന്യാസ സമുഹം, (വി.സി.), ദിവ്യകാരുണ്യസമൂഹം (എം.സി.ബി. എസ്.) ചെറുപുഷ്പസമൂഹം (സി.എസ്. റ്റി.) എന്നിവർക്കും തനതായ പഠനകേന്ദ്ര ങ്ങളുണ്ട്.

## സീറോ മലബാർ രൂപതകൾ ഒറ്റ നോട്ടത്തിൽ

സ്വന്തമായി ഹയരാർക്കിയും പാത്രിയർക്കീസിനു തുല്യമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ സംവിധാനവും സിനഡും ഉണ്ടായപ്പോൾ ഈ

www.malankaralibrary.com

സഭയ്ക്ക് ദൈവപരിപാലനയിൽ ഉണ്ടായ വളർച്ച അത്ഭുതാവഹമാണ്. താഴെ പറയുന്നവയാണ് ഇപ്പോഴത്തെ സീറോ-മലബാർ രൂപതകൾ. ബ്രാക്കറ്റിലുള്ളത് രൂപത സ്ഥാപിച്ച വർഷമാണ്.

**എറണാകുളം-അങ്കമാലി അതിരൂപത (1896):** 1896-ൽ എറണാകുളം വികാരിയേറ്റ്; 1923-ൽ അതിരൂപതയായി. തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ സാമന്തരൂപതകളായി. 1956-ൽ ചങ്ങനാശ്ശേരി അതിരൂപതയായി. കോട്ടയം, ചങ്ങനാശ്ശേരിയുടെ സാമന്തരൂപതയായി. 1992-ൽ എറണാകുളം – അങ്കമാലി, മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി. 1995-ൽ തൃശൂർ അതിരൂപതയായി. ഇപ്പോൾ എറണാകുളത്തിന്റെ സാമന്തരൂപതകളായി കോതമംഗലം, ഇടുക്കി എന്നീ രൂപതകളാണുള്ളത്.

**ചങ്ങനാശ്ശേരി അതിരൂപത(1887):** കോട്ടയം വികാരിയേറ്റ് (1887). മെത്രാന്റെ ആസ്ഥാനം ചങ്ങനാശ്ശേരിയിൽ; 1896-ൽ ചങ്ങനാശ്ശേരി വികാരിയേറ്റ്; 1923-ൽ എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി. 1956-ൽ അതിരൂപതയായി. പാലായും കോട്ടയവും സാമന്തരൂപതകളായി. 1977-ൽ കാഞ്ഞിരപ്പള്ളിയും 1996-ൽ തക്കലയും സാമന്തരൂപതകളായി.

**ത്രിശൂർ അതിരൂപത(1887):** 1887-ൽ ത്രിശൂർ വികാരിയേറ്റ് സ്ഥാപിച്ചു. അത് 1923-ൽ എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി. 1975-ൽ തൃശൂർ രൂപത വിഭജിച്ച് പാലക്കാട്ടു രൂപത സ്ഥാപിച്ചു. 1978-ൽ തൃശൂർ രൂപതയിൽ നിന്ന് ഇരിങ്ങാലക്കുട രൂപതയുണ്ടായി. പാലക്കാട് രൂപത വിഭജിച്ച് 2010-ൽ രാമനാഥപുരം രൂപത രൂപീകൃതമായി. ത്രിശൂർ 1995-ൽ അതിരൂപതയായി. പാലക്കാട്, ഇരിങ്ങാലക്കുട, രാമനാഥപുരം എന്നിവ സാമന്തരൂപതകളാണ്.

**കോട്ടയം അതിരൂപത(1911):** 1887-ൽ കോട്ടയം വികാരിയേറ്റ് പഴയകൂർ സുറിയാനിക്കാർക്കു വേണ്ടി സ്ഥാപിച്ചു. ആസ്ഥാനം ചങ്ങനാശ്ശേരി ആയിരുന്നു. 1896-ൽ പുനഃസംഘടന വന്നപ്പോൾ കോട്ടയം ഇല്ലാതായി. 1911-ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം വികാരിയേറ്റ് സ്ഥാപിച്ചു. 2005-ൽ കോട്ടയത്തെ അതിരൂപതയായി ഉയർത്തി. എന്നാൽ ഈ രൂപതയ്ക്ക് സാമന്തരൂപതകളില്ല. സീറോ-മലബാർ സഭയ്ക്ക് അജപാലനാധികാരം ഉള്ളിടത്തെല്ലാം കോട്ടയം ആർച്ചുബിഷപ്പിന് വ്യക്തിപരമായി പ്രവർത്തനാനുമതിയുണ്ട്. കോട്ടയം അതിരൂപതയിൽ പെട്ട മലങ്കരക്കാർക്കു വേണ്ടി 2020-ൽ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേമിനെ നിയമിച്ചു.

**തലശ്ശേരി അതിരൂപത (1953):** തലശ്ശേരി രൂപത വിഭജിച്ച് 1973-ൽ മാനന്തവാടി രൂപതയും 1986-ൽ താമരശ്ശേരി രൂപതയും 2007-ൽ ബൽത്തങ്ങാടി രൂപതയും സ്ഥാപിച്ചു. മാനന്തവാടി രൂപത വിഭജിച്ച് 2007-ൽ ഭദ്രാവതി രൂപതയും 2010-ൽ മാണ്ഡ്യ രൂപതയും സ്ഥാപിക്കപ്പെട്ടു. 1995-ൽ തലശ്ശേരി അതിരൂപതയായി.

www.malankaralibrary.com

പാലാ (1950)
കോതമംഗലം (1956)
മാനന്തവാടി (1973)
പാലക്കാട് (1974)
ഉജ്ജൈൻ (1977)
ബിജ്നോർ (1977)
ഛന്ദാ (1977)
ജഗദൽപൂർ (1977)
കാഞ്ഞിരപ്പള്ളി (1977)
രാജ്കോട്ട് (1977)
സാഗർ (1977)
സത്നാ(1977)
ഇരിഞ്ഞാലക്കുട (1978)
ഗോരഖ്പൂർ (1984)
താമരശ്ശേരി (1986)
കല്യാൺ (1988)
തക്കല (1996)
അദീലാബാദ് (1999)
ബൽത്തങ്ങാടി (1999)
ചിക്കാഗോ (2001)
ഇടുക്കി (2002)
ഭദ്രാവതി (2007)
മാൺഡ്യ(2010)
രാമനാഥപുരം (2010)
ഫരീദാബാദ് /ഡൽഹി( 2012)
മെൽബോൺ/ആസ്ത്രേലിയാ (2013)
മിസ്സിസൗഗാ എക്സാർക്കേറ്റ് /കാനഡാ (2015)
ഗ്രേറ്റ് ബ്രിട്ടൺ (2016)
ഹോസൂർ ( 2017)

**ഷംഷാബാദ് (2017):** ഭാരതം മുഴുവനും സീറോ-മലബാർ സഭയ്ക്ക് അജപാലനാധികാരം അംഗീകരിച്ചുകൊണ്ട് 2017 ഒക്ടോബർ 9-ന് ഫ്രാൻസിസ് മാർപാപ്പാ ഔദ്യോഗികരേഖ പുറപ്പെടുവിക്കുകയും ഷംസാബാദ് കേന്ദ്രമാക്കി രൂപത സ്ഥാപിക്കുകയും മാർ റാഫേൽ തട്ടിലിനെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. സീറോ-മലബാർ മെത്രാന്മാർക്ക് അജപാലനാധികാരം ഇല്ലാത്ത ഇൻഡ്യൻ പ്രദേശങ്ങളിലെല്ലാം മാർ റാഫേൽ തട്ടിലിന് അജപാലനാധികാരം ഉണ്ടായിരിക്കും. **ഇൻഡ്യ മുഴുവന്റെയും മെത്രാപ്പോലീത്താ**

www.malankaralibrary.com

(മെത്രാപ്പോലീത്താ ദ്കൊല്ലേ ഹെൻദോ) എന്ന സ്ഥാനനാമമുണ്ടായിരുന്ന മലങ്കര മെത്രാന്മാരുടെ അജപാലനാധികാരം മിഷണറിമാർ കുറച്ച് ഇൻഡ്യയുടെ ഒരു ചെറിയ കോണിൽ ഒതുക്കി. അത് മാറാൻ ഒരു ഫ്രാൻസിസ് മാർപാപ്പാ അർജന്റീനായിൽ നിന്ന് വരേണ്ടിവന്നു. അതും നൂറ്റാണ്ടുകൾ കഴിഞ്ഞ്. ഇൻഡ്യയുടെ 0.47 % സ്ഥലത്തുമാത്രം ഇൻഡ്യയിലെ അതിപുരാതന സഭയ്ക്ക് അജപാലനാധികാരം ഉണ്ടായിരുന്ന കടുത്ത നിലപാടാണ് പരിശുദ്ധപിതാവ് മാറ്റിക്കുറിച്ചത്. അതേ അജപാലനാധികാരം മലങ്കര കത്തോലിക്കാ സഭയ്ക്ക് 2015-ൽ ലഭിച്ചു.

## ലിറ്റർജിക്കൽ പ്രശ്നം

സീറോ-മലബാർ സഭയിൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ആരാധനക്രമസംബന്ധമായ പ്രശ്നം ഉടലെടുത്തു. അത് അൽപ്പകാലം നിലനിന്നെങ്കിലും സഭാനേതൃത്വം അത് മിക്കവാറും പരിഹരിച്ചു. അത് സഭയിൽ അൽപ്പസ്വൽപ്പം കോളിളക്കം ഉണ്ടാക്കി. ബന്ധപ്പെട്ട ചിലർ പരസ്പര വിരുദ്ധമായ നിർദേശങ്ങൾ നൽകി. മറ്റുചിലർ ലാഘവബുദ്ധിയോടെ ഈ വിഷയം കൈകാര്യം ചെയ്തു. ലക്ഷ്യബോധവും ദൗത്യബോധവുമുള്ള നേതൃത്വം വന്നപ്പോൾ ആ പ്രശ്നം പരിഹൃദമായി. മുന്നൂറുവർഷം വ്യത്യസ്ത ചിന്താഗതിയുള്ള വിവിധ സഭാനേതൃത്വങ്ങളുടെ കീഴിൽ കഴിഞ്ഞ സഭയിൽ വ്യത്യസ്തത സ്വാഭാവികമാണ്. എങ്കിലും സഭാനേതൃത്വം അത് രമ്യമായി പരിഹരിച്ചു.

ഈയടുത്ത കാലത്ത് കത്തോലിക്കാ സഭയ്ക്കെതിരെ വളരെ പ്ലാൻ ചെയ്ത് കടന്നാക്രമണം നടത്താൻ ചില ശക്തികൾ മുമ്പോട്ടുവന്നു. ചാനലുകൾ വഴി സഭയെ അവഹേളിക്കാനും പരിപാവനമായവയെ നിന്ദിക്കാനും വേണ്ടി ഗണ്യമായ തോതിൽ പണം മുടക്കിത്തന്നെ ഇവർ പരിശ്രമിച്ചു. ചില സഭാംഗങ്ങളുടെ കുറവുകൾ പെരുപ്പിച്ചു കാട്ടി പൊതുജനമധ്യത്തിൽ സഭയെ താറടിക്കാനും സഭാംഗങ്ങളെ തെറ്റുദ്ധരിപ്പിക്കാനും ശമിച്ചു. അതിപ്പോൾ കെട്ടടങ്ങിയിരിക്കയാണ്.

## യൂജീൻ കർദിനാൾ തിസറാങ്ങും (1884-1972) പ്ലാസിഡച്ചനും (1899-1985)

സീറോ-മലബാർ സഭയ്ക്കും മലങ്കര കത്തോലിക്കാ സഭയ്ക്കും മറക്കാനാവാത്ത രണ്ട് വ്യക്തികളാണ് കർദിനാൾ തിസറാങ്ങും പ്ലാസിഡച്ചനും.

ഇൻഡ്യയിലെ പൗരസ്ത്യസഭകളെ ആഴമായി സ്നേഹിച്ചിരുന്ന മഹദ്വ്യക്തിയായിരുന്നു കർദിനാൾ തിസറാങ്. "ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു, കാരണം എനിക്കു നിങ്ങളുടെ ചരിത്രം നന്നായറിയാം" എന്ന് അദ്ദേഹം പറയുമായിരുന്നു. അദ്ദേഹം ഇവിടുത്തെ സുറിയാനി

www.malankaralibrary.com

ക്രിസ്ത്യാനികളുടെ ചരിത്രം പഠിച്ച് "ഇൻഡ്യയിലെ പൗരസ്ത്യ ക്രിസ്ത്യാനികളുടെ ചരിത്രം" (1957) എന്ന ഗ്രന്ഥം രചിച്ചു. കേരളത്തിലെ സഭയെപ്പറ്റി നേരിട്ട് കണ്ടു മനസ്സിലാക്കാൻ തിസ്സറാങ് തിരുമേനി 1953-ൽ പ്ലാസിഡച്ചനുമൊത്ത് ഇവിടെയെത്തി. ആ സന്ദർശനം വഴിയാണ് തലശ്ശേരി രൂപത ആരംഭിക്കാനിടയായത്. നിരവധി സീറോ-മലബാർ സംഭാംഗങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നുമുള്ള എതിർപ്പുകൾ അവഗണിച്ചുകൊണ്ടാണ് ആ രൂപത സ്ഥാപിതമായത്. ഇപ്പോൾ അതിൽ നിന്ന് എത്ര രൂപതകൾ ഉണ്ടായി! വടവാതൂർ സെമിനരി സ്ഥാപനത്തിനും അവിടെ നാട്ടുകാരനായ വന്ദ്യ കുര്യൻ വഞ്ചിപ്പുരയ്ക്കൽ അച്ചനെ റെക്ടറാക്കുന്നതിനും അദ്ദേഹം താൽപര്യമെടുത്തു. 1962 ദുക്റാനാദിനം വടവാതൂർ സെമിനരി ഉദ്ഘാടനം ചെയ്യപ്പെട്ടു. 1963-ൽ രണ്ടാം ബാച്ച് വിദ്യാർഥിയായി ഈ ലേഖകൻ അവിടെയെത്തി. 1982-ൽ അവിടെ ഉന്നത ദൈവശാസ്ത്രവിദ്യാപീഠവും (പൗരസ്ത്യ വിദ്യാപീഠം) സ്ഥാപിതമായി. അപ്പോഴേക്കും ഈ ലേഖകൻ അവിടെ പ്രൊഫസറായി നിയമിതനായി (1979-1993). സഭാത്മകവളർച്ചയ്ക്ക് ഈ സ്ഥാപനം സാരവത്തായ സംഭാവനകൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് സീറോ- മലബാർ സഭയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങളുടെ അടിത്തറ പാകിയത് തിസറാങ് തിരുമേനിയും സഹായിയായി വർത്തിച്ച പണ്ഡിതനായ പ്ലാസിഡച്ചനുമാണ്. ഈ മഹാത്മാക്കളെ സീറോ-മലബാർ സഭയ്ക്ക് ഒരിക്കലും മറക്കാൻ സാധ്യമല്ല.

"സഭാചരിത്രപഠനത്തിന് മാർഗദർശിയും ഉറവിടവും പൗരസ്ത്യ സഭകളുടെ, പ്രത്യേകിച്ച് ഭാരതസഭയുടെ *സഭാപിതാവ്* എന്ന സംജ്ഞയ്ക്ക് അർഹനും വിശുദ്ധനും പണ്ഡിതനും താപസ സന്യാസവര്യനുമായിരുന്നു അഭിവന്ദ്യ പ്ലാസിഡച്ചൻ. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ, പൗരസ്ത്യ തിരുസംഘത്തിന്റെ കൺസൾട്ടർ, ഈടുറ്റ ഗവേഷണ ഗ്രന്ഥങ്ങളുടെ കർത്താവ്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഔദ്യോഗിക ദൈവശാസ്ത്രജ്ഞൻ എന്നിങ്ങനെ വൈവിധ്യമാർന്ന തലങ്ങളിൽ ശുശ്രൂഷചെയ്ത മഹദ്വ്യക്തിയാണ് ഇദ്ദേഹം."[33] 1953-ൽ കർദിനാൾ തിസറാങ് കേരളം സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയായി വർത്തിച്ചത് പ്ലാസിഡച്ചനാണ്. വടവാതൂർ സെമിനരി തുടങ്ങാൻ അദ്ദേഹം കർദിനാളിന് പ്രേരണ നൽകി. പ്ലാസിഡച്ചൻ പല മെമ്മോറാണ്ഡങ്ങൾ റോമിനു സമർപ്പിച്ചു. 1953-ൽ കർദിനാൾ തിസറാങിന് പ്ലാസിഡച്ചൻ ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. ലിറ്റർജിയുടെ നവീകരണം, സെമിനാരിയുടെ ആവശ്യകത, അജപാലനാവകാശ പുനരുദ്ധാരണം, പ്രേഷിതപ്രവർത്തന സ്വാതന്ത്ര്യം, ലത്തീൻ സന്യാസ സമൂഹങ്ങളുടെ പൗരസ്ത്യ പ്രോവിൻസുകളുടെ സ്ഥാപനം തുടങ്ങി സഭയുടെ വളർച്ചയ്ക്ക് അവശ്യാവശ്യമായ സംഗതികൾ ചൂണ്ടിക്കാണിച്ചു കൊണ്ടായിരുന്നു നിവേദനം. രണ്ടാമത്തെ നിവേദനം

33. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം,* കോട്ടയം, 2018, പേ.880.

www.malankaralibrary.com

1966-ലാണ് സമർപ്പിച്ചത്. ഇൻഡ്യാ മുഴുവനും അജപാലനപരവും സുവിശേഷപരവുമായ ശുശ്രൂഷയ്ക്കുള്ള അവകാശവും കടമയും ഇതിൽ വ്യക്തമാക്കിയിരുന്നു. മൂന്നാമത്തെ നിവേദനം 1972-ൽ സമർപ്പിച്ചു. കേരളത്തിനു പുറത്തുള്ള കുടിയേറ്റക്കാരുടെ അജപാലന ശുശ്രൂഷയ്ക്കു വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു അത്.

മലങ്കരസഭയുടെ കാനോനിക്കൽ സ്രോതസ്സ് (ഫോന്തസ്) ശേഖരിച്ച് മലങ്കരസഭയ്ക്ക് പ്ലാസിഡച്ചൻ സംഭാവന ചെയ്തു. മലങ്കര കത്തോലിക്കാ സഭയുടെ ആരംഭദശയിൽ സഭയ്ക്ക് വലിയൊരു കൈത്താങ്ങായിരുന്നു പ്ലാസിഡച്ചൻ. മെത്രാന്മാർക്കും വൈദികർക്കും വേണ്ട നിർദേശങ്ങൾ നൽകുന്നതിലും കൺവൻഷനുകൾ നടത്തുന്നതിനും യാക്കോബായാ വൈദികർക്ക് അടിസ്ഥാനകത്തോലിക്കാ വിശ്വാസസംഗതികൾ പറഞ്ഞു കൊടുക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചു. അതിന്റെ പേരിൽ മറ്റു സഭാംഗ ങ്ങളിൽ നിന്ന് പരിഹാസവും എതിർപ്പും അച്ചന് നേരിടേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം റോമിൽ ആയിരുന്ന കാലത്ത് അവിടെ പഠിച്ചിരുന്ന വൈദികർക്കും ശെമ്മാശ്ശന്മാർക്കും അദ്ദേഹം വലിയ സഹായമായിരുന്നു. ഈ ലേഖകൻ റോമിൽ ഉപരിപഠനം നടത്തിയ കാലത്ത് (1973-1978) പ്ലാസിഡച്ചനിൽ നിന്ന് എല്ലാവിധ സഹായങ്ങളും ലഭിച്ചിട്ടുണ്ട്. സ്നേഹനിധിയായ ഒരു ഗുരുവായി രുന്നു അദ്ദേഹം. റോമിൽ വച്ച് ഞങ്ങൾ കുറേ വൈദികരെ വളരെനാൾ ദിവസവും ഓരോ മണിക്കൂർ സുറിയാനി പഠിപ്പിക്കുമായിരുന്നു. മലങ്കരസഭ വളരെ കൃതജ്ഞതാപൂർവം പ്ലാസിഡച്ചനെ അനുസ്മരിക്കുന്നു. റോമിലെ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ പെട്ട പലരും പിൽക്കാലത്ത് സീറോ-മലബാർ സഭയിൽ മെത്രാന്മാരായി. 1980 വരെ അദ്ദേഹം റോമിലുണ്ടായി രുന്നു. അതിനുശേഷം ചെത്തിപ്പുഴയിൽ താമസിക്കുകയും 1985-ൽ മരിച്ച്, അവിടുത്തെ ചാപ്പലിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

## പൗരസ്ത്യവിദ്യാപീഠവും ക്രിസ്ത്യൻ ഓറിയന്റും

സഭാസ്വാതന്ത്ര്യലബ്ധിക്ക് വടവാതൂർ സെമിനരിയും പൗരസ്ത്യവിദ്യാ പീഠവും ക്രിസ്ത്യൻ ഓറിയന്റ് എന്ന പ്രസിദ്ധീകരണവും സെമിനരിയിലെ അധ്യാപകരും ചെയ്ത നിസ്തുലസേവനം അവിസ്മരണീയമാണ്. ലത്തീൻ സഭയുമായുള്ള സംവാദത്തിനും പൗരസ്ത്യ ദൈവശാസ്ത്ര കൃതികൾ പ്രസിദ്ധീകരിക്കുന്നതിനും സെമിനരിയിലെ പ്രൊഫസർമാർ അതുല്യമായ സേവനം അനുഷ്ഠിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ച സഭകളുടെ തുല്യത എന്ന തത്വം പൂർണമായി ഗ്രഹിക്കാൻ കഴിവില്ലാതിരുന്ന ഒരു കാലഘട്ടം ഇൻഡ്യയിൽ ഉണ്ടായിരുന്നു. കത്തോലിക്കാസഭ എന്നാൽ ലത്തീൻ സഭയെന്നും ഐക്യം എന്നാൽ ഐകരൂപ്യമെന്നും പഠിച്ചുവച്ചി രുന്ന ഒരു വലിയ വൈദികനിര നിലനിന്നിരുന്നു. വൈവിധ്യമാണ് എല്ലാ കുഴപ്പങ്ങളുടെയും കാരണം എന്നു പഠിപ്പിച്ച കർദിനാൾ ഹുംബെർട്ടിന്റെ ശൈലി അക്ഷരാർഥത്തിൽ സ്വായത്തമാക്കിയവരുടെ നിര വളരെ നീണ്ട

www.malankaralibrary.com

തായിരുന്നു. അവരെ ബോധവൽക്കരിക്കുക വളരെ പ്രയാസമായിരുന്നു. അവർക്ക് റോമിലുള്ള സ്വാധീനം മറ്റുള്ളവരേക്കാൾ വളരെ കൂടുതലുമായിരുന്നു. ചർച്ചകളിൽ പങ്കെടുത്ത അഭിവന്ദ്യ പൗവത്തിൽ പിതാവിനോടും കുന്നശ്ശേരി പിതാവിനോടും സിറിൽ മാർ ബസേലിയോസ് പിതാവിനോടും ഒപ്പം ബഹു. കൂടപ്പുഴ അച്ചനും വെള്ളാനിക്കൽ അച്ചനും ബർക്കൂമൻസ് അച്ചനും സഭ സഭകളുടെ കൂട്ടായ്മയാണ് എന്ന ആശയം പ്രചരിപ്പിക്കാനും മറ്റുള്ളവരെ ബോധ്യപ്പെടുത്താനും കിണഞ്ഞു പരിശ്രമിച്ചു. ലഭിച്ച അവസരം ഉപയോഗിച്ച്, *ക്രിസ്ത്യൻ ഓറിയന്റ്* എന്ന പ്രസിദ്ധീകരണത്തിലൂടെ ഈ ലേഖകനും എളിയ രീതിയിൽ സഹകരിച്ചിട്ടുണ്ട്. തൽസംബന്ധമായി പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു:[34]

## രണ്ടാം വത്തിക്കാൻ കൗൺസിലും (1962–1965) പൗരസ്ത്യസഭകളും

രണ്ടാം വത്തിക്കാൻ കൗൺസിലിൽ പൗരസ്ത്യസഭകളെ കുറിച്ചുള്ള ഡിക്രിയുടെ ചർച്ചാവേളയിൽ ആഗ്രാബിഷപ്പ് കപ്പൂച്ചിൻ സംഭാംഗമായ ഡൊമിനിക് അതൈഡ്, ഭാരതത്തിലെ പൗരസ്ത്യസഭകൾക്ക് ധാരാളം ദൈവവിളികൾ ഉണ്ടെങ്കിലും, തനതായ മിഷൻ രൂപതകൾ നൽകാൻ പാടില്ലെന്ന് പ്രസംഗിച്ചു. പ്ലാസിഡച്ചൻ അതിനൊരു മറുപടിപ്രസംഗം ലത്തീനിൽ തയാറാക്കി. അഭിവന്ദ്യ വള്ളോപ്പള്ളി പിതാവ് അത് കൗൺസിലിൽ വായിച്ചു. "ഭാരതത്തിൽ സഭാതലത്തിൽ ദീർഘനാളായി നിലനിന്ന അനീതി അങ്ങനെ

34. "Unity versus Uniformity: an Ecumenical Question": in *Christian Orient* 2/4 (1981)141-164. also in "Ecumenism in Danger," Kottayam, 1986,p.17-40; in German: "Einheit im Wiederspruch zur Einfoemigkeit-Ein oekumenisches Problem aus indisch - Orientalischer Sicht", in *Der Christliche Osten*,37/3-4(1982)93-103; also in *Ut Omnes Unum* 45 (1982 March -April) 60-64; May-June 1982, p.89-96; 1982 July-August p.120-127.
"Communion of Churches is no riddle in the Catholic Church" in *Saar News* 2/40 (1982) Sept.18)10-11.
"One Territory one Bishop one Jurisdiction-Solution to the Problem?" in *Christian Orient* 4/1 (1983),14-30;also in *Ecumenism in Danger*,p.41-70.
"A Time to Act" in *Christian Orient* 4/2 (1983)100-102.
"Problems and Prospects of Evangelisation in India-An Ecumenical Perspective" in *Jeevadhara* 13/76(1983)253-265.
"The Anomalous Situation in the indian Church" in: *The Freedom fighters of the Thomas Christaians,* ed. T. Vellilamthadom-Kurianal, Kottayam.1986, p.75-82.
"Ecumencial Scandal" in *Christian Orient* 7/4 (1986)153-155.
"Ecumenism in Practice" in *Christian Orient* 8/4 (1987) 151-152.
"A Voice in the Wilderness" in *Christian Orient,* 19/1(1998)13-25. Dutch translataion: "Ein Stem in de Woestijn..De Situatie van de oosterers-

www.malankaralibrary.com

വെളിച്ചത്തായി. ഇതിന്റെ ഫലമായി രൂപീകൃതമായതാണ് പൗരസ്ത്യസഭകൾ എന്ന ഡിക്രിയുടെ മൂന്നും നാലും ഖണ്ഡികകൾ."[35]

"എല്ലാസഭകൾക്കും തിരുസഭയിൽ തുല്യപദവിയാണുള്ളത്. സഭാതലത്തിൽ ഒന്ന് മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാസഭകൾക്കും ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളത്. റോമാ മാർപാപ്പായുടെ കീഴിൽ ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുക എന്നത് എല്ലാ സഭകളുടെയും കടമയാണ്" (പൗരസ്ത്യസഭകൾ, 3).

"ആകയാൽ ലോകമാസകലമുള്ള ഓരോ സഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വിശ്വാസികളുടെ നന്മയ്ക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം തനതായ ഇടവകകളും ഹയരാർക്കിയും സ്ഥാപിക്കണം. വിവിധ സഭകളുടെ ഹയരാർക്കികൾക്ക് ഒരേ സ്ഥലത്ത് അജപാലനാധികാരം ഉണ്ടാകാം" (പൗരസ്ത്യസഭകൾ, 4).

## എൻ.ബി.സി.എൽ.സി.

എക്യുമേനിക്കൽ കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പാക്കാതിരിക്കാൻ സാധ്യമല്ല. എന്നാൽ നടപ്പാക്കുന്നത് കഴിയുന്നത്ര വൈകിപ്പിക്കാൻ സാധിക്കും. അതിന്റെ ദൃഷ്ടാന്തമാണ് 1965 –2017 കാലയളവിൽ ഇൻഡ്യയിൽ നടന്നത്. പൗരസ്ത്യസഭകളെ പറ്റിയുള്ള ഡിക്രിയിൽ പറഞ്ഞിരിക്കുന്നത് ഇൻഡ്യയിൽ പ്രായോഗികമല്ല എന്നായിരുന്നു അവരുടെ വാദം. അതിനായി നിരവധി തന്ത്രങ്ങൾ ബന്ധപ്പെട്ടവർ ആവിഷ്കരിച്ചു.എൻ.ബി.സി.എൽ.സി. എന്ന സ്ഥാപനം 1967–ൽ ബാംഗ്ലൂരിൽ ആരംഭിച്ചു. ഭാരതവൽക്കരണം എന്നപേരിൽ അവിടെ ചില പരീക്ഷണങ്ങൾ നടന്നു. മുഖ്യമായും ലത്തീൻസഭയെ ലക്ഷ്യമാക്കിയുള്ള സ്ഥാപനമായിരുന്നു അത്.

എൻബിസിഎൽസിയുടെ ആഭിമുഖ്യത്തിൽ 1969–ൽ രണ്ടാം അഖിലേന്ത്യാ ലിറ്റർജിക്കൽ സമ്മേളനം നടന്നു. ലിറ്റർജിയിൽ വരുത്തേണ്ട സാംസ്കാരികാനുരൂപണം സംബന്ധിച്ച് കുറേ നിർദേശങ്ങൾ മുന്നോട്ടുവച്ചു. അവ ഭാരതത്തിലെ പൗരസ്ത്യസഭകളെ സംബന്ധിച്ച് അപ്രസക്തമാണെന്ന് പൗരസ്ത്യസഭാധ്യക്ഷന്മാർ പ്രതികരിച്ചു. കർദിനാൾ ലൂർദുസാമിയുടെ

katholicke Kerken in India'' in *Het Christelijk Oosten* 51/1-2 (1999) 83-98.
"The Church as the Communion of Churches: Inter Ecclesial Existence in India" in Syro-Malabar Catholic Convention of North America,199, *Souvenir,* p.109.
"Forty Years after the Vatican Council" in *Christian Orient* ,24/4 (2003) 146-148.
"Identity and Communion" in *Christain Orient* ,24/4 (2003) 148-150.

35. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം*,2018, പേ.840–841.

www.malankaralibrary.com

സഹോദരൻ ഫാ. അമലോർപവദാസായിരുന്നു ഈ സ്ഥാപനത്തിന്റെ ഡയറക്ടർ.[36]

## ഏകറീത്തുവാദം

ഭാരതത്തിലെ അപ്പസ്തോലിക സഭകൾ വൈദേശികമാണെന്ന് നുണപ്രചരണം നടത്തി ഈ പൗരസ്ത്യ സഭകളെ ഇല്ലാതാക്കാൻ ഒരു ഗൂഢശ്രമമാണ് ഭാരതവൽക്കരണം എന്ന ലേബലിൽ കൊണ്ടുവന്നത്. ഭാരതവൽക്കരണ പരീക്ഷണങ്ങളുമായി മുന്നോട്ടുപോയ എൻ.ബി.സി.എൽ. സിയുടെ ഒരു ടീം പൗരസ്ത്യസഭകളിലെ പല രൂപതകളിലും ആരാധന ക്രമത്തിൽ പരിശീലനം നൽകുകയുണ്ടായി. അവരുടെ സ്വാധീനത്തിൽ പെട്ട് പലയിടങ്ങളിലും പൗരസ്ത്യ ആരാധനക്രമത്തോട് താൽപ്പര്യമില്ലായ്മ ജനിക്കാൻ ഇടയായി.

ആ പരിശ്രമം പരാജയപ്പെട്ടപ്പോൾ, ഇൻഡ്യയ്ക്ക് ഒരു റീത്ത് എന്ന മുദ്രാവാക്യവുമായി കുറേപ്പേർ വളരെ പ്ലാൻ ചെയ്ത് മുന്നോട്ടുവന്നു. പൗരസ്ത്യരെ കൊണ്ടുപോലും ഇപ്രകാരം പറയിക്കാൻ കഴിയത്തക്ക രീതിയിൽ അത്ര സുസംഘടിതവും ശക്തിമത്തുമായിരുന്നു അവരുടെ പ്രചരണപരിപാടി. ഇതിന്റെ പ്രണേതാക്കൾ വ്യക്തിഗതസഭകളെ റീത്തുകൾ എന്നാണ് വിളിക്കുക. മലങ്കര, മലബാർ, ലത്തീൻ സഭകളെ കൂട്ടിച്ചേർത്ത് ഒരു റീത്താക്കുക, അങ്ങനെ ഇൻഡ്യയിലെ രണ്ട് പൗരസ്ത്യസഭകളെ എന്നെ ന്നേക്കുമായി ഇല്ലാതാക്കുക എന്നതായിരുന്നു ഇക്കൂട്ടരുടെ ലക്ഷ്യം. അവർ ക്രമീകൃതമായി ഈ ആശയം അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ജനത്തെ സ്വാധീനിക്കുകയും ഇതിനായി വളരെ പണം വ്യയം ചെയ്യുകയും ചെയ്തു. ഈ പ്രസ്ഥാനം രണ്ടാം വത്തിക്കാൻ കൗൺസിലിനും കത്തോലി ക്കാസഭയുടെ നിരന്തരപ്രബോധനങ്ങൾക്കും എതിരായ ഒരബദ്ധസിദ്ധാന്ത മായിരുന്നു. സഭയുടെ സ്വഭാവത്തിനു തന്നെ എതിരാണ് ഐകരൂപ്യാധിഷ്ഠി തമായ സഭാഘടന. അവർ ഈ നാട്ടിൽ ഒരവസരം വളരെയേറെ ഒച്ചപ്പാടു ണ്ടാക്കി. വൈദികമിത്രം എന്ന പേരിൽ അവർ ഒരു പ്രസിദ്ധീകരണവും തുടങ്ങി. എല്ലായിടത്തും സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. എൻ.ബി.സി. എൽ.സിയുടെ സ്വാധീനത്തിൽ വന്ന കുറേ പൗരസ്ത്യസഭാംഗങ്ങൾ മാത്രം ഇതിനുവേണ്ടി നിലകൊണ്ടു. എന്നാൽ ഇൻഡ്യയിലെ പൗരസ്ത്യസഭ കളുടെ കടുത്ത എതിർപ്പിൽ ഈ അബദ്ധപ്രബോധനവും നടപടികളും പ്രചരണപരിപാടിയും അസ്തമിച്ചുപോയി. ഈ പ്രസ്ഥാനത്തിന് പാശ്ചാത്യ ലോകത്തുനിന്ന് പിന്തുണ ലഭിച്ചിരുന്നു എന്ന് ഈ ലേഖകന് നേരിട്ട് അറിവുള്ളതാണ്.

36. ജോസഫ് പെരുന്തോട്ടം, *മാർതോമാ നസ്രാണികൾ, പ്രതിസന്ധിയിലൂടെ*, ചങ്ങനാശ്ശേരി, 1993,പേ. 195-197.

www.malankaralibrary.com

## നാഷണൽ സെമിനാർ (1969)

ഏകറീത്തുവിവാദം ഒട്ടൊക്കെ കെട്ടടങ്ങിയപ്പോൾ ബാംഗ്ളൂരിൽവച്ച് ഒരു ഓൾ ഇൻഡ്യാ സെമിനാർ നടന്നു. അവിടെ ഇതേ ആശയം മറ്റു രീതിയിൽ അവതരിപ്പിക്കപ്പെട്ടു. ഈ സെമിനാറിന് രഹസ്യഅജൻഡ ഉണ്ടായിരുന്നെന്ന് പിന്നീട് സ്പഷ്ടമായി. ഇൻഡ്യയിലെ രണ്ട് പൗരസ്ത്യസഭകളെ ഇൻഡ്യയുടെ ഒരു കോണിൽ ഒതുക്കുക, സാർവത്രികസഭയിൽ വ്യക്തിഗത സഭകൾക്കുള്ള തുല്യസ്ഥാനം സംബന്ധിച്ച കൗൺസിൽ പ്രബോധനം അട്ടിമറിച്ച് പ്രമേയം പാസ്സാക്കുക എന്നിവ ഈ രഹസ്യഅജന്തയിൽ പെടുന്നു. വ്യക്തിഗത സഭകൾ എന്നതിനു പകരം റീത്തുകൾ എന്നാണ് സെമിനാറിൽ ഉടനീളം പ്രയോഗിച്ചത്. സെമിനാറിലെ പേപ്പറുകളെല്ലാം കൗൺസിലിനു മുമ്പുള്ള സഭാശാസ്ത്രത്തിന്റെ അവതരണമായിരുന്നു. അതിൽ സംബന്ധിച്ച മഹാഭൂരിഭാഗം പേരും ലത്തീൻകാരായിരുന്നു. വൈവിധ്യം അവർക്ക് വൈരുധ്യവും ഐക്യം ഐകരൂപ്യവുമായിരുന്നു. വൈവിധ്യത്തിൽ അധിഷ്ഠിതമായ ഐക്യം എന്ന ആശയം അവർക്ക് അന്യമായിരുന്നു. മലങ്കരസഭയുടെയും മലബാർ സഭയുടെയും ഓട്ടോണമി അവർക്ക് അചിന്ത്യമായിരുന്നു. പ്രായോഗികമായി, ഒരു സ്ഥലത്ത് ഒന്നിലേറെ വ്യക്തിഗത സഭകൾ ഉണ്ടാകാൻ പാടില്ല എന്നതായിരുന്നു അടിസ്ഥാനചിന്ത. കേരളത്തിൽ പൗരസ്ത്യസഭകളെ തുടരാൻ അനുവദിച്ചെങ്കിലും, കത്തോലിക്കാ കൂട്ടായ്മയിൽ സഭകളുടെ തുല്യത അവർ അംഗീകരിച്ചില്ല. സഭകളെ റീത്തുകൾ എന്നു വിളിച്ചതുവഴി ആരാധനക്രമത്തിലുള്ള അല്ലറ ചില്ലറ വ്യത്യാസം മാത്രമാണ് അവർ പരിഗണിച്ചത്. അവരെ സംബന്ധിച്ച് ലത്തീൻ സഭയാണ് കത്തോലിക്കാസഭ. മറ്റുള്ളവ അതിന്റെ അനുബന്ധം കണക്കെ അതിന്റെ ഭാഗം മാത്രം. അവസാനം സീറോ-മലബാർ സഭയിൽ പെട്ട ഫാ.ജോനാസ് തളിയത്ത് സി.എം.ഐ. *(പിന്നീട് രാജ്കോട്ട് മെത്രാൻ)* അവതരിപ്പിച്ച ആറു പ്രമേയങ്ങൾ പ്രീ കൺസീലിയർ ആയിരുന്നു. മൾട്ടി ജൂരിസ്ഡിക്ഷന് എതിരുമായിരുന്നു. കൗൺസിൽ പ്രബോധനങ്ങൾ പൂർണമായി അംഗീകരിക്കുന്ന ഒരു പ്രമേയവും അവയിൽ ഇല്ലായിരുന്നു.

എക്യുമേനിക്കൽ കൗൺസിലിന്റെ പ്രബോധനങ്ങൾക്ക് എതിരാകയാൽ ഈ പ്രമേയങ്ങൾ അപ്പാടെ തിരസ്കൃതങ്ങളാണ്. ഈ സെമിനാറിൽ മലങ്കര കത്തോലിക്കാ സഭയിൽ നിന്ന് വളരെ കുറച്ചുപേർ മാത്രമേ പങ്കെടുത്തുള്ളു. എങ്കിലും ഫാ.സിറിൽ മലഞ്ചരുവിൽ ഓ.ഐ.സി. *(പിന്നീട് മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ്)* മലങ്കരസഭയുടെ നാമത്തിൽ ഈ പ്രമേയങ്ങളെ എതിർത്ത് സംസാരിച്ചു. സീറോ-മലബാർ സഭയിൽ പെട്ട നിരവധി പേർ അവിടെയുണ്ടായിരുന്നു. ഇവയിലെ അപകടം മനസ്സിലാക്കിയിട്ടും ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ഇവ അംഗീകരിക്കുന്ന

www.malankaralibrary.com

രീതിയിൽ സംസാരിച്ചു. അങ്ങനെ അവ പാസ്സായി. എന്നാൽ മാർ ഗ്രിഗോറിയോസ് പിതാവു തന്നെ 1985-ൽ റോമിലെ മെത്രാന്മാരുടെ സിനഡിൽ ഇൻഡ്യയിലെ പൗരസ്ത്യസഭകൾ അനുഭവിക്കുന്ന നിയന്ത്രണങ്ങളെപ്പറ്റി സംസാരിച്ചു. ഈയടുത്ത കാലത്തുനടന്ന സഭാഘടനാ വികസനം പരിശോധിച്ചാൽ റോമൻ കത്തോലിക്കാസഭയും മാർപാപ്പാമാരും നാഷനൽ സെമിനാർ തീരുമാനങ്ങൾ അംഗീകരിച്ചിട്ടില്ല എന്നു സ്പഷ്ടമാണ്. റോമാ മാർപാപ്പാമാർ അത് പൂർണമായി തള്ളിക്കളഞ്ഞുകൊണ്ട് പൗരസ്ത്യസഭകൾക്ക് ഭാരതത്തിലെവിടെയും അജപാലനശുശ്രൂഷ നിർവഹിക്കാനുള്ള അധികാരം ഇപ്പോൾ നൽകിയിരിക്കയാണ്.

## മറുനാടൻ സീറോ-മലബാറുകാരും അപ്പസ്തോലിക് വിസിറ്ററും (1978)

കൗൺസിൽ തീരുമാനങ്ങളൊന്നും ഭാരതത്തിൽ നടപ്പാകുന്നില്ലെന്നു കണ്ട് വന്ദ്യനായ പ്ലാസിഡച്ചൻ കൺസൾട്ടർ എന്ന നിലയിൽ റോമിനെ സമീപിച്ചു. അദ്ദേഹത്തിന്റെ ഉത്തമസുഹൃത്തായിരുന്നു കർദിനാൾ ലൂചിയാനി എന്ന ജോൺ പോൾ ഒന്നാമൻ മാർപാപ്പാ (26-08-1978 മുതൽ 28-09-1978 വരെ). അദ്ദേഹത്തിന് പ്ലാസിഡച്ചൻ അപേക്ഷ നൽകി. അതിന്റെ ഫലമായി, കേരളത്തിനു പുറത്തുള്ള സീറോ-മലബാർ വിശ്വാസികളെ സംബന്ധിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ ജോൺപോൾ ഒന്നാമൻ മാർപാപ്പാ 1978 സെപ്തംബർ എട്ടിന് മാർ ആന്റണി പടിയറയെ അപ്പസ്തോലിക വിസിറ്ററായി നിയമിച്ചു. ചരിത്രപണ്ഡിതനായ റവ. ഡോ. സേവ്യർ കൂടപ്പുഴ അച്ചൻ ആയിരുന്നു സെക്രട്ടറി.

ഇൻഡ്യൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം കേരളത്തിലെ മറ്റു മലയാളികളെപ്പോലെ ധാരാളം സീറോ-മലബാർ കത്തോലിക്കർ കേരളത്തിന് പുറത്തേക്ക് കുടിയേറിയിട്ടുണ്ട്. മാർ ആന്റണി പടിയറ തിരുമേനി 1980-ൽ റോമിന് റിപ്പോർട്ട് സമർപ്പിച്ചു. മാർ ആന്റണി പടിയറ പിതാവ് റോമിൽ സമർപ്പിച്ച റിപ്പോർട്ടിന് എതിരെ ഇൻഡ്യയിലെ എല്ലാ ലത്തീൻ മെത്രാന്മാരുടെയും പേരിൽ ഒരു മറുപടി 1982-ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പായ്ക്ക് സമർപ്പിക്കപ്പെടുകയുണ്ടായി. പടിയറ പിതാവ് നിർദേശിച്ച പ്രായോഗിക നിർദേശങ്ങൾ നടപ്പാക്കരുതെന്നായിരുന്നു അപേക്ഷ. അതിനുശേഷം ഇൻഡ്യയിലെ ലത്തീൻ ആർച്ചുബിഷപ്പന്മാരും നാലു കമ്മീഷനുകളുടെ അധ്യക്ഷന്മാരും ഒപ്പിട്ട മറ്റൊരു മെമ്മോറാണ്ഡം 1983-ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പായ്ക്ക് സമർപ്പിക്കപ്പെട്ടു. ലത്തീൻ ഹയരാർക്കി ഈ റിപ്പോർട്ടു സമർപ്പിച്ചത് സി.ബി.സി.ഐ. യുടെ പേരിലായിരുന്നു എന്നതാണ് രസകരമായ സംഗതി. പൗരസ്ത്യസഭകളെ സംബന്ധിച്ച ഡിക്രി, ഖണ്ഡിക നാല്, നടപ്പാക്കരുതെന്നായിരുന്നു നിവേദനങ്ങളുടെയെല്ലാം ഉള്ളടക്കം. 1984-ൽ സീറോ-മലബാർ മെത്രാന്മാർ ഈ നിവേദനങ്ങൾക്കൊരു മറുപടി

www.malankaralibrary.com

റോമിന് സമർപ്പിച്ചു. 1985-ൽ ഇൻഡ്യയിലെ ലത്തീൻ ആർച്ചുബിഷപ്പന്മാരും നാലു മെത്രാന്മാരും കൂടി മറ്റൊരു മെമ്മോറാണ്ഡം റോമിനു സമർപ്പിച്ചു. ഇതിന്റെ തുടർച്ചയായിട്ടാണ് 1985-ലെ റോമൻ സിനഡിൽ പടിയറ പിതാവും ഗ്രിഗോറിയോസ് പിതാവും പൗവത്തിൽ പിതാവും യുക്രേനിയൻ മേജർ ആർച്ചുബിഷപ്പും ഇടപെട്ട് ഈ പ്രശ്നം റോമൻ സിനഡിലെ പിതാക്കന്മാരുടെ ശ്രദ്ധയിൽ പെടുത്തിയത്. അപ്പസ്തോലിക വിസിറ്ററുടെ റിപ്പോർട്ടിനെതിരെയുള്ള സമീപനം പാശ്ചാത്യ മതകൊളോണിയലിസമാണെന്ന് പടിയറ പിതാവ് പറഞ്ഞു.[37]

1980-നു ശേഷമുള്ള സിബിസിഐ സമ്മേളനങ്ങളിൽ ഈ പ്രശ്നം ചർച്ചാവിഷയമായി. തിരുച്ചിറപ്പള്ളിയിൽ വച്ച് 1982-ൽ നടന്ന സമ്മേളനത്തിൽ മാർ ജോസഫ് പൗവത്തിലും സിറിൽ മാർ ബസേലിയോസും പൗരസ്ത്യ സഭകളുടെ വീക്ഷണങ്ങൾ അവതരിപ്പിച്ചു. തുടർന്ന് സിബിസിഐ ഒരു കമ്മീഷനെ നിയോഗിച്ചു. ബോംബെയിലെ ഗോരഗോൺ സെമിനരിയിൽ വച്ച് 1983-ൽ ചർച്ച നടന്നു. എന്നാൽ കൗൺസിൽ തീരുമാനങ്ങൾ ഇൻഡ്യയിൽ പ്രായോഗകമല്ല എന്ന നിലപാടായിരുന്നു ലത്തീൻ പ്രതിനിധികളുടേത്.

ജോൺപോൾ രണ്ടാമൻ മാർപാപ്പാ 1986-ൽ ഡൽഹിയിൽ എത്തിയ ഉടൻ തന്നെ, ഭാരതത്തിലെ പൗരസ്ത്യ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുമെന്ന് അറിയിച്ചു. മാർപാപ്പാ 1987-ൽ ഭാരതത്തിലെ എല്ലാ മെത്രാന്മാർക്കും സഭാപ്രബോധനം ഉയർത്തിക്കാട്ടി കത്തെഴുതി. കേരളത്തിന് പുറത്തു പോയിട്ടുള്ള സീറോ-മലബാർ വിശ്വാസികളുടെ അജപാലക കാര്യങ്ങൾക്കുവേണ്ട സംവിധാനം ഉണ്ടാക്കണമെന്നാണ് പരിശുദ്ധ പിതാവ് എഴുതിയത്. ഇത് എല്ലാവരും അംഗീകരിക്കണമെന്നും അറിയിച്ചു. 1988-ൽ കല്യാൺ രൂപത സ്ഥാപിതമായി.

വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ ആൻജെലോ സൊദാനോ 1991-ൽ ബോംബെ ആർച്ചുബിഷപ്പ് കർദിനാൾ സൈമൻ പിമെന്റോയ്ക്ക് ഒരു കത്തയച്ചു. മാർപാപ്പാ നേരത്തെ അയച്ച കത്ത് ചൂണ്ടിക്കാണിച്ചുകൊണ്ട്, വൈദികരും സന്യസ്തരും വിശ്വാസികളും മാർപാപ്പായുടെ കത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൾ അംഗീകരിക്കണമെന്ന് അവരോട് ആവശ്യപ്പെട്ടു കൊണ്ടുള്ളതായിരുന്നു ആ കത്ത്.

## കാതലിക് ബിഷപ്സ് കോൺഫറൻസ് (സിബിസിഐ)

സിബിസിഐ രൂപീകൃതമായത് 1947-ലാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം അതിന്റെ ഘടനയെപ്പറ്റി നീണ്ട ചർച്ചനടന്നു. വടവാതൂർ സെമിനരിയിൽ വച്ച് 1988-ൽ നടന്ന സിബിസിഐ സമ്മേളനത്തിൽ വച്ച് മൂന്നു സഭകളുടെയും തുല്യ അവകാശവും കടമകളും പ്രായോ

37. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം*,2018, 790–793.

www.malankaralibrary.com

ഗികമാക്കാനുള്ള പദ്ധതി അംഗീകരിക്കപ്പെട്ടു. സിബിസിഐ യുടെ ഘടന യിലും തദനുസൃതം മാറ്റം വരുത്തണമെന്നും തീരുമാനിച്ചു. മൂന്നു വ്യക്തിഗത സഭകൾ ഉള്ളതിനാൽ, മൂന്നു കോൺഫറൻസുകൾ-സീറോ-മലബാർ ബിഷപ്സ് സിനഡ്, മലങ്കര കത്തോലിക്കാ ബിഷപ്സ് സിനഡ്, ലത്തീൻ ബിഷപ്സ് കോൺഫറൻസ്-ഉണ്ടാക്കാനും സിബിസിഐ ഇപ്പോഴുള്ളതു പോലെ നിലനിർത്താനും തീരുമാനിച്ചു. സിബിസിഐ പൊതു താൽപര്യ മുള്ള ദേശീയപ്രശ്നങ്ങളും കാര്യങ്ങളും മാത്രം കൈകാര്യം ചെയ്താൽ മതി, എന്നാൽ അതിന്റെ തീരുമാനങ്ങൾക്ക് നിയമപ്രാബല്യം ഉണ്ടായിരിക്കു ന്നതല്ല എന്നും സിബിസിഐ-ലെ ഔദ്യോഗിക സ്ഥാനങ്ങൾ മൂന്നു സഭകൾക്കും മാറിമാറി ലഭിക്കത്തക്കവിധം ക്രമീകരിക്കണമെന്നും തീരുമാനിച്ചു.

## മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ (1992)

സീറോ-മലബാർസഭയെ 1992-ൽ റോം മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. കർദിനാൾ മാർ ആന്റണി പടിയറയായിരുന്നു ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് (1992-1996). പൊന്തിഫിക്കൽ ഡലഗേറ്റായ മാർ അബ്രഹാം കാട്ടുമന (1992-1995), കർദിനാൾ വർക്കി വിതയത്തിൽ (1996-2011) എന്നിവർ ഈ സ്ഥാനത്ത് ദൗത്യം നിർവഹിച്ചു. മാർ ജോർജ് ആലഞ്ചേരിയാണ് 2011 മുതൽ മേജർ ആർച്ചുബിഷപ്പ്. മലങ്കര കത്തോലിക്കാ സഭയ്ക്ക് 2005-ൽ റോം ഈ പദവി നൽകി.

## ഓൾ ഇൻഡ്യാ ജൂരിസ്ഡിക്ഷൻ (മെത്രാപ്പോലീത്താ ദ് കൊല്ലേ ഹെൻദ്യൂ)

അവസാനം റോം തന്നെ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കി. ഇൻഡ്യയിൽ എവിടെയുമുള്ള മലങ്കര വിശ്വാസികൾക്കായി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ 2015-ൽ ഡൽഹിയിൽ, സെന്റ് ജോൺ ക്രിസൊസ്റ്റോം ഓഫ് ഗുർഗാവേൺ രൂപതയും പൂനായിൽ സെന്റ് എഫ്രേം ഓഫ് ഖഡ്കി എക്സാർക്കേറ്റും സ്ഥാപിച്ചു. 2020-ൽ എക്സാർക്കേറ്റ് രൂപതയായി ഉയർത്തി. സീറോ-മലബാർ വിശ്വാസികളുടെ അജപാലകാ വശ്യങ്ങൾ നിറവേറ്റാനും സുവിശേഷം പ്രഘോഷിക്കാനുമുള്ള അനുവാദം സീറോ-മലബാർ സഭയ്ക്ക് ഫ്രാൻസിസ് മാർപാപ്പാ 2017-ൽ അനുവദിച്ച് ഷംഷാബാദ് രൂപത സ്ഥാപിച്ചു. അങ്ങനെ ഭാരതം മുഴുവനിലും സീറോ-മലബാർ സഭയ്ക്കും മലങ്കര കത്തോലിക്കാ സഭയ്ക്കും അജപാലനാധി കാരം റോം അനുവദിച്ചു. ഭാരതം മുഴുവൻ അജപാലനപരമായി മൾട്ടി ജൂരിസ്ഡിക്ഷനായി.

ഇൻഡ്യയിലെ ഈ രണ്ടു പൗരസ്ത്യ കത്തോലിക്കാ സഭകൾക്കും സിനഡൽ സംവിധാനവുമുണ്ട്. ഇപ്പോൾ സീറോ-മലബാർ സഭയ്ക്ക് റോമിൽ

www.malankaralibrary.com

ഒരു പ്രൊക്കുറേറ്ററായി ഒരു മെത്രാനും സ്വന്തമായി ആസ്ഥാനവും ബസിലിക്കായുമുണ്ട്. ഇംഗ്ലണ്ടിലും കാനഡായിലും ആസ്ട്രേലിയായിലും യൂ.എസ്.എ.യിലും രൂപതകളും മെത്രാന്മാരുമുണ്ട്. ഗൾഫ് മേഖലയിൽ നിരവധി വൈദികർ അജപാലനശുശ്രൂഷ നിർവഹിക്കുന്നു. അതോടൊപ്പം സുവിശേഷപ്രഘോഷണത്തിനുള്ള അവസരവും ലഭിച്ചിരിക്കയാണ്. ഈ സഭ സഭൈക്യസംരംഭങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ഇന്ന് ഈ സഭകൾക്ക് ലഭിച്ചിരിക്കുന്ന അധികാരാവകാശങ്ങൾ, കത്തോലിക്കാ സഭയിൽ ഈ സഭകൾക്കുള്ള സ്ഥാനം എന്നിവ കേരളത്തിലെ അകത്തോലിക്കാ സഭകൾ കണ്ണുതുറന്നു കാണേണ്ടതാണ്. റോമിലെ മാർപാപ്പായെ തെരഞ്ഞെടുക്കാനുള്ള അവകാശം ഈ രണ്ടുസഭകൾക്കും ഇന്ന് ലഭിച്ചിരിക്കുന്നു. ഈ രണ്ട് സഭകളുടെയും അധ്യക്ഷന്മാർ കർദിനാൾ സ്ഥാനം ലഭിച്ചവരും സാർവത്രിക സഭയുടെ ഭരണത്തിൽ പങ്കാളികളുമാണ് എന്നത് മഹത്തായ കാര്യം തന്നെയാണ്. സീറോ-മലബാർ സഭയിലെ 35 രൂപതകളിലായി 46,33,242 വിശ്വാസികൾ ഇൻഡ്യയിലും വിദേശങ്ങളിലുമായിട്ടുണ്ട്.രൂപതകൾ ഇല്ലാത്ത സ്ഥലങ്ങളിലെ സിറോ-മലബാർ വിശ്വാസികൾ ഉൾപ്പെടെ അംഗസംഖ്യ 52,07,615.[38]

സീറോ-മലബാർ സഭയിൽ നിന്ന് നാലുപേരെ വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുണ്ട്: അൽഫോൻസാമ്മയെ 2008-ൽ പരിശുദ്ധപിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചു. കുറിയാക്കോസ് ഏലിയാസ് ചാവറയച്ചനെയും എവുപ്രാസ്യാമ്മയെയും 2014-ലും മറിയം ത്രേസ്യായെ 2019-ലും ഫ്രാൻസിസ് മാർപാപ്പാ വിശുദ്ധരായി പ്രഖ്യാപിച്ചു. തേവരുപറമ്പിൽ കുഞ്ഞച്ചനെ 2006-ലും റാണി മരിയായെ 2017-ലും വാഴ്ത്തപ്പെട്ടവരായി (Blessed) പ്രഖ്യാപിച്ചു.

## അവലോകനം

പൗരസ്ത്യകത്തോലിക്കാ സഭയിൽ ഏറ്റവും ചൈതന്യവത്തായ സഭയാണ് സീറോ-മലബാർസഭ. ഭാരതത്തിലുടനീളവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഈ സഭ മിഷണറിമാരെ അയക്കുന്നു. ഏഷ്യയിലെ മണ്ണിന് യോജിച്ച ഏഷ്യൻ ആരാധനക്രമമാണ് ഈ സഭയ്ക്കുള്ളത്. രണ്ടായിരം വർഷം കൊണ്ട് ഈ സഭ സഞ്ചരിച്ച പാത ആരെയും അമ്പരപ്പിക്കും. സഭാവ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിനും സാർവത്രികസഭയുമായുള്ള സമ്പൂർണ കൂട്ടായ്മയിൽ നിലനിർത്തുന്നതിനും എന്തെന്തു ത്യാഗങ്ങളാണ് ഈ സഭ സഹിക്കേണ്ടിവന്നിട്ടുള്ളത്. ഏതാണ്ട് മുന്നൂറുവർഷത്തോളം

38. *Syro-Malabar Church Directory.* Year Book 2020.51-52.

www.malankaralibrary.com

മറ്റൊരു സഭയുടെ കീഴിൽ കഴിയേണ്ടി വന്നെങ്കിലും, ഈ അപ്പസ്തോലിക സഭ അതിൽ ലയിച്ചുപോയില്ല. വ്യക്തിത്വം അൽപ്പസ്വൽപം വികലമായെങ്കിലും ഇപ്പോളത് വീണ്ടെടുത്തു കൊണ്ടിരിക്കയാണ്. ദൈവികപരിപാലനയിൽ ഈ മഹത്തായ സഭ ലോകത്തിൽ അതിന്റെ പാവനധർമം നിർവഹിച്ചു കൊണ്ടിരിക്കുന്നു. നസ്രാണിസമുദായത്തിന് തിരുസഭയിലുള്ള ചരിത്രപരമായ ദൗത്യം നിർവഹിക്കുന്നതിന് ഉതകുന്നതെല്ലാം എന്തുത്യാഗം സഹിച്ചും ചെയ്യാൻ ഒരുക്കമുള്ളവരാണ് ഇന്നത്തെ സീറോ-മലബാർ സഭാനേതൃത്വം. ആദർശധീരതയും മൂല്യാധിഷ്ഠിതജീവിതവും ത്യാഗസന്നദ്ധതയും ഒത്തിണങ്ങിയ നേതൃത്വമാണ് ഇന്ന് സഭയെ നയിക്കുന്നത്. അങ്ങനെ ഇവിടുത്തെ ശ്ലൈഹികസഭയുടെ അന്തസ്സത്തയുമായി അലിഞ്ഞുചേരുകയും ഭാരതത്തിനും ലോകത്തിനുംവേണ്ടി ഈ സഭാപൈതൃകം ഉയർത്തി കാട്ടു കയും ചെയ്യുന്നവരുടെ ഒരു നിരയാണ് ഇന്ന് ഈ സഭയ്ക്കുള്ളത്.

www.malankaralibrary.com

# 2
# ലത്തീൻ (റോമൻ) കത്തോലിക്കാസഭ

കേരളത്തിലെ ലത്തീൻകത്തോലിക്കാസഭ റോമിലെ അപ്പസ്തോലിക സഭയുടെ ഭാഗമാണ്. പശ്ചിമയൂറോപ്പിൽ നിന്ന് 16-ാം നൂറ്റാണ്ടിൽ ഭാരതത്തിലെത്തിയ ലത്തീൻ ക്രൈസ്തവ മിഷണറിമാരുടെ പ്രേഷിതപ്രവർത്തന ഫലമാണ് ഈ സഭ. കേരളത്തിൽ ഈ സഭയ്ക്ക് 11 രൂപതകളും ഏകദേശം 15 ലക്ഷം വിശ്വാസികളുമുണ്ട്. 1886-ൽ ഇൻഡ്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപിതമായപ്പോൾ വരാപ്പുഴ അതിരൂപതയായും കൊല്ലം അതിന്റെ സാമന്തരൂപതയായും സ്ഥാപിക്കപ്പെട്ടു. വരാപ്പുഴ സഭാപ്രോവിൻസ് വളർന്നു വികസിച്ചതാണ് ഇന്ന് കേരളത്തിലുള്ള ലത്തീൻ ഹയരാർക്കി. വരാപ്പുഴ സഭാപ്രോവിൻസിന്റെ കീഴിൽ കോഴിക്കോട്, കൊച്ചി, കണ്ണൂർ, കോട്ടപ്പുറം, വിജയപുരം എന്നീ രൂപതകളും, തിരുവനന്തപുരം സഭാപ്രോവിൻസിന്റെ കീഴിൽ നെയ്യാറ്റിൻകര, ആലപ്പുഴ, കൊല്ലം, പുനലൂർ എന്നീ രൂപതകളുമുണ്ട്. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ വികാസപരിണാമങ്ങളിൽ കൊല്ലം രൂപതാസ്ഥാപനം (1329), പോർട്ടുഗീസുകാരുടെ വരവ് (1498), കൊച്ചി പാദ്രോവാദോ രൂപതാസ്ഥാപനം (1557), മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ് (1659), വരാപ്പുഴ അതിരൂപതാസ്ഥാപനം (1886) എന്നീ സുപ്രധാന നാഴികക്കല്ലുകൾ കാണാം[1].

## കൊല്ലം രൂപതാസ്ഥാപനം (1329)

കിഴക്കൻ രാജ്യങ്ങളിൽ സുവിശേഷം അറിയിക്കാൻ ഇന്നസെന്റ് നാലാമൻ മാർപാപ്പാ (1243-1254) കർത്താവിന്റെ തീർത്ഥാടകസമൂഹം[2]എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുകയുണ്ടായി. അതോടു കൂടിയാണ് പാശ്ചാത്യസഭ ചൈനയിലേക്കും തെക്കുകിഴക്കൻ ഏഷ്യൻ പ്രദേശങ്ങളി

1. *Catholic Directory of India*, New Delhi, 2013.
2. *Societas Peregrinantium pro Cristo; Society of Pilgrims for Christ.*

www.malankaralibrary.com

ലേക്കും മിഷണറിമാരെ അയച്ചു തുടങ്ങിയത്. അപ്രകാരം അയക്കപ്പെട്ട, തീർത്ഥാടക സമൂഹാംഗമായ ജോൺ മോന്തെ കൊർവീനോ എന്ന ഫ്രാൻസിസ്കൻ സന്യാസി യാത്രാമധ്യേ 1291-ൽ ഇൻഡ്യയിലെത്തി. കൊല്ലം അക്കാലത്ത് ചൈനായാത്രയിലുള്ള ഇടത്താവളവും പ്രമുഖ തുറമുഖ പട്ടണവും മാർതോമാക്രിസ്ത്യാനികളുടെ സ്വാധീനമേഖലയും വാണിജ്യ കേന്ദ്രവും ആയിരുന്നതിനാൽ, ജോൺ കൊല്ലത്തായിരിക്കാം എത്തിയത്. ഇൻഡ്യയിൽ താമസിച്ച കാലത്ത് ജോൺ പല സ്ഥലങ്ങളും സന്ദർശിച്ചു. മാർതോമായുടെ ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലവും സന്ദർശിച്ചു. അത് മൈലാപ്പൂരായിരിക്കാം.[3] അദ്ദേഹവും കൂടെയുള്ളവരും കൂടി പല സ്ഥലങ്ങളിലായി ഏതാണ്ട് നൂറോളം പേരേ സ്നാനപ്പെടുത്തി.[4] മാർതോമാക്രിസ്ത്യാനികളെ കൊല്ലത്തും പരിസരങ്ങളിലും ജോൺ കണ്ടുമുട്ടി. അവർ തങ്ങളുടെ കുട്ടികളെ സ്നാനപ്പെടുത്താൻ അദ്ദേഹത്തോട് അപേക്ഷിച്ചതാകാം. സ്നാനം സ്വീകരിച്ചവരുടെ സഭയോടും റീത്തിനോടുമുള്ള ബന്ധവും കൂട്ടായ്മയും വിച്ഛേദിക്കാൻ ജോൺ പ്രേരിപ്പിച്ചെന്നു കരുതാൻ ന്യായം കാണുന്നില്ല. അക്രൈസ്തവരിൽ നിന്ന് ജോൺ ആരെയെങ്കിലും സ്നാനപ്പെടുത്തിയോ ഇല്ലയോ എന്നതിനെപ്പറ്റി നമുക്കൊന്നും അറിവില്ല. ഏതായാലും തുടർന്നുള്ള യാത്രയ്ക്കുവേണ്ടി 13 മാസം കാത്തിരുന്ന ജോൺ ചൈനയിലേക്ക് കപ്പൽ കയറി. കേരളത്തിൽ അദ്ദേഹം ലത്തീൻസഭ സ്ഥാപിച്ചെന്ന് ഈ ഇടക്കാല താമസത്തിൽ നിന്ന് അനുമാനിക്കാൻ ബുദ്ധിമുട്ടാണ്.

തുടർന്ന് സഞ്ചാരമിഷണറിമാർ കേരളം സന്ദർശിച്ചതിനെപ്പറ്റി പരാമർശങ്ങളുണ്ട്. അവിഞ്ഞോണിൽ താമസിച്ചിരുന്ന ജോൺ 22-ാം മാർപാപ്പാ (1316-1334) "ആദ് പെർപെത്വാം റേയി മെമ്മോറിയാം" എന്ന തിരുവെഴുത്തിലൂടെ 1329 ആഗസ്റ്റ് 9-ന് കൊളുംബം രൂപത സ്ഥാപിച്ചു. കൊളംബം കൊല്ലമാണെന്ന് പറയപ്പെടുന്നു. ജോർദാൻ കത്തലാനി സെവേറാക് എന്ന ഡൊമിനിക്കൻ സന്യാസിയെ മാർപാപ്പാ ഈ രൂപതയുടെ മെത്രാനായി നിയമിച്ചു. ഇൻഡ്യയിൽ ലത്തീൻ റീത്തനുസരിച്ച് സ്ഥാപിതമായ ആദ്യത്തെ രൂപത എന്ന നിലയിൽ കൊളുംബത്തിന് സഭാചരിത്രത്തിൽ അദ്വിതീയമായ സ്ഥാനമുണ്ട്. പേർഷ്യയിലെ സുൽത്താനി അതിരൂപതയുടെ സാമന്തരൂപതയായിട്ടാണ് ഇത് സ്ഥാപിക്കപ്പെട്ടത്.[5] ഈ രൂപതയുടെ വിസ്തൃതി വളരെ വിപുലമായിരുന്നു. ഇതേപ്പറ്റി ജോർദാൻ "മിരാബിലിയാ ദെസ്ക്രിപ്താ" എന്ന തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു.

---

3. ജോൺ പള്ളത്ത്, *പോർട്ടുഗൽ യുഗത്തിലെ ഭാരതസഭ*,കോട്ടയം, 1992,പേ.150-151.
4. A.M.Mundadan, *History of Christianity in India,* vol.1. Bangalore, 1984,p.126-130;A.E.Medlycott, *India and the Apostle Thomas,* London,1905,p.89.
5. A.M.Mundadan, *op.cit.,*P.135; A.Mercati,(ed.)*Monumenta Vaticana, Veterem Diocesim Columbensem...Respicientia,* Vatican,1923,p.8-28.

www.malankaralibrary.com

മെത്രാനായി വാഴിക്കപ്പെടുന്നതിനു മുമ്പ് മറ്റു ഡൊമിനിക്കൻ സന്യാസിമാരോടൊപ്പം അദ്ദേഹം ഇൻഡ്യയുടെ പശ്ചിമതീരത്തുള്ള ചില പ്രദേശങ്ങളിലും മൈസൂറിലും സുവിശേഷപ്രസംഗം നടത്തിയിരുന്നു. കൊളുംബം മെത്രാനായി നിയമിച്ച അധികാരപത്രത്തിൽ ജോർദാനും സഹപ്രവർത്തകരും ചെയ്തിട്ടുള്ള സുവിശേഷവേലയെ പറ്റി മാർപാപ്പാ സംസാരിക്കുന്നു. തുളൂസിൽ വച്ച് 1328-ൽ കൂടിയ ഡൊമിനിക്കൻ സന്യാസ സമൂഹത്തിന്റെ ജനറൽ ചാപ്റ്ററിൽ പങ്കെടുത്ത് ഇൻഡ്യയിലെ പ്രേഷിത പ്രവർത്തനങ്ങളെ പറ്റിയും വിപുലമായ സാധ്യതകളെ പറ്റിയും അദ്ദേഹം സംസാരിച്ചു. തദവസരം നൂറോളം സന്യാസികൾ അദ്ദേഹത്തോടൊപ്പം മിഷൻ പ്രവർത്തനങ്ങൾക്ക് സന്നദ്ധത പ്രകടിപ്പിച്ചെന്നു പറയപ്പെടുന്നു. ഇതേ തുടർന്നാണ് അദ്ദേഹം മെത്രാനായി നിയമിതനായത്. ജോൺ മാർപാപ്പാ, ജോർദാൻ വഴി ഡൽഹി ഭരണാധികാരിക്കും കൊളുംബത്തെ രാജാവിനും നസ്രാണി ക്രിസ്ത്യാനികളുടെ നേതാവിനും കത്തുകൾ കൊടുത്തുവിട്ടു. നസ്രാണികളുടെ നേതാവിനുള്ള കത്ത് വളരെ പ്രധാനപ്പെട്ടതാണ്.[6]

അഭിനവ മെത്രാൻ കൂടുതൽ മിഷണറിമാരോടുകൂടി കൊല്ലത്തേക്ക് യാത്ര തിരിച്ചു. എന്നാൽ അദ്ദേഹം അവിടെ എത്തിച്ചേർന്നില്ല. അദ്ദേഹം കൊല്ലത്ത് എത്തിയതിനെ പറ്റിയോ, അവിടെ സുവിശേഷവേല ചെയ്തതിനെ പറ്റിയോ സമകാലീന രേഖകളില്ല. ഈ മെത്രാൻ ചരിത്രത്തിൽ നിന്ന് പെട്ടെന്ന് അപ്രത്യക്ഷനായി. അദ്ദേഹം താനെയിൽ വച്ച് കൊല്ലപ്പെട്ടു എന്ന് പറയപ്പെടുന്നു. അദ്ദേഹത്തിനു ശേഷം കൊല്ലത്ത് മെത്രാന്മാരെ നിയമിച്ചതായി രേഖകളില്ല. എന്നാൽ ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ സന്യാസികളും ദക്ഷിണ പൂർവേഷ്യയിലേക്ക് പോയ മിഷണറിമാരും കൊല്ലം സന്ദർശിക്കാനും സുവിശേഷസന്ദേശം പ്രചരിപ്പിക്കാനും സാധ്യതയുണ്ട്. കച്ചവടക്കാരായ ക്രിസ്ത്യാനികളുടെ ഒരു സമൂഹം ഒരു പക്ഷേ കൊല്ലത്ത് ഉണ്ടായിരുന്നിരിക്കാം.

മാർപാപ്പായുടെ പ്രതിനിധിയായി ചൈനയിലേക്കു പോയ ഫ്രാൻസിസ്കൻ സന്യാസ സമൂഹാംഗവും ഫ്ളോറൻസുകാരനുമായ ജോൺ ഡി മരിഞ്ഞോളി മെത്രാൻ മടക്കയാത്രയിൽ 1346 മാർച്ച് 23-ന് കൊല്ലത്തിറങ്ങി. അദ്ദേഹത്തിന്റെ സ്ഥാനത്തിന് അനുസൃതമായി മാർതോമാ നസ്രാണികൾ അദ്ദേഹത്തെ സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അവിടുത്തെ ധനാഢ്യരായ നസ്രാണി മാപ്പിളമാർ മാസംതോറും 100 സ്വർണപ്പണം അദ്ദേഹത്തിന് നൽകിയിരുന്നു. അദ്ദേഹം കൊല്ലത്തു നിന്നു പോയപ്പോൾ അവർ അദ്ദേഹത്തിന് 1000 സ്വർണപ്പണം കൂടി നൽകി. കൊല്ലത്ത് വി. ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പള്ളിയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. പ്രസ്തുത ദൈവാലയം ലത്തീൻ പള്ളിയായിരുന്നെന്ന് ചിലർ പറ

6. A.M.Mundadan, *op.cit.* p.135-136; A.Mercati,(ed.), *op.cit.* p.25-26. G.M.Moraes, *A History of Christianity in India...*, Bombay, 1964,p.100f.

www.malankaralibrary.com

യുന്നു. പിൽക്കാലത്ത് പ്രസ്തുത പള്ളി ഇരുന്ന സ്ഥലം കടലെടുത്തു പോയി. കൊല്ലത്തു വന്നപ്പോൾ മരിഞ്ഞോളി രോഗഗ്രസ്തനായതിനാൽ ചുറ്റിനടന്ന് എന്തെങ്കിലും സുവിശേഷപ്രവർത്തനം നടത്താൻ അദ്ദേഹത്തിന് സാധിച്ചില്ല. താൻ താമസിച്ചിരുന്ന പള്ളിയിൽ അദ്ദേഹം പ്രസംഗിച്ചിരുന്നു. കന്യാകുമാരി യാണ് അദ്ദേഹം പരാമർശിക്കുന്ന ഏക സ്ഥലം. സ്വദേശത്തേക്ക് മടങ്ങുന്ന തിനു മുമ്പ് അദ്ദേഹം കന്യാകുമാരിയിൽ ഒരു സ്മാരകസ്തംഭം സ്ഥാപിച്ചു. വളരെ ആഘോഷപൂർവമാണ് അദ്ദേഹം അത് നിർവഹിച്ചത്.[7]

അവിടെ നിന്ന് അദ്ദേഹം ഇൻഡ്യാ വിട്ടു. ഇൻഡ്യയിലുള്ള ലത്തീൻ പള്ളിയെപ്പറ്റി സൂചിപ്പിക്കുന്ന അവസാനത്തെ സഞ്ചാരിയാണ് ജോൺ മരിഞ്ഞോളി. വളരെ താൽപര്യപൂർവം തുടങ്ങിയ മിഷൻ വേലയെപ്പറ്റി പിന്നീ ടൊന്നും കേൾക്കാതെയായി. അതേപ്പറ്റിയുള്ള ഓർമ പോലും ഇല്ലാതായി. ഇൻഡ്യയിൽ മാത്രമല്ല, കിഴക്കൻ പ്രദേശങ്ങളിലെല്ലാം ഇതായിരുന്നു സ്ഥിതി. കൊല്ലത്തുള്ള ലത്തീൻസഭ പൂർണമായി അസ്തമിച്ചത് എന്നാ ണെന്ന് നമുക്ക് കൃത്യമായി അറിവില്ല. 1404-നു മുമ്പ് തന്നെ കൊല്ലം മിഷൻ അസ്തമിച്ചു എന്നുവേണം കരുതാൻ.[8]

കൊല്ലത്ത് ഒരു ലത്തീൻ സമൂഹം ഉണ്ടായിരുന്നു. ചില മിഷണറിമാർ അവിടെ പ്രവർത്തിച്ചിട്ടുണ്ട്. കച്ചവടക്കാരായ മാർതോമാ ക്രിസ്ത്യാനി കളുടെ സംഭാവനകൊണ്ട് മാർ ഗീവർഗീസിന്റെ നാമത്തിലുള്ള പള്ളി പണിതതാകാം. ലത്തീൻ മിഷണറിമാരുടെ ആത്മീയസേവനം നാട്ടുകാരായ ക്രിസ്ത്യാനികളും കൊല്ലത്ത് സ്വീകരിച്ചിരിക്കാം. എന്നാൽ ജോൺ മരിഞ്ഞോളി തിരികെ പോയതോടുകൂടി പ്രസ്തുത ലത്തീൻസമൂഹം വിസ്മൃതിയിലാണ്ടു. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ വരവോടു കൂടിയാണ് കേരളത്തിൽ ലത്തീൻ കത്തോലിക്കരുടെ ചരിത്രം വീണ്ടും പുഷ്കലമാകുന്നത്.

## പോർട്ടുഗീസുകാരുടെ വരവ് (1498)

പോർട്ടുഗീസ് നാവികനായ വാസ്കോ ഡി ഗാമാ 1498-ൽ കോഴിക്കോട്ടി നടുത്തുള്ള കപ്പാട് കപ്പലിൽ വന്നിറങ്ങി. കേരളവുമായി നേരിട്ട് കച്ചവട ബന്ധം സ്ഥാപിക്കുക, അറബികൾക്ക് കച്ചവടത്തിലുണ്ടായിരുന്ന കുത്തക അവസാനിപ്പിക്കുക എന്നിവയായിരുന്നു പാശ്ചാത്യരുടെ ലക്ഷ്യങ്ങൾ. കേരള ത്തിലെ കച്ചവട സാധ്യതകളെപ്പറ്റി നേരിട്ടു ഗ്രഹിച്ച ഗാമാ കപ്പൽ നിറയെ ചരക്കുകളുമായി പോർട്ടുഗലിന് തിരിച്ചുപോയി. അവ യൂറോപ്പിൽ വിറ്റപ്പോൾ ആകെ ചെലവായതിന്റെ അറുപതിരട്ടി ലാഭം ലഭിച്ചു.[9] തുടർന്ന് 1500-ൽ പെദ്രോ അൽവാരെസ് കബ്രാളിന്റെ നേതൃത്വത്തിൽ മറ്റൊരു കപ്പൽ വ്യൂഹത്തെ പോർട്ടുഗൽ രാജാവ് ഇൻഡ്യയിലേക്കയച്ചു. കബ്രാളിനോടൊപ്പം

7. A.M.Mundadan, *op.cit.*p.138 -141.
8. ജോൺ *പള്ളത്ത്,പോർട്ടുഗൽ യുഗത്തിലെ..,* പേ. 152-153.
9. *അതേകൃതി,* 83.

www.malankaralibrary.com

ഒരു വികാരിയും എട്ട് ചാപ്ലെയിൻമാരും എട്ടു ഫ്രാൻസിസ്കൻ സന്യാസിമാരും ഒരു തത്വശാസ്ത്ര വിദ്യാർഥിയും ഒരു സന്യാസ സഹോദരനും ഒരു പാട്ടുകാരനും ഉണ്ടായിരുന്നു. 1500-ൽ തന്നെ അവർ കോഴിക്കോട്ടെത്തി. അവിടെ കാര്യമായ സുവിശേഷവേല തുടങ്ങുന്നതിനു മുമ്പേ അവർക്ക് അവിടെനിന്ന് പലായനം ചെയ്യേണ്ടിവന്നു. അവർ കൊച്ചിയിൽ അഭയം തേടി. അവിടെയും ദീർഘകാലം തങ്ങുവാൻ സാധിക്കാഞ്ഞതിനാൽ, കണ്ണൂരിലേക്ക് പോയി ചരക്കു നിറച്ച് പോർട്ടുഗലിലേക്ക് മടങ്ങി.[10] കബ്രാൾ കൊച്ചിയിൽ നിന്ന് കണ്ണൂരിലേക്ക് പലായനം ചെയ്തപ്പോൾ കരയ്ക്കുണ്ടായിരുന്ന പോർട്ടുഗീസുകാരെ അവിടെത്തന്നെ വിട്ടിട്ട്, കപ്പലിൽ ഉണ്ടായിരുന്നവരെയും കൊണ്ടാണ് കപ്പലോടിച്ചു പോയത്. കോഴിക്കോട് സാമൂതിരിയുടെ വൻ സൈന്യത്തെ ഭയന്നാണ് ഇപ്രകാരം ചെയ്തത്. ഒരുപക്ഷേ വളരെ ചെറിയ തോതിലുള്ള മിഷൻ പ്രവർത്തനത്തിന് ആരംഭം കുറിച്ചിരിക്കാം എന്നല്ലാതെ കാര്യമായി പ്രവർത്തിക്കാനുള്ള സാവകാശമോ സമയമോ കബ്രാളിന്റെ കൂടെയുണ്ടായിരുന്ന മിഷണറിമാർക്ക് ലഭിച്ചില്ല. കൂടെയുണ്ടായിരുന്ന മിഷണറിമാർക്കുവേണ്ടി ആദ്യം കോഴിക്കോട്ടും പിന്നെ കൊച്ചിയിലും ചാപ്പലുകൾ ഉണ്ടാക്കി. മിഖായേൽ എന്ന പേരു സ്വീകരിച്ച ഒരു ബ്രാഹ്മണനെപ്പറ്റി ആഗൂർ തന്റെ ചരിത്രത്തിൽ പറയുന്നു.[11] തന്റെ കപ്പലിൽ നാല് നായർ യുവാക്കളെ കൂടി കബ്രാൾ കൊണ്ടുപോയിരുന്നു. അവരിലൊരാൾ കൊച്ചീ രാജാവിന്റെ ബന്ധുവായിരുന്നെന്നും അയാൾ മാനുവൽ എന്ന പേരു സ്വീകരിച്ച് ക്രിസ്ത്യാനിയായെന്നും പറയപ്പെടുന്നു.[12] കോഴിക്കോട്ട് മുസ്ലീങ്ങളുമായി കടുത്ത ഏറ്റുമുട്ടലുണ്ടായ ശേഷമാണ് കബ്രാൾ കൊച്ചീക്ക് തിരിച്ചത്.

മുസ്ലീങ്ങളെ പരാജയപ്പെടുത്തി കച്ചവടക്കുത്തക നേടാനായി വലിയൊരു കപ്പൽവ്യൂഹത്തോടുകൂടി 1502-ൽ ഗാമായുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാർ വീണ്ടും ഇൻഡ്യയിലേക്കു തിരിച്ചു. മൊത്തം 20 കപ്പലുകളും 150-ഓളം പീരങ്കി പടയാളികളും ധാരാളം വെടിക്കോപ്പുകളുമായിട്ടാണ് ഗാമാ രണ്ടാമതും വന്നത്. വന്ന വഴിക്കും കോഴിക്കോട് വന്ന ശേഷവും ഗാമായും കൂട്ടരും ചെയ്തുകൂട്ടിയ നിഷ്കരുണമായ ക്രൂരകൃത്യങ്ങൾ ജോൺ പള്ളത്ത് വിവരിക്കുന്നു.[13] ഈ യാത്രയിലും തുടർന്നുള്ള യാത്രകളിലും നാവികരോടൊപ്പം കൂടുതൽ കൂടുതൽ മിഷണറിമാർ വന്നെത്തി. കൊച്ചിയും കണ്ണൂരും കേന്ദ്രമാക്കി അവർ പ്രവർത്തിച്ചു. ചുരുങ്ങിയ തോതിലുള്ള മിഷൻ പ്രവർത്തനമാണ് ആദ്യകാലത്ത് ഉണ്ടായിരുന്നത്. കൊല്ലത്തും കൊടുങ്ങ

10. *അതേകൃതി,* പേ.85-89.
11. C.M. Agur, *Church History of Travancore*, Madras, 1909, p.201.
12. കെ.പി. പത്മനാഭമേനോൻ, *കൊച്ചിരാജ്യചരിത്രം,* (മാതൃഭൂമി ആഴ്ചപ്പതിപ്പ്), 1989, പേ.181-182.
13. *പോർട്ടുഗൽ യുഗത്തിലെ...* പേ.92-95.

www.malankaralibrary.com

ല്ലൂരും പോർട്ടുഗീസുകാർ കോട്ടകെട്ടി കച്ചവടം തുടങ്ങിയതോടു കൂടി അവിടെയും മിഷണറിമാർ പ്രവർത്തനം ആരംഭിച്ചു. റൊഡ്രീഗോ എന്ന ഡൊമിനിക്കൻ സന്യാസി കൊല്ലത്ത് പ്രവർത്തിച്ചു. പിന്നീട് ഒരു മാനുവൽ കൊല്ലത്തും പുറക്കാടും തിരുവനന്തപുരത്തും സുവിശേഷപ്രസംഗം നടത്തി. വൈപ്പിനിലും കൊടുങ്ങല്ലൂരിലും ഒരു പേത്രൂസ് ദ് അമരാൻതെ പ്രവർത്തിച്ചു. വ്യാപാരസംബന്ധമായി അടിത്തറ ഉറപ്പിക്കുന്നതിലായിരുന്നു പോർട്ടുഗീസുകാർ ഒന്നാമതായി ശ്രദ്ധിച്ചത്. അതുകൊണ്ട് അവർ വന്ന ഉടൻ വളരെ വ്യാപകമായ മിഷൻപ്രവർത്തനം നടന്നെന്നു കരുതാനാവില്ല.

കൊച്ചി ആദ്യകാലത്ത് (1503–1530) ഇൻഡ്യയിൽ പോർട്ടുഗീസ് ഭരണ കേന്ദ്രവും വൈസ്രോയിയുടെ ആസ്ഥാനവുമായിരുന്നു. ആൽബുർക്കർക്ക് 1510–ൽ ഗോവാ പിടിച്ചടക്കി. 1530–ൽ അതിനെ പോർട്ടുഗീസ് ഭരണകേന്ദ്രമാക്കി. ഗോവയിലും കൊല്ലത്തും കൊച്ചിയിലും കണ്ണൂരും ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ സന്യാസികൾ മിഷൻപ്രവർത്തനം ഊർജിതപ്പെടുത്തി. ഗോവയിൽ പോർട്ടുഗീസ് സൈനികരേക്കാൾ കൂടുതൽ മിഷണറിമാർ ഉണ്ടായിരുന്നെന്ന് പറയപ്പെടുന്നതായി ആഗൂർ പരാമർശിക്കുന്നത് അൽപ്പം അതിശയോക്തി കലർന്നതായി തോന്നുന്നു.[14]

അക്കാലത്തെ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് വിവിധ കേന്ദ്രങ്ങളിൽ നിന്ന് എഴുതിയ കത്തുകൾ സിൽവ റേഗോ മൂലഭാഷയിൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹിന്ദുമതത്തിന്റെ ഏല്ലാ വിഭാഗങ്ങളിൽ നിന്നും ജനങ്ങൾ വിശ്വാസം സ്വീകരിച്ചു വന്നതായി ഇവയിൽ കാണാം. തീയർ, മുക്കുവർ ആദിയായവർ കണ്ണൂർ പ്രദേശങ്ങളിൽ നിന്ന് ക്രിസ്ത്യാനികൾ ആകുന്നെന്ന് കണ്ണൂർ രാജാവ് 1507–ൽ പോർട്ടുഗൽ രാജാവിനെഴുതിയ കത്തിൽ വിവരിക്കുന്നു. അടിമകളുടെ മാനസ്സാന്തരത്തെപ്പറ്റി 1512–ൽ അദ്ദേഹം എഴുതുകയുണ്ടായി. നായന്മാരും ക്രിസ്ത്യാനികളാകുന്നുണ്ടെന്ന് ലൊറെൻസോ മൊറേനോയും ദിയേഗോയും കൂടി 1510–ൽ എഴുതിയ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കൊച്ചീരാജാവിന്റെ നാവികപ്രമുഖനും തുറമുഖ മേധാവിയുമായിരുന്ന 'കൊച്ചിയിലെ അരയനും' കുടുംബവും 1000–ത്തോളം അനുചരന്മാരോടൊപ്പം ക്രിസ്ത്യാനികളായത് 1510–ൽ കേരളത്തിൽ വിശ്വാസപ്രചാരണത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്.'ആരേൽ ദ് കൊച്ചിം' എന്നാണ് കൊച്ചിയിലെ അരയനെ പറ്റി പോർട്ടുഗീസ് രേഖകളിൽ പറയുന്നത്. ഇത് പരമ്പരാഗതമായ ഒരു സ്ഥാനപ്പേരാകാൻ സാധ്യതയുണ്ട്. തന്റെ രാജ്യത്തെ ഒരു ഉന്നതോദ്യോഗസ്ഥൻ മതപരിവർത്തനം ചെയ്തതിൽ രാജാവ് ക്രുദ്ധനായി. ക്യാപ്റ്റൻ അന്റോണിയോ റീൽ ആണ് ജ്ഞാനസ്നാന പിതാവായി നിന്നത്. ആ പേരുതന്നെ കൊച്ചിയിലെ അരയനും നൽകി. മതപരിവർത്തനത്തെ

14. C.M. Agur, *op.cit.* p.217.

www.malankaralibrary.com

ഇവിടുത്തെ രാജാക്കന്മാർ എതിർത്തിരുന്നു. മതം മാറുന്നവരുടെ വസ്തു വകകൾ കണ്ടുകെട്ടുന്നതിനും ഉദ്യോഗത്തിൽ നിന്നു പിരിച്ചു വിടുന്നതിനും നിയമം ഉണ്ടാക്കി. കൊച്ചിയിലെ അരയനുപോലും മതം മാറ്റത്തോടെ സ്വാഭാവികമായും ആ സ്ഥാനം നഷ്ടപ്പെട്ടു. പക്ഷേ ജ്ഞാനസ്നാനം കഴിഞ്ഞ ഉടൻ പോർട്ടുഗീസ് ഭരണകൂടം സ്വന്ത നിലയ്ക്ക് ആ സ്ഥാനമാനങ്ങൾ അദ്ദേഹത്തിന് വീണ്ടും നൽകി. ഉദ്യോഗമോ, സ്വത്തോ ഇല്ലെങ്കിലം ഹിന്ദു ജാതിശ്രേണിയുടെ താഴേക്കിടയിൽ ഉള്ളവർക്കും മതപരിവർത്തം ഏതാണ്ട് രക്തസാക്ഷിത്വം തന്നെ ആയിരുന്നു. അവർ ക്രൂരമായ മർദനത്തിന് ഇരയാകുന്നു എന്നു കണ്ടപ്പോൾ, പോർട്ടുഗീസുകാർ ഈ നവക്രൈസ്തവരെ തങ്ങളുടെ നിയമവാഴ്ചയിൻ കീഴിൽ കൊണ്ടുവന്ന് രക്ഷപെടുത്താൻ നോക്കി. ഇത് കൂടുതൽ അപകടകരമാണെന്നു കണ്ട് ചില ഭരണാധികാരികൾ മറ്റു നിയമങ്ങൾ ഉണ്ടാക്കി. കോഴിക്കോട് സാമൂതിരി 16-ാം നൂറ്റാണ്ടിൽ മതപരിവർത്തനം നിരോധിച്ചു. താണജാതിക്കാർ മതം മാറി വൈദേശിക നിയമവാഴ്ചയിൻ കീഴിൽ ഉയർന്ന ജാതിക്ക് ഒപ്പമെത്തുന്നത് ഇവിടുത്തെ സാമ്പത്തിക, സാമുഹ്യവ്യവസ്ഥിതികളെ തകിടം മറിക്കും എന്നതായിരുന്നു നാട്ടുരാജാക്കന്മാരുടെ വാദം. കൊച്ചീരാജാവും കണ്ണൂരെ കോലത്തിരിയും ആദ്യഘട്ടങ്ങളിൽ മതപരിവർത്തനത്തെ സമൂലം എതിർത്തെങ്കിലും, പിന്നീട് സമ്മർദത്തിനു വഴങ്ങി അൽപം അയവു കാട്ടി. ഒരേ സമയത്ത് ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ പേർ ക്രൈസ്തവർ ആയിക്കൂടാ എന്നതായിരുന്നു പുതിയ ഭേദഗതി. അംഗവൈകല്യമില്ലാത്തവരും ആരോഗ്യമുള്ളവരുമായ പുരുഷന്മാർ ക്രിസ്ത്യാനികളാകരുത് എന്നൊരു അനുബന്ധം കൂടി ഇതിനുണ്ടാക്കി. പോർട്ടുഗൽ രാജാവിന് 1507-ൽ കോലത്തിരി ഇപ്രകാരം എഴുതി: "എനിക്കും എന്റെ നായർ പ്രഭുക്കൾക്കും അടിമകളായ തീയർ, മുക്കുവർ തുടങ്ങിയ ചില ജാതികളെ ക്രിസ്ത്യാനികളാക്കരുത്. അങ്ങനെ ചെയ്താൽ എന്റെ സാമന്തപ്രഭുക്കളായ നായർ പ്രമാണിമാരും ഈ ജാതികളും തമ്മിൽ സംഘട്ടനം ഉണ്ടാകും. നായന്മാർക്ക് അവരുടെ ആദായം കിട്ടുന്നത് ഇവരിൽ നിന്നാണ്. അത് നഷ്ടപ്പെടാൻ അവർ സമ്മതിക്കുകയില്ല."[15]

കൊച്ചീക്കു ചുറ്റുമായി ഏതാണ്ട് ആറായിരം പേരെ സ്നാനപ്പെടുത്തിയെന്ന് 1514-ലെ ഒരു കത്ത് സൂചിപ്പിക്കുന്നു. ഇതിൽ അധികവും സ്ത്രീകളായിരുന്നു. കൊച്ചിയിൽ ധാരാളം മതപരിവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ഇനിയും അതിന് സാധ്യത ഉണ്ടെന്നും 1518-ൽ അവിടുത്തെ വികാരി ഫാദർ സെബാസ്റ്റ്യൻ പേരേസ് പോർട്ടുഗൽ രാജാവിനെ അറിയിക്കുന്നു. പതിനായിരത്തിനും പന്തീരായിരത്തിനും ഇടയ്ക്ക് ക്രൈസ്തവർ കൊച്ചിയിൽ ഉണ്ടെന്നും ഇവരിൽ നല്ലൊരു പങ്കും ഈഴവസമുദായത്തിൽ നിന്നുള്ളവർ ആണെന്നും ആ കത്തിൽ പറയുന്നു. നവക്രൈസ്തവരിൽ ഉന്നതകുലജാതരായ ആളുകൾ ഉണ്ടായിരുന്നത് ജാതിശ്രേണിയുടെ താണതലങ്ങളിൽ നിന്നു വന്നവരെ വർധിതവീര്യർ ആക്കാൻ പര്യാപ്തമായി.

15. G.M.Moraes, *A History of Christianity in India...,* 133-134.

www.malankaralibrary.com

വി.ഫ്രാൻസിസ് സേവ്യറുടെ മിഷണറി പ്രവർത്തനം മൂലം കേരളത്തിന്റെ കടൽത്തീരങ്ങളിൽ പതിനായിരക്കണക്കിന് മുക്കുവസഹോദരങ്ങൾ ക്രിസ്ത്യാനികളായി. വി. ഫ്രാൻസിസ് 1542-ൽ ഇൻഡ്യയിലെത്തി. അദ്ദേഹം ഒരു ആത്മീയമനുഷ്യൻ ആയിരുന്നു. വളരെ ദരിദ്രനായി അദ്ദേഹം ജീവിച്ചു. സുവിശേഷപ്രഘോഷണത്തിനായി തന്റെ ജീവിതം മുഴുവൻ അദ്ദേഹം സമർപ്പിച്ചു. കൊച്ചിയിലും പുറക്കാടും മറ്റും മതപരിവർത്തന നിരോധന നിയമം നിലനിന്നതിനാൽ തെക്കൻ തിരുവിതാംകൂർ കടൽ തീരത്തും അതിനപ്പുറത്തുമായാണ് അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്. ക്രിസ്തുമതം സ്വീകരിച്ച മുക്കുവരെയും പരവരെയും അദ്ദേഹം വേദോപദേശം പഠിപ്പിച്ചു. വിശ്വാസത്തിൽ അവരെ സുസ്ഥിരമായി നിലനിർത്തുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. പാശ്ചാത്യരിൽ ഇൻഡ്യയെ കുറിച്ച് അറിവും താൽപര്യവും വളർത്താൻ ഫ്രാൻസിസ് സേവ്യറിന്റെ കത്തുകൾ പര്യാപ്തമായി. അന്നത്തെ സഭാസാമുഹ്യസ്ഥിതിഗതികളെ കുറിച്ച് വിലപ്പെട്ട വിവരങ്ങൾ അവയിൽ നിന്നു നമുക്ക് ലഭിക്കുന്നു. കേരളത്തിലെ ലത്തീൻസഭ ഇന്നത്തെനില കൈവരിച്ചതിനു പിന്നിൽ പാശ്ചാത്യമിഷണറിമാരുടെ, വിശേഷിച്ച് പോർട്ടുഗീസ് മേൽക്കോയ്മയിൻ കീഴിൽ എത്തിയവരുടെ, ത്യാഗോജ്ജ്വലമായ സേവനങ്ങൾ വലിയൊരളവിലുണ്ട്. മുസ്ലീങ്ങളെ ഭയന്നു കഴിഞ്ഞവരെയും ജാതിവ്യവസ്ഥിതിയിൽ താഴേക്കിടയിൽ കിടന്ന് ദുരിതമനുഭവിച്ചവരെയും വിശ്വാസസ്ഥിരതയിൽ നിലനിർത്തുന്നതിലും സാമുഹ്യ ഉന്നതിയിലേക്ക് ഉയർത്തുന്നതിലും പാശ്ചാത്യമിഷണറി സഹോദരന്മാർ ചെയ്ത സ്തുത്യർഹസേവനം ഭാരതസഭ എന്നും നന്ദിയോടു കൂടെ ഓർക്കുക തന്നെ ചെയ്യും.

പോർട്ടുഗീസ് സൈനികോദ്യോഗസ്ഥന്മാർ നാട്ടുകാരായ സ്ത്രീകളെ വിവാഹം കഴിക്കാൻ ആരംഭിച്ചതോടെ വളർന്നുവന്നതാണ് "ആംഗ്ലോ-ഇൻഡ്യൻ" സമൂഹം. ആൽബുക്കർക്ക് അത്തരം വിവാഹങ്ങൾ പ്രോത്സാഹിപ്പിച്ചു. വിവാഹിതരാകുന്നവർ ക്രിസ്തുമതം സ്വീകരിക്കണമായിരുന്നു. അവർക്ക് പോർട്ടുഗീസ് വൈസ്രോയി പണവും വസ്തുവകകളും മറ്റ് ആനുകൂല്യങ്ങളും നൽകിയിരുന്നു. അവർക്ക് കോട്ടയ്ക്കകത്ത് താമസിക്കാനുള്ള അവകാശവുമുണ്ടായിരുന്നു. കൊച്ചി, തങ്കശ്ശേരി(കൊല്ലം), കണ്ണൂർ പ്രദേശങ്ങൾ ആംഗ്ലോ-ഇൻഡ്യാക്കാരുടെ കേന്ദ്രങ്ങളായത് ഇപ്രകാരമാണ്. ഇപ്രകാരമുള്ള ഇൻഡോ-പോർട്ടുഗീസുകാരെ ചില രേഖകളിൽ സങ്കരവർഗം എന്നർഥം വരുന്ന *മെസ്തിച്ചി (മിക്സഡ്)* എന്നു വിളിച്ചുകാണുന്നു. പിൽക്കാലത്ത് ഇൻഡ്യയിൽ വന്ന വിദേശിയരായ ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും പോർട്ടുഗീസുകാരെപ്പോലെ നാട്ടുകാരിൽ നിന്ന് ജീവിതപങ്കാളികളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരും ആംഗ്ലോ-ഇൻഡ്യൻ സമൂഹത്തിൽ ഉൾപ്പെടുന്നു. അധ്യാപനം, സൈന്യസേവനം, കായികവേദി എന്നു

www.malankaralibrary.com

തുടങ്ങി എല്ലാ തുറകളിലും ഈ സമൂഹം പ്രവർത്തിക്കുകയും തങ്ങളുടേതായ സംഭാവനകൾ ഇൻഡ്യയ്ക്ക് നൽകുകയും ചെയ്യുന്നു.

ചില സ്ഥലങ്ങളിലൊക്കെ പോർട്ടുഗീസുകാർ മതപ്രചരണത്തിന് ബലപ്രയോഗം നടത്തുകയും ക്രിസ്ത്യാനികൾ അല്ലാത്തവരോട് അസഹിഷ്ണമായി പെരുമാറുകയും ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്നു. പോർട്ടുഗലിൽ നിന്ന് ആദ്യമാദ്യം വന്ന കപ്പൽവ്യൂഹം അറബികളോടും മുസ്ലീങ്ങളോടും കോഴിക്കോട്ട് രാജാവിനോടും കാണിച്ച ക്രൂരതകൾ പോർട്ടുഗീസ് ചരിത്രത്തിലെ കറുത്ത പാടുകളായിത്തന്നെ അവശേഷിക്കുന്നു. ചിലയാളുകൾ അവരെ ന്യായീകരിക്കാൻ ശ്രമിക്കുന്നുണ്ട്: "ബലതന്ത്രങ്ങൾ പ്രയോഗിച്ചാണെങ്കിലും പോർട്ടുഗൽ ഭരണകർത്താക്കളുടെ പ്രതിനിധികൾ മതപരിവർത്തനം തങ്ങളുടെ പ്രധാന ഇനം പ്രവർത്തനമാക്കി. കോളനികളിലും നഗരങ്ങളിലും ആയിരങ്ങളെ സമൂഹജ്ഞാനസ്നാനം വഴിയും സമൂഹവിവാഹങ്ങൾ വഴിയും മതപരിവർത്തനം ചെയ്തു. അങ്ങനെ അംഗത്വം നേടിയവരെല്ലാം ലത്തീൻ ക്രൈസ്തവസമൂഹത്തിലാണ് ചേർക്കപ്പെട്ടത്. ഉപരിപ്ലവസമീപനമായിരുന്നില്ല അത്."[16]

## കൊച്ചി രൂപതാസ്ഥാപനം (1557)

അംഗസംഖ്യയിലും സ്വാധീനശക്തിയിലും കേരളത്തിലെ ലത്തീൻസഭ പുഷ്ടിപ്പെട്ടുവന്ന സാഹചര്യത്തിലാണ് പോർട്ടുഗീസ് പാദ്രോവാദോയുടെ കീഴിൽ കൊച്ചി രൂപയുടെ സ്ഥാപനം. പോർട്ടുഗീസുകാർ ചെന്നെത്തിയ സ്ഥലങ്ങൾക്കെല്ലാം വേണ്ടി ലെയോ പത്താമൻ മാർപാപ്പാ പോർട്ടുഗലിലെ മദെയ്രാ ദ്വീപിന്റെ തലസ്ഥാനമായ ഫുങ്കൽ കേന്ദ്രമാക്കി 1514 ജൂൺ 12-ന് ഒരു വിശാലമായ രൂപത സ്ഥാപിച്ചു. 1534-ൽ ഫുങ്കലിനെ അതിരൂപതയായി ഉയർത്തിക്കൊണ്ട് സാന്തിയാഗോ ദെ കാമ്പോ വേർദെ, സാവോ തോമേ, സാവോ സാൽവദോർ ദെ അൻഗ്രാ (അസോറെസ്), ഗോവാ എന്നീ രൂപതകൾ സ്ഥാപിച്ചു.[17] പോൾ നാലാമൻ മാർപാപ്പാ 1557-ൽ ഗോവയെ അതിരൂപതയായി ഉയർത്തുകയും കൊച്ചിരൂപത അതിന്റെ സാമന്തരൂപതയായി സ്ഥാപിക്കുകയും ചെയ്തു. ഇൻഡ്യയുടെ തെക്കുകിഴക്കൻ പ്രദേശം, ബർമാ, സിലോൺ എന്നിവ ഈ രൂപതയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇന്ന് വിസ്തൃതിയിൽ ഇൻഡ്യയിലെ ചെറിയ രൂപതകളിൽ ഒന്നാണ് കൊച്ചി. ഇവിടുത്തെ ലത്തീൻ രൂപതയുടെ വളർച്ചയ്ക്ക് രൂപതാസ്ഥാപനം വളരെ സഹായകമായി. കൊച്ചിരാജാവും ഇടപ്രഭുക്കന്മാരും മതപരിവർത്തനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് 1650-ൽ പിൻവലിച്ചതോടെ ജസ്വിട്ടർ അവരുടെ പ്രവർത്തനം ത്വരിതപ്പെടുത്തി. മറ്റു സന്യാസസമൂഹങ്ങളും തീക്ഷ്ണതയോടെ വിശ്വാസപ്രചരണത്തിൽ ഏർപ്പെട്ടു. കൊല്ലത്തും അതിന് തെക്കോട്ടും

16. ജോൺപള്ളത്ത്, *പോർട്ടുഗൽ യുഗത്തിലെ..*, പേ.102.
17. H.Jedin, *History of the Church,*London,10 vols.1980-1981: vol.V.p.500.

www.malankaralibrary.com

മിഷണറിമാർ അവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. "ബ്രാഹ്മണരിൽ നിന്നും നായന്മാരിൽ നിന്നും മാസം തോറും കുറഞ്ഞത് 100 പേർ ക്രിസ്ത്യാനികൾ ആയിക്കൊണ്ടിരിക്കുന്നു എന്നാണ് ഇക്കാലത്തെ പറ്റിയുള്ള ഒരു റിപ്പോർട്ട്.[18]

കൊച്ചി മെത്രാനായിരുന്ന അന്ത്രെയാ ദെ സാന്താ മരിയ (1588–1610) 1598 ജനുവരി 2-ന് തന്റെ രൂപതയെപ്പറ്റി എഴുതിയ റിപ്പോർട്ട് ലത്തീൻസഭ യുടെ വളർച്ചയിലേക്ക് വെളിച്ചം വീശുന്നു.[19] കണ്ണൂരൊഴികെ കന്യാകുമാരി വരെയുള്ള പ്രദേശം കൊച്ചി രൂപതയിൽ ഉൾപ്പെട്ടിട്ടുണ്ട്. കോഴിക്കോട് കുറേ ലത്തീൻ കത്തോലിക്കരുണ്ട്. ജസ്വിട്ടർ അവിടെ 1596-ൽ ഒരു പള്ളിവച്ചു. രാജാവുമായി സഖ്യമില്ലാത്തതിനാൽ അവിടെ സുവിശേഷവേല കാര്യമായി നടക്കുന്നില്ല. കൊടുങ്ങല്ലൂരിൽ പോർട്ടുഗീസുകാരുടെ കോട്ടയുണ്ട്. അവിടു ത്തെ പള്ളിയിൽ ധാരാളമാളുകൾ കുമ്പസാരിച്ച് കുർബാന സ്വീകരിക്കുന്നു. കൊടുങ്ങല്ലൂരിലെ ഫ്രാൻസിസ്കൻ സെമിനരിയിൽ മാർതോമാ ക്രിസ്ത്യാനി യുവാക്കൾ പഠിക്കുന്നു. അവർ ലത്തീൻ രീതികൾ പഠിച്ച് കൊച്ചി രൂപതയിൽ ജോലി ചെയ്യുന്നു. വൈപ്പിക്കോട്ടയിൽ ജസ്വിട്ടർ മാർതോമാ ക്രിസ്ത്യാനി കൾക്കായി ഒരു സെമിനരി നടത്തി സുറിയാനിയും മറ്റും പഠിപ്പിക്കുന്നു. കൊച്ചിയിൽ ലത്തീൻ സഭയുടെ അഞ്ച് ഇടവകകളും അഞ്ച് ആശ്രമഭവന ങ്ങളുമുണ്ട്. ഈ ആശ്രമങ്ങൾ ഡൊമിനിക്കൻ, ഫ്രാൻസിസ്കൻ, അഗസ്റ്റീനി യൻ, ജസ്വിട്ട്, റികളക്ട് സന്യാസികളുടേതാണ്. അവിടെ പല ധർമസ്ഥാപ നങ്ങളും ആശുപത്രികളും പ്രാർഥനാലയങ്ങളുമുണ്ട്. കുട്ടികളെ കൂടാതെ 19495 പേർ കുമ്പസാരിച്ച് കുർബാന സ്വീകരിച്ചു. കൊച്ചിക്കടുത്തുള്ള ദ്വീപുകളിൽ അഞ്ച് ഇടവകകളിലായി പുതുതായി ക്രിസ്തുമതം സ്വീകരിച്ച അനേകം ക്രിസ്ത്യാനികളുണ്ട്. കൊച്ചിക്കും കൊല്ലത്തിനുമിടയിൽ പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരുടെ ഒൻപത് ഇടവകകളുണ്ട്. അവയിൽ മൂന്നെണ്ണം ഫ്രാൻസിസ്കൻ സന്യാസികളുടെയും അഞ്ചെണ്ണം ജസ്വിട്ടരുടെയും ഒരെണ്ണം ഒരിടവക വൈദികന്റെയും ചുമതലയിലാണ്. കൊല്ലത്ത് നാലായിരം ക്രിസ്ത്യാനികളുണ്ട്. ജസ്വിട്ടരുടെയും ഫ്രാൻസിസ് കൻ സന്യാസികളുടെയും ഓരോ ആശ്രമവും ഓരോ പള്ളിയും അവിടെ യുണ്ട്. കൊല്ലത്തിനും കന്യാകുമാരിക്കും ഇടയ്ക്ക് ജസ്വിട്ടരുടെ കീഴിലായി പുതുതായി മാനസ്സാന്തരപ്പെട്ട 14000 ക്രിസ്ത്യാനികളുണ്ട്.

കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ തുടർന്നുള്ള ചരിത്രം മാർതോമാ ക്രിസ്ത്യാനികളുടെ ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്ന താണ്. മിക്കപ്പോഴും സുറിയാനിക്കാരുടെയും ലത്തീൻകാരുടെയും മെത്രാന്മാർ ലത്തീൻ മിഷണറിമാർ തന്നെ ആയിരുന്നു. റോം 1610-ൽ

18. D.Ferroli, *Jesuits in Malabar,* Vol.1.Bangalore,1939, p. 156. 315. 375; P.J.Podipara, *The Hierarchy of the Syro-Malabar Church, Alleppey, 1976,* p.24.

19. P.J.Podipara, *Ibid.* p.37.n.43.

www.malankaralibrary.com

ഇൻഡ്യയെ ഗോവാ (1534), കൊച്ചി (1557), മൈലാപ്പൂർ (1606) കൊടുങ്ങല്ലൂർ (1609) എന്നിങ്ങനെ പുനർവിഭജനം നടത്തി. കൊടുങ്ങല്ലൂർ മാർതോമാ ക്രിസ്ത്യാനികളുടെ അതിരൂപത ആയിരുന്നെങ്കിലും അതിന്റെ അതിർത്തിക്കുള്ളിൽ വന്ന കോഴിക്കോട്, കൊടുങ്ങല്ലൂർ, പള്ളിപ്പുറം എന്നീ ലത്തീൻ പള്ളികൾ ലത്തീൻ ആരാധനാരീതികളും ആചാരാനുഷ്ഠാനങ്ങളും മാറ്റാതെ കൊടുങ്ങല്ലൂരിന്റെ കീഴിലായി. കൊച്ചി രൂപതാതിർത്തിയിൽ പെട്ട കൊച്ചി, മട്ടാഞ്ചേരി, പുറക്കാട് എന്നീ മാർതോമാ ക്രിസ്ത്യാനികളുടെ പള്ളികൾ സുറിയാനി ആരാധനക്രമങ്ങളും അനുഷ്ഠാനങ്ങളും മാറ്റാതെ കൊച്ചിയുടെ കീഴിലായി. ഈ കാലയളവിൽ കൊടുങ്ങല്ലൂർ രൂപതയിലും കൊച്ചി ലത്തീൻ രൂപതയിലും ഉണ്ടായിരുന്ന മാർതോമാ ക്രിസ്ത്യാനികളെ ലത്തീൻ സഭയിൽ ചേർക്കാൻ മിഷണറിമാർ പരമാവധി പരിശ്രമിച്ചു. അവരുടെ കൂദാശകൾ വാസ്തവമല്ലെന്നു വരെ മിഷണറിമാർ പറഞ്ഞ് രണ്ടാമതും കൊടുക്കാൻ തുടങ്ങി. പോർട്ടുഗീസുകാരുടെ രാഷ്ട്രീയശക്തിയും മിഷണറിമാരുടെ വാഗ്ദാന പ്രലോഭനങ്ങളും ആനുകൂല്യങ്ങളും ഒക്കെ ഉണ്ടായിട്ടും വിഭജിക്കപ്പെട്ട മാർതോമാ ക്രിസ്ത്യാനികളുടെ ഇടവകകൾ കൂട്ടത്തോടെ ലത്തീൻ സഭയിൽ ചേർന്നതായി രേഖയില്ല. എന്നാൽ അപൂർവം ചില ആളുകൾ ചില പ്രത്യേക സാഹചര്യത്തിൽ ഒരു പക്ഷേ പുരാതനമായ സുറിയാനി ആരാധനക്രമവും സമുദായവും വിട്ട് പുതുതായി ഇവിടെ നടപ്പായ ലത്തീൻ ആരാധനക്രമവും ലത്തീൻ സമുദായവും സ്വീകരിച്ചിരിക്കാം. അന്നത്തെ ജാതിവ്യവസ്ഥ പരിഗണിക്കുമ്പോൾ അതിനും സാധ്യത വളരെ വിരളമാണ്. സ്വമനസ്സാ ലത്തീൻ റീത്തു സ്വീകരിച്ചു എന്നു പറയുന്നതിൽ യുക്തിഭംഗമുണ്ട്.

സുറിയാനിയാണ് എല്ലാ പാഷണ്ഡതകൾക്കും കാരണം, സുറിയാനി മെത്രാന്മാർ പശ്ചിമേഷ്യയിൽ നിന്നു വരുന്നതാണ് മാർതോമാ ക്രിസ്ത്യാനികളുടെ സഭയെ ലത്തീൻസഭയിൽ ലയിപ്പിക്കുന്നതിനുള്ള ഒരു തടസ്സമെന്ന് മിഷണറിമാർ തെറ്റായി കരുതി. തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ മുതിർന്ന ലത്തീൻ മിഷണറിമാർ സുറിയാനി ഭാഷാപഠനം നിർത്തലാക്കാൻ നടപടിയെടുത്തു. സുറിയാനി മെത്രാന്മാരുടെ വരവു തടഞ്ഞു. വൈദിക പരിശീലനത്തിലൂടെ സുറിയാനിസഭയെ സ്വാധീനിക്കാൻ ശ്രമിച്ചു. അതുപോലെ പോർട്ടുഗീസുകാരുടെ സൈന്യത്തിലും മറ്റും ഉദ്യോഗം നൽകിയും അവർ ചിലരെ പ്രലോഭിപ്പിച്ചു.

ഡച്ചുകാർ 1663-ൽ കൊച്ചി കീഴടക്കിയത് പോർട്ടുഗീസുകാരുടെ രാഷ്ട്രീയവളർച്ചയ്ക്ക് ശാശ്വതമായ ആഘാതമേൽപ്പിച്ചു. താൽക്കാലികമായെങ്കിലും ലത്തീൻസഭയ്ക്ക് അതു വലിയ തിരിച്ചടിയായി. കൊച്ചിയിലെ അവരുടെ സ്ഥാപനങ്ങളും ദൈവാലയങ്ങളും ഡച്ചുകാർ അഗ്നിക്കിരയാക്കി. സെന്റ് പോൾസ് കോളേജിലെ (സമ്പാളൂരെ) ഗ്രന്ഥശേഖരം അവർ കത്തിച്ചുകളഞ്ഞു. കത്തീഡ്രലും വാസ്കോ ഡി ഗാമായെ ആദ്യം അടക്കം ചെയ്ത

www.malankaralibrary.com

ദൈവാലയവും മാത്രമാണ് ഡച്ചുകാരുടെ കോപാഗ്നിയിൽ നിന്ന് ഒഴിവായത്. ശിൽപ്പസുന്ദരമായ കത്തീഡ്രൽ അവർ ആയുധപ്പുരയും ബൊട്ടാണിക്കൽ ഗാർഡനുമായി മാറ്റി.[20] വിശുദ്ധ ഫ്രാൻസിസ് അസ്സീസി പ്രോട്ടസ്റ്റന്റുകാർക്കും പ്രിയംകരനായിരുന്നതുകൊണ്ടാവാം വിശുദ്ധന്റെ പേരിലുള്ള ദൈവാലയം അവർ ഒഴിവാക്കിയത്. പക്ഷേ അന്നുമുതൽ അതൊരു പ്രോട്ടസ്റ്റന്റു ദൈവാലയമാണ്. കൊച്ചി രൂപതയിൽ ഡച്ചുകാർക്ക് സ്വാധീനമില്ലാതിരുന്ന പ്രദേശങ്ങളിൽ മാത്രമേ പോർട്ടുഗീസ് മിഷണറിമാർക്ക് അക്കാലത്തു പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നുള്ളു.

## മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ് (1659)

പോർട്ടുഗീസ് ജസ്വിട്ടരുടെ കീഴിൽ നിൽക്കാൻ ഇഷ്ടമില്ലാതിരുന്ന മാർതോമാ ക്രിസ്ത്യാനികൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ട മലബാറിലെ അപ്പസ്തോലിക വികാരിയേറ്റിലും പലപ്പോഴും ലത്തീൻ കത്തോലിക്കരും ഉൾപ്പെട്ടിരുന്നു. പ്രത്യേകിച്ച് ഡച്ചാധിപത്യകാലത്തും (1663) റോം ജസ്വിട്ട് സമൂഹവും (1773) പാദ്രോവാദോയും (1838–1864) നിർത്തലാക്കിയപ്പോഴും. പ്രസ്തുത വികാരിയേറ്റിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ആൻജലൂസ് ഫ്രാൻസീസ് ഓ.സി.ഡി. (1700–1712) തന്റെ ഭരണത്തിൻകീഴിൽ 1702–ൽ മാർതോമാ ക്രിസ്ത്യാനികളുടെ 114 പള്ളികളും പുതുതായി മാനസ്സാന്തരപ്പെട്ടവരുടെ ചില പള്ളികളും ഉണ്ടെന്ന് സാക്ഷിക്കുന്നു.[21] ഈ കാലത്തും അക്രൈസ്തവരിൽ നിന്നുള്ള മാനസ്സാന്തരം തുടർന്നു കൊണ്ടിരുന്നെന്ന് പൗളീനുസ് സാക്ഷിക്കുന്നു.[22]

വികാരിയേറ്റിൽ മൂന്നുതരം ക്രിസ്ത്യാനികൾ ഉണ്ടെന്ന് 1764–ലെ ഒരു റിപ്പോർട്ടിൽ കാണുന്നു. വികാരിയേറ്റിന്റെ പ്രൊക്കുറേറ്റർ കരോൾ ദി സാൻ കൊൺറാഡോയാണ് റിപ്പോർട്ടു നൽകുന്നത്: (1) മാപ്പിളമാർ–മാർതോമാ ക്രിസ്ത്യാനികൾ: മാർതോമാശ്ലീഹായിൽ നിന്ന് സുവിശേഷം ലഭിച്ചവരുടെ പിൻതലമുറക്കാരാണിവർ. വികാരിയേറ്റിൽ അവരുടെ 49 പള്ളികളുണ്ട്. അതിൽ രണ്ടുപള്ളികൾ പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും പൊതുവായി ഉപയോഗിക്കുന്നു. ഈ മാർതോമാ ക്രിസ്ത്യാനികൾക്ക് വികാരിയേറ്റിനു പുറത്ത് 39 പള്ളികൾ കൂടിയുണ്ട്. കൊടുങ്ങല്ലൂർ രൂപതയിലുള്ള ഈ പള്ളികളിൽ എട്ടെണ്ണം പുത്തൻകൂറ്റുകാർക്കും പഴയകൂറ്റുകാർക്കും പൊതുവാണ്. (2) തൊപ്പാസികൾ (3) മുണ്ടുകാർ – ഈ രണ്ടുകൂട്ടരും ലത്തീൻകാരാണ്. അവർക്കുള്ള 28 പള്ളികളിൽ കാട്ടൂർ, തുമ്പോളി എന്നീ രണ്ടുപള്ളികൾ ഒഴിച്ച് ബാക്കിയെല്ലായിടത്തും ലത്തീൻ വൈദികരാണ് കർമങ്ങൾ നടത്തുന്നത്. കരോളിന്റെ റിപ്പോർട്ടനുസരിച്ച് വികാരിയേറ്റിൽ മാർതോമാ ക്രിസ്ത്യാ

20. *Ibid*.p.24.
21. Paulinus, *India Orientalis Christiana,* Rome, 1794, p.85.nota 1; P.J.Podipara, *op.cit*.p.57-58.
22. Paulinus,*Viaggio alle Indie Orientali*,Roma,1796, p.143; P.J.Podipara,*op.cit.*p.54-55.

www.malankaralibrary.com

നികൾക്ക് 263 വൈദികരും 82,893 ജനങ്ങളും 49 ഇടവകകളും 5 ചെറിയ പള്ളികളും, ലത്തീൻസഭയ്ക്ക് 29 വൈദികരും 40,989 ജനങ്ങളും 28 ഇടവകകളും 2 ചെറിയ പള്ളികളും ഉണ്ടായിരുന്നു.[23]

വികാരി അപ്പസ്തോലിക്കാമാർ വരാപ്പുഴ കേന്ദ്രമാക്കിയാണ് താമസിച്ചിരുന്നത്. 1673-ൽ വരാപ്പുഴ ഒരു പള്ളിവച്ചു. അവിടെ ധാരാളം മാനസ്സാന്തരം നടന്നു. 'ഈ പള്ളിയുടെ ആരംഭം മുതൽ ഓരോ വർഷവും ഏതാണ്ട് നാനൂറോളം അക്രൈസ്തവർ കത്തോലിക്കാ വിശ്വാസം പഠിച്ച് സ്നാനപ്പെട്ട് സഭയോട് ചേർന്നിരുന്നു' എന്ന് പൗളീനുസ് സാക്ഷിക്കുന്നു.[24] മിഷണറിമാർ സ്നാനപ്പെടുത്തിയ പുതുക്രിസ്ത്യാനികളുടെ ഘടകങ്ങളെ കുറിച്ച് അറിയാൻ അക്കാലത്തെ ചില രേഖകൾ പരിശോധിക്കാം. പൗളീനുസ് പറയുന്നു: പുതുതായി സ്നാനം സ്വീകരിച്ചവർ ലത്തീൻ പള്ളികളിലായി വ്യാപിച്ചിരിക്കുന്നു. അവർ *മാർഗക്കാർ* എന്നു വിളിക്കപ്പെടുന്നു. പുറജാതികളിൽ നിന്നുള്ള പുതുക്രിസ്ത്യാനികളാണ് അവയിലെല്ലാം. നിയമമുള്ളവർ എന്നർഥം. പുതുതായി മാനസ്സാന്തരപ്പെട്ട ഇവരുടെ സംഖ്യ ഒരു ലക്ഷം വരും. കൊച്ചിക്കടുത്ത് മാത്രം ഒരു മുപ്പതിനായിരം കൂടി കൂട്ടാം. വെള്ളവസ്ത്രധാരികൾ എന്നർഥമുള്ള *മുണ്ടുകാർ* എന്നാണ് അവർ വിളിക്കപ്പെടുന്നത്. മലയാളവും പോർട്ടുഗീസും സംസാരിക്കുകയും സോക്സും ഷൂസും കൂടാതെ പാന്റ്സ് മാത്രവും തൊപ്പിയും ധരിക്കുന്ന *തൊപ്പാസികളിൽ* നിന്ന് വേർതിരിച്ച് അറിയാനാണിത്.[25] ഡച്ചുകമ്പനി ഇരുകൂട്ടരെയും സംരക്ഷിക്കുന്നെന്നും അവർ കൊച്ചി രാജാവിന്റെ പ്രജകളാണെന്നും പൗളീനുസ് തുടർന്നു പറയുന്നു. 'ഇരുകൂട്ടർക്കും അവരവരുടെ ക്യാപ്റ്റന്മാരുണ്ട്. 'അവർ വലിയ ധനാഢ്യരാണ്. ബിസിനസിലും സമ്പത്തിലും അവർ മാർതോമാ ക്രിസ്ത്യാനികളേക്കാൾ മുൻപന്തിയിലാണ്. കാരണം, മാർതോമാ ക്രിസ്ത്യാനികൾ കൃഷിക്കാരാണ്. അവർ, കൊപ്രാ, വെളിച്ചെണ്ണ, കുരുമുളക് എന്നിവ കച്ചവടം നടത്തുന്നു.' ഈ ലത്തീൻ ക്രിസ്ത്യാനികൾ 1502 മുതൽ അക്രൈസ്തവരിൽ നിന്നു മാനസ്സാന്തരപ്പെട്ട് സഭയിലേക്ക് ചേർന്നിട്ടുള്ളവരാണെന്നും ലത്തീൻ റീത്ത് പാലിക്കുന്നവരാണെന്നും പൗളീനുസ് തന്റെ റിപ്പോർട്ടിൽ കൂട്ടിച്ചേർക്കുന്നു. ഡൊമിനിക്കൻ, ജസ്വിട്ട്, കർമലീത്താ (ഓ.സി.ഡി.) സന്യാസികളുടെ സുവിശേഷവേലയുടെ ഫലമായി വിജാതീയ അന്ധവിശ്വാസങ്ങളിൽ നിന്ന് മാനസ്സാന്തരപ്പെട്ട ലത്തീൻ സഭക്കാർ ഡച്ചുകമ്പനിയുടെ സ്വാധീനമുള്ള സ്ഥലങ്ങളിൽ മുപ്പതിനായിരത്തിലേറെയുണ്ട്. തിരുവിതാംകൂറിലുള്ളവർ ഇവർക്കു പുറമേയാണ്. ഇവരെല്ലാം താണജാതിക്കാരാണെന്ന് ചില ഫ്രഞ്ചുകാരുടെയും ഇംഗ്ലീഷുകാരുടെയും വാദം തെറ്റാണ്. കാരണം, ബ്രാഹ്മണരും ഉന്നതകുല ജാതരായ നിരവധി നായന്മാരും കൊത്തുപണിക്കാരും ചേകോൻമാരും (തീയർ) ലത്തീൻ

23. P.J.Podipara,*op.cit*.p. 57-58.
24. Paulinus, *India Orientalis* ,p.89.
25. Paulinus, Viaggio, p.143.

www.malankaralibrary.com

ക്രിസ്ത്യാനികൾ ആയിട്ടുണ്ട്. ഡച്ചുകമ്പനി അവരെ സംരക്ഷിക്കുന്നു. അവർ ശക്തിയുള്ളതും ബഹുമാനം അർഹിക്കന്നതുമായ ഒരു സമൂഹമാണ്. ഡച്ചുകമ്പനിയുടെയും കൊച്ചി രാജാവിന്റെയും പ്രജകളിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് അവർ.' പൗളീനുസ് ഈ റിപ്പോർട്ടെഴുതുന്ന കാലത്ത് വികാരിയേറ്റിൽ 120 സുറിയാനി വൈദികരും 34 ലത്തീൻ വൈദികരും ഉണ്ടായിരുന്നു.[26] കൽദായ റീത്തുപയോഗിക്കുന്ന നസ്രാണികളെ പറ്റിയും കത്തോലിക്കാവിശ്വാസം സ്വീകരിച്ച് ലത്തീൻ റീത്തുപയോഗിക്കുന്ന മുപ്പതിനായിരം പേരേ പറ്റിയും പൗളീനുസ് തന്റെ മറ്റൊരു കൃതിയിലും സംസാരിക്കുന്നു.[27] എന്നാൽ തന്റെ കൃതിയിൽ ഒരിടത്തും മാർതോമാ ക്രിസ്ത്യാനികൾ സുറിയാനി റീത്തുപേക്ഷിച്ച് ലത്തീൻ റീത്തു സ്വീകരിച്ചതായി പൗളീനുസ് പ്രസ്താവിക്കുന്നില്ല.

കേരളത്തിൽ 17 വർഷം താമസിച്ച ബോനിഫസ്, പ്രൊപ്പഗാന്താ തിരുസംഘം 1749-ൽ ആവശ്യപ്പെട്ടതനുസരിച്ച്, താഴെപ്പറയുന്ന റിപ്പോർട്ട് നൽകുന്നു: കർമലീത്തർ നാല് മിഷൻകേന്ദ്രങ്ങൾ തുറന്നതിൽ പ്രധാനപ്പെട്ടത് വരാപ്പുഴയാണ്. 'അവിടെ അക്രൈസ്തവരിൽ നിന്ന് മാനസ്സാന്തരപ്പെട്ട പുതുക്രിസ്ത്യാനികൾക്കു വേണ്ടി നമുക്കൊരു പള്ളിയുണ്ട്. മിഷണറിമാരെ സഹായിക്കാൻ മങ്ങാട്ട് ഗ്രാമത്തിൽ നമുക്കൊരു ഭവനമുണ്ട്. മൂന്നാമത്തേത് ചത്യത്താണ്. അവിടെ ലത്തീൻ റീത്തിൽപെട്ട പുതുക്രിസ്ത്യാനികൾക്കായി ഒരു പള്ളിയുണ്ട്. നാലാമത്തേത് മട്ടാഞ്ചേരിയാണ്. മാർതോമാ ശ്ലീഹായിൽ നിന്നുള്ള പുരാതന ക്രൈസ്തവരായ കത്തോലിക്കർ കൽദായ റീത്തുകാരാണ്. പോർട്ടുഗീസുകാരുടെ വരവിനുശേഷം മാനസ്സാന്തരപ്പെട്ടവരുടെ പിൻതലമുറക്കാരും ഇപ്പോൾ മാനസ്സാന്തരപ്പെടുന്നവരും ലത്തീൻ റീത്തുകാരാണ്'.[28]

ഫാ.അനസ്താസ്യൂസ് എന്ന പ്രോ വികാർ അപ്പസ്തോലിക്കാ 1775 മാർച്ച് 25-ന് താഴെപ്പറയുന്ന റിപ്പോർട്ടു നൽകുന്നു: 'മലബാറിൽ കൽദായ റീത്തുകാരായ ഈ പുരാതന ക്രിസ്ത്യാനികളെ കൂടാതെ, ലത്തീൻ റീത്തുകാരായ പുതുക്രിസ്ത്യാനികളെയും സീറോ-നെസ്തോറിയരെയും ശീശ്മക്കാരെയും ഹോളണ്ടിൽ നിന്നുള്ള പാഷണ്ഡികളെയും (കാൽവിനിസ്റ്റുകാരെയും) യൂദരെയും തുർക്കികളെയും വിവിധജാതി അക്രൈസ്തവരെയും കാണാം.[29]

മലബാറിലെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ഫ്രാൻസിസ് സേവ്യർ 1832-ൽ റോമിനു നൽകിയ റിപ്പോർട്ടിൽ ലത്തീൻ റീത്തിലെ വിവിധ വിഭാഗങ്ങളെപ്പറ്റി സൂചിപ്പിക്കുന്നു: "മലബാറിലെ ഇന്നത്തെ ലത്തീൻ ക്രിസ്ത്യാനികളെ പൊതുവെ മൂന്നു വിഭാഗങ്ങളായി തിരിക്കാം. ഒന്നാമതായി

26. Analects O.C.D., Rome, 1937, p.260.262.270.
27. Paulinus, *India Orientalis*, p.119-263.
28. Arch.Prop.Fide,Rome, Congregationi Particolari, vol.109f. 119v-120r.
29. Arch.Prop.Fide,Rome,Scritture riferiti nei Congressi,vol.34,f.472.

www.malankaralibrary.com

പിതാക്കന്മാരുടെ വഴിയിൽ യൂറോപ്യന്മാരിൽ നിന്ന് ഉണ്ടായിട്ടുള്ളവരെല്ലാം: പോർട്ടുഗീസ്, ഡച്ച്, ഇംഗ്ലീഷ്, ജർമൻ. - പൊതുവെ *തൊപാസി, പറങ്കി,* [30] *മുന്നൂറ്റിക്കാർ* എന്ന് അവർ വിളിക്കപ്പെടുന്നു. രണ്ടാമത്തേതിൽ *മുക്കുവർ* എന്നു വിളിക്കപ്പെടുന്ന ജാതിക്കാരെല്ലാവരും ഉൾപ്പെടുന്നു. അഞ്ഞൂറ്റിക്കാരുടെ ജാതിയും ഈ പേരിൽ വിളിക്കപ്പെടുന്നു. മുക്കുവരല്ലാത്ത മറ്റെല്ലാ മലയാളികളും മൂന്നാംവിഭാഗത്തിൽ പെടുന്നു. *എഴുനൂറ്റിക്കാർ* എന്നാണ് അവരുടെ പൊതുപേര്. ഏറ്റവും കുലീനരായ ബ്രാഹ്മണർ മുതൽ ഏറ്റവും താണ ശൂദ്രർ വരെ പുറജാതികളുടെ എല്ലാ ജാതികളിലും പെട്ടവർ അവരുടെ ഇടയിലുണ്ട്. ഈ വിഭാഗത്തിൽ മുക്കുവരൊഴിച്ച്, ഏറ്റവും താണ ജാതിയിൽ പെട്ടവരുൾപ്പെടെ, എല്ലാ ജാതിയിലും പെട്ട പുതുക്രിസ്ത്യാനികളുണ്ട്. ഓരോരുത്തരും വന്ന മൂലജാതിചിന്ത അൽപ്പംപോലും ഇതിലില്ല.[31]

ഇങ്ങനെ പാശ്ചാത്യമിഷണറിമാരുടെ രേഖകൾ തന്നെ പരിശോധിച്ചാൽ കേരളത്തിലെ ലത്തീൻ സഭയിലെ അവാന്തരവിഭാഗങ്ങളെപ്പറ്റി ഗ്രഹിക്കാനാവും. ആംഗ്ലോ-ഇൻഡ്യൻ സമൂഹം *(തൊപാസി)* ഉന്നതനിലവാരം പുലർത്തിയിരുന്നു. അതുപോലെ പ്രബലവിഭാഗമായിരുന്നു *എഴുനൂറ്റിക്കാർ.* ഇരുകൂട്ടരും സമ്പദ്സമൃദ്ധിയിലും ഉയർന്നു നിന്നു. തൊപാസികളെ *മെസ്തിച്ചി, പറങ്കികൾ, കുപ്പായക്കാർ* എന്നൊക്കെ വിളിച്ചിരുന്നു. എഴുനൂറ്റിക്കാരെ *മുണ്ടുകാർ* എന്നും വിളിച്ചിരുന്നു. എഴുനൂറ്റിക്കാർ മാർതോമാ ക്രിസ്ത്യാനികളിൽ നിന്ന് ലത്തീൻ റീത്തു സ്വീകരിച്ചവരാണെന്ന് വാദിക്കുന്നതിൽ കഴമ്പില്ല. കാരണം 1770-ൽ അവരിൽ ചിലർക്ക് വികാരി അപ്പസ്തോലിക്കാ പട്ടം കൊടുത്ത് സുറിയാനി വൈദികരുടെ ഉടുപ്പും ഇടുവിച്ച് പള്ളികളിലാക്കി. 1773-ൽ അങ്കമാലിയിൽ കൂടിയ 72 സുറിയാനി പള്ളികളുടെ യോഗത്തിൽ വച്ച് വികാരി അപ്പസ്തോലിക്കായുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച് 'എഴുനൂറ്റിപ്പരിഷയ്ക്ക് പട്ടം കൊടുത്ത് സുറിയാനി മര്യാദ പോലെ ഇനിമേൽ നടത്തുകയില്ല' എന്ന് പടിയോല എഴുതിവച്ചു.[32] പട്ടം കൊടുത്തതിനല്ല, സുറിയാനി വൈദികരുടെ വസ്ത്രം ധരിച്ചു നടന്നതിനത്രേ നസ്രാണികൾ പ്രതിഷേധിച്ചത്. ഇപ്രകാരം തങ്ങളുടെ വൈദികരുടെ വേഷം ധരിച്ചതിന് പ്രതിഷേധിച്ചവർ ലത്തീൻ റീത്തിൽ ഒന്നടങ്കം ചേർന്നെന്നു കരുതുന്നത് ശരിയല്ലെന്നു തോന്നുന്നു.

---

30. പശ്ചിമേഷ്യയിൽ ആദ്യമെത്തിയ യൂറോപ്യന്മാരായ ഫ്രഞ്ചുകാരെ അറബികൾ ഫിർങ്കായെ എന്നു വിളിച്ചു.കേരളത്തിൽ ആദ്യമെത്തിയ വിദേശിയരായ പോർട്ടുഗീസുകാരെ ഫിർങ്കായെ എന്നതിന്റെ മറ്റൊരു രൂപമായ പറങ്കികൾ എന്ന് അറബിസംസർഗം കൊണ്ട് നാട്ടുകാർ വിളിച്ചു. ഫ്രഞ്ചുകാർ എന്നു പദാർഥം. അത് ഇവിടെ പോർട്ടുഗീസുകാരുടെ പേരായി.
31. Arch.Prop.Fide,Rome,Scritti riferiti nei Congressi indie Orientalis,1832-1836,volV.ff.86ff.; P.J.Podipara,*op.cit*.p66.
32. P.J.Podipara,*op.cit*.p. 60-61.

www.malankaralibrary.com

അതുപോലെ 1764-ൽ ഫ്ളോറൻസ് എന്ന വികാരി അപ്പസ്തോലിക്കാ വരാപ്പുഴ ആരംഭിച്ച സെമിനരിയിൽ 10 സുറിയാനിക്കാരെയും 6 ലത്തീൻ കാരെയും ഒന്നിച്ചു പഠിപ്പിക്കാൻ തുടങ്ങി. എന്നാൽ ഒരേ ഭവനത്തിൽ ആയിരുന്നെങ്കിലും, സുറിയാനിക്കാർക്കും ലത്തീൻകാർക്കും പ്രത്യേകം പ്രത്യേകം കിടക്കമുറിയും അടുക്കളയും ഉണ്ടായിരുന്നു. അതിന്റെ കാരണം ലോറൻസ് ജുസ്തീനിയാനി പറയുന്നത് ഇപ്രകാരമാണ്: ലത്തീൻകാർ എത്ര ധനാഢ്യരായിരുന്നാലും, സുറിയാനിക്കാർ അവരുടെ പെൺകുട്ടികളെ ലത്തീൻകാരെ കൊണ്ട് വിവാഹം കഴിപ്പിച്ചിരുന്നില്ല. ലത്തീൻകാരുടെ പെൺ കുട്ടികളെ ഇങ്ങോട്ടും സ്വീകരിച്ചിരുന്നില്ല. ഇത്രമാത്രം ജാതിസംബന്ധമായ അകൽച്ച ഇരുകൂട്ടരും തമ്മിൽ ഉണ്ടായിരുന്നതു കൊണ്ടാണ് വരാപ്പുഴ സെമിനരിയിൽ ഇത്തരം വേർതിരിവു വന്നത്. ഇവിടെ പരാമർശിക്കുന്ന ലത്തീൻകാർ എഴുനൂറ്റിക്കാരാണ്.[33]

ആധുനിക കാലത്ത് സെമിനരികളിൽ ലത്തീൻകാരും സുറിയാനിക്കാരും ഒന്നിച്ച് പഠിക്കുന്നു. എങ്കിലും വിവാഹബന്ധങ്ങൾ ഇപ്പോഴും താരതമ്യേന കുറവാണ്. ജാതിവ്യവസ്ഥിതി നടമാടിയിരുന്ന നാടായിരുന്നു കേരളം. സുറിയാനിക്കാരും ലത്തീൻകാരും തമ്മിൽ മാത്രമല്ല, ലത്തീൻകാരുടെ ഇടയിലെ ഉപവിഭാഗങ്ങൾ തമ്മിലും വിവാഹം നടന്നിരുന്നില്ല. ഇപ്പോഴും അത് നിലനിർത്തുന്നവരുണ്ട്. ചില വിഭാഗങ്ങൾ മറ്റുള്ളവരിൽ നിന്ന് വൈദികർ ഉണ്ടാകുന്നതുപോലും തടഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ പുരാതന ക്രൈസ്തവർ എന്നവകാശപ്പെട്ടിരുന്ന മാർതോമാ നസ്രാണികൾ ജാതിയും റീത്തും ഉപേക്ഷിച്ച് ലത്തീൻകാരായി എന്നു ചിന്തിക്കുന്നത് അന്നത്തെ പശ്ചാത്തലത്തിൽ അൽപം സാഹസമാണ്. കേരളത്തിലെ രാജാക്കന്മാരും ഈ ജാതിവ്യവസ്ഥ മാറുന്നതിന് എതിരായിരുന്നു. അങ്ങനെ നോക്കിയാൽ മാർതോമാക്രിസ്ത്യാനികളുടെ ചില ഇടവകകൾ ഒന്നടങ്കം റീത്തും ജാതിയും ഉപേക്ഷിച്ച് ലത്തീൻ റീത്തു സ്വീകരിച്ചെന്നു കരുതാനാകില്ല. ഒറ്റപ്പെട്ട വ്യക്തികൾ ഒരുപക്ഷേ ലത്തീനിൽ ചേർന്നിരിക്കാം.

## വരാപ്പുഴ അതിരൂപതാസ്ഥാപനം (1886)

മലബാർ വികാരി അപ്പസ്തോലിക്കാമാർ വരാപ്പുഴയാണ് താമസി ച്ചിരുന്നത്. ഈ വികാരിയേറ്റ് 1839 ഏപ്രിൽ 24 മുതൽ വരാപ്പുഴ വികാരിയേറ്റ് എന്ന് അറിയപ്പെട്ടിരുന്നു.[34] അതിന്റെ അതിർത്തി കാനറാ വരെ നീട്ടുകയും ചെയ്തു. ഈ വികാരിയേറ്റ് സുറിയാനിക്കാർക്കുവേണ്ടി ആരംഭിച്ചതാണെ ങ്കിലും, ലത്തീൻകാരും അതിൽ ഉൾപ്പെട്ടിരുന്നു. റോമും പോർട്ടുഗലും

33. Arch.Prop.Fide, Rome, Scritti riferiti nei Congressi ...1774-1775. vol.34; P.J.Podipara,*op.cit*.p.60.
34. തിസറാങ്, *ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ,*കോട്ടയം, 1973,പേ.105; *Christian Orient,* 8/1(1988)4.

www.malankaralibrary.com

തമ്മിലുള്ള ഉരസലിനെ തുടർന്ന് 1838-ൽ കൊച്ചി, കൊടുങ്ങല്ലൂർ എന്നീ പാദ്രോവാദോ രൂപതകൾ നിർത്തലാക്കി. അപ്പോൾ അവിടുത്തെ സുറിയാനിക്കാരും ലത്തീൻകാരും കൂടി ഈ വികാരിയേറ്റിന്റെ കീഴിൽ വന്നു. തങ്ങളുടേത് (കൊടുങ്ങല്ലൂർ) അതിരൂപത ആയിരുന്നതിനാൽ വികാരി അപ്പസ്തോലിക്കായ്ക്ക് ആർച്ചു ബിഷപ്പിന്റെ സ്ഥാനം കൊടുക്കണമെന്ന് സുറിയാനിക്കാർ വാദിച്ചു. അന്നു മുതൽ വികാരിയേറ്റ് നിർത്തലാക്കുന്നതു വരെ റോം അവർക്ക് അത് അനുവദിച്ചുകൊടുത്തു. 1845-ൽ കൊല്ലവും മംഗലാപുരവും വേർപെടുത്തി പ്രൊപ്പഗാന്തായുടെ കീഴിൽ തന്നെ പ്രത്യേക വികാരിയേറ്റാക്കി. അതിന്റെ ഫലമായി വരാപ്പുഴ വികാരിയേറ്റിന്റെ അതിർത്തി പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്ക് ഒതുങ്ങി. റോമും പോർട്ടുഗലും തമ്മിലുണ്ടാക്കിയ ഉടമ്പടി അനുസരിച്ച് (1857) പാദ്രോവാദോ രൂപതകളായ കൊച്ചിയും കൊടുങ്ങല്ലൂരും 1863/4-ൽ പുനഃസ്ഥാപിച്ചു. വരാപ്പുഴ വികാരിയേറ്റിലെ ലത്തീൻ ക്രിസ്ത്യാനികൾ വീണ്ടും മൂന്നിടത്തായി വിഭജിതരായി.

ലെയോ 13-ാമൻ മാർപാപ്പാ 1886-ൽ ഇൻഡ്യൻ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചപ്പോൾ, 1659-ൽ സുറിയാനിക്കാർക്കായി സ്ഥാപിക്കപ്പെട്ട മലബാർ അപ്പസ്തോലിക് വികാരിയേറ്റ്, കേരളത്തിലെ ലത്തീൻസഭയുടെ അതിരൂപതയായി ഉയർത്തപ്പെട്ടു. കൊല്ലം അതിന്റെ സാമന്തരൂപതയായീ. കൊച്ചി പാദ്രോവാദോയുടെ കീഴിൽ തുടർന്നു. മാർതോമാ ക്രിസ്ത്യാനികളുടെ കൊടുങ്ങല്ലൂർ രൂപത നിർത്തലാക്കി. അതിന്റെ സ്ഥാനനാമം ഗോവയിലെ ലത്തീൻ മെത്രാനു നൽകി.[35] കൊടുങ്ങല്ലൂരിൽ ഉൾപ്പെട്ടിരുന്ന ലത്തീൻകാർ വരാപ്പുഴ അതിരൂപതയുടെ കീഴിലായി. വരാപ്പുഴ അതിരൂപതയിലെ സുറിയാനിക്കാരെ വേർപെടുത്തി അവർക്കുവേണ്ടി 1887 മെയ് 20-ന് തൃശൂർ, കോട്ടയം എന്നീ വികാരിയേറ്റുകൾ സ്ഥാപിച്ചു. വിഭജനസമയത്ത് വരാപ്പുഴ അതിരൂപതയിൽ 190,000 സുറിയാനിക്കാരും 90,600 ലത്തീൻകാരും ഉണ്ടായിരുന്നു. 1923-ൽ സുറിയാനിക്കാർക്ക് പ്രത്യേകം ഹയരാർക്കി സ്ഥാപിച്ചു.

വരാപ്പുഴ അതിരൂപത 1930-ൽ വിഭജിച്ച് വിജയപുരം രൂപത സ്ഥാപിച്ചു. കൊല്ലം രൂപത വിഭജിച്ച് കോട്ടാർ (1930), തിരുവനന്തപുരം (1937), പുനലൂർ (1986) എന്നീ രൂപതകളുണ്ടായി. വരാപ്പുഴയിൽ നിന്ന് കോട്ടപ്പുറം രൂപത (1987) ഉണ്ടായി. മംഗലാപുരം, മൈസൂർ, കോയമ്പത്തൂർ രൂപതകളുടെ ഭാഗങ്ങൾ ചേർത്ത് 1923-ൽ കോഴിക്കോടു രൂപത സ്ഥാപിതമായി. കൊച്ചീ രൂപതയിലെ അഞ്ഞൂറ്റിക്കാരെ വേർതിരിച്ച് 1952-ൽ അവർക്കായി ആലപ്പുഴ രൂപത സ്ഥാപിച്ചു. കൊച്ചി രൂപതാധ്യക്ഷനും ആലപ്പുഴ രൂപതാധ്യക്ഷനും തങ്ങളുടെ ജനങ്ങളുടെ മേൽ വ്യക്തിപരമായ അധികാരം മറ്റേ രൂപതയിലുണ്ട്. കൊച്ചിരൂപതയിൽ എഴുനൂറ്റിക്കാരാണ്. കൊച്ചിയിലും ആലപ്പുഴയിലും ആംഗ്ലോ-ഇൻഡ്യാക്കാരുമുണ്ട്. 1996-ൽ നെയ്യാറ്റിൻകര രൂപത സ്ഥാപിച്ചു.

35. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം,1918, പേ.939.

www.malankaralibrary.com

കൊച്ചിയുടെ മേലുള്ള പാദ്രോവാദോ അധികാരം 1950-ൽ പോർട്ടുഗീസ് സർക്കാർ ഉപേക്ഷിച്ചു. തുടർന്ന് കൊച്ചി വരാപ്പുഴയുടെ സാമന്തരൂപതയായി. തിരുവനന്തപുരം ഭാഗത്ത് പാദ്രോവാദോയുടെ കീഴിൽ കൊച്ചിക്കുണ്ടായിരുന്ന പള്ളികൾ 1952-ൽ തിരുവനന്തപുരം ലത്തീൻ രൂപതയിൽ ചേർക്കപ്പെട്ടു. കന്യാകുമാരിജില്ല തമിഴ്നാടിന്റെ ഭാഗമായപ്പോൾ, (1956) കോട്ടാർ രൂപത വരാപ്പുഴയുടെ കീഴിൽ നിന്നുമാറ്റി. കോഴിക്കോട് രൂപത വിഭജിച്ച് 1998 നവംബർ 5-ന് കണ്ണൂർ രൂപത സ്ഥാപിച്ചു. 2015-ൽ തിരുവനന്തപുരം ലത്തീൻ രൂപത അതിരൂപതയായി. ഇപ്പോൾ വരാപ്പുഴ, തിരുവനന്തപുരം എന്നീ രണ്ട് സഭാപ്രോവിൻസുകളാണ് കേരളത്തിലെ ലത്തീൻ സഭയ്ക്കുള്ളത്. ലത്തീൻ രൂപതകളെല്ലാം പ്രൊപ്പഗാന്തായുടെ കീഴിലാണ്.

## ലത്തീൻ മിഷണറിമാരുടെ സേവനങ്ങൾ[36]

വിദ്യാഭ്യാസ, കല, സാഹിത്യ, സാംസ്കാരിക വൈജ്ഞാനിക മേഖലകളിൽ ലത്തീൻ മിഷണറിമാർ നൽകിയ സേവനങ്ങൾ ചരിത്രം നന്ദിയോടെ സ്മരിക്കും. അച്ചടി നടപ്പാക്കിയത് വലിയൊരു സംഭാവനയാണ്. ഇടവകകൾക്കും രൂപതകൾക്കും ലത്തീൻ രീതിയിലുള്ള ഭരണക്രമം ഉണ്ടായത് മിഷണറി കാലഘട്ടത്തിലാണ്. ഇവിടുത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരുന്ന ചില അന്ധവിശ്വാസങ്ങൾക്ക് അറുതിവരുത്താൻ അവർ യത്നിച്ചു. ആതുരസേവനരംഗത്തും വിദ്യാഭ്യാസമേഖലയിലും അവർ നൽകിയ സേവനം വിലപ്പെട്ടതാണ്. സമുദായത്തിന്റെ താഴേക്കിടയിൽ കിടന്നു വേദന അനുഭവിച്ച അനേകായിരങ്ങളെ കൈ കൊടുത്തുയർത്താൻ കേരളത്തിലെത്തിയ പാശ്ചാത്യ മിഷണറി സഹോദരന്മാർക്ക് സാധിച്ചു. ഹരിജനങ്ങൾ, മുക്കുവർ, ഈഴവർ ആദിയായി അക്കാലത്ത് അവശത അനുഭവിച്ചു കൊണ്ടിരുന്ന ജനപദങ്ങൾക്ക് സുവിശേഷവെളിച്ചം പകർന്നു കൊടുത്ത ലത്തീൻമിഷണറിമാരെ നാം നന്ദിപൂർവം ഓർക്കേണ്ടതുണ്ട്.

യൂറോപ്പിലെ ലത്തീൻ സഭയിൽ നിലവിലിരുന്ന പല നടപടിക്രമങ്ങളും ഇവിടെ പ്രചരിപ്പിച്ചു. ഇവിടെ വേദപുസ്തകത്തിലെ വിശുദ്ധരുടെ പേരുകളാണ് കുഞ്ഞുങ്ങൾക്ക് നൽകിയിരുന്നത്. തൽസ്ഥാനത്ത് പാശ്ചാത്യ വിശുദ്ധരുടെ പേരുകൾ നൽകി. പൗരസ്ത്യ ആരാധനക്രമപാരമ്പര്യങ്ങളും ഭക്താഭ്യാസങ്ങളും അവഗണിച്ചും ഇല്ലാതാക്കിയും പാശ്ചാത്യഭക്താഭ്യാസങ്ങളിൽ പെടുന്ന പൊതുധ്യാനം, വണക്കമാസം, നൊവേന, കൊന്തനമസ്കാരം, കുർബാനയുടെ ആരാധന, വാഴ്വ്, വെന്തിങ്ങാഭക്തി തുടങ്ങിയ ഭക്തകൃത്യങ്ങൾ നടപ്പാക്കി പ്രചരിപ്പിച്ചു. നോമ്പ്, ഉപവാസം, ആരാധനയിൽ അധിഷ്ഠിതമായ ഭക്താഭ്യാസങ്ങൾ എന്നിവയ്ക്കു പകരം തങ്ങൾക്ക് പരിചയമുള്ള ഭക്താഭ്യാസങ്ങൾ പ്രചരിപ്പിക്കുന്നതിൽ മിഷണറിമാർ തൽപ്പരർ ആയിരുന്നു. മിഷണറിമാർ നാട്ടുകാരെ താഴ്ന്ന ജാതിക്കാരായി കരുതി,

36. K.J.John, *Christian Heritage of Kerala*,Cochin,1981; ജോൺ പള്ളത്ത്, *പോർട്ടുഗൽ യുഗത്തിലെ ഭാരതസഭ, കോട്ടയം,1992*; പോൾ മണവാളൻ,*കേരളസംസ്കാരവും ക്രൈസ്തവ മിഷണറിമാരും,* കോട്ടയം, 1990.

www.malankaralibrary.com

മേൽക്കോയ്മാ മനോഭാവം പുലർത്തിയിരുന്നു എന്നത് ദുഃഖസത്യമാണ്. പാശ്ചാത്യരീതിയിലുള്ള ആധുനിക വൈദിക പരിശീലനക്രമങ്ങൾ നടപ്പാക്കി. അതോടൊപ്പം ഭാരതത്തിലെ പുരാതന സാംസ്കാരിക പൈതൃകമായ ഗുരുകുല രീതിയിൽ നടത്തിപ്പോന്ന മൽപ്പാനേറ്റുകൾ നിർത്തലാക്കി. ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നത ഉണ്ടാകുന്ന തിനും പുനരൈക്യസംരംഭങ്ങൾ പരാജയമടയുന്നതിനും പാശ്ചാത്യ മിഷണറിമാർ വളരെയേറെ കാരണക്കാരായി. *വർത്തമാനപ്പുസ്തകം* ഇതിനു സാക്ഷ്യം നൽകുന്നു.

കേരളത്തിലെ സുറിയാനിസഭ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയ്ക്ക് പ്രധാന കാരണക്കാർ പാശ്ചാത്യ ലോകത്തു നിന്നുവന്ന ലത്തീൻ മിഷണറി മാരാണ്. പാശ്ചാത്യരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്കയല്ല. പിന്നെയോ, 16-ാം നൂറ്റാണ്ടുമുതൽ 19-ാം നൂറ്റാണ്ടുവരെയുള്ള 300 വർഷത്തെ അവരുടെ പ്രവർത്തനം ഭാരതത്തിലെ പുരാതനമായ അപ്പസ്തോലികസഭയെ പിളർത്തി വികൃതമാക്കി, ഇന്നത്തെ അവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചു. ഇപ്രകാരം സഭാത്മകമായി സുറിയാനിസഭയ്ക്ക് വളരെയധികം ക്ഷതം സംഭവിച്ചെങ്കിലും, മറ്റനേകം കാര്യങ്ങളിൽ മിഷണറിമാർ കേരളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ അതനുഭവിക്കുന്നവർ നന്ദിയോടും സ്നേഹ ത്തോടും കൂടെ സ്മരിക്കേണ്ടതാണ്. കേരളത്തിലെ ലത്തീൻസഭയ്ക്ക് മിഷണറിമാരുടെ സേവനം ഒരിക്കലും മറക്കാൻ സാധിക്കുകയില്ല.

മുൻകാലങ്ങളിൽ ലത്തീൻസമുദായത്തിലെ വിവിധ ജനവിഭാഗങ്ങൾ തമ്മിൽ വിവാഹബന്ധം അപൂർവമായിരുന്നു. ഇന്ന് ആ നില കുറേയൊക്കെ മാറിവരുന്നു. അവർ തമ്മിലും, സുറിയാനിക്കാരും ലത്തീൻകാരും തമ്മിലു മുള്ള വിവാഹബന്ധം അടുത്ത കാലത്ത് അവിടവിടെയായി നടക്കുന്നു. എങ്കിലും അത് ഇന്നും സാർവത്രികമായിട്ടില്ല. സുവിശേഷത്തിന് അതിർ വരമ്പുകളില്ല. സുവിശേഷം സ്വീകരിച്ചു കഴിഞ്ഞാൽ പുരാതന ക്രൈസ്തവരെന്നോ, പുതുക്രിസ്ത്യാനികളെന്നോ ഭേദമില്ല.

വരാപ്പുഴ, തിരുവനന്തപുരം അതിരൂപതാധ്യക്ഷന്മാരുടെ നേതൃത്വത്തിൽ കേരളത്തിലെ ലത്തീൻ സഭാപിതാക്കന്മാരും സഭയും കേരളത്തിലെ ജന ങ്ങൾക്കും ഭാരതത്തിനും സാരവത്തായ സംഭാവനകൾ ചെയ്തുകൊണ്ടി രിക്കുന്നു. രാഷ്ട്രനിർമാണത്തിൽ അവർ അവരുടേതായ പങ്ക് വഹിക്കുന്നു. വ്യത്യസ്ത റീത്തുകളിൽ പെട്ടവരാണെങ്കിലും കേരളത്തിലെ ലത്തീൻ, മലബാർ, മലങ്കര സഭകൾ ഏക ദൃശ്യാധ്യക്ഷനായ മാർപാപ്പായുടെ നേതൃത്വത്തിൻ കീഴിൽ മിശിഹായുടെ ഏക അജഗണമായി പിതാവിന്റെ മഹത്വങ്ങളെ പ്രഘോഷിക്കുന്നു. മൂന്നു സഭകളിലെയും മെത്രാന്മാരുടെ സംഘടനയായ കേരള കാതലിക് ബിഷപ്സ് കൗൺസിൽ (കെസിബിസി) ആണ് പൊതുവായ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ മൂന്നുസഭ കളുടെയും പൊതുവായ ഒന്നിച്ചുള്ള സ്ഥാപനമാണ് പാലാരിവട്ടത്തുള്ള പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഓ.സി.).

www.malankaralibrary.com

# 3
# മലങ്കര കത്തോലിക്കാസഭ

കേരളത്തിലെ പുത്തൻകൂറ്റുകാരിൽ കുറേ ഓർത്തഡോക്സുകാർ 1930 സെപ്തംബർ 20-ന് റോമാ മാർപാപ്പായെ സാർവത്രിക സഭാധ്യക്ഷനായി അംഗീകരിക്കുകയും റോമാസഭയുമായി സമ്പൂർണവും കാനോനികവുമായ ഐക്യത്തിൽ എത്തിച്ചേരുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയിൽ പെട്ട ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാണ് അതിന് നേതൃത്വം കൊടുത്തത്. പുനരൈക്യപ്രസ്ഥാനം എന്ന് ഇതറിയപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ പ്രസ്ഥാനമാണിത്.

കേരളത്തിലെ മാർതോമാ നസ്രാണികൾ 1653-ൽ കൂനൻകുരിശുസത്യം നടത്തി. അതേത്തുടർന്ന് ഈ അപ്പസ്തോലികസഭ പിളർന്നു. എന്നാൽ വീണ്ടും ഐക്യപ്പെടാനുള്ള നിരവധി പരിശ്രമങ്ങൾ ഈ സഭയിലെ വിവിധ കക്ഷികളും നേതാക്കന്മാരും നടത്തി. എന്നാൽ അവയൊന്നും പൂവണിഞ്ഞില്ല. പാശ്ചാത്യ ലോകത്തു നിന്നുവന്ന ലത്തീൻ മിഷണറിമാരും പശ്ചിമേഷ്യയിൽ നിന്നുവന്ന യാക്കോബായ മെത്രാന്മാരും ഐക്യത്തെ നിരന്തരം എതിർത്തിരുന്നു. ഇവിടെ കഴിയുന്നിടത്തോളം പിടിച്ചുനിൽക്കണം എന്നതായിരുന്നു എല്ലാ പാശ്ചാത്യരുടെയും ചിന്ത. മാർതോമാ നസ്രാണികളുടെ വിവിധ വിഭാഗങ്ങൾ ഒന്നിച്ചു കഴിഞ്ഞാൽ പിന്നെ തങ്ങൾക്കിവിടെ ഒരു സ്ഥാനവും ഉണ്ടായിരിക്കുകയില്ലെന്ന് അവർ കരുതി.

ഐക്യസംരംഭങ്ങൾ പൂവണിഞ്ഞത് 1930-ലാണ്. ഉൾഭരണ സ്വാതന്ത്ര്യവും സഭാവ്യക്തിത്വവും കാതോലിക്കേറ്റ് സ്ഥാപനം വഴി ഉറപ്പുവരുത്തിയ ഓർത്തഡോക്സുകാരാണ് പത്രോസിന്റെ റോമാസിംഹാസനവുമായുള്ള ഐക്യം അഥവാ സംസർഗം എന്ന ആശയം മുന്നോട്ട് വച്ചത്. ബഥനി സന്യാസപ്രസ്ഥാനമാണ് ഇതിന് മുൻകൈ എടുത്തു പ്രവർത്തിച്ചത്.

www.malankaralibrary.com

കേരളത്തിലെ മെത്രാൻകക്ഷിയിൽ പെട്ടവർ വൈദേശിക സ്വാധീനവലയങ്ങളിൽ നിന്നു വിമുക്തരായിരുന്നു. അവർ തുറന്ന മനസ്സോടെ വസ്തുനിഷ്ഠമായ സത്യത്തെ ആശ്ലേഷിക്കാൻ തയാറായി. മുൻവിധികളും വികല പശ്ചാത്തലങ്ങളും വിട്ട് വിശാലമായ സഭാവീക്ഷണത്തിലൂടെ അവർ ചരിക്കുകയും വളരെ ത്യാഗം സഹിച്ച് ഐക്യത്തിൽ എത്തിച്ചേരുകയും ചെയ്തു.

## എഴുത്തുകുത്തുകൾ

റോമുമായി ഐക്യപ്പെടാനുള്ള എഴുത്തുകുത്തുകൾ 1926-ൽ ആരംഭിച്ചു. പരുമലയിൽവച്ച് 1926 നവംബർ ഒന്നിന് കൂടിയ ഓർത്തഡോക്സ് മെത്രാന്മാരുടെ യോഗം തീരുമാനിച്ചതനുസരിച്ചാണ് എഴുത്തുകുത്തുകൾ ആരംഭിച്ചത്. മോറാൻ മോർ ബസേലിയോസ് ഗീവർഗീസ് കാതോലിക്കോസ് (1925-1928), ആബൂൻ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (1912-1929), ബഥനിയുടെ ആബൂൻ ഗീവർഗീസ് മാർ ഈവാനിയോസ് (1925-1930) എന്നിവർ കൂടിയാണ് ആലോചിച്ചത്. എഴുത്തുകുത്തുകൾ നടത്താൻ ബഥനിയുടെ മാർ ഈവാനിയോസിനെ യോഗം ചുമതലപ്പെടുത്തി.

"മലങ്കരസഭയുടെ പുരാതനമായ ആരാധനാരീതികളും ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും അഭംഗുരം തുടരാൻ അനുവദിക്കണം. സിനഡിനും ഓരോ മെത്രാനുമുള്ള അധികാരങ്ങൾ തുടരാൻ അനുവദിക്കണം. മലങ്കരസഭ റോമിലെ മാർപാപ്പായെ സാർവത്രിക സഭാധ്യക്ഷനായി അംഗീകരിക്കാം" എന്നു തുടങ്ങുന്ന മെമ്മോറാണ്ഡം മാർ ഈവാനിയോസ് റോമിലേക്കയച്ചു. റോമൻ മറുപടിയിൽ "ആരാധനാപാരമ്പര്യങ്ങൾ അംഗീകരിക്കാം. എന്നാൽ വൈദികർ അവിവാഹിതരായിരിക്കണം" എന്ന നിബന്ധന വച്ചു. "ആരാധനക്രമ ഗ്രന്ഥങ്ങളിൽ അസ്വീകാര്യമായ എന്തെങ്കിലും ഉണ്ടോയെന്ന് പരിശോധിക്കണം. മെത്രാന്മാർക്ക് തങ്ങളുടെ ജനങ്ങളുടെ മേലുള്ള അധികാരം തുടർന്നും നടത്താം. എന്നാൽ സിനഡൽ രീതിയിലുള്ള ഭരണമോ കാതോലിക്കോസ് തുടങ്ങിയ സ്ഥാനങ്ങളോ അനുവദിക്കാൻ സാധിക്കുകയില്ല" എന്ന് റോം അറിയിച്ചു.[1]

"സിനഡൽ ഘടന, കാതോലിക്കോസിന്റെ സ്ഥാനം എന്നിവ പൗരസ്ത്യ സഭാരീതികൾ അനുസരിച്ചാണ്. മലങ്കരസഭയിലെ നടപടിക്രമവുമാണ്. അതുകൊണ്ട് റോം ഈ സംഗതികൾ അനുവദിക്കണം. മലങ്കരസഭയുടെ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടണം. കാതോലിക്കോസിനെ റോം അംഗീകരിക്കാതിരുന്നാൽ എങ്ങനെയാണ് അദ്ദേഹം സഭൈക്യത്തിലേക്ക് കടന്നുവരിക?" എന്നു തുടങ്ങി മാർ ഈവാനിയോസ് പിന്നെയും റോമിലേക്കെഴുതി. എന്നാൽ അതിനൊന്നും അനുകൂലമായ മറുപടി ഉണ്ടായില്ല. ഇതിനിടെ 1928-ൽ മാർ ബസേലിയോസ് ഗീവർഗീസ് കാതോലിക്കോസ്

1. L.Moolaveettil, *The Malankara Catholic Church,* Kottayam, 1988,p.43.

www.malankaralibrary.com

കാലം ചെയ്തു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും ബഥനിയുടെ മാർ ഈവാനിയോസും കൂടി 1929-ൽ കോട്ടയത്ത് മാർ ഏലിയാ ചാപ്പലിൽ വച്ച് ഗീവർഗീസ് മാർ ഗ്രിഗോറിയോസിനെ മോറാൻ മോർ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ എന്ന പേരിൽ കാതോലിക്കോസായി വാഴിച്ചു.

വട്ടശ്ശേരിൽ തിരുമേനി കഴിഞ്ഞാൽ സീനിയർ മോസ്റ്റായ മെത്രാപ്പോലീത്താ ആയിരുന്നു അദ്ദേഹം. അദ്ദേഹത്തെ 1912-ൽ അബ്ദേദ്മിശിഹാ പാത്രിയർക്കീസാണ് മെത്രാനായി വാഴിച്ചത്. മാർ ഈവാനിയോസ് തിരുമേനി 1925-ൽ മെത്രാനായ ആളായിരുന്നു. മാർ ഈവാനിയേസ് പ്രഗത്ഭനായിരുന്നെങ്കിലും, സ്വാഭാവികമായി കാതോലിക്കാ ആകാൻ അർഹതയുള്ളയാൾ മാർ ഗ്രിഗോറിയോസ് എന്നു പേരെടുത്ത കുണ്ടറ തിരുമേനി തന്നെയായിരുന്നു. കാതോലിക്കാ ആകാൻ സാധിക്കാഞ്ഞതിനാലാണ് മാർ ഈവാനിയോസ് കത്തോലിക്കാ സഭയിൽ ചേർന്നത് എന്ന ദുരാരോപണം കഴമ്പില്ലാത്തതാണ്. ഇപ്പോഴും ചിലർ അത് ആവർത്തിച്ചു കൊണ്ടിരിക്കുന്നു.

1926-ലെ പരുമലയോഗത്തിൽ പങ്കെടുത്തവരിൽ 1929-ൽ മാർ ഈവാനിയോസും മൂന്നാം കാതോലിക്കോസും മാത്രമേ ഉണ്ടായിരുന്നുള്ളു. വട്ടിപ്പണക്കേസ് നടക്കുന്ന കാലമായിരുന്നതിനാൽ വട്ടശ്ശേരിൽ തിരുമേനി നേരിട്ട് സിനഡിൽ സംബന്ധിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് മറ്റു മെത്രാന്മാർ എഴുത്തുകുത്തുകൾ നടത്തിയത്. കാതോലിക്കോസിന്റെ സ്ഥാനം അംഗീകരിക്കാൻ റോം കൂട്ടാക്കാതിരുന്നത് മാർ ഈവാനിയോസിനെ ദുഖിതനാക്കി.[2] സിനഡൽ ഭരണരീതി അനുവദിച്ചില്ലെങ്കിലും കാതോലിക്കോസിന്റെ സ്ഥാനം അംഗീകരിക്കണമെന്ന് മാർ ഈവാനിയോസ് എഴുതി. അപ്രകാരം അംഗീകരിക്കാതിരുന്നാൽ കാതോലിക്കാബാവായെ ഈ വിവരം അറിയിക്കാൻ ബുദ്ധിമുട്ടാണെന്നും ഈ ഐക്യത്തിന് നേതൃത്വം നൽകാൻ അദ്ദേഹത്തിന് പ്രയാസമായിരിക്കുമെന്നും റോമിനെ അറിയിച്ചിട്ടും ഫലമുണ്ടായില്ല. ഈ ഐക്യത്തിന് കാതോലിക്കോസ് തന്നെ നേതൃത്വം നൽകണമെന്നതായിരുന്നു മാർ ഈവാനിയോസിന്റെ ആഗ്രഹം. അതുപോലെ പൗരസ്ത്യവും ഭാരതീയവുമായ മലങ്കരസഭാപാരമ്പര്യങ്ങളെല്ലാം തന്നെ അഭംഗുരം പരിപാലിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അന്നത്തെ റോമൻ ചിന്താഗതി അനുസരിച്ച് കൂരിയായിലെ ഉദ്യോഗസ്ഥന്മാർ ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്തെങ്കിലും, റോമാസഭയുമായി കാനോനിക കൂട്ടായ്മ പുനഃസ്ഥാപിക്കാൻ തന്നെ മാർ ഈവാനിയോസ് തീരുമാനിച്ചു.

2. *Ibid.* 47.

www.malankaralibrary.com

## 1930-ലെ സഭൈക്യം

കൊല്ലം ലത്തീൻ അരമന ചാപ്പലിൽ വച്ച് 1930 സെപ്തംബർ 20-ന് ബിഷപ്പ് അലോഷ്യസ് ബൻസിഗറിന്റെ മുമ്പാകെയും ചങ്ങനാശ്ശേരി മെത്രാൻ മാർ ജയിംസ് കാളാശ്ശേരി തിരുമേനിയുടെയും കോട്ടാർ മെത്രാൻ ലോറൻസ് പെരേരാ തിരുമേനിയുടെയും സാന്നിധ്യത്തിലും, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാ സഭയുമായുള്ള സമ്പൂർണമായ കാനോനികൈക്യത്തിൽ എത്തിച്ചേർന്നു. അന്ന് അഞ്ചു പേരാണ് പുനരൈക്യപ്പെട്ടത്: മാർ ഈവാനിയോസിനെ കൂടാതെ, അദ്ദേഹത്തിന്റെ സഹായ മെത്രാനായ യാക്കോബ് മാർ തെയോഫിലസ്, ഫാദർ ജോൺ ഓ.ഐ.സി., അലക്സിയോസ് ശെമ്മാശ്ശൻ (പിന്നീട് ഫാദർ സെറാപ്പിയോൻ ഓ.ഐ. സി.), കിളീലേത്ത് ചാക്കോ എന്ന അൽമായൻ.

ചങ്ങനാശ്ശേരിയിൽ പോയി പുനരൈക്യപ്പെടാതെ കൊല്ലത്തു പോയതിന്റെ കാരണം, മാർ ഈവാനിയോസിന്റെ ബഥനി ആശ്രമം ഇരുന്ന പെരുനാട് മുണ്ടൻമല അന്ന് ചങ്ങനാശ്ശേരി രൂപതയിൽ അല്ലായിരുന്നു. അദ്ദേഹത്തിന് അവിടെ അജപാലനാധികാരം ഇല്ലായിരുന്നു. ചങ്ങനാശ്ശേരി മെത്രാന് അന്ന് പമ്പയ്ക്ക് അപ്പുറത്തുവരെ മാത്രമേ അജപാലനാധികാരം ഉണ്ടായിരുന്നുള്ളു. ആ പ്രദേശം കൊല്ലം ലത്തീൻ മെത്രാന്റെ അജപാലനാധികാരസീമയിൽ പെട്ടിരുന്നു. അതുകൊണ്ടാണ് റോം മാർ ഈവാനിയോസിനെ കൊല്ലത്തേക്ക് അയച്ചത്.

1930 സെപ്തംബർ 21-ന് പുലിക്കോട്ട് യൗസേപ്പ് റമ്പാനും ചേപ്പാട്ട് ഫീലിപ്പോസ് റമ്പാനും സഭയുമായി ഐക്യപ്പെട്ടു. തുടർന്ന് ബഥനിസന്യാസ സമൂഹത്തിലെ ബഹുഭൂരിപക്ഷം വൈദികരും സന്യാസികളും എല്ലാ ബഥനി സന്യാസിനികളും കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. പിന്നീട് മെത്രാന്മാരും കത്തനാരന്മാരും അൽമായരും അടക്കം പതിനായിരക്കണക്കിന് ആളുകൾ ഈ സഭയിലേക്ക് വന്നുകൊണ്ടിരുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 1932-ൽ റോമിൽ പോയി പതിനൊന്നാം പീയൂസ് മാർപാപ്പായെ സന്ദർശിച്ചു. പ്രസ്തുത വർഷം തന്നെ "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തുവഴി മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചു. തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ സാമന്തരൂപതയുമായിട്ടാണ് സ്ഥാപിച്ചത്. പമ്പാനദിയായിരുന്നു ഇരുരൂപതകളുടെയും അതിർത്തി. തിരുവല്ലായുടെ വടക്കേ അതിർത്തി ഭാരതപ്പുഴ ആയിരുന്നു.

മലങ്കരക്കാർ എവിടെല്ലാം ഉണ്ടോ അവിടെയെല്ലാം അജപാലനാധികാരം ഉറപ്പുവരുത്തിയെങ്കിലും ഹയരാർക്കി സ്ഥാപിച്ചപ്പോൾ ഇൻഡ്യയുടെ വളരെ ചുരുങ്ങിയ സ്ഥലത്തു മാത്രമാണ് മലങ്കരസഭാധ്യക്ഷന് അജപാലനാധികാരം ലഭിച്ചത്. അന്ന് ഇൻഡ്യാ ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിലായി

www.malankaralibrary.com

രുന്നല്ലോ. പുത്തൻകൂറ്റുകാർ കൂടുതലും മധ്യകേരളത്തിലായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ടു കൂടിയാകാം ആ പ്രദേശത്തു മാത്രമായി അധികാരപരിധി ചുരുക്കിയത്. മാർ ഈവാനിയോസിനു നൽകിയ ഉറപ്പ് യാഥാർഥ്യമായത് 2015-ലാണ്. ഇപ്പോൾ ലോകത്തെവിടെയുമുള്ള മലങ്കരക്കാരുടെ അജപലനാവശ്യങ്ങൾ നിറവേറ്റാനും സുവിശേഷം പ്രഘോഷിക്കാനും മലങ്കര കത്തോലിക്കാ സഭയ്ക്ക് പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ അനുവാദം നൽകിയിട്ടുണ്ട്. ഈ അധികാരം 2017-ൽ സീറോ-മലബാർ സഭയ്ക്കും ലഭിച്ചു.

ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം (1947) കേരളത്തിൽ നിന്നുള്ള മലങ്കരസഭാംഗങ്ങൾ ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലേക്കും തൊഴിൽതേടി കുടിയേറി. അതുപോലെ വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റവും തുടങ്ങി. ഇന്ന് ലോകത്തെമ്പാടും കേരളീയരുണ്ട്. അവരുടെ കൂട്ടത്തിൽ മലങ്കര കത്തോലിക്കരുമുണ്ട്. മലയാളികൾ ചെന്നെത്താത്ത ഒരു രാജ്യവുമില്ലെന്നു തന്നെ പറയാം. 2019-20-ലെ മഹാമാരിയോടനുബന്ധിച്ചാണ് ഇത്രയധികം മലയാളികൾ വിവിധ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നത് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇപ്രകാരം കേരളത്തിനു വെളിയിൽ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും പശ്ചിമേഷ്യൻ അറബി രാജ്യങ്ങളിലും അമേരിക്കയിലും കാനഡായിലും യൂറോപ്പിലും ആസ്ത്രേലിയായിലും മറ്റിടങ്ങളിലുമുള്ള മലങ്കര കത്തോലിക്കരുടെ അജപാലനാവശ്യങ്ങൾ നിറവേറ്റേണ്ടതാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി ആഴമായ അവബോധമുണ്ടായി. അതിനുള്ള അനുവാദത്തിന് 1965 മുതൽ ഈയടുത്ത കാലം വരെ നിരവധി മെമ്മോറാണ്ടങ്ങൾ സമർപ്പിക്കപ്പെട്ടു. 2015-ൽ മാത്രമാണ് അതിനു പരിഹാരം ഉണ്ടായത്.

## രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള സഭാശാസ്ത്രം

രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള കത്തോലിക്കാ സഭാശാസ്ത്രവും മറ്റു സഭകളോടുള്ള മനോഭാവവും അനുസരിച്ചാണ് 1930-ലെ സഭൈക്യം നടന്നത്. കാതോലിക്കേറ്റിന് അംഗീകാരം കൊടുക്കാതിരുന്നത് അന്നത്തെ സഭാശാസ്ത്രമനുസരിച്ചാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുമ്പ് ക്രിസ്തുവിന്റെ സഭയും റോമൻ കത്തോലിക്കാസഭയും താദാത്മ്യപ്പെടുത്തി മനസ്സിലാക്കിയിരുന്നു. കത്തോലിക്കാ സഭയെന്നാൽ ലത്തീൻ സഭയെന്ന് പലരും കരുതി. മറ്റുള്ള സഭകളൊക്കെ അകത്തോലിക്കാ സഭകളായിരുന്നു. അവരെ ശീശ്മക്കാരെന്നും പാഷണ്ഡികളെന്നും വിളിച്ചിരുന്നു. പിളർപ്പിനുശേഷം സഭകളിലെല്ലാം ഏകപക്ഷിയമായ വളർച്ചയുണ്ടായി. റോമാസഭയിലും അത് സംഭവിച്ചു. വളരെ കേന്ദ്രീകൃതമായ ഭരണസംവിധാനം രൂപപ്പെട്ടു. പേപ്പൽസംസ്ഥാനങ്ങളുടെ രൂപീകരണത്തോടെ അവിടെ പാപ്പായ്ക്ക് ഏകാധിപത്യവും രാഷ്ട്രീയമായി പരമാധിപത്യവും നിലവിൽ വന്നു.

www.malankaralibrary.com

യൂറോപ്പിലാകമാനം അദ്ദേഹത്തിന് അതുല്യമായ സ്ഥാനം ലഭിച്ചു. 16-ാം നൂറ്റാണ്ടിലെ കൊളോണിയലിസത്തോടു കൂടി പാശ്ചാത്യമിഷണറിമാർ ഏഷ്യൻ, ആഫ്രിക്കൻ, അമേരിക്കൻ നാടുകളിൽ പോയി ലത്തീൻരൂപതകൾ ആരംഭിച്ചു. അങ്ങനെ ലത്തീൻസഭ ഭൂമിശാസ്ത്രപരമായി ലോകം മുഴുവൻ വ്യാപിച്ചു. എന്നാൽ അതിന് അപ്പോഴും ലത്തീൻ എന്ന ഒരു സഭാപാരമ്പര്യം മാത്രമേ ഉണ്ടായിരുന്നുള്ളു. മറ്റ് അപ്പസ്തോലികസഭകളുമായി ദൃശ്യവും സമ്പൂർണവുമായ കൂട്ടായ്മ ഇല്ലായിരുന്നു.

ലത്തീൻ മിഷണറിമാർ പൗരസ്ത്യ അപ്പസ്തോലിക സഭകളുടെ ഇടയിൽ പ്രവർത്തിച്ച് അവരിൽ നിന്ന് പൗരസ്ത്യ കത്തോലിക്കാ സഭകൾ രൂപീകരിക്കാൻ തുടങ്ങി. അങ്ങനെയാണ് ബിസന്റയിൻ സഭയിൽ പെട്ട പൗരസ്ത്യ കത്തോലിക്കാസഭകളും മറ്റുസഭകളും ഉടലെടുത്തത്. ഈ ലത്തീൻ മിഷണറിമാർക്ക് ലത്തീൻ അല്ലാത്തതെല്ലാം പാഷണ്ഡതയും ശീശ്മയുമായിരുന്നു. അവർ ഐകരൂപ്യവാദികൾ ആയിരുന്നു. ഐക്യം എന്നാൽ ഐകരൂപ്യമെന്നും വൈവിധ്യം എന്നാൽ വൈരുധ്യമെന്നുമൊക്കെ അവർ ധരിച്ചിരുന്നു. ബാഹ്യമായി അവശ്യാവശ്യമായ ചില ആരാധനാനുഷ്ഠാന വൈവിധ്യം മാത്രം നിലനിർത്തിക്കൊണ്ട് ലത്തീൻസഭയിൽ ലയിപ്പിക്കുക എന്നതായിരുന്നു അവരെ സംബന്ധിച്ച് സഭൈക്യം. ഇത്തരം പൗരസ്ത്യകത്തോലിക്കർ പൗരസ്ത്യരായി കാണപ്പെട്ടെങ്കിലും, ദൈവശാസ്ത്രത്തിലും ആധ്യാത്മികതയിലും ഭക്താഭ്യാസങ്ങളിലുമെല്ലാം ലത്തീൻസഭാ പാരമ്പര്യങ്ങൾ അനുവർത്തിച്ചിരുന്നു. അവരുടെ സെമിനരി പരിശീലനം ലത്തീൻ മിഷണറിമാർ ഏറ്റെടുക്കുകയും പാശ്ചാത്യരീതിയിലുള്ള ആധ്യാത്മികതയിൽ അവരെ പരിശീലിപ്പിക്കുകയും ചെയ്തു. തദ്ഫലമായി പാശ്ചാത്യമായവയെ ശ്രേഷ്ഠമെന്നു കരുതുകയും പൗരസ്ത്യമായവയെ താഴ്ത്തിക്കെട്ടുകയും ചെയ്യുന്ന ഒരു മനോഭാവം പൗരസ്ത്യരുടെ ഇടയിൽ ഉടലെടുത്തു. അവരുടെ തത്വശാസ്ത്രവും ദൈവശാസ്ത്രവും പാശ്ചാത്യമായിരുന്നു. ചുരുക്കത്തിൽ, ലത്തീനീകരണം അന്നത്തെ പരിപാടിയിൽ പെട്ടതായിരുന്നു. പൗരസ്ത്യ ചിന്താരീതി അൽപ്പംപോലും മാനിച്ചിരുന്നില്ല. അതിന് അർഹമായ ബഹുമാനവും പരിഗണനയും നൽകിയിരുന്നുമില്ല. എന്നു മാത്രമല്ല, ചിലർ അതിനെ അവജ്ഞാപൂർവം പരിഗണിക്കുകയും ചെയ്തിരുന്നു. പൗരസ്ത്യ അപ്പസ്തോലിക സഭകളെ റീത്തുകളായി കാണുന്ന പ്രവണത ശക്തിപ്പെട്ടു. ആരാധനക്രമത്തിൽ അൽപസ്വൽപം വ്യത്യാസം, ബാക്കിക്കാര്യങ്ങളിലെല്ലാം ഏകലത്തീൻസഭയുടെ ഭാഗമായിരിക്കുക. അവർ സഭകളെ സഭകളായി കണ്ടിരുന്നില്ല. അവരുടെ ഓട്ടോണമി അംഗീകരിച്ചിരുന്നില്ല. വിവിധ പൗരസ്ത്യ അപ്പസ്തോലിക കത്തോലിക്കാ സഭകളെ ലത്തീൻ സഭയുടെ പ്രോവിൻസുകളെപ്പോലെ പരിഗണിച്ചിരുന്നു. 1274-ലെ രണ്ടാം ലയൺസ് കൗൺസിലിനു ശേഷം മിക്ക ദൈവശാസ്ത്രജ്ഞന്മാരും ഐകരൂപ്യവാദികളായി മാറി. ഈ റോമൻകത്തോലിക്കാ സഭാപശ്ചാത്തല

www.malankaralibrary.com

ത്തിൽ വേണം 1930-ലെ സഭൈക്യം പരിഗണിക്കേണ്ടത്. അന്നത്തെ പശ്ചാത്തലത്തിൽ കാതോലിക്കോസിനും സിനഡിനും അംഗീകാരം നിഷേധിച്ചതിൽ അത്ഭുതത്തിന് അവകാശമില്ല.

## രണ്ടാംവത്തിക്കാൻ കൗൺസിലിനു ശേഷമുള്ള സഭാശാസ്ത്രം

കൗൺസിലിന് മുമ്പുണ്ടായിരുന്ന മനോഭാവത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് ഇപ്പോഴത്തെ സഭാശാസ്ത്രം. ഇപ്പോൾ ഒരു കാര്യത്തിലും ഐകരൂപ്യം അവശ്യപ്പെടുന്നില്ല. അകത്തോലിക്കാ സഭകളെ പാഷണ്ഡികൾ എന്നും ശീശ്മക്കാർ എന്നും വിളിക്കുന്നില്ല പിന്നെയോ, പൗരസ്ത്യ അപ്പസ്തോലിക സഭകളെ സഹോദരീസഭകളായാണ് പരിഗണിക്കുന്നത്. മറ്റു ദൈവശാസ്ത്രചിന്തകളെ അളക്കാനുള്ള അളവുകോലായി ലത്തീൻ ദൈവശാസ്ത്രത്തെ കരുതുന്നില്ല. ആരാധനക്രമം, മതപഠനം സഭാജീവിതം, സഭാഭരണം, ആധ്യാത്മികത, സഭയിലെ കാനോനിക ശിക്ഷണക്രമം എന്നിവയിലെല്ലാം ന്യായമായ വൈവിധ്യം ആകാമെന്നും അത് ഐക്യത്തിന് തടസ്സമാകില്ലെന്നും കരുതുന്നു. വിശ്വാസത്തിന്റെ സാരസത്തയും വിശ്വാസത്തിന്റെ അവതരണരീതിയും തമ്മിൽ അന്തരമുണ്ടെന്നും വിശ്വാസ സത്യങ്ങളിൽ ഗ്രേഡുകൾ ഉണ്ടെന്നും (ഹയരാർക്കി ഓഫ് ട്രൂത്ത്) കത്തോലിക്കാസഭ കരുതുന്നു. മറ്റു സഭകളോടുള്ള സമീപനത്തിൽ പല വീഴ്ചകളും മുൻകാലങ്ങളിൽ വന്നുപോയിട്ടുണ്ടെന്ന് പരസ്യമായി സമ്മതിക്കുകയും മാപ്പുചോദിക്കുകയും ചെയ്യുന്നു. കഴിഞ്ഞ കാലത്ത് ഏതെങ്കിലും തരത്തിൽ കത്തോലിക്കാസഭയെ മുറിപ്പെടുത്തിയവരോട് ഹൃദയപൂർവം ക്ഷമിക്കുന്നെന്നും അറിയിച്ചു. കഴിഞ്ഞ കാലത്തെ തെറ്റുകൾ ആവർത്തിക്കുകയില്ലെന്ന് ഉറപ്പും നൽകി. ഏതെങ്കിലും സഭയെ ലത്തീൻ സഭയിൽ ലയിപ്പിക്കുന്നതല്ല സഭൈക്യമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ക്രിസ്തുവിന്റെ സഭ കത്തോലിക്കാസഭയിൽ സ്ഥിതിചെയ്യുന്നു എന്ന് കത്തോലിക്കാസഭ സ്വയം മനസ്സിലാക്കുന്നു. അടിസ്ഥാനവിശ്വാസം സംബന്ധിച്ച് പൗരസ്ത്യ അപ്പസ്തോലിക ഓർത്തഡോക്സ് സഭകൾ സത്യവിശ്വാസം പുലർത്തുന്നെന്ന് കത്തോലിക്കാസഭ കരുതുന്നു. വ്യത്യാസങ്ങൾ എന്നു കരുതപ്പെടുന്നവ തന്നെയും ഏകവിശ്വാസത്തിന്റെ വിവിധ ഫോർമുലകളായി കരുതാവുന്നവയാണ്. സഭകളുമായുള്ള ബന്ധത്തിൽ സമ്പൂർണമായ ഐക്യമെന്നും ഭാഗികമായ ഐക്യമെന്നും ഒരു വ്യത്യാസം വരുത്തുന്നു. കത്തോലിക്കാ കൂട്ടായ്മയിലുള്ള സഭകൾ സമ്പൂർണമായി ഐക്യത്തിലാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭകളുമായി ഭാഗികമായ ഐക്യമാണ്. എന്നാൽ കാനോനികമായി ഐക്യമില്ല. അവയുടെ അപ്പസ്തോലിക വിശ്വാസം, തിരുപ്പട്ടം, മറ്റു കൂദാശകൾ, ശ്ലൈഹിക പിൻതുടർച്ച എന്നിവ കത്തോലിക്കാസഭ അംഗീകരിക്കുന്നു. സഭകൾക്കിടയിൽ വേർപെടുത്തുന്ന ഘടകങ്ങളേക്കാൾ കൂടുതൽ ഐക്യപ്പെടുത്തുന്ന ഘടകങ്ങളാണെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു.

www.malankaralibrary.com

മേൽപ്പറഞ്ഞതിന്റെ വെളിച്ചത്തിലാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം (1965), മലങ്കര കത്തോലിക്കാസഭയെ 2005 ഫെബ്രുവരി 10-ന് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അംഗീകരിക്കുകയും അതിന്റെ തലവനും പിതാവുമായ മോറാൻ മോർ സിറിൽ ബസേലിയോസ് ബാവായെ മേജർ ആർച്ചുബിഷപ്പായി ഉയർത്തുകയും കാനൻനിയമം അനുസരിച്ച് പാത്രിയർക്കീസിന് തുല്യമായ അധികാരാവകാശങ്ങൾ നൽകുകയും ചെയ്തത്. മേജർ ആർച്ചുബിഷപ്പ്, കാതോലിക്കോസിന് തുല്യനാണെന്ന് മാർപാപ്പായുടെ ഇൻഡ്യയിലെ പ്രതിനിധി പെദ്രോ ലോപ്പസ് ക്വിൻതാനാ വിളംബരം ചെയ്തു. കാതോലിക്കോസ് എന്ന സ്ഥാനസംജ്ഞ മലങ്കരസഭയുടെ പ്രത്യേക കാനോനകളിൽ റോം അംഗീകരിച്ചിട്ടുമുണ്ട്. അതിനും പുറമേ 2012 ഒക്ടോബർ 24-ന് ബനഡിക്ട് 16-ാമൻ മാർപാപ്പാ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കോസിനെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തുന്നതായി പ്രഖ്യാപിക്കുകയും നവംബർ 24-ന് സ്ഥാനചിഹ്നങ്ങൾ നൽകുകയും ചെയ്തു. ഇതോടുകൂടി സാർവത്രിക സഭാഭരണത്തിലും മാർപാപ്പായെ തെരഞ്ഞെടുക്കുന്നതിലും മലങ്കര സഭയ്ക്ക് പങ്കാളിത്തമുണ്ടായി. ഭാരതത്തിൽ എവിടെയുമുള്ള മലങ്കര കത്തോലിക്കരുടെ അജപാലനാവശ്യങ്ങൾ നിറവേറ്റുന്നതിന് 2015 മാർച്ച് 26-ന് ഫ്രാൻസിസ് മാർപാപ്പാ മലങ്കരസഭയ്ക്ക് അനുവാദം നൽകി. അങ്ങനെ ഡൽഹിയിലും പൂനായിലുമായി രണ്ട് രൂപതകൾ സ്ഥാപിതമായി. അതോടൊപ്പം അമേരിക്കയിൽ ഒരു രൂപതയുണ്ടായി. കാനഡാ, യൂറോപ്പ്, ആസ്ട്രേലിയാ എന്നിവിടങ്ങളിലെ മലങ്കരക്കാരുടെ അജപാലകാവശ്യങ്ങൾ നിറവേറ്റുന്നതിന് അപ്പസ്തോലിക് വിസിറ്റർമാരെയും നിയമിച്ചു. ഗൾഫ് മേഖലയിലു കുറേയൊക്കെ സംവിധാനം ഉണ്ടായി.

## ഭാരതത്തിലെ കാലതാമസത്തിനു കാരണം

കൂട്ടായ്മയിലുള്ള സഭകളുടെ തുല്യത രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്. എല്ലാ സഭകൾക്കും തുല്യഅവകാശങ്ങളും തുല്യകടമകളുമാണ്.

''എല്ലാ സഭകൾക്കും തിരുസഭയിൽ തുല്യപദവിയാണുള്ളത്. സഭാതലത്തിൽ ഒന്ന് മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാസഭകൾക്കും ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളത്. റോമാ മാർപാപ്പായുടെ കീഴിൽ ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുക എന്നത് എല്ലാ സഭകളുടെയും കടമയാണ്" (പൗരസ്ത്യ സഭകൾ, 3).

"ആകയാൽ ലോകമാസകലമുള്ള ഓരോ സഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വിശ്വാസികളുടെ നന്മയ്ക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം തനതായ ഇടവകകളും ഹയരാർക്കിയും

www.malankaralibrary.com

സ്ഥാപിക്കണം. വിവിധ സഭകളുടെ ഹയരാർക്കികൾക്ക് ഒരേ സ്ഥലത്ത് അജപാലനാധികാരം ഉണ്ടാകാം" (പൗരസ്ത്യസഭകൾ, 4).

കൗൺസിലിന്റെ ഈ ഡിക്രി അനുസരിച്ച് ഭാരതത്തിലെ പരസ്ത്യ സഭകൾക്ക് നീതി ലഭിക്കാൻ ഏതാണ്ട് അര നൂറ്റാണ്ടെടുത്തു. ഭാരതത്തിന്റെ 0.4% സ്ഥലത്തുമാത്രം പൗരസ്ത്യസഭകൾ ഒതുക്കി നിർത്തപ്പെട്ടു. ഇത്തരം അനീതി മാറ്റിയെടുക്കാൻ രണ്ടാം വത്തിക്കാൻ കൗൺസിലിൽ തത്വത്തിൽ തീരുമാനമായി. അതനുസരിച്ചാണ് പൗരസ്ത്യസഭകളെ സംബന്ധിച്ചുള്ള ഡിക്രിയിൽ മേൽപ്പറഞ്ഞ ഖണ്ഡികകൾ ചേർക്കപ്പെട്ടത്.

അതേ തുടർന്ന് *ഏകറീത്തുവാദം* എന്ന പാഷണ്ഡതാചിന്ത ഭാരതത്തിൽ ഉടലെടുത്തു. ഭാരതത്തിലെ മൂന്നു റീത്തുകളും കൂടി യോജിപ്പിച്ച് ഏക റീത്താക്കുക. അങ്ങനെ ഇവിടുത്തെ രണ്ട് പൗരസ്ത്യസഭകളെ ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു നിഗൂഢപദ്ധതി.

അതുപൊളിഞ്ഞപ്പോൾ *നാഷണൽ സെമിനാർ* എന്ന ആശയം ബാംഗ്ലൂരിലെ എൻ.ബി.സി.എൽ.സി. എന്ന സെന്റർ പ്രചരിപ്പിച്ചു. അവിടെ ഏതാണ്ട് അവരുടെ നിഗൂഢലക്ഷ്യം പ്രമേയമായി പാസ്സായെങ്കിലും, റോം അനുകൂല നിലപാട് സ്വീകരിച്ചില്ല. മേൽപ്പറഞ്ഞ ഡിക്രി നടപ്പാക്കാതിരിക്കുക എന്ന രഹസ്യഅജൻഡാ ആ സെമിനാറിന് ഉണ്ടായിരുന്നു എന്ന് സ്പഷ്ടം.

അതിനുശേഷം നടന്ന *സി.ബി.സി.ഐ. മീറ്റിംഗുകളിലും കമ്മറ്റികളിലും* കൗൺസിൽ ഡിക്രി നടപ്പാക്കുന്നതിനെപ്പറ്റി നിരവധി ചർച്ചകൾ നടന്നു. ഒരു കാരണവശാലും ഈ ഡിക്രി ഇൻഡ്യയിൽ നടപ്പാക്കാൻ പാടില്ല എന്ന നിലപാട് ചിലർ സ്വീകരിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള സഭാശാസ്ത്രമാണ് അവർ മുറുകെ പിടിച്ചിരുന്നത് എന്നതാണ് ഇപ്രകാരം എതിർപ്പുണ്ടാകാനുള്ള അടിസ്ഥാനകാരണം. വൈവിധ്യമാണ് വിഭജന കാരണമെന്ന് അവർ പ്രചരിപ്പിച്ചു.

അവസാനമായി റോം ഇടപെട്ട് ലത്തീൻ സഭയ്ക്ക് ഭാരതം മുഴുവൻ അജപാലനാധികാരം ഉള്ളതുപോലെ, സീറോ-മലബാർ, മലങ്കര കത്തോലിക്കാ സഭകൾക്കും അജപാലനാധികാരം നൽകി. ചിലരുടെ കടുംപിടുത്തവും സ്വാധീനവും നിമിത്തം അതിന് അര നൂറ്റാണ്ട് എടുത്തു എന്നുമാത്രം.[3] കൗൺസിൽ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ കത്തോലിക്കാ കൂട്ടായ്മയിലുള്ള സഭകളെ സഭകളായി വളർത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് മലബാർ, മലങ്കര സഭകളെ സംബന്ധിച്ച് റോം നയപരമായ തീരുമാനമെടുത്തത്. ഇവിടെ റോം ഒരു തെറ്റുതിരുത്തൽ നടത്തുകയായിരുന്നു. 1926-1930 കാലയളവിൽ മാർ ഈവാനിയോസ് പിതാവ് നിരന്തരമായി ചോദിച്ച കാര്യങ്ങളാണ് 2005-ലും അതിനുശേഷവും

3. മുകളിൽ പേ. 107-110 കാണുക.

www.malankaralibrary.com

യാഥാർഥ്യമായത്. കത്തോലിക്കാസഭയിൽ സ്വയം നിർണയാവകാശമുള്ള സഭകൾക്ക് സ്ഥാനമുണ്ടെന്ന് കാണിക്കുകയാണ് റോം ചെയ്തത്.

## 1930–ലെ പുനരൈക്യത്തിന്റെ സവിശേഷതകൾ

നിരവധി സവിശേഷതകൾ നിറഞ്ഞതാണ് 1930–ലെ സഭൈക്യം.

(1) ഇരുപതാം നൂറ്റാണ്ടിലെ നിരവധി സഭൈക്യസംരംഭങ്ങളിൽ ഇതു മാത്രമേ മകുടമണിഞ്ഞുള്ളു. ലത്തീൻസഭയിൽ ലയിക്കാതെ കാനോനിക കൂട്ടായ്മയ്മയിലേക്കു പ്രവേശിച്ച ഏക ഐക്യസംരംഭമാണിത്. 1920–കളിൽ കത്തോലിക്കാസഭയും ആംഗ്ലിക്കൻസഭയും തമ്മിൽ സഭൈക്യചർച്ച നടന്നു. മലൈൻ ചർച്ചകൾ എന്നാണ് ഇതറിയപ്പെടുന്നത്. കർദിനാൾ മേഴ്സിയർ, ആബേ ഫെർനാൻഡ് പോർട്ടൽ എന്നിവരുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. എന്നാൽ അത് ഫലമണിയാതെ പോയി. അതുപോലെ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നിരവധി ചർച്ചകൾ നടന്നു, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. സഭാശാസ്ത്രത്തിലും വീക്ഷണങ്ങളിലും മാറ്റമുണ്ടായെങ്കിലും, അതിന്റെ വെളിച്ചത്തിലൊന്നും സഭൈക്യം ഉണ്ടായില്ല, ഉണ്ടാകുന്നുമില്ല. 1930–ലെ സഭാശാസ്ത്രമനുസരിച്ച് അന്ന് റോമാസഭയും മലങ്കരസഭയും ഐക്യപ്പെട്ടു. 1930–ലെ സഭൈക്യത്തെ പൂർണമാക്കിയത് 2005–ലും 2015–ലുമാണ്. രണ്ടുസഭകളെ സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ച 1930–ലെ ആ തുടക്കം തികച്ചും മഹനീയമായിരുന്നു.

(2) കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്ന മിക്ക പൗരസ്ത്യ സഭകളും ലത്തീൻ മിഷണറിമാരുടെ പൗരസ്ത്യരുടെ ഇടയിലെ പ്രവർത്തന ഫലമായി ഉടലെടുത്തവയാണ്. എന്നാൽ 1930–ലെ ഈ സഭൈക്യപരിശ്രമം മലങ്കരസഭയുടെ ഉള്ളിൽ നിന്നുതന്നെ ഉണ്ടായതാണ്. 1653–ലെ കൂനൻ കുരിശുസത്യം മുതലുള്ള ഐക്യപരിശ്രമങ്ങൾ വിജയത്തിലെത്തിയത് 1930–ലാണ്. പഴയകൂറ്റിലും പുത്തൻകൂറ്റിലുമുള്ള പിതാക്കന്മാരും ജനങ്ങളും അത്യധികം ആഗ്രഹിച്ചിരുന്ന ഒന്നാണ് രണ്ടുവിഭാഗങ്ങളും ഒന്നായി കൂട്ടായ്മ യിൽ പ്രവേശിക്കുക എന്നത്. അതിനുള്ള കവാടം തുറന്നത് 1930–ലാണ്.

(3) ഈ സഭൈക്യം ദൈവഹിതാനുസൃതമാകയാൽ ദൈവം ഇതിനെ ധാരാളമായി അനുഗ്രഹിച്ചു. ഇത് ദൈവവിളിയിൽ സമൃദ്ധവും മിഷൻചൈതന്യം നിറഞ്ഞതുമാണ്. 1930 മുതൽ ധാരാളമായ ദൈവാനു ഗ്രഹവും ശാന്തിയും അനുഭവിക്കുന്ന സഭാസമൂഹമാണ് മലങ്കരകത്തോ ലിക്കാസഭ. ഇതിനെ മുളയിലെ നുള്ളിക്കളയാൻ പല പരിശ്രമങ്ങൾ പലയിടത്തു നിന്നുമുണ്ടായി. എന്നാൽ ദൈവം ഇതിനെ പരിപാലിക്കുന്നു. ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം.

(4) മാർ ഈവാനിയോസ് പിതാവിന് യാതൊരു സ്വാർഥലക്ഷ്യ വുമില്ലായിരുന്നു. കർതൃഹിതം അനുസരിച്ച് പ്രവർത്തിക്കുക, പരിശുദ്ധാ

www.malankaralibrary.com

ത്മാവ് നടത്തുന്ന പാതയിലൂടെ മുന്നോട്ടുപോകുക എന്ന ലക്ഷ്യമേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളു. ദൈവികപദ്ധതികൾ വിജയിക്കുക തന്നെ ചെയ്യും. ദൈവതിരുമുമ്പാകെ മലങ്കരസഭയുടെ വിജയത്തിന്റെ രഹസ്യം ദൈവാനുഗ്രഹം തന്നെ.

(5) റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള സമ്പൂർണ കൂട്ടായ്മ കൊണ്ടേ ശാശ്വതശാന്തിയും സമാധാനവും പുരോഗതിയും മലങ്കരസഭയ്ക്ക് ഉണ്ടാകുകയുള്ളു എന്ന മാർ ഈവാനിയോസിന്റെ ബോധ്യവും പ്രവാചകദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു. അദ്ദേഹം ക്രിസ്തുവിന്റെ സഭയെ പറ്റിയും ലോകത്തിൽ അതിനുള്ള ദൗത്യത്തെ പറ്റിയും ചിന്തിക്കാൻ തുടങ്ങി. താൻ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ പാപ്പരത്വം ശരിക്കും മനസ്സിലാക്കി. വിഭജനം കർതൃഹിതത്തിന് കടകവിരുദ്ധമാണെന്നും ഒറ്റപ്പെട്ട സഭാജീവിതമല്ല, കൂട്ടായ്മയിലുള്ള സഭാജീവിതമാണ് ഇന്നത്തെ ലോകത്തിൽ ക്രൈസ്തവസാക്ഷ്യത്തിന് ഏറെ സഹായകമെന്നും അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ വിശകലനം ശരിയായിരുന്നെന്ന് കാലം തെളിയിച്ചു.

(6) താൻ ഉൾപ്പെട്ടു നിന്ന ഓർത്തഡോക്സ് സഭയിൽ ബഥനി സന്യാസപ്രസ്ഥാനത്തിലൂടെ ആഴമായ ആത്മീയ നവീകരണം നടത്തിയാണ് അദ്ദേഹം സഭൈക്യത്തിൽ എത്തിയത്. ആധ്യാത്മിക നവീകരണം കൊണ്ടേ അധഃപതനത്തിൽ നിന്ന് സഭയെ രക്ഷിക്കാനാവൂ എന്ന് അദ്ദേഹം മനസ്സിലാക്കി. പ്രവാചകതുല്യനായ അദ്ദേഹം സത്യത്തിന്റെ രഹസ്യങ്ങളിലേക്ക് എടുത്തുചാടി. സത്യം അദ്ദേഹത്തെ സ്വതന്ത്രനാക്കി. ഒപ്പം അദ്ദേഹത്തിന്റെ കൂടെ ഇറങ്ങിത്തിരിച്ചവരെയും. കലഹത്തിന്റെയും കോടതിയുടെയും വിദ്വേഷത്തിന്റെയും ബന്ധനങ്ങളിൽ നിന്ന് അവരെ വിമുക്തരാക്കി. ബഥനിയുടെ സ്വാധീനത്തിൽ വന്ന് ബന്ധനവിമുക്തരായവരൊക്കെ മാർ ഈവാനിയോസ് പിതാവിന്റെ പിന്നാലെ കത്തോലിക്കാ കൂട്ടായ്മയിൽ എത്തിച്ചേർന്നു.

## പുത്തൻകൂറ്റിലെ ഭിന്നിപ്പിന്റെ നാൾവഴി

(1) 1653-ലെ കൂനൻകുരിശുസത്യത്തിനുശേഷം മലങ്കര നസ്രാണി സമൂഹം സാവധാനം രണ്ടായി പിളർന്നു. പറമ്പിൽ ചാണ്ടിമെത്രാൻ പഴയ കൂറ്റുകാരുടെയും മാർതോമാ എന്നറിയപ്പെട്ട തോമാ ആർച്ചുഡീക്കൻ പുത്തൻ കൂറ്റുകാരുടെയും നേതാക്കന്മാരായി. പാദ്രൊവാദോ മെത്രാനായ ഗാർസ്യായും വിസിറ്റർമാരായ സെബസ്ത്യാനിയും ഹിയാസിന്തും മാർതോമായെ മഹറോൻചൊല്ലി ഐക്യത്തിനുള്ള കവാടം കൊട്ടിയടച്ചു.

(2) അന്ത്യോക്യാ യാക്കോബായാ മെത്രാൻ മാർ ഗ്രിഗോറി യോസ് കാട്ടുമങ്ങാട്ട് റമ്പാനെ 1772-ൽ മാർ കൂറില്ലോസ് എന്നപേരിൽ മെത്രാനാക്കി. കൊച്ചിയുടെ അതിർത്തിക്കപ്പുറത്ത് തൊഴിയൂരിൽ പോയി താമസിച്ച

www.malankaralibrary.com

അദ്ദേഹത്തിന് അനുയായികൾ കുറവായിരുന്നു. എന്നാൽ തൊഴിയൂർ സഭ എന്ന പേരിൽ പുത്തൻകൂർ പാരമ്പര്യത്തിൽ ഒരു ചെറിയസഭ നിലനിൽക്കുന്നു. പുത്തൻകൂറിലെ ആദ്യത്തെ പിളർപ്പാണിത്.

(3) പ്രോട്ടസ്റ്റന്റ് ആശയം സ്വാംശീകരിച്ച 6000 പേർ പുത്തൻകൂർ 1836-ലെ മാവേലിക്കര സൂനഹദോസോടുകൂടി സഭ വിട്ട് സി.എം.എസ്. കാരായി. ആ പിളർപ്പ് പുത്തൻകൂറ്റുകാരെ സാരമായി ബാധിച്ചു.

(4) പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് 1876-ലെ മുളന്തുരുത്തി സൂനഹദോസിനോടനുബന്ധിച്ച് മലങ്കര പുത്തൻകൂർ സഭയെ ഭരിച്ചുകൊണ്ടിരുന്ന മാത്യൂസ് മാർ അത്തനാസ്യോസിനെയും അനുയായികളെയും മുടക്കി. തുടർന്നുണ്ടായ സെമിനരിക്കേസിൽ(1879-1889) തോറ്റ നവീകരണയാക്കോ ബായക്കാർ തോമസ് മാർ അത്തനാസ്യോസിന്റെ നേതൃത്വത്തിൽ മാർതോമാ സുറിയാനിസഭ എന്നപേരിൽ പിളർന്ന് ഒരു സഭയായി മാറി.

(5) അബ്ദള്ളാ പാത്രിയർ ക്കീസ് 1911-ൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കുകയും 1912-ൽ അദ്ദേഹത്തിന്റെ കൂടെയുള്ളവർ അബ്ദേദ് മിശിഹാ പാത്രിയർക്കീസിനെ വരുത്തി കാതോലിക്കേറ്റ് സ്ഥാപിക്കുകയും തുടർന്ന് 1913-ൽ വട്ടിപ്പണക്കേസ് തുടങ്ങുകയും ചെയ്തതോടു കൂടി പുത്തൻകൂർ യാക്കോബായാ സഭയിൽ മെത്രാൻ കക്ഷിയെന്നും ബാവാക്കക്ഷിയെന്നും രണ്ടു വിഭാഗം ഉടലെടുത്തു. വട്ടിപ്പണക്കേസ് 1928-ൽ അവസാനിച്ചു. പിന്നെ 1938-1958 വരെ സമുദായക്കേസ് നടന്നു. അതിനുശേഷം 1975-മുതൽ രണ്ടാം സമുദായക്കേസ് എന്ന പേരിൽ ഇന്നും തീരാത്ത കേസുകളുടെ പരമ്പര നടക്കുന്നു.

(6) ബാവാക്കക്ഷിക്കാർ 2002-ൽ ഒരു സംഘടനയായി യാക്കോബായാ സുറിയാനിസഭ എന്നപേരിൽ തങ്ങളുടെ വിഭാഗത്തെ റജിസ്റ്റർ ചെയ്യുന്നതുവരെ ഇണങ്ങിയും പിണങ്ങിയും ഒന്നായും രണ്ടായും ഈ സമുദായം നീങ്ങി. അതിനുശേഷം അവർ രണ്ടായിട്ടാണ് മുന്നോട്ടു പോകുന്നത്. ഈയടുത്തിട പുത്തൻകൂർ യാക്കോബായക്കാരുടെ എല്ലാ പള്ളികളും ഓർത്തഡോക്സ് എന്ന് വിളിക്കപ്പെടുന്ന മെത്രാൻകക്ഷിയുടേതാണെന്ന് സുപ്രീംകോടതി വിധിയുണ്ടായി. അങ്ങനെ വിധിപ്രകാരം ബാവാക്കക്ഷിക്കാരായ യാക്കോബായക്കാർക്ക് പള്ളികൾ നിയമപരമായി നഷ്ടപ്പെട്ടു. വൈകാരികമായി അവർ രണ്ടുവിഭാഗമാണ്. എന്നാൽ കോടതിവിധിപ്രകാരം, 1934-ൽ രൂപീകൃതമായ ഭരണഘടനാനുസൃതം അവർ ഒരു സഭയാണ്. യാക്കോബായക്കാരുടെ കൈവശമുള്ള പള്ളികൾ കോടതി വിധിപ്രകാരം ഇപ്പോൾ ഓർത്തഡോക്സുകാർ കൈവശപ്പെടുത്തിക്കൊണ്ടിരിക്കയാണ്.

www.malankaralibrary.com

## ഐക്യപരിശ്രമങ്ങളുടെ നാൾവഴി

**(1) ഒന്നാം മാർതോമാ** (1653–1670)

കൂനൻകുരിശുസത്യത്തിനു നേതൃത്വം കൊടുത്ത തോമാ ആർച്ചുഡീക്കൻ പന്ത്രണ്ടുവൈദികരുടെ കൈവയ്പ്പുവഴി ലഭിച്ച നേതൃസ്ഥാനം ക്രമപ്പെടുത്തി തന്നെ മെത്രാനാക്കണമെന്ന് കാണിച്ച് റോമിലേക്ക് കത്തയച്ചു. അതിന്റ മറുപടിയായി മാർപാപ്പാ അയച്ച സെബസ്ത്യാനി (1657), ഹിയാസിന്ത് (1658) എന്നീ രണ്ടു വിസിറ്റർമാർ കേരളത്തിലെത്തി. അവരിരുവരും മാർതോമായുമായി നിരവധി കൂടിക്കാഴ്ചകൾ നടത്തി. അനേകരെ ഇന്റർവ്യൂ ചെയ്തു. റിപ്പോർട്ടുമായി റോമിലെത്തി മെത്രാനായി 1661–ൽ തിരികെ വന്ന സെബസ്ത്യാനി തോമാ ആർച്ചുഡീക്കനെ മെത്രാനാക്കാതെ, ആ കുടുംബത്തിൽ പെട്ട ചാണ്ടിക്കത്തനാരെ മെത്രാനാക്കി. ഗാർസ്യായും വിസിറ്റർമാർ രണ്ടുപേരും മാർതോമായെ മഹറോൻ ചൊല്ലി. യാതൊരു കാരണവശാലും മാർതോമായെ മെത്രാനാക്കുകയില്ലെന്ന് വിസിറ്റർമാർ രണ്ടുപേരും വാശിപിടിച്ചു. നാട്ടുകാരനായ ഒരാളെ മെത്രാനാക്കാനുള്ള അധികാരപത്രം സെബസ്ത്യാനിക്ക് റോമിൽ നിന്നുണ്ടായിരുന്നു. ആ അധികാരം ഉപയോഗിച്ച് മാർതോമായുടെ പട്ടം ക്രമപ്പെടുത്തി പിളർപ്പ് ഒഴിവാക്കാൻ വിസിറ്റർക്കു ലഭിച്ച അവസരം അയാൾ നഷ്ടപ്പെടുത്തി. ഗാർസ്യാ ഉൾപ്പെടെയുള്ള മിഷണറിമാരും മാർതോമായ്ക്ക് പട്ടം കൊടുക്കുന്നതിന് എതിരായിരുന്നു. തന്റെ പട്ടം ക്രമപ്പെടുത്തുന്നതു സംബന്ധിച്ച് റോമിൽ നിന്ന് അനുകൂല പ്രതികരണം ഉണ്ടാകുന്നില്ലെന്നു കണ്ടാണ് മാർതോമാ മറ്റിടങ്ങളിലേക്ക് എഴുതിയതും അതിന്റെ ഫലമായി മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാൻ ഇവിടെ എത്തിയതും.

**(2) നാലാം മാർതോമാ (1688–1728)**

അദ്ദേഹം തന്റെ കീഴിലുള്ള 29 പള്ളിക്കാരുടെയും 12 കത്തനാരന്മാരുടെയും കൈയൊപ്പോടുകൂടെ 1704 ഡിസംബർ 7–ന് എട്ടാം ഉർബൻ മാർപാപ്പായ്ക്ക് ഒരപേക്ഷ അയച്ചു. തന്റെ മെത്രാൻസ്ഥാനം ക്രമീകരിച്ചുകൊടുക്കണമെന്നും സുറിയാനിപാരമ്പര്യങ്ങൾ അനുസരിച്ച് തുടരാൻ അനുവദിക്കണമെന്നും കാണിച്ചാണ് കത്തെഴുതിയത്. തൽസംബന്ധമായി പഴയകൂറ്റുകാരും 1704 ജൂൺ 20–ന് കടുത്തുരുത്തിയിൽ കൂടിയ യോഗത്തിൽ ഒരു കത്തു തയാറാക്കി റോമിലേക്ക് അയച്ചിരുന്നു. എന്നാൽ അനുഭാവപൂർണമായ നിലപാട് റോമിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല.

**(3) അഞ്ചാം മാർതോമാ (1728–1765)**

സഭൈക്യസംബന്ധമായി 1748 ആഗസ്റ്റ് 16–ന് ബനഡിക്ട് 14–ാമൻ മാർപാപ്പായ്ക്ക് അദ്ദേഹം ഒരു കത്തയച്ചു. അന്നുവരെയുള്ള സഭാചരിത്രം അതിൽ ചുരുക്കി വിവരിക്കുന്നു. “പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ

www.malankaralibrary.com

ഐക്യവും യോജിപ്പും മേലാൽ ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് ഞങ്ങൾ സത്യം ചെയ്തു" എന്നാണ് കൂനൻകുരിശു സത്യത്തെപ്പറ്റി ആ കത്തിൽ എഴുതിയിരിക്കുന്നത്. ''തന്റെ മെത്രാൻസ്ഥാനം ക്രമപ്പെടുത്തണം. പൗരസ്ത്യ പാരമ്പര്യങ്ങൾ തുടരാൻ അനുവദിക്കണം" എന്നൊക്കെ മുൻഗാമികളെപ്പോലെ അദ്ദേഹവും അപേക്ഷിച്ചു. എന്നാൽ മിഷണറിമാർ ഇതിനൊക്കെ എതിരു നിന്നതിനാൽ ഈ സംരംഭവും വിജയിച്ചില്ല. ''യഥാസമയം മെത്രാൻപട്ടം കൊടുക്കാം. എന്നാൽ ഭരണാധികാരം കൊടുക്കാനാവില്ല'' എന്ന്, മിഷണറിമാരുടെ വാക്കുകേട്ട റോമൻ ഉദ്യോഗസ്ഥന്മാർ തീരുമാനമെടുത്തു. കൂനൻകുരിശിനുശേഷം ഏതാണ്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോഴാണ് പുതിയ വിഭാഗത്തിന്റെ തലവന് മെത്രാൻപട്ടം കൊടുക്കാമെന്ന നിലപാട് റോം സ്വീകരിച്ചത്.

### (4) ആറാം മാർതോമാ (1761–1808)

അദ്ദേഹം ഒരു വലിയ സഭൈക്യകാംക്ഷിയായിരുന്നു. തന്റെ മുൻഗാമിയിൽ നിന്നു കിട്ടിയ പട്ടത്തെപ്പറ്റി സംശയിച്ച അദ്ദേഹം 1770–ൽ അന്ത്യോക്യൻ യാക്കോബായാ മെത്രാൻ മാർ ഗ്രിഗോറിയോസിൽ നിന്ന് രണ്ടാമതും എല്ലാ പട്ടങ്ങളും സ്വീകരിച്ച് മാർ ദിവന്നാസ്യോസ് എന്ന് പേരെടുത്തു. അദ്ദേഹം ഫ്ളോറൻസ് എന്ന വികാരി അപ്പസ്തോലിക്കാ വഴിയായിരുന്നു സഭൈക്യത്തിന് ആദ്യം പരിശ്രമിച്ചത്. അദ്ദേഹത്തിന് *അപ്പസ്തോലിക് പ്രോട്ടോനോട്ടറി* എന്ന സ്ഥാനം കൊടുത്താൽ മതിയെന്ന് മിഷണറിമാർ നിർദേശിച്ചു. മാർ ദിവന്നാസ്യോസ് നൽകിയ അപേക്ഷയിൽ ഇപ്രകാരം പറയുന്നു: "എന്നെയും എന്റെ ജനങ്ങളെയും കത്തോലിക്കാ ഐക്യത്തിൽ ചേർക്കണമെന്നും ഞങ്ങളുടെ പൂർവികരുടെ കാലം തുടങ്ങി ഞങ്ങളിൽ ബാധിച്ചിട്ടുള്ള മഹറോൻ നീക്കം ചെയ്യണമെന്നും" അപേക്ഷിക്കുന്നു. ആ അപേക്ഷ മിഷണറിമാർ നിരസിച്ചപ്പോഴാണ് കരിയാറ്റിയിലൂടെ പരിശ്രമിച്ചത്. റോമിൽ നിന്ന് 1771 ആഗസ്റ്റ് 31–ന് മിഷണറിമാർക്ക് അയച്ചുകൊടുത്ത കത്തിൽ, "യാതൊരുവിധ ഭരണാധികാരവും മാർതോമായ്ക്ക് നൽകുകയില്ല" എന്ന സൂചന ഉണ്ടായിരുന്നു. ഫ്ളോറൻസിന്റെ പിൻഗാമിയായി വന്ന ഫ്രാൻസിസ് സാലസും അനുകൂലനിലപാട് എടുത്തില്ല. "സ്വന്തമെത്രാനെ ലഭിക്കുമെന്നുള്ള സൂചനപോലും കൊടുത്തുപോകരുത്. കാരണം, സ്വദേശി മെത്രാന്റെ സാന്നിധ്യം വികാരി അപ്പസ്തോലിക്കായുടെ സ്ഥാനത്തിന് മങ്ങലേൽപ്പിക്കും" എന്നും റോം വ്യക്തമാക്കിയിരുന്നു. അതായത്, മലങ്കര മെത്രാനെ സ്വന്തജനങ്ങളുടെമേൽ ഭരണാധികാരമുള്ള വ്യക്തിയായി അംഗീകരിച്ച് കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിലേക്ക് കൊണ്ടുവരിക എന്ന ആശയം റോമിന് അപ്പോഴും സ്വീകാര്യമായിരുന്നില്ല. മിഷണറിമാരായിരുന്നു അതിന്റെ കാരണക്കാർ.

ഈ പശ്ചാത്തലത്തിലാണ് മിഷണറിമാരെ ഒഴിവാക്കി നാട്ടുകാരനായ കരിയാറ്റി മൽപ്പാനിലൂടെ മാർ തോമാ തന്റെ പരിശ്രമം തുടർന്നത്. സുറിയാനി

www.malankaralibrary.com

റീത്ത് സംരക്ഷിക്കാനുള്ള അവകാശവും തന്റെ ജനത്തിന്റെ മേലുള്ള അവകാശവും അംഗീകരിക്കണമെന്ന് അദ്ദേഹം റോമിനോട് ആവശ്യപ്പെട്ടു. പഴയകൂറ്റുകാരും ഇക്കാര്യത്തിൽ വളരെ തൽപ്പരർ ആയിരുന്നു. പഴയകൂറ്റിലെ കരിയാറ്റി യൗസേപ്പ് മൽപ്പാൻ, മാർ തോമായുടെ അപേക്ഷയും പഴയകൂറ്റിലെ 72 പള്ളികളുടെ അപേക്ഷയും കൊണ്ട് വളരെ ക്ലേശങ്ങൾ സഹിച്ച് റോമിലും പോർട്ടുഗലിലും പോയി മെത്രാനായി. പഴയകൂറ്റുകാരെ ഭരിച്ചുകൊണ്ടിരുന്ന വിദേശമിഷണറിമാർ ആ ദൗത്യയാത്ര പരാജയപ്പെടുത്താൻ സർവാത്മനാ പരിശ്രമിച്ചു. ആറാം മാർതോമായെ സ്വീകരിക്കാനുള്ള അധികാരപത്രത്തോടുകൂടെ അദ്ദേഹം ഗോവാ വരെയെത്തി. എന്നാൽ അവിടെ വച്ച് മരിച്ചു.

തുടർന്ന് തച്ചിൽ മാത്തുത്തരകൻ എന്ന അൽമായ പ്രമാണിയുടെ ശ്രമഫലമായി 1799 ജൂൺ 22-ന് മാർ ദിവന്നാസ്യോസ് കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. എന്നാൽ കൊച്ചി മെത്രാൻ അദ്ദേഹത്തെ മെത്രാനായി അംഗീകരിക്കുകയോ, മെത്രാനടുത്ത അധികാരങ്ങൾ കത്തോലിക്കാ സഭയിൽ ചെയ്യാൻ സമ്മതിക്കുകയോ ചെയ്തില്ല. മിഷണറിമാർ ആ ഐക്യസംരംഭവും തട്ടിത്തകർത്തുകളഞ്ഞു. അദ്ദേഹം ആറുമാസങ്ങൾക്കു ശേഷം തിരികെപ്പോയി.

### (5) ചേപ്പാട്ട് മാർ ദിവന്നാസ്യോസ് (1825-1855)

അദ്ദേഹത്തിന്റെ കാലത്തും സഭൈക്യചിന്തകൾ സജീവമായിരുന്നു. കത്തോലിക്കാ പുനരൈക്യാർഥം അദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുമായി എഴുത്തുകുത്തുകൾ നടത്തി. "മാർ ദിവന്നാസിയോസിനെ മെത്രാനെന്ന നിലയിൽ സ്വീകരിക്കാൻ സാധ്യമല്ല" എന്ന മറുപടിയാണ് വരാപ്പുഴ നിന്ന് ലഭിച്ചത്. അക്കാരണത്താൽ അദ്ദേഹം പുനരൈക്യ പരിശ്രമങ്ങളിൽ നിന്നു പിന്മാറി, അന്ത്യോക്യൻ യാക്കോബായാ സഭയോട് കൂടുതൽ അടുത്തു. പ്രോട്ടസ്റ്റന്റുകാരിൽ നിന്ന് അകലാനാണ് അദ്ദേഹം ഈ നിലപാട് സ്വീകരിച്ചത്.

### (6) പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ (1865-1909)

സഭൈക്യകാര്യങ്ങളിൽ വളരെ തൽപ്പരനും വലിയ സമുദായ സ്നേഹിയുമായിരുന്നു അദ്ദേഹം. പഴയകൂറ്റിലെ നിധീരി മാണിക്കത്തനാരുമൊത്താണ് അദ്ദേഹം സഭൈക്യചർച്ചകൾക്ക് നേതൃത്വം കൊടുത്തത്. നിധീരിയും മാണിക്കത്തനാരും കൂടി *നസ്രാണി ജാത്യൈകസംഘം* രൂപീകരിച്ചു. ഒന്നിച്ചുള്ള പല പ്രവർത്തനങ്ങൾക്കും അവർ പദ്ധതിയുണ്ടാക്കി. അദ്ദേഹം മാണിക്കത്തനാരുമൊത്ത് ഊട്ടിയിൽ പോയി ഇൻഡ്യയിലെ അപ്പസ്തോലിക് ഡലഗേറ്റ് അയൂത്തിയെ കാണുകയും സഭാകാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. ഒരവസരം ഡലഗേറ്റ് കോട്ടയത്തു വന്നപ്പോൾ ഐക്യചർച്ചകൾ സജീവമാക്കി. ഡലഗേറ്റുമായി പല എഴുത്തു

www.malankaralibrary.com

കുത്തുകൾ നടത്തി. മാർ ദിവന്നാസ്യോസിന്റെ കത്തുകളിൽ തന്റെ ഐക്യാഭിലാഷം അദ്ദേഹം തുറന്നു പറയുന്നു. തന്റെ മുൻഗാമികൾ റോമിനോട് ആവശ്യപ്പെട്ട അതേ ഡിമാന്റുകളാണ് അദ്ദേഹം നടത്തിയിരുന്നത്. അതായത്:

(1) മെത്രാന്മാർക്ക് തങ്ങളുടെ ജനത്തിന്മേലുള്ള അധികാരം നിലനിർത്തണം.

(2) ആരാധനാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താൻ പാടില്ല.

(3) വിവാഹിതരായ വൈദികരെ സ്വീകരിക്കണം.

(4) മാർപാപ്പായെ സാർവത്രിക സഭാധ്യക്ഷനായി അംഗീകരിക്കാം.

അദ്ദേഹം അയച്ച കത്തുകളുടെയും അദ്ദേഹത്തെപ്പറ്റി മറ്റുള്ളവർ അയച്ച കത്തുകളുടെയും വെളിച്ചത്തിൽ കർദിനാളന്മാരുടെ സംഘം മറുപടി തയാറാക്കി. അദ്ദേഹം ആവശ്യപ്പെട്ടതൊക്കെ കർദിനാൾസംഘം അംഗീകരിച്ചതായിട്ടാണ് റിപ്പോർട്ട്. 1888 ജൂൺ മാസത്തെ റിപ്പോർട്ടിലാണ് ഈ തീരുമാനം കാണുന്നത്. സഭൈക്യത്തിന് സഹായകമായ എല്ലാ ആവശ്യങ്ങളും അംഗീകരിക്കാൻ റോം സന്നദ്ധമാണെന്ന് ധ്വനിപ്പിക്കുന്ന പ്രയോഗങ്ങളാണ് റിപ്പോർട്ടിൽ.

പുത്തൻകൂറ്റുകാരുടെ ഹയരാർക്കി അംഗീകരിച്ചു കൊടുക്കാനും അവർക്ക് ഭരണാധികാരം നൽകാനും റോം അനുകൂല നിലപാട് എടുക്കുമെന്ന് കണ്ടപ്പോൾ, അന്നുവരെ ഏതാണ്ട് അനുകൂല മനോഭാവം കാണിച്ചിരുന്ന മിഷണറിമാർ പുറംതിരിയാൻ തുടങ്ങി. അവരുടെ വാക്കുകേട്ട് പ്രവർത്തിച്ച ഉന്നതോദ്യോഗസ്ഥന്മാർ വിട്ടുവീഴ്ചയ്ക്ക് തയാറായില്ല. അതിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ലെയൊണാർദ് മെല്ലാനോയും ഡലഗേറ്റ് അയൂത്തിയും ഉൾപ്പെടുന്നു. അങ്ങനെ ആത്മാർഥമായ ആ ഐക്യ പരിശ്രമവും നാമ്പടഞ്ഞുപോയി. ഐക്യസംരംഭം നാമ്പടഞ്ഞു പോയതിൽ മാർ ദിവന്നാസ്യോസിനും മാണിക്കത്തനാർക്കും അതീവ ദുഃഖമുണ്ടായിരുന്നു. മാർ ദിവന്നാസ്യോസ് അത് പ്രകടിപ്പിക്കുകയും ചെയ്തു.

മിഷണറിമാർ ഈ അപ്പസ്തോലിക സഭയുടെ ഓട്ടോണമി അംഗീകരിച്ചിരുന്നില്ല. പശ്ചിമേഷ്യൻ യാക്കോബായക്കാർ റോമൻവിരുദ്ധ മനോഭാവം മലങ്കരക്കാരിൽ കുത്തിവയ്ക്കാൻ ശ്രമിച്ചു. പുത്തൻകൂർ സമൂഹവുമായി യാതൊരിടപാടും പാടില്ലെന്ന് പഴയകൂറ്റുകാരെ ഭരിച്ചിരുന്ന മിഷണറിമാർ പറഞ്ഞുപഠിപ്പിച്ചു. ഇങ്ങനെ ഇരുവശത്തുനിന്നും സമുദായങ്ങളെ തമ്മിലകറ്റാനുള്ള സംരംഭങ്ങൾ നടന്നു. ഇവിടുത്തെ പൂർവപിതാക്കന്മാർ വളരെ താൽപര്യപൂർവം ഐക്യത്തിനായി പരിശ്രമിച്ചെങ്കിലും അത് യാഥാർഥ്യമാക്കാൻ അവർക്ക് കഴിഞ്ഞില്ല.

www.malankaralibrary.com

### (7) കണ്ടനാട് യൊവാക്കിം മാർ ഈവാനിയോസ് (1913-1925)

അദ്ദേഹവും സഭൈക്യകാര്യങ്ങളിൽ തൽപ്പരനായിരുന്നു. എറണാകുളം ആർച്ചുബിഷപ്പുമായി 1923-ൽ അദ്ദേഹം ചർച്ചകൾ നടത്തി. സഭൈക്യത്തിന് ഒരു തീയതിയും നിശ്ചയിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ബന്ധുവായ കരവട്ട് സൈമൺ ശെമ്മാശ്ശനും മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശനും കൂടി വഞ്ചനാപരമായി അതു തടഞ്ഞു. എറണാകുളത്ത് പോകുന്നതിനു പകരം ബോട്ടിൽ പരുമലയ്ക്ക് അവർ അദ്ദേഹത്തെ രാത്രിയിൽ കൊണ്ടുപോയി. പിന്നീട് കോറെപ്പിസ്കോപ്പാ ആയിത്തീർന്ന സൈമൺ തന്നെയാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്.

(8) കോട്ടയം കത്തോലിക്കാ രൂപതാധ്യക്ഷൻ **മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ (1923-1951)** ക്നാനായ സമൂഹത്തിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിക്കാൻ പല പരിശ്രമങ്ങൾ നടതത്തി. അതുപോലെ ക്നാനായ യാക്കോബായ സഭയിലെ **മാർ സേവേറിയോസും (1910-1927)** ഐക്യത്തിന് തൽപ്പരനായിരുന്നു. എന്നാൽ ഐക്യം എന്ന അനുഗ്രഹത്തിന് അവകാശി കളാകാൻ അവർക്ക് കഴിഞ്ഞില്ല.

### അവലോകനം

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ സഭൈക്യ പരിശ്രമങ്ങളുടെ തുടർച്ചയായിട്ടു വേണം 1930-ലെ സഭൈക്യത്തെ കാണാൻ. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ സഭൈക്യചിന്തകളും സഭൈക്യ പരിശ്രമങ്ങളും പിൻഗാമിയായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും (1909-1934) അറിഞ്ഞുകാണും. അദ്ദേഹം ഇത് മാർ ഈവാനി യോസുമായി പങ്കുവച്ചിട്ടുണ്ടാകണം. വട്ടിപ്പണക്കേസ് നടന്നുകൊണ്ടിരുന്ന കാലമായിരുന്നതിനാൽ വട്ടശ്ശേരിൽ തിരുമേനി നേരിട്ട് ചർച്ചയിൽ പങ്കെടു ക്കാതെ മറ്റു പിതാക്കന്മാരെ ചുമതലപ്പെടുത്തുകയായിരുന്നു. ഏതെങ്കിലും കാരണത്താൽ കേസിൽ തോറ്റുപോയാൽ പിടിച്ചുനിൽക്കാൻ വേണ്ടിയാണ് ബഥനി പള്ളികൾ തുടങ്ങാൻ നിർദേശിച്ചത്.

കൂനൻകുരിശു നടന്ന 1653 മുതൽ ഏതാണ്ട് നിരന്തരമായി പുത്തൻകൂർ സഭാധ്യക്ഷന്മാർ ദൃശ്യമായ രീതിയിലുള്ള ഐക്യത്തിന് പരിശ്രമിച്ചു കൊണ്ടിരുന്നു. ആദ്യം പട്ടം ക്രമപ്പെടുത്താനായിരുന്നു പരിശ്രമം. 1770-ൽ പട്ടം ക്രമപ്പെടുത്തി കഴിഞ്ഞപ്പോൾ, അതിന് അംഗീകാരവും, അനുഷ്ഠാന ങ്ങളും റീത്തും പുലർത്താനുള്ള അവകാശവും നിലനിർത്തി ഐക്യം യാഥാർഥ്യമാക്കാനുള്ള പരിശ്രമമായി. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് സമർപ്പിച്ച അതേ അപേക്ഷയാണ് 1926-ൽ മാർ ഈവാനിയോസ് തിരുമേനി വഴി ഓർത്തഡോക്സ് സിനഡ് റോമിനു കൊടുത്തത്. കാതോലിക്കോസ് സ്ഥാനവും സിനഡും അംഗീകരിക്കുന്ന കാര്യം പിന്നാലെ അറിയിച്ചു.

www.malankaralibrary.com

ഇവിടെയുണ്ടായിരുന്ന മിഷണറിമാർ റോമിനെ നിരന്തരം തെറ്റുദ്ധരിപ്പിച്ചു കൊണ്ടിരുന്നു. അവരുടെ സ്വാധീനം കുറഞ്ഞ സാഹചര്യത്തിലാണ് റോം വ്യക്തമായി ഐക്യത്തിന് പച്ചക്കൊടി കാട്ടിയത്. അപ്പോഴേക്കും (1923-ൽ) സീറോ-മലബാർ ഹയരാർക്കി പുനഃസ്ഥാപിതമായി. നാട്ടുമെത്രാന്മാർ പഴയകൂറ്റുകാരെ ഭരിക്കാൻ തുടങ്ങി. അതുപോലെ അന്നത്തെ കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനി വളരെ വിശാലഹൃദയൻ ആയിരുന്നു. അദ്ദേഹം സഭൈക്യത്തിന് സർവാത്മനാ സമർപ്പിതനായിരുന്നു. മേൽപ്പറഞ്ഞ സഭാധ്യക്ഷന്മാരുടെ ഒത്താശകൾ സഭൈക്യത്തിന് ആക്കം കൂട്ടി. 277 കൊല്ലത്തെ (1653-1930) ഐക്യസംരംഭങ്ങൾ പൂവണിഞ്ഞത് 1930-ലാണ്.

റോമിന്റെ മനോഭാവത്തിൽ 1930 ആയപ്പോഴേക്കും മാറ്റം ദർശിക്കാൻ കഴിയും. വിശാലഹൃദയനായ പതിനൊന്നാം പീയൂസ് മാർപാപ്പായുടെ നേതൃത്വമാണ് യഥാർഥത്തിൽ ഐക്യം ഫലമണിയിച്ചത്. ആദ്യം മെത്രാൻ സ്ഥാനം പോലും അംഗീകരിക്കാൻ കൂട്ടാക്കാതിരുന്നവർ 1930 ആയപ്പോഴേക്കും കാതോലിക്കോസും സിനഡും ഒഴികെ സർവ ഡിമാന്റുകളും അംഗീകരിച്ചു. അങ്ങനെ പുത്തൻകൂറ്റുകാരുടെ പുനരൈക്യം യാഥാർഥ്യമായി. റോമൻ കത്തോലിക്കാസഭയോടും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹായുടെ റോമിലെ പിൻഗാമിയായ മാർപാപ്പായോടുമുള്ള സമ്പൂർണ കൂട്ടായ്മ സഭാത്മകതയ്ക്ക് അനിവാര്യമാണെന്ന് ബോധ്യമുള്ളവരാണ് പുനരൈക്യപ്രസ്ഥാനത്തിലൂടെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്നത്.

## മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയുടെ പടികൾ

1930-ൽ മലങ്കര കത്തോലിക്കാ പുനരൈക്യം നടന്നു.

1932-ൽ മാർ ഈവാനിയോസ് റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചു. തിരുവനന്തപുരം അതിരൂപതയായും തിരുവല്ലാ സാമന്തരൂപതയായും ഹയരാർക്കി സ്ഥാപിതമായി. കന്യാകുമാരി മുതൽ ഭാരതപ്പുഴ വരെയായിരുന്നു വിസ്തീർണം. പമ്പാനദി ഇരുരൂപതകളെയും തമ്മിൽ വേർതിരിച്ചിരുന്നു.

1937-ൽ ജോസഫ് മാർ സേവേറിയോസ് ഓർത്തഡോക്സ് സഭയിൽ നിന്നും, 1939-ൽ തോമസ് മാർ ദിയൊസ്കോറോസ് ക്നാനായാ കൂട്ടായ്മയിൽ നിന്നും പുനരൈക്യപ്പെട്ടു.

1953-ൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ മെത്രാഭിഷേകം. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് കർതൃസന്നിധിയേക്ക് എടുക്കപ്പെട്ടു.

1958-ൽ തിരുവല്ലാ രൂപതയുടെ അതിർത്തി മലബാർ പ്രദേശത്തേക്കും, തമിഴ്നാട്ടിലെ കോയമ്പത്തൂർ, നീലഗിരി ജില്ലകളിലേക്കും തിരുച്ചിറപ്പള്ളി ജില്ലയുടെ കരൂർ താലൂക്കിലേക്കും, കർണാടകത്തിലെ മൈസൂർ, മാൻഡ്യാ,

www.malankaralibrary.com

കൂർഗ്, ഹസൻ, ചിക്കമംഗലൂർ, ഷിമോഗാ, സൗത് കാനറാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

1978-ൽ തിരുവല്ലാ രൂപത തിരിച്ച് ബത്തേരി രൂപത സ്ഥാപിച്ചു. കേരളത്തിലെ കോഴിക്കോട് മുതൽ വടക്കോട്ടുള്ള ജില്ലകളും, നേരത്തെ തിരുവല്ലായുടെ ഭാഗമായിരുന്ന തമിഴ്നാട്ടിലേയും കർണാടകത്തിലേയും പ്രദേശങ്ങളും ഈ രൂപതയിൽ ഉൾപ്പെടുത്തി.

1980-ൽ പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണജൂബിലി കോട്ടയത്തു വച്ച് ആഘോഷിച്ചു.

1983-ൽ തിരുവനന്തപുരത്ത് തത്വശാസ്ത്രപഠനം ആരംഭിച്ചു.

1986-ൽ ജോൺപോൾ മാർപാപ്പായെ പട്ടം കത്തീഡ്രലിൽ സ്വീകരിച്ചു.

1994-ൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ എല്ലാ സെഷനുകളിലും വോട്ടവകാശത്തോടുകൂടി പിതാവ് പങ്കെടുത്തു. 1988-89 കാലയളവിൽ സി.ബി.സിഐ. പ്രസിഡന്റായിരുന്നു. 41 വർഷം മലങ്കര കത്തോലിക്കാ സഭയെ നയിച്ചു.

1996-ൽ മാർത്താണ്ഡം രൂപത സ്ഥാപിതമായി. ലോറൻസ് മാർ അപ്രേം രൂപതയുടെ ആദ്യമെത്രാനും യൂഹാനോൻ മാർ ക്രിസൊസ്തോം രണ്ടാമത്തെ മെത്രാനും വിൻസെന്റ് മാർ പൗലോസ് മൂന്നാമത്തെ മെത്രാനുമായി.

2003 -ൽ മൂവാറ്റുപുഴ രൂപത സ്ഥാപിതമായി. ആദ്യമെത്രാൻ തോമസ് മാർ കൂറില്ലോസും രണ്ടാമത്തെ മെത്രാൻ ഏബ്രഹാം മാർ യൂലിയോസും മൂന്നാമത്തെ മെത്രാൻ യൂഹാനോൻ മാർ തിയഡോഷ്യസുമാണ്.

2005 ഫെബ്രുവരി 10-ന് മലങ്കരസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. സിറിൽ മാർ ബസേലിയോസ് കാതോലിക്കോസിനെ കാനോനിക്കലായി പാത്രിയർക്കീസിന് തുല്യമായ മേജർ ആർച്ചുബിഷപ്പായി ജോൺപോൾ രണ്ടാമൻ മാർപാപ്പാ നിയമിച്ചു. എപ്പിസ്കോപ്പൽ സിനഡ് രൂപീകരിച്ചു. അങ്ങനെ മാർ ഈവാനിയോസ് പിതാവിന്റെ ഈ സംഗതി സംബന്ധിച്ചുള്ള അപേക്ഷ യാഥാർഥ്യമായി.

2006-ൽ തിരുവല്ലാ രൂപതയെ അതിരൂപതയായി ഉയർത്തി. ഐസക്ക് മാർ ക്ലീമീസിനെ ആർച്ചുബിഷപ്പായി നിയമിച്ചു. മൂവാറ്റുപുഴയും ബത്തേരിയും സാമന്തരൂപതകളാക്കി. നേരത്തെ അദ്ദേഹം അമേരിക്കയുടെയും കാനഡായുടെയും അപ്പസ്തോലിക വിസിറ്റർ ആയിരുന്നു.

2007-ൽ തിരുവനന്തപുരം അതിരൂപത വിഭജിച്ച് മാവേലിക്കര രൂപത സ്ഥാപിച്ചു. ജോഷ്വാ മാർ ഇഗ്നാത്യോസിനെ അതിന്റെ മെത്രാനായി നിയമിച്ചു.

www.malankaralibrary.com

2007 ജനുവരി 18-ന് സിറിൽ മാർ ബസേലിയോസ് കാതോലിക്കോസ് കർത്താവിൽ നിദ്ര പ്രാപിച്ചു.

2007-ൽ മലങ്കരസിനഡ് ഐസക്ക് മാർ ക്ലീമീസിനെ മേജർ ആർച്ചു ബിഷപ്പായി തെരഞ്ഞെടുത്തു. ബനഡിക്ട് 16-ാമൻ മാർപാപ്പാ തെരഞ്ഞെടുപ്പ് അംഗീകരിച്ചു.

2010 ജനുവരി 25-ന് തിരുവനന്തപുരം മേജർ അതിരൂപത വിഭജിച്ച് പത്തനംതിട്ട രൂപത സ്ഥാപിച്ചു. മാർത്താണ്ഡം മെത്രാനായിരുന്ന യൂഹാനോൻ മാർ ക്രിസൊസ്തോം പിതാവിനെ രൂപതയുടെ പ്രഥമ മെത്രാനായി നിയമിച്ചു. ബത്തേരി രൂപത വിഭജിച്ച് പുത്തൂർ രൂപത സ്ഥാപിച്ചു. കർണാടകയിലെ കുറേ ജില്ലകൾ ചേർത്താണ് ഈ രൂപത സ്ഥാപിച്ചത്. ഗീവർഗീസ് മാർ ദിവന്നാസ്യോസിനെ ബത്തേരിയിൽ നിന്ന് പുത്തൂരിലേക്ക് മാറ്റി. ബിഷപ്പ് ജോസഫ് മാർ തോമസിനെ ബത്തേരി മെത്രാനാക്കി. അദ്ദേഹം അതിനുമുമ്പ് അമേരിക്കയിലെ അപ്പസ്തോലിക വിസിറ്റർ ആയിരുന്നു. വിൻസെന്റ് മാർ പൗലോസിനെ മാർത്താണ്ഡം മെത്രാനായി നിയമിച്ചു.

2011-ൽ കാതോലിക്കേറ്റ് സെന്ററിന്റെ പുതിയ കെട്ടിടം ആശീർവദിച്ചു.

2012-ൽ ബസേലിയോസ് ക്ലീമീസിനെ ബനഡിക്ട് മാർപാപ്പാ കർദിനാളായി നിയമിച്ചു

2013-ൽ ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ മാർ ക്ലീമീസ് കാതോലിക്കാ ബാവാ പങ്കെടുത്തു.

2014-ൽ മാർ ക്ലീമീസ് സിബിസിഐ പ്രസിഡന്റായി. 2016-ൽ രണ്ടാമതും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

2015-ൽ ഡൽഹിയിൽ ഗുർഗാവോൺ രൂപത സ്ഥാപിച്ചു.ജേക്കബ് മാർ ബർണബാസിനെ മെത്രാനായി നിയമിച്ചു. വടക്കേ ഇൻഡ്യൻ പ്രദേശങ്ങളെല്ലാം ഇതിൽ ഉൾപ്പെടുത്തി. നേരത്തെ മാർ ബർണബാസ് അവിടെ അപ്പസ്തോ ലിക് വിസിറ്റേറ്ററും എക്സാർക്കും ആയിരുന്നു. കേരളം ഒഴികെയുള്ള തെക്കേ ഇൻഡ്യൻ പ്രദേശങ്ങൾ ഉൾപ്പെടുത്തി പൂനായിൽ ഖഡ്കി എക്സാർക്കേറ്റും സ്ഥാപിച്ചു. തോമസ് മാർ അന്തോണിയോസിനെ എക്സാർക്കായി നിയമിച്ചു.

2016 -ൽ യു.എസ്. ഏ.യ്ക്കും കാനഡായ്ക്കും കൂടി രൂപത സ്ഥാപിക്കുകയും തോമസ് മാർ യൗസേബിയസിനെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. 2016-ൽ സഭാസംഗമം പട്ടത്തുവച്ച് നടന്നു.

2017-ൽ തിരുവനന്തപുരം മേജർ അതിരൂപത വിഭജിച്ച്, പാറശ്ശാല രൂപത സ്ഥാപിക്കുകയും തോമസ് മാർ യൗസേബിയസിനെ പ്രഥമ മെത്രാനായി

www.malankaralibrary.com

നിയമിക്കുകയും ഫിലിപ്പോസ് മാർ സ്തേഫാനോസിനെ അമേരിക്കൻ രൂപതയിലെ മെത്രാനായി നിയമിക്കുകയും ചെയ്തു. അടൂർ വച്ച് പുത്തൂർ മെത്രാൻ ഗീവർഗീസ് മാർ മക്കാറിയോസും കൂരിയാ മെത്രാൻ യൂഹാനോൻ മാർ തിയഡോഷ്യസും അഭിഷിക്തരായി.2019 ജൂൺ 8-ന് പത്തനംതിട്ട രൂപതാധ്യക്ഷനായി സാമുവേൽ മാർ ഐറേനിയോസും ജൂൺ 12-ന് മൂവാറ്റുപുഴ മെത്രാനായി യൂഹാനോൻ മാർ തിയഡോഷ്യസും സ്ഥാന മേറ്റെടുത്തു. 2020 ജനുവരിയിൽ ഖഡ്ഗി/പൂനാ, രൂപതയായി. മാർ അന്തോണിയോസ് അതിന്റെ അധ്യക്ഷനായി. അങ്ങനെ ഭാരതം മുഴുവനും അജപാലനാധികാരം മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിച്ചു. മലങ്കര ക്കാരുടെ ചിരകാലാഭിലാഷം അങ്ങനെ യാഥാർഥ്യമായി.

## ഇപ്പോഴത്തെ അധ്യക്ഷന്മാരും രൂപതകളും

*(1) തിരുവനന്തപുരം സഭാപ്രോവിൻസ്:* മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ - തിരുവനന്തപുരം മേജർ അതിരൂപത

വിൻസെന്റ് മാർ പൗലോസ് - മാർത്താണ്ഡം രൂപത/തമിഴ്നാട്

ജോഷ്വാ മാർ ഇഗ്നാത്യോസ് - മാവേലിക്കര

സാമുവേൽ മാർ ഐറേനിയോസ് - പത്തനംതിട്ട

തോമസ് മാർ യൗസേബിയോസ് - പാറശ്ശാല

ഫിലിപ്പോസ് മാർ സ്തെഫാനോസ് - ന്യൂയോർക്ക് സമാധാനരാജ്ഞി രൂപത (യു.എസ്.ഏ-കാനഡാ)

ജേക്കബ് മാർ ബർണബാസ് - ഡൽഹി ഗുർഗാവോൺ രൂപത/വടക്കേ ഇൻഡ്യൻ പ്രദേശങ്ങൾ

തോമസ് മാർ അന്തോണിയോസ് - പൂനാ ഖഡ്ഗി രൂപത/തെക്കേ ഇൻഡ്യൻ പ്രദേശങ്ങൾ

*(2) തിരുവല്ലാ സഭാപ്രോവിൻസ്:* ആർച്ചുബിഷപ്പ് തോമസ് മാർ കൂറില്ലോസ് - തിരുവല്ലാ അതിരൂപത

ജോസഫ് മാർ തോമസ് - ബത്തേരി

യൂഹാനോൻ മാർ തിയഡോഷ്യസ് - മൂവാറ്റുപുഴ; അപ്പസ്തോലിക് വിസിറ്റേറ്റർ യൂറോപ്പ്-ഓഷ്യാനിയാ.

ഗീവർഗീസ് മാർ മക്കാറിയോസ് - പുത്തൂർ/കർണാടകം

പുത്തൂർ, മാർത്താണ്ഡം രൂപതകളുടെ അതിർത്തി 2020-ൽ മാർ ക്ലീമീസ് കാതോലിക്കാബാവാ പുനഃക്രമീകരിച്ചു. പൂനാ-കഡ്കി രൂപതയിൽ

www.malankaralibrary.com

ഉൾപ്പെട്ടിരുന്ന കർണാടക സംസ്ഥാനത്തെ കുറേ പ്രദേശങ്ങൾ പുത്തൂരി നോട് ചേർത്താണ് പുതിയ ക്രമീകരണം വരുത്തിയത്. പുത്തൂർ രൂപത യിൽ ഇപ്പോൾ കർണാടകയിലെ താഴെപ്പറയുന്ന ജില്ലകൾ ഉൾപ്പെടുന്നു: ദക്ഷിണ കന്നട, ഉത്തര കന്നട, ഉടുപ്പി, മൈസൂർ, ചാമരാജനഗർ, കൊഡഗ്, മാൺഡ്യ, ഷിമോഗാ, ചിക്കമംഗലുരു, ഹസ്സൻ, തുംകൂർ, ബാംഗളുരു അർബൻ, ബാംഗളുരു റൂറൽ, രാമനഗർ, ചിക്കബല്ലപുര, കോളാർ.

മാർത്താണ്ഡം രൂപതയിൽ കന്യാകുമാരി ജില്ല മാത്രമാണ് ഉണ്ടായി രുന്നത്. കന്യാകുമാരി ജില്ലയ്ക്കു പുറമേ തമിഴ്നാടിന്റെ താഴെപ്പറയുന്ന ജില്ല കൾ പൂനാ-കഡ്ഗി രൂപതയിൽ നിന്ന് വേർപെടുത്തി മാർത്താണ്ഡത്തോടു ചേർത്തു: തിരുനെൽവേലി, തെങ്കാശി, തൂത്തുക്കുടി, വിരുതുനഗർ, മധുര, തേനി, ഡിംഡുഗൽ, ശിവഗംഗ, രാമനാഥപുരം, പുതുക്കോട്ട, തഞ്ചാവൂർ, തിരു വരൂർ, നാഗപട്ടണം, തിരുച്ചിറപ്പള്ളി, പെരമ്പലൂർ, അരിവാളൂർ, ഗൂഡല്ലൂർ, നാമക്കൽ, മയിലാടുംതുറൈ. (ദീപിക,2020 സെപ്തംബർ 22,പേജ്,2).

## 1930-ലെ സഭൈക്യം ഒരു മഹാസംഭവം

പുത്തൻകൂർ-പഴയകൂർ സമൂഹങ്ങളുടെ ഇടയിൽ 1930-ലെ സഭൈക്യം ഒരു മഹാസംഭവം ആയിരുന്നു.1653 മുതൽ പ്രഗത്ഭരായ പല സഭാ നേതാക്കന്മാരും അശ്രാന്തം പരിശ്രമിച്ചിട്ടും സാധിക്കാഞ്ഞ സംഗതിയാണ് മാർ ഈവാനിയോസ് പിതാവ് നേടിയെടുത്തത്. സമൂഹത്തിൽ വലിയ നിലയും വിലയും ഉണ്ടായിരുന്ന ആളായിരുന്നു അദ്ദേഹം. അദ്ദേഹം സമുദായത്തിലെ ഗണനീയവ്യക്തി തന്നെയായിരുന്നു. ദൈവദത്തമായ പ്രവാചകദൗത്യം നിർവഹിക്കാൻ വിളിക്കപ്പെട്ടപ്പോൾ അതിനദ്ദേഹം കീഴ്വഴങ്ങി.

അദ്ദേഹം ഒരു ചരിത്രവിദ്യാർഥി ആയിരുന്നു. ചരിത്രം അദ്ദേഹത്തെ പല വലിയ പാഠങ്ങളും പഠിപ്പിച്ചു. സെറാമ്പൂർ ആയിരുന്ന കാലത്ത് അദ്ദേഹം കത്തോലിക്കാസഭയെ പറ്റിയും യാക്കോബായാസഭയെ പറ്റിയും കാലാകാലങ്ങളിൽ വേർപെട്ട മറ്റു സഭകളെ പറ്റിയും നന്നായി പഠിച്ചു. കൂനൻകുരിശു സത്യത്തിന്റെ ചരിത്രപശ്ചാത്തലവും കേരളത്തിലെ യാക്കോബായാസഭാപ്രവേശനവും ഇവിടുത്തെ സഭൈക്യചരിത്രവും പഠിച്ചു. കത്തോലിക്കാ സഭയുമായുള്ള ഐക്യം കൊണ്ടു മാത്രമേ മലങ്കരയിൽ ശാശ്വതസമാധാനം കൈവരൂ എന്ന ബോധ്യം അദ്ദേഹത്തെ ഭരിച്ചു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഗുരുക്കന്മാരായിരുന്നു.

മലങ്കരസഭയെ മൊത്തത്തിൽ കണ്ടിരുന്ന ആളായിരുന്നു മാർ ഈവാനിയോസ്. കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ മലങ്കര സമൂഹം മുഴുവൻ ഒന്നിച്ച് സഭൈക്യത്തിലേക്ക് പ്രവേശിക്കണമെന്നായി

www.malankaralibrary.com

രുന്നു അദ്ദേഹത്തിന്റെ അഭിലാഷം. മാർ തോമാക്രിസ്ത്യാനികളുടെ ഐക്യത്തിന് ദൈവം അദ്ദേഹത്തെ കരുവാക്കി. അദ്ദേഹം ഐക്യത്തിനുള്ള പാത തുറന്നുതന്നു.

ഇതു മാത്രമാണ് മലങ്കരയിൽ ശാശ്വതസമാധാനത്തിനുള്ള വഴിയെന്ന് മനുഷ്യർ മനസ്സിലാക്കാത്തിടത്തോളം കാലം സ്വസ്തത ഉണ്ടാകാൻ പ്രയാസമാണ്. റോമിലെ മാർപാപ്പായെ മാറ്റിനിർത്തിക്കൊണ്ട് ഐക്യം സാധിക്കാമെന്നു കരുതുന്നത് യാഥാർഥ്യത്തിനു നിരക്കുന്നതല്ല. മലങ്കര സഭയിലെ പിതാക്കന്മാർ നൂറ്റാണ്ടുകളായി ആവശ്യപ്പെട്ടു കൊണ്ടിരുന്ന കാര്യങ്ങളൊക്കെ റോമാസിംഹാസനം ഇപ്പോൾ അംഗീകരിച്ചു നൽകി യിരിക്കയാണ്. പൊതുനിയമങ്ങൾക്കു പുറമേ, പ്രാദേശിക നിയമങ്ങളു ണ്ടാക്കി മാർപാപ്പായുമായി കൂട്ടായ്മയിൽ ജീവിക്കാനുള്ള അവകാശമാണ് മലങ്കരസഭയ്ക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. പുതിയ സഭാശാസ്ത്രമനുസരിച്ച് മലങ്കരസഭയും റോമൻ കത്തോലിക്കാസഭയും കൂട്ടായ്മയിലുള്ള രണ്ട് സഭകളാണ്. ഇത് മലങ്കരസഭകളൊക്കെ ഗ്രഹിക്കേണ്ടതുണ്ട്. കത്തോലിക്കാ കൂട്ടായ്മയിൽ ഓട്ടോണമിക്കും സ്വയം നിർണയത്തിനും സ്വയംഭരണത്തിനും സ്ഥാനമുണ്ടെന്ന് കാണാനുള്ള അവസരമാണിത്. നമ്മുടെ പിതാക്കന്മാർ നടത്തിയ സഭൈക്യസംരംഭങ്ങൾ പാടേ വിസ്മരിക്കാതിരിക്കാം. നാം ഒന്നായിരുന്നു എന്ന സംഗതി ഗൗരവമായി പരിഗണിക്കാം.

പണ്ടു സംഭവിച്ചവ എന്തുതന്നെ ആയിരുന്നാലും ഇന്നിൽ ജീവിക്കുന്ന നാം വിഭജനത്തിന്റെ ഭാരം പേറുന്നു ചരിത്രത്തോടുള്ള അവഹേളനാ മനോഭാവവും സത്യത്തോടുള്ള നിഷേധ മനോഭാവവും ഉള്ളയിടങ്ങളിൽ അത് അവസാനിപ്പിക്കേണ്ടതുണ്ട്.

## ബഥനി സന്യാസപ്രസ്ഥാനം

കേരളത്തിൽ പുനരൈക്യപ്രസ്ഥാനത്തിന് ആരംഭമിട്ടത് ബഥനി സന്യാസികളും അവരുടെ അധ്യക്ഷനായ മാർ ഈവാനിയോസ് പിതാവുമാണ്. എം.എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന മാർ ഈവാനിയോസ്, പെരുനാട്ടിലെ മുണ്ടൻമലയിൽ 1919-ൽ ബഥനി സന്യാസസമൂഹം തുടങ്ങി. പിന്നീട് സന്യാസിനികളുടെ സമൂഹം തിരുവല്ലാ തിരുമൂലപുരത്ത് ആരംഭിച്ചു. സഭാനവീകരണത്തിലൂടെ മാത്രമേ സഭൈക്യം സാധ്യമാകൂ എന്നു മനസ്സി ലാക്കി ഇടവകകൾ തോറും നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു. മാക്കാം കുന്ന് കൺവൻഷൻ എം ഏ. അച്ചൻ തുടങ്ങിയതാണ്. ബഥനിയുടെ സ്വാധീനത്തിൽ വന്നവർ സഭൈക്യകാര്യങ്ങളിൽ തൽപ്പരർ ആയിരുന്നു. പുനരൈക്യാനന്തരം ആദ്യകാല ബഥനി സന്യാസവൈദികർ ഇടവക വൈദികരെപ്പോലെ രാപകൽ മിഷനുകളിൽ കഠിനാധ്വാനം ചെയ്തു. കഠിനമായ ദാരിദ്ര്യത്തിന്റെയും എതിർപ്പിന്റെയും ഇല്ലായ്മയുടെയും മധ്യത്തിൽ സന്മനസ്സും ദൈവാനുഗ്രഹവും മാത്രമാണ് അവർക്ക്

www.malankaralibrary.com

കൈമുതലായി ഉണ്ടായിരുന്നത്. അവരെ കൂടാതെ പുനരൈക്യത്തെപ്പറ്റി ചിന്തിക്കാനാവില്ല. മലങ്കര കത്തോലിക്കാ സഭയുടെ ആദ്യകാലവളർച്ച അവരുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ഇന്നും സഭയ്ക്കും സമുദായ ത്തിനും നാടിനും സ്തുത്യർഹമായ സേവനമാണ് ബഥനി സന്യാസികളും സന്യാസിനികളും നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

## സീറോ-മലബാർ സഭയും പുനരൈക്യപ്രസ്ഥാനവും

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ തന്നെ മലങ്കരസഭയെ സീറോ-മലബാർസഭ എല്ലാത്തരത്തിലും ആളും അർഥവും കൊണ്ട് സഹായിച്ചു. മാർ അഗസ്റ്റിൻ കണ്ടത്തിൽ, മാർ ജയിസംസ് കാളാശ്ശേരി, മാർ അലക്സാണ്ഡർ ചൂളപ്പറമ്പിൽ എന്നീ പിതാക്കന്മാർ സഭൈക്യ കാര്യ ങ്ങളിൽ അതീവതൽപ്പരരും മാർ ഈവാനിയോസ് പിതാവിന്റെ ഉറ്റസ്നേഹി തരും ആയിരുന്നു. മാർ ഈവാനിയോസ് പിതാവിനെ എല്ലാത്തരത്തിലും സഹായിക്കാൻ അവർ തൽപ്പരർ ആയിരുന്നു. അവർ തങ്ങളുടെ വൈദികരെ യും വൈദികവിദ്യാർഥികളെയും സന്യസ്തരെയും അദ്ദേഹത്തിന് വിട്ടുകൊടുത്തു. കഠിനമായ ദാരിദ്ര്യം, ചില ഓർത്തഡോക്സുകാരുടെ എതിർപ്പും പ്രതികൂലപ്രവർത്തനങ്ങളും, രാഷ്ട്രീയാധികാരികളുടെ എതിർപ്പ് എന്നിവയുടെ മധ്യത്തിൽ കർത്താവിനുവേണ്ടി അവർ സന്തോഷ പൂർവം പ്രവർത്തിച്ചു.

സീറോ-മലബാർസഭയിലെ *കർമലീത്താ സന്യാസികൾ (സി.എം.ഐ.)* വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ച് സഭൈക്യപ്രവർത്തനങ്ങൾ ത്വരിതപ്പെ ടുത്തി. ചെത്തിപ്പുഴ കേന്ദ്രമാക്കിയായിരുന്നു അവരുടെ പ്രവർത്തനം. പുനരൈക്യപ്രസ്ഥാനം ഉടലെടുക്കുന്നതിനു മുമ്പുതന്നെ അവർ സഭൈക്യ പ്രവർത്തനങ്ങൾ പലയിടങ്ങളിലും തുടങ്ങിയിരുന്നു. ഹയരാർക്കി സ്ഥാപന ത്തിനുശേഷം സി.എം.ഐ.വൈദികർ രണ്ടു രൂപതകളിലും ഇടവക ശുശ്രൂഷകളിൽ ഏർപ്പെട്ടു. ആദ്യകാലത്ത് ധ്യാനവും കോൺഫറൻസുകളും നടത്തി ബഥനി സന്യസ്തരെ പരിശീലിപ്പിച്ചു. തിരുവനന്തപുരം അതിരൂപതയുടെ തെക്കുഭാഗത്ത് നിരവധിയാളുകളെ ക്രിസ്തുവിന്റെ സ്നേഹത്തിൽ എത്തിച്ചു. ദരിദ്രർക്ക് അകമഴിഞ്ഞ് സഹായഹസ്തം നീട്ടിക്കൊടുത്തു. അവർ മലങ്കരപിതാക്കന്മാർക്ക് എല്ലാക്കാര്യങ്ങളിലും ശക്തിപകർന്നു. ഏതാണ്ട് എഴുപതോളം സി.എം. ഐ. വൈദികരും അറുപതോളം ഇടവകവൈദികരും പുനരൈക്യ പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിച്ചു. ബഹു.പ്ലാസിഡച്ചന്റെ നാമം പ്രത്യേകം എടുത്തു പറയേണ്ട താണ്. അദ്ദേഹം മലങ്കരസഭയെ വളരെയധികം സ്നേഹിക്കുകയും ബഹുവിധ രീതികളിൽ പുനരൈക്യപ്രസ്ഥാനത്തെ പരിപോഷിപ്പിക്കുകയും ചെയ്തു. വൈദികരുടെയും വിശ്വാസികളുടെയും പ്രബോധനത്തിനായി നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. മലങ്കരസഭയുടെ കാനോനികസ്രോതസ്സുകൾ രണ്ടുവാല്യങ്ങളിലായി പ്രസിദ്ധീകരിച്ചു. സി.എം.ഐ.സന്യാസികളോട് മലങ്കരസഭ എന്നെന്നും നന്ദിയുള്ളവരായിരിക്കും.

www.malankaralibrary.com

## ഫ്രാൻസിസ്ക്കൻ മിഷണറി ബ്രദേഴ്സ്

പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ മിഷണറി ബ്രദേഴ്സ് തിരുവനന്തപുരം അതിരൂപതയിൽ പ്രവർത്തനം തുടങ്ങി. 1930-ൽ തോട്ടപ്പള്ളിയിൽ അവർ ഒരു ഭവനം തുറന്നു. തുടർന്ന് വളരെയധികം സ്ഥലങ്ങളിൽ പ്രവർത്തിച്ചു. നാലാഞ്ചിറയാണ് അവരുടെ കേന്ദ്രം. അവർ ഇപ്പോഴും മലങ്കരസഭയിൽ പ്രവർത്തിക്കുന്നു. ആദ്യകാലത്ത് ഏതാണ്ട് 37 ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് മലങ്കരയിൽ പ്രവർത്തിച്ചു. തുടർന്ന് ധാരാളം പേർ മാറിമാറി വന്നു.

## കൊല്ലം രൂപത

മാർ ഈവാനിയോസിന്റെ പുനരൈക്യത്തിനു മുമ്പുതന്നെ കൊല്ലം ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ (1864-1942) പമ്പയ്ക്കും കന്യാകുമാരിക്കും ഇടയ്ക്കുള്ള തന്റെ രൂപതയിലെ പുത്തൻകൂറ്റുകാരുടെ കാനോനിക കൂട്ടായ്മയ്ക്കായി പ്രവർത്തിച്ചു തുടങ്ങിയിരുന്നു. ആദ്യകാല പ്രവർത്തനം കറ്റാനവും പുനലൂരും കേന്ദ്രീകരിച്ചായിരുന്നു. ഈ സ്ഥലങ്ങൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ ലത്തീൻ മിഷണറിമാർ പ്രവർത്തിച്ചു. മാവേലിക്കര താമസിച്ചിരുന്ന റിബേരാ എന്ന ലത്തീൻ വൈദികൻ സഭൈക്യ സംരംഭങ്ങളിൽ മാർ ഈവാനിയോസ് പിതാവിനെ സഹായിച്ചു. പുത്തൻകൂറ്റിൽ നിന്ന് കൊല്ലം രൂപതയിൽ ചേർന്ന വൈദികരെയും ജനങ്ങളെയും മലങ്കര സഭയ്ക്ക് നൽകണമെന്ന് 1955-ൽ റോം ആവശ്യപ്പെട്ടപ്പോൾ കൊല്ലം രൂപത അവരെ പോകാൻ അനുവദിച്ചു. കൊല്ലം രൂപതയിൽ ചേർന്ന ഒൻപതു വൈദികരിൽ മിക്കവരും മലങ്കരസഭയിൽ ചേർന്നു. ബൻസിഗർ തിരുമേനിയും തുടർന്നു വന്ന പിതാക്കന്മാരും പുനരൈക്യപ്രസ്ഥാനത്തെ ശക്തിയായി പിൻതുണച്ചു.

## ആദ്യകാലപുരോഗതി

യാക്കോബായാസഭയിലെ കക്ഷിവഴക്കുകൾ കൊണ്ട് മനംമടുത്ത അനേകർ മാർ ഈവാനിയോസിനെ അനുഗമിച്ചു. അദ്ദേഹത്തിന്റെ വ്യക്തിപരമായ സ്വാധീനം അനേകരെ ആകർഷിച്ചു. യഥാർഥ ക്രിസ്തീയ ജീവിതത്തിന് കലഹാന്തരീക്ഷം വലിയ തടസ്സമാണെന്നു കണ്ട അനേകർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ബഥനി ഒരു വലിയ നവീകരണ മൂശ ആയിരുന്നു. യഥാർഥത്തിൽ, ബഥനിയുടെ സ്വാധീനത്തിൽ വന്നവരാണ് കലഹം വിട്ടിറങ്ങി കത്തോലിക്കാ സഭയിൽ ശാന്തിയും സമാധാനവും കണ്ടെത്തിയത്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാലവളർച്ചയിൽ സീറോ-മലബാർ, ലത്തീൻ സഭകളിലെ തീക്ഷ്ണമതികളായ മെത്രാന്മാരും വൈദികരും സന്യസ്തരും വളരെയധികം സഹായിച്ചു.

www.malankaralibrary.com

പെരുനാട്ടിൽ നിന്ന് എല്ലാം വിട്ടിറങ്ങിയ ബഥനി സന്യസ്തർ വെണ്ണിക്കുളത്ത് ഒരു വാടകവീട്ടിൽ താമസിച്ചു. മാർ ഈവാനിയോസ് 1933–ൽ നാലാഞ്ചിറ 12 ഏക്കർസ്ഥലം വാങ്ങി. അവിടെത്തന്നെ 1936–ൽ എട്ടേക്കർ സ്ഥലം വേറേ വാങ്ങി. സന്യാസികളെയും സന്യാസിനികളെയും അവിടെ കൊണ്ടുവന്ന് പാർപ്പിച്ചു. പിന്നീട് പുരുഷന്മാരുടെയും സ്ത്രീകളുടെയും സന്യാസഭവനങ്ങൾ വളർന്നു നിരവധി സ്ഥലങ്ങളിൽ അവർ സഭാശുശ്രൂഷ ചെയ്യുന്നു. സഭയുടെ വളർച്ചയിൽ സന്യസ്തരുടെ പങ്ക് വളരെ വലുതാണ്. ഇടവകകൾക്ക് അവർ അനുഗ്രഹമാണ്.

അതുപോലെ തിരുവല്ലായിൽ 1931–ലും തിരുവനന്തപുരത്ത് 1934–ലും മൈനർ സെമിനരികൾ തുടങ്ങി. ആരംഭകാലത്ത് ഈ സെമിനരികളിലെ നിരവധി വിദ്യാർഥികൾ സീറോ-മലബാർ സഭയിൽ നിന്നുള്ളവരായിരുന്നു. രണ്ടു വർഷത്തെ മൈനർ സെമിനരി പരിശീലനത്തിനുശേഷം അവരെ ആലുവാ, മംഗലാപുരം, കാൻഡി, റോം എന്നിവിടങ്ങളിലെ ലത്തീൻ സെമിനരികളിൽ അയച്ച് പരിശീലിപ്പിച്ചുവന്നു. സ്വന്തമായി ഒരു മേജർ സെമിനരി തുടങ്ങുക എന്നത് മാർ ഈവാനിയോസ് പിതാവിന്റെ വലിയ ആഗ്രഹമായിരുന്നു. റോമിന് അദ്ദേഹം കൊടുത്ത അപേക്ഷയിൽ അത് വ്യക്തമാക്കിയിരുന്നു. എന്നാൽ അത് യാഥാർഥ്യമായത് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാലത്താണ്.

ഇപ്പോൾ മലങ്കരസഭയ്ക്ക് നാലാഞ്ചിറ (തിരുവനന്തപുരം) ഒരു മേജർ സെമിനരിയുണ്ട്. ആദ്യമാദ്യം തത്വശാസ്ത്രവും ദൈവശാസ്ത്രവും അവിടെത്തന്നെ പഠിപ്പിച്ചിരുന്നു. എന്നാൽ ഭാരതത്തിലെല്ലായിടത്തും ലോകത്തെവിടെയും മലങ്കര കത്തോലിക്കാസഭയ്ക്ക് അജപാലനാധികാരം ലഭിച്ചപ്പോൾ, വൈദികർക്ക് കുറേക്കൂടി വിശാലമായ സഭാബന്ധങ്ങൾ ഉണ്ടാകണമെന്ന ചിന്ത പ്രബലപ്പെടുകയും തത്വശാസ്ത്ര പഠനം ഇൻഡ്യയിലെ വിവിധ സെമിനരികളിൽ നടത്തുന്നതാണുത്തമം എന്നു തീരുമാനിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് ഇപ്പോൾ നാലാഞ്ചിറ മേജർ സെമിനരിയിൽ ദൈവശാസ്ത്ര പഠനം മാത്രമേയുള്ളു.

ഈ ലേഖകൻ ആദ്യം പട്ടത്തുള്ള സെന്റ് അലോഷ്യസ് മൈനർ സെമിനരിയിൽ വൈസ് റെക്ടറും പിന്നെ റെക്ടറുമായിരുന്നു. വടവാതൂർ സെമിനരിയിലും നാലാഞ്ചിറ മേജർ സെമിനരിയിലും പതിമൂന്നു വർഷം വീതം വിവിധ വിഷയങ്ങൾ പഠിപ്പിച്ചു. ഞാനിപ്പോൾ പത്തനംതിട്ട രൂപതയിലെ ആറ്ററികം എന്ന സ്ഥലത്തുള്ള (മുള്ളനിക്കാട് - ഓമല്ലൂർ) മൈനർ സെമിനരിയിലാണ്.

## ആദ്യകാലത്തെ എതിർപ്പുകൾ

രാഷ്ട്രീയാധികാരികളിൽ നിന്ന് മലങ്കര കത്തോലിക്കാസഭയ്ക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. 1937 മുതൽ തിരുവിതാംകൂർ

www.malankaralibrary.com

ദിവാനായിരുന്ന സി.പി.രാമസ്വാമി അയ്യർ തികഞ്ഞ വർഗീയവാദിയായിരുന്നു. അയാൾ അക്കാര്യം പരസ്യമായി പറയുകയും തദനുസൃതം പ്രവർത്തിക്കുകയും ചെയ്തു. കൽക്കട്ടാ ഹിന്ദുസ്ഥാൻ ടൈംസിന്റെ എഡിറ്റർ മിസ്റ്റർ സെന്നുമായുള്ള ഒരഭിമുഖത്തിൽ അയാൾ ഇപ്രകാരം പറഞ്ഞു:

"ഹിന്ദുവിശ്വാസത്തിൽ ഉറച്ചു വിശ്വസിക്കുന്ന ഒരു ഹിന്ദുവാണു ഞാൻ. മിലിറ്റന്റ് ഹിന്ദുത്വത്തിൽ ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ ക്രിസ്തീയ സ്വാധീനവും നിലയും വിലയും തകർക്കുക എന്നതാണ് ഇവിടുത്തെ എന്റെ മിഷൻ".

തിരുവനന്തപുരത്തുനിന്ന് മാർ ഈവാനിയോസിനെ അപമാനിച്ച് ഓടിക്കാൻ തന്നെ അയാൾ തീരുമാനിച്ചു. അയാൾ അക്ഷരാർഥത്തിൽ മാർ ഈവാനിയോസിനെ വേട്ടയാടുക ആയിരുന്നു. തിരുമേനി വാങ്ങുന്ന സ്ഥലങ്ങളെല്ലാം അയാൾ ഓരോരോ കാരണം പറഞ്ഞ് തിരിച്ചെടുക്കാൻ ശമിച്ചു. തല ചായ്ക്കാൻ ഇടമില്ലാതെ തിരുവനന്തപുരത്തുനിന്ന് മാർ ഈവാനിയോസിനെ കെട്ടുകെട്ടിക്കാനായിരുന്നു അയാളുടെ പ്ലാൻ. പുനരൈക്യത്തിനെതിരെയുള്ള തന്റെ പീഡനം അയാൾ തിരുവിതാംകൂറിൽ ഉടനീളം നടത്തി. വൈദികർക്കും ജനങ്ങൾക്കുമെതിരെ കള്ളക്കേസുകൾ ഉണ്ടാക്കുക സാധാരണമായിരുന്നു. പള്ളിപണിയാൻ സർക്കാരിന്റെ അനുവാദം വേണമെന്ന് അയാൾ ഓർഡർ ഇറക്കി, മിക്കപ്പോഴും അനുവാദം കിട്ടാറില്ലായിരുന്നു. അവസാനം മാർ ഈവാനിയോസല്ല, സി.പി.യാണ് അവഹേളിതനായി നാടുവിട്ടത്. - വട്ടിപ്പണക്കേസ് വാദിക്കാൻ മദ്രാസിൽ നിന്ന് അയാളെ ഇവിടെ കൊണ്ടുവന്നത് പാത്രിയർക്കീസ് കക്ഷിക്കാരാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലത്ത് മെത്രാൻകക്ഷിയിൽ പെട്ട ചിലരുടെ ശക്തമായ എതിർപ്പ് മാർ ഈവാനിയോസിന് നേരിടേണ്ടിവന്നു. അദ്ദേഹത്തിന്റെ കത്തോലിക്കാ കൂട്ടായ്മ പരാജയപ്പെടുത്താൻ അവരിൽ ചിലർ എല്ലാത്തരത്തിലും പരിശ്രമിച്ചു. കത്തോലിക്കാവിരുദ്ധ കൺവൻഷനുകൾ, പ്രചരണങ്ങൾ, ലഘുലേഖകൾ, ഗ്രന്ഥങ്ങൾ എന്നിവ വഴി മാർ ഈവാനിയോസിനെതിരെ നുണപ്രചരണവും ദുരാരോപണങ്ങളും നടത്തി. അദ്ദേഹത്തിന്റെ ജീവനു തന്നെയും അപകടം ഉണ്ടാകത്തക്ക സാഹചര്യങ്ങളുണ്ടായി. അദ്ദേഹത്തെ വഞ്ചകനായും ചതിയനായും ചിലർ ചിത്രീകരിച്ചു. എന്നാൽ അദ്ദേഹം അതിനെയൊക്കെ അതിജീവിച്ചു. അദ്ദേഹം തുടങ്ങിവച്ച പ്രസ്ഥാനവും അതിജീവിച്ചു. ദൈവപരിപാലനയിൽ ഇന്നും അത് പുരോഗമിക്കുന്നു.

## സഭയുടെ സാർവത്രികമാനം

സഭയുടെ സാർത്രികത മലങ്കരയിലെ പുത്തൻകൂർവിഭാഗത്തിന് കൂനൻകുരിശിനുശേഷം നഷ്ടമായി. യാക്കോബു ബുർദാനയ്ക്കുശേഷം ഉടലെടുത്ത വേർപെട്ട സഭയായ യാക്കോബായാ സഭയുമായി ബന്ധപ്പെട്ടതു

www.malankaralibrary.com

വഴി 1876-നു ശേഷം ഉൾഭരണസ്വാതന്ത്ര്യവും നഷ്ടമായി. കേസുകളുടെ പരമ്പരയിൽപെട്ട് ഉഴലുന്ന സാഹചര്യമായിരുന്നു ഈ സഭയ്ക്കുണ്ടായിരുന്നത്. ഇതിൽ നിന്ന് മാറ്റി സാർവത്രികതയും ഉൾഭരണസ്വാതന്ത്ര്യവും മലങ്കരസഭയ്ക്ക് ഉണ്ടാക്കിക്കൊടുക്കാൻ പുനരൈക്യപ്രസ്ഥാനത്തിനു കഴിഞ്ഞു. അങ്ങനെ മലങ്കരസഭയ്ക്ക് സഭാപരമായ പൂർണത കൈവന്നു. എന്നാൽ അതിന്റെ പൂർണതയിൽ അത് പ്രകടമാക്കുന്നതിനും പ്രവർത്തനക്ഷമം ആക്കുന്നതിനും മലങ്കരസഭ ഒന്നാകെ സാർവത്രിക കൂട്ടായ്മയിലേക്ക് പ്രവേശിക്കേണ്ടിയിരിക്കുന്നു. മലങ്കര കത്തോലിക്കാസഭ അതിനുള്ള പാത തുറന്നു, സാധ്യത തെളിയിച്ചിരിക്കുന്നു. പ്രാദേശികസഭയുടെ സവിശേഷതകൾ എത്രതന്നെ ഉൾക്കൊണ്ടിരുന്നാലും, ഈ സാർവത്രികമാനം കൈവരിക്കാതെ ക്രിസ്തുവിന്റെ സഭയുടെ പൂർണത സംലബ്ധമാകില്ല. സാർവത്രിക കൂട്ടായ്മയിൽ നിന്നു വേർതിരിഞ്ഞുനിന്നുകൊണ്ട് സഭാപരമായ പൂർണതയും വ്യക്തിത്വവും കൈവരിക്കാൻ ഒരു സഭയ്ക്കും സാധ്യമല്ല. 1930-ൽ മാർ ഈവാനിയോസ് പിതാവ് നേടിയെടുത്തത് ഈ കൂട്ടായ്മയാണ്.

## സുവിശേഷപ്രഘോഷണം

കത്തോലിക്കാ കൂട്ടായ്മയിലേക്ക് പ്രവേശിച്ചതുവഴി ഈ സഭയുടെ മിഷൻചൈതന്യം സജീവമായി. തെക്കൻ തിരുവിതാംകൂറിൽ മലങ്കര കത്തോലിക്കാസഭ സജീവമായി ക്രിസ്തുവിന്റെ സ്നേഹസുവിശേഷം അവതരിപ്പിച്ചു. 1930-ൽ കേരളത്തിലെ സഭകൾ പൊതുവെ മിഷൻ പ്രവർത്തനരംഗത്ത് വളരെ കാര്യമായി പ്രവർത്തിച്ചു തുടങ്ങിയിരുന്നില്ല. അക്കാലത്ത് മാർ ഈവാനിയോസ് പിതാവ് പുനരൈക്യത്തോടൊപ്പം മിഷൻ പ്രവർത്തനവും ഒരു സുപ്രധാന ദൗത്യമായി ഏറ്റെടുത്തു. മാർത്താണ്ഡം, പാറശ്ശാല എന്നിങ്ങനെ രണ്ടു രൂപതകൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് ഉണ്ടാകത്തക്കവണ്ണം ആ പ്രദേശത്തെ മിഷൻ പ്രവർത്തനത്തെ ദൈവം അനുഗ്രഹിച്ചു. മാർത്താണ്ഡത്തിനും പുത്തൂരിനും പുറമേ, കേരളത്തിനു വെളിയിൽ ഇൻഡ്യയിൽ രണ്ടു രൂപതകളും ഇൻഡ്യയ്ക്കു പുറത്ത് യു.എസ്. എ.യ്ക്കും കാനഡായ്ക്കും വേണ്ടി ഒരു രൂപതയും ഉണ്ടാകുവാൻ ഇടയായി. മറ്റിടങ്ങളിലൊക്കെ അജപാലനത്തിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഈ മിഷൻസംരംഭത്തിൽ മാർ ഈവാനിയോസ് പിതാവിന് തുണയായിരുന്നത് സീറോ-മലബാറിൽ നിന്നുള്ള വൈദികരും ബഥനിവൈദികരും സന്യാസിനികളും മേരീമക്കൾ സന്യാസിനീസമൂഹവും ഫ്രാൻസിസ്കൻ ബ്രദേഴ്സുമാണ്. അവർ തങ്ങളുടെ നാടും വീടും വിട്ട് വളരെ ദരിദ്രാവസ്ഥയിൽ കഴിഞ്ഞിരുന്ന ജനപദത്തോടൊപ്പം ദരിദ്രരായി ജീവിച്ച് സുവിശേഷം പകർന്നുകൊടുത്തു. അവരെയെല്ലാം മലങ്കരസഭ വളരെ നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com

മലങ്കരസുവിശേഷവേലയുടെ ഫലമായി കത്തോലിക്കാസഭയിലേക്ക് കടന്നുവന്ന ഒരു പ്രബലവിഭാഗമാണ് നാടാർസമൂഹം. മാർതോമാശ്ലീഹാ സ്ഥാപിച്ചു എന്നു കരുതപ്പെടുന്ന തിരുവാംകോട് പള്ളി അവരുടെ ഇടയിലാണ്. ആ പ്രദേശത്ത് അറിയപ്പെടുന്ന ഒരു ധീരരക്തസാക്ഷിയാണ് ദേവസഹായംപിള്ള. മാർ ഈവാനിയോസ് പിതാവ് അവരുടെ ഇടയിൽ സുവിശേഷവേല ആരംഭിക്കുകയും ബ.ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ സ്ഥാപിച്ച മേരീമക്കൾ സന്യാസിനീസമൂഹത്തിലൂടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.

മലങ്കര കത്തോലിക്കാ സഭയിലെ പല ഇടവകകളിലും ദളിത് ക്രിസ്ത്യാനികളുണ്ട് ഇവർ ക്രിസ്ത്യാനികൾ ആയതുകൊണ്ട്മാത്രം മാറിമാറിവരുന്ന സർക്കാരുകൾ അടിസ്ഥാന മാനുഷികനീതിയും അവസരങ്ങളും ഇവർക്ക് നിഷേധിക്കുകയാണ്. തങ്ങളുടെ മനസ്സാക്ഷി അനുസരിച്ച് ക്രിസ്ത്യാനികൾ ആയതിനാലാണ് അവർ ശിക്ഷിക്കപ്പെടുന്നത്. ക്രിസ്ത്യാനികൾ ആയ ദളിതർക്ക് നീതി നിഷേധിക്കപ്പെടുമ്പോൾ ബുദ്ധമതക്കാരും മുസ്ലീങ്ങളും സിക്കുകാരുമായിത്തീർന്ന ദളിതർക്ക് അടിസ്ഥാനനീതി ലഭിക്കുന്നു,

മലങ്കര കത്തോലിക്കാ സഭയിൽ ഈഴവസമൂഹത്തിൽ നിന്നുള്ളവരുടെ ഇടവകയും വേടർ എന്ന ഗിരിജൻ ജനതയുടെ ഇടവകയുമുണ്ട്. ഇവർക്കെല്ലാം സഭയിൽ തുല്യസ്ഥാനമാണ്. വേർതിരിവുകളൊന്നുമില്ല.

## മാർപാപ്പായുടെ ഭാരതസന്ദർശനം

പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1986–ൽ ഇൻഡ്യാ സന്ദർശിച്ച കൂട്ടത്തിൽ തിരുവനന്തപുരം പട്ടം കത്തീഡ്രൽ ഫെബ്രുവരി 8–ന് സന്ദർശിച്ചു. അവിടെ വച്ചുള്ള പ്രസംഗത്തിൽ മാർപാപ്പാ ഇപ്രകാരം പറഞ്ഞു:

“ഈ കത്തീഡ്രലിൽ വരുന്നതുവഴി ഇവിടെ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ ഓർമയെ നാം ബഹുമാനിക്കുന്നു. ആത്മാക്കളുടെ ഈ തീക്ഷ്ണനായ ഇടയന്റെ നിരവധി അജപാലക പരിശ്രമങ്ങളിൽ ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യം വളർത്തുക എന്നതായിരുന്നു അദ്ദേഹത്തിന് ഏറ്റവും പ്രിയംകരമായിരുന്ന സംഗതി. ഇന്നും സഭയിൽ മുൻഗണന നൽകുന്ന സുപ്രധാന സംഗതിയാണ് സഭൈക്യം. “അവരെല്ലാവരും ഒന്നാകുവാൻ” (യോഹ.17,20) താൻ മരിക്കുന്നതിനു മുമ്പുള്ള രാത്രിയിൽ നമ്മുടെ കർത്താവ് പ്രാർഥിച്ചു. “ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നിച്ചു ചേർക്കാനായി” അവിടുന്ന് തന്റെ ജീവൻ സമർപ്പിച്ചു. ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യത്തിനും ലോകസമാധാനത്തിനും സഹവർത്തിത്വത്തിനും വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളിൽ നാമൊരിക്കലും നഷ്ടധൈര്യരാകരുത്.”

www.malankaralibrary.com

ശംഖുമുഖം കടൽത്തീരത്തു വച്ച് ചെയ്ത പ്രസംഗത്തിലും മലങ്കര സഭയെ പ്രശംസിച്ചുകൊണ്ട് മാർപാപ്പാ പ്രസംഗിച്ചു:

"നിങ്ങളുടെ സമൂഹം പതിനാറു നൂറ്റാണ്ടിലേറെ പത്രോസിന്റെ സിംഹാസനവുമായി ഇടമുറിയാതുള്ള സംസർഗത്തിൽ കഴിഞ്ഞു. പിന്നീട് പ്രയാസങ്ങളുടെ പരമ്പര തന്നെ ഉണ്ടാകുകയും ആ സംസർഗത്തിന് തടസ്സം നേരിടുകയും ചെയ്തു. എന്നാൽ ഈ നൂറ്റാണ്ട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ വ്യക്തിപ്രാഭവത്താൽ മായാത്ത മുദ്ര പതിച്ചിരിക്കുകയാണ്. അദ്ദേഹം ക്രിസ്തീയൈക്യത്തിന്റെ വിജ്ഞാനവും സൂക്ഷ്മ ചൈതന്യവും എന്റെ മുൻഗാമി പതിനൊന്നാം പീയൂസിൽ കണ്ടെത്തി. 1932-ൽ അദ്ദേഹം റോമിലേക്ക് ചരിത്രം സൃഷ്ടിച്ച യാത്ര നടത്തി....നിങ്ങളുടെ വിശ്വാസത്തിലും നിങ്ങളുടെ പ്രാചീന പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയിലും യാക്കോബായാ, ഓർത്തഡോക്സ് സഭകളിലെയും സഭാസമൂഹങ്ങളിലെയും നിങ്ങളുടെ സഹോദരീ സഹോദരന്മാരോട് ഭ്രാതൃസഹജമായ ബന്ധങ്ങൾ മെച്ചപ്പെടുത്താനുള്ള നിങ്ങളുടെ ആത്മാർഥ പരിശ്രമങ്ങളിലും നിങ്ങളെ ഉത്തേജിപ്പിക്കാൻ ഇന്നു ഞാനാഗ്രഹിക്കുന്നു."[4]

## രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-1965)

ചരിത്രത്തിൽ ആദ്യമായി മലങ്കരസഭയിലെ രണ്ടു പിതാക്കന്മാർ - ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവും - വോട്ടവകാശത്തോടുകൂടി ഒരു എക്യുമേനിക്കൽ കൗൺസിലിൽ സംബന്ധിച്ചു. മലങ്കരസഭയ്ക്ക് എന്നും അഭിമാനിക്കാവുന്ന സംഗതിയാണിത്. സൂനഹദോസിന്റെ ഒരുക്കമായി നടന്ന പ്രാരംഭസമ്മേളനം മുതലുള്ള എല്ലായോഗങ്ങളിലും തുടർച്ചയായി മാർ ഗ്രിഗോറിയോസ് പിതാവ് സംബന്ധിച്ചു. അതുപോലെ കൗൺസിലിനു ശേഷമുള്ള സിനഡുകളിലും മലങ്കരസഭാതലവന്മാർ പങ്കെടുക്കുന്നു.

## ഇന്നത്തെ സഭൈക്യചർച്ചകൾ

കേരളത്തിലെ ഓർത്തഡോക്സ്, യാക്കോബായാ സഭകളുമായുള്ള എക്യുമേനിക്കൽ സംഭാഷണങ്ങളിൽ മലങ്കര കത്തോലിക്കാസഭയും ഔദ്യോഗികമായി പങ്കെടുക്കുന്നു. സിറിൽ മാർ ബസേലിയോസും ഈ ലേഖകനുമായിരുന്നു ആദ്യകാലത്തെ പത്തുപതിനാറു യോഗങ്ങളിൽ പങ്കെടുത്തവർ. ഇപ്പോൾ മലങ്കരസഭയെ പ്രതിനിധീകരിക്കുന്നത് തോമസ് മാർ കൂറില്ലോസും ജേക്കബ് തെക്കേപ്പറമ്പിലച്ചനുമാണ്. അതുപോലെ വിയന്നാ കേന്ദ്രമാക്കിയുള്ള *പ്രോ ഓറിയെന്തേ* സുറിയാനിക്കമ്മീഷനിൽ മലങ്കര കത്തോലിക്കാസഭയെ പ്രതിനിധീകരിക്കുന്നത് ഈ ലേഖകനാണ്.

4. *L'Osservatore Romano*, 7(924), (Feb.17.1986), p.8; ജി.ചേടിയത്ത്, *അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും,*കോട്ടയം, 1986.പേ.271-273.

www.malankaralibrary.com

## സമ്പൂർണ്ണ പുനരൈക്യം ഇന്നിന്റെ ആവശ്യം

നമ്മുടെ നാട്ടിൽ 1930-ൽ ഉണ്ടായ സഭൈക്യത്തെ നാം പുനരൈക്യം എന്നാണ് വിളിക്കുന്നത്. അത് ഭാഗികമായ ഐക്യമായിരുന്നു. അത് പൂർണ്ണമായ ഐക്യത്തിലേക്ക് നയിക്കേണ്ടത് പരിശുദ്ധാത്മശക്തിയാൽ ഇന്നത്തെ സഭാനേതാക്കന്മാരാണ്.

മാർതോമാ ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന നമ്മുടെ കർത്താവിന്റെ സഭ പതിനേഴു നൂറ്റാണ്ടുകാലം (1653 വരെ) ഒറ്റ സഭയായിരുന്നു എന്നത് ചരിത്രം അറിയാവുന്നവരെല്ലാം പരക്കെ അംഗീകരിക്കുന്ന യാഥാർഥ്യമാണ്. പിളർപ്പിന്റെയും കോടതിക്കേസിന്റെയും പശ്ചാത്തലത്തിലാണ് പുത്തൻകൂറ്റുകാർ എന്നറിയപ്പെടുന്ന സമൂഹത്തിൽ നിന്ന് കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ്ണവും കാനോനികവുമായ കൂട്ടായ്മ പുനഃസ്ഥാപിച്ചത്. 1653-നു ശേഷമുണ്ടായ പിളർപ്പ് ഭാഗികമായി അവസാനിച്ചത് 1930-ലെ പുനരൈക്യത്തോടു കൂടിയാണ്. 1930 മുതൽ ഈ സംരംഭം പുനരൈക്യപ്രസ്ഥാനം എന്നാണ് അറിയപ്പെടുന്നത്.

ആ പുനരൈക്യം ഭാഗികമായിരുന്നു. 1926-ൽ ഓർത്തഡോക്സ് വിഭാഗത്തിൽ പെട്ട നേതാക്കന്മാർ റോമാസഭയുമായി നടത്തിയ എക്യുമേനിക്കൽ ചർച്ചകളുടെ അനന്തര ഫലമാണ് 1930-ലെ പുനരൈക്യം. അങ്ങനെ ഒറ്റപ്പെട്ടും വേർപെട്ടും കഴിഞ്ഞ അവസ്ഥയിൽ നിന്ന് ഈ വിഭാഗം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.

അന്നൊക്കെ "റീത്തനുവദിച്ചു" എന്ന് ഈ സംരംഭത്തെ വിശേഷിപ്പിച്ചിരുന്നു. പുനരൈക്യപ്പെട്ടവരെ "റീത്തുകാർ", അവരുടെ പള്ളിയെ "റീത്തുപള്ളി" എന്നൊക്കെ വിളിച്ചിരുന്നു. അന്നത്തെ റോമൻ കത്തോലിക്കാ സഭയുടെയും അവരോട് ബന്ധപ്പെട്ടവരുടെയും സഭാശാസ്ത്രം അനുസരിച്ചാണ് ഇപ്രകാരം വിളിക്കപ്പെട്ടത്. ഇന്നത്തെ കത്തോലിക്കാ സഭാശാസ്ത്രത്തിൽ നിന്ന് കുറേയൊക്കെ വ്യത്യാസം അക്കാലത്തെ വീക്ഷണങ്ങളിൽ ഉണ്ടായിരുന്നു.

പഴയകൂറ്റിലും പുത്തൻ കൂറ്റിലുമുള്ള പിതാക്കന്മാരും ജനങ്ങളും അത്യധികം ആഗ്രഹിച്ചിരുന്ന ഒന്നാണ് ഇരുവിഭാഗങ്ങളും ഒന്നായി കൂട്ടായ്മയിൽ പ്രവേശിക്കുക എന്നത്. അതിനുള്ള കവാടം തുറന്നത് 1930-ലാണ്. തന്റെ കൂടെ വന്നവരെ, കലഹത്തിന്റെയും കോടതിയുടെയും വിദ്വേഷത്തിന്റെയും ബന്ധനങ്ങളിൽ നിന്ന് വിമുക്തരാക്കി. അദ്ദേഹം കത്തോലിക്കാ കൂട്ടായ്മയിലൂടെ നേടിയെടുത്തത് എന്താണെന്നും അദ്ദേഹത്തിന്റെ മഹത്വം എന്താണെന്നും മനുഷ്യർ ഇനിയും മനസ്സിലാക്കാൻ ഇരിക്കുന്നതേയുള്ളു.

മലങ്കരയിൽ ശാശ്വത സമാധാനത്തിനുള്ള വഴി ഇതു മാത്രമാണെന്ന് മനുഷ്യർ മനസ്സിലാക്കാത്തിടത്തോളം കാലം സ്വസ്തത ഉണ്ടാകാൻ പ്രയാ

www.malankaralibrary.com

സമാണ്. റോമിലെ മാർപാപ്പായെ മാറ്റി നിർത്തിക്കൊണ്ട് ഐക്യം സാധിക്കാമെന്നു കരുതുന്നത് യാഥാർഥ്യത്തിന് നിരക്കുന്നതല്ല. ലക്ഷ്യമില്ലാത്ത ചർച്ചകൾ അർഥമില്ലാതെ പരിണമിക്കുന്ന കാഴ്ച ചില സഭൈക്യ ചർച്ചകളിൽ ദൃശ്യമാണ്. ഐക്യം ഉണ്ടാക്കാൻ ആത്മാർഥമായി ആഗ്രഹിച്ച പിതാക്കന്മാരുടെ പാതയിലൂടെയാണോ ഇന്നത്തെ ചർച്ചകളെന്ന് ചിന്തിക്കാവുന്നതാണ്.

1930-ൽ യാഥാർഥ്യമായത് ഭാഗികമായ ഐക്യമാണ്. അത് സമ്പൂർണമായ ഐക്യത്തിൽ എത്തിക്കേണ്ടത് ഇന്നത്തെ വിവിധ സഭാനേതാക്കന്മാരാണ്. ഐക്യം കർതൃഹിതവും ഇന്നിന്റെ ആവശ്യവുമാണ്. മാറിയ സാഹചര്യത്തിൽ സഭൈക്യത്തിന് നസ്രാണിസഭകൾ ഒന്നടങ്കം താൽപര്യം കാണിക്കേണ്ടതുണ്ട്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ഐക്യം സുസാധമാക്കാൻ മാർതോമാ നസ്രാണികൾ എല്ലാവരും തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

## കാലം ചെയ്ത പിതാക്കന്മാർ

തോമസ് മാർ ദിയൊസ്കോറോസ് (1939-1943)
ഗീവർഗീസ് മാർ ഈവാനിയോസ് (1930-1953)
ജോസഫ് മാർ സേവേറിയോസ് (1937-1955)
യാക്കോബ് മാർ തെയോഫിലസ് (1930-1956)
സക്കറിയാസ് മാർ അത്തനാസ്യോസ് (1954-1977)
ഐസക്ക് മാർ യൂഹാനോൻ (1973-1987)
**ബനഡിക്ട് മാർ ഗ്രിഗോറിയോസ്** (1953-1994)
ലോറൻസ് മാർ അപ്രേം (1980-1997)
പൗലോസ് മാർ പീലക്സീനോസ് (1977-1998)

**സിറിൽ മാർ ബസേലിയോസ്** (1978-2007): ബത്തേരി മെത്രാൻ (1978-95); തിരുവനന്തപുരം ആർച്ചുബിഷപ്പ് (1995-2004); മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ് (1995-2004)

ഗീവർഗീസ് മാർ ദിവന്നാസ്യോസ് (1996-2018)
ഗീവർഗീസ് മാർ തിമോതിയോസ് (1988-2019)

www.malankaralibrary.com

## അധ്യായം - 2

# യാക്കോബായാ-ഓർത്തഡോക്സ് സഭകൾ

### ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ

കേരളത്തിലെ യാക്കോബായാ-ഓർത്തഡോക്സ് സഭകൾ ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽ ഉൾപ്പെടുന്നു. കൽക്കദോനിയായിൽ (കാൽസിഡണിൽ) വച്ച് 451-ൽ നടന്ന എക്യുമേനിക്കൽ കൗൺസിൽ അംഗീകരിക്കാതെ അന്നത്തെ കത്തോലിക്കാസഭയിൽ നിന്നു വിട്ടുമാറിയ സഭാസമൂഹങ്ങൾ ഇന്ന് പൊതുവായി അറിയപ്പെടുന്നത് *ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ* എന്നാണ്. സിറിയായിലും ഈജിപ്തിലും ഉണ്ടായിരുന്ന കുറേ ക്രിസ്ത്യാനികളാണ് ആദ്യം കാൽസിഡൺ സിനഡിനോട് എതിർപ്പ് പ്രകടിപ്പിച്ചത്. പ്രധാനമായി ഗ്രാമവാസികളായ സുറിയാനിക്കാരും കോപ്തിക്കുകാരുമാണ് കൗൺസിൽ നിരാകരിച്ചത്. അതിന് അവരെ പ്രേരിപ്പിച്ചത് ബിസന്റൈൻ ചക്രവർത്തിമാരോട് നീരസമുണ്ടായിരുന്ന ഗ്രാമീണസന്യാസികളാണ്. അവർക്ക് ഗ്രാമവാസികളുടെ ഇടയിൽ വലിയ സ്വാധീനം ഉണ്ടായിരുന്നു.

കാൽസിഡൺ കൗൺസിൽ അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ളവർ എന്നയർഥത്തിൽ *ദിയാക്രിനോമെനോയ്* എന്ന് ഗ്രീക്കിൽ ഇവർ അറിയപ്പെട്ടു. അതുപോലെ അദ്യകാലത്ത് ഈ വിഭാഗത്തിന് സഭാധ്യക്ഷന്മാരില്ലായിരുന്നു. അതുകൊണ്ട് തലവനില്ലാത്തവർ എന്ന അർഥത്തിൽ ഗ്രീക്കിൽ *അകെഫലോയ്* എന്നും ഇവർ വിളിക്കപ്പെട്ടിരുന്നു. അന്നുവരെ റോമൻ പ്രദേശങ്ങളിലെ സഭകൾ കാത്തലിക്-ഓർത്തഡോക്സ് സഭ എന്ന് അറിയപ്പെട്ടിരുന്നു.[1] കാൽസിഡൺ കൗൺസിലിനു ശേഷം ഓർത്തഡോക്സ് എന്നപദം കാൽസിഡൺ അംഗീകരിക്കുന്ന പൗരസ്ത്യ സഭകളുടെ പേരായി. ഈജിപ്ത്, സിറിയാ, പലസ്തീനാ, ഏഷ്യാമൈനർ എന്നിവിടങ്ങളിലെ

---

1. ഓർത്തഡോക്സ് (*Orthodox)* =സത്യവിശ്വാസം.

www.malankaralibrary.com

കാൽസിഡൺ അംഗീകരിക്കുന്ന സഭകൾ ഈ പേര് തുടർന്നും ഉപയോഗിച്ചു. പാശ്ചാത്യസഭ കൂടുതലായി കാത്തലിക് എന്ന പദവും ഉപയോഗിച്ചു. എന്നാൽ കാൽസിഡൺ അംഗീകരിക്കുന്ന ഈ രണ്ടുസഭകളും കാത്തലിക്കും ഓർത്തഡോക്സും ആയിരുന്നു.

കാൽസിഡൺ അംഗീകരിക്കാത്തവർ ഇരുപതിലേറെ അവാന്തര വിഭാഗങ്ങളായി പരസ്പരവിരുദ്ധ പ്രബോധനങ്ങൾ പഠിപ്പിച്ച് ഛിന്നഭിന്നമായിക്കൊണ്ടിരുന്നു. അവരെ സംഘടിപ്പിച്ച് അവർക്ക് നേതൃത്വനിര കെട്ടിപ്പടുത്തത് യാക്കോബു ബുർദാനാ (യാ) (+578) എന്ന സന്യാസി ആയിരുന്നു. യാക്കോബിന്റെ നേതൃത്വം സ്വീകരിച്ചവർ എന്ന അർഥത്തിൽ കാൽസിഡൺ വിരുദ്ധസമൂഹങ്ങൾ, പ്രത്യേകിച്ച് പലസ്തീനാ, സിറിയാ, മെസൊപ്പൊട്ടേമിയാ, എന്നിവിടങ്ങളിൽ ഉള്ളവർ, *യാക്കോബായക്കാർ* എന്ന് കാലാന്തരത്തിൽ അറിയപ്പെട്ടു. അന്ത്യോക്യയിലെ കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസായിരുന്ന സെവേരൂസിന്റെ പേരിൽ സെവേര്യന്മാർ എന്നും ചിലയിടങ്ങളിൽ ഇവർ വിളിക്കപ്പെട്ടു.

കാലക്രമത്തിൽ അർമേനിയാ, എത്യോപ്യാ എന്നിവിടങ്ങളിലെ സഭകൾ കാൽസിഡൺ വിരുദ്ധ നിലപാടുകൾ സ്വീകരിച്ചു. സിറിയാ, ഈജിപ്ത് എന്നിവിടങ്ങളിലെ യാക്കോബായാ സഭകളുടെ സ്വാധീനത്തിലത്രേ അവർ ഇപ്രകാരം ചെയ്തത്. കേരളത്തിലെ മാർതോമാ നസ്രാണികളിൽ ഒരു വിഭാഗം 1653-നുശേഷം പശ്ചിമേഷ്യയിലെ കാൽസിഡൺ വിരുദ്ധ യാക്കോബായാ സഭയുമായി ബന്ധപ്പെട്ടു. സാവധാനം ഈ വിഭാഗം അന്ത്യോക്യൻ യാക്കോബായാ സഭയുടെ സ്വാധീനത്തിൽ കാൽസിഡൺ വിരുദ്ധ ചേരിയിൽ ഉൾപ്പെട്ടു. അത് ഏതാണ്ട് 1876-ലെ മുളന്തുരുത്തി സൂനഹദോസോടുകൂടെയാണ്. ആ സിനഡിൽ വച്ച് യാക്കോബായാ സഭയുടെ ഭാഗമായെങ്കിലും ഔദ്യോഗികമായി കാൽസിഡൺ വിരുദ്ധത കേരളത്തിലെ പുത്തൻകൂറ്റുകാർ സ്വീകരിച്ചതായി രേഖയില്ല. ഈ അടുത്ത കാലത്ത് കേരളത്തിലെ ചില പുത്തൻകൂർ നേതാക്കന്മാർ മുൻകൈ എടുത്ത് സംഘടിപ്പിച്ചതാണ് ഓറിയന്റൽ ഓർത്തഡോക്സ് എന്ന സഭാഫോറം.

കാലക്രമത്തിൽ യാക്കോബായാ പാരമ്പര്യമുള്ള സഭകളും കാൽസിഡൺ അംഗീകരിക്കുന്ന സഭകളെപ്പോലെ ഓർത്തഡോക്സ് എന്ന നാമം സ്വീകരിച്ചു. ആധുനിക കാലത്തെ സഭൈക്യ ചർച്ചകളിലും മറ്റും കാൽസിഡൺ വിരുദ്ധരായ യാക്കോബായാ സഭകൾ *ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ* എന്നാണ് അറിയപ്പെടുന്നത്. പുരാതന ഓർത്തഡോക്സ് സഭകളായ ബിസന്റൈൻ സഭകളിൽ നിന്നു തിരിച്ചറിയാനായി യാക്കോബായാ സഭകൾ *ഓറിയന്റൽ* എന്ന പദം കൂട്ടിച്ചേർത്തിരിക്കുന്നു. കാൽസിഡൺ അംഗീകരിക്കുന്ന സഭകളാകട്ടെ, *ഈസ്റ്റേൺ ഓർത്തഡോക്സ്* എന്നോ *ഓർത്തഡോക്സ്* എന്നു മാത്രമോ ആണ് സഭൈക്യ ചർച്ചകളിൽ വിളിക്കുന്നത്. ഈസ്റ്റേൺ എന്നും ഓറിയന്റൽ എന്നും പറഞ്ഞാൽ

www.malankaralibrary.com

ഇംഗ്ലീഷിൽ ഒരേ അർഥമാണ്. പൗരസ്ത്യം എന്നോ കിഴക്കൻ എന്നോ വിവർത്തനം ചെയ്യാം. സഭൈക്യ ചർച്ചാവേദികളിൽ കത്തോലിക്കർ അല്ലാത്ത ഈ രണ്ടുതരം കിഴക്കൻ സഭകളെ കുറിക്കാൻ ഈ രണ്ടു പദങ്ങൾ ഉപയോഗിക്കുന്നു എന്നുമാത്രം.

ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്ന പേരിൽ ഇപ്പോൾ ആറ് സഭാസമൂഹങ്ങളുണ്ട്:

1. അന്ത്യോക്യൻ സിറിയൻ
2. അലക്സാണ്ഡ്രിയൻ കോപ്റ്റിക്
3. എത്യോപ്യൻ
4. അർമേനിയൻ
5. മലങ്കര
6. എരിത്രിയൻ[2]

ഈ ആറ് സഭാസമൂഹങ്ങളും പൂർണമായും സ്വതന്ത്രങ്ങളാണ്. ഇവ മൂന്നു ലിറ്റർജിക്കൽ കുടുംബങ്ങളിൽ പെട്ടവയാണ്: അന്ത്യോക്യൻ, അലക്സാൺഡ്രിയൻ, അർമേനിയൻ. സിറിയനും അർമേനിയനും ഏഷ്യൻസഭകളാണ്. കോപ്തിക്, എത്യോപ്യൻ, എരിത്രിയൻ എന്നിവ ആഫ്രിക്കൻ സഭകളാണ്.

ഈ ആറു സഭകൾക്കും വൈവിധ്യമാർന്ന ചരിത്ര പശ്ചാത്തലങ്ങൾ ആണുള്ളത്. കാൽസിഡൺ വിരുദ്ധ ചേരിയിൽ നിൽക്കുന്നു എന്നതാണ് ഇവരെ ഒന്നിപ്പിക്കുന്ന ഘടകം. എന്നാൽ കേരളത്തിലെ മലങ്കര ഓർത്ത ഡോക്സ് സഭയും അന്ത്യോക്യൻ സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിൽ ഇപ്പോഴും പ്രായോഗികമായി ധാരണയിലല്ല. എത്യോപ്യൻ, അർമേനിയൻ, മലങ്കരസഭകൾ 451-ലെ കാൽസിഡൺ കൗൺസിലിൽ സംബന്ധിക്കുകയോ, അതിനെ തിരസ്കരിക്കുകയോ ചെയ്തിട്ടില്ല. കാലക്രമത്തിലാണ് ഈ സഭകൾ കാൽസിഡൺ വിരുദ്ധ ചേരിയിൽ വന്നത്.

ക്രിസ്തുശാസ്ത്രം സംബന്ധിച്ചാണ് സിറിയായിലേയും ഈജിപ്തി ലേയും കുറേപ്പേർ 451-ൽ കത്തോലിക്കാസഭ വിട്ടുപോയത്. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഈ സഭകൾ റോമൻ കത്തോലിക്കാസഭയിൽ നിന്നും ബിസന്റൈൻ ഓർത്തഡോക്സ് സഭയിൽ നിന്നും അകന്നു. പൂർണമായ കൂട്ടായ്മ ഇല്ലാതെ വളർന്നതിന്റെ ഫലമായി എല്ലാ സഭകളും അൽപ്പസ്വൽപ്പ വ്യത്യാസമുള്ള ദൈവശാസ്ത്ര ചിന്താരീതികൾ സ്വന്തമാക്കി. എന്നാൽ ഈ അടുത്ത കാലത്തുണ്ടായ സഭൈക്യചർച്ചകളുടെ വെളിച്ചത്തിൽ, കാൽസി ഡൺ അംഗീകരിച്ചവരും ത്യജിച്ചവരും തമ്മിൽ ക്രിസ്തുശാസ്ത്രം

2. എരിത്രിയൻസഭ 1994-ലാണ് എത്യോപ്യൻ സഭയിൽനിന്ന് വേർപെട്ടത്.

www.malankaralibrary.com

സംബന്ധിച്ചുള്ള അന്തരം നാമമാത്രമാണെന്നും വിവിധ ഫോർമുലകൾ ഉപയോഗിക്കുന്നെങ്കിലും, ഇരുവിഭാഗക്കാരുടെയും വിശ്വാസം ഒന്നുതന്നെ യാണെന്നുമുള്ള ധാരണയിൽ ഇരുവിഭാഗങ്ങളും എത്തിയിട്ടുണ്ട്. എവുത്തീക്കൂസിന്റെ **ഏകസ്വഭാവവാദം** എന്ന അബദ്ധപ്രബോധനത്തെ കത്തോലിക്കരെപ്പോലെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തിരസ്ക്കരിക്കുന്നു. എന്നാൽ അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ പഠിപ്പിച്ച "അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം" *(മിയാ ഫ്യൂസിസ് തൂ തെവു ലോഗു സെസർക്കോമെനെ)* എന്ന ശൈലി അവർ മുറുകെ പിടിക്കുന്നു. വിശുദ്ധ സിറിൽ *ഫ്യൂസിസും ഹ്യുപ്പോസ്റ്റസിസും പ്രോസൊപ്പോണും* താദാത്മ്യപ്പെടുത്തിയിരുന്നു. അപ്പോൾ *ഏകസ്വഭാവം* എന്നു സിറിൽ പറഞ്ഞത് *ഏകയാൾ* എന്ന അർഥത്തിലാണ്. ആ അർഥത്തിൽ കത്തോലിക്കരും ബിസന്റൈൻകാരും സിറിലിന്റെ ഈ ഫോർമുല സ്വീകരിക്കുന്നു.

അപ്പസ്തോലിക സഭകളുടെ അടിസ്ഥാന വിശ്വാസസത്യങ്ങളെല്ലാം ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നു. കാതലായ സംഗതികളിൽ അഭിപ്രായൈക്യം പുലർത്തുന്നു. നൂറ്റാണ്ടുകളായി ഉണ്ടായിട്ടുള്ള അകൽച്ച കുറയ്ക്കാൻ പല ഐക്യപരിശ്രമങ്ങളും നടക്കുന്നു. വിയന്നാ കേന്ദ്രമാക്കിയുള്ള *പ്രോ ഓറിയെന്തേ* ഫൗണ്ടേഷന്റെ ആഭിമുഖ്യ ത്തിൽ കത്തോലിക്കാസഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിൽ ഐക്യം ലക്ഷ്യം വച്ചുകൊണ്ട് നിരവധി അനൗദ്യോഗിക ചർച്ചകൾ നടക്കുകയും ധാരണയിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്.[3] അതുപോലെ ബിസന്റൈൻ സഭകളുമായും ധാരണകൾ ഉരുത്തിരിഞ്ഞു വരുന്നു.[4] ഒദ്യോഗിക തലത്തിൽ തന്നെയും ചില ധാരണകൾ ഉണ്ടായിട്ടുണ്ട്.[5]

## കേരളത്തിലെ പടലപിണക്കം

ഈയടുത്ത കാലത്തുണ്ടായ സുപ്രീം കോടതിവിധിപ്രകാരം കേരളത്തിൽ യാക്കോബായാ പാരമ്പര്യമുള്ള ഒരു ഓർത്തഡോക്സ് സഭയേ ഉള്ളു. 1934-ലെ ഭരണഘടന അനുസരിച്ച് ഭരിക്കുന്ന കാതോലിക്കോസാണ് ആ സഭയുടെ തലവൻ. യാക്കോബായാ എന്നു സ്വയം വിളിക്കുകയും അന്ത്യോക്യാ പാത്രിയർക്കീസിനെ പ്രായോഗികമായി അംഗീകരിക്കുകയും ചെയ്യുന്ന വിഭാഗവും അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിക്കണം എന്നാണ് വിധി. ഇതിന്റെ വെളിച്ചത്തിൽ യാക്കോബായക്കാർ ഭൂരിപക്ഷമുള്ള പള്ളികൾ

3. ജി.ചേടിയത്ത്, *അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും,* കോട്ടയം, 1986.പേ.135-151;*Wort und Wahrheit, Supplementary,* Vienna, No.1(1972);2(1974); 3(1976).4(1978).5(1988).
4. ജി.ചേടിയത്ത്, *അന്ത്യോക്യൻസഭ,* 131-135.
5. *അതേകൃതി,* 162-164;200-206.

www.malankaralibrary.com

പിടിച്ചെടുക്കാൻ ചില റമ്പാന്മാരുടെ നേതൃത്വത്തിൽ ശ്രമിച്ചുവരുന്നു. അതിനെ യാക്കോബായക്കാർ ശക്തിയായി എതിർത്തുകൊണ്ടിരിക്കുന്നു. കോട്ടയത്തിനു വടക്കുള്ള വലിയ പള്ളികളിൽ യാക്കോബായക്കാർക്കാണ് ഭൂരിപക്ഷം എന്നു പറയപ്പെടുന്നു.

മലബാർ പ്രദേശങ്ങളിലുള്ള പള്ളികളിൽ രണ്ടുകൂട്ടരും കൂടി ഒരു ജീവിതക്രമം *(മോദുസ് വിവെൻദി)* ഉണ്ടാക്കി. ഇടവകയിലെ ഭൂരിപക്ഷക്കാർക്ക് പള്ളി വിട്ടുകൊടുത്തിട്ട് ന്യൂനപക്ഷക്കാർ വേറേ പള്ളിവച്ചു പിരിഞ്ഞു. അവരെ അതിന് ഭൂരിപക്ഷക്കാർ സഹായിച്ചു. ഇത് ബാക്കിയുള്ളിടങ്ങളിലും ചെയ്യാമായിരുന്നു എന്ന് കരുതുന്നവരുണ്ടാകാം.

ഇണങ്ങിയും പിണങ്ങിയും കേസു പറഞ്ഞും തമ്മിലടിച്ചും 1912 മുതൽ ഏതാണ്ട് ഒന്നായി പോയ സഭ 2005-നുശേഷം രണ്ടായി തിരിഞ്ഞു. ഇപ്പോഴും അപ്രകാരം തന്നെ. എന്നാൽ കോടതിവിധിപ്രകാരം ഒരു സഭയേയുള്ളു. വട്ടിപ്പണക്കേസ് (1013-1928), സമുദായക്കേസ് (1938-1958), രണ്ടാം സമുദായക്കേസ് (1975- ) എന്നിങ്ങനെ ഒരു നൂറ്റാണ്ടിനപ്പുറം കേസു പറഞ്ഞവരെ ഒരൊറ്റ കോടതി വിധിവഴി പെട്ടെന്ന് ഒന്നിപ്പിക്കാൻ ആകുമോ എന്ന് ചിലരെങ്കിലും ചോദിച്ചുപോകാറുണ്ട്. ഇപ്പോഴത്തെ പള്ളി പിടുത്തവും അതിനെതിരെയുള്ള ചെറുത്തുനിൽപ്പും ക്രിസ്ത്യാനികളുടെ വിലയിടിച്ചുകളയുന്നതും ക്രിസ്തീയ സ്നേഹത്തിന് എതിർ സാക്ഷ്യവുമാണെന്ന് ആരെങ്കിലും വേദനയോടെ പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താനാവില്ല.

കേരളത്തിലെ യാക്കോബായാ-ഓർത്തഡോക്സ് സഭയുടെ അംഗസംഖ്യ സംബന്ധിച്ച് ഒരേ സഭയിൽ പെട്ടവർ പോലും പല കണക്കുകൾ നൽകുന്നതിനാൽ കൃത്യമായ കണക്ക് രേഖപ്പെടുത്താൻ പ്രയാസമാണ്.[6]

## കേരളത്തിലെ യാക്കോബായാ സഭാപ്രവേശനം

പശ്ചിമേഷ്യയിലെ യാക്കോബായാ സഭയെപ്പറ്റി മറ്റൊരു ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ഇവിടെ അതെല്ലാം ആവർത്തിക്കുന്നില്ല.[7] അന്ത്യോക്യൻ സിറിയക് ഓർത്തഡോക്സ് സഭ എന്നാണ് പശ്ചിമേഷ്യയിലും മറ്റും യാക്കോബായാസഭ ഇപ്പോൾ അറിയപ്പെടുന്നത്. എന്നാൽ ചരിത്രപരമായി കേരളത്തിൽ ഈ സഭ അറിയപ്പെട്ടിരുന്നത് അന്ത്യോക്യൻ യാക്കോബായാ സുറിയാനിസഭ എന്നാണ്. ഇപ്പോൾ കേരളത്തിലെ

6. Alex Urumpackal, *Vocations in India*, Vol.2:The Clergy, Kottayam.1988,p.56-66: 11.5 lakhs Orthodox faithful; D.Daniel, *The Orthodox Church of India*,New Delhi,1986, p.459-460: 15 lakhs; Paulose Mar Gregorios,*The Indian Orthodox Church-An Overview,* Kottayam, 1982: 16 lakhs(in page 68) and 14.5 lakhs(in page 70-71).

7. ജി.ചേടിയത്ത്, *അന്ത്യോക്യൻസഭ ഉത്ഭവവും വളർച്ചയും,* കോട്ടയം, 1986.

www.malankaralibrary.com

ഒരുവിഭാഗം അറിയപ്പെടുന്നത് യാക്കോബായാ സുറിയാനി ഓർത്തഡോക്സ് സഭ എന്നാണ്. മലങ്കര സിറിയക് ഓർത്തഡോക്സ് സഭ എന്നും ഇപ്പോൾ പറഞ്ഞുവരുന്നുണ്ട്. മറ്റേ കൂട്ടർ മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ എന്ന് സ്വയം വിളിക്കുന്നു.

## മാർ തോമാ ഒന്നാമൻ (1653-1670)

കൂനൻകുരിശുസത്യം വരെയുള്ള (1653) കേരളസഭാചരിത്രം മുൻഅധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.[8] കൂനൻ കുരിശിനുശേഷം അതേവർഷം മെയ് 22-ന് പെന്തിക്കോസ്തി ദിവസം ആലങ്ങാട്ടുപള്ളിയിൽ ചേർന്ന നസ്രാണികളുടെ യോഗത്തിൽ വച്ച് 12 കത്തനാരന്മാർ കൂടി ആർച്ചു ഡീക്കൻ തോമ്മായെ സഭാധ്യക്ഷനാക്കി.[9] '12 കത്തനാരന്മാർ കൂടി ഒരു മെത്രാനെ വാഴിച്ചുകൊള്ളാൻ പരിശുദ്ധ മാർപാപ്പാ അനുവദിച്ചിരി ക്കുന്നു' എന്ന്, തെക്കുംഭാഗരുടെ ചുങ്കംപള്ളി വികാരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ഒരു വ്യാജരേഖ ജനതാമധ്യേ പ്രചരിപ്പിച്ചു. തൊടുപുഴയ്ക്കടുത്തുള്ള പുരാതന ക്രൈസ്തവ കേന്ദ്രമായിരുന്നു ചുങ്കം പള്ളി. റോമിൽ നിന്നു കിട്ടിയ "അൾത്താരാനുകൂല്യപത്രം" (പ്രിവിലേജ്) കാണിച്ച് അത് മാർപാപ്പായുടെ ബൂളായാണെന്നും 12 വൈദികർ കൂടിയാൽ പ്രത്യേക സാഹചര്യത്തിൽ മെത്രാനെ വാഴിക്കാമെന്നും അദ്ദേഹം ജനങ്ങളെ തെറ്റുദ്ധരിപ്പിച്ചു.[10] സത്യാവസ്ഥ ഗ്രഹിക്കാതെ പ്രസ്തുത രേഖയുടെ വെളിച്ചത്തിൽ, 12 കത്തനാരന്മാർ കൂടി ആർച്ചുഡീക്കനെ മെത്രാനായി വാഴിച്ചെന്ന് പറയപ്പെടുന്നു. എന്നാൽ നിയുക്ത മെത്രാനായിട്ടാണ് ആർച്ചുഡീക്കനെ ജനം തെരഞ്ഞെടുത്തതും 12 കത്തനാരന്മാർ ഭരണം ഏൽപ്പിച്ചതുമെന്ന് ഒരു പറച്ചിലുണ്ട്.[11] പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ, കടവിൽ ചാണ്ടിക്കത്തനാർ, വെങ്ങാട്ടൂർ ഗീവർഗീസ് കത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നിങ്ങനെ നാല് ആലോചനക്കാരെയും തെരഞ്ഞെടുത്തു. മാർ തോമാ യഥാർഥ മെത്രാൻപട്ടമുള്ള സഭാധ്യക്ഷൻ ആയിരുന്നില്ല. പട്ടം കൊടുക്കാനോ മൂറോൻ കൂദാശ നടത്താനോ മാർ തോമായ്ക്ക് വ്യാജരേഖയിലും അനുവാദം നൽകിയിരുന്നില്ല എന്നും പറയപ്പെടുന്നു.

നടന്ന സംഗതികൾ വിവരിച്ചുകൊണ്ട് റോമിലെ മാർപാപ്പായ്ക്ക് മാർതോമാ കത്തെഴുതി. മിഷണറിമാരും സംഗതികൾ അവരുടെ

8. മുകളിൽ പേ. 1 -71 കാണുക.
9. മെയ് 22 ജൂലിയൻ കലണ്ടർ; ജൂൺ1 ഗ്രിഗോറിയൻ കലണ്ടർ; ഇടവം 22 സുറിയാനിക്കണക്ക്:1993-ലെ *മലങ്കര സഭാവിജ്ഞാനകോശം* "പന്ത്രണ്ട് മേൽപട്ടക്കാർ ചേർന്ന്" അവരോധിച്ചു എന്ന് പേജ് 658-ൽ പറയുന്നത് തെറ്റാണ്. പേജ് 589-ൽ ശരിയായും കാണുന്നു.
10. മാത്യു മടുക്കക്കുഴി,*പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിലൂടെ*, ഭാഗം 2, കാഞ്ഞിരപ്പള്ളി,1995, പേ.20-21.
11. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം,* 1984,പേ.324-325.

www.malankaralibrary.com

കണ്ണുകളിലൂടെ റോമിനെ ധരിപ്പിച്ചു. നിജസ്ഥിതി അറിയാൻ റോമിൽ നിന്ന് സെബസ്ത്യാനി, ഹിയാസിന്ത് എന്നിങ്ങനെ രണ്ട് സന്ദർശകരെ അയച്ചു. സെബസ്ത്യാനി 1657-ലും ഹിയാസിന്ത് 1658-ലും നാട്ടിലെത്തി. ഇരുവരും മാർതോമായേയും നിരവധി പേരെയും ഇന്റർവ്യൂ നടത്തി. "മാർതോമായുടെ പട്ടം ശരിയല്ല. ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജരേഖയാണ്. മാർപാപ്പാ തന്നെ അയച്ചിരിക്കയാണ്'' എന്നെല്ലാം സെബസ്ത്യാനി പ്രചരിപ്പിച്ചതിന്റെ ഫലമായി കൂനൻകുരിശുസത്യം ചെയ്ത അനേകർ തിരികെ വീണ്ടും മിഷണറിമാരെ അംഗീകരിക്കാൻ തുടങ്ങി.

സെബസ്ത്യാനി 1658-ൽ റോമിൽ പോയി. 1661-ൽ മെത്രാനായി തിരികെ വന്നു. *മലബാറിലെ അപ്പസ്തോലിക് വികാരിയേറ്റ്* എന്ന പേരിൽ പ്രൊപ്പഗാന്തായുടെ കീഴിൽ തുടങ്ങിയ ഭരണസംവിധാനത്തിന്റെ മെത്രാനായിട്ടാണ് സെബസ്ത്യാനി വന്നത്. ജസ്വിട്ടരുടെ കീഴിൽ നിൽക്കാൻ ഇഷ്ടമില്ലാത്തവർക്കു വേണ്ടിയായിരുന്നു ഈ സ്ഥാപനം. ഡച്ചുസ്വാധീനം മൂലം നാടുവിടേണ്ടിവന്ന സെബസ്ത്യാനി മാർ തോമായുടെ പട്ടം ക്രമപ്പെടുത്തുന്നതിനു പകരം ആലോചനക്കാരിൽ ഒരാളും മാർതോമായുടെ കടുംബക്കാരനുമായ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ മെത്രാനാക്കി. മാർതോമായെ അയാളും ഹിയാസിന്തും ജസ്വിട്ട് ബിഷപ്പ് ഗാർസ്യായും മഹറോൻ ചൊല്ലി. ഗാർസ്യാ വേറൊരാളെ ആർച്ചുഡീക്കനായി നിയമിക്കുകയും ചെയ്തു. ഈ രീതിയിൽ ഈ മിഷണറിമാർ അനുരഞ്ജനത്തിന്റെ കവാടം കൊട്ടിയടച്ചു.

അപ്പോൾ ആർച്ചുഡീക്കൻ മാർ തോമാ പലയിടങ്ങളിലേക്കെഴുതി. തദ്ഫലമായി 1665-ൽ പശ്ചിമേഷ്യൻ യാക്കോബായാസഭയിൽ നിന്ന് മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ ഇവിടെയെത്തി.[12] തന്റെ മെത്രാൻസ്ഥാനം ക്രമപ്പെടുത്തണമെന്ന് മാർതോമാ ആവശ്യപ്പെട്ടെങ്കിലും പട്ടം ക്രമപ്പെടുത്തിയതായി യാതൊരു സമകാലിക രേഖയുമില്ല. കൂടാതെ അന്ത്യോക്യക്കാർ പട്ടം കൊടുക്കുമ്പോൾ പേരു മാറി പുതിയ പേരെടുക്കുന്ന രീതി അന്നുമിന്നും യാക്കോബായാ സഭയിലെ നടപടിക്രമമാണ്. അതിവിടെ ഉണ്ടായില്ല. എങ്കിലും മെത്രാനെപ്പോലെ മാർതോമാ തുടർന്നും പെരുമാറി. പട്ടം കൊടുക്കരുതെന്ന് കർശന നിർദേശം ഉണ്ടായിരുന്നിട്ടും മാർതോമാ പട്ടം കൊടുക്കാൻ മുതിർന്നു. അങ്ങനെ പട്ടം കിട്ടിയ പലരും ശരിയായ പട്ടമുള്ളവരിൽ നിന്ന് രണ്ടാമത് പട്ടം സ്വീകരിച്ചു. മാർ തോമാ 1670-ൽ മരിക്കുകയും അങ്കമാലി പള്ളിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.[13]

---

12. *Orientalia Suceana*,vol. 12(1963) 81-82:ഗ്രിഗോറിയോസ് അബ്ദ് അൽ ജലീൽ (1652-1662).

13. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം,* 324-325; 1673-ൽ മരിച്ചെന്ന് പൗളീനുസിൽ കാണുന്നു: ജോൺ പള്ളത്ത്, *പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം,* പേ.106-107; തുടർന്നുള്ള മാർതോമ്മാ മാരെപ്പറ്റി പൗളീനുസിൽ വ്യത്യസ്ത തീയതികളാണ്.

www.malankaralibrary.com

മലങ്കരയിൽ അന്ത്യോക്യൻ ആരാധനക്രമമോ യാക്കോബായാ വിശ്വാസമോ നടപ്പാക്കാൻ മാർ ഗ്രിഗോറിയോസ് മുതിർന്നില്ല. ഉദയംപേരൂർ സൂനഹദോസ് നിർത്തലാക്കിയ പൗരസ്ത്യാചാരങ്ങളുടെ ഉദ്ധാരകൻ ആയിട്ടാണ് അദ്ദേഹം കാണപ്പെട്ടത്. പൗരസ്ത്യ സുറിയാനിയെന്നോ പാശ്ചാത്യസുറിയാനിയെന്നോ തരംതിരിക്കാതെ സുറിയാനിക്കാർക്ക് പൊതുവായി സ്വീകാര്യമായ ചില പൗരസ്ത്യ പാരമ്പര്യങ്ങൾ പുനരുദ്ധരിക്കുന്ന ആളായിട്ടാണ് അദ്ദേഹം അവരുടെ ഇടയിൽ വ്യാപരിച്ചത്. പേർഷ്യൻ ആരാധനക്രമങ്ങൾക്കും അന്ത്യോക്യൻ ആരാധനക്രമങ്ങൾക്കും തമ്മിലുള്ള നിരവധി സാമ്യങ്ങൾ കൊണ്ട് തന്റെയും മലങ്കര നസ്രാണികളുടെയും ആരാധനക്രമം ഒന്നാണെന്ന് ജനങ്ങളെ ഏതാണ്ട് ബോധ്യപ്പെടുത്താൻ ഗ്രിഗോറിയോസിന് സാധിച്ചു. ഏതായാലും അദ്ദേഹത്തിന്റെ ഇവിടുത്തെ നടപടിക്രമങ്ങളെ പറ്റി യാതൊരു രേഖയും നമുക്കു ലഭിച്ചിട്ടില്ല.

**മാർ തോമാ രണ്ടാമൻ (1670–1686):** ഒന്നാം മാർതോമായിൽ നിന്നാണ് ഇദ്ദേഹത്തിന് കൈവയ്പ് കിട്ടിയത്. അദ്ദേഹം നിരണം പള്ളിയിൽ കബറടങ്ങി.[14]

**മാർതോമാ മൂന്നാമൻ (1686–1688):** മൂന്നാം മാർതോമായ്ക്ക് രണ്ടാം മാർതോമായിൽ നിന്ന് കൈവയ്പ് കിട്ടിയില്ല. രണ്ടാം മാർതോമാ മരിച്ചപ്പോൾ, അവിടെ കൂടിയിരുന്നവർ മൂന്നാം മാർതോമായെ തെരഞ്ഞെടുത്ത് നിയമിച്ചെന്ന് ചിലർ പറയുന്നു. കടമ്പനാടുപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

**മാർ തോമാ നാലാമൻ (1688–1728):** അദ്ദേഹത്തിന് മൂന്നാം മാർതോമായിൽ നിന്നുള്ള കൈവയ്പാണ് കിട്ടിയത്. അദ്ദേഹം കണ്ടനാട് പള്ളിയിൽവച്ച് മരിക്കുകയും അവിടെത്തന്നെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

**മാർ തോമാ അഞ്ചാമൻ (1728–1765):** നാലാം മാർ തോമായിൽ നിന്നുള്ള കൈവയ്പാണ് അദ്ദേഹത്തിന് കിട്ടിയത്. അദ്ദേഹം റോമുമായി കത്തിടപാടുകൾ നടത്തി. മേൽപ്പറഞ്ഞ അഞ്ചുപേർക്കും ശരിയായ കൈവയ്പ് കിട്ടിയില്ലെന്ന് പിൽക്കാല രേഖകൾ ചൂണ്ടിക്കാട്ടുന്നു. പുനരൈക്യത്തിന് മാർ തോമാ അഞ്ചാമൻ ശ്രമം നടത്തിയെങ്കിലും, ഇവിടെ ഉണ്ടായിരുന്ന മിഷണറിമാർ പുനരൈക്യത്തിനും മാർതോമായെ അംഗീകരിക്കുന്നതിനും എതിരായി രുന്നു. അദ്ദേഹം നിരണം പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.[15]

---

14. പത്തു ദിവസമേ ഇദ്ദേഹം ഭരിച്ചുള്ളെന്നും ഇടിമിന്നലേറ്റ് മരിച്ചെന്നും പൗളീനുസ് പറയുന്നു (*അതേകൃതി*,പേ.111).

15. സിറിൾ മാർ ബസേലിയോസ്, *സീറോ മലങ്കരസഭ*, കോട്ടയം 1982,പേ.238; തിസറാങ്, *ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ* ,കോട്ടയം,1973.പേ.165; *മലങ്കരസഭാചരിത്രം,(OSA)* 46;ജോൺ കോന്നിയൂർ, *മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം,* ഓമല്ലൂർ,1978, പേജ്,233.

www.malankaralibrary.com

## അന്ത്യോക്യൻ ആരാധനക്രമം

ഗ്രിഗോറിയോസിനു ശേഷം കേരളത്തിൽ എത്തിയ അന്ത്യോക്യൻ യാക്കോബായാ മെത്രാന്മാരാണ് അന്ത്യോക്യൻ രീതികളും അനുഷ്ഠാനങ്ങളും ഇവിടെ നടപ്പാക്കിയത്. അതുതന്നെയും വളരെ സാവധാനത്തിലുമായിരുന്നു. മാർ തോമാ അഞ്ചാമന്റെ കാലത്ത് 1751-ൽ ഇവിടെ വന്ന മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് എന്നീ അന്ത്യോക്യൻ യാക്കോബായാ സഭയിൽ പെട്ട മെത്രാന്മാരാണ് അന്ത്യോക്യൻ ആരാധനക്രമം ഇവിടെ കൊണ്ടുവന്നതും പ്രചരിപ്പിക്കാൻ ശ്രമിച്ചതും. എങ്കിലും അക്കാലത്തും അന്ത്യോക്യൻ രീതികൾക്ക് മലങ്കരസഭയിൽ വ്യാപകമായ പ്രചാരണം ലഭിച്ചില്ല. പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും ഒരുപോലെ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് ഉപയോഗിച്ചിരുന്നത്. അതാകട്ടെ, ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് മെത്രാൻ ലത്തീനീകരിച്ച പൗരസ്ത്യ സുറിയാനി ആരാധനക്രമം തന്നെ ആയിരുന്നു.

പൗരസ്ത്യ സുറിയാനി ആരാധനക്രമത്തോട് ആർക്കും എതിരില്ലായിരുന്നു. നൂറ്റാണ്ടുകളായി മലങ്കരയിൽ നിലനിന്നതും തലമുറതലമുറകളായി പിതാക്കന്മാർ കൈമാറിയതുമായിരുന്നു അത്. എന്നാൽ സമുദായം പിളർന്ന് അകന്നുകൊണ്ടിരുന്നപ്പോൾ അന്ത്യോക്യൻ യാക്കോബായാ ആരാധനക്രമത്തിന് പുത്തൻകൂറ്റുകാരുടെ ഇടയിൽ വളരെ സാവധാനം പ്രചാരം ലഭിച്ചു.

## മാർതോമാ ആറാമൻ അഥവാ വലിയ മാർ ദിവന്നാസ്യോസ് (1761-1808)[16]

തന്റെ മുൻഗാമിയിൽ നിന്ന് 1761-ൽ ലഭിച്ച പട്ടത്തെപ്പറ്റി സംശയമുണ്ടായിരുന്ന ആറാം മാർതോമാ, പശ്ചിമേഷ്യയിൽ നിന്ന് 1751-ൽ വന്ന മാർ ഗ്രിഗോറിയോസിൽ നിന്ന് 1770-ൽ ആദിമുതലുള്ള പട്ടങ്ങളെല്ലാം ഒന്നുകൂടി സ്വീകരിച്ച് മെത്രാനായി മാർ ദിവന്നാസ്യോസ് എന്നു പേരുമാറ്റി. ഒന്നാം മാർതോമായുടെ കാലം മുതലുള്ള പുത്തൻകൂർ സഭാധ്യക്ഷന്മാരിൽ ശരിയായ കൈവയ്പ് ലഭിച്ചത് ഇദ്ദേഹത്തിന് മാത്രമായിരുന്നു. അന്ത്യോക്യൻ യാക്കോബായാ സഭയുടെ കൈവയ്പ് ആദ്യമായി ലഭിച്ച മലങ്കര മെത്രാൻ മാർതോമാ ആറാമനാണ്. മെത്രാഭിഷേക സമയത്ത് ആദ്യമായി പേരുമാറ്റം നടന്നതും ഇപ്പോഴാണ്.

16. പൗളീനുസ് പാതിരി 1785-ൽ നിരണം പള്ളിയിൽപോയി ജോസഫ് മാർ ദിവന്നാസ്യോസിനെ സന്ദർശിച്ചു. പാതിരി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ‘‘ചുരുങ്ങിയ സമയം കൊണ്ട് അദ്ദേഹത്തിന്റെ ബുദ്ധിസൂക്ഷ്മതയും ദീർഘദൃഷ്ടിയും കുലീനതയും ബഹുമാന്യതയും എനിക്ക് ബോധ്യമായി” (ജോൺ പള്ളത്ത്, *പൗരസ്ത്യ ഭാരതത്തിലെ... പേ.118)*.

www.malankaralibrary.com

മാർ ദിവന്നാസ്യോസിന്റെ കാലത്താണ് തൊഴിയൂർ സഭ ആരംഭിച്ചതും (1772), വട്ടിപ്പണം ബാങ്കിൽ നിക്ഷേപിക്കപ്പെട്ടതും,[17] പുത്തൻ കൂർ-പഴയകൂർ പുനരൈക്യത്തിനുള്ള പരിശ്രമങ്ങൾ ത്വരിതപ്പെടുത്തിയതും, മലങ്കര നസ്രാണികളുടെ അപേക്ഷപ്രകാരം കരിയാറ്റി യൗസേപ്പ് മൽപ്പാനും പാറേമ്മാക്കൽ തോമാ കത്തനാരും കൂടി റോമിലും പോർട്ടുഗലിലും പോയതും 1782-ൽ കരിയാറ്റി മെത്രാനായി ഗോവായിലെത്തിയതും അവിടെവച്ച് 1786-ൽ ദാരുണാന്ത്യം സംഭവിച്ചതും. തച്ചിൽ മാത്തുത്തരകന്റെ പരിശ്രമത്താൽ മാർ ദിവന്നാസ്യോസ് 1799 ജൂൺ 22-ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. എന്നാൽ അദ്ദേഹത്തെ സഭാഭരണം ഏൽപ്പിക്കാൻ മിഷണറിമാർ തയാറായില്ല. ഇക്കാരണത്താൽ ആറുമാസങ്ങൾക്കു ശേഷം അദ്ദേഹം തിരികെ യാക്കോബായാ സഭയിലേക്ക് പോയി.[18] ഇക്കാലത്ത് ടിപ്പുസുൽത്താന്റെ കടന്നാക്രമണം ഉണ്ടായി. അയാൾ പള്ളികൾക്ക് തീ വയ്ക്കുകയും നിർബന്ധിച്ച് മതപരിവർത്തനം നടത്താൻ ശ്രമിക്കുകയും ചെയ്തു. തിരുവിതാംകൂർ ദിവാനായിരുന്ന വേലുത്തമ്പി ദളവായും കൊച്ചീ ദിവാനായിരുന്ന പാലിയത്തച്ചനുംകൂടി ക്രിസ്ത്യാനികൾക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിട്ടു.[19] ഈ പീഡനങ്ങളെപ്പറ്റി പൗളീനുസ് പാതിരി തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നു.[20]

## മാർതോമാ ഏഴാമൻ മുതൽ മാർതോമാ ഒൻപതാമൻ വരെ (1808-1815)

ആറാം മാർതോമാ തന്റെ പിൻഗാമിയായി ഏഴാം മാർതോമായെ 1796-ൽ വാഴിച്ചു. അദ്ദേഹം 1808-ൽ ഭരണം തുടങ്ങി. എന്നാൽ പിൻഗാമിയെ വാഴിക്കാതെ 1809-ൽ മരിച്ചു. കോലഞ്ചേരി പള്ളിയിൽ കബറടങ്ങി.

ഏഴാം മാർതോമായുടെ കൈ മരണക്കിടക്കയിൽ തലയിൽ വച്ച് വാഴിക്കപ്പെട്ട ആളാണ് എട്ടാം മാർതോമാ (1809-1816). യഥാർഥ കൈവയ്പ് ഇല്ലാഞ്ഞതിനാൽ അദ്ദേഹത്തിന് ഭരണം മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല.

---

17. ഇവയെപ്പറ്റി പിന്നാലെ ചർച്ച ചെയ്യുന്നതാണ്.

18. എസ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ,* കോട്ടയം, 1976, പേ.26-48; പുത്തൻകൂറ്റുകാരുടെ ആദ്യത്തെ ആറ് അധ്യക്ഷന്മാരിൽ ആറാം മാർത്തോമ്മായ്ക്കു മാത്രമേ നിയമാനുസൃതമായ അഭിഷേകമുള്ളു എന്നാണ് പൗളീനുസിന്റെ അഭിപ്രായം: "അഭിഷേകച്ചടങ്ങിലെ പ്രതിഷ്ഠാകർമം ആചാരപ്രകാരമുള്ളതാകയാൽ അദ്ദേഹത്തിന്റെ മെത്രാൻ പട്ടം സാധുവായിട്ടുള്ളതാണ്" എന്നാണ് പാതിരി പറയുന്നത് (ജോൺ പള്ളത്ത്, *പൗരസ്ത്യ ഭാരതത്തിലെ... പേ.122;* J.Kollaparambil, *Mar Dionysius the Great of Malabar for the One True Fold,* Roma,1964*(OCP)*30/1(1964) 148-194.

19. *Christian Orient*, 9/1(1988) 39-40.

20. ജോൺ പള്ളത്ത്, *പൗരസ്ത്യ ഭാരതത്തിലെ... പേ.185.*

www.malankaralibrary.com

എന്നാൽ അദ്ദേഹം തന്നെ 1815-ൽ ഒൻപതാം മാർതോമായെ വാഴിച്ചെങ്കിലും, അദ്ദേഹത്തിനും ഒട്ടും ഭരിക്കാൻ സാധിച്ചില്ല. എട്ടാം മാർ തോമാ 1816-ൽ മരിക്കുകയും പുത്തൻകാവ് പള്ളിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. ഒൻപതാം മാർതോമാ മരണംവരെ കടമറ്റം പള്ളിയിൽ സന്യാസ ജീവിതം നയിച്ചു. അവിടെവച്ച് 1817/18-ൽ മരിക്കുകയും അവിടെത്തന്ന കബറടങ്ങുകയും ചെയ്തു.

അവർ ഇരുവരും ജീവിച്ചിരിക്കെയാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ തൊഴിയൂരിൽ നിന്നു പട്ടമെറ്റ് മാർ ദിവന്നാസ്യോസ് എന്ന പേരിൽ ഭരണം ഏറ്റെടുത്തത്. ഈ കാലഘട്ടത്തിൽ ആംഗ്ലിക്കൻസഭയിൽ പെട്ട മിഷണറിമാർ പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രവർത്തിക്കാൻ തുടങ്ങി. തുടർന്നുള്ള സഹകരണം കൊണ്ട് ഇരുകൂട്ടർക്കും നേട്ടങ്ങളുണ്ടായി. നവീകരണാശയങ്ങൾ പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രചരിക്കുന്നതിന് ഇത് ഇടയാക്കി. അങ്ങനെ മലങ്കരസഭയ്ക്ക് അപരിചിതമായിരുന്ന പ്രോട്ടസ്റ്റന്റ് ആശയങ്ങൾ ഇക്കാലം മുതൽ പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രബലപ്പെട്ടുവന്നു.

## സഭാനേതൃത്വം (1815-1855)

ദിവന്നാസ്യോസ് എന്ന് പേരെടുത്ത മൂന്നുപേർ ഈ കാലഘട്ടത്തിൽ പുത്തൻകൂർ സുറിയാനിക്കാരെ ഭരിച്ചു. സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നിത്: പുത്തൻകൂറ്റുകാരുടെ ഇടയിൽ നവീകരണാശയങ്ങളുടെ പ്രചരണം, പള്ളിപിടിച്ചെടുക്കൽ, പ്രോട്ടസ്റ്റന്റുകാരുമായുള്ള സൗഹൃദം, പിന്നീട് ബന്ധം പിരിയൽ (1840), മാവേലിക്കര പടിയോല, കുറേ സുറിയാനിക്കാർ ആംഗ്ലിക്കൻകാരായി തീരുന്നത്, കൊല്ലം പഞ്ചായക്കോടതി, കൊച്ചിൻ അവാർഡ്, ട്രസ്റ്റി സിസ്റ്റം.

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1815-1816)

തൊഴിയൂരിലെ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്ന് (1811-1829) പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാൻ 1815-ൽ മെത്രാൻപട്ടം സ്വീകരിച്ച് ദിവന്നാസ്യോസ് എന്ന് പേരെടുത്തു. എട്ടാം മാർ തോമായും ഒൻപതാം മാർ തോമായും അപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. എട്ടാം മാർതോമാ യഥാർഥ കൈവയ്പില്ലാതെ ഭരണമേറ്റെടുത്തപ്പോൾ അതിനെതിരെയുള്ള എതിർപ്പിന് നേതൃത്വം കൊടുത്തവരിൽ ഒരാൾ ഇദ്ദേഹമായിരുന്നു. മറ്റെയാൾ കായംകുളത്ത് പീലിപ്പോസ് റമ്പാനായിരുന്നു. പ്രോട്ടസ്റ്റന്റു മിഷണറിമാർ ഇക്കാലത്ത് പുത്തൻകൂറ്റുകാരുടെ ഇടയിൽ തങ്ങളുടെ പ്രവർത്തനം തുടങ്ങി. കോട്ടയം പഴയ സെമിനരി സ്ഥാപിച്ചതും വട്ടിപ്പണത്തിന്റെ പലിശ ആദ്യമായി വാങ്ങിയതും ഈ ദിവന്നാസ്യോസാണ്. 3360 രൂപാ വാങ്ങി സെമിനരി പണിയാൻ ഉപയോഗിച്ചു. കോട്ടയം പഴയ സെമിനരിയിൽ വച്ച് മരിച്ചു. അവിടെത്തന്നെ സംസ്ക്കരിക്കപ്പെട്ടു.[21] ലത്തീൻ മെത്രാന്മാരെ അടക്കുന്ന രീതിയിൽ കിടത്തിയാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്.

21. 1818-ൽ മരിച്ചെന്ന് കെ. കണിയാംപറമ്പിൽ, *സുറിയാനിസഭ,* തിരുവല്ല, 1982,പേ.182.

www.malankaralibrary.com

## സി.എം.എസ്.കാരുമായുള്ള സഹകരണം

1792 മുതൽ തിരുവിതാംകൂറിൽ ബ്രിട്ടീഷ് ആധിപത്യം സംസ്ഥാപിതമായി. മദ്രാസിലെ ബ്രിട്ടീഷ് ഗവർണർ വില്യം ബന്റിക്കിന്റെ നിർദേശാനുസൃതം ആംഗ്ലിക്കൻ മിഷണറി ഡോക്ടർ കേർ മലങ്കരയിലെ പുത്തൻകൂർ വിഭാഗത്തെപ്പറ്റി 1805-ൽ ഒരു പഠനം നടത്തി ഗവർണർക്ക് റിപ്പോർട്ട് സമർപ്പിച്ചു. ക്ലോഡിയസ് ബുക്കാനൻ 1806-ൽ ഈ സഭ സന്ദർശിച്ചു. സുറിയാനി സഭയെപ്പറ്റി കൂടുതലായി അറിയുക, പുരാതന കൈയെഴുത്തു പ്രതികൾ ശേഖരിക്കുക,എന്നിവയായിരുന്നു ബുക്കാനന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ സന്ദർശന വിവരണങ്ങളിലൂടെ മലങ്കരസഭയെ പറ്റി ഇംഗ്ലണ്ടിലെ ജനങ്ങൾ കൂടുതലായി അറിയാനിടയായി. ചർച്ച് മിഷണറി സൊസൈറ്റി (സി.എം.എസ്) 1799-ൽ രൂപീകൃതമായി പ്രവർത്തനങ്ങൾ തുടങ്ങിയ കാലഘട്ടമായിരുന്നു അത്. അവർ 1816-ൽ ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. അന്ന് തിരുവിതാംകൂറിലെ റസിഡന്റായിരുന്ന കേണൽ മൺട്രോയാണ് സി.എം. എസ്.കാരെ ഇവിടേക്ക് ക്ഷണിച്ചത്. പുത്തൻകൂർ നസ്രാണികളെ പലവിധത്തിൽ സഹായിക്കുന്നതിൽ മൺട്രോ തൽപ്പരനായിരുന്നു.

പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും ഒന്നിച്ചു നടത്തിയിരുന്ന ചില പള്ളികൾ പുത്തൻകൂറ്റുകാർക്ക് മൺട്രോ കൈവശപ്പെടുത്തി കൊടുത്തു. പഴയസെമിനരി എന്നറിയപ്പെടുന്ന കോട്ടയത്തെ വൈദികസെമിനരിക്കു വേണ്ടി കുറേ സ്ഥലം കരമൊഴിവായി കൊടുപ്പിച്ചു. സെമിനരി പണിക്ക് കുറേ പണവും നൽകി. പുത്തൻ കൂറ്റുകാരുടെ വൈദിക സെമിനരിയിലും പള്ളികളിലും യഥേഷ്ടം പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും പിന്നെ അധ്യക്ഷൻ ആയിരുന്ന പുന്നത്ര മാർ ദിവന്നാസ്യോസും ആംഗ്ലിക്കൻ മിഷണറിമാർക്കു നൽകി. തദ്ഫലമായി പുത്തൻകൂർ വൈദികരിലും ജനങ്ങളിലും ഒട്ടനേകർ പ്രോട്ടസ്റ്റന്റ് വിശ്വാസത്തിൽ പ്രതിപത്തി ഉള്ളവരായി.

## പുന്നത്ര മാർ ദിവന്നാസ്യോസ് (1817-1825)

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മരിച്ചപ്പോൾ തൊഴിയൂർ കിടങ്ങൻ മാർ പീലക്സീനോസിന് അനുകൂലമായി രാജകീയവിളംബരം ഉണ്ടായി. എന്നാൽ പുന്നത്ര മാർ ദിവന്നാസ്യോസിനെ മെത്രാനായി വാഴിച്ചശേഷം അദ്ദേഹം തൊഴിയൂർക്ക് തിരിച്ചുപോയി. മലങ്കരസഭയിൽ ആംഗ്ലിക്കൻ മിഷണറിമാർ ഗണ്യമായി സ്വാധീനം ചെലുത്താൻ തുടങ്ങിയത് ഇദ്ദേഹത്തിന്റെ കാലത്താണ്.

പുന്നത്ര മാർ ദിവന്നാസ്യോസിന്റെ കാലത്ത് 1818-ൽ മാവേലിക്കര വച്ച് ആംഗ്ലിക്കൻ മിഷണറിമാരുടെയും മലങ്കര സഭാംഗങ്ങളുടെയും ഒരു സംയുക്തയോഗം നടന്നു. മലങ്കരസഭയിൽ സമൂലമാറ്റത്തിന് നേതൃത്വം കൊടുക്കാൻ മിഷണറിമാർ തീരുമാനിച്ചു. പുത്തൻകൂറ്റുകാരുടെ വിശ്വാസാ

www.malankaralibrary.com

ചാരങ്ങളിൽ പലതും അബദ്ധ ജഡിലമാണെന്നും മിഷണറിമാർ തറപ്പിച്ചു പറഞ്ഞു. ആരാധനക്രമഗ്രന്ഥങ്ങൾ പരിഷ്കരിക്കുക, പരിശുദ്ധ കന്യകാ മാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മധ്യസ്ഥപ്രാർഥനകൾ നീക്കിക്ക ളയുക, വൈദികരെ വിവാഹിതരാകാൻ അനുവദിക്കുക, പ്രോട്ടസ്റ്റന്റിസ ത്തിന്റെ വെളിച്ചത്തിൽ നവീകരണം വരുത്തുക എന്നിവ അവർ ഊന്നിപ്പ റഞ്ഞു. അവിവാഹിതരായിരുന്ന 150-ഓളം പുത്തൻകൂർ വൈദികരിൽ 40 പേർ മിഷണറിമാരുടെ പ്രേരണയാൽ 400 രൂപാ വീതം പ്രതിഫലം പറ്റിക്കൊണ്ട് വിവാഹിതരായി. ഉദയംപേരൂർ സൂനഹദോസു മുതൽ നസ്രാണി കത്തനാരന്മാർ അവിവാഹിതരായിരുന്നു. പുത്തൻകൂറ്റിൽ വിവാഹിത വൈദികരുടെ പരമ്പര തുടങ്ങിയത് പുന്നത്ര മാർ ദിവന്നാ സ്യോസിനോടു കൂടിയാണ്.

കുര്യൻ മെത്രാൻ എന്നറിയപ്പെട്ടിരുന്ന പുന്നത്ര മാർ ദിവന്നാസ്യോസ് മെത്രാനും വിവാഹം കഴിക്കാൻ മിഷണറിമാർ നിർബന്ധിച്ചു കൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിന് അതിന് താൽപര്യമില്ലായിരുന്നു. "അദ്ദേഹം കൊടുത്ത മറുപടി, തന്റെ കൂട്ടുകാരായ പഴയകൂറ്റുകാർ തന്നെ ആക്ഷേപിക്കാ തിരിക്കാൻ വേണ്ടി അവരുടെ നാലു പള്ളികൾ കൈവശപ്പെടുത്തി കൊടുത്താൽ വിവാഹത്തിന് വഴങ്ങാമെന്നായിരുന്നു. കോട്ടയം, പിറവം, ചങ്ങനാശ്ശേരി, ആലപ്പുഴ എന്നീ പള്ളികളാണ് കുര്യൻ മെത്രാൻ ആവശ്യ പ്പെട്ടത്. കോട്ടയം, പിറവം പള്ളികൾ രണ്ടു കൂട്ടരുടെയും, ചങ്ങനാശ്ശേരി, ആലപ്പുഴ പള്ളികൾ പഴയകൂറ്റുകാരുടെ തനതു വകയുമായിരുന്നു...റസി ഡന്റും സർക്കാർ അധികാരികളും കോട്ടയത്തും പിറവത്തും എത്തി പഴയ കൂറ്റുകാരെ ബലമായി ഇറക്കിക്കൊണ്ട് ടി പള്ളികൾ പുത്തൻകൂറ്റുകാർക്ക് കൈവശപ്പെടുത്തി കൊടുത്തു".[22] എന്നാൽ ചങ്ങനാശ്ശേരി പള്ളി പിടിക്കാൻ അവർക്കു കഴിഞ്ഞില്ല.1818-19 കാലഘട്ടത്തിലാണ് പള്ളിപിടുത്തം നടന്നത്. കേണൽ മൺട്രോ ആയിരുന്നു പള്ളിപിടുത്തത്തിനു നേതൃത്വം നൽകിയത്.

എന്നാൽ അയാൾക്ക് അക്കാരണത്താൽ 1819-ൽ റസിഡന്റു സ്ഥാനം രാജി വയ്ക്കേണ്ടി വന്നു. പിടിച്ചെടുത്ത കോട്ടയം, പിറവം പള്ളികൾ തിരിച്ചു കൊടുക്കണമെന്ന് കൊല്ലവർഷം 994-ൽ രാജകീയ വിളംബരം ഉണ്ടായെ ങ്കിലും, പഴയകൂറ്റുകാർക്ക് തിരികെ ലഭിച്ചില്ല. കുര്യൻ മെത്രാൻ വിവാഹം കഴിച്ചുമില്ല. ഈയടുത്തകാലത്ത് യാക്കോബായക്കാരിൽ നിന്ന് ഓർത്ത ഡോക്സുകാർ പിറവം പള്ളി പിടിച്ചെടുത്തതായി വാർത്തവന്നു. പുന്നത്ര മാർ ദിന്നാസ്യോസ് കോട്ടയം ചെറിയ പള്ളിയിൽ വച്ച് 1825-ൽ മരിച്ചു. അവിടെ സംസ്ക്കരിക്കപ്പെട്ടു.

22. ക.നി.മൂ.സ. ബർണാർദ് തോമ്മാ ആലഞ്ചേരി, *മാർതോമ്മാ ക്രിസ്ത്യാനികൾ*, എറണാകുളം/കോട്ടയം,1992,[2] പേ. 813-815; ജോസഫ് കൂട്ടുമ്മേൽ, *ചങ്ങനാശ്ശേരിയും ചങ്ങനാശ്ശേരി പള്ളിയും*, ചങ്ങനാശ്ശേരി, 1998, പേ.88-89.

www.malankaralibrary.com

## ചേപ്പാട്ടു മാർ ദിവന്നാസ്യോസ് (1825–1855)

ചേപ്പാട്ടു മാർ ദിവന്നാസ്യോസ് 1825-ൽ തൊഴിയൂർ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്ന് പട്ടമേറ്റു. മിഷണറിമാരെ നിയന്ത്രിക്കണമെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു. മിഷണറിമാർ പുത്തൻകൂർ സമുദായത്തെ പരസ്യമായി വിമർശിക്കാൻ തുടങ്ങി. ഈ സമുദായത്തെ പ്രോട്ടസ്റ്റന്റിസത്തിലേക്ക് തിരിച്ചുവിട്ട് ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കാൻ അവർ ശ്രമിച്ചു. അവിഭക്ത നസ്രാണിസഭയിൽ പോർട്ടുഗീസ് ലത്തീൻ മിഷണറിമാർ ചെയ്തതു പോലെ പുത്തൻകൂർ സുറിയാനി സഭയിൽ ആംഗ്ലിക്കൻ മിഷണറിമാർ കടന്നുകയറി പ്രവർത്തിച്ചു. അവർ വൈദികസെമിനരിയിൽ പഠിപ്പിക്കാനും പുത്തൻകൂർ ദൈവാലയങ്ങളിൽ യഥേഷ്ടം പ്രസംഗിക്കാനും തുടങ്ങി.

അതിന്റെ ഫലമായി പുത്തൻകൂർ വൈദികരിലും ജനങ്ങളിലും ഒട്ടനേകർ പ്രോട്ടസ്റ്റന്റ് വിശ്വാസത്തിൽ പ്രതിപത്തിയുള്ളവരായി. *ആംഗ്ലിക്കൻ ലോ ചർച്ച്* പാരമ്പര്യങ്ങൾ മലങ്കരയിൽ പ്രചരിച്ചു. മിഷണറിമാർ പള്ളികളിൽ ഉടനീളം നടന്ന് പ്രസംഗിക്കുകയും ജനങ്ങൾ നവീകരണാശയങ്ങൾ സ്വാംശീകരിക്കുകയും ചെയ്തു. മിഷണറിമാർ ഈ സഭയുടെ നേതാക്കന്മാർ എന്ന നിലയിലാണ് വർത്തിച്ചിരുന്നത്. സമ്പാദിച്ച ചില സ്വത്തുക്കൾ മിഷണറിമാർക്കും മെത്രാനും പൊതുവായിരുന്നു.

## മാവേലിക്കര സൂനഹദോസ് (1836)

ഈ പശ്ചാത്തലത്തിൽ മിഷണറിമാരെ നിയന്ത്രിക്കണമെന്ന ചിന്ത ചേപ്പാട്ട് മാർ ദിവന്നാസ്യോസിനുണ്ടായി. അതിനായി 1836-ൽ മാവേലിക്കര വച്ച് കൂടിയ സഭായോഗം *മാവേലിക്കര സൂനഹദോസ്* എന്ന് അറിയപ്പെടുന്നു. പുത്തൻകൂർ-സി.എം.എസ്.ബന്ധം ചർച്ചാവിഷയമായി. സഭയ്ക്ക് ദോഷകരമായതിനാൽ മിഷണറിമാരുമായുള്ള ബന്ധം അവസാനിപ്പിക്കാൻ തീരുമാനിച്ചു. അന്ത്യോക്യൻ യാക്കോബായാ സഭയുടെ ലിറ്റർജിക്കൽ, താത്വിക പഠനങ്ങൾ പുത്തൻകൂറ്റുകാരുടെ പ്രബോധനമായി യോഗം അംഗീകരിച്ചു. *മാവേലിക്കര പടിയോല* എന്നറിയപ്പെടുന്ന ഒരു രേഖയും എഴുതിവച്ചു. ഇതോടുകൂടി ഈ സമുദായം അന്ത്യോക്യൻ പക്ഷത്തേക്ക് ചാഞ്ഞു.

മിഷണറിമാരുടെ അമിതസ്വാധീനവും നവീനോപദേശങ്ങളുമാണ് അന്ത്യോക്യൻ യാക്കോബായാ പക്ഷത്തേക്ക് പുത്തൻകൂറ്റുകാരെ കൂടുതൽ അടുപ്പിച്ചത്. സാന്ദർഭികമായി ഒരു യാക്കോബായാ മെത്രാൻ 1665-ൽ ഇവിടെ വന്നു. പിന്നെ ഇടയ്ക്കിടെ അന്ത്യോക്യൻ യാക്കോബായാ മെത്രാന്മാർ വന്നു എന്നതൊഴിച്ചാൽ മലങ്കരയിലെ പുത്തൻകൂർ സഭയിൽ യാക്കോബായാ പാത്രിയർക്കീസിന് ആത്മീയമോ ലൗകികമോ ആയ യാതൊരധികാരവും ഇല്ലായിരുന്നു. മലങ്കരസഭ ഒരിക്കലും അന്ത്യോക്യൻ യാക്കോബായാ സഭയുടെ ഭാഗമല്ലായിരുന്നു.

www.malankaralibrary.com

എന്നാൽ 1815 മുതൽ 1836 വരെയുള്ള ചുരുങ്ങിയ കാലയളവിൽ ഉണ്ടായ പുത്തൻകൂർ-സി.എം.എസ്. ബന്ധം പുത്തൻകൂർ സമുദായത്തെ പ്രോട്ടസ്റ്റന്റിസത്തിലേക്ക് വലിച്ചിഴയ്ക്കുന്നു എന്നു ബോധ്യമായ സഭാനേതാക്കന്മാർ യാക്കോബായാ സഭയോട് കൂടുതൽ അടുത്തു. അന്ത്യോക്യൻ യാക്കോബായാ സഭയുടെ പഠിത്തവും വിശ്വാസവും ക്രമങ്ങളും തങ്ങളുടേതാണ്. മറ്റൊന്നും സ്വീകാര്യമല്ല എന്ന നിലപാട് മാവേലിക്കര സിനഡിൽ കൂടിയവരിൽ ഭൂരിഭാഗവും എടുത്തു. അപ്രകാരം രേഖയും എഴുതിവച്ചു. *മാവേലിക്കര പടിയോല* എന്ന് ഈ രേഖ അറിയപ്പെടുന്നു.

## കൊച്ചി പഞ്ചായക്കോടതിയും കൊച്ചിൻ അവാർഡും ട്രസ്റ്റി സിസ്റ്റവും

മിഷണറിമാർക്കും പുത്തൻകൂറ്റുകാർക്കും ഒന്നിച്ചുണ്ടായിരുന്ന വസ്തുവകകൾ ഭാഗം വച്ചു പിരിയാൻ മാവേലിക്കര സഭായോഗത്തിനു ശേഷം തീരുമാനിച്ചു. തർക്കം പരിഹരിക്കാൻ മൂന്നു യൂറോപ്യന്മാർ അടങ്ങിയ ഒരു കമ്മറ്റിയെ വച്ചു. *കൊച്ചി പഞ്ചായക്കോടതി* എന്ന് ഇത് അറിയപ്പെടുന്നു. 1840-ൽ കോടതിവിധി ഉണ്ടായി. *കൊച്ചിൻ അവാർഡ്* എന്ന് ഇത് അറിയപ്പെടുന്നു. പഴയ സെമിനാരിയും വട്ടിപ്പണവും കടമറ്റം നിലവും മറ്റു ചില സ്വത്തുക്കളും പുത്തൻകൂറ്റുകാർക്ക് ലഭിച്ചു. മെത്രാപ്പോലീത്തായും സുറിയാനിക്കാരുടെ യോഗം നിശ്ചയിക്കുന്ന ഒരു പട്ടക്കാരനും ഒരു അൽമായനും കൂടി സഭാസ്വത്തുക്കൾ നടത്തിക്കൊണ്ടു പോകണമെന്ന് വിധിയിൽ തീരുമാനിച്ചു. അങ്ങനെയാണ് യാക്കോബായാ സഭാസ്വത്തുക്കൾ ഒരു ട്രസ്റ്റിന്റെ കീഴിൽ ആകുന്നതും *ട്രസ്റ്റി സിസ്റ്റം* ഉണ്ടാകാൻ ഇടയായതും. മൺട്രോ തുരുത്തും സെമിനരിക്ക് ലഭിച്ച 20,000 രൂപായും കോട്ടയം ഇംഗ്ലീഷ് സ്കൂളും മിഷണറിമാർക്ക് ലഭിച്ചു. തുടർന്ന് സി.എം.എസ് കാർ ഇപ്പോൾ സി.എം.എസ്.കോളേജ് ഇരിക്കുന്ന സ്ഥലത്ത് ഒരു പുതിയ സെമിനരി തുടങ്ങി.അത് പുത്തൻസെമിനരി ആയി. അങ്ങനെ ആദ്യത്തേത് പഴയ സെമിനരി ആയി. ഇങ്ങനെയാണ് പുത്തൻകൂർ സമുദായവും ആംഗ്ലിക്കൻ കാരും തമ്മിൽ ബന്ധം പിരിഞ്ഞത്.

അതോടുകൂടി ഏതാണ്ട് *6000 സുറിയാനിക്കാർ* സി.എം. എസ്. കാരുടെ കൂടെ ചേർന്നു. അവരിൽ മിക്കവരും ഇപ്പോൾ കോട്ടയം മധ്യകേരള സി. എസ. ഐ. മഹാഇടവകയിലാണ്. സി.എം.എസ്. മിഷണറിമാരുമായുള്ള ബന്ധം അവസാനിപ്പിച്ചെങ്കിലും, പ്രോട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച പല പട്ടക്കാരും ജനങ്ങളും യാക്കോബായാസഭയിൽ തന്നെ തുടർന്നു. അങ്ങനെ നിന്നവർക്ക് നേതൃത്വം കൊടുത്ത ആളാണ് പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ (+1845). മിഷണറിമാരുടെ നിർദേശാനുസരണം 400 രൂപാ പ്രതിഫലം പറ്റി വിവാഹിതരായ പട്ടക്കാരിൽ ഒരാളായിരുന്നു അദ്ദേഹം. എട്ടാം മാർതോമായുടെ പട്ടത്തെപ്പറ്റി സംശയം ഉണ്ടായിരുന്നതിനാൽ, പരദേശത്തുനിന്ന് 1825-ൽ കേരളത്തിൽ വന്ന ഒരു അത്തനാസ്യോസിൽ നിന്ന് എല്ലാ പട്ടങ്ങളും അദ്ദേഹം ഒന്നുകൂടി സ്വീകരിച്ചു. പഴയ സെമിനരി

www.malankaralibrary.com

യിലെ മൽപ്പാനായിരുന്ന അദ്ദേഹം അവിടെ വച്ചാണ് പ്രോട്ടസ്റ്റന്റിസവുമായി ബന്ധപ്പെടുന്നത്. മിഷണറിമാരുമായുള്ള സഹകരണം തുടരണമെന്ന് ആഗ്രഹിച്ച വ്യക്തിയായിരുന്നു മൽപ്പാൻ. മലങ്കരയിലെ യാക്കോബായാ തക്സാ പരിഷ്ക്കരിക്കാൻ മിഷണറിമാർ നിയമിച്ച കമ്മറ്റിയിൽ മൽപ്പാനായിരുന്നു മുഖ്യൻ. മൽപ്പാൻ പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ തക്സാ പരിഷ്കരിച്ചു. ആ തക്സാ ഉപയോഗിച്ച് പഴയ സെമിനരിയിലും പള്ളത്തും കൊല്ലാടും മാരാമണ്ണും മൽപ്പാൻ കുർബാന ചൊല്ലി. ഉടനെ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് മാരാമൺ പള്ളിക്കാരെയും മൽപ്പാനേയും മുടക്കി. മൽപ്പാൻ പഠിപ്പിച്ച 18 ശെമ്മാശ്ശന്മാർക്ക് പട്ടം കൊടുക്കാൻ മെത്രാൻ വിസമ്മതിച്ചു. അവരിൽ മൽപ്പാന്റെ സഹോദരപുത്രനായ മാത്തൻ ശെമ്മാശ്ശനും ഉൾപ്പെടുന്നു.

## മാത്യൂസ് മാർ അത്തനാസ്യോസ് (1843–1877)

നവീകരണ ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്ന ഒരു മെത്രാൻ വേണമെന്ന് ചിന്തിച്ച് അബ്രഹാം മൽപ്പാനും അനുയായികളും മാത്തനെ 1841-ൽ പശ്ചിമേഷ്യയിലെ യാക്കോബായാ പാത്രിയർക്കീസ് മാർ ഏലിയാസ് രണ്ടാമന്റെ(+1847)പക്കലേക്കയച്ചു. മാത്തനെ മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ പാത്രിയർക്കീസ് 1842-ൽ മെത്രാനാക്കി അധികാര പത്രങ്ങളോടുകൂടെ കേരളത്തിലേക്കയച്ചു. അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് നേരിട്ട് മലങ്കരയിൽ ഒരാൾക്ക് മെത്രാൻപട്ടം കൊടുക്കുന്ന ആദ്യസംഭവമാണിത്. മാർ അത്തനാസ്യോസ് 1843-ൽ നാട്ടിലെത്തി.

ചേപ്പാട്ട് മാർ ദിവന്നാസ്യോസ് നിയമാനുസൃത മെത്രാനായി മലങ്കരസഭയിലെ പുത്തൻകൂറ്റുകാരെ ഭരിച്ചു കൊണ്ടിരുന്നപ്പോഴത്രേ മാർ അത്തനാസ്യോസ് ഇവിടെയെത്തിയത്. തുടർന്ന് അവർ ഇരുവരും അധികാരവടംവലി ആരംഭിച്ചു. മാർ അത്തനാസ്യോസിനെതിരെ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് പാത്രിയർക്കീസിന്റെ പക്കൽ പരാതിപ്പെട്ടു. തദ്ഫലമായി യൊവാക്കീം മാർ കൂറില്ലോസ് എന്ന യാക്കോബായാ മെത്രാൻ 1846-ൽ ഇവിടെ വന്നു. അധികാര വടംവലിയിൽ പരാജയപ്പെട്ടേക്കുമോയെന്ന് ഭയന്ന് മാർ ദിവന്നാസ്യോസ് ഭരണാധികാരം പരദേശമെത്രാനായ മാർ കൂറില്ലോസിനെ ഏൽപ്പിച്ചു. തുടർന്ന് മാർ കൂറില്ലോസും മാർ അത്തനാസ്യോസും തമ്മിൽ കേസ് നടന്നു.

## കൊല്ലം പഞ്ചായക്കോടതി വിധി

അധ്യക്ഷസ്ഥാനം മാർ കൂറില്ലോസിന് കൈമാറിയെന്നു കാണിച്ച് 1846 ചിങ്ങം 30-ന് മാർ ദിവന്നാസ്യോസ് ബ്രിട്ടീഷ് റസിഡന്റിനെ അറിയിച്ചു. മാർ അത്തനാസ്യോസ് ഇതിനെതിരെ പരാതി ബോധിപ്പിച്ചു. ഇതിന്മേൽ തീർപ്പു കൽപ്പിക്കുന്നതിന് റസിഡന്റിന്റെ ശുപാർശപ്രകാരം തിരുവിതാംകൂർ സർക്കാർ ഒരു കമ്മറ്റിയെ നിയമിച്ചു. രണ്ടു യൂറോപ്യന്മാരും രണ്ടു നാട്ടുകാരുമായിരുന്നു കമ്മറ്റി അംഗങ്ങൾ. കൊല്ലവർഷം 1023 മീനം 4-ന്

www.malankaralibrary.com

കൊല്ലത്തുവച്ച് മീറ്റിംഗു കൂടി. *കൊല്ലം പഞ്ചായയക്കോടതി* എന്ന് ഇതറിയപ്പെടുന്നു. വിസ്താരം തുടങ്ങിയപ്പോൾ ഇരുകൂട്ടരും അവരവരുടെ തെളിവുകൾ ഹാജരാക്കി. മാർ അത്തനാസ്യോസിനെ മെത്രാനായി കിട്ടണമെന്ന് കൊല്ലം മുതലായ 25 പള്ളികളിലെ പട്ടക്കാരും യോഗവും കൂടിയെഴുതിയ ഹർജിയും, മാർ കൂറില്ലോസിനെ മെത്രാനായി കിട്ടണമെന്ന് കോട്ടയം വലിയപള്ളി മുതലായ 39 പള്ളികളിലെ പട്ടക്കാരും യോഗവും കൂടിയെഴുതിയ ഹർജിയും കോടതിയിൽ സമർപ്പിച്ചു. കോടതി മാർ അത്തനാസ്യോസിന് അനുകൂലമായി 1848-ൽ വിധി പ്രസ്താവിച്ചു. കൊല്ലം പഞ്ചായവിധി അഥവാ കൊല്ലം കമ്മറ്റിവിധി എന്ന് ഇതറിയപ്പെടുന്നു.

''മദ്രാസ് ഗവർണർ തിരുവിതാംകൂർ സന്ദർശിക്കുന്നതിനായി വരുന്നുണ്ടെന്നു കേട്ട്, ഗവർണറെ കൊണ്ട് മഹാരാജാവിനോടൊന്ന് പറയിച്ചാൽ തനിക്ക് തിരുവെഴുത്തുവിളംബരം ലഭിക്കുമെന്നു കരുതി മാത്യൂസ് മാർ അത്തനാസ്യോസ് തിരുമേനി തിരുവനന്തപുരത്തിനു പോകാനായി കായംകുളം യാക്കോബായാ പള്ളിയിൽ എത്തി താമസിച്ചു. ആ പള്ളി സാബോർ, പ്രോത്ത് എന്ന രണ്ടു കൽദായ സഹോദര മെത്രാന്മാരായ കാദീശന്മാർ പണിയിച്ചതാണ്...തിരുമേനി യാത്രയാകുന്നതിനു മുമ്പ് പള്ളിയിൽ കയറി ത്രോണോസിന്മേൽ കമിഴ്ന്നുകിടന്ന് എന്റെ കന്തീശന്മാരേ, എന്റെ ആഗ്രഹം സാധിച്ചു കിട്ടിയാൽ ഞാൻ ഈ പള്ളിയുടെ കേടുപാടു പോക്കി പുതുക്കി പണിയിച്ചു തന്നുകൊള്ളാം എന്നൊരു നേർച്ചയും നേർന്നുകൊണ്ടാണ് തിരുവനന്തപുരത്തേക്ക് ബോട്ടുകയറിയത്''[23]

1852-ൽ തിരുവിതാംകൂർ രാജാവും 1853-ൽ കൊച്ചീരാജാവും ആ വിധി അംഗീകരിച്ച് വിളംബരം പ്രസിദ്ധപ്പെടുത്തി. അങ്ങനെ 1843-ൽ തുടങ്ങിയ കേസ് 1853-ൽ അവസാനിച്ചു. കേരളത്തിലെ പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളുടെ കേസിന്റെ ചരിത്രം ഇവിടെയാണ് ആരംഭിക്കുന്നത്. മാർ അത്തനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി 1853-ൽ ഭരണം ആരംഭിച്ചു. മാർ ദിവന്നാസ്യോസ് ചേപ്പാട്ട് പള്ളിയിലും മാർ കൂറില്ലോസ് കൊച്ചിയിലെ ഒരു പള്ളിയിലും താമസമാക്കി. മാർ ദിവന്നാസ്യോസ് 1855-ൽ മരിച്ച് ചേപ്പാട്ട് പള്ളിയിൽ കബറടങ്ങി.

## മലങ്കര കാനൻ

മാർ അത്തനാസ്യോസ് 1857-ൽ ഒരു കാനൻസംഹിത ഉണ്ടാക്കി. *മാർതോമാ ശ്ലീഹായുടെ ഇടവകയാകുന്ന മലങ്കരസുറിയാനി സഭയുടെ കാനോൻ*. ഈ കാനോനിൽ പാത്രിയർക്കീസിന് മലങ്കരയിൽ യാതൊരു സ്ഥാനവും കൊടുത്തിട്ടില്ല. പാത്രിയർക്കീസിന്റെ പിന്തുണ കിട്ടില്ലെന്നു കണ്ടതുകൊണ്ടാണ് പാത്രിയർക്കീസിനെപ്പറ്റി പരാമർശിക്കാഞ്ഞത്. സെമിനരിക്കേസിൽ ഈ കാനോനാണ് മാർ അത്തനാസ്യോസിന്റെ കക്ഷി

23. ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ, *പൂർവകാലസ്മരണകൾ,* തിരുവനന്തപുരം, 1969,പേ.10-11.

www.malankaralibrary.com

ക്കാർ കോടതിയിൽ ഹാജരാക്കിയത്. യാക്കോബായക്കാരുമായുള്ള കേസിൽ അവതരിപ്പിക്കാൻ പിൽക്കാലത്ത് തോമസ് മാർ അത്തനാസ്യോസ് ഈ കാനൻ ഉണ്ടാക്കി മുൻകാല തീയതിവച്ച് അച്ചടിച്ചതാണെന്നും പറയപ്പെടുന്നു.[24]

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1865–1909)

മാർ അത്തനാസ്യോസിന്റെ എതിർകക്ഷിക്കാർ പുലിക്കോട്ടിൽ യൗസേപ്പ് കത്തനാരെ പശ്ചിമേഷ്യയിലേക്കയച്ചു. മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാനാകാൻ പ്രയോഗിച്ച അതേ തന്ത്രം അദ്ദേഹവും പ്രയോഗിച്ചു. അദ്ദേഹം 1864-ൽ മർദീനിൽ പോയി യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിൽ നിന്ന് (1863/4–1871) മെത്രാൻപട്ടംസ്വീകരിച്ച് മാർ ദിവന്നാസ്യോസ് എന്ന് പേരെടുത്തു. 1865-ൽ തിരികെയെത്തിയെങ്കിലും മാർ അത്തനാസ്യോസിൽ നിന്ന് അധികാരം കരസ്ഥമാക്കാൻ സാധിച്ചില്ല. 1866-ൽ അദ്ദേഹം ദിവാന് കത്തയച്ചു. മതപരമായ കാര്യങ്ങളിൽ സർക്കാർ ഇടപെടുകയില്ലെന്ന് ദിവാൻ മറുപടി നൽകി. തുടർന്ന് മാർ ദിവന്നാസ്യോസ് മദ്രാസ് ഗവർണർ നേപ്പിയറിന്റെ പക്കൽ അപ്പീൽ ബോധിപ്പിച്ചു. എന്നാൽ ദിവാന്റെ ഉത്തരവ് നേപ്പിയർ അംഗീകരിക്കയാണ് ചെയ്തത്.

മാർ ദിവന്നാസ്യോസ് തുടരെത്തുടരെ മാർ അത്തനാസ്യോസിനെതിരെ പാത്രിയർക്കീസിന്റെ പക്കൽ എഴുതിക്കൊണ്ടിരുന്നു. മാർ അത്തനാസ്യോസ് 1868-ൽ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ അബ്രഹാം മൽപ്പാന്റെ മകനായ തോമസിനെ സഹായമെത്രാനായി വാഴിച്ചു. യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് മരിച്ചപ്പോൾ പത്രോസ് മൂന്നാമൻ യാക്കോബായാ പാത്രിയർക്കീസായി. അദ്ദേഹം 1875-ൽ ഇവിടെവന്ന് മുളന്തുരുത്തിയിൽ വച്ച് ഒരു സഭായോഗം കൂടി.[25] അത് മുളന്തുരുത്തി സൂനഹദോസ് എന്ന് അറിയപ്പെടുന്നു. മാത്യൂസ് മാർ അത്തനാസ്യോസിനെയും തോമസ് മാർ അത്തനാസ്യോസിനെയും അനുയായികളെയും പാത്രിയർക്കീസ് മുടക്കി. മാർ അത്തനാസ്യോസിന് അനുകൂലമായി നൽകിയിരുന്ന രാജകീയ വിളംബരം 1876 കുംഭം 23-ന് രാജാവ് അസ്ഥിരപ്പെടുത്തി. മാർ ദിവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ചു. മാത്യൂസ് മാർ അത്തനാസ്യോസ് 1877-ൽ മരിച്ചു.

## മുളന്തുരുത്തി സൂനഹദോസ് (1876)

പുത്തൻകൂർ സമുദായത്തെ യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിലാക്കിയതും ഈ സഭ യാക്കോബായാ സഭയുടെ ഭാഗമായതും

24. ഇടിക്കുള പാണ്ടിയത്ത്, *പുത്തൻകൂറ്റുകാർ,*പത്തനംതിട്ട, 2014,പേ.58-59; ജി.ചേടിയത്ത്, *മാർ അത്തനാസ്യോസിന്റെ മലങ്കര കാനൻ,* കോട്ടയം,2002.

25. കെ. കണിയാംപറമ്പിൽ, *മുളന്തുരുത്തി സൂനഹദോസ്*,കോട്ടയം, 1976; റ്റി.ഐ.വർഗീസ്, *മലങ്കര-അന്ത്യോക്യൻബന്ധം പത്തൊൻപതാം നൂറ്റാണ്ടിന്റെ സൃഷ്ടി,* കോട്ടയം,1997.

www.malankaralibrary.com

യാക്കോബായാ നാമം അവരുടെ സ്വന്തമായതും ഈ സിനഡോടു കൂടിയാണ്. യാക്കോബായാ പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയവും ലൗകികവുമായ അധികാരങ്ങൾ ഉറപ്പിക്കാൻ പറ്റിയ നിയമങ്ങളും ക്രമീകരണങ്ങളും ഈ സിനഡിൽ രൂപീകരിച്ചു. "ഈ സമ്മേളനത്തിൽ മലങ്കര പുത്തൻകൂർ സമുദായത്തെ അന്ത്യോക്യൻ യാക്കോബായാ സുറിയാനി പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധീശത്വത്തിൻ കീഴിൽ പുരാതനകാലം മുതൽ സ്ഥിതി ചെയ്തു വന്ന ഒരു സഭാഘടനയായി ചിത്രീകരിച്ചു." നൂറിൽപരം പള്ളികളിൽ നിന്ന് മുന്നൂറിലധികം പ്രതിനിധികൾ ഈ യോഗത്തിൽ സംബന്ധിച്ചു.

ഈ സിനഡ് താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു:

(1) അന്ത്യോക്യാ സിംഹാസനത്തോട് അനുസരണവും യാക്കോബായാ സുറിയാനി വിശ്വാസം വ്യത്യാസം കൂടാതെ പാലിച്ചുകൊള്ളാമെന്നുള്ള ഉറപ്പും രേഖപ്പെടുത്തുന്ന സമ്മതപത്രം ഓരോ പള്ളിയിടവകയും റജിസ്റ്റർ ചെയ്ത് സൂക്ഷിക്കുകയും കോപ്പി പാത്രിയർക്കീസിന് നൽകുകയും വേണം. (2) ഇടവകയിലെ അംഗസംഖ്യയ്ക്ക് അനുസൃതമായ സംഭാവന പാത്രിയർക്കീസിനു നൽകണം. (3) ഒരു സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഉണ്ടാക്കണം. (4) ഈ അസോസിയേഷനിൽ നിന്ന് ഒരു മാനേജിംഗ് കമ്മറ്റി ഉണ്ടാക്കണം.[26]

## സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും

മലങ്കര ഓർത്തഡോക്സ് സഭയിൽ ഇപ്പോഴുള്ള *സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും* തുടക്കം ഇവിടെയാണ്.അതുപോലെ, അന്ത്യോക്യൻ സുറിയാനി ലിറ്റർജി പുത്തൻകൂർ പള്ളികളിൽ വ്യാപകമായി നടപ്പാക്കിയതും ഇക്കാലത്താണ്. പഴയ കൂറ്റുകാരിൽ നിന്ന് പുത്തൻകൂറ്റുകാരെ അകറ്റുന്നതിനും ഇക്കാലത്ത് അന്ത്യോക്യക്കാരുടെ ഭാഗത്തുനിന്ന് നീക്കങ്ങളുണ്ടായി. മലങ്കര ഇടവകയെ ഏഴ് ഭദ്രാസനങ്ങളായി തിരിച്ചു. കൊല്ലം, തുമ്പമൺ, കോട്ടയം, അങ്കമാലി, കണ്ടനാട്, കൊച്ചി, നിരണം എന്നിവയാണ് ഏഴു രൂപതകൾ. പുതുതായി ആറ് മെത്രാന്മാരെ വാഴിച്ച് രൂപതകൾ ഏൽപ്പിച്ചു. പാത്രിയർക്കീസിന് സമസ്താധികാരവും ഉണ്ടെന്ന് അംഗീകരിക്കുന്ന ഉടമ്പടി അവരിൽ നിന്ന് എഴുതി വാങ്ങിയ ശേഷമാണ് അവർക്ക് പട്ടം കൊടുത്തത്. പരിശുദ്ധ പരുമല തിരുമേനിയും അക്കൂട്ടത്തിൽ പെടും. പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ അവരെ നിയമിച്ച് സ്വന്തം അധികാരാവകാശങ്ങൾക്ക് ഉറപ്പുവരുത്തി. പുത്തൻകൂർ സമുദായത്തെ ഈ സിനഡ് പുതിയൊരു വഴിക്ക് തിരിച്ചുവിട്ടു.

26. റ്റി.ഐ.വർഗീസ്, *അതേകൃതി*, 68-74

www.malankaralibrary.com

മലങ്കരയിൽ ഉണ്ടായിരുന്ന വ്യത്യസ്താഭിപ്രായക്കാരെ യോജിപ്പിക്കാനായി ഒന്നും ചെയ്യാതെ അവരെ രണ്ട് കക്ഷികളാക്കി, കോടതി കയറ്റാനുള്ള പദ്ധതികളാണ് സിനഡിൽ രൂപപ്പെട്ടത്. മാത്യൂസ് മാർ അത്തനാസ്യോസിനെ പത്രോസ് പാത്രിയർക്കീസ് മുടക്കിയതും തെറ്റായിപ്പോയി. തന്മൂലം ഒരു വിഭാഗം മലങ്കരസഭയിൽ നിന്നു വിട്ടുമാറി മാർതോമാസഭ രൂപീകരിക്കാനുള്ള സാഹചര്യം സംജാതമായി. രമ്യതയിൽ പരിഹരിക്കപ്പെടാമായിരുന്ന സംഗതി പാത്രിയർക്കീസ് സങ്കീർണമാക്കി. അമിത അന്ത്യോക്യാഭക്തി പുലർത്തുന്ന കുറേ ആളുകളെ രൂപീകരിച്ച് അന്ത്യോക്യൻ ഭക്തിയിൽ നിലനിർത്താൻ പാത്രിയർക്കീസിന് സാധിച്ചു. റോമാ മാർപാപ്പായോടുള്ള വിദ്വേഷം ജനങ്ങളിൽ ജനിപ്പിക്കാൻ ഉതകുന്ന വിധമുള്ള പ്രബോധനങ്ങളിലേക്കും അന്ത്യോക്യക്കാർ മലങ്കരയെ വലിച്ചിഴച്ചു. കൂനൻ കുരിശുസത്യം റോമാ മാർപാപ്പായ്ക്ക് എതിരായിരുന്നു എന്ന തെറ്റായ ചിന്ത പുത്തൻകൂറ്റിൽ പ്രചരിപ്പിച്ചതും ഈ സിനഡോടു കൂടിയാണ്.

## യാക്കോബായാനാമം

യാക്കോബായാനാമം പുത്തൻകൂറ്റുകാരുടെ പേരായത് ഈ യോഗത്തോടു കൂടിയാണ്. മാർ അത്തനാസ്യോസിന്റെ കക്ഷിക്കാരോട് തുടർന്ന് നടന്ന കേസുകളിൽ തങ്ങളാണ് യഥാർഥ യാക്കോബായക്കാരെന്ന് മാർ ദിവന്നാസ്യോസിന്റെ പക്ഷക്കാർ വാദിച്ചുകൊണ്ടിരുന്നു. മാർ അത്തനാസ്യോസിന്റെ അനുയായികൾ *നവീകരണ യാക്കോബായക്കാർ* എന്നാണ് അറിയപ്പെട്ടിരുന്നത്. മലങ്കരയിൽ യാതൊരധികാരവും ഇല്ലാതിരുന്ന അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് മുളന്തുരുത്തി സൂനഹദോസോടു കൂടി ഈ സഭയുടെ അധ്യക്ഷനായി. മിക്ക മലങ്കരക്കാരും ഒരിക്കലും ആഗ്രഹിക്കാത്ത ഒന്നായിരുന്നിത്. എന്നാൽ ഇവിടെയുള്ള കലഹങ്ങളിൽ പാത്രിയർക്കീസ് ഇടപെട്ട് അതിൽനിന്ന് മുതലെടുക്കുകയും പുത്തൻകൂറ്റുകാരുടെ സഭയെ യാക്കോബായാസഭയുടെ ഭാഗമാക്കുകയും ചെയ്തു.

അന്ത്യോക്യൻ യാക്കോബായാസഭയുടെ ആരാധനക്രമങ്ങളും നിയമസംഹിതയും പ്രബോധനങ്ങളും ഇവിടെ നടപ്പാക്കി. കോനാട്ടു മൽപ്പാന്മാർ അന്ത്യോക്യൻ ക്രമങ്ങൾ അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തു. പഴയകൂർ സമുദായത്തിലെ നസ്രാണികളിൽ നിന്ന് പുത്തൻകൂറ്റുകാരെ അകറ്റുന്നതിലും ഈ സിനഡിനും പാത്രിയർക്കീസിനും നിർണായക പങ്കുണ്ടായിരുന്നു. റോമാ മാർപാപ്പായോടുള്ള വിദ്വേഷം ജനങ്ങളിൽ ജനിപ്പിക്കാൻ ഉതകുന്ന വിധമുള്ള പ്രബോധനങ്ങളിലേക്കും അന്ത്യോക്യക്കാർ മലങ്കര സഭയെ വലിച്ചിഴച്ചു. മലങ്കര പള്ളികളെല്ലാം പാത്രിയർക്കീസിന്റെ കീഴിലാണെന്ന് സമ്മതിക്കുന്ന ഉടമ്പടി ഉണ്ടാക്കാൻ പാത്രിയർക്കീസ് പരിശ്രമിച്ചെങ്കിലും, പൂർണമായി നടന്നില്ല. അവശേഷിച്ച പൗരസ്ത്യ സുറിയാനി

www.malankaralibrary.com

പാരമ്പര്യങ്ങളും ആരാധനാരീതികളും നിർത്തലാക്കി. പൗരസ്ത്യ സുറിയാനിയുടെ സ്ഥാനത്ത് പാശ്ചാത്യസുറിയാനി നടപ്പാക്കി.[27]

ഇതിൽ മാർ ദിവന്നാസ്യോസിന് ഗണ്യമായ പങ്കുണ്ടായിരുന്നു. മുളന്തുരുത്തി സൂനഹദോസുവരെ അന്ത്യോക്യൻ യാക്കോബായാ സുറിയാനി സഭയുടെ ഭാഗമല്ലാതിരുന്ന മലങ്കരസഭയെ ദിവന്നാസ്യോസ് അതിന്റെ ഭാഗമാക്കി തീർക്കുകയും അന്ത്യോക്യയുടെ അധീശത്വം അതിന്മേൽ സ്ഥാപിക്കുകയും ചെയ്തു. കോടതി വ്യവഹാരത്തിലൂടെ അത് നിയമപരമായി ഉറപ്പിക്കപ്പെടുകയും സഭയിൽ പ്രചാരത്തിൽ ആക്കുകയും ചെയ്തു. ഇത് കടുത്ത വഞ്ചനയും നുണയുമാണ്. മാർ അത്തനാസ്യോസിൽ നിന്ന് അധികാരം പിടിച്ചെടുക്കാൻ ചെയ്ത തന്ത്രത്തിന്റെ അനന്തരഫല മാണിത്. മലങ്കരസഭയിൽ രണ്ടുകക്ഷികൾക്ക് ജന്മം നൽകിയിട്ട് പത്രോസ് പാത്രിയർക്കീസ് 1877-ൽ തിരികെ പോയി.

**സെമിനരിക്കേസ് (1879–1889)**

മുളന്തുരുത്തി സൂനഹദോസുവരെ സഭാധ്യക്ഷന് പ്രത്യേകമായ ആസ്ഥാനം ഇല്ലായിരുന്നു. മെത്രാൻ മാറിമാറി ഓരോ സ്ഥലത്ത് താമസിച്ചിരുന്നു. എന്നാൽ ഇക്കാലത്തോടുകൂടി കോട്ടയത്തെ പഴയ സെമിനരി സഭാധ്യക്ഷന്റെ ആസ്ഥാനമായിത്തീർന്നു. മാർ അത്തനാ സ്യോസിന്റെയും അനുയായികളുടെയും കൈവശത്തിലായിരുന്നു പഴയ സെമിനരിയും സഭാസ്വത്തുക്കളും. അവ പിടിച്ചെടുക്കാൻ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ശ്രമം നടത്തി. 1879-ൽ ആലപ്പുഴ ജില്ലാകോടതിയിൽ തോമസ് മാർ അത്തനാസ്യോസി നെതിരെ മാർ ദിവന്നാസ്യോസ് കേസ് ഫയൽ ചെയ്തു. സെമിനരി സമരിക്കേസ് അഥവാ സെമിനരിക്കേസ് എന്ന് അത് അറിയപ്പെടുന്നു. 1889-ൽ റോയൽ കോടതിയിൽ നിന്ന് അന്തിമ വിധിയുണ്ടായി. വിധി പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് അനുകൂല മായിരുന്നു. ഇരുവിഭാഗവും കോടതിയിൽ സമർപ്പിച്ചത് തങ്ങളുടെ താൽപര്യ പ്രകാരം തിരുത്തുകയോ നിർമിക്കുകയോ ചെയ്ത കാനോനാകളാണ്. പ്രധാനപ്പെട്ട വിധിന്യായങ്ങൾ:

(1) മലങ്കരസഭയുടെ തലവൻ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസാകുന്നു. (2) മാർ ദിവന്നാസ്യോസാണ് അംഗീകൃത മലങ്കര മെത്രാപ്പോലീത്താ.

---

27. പൗരസ്ത്യ സുറിയാനിയിൽ നിന്നുള്ള ധാരാളം വാക്കുകൾ ഇപ്പോഴും കേരളത്തിലെ യാക്കോബായക്കാരും ഓർത്തഡോക്സുകാരും ഉൾപ്പെടെ മലങ്കരനസ്രാണികളെല്ലാം പൊതുവായി ഉപയോഗിക്കുന്നു.നൂറ്റാണ്ടുകളായി വൈദികർ ഉണ്ടായിരുന്ന പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ ഈ അടുത്ത കാലം വരെ പൗരസ്ത്യസുറിയാനി ഭാഷയിലെഴുതിയ ഗ്രന്ഥങ്ങൾ സുലഭമായിരുന്നു.

www.malankaralibrary.com

(3) അദ്ദേഹമാണ് ഭൗതികസ്വത്തുക്കളുടെ സംരക്ഷകൻ.

(4) മാർ അത്തനാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയതിനാൽ, അദ്ദേഹത്തിന്റെ അനുയായികൾക്ക് ഈ സഭയുടെ ഭൗതികവസ്തുക്കളുടെ മേൽ അധികാരമില്ല. കേസിൽ തോറ്റവർ *നവീകരണകക്ഷി* എന്ന് അറിയപ്പെട്ടു.

റോയൽ കോടതിവിധിപ്രകാരം മാർ ദിവന്നാസ്യോസിന് ഭൗതികസ്വത്തുക്കൾ നൈയാമികമായ കൈവശം വന്നെങ്കിലും തുടർന്ന് ഓരോ പള്ളിയും കേസുപറഞ്ഞ് നടത്തി എടുക്കേണ്ടിയിരുന്നു. മാർ അത്തനാസ്യോസിനും അനുയായികൾക്കും അവകാശം നല്കി പഴയസെമിനരിയിൽ നിന്ന് ഇറക്കിവിട്ടു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് കേസിനുശേഷം അവിടെ താമസമാക്കി.

തോമസ് മാർ അത്തനാസ്യോസ് മരിച്ചപ്പോഴും(1893)വ്യവഹാരങ്ങൾ അവസാനിച്ചിട്ടില്ലായിരുന്നു. തീത്തൂസ് ഒന്നാമൻ നവീകരണകക്ഷിയുടെ നേതൃസ്ഥാനത്തു വന്നപ്പോഴും (1894) കേസുകൾ തുടർന്നു കൊണ്ടിരുന്നു. ചില പള്ളികൾ ഒത്തുതീർപ്പിലൂടെ മാർ ദിവന്നാസ്യോസിന്റെ കക്ഷിക്ക് ലഭിച്ചു.നിരണം പള്ളിയും പാലിയേക്കര പള്ളിയും അപ്രകാരം വിട്ടുകൊടുത്തു. നവീകരണക്കാർക്ക് അവരുടെ അവകാശം പണമായി നൽകി. എന്നാൽ നവീകരണക്കാരുടെ കൈവശത്തിലായിരുന്ന കോട്ടയം ചെറിയ പള്ളിയെയും ആർത്താറ്റു പള്ളിയെയും സംബന്ധിച്ച് കേസ് നിലനിന്നു. തോമസ് മാർ അത്തനാസ്യോസിന്റെ പിൻഗാമിയായ തീത്തൂസ് ഒന്നാമനെ കോട്ടയം ചെറിയ പള്ളിയിൽ വച്ചാണ് മെത്രാനായി വാഴിച്ചത്. ഒത്തുതീർപ്പെന്ന നിലയിൽ 5000 രൂപാ പറ്റിക്കൊണ്ട് നവീകരണക്കാർ ആ പള്ളി യാക്കോബായക്കാർക്ക് വിട്ടുകൊടുത്തു. തുടർന്ന് ആ പള്ളി മാർ ദിവന്നാസ്യോസിന്റെ കസ്റ്റഡിയിലായി.

ഇതോടുകൂടി മലങ്കരസഭ അന്ത്യോക്യൻ യാക്കോബായാ സഭയുടെ ഭാഗമായി. തനി യാക്കോബായാ രീതിയിലുള്ള പരിശീലനം പഴയ സെമിനരിയിൽ കൊടുത്തു തുടങ്ങി. വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാനും കോനാട്ട് മാത്തൻ മൽപ്പാനും ഇതിനു നേതൃത്വം നൽകി. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1909-ൽ മരിച്ചു. പഴയ സെമിനരിയിൽ കബറടങ്ങി.

തീത്തൂസ് ഒന്നാമൻ മാർത്തോമ്മാ 1909-ൽ കോട്ടയം ചെറിയ പള്ളിയിൽ ചെന്ന് മാർ ദിവന്നാസ്യോസ് മരിക്കുന്നതിനുമുമ്പ് സന്ദർശനം നടത്തി. “കുശലപ്രശ്നവും ക്ഷമായാചനയും എല്ലാം കഴിഞ്ഞ്, ‘എനിക്ക് കന്തീലാ നടത്തിയേ പോകാവൂ’ എന്നു പറഞ്ഞ് കന്തീലാപുസ്തകവും സൈത്തുകുപ്പിയും കാണിച്ചുകൊടുത്തു. ‘ഞങ്ങൾ മുടക്കപ്പെട്ടവർ ആണ് എന്നാണല്ലോ പറയുന്നത്. കന്തീലായും കഴിഞ്ഞതാണല്ലോ. പിന്നെന്തിനാണ് ഇത് നടത്തുന്നത്?’ എന്നു പറഞ്ഞ് തീത്തൂസ് തിരുമേനി അൽപ്പം വൈമനസ്യം കാണിച്ചു. മാർ ദിവന്നാസ്യോസ് സമ്മതിച്ചില്ല. ‘അതെല്ലാം

www.malankaralibrary.com

അങ്ങനൊക്കെ ഭവിച്ചു. അതൊന്നും ഓർക്കരുത്. എനിക്ക് കന്തീലാ കഴിച്ചിട്ടേ പോകാവൂ.'എന്നു വീണ്ടും നിർബന്ധിക്കുകയാൽ അദ്ദേഹം സൈത്തുപൂശി അത് നടത്തുകയും ചെയ്തു. ഒടുവിൽ രണ്ടുപേരും തമ്മിൽ ആലിംഗനം ചെയ്ത് യാത്രപറഞ്ഞു."[28] അധികം വൈകാതെ മാർ ദിവന്നാസ്യോസ് ചെറിയപള്ളിയിൽ വച്ച് കാലം ചെയ്തു. തുടർന്ന് ശരീരം പഴയസെമിനരിയിലേക്ക് കൊണ്ടുപോയി.

## മാർ തോമാ സഭാസ്ഥാപനം (1889)

സാക്ഷാൽ യാക്കോബായക്കാർ തങ്ങളാണെന്നായിരുന്നു തോമസ് മാർ അത്തനാസ്യോസും കൂട്ടരും വാദിച്ചിരുന്നത്. കേസിൽ തോറ്റ അവർ മാരാമൺ ചെന്നു താമസിച്ചു. അവരുടെ കൈവശം ഉണ്ടായിരുന്ന പള്ളികളും വസ്തുക്കളും കേസിലൂടെയോ ഒത്തുതീർപ്പുവഴിയോ യാക്കോബായക്കാർക്ക് കൊടുത്തു. ചെങ്ങന്നൂർ പള്ളിയിൽ രണ്ടു കൂട്ടർക്കും അവകാശമുള്ള രീതിയിൽ ഉടമ്പടി ചെയ്തു. അത് ഇപ്പോഴും അങ്ങനെ തന്നെയാണ് നിലനിൽക്കുന്നത്. താമസിയാതെ നവീകരണകക്ഷി എന്ന പേരിൽ തന്റെ അനുയായികളെ മാർ അത്തനാസ്യോസ് സംഘടിപ്പിച്ചു. പിന്നീട് മാർ തോമാ സുറിയാനി സഭ എന്ന് അവർ പേരു മാറ്റി.

## അവലോകനം

പത്രോസ് പാത്രിയർക്കീസിന്റെ പ്രവർത്തനം ഇവിടെ ഒരു പിളർപ്പുണ്ടാക്കി. അത് പുതിയൊരു സഭ ഉണ്ടാകാൻ ഇടവരുത്തി. ഇവിടെ ഉണ്ടായിരുന്ന അഭിപ്രായവ്യത്യാസം പറഞ്ഞുതീർത്ത് യേശുക്രിസ്തുവിന്റെ സ്നേഹത്തിലും ഐക്യത്തിലും യോജിപ്പിച്ചു കൊണ്ടുപോകാനല്ല അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് ശ്രദ്ധിച്ചത്. അറബി മുസ്ലീങ്ങളുടെ ഇടയിൽ മാത്രം ഞെരുങ്ങി കഴിഞ്ഞിരുന്ന ഈ പശ്ചിമേഷ്യൻ മെത്രാന് വിശാലമായ കാഴ്ചപ്പാടോ, സഭയുടെ പൊതുനന്മയോ അല്ലായിരുന്നു ലക്ഷ്യം. പിന്നെയോ, തന്റെ കൂടെ നിൽക്കുന്ന ഒരു സമൂഹത്തെ മലങ്കരയിൽ രൂപീകരിക്കുക എന്നതായിരുന്നു. ഇതു തന്നെയാണ് മെനെസീസും പോർട്ടുഗീസുകാരും 1599-ൽ ഉദയംപേരൂർ സൂനഹദോസിൽ ചെയ്തത്. വിദേശിയരായ പാശ്ചാത്യരെല്ലാം സ്വന്തം താൽപ്പര്യം സംരക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു. തുടർന്നുള്ള കാലഘട്ടത്തിലും മുടക്കിന്റെയും ശാപത്തിന്റെയും പിളർക്കലിന്റെയും തന്ത്രം അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസന്മാർ പ്രയോഗിച്ചിട്ടുണ്ട്. ഇതേ ആയുധം 1911-ലും 1975-ലും ഉപയോഗിച്ച് അന്ത്യോക്യക്കാർ പിളർപ്പുണ്ടാക്കി.

മലങ്കരയിൽ മെത്രാന്മാരാകുന്നവർക്ക് അന്ത്യോക്യൻ സഭയുടെ മേൽപ്പട്ടവും അധികാരനിയമനങ്ങളും ആവശ്യമാണെന്ന് മാർ

28. ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ, *പൂർവകാലസ്മരണകൾ*, 20-21.

www.malankaralibrary.com

ദിവന്നാസ്യോസും കൂട്ടരും കേസിൽ വാദിച്ചിരുന്നു. മുടക്കു കിട്ടിയ അത്തനാസ്യോസിനെ കേസിൽ തോൽപ്പിച്ച് സഭാസ്ഥാപനങ്ങൾ സ്വന്തമാക്കുന്നതിനായിരുന്നു അദ്ദേഹം ഇപ്രകാരം ചെയ്തത്. നവീകരണക്കാരെ പരാജയപ്പെടുത്താൻ ഹൂദായകാനൻ തിരുത്തി. മലങ്കരസഭാചരിത്രത്തിന് വില കൽപ്പിക്കാതെ കേസിൽ ജയിക്കാനായി ഉണ്ടാക്കിയ ചരിത്രം അവർക്കുതന്നെ വിനയായി. എതിർവിഭാഗവും തിരുത്തിയ കാനോനാണ് കോടതിയിൽ ഹാജരാക്കിയത്. ബ.റ്റി.ഐ. വർഗീസച്ചൻ ചൂണ്ടിക്കാണിക്കുന്നതു പോലെ, "ചരിത്രസംഭവങ്ങൾ വാസ്തവമായട്ടുള്ളവ സംസ്ഥാപിതമാകുന്നതുവരെ ആവർത്തിച്ചാ വർത്തിച്ചു കൊണ്ടിരിക്കും എന്ന പറഞ്ഞുവരുന്നത് എത്ര വാസ്തവം."[29]

മാർ അത്തനാസ്യോസുമായി കേസു നടത്തിക്കൊണ്ടിരുന്ന കാലത്ത് മാർ ദിവന്നാസ്യോസ് രഹസ്യമായി റോമുമായി സഭൈക്യസംഭാഷണങ്ങൾ നടത്തിയിരുന്നു. നിധീരി മാണിക്കത്തനാരുമൊത്ത് അദ്ദേഹം പല എഴുത്തുകുത്തുകളും സന്ദർശനങ്ങളും നടത്തി. അദ്ദേഹം മാർപാപ്പായ്ക്ക് അയച്ച കത്തും അദ്ദേഹത്തെ സംബന്ധിച്ച് റോമിൽ നടന്ന തീരുമാനങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ട്. പുത്തൻകൂറ്റുകാരും പഴയ കൂറ്റുകാരും കൂടി ഒന്നിച്ചുള്ള പല സംരംഭങ്ങളും നടപ്പാക്കാൻ അദ്ദേഹം പദ്ധതി ഇട്ടിരുന്നു. എന്നാൽ അവയൊന്നും നടക്കാതെ പോയതിൽ അദ്ദേഹത്തിന് വലിയ കുണ്ഠിതം ഉണ്ടായിരുന്നു.[30]

പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും കൂടി നസ്രാണിജാത്യൈക സംഘം എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കി. മനോരമ ഇരിക്കുന്ന സ്ഥലം പൊതുവായി വാങ്ങി. നവീകരണ കക്ഷിയുമായി നടത്തുന്ന കേസിൽ തോറ്റുപോയാൽ പിടിച്ചു നിൽക്കാനാണ് ഈ സംരംഭം തുടങ്ങിയതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ആ സ്ഥാപനത്തിനു വേണ്ടിയ ചെലവിന്റെ ഭൂരിഭാഗവും പഴയകൂറ്റിൽ നിന്നാണ് ഉണ്ടായത്. "ഇപ്പോൾ മനോരമ ആപ്പീസ്, മാർ ദിവന്നാസ്യോസ് സെമിനരി മുതലായ സ്ഥാപനങ്ങൾ ഇരിക്കുന്നതും വുഡ്ലാൻഡ്സ് എന്നു പേരുണ്ടായിരുന്നതുമായ സ്ഥലം ജാത്യൈക സംഘത്തിന്റെ ഉപയോഗത്തിനായി ഡാറാ സായിപ്പിന്റെ പക്കൽ നിന്ന് മാർ ദിവന്നാസ്യോസിന്റെയും നിധിയിരിക്കൽ മാണിക്കത്തനാരുടെയും പേരിൽ വാങ്ങിക്കപ്പെട്ടതായിരുന്നു. 1886 ജൂലായ് മാസം 9-ന് നിധിയിരിക്കൽ മാണിക്കത്തനാർ ആലപ്പുഴ നിന്ന് പഴേപറമ്പിൽ ളൂയിസച്ചന് അയച്ച ഒരെഴുത്തിന്റെ അടിയിൽ ളൂയിസച്ചന്റെ കൈപ്പടയിൽ ഇങ്ങനെ കാണുന്നു. 'കോട്ടയത്തെ ബങ്കളാവ് 3500 രൂപായ്ക്ക് പുലിക്കോട്ടച്ചന്റെയും മാണിയച്ചന്റെയും പേരിൽ 1886 മീനം 27-ന് വാങ്ങിച്ചു.' പഴയ സെമിനരിക്കേസ്

29. റ്റി.ഐ.വർഗീസ്,*അതേക്യ്തി*, 77.
30. ജി.ചേടിയത്ത്,എക്യുമേനിസത്തിന്റെ മറുവശം, പത്തനംതിട്ട,2013,പേ.181-228.
31. ഐ.സി.ചാക്കോ,*മാർ ളൂയിസ് പഴേപറമ്പിൽ*, തിരുവനന്തപുരം, 1937,പേ.498-500.

www.malankaralibrary.com

തങ്ങൾക്ക് ഗുണമായി പരിണമിച്ചപ്പോൾ പുലിക്കോട്ട് മാർ ദിവന്നാസ്യോസിനും മറ്റും പുനരൈക്യത്തെ കുറിച്ചുള്ള അഭിപ്രായത്തിൽ വ്യത്യാസങ്ങൾ വന്നുതുടങ്ങി.[31]

മലങ്കരയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിക്കണം എന്നുള്ള ആദ്യ നിവേദനം സമർപ്പിക്കപ്പെട്ടത് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ കാലത്താണ്. അതിന് വളരെ നിഷേധാത്മകമായ മറുപടിയാണ് അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിൽ നിന്നുണ്ടായിത്.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് കേസിനുശേഷം പഴയ സെമിനരിയിൽ താമസമാക്കി. അവിടെത്തന്നെ കബറടങ്ങി. വട്ടശ്ശേരിൽ മൽപ്പാൻ നേതൃസ്ഥാനം ഏറ്റെടുത്തു. കേസിൽ രണ്ടുകൂട്ടരും കള്ളക്കാനോനാണ് സമർപ്പിച്ചത്. കള്ളം പറഞ്ഞ് ജനത്തെയും സമൂഹത്തെയും വഞ്ചിക്കുകയായിരുന്നു. താൽക്കാലിക നേട്ടത്തിനുവേണ്ടി നടത്തിയ കള്ളത്തരങ്ങൾ പിന്നീട് അവർക്കു തന്നെ വിനയായി.

## വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് (1909-1934)

മാർ ദിവന്നാസ്യോസിന്റെ ജീവിതകാലം രണ്ടായി തിരിക്കാം.

(1) ഒന്നായിരുന്ന മലങ്കര യാക്കോബായാ സഭയിൽ അധ്യക്ഷനായിരുന്ന കാലം (1909-1911). പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മരിച്ചപ്പോൾ, (1909) വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയി. അപ്പോൾ അദ്ദേഹം മലങ്കര യാക്കോബായാസഭ മുഴുവന്റെയും മെത്രാപ്പോലീത്താ ആയിരുന്നു.

(2) കാതോലിക്കേറ്റ് സ്ഥാപിച്ച് മെത്രാൻ കക്ഷിയെന്നും ബാവാക്കക്ഷിയെന്നും രണ്ടായതിനു ശേഷമുള്ള കാലം (1912-1934). കോട്ടയം പഴയ സെമിനരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് വട്ടശ്ശേരിൽ മൽപ്പാൻ പശ്ചിമേഷ്യയിൽ പോയി മെത്രാനായി തിരികെ വന്നത്. പത്രോസ് പാത്രിയർക്കീസിൽ നിന്ന് ശെമ്മാശ്ശപട്ടവും പരുമല മാർ ഗ്രിഗോറിയോസിൽ നിന്ന് 1880-ൽ വൈദികപട്ടവും മാർ അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്ന് 1908-ൽ മർദീനിൽ വച്ച് മെത്രാൻപട്ടവും സ്വീകരിച്ചു.

1909-ൽ തന്നെ മാർ അബ്ദള്ളാ പാത്രിയർക്കീസ് ഇവിടെവന്ന്, സഭയിലെ ആത്മീകവും ലൗകികവുമായ എല്ലാ അധികാരങ്ങളും പാത്രിയർക്കീസിൽ നിക്ഷിപ്തമാണെന്ന് എഴുതിക്കൊടുക്കാൻ മെത്രാന്മാരോട് ആവശ്യപ്പെട്ടു. മലങ്കരയിൽ ആത്മീകവും ലൗകികവുമായ അധികാരം ഉറപ്പിക്കുക, മലങ്കരസഭയെ അന്ത്യോക്യൻസഭയുടെ ഭാഗമാക്കുക, മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യവും വ്യക്തിത്വവും ഹനിക്കുക, എതിർക്കുന്നവരെ അമർച്ച ചെയ്യുക എന്നിവയായിരുന്നു അബ്ദള്ളാ പാത്രിയർക്കീസിന്റെ ലക്ഷ്യം. വട്ടശ്ശേരിൽ തിരുമേനിയോട് നീരസത്തിൽ കഴിഞ്ഞിരുന്ന ചില മലങ്കരക്കാർ പാത്രിയർക്കീസിന് പിൻതുണ നൽകിയതായി കാണുന്നു.

www.malankaralibrary.com

പഴയ സെമിനരിയിൽവച്ച് 1909 വൃശ്ചികത്തിൽ നടന്ന യോഗത്തിൽ തന്റെ ആഗ്രഹം സാധിച്ചു കിട്ടാൻ പാത്രിയർക്കീസ് പരിശ്രമിച്ചെങ്കിലും വിജയിച്ചില്ല. തുടർന്ന് ചില പള്ളികളിൽ പോയി പ്രത്യേകം പ്രത്യേകം ഉടമ്പടികൾ എഴുതിവാങ്ങി. അപ്രകാരം എഴുതിക്കൊടുത്ത മാർ അത്തനാസ്യോസ്, മാർ സേവേറിയോസ് എന്നിവരെ മെത്രാന്മാരാക്കി. പൗലോസ് മാർ കൂറില്ലോസ് ഉടമ്പടി എഴുതിക്കൊടുത്തു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് വിസമ്മതിച്ചു. അതുകൊണ്ട് മാർ അബ്ദള്ളാ അദ്ദേഹത്തെ 1911-ൽ മുടക്കി. സമുദായ ട്രസ്റ്റികളായിരുന്ന കോനാട്ടു മൽപ്പാനും സി.ജെ. കുര്യനും പാത്രിയർക്കീസിന്റെ പക്ഷം ചേർന്നു.

"1910-ൽ അബ്ദുള്ളാ പാത്രിയർക്കീസ് കോട്ടയത്തെത്തിയപ്പോൾ ഒരു ഗംഭീരസ്വീകരണം നൽകി. ബാവാതിരുമേനി കയറിയ കുതിരവണ്ടിയുടെ മുൻപിൽ അംശവടി പിടിച്ചിരുന്നത് ഫാ.പി.റ്റി. ഗീവർഗീസായിരുന്നു. ആ സ്ഥാനം കോനാട്ട് മാത്തൻ മൽപ്പാൻ നിർവഹിക്കേണ്ടതായിരുന്നു. അത് ലഭിക്കാഞ്ഞതിൽ മൽപ്പാന് നീരസമുണ്ടായി."[32] സി.ജെ.കുര്യന്റെ കുടുംബക്കാർക്ക് ആലപ്പുഴ ജില്ലാക്കോടതിയുടെ അടുക്കലുണ്ടായിരുന്ന ഒരു പുരയിടം സഭയ്ക്ക് കൊടുത്തിരുന്നു. അത് കൂട്ടുട്രസ്റ്റികളായ കുര്യന്റെയും കോനാട്ട് മൽപ്പാന്റെയും അറിവും സമ്മതവും കൂടാതെ വട്ടശ്ശേരിൽ തിരുമേനി ഹരിപ്പാട്ടു കൃഷ്ണയ്യർക്ക് തീറെഴുതിക്കൊടുത്തു. അവരിരുവരും കക്ഷി മാറാനുള്ള കാരണമായി ചിലർ ഈകാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു.[33]

അവരുടെ സഹായത്തോടുകൂടെ സഭാസ്ഥാപനങ്ങളും പള്ളികളും കൈവശപ്പെടുത്താനുള്ള ശ്രമം പാത്രിയർക്കീസ് തുടങ്ങി. ഒന്നാമതായി പഴയ സെമിനരി കൈവശപ്പെടുത്താൻ ശ്രമിച്ചു. 1911 ഇടവം 20-ന് പഴയ സെമിനരിയിലെ കുറേ മുറികളൊഴിച്ച് സർവ മുറികളും പാത്രിയർക്കീസും അദ്ദേഹത്തിന്റെ അനുയായികളും കൂടി കൈവശപ്പെടുത്തി. ഇടവം 28-ന് വട്ടശ്ശേരിൽ തിരുമേനിയേയും അനുയായികളേയും മുടക്കിക്കൊണ്ടുള്ള കൽപ്പന റജിസ്റ്റർ ചെയ്ത് കത്തായി പഴയ സെമിനരിയിലെ അടുത്ത മുറിയിൽ താമസിച്ചിരുന്ന വട്ടശ്ശേരിൽ മെത്രാച്ചന് പാത്രിയർക്കീസ് അയച്ചു കൊടുത്തു. അതിനുശേഷം പൗലോസ് മാർ കൂറില്ലോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി പാത്രിയർക്കീസ് നിയമിച്ചു.[34]

## മലങ്കര ഓർത്തഡോക്സ് സഭ

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് 1912-ൽ കാതോലിക്കേറ്റ് സ്ഥാപിച്ച് അബ്ദുള്ളായിൽ നിന്നകന്നു. അങ്ങനെ മെത്രാൻകക്ഷിയെന്ന സഭാവിഭാഗം പുത്തൻകൂറ്റുകാരുടെ ഇടയിൽ ഉണ്ടായി. തുടർന്ന് ഈ വിഭാഗവും പാത്രിയർക്കീസിനെ സർവാത്മനാ അംഗീകരിക്കുന്ന യാക്കോബായാ സഭാവിഭാഗവും

32. ചേപ്പാട്ട്പീലിപ്പോസ്റമ്പാൻ,*പൂർവ...*പേ.22.

33. അതേകൃതി,23.

34. അതേകൃതി,25.

www.malankaralibrary.com

(ബാവാക്കക്ഷിയും) തമ്മിൽ കേസുകൾ നടന്നു. സഭാസ്വത്തുക്കളും പള്ളികളും ആരുടേതെന്നതിനെ സംബന്ധിച്ചായിരുന്നു വ്യവഹാരം. ആദ്യം വട്ടിപ്പണക്കേസും അതിനുശേഷം സമുദായക്കേസും നടന്നു. 1913-ൽ വട്ടിപ്പണക്കേസ് ആരംഭിച്ചു.

വട്ടിപ്പണക്കേസിൽ ശ്രീ വീരരാഘവയ്യരുടെ വിധി മാർ ദിവന്നാസ്യോസിന് എതിരായിരുന്നു. ആയിടയക്ക് തിരുവല്ലായ്ക്ക് കിഴക്കുള്ള കറ്റോടിൽ യാക്കോബായക്കാർക്ക് അടുത്തൊരു പള്ളിയില്ലാത്തതിനാൽ, അവർ കുണ്ടറ മാർ ഗ്രിഗോറിയോസിന്റെ കത്തോടുകൂടി ഒരു പള്ളി വയ്ക്കാൻ സർക്കാരിന് അപേക്ഷ കൊടുത്തു. മാർ ഗ്രിഗോറിയോസ് യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിലുള്ള ആളല്ലെന്നും യാക്കോബായപള്ളി വയ്ക്കാൻ അദ്ദേഹത്തിന് അവകാശം ഇല്ലെന്നും അതിനാൽ ആ അപേക്ഷ പ്രകാരം പള്ളി അനുവദിക്കരുതെന്നും കാണിച്ച് കേസിൽ ജയിച്ച ബാവാക്കക്ഷിക്കാർ എതിർപരാതി നൽകി. അക്കാരണത്താൽ പള്ളിക്കുള്ള അപേക്ഷ സർക്കാർ തള്ളി. അപ്പോൾ മാർ ദിവന്നാസ്യോസും മാർ ഗ്രിഗോറിയോസും കൂടി ദിവാനെ കണ്ടു. മറ്റുള്ളവർ എതിർക്കാതിരിക്കത്തക്കവണ്ണം നിങ്ങളുടെ സഭയ്ക്ക് വേറൊരു പേരുപറഞ്ഞ് അപേക്ഷിക്കാൻ അദ്ദേഹം നിർദേശിച്ചു. അപേക്ഷാഫോറത്തിൽ യാക്കോബായാ സഭയ്ക്കുവേണ്ടി എന്നതിനു പകരം ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി എന്ന് തിരുത്തി എഴുതിക്കൊടുത്തു. പള്ളിക്ക് അനുവാദം ലഭിക്കുകയും ചെയ്തു. തുടർന്നുള്ള അപേക്ഷകളിലെല്ലാം ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി എന്ന് എഴുതിയിരുന്നു. അദ്ദേഹത്തെ മെത്രാനായി സ്വീകരിച്ച പഴയ പള്ളി റിക്കാർഡുകളിലും യാക്കോബായാ എന്ന പേരുമാറ്റി ഓർത്തഡോക്സ് എന്നാക്കി. അങ്ങനെയാണ് യാക്കോബായയിൽ നിന്ന് ഓർത്തഡോക്സ് എന്ന മാറ്റമുണ്ടായത്.[35] വട്ടിപ്പണക്കേസിന്റെ അന്തിമവിധി 1928-ൽ മെത്രാൻകക്ഷിക്ക് അനുകൂലമായുണ്ടായി. 1934-ൽ മാർ ദിവന്നാസ്യോസ് മരിച്ചു. ആ വർഷം തന്നെ മെത്രാൻകക്ഷിക്കാർ അവരുടെ ഭരണഘടന പാസ്സാക്കി. അവർ തങ്ങളുടെ ഭരണഘടനയിൽ *ഓർത്തഡോക്സ്* എന്ന് ഔദ്യോഗികമായി ചേർത്തു.

1912-ൽ കേരളത്തിലെ യാക്കോബായാസഭ പിളരുന്നതിനും ഇവിടെ ഒരു കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനും ഹേതുഭൂതർ മാർ അബ്ദുള്ളാ (+1915) മാർ അബ്ദേദ് മിശിഹാ (+1915) എന്നീ രണ്ട് അന്ത്യോക്യൻ പാത്രിയർക്കീസന്മാരാണ്. ഇവരെപ്പറ്റി ചുരുക്കി വിവരിക്കാം. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസായിരുന്നു (+1934) അന്നത്തെ മലങ്കര മെത്രാപ്പോലീത്താ.

## മാർ അബ്ദുള്ളായും മാർ അബ്ദേദ്മിശിഹായും

പത്രോസ് പാത്രിയർക്കീസിനോടു കൂടെ മുളന്തുരുത്തി സൂനഹദോസിനു മലങ്കരയിൽ വരികയും പണപ്പിരിവിന്റെ ചുമതല വഹിക്കുകയും

35. *അതേകൃതി*,58-59.

www.malankaralibrary.com

ചെയ്ത ഗ്രിഗോറിയോസ് മെത്രാനാണ് പിന്നീട് അബ്ദുള്ളാ പാത്രിയർക്കീസ് ആയത്. 1895-ൽ പത്രോസ് പാത്രിയർക്കീസ് കാലം ചെയ്തപ്പോൾ ഗ്രിഗോറിയോസ് പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിന് തുർക്കി സുൽത്താന്റെ അംഗീകാരം (ഫിർമാൻ) ലഭിച്ചില്ല. ഉടനെ മെത്രാന്മാർ അബ്ദേദ് മിശിഹായെ തെരഞ്ഞെടുത്തു. സുൽത്താൻ അതംഗീകരിക്കുകയും ചെയ്തു. അബ്ദുള്ളാ 1896-ൽ കത്തോലിക്കാ സഭയിൽ ചേർന്ന് 1906 വരെ ഹോംസ് കത്തോലിക്കാ രൂപതയുടെ ഭരണം നടത്തി.[36] ഇങ്ങനെയിരിക്കെ തുർക്കി സുൽത്താന്റെ നിർദേശനുസരണം 1904-ൽ കുറേ മെത്രാന്മാർ കൂടി അബ്ദേദ് മിശിഹായുടെ സ്ഥാനത്ത് അബ്ദുള്ളായെ പ്രതിഷ്ഠിക്കാൻ നീക്കങ്ങളാരംഭിച്ചു. അതിൽ അവർ വിജയിച്ചു. ഹോംസ് കത്തോലിക്കാ രൂപതാഭരണം രാജിവച്ച് 1906-ൽ അദ്ദേഹം യാക്കോബായാ പാത്രിയർക്കീസായി. സുൽത്താൻ അബ്ദേദ് മിശിഹായ്ക്ക് കൊടുത്ത ഫിർമാൻ പിൻവലിച്ചു. പകരം അബ്ദുള്ളായ്ക്ക് ഫിർമാൻ നൽകി. നേരായ രീതിയിലല്ല ഇത് സമ്പാദിച്ചതെന്ന് പറയപ്പെടുന്നു. അബ്ദേദ് മിശിഹാ തുർ അബ്ദീനിൽ പോയി പാത്രിയർക്കീസായി തുടർന്നു. ആ പ്രദേശത്തുള്ളവരും മറ്റു പലയിടങ്ങളിൽ ഉള്ളവരും അബ്ദേദ് മിശിഹായെ തുടർന്നും പാത്രിയർക്കീസായി അംഗീകരിച്ചു.

## കാതോലിക്കേറ്റ് സ്ഥാപനം (1912)

അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ വട്ടശ്ശേരിൽ തിരുമേനിയേയും അനുയായികളെയും മുടക്കി. പാത്രിയർക്കീസ് ഇടഞ്ഞപ്പോൾ തന്നെ തിരുമേനിയുടെ ഉത്തമശിഷ്യനും സ്നേഹിതനുമായിരുന്ന ഫാ.പി.റ്റി. ഗീവർഗീസ് (പിന്നീട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്), മിദിയാതിൽ ഉണ്ടായിരുന്ന അബ്ദേദ് മിശിഹാ എന്ന സീനിയർ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയ വിവരം അബ്ദേദ് മിശിഹായെ ഫാ. ഗീവർഗീസ് അറിയിച്ചു. ഉടൻതന്നെ മലങ്കരയിൽ എത്തണമെന്ന് അഭ്യർഥിച്ചു. അബ്ദുള്ളായുടെ മുടക്ക് അസാധുവാണെന്ന് മറുപടിക്കത്തിൽ ബാവാ അറിയിച്ചു. അദ്ദേഹം 1912-ൽ മലങ്കരയിലെത്തി. അദ്ദേഹത്തിന് മെത്രാൻ കക്ഷിക്കാർ വിവിധ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ സംഘടിപ്പിച്ചു. അബ്ദുള്ളാ പാത്രിയർക്കീസിന്റെ കൂടെനിന്ന മുറിമറ്റം മാർ ഈവാനിയോസ് കക്ഷിമാറി വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെ കൂടി. 1912 ചിങ്ങം 26-ന്[37] അന്ന് പരുമല സെമിനരി മാനേജരായിരുന്ന കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി പാത്രിയർക്കീസ് വാഴിച്ചു. 1088 ചിങ്ങം 31-ന് (1912 സെപ്തംബർ 15-ന് ഞായർ)[38] നിരണം പള്ളിയിൽ വച്ച് അബ്ദേദ് മിശിഹാ പാത്രിയർക്കീസ് മലങ്കരയിൽ

---

36. ജി.ചേടിയത്ത്,പൗരസ്ത്യകാതോലിക്കോസ്,145,നമ്പർ,4
37. സുറിയാനി കണക്ക്: 8.9.1912; 1088 ചിങ്ങം 24 ഞായർ.
38. കന്നി 2 (സുറിയാനി കണക്ക്).

www.malankaralibrary.com

കാതോലിക്കാ ആയി ബസേലിയോസ് പൗലോസ് എന്ന പേരിൽ മുറിമറ്റം മാർ ഈവാനിയോസിനെ വാഴിച്ചു. അങ്ങനെ ദീർഘനാളായി മലങ്കരക്കാർ ആഗ്രഹിച്ച കാതോലിക്കാസ്ഥാപനം സ്ഥാപിതമായി. 1913 മകരം 27-ന്[39] ചെങ്ങന്നൂർ പള്ളിയിൽവച്ച് മാർ പീലക്സീനോസ്, മാർ ഈവാനിയോസ് എന്ന് രണ്ടു മെത്രാന്മാരെ കൂടി വാഴിച്ചു. കാതോലിക്കാ സിംഹാസനം മലങ്കരയിൽ ശാശ്വതമായി നിലനിൽക്കത്തക്ക രീതിയിലുള്ള കൽപ്പന 1913 കുംഭം 8-ന് പരുമല സെമിനരിയിൽ നിന്നു പ്രസിദ്ധീകരിച്ചു. പാത്രിയർക്കീസ് പ്രസ്തുത വർഷം തിരികെ പോയി. 1915-ൽ മർദീനിലെ ദയർ സഫ്രാനിൽ വച്ച് മരിച്ചു.

## കാതോലിക്കാ സിംഹാസനചരിത്രം

റോമാസാമ്രാജ്യത്തിലെ പ്രമുഖനഗരങ്ങളായ റോം, അലക്സാൺഡ്രിയാ, അന്ത്യോക്യാ, കോൺസ്റ്റാന്റിനോപ്പിൾ എന്നിവയെ കേന്ദ്രമാക്കിയാണ് റോമാസാമ്രാജ്യത്തിൽ ക്രൈസ്തവസഭ വളർന്നത്. പ്രസ്തുത നഗരങ്ങളിലെ സഭാധ്യക്ഷന്മാർ പാത്രിയർക്കീസുമാർ എന്ന് കാലാന്തരത്തിൽ അറിയപ്പെട്ടു. ഈ പ്രധാന പട്ടണങ്ങളെ കേന്ദ്രമാക്കി റോമൻസഭ, അലക്സാണ്ഡ്രിയൻ സഭ എന്നിങ്ങനെ സഭകൾക്ക് പേരുമുണ്ടായി. റോമൻ സാമ്രാജ്യത്തിനു ബദലായി നിലനിന്ന പേർഷ്യൻ സാമ്രാജ്യത്തിലെ (ക്രി.മു.120-ക്രി.വ.651) ക്രൈസ്തവസഭ പൗരസ്ത്യസഭ എന്നറിയപ്പെട്ടു. പേർഷ്യയുടെ തലസ്ഥാനം സെലൂഷ്യാ-സ്റ്റെസിഫൺ ആയിരുന്നു. സഭാധ്യക്ഷൻ നാലാം നൂറ്റാണ്ടോടുകൂടി പ്രസ്തുത പട്ടണത്തിൽ ആയതിനാൽ, പേർഷ്യയിലെ സഭയ്ക്ക് സെലൂഷ്യൻ സഭയെന്നും പേരായി. പൗരസ്ത്യ സുറിയാനിസഭ, പേർഷ്യൻസഭ എന്നീ പേരുകളിലും ഈ സഭ അറിയപ്പെട്ടിരുന്നു. അഞ്ചാം നൂറ്റാണ്ടു മുതലുള്ള സിനഡൽ രേഖകളിൽ സഭാധ്യക്ഷൻ കാതോലിക്കോസ് എന്ന് അറിയപ്പെടാൻ തുടങ്ങി. കാലക്രമത്തിൽ പാത്രിയർക്കീസ് എന്ന സംജ്ഞയും ഇതോടു ചേർത്ത് അവർ പ്രയോഗിച്ചു.[40]

പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയിൽ ഉടലെടുത്ത ഈ സ്ഥാനസംജ്ഞ കത്തോലിക്കാസഭയിൽ രൂപപ്പെട്ടതാണ്. കാരണം, അന്ന് കത്തോലിക്കാസഭ മാത്രമാണല്ലോ ഉണ്ടായിരുന്നത്. അറബികളുടെ കീഴിൽ ഏഴാം നൂറ്റാണ്ടിനുശേഷം, കാതോലിക്കായുടെ ആസ്ഥാനം സെലൂഷ്യാ സ്റ്റെസിഫണിൽ നിന്ന് ബാഗ്ദാദിലേക്ക് മാറ്റപ്പെട്ടു. മധ്യകാലഘട്ടത്തിലെ മംഗോളിയൻ, ടർക്കിഷ് ആക്രമണങ്ങൾ പൗരസ്ത്യ സുറിയാനിസഭയെ

39. സുറിയാനി കണക്ക്;9.2.1913:1088 മകരം 28 ഞായർ.

40. റോമൻ സാമ്രാജ്യത്തിനു പുറത്ത് വളർന്നു വികസിച്ച അർമേനിയൻ സഭ 5-ാം നൂറ്റാണ്ടോടുകൂടു കാതോലിക്കോസ് എന്നു പേരെടുത്തു. ജോർജിയൻസഭ 7-ാം നൂറ്റാണ്ടോടുകൂടി ഈ പേര് സ്വന്തമാക്കി.റോമൻസാമ്രാജ്യത്തിലെ ഒരു സർക്കുദ്യോഗസ്ഥന്റെ സ്ഥാനസംജ്ഞയായിരുന്നു കാതോലിക്കോസ് എന്നുള്ളത്. മൂന്നാം നൂറ്റാണ്ടുമുതൽ ഈ പദം പ്രയോഗത്തിൽ കാണുന്നുണ്ട്. ഒരു നിശ്ചിത ഭൂപ്രദേശത്തിന്റെ മേൽ അധികാരമുള്ളയാൾ എന്നാണ് പദത്തിനർഥം.

www.malankaralibrary.com

സാരമായി ബാധിച്ചു. കാതോലിക്കാസ്ഥാനം കുടുംബവഴിക്കായി. അധികാര വടംവലി നടന്നു. റോമിലെ സഭാധ്യക്ഷനോടും മറ്റു ക്രൈസ്തവ സഭ കളോടും ബന്ധമില്ലാത്ത ഒരു ചെറിയ സമൂഹമായി ഈ സഭ ചുരുങ്ങി. 16-ാം നൂറ്റാണ്ടിൽ ഇവരുടെ ഇടയിൽ വിഭജനം ഉണ്ടായി. ഒരുവിഭാഗം റോമാ സഭയുമായി ബന്ധം പുനഃസ്ഥാപിച്ചു. 1968-ൽ അകത്തോലിക്കരായ പൗരസ്ത്യ സുറിയാനിക്കാർ രണ്ടായി പിളർന്ന് രണ്ട് കാതോലിക്കാ - പാത്രിയർക്കീസുമാരുടെ കീഴിലായി. അങ്ങനെ പ്രാചീന പൗരസ്ത്യ സഭ യുടെ പിൻതുടർച്ചയിൽ മൂന്നു കാതോലിക്കാമാരുണ്ട്. രണ്ടുപേർ ബാഗ്ദാദി ലും ഒരാൾ കുർദിസ്ഥാനിലെ എർബീലിലുമാണ്.

## പേർഷ്യയിലെ മഫ്രിയാൻ

പേർഷ്യൻ സാമ്രാജ്യത്തിൽ യാക്കോബായക്കാരുടെ അംഗസംഖ്യ വർധിച്ചപ്പോൾ അവരുടെ ആത്മീയ കാര്യങ്ങൾക്കുവേണ്ടി മാറൂഥാ എന്നു പേരുള്ള ഒരാളെ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് പേർഷ്യ യിലെ വലിയ മെത്രാപ്പോലീത്താ അഥവാ മഫ്രിയാൻ ആയി 629-ൽ വാഴിച്ചു.

മഫ്രിയാൻ എന്നത് ഒരു സുറിയാനി വാക്കാണ്. ജനിപ്പിക്കുന്നവൻ എന്നർഥം. മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കാൻ അധികാരമുള്ളയാൾ, നിരവധി ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിവുള്ളയാൾ എന്ന അർഥത്തിലാണ് ഈ സഭാധ്യക്ഷന് ഈ പേരു ലഭിച്ചത്. ബേത്-പർസായേയിലെ മെത്രാപ്പോലീത്താ, തഗ്രീതിലെ മെത്രാ പ്പോലീത്താ, പൗരസ്ത്യദേശത്തെ പ്രധാന മേൽപ്പട്ടക്കാരൻ എന്നീ പേരു കളിൽ ഈ സഭാതലവൻ യാക്കോബായക്കാരുടെ ഇടയിൽ അറിയപ്പെട്ടി രുന്നു. മഫ്രിയാന്റെ ആസ്ഥാനം തഗ്രീതായിരുന്നു. തിഗ്രീസ് നദീതീരത്തുള്ള ഒരു ചെറിയ യാക്കോബായാ കേന്ദ്രമായിരുന്നു തഗ്രീത്. സെലൂഷ്യാ, പൗരസ്ത്യസുറിയാനി സഭയുടെ ആസ്ഥാനമായിരുന്നതിനാലും അവിടെ യാക്കോബായക്കാരുടെ അംഗസംഖ്യ തുലോം തുശ്ചമായിരുന്നതി നാലും മഫ്രിയാൻ തഗ്രീതിൽ തന്നെ തന്റെ വാസമുറപ്പിച്ചു. 11-ാം നൂറ്റാണ്ടിൽ തഗ്രീത് ആക്രമണവിധേയമായപ്പോൾ ക്രിസ്ത്യാനികളെല്ലാം അവിടെ നിന്നോടിപ്പോയി. മഫ്രിയാൻ മോസൂളിൽ താമസമാക്കാൻ തുടങ്ങി. അന്നു മുതൽ മോസൂളിന്റെയും നിനവയുടെയും മെത്രാപ്പോലീത്താ, തഗ്രീതിന്റെ യും നിനവെയുടെയും മഫ്രിയാൻ എന്നു തുടങ്ങിയ പേരുകൾ അക്കാലത്തെ രേഖകളിൽ കാണുന്നു. 14-ാം നൂറ്റാണ്ടിൽ മംഗോളിയർ മോസൂൾ നശിപ്പിച്ചപ്പോൾ, മഫ്രിയാന്മാർ വിവിധ സ്ഥലങ്ങളിൽ പാർക്കാനിടയായി. 16-ാം നൂറ്റാണ്ടിനു ശേഷമുണ്ടായ പല മഫ്രിയാന്മാരും മോസൂളിൽ താമസ മാക്കി. മോസൂളിന്റെ മഫ്രിയാൻ എന്നാണ് മഫ്രിയാന്മാർ ഈ കാലത്ത് അറിയപ്പെട്ടിരുന്നത്. 1523 മുതൽ മഫ്രിയാന്മാർ അവരുടെ പേരിനോട് *ബസേലിയോസ്* എന്നും ചേർക്കാൻ തുടങ്ങി. 19-ാം നൂറ്റാണ്ടിൽ ഒരേസമയം ഒന്നിലധികം മഫ്രിയാന്മാരുണ്ടായി. കിഴക്കിന്റെ മെത്രാൻ എന്ന് ഇവരിലൊ രാൾ വിളിച്ചിരുന്നു. പിന്നെപ്പിന്നെ വന്നവർ യാക്കോബായാവിരുദ്ധ

www.malankaralibrary.com

ചിന്താഗതികൾ പുലർത്തി. 1860-ൽ മർദീനിലെ ദയർ സഫാറാൻ സിനഡിൽവച്ച് 17 മെത്രാന്മാർ യാക്കോബ് രണ്ടാമൻ (+1871)എന്ന യാക്കോബായാ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ മഫ്രിയാൻസ്ഥാനം നിർത്തലാക്കി.[41] ആ അവസരത്തിലാണ് അതിവിടെ സ്ഥാപിക്കണമെന്ന് കാണിച്ച് കോനാട്ടു മൽപ്പാൻ പാത്രിയർക്കീസിനെഴുതിയതും വളരെ നിഷേധാത്മകമായ മറുപടി പാത്രിയർക്കീസിൽ നിന്നുണ്ടായതും.

## കാതോലിക്കോസും മഫ്രിയാനും

കാതോലിക്കോസ് എന്നാൽ സഭാതലവൻ എന്നർഥം. പേർഷ്യയിലെ കൽദായ സഭാതലവന്മാർ കാതോലിക്കോസ് എന്ന് വിളിക്കപ്പെട്ടിരുന്നു. എന്നാൽ പേർഷ്യയിലെ യാക്കോബായക്കാർക്കുവേണ്ടി യാക്കോബായാ പാത്രിയർക്കീസ് "പേർഷ്യയിലെ വലിയ മെത്രാപ്പോലീത്താ" അഥവാ *മഫ്രിയാൻ* എന്ന പേരിൽ ഒരു മെത്രാനെ 629-ൽ വാഴിച്ചു.

കാതോലിക്കോസും മഫ്രിയാനും ഒന്നല്ല, രണ്ടാണ്. 629-ൽ തുടങ്ങിയ മഫ്രിയാൻസ്ഥാനം 1860/3-ൽ നിർത്തലാക്കി. മാർ അബ്ദേദ് മിശിഹാ ഇവിടെ വാഴിച്ചത് മഫ്രിയാനെയാണ്. പേർഷ്യയിലെ കാതോലിക്കോസിനു തുല്യമായി ഒരാളെ വാഴിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പതിനാറാം നൂറ്റാണ്ടുമുതൽ മഫ്രിയാന്മാർ *ബസേലിയോസ്* എന്നു പേരെടുത്തിരുന്നു. അതുകൊണ്ടാണ് *ബസേലിയോസ് പൗലോസ്* എന്ന് ഒന്നാം കാതോലിക്കായെ പേരുവിളിച്ചത്. അബ്ദേദ് മിശിഹാ 1913-ൽ നൽകിയ കൽപ്പനയിലും "ബസേലിയോസ് എന്ന നാമത്തിൽ മഫ്രിയാനെ അതായത് കാതോലിക്കായെ നാം വാഴിച്ചു" എന്നാണ് കാണുന്നത്.

പുരാതനസഭയിൽ കാതോലിക്കേറ്റും മഫ്രിയാനേറ്റും രണ്ട് വ്യത്യസ്ത യാഥാർഥ്യങ്ങൾ ആയിരുന്നെങ്കിലും, മലങ്കരയിൽ ഉള്ളവർ രണ്ടും ഒന്നായിട്ടാണ് മനസ്സിലാക്കിയിരുന്നത്. പൂർണാധികാരത്തോടു കൂടിയ കാതോലിക്കാ സിംഹാസനമാണ് ഇവിടെ സ്ഥാപിക്കപ്പെടേണ്ടതെന്ന് മലങ്കരക്കാർക്ക് ബോധ്യമുണ്ടായിരുന്നു. ബാവായുടെ കൽപ്പനയിൽ തഗ്രീതിലെ യാക്കോബായക്കാരുടെ മഫ്രിയാനേറ്റിനെ പറ്റിയാകട്ടെ, പേർഷ്യയിലെ പൗരസ്ത്യ സുറിയാനി(കൽദായ) സഭയുടെ കാതോലിക്കേറ്റിനെ പറ്റിയാകട്ടെ പരാമർശമില്ല. ഇതൊരു പുനഃസ്ഥാപനമായി പറയുന്നുമില്ല. കാതോലിക്കാ സിംഹാസന സ്ഥാപനം വഴി മലങ്കരസഭയുടെ

41. തത്സംബന്ധമായ തീരുമാനം അടങ്ങിയ കൈയെഴുത്തുപ്രതി സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്നു. "Vie du Patriarch Ignace Jacques II" in *Rigal al-bir*,p.44; it is reproduced in *al Hikma*, II,1923-1930, p.479; J.M.Fiey,"Les Dioceses du Maphrianat Syrien" in *Parole de L'Orient,*5(1974)154. എന്നാൽ മുനെയർ പറയുന്നത് 1863-ൽ മാർ കുറിയാക്കോസിന്റെ ആശ്രമത്തിൽ വച്ചു നടന്ന സിനഡാണ് മഫ്രിയാനേറ്റ് നിർത്തലാക്കിയത് എന്നാണ്: *Bulletin diocesain d'Alep*, p.146; J.Mounayer, *Les Synod Syriens Jacobites,* Beyrouth,1963, p.103.

www.malankaralibrary.com

ഓട്ടോണമി പുനഃസ്ഥാപിക്കാനാണ് മലങ്കരക്കാർ ആഗ്രഹിച്ചത്. - തന്റെ പ്രതിനിധി ആയിട്ടാണ് മഫ്രിയാനെ യാക്കോബായാ പാത്രിയർക്കീസ് കണക്കാക്കിയത്. പേർഷ്യയിലെ യാക്കോബായക്കാരുടെ ഇടയിൽ മാത്രമേ മഫ്രിയാന് അധികാരം ഉണ്ടായിരുന്നുള്ളു.

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിൽ ഫാ.പിറ്റി. ഗീവർഗീസിന് നിർണായക പങ്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കാതോലിക്കാ സിംഹാസനചരിത്രം എഴുതുന്ന പണ്ഡിതന്മാർ സൗകര്യപൂർവം അദ്ദേഹത്തിന്റെ നാമം പാടേ വിസ്മരിച്ചു കളയുന്നത് നന്ദികേടും ചരിത്രത്തോടുള്ള വഞ്ചനയുമാണ്. സത്യം എന്നും സത്യം തന്നെ ആയിരിക്കും.

കിഴക്കിന്റെ കാതോലിക്കോസ് എന്നത് യാക്കോബായാ സഭയിൽ പിൽക്കാലത്തുണ്ടായ ഒരു സ്ഥാനപ്പേരാണ്. അതും പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയിലെ കാതോലിക്കോസും ഒന്നല്ല. പേരിന്റെ സാമ്യം കൊണ്ട് രണ്ടും ഒന്നായി പലരും തെറ്റിദ്ധരിച്ചു.[42]

**കാതോലിക്കേറ്റ് സ്ഥാപനാനന്തരം അബ്ദേദ് മിശിഹാ പ്രസിദ്ധീകരിച്ച കൽപ്പന[43]**

സർവശക്തനായി, സാരാംശ സമ്പൂർണനായിരിക്കുന്ന, ആദിയും അന്ത്യവുമില്ലാത്ത നിത്യന്റെ നാമത്തിൽ തനിക്ക് സ്തുതി.

അന്ത്യോക്യയിലെ ശ്ലൈഹിക സിംഹാസനത്തിന്റെ ബലഹീനനായ രണ്ടാമത്തെ അബ്ദേദ് മിശിഹായാകുന്ന ഇഗ്നാത്യോസ് പാത്രിയർക്കീസ്.

മുദ്ര

ദൈവത്താൽ കാക്കപ്പെട്ടിരിക്കുന്ന മലബാർ ദേശവാസികളായ അനുഗ്രഹിക്കപ്പെട്ടവരും വാഴ്ത്തപ്പെട്ടവരുമാകുന്ന നമ്മുടെ വാത്സല്യവാന്മാരായ, കാതോലിക്കായുടെയും വിശ്വാസികളായ ജനത്തിന്റെ തലവന്മാരായ മെത്രാപ്പോലീത്താമാരുടെയും, പട്ടക്കാരും ദയറായക്കാരും ശെമ്മാശ്ശന്മാരും എപ്പിത്രോപ്പന്മാരും[44] വൃദ്ധന്മാരും യൗവനക്കാരും ശിശുക്കളും പൈതങ്ങളും വലിയവരും ചെറിയവരും പുരുഷന്മാരും സ്ത്രീകളുമായി വിശുദ്ധ

42. ജി.ചേടിയത്ത്, *പൗരസ്ത്യകാതോലിക്കോസ്*,പേ. 88-92; വി.സി. സാമുവേൽ, *ഇത് ഒരു ഇൻഡ്യൻ സഭയോ?* തിരുവല്ല,1975,പേ. 18; ജി.ചേടിയത്ത്-ജി. അപ്പശ്ശേരി(എഡി.), ബർ എബ്രായാ, സഭാചരിത്രം, കോട്ടയം, 1990; റ്റി.ഐ. വർഗീസ്, മലങ്കര അന്ത്യോക്യൻബന്ധം... പേ.175-177.

43 ജി.ചേടിയത്ത്, *പൗരസ്ത്യകാതോലിക്കോസ്,* പേ.88-92;*മലങ്കര സുറിയാനിസഭ*, കോട്ടയം,1952,പേ.164-169;പൗലോസ് കാട്ടുചിറ, *ശ്ലൈഹികസിംഹാസനവും മലങ്കരസഭയും*,കോതമംഗലം, 1975, പേ. 130-136; ഇസഡ്.എം.പാറേട്ട്, *മലങ്കര നസ്രാണികൾ,* വാല്യം 4,പേ. 459-461; തോമസ് ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്,* 1. തിരുവനന്തപുരം 1957,പേ.120-123; Alex Urumpackal,*The Juridical Status of the Catholicos of Malabar,* p.137-140.

44. *കാര്യസ്ഥർ,കാര്യവിചാരകർ, കൈക്കാരന്മാർ.*

www.malankaralibrary.com

മാമോദീസായുടെ റൂശ്മായാൽ മുദ്ര കുത്തപ്പെട്ടിരിക്കുന്നവരുമായ നമ്മുടെ സർവ മക്കളുടെയും ശിരസ്സുകളിൽ ദൈവിക സമാധാനവും സ്വർഗീയ വാഴ്വുകളും വന്നാവസിക്കുമാറാകട്ടെ. ആയത് ദൈവമാതാവിന്റെയും മാർതോമാശ്ലീഹായുടേയും തന്റെ സഖികളാകുന്ന പരിശുദ്ധ ശ്ലീഹന്മാരുടെയും പ്രാർഥനകളാൽ തന്നെ. ആമ്മീൻ.

രണ്ടാം പ്രാവശ്യവും[45] നിങ്ങൾക്ക് നാം ആശീർവാദം തന്നശേഷം നിങ്ങളുടെ യഥാർഥ സ്നേഹത്തോട് അറിയിക്കുന്നത്: മിദിയാത്തിൽ[46] നമ്മുടെ ബലഹീനതയുടെ അടുക്കൽ നിങ്ങളുടെ എഴുത്തുകൾ എത്തിയതു മുതൽ, മലബാറിലെ നമ്മുടെ ആത്മീയ മക്കളുടെ ഇടയിലും പള്ളികളിലും അബ്ദുള്ളാ അഫൻഡി[47] വിതച്ചിട്ടുള്ള കുഴപ്പത്തെപ്പറ്റി നമുക്കു വളരെ ഖേദമുണ്ടായി. ദൈവിക തീക്ഷ്ണത നമ്മെ നിർബന്ധിക്കുകയാൽ, സർവ ശക്തനായ ദൈവത്തിൽ ശരണം വച്ചുകൊണ്ട് നാം എഴുന്നേറ്റു. നിങ്ങളുടെ അപേക്ഷപ്രകാരം മലബാറിലേക്ക് വരുന്നതിന് ഉടനേ പുറപ്പെട്ടു. കരുണയുള്ള ദൈവം ഉപദ്രവം കൂടാതെയും വിരുദ്ധങ്ങൾ കൂടാതെയും നമ്മെ വഴിനടത്തി സമാധാനപൂർവം നിങ്ങളുടെ അടുക്കലേക്ക് കൊണ്ടുവന്നു. നമ്മുടെ പരിശോധനയിൽ, മലങ്കര മെത്രാപ്പോലീത്താ ആയ ദിവന്നാസ്യോസും അദ്ദേഹത്തോട് ചേർന്നു നിൽക്കുന്ന എല്ലാവരും ചൊവ്വുള്ളവരാകുന്നെന്ന് നാം കണ്ടു. ഇവിടെ പരുമല സെമിനരിയിൽ നാം യോഗം കൂടി നിങ്ങളുടെ ആവശ്യത്തെ പറ്റിയും അബ്ദുള്ളാ അഫൻഡി ചെയ്തിട്ടുള്ള അകാനോനിക ക്രിയകളെ പറ്റിയും നമുക്ക് മനസ്സിലായി. മലബാറിലെ പരമാർഥികളായ ദൈവകുഞ്ഞാടുകളുടെ ഇടയിൽ ഉണ്ടായിട്ടുള്ള കലഹവും കൊലയും നിമിത്തം നമ്മുടെ ഹൃദയം ദുഃഖംകൊണ്ടു നിറഞ്ഞു.

നമ്മുടെ ആത്മീയ ഭാജനങ്ങളേ, അവന്റെ ഈ ക്രിയകൾ ദൈവത്തിൽ നിന്നല്ല. പിന്നെയോ, സാത്താനിൽ നിന്നത്രേ എന്ന് അറിഞ്ഞുകൊള്ളുവിൻ. ദൈവിക കർമങ്ങൾ അറിയപ്പെട്ടിരിക്കുന്നു. അവ നിരപ്പ്, സമാധാനം, സ്നേഹം മുതലായവ ആകുന്നുവല്ലോ. നമ്മുടെ ദൈവമായ മിശിഹാ ഒരുവനെയും കൊന്നിട്ടില്ല. കൊല്ലാൻ കൽപ്പിച്ചിട്ടുമില്ല. എന്നാലോ, പരമാർഥികളായ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവൻ വയ്ക്കുകയത്രേ ചെയ്തത്. തന്റെ ഇടവകയ്ക്കു വേണ്ടി ജീവൻ അർപ്പിക്കാൻ അവിടുന്ന് തന്റെ ശിഷ്യന്മാരോട് കൽപ്പിക്കുകയും ചെയ്തു. വൃക്ഷം അതിന്റെ ഫലങ്ങളാൽ അറിയപ്പെടുമെന്ന് അവിടുന്ന് അരുളിച്ചെയ്തിരിക്കുന്നു.

ഇതുനിമിത്തം നമ്മുടെ കർത്താവിന്റെ കൽപ്പനയ്ക്ക് വിപരീതമായി പ്രവർത്തിക്കുന്നവൻ തന്റെ സഭയെ പണിയുന്നില്ലെന്നും അന്ത്യോക്യയിലെ ശ്ലൈഹിക സിംഹാസനത്തെ ഞങ്ങൾ സഹായിക്കുന്നു എന്ന് അവർ

45. ഇതിനുമുമ്പ് പരുമല സെമിനരിയിൽ നിന്നു തന്നെ ഒരു കൽപ്പന അയച്ചിരുന്നു. അതുകൊണ്ടാകാം "രണ്ടാം പ്രാവശ്യവും" എന്നു പറഞ്ഞിരിക്കുന്നത്.

46. മിദിയാത്:അബ്ദേദ് മിശിഹാ താമസിച്ചിരുന്ന സ്ഥലം.

47. അഫൻഡി(അസ്സദി):അബ്ദുള്ളായുടെ പേരിന്റെ ഭാഗം.

www.malankaralibrary.com

പറയുന്നത് പരമാർഥികളെ വഞ്ചിപ്പാനാകുന്നു എന്നും നിങ്ങൾ തിരിച്ചറിഞ്ഞു കൊള്ളുവിൻ. സിംഹാസനത്തിന്റെ നിലനിൽപ്പ് കൊലപാതകത്തിലോ, അത്യാഗ്രഹത്തിലോ, വഞ്ചനയിലോ, വ്യാജത്തിലോ, ലൗകികാധികാര ത്തിലോ അല്ലെന്ന് അവർ അറിയുന്നില്ല. എന്തെന്നാൽ ഇവ ലോകത്തി ന്റെയും ജഡത്തിന്റെയും മോഹത്തിൽ നിന്നല്ലാതെ ദൈവിക തീക്ഷ്ണത യിൽ നിന്ന് ജനിക്കുന്നവയല്ല എന്ന് മനസ്സിലാക്കുവിൻ.

എന്റെ വാത്സല്യമക്കളേ, നിങ്ങൾ വഞ്ചിക്കപ്പെടാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളുവിൻ. നിത്യജീവൻ സമ്പാദിക്കണമെങ്കിൽ ഇപ്രകാരമുള്ള മാർഗങ്ങ ളിൽ നിന്ന് അകന്നുകൊള്ളുവിൻ. എന്നാൽ വലിയ ദുഃഖത്തോടെ നമ്മുടെ കർത്താവേശുമിശിഹായോട് നാം അപേക്ഷിച്ചപ്പോൾ നിങ്ങളുടെ അപേ ക്ഷയും ആവശ്യവും നിവർത്തിച്ചു തരുന്നത് നല്ലതാകുന്നു എന്ന് തന്റെ പരിശുദ്ധ റൂഹാമൂലം അവൻ നമ്മെ അറിയിച്ചു. ഇതുനിമിത്തം ദൈവ കൃപയാൽ നിങ്ങളുടെ അപേക്ഷ പോലെ *ബസ്സേലിയോസ് എന്ന നാമത്തിൽ മഫ്രിയാനെയും*, അതായത് കാതോലിക്കായെയും മൂന്നു പുതിയ മെത്രാ പ്പോലീത്താമാരെയും വാഴിച്ചു. അവരിൽ ഒന്നാമതായി ഗീവർഗീസ് ഗ്രിഗോറിയോസും രണ്ടാമതായി യുവാക്കിം ഈവാനിയോസും മൂന്നാമതായി ഗീവർഗീസ് പീലക്സീനോസും തന്നെ. കാതോലിക്കായെ വാഴിക്കാതെയിരു ന്നാൽ മലബാറിലെ നമ്മുടെ സഭ പല കാരണങ്ങൾ നിമിത്തം വെടിപ്പിലും വിശുദ്ധിയിലും നിലനിൽക്കുകയില്ലെന്ന് നമുക്ക് ബോധ്യമായി. എന്നാലി പ്പോൾ കർത്താവിന്റെ ശക്തിയാൽ വെടിപ്പിലും വിശുദ്ധിയിലും എന്നേക്കും അത് നിലനിൽക്കുമെന്നും അന്ത്യോക്യയോടുള്ള സ്നേഹബന്ധത്തിന്റെ സംബന്ധത്തിൽ മുമ്പിലത്തേക്കാൾ അധികം അത് സ്ഥിരപ്പെടുമെന്നും നാം അറിയുന്നു. ഇതാകുന്നു നമ്മുടെ ഹൃദയത്തിനു സന്തോഷവും.

കണ്ടാലും, ഇപ്പോൾ നമ്മുടെ മക്കളേ, സമാധാനത്തോടെ വസിപ്പിൻ. നാമോ, ദൈവതിരുവിഷ്ടപ്രകാരം പോകുന്നു. എങ്കിലും നിങ്ങളെ ഒരിക്കലും മറക്കുന്നതല്ലെന്നു വിശ്വസിക്കുവിൻ. എന്നാലോ ഇടവിടാതെ സ്വർഗത്തി ലേക്ക് നമ്മുടെ കണ്ണുകളുയർത്തി, നമ്മുടെ രക്ഷിതാവായ മിശിഹായുടെ വിലയേറിയ രക്തത്താൽ വാങ്ങപ്പെട്ട പരമാർഥതയുള്ള കുഞ്ഞാടുകളാകുന്ന നിങ്ങൾക്കുവേണ്ടി നമസ്കാരങ്ങളും പ്രാർഥനകളും അർപ്പിക്കുന്ന തായിരിക്കും. നമുക്കുവേണ്ടിയും നമ്മുടെ സമൂഹം മുഴുവനു വേണ്ടിയും പ്രാർഥിപ്പിൻ.

ആ അപഹാരിയുടെ അകാനോനികവും അകാരണവുമായ മുടക്കു കളെയും ശാപങ്ങളെയും നിങ്ങൾ ഭയപ്പെടേണ്ട. കലഹം ഉണ്ടാക്കുന്നവരെ നിങ്ങൾ ചെവിക്കൊള്ളരുത്. നന്മയായാലും തിന്മയായാലും അവരവരുടെ പ്രവൃത്തികൾക്കനുസൃതം ദൈവം അവരോട് പ്രതികാരം ചെയ്യട്ടെ. പ്രധാന ഇടയനായ നമ്മുടെ കർത്താവേശുമിശിഹായുടെ തൃക്കൈകളിൽ നിങ്ങളെ നാം ഭരമേൽപ്പിക്കുന്നു. അവിടുന്ന് നിങ്ങളെ പരിപാലിച്ചുകൊള്ളട്ടെ.

www.malankaralibrary.com

നിങ്ങളുടെ ഇടയന്മാരായ കാതോലിക്കായും മെത്രാപ്പോലീത്താമാരും നിങ്ങളുടെ സകല ആവശ്യങ്ങളും സാധിച്ചുതരുമെന്ന് നാം ശരണപ്പെടുന്നു. മെത്രാപ്പോലീത്താമാരോടു കൂടെ കാതോലിക്കാ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ കാനോനകൾക്ക് അനുസൃതമായി നിങ്ങൾക്ക് മേൽപട്ടക്കാരെ വാഴിച്ചുതരികയും വിശുദ്ധ മൂറോൻ കൂദാശ ചെയ്തു തരികയും ചെയ്യും. കാതോലിക്കാ ദിവംഗതനാകുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്ത് ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാപ്പോലീത്താമാർക്ക് അധികാരവും അവകാശവുമുണ്ട്. ഇതിൽനിന്ന് അവരെ നിരോധിപ്പാൻ ആർക്കും അധികാരമില്ല[48] എന്നാൽ സകലവും ക്രമമായും പതിവുപോലെയും മലങ്കര മെത്രാപ്പോലീത്തായാകുന്ന ദിവന്നാസ്യോസ് അധ്യക്ഷനായിരിക്കുന്ന കമ്മറ്റിയുടെ ആലോചനയോടു കൂടിയും ചെയ്യണം. കാതോലികവും ശ്ലൈഹികവുമായ നമ്മുടെ വിശുദ്ധസഭ പണിയപ്പെട്ടിരിക്കുന്ന പത്രോസിനടുത്ത വിശ്വാസത്തിൽ നിന്ന്[49] നിങ്ങൾ തളർന്നുപോകരുതെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം അപേക്ഷിക്കുകയും നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തിൽ നാം സൽബുദ്ധി ഉപദേശിക്കുകയും ചെയ്യുന്നു. അപഹാരിയായ ഒരുവന്റെ അകാനോനിക പ്രവൃത്തികൾ നിമിത്തം അന്ത്യോക്യയിലെ ശ്ലൈഹിക സിംഹാസനവുമായുള്ള സ്നേഹബന്ധത്തിൽ നിന്ന് നിങ്ങൾ വേർപിരിയരുതെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം കൽപ്പിക്കുന്നു. പുണ്യചരിതരായ നിങ്ങളുടെ പൂർവികരെപ്പോലെ നിങ്ങളും അനുസരണയുള്ളവരാണെന്ന് നമുക്കറിയാം. നിങ്ങളുടെ ജ്ഞാനത്തിന് ഇതുമതി. അൽപ്പത്തിൽ നിന്ന് നിങ്ങൾ വളരെ മനസ്സിലാക്കും. കർത്താവിൽ ശുഭമായിരിപ്പിൻ.

നമ്മുടെ കർത്താവേശുമിശിഹായോട് നാം വീണ്ടും അപേക്ഷിക്കുന്നതെന്തെന്നാൽ, സെഹിയോൻ മാളികയിൽ വച്ച് പരിശുദ്ധ ശ്ലീഹന്മാരുടെ മേൽ നീട്ടി അവരെ വാഴ്ത്തിയതും അനുഗ്രഹങ്ങളും വാഴ്വുകളും നിറഞ്ഞതും പരിശുദ്ധ കർതൃത്വത്തിനടുത്തതുമായ വലത്തുകൈ നമ്മുടെ ബലഹീനതയുടെ വലത്തുകൈയോടുകൂടി നീട്ടി നിങ്ങളെല്ലാവരെയും അനുഗ്രഹിക്കുകയും നിങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുകയും വിശ്വാസികളായ നിങ്ങളുടെ പരേതരെ പുണ്യപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനത്തിനു മുമ്പ് നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗരാജ്യം

48. ഈ ഭാഗം പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് കേട്ടിട്ടുണ്ട്. ഈ ഭാഗം ഇപ്രകാരം കൂട്ടിച്ചേർത്ത വൈദികൻ തന്നെ മറ്റുള്ളവരോട് ഇപ്രകാരം പറഞ്ഞിട്ടുള്ളതായും കേൾക്കുന്നു.ഒന്നാം കാതോലിക്കാ 1913-ൽ മരിച്ചപ്പോൾ 1925 വരെ കാതോലിക്കാവാഴ്ച നടത്താഞ്ഞത്, അന്ത്യോക്യയെ കൂടാതെ നടത്താൻ പാടില്ലെന്ന ചിന്ത പ്രബലപ്പെട്ടിരുന്നതിനാലത്രേ എന്നു കരുതുന്നവരുണ്ട്.

49. സത്യവിശ്വാസം അഥവാ പത്രോസ് പ്രഖ്യാപിച്ച വിശ്വാസം.

www.malankaralibrary.com

അകത്തുപ്രവേശിച്ച് അവകാശപ്പെടുത്തിക്കൊള്ളുവിൻ എന്ന് വലത്തു ഭാഗത്തുള്ളവരോട് അരുളിച്ചെയ്യുന്ന സന്തോഷപ്രദമായ ശബ്ദം കേൾക്കുവാൻ നിങ്ങൾക്കും നിങ്ങളുടെ മരിച്ചുപോയവർക്കും ഇടയാകട്ടെ.

ആയത് ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും വിശുദ്ധ ശ്ലീഹന്മാരുടെയും ഭാരതത്തിന്റെ കാവൽക്കാരനായ മാർ തോമാ ശ്ലീഹായുടെയും പ്രാർഥനകളാൽ തന്നെ. ആമ്മീൻ.

1913-ാമാണ്ട് ശ്ബോത് മാസം (കുംഭം) 8-ാം തീയതി പരുമല സെമിനരിയിൽ നിന്ന്.

## കൽപ്പനയുടെ ചുരുക്കം

1. മഫ്രിയാൻ, കാതോലിക്കാ എന്നീ പദങ്ങൾ ഒരേ അർഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. 2. യാക്കോബായക്കാരുടെ തഗ്രീത്തിലെ മഫ്രിയാനേറ്റിനെ പറ്റിയാകട്ടെ, പേർഷ്യൻ കൽദായ സഭയുടെ സെലൂഷ്യയിലെ കാതോലിക്കേറ്റിനെ പറ്റിയാകട്ടെ കൽപ്പന പരാമർശിക്കുന്നില്ല. 3. ഇതൊരു പുനഃസ്ഥാപനമായി കൽപ്പനയിൽ പറയുന്നില്ല. 4. മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് അന്ത്യോക്യൻ സഭയുമായുള്ള ബന്ധം പുലർത്തണം എന്നു പറയുന്നു

പുരാതനസഭയിൽ കാതോലിക്കേറ്റും മഫ്രിയാനേറ്റും രണ്ടു വ്യത്യസ്ത യാഥാർഥ്യങ്ങൾ ആയിരുന്നെങ്കിലും, മലങ്കരസഭയിലുള്ളവർ രണ്ടും ഒന്നായിട്ടാണ് മനസ്സിലാക്കിയിരുന്നത്. പൂർണാധികാരത്തോടു കൂടിയ കാതോലിക്കാ സിംഹാസനമാണ് ഇവിടെ സ്ഥാപിക്കപ്പെടേണ്ടതെന്ന് മലങ്കരക്കാർക്ക് ബോധ്യമുണ്ടായിരുന്നു. ഉൾഭരണസ്വാതന്ത്ര്യമുള്ള ഒരു സഭയായിരുന്നു അവർ ലക്ഷ്യം വച്ചത്.

തന്റെ അനുവാദം കൂടാതെ അബ്ദേദ്മിശിഹാ ഒരു കാതോലിക്കായേയും മൂന്നു മെത്രാപ്പോലീത്താമാരെയും വാഴിച്ചു എന്നറിഞ്ഞ മാർ അബ്ദുള്ളാ ക്ഷുഭിതനായി. ഉടൻതന്നെ ഇതിൽ സഹകരിച്ച സകലരെയും ശപിച്ചുകൊണ്ടും, വാഴിച്ചവരും വാഴ്ചയേറ്റവരും മേൽപ്പട്ടസ്ഥാനം ഇല്ലാത്ത വെറും അൽമായരാണെന്നു കാണിച്ചുകൊണ്ടുമുള്ള കൽപ്പനകൾ ഇവിടുത്തെ യാക്കോബായാ മെത്രാന്മാർക്ക് അയച്ചുകൊടുത്തു. ഇതോടുകൂടി ബാവാക്കക്ഷി, മെത്രാൻ കക്ഷി എന്നീ പേരുകളിൽ മലങ്കര യാക്കോബായാ സമുദായം രണ്ടായി പിളർന്ന് വ്യവഹാരം ആരംഭിച്ചു. വട്ടിപ്പണക്കേസ് എന്നാണ് ഈ വ്യവഹാരം അറിയപ്പെടുന്നത്.

## മെത്രാൻ കക്ഷിയും ബാവാക്കക്ഷിയും

മലങ്കര യാക്കോബായാ സഭയിൽ ഉരുത്തിരിഞ്ഞ രണ്ട് കക്ഷികളാണ് ബാവാക്കക്ഷിയും മെത്രാൻകക്ഷിയും. അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിനെ സർവാത്മനാ അംഗീകരിച്ചവർ ബാവാക്കക്ഷിയെന്നും

www.malankaralibrary.com

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ നേതൃത്വം അംഗീകരിച്ചവർ മെത്രാൻ കക്ഷിയെന്നും അറിയപ്പെട്ടു. പാത്രിയർക്കീസിന്റെ ആത്മീയ നേതൃത്വം മാത്രമേ മെത്രാൻ കക്ഷിക്കാർ അംഗീകരിച്ചുള്ളു. ഇവിടുത്തെ സഭയുടെ ഭൗതികസ്വത്തുക്കളിന്മേൽ പാത്രിയർക്കീസിന് അധികാരമൊന്നുമില്ലെന്ന് ഇക്കൂട്ടർ കരുതുന്നു.

മുളന്തുരുത്തി സൂനഹദോസിൽ വച്ച് മലങ്കരസഭയിൽ സമസ്താധികാരവും പാത്രിയർക്കീസിന് അടിയറ വയ്ക്കണമെന്ന് പത്രോസ് പാത്രിയർക്കീസ് കൽപിച്ചെങ്കിലും, അത് സർവാത്മനാ സ്വീകാര്യമായില്ല. ഭദ്രാസനങ്ങൾ ലഭിച്ചവർ എഴുതിക്കൊടുത്തെങ്കിലും, ശക്തമായി വിയോജിപ്പുള്ളവർ ഉണ്ടായിരുന്നു. 1908-ൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് പശ്ചിമേഷ്യയിൽ യാക്കോബായാ പാത്രിയർക്കീസിന്റെ പക്കലേക്ക് മെത്രാഭിഷേകത്തിന് അയച്ച വട്ടശ്ശേരിൽ മൽപ്പാനും പൗലോസ് മൽപ്പാനും പിന്നീട് രണ്ടുവിഭാഗങ്ങളുടെ നേതാക്കന്മാരായി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, മെത്രാൻ കക്ഷിയുടെയും പൗലോസ് മാർ കൂറില്ലോസ്, ബാവാക്കക്ഷിയുടെയും നേതാക്കന്മാരായി.

പാത്രിയർക്കീസിന് ഇവിടുത്തെ സ്വത്തുക്കളുടെമേൽ അധികാരമൊന്നുമില്ലെന്ന് മെത്രാൻ കക്ഷിക്കാർ കരുതി. അക്കാരണത്താലാണ് അബ്ദുള്ളാ പാത്രിയർക്കീസ് അവരെ മുടക്കിയത്. ഈ ഇരുവിഭാഗങ്ങൾക്കും അവരവരുടെ സ്വന്തമായ ട്രസ്റ്റിമാരും സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും ഉണ്ടായിരുന്നു. ബാവാക്കക്ഷി, കൂറില്ലോസ് കക്ഷിയെന്നും വിളിക്കപ്പെട്ടിരുന്നു. ഈ രണ്ടുകക്ഷികളും മറ്റു പേരുകളിൽ ഇപ്പോഴും നിലനിൽക്കുന്നു. മെത്രാൻകക്ഷി 1934-ൽ അവരുടെ ഭരണഘടനയിൽ *ഓർത്തഡോക്സ്* എന്ന പേര് ഔദ്യോഗികമായി സ്വീകരിച്ചു. ബാവാക്കക്ഷി *യാക്കോബായാനാമം* 2002-ൽ അവരുടെ സ്വന്തമാക്കി.

## പൗലോസ് മാർ കൂറില്ലോസ് (1911–1917)

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനോടൊപ്പം 1908-ൽ പശ്ചിമേഷ്യയിൽ പോയി മെത്രാനായി. 1911-ൽ മാർ ദിവന്നാസ്യോസിനെ മാർ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയശേഷം മാർ കൂറില്ലോസ് യാക്കോബായാ സഭയുടെ നേതാവായി. സ്ലീബാ മാർ ഒസ്താത്യോസ് എന്ന ഡലഗേറ്റും ഭരണത്തിൽ സഹായിച്ചു. മാർ ദിവന്നാസ്യോസിന്റെ കക്ഷിക്കെതിരെ കേസു നടത്തുന്നതിൽ മാർ കൂറില്ലോസ് വ്യാപൃതനായിരുന്നു. അദ്ദേഹവും കൂടെ ഉണ്ടായിരുന്ന മെത്രാന്മാരും പാത്രിയർക്കീസിന്റെ ആത്മീകവും ലൗകികവുമായ അധികാരങ്ങളെല്ലാം അംഗീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ കക്ഷിക്കാർ ബാവാക്കക്ഷി എന്നും കൂറില്ലോസ് കക്ഷി എന്നും അറിയപ്പെട്ടു. മാർ കൂറില്ലോസ് പാണമ്പടി പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

## പൗലോസ് മാർ അത്തനാസ്യോസ് (1917–1953)

മാർ അബ്ദുള്ളാ പാത്രിയർക്കീസ് 1910-ൽ വാഴിച്ച മെത്രാനായിരുന്നു

www.malankaralibrary.com

അദ്ദേഹം. 1917 മുതൽ യാക്കോബായാ സഭയുടെ നേതാവായി. മെത്രാൻ കക്ഷിയുമായി കേസുകൾ നടത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. 1953 ജനുവരി 25-ന് മരിച്ചു. ആലുവാ തൃക്കുന്നത്ത് സെമിനരിയിൽ സംസ്ക്കരിക്കപ്പെട്ടു.

## വട്ടിപ്പണക്കേസ് (1913-1928)[50]

*വട്ടിപ്പണം* എന്നാൽ പലിശയ്ക്ക് നിക്ഷേപിച്ച പണം എന്നാണർഥം. ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ, സുറിയാനിക്കാരുടെ നന്മയ്ക്കു വേണ്ടി നിക്ഷേപിക്കപ്പെട്ട പണമാണിത്. തച്ചിൽ മാത്തുത്തരകൻ തിരുവിതാംകൂർ രാജാവിന് വായ്പയായി പതിന്നാലു ലക്ഷം രൂപാ കൊടുത്തിരുന്നു. വേലുത്തമ്പി തിരുവിതാംകൂറിലെ ദളവാ ആയപ്പോൾ, തരകനോടുള്ള വിരോധം നിമിത്തം ആ തുക 85,000 ആയി കുറച്ചു. അതിൽ 26,000 രൂപാ തരകനെ ഏൽപ്പിച്ചു. 59,000 രൂപാ സർക്കാരിനും ലഭിച്ചു. ഈ തുകയിൽ 10500 രൂപാ വീതം കത്തോലിക്കരും അകത്തോലിക്കരുമായ അന്നത്തെ വൈദികമേലധ്യക്ഷന്മാരുടെ പേരിൽ ഈസ്റ്റിൻഡ്യാ കമ്പനിയിൽ നിക്ഷേപിച്ചു. അതാണ് വട്ടിപ്പണം എന്നറിയപ്പെടുന്നത്.

പഴയകൂറ്റുകാരുടെ പലിശ വരാപ്പുഴ വികാരിയേറ്റിലെ മെത്രാന്മാരും പുത്തൻകൂറ്റിലേത് മലങ്കര മെത്രാപ്പോലീത്തായുമാണ് കൈപ്പറ്റിക്കൊണ്ടിരുന്നത്. പുത്തൻകൂറ്റുകാർക്ക് ലഭിക്കാനുള്ള പലിശ സംബന്ധിച്ചായിരുന്നു തർക്കം. പുത്തൻകൂറ്റിലെ രണ്ടു കക്ഷികളായ മെത്രാൻകക്ഷിയും ബാവാക്കക്ഷിയും തമ്മിലായിരുന്നു കേസ്. യാക്കോബായാസഭ ബാവാക്കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും രണ്ടായി പിളർന്നതിനെ തുടർന്ന് 1913-ൽ വട്ടിപ്പണക്കേസ് ആരംഭിച്ചു. വട്ടിപ്പണത്തിന്റെ പലിശയ്ക്കുള്ള യഥാർഥ അവകാശികൾ ആരാണ് എന്നതിനെ സംബന്ധിച്ചായിരുന്നു കേസ്. 1923-ൽ മെത്രാൻകക്ഷിക്കെതിരായി വിധിയുണ്ടായി. അപ്പോഴാണ് പാത്രിയർക്കീസിനെ കാണാൻ മാർ ദിവന്നാസ്യോസ് മർദീനിലേക്ക് പോയത്. 1925-ൽ മെത്രാൻ കക്ഷിക്ക് അനുകൂലമായി താത്ക്കാലിക വിജയം ഉണ്ടായി. അപ്പോഴാണ് രണ്ടാം കാതോലിക്കായെ വാഴിച്ചത്. പല വിധികൾക്കും അപ്പീലുകൾക്കും ശേഷം 1928-ൽ മെത്രാൻകക്ഷിക്ക് അനുകൂലമായ വിധിയുണ്ടായി. 1908 മുതൽ മുടങ്ങിക്കിടന്ന പലിശ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് കൈപ്പറ്റി. അങ്ങനെ സുദീർഘമായ വ്യവഹാരങ്ങൾക്കുശേഷം വട്ടിപ്പണക്കേസ് അവസാനിച്ചു. 1928-ൽ മൂന്നാം കാതോലിക്കായെ വാഴിച്ചു.

50. വട്ടിപ്പണം ഈസ്റ്റിൻഡ്യാ കമ്പനിയിൽ നിക്ഷേപിച്ചത് ആരാണെന്നത് സംബന്ധിച്ച് വ്യത്യസ്താഭിപ്രായങ്ങൾ നിലനിൽക്കുന്നു: *ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ*,205; കൂടപ്പുഴ, *ഭാരത സഭാചരിത്രം*, 596; *കതിരൊളി* 31/4(1991)39ff.; പുലിക്കോട്ടിൽ യൗസേപ്പ് റമ്പാൻ (+1816) വട്ടിപ്പണത്തിന്റെ പലിശയിൽ 3360 രൂപാ പഴയ സെമിനരി സ്ഥാപനത്തിനായി വാങ്ങി (*ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ*,202). മാത്യൂസ് മാർ അത്തനാസ്യോസ് 1869-ൽ 35 വർഷത്തെ (1834-1869)പലിശ ഒന്നിച്ച് 35,000 രൂപാ കൈപ്പറ്റി (*അതേകൃതി*,204).

www.malankaralibrary.com

## ആദ്യത്തെ മൂന്നു കാതോലിക്കാമാർ

അബ്ദേദ്മിശിഹാ വാഴിച്ച **ഒന്നാം കാതോലിക്കാ** മാർ ബസേലിയോസ് പൗലോസ് 1913-ൽ മരിച്ച് പാമ്പാക്കുട പള്ളിയിൽ കബറടങ്ങി. 1925 വരെ മറ്റൊരു കാതോലിക്കായെ വാഴിച്ചില്ല. യാക്കോബായാ പാത്രിയർക്കീസിനെ കൂടാതെ കാതോലിക്കാ വാഴ്ച നടത്താൻ പാടില്ലെന്ന ചിന്ത അന്നുള്ളവരുടെ മനസ്സിൽ പ്രബലപ്പെട്ടിരുന്നതിനാലാകാം ഉടനെ വാഴ്ച നടത്താഞ്ഞത്. ബാവാക്കക്ഷിയുമായി കേസിലായിരുന്നതിനാൽ വിധി പ്രതികൂലമായി ബാധിക്കുമെന്ന ചിന്തയും അതിന്റെ പിന്നിൽ ഉണ്ടായിരുന്നിരിക്കാം. ബാവായുമായി ഐക്യപ്പെടാമെന്നുള്ള ചിന്ത വട്ടശ്ശേരിൽ തിരുമേനി ചിലപ്പോഴൊക്കെ പുലർത്തിയിരുന്നു.[51]

1923-ൽ മെത്രാൻകക്ഷിക്ക് പ്രതികൂലമായി കോടതിവിധി ഉണ്ടായപ്പോൾ ഒത്തുതീർപ്പിനായി മാർ ദിവന്നാസ്യോസ് മർദീനിൽ പോയി മാർ ഏലിയാസ് മൂന്നാമൻ പാത്രിയർക്കീസുമായി ചർച്ചകൾ നടത്തി. എന്നാൽ അനുരഞ്ജനത്തിൽ എത്താൻ കഴിയാതെ വന്നു. ഈ പശ്ചാത്തലത്തിലാണ് മറ്റേതെങ്കിലും പുരാതന സഭയോട് ഐക്യപ്പെടുന്നതിനുള്ള ആലോചന ഓർത്തഡോക്സുകാരുടെ ഇടയിൽ ഉണ്ടായതും 1930-ൽ ഒരുവിഭാഗം റോമാസഭയുമായുള്ള കാനോനിക കൂട്ടായ്മയിൽ എത്തിയതും. മലങ്കരയിലെ *പുനരൈക്യപ്രസ്ഥാനം* എന്ന പേരിൽ അറിയപ്പെടുന്ന സഭൈക്യപ്രസ്ഥാനം ഉടലെടുത്തതിന്റെ പിന്നിൽ 1923-ലെ മർദീൻയാത്ര ഒരു പ്രേരകശക്തിയായിരുന്നു.

മർദീൻയാത്ര കഴിഞ്ഞ് 1923-ൽ തിരികെയെത്തിയ മാർ ദിവന്നാസ്യോസ് റിവ്യൂഹർജി കൊടുത്തു. 1925-ൽ അദ്ദേഹത്തിന് താത്ക്കാലികവിജയം ഉണ്ടായി. ഉടനെ മെത്രാൻകക്ഷിക്കാർ വാകത്താനം ഗീവർഗീസ് മാർ പീലക്സീനോസിനെ ബസേലിയോസ് ഗീവർഗീസ് എന്ന പേരിൽ നിരണം പള്ളിയിൽവച്ച് **രണ്ടാം കാതോലിക്കാ** ആയി വാഴിച്ചു. കാരോട്ട് യൊവാക്കീം മാർ ഈവാനിയോസ് (1912-1925), കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (1912-1964) എന്നിവരാണ് കാതോലിക്കായെ വാഴിച്ചത്. മാർ ദിവന്നാസ്യോസ് വാഴ്ചയിൽ നേരിട്ട് പങ്കെടുക്കാതെ പരുമല സെമിനരിയിൽ താമസിച്ചതേയുള്ളു. കാതോലിക്കാവാഴ്ചയുടെ പിറ്റേദിവസം മെയ് 1-ന് വെള്ളിയാഴ്ച ഫാ.പി.റ്റി. ഗീവർഗീസിനെ ബഥനി മെത്രാനായി, മാർ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചു. കാരോട്ട് യൊവാക്കീം മാർ ഈവാനിയോസ് നിർദേശിച്ചതനുസരിച്ചാണ് ഈവാനിയോസ് എന്ന പേര് ഫാ.പി.റ്റി.ഗീവർഗീസ് എടുത്തത്. രണ്ടാം കാതോലിക്കാ 1928-ൽ നിര്യാതനായി വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങി. കാരോട്ട് യൊവാക്കിം മാർ ഈവാനിയോസ് 1925-ൽ തന്നെ നിര്യാതനായി.

51. പാത്രിയർക്കീസ് മുടക്കിയശേഷം വട്ടശ്ശേരിൽ തിരുമേനി കുറേനാൾ കൂദാശകൾ പരികർമം ചെയ്തിരുന്നില്ല.

www.malankaralibrary.com

വട്ടിപ്പണക്കേസിൽ 1928-ൽ മെത്രാൻകക്ഷി ജയിച്ചു.[52] 1929-ൽ മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും കൂടി കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് മാർ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ എന്ന പേരിൽ **മൂന്നാം കാതോലിക്കാ** ആയി, കല്ലാശ്ശേരിൽ മാർ ഗ്രിഗോറിയോസിനെ (കുണ്ടറ തിരുമേനിയെ) വാഴിച്ചു. അദ്ദേഹം 1912-ൽ മെത്രാനായ ആളായിരുന്നു. തുടർന്ന് കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്, ബഥനിയുടെ മാർ തെയോഫിലസ് എന്നീ രണ്ട് മെത്രാന്മാരേ കൂടി വാഴിച്ചു. മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തായുമാക്കി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ കാലത്ത് ഫാ.പി.റ്റി.ഗീവർഗീസ് പുരുഷന്മാർക്കുള്ള ബഥനി സന്യാസപ്രസ്ഥാനം 1919-ൽ പെരുനാട്ടിലും സ്ത്രീകൾക്കുള്ള സന്യാസ പ്രസ്ഥാനം മെത്രാനായശേഷം 1925-ൽ തിരുമൂലപുരത്തും തുടങ്ങി.

മൂന്നാം കാതോലിക്കായുടെ കാലത്ത് സഭയിൽ നിർണായകങ്ങളും സുപ്രധാനങ്ങളുമായ പല സംഭവങ്ങളുമുണ്ടായി: മലങ്കര പുനരൈക്യം (1932), ഏലിയാ മൂന്നാമൻ പാത്രിയർക്കീസിന്റെ വരവ് (1931), മഞ്ഞിനിക്കര വച്ചുള്ള മരണം (1932), മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനം (1932), മാർ ദിവന്നാസ്യോസിന്റെ മരണം (1934), ഓർത്തഡോക്സ് സുറിയാനി സഭ എന്ന നാമം സ്വീകരിച്ചുകൊണ്ട് മെത്രാൻകക്ഷി ഭരണഘടന ഉണ്ടാക്കിയത് (1934), സമുദായക്കേസ് എന്ന പേരിൽ മെത്രാൻകക്ഷിയും ബാവാക്കക്ഷിയും കൂടിയുള്ള രണ്ടാമത്തെ കേസ് (1938-1958), ഭാരത സ്വാതന്ത്ര്യം (1947), മാർ ഈവാനിയോസിന്റെ മരണം (1953), സമുദായ ക്കേസിൽ മെത്രാൻകക്ഷി ജയിച്ചത് (1958).

## സമുദായക്കേസ് (1938-1958)

വട്ടിപ്പണക്കേസിൽ മെത്രാൻ കക്ഷിക്കാർ 1928-ൽ ജയിച്ചു. 1934-ൽ വട്ടശ്ശേരിൽ തിരുമേനി മരിച്ചു. 1934-ൽ മൂന്നാം കാതോലിക്കാബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തു. എന്നാൽ 1935-ൽ ബാവാക്കക്ഷിക്കാർ പൗലോസ് മാർ അത്തനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തു. 1938-ൽ സമുദായക്കേസ് ആരംഭിച്ചു. മാർ ദിവന്നാസ്യോസിന്റെ പിൻഗാമിയായ മലങ്കര മെത്രാപ്പോലീത്താ താനാണെന്നും കാതോലിക്കോസും കൂട്ടരും യാക്കോബായാ സഭയുടെ സ്വത്തുക്കൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കയാണെന്നും അവരിൽ നിന്ന് അവ വിടർത്തി കിട്ടണമെന്നും കാണിച്ച്

52. ഐ. സി. ചാക്കോ, മാർ ളൂയിസ്...498: "വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, യാക്കോബായാ സ്വത്തുക്കൾ കൈവിട്ടു പോകുന്ന പക്ഷം ഒരാശ്രയമായി തീരുന്നതിന് ബഥനി സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചു. പുലിക്കോട്ട് മാർ ദിവന്നാസ്യോസ് അതേവിധമുള്ള ഉദ്ദേശത്തോടു കൂടെ തന്നെ മനോരമ സ്ഥാപനത്തെ പ്രോത്സാഹിപ്പിച്ചു. നിധിയിരിക്കലച്ചന്റെ ഉത്സാഹം നിമിത്തം ആ സ്ഥാപനത്തിന് വേണ്ടിയ ചെലവിൽ ഭൂരിഭാഗവും പഴയ കൂറ്റിൽ നിന്നാണ് ഉണ്ടായത്."

www.malankaralibrary.com

യാക്കോബായക്കാർ കോട്ടയം ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു. തുടർന്ന് ഇരുകക്ഷികളും തമ്മിൽ വ്യവഹാരമായി. സഭാസ്വത്തുക്കളുടെ അവകാശം, അധികാരപിൻതുടർച്ച, മുടക്ക്, കാനൻനിയമം, കാതോലിക്കാ സ്ഥാപനം എന്നിവയുടെ സാധുതയെപ്പറ്റി സിവിൾ കോടതികളിൽ ഒന്നിനു പിറകെ ഒന്നായി കേസു നടന്നു. കക്ഷികൾ മിക്കവാറും ഒന്നിടവിട്ട് തോൽക്കുകയും ജയിക്കുകയും ചെയ്തിരുന്നു. സുപ്രീം കോടതിയിൽ നിന്ന് 1958 സെപ്റ്റംബർ 12-ന് അന്തിമവിധി ഉണ്ടായി. ബാവാക്കക്ഷി കോടതി ച്ചെലവുകൂടി കൊടുക്കണമെന്ന് പ്രസ്താവിച്ചു കൊണ്ട് മെത്രാൻ കക്ഷിക്ക് അനുകൂലമായ വിധിച്ചു. ഇതേത്തുടർന്ന് ബാവാക്കക്ഷി, മെത്രാൻ കക്ഷിയോട് നിരുപാധികം യോജിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. അങ്ങനെ ഇരുകക്ഷികളും യോജിച്ച് 1958 ഡിസംബർ 16-ന് ഒരു സഭയായിത്തീർന്നു

## ഏബ്രഹാം മാർ ക്ലീമീസ് (1957–1958)

പൗലോസ് മാർ അത്തനാസ്യോസിന്റെ മരണശേഷം (1953) കുറേനാൾ യാക്കോബായക്കാരുടെ മെത്രാപ്പോലീത്താസ്ഥാനം ഒഴിഞ്ഞുകിടന്നു. ഏബ്രഹാം മാർ ക്ലീമീസ് 1957-ൽ യാക്കോബായാ മെത്രാപ്പോലീത്താ ആയി. അദ്ദേഹം ക്നാനായാ യാക്കോബായക്കാരുടെ ചിങ്ങവനം ഇടവകാധ്യക്ഷനു മായിരുന്നു. 1958-ൽ യാക്കോബായക്കാരും ഓർത്തഡോക്സുകാരുംകൂടി ഒരു സഭയായി തീർന്നപ്പോൾ ക്ലീമീസ് തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം നഷ്ടമായി.

യാക്കോബായക്കാർക്ക് 1958-ൽ താഴെപ്പറയുന്ന അഞ്ച് മെത്രാന്മാരാണ് ഉണ്ടായിരുന്നത്: 1. ഗീവർഗീസ് മാർ ഗ്രിഗോറിയോസ്. 2. പൗലോസ് മാർ സേവേറിയോസ്.3.പൗലോസ് മാർ പീലക്സീനോസ് (പിന്നീട് യാക്കോ ബായാസഭയുടെ കാതോലിക്കോസ്). 4. ഏബ്രഹാം മാർ ക്ലീമീസ്. 5. മാർ യൂലിയോസ് (ഡലഗേറ്റ്).

മെത്രാൻ കക്ഷിക്ക് 1958-ൽ താഴെ പറയുന്ന 10 മെത്രാന്മാരാണ് ഉണ്ടായിരുന്നത്: 1.മാർ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ (മൂന്നാം കാതോലിക്കാ). 2.കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്. 3.അലക്സി യോസ് മാർ തെവോദോസ്യോസ്. 4.മാർ തോമാ ദിവന്നാസ്യോസ്. 5. ഔഗേൻ മാർ തിമോതിയോസ് (നാലാം കാതോലിക്കാ). 6.മാത്യൂസ് മാർ ഈവാനിയോസ്. 7.പത്രോസ് മാർ ഒസ്താത്യോസ്. 8.ദാനിയേൽ മാർ പീലക്സീനോസ്. 9.മാത്യൂസ് മാർ അത്തനാസ്യോസ്(അഞ്ചാം കാതോ ലിക്കാ) 10.മാത്യൂസ് മാർ കൂറില്ലോസ്(ആറാം കാതോലിക്കാ).

## യോജിപ്പും വിയോജിപ്പും (1958–1975)

വട്ടിപ്പണക്കേസിനും സമുദായക്കേസിനും വളരെയധികം പണം ഇരുകൂട്ടരും ചെലവഴിച്ചു. 1958-ലെ സുപ്രീംകോടതിവിധി ഓർത്തഡോക്സു കാർക്ക് അനുകൂലമായും യാക്കോബായക്കാർക്ക് എതിരായുമായിരുന്നു. അപ്പോൾ ഓർത്തഡോക്സുകാരുമായി യോജിക്കാൻ യാക്കോബായാ

www.malankaralibrary.com

പാത്രിയർക്കീസ് അനുവദിച്ചു. അങ്ങനെ 1958-ൽ ഇരുവിഭാഗവും യോജിച്ച് ഒന്നായി. ബാഹ്യമായി യോജിപ്പു നടന്നെങ്കിലും വൈകാരികമായി ഐക്യമില്ലാതിരുന്നതിനാൽ, ഐക്യം പൂർണമായിരുന്നില്ല. ഇരുകൂട്ടരും പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് പ്രസ്താവനകൾ പുറപ്പെടുവിക്കാൻ തുടങ്ങി. കാതോലിക്കോസിന്റെ നേതൃത്വത്തിലുള്ളവർ തങ്ങളെ തഴഞ്ഞെന്ന് പാത്രിയർക്കീസ് കക്ഷിക്കാരും, ബാവാക്കക്ഷിക്കാർ ഇപ്പോഴും വിഘടന വാദം പുറപ്പെടുവിക്കുന്നെന്ന് കാതോലിക്കാ കക്ഷിക്കാരും പരിദേവനം തുടർന്നു.

താഴെപ്പറയുന്നവയാണ് *ബാവാക്കക്ഷി ഉന്നയിച്ചവ:*

1. കാതോലിക്കോസ് ഏൽപ്പിച്ച കൽപ്പനയിൽ അദ്ദേഹം നേരത്തെ ഒപ്പിട്ടിരുന്നില്ല. ദേവലോകത്തേക്കു പോകാൻ കാറിൽ കയറിയ അവസരത്തിലാണ് ഒപ്പിട്ടത്. 2. പാത്രിയർക്കീസ് നിരുപാധികമായിട്ടാണ് കാതോലിക്കായെ സ്വീകരിച്ചത്. എന്നാൽ കാതോലിക്കായാകട്ടെ ഭരണഘടനയ്ക്ക് വിധേയമായി എന്ന ഉപാധിവച്ചു. 3. പരിശുദ്ധ പാത്രിയർക്കീസ് എന്ന നിലയിൽ ഉപയോഗിച്ചിരുന്ന അതേ പദം വിധേയത്വമൊന്നും കാണിക്കാതെ തന്നെ ഉപയോഗിച്ച് താൻ തുല്യനാണെന്ന ഭാവമാണ് കാതോലിക്കാ കാണിച്ചത്.[53]

യോജിപ്പിനെ സംബന്ധിച്ചുള്ള *ഓർത്തഡോക്സ് ചിന്താഗതി* ഇങ്ങനെ സമാഹരിക്കാം:

1. അന്ത്യോക്യാ യാക്കോബായാ സഭയിൽ മലങ്കരസഭയുടെ സഹകരണത്തോടുകൂടി വാഴിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ അദ്ദേഹം പുതിയ മലങ്കര കാതോലിക്കാ വാഴ്ചയിൽ ക്ഷണിക്കപ്പെടാവുന്നതാണ്.

2. കാതോലിക്കായ്ക്കെതിരെ ആരോപണമുണ്ടായാൽ, സിനഡിലാണ് അപ്പീൽ കൊടുക്കേണ്ടത്. ക്ഷണിക്കപ്പെട്ടാൽ പാത്രിയർക്കീസിന് സിനഡിൽ ആധ്യക്ഷ്യം വഹിക്കാം. 3. കാതോലിക്കോസിന്റെ സഹകരണത്തോടു കൂടി വാഴിക്കപ്പെടുന്ന പാത്രിയർക്കീസന്മാരെ മാത്രമേ മലങ്കരസഭ സ്വീകരിക്കയുള്ളു.[54]

ഓർത്തഡോക്സുകാരുടെ കൈവയ്പും കാതോലിക്കാസ്ഥാനവും മറ്റും നിരർഥകമാണെന്ന് യാക്കോബായക്കാർ 1912 മുതൽ 1958 വരെ വാദിച്ചുകൊണ്ടിരുന്നെങ്കിലും, പാത്രിയർക്കീസും കാതോലിക്കായും പരസ്പരം സ്വീകരിച്ചിരിക്കയാൽ, ഇനിയും കൈവയ്പ്പിനെയും മറ്റും വിചാരിച്ച് മല്ലിട്ടതുകൊണ്ട് വിശേഷമില്ലെന്ന നിരാശാബോധത്തോടെ അനേകർ വിഷമിച്ചു. തുടർന്ന്, പരസ്പരം അടുക്കുന്നതിനും വൈകാരികൈക്യം സാധിക്കുന്ന

53. കണിയാംപറമ്പിൽ, സുറിയാനിസഭ,329.
54. Paulose Mar Gregorios, *The Indian Orthodox Church,* 61.

www.malankaralibrary.com

തിനും സന്മനസ്സുള്ള എല്ലാവരും പരിശ്രമിച്ചെങ്കിലും, അത് യാഥാർഥ്യ മായില്ല എന്ന് അനന്തരസംഭവങ്ങൾ തെളിയിക്കുന്നു.

ഭരണഘടനയ്ക്ക് വിധേയമായി പാത്രിയർക്കീസിനെ കാതോലിക്കാ സ്വീകരിച്ചിരിക്കുന്നു എന്ന പ്രയോഗത്തിന് 1959-ലും 1960-ലും പാത്രിയർ ക്കീസ് വിശദീകരണം ആവശ്യപ്പെട്ടു. "ഓർത്തഡോക്സ് ഭാഗത്ത് വിഘടന വാദത്തിന്റെ ധ്വനിയുണ്ട്. അന്ത്യോക്യൻ യാക്കോബായാസഭയുടെ ഭാഗം എന്ന നിലവിട്ട് സഹോദരീസഭ എന്ന ചിന്താഗതി ഓർത്തഡോക്സ് വിഭാഗം പുലർത്തുന്നു. ഓർത്തഡോക്സ് ഭരണഘടന അത്മായർക്ക് ഭൂരിപക്ഷമുള്ള സമിതി പാസ്സാക്കിയിട്ടുള്ളതാണ്. *മാർതോമായുടെ സിംഹാസനം* എന്ന വാദം പാരമ്പര്യാനുസൃതമല്ല. മാർ അബ്ദേദ്മിശിഹാ സ്ഥാപിച്ചത് പൗരസ്ത്യ കാതോലിക്കേറ്റല്ല. ഒരു പുതിയ സിംഹാസനം സൃഷ്ടിക്കുകയോ, കിഴക്കിന്റെ കാതോലിക്കോസിന്റെ അധികാരാതിർത്തിക്കു പുറമേ ഒരു കാതോലിക്കേറ്റ് നിർമിക്കുകയോ ചെയ്യുന്നതിന് അദ്ദേഹത്തിന് അധികാരം ഉണ്ടായിരുന്നില്ല" എന്നിത്യാദി നിരവധി കാരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ട്, മലങ്കര സഭാഭരണഘടന തനിക്ക് സ്വീകരിക്കാൻ സാധിക്കുകയില്ല എന്ന് കാതോലിക്കായെ പാത്രിയർക്കീസ് അറിയിച്ചു[55]

ഐക്യത്തിനുശേഷം ആദ്യമായി 1958 ഡിസംബർ 26-ന് പുത്തൻകാവ് പള്ളിയിൽ വച്ച് മലങ്കര അസോസിയേഷൻ കൂടി. പ്രസ്തുത യോഗം പഴയ ബാവാക്കക്ഷിയെ പാടേ അവഗണിച്ചു. കാതോലിക്കോസിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ യാക്കോബായക്കാരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തായി അവർ കരുതി. നോമ്പു സംബന്ധിച്ച് മാർ അപ്രേം പാത്രിയർക്കീസ് ചെയ്ത ക്രമീകരണങ്ങളെ അധിക്ഷേപിച്ചുകൊണ്ട് കാതോലിക്കാ കൽപ്പന യിറക്കി.

"ഐക്യത്തിനു ശേഷം നടന്ന ഭദ്രാസന വിഭജനത്തിൽ ബാവാ ക്കക്ഷിക്ക് വേണ്ടത്ര സ്ഥാനം നൽകിയില്ല. ഇടവക ക്രമീകരണം പാത്രിയർ ക്കീസിനോട് ആലോചിക്കാതെ നടത്തി. പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിലിരുന്ന സിംഹാസനപ്പള്ളികൾ കാതോലിക്കായുടെ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചു. മാർ തോമായുടെ സിംഹാസനത്തിലാണ് കാതോലിക്കാ ആരൂഢനായിരിക്കുന്നത്. പൗരസ്ത്യകാതോലിക്കോസ് ആണ് മലങ്കരസഭാധ്യക്ഷൻ" എന്നു തുടങ്ങിയ പ്രസ്താവനകൾ കാതോലിക്കാ യിൽ നിന്നുണ്ടായി. കാതോലിക്കാ കക്ഷിയിലെ എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്താമാർ ആക്കിയപ്പോൾ പാത്രിയർക്കീസിനെ അറിയിച്ചില്ല എന്നു തുടങ്ങി ബാവാക്കക്ഷിക്കാർ നിരവധി ആരോപണങ്ങൾ ഉന്നയിച്ചു. ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി വിശദമായി ചർച്ച നടത്തണമെന്ന് അവർ ആവശ്യ പ്പെട്ടു. അവർ താഴെപ്പറയുന്ന ഡിമാന്റുകളും വച്ചു.

55. കണിയാംപറമ്പിൽ, 331-332.

www.malankaralibrary.com

1) മാർ പീലക്സീനോസിന് അദ്ദേഹം മുമ്പ് ഭരിച്ചിരുന്ന എല്ലാ പള്ളികളുടെയും മേലുള്ള അധികാരം നൽകണം. 2) കോടതിച്ചെലവുകൾ ഇളവു ചെയ്യണം. 3) പാത്രിയർക്കീസിനെ ഉടൻ മലങ്കരയിൽ വരുത്തണം. 4) ഓർത്തഡോക്സ് ഭരണഘടന നിർബന്ധമായി പള്ളികളിൽ നടപ്പാക്കരുത്. 5) സിംഹാസനപ്പള്ളികളുടെ ഭരണം മാർ യൂലിയോസിനു നൽകണം.

കോട്ടയത്തു വച്ച് 1959 ഫെബ്രുവരിയിൽ ചർച്ച നടന്നു. ആദ്യത്തെ മൂന്നു വ്യവസ്ഥകൾ അംഗീകരിക്കാൻ കാതോലിക്കാ സന്നദ്ധനായി. മാർ പീലക്സീനോസ് ശക്തിയായി പ്രതിഷേധം സംഘടിപ്പിക്കാൻ തുടങ്ങി. അദ്ദേഹം 1960 മെയ് 16-ന് മണർകാടുപള്ളിയിൽ ബാവാക്കക്ഷിക്കാരുടെ ഒരു യോഗം വിളിച്ചുകൂട്ടി, കാതോലിക്കോസിന്റെ നടപടികളിൽ പ്രതിഷേധിച്ചു. 1960 ജൂലൈയിൽ കൂടിയ സിനഡ് പീലക്സീനോസിനെ എപ്പിസ്കോപ്പൽ സിനഡിൽ നിന്നും സഭാഭരണത്തിൽ നിന്നും നീക്കി. ഉടനെ മാർ പീലക്സീനോസിന്റെ നേതൃത്വത്തിൽ ഒരു ഡലഗേഷൻ പശ്ചിമേഷ്യയിൽ പോയി പാത്രിയർക്കീസിനെ വിവരങ്ങൾ ധരിപ്പിച്ചു. പാത്രിയർക്കീസ് തന്റെ ഡലഗേറ്റു വഴിയും വിവരങ്ങൾ ശേഖരിച്ചു. കൂടാതെ സാമുവേൽ മാർ അത്തനാസ്യോസ് എന്ന മെത്രാനെ അയച്ച് സംഗതികളുടെ നിജസ്ഥിതി മനസ്സിലാക്കി.

## അന്ത്യോക്യൻ സിറിയൻ മൂവ്മെന്റ്

കാതോലിക്കായുമായി ഐക്യപ്പെട്ടതിൽ എതിർപ്പുണ്ടായിരുന്നവർ മാർ പീലക്സീനോസിന്റെയും മാർ യൂലിയോസിന്റെയും നേതൃത്വത്തിൽ പാത്രിയർക്കീസ് പക്ഷത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. കാതോലിക്കായുടെ ഭരണത്തോട് മത്സരിച്ചും യാക്കോബായാ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിന് വിധേയരാകുവാൻ സമ്മതിച്ചും കൊണ്ടുള്ള ഒരു സംഘടന അവർ രൂപീകരിച്ചു. ഇതാണ് *അന്ത്യോക്യൻ സിറിയൻ മൂവ്മെന്റ്.* സാക്ഷാൽ യാക്കോബായക്കാർ തങ്ങളാണെന്നത്രേ ഇവർ വാദിച്ചുകൊണ്ടിരുന്നത്. കാതോലിക്കാ സിംഹാസനത്തോട് പരസ്യമായി പ്രതിഷേധിച്ചുകൊണ്ട് 1961 ഫെബ്രുവരി 26-ന് കോട്ടയത്തവച്ച് അവർ വമ്പിച്ച പ്രകടനവും പ്രതിഷേധയോഗവും നടത്തി. കാതോലിക്കായ്ക്ക് ഒരു പിൻഗാമിയെ തെരഞ്ഞെടുക്കാൻ കോട്ടയം എം.ഡി. സെമിനരിയിൽ വച്ച് 1961 ഏപ്രിൽ 27-ന് നടത്താൻ നിശ്ചയിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്ന മലങ്കര അസോസിയേഷൻ യോഗം നടത്തുന്നതിനെ നിരോധിച്ചു കൊണ്ട് അവർ ഹൈക്കോടതിയിൽ നിന്ന് നിരോധന ഉത്തരവ് സമ്പാദിക്കുകയും അതുവഴി ഓർത്തഡോക്സുകാർക്ക് വലിയ നഷ്ടം വരുത്തുകയും ചെയ്തു.

യാക്കോബായാ പാത്രിയർക്കീസിനോട് കൂറുള്ളവരുടെ സംഖ്യ വളരെ ഗണ്യമാണെന്ന് കാതോലിക്കാ കക്ഷിക്ക് ബോധ്യമായി. ഐക്യം നിലനിർത്താൻ പാത്രിയർക്കീസ് വരേണ്ടത് ആവശ്യമാണെന്ന് അവർ മനസ്സിലാക്കി. കാതോലിക്കോസ് 1962 ജനുവരി 18-ന് പാത്രിയർക്കീസിനെ കേരളത്തിലേക്ക്

www.malankaralibrary.com

ക്ഷണിച്ചു. പ്രസ്തുത വർഷം ഫെബ്രുവരി 19-ന് അന്ത്യോക്യൻപ്രതിനിധി മാർ യൂലിയോസും ഏപ്രിൽ 17-ന് യാക്കോബായാ വിഭാഗത്തിലെ പൗലോസ് മാർ അത്തനാസ്യോസും കാലം ചെയ്തു. 1964 ജനുവരി 3-ന് ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ കാലം ചെയ്തു. ദേവലോകത്ത് കബറടക്കപ്പെട്ടു.

## മാർ ബസേലിയോസ് ഔഗേൻ കാതോലിക്കാ (1964-1975)

തുടർന്നുണ്ടായ കാതോലിക്കാ വാഴ്ചയിൽ പാത്രിയർക്കീസ് യാക്കൂബ് മൂന്നാമൻ സംബന്ധിച്ചു. 1964 മെയ് 22-ന് ഔഗേൻ മാർ തിമോതിയോസിനെ ബസേലിയോസ് ഔഗേൻ എന്ന നാമത്തിൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽവച്ച് പാത്രിയർക്കീസ് വാഴിച്ചു. ഇരുവിഭാഗങ്ങളിലും പെട്ട മെത്രാന്മാർ ഈ വാഴ്ചയിൽ സംബന്ധിച്ചു. മാർ ഔഗേൻ തിരുമേനി 1927 മുതൽ 1942 വരെ ബാവാക്കക്ഷിയിലെ മെത്രാനായിരുന്നു. 1942-ൽ അദ്ദേഹം കാതോലിക്കാ കക്ഷിയിൽ ചേർന്നു. പൊതുവെ ഇരുവിഭാഗങ്ങൾക്കും അദ്ദേഹം സ്വീകാര്യനായിരുന്നു. 1958-ൽ ആരംഭിച്ച ഐക്യം 1964-ൽ പൂർത്തിയാക്കപ്പെട്ടു എന്ന പ്രതീതി പല നല്ല മനുഷ്യർക്കുമുണ്ടായിരുന്നു. തുടർന്ന് ഇരുവിഭാഗങ്ങളും ഒന്നിച്ച് മുന്നോട്ടുപോയി.[56] 1975-ൽ കാതോലിക്കാ ബാവാ കാലം ചെയ്തു. ദേവലോകം ചാപ്പലിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു.

## വീണ്ടും പിളർപ്പ് (1975)

കാതോലിക്കാബാവാ മാർതോമായുടെ സിംഹാസനത്തിൽ ആരൂഢൻ എന്ന് ലെറ്റർ ഹെഢിൽ അച്ചടിച്ചത് തുടർന്നുള്ള പിണക്കത്തിന് ആരംഭം കുറിച്ചു. പാത്രിയർക്കീസ് 1970 ജൂൺ 27-ന് അയച്ച 203-ാം നമ്പർ കൽപ്പന മാർതോമായുടെ പട്ടവും സിംഹാസനവും നിഷേധിക്കുന്ന ഒന്നായിരുന്നു. അതിവിടെ കോളിളക്കം സൃഷ്ടിച്ചു. കാതോലിക്കായുടെ പിൻഗാമിയായി മാത്യൂസ് മാർ അത്തനാസ്യോസ് 1970-ൽ തെരഞ്ഞെടുക്കപ്പെട്ടു. ഡലഗേറ്റായ അപ്രേം ആബൂദി 1971-ൽ മെത്രാനായി നാട്ടിലെത്തി. 1972-ലെ മാനേജിംഗ് കമ്മറ്റിയിൽ നിന്ന് അന്ത്യോക്യൻ പക്ഷപാതികളായ 17 പേർ വാക്കൗട്ട് നടത്തി. ''മലങ്കരസഭ ഉൾഭരണസ്വാതന്ത്ര്യമുള്ള സഭയാണ്. അന്ത്യോക്യൻസഭ സഹോദരീസഭയാണ്. മാർ തോമാശ്ലീഹായുടെ സിംഹാസനത്തിലാണ് പൗരസ്ത്യകാതോലിക്കോസ് ആരൂഢനായിരിക്കുന്നത്. ഇവിടെ ഒരു ഡലഗേറ്റിന്റെ ആവശ്യമില്ല''എന്നു തുടങ്ങിയ അഭിപ്രായങ്ങൾ കാതോലിക്കാബാവാ പരസ്യമായി പ്രസംഗിക്കാൻ തുടങ്ങി.[57] മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്നൊരു സംഘടന അന്ത്യോക്യാഭക്തരായ ജനങ്ങൾ രൂപീകരിച്ചു. അന്ത്യോക്യാഭക്തരായ 85 പട്ടക്കാർ ചേർന്ന് എപ്പിസ്ക്കോപ്പൽ സൂനഹദോസിന് ഒരു മെമ്മോറാണ്ഡം അയച്ചു. അതിലെ വിഷയങ്ങൾ താഴെ ചേർക്കുന്നു:

56. *അതേകൃതി*,358-361.

57. *അതേകൃതി*,368.373.

www.malankaralibrary.com

1. മലങ്കര സഭയും അന്ത്യോക്യൻ യാക്കോബായാസഭയും സഹോദരീ സഭകളാണെന്ന തത്വം സ്വീകരിക്കാൻ പാടില്ല. 2. മാർതോമായുടെ സിംഹാസനം എന്ന ചിന്ത ഒരു നവീന പ്രബോധനമാണ്. 3.പട്ടംകൊട ശുശ്രൂഷയിൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ നാമം അനുസ്മരിക്കാത്തത് തെറ്റാണ്. 4. പട്ടംകൊട ശുശ്രൂഷയിൽ റോമിലെ ലെയോ മാർപാപ്പായെ ശപിക്കുന്നു എന്ന ഭാഗം നീക്കിക്കളഞ്ഞു. 5. വൈദിക സെമിനരിയിൽ സത്യവിശ്വാസം പൂർണമായി പഠിപ്പിക്കുന്നില്ല. 6. പ്രോട്ടസ്റ്റന്റാശയങ്ങളാണ് സെമിനരി പ്രൊഫസർമാർക്കുള്ളത്. 7. സെറാമ്പൂർ കോളേജുമായി അഫീലിയേഷൻ നടത്തിയത് ശരിയായില്ല. 8. ഡലഗേറ്റിന്റെ ഇവിടുത്തെ സാന്നിധ്യം അത്യാവശ്യമാണ്. 9. പാത്രിയർക്കീസിന് റീശീസാ കൊടുക്കണം. 10. സൺഡേ സ്കൂൾ പാഠപുസ്തകങ്ങളിൽ വേദവിപരീതമുണ്ട്.[58]

1973-ൽ ഡെലഗേറ്റിന് നാടു വിടേണ്ടിവന്നു ഇക്കാലമായപ്പോഴേക്കും കോട്ടയം, കൊച്ചി, അങ്കമാലി എന്നീ ഭദ്രാസനങ്ങളിലെ പട്ടക്കാരും ജനങ്ങളും ഏതാണ്ട് രണ്ടുവിഭാഗക്കാരായി തിരിഞ്ഞു കഴിഞ്ഞു. പലയിടങ്ങളിലും പട്ടക്കാരെയും മേൽപട്ടക്കാരെയും പള്ളികളിൽ കയറാൻ ജനങ്ങൾ അനുവദിച്ചില്ല. അത് സംഘട്ടനങ്ങളുടെ ആരംഭമായിരുന്നു. പ്രസ്തുത വർഷം കടവിൽ മാർ അത്തനാസ്യോസ് എന്ന പേരിൽ ഒരു മെത്രാനെ പാത്രിയർക്കീസ് ഇവിടുത്തെ അന്ത്യോക്യാഭക്തർക്കു വേണ്ടി വാഴിച്ചു. ഇവിടുത്തെ കാതോലിക്കോസിനോടോ, സിനഡിനോടോ ആലോചിക്കാതെയാണ് പാത്രിയർക്കീസ് ഇപ്രകാരം ചെയ്തത്. തുടർന്ന് പലയിടങ്ങളിലും ജനങ്ങൾ തമ്മിൽ സംഘട്ടനങ്ങൾ നടന്നു. കോടതിക്കേസുകൾ ഒന്നിനു പിറകെ ഒന്നായി ഉണ്ടായി. തെരുവുപ്രകടനങ്ങൾ സാധാരണമായി. രണ്ടായി പിളരുന്നതിനു തൊട്ടുമുമ്പുള്ള സംഘർഷം നിറഞ്ഞ അന്തരീക്ഷമായിരുന്നത്.

കാതോലിക്കോസിനോട് 1970 ജനുവരി 13-ന് പാത്രിയർക്കീസ് താഴെപ്പറയുന്നവയുടെ വിശദീകരണം ചോദിച്ചു: 1. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയിൽ ഒരൊറ്റ സിംഹാസനമേയുള്ളു. മാർ തോമായുടെ സിംഹാസനം എന്ന പ്രബോധനത്തിന് അടിസ്ഥാനം എന്താണ്? 2. സുറിയാനിസഭയിൽ പാത്രിയർക്കീസാണ് പരമാധികാരി. എന്നാൽ പാത്രിയർക്കീസിന് തുല്യനാണ് കാതോലിക്കോസെന്ന് പ്രസ്താവനകൾ പുറപ്പെടുവിച്ചത് എന്തുകൊണ്ട്? 3. മലങ്കരസഭ സുറിയാനി സഭയുടെ ഭാഗമായിരിക്കെ, സ്വതന്ത്രസഭയാണെന്നും ഇൻഡ്യൻ ഓർത്തഡോക്സ് എന്നാണ് പേരെന്നും കാതോലിക്കായാണ് തലവനെന്നും പറയുന്നത് എന്തുകൊണ്ട്? 4. മാർ തോമാശ്ലീഹായ്ക്ക് ഒരു സിംഹാസനമില്ല. 5. അന്ത്യോക്യാ സഭയോടുള്ള ബന്ധം സഹോദരീസഭയോടുള്ള ബന്ധമേയുള്ളു എന്നു പറഞ്ഞു. 6. ഡലഗേറ്റിനെ തിരികെ അയച്ചു. 7. പട്ടംകൊടയിൽ അന്ത്യോക്യാ പാത്രിയർക്കീസിനോടുള്ള വിധേയത്വം പ്രഖ്യാപിക്കുന്നില്ല.

58. *അതേകൃതി*,393-396.

www.malankaralibrary.com

1966 മുതൽ ഇതാണ് രീതി. 8. പട്ടംകൊടയിൽ ഇരുസ്വഭാവപ്രബോധന ത്തെയും ലെയോ മാർപാപ്പായെയും ശപിക്കുന്നില്ല. 9. സൺഡേസ്കൂൾ പാഠപുസ്തകങ്ങളിൽ പാഷണ്ഡത പഠിപ്പിക്കുന്നു. 10. മലങ്കര സഭാംഗങ്ങൾ ഉള്ളിടത്തെല്ലാം അധികാരമുണ്ടെന്ന് കാതോലിക്കാ അവകാശപ്പെടുന്നു. 11. മലങ്കര സിനഡിനോട് ആലോചിക്കാതെ പാത്രിയർക്കീസ് പട്ടം കൊടുക്കുന്നത് തെറ്റെന്ന ചിന്ത അന്ത്യോക്യയുടെ മേലധികാരത്തെ ചോദ്യം ചെയ്യുന്നതാണ്.[59]

തുടർന്ന് പാത്രിയർക്കീസ് 1974 ഫെബ്രുവരി 24-ന് ഇവിടുത്തെ അന്ത്യോക്യാ ഭക്തർക്കുവേണ്ടി രണ്ടു മെത്രാന്മാരെ കൂടി വാഴിച്ചയച്ചു. അവർ തോമസ് മാർ ദിവന്നാസ്യോസ്, ഗീവർഗീസ് മാർ ഗ്രിഗോറിയോസ് എന്നിവരാണ്. ആ വർഷം മാർച്ച് 5-ന് കാതോലിക്കാ ബാവായുടെ സിനഡ് പാത്രിയർക്കീസിന്റെ ആരോപണങ്ങൾക്ക് മറുപടി കൊടുത്തു. പാത്രിയർക്കീസിനല്ല, സിനഡിനാണ് കാതോലിക്കായുടെ മേൽ ആരോപണം ഉന്നയിക്കാനും വിസ്തരിക്കാനും അധികാരമെന്ന് അവർ അറിയിച്ചു. മാർ പീലക്സീനോസും മാർ ക്ലീമീസും ഈ യോഗത്തിൽ സംബന്ധിച്ചില്ല. പാത്രിയർക്കീസ് 1974 ജൂലായ് 15-ന് വീണ്ടും വിശദീകരണം ആവശ്യപ്പെട്ടു. അതിനു മറുപടിയായി കാതോലിക്കാ കക്ഷി താഴെപ്പറയുന്ന സംഗതികൾ ആഗസ്റ്റ് 3-ന് പാത്രിയർക്കീസിനെ അറിയിച്ചു:

"1. മലങ്കരസഭ ഓട്ടോസെഫാലസ് ആണ്. ആത്മീയ ലൗകിക കാര്യങ്ങളിലെല്ലാം മലങ്കരസഭ സ്വതന്ത്രമാണ്. 2. പാത്രിയർക്കീസ് ഇവിടുത്തെ സഭയുടെ ഓട്ടോണമി നശിപ്പിക്കാൻ ശ്രമിക്കുന്നു. ഡലഗേറ്റിനെ ഇങ്ങോട്ടയച്ചത് തെറ്റാണ്. 3. ഡലഗേറ്റ് ഇവിടെ ചിലർക്ക് പട്ടം കൊടുത്തു. യാക്കോബായാ അസോസിയേഷൻ സംഘടിപ്പിച്ചു. 4. മലങ്കരസഭയോട് ആലോചിക്കാതെ പാത്രിയർക്കീസ് ചിലർക്ക് പട്ടം കൊടുത്തത് തെറ്റായിപ്പോയി. 5. കാതോലിക്കായോട് വിശദീകരണം ചോദിക്കാൻ പാത്രിയർക്കീസിന് അവകാശമില്ല. 6. ഇക്കാരണങ്ങളാൽ പാത്രിയർക്കീസ് ഭരണഘടനാലംഘനം നടത്തിയിരിക്കുന്നു. അദ്ദേഹത്തിന് മേലിൽ മലങ്കരസഭയുടെമേൽ അധികാരമൊന്നുമില്ല."

## രണ്ടാം സമുദായക്കേസ് (1974- )

അങ്ങനെ വളർന്നു വന്ന അഭിപ്രായവ്യത്യാസം മൂലം 1975-ൽ ഇരുവിഭാഗവും ഓരോ കാതോലിക്കാമാരെ വാഴിക്കുകയും രണ്ടുവഴിക്ക് നീങ്ങുകയും പുതിയ കോടതിക്കേസുകൾ ആരംഭിക്കുകയും ചെയ്തു. 1974-ലാണ് കാതോലിക്കാ കക്ഷി യാക്കോബായക്കാർക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തത്. ഈ കേസാണ് രണ്ടാം സമുദായക്കേസ് എന്ന് അറിയപ്പെടുന്നത്.

---

59 *അതേകൃതി*,415-416.

www.malankaralibrary.com

ഈ വ്യവഹാരത്തിൽ മലങ്കരയിലെ 1064 പള്ളികളും ഉൾപ്പെടുത്തിയിരുന്നു. ആദ്യം സബ് കോടതിയിലും (O.S.No.142/1974) പിന്നീട് എറണാകുളം അഡീഷനൽ ഡിസ്ട്രിക്ട് കോടതിയിലും (O.S.No.81/1977) വാദം നടന്നു. പ്രസ്തുതവർഷം തന്നെ കുറിയാക്കോസ് മാർ കൂറില്ലോസ് എന്ന് മൂന്നാമതൊരു മെത്രാനേ കൂടി പാത്രിയർക്കീസ് മലങ്കരയിലേക്ക് വാഴിച്ചയച്ചു. തുടർന്ന് നിരവധി കോടതിക്കേസുകളും വിലക്കുകളും നിരോധനങ്ങളും യോഗങ്ങളും പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും എതിർപ്രകടനങ്ങളും ഏറ്റുമുട്ടലുകളും തെരുവുസംഘട്ടനങ്ങളും ഉണ്ടായി.[60]

പാത്രിയർക്കീസ് 1975 ജനുവരി 10-ന് കാതോലിക്കോസിനെ സസ്പെൻഡ് ചെയ്തു."കൽപ്പന കിട്ടുന്ന ദിവസം മുതൽ കാതോലിക്കാ എന്ന നിലയിൽ ആത്മീകവും സഭാപരവുമായ ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ നിന്ന് നിങ്ങളെ നാം വിലക്കുകയും നിരോധിക്കുകയും ചെയ്തിരിക്കുന്നു. ഇനിയൊരു കൽപ്പന ഉണ്ടാകുന്നതുവരെ നിങ്ങൾ വിലക്കപ്പെട്ടവനായിരിക്കും."[61]

"മലങ്കരസഭയുടെമേൽ പാത്രിയർക്കീസിനുള്ള അധികാരാവകാശങ്ങൾ സ്വയം നഷ്ടപ്പെടുത്തിയതിനാൽ മുടക്കാൻ അർഹതയില്ല" എന്ന് ഇവിടെ നിന്ന് മറുപടി അയച്ചു.1975 ഫെബ്രുവരി 16-ന് അഞ്ച് മെത്രാന്മാരെ കൂടി കാതോലിക്കാ കക്ഷി വാഴിച്ചു. 1975 ജൂൺ 12-ന് പാത്രിയർക്കീസ് മലങ്കരയ്ക്കുവേണ്ടി മാർ യൂലിയോസ്, മാർ ഒസ്താത്യോസ് എന്നിങ്ങനെ രണ്ടു മെത്രാന്മാരെ കൂടി വാഴിച്ചു. എന്നാൽ പല മെത്രാന്മാർക്കും പല പള്ളികളിലും കയറാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. വലിയ പള്ളികളിലെല്ലാം കക്ഷിതിരിവും കലഹവും ഉണ്ടായതിനാൽ അവയെല്ലാം റിസീവർ ഭരണത്തിലായി. പല പള്ളികളും ദീർഘകാലമായി പൂട്ടയിടേണ്ടി വന്നു. ഡമാസ്കസിൽവച്ച് ജൂൺ 16-20 ന് നടന്ന യാക്കോബായാ സിനഡിൽ 16 മെത്രാന്മാർ സംബന്ധിച്ചു. അവർ കാതോലിക്കായേയും അദ്ദേഹത്തിന്റെ കൂടെ നിന്ന മെത്രാന്മാരേയും മുടക്കി സഭാഭ്രഷ്ടരാക്കി.

"ഔഗേൻ പ്രഥമൻ കാതോലിക്കായും അദ്ദേഹത്തെ അനുകൂലിക്കുന്നവരും മറുതലിപ്പുകാരും അനുസരണം കെട്ടവരുമെന്ന് സ്വയം വ്യക്തമാക്കിയിരിക്ക കൊണ്ട് ഓർത്തഡോക്സ് സഭയ്ക്ക് അവർ അന്യരും വേദവിപരീതികളും സത്യവിശ്വാസത്തിന്റെ സത്യത്തിൽനിന്നു വേർവേർപിരിഞ്ഞവരും ആണെന്നും പരിശുദ്ധ സത്യസഭയുമായോ യാക്കോബായാ സുറിയാനി സഭയുടെ സ്വത്തുക്കളും മറ്റും സംബന്ധിച്ചോ അവർക്ക് യാതൊരുവിധമായ അവകാശവുമില്ലെന്നും നാം നിങ്ങളുടെ നിർമലസ്നേഹത്തോട് പ്രഖ്യാപിക്കുകയും അറിയിക്കുകയും ചെയ്യുന്നു. ആകയാൽ അവർ അനുതപിച്ച് തിരിഞ്ഞുവന്ന് സുറിയാനിസഭയുടെ വിശുദ്ധ പൊതുസൂനഹദോസ്

60. *അതേകൃതി*,436-437.

61. *അതേകൃതി*,439.

www.malankaralibrary.com

തീരുമാനങ്ങളെ സ്വീകരിക്കുന്നുതുവരെ അവർ നിങ്ങൾക്ക് അന്യരും വേർപെട്ടവരും ആയിരിക്കും. ശീശ്മക്കാരും വ്യർഥരുമായ കൂട്ടരുമായി ആത്മീകവും മതപരവുമായ ശുശ്രൂഷകളിൽ നിങ്ങൾക്ക് ഒരിക്കലും ഭാഗ ഭാഗിത്വം ഉണ്ടായിരിക്കരുത്. കാതോലിക്കായും അദ്ദേഹത്തിന്റെ സഖികളായ മെത്രാപ്പോലീത്താമാരും പൗരോഹിത്യ നൽവരത്തിൽ നിന്ന് ഉരിയപ്പെട്ടവർ ആയിരിക്കുന്നതിനാൽ, പ്രധാനാചാര്യത്വത്തിന് ചേർന്ന ഏതെങ്കിലും ആത്മീയശുശ്രൂഷ നടത്തുവാൻ ഒരുനാളും അവകാശമില്ലെന്ന് ദൈവാത്മാവോടെ നാം ആജ്ഞാപിക്കുന്നു. പരിശുദ്ധ ഓർത്തഡോക്സ് സഭയുടെ പ്രധാന ഇടയനെന്ന നമ്മുടെ പദവിമൂലം അവരുടെ ഇടവകകളുടെ ഭരണപരമായ പദവികളിൽനിന്ന് അവരെല്ലാവരെയും നാം തള്ളിയിരിക്കുന്നു. ഇനിമേൽ നമ്മുടെ പരിശുദ്ധ സഭയുടെ പള്ളികളിലും സ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിനോ ഏതെങ്കിലും ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനോ അവർക്ക് അധികാരാവകാശങ്ങൾ ഇല്ലാത്തതാ കുന്നു. ദൈവാത്മാവോടെ നാം ആജ്ഞാപിക്കുന്നു: ആത്മീകവും പൗരോഹിത്യപരവുമായ സകല അധികാരങ്ങളിൽ നിന്നും പദവികളിൽ നിന്നും അവർ തള്ളപ്പെട്ടവരും ഉരിയപ്പെട്ടവരുമാണ്. പരിശുദ്ധ സഭയിൽ ഏതെങ്കിലും പദവിക്ക് അവർ അയോഗ്യരാണെന്ന് സ്വയം വ്യക്തമാക്കിയിരി ക്കയാൽ, അവരുമായി നിങ്ങൾ മേലാൽ സഹകരിക്കരുത്.

നമ്മുടെ ആത്മീയമക്കളേ, ഔഗേൻ പ്രഥമനും ഈവാനിയോസ് മാത്യൂസും പീലക്സീനോസ് ദാനിയേലും കൂറില്ലോസ് മാത്യൂസും തെയോ ഫിലസ് ഫിലിപ്പോസും സേവേറിയോസ് യൂഹാനോനും അത്തനാസ്യൂസ് മാത്യൂസും തിമോതിയോസ് തോമസും അവരുടെ വേദവിപരീതത്തിൽ അവരോട് ചേർന്നിരിക്കുന്നവരും വിശുദ്ധ സഭയിൽനിന്ന് തള്ളപ്പെട്ടവരും അന്യരുമായിരിക്കയാൽ, സത്യവിശ്വാസികളിൽ നിന്ന് അവരോടുകൂടെ യോജിക്കുകയോ, അവരുടെ ആത്മീയ ശുശ്രൂഷകളിൽ പങ്കാളികൾ ആയി ത്തീരുകയോ ചെയ്യുന്ന ഏവനും അവരേപ്പോലെതന്നെ വേദവിപരീതിയും പരിശുദ്ധസഭയ്ക്ക് അന്യനുമായി തീരുന്നതാണെന്നുള്ള വസ്തുത നിങ്ങൾക്ക് അറിവായിരിക്കട്ടെ.”[62]

## ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമനും(1975– 1996) ബസേലിയോസ് പൗലോസ് രണ്ടാമനും(1975–1996)

പാത്രിയർക്കീസിന്റെ മുടക്കു കൽപ്പന കിട്ടുന്നതിനുമുമ്പ് ഔഗേൻ മാർ തിമോതിയോസ് കാതോലിക്കാ സ്ഥാനത്യാഗം ചെയ്തു. പകരം ബസേലി യോസ് മാർതോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ആയി. ഡിസംബർ 8-ന് ഔഗേൻ തിരുമേനി കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ സംസ്ക്കരിക്കപ്പെട്ടു.

62. *അതേകൃതി*,454–455.

www.malankaralibrary.com

1975 സെപ്തംബർ 8-ന് പൗലോസ് മാർ പീലക്സീനോസിനെ മലങ്കരയിലുള്ള അന്ത്യോക്യാഭക്തർക്കുവേണ്ടി പൗരസ്ത്യ കാതോലിക്കോസ് എന്ന പേരിൽ പാത്രിയർക്കീസ് വാഴിച്ചു. 1975 ഡിസംബർ 20-ന് അവർ മലങ്കര അസോസിയേഷൻ മീറ്റിംഗ് കൂടി ഭരണസമിതിയെ തെരഞ്ഞെടുത്തു. കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയും തെരഞ്ഞെടുത്തു. അന്നുതന്നെ ശാമുവേൽ മാർ പീലക്സീനോസിനെ മെത്രാനായി വാഴിച്ചു. 1975-ഓടുകൂടി ഓർത്തഡോക്സെന്നും യാക്കോബായാ എന്നും മലങ്കരസഭ രണ്ടായി.

1975 മുതൽ സമുദായക്കേസ് വിധി വരെയുള്ള (1980) കാലഘട്ടം നിരന്തരസംഘട്ടനത്തിന്റെ അവസരമായിരുന്നു. രണ്ടുകൂട്ടരും തുടരെത്തുടരെ മെത്രാന്മാരെയും വാഴിച്ചുകൊണ്ടിരുന്നു. 1978-ൽ ഓർത്തഡോക്സുകാർ മൂന്നു മെത്രാന്മാരെയും 1979-ൽ യാക്കോബായക്കാർ മൂന്നു മെത്രാന്മാരെയും വാഴിച്ചു. അങ്ങനെ മെത്രാന്മാരുടെ എണ്ണം വർധിച്ചുകൊണ്ടിരുന്നു. മെത്രാന്മാർ തന്നെയും തെരുവുപ്രകടനങ്ങൾക്ക് നേതൃത്വം നൽകി, അറസ്റ്റു വരിച്ചു. തെരുവും കോടതിയുമായി മെത്രാന്മാർ കഴിഞ്ഞു. പള്ളികൾ പൂട്ടിക്കിടന്നതിനാൽ, പള്ളികളിൽ കയറാൻ അവർക്ക് സാധിച്ചില്ല. നിരോധനം ഉണ്ടായിരുന്നതിനാൽ അവർക്ക് കയറാൻ അനുവാദവുമില്ലായിരുന്നു. ജനങ്ങളുടെ ആത്മീയജീവിതം തകരാറിലായി. മുടക്കും തിരസ്ക്കരണവും കോടതികളും തെരുവുപ്രകടനങ്ങളും നിമിത്തം ജനം വലഞ്ഞു. ഈ കാലഘട്ടത്തിൽ അനേകർ പല വഴിക്ക് തിരിഞ്ഞെന്ന് പറയപ്പെടുന്നു. എന്നാൽ പല മെത്രാന്മാർക്കും പല പള്ളികളിലും കയറാൻ സാധിക്കാത്ത അവസ്ഥാവിശേഷമായിരുന്നു. വലിയ പള്ളികളിലെല്ലാം കക്ഷിതിരിവും കലഹവും ഉണ്ടായതിനാൽ അവയെല്ലാം റിസീവർ ഭരണത്തിലായി. പല പള്ളികളും ദീർഘകാലമായി പൂട്ടിയിടേണ്ടിവന്നു. യാക്കോബായാ പക്ഷത്തുള്ളവർ നിരവധി ആളുകൾക്ക് വൈദികപട്ടം നൽകി. വേണ്ടത്ര വിദ്യാഭ്യാസമോ യോഗ്യതയോ ഇല്ലാത്തവരാണ് അവരിൽ പലരും എന്ന് പറയപ്പെടുന്നു.[63]

## സമുദായക്കേസ് വിധി (1980)

1980-ൽ ഹൈക്കോടതി വിധിയുണ്ടായി. പാത്രിയർക്കീസ് കക്ഷിക്ക് അനുകൂലമായും വാദികളുടെ അന്യായം തള്ളിക്കൊണ്ടുമായിരുന്നു വിധി. ജസ്റ്റീസ് ചന്ദ്രശേഖരമേനോന്റെ സിംഗിൾ ബഞ്ചാണ് ഹർജികൾ തള്ളിക്കളഞ്ഞത്.[64] മൊത്തമുള്ള 206 കേസുകളിൽ നിന്ന് പ്രാതിനിധ്യ സ്വഭാവമുള്ള എട്ടുകേസുകൾ തെരഞ്ഞെടുത്താണ് വിചാരണ നടത്തിയത്. ഏഴെണ്ണം കാതോലിക്കാ ഭാഗത്തു നിന്നു കൊടുത്തതും ഒരെണ്ണം പാത്രിയർക്കീസ് ഭാഗത്തുനിന്നു കൊടുത്തതുമായിരുന്നു. കേരളത്തിലും

63. Paulose Mar Gregorios, *The Indian Orthodox Church,64.*

64. *ദീപിക,* 1980,ജൂൺ 7.

www.malankaralibrary.com

പുറത്തുമുള്ള 1064 പള്ളികളെയും യാക്കോബായാ, ഓർത്തഡോക്സ് ജനങ്ങളെയും ഉൾക്കോള്ളുന്ന മലങ്കരസഭാസ്വത്തുക്കളുടെയും സ്ഥാപന ങ്ങളുടെയും ഉടമസ്ഥാവകാശവും ഭരണച്ചുമതലയും കാതോലിക്കാ അധ്യക്ഷനായുള്ള അസോസിയേഷനാണെന്നായിരുന്നു ഹർജിക്കാരുടെ വാദം.

ഈ കേസുകൾ ഹൈക്കോടതി സിംഗിൾ ബഞ്ചിനു റഫർ ചെയ്തു കൊണ്ട് സുപ്രീംകോടതി നൽകിയ നിർദേശം ശ്രദ്ധാർഹമാണ്: "ഇരുകൂട്ടരും ആയുധം താഴെവച്ച്, കോടതികളിൽ കൂടിയുള്ള മുഷ്ടിയുദ്ധം അവസാനി പ്പിച്ച്, പഴയ മുറിവുകൾ ഉണങ്ങുന്നതിനും പുതിയ രമ്യത സൃഷ്ടിക്കുന്ന തിനും ക്രിസ്തുവിന്റെ ആത്മാവിനെ പ്രസാദിപ്പിക്കുന്നതിനും ഉതകുന്ന ഒരു ജീവിതരീതി (മോദുസ് വിവെൻദി) സ്ഥാപിക്കത്തക്കവണ്ണം നിവൃത്തിയുണ്ടെ ങ്കിൽ നിവേദനരീത്യാ നിർഭാഗ്യകരമായ ഈ ചരിത്രാധ്യായത്തിന് വിരാമമിടണം."[65]

ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ തന്റെ വിധിന്യായത്തിൽ ഇപ്രകാരം പറഞ്ഞു:

"അനേക വർഷങ്ങളായി കേരളത്തിലെ ഒരു പ്രമുഖ സമുദായത്തിൽ നടന്നുകൊണ്ടിരിക്കുന്ന തർക്കങ്ങളുടെയും എണ്ണമറ്റ കേസുകളുടെയും സുഖകരമായ ഒരു പര്യാവസാനമാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതിന് കോടതിമുറിക്കു പുറത്ത് ഇരുവിഭാഗങ്ങളുടെയും നേതാക്കന്മാർ കൂടിയാലോചിച്ച് തീരുമാനമെടുക്കുകയാണെങ്കിൽ അതായിരിക്കും ഏറ്റവും ഉചിതം. ഒട്ടനവധി പ്രാമാണികരായ നേതാക്കളെ സൃഷ്ടിച്ചിട്ടുള്ള സഭയ്ക്ക് ഇതുവരെ ഇങ്ങനെ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാൻ കഴിയാത്തതിൽ എനിക്ക് അതിയായ ഖേദമുണ്ട്. രമ്യമായി ഈ കേസുകൾ പര്യവസാനിപ്പിക്കുന്നതിന് സഹായകമായ പാത വെട്ടിത്തുറക്കുക എന്ന ലക്ഷ്യത്തോടുകൂടി വളരെ വിനയപൂർവമായ ഒരു ശ്രമം ഈ വിധിന്യായത്തിലൂടെ ഞാൻ ശ്രമിക്ക യാണ്".[66]

തുടർന്ന് കാതോലിക്കാകക്ഷി അപ്പീൽ കൊടുത്തു. 1980 ജൂൺ 26-ന് യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് കാലം ചെയ്തു. അപ്പോൾ ഇഗ്നാത്യോസ് സക്കാ ഈവാസ് പാത്രിയർക്കീസായി. 1982-ൽ അദ്ദേഹം നാട്ടിലെത്തിയെങ്കിലും ഇരുവിഭാഗങ്ങളെയും യോജിപ്പിക്കുന്നതിന് കാര്യമായിട്ടൊന്നും ചെയ്തില്ല.

## സമുദായക്കേസ് വിധി (1990)

കാതോലിക്കാ കക്ഷി 1980-ൽ കൊടുത്ത അപ്പീലിന്റെ വിധിയുണ്ടായത് 1990 ജൂൺ ഒന്നാം തീയതി വെള്ളിയാഴ്ചയാണ്. ഈ വിധി കാതോലിക്കാ

65. *മലയാള മനോരമ,* ജൂലൈ 6, ഞായർ.

66. *ദീപിക,* 1980, ജൂൺ 7.

www.malankaralibrary.com

കക്ഷിക്ക് കൂടുതൽ അനുകൂലമായിട്ടായിരുന്നു. അന്ത്യോക്യാ പാത്രിയർ ക്കീസ് പരമാധ്യക്ഷനായുള്ള ആകമാന സുറിയാനി സഭയുടെ ഭാഗമാണ് കേരളത്തിലെ മലങ്കര ഓർത്തഡോക്സ് സഭയെന്നും അതിന്റെ നേതൃത്വം മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷനായ കാതോലിക്കാ ബാവായ്ക്കാ ണെന്നും ഹൈക്കോടതി വിധിച്ചു. ആകമാന സഭയിൽ നിന്ന് വിട്ട് മലങ്കര സഭയ്ക്ക് സ്വന്തവും സ്വതന്ത്രവുമായ അസ്തിത്വമില്ലെന്നും മലങ്കര ഓർത്ത ഡോക്സ് സഭ ഓട്ടോസെഫാലസ് സഭയല്ലെന്നും ഡിവിഷൻ ബഞ്ചിൽ ജസ്റ്റീസ് യു. എൻ ഭട്ടും ജസ്റ്റീസ് കെ.പി. ബാലനാരായണ മാരാരും വ്യക്തമാക്കി. കാതോലിക്കോസിന്റെ നേതൃത്വത്തിലുള്ള മലങ്കരസഭ സ്വതന്ത്രസഭയാണെന്ന ജസ്റ്റീസ് ചന്ദ്രശേഖരമേനോന്റെ 1980-ലെ വിധി ഡിവിഷൻ ബഞ്ച് അസ്ഥിരപ്പെടുത്തി.[67]

## സുപ്രീം കോടതിവിധി (1995)

അതിന്മേൽ പാത്രിയർക്കീസ് കക്ഷി സുപ്രീം കോടതിയിൽ അപ്പീൽ നൽകി. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 1990-ലെ വിധി സുപ്രീംകോടതി ഡിവിഷൻ ബഞ്ച് 1991 ഏപ്രിലിൽ സ്റ്റേ ചെയ്തു. ഹൈക്കോടതി വിധിക്കുശേഷം വാഴിക്കപ്പെട്ട, പാത്രിയർക്കീസ് കക്ഷിയിലെ രണ്ടു മെത്രാന്മാരുടെ നിയമനം ശരിവച്ചു. ഹൈക്കോടതി വിധിക്കുമുമ്പ് ഉണ്ടായിരുന്ന സ്ഥിതി പുനഃസ്ഥാപിക്കണമെന്നും നിർദേശിച്ചു. ബന്ധപ്പെട്ട കക്ഷികൾ ഓരോ പള്ളിയിലും മതപരമായ കർമാനുഷ്ഠാനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഭരണച്ചുമതലകൾ ഇപ്പോഴത്തെ നിലയിൽ തന്നെ തുടരണം. സുപ്രീം കോടതിയുടെ അറിവോടെ മാത്രമേ പാത്രിയർ ക്കീസ് വിഭാഗം മെത്രാന്മാരെയും വൈദികരെയും വാഴിക്കാവൂ"[68] സുപ്രീം കോടതിയിൽ നിന്ന് 1991 ഒക്ടോബർ 30-നും ഡിസംബർ 5-നും ഉണ്ടായ ഇടക്കാല ഉത്തരവുകൾ അനുസരിച്ചാണ് മേൽപ്പറഞ്ഞ നിർദേശ മുണ്ടായത്.

അതിന്റെ വിധി 1995 ജൂൺ 20-ന് ഉണ്ടായി. "മലങ്കരസഭ ആകമാന സുറിയാനി സഭയുടെ ഒരു ഭാഗവും പാത്രിയർക്കീസ് ബാവാ സുറിയാനി സഭയുടെ പരമാധ്യക്ഷനുമാണ്. ആത്മീയമായി പാത്രിയർക്കീസ് ബാവാ, കാതോലിക്കായുടെ മേൽസ്ഥാനിയാണ്. എന്നാൽ പാത്രിയർക്കീസിന് മലങ്കരസഭയിൽ ലൗകികാധികാരമില്ല. 1934-ലെ ഭരണഘടന അനുസരി ച്ചാണ് മലങ്കരസഭ ഭരിക്കപ്പെടേണ്ടത്. കാതോലിക്കാ വിഭാഗത്തിലെ മെത്രാന്മാരെ പാത്രിയർക്കീസ് മുടക്കിയതിനു നിയമസാധുതയില്ല. 1971-ലെ സ്റ്റാറ്റസ് കോ നിലനിർത്തി ഇരുവിഭാഗവും ചർച്ച ചെയ്ത് രമ്യതയിൽ പ്രശ്നങ്ങൾ പരിഹരിക്കണം."എന്നും മറ്റും സുപ്രീം കോടതി നിർദേശിച്ചു.

---

67. *ദീപിക,* 1990,ജൂൺ 2; കെ.വി.മാമ്മൻ,(എഡി.) *മലങ്കരസഭാക്കേസ്* -കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചുവിധി പൂർണരൂപം,കോട്ടയം, 1990. *The Judgement* of the Division Bench of the Honorable High Court of Kerala in the Church Case Declared on the 1st of June,1990.

68. *മലയാള മനോരമ,*ഏപ്രിൽ 13,1991; *ദീപിക,*ഏപ്രിൽ 13 1991.

www.malankaralibrary.com

തുടർന്ന് പല അപ്പീലുകളും വിധികളുമുണ്ടായി. അന്തിമമായി ഈയടുത്ത കാലത്ത് കാതോലിക്കാ പക്ഷത്തിന് അനുകൂലമായി സുപ്രീംകോടതി വിധിയുണ്ടായി. അതനുസരിച്ച് യാക്കോബായക്കാരുടെ കൈവശമിരിക്കുന്ന പള്ളികൾ പോലീസ് സഹായത്തോടെ ഓർത്തഡോക്സ് വിഭാഗം പിടിച്ചെടുത്തു കൊണ്ടിരിക്കയാണ്. ഇപ്പോഴും അവസാനിക്കാത്ത കേസുകൾ ക്രിസ്ത്യാനികൾക്ക് മൊത്തത്തിൽ അപമാനകരമാണ്.

## കത്തോലിക്കാ-യാക്കോബായാ ഐക്യചർച്ചകൾ

കത്തോലിക്കാസഭയും അന്ത്യോക്യൻ യാക്കോബായാസഭയും തമ്മിൽ സഭൈക്യസംഭാഷണങ്ങൾ നടത്തുന്നുണ്ട്. ഇരുസഭകളും ചില പ്രത്യേക സാഹചര്യങ്ങളിൽ കൂദാശകളിൽ സഹകരിക്കുന്നു.[69] ഇരുസഭകളുടെയും അധ്യക്ഷന്മാരും പ്രതിനിധികളും കൂടിക്കാഴ്ചകൾ നടത്തുകയും സംയുക്ത പ്രസ്താവനകൾ പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്. കേരളത്തിലെ യാക്കോബായാ വിഭാഗവുമായും ഓർത്തഡോക്സ് വിഭാഗവുമായും ആണ്ടുതോറും വെവ്വേറെ ദൈവശാസ്ത്രസംവാദം നടക്കുന്നു. യാക്കോബായാ സഭയും കത്തോലിക്കാസഭയും തമ്മിൽ വിവാഹം സംബന്ധിച്ച് ഒരു ധാരണ ഉണ്ടാക്കിയിട്ടുണ്ട്.[70] ഇതിനും പുറമേ കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിൽ ആണ്ടുതോറും ദൈവശാസ്ത്ര സംവാദം നടക്കുന്നു. പ്രോ ഓറിയെന്തേയുടെ ആഭിമുഖ്യത്തിൽ നിരവധി ഐക്യസംഭാഷണങ്ങൾ നടന്നിട്ടുണ്ട്. സുറിയാനി പാരമ്പര്യമുള്ള സഭകളുടെ ഒരു സംയുക്തഫോറം പ്രോ ഓറിയെന്തേയുടെ ആഭിമുഖ്യത്തിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. മലങ്കര കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് ഈ ലേഖകനാണ് പ്രോ ഓറിയെന്തെ ഐക്യസംഭാഷണങ്ങളിൽ പങ്കെടുക്കുന്നത്. കേരളത്തിലെ കാത്തലിക്-ഓർത്തഡോക്സ്, കാത്തലിക്-യാക്കോബായാ ഐക്യചർച്ചകളിലും ഈ ലേഖകൻ ദീർഘനാൾ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായോടൊപ്പം മലങ്കര കത്തോലിക്കാ സഭയുടെ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. സഭൈക്യചർച്ചകൾ സജീവമാണെങ്കിലും, കേരളത്തിലെ യാക്കോബായാ- ഓർത്തഡോക്സ് തർക്കങ്ങൾ അവസാനിക്കാതെ തുടർന്നു കൊണ്ടിരിക്കുന്നു. ഐക്യ ചർച്ചകളുടെ ഫലമായി നിരവധി തെറ്റുദ്ധാരണകൾ നീങ്ങിക്കിട്ടാൻ ഇടയായിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇപ്പോഴും എക്യുമേനിക്കൽ വിരുദ്ധചിന്ത പുലർത്തുന്നവരെ ചെറിയ തോതിൽ മിക്ക സഭകളിലും കാണാം.

## അഞ്ചാം കാതോലിക്കോസ് (1975-1991)

**ബസേലിയോസ് മാർതോമാ മാത്യൂസ് പ്രഥമൻ** എന്ന പേരിൽ മാത്യൂസ് മാർ അത്തനാസ്യോസ് തിരുമേനി 1975 ഒക്ടോബർ 27-ന് പഴയ

69. ജി.ചേടിയത്ത്,അന്ത്യോക്യൻസഭ,152-164;179-210;217 - 237.

70. *ക്രൈസ്തവകാഹളം* 41/8(1984) 3-7; *L'Osservatore Romano,* 27(841)July 2,1984, p.6-7.

www.malankaralibrary.com

സെമിനരിയിൽ വച്ച് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി. അദ്ദേഹം റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹം 1978-ലും 1985-ലും അയ്യഞ്ചു പേരേ മെത്രാന്മാരായി വാഴിച്ചു. 1980-ൽ മാത്യൂസ് മാർ കൂറില്ലോസിനെ പിൻഗാമിയായി തെരഞ്ഞെടുത്തു. അഞ്ചാം കാതോലിക്കാ 1991-ൽ റിട്ടയർ ചെയ്തു. 1996 നവംബർ 9-ന് കാലംചെയ്തു. ദേവലോകത്ത് കബറടങ്ങി.

## ആറാം കാതോലിക്കാ (1991-2005)

കൊല്ലം മെത്രാനായിരുന്ന മാത്യൂസ് മാർ കൂറില്ലോസ് തിരുമേനിയെ 1991 ഏപ്രിൽ 29-ന് പരുമല വച്ച് **മാർ ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ** എന്നപേരിൽ കാതോലിക്കാ ആയി വാഴിച്ചു. അടുത്തദിവസം അദ്ദേഹം അഞ്ചു പേരേ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി. അടുത്തവർഷം തോമസ് മാർ തിമോതിയോസിനെ പിൻഗാമിയായി നിശ്ചയിച്ചു. 1995 ജൂൺ 20-ന് സുപ്രീം കോടതിവിധിയുണ്ടായി. ആറാം കാതോലിക്കാ 2006 ജനുവരി 26-ന് കാലം ചെയ്തു. ശാസ്താംകോട്ട ഹോറേബ് ആശ്രമചാപ്പലിൽ കബറടങ്ങി.

## ഏഴാം കാതോലിക്കാ (2005-2010)

2005 ഒക്ടോബർ 31-ന് തോമസ് മാർ തിമോതിയോസ് തിരുമേനിയെ **ബസേലിയോസ് മാർതോമാ ദിദിമോസ്** എന്ന പേരിൽ കാതോലിക്കാ ആയി പരുമല പള്ളിയിൽവച്ച് വാഴിച്ചു.2006-ൽ പൗലോസ് മാർ മിലിത്തി യോസ് തിരുമേനിയെ പിൻഗാമിയായി തെരഞ്ഞെടുത്തു.

## എട്ടാം കാതോലിക്കാ (2010- )

2010-ൽ പരുമല വച്ച് **ബസേലിയോസ് മാർ തോമാ പൗലോസ് രണ്ടാമൻ** എന്ന പേരിൽ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി എട്ടാം കാതോലിക്കാ ആയി വാഴിക്കപ്പെട്ടു.

## യാക്കോബായക്കാരുടെ കാതോലിക്കാ (മഫ്രിയാൻ) (2002- )

**ബസേലിയോസ് തോമസ് പ്രഥമൻ** എന്ന പേരിൽ യാക്കോബായ ക്കാർ 2002-ൽ തോമസ് മാർ ദിവന്നാസ്യോസിനെ അവരുടെ മഫ്രിയാൻ അഥവാ കാതോലിക്കോസ് ആയി വാഴിച്ചു. 1999-ൽ തന്നെ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടെങ്കിലും 2002-ലാണ് സ്ഥാനമേറ്റത്. 2002-ൽ യാക്കോ ബായക്കാർ ഒരു റജിസ്റ്റേർഡ് സൊസൈറ്റി ആയി റജിസ്റ്റർ ചെയ്തു. എന്നാൽ ഈ അടുത്ത കാലത്തുണ്ടായ സുപ്രീം കോടതി വിധിപ്രകാരം അവരുടെ കൈവശമിരിക്കുന്ന പള്ളികളും അവർക്ക് ഭൂരിപക്ഷമുള്ള പള്ളികളുമെല്ലാം മലങ്കര ഓർത്തഡോക്സ് സഭ വകയാണ്. അവ പിടിച്ചെടുക്കാനുള്ള പരിശ്രമ ത്തിലാണ് ചില റമ്പാന്മാർ. യാക്കോബായക്കാർ അതിനെ ശക്തിയായി

www.malankaralibrary.com

എതിർത്തുകൊണ്ടിരിക്കുന്നു. അതിനിടയിലാണ് 2019/2020-ൽ ലോകം മുഴുവൻ കോവിട് മഹാമാരി പടർന്നുപിടിച്ചത്.

## ഓർത്തഡോക്സ് സഭയും കത്തോലിക്കാ പുനരൈക്യവും

റോമിലെ മാർപാപ്പായോടും മാർപാപ്പാ വഴി ലോകം മുഴുവനുമുള്ള കോടിക്കണക്കിന് കത്തോലിക്കരോടുമുള്ള സംസർഗം സഭാപൂർണതയ്ക്ക് ആവശ്യമാണെന്ന് ബോധ്യപ്പെട്ട കുറേ ഓർത്തഡോക്സുകാർ നേതൃത്വം നൽകിയ പുനരൈക്യപ്രസ്ഥാനം പൂവണിഞ്ഞതാണ് 1930-ലെ മലങ്കര കത്തോലിക്കാ പുനരൈക്യം. റോമാ മാർപാപ്പായോടുള്ള കാനോനിക കൂട്ടായ്മ വഴി ഈ കൂട്ടായ്മയിലുള്ള സഭകളോട് മലങ്കരസഭയും കൂട്ടായ്മയിലായി. 1930-ൽ ഓർത്തഡോക്സ് സഭാനേതൃത്വം നൽകിയ ഈ പുനരൈക്യപ്രസ്ഥാനം ഓർത്തഡോക്സിയുടെ അഭിമാനകരമായ നേട്ടം തന്നെയാണ്.

മലങ്കര സഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന സംഗതികളാണ് 1876-ലും 1911-ലും 1975-ലും ഉണ്ടായത്. മാർ പത്രോസ് മൂന്നാമൻ, മാർ അബ്ദുള്ളാ, മാർ യാക്കൂബ് മൂന്നാമൻ എന്നീ യാക്കോബായാ പാത്രിയർക്കീസന്മാർ ചെയ്തവ മലങ്കരയ്ക്ക് സ്വീകരിക്കത്തക്കവ അല്ലായിരുന്നു. ഇവിടുത്തെ സഭയെ അന്ത്യോക്യൻ യാക്കോബായാ സഭയുടെ ഭാഗമാക്കാനുള്ള നടപടികളാണ് 1876 മുതൽ നടന്നത്. എന്നാൽ മലങ്കരയിലെ ഒരു വിഭാഗം ജനങ്ങൾ ഉൾഭരണ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു. അവരുടെ പരിശ്രമം ഭാഗികമായി പൂവണിഞ്ഞത് 1912-ൽ മലങ്കരയിൽ മഫ്രിയാനേറ്റ് അഥവാ കാതോലിക്കേറ്റ് സ്ഥാപിച്ചതോടുകൂടെയാണ്. തുടർന്ന് അന്ത്യോക്യയുമായുള്ള ബന്ധം ശിഥിലമായി.

അന്ത്യോക്യൻ മേൽക്കോയ്മ കൂടാതെ സ്വതന്ത്രമായി ചിന്തിക്കാനും തങ്ങളുടെ ഹിതാനുസൃതമുള്ള തീരുമാനമെടുക്കാനും ഓർത്തഡോക്സുകാർക്ക് കഴിഞ്ഞു. അതിന്റെ ഫലമായി മലങ്കരയിലെ അപ്പസ്തോലിക സഭ റോമിലെ അപ്പസ്തോലിക സഭയുമായി കാനോനിക കൂട്ടായ്മയ്ക്ക് ശ്രമിക്കണമെന്ന ചിന്ത ഉടലെടുത്തു. മലങ്കരസഭയുടെ വ്യക്തിത്വവും ഉൾഭരണസ്വാതന്ത്ര്യവും കാത്തുസൂക്ഷിച്ചുകൊണ്ട് റോമിലെ സഭയുമായി ഐക്യപ്പെടാനുള്ള സാധ്യതകളാരാഞ്ഞു. അത് അവസാനം ഭാഗികമായി വിജയമകുടം ചൂടുകയും ചെയ്തു. ഉൾഭരണസ്വാതന്ത്ര്യവും വ്യക്തിത്വവും കാതോലിക്കേറ്റുവഴി ഉറപ്പു വരുത്തിയ ഓർത്തഡോക്സുകാരാണ് പത്രോസിന്റെ റോമാസിംഹാസനവുമായുള്ള ഐക്യമെന്ന ആശയം മുന്നോട്ടുവച്ചത്. അവർക്കേ അത് സാധിക്കുമായിരുന്നുള്ളു. ഓർത്തഡോക്സിയുടെ ഘടകങ്ങളൊന്നും കൈവെടിയാതെ മലങ്കരസഭ 1930-ൽ സാർവത്രികസഭയുമായുള്ള ഐക്യത്തിൽ എത്തിച്ചേർന്നു. സഭയിൽ ഐക്യത്തിന്റെ അടയാളമായി ക്രിസ്തു സ്ഥാപിച്ച പത്രോസിന്റെ ശ്ലൈഹിക

www.malankaralibrary.com

സിംഹാസനത്തോടുള്ള കൂട്ടായ്മ വഴി ഓർത്തഡോക്സുസഭ അതിന്റെ വളർച്ചയുടെ ഒരു സുപ്രധാനഘട്ടത്തിൽ എത്തി.

## 1930-ലെ സഭൈക്യത്തിന്റെ പശ്ചാത്തലം

കേരളത്തിലെ യാക്കോബായാസഭയിലെ ഒരുവിഭാഗത്തെ 1911-ൽ മാർ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കി. 1912-ൽ അവർ കാതോലിക്കേറ്റ് സ്ഥാപിച്ചു. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനി യുടെ കൂട്ടുട്രസ്റ്റികളായിരുന്ന കോനാട്ടു മാത്തൻ മൽപ്പാനും സി.ജെ. കുര്യനും വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹത്തെ വിട്ട് അബ്ദുള്ളാ യുടെ കൂടെ ചേർന്നു. രണ്ടു കക്ഷികൾ എന്ന രീതിയിൽ ഒരേ സഭയിൽ ഉൾപ്പെട്ടിരുന്ന സഹോദരന്മാർ കേസുകളുമായി മുമ്പോട്ടുപോയി. ഇതിൽ അന്ത്യോക്യാ പാത്രിയർക്കീസിന് നിർണായക പങ്കുണ്ട്. പാത്രിയർക്കീസിന് ഏതെങ്കിലും തരത്തിലുള്ള ആത്മീയാധികാരം അംഗീകരിച്ചുകൊണ്ട് സമുദായത്തിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിച്ചു കൊണ്ടുപോകണം എന്ന നിലപാടാണ് വട്ടശ്ശേരിൽ തിരുമേനിക്ക് ഉണ്ടായിരുന്നത്. അതിനാണ് അദ്ദേഹം 1923-ൽ മർദീനിൽ പോയി യാക്കോബായാ പാത്രിയർക്കീസിനെ സന്ദർശിച്ചതും ചർച്ച നടത്തിയതും. വട്ടിപ്പണക്കേസിന്റെ ആദ്യവിധിയിൽ (1923) ഉണ്ടായ പരാജയമാണ് മർദീൻ യാത്രയ്ക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്നും പറയുന്നവരുണ്ട്. എന്നാൽ മർദീൻ യാത്ര പരാജയപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് 1926-ൽ പരുമലയിൽവച്ച് ഓർത്തഡോക് സിലെ മൂന്നു മെത്രാന്മാരുടെ യോഗം റോമുമായി ഐക്യപ്പെടുന്ന കാര്യം ചർച്ച ചെയ്തത്. റോമുമായി എഴുത്തുകുത്തുകൾ നടത്താൻ ബഥനിയുടെ മാർ ഈവാനിയോസിനെ മറ്റു രണ്ടുപേരും ചുമതലപ്പെടുത്തി. ബാവാക്കക്ഷി യുമായി കേസു നടത്തിക്കൊണ്ടിരുന്ന മാർ ദിവന്നാസ്യോസാകട്ടെ ചർച്ച കളിൽ നിന്ന് വിട്ടുനിന്നു. മെത്രാൻ കക്ഷിയിലെ മൂന്നു മെത്രാന്മാരുടെ പേരിൽ 1926 നവംബറിൽ റോമിലേക്ക് ഒരു അനൗദ്യോഗിക മെമ്മോറാ ണ്ഡവും 1927-ൽ ജനുവരിയിൽ മറ്റൊരുകത്തും കൊല്ലം രൂപതാ വൈദികനായ ഫാ.റിബേരോ വഴി റോമിലേക്ക് മാർ ഈവാനിയോസ് അയച്ചു. 1928-ൽ മാർ ഈവാനിയോസ് ഇൻഡ്യയിലെ അപ്പസ്തോലിക ഡലഗേറ്റിന് രണ്ടു കത്തുകളയച്ചു. പ്രസ്തുത വർഷം ആഗസ്റ്റ് 13-ന് വട്ടിപ്പണക്കേസ് വിധി മെത്രാൻകക്ഷിക്ക് അനുകൂലമായി ഉണ്ടായി. ഒക്ടോബർ 23-ന് ഡലഗേറ്റിന്റെ അനുകൂല മറുപടിവന്നു.

1925-ൽ വാഴിക്കപ്പെട്ട രണ്ടാം കാതോലിക്കാ 1928 ഡിസംബർ 8-ന് കാലം ചെയ്തു.അടുത്ത കാതോലിക്കാ ആയി കല്ലാശ്ശേരിൽ മാർ ഗ്രിഗോറിയോസിനെ 1929 ഫെബ്രുവരി 13-ന് മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും കൂടി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് മൂന്നാം കാതോലിക്കാ ആയി വാഴിച്ചു. 1929 ആയപ്പോഴേക്കും മാർ ഈവാനിയോസ് നേതൃത്വം കൊടുത്ത സഭൈക്യചർച്ചകൾ പരസ്യമായി ത്തുടങ്ങി. ബഥനിപ്പള്ളികൾ ഒരു കക്ഷിയിലും ചേരാതെ സ്വതന്ത്രസ്ഥാപന ങ്ങൾ ആയിരുന്നു. കേസിൽ തോറ്റ മാർ ഏലിയാസ് മൂന്നാമൻ പാത്രിയർ

www.malankaralibrary.com

ക്കീസ് മലങ്കര വന്ന് മാർ ദിവന്നാസ്യോസിന്റെ മുടക്കുതീർത്ത് ഐക്യം സ്ഥാപിക്കും എന്നൊരു ശ്രുതി പരന്നു. ഐക്യം സ്ഥാപിച്ച് പാത്രിയർക്കീസിനെ ആത്മീയനേതാവായി അംഗീകരിക്കുക എന്ന നിലപാടാണ് വട്ടശ്ശേരിൽ തിരുമേനിക്കുണ്ടായിരുന്നത്. എന്നാൽ ഏതെങ്കിലും തരത്തിൽ അന്ത്യോക്യാ പാത്രിയർക്കീസിന് കീഴ്പ്പെടുന്നതിനോട് മാർ ഈവാനിയോസ് എതിരായിരുന്നു. താൽക്കാലിക ശാന്തി ഉണ്ടായാലും അതൊരു ശാശ്വത പരിഹാര മാർഗമായും മലങ്കരസഭയുടെ പുരോഗതിക്കുള്ള വഴിയായും അദ്ദേഹം കണ്ടില്ല. മലങ്കരസഭ പാത്രിയർക്കീസിൽ നിന്നു സ്വതന്ത്രമാകണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. "എന്തെല്ലാം പ്രയാസം നേരിട്ടാലും പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിപ്പാനോ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള അനുഭവങ്ങളിൽ കൂടി ഇനിയും കടന്നുപോകാനോ ഞാൻ ആഗ്രഹിക്കുന്നില്ല" എന്ന് വ്യക്തമായി മാർ ഈവാനിയോസ് തീരുമാനിച്ചു.[71] അദ്ദേഹത്തിന്റെ വീക്ഷണം ശരിയായിരുന്നെന്ന് കാലം തെളിയിച്ചു.

റോമിലേക്ക് ആദ്യമെമ്മോറാണ്ഡം അയച്ചവരിൽ 1929 ആയപ്പോഴേക്കും മാർ ഈവാനിയോസും മൂന്നാം കാതോലിക്കായുമേ അവശേഷിച്ചുള്ളു. കാതോലിക്കാസ്ഥാനം അംഗീകരിച്ച് അനുവദിക്കയില്ലെന്ന് റോമിൽ നിന്നു മറുപടി വന്നത് ഐക്യസംരംഭങ്ങളുടെ സന്തോഷകരമായ പരിസമാപ്തിക്ക് മങ്ങലേൽപ്പിച്ചു. കാതോലിക്കാബാവാ സഭാസംസർഗത്തിൽ എത്തുമ്പോൾ കാതോലിക്കാബാവായുടെ സ്ഥാനം നിലനിർത്തുകയും മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യം കാതോലിക്കേറ്റുവഴി ഉറപ്പുവരുത്തുകയും ചെയ്യേണ്ടതിനെപ്പറ്റി മാർ ഈവാനിയോസിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. എന്നാൽ അത്തരമൊരുറപ്പു നൽകാൻ റോം സന്നദ്ധമാകാത്ത സാഹചര്യത്തിൽ ഈ ഐക്യസംരംഭത്തിന് നേതൃത്വം നൽകാൻ കാതോലിക്കോസിനെ എങ്ങനെ ക്ഷണിക്കുമെന്നുവരെ മാർ ഈവാനിയോസ് തുടർന്നുള്ള എഴുത്തുകുത്തുകളിൽ ചോദിക്കയുണ്ടായി. സമുദായം ഒന്നിച്ച് സഭൈക്യത്തിൽ പ്രവേശിക്കണം എന്നു തന്നെയായിരുന്നു അദ്ദേഹം ആഗ്രഹിച്ചത്. അത് മലങ്കരസഭയുടെ ആരാധനക്രമപാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം പാലിച്ചുകൊണ്ടും നിയമക്രമങ്ങൾ മാറ്റിമറിക്കാൻ ഭാവിയിൽ നിർബന്ധിക്കാതെയും സ്വന്തമെത്രാന്മാരുടെ ഭരണം ഉറപ്പുവരുത്തിക്കൊണ്ടും ആയിരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. വിശ്വാസത്തിന് മാറ്റം വരാതെയും സമുദായാഭിമാനത്തിന് ഭംഗം വരാതെയുമുള്ള ഐക്യം അദ്ദേഹം ലക്ഷ്യമാക്കി. അനുകൂല സാഹചര്യത്തിൽ ഐക്യപ്പെടാൻ മൂന്നാം കാതോലിക്കായും സന്നദ്ധനായിരുന്നെന്ന് അദ്ദേഹത്തിന്റെ കത്ത് സൂചിപ്പിക്കുന്നു. എന്നാൽ റോമിൽ നിന്ന് കാതോലിക്കാസ്ഥാനം സംബന്ധിച്ച് ഒട്ടും അനുകൂലമല്ലാത്ത നിലപാടാണുണ്ടായത്. 1926-ൽ തന്റെ കൂടെ ഉണ്ടായിരുന്ന മെത്രാന് (കാതോലിക്കോസിന്) ഈ ഐക്യത്തിലേക്ക് വരാൻ സാധിക്കാത്ത നിലവന്നു. വട്ടശ്ശേരിൽ തിരുമേനിയെ വിട്ടുപിരിയുക

71. ഇഞ്ചക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1, പേ.339-342.

www.malankaralibrary.com

ഹൃദയഭേദകമായിരുന്നു. ഇരുവർക്കും വേദനാജനകമായിരുന്നു ഈ കാലഘട്ടം.

മലങ്കരസഭയെ അംഗീകരിച്ചുകൊണ്ടുള്ള അവസാനത്തെ കത്ത് 1930 ആഗസ്റ്റ് 30-ന് റോമിൽ നിന്നുവന്നു. കാതോലിക്കാസ്ഥാനവും സിനഡും അംഗീകരിച്ചു കിട്ടാൻ മലങ്കരസഭ 2005 വരെ കാത്തിരിക്കേണ്ടിവന്നു. 2005-ൽ മലങ്കര കത്തോലിക്കാ സഭാധ്യക്ഷനെ കാനോനിക്കലായി പാത്രിയർക്കീസിനു തുല്യമായ മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനം നൽകി റോമാസഭ ഉയർത്തി. തുടർന്ന് സാർവത്രികസഭാഭരണത്തിൽ പങ്കാളിത്തം ലഭിക്കുന്ന കർദിനാൾ സ്ഥാനവും നൽകി. അങ്ങനെ ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ മലങ്കരസഭയുടെ പ്രതിനിധിക്കും ചരിത്രത്തിൽ ആദ്യമായി പങ്കാളിത്തമുണ്ടായി.

മലങ്കരസഭയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അന്ത്യോക്യൻബന്ധം പാടേ വിച്ഛേദിക്കണമെന്ന് അക്കാലത്ത് ഉറച്ചു തീരുമാനിച്ചത് മാർ ഈവാനിയോസ് മാത്രമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിക്ക് അപ്പോഴത് അസാധ്യമായിരുന്നു. ദൈവികപരിപാലനയിൽ ഈ ഐക്യശ്രമങ്ങൾ ഭാഗികമായി പൂവണിഞ്ഞു. കത്തോലിക്കാസഭയിൽ വ്യക്തിത്വമുള്ള സഭയായി ഈ മലങ്കരസഭാവിഭാഗം വളർന്നുകഴിഞ്ഞു. ഇൻഡ്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ സംഘടനയുടെ അധ്യക്ഷപദവി അലങ്കരിക്കത്തക്ക നിലയിൽ പ്രഗത്ഭരായ അധ്യക്ഷന്മാർ ഇന്ന് മലങ്കര കത്തോലിക്കാ സഭയിൽ ഉണ്ടായി എന്നത് ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കത്തക്ക വസ്തുത തന്നെയാണ്.

## ഇന്നത്തെ എക്യുമേനിക്കൽ ചർച്ചകളുടെ പ്രസക്തി

മലങ്കരസഭയിലെ പിതാക്കന്മാർ നൂറ്റാണ്ടുകളായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാര്യങ്ങളൊക്കെ റോമാസിംഹാസനം ഇപ്പോൾ അംഗീകരിച്ചു തന്നിരിക്കയാണ്: അതായത്, മെത്രാന്മാരുടെ പട്ടം അംഗീകരിക്കണം, അവർക്ക് ജനങ്ങളുടെ മേലുള്ള അജപാലനാധികാരം അംഗീകരിക്കണം, സ്വയം ഭരണത്തിന്റെ (ഓട്ടോണമിയുടെ) പ്രതീകമായ കാതോലിക്കേറ്റും സിനഡും അംഗീകരിക്കണം-അതായത് മലങ്കരസഭയെ സഭയായി അംഗീകരിക്കണം. അതിലുപരിയായി പാത്രിയർക്കീസിനു തുല്യമായ സ്ഥാനം മലങ്കര സഭാധ്യക്ഷന് റോം നൽകിയിരിക്കുന്നു.അതുപോലെ, ഭാരതത്തിലെവിടെയും ലോകത്തെല്ലായിടത്തും അജപാലനാധികാരവും സുവിശേഷപ്രഘോഷണ സ്വാതന്ത്ര്യവും മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിച്ചുകഴിഞ്ഞു. പൊതുനിയമങ്ങൾക്കു പുറമേ പ്രാദേശിക നിയമങ്ങൾ ഉണ്ടാക്കി മാർപാപ്പായുമായി കൂട്ടായ്മയിൽ ജീവിക്കാനുള്ള അവകാശമാണ് ഇപ്പോൾ മലങ്കരസഭയ്ക്ക് ലഭിച്ചിരിക്കുന്നത്. അതിനും പുറമേ സാർവത്രിക സഭാഭരണത്തിൽ ഭാഗഭാഗിത്വം നൽകുന്ന കർദിനാൾസ്ഥാനവും മലങ്കരസഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു.

മലങ്കര സഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി റോം ഉയർത്തിയതിന്റെ വെളിച്ചത്തിൽ 1989 മുതൽ കത്തോലിക്കാസഭയും മലങ്കര

www.malankaralibrary.com

ഓർത്തഡോക്സ് സഭയും കൂടി നടത്തുന്ന ഐക്യചർച്ചകളുടെ ദിശ തിരിച്ചു വിടേണ്ടതാണ്. ദൃശ്യവും സമ്പൂർണവും കാനോനികവുമായ ഐക്യമാണല്ലോ ഈ ചർച്ചകളുടെ ലക്ഷ്യം. ഐക്യം ഉണ്ടാക്കണമെന്ന് ആത്മാർഥമായി ആഗ്രഹിച്ച പിതാക്കന്മാരുടെ പാതയിലൂടെയാണോ ഇന്നത്തെ ചർച്ചകളെന്ന് ചിന്തിക്കാവുന്നതാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റ സഭാശാസ്ത്രമനുസരിച്ചുള്ള മാറ്റങ്ങളുടെ വെളിച്ചത്തിലാണ് ഇപ്പോൾ തന്നെ കൂട്ടായ്മയിലുള്ള സഭകളെ സ്വയംഭരണാവകാശമുള്ള സഭകളായി വളർത്തുന്നതും അവയുടെ അധ്യക്ഷന്മാർക്ക് പാത്രിയർക്കീസിനു തുല്യമായ അധികാരങ്ങൾ കാനോനികമായി നൽകുന്നതും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, പുതിയ സഭാശാസ്ത്രമനുസരിച്ച് മലങ്കരസഭയും റോമൻ കത്തോലിക്കാസഭയും കൂട്ടായ്മയിലുള്ള രണ്ടു സഭകളെന്നുസാരം.

ഇത് മലങ്കരസഭകളൊക്കെ ഗ്രഹിക്കേണ്ടതുണ്ട്. ഇതേപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ സഭയുടെ ഐക്യത്തിലേക്കു വാരാനാഗ്രഹിക്കുന്ന മലങ്കരസഭകൾക്ക് ഇനി എന്താണ് റോമാസഭയുടെ ഭാഗത്തുനിന്ന് ചെയ്തു തരേണ്ടതെന്ന് ആർക്കും ചൂണ്ടിക്കാണിക്കാവുന്ന താണ്. ഐക്യചർച്ചകളിൽ സ്പഷ്ടമാക്കാവുന്നതുമാണ്. റോമാസഭ മലങ്കര കത്തോലിക്കാസഭയിലൂടെ മലങ്കരസഭകളുടെ മുമ്പിൽ അവതരിപ്പിച്ച മഹാസംഗതിയെപ്പറ്റി ഗൗരവപൂർവം ചിന്തിക്കേണ്ടതുണ്ടെന്നു തോന്നുന്നു. റോമാസഭ എക്യുമേ നിസം കൂടി ഉന്നംവച്ചുകൊണ്ട് മലങ്കരസഭകൾക്ക് ഒരു മഹാസംഗതി ചെയ്തു. റോം മലങ്കര കത്തോലിക്കാസഭയ്ക്ക് നൽകിയ ഉന്നതസ്ഥാനം മലങ്കര കത്തോലിക്കാ സഭയ്ക്കുവേണ്ടി മാത്രമുള്ളതല്ല. “കത്തോലിക്കാ കൂട്ടായ്മയിൽ സ്വയംഭരണത്തിനും ഓട്ടോണമിക്കും സ്ഥാനമുണ്ട്. ഐക്യപ്പെടുന്ന സഭകൾ കൂട്ടായ്മയിൽ വർത്തിച്ചാൽ മാത്രം മതി. അതിന പ്പുറത്തൊന്നും വേണ്ട” എന്നു കാണിക്കുക കൂടി ആയിരുന്നു ഇതിലൂടെ റോമാസഭ ചെയ്തത്. മലങ്കര കത്തോലിക്കാസഭയ്ക്ക് ലഭിക്കുന്ന ഏതു സ്ഥാനവും മൊത്തം മലങ്കരസഭയ്ക്ക് ലഭിക്കുന്നതാണ്. കത്തോലിക്കാ കൂട്ടായ്മയിൽ ഓട്ടോണമിക്കും സ്വയംനിർണയത്തിനും സ്വയംഭരണത്തിനും സ്ഥാനമുണ്ടെന്നു കാണാനുള്ള അവസരമാണിത്. അതിൽ അഭിമാനിക്കുക തന്നെ വേണം. ദൃശ്യമായ ഐക്യം ലക്ഷ്യം വച്ച പുരാതന പിതാക്കന്മാരുടെ പാതയിലൂടെ നീങ്ങേണ്ടിയിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയ്ക്ക് മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയും കാതോലിക്കാ സ്ഥാനവും സിനഡൽ ക്രമീകരണവും കർദിനാൾസ്ഥാനവും തന്നപ്പോൾ റോമാസഭ ഐക്യത്തിനുള്ള ആഹ്വാനം നടത്തുകയായിരുന്നെന്ന് മനസ്സിലാക്കാൻ ശ്രമിക്കാം. നമ്മുടെ പിതാക്കന്മാർ നടത്തിയ സഭൈക്യസംരംഭങ്ങൾ പാടേ വിസ്മരിക്കാതിരിക്കാം. നാം ഒന്നായിരുന്നു എന്ന സംഗതി ഗൗരവമായി പരിഗണിക്കാം.

## പിൽക്കാലനേതൃത്വം

കോടതിയും കേസുമായി നടന്നതിനാൽ പിന്നീടുവന്ന സഭാനേതൃത്വങ്ങൾക്ക് സഭൈക്യസംരംഭങ്ങളിൽ താൽപ്പര്യപൂർവം ഇടപെടാൻ സാധിച്ചില്ല. ഇന്നും സഭാസ്വത്തുക്കളും പള്ളികളും സംബന്ധിച്ചുള്ള തർക്കങ്ങളാണ്

www.malankaralibrary.com

ഓർത്തഡോക്സ് സഭയെ സജീവവും ഫലദായകവുമായ ചർച്ചകളിൽനിന്ന് അകറ്റി നിർത്തുന്നത്. ഓർത്തഡോക്സ് സഭ സജീവമായി എക്യുമേനിക്കൽ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെങ്കിൽ, ആദ്യമായി പള്ളികളും സ്വത്തുക്കളും സംബന്ധിച്ച് ബാവാക്കക്ഷിയുമായുള്ള കേസുകളും തർക്കങ്ങളും അവസാനിപ്പിക്കണം. അതിന് ഏതുതരം വ്യവസ്ഥകളാണ് വേണ്ടതെന്ന് അവർ തന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ ദൈവത്തിന് തന്റെ സഭയെപ്പറ്റിയുള്ള ദർശനം യാഥാർഥ്യമാക്കാൻ അവർ ഒരുക്കമുള്ളവരാകൂ.

വിശ്വാസത്തിന്റെ സാരസത്തയും വിശ്വാസം അവതരിപ്പിക്കുന്ന പദപ്രയോഗങ്ങളും രണ്ടായി കാണാനുള്ള സന്നദ്ധത സംയുക്ത പ്രഖ്യാപനങ്ങളിൽ ദൃശ്യമാണ്. പദപ്രയോഗങ്ങളിൽ വ്യത്യാസം വരാം. ഊന്നലുകളിൽ വ്യത്യാസം വരാം. എന്നാൽ സാരസത്ത ഒന്നാണെങ്കിൽ ഈ വ്യത്യാസങ്ങളൊക്കെ പരസ്പരം അംഗീകരിക്കാവുന്നതാണ്. അകന്നു നിൽക്കാൻ അവയൊന്നും ഒരു ന്യായീകരണവും നൽകുന്നില്ല. വൈവിധ്യം കൂട്ടായ്മയിൽ സാധ്യമാണ്.

ഓരോ സഭയും ഏകപക്ഷീയമായി വളർത്തിയെടുത്ത സഭാശാസ്ത്രം മറ്റെല്ലാ സഭകളും സ്വീകരിച്ചേ മതിയാവൂ എന്ന് നിർബന്ധം പിടിക്കരുത്. പിളർന്നകന്നു മാറിയ കാലഘട്ടത്തിലെ സഭാബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടണം. ഇതിനൊക്കെ ഇന്ന് ആര് നേതൃത്വം നൽകും? നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവം ആരെയാണ് ഇതിനായി നമ്മുടെ മധ്യത്തിലേക്ക് അയക്കുന്നത്?

## മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യം

ഇന്ന് വിവിധ തട്ടുകളിലും വിവിധ നേതൃത്വങ്ങളെ ആശ്രയിച്ചും നിൽക്കുന്ന മാർതോമാ നസ്രാണികൾ ഒന്നിച്ച് അണിനിരക്കേണ്ടത് ആവശ്യമാണ്. 1653-നു മുമ്പുള്ള അവസ്ഥയിലേക്ക് നാം പോകേണ്ടതുണ്ട്. അതിനു പറ്റിയ സാഹചര്യമൊരുക്കാൻ നേതാക്കന്മാരും അണികളും തയാറാകണം. ചരിത്രത്തിന്റെ ഗതിവിഗതികളിൽ പെട്ട് പല തട്ടുകളിൽ ആയിപ്പോയവർ തങ്ങളുടെ നിലപാടുകളെപ്പറ്റി പുനർവിചിന്തനം നടത്തേണ്ടതുണ്ട്. ലത്തീൻ, അന്ത്യോക്യൻ, ആംഗ്ലിക്കൻ സഭകളിൽനിന്ന് മലങ്കരസഭയിലെ വിവിധ വിഭാഗങ്ങൾക്ക് ലഭിച്ച പൈതൃകങ്ങൾ ഒന്നിച്ചു കൂട്ടുമ്പോൾ മൊത്തത്തിൽ മലങ്കരസഭയ്ക്ക് പലവിധ നേട്ടങ്ങളുണ്ടായി. ഭാരതത്തിന്റെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഇവയെല്ലാം കോർത്തിണക്കി മലങ്കര സഭാംഗങ്ങൾക്കെല്ലാം അനുഭവവേദ്യമാകത്തക്കവിധം ഒന്നിക്കാൻ നാം യത്നിക്കണം. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ചരിത്രത്തിൽ നിന്ന് പാഠം പഠിച്ച് കരുത്തുറ്റ ഒരു മലങ്കരസഭയെ നാം ലക്ഷ്യം വയ്ക്കണം. ഭാരതീയവും പൗരസ്ത്യവുമായ എല്ലാ പാരമ്പര്യങ്ങളും എല്ലാവരുടെയും പൊതു സ്വത്താണ്. ഒരു സഭാപാരമ്പര്യത്തെയും മാറ്റി നിർത്തേണ്ടതില്ല.

www.malankaralibrary.com

ഓരോ സഭയുടെയുംപാരമ്പര്യങ്ങൾ പാലിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം. കാലത്തിന്റെ ഗതിവിഗതികളിൽ പെട്ട് അപൂർണ പാരമ്പര്യങ്ങളോ ചേരാത്ത രീതികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, തിരിച്ചുപോക്കും നവീകരണവും അത്യന്താപേക്ഷിതമാണ്. പഴമയെ അതുപടി കാത്തുസൂക്ഷിക്കാനുള്ള വ്യഗ്രതയല്ല ഇന്നാവശ്യം. നാം ജീവിക്കുന്ന ചുറ്റുപാടിലെ മനുഷ്യന് രക്ഷകനായ മിശിഹായെ കാണിച്ചു കൊടുക്കുകയാണ് സർവപ്രധാനം. ഭാരതത്തിന്റെ ആത്മാവിന് മാർതോമാ നസ്രാണികൾക്ക് എപ്രകാരം മിശിഹായെ ഒന്നിച്ച് ഒരേ സ്വരത്തിൽ നൽകുവാൻ സാധിക്കും എന്നതാണ് നാം ചിന്തിക്കേണ്ട സർവപ്രധാനമായ സംഗതി. കഴിഞ്ഞ കാലങ്ങളിലെ കുറവുകളെയും അനീതികളെയും പഴിച്ചു കൊണ്ടിരിക്കാതെ, ചരിത്രത്തിലെ ഭാണ്ഡക്കെട്ടുകളുടെയും അർഥശൂന്യമായ ആചാരാനുഷ്ഠാനങ്ങളുടെയും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ സംഭവിച്ച മാറ്റങ്ങളുടെയും വർത്താക്കളായി വർത്തിക്കുന്നതു വഴി ഈ ദൗത്യത്തിന് തടസ്സം നേരിടുന്നെങ്കിൽ, അവയോട് നാം വിടപറയുക തന്നെ വേണം. സുവിശേഷത്തിനും സഭാപിതാക്കന്മാർ സുവിശേഷത്തിനു നൽകിയ വ്യാഖ്യാനങ്ങൾക്കും അവർ പഠിപ്പിക്കുന്ന സ്നേഹത്തിനും ഐക്യത്തിനും മറ്റെന്തിനേക്കാളും നാം പ്രാധാന്യം നൽകണം. നവീകരണത്തിനും സഭൈക്യത്തിനും നാം തയാറാകണം.

മാറിയ സാഹചര്യത്തിൽ സഭൈക്യത്തിന് നസ്രാണിസഭകൾ ഒന്നടങ്കം താൽപ്പര്യം കാണിക്കേണ്ടതാണ്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ഐക്യം സുസാധമാക്കാൻ മാർതോമാ നസ്രാണികൾ എല്ലാവരും തീക്ഷ്ണമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ സഭൈക്യ കാര്യങ്ങളിൽ നസ്രാണികളിൽ എത്ര പേർക്ക് ആത്മാർഥമായ താൽപ്പര്യമുണ്ട്? മലങ്കരനസ്രാണികൾ കൂനൻകുരിശിനു മുമ്പ് ഒന്നായിരുന്നതുപോലെ നാനാത്വത്തിൽ ഏകത്വം പുലർത്തിക്കൊണ്ട് ഏകസഭയായി തീരാനുള്ള സംരംഭത്തിന് ആര് നേതൃത്വം നൽകും? അതിനു നാം ഇനിയും അനേകനാൾ കാത്തിരിക്കേണ്ടതുണ്ടോ? ബഹുദൂരം യാത്ര ചെയ്യേണ്ടിയിരിക്കുന്നുവോ?

www.malankaralibrary.com

## അധ്യായം - 3

# മാർത്തോമ്മാ സുറിയാനി സഭ

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ പല പരീക്ഷണങ്ങൾക്കും വിധേയമായി. ആദ്യനൂറ്റാണ്ടുകൾക്കുശേഷം മലങ്കരസഭ മെസൊപ്പൊട്ടേമിയായിലെ പൗരസ്ത്യസുറിയാനി സഭയുടെ സ്വാധീനത്തിലും പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യലോകത്തു നിന്നുള്ള ലത്തീൻ (റോമൻ) കത്തോലിക്കാ സഭയുടെ നേതൃത്വത്തിൻ കീഴിലും വന്നു. അന്നുവരെ നൂറ്റാണ്ടുകളായി ഉപയോഗിച്ചിരുന്ന പൗരസ്ത്യസുറിയാനി (കൽദായ) ആരാധനക്രമങ്ങൾ നീക്കി ലത്തീനീകരിച്ച ആരാധനക്രമം പോർട്ടുഗീസുകാർ നടപ്പാക്കി. ഈ സഭയെ ലത്തീൻസഭയുടെ ഭാഗമാക്കാൻ പാശ്ചാത്യസഭയിൽപെട്ട ജസ്വിട്ട് മിഷണറിമാർ ശ്രമിച്ചു. അതിന്റെ ഫലമായി സഭ പിളർന്നു. പുത്തൻകൂറും പഴയകൂറും ഉടലെടുത്തു.

1665 മുതൽ ഇവിടെയെത്തിയ പശ്ചിമേഷ്യൻ യാക്കോബായാ മെത്രാന്മാർ പുത്തൻകൂറ്റുകാരുടെ സമൂഹത്തെ യാക്കോബായാ സഭയുടെ ഭാഗമാക്കാൻ പരിശ്രമിക്കുകയും യാക്കോബായാ രീതികളും യാക്കോബായാ ആരാധനാപാരമ്പര്യങ്ങളും പാശ്ചാത്യ സുറിയാനിയും നടപ്പാക്കുകയും 451-ലെ കാൽസിഡൺ സിനഡ് അംഗീകരിക്കാത്ത സഭകളുടെ ഗണത്തിൽ ഈ സഭയെ കൊണ്ടുചെന്ന് എത്തിക്കുകയും ചെയ്തു.

കേരളത്തിൽ 19-ാം നൂറ്റാണ്ടിൽ എത്തിയ ആംഗ്ലിക്കൻ സഭയിലെ സി.എം.എസുകാർ ഇവിടുത്തെ യാക്കോബായക്കാർ ഉപയോഗിച്ചു വന്ന അന്ത്യോക്യൻ ആരാധനക്രമത്തിൽ, ആംഗ്ലിക്കൻ സഭയുടെ പ്രോട്ടസ്റ്റന്റ് ആശയങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താൻ ഇടയാക്കി. ബാഹ്യമായി അന്ത്യോക്യൻ രൂപത്തിലുള്ള പൗരസ്ത്യലിറ്റർജിയും വേഷവിധാനങ്ങളും നിലനിർത്തിക്കൊണ്ട്, ചില ദൈവശാസ്ത്രവിഷയങ്ങളിൽ ആംഗ്ലിക്കൻ ലോ ചർച്ച് പാരമ്പര്യങ്ങൾ സ്വീകരിക്കാൻ ഈ വിഭാഗം നിർബന്ധിതമായി. ഈ പരീക്ഷണത്തിന്റെ ഫലമായി നവീകരണ യാക്കോബായക്കാർ എന്ന് അറിയപ്പെട്ടിരുന്നതും ഇപ്പോൾ മാർത്തോമ്മാ സുറിയാനിസഭ എന്നു

www.malankaralibrary.com

വിളിക്കപ്പെടുന്നതുമായ ഒരു സ്വതന്ത്രസഭാവിഭാഗം പുത്തൻകൂർ യാക്കോബായാ സമുദായത്തിൽ ഉടലെടുത്തു. പാശ്ചാത്യവും പൗരസ്ത്യവുമായ ഘടകങ്ങൾ കൂട്ടിച്ചേർത്ത് അവർ പുതിയൊരു സഭാപാരമ്പര്യം രൂപപ്പെടുത്തി. പുരാതന മലങ്കരസഭയിലെ ചില അപ്പസ്തോലിക മൂല്യങ്ങൾ ആംഗ്ലിക്കനിസത്തിന്റെ വെളിച്ചത്തിൽ ചോർന്നു പോകാൻ ഈ ബന്ധം ഇടയാക്കി. ലിറ്റർജിയിൽ മുൻതൂക്കം പൗരസ്ത്യ സഭകളോടാണെങ്കിലും പ്രോട്ടസ്റ്റന്റിസവുമായി ഒത്തുപോകാത്ത മൂന്ന് പുരാതന ക്രൈസ്തവ മൂല്യങ്ങൾ അവർ ത്യജിക്കേണ്ടിവന്നു. ഈ സഭയെ പറ്റിയാണ് ഈ ഭാഗത്ത് ആദ്യമായി ചർച്ച ചെയ്യുന്നത്.

മലങ്കരയിലെ ആദ്യനവീകരണ നേതാക്കന്മാരുടെ പാതയിൽ നിന്ന് മാർത്തോമ്മാസഭ വഴുതിമാറുന്നു എന്നു കരുതിയ കുറേപ്പേർ നേതൃത്വം കൊടുത്ത് 1961-ൽ സ്ഥാപിച്ചതാണ് സെന്റ് തോമസ് ഇവാൻജലിക്കൽ സഭ എന്ന വിഭാഗം. മാർത്തോമ്മാസഭയിൽ ഉണ്ടായിരുന്ന ക്രൈസ്തവ മൂല്യങ്ങളിൽ പലതും ഈ വിഭാഗത്തിന് നഷ്ടപ്പെട്ടിരിക്കയാണ്. ഇവാൻജലിക്കൽ സഭയ്ക്ക് പാശ്ചാത്യ ലിബറൽ പ്രോട്ടസ്റ്റന്റ് സഭകളോടാണ് കൂടുതൽ അടുപ്പം. രണ്ടാമതായി ഈ വിഭാഗത്തെ പറ്റിയാണ് ചർച്ച ചെയ്യുന്നത്.

മെത്രാൻപട്ടം നൽകുന്നതിനുള്ള കൈവയ്പിൽമാത്രം മാർത്തോമ്മാ സഭ തൊഴിയൂർ സഭയുമായി സഹകരിക്കുന്നു. സി.എസ്. ഐ.,സി.എൻ.എ. സഭകളുമായി ആരാധനയിൽ മാർത്തോമ്മാ സഭയ്ക്ക് പരിപൂർണ സംസർഗമുണ്ട്. എന്നാൽ മാർതോമാ സഭയിൽനിന്നു പിളർന്നുമാറിയ ഇവാൻജലിക്കൽ സഭയുമായി അവർ ആരാധനാസംസർഗം പുലർത്തുന്നില്ല.

പ്രോട്ടസ്റ്റന്റ് നവീകരണത്തോട് ശക്തിയായ എതിർപ്പുണ്ടായിരുന്നവർ നവീകരണക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ അവരേക്കാൾ ശക്തരായിരുന്നു പ്രോട്ടസ്റ്റന്റിസത്തോട് ആഭിമുഖ്യമുണ്ടായിരുന്ന പിൽക്കാല പരിഷ്കർത്താക്കൾ. അവരാണ് ഇന്നു നാം കാണുന്നതുപോലെ മാർത്തോമ്മാസഭയെ കൊണ്ടുചെന്നെത്തിച്ചത്.

പുന്നത്ര ചാണ്ടപ്പിള്ള കത്തനാരേപ്പോലെയുള്ളവർ (കൊല്ലവർഷം 1020 –1106) പിൽക്കാല പരിഷ്ക്കർത്താക്കളുടെ പോക്കിൽ വിലപിച്ചിട്ടുണ്ട്. മാത്യൂസ് മാർ അത്തനാസ്യോസിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും 24 വർഷം കോട്ടയം ചെറിയ പള്ളിയിൽ വികാരിയും മലങ്കരസഭയുടെ വൈദിക ട്രസ്റ്റിയുമായിരുന്ന അദ്ദേഹം മൂന്നു മെത്രാപ്പോലീത്താമാരോടു കൂടെ സഹകരിച്ചു പ്രവർത്തിച്ചു. കുർബാനയിലും മറ്റും വരുത്തിയ തിരുത്തലുകളെപ്പറ്റി അദ്ദേഹം എന്താണ് പറഞ്ഞിരിക്കുന്നതെന്ന് വായിക്കുന്നത് നല്ലതാണ്.

“തൽക്കാലം നമ്മുടെ പള്ളികളെ ഭരിച്ചുവരുന്ന പട്ടക്കാരിൽ അധികം പേരും പരിഷ്കാരികളായ പടിഞ്ഞാറെ സഭക്കാരുടെ ഉപദേശങ്ങളെയും അവരുടെ പ്രീതിയേയും സമ്പാദിച്ച് പുതിയ ക്രമങ്ങൾ പരിഷ്കരിച്ചു ഓരോ ഇടവകകളിൽ ഓരോ ക്രമങ്ങൾ നടത്തുന്നതിന് ശക്തന്മാരായി തീർന്നിരി

www.malankaralibrary.com

ക്കുന്നതല്ലാതെ നമ്മുടെ സഭയുടെ പൂർവിക വിശ്വാസാചാരവും നടപടിയും പഠിച്ചും പരിചയിച്ചും നടത്തുന്നതിൽ പ്രാപ്തിയുള്ളവരല്ല...

"നമ്മുടെ സഭയിൽ പ്രസംഗികളായി സഞ്ചരിക്കുന്ന അനേകം പേർക്കും ദൈവാലയത്തെ കുറിച്ചും അതിലുള്ള ആരാധനകളെ കുറിച്ചും വളരെ പുച്ഛ മായിട്ടാണിരിക്കുന്നത്...നമ്മുടെ സഭയിൽ നടത്തിവരുന്ന കുമ്പസാരത്തെ കുറിച്ച്: പിന്നീട് അച്ചടിപ്പിച്ചിട്ടുള്ള പ്രാർഥനക്രമത്തിൽ നിന്ന് ചില പരിഷ്കാ രികളുടെ വഞ്ചനയാൽ പട്ടക്കാരന്റെ അധികാരത്തേയും മധ്യസ്ഥതയേയും നീക്കീട്ടുണ്ട്. എങ്കിലും പഠിച്ചിട്ടുള്ള പാഠങ്ങളും പഴയ ക്രമങ്ങളും അശ്ശേഷം മാഞ്ഞുപോയിട്ടില്ലാത്തതിനാൽ പുതിയവിശ്വാസാചാരം ഇതിനാലും പ്രകാ ശിതമായി കാണുന്നു...

"നമ്മുടെ പൂർവികന്മാർ ഏവരും ദൈവത്തെ സ്തുതിച്ചതും അവരുടെ അപേക്ഷകളെ സന്നിധിയിൽ സമർപ്പിച്ചതും ദൈവമക്കളായി തീർന്നതും കുർബാന വഴിയാകുന്നു... ഇന്നുവരെ അനുഷ്ഠിച്ചുവരുന്ന ഈ കർമം ഏതു കോണിലേക്കാണ് പരിഷ്കാരികൾ മാറ്റിവെക്കുന്നതെന്ന് ആലോചിക്കേണ്ട താണ്...വിശ്വാസികളും രക്തസാക്ഷികളുമായ പൂർവപിതാക്കന്മാർ ഏർപ്പെ ടുത്തിയിട്ടുള്ള തക്സാകളുടെ ഒരു യോദോ വരയോ എന്ത് ഉദ്ദേശത്തിലാണ് എന്നു തിരിച്ചറിവാൻ അറിവില്ലാത്തവരായ നാം പൂർവാചാരങ്ങളെ പരിഷ്ക രിക്കണമെന്ന് വിചാരിക്കുന്നത് എത്രയോ അക്രമവും പൈശാചികവുമാണ്....

"പരിഷ്കാരികളുടെ തൽക്കാല വാദത്തിന് അനുകൂലമായി ചില ഭേദ ഗതികൾ അബ്രഹാം മൽപ്പാനച്ചനും പാലക്കുന്നത്ത് വല്യമെത്രാച്ചനും വരു ത്തീട്ടുണ്ടെന്നും മറ്റും കണ്ണടച്ചും കൊണ്ട് പറയുന്ന ചില പരിഷ്കാരികളെ ഞാൻ കാണുന്നുണ്ട്...നമ്മുടെ സഭയിൽ അനുഷ്ഠിച്ചുവരുന്നതായ വിശ്വാ സാചാരങ്ങളിലും നടപടികളിലും ചില ഭാഗങ്ങൾ ഒക്കെ അശേഷം നീക്കി ക്കളഞ്ഞതായും ചില സംഗതികളുടെ തൊടുകുറികൾ എടുത്തുകളഞ്ഞ തായും ചില അപേക്ഷകൾക്ക് ഭേദഗതികൾ വരുത്തി അതുകളിൽനിന്ന് പൂർവിക വിശ്വാസാചാരത്തിനും ക്രമങ്ങൾക്കും ബലഹീനത ഉണ്ടാക്കി ലഘു ലേഖകളുടെയും മറ്റും പ്രസിദ്ധീകരണത്താൽ വിശ്വാസികളുടെ ഹൃദയങ്ങളെ ചഞ്ചലപ്പെടുത്തി വരുന്നതായും കാണുന്നു. പുരാതന കൈയെഴുത്തുകളിൽ ഉള്ള പള്ളിക്രമങ്ങളും ഹൃദയപലകകളിൽ എഴുതപ്പെട്ടിരിക്കുന്ന വിശ്വാസാ ചാരനടപടികളും ഭേദപ്പെടുത്തുവാൻ ഏതുവഞ്ചകനും ശക്തിപ്പെടുക ഇല്ലെ ന്നാണ് എന്റെ വിശ്വാസം...

"നമ്മുടെ സഭയിൽ പൂർവികമായി അനുഷ്ഠിച്ചുവരുന്ന തക്സാകളിലും വിശ്വാസത്തിന് വിപരീതമായി യാതൊരു ഭേദഗതിയും ബഹുമാനപ്പെട്ട അബ്രഹാം മൽപ്പാനച്ചന്റെ ശുശ്രൂഷയിലും അദ്ദേഹത്തിന്റെ അനന്തിരവൻ, നാം അറിയുന്ന പ്രകാരമുള്ള സകല മേൽപ്പട്ടക്കാരിലും, പട്ടക്കാരിലും അറി വിലും യോഗ്യതയിലും പ്രകാശിച്ചിരുന്നവനും ആരംഭം മുതൽ അദ്ദേഹ ത്തിന്റെ ശുശ്രൂഷയിൽ ഞാൻ തന്നെ കണ്ടു ബോധിച്ചിട്ടുള്ളതുമായ വല്യ മാർ അത്തനാസ്യോസ് തിരുമനസ്സിലെ ശുശ്രൂഷയിലും തൽക്കാലം പരി

www.malankaralibrary.com

ഷ്കാരികൾ പറയുന്ന ഭേദഗതികൾ ചെയ്തിട്ടുള്ളതായി ഞാൻ അറിയുന്നില്ല. അവരിൽ മൽപ്പാനച്ചൻ അവർകൾ ഉപയോഗിച്ച തക്സാ ഞാൻ കണ്ടിട്ടില്ല. അതിന് തർജിമ ആയിട്ടാണ് 1072 (1876)-ൽ തർജിമ ചെയ്തതായി ഒരു തക്സാക്രമം മലയാളത്തിൽ അച്ചടിച്ചതായി കാണുന്നത്. ഇത് കോവൂരച്ചൻ അച്ചടിച്ചിട്ടുള്ളതല്ല. ബഹുമാനപ്പെട്ട ബ്രിട്ടീഷ് റസിഡന്റ് സായിപ്പിന്റെ താൽപര്യത്തിന്മേൽ ഹെൻറി ബേക്കർ സായിപ് തർജിമ ചെയ്യിച്ച് ചില പരിഷ്കാരങ്ങൾ അദ്ദേഹം ചെയ്ത് അച്ചടിപ്പിച്ച് എല്ലാ ഇടവകക്കും അയച്ചിട്ടുള്ളതായിട്ടാണ് ഞാൻ അറിയുന്നത്. പുസ്തകത്തിന്റെ തലക്കെട്ടു നോക്കുമ്പോൾ ആ വാസ്തവം മിക്കവാറും ഗ്രഹിക്കാവുന്നതാണ്. ഒരു വലിയ വേദപുസ്തകവും ഈ തക്സായുടെ ഒരു പ്രതിയും ഞങ്ങളുടെ പള്ളിക്കും കിട്ടിയിട്ടുണ്ട്...നമ്മുടെ പള്ളിക്രമം സംബന്ധിച്ചും കുർബാന സംബന്ധിച്ചും ഉള്ള ക്രമങ്ങളും നടപടികളും ഛിന്നഭിന്നമാക്കുന്നതിനു പല ശത്രുക്കളും പല സമയത്തും എതിർത്തിട്ടുണ്ട്."

കൊല്ലവർഷം 1100 മീനം 15-ന് പുന്നത്ര ചാണ്ടപ്പിള്ളക്കത്തനാർ (താഴത്തച്ചൻ) പ്രസിദ്ധപ്പെടുത്തിയ ലഘുലേഖയിൽ നിന്നാണ് മേലുദ്ധരിച്ച ഭാഗങ്ങൾ.[1] സമ്പൂർണബൈബിൾ പ്രസിദ്ധീകരിച്ചത് 1841-ലാണ്. ആ ബൈബിളോടു കൂടിയാണ് പരിഷ്കരിച്ച തക്സാ പള്ളികൾക്ക് അയച്ചുകൊടുത്തത്. അബ്രഹാം മൽപ്പാൻ വിവർത്തനത്തിൽ സഹായിച്ചിരിക്കാമെങ്കിലും തക്സായിൽ മാറ്റങ്ങളും തിരുത്തലുകളും വരുത്തിയത് പ്രോട്ടസ്റ്റന്റുകാരാണ് എന്നാണ് താഴത്തച്ചൻ പറയുന്നത്. അതാണ് 1100 (1904)-ൽ തക്സാക്കമ്മിറ്റി അബ്രഹാം മൽപ്പാന്റെ നവീകരണമായി അവതരിപ്പിച്ചത്. അത് ശരിയല്ലെന്നാണ് താഴത്തച്ചന്റെ വിമർശനം. അവരുടെ പ്രസിദ്ധീകരണത്തിനെതിരായിട്ടാണ് അദ്ദേഹം ഈ രേഖ എഴുതിയത്.

1. T.C.Korah, *Vilapangal* by Punnathra Chandapilla Kathanar, Kottayam 1989[2] (മാർത്തോമ്മാസമുദായത്തെ സംബന്ധിച്ച് വയോധികനായ പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ തന്റെ 81-ാം വയസ്സിൽ (കൊല്ലവർഷം1100/ക്രിസ്തുവർഷം 1904) പ്രസിദ്ധപ്പെടുത്തുന്ന വിലാപങ്ങളുടെ ചെറുപുസ്തകം)

www.malankaralibrary.com

# 1
# മാർത്തോമ്മാ സുറിയാനിസഭ

മധ്യതിരുവിതാംകൂറിൽ കോട്ടയം, തിരുവല്ലാ, പത്തനംതിട്ട ആദിയായ ഏതാനും പ്രദേശങ്ങളിൽ മാത്രമായിരുന്നു മാർത്തോമ്മാസുറിയാനിസഭ പ്രാരംഭകാലത്ത് പ്രചരിച്ചിരുന്നത്. കാലക്രമത്തിൽ കേരളം മുഴുവനും ഇൻഡ്യയിലെ വിവിധയിടങ്ങളിലും ഇൻഡ്യയ്ക്ക് വെളിയിലും ഇപ്പോൾ മാർത്തോമ്മാ ഇടവകകളും രൂപതകളുമുണ്ട്.വിദ്യാഭ്യാസപരമായും സാമുദായികമായും സാമ്പത്തികമായും ഗണ്യമായ അഭിവൃദ്ധി പ്രാപിച്ചു കഴിഞ്ഞിരിക്കുന്ന സഭയാണിത്. സംസ്കാരത്തിലും പാണ്ഡിത്യത്തിലും ഉൽകൃഷ്ടനിലവാരം പുലർത്തുന്ന വൈദികരും വൈദികാധ്യക്ഷന്മാരുമാണ് ഈ സഭയ്ക്കുള്ളത്.

ഈ സഭയിൽ 2007-ൽ റിട്ടയർ ചെയ്ത ഫിലിപ്പോസ് മാർ ക്രിസൊസ് തോം വലിയ മെത്രാപ്പോലീത്തായും 2020 നവംബർ 14-ന് സ്ഥാനമേറ്റ ഗീവർഗീസ് മാർ തിയഡോഷ്യസ് മെത്രാപ്പോലീത്തായും എട്ട് എപ്പിസ്കോപ്പാമാരും 13 രൂപതകളും 1000-ലേറെ വൈദികരുമുണ്ട്.[2] മലങ്കരയിലെ യാക്കോബായക്കാരുടെ ഇടയിൽ ആംഗ്ലിക്കൻ മിഷണറിമാരുടെ പ്രവർത്തനം വഴി മാർത്തോമ്മാസഭ ഉടലെടുത്തതിനാൽ, പ്രോട്ടസ്റ്റന്റുകാരുടെ ആഗമനത്തെ പറ്റിയും ആദ്യകാല പ്രവർത്തനങ്ങളെ പറ്റിയും ചുരുക്കമായി ചർച്ചചെയ്യാം.

### *പ്രോട്ടസ്റ്റന്റ് മിഷണറിമാരുടെ ആഗമനവും പ്രവർത്തനങ്ങളും*

മിഷൻപ്രവർത്തനം ലക്ഷ്യമാക്കി 1795-ൽ ആംഗ്ലിക്കൻസഭയിൽ ലണ്ടൻ മിഷണറി സൊസൈറ്റിയും (എൽ.എം. എസ്.)[3] 1799-ൽ ചർച്ച് മിഷണറി

2. മലങ്കര മാർത്തോമ്മാസുറിയാനി സഭ - സഭാഡയറക്ടറി,തിരുവല്ല, 2015.
3. M.E.Gibbs,*The Anglican Church in India 1600-1970*, Delhi,1972,p.46.
4. Both the L.M.S. (1795) and the C.M.S.(1799) had their origin in the Low Church Party in the Anglican Church.(M.E.Gibbs, *Ibid.*).

www.malankaralibrary.com

സൊസൈറ്റിയും (സി.എം.എസ്.)സ്ഥാപിതമായി.[4] ഈ രണ്ട് സൊസൈറ്റികളും ഇൻഡ്യയിൽ പ്രവർത്തിക്കാനെത്തി.

മൈസൂറിലെ മുസ്ലീം ഭരണാധികാരികളായിരുന്ന ഹൈദരാലിയും ടിപ്പുവും തിരുവിതാംകൂറിലും കൊച്ചിയിലും പല വിനാശങ്ങളും വരുത്തിയപ്പോൾ അവരെ നേരിടാൻ ഈ രണ്ടു രാജ്യങ്ങളിലെയും ഭരണാധികാരികൾ ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുമായി സഖ്യത്തിൽ ഏർപ്പെട്ടു. അതിന്റെ ഫലമായി ബ്രിട്ടീഷ് റസിഡന്റന്മാരായി എത്തിയ കേണൽ കോളിൻ മക്കാളെയുടെയും (1800-1810) കേണൽ ജോൺ മൺറോയുടെയും (1810-1819) കാലത്ത് ആംഗ്ലിക്കൻ മിഷണറിമാർ തിരുക്കൊച്ചിയിൽ എത്തുകയും ഇവിടുത്തെ പുത്തൻകൂർ സുറിയാനിക്കാരുടെ ഇടയിൽ പ്രവർത്തിക്കുകയും ചെയ്തു. പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രോട്ടസ്റ്റന്റിസം കടന്നുവന്ന പശ്ചാത്തലമിതാണ്.

മദ്രാസിലെ ബ്രിട്ടീഷ് ഗവർണർ ലോർഡ് ബന്റിക്കിന്റെ നിർദേശാനുസൃതം, ആംഗ്ലിക്കൻ മിഷണറി ഡോക്ടർ കേർ (+1808) മലങ്കരസഭയിലെ പുത്തൻകൂർ വിഭാഗത്തെ പറ്റി 1805-ൽ ഒരു പഠനം നടത്തി ഗവർണർക്ക് റിപ്പോർട്ട് സമർപ്പിച്ചു.[5] ക്ലോഡിയസ് ബുക്കാനൻ (1776-1815) 1806-ൽ ഈ സഭ സന്ദർശിച്ചു. സുറിയാനി സഭയെപ്പറ്റി കൂടുതലായി അറിയുക, പുരാതന കൈയെഴുത്തു പ്രതികൾ ശേഖരിക്കുക എന്നിവ ബുക്കാനന്റെ ലക്ഷ്യങ്ങളായിരുന്നു. അദ്ദേഹം മാവേലിക്കര, ചെങ്ങന്നൂർ, കല്ലിശ്ശേരി, റാന്നി ആദിയായ പള്ളികൾ സന്ദർശിച്ചു.

അതിനുശേഷം അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ആറാം മർതോമായെ (മാർ ദിവന്നാസ്യോസിനെ) കണ്ടനാട്ടു പള്ളിയിൽവച്ച് 1806-ൽ ബുക്കാനൻ സന്ദർശിച്ചു. അദ്ദേഹം 1807-ൽ ഇംഗ്ലണ്ടിലേക്ക് മടങ്ങുന്ന വഴി തിരുവിതാംകൂറിലെ പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളെ രണ്ടാമതും സന്ദർശിച്ചു. ബുക്കാനന്റെ സന്ദർശന വിവരണങ്ങളിൽ നിന്നാണ് ഇംഗ്ലണ്ടിലെ സഭാധികാരികൾക്ക് മലങ്കരസഭയെപ്പറ്റി കൂടുതൽ അറിയാൻ ഇടയായത്. ബുക്കാനൻ 1811-ൽ ബോംബെയിൽ നിന്ന് നാലു സുവിശേഷങ്ങൾ സുറിയാനിയിൽ നിന്ന് മലയാളത്തിലാക്കി പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകി.[6]

തിരുക്കൊച്ചിയിൽ 1815-ലാണ് സി.എം. എസ്സുകാർ എത്തുന്നത്. ആദ്യമായി എത്തിയത് തോമസ് നോർട്ടനാണ് (+1840).[7] നോർട്ടൻ 1916-ൽ ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. കേണൽ മൺറോയുടെ അപേക്ഷപ്രകാരമാണ് സി.എം. എസ്സുകാർ നോർട്ടനെ ഇവിടേക്ക് അയച്ചത്.

5. M.E.Gibbs, *Ibid.*42.

6. M.E.Gibbs, *Ibid.*33; തുടർന്ന് 1829-ൽ പുതിയനിയമവും 1841-ൽ 66 ഗ്രന്ഥങ്ങളുള്ള വേദപുസ്തകവും മിഷണറിമാർ മലയാളത്തിൽ പ്രസിദ്ധീകരിച്ചു.

7. M.E.Gibbs, 59-60.

www.malankaralibrary.com

ആംഗ്ലിക്കൻ സഭയിൽപെട്ട ബിഷപ്പ് മിഡിൽടൺ 1815-ൽ ഒന്നിലേറെ തവണ തിരുവിതാംകൂറും കൊച്ചിയും സന്ദർശിച്ച് സുറിയാനി ക്രിസ്ത്യാനികളുമായി ചർച്ചകൾ നടത്തി.[8]

കോട്ടയം സെമിനരി ഈ കാലഘട്ടത്തിലാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ സ്ഥാപിച്ചത്.1813-ൽ പണി തുടങ്ങി. 1815-ൽ പണി പൂർത്തിയാക്കി. ഇതിന്റെ നിർമാണത്തിന് മൊത്തം മുപ്പതിനായിരം രൂപാ തിരുവിതാംകൂർ സർക്കാരിനെ കൊണ്ട് മൺറോ കൊടുപ്പിച്ചു. സെമിനരിക്ക് ആവശ്യമായ സ്ഥലം തിരുവിതാംകൂർ സർക്കാർ സൗജന്യമായി നൽകി.[9]

കേണൽ മൺറോ പുത്തൻകൂറ്റുകാരായ സുറിയാനിക്കാരെ പല വിധത്തിൽ സഹായിക്കുന്നതിൽ തൽപ്പരനായിരുന്നു. അവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനായി കോട്ടയത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ തുടങ്ങി. അവിടെ ഭക്ഷണം, വസ്ത്രം ഫീസ് എന്നിവ അവർക്ക് സൗജന്യമായിരുന്നു. ചിലയിടങ്ങളിൽ ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്ന പരാധീനതകൾ മൺറോ നീക്കി. സർക്കാർ സ്ഥാപനങ്ങളിൽ ക്രിസ്ത്യാനികൾക്ക് ആദ്യമായി ജോലി കിട്ടുന്നത് അക്കാലത്താണ്. എല്ലാ കോടതികളിലും ഒരോ ക്രിസ്ത്യാനി ജഡ്ജിയെ നിയമിച്ചു.[10] കൊല്ലത്തിനടുത്തുള്ള മൺറോ തുരുത്ത് സെമിനരിക്കായി മിഷണറി ജോസഫ് ഫെന്നിന്റെ പേരിൽ സർക്കാർ ദാനം ചെയ്തു. അങ്ങനെ അത് പുത്തൻകൂറ്റുകാർക്ക് രാജ്ഞിയിൽ നിന്ന് കരമൊഴിവായി കിട്ടി.[11]

പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും ഒന്നിച്ചു നടത്തിയിരുന്ന ചില പള്ളികൾ പുത്തൻകൂറ്റുകാർക്ക് കൈവശപ്പെടുത്തി കൊടുത്തു. അതുപോലെ പഴയ കൂറ്റുകാരുടെ ചില പള്ളികളും കൈവശപ്പെടുത്തി കൊടുക്കാമെന്ന് മൺറോ വാഗ്ദാനം ചെയ്തു. കോട്ടയം വലിയ പള്ളിയും പിറവം പള്ളിയും പുത്തൻകൂറ്റുകാർക്കും പഴയ കൂറ്റുകാർക്കും ഒരുപോലെ അവകാശമുള്ള പള്ളികളായിരുന്നു. മൺറോ അവ രണ്ടും പുത്തൻ കൂറ്റുകാർക്ക് നൽകി. പഴയ കൂറ്റുകാരെ ഒന്നും നൽകാതെ ഇറക്കിവിട്ടു. ചങ്ങനാശ്ശേരി, ആലപ്പുഴ എന്നിവിടങ്ങളിലെ പഴയകൂർ പള്ളികൾ കൈവശപ്പെടുത്തി പുത്തൻ കൂറ്റുകാർക്കു നൽകാൻ മിഷണറിമാർ നടത്തിയ ശ്രമം വിജയിച്ചില്ല. മൺറോയെ തിരുവിതാംകൂറിൽ നിന്നു മാറ്റാനുള്ള പ്രധാന കാരണം ഈ പള്ളികൾ കൈവശപ്പെടുത്തുന്നതിന് കൂട്ടുനിന്നതാണെന്ന് പറയപ്പെടുന്നു.

---

8. *Ibid.*56-65.
9. കണിയാംപറമ്പിൽ,സുറിയാനിസഭ,185-186; റാണി പാർവതീ ഭായി, മൺറോയുടെ ശിപാർശപ്രകാരം സെമിനരിക്കായി 21,200 രൂപാ നൽകി; ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ,305: വട്ടിപ്പണത്തിന്റെ നാലാണ്ടത്തെ പലിശയായി 3360 രൂപായും പാലിയേക്കര പള്ളിക്കേസിൽ നഷ്ടപരിഹാരമായി 8000 രൂപായും റമ്പാനു മൺറോ നൽകി.
10. ചില ജഡ്ജിമാരുടെ പേരുകൾക്ക്: കണിയാംപറമ്പിൽ, സുറിയാനി സഭ, 185.
11. *അതേകൃതി,* 186.

www.malankaralibrary.com

സെമിനരി സ്ഥാപനാനന്തരം നോർട്ടൻ ഇടയ്ക്കിടെ സെമിനരിയിൽ ചെന്ന് പുത്തൻകൂർ വൈദികവിദ്യാർഥികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. തുടർന്ന് ബഞ്ചമിൻ ബയ്‌ലി (1816), ജോസഫ് ഫെൻ (1818) ഹെൻറി ബേക്കർ (1819) എന്നീ മൂന്ന് സി.എം.എസ് മിഷണറിമാർ പുത്തൻ കൂറ്റുകാരുടെ ഇടയിൽ പ്രവർത്തിക്കാനെത്തി.[12]

മിഷണറിമാരിൽ നിന്നു സഹായങ്ങൾ സ്വീകരിച്ച പുത്തൻകൂറ്റുകാർ തങ്ങളുടെ പള്ളികളിൽ യഥേഷ്ടം പ്രസംഗിക്കാനുള്ള അനുവാദം മിഷണറി മാർക്കു നൽകി. വേദപുസ്തക വിവർത്തനത്തിൽ ബയ്‌ലിയും വൈദിക പരിശീലനത്തിൽ ഫെന്നും വിദ്യാഭ്യാസപ്രവർത്തനത്തിൽ ബേക്കറും പ്രത്യേകം ശ്രദ്ധിച്ചു. ഫെൻ സെമിനരി പ്രിൻസിപ്പലായി. മറ്റു രണ്ടുപേരും ഫെന്നിനെ സഹായിച്ചു. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുന്നത്ര മാർ ദിവന്നാസ്യോസ് ഈ മിഷണറിമാർക്ക് എല്ലാ പ്രോത്സാഹന ങ്ങളും നൽകി. സഭയിൽ പ്രവർത്തിക്കാൻ ലഭിച്ച സ്വാതന്ത്ര്യം മിഷണറിമാർ ശരിക്കും ഉപയോഗിച്ചു. തദ്ഫലമായി യാക്കോബായാ വൈദികരിലും ജനങ്ങളിലും ഒട്ടനേകർ പ്രോട്ടസ്റ്റന്റ് വിശ്വാസങ്ങളിൽ പ്രതിപത്തി ഉള്ളവ രായി. ഈ രീതിയിലാണ് കേരളത്തിലെ പുത്തൻകൂറ്റുകാരുടെ ഇടയിൽ ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ച് പാരമ്പര്യങ്ങൾ പ്രചരിക്കാനിടയായത്. ഈ പ്രവർത്തനങ്ങൾ കാലക്രമത്തിൽ നവീകരണകക്ഷിക്ക് ജന്മം നൽകി.

## ഒന്നാം മാവേലിക്കരയോഗം (1818)

പുത്തൻകൂറ്റുകാരുടെ പള്ളികളിൽ ഉടനീളം പ്രസംഗിക്കുകയും വൈദികവിദ്യാർഥികളെ സ്വാധീനിക്കുകയും ചെയ്യാൻ സാധിച്ച സി.എം. എസ്.മിഷണറിമാർ സഭയിൽ ആകമാനം ഒരു സമൂല മാറ്റത്തിന് നേതൃത്വം കൊടുക്കാൻ തീരുമാനിച്ചു. മിഷണറിമാരുടെ താൽപ്പര്യമനുസരിച്ച് 1818 ഡിസംബർ 3-ന് മാവേലിക്കര വച്ച് പുന്നത്ര മാർ ദിവന്നാസ്യോസ് ഒരു യോഗം വിളിച്ചുകൂട്ടി. 700-ൽപരം ഇടവക പ്രതിനിധികളും 40 കത്തനാര ന്മാരും അതിൽ പങ്കെടുത്തു. ഫെന്നും ബയ്‌ലിയും മെത്രാന്റെ ഇടത്തും വലത്തുമായി ഇരുന്നു. സമ്പൂർണ നവീകരണം ലക്ഷ്യമാക്കി ഫെൻ സുദീർ ഘമായി പ്രസംഗിച്ചു. പുത്തൻകൂറ്റുകാരുടെ വിശ്വാസാചാരങ്ങളിൽ പലതും അന്ധവിശ്വാസമാണെന്നും വേദവിപരീതമാണെന്നും അബദ്ധ ജഡിലമാ ണെന്നും സെമിനരിയിലും പള്ളികളിലും പ്രസംഗിച്ചിരുന്ന ഫെൻ പുത്തൻ കൂറ്റുകാരും പ്രോട്ടസ്റ്റന്റ് മിഷണറിമാരും യോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കി. കുർബാന തക്സായും കൂദാശ ക്രമങ്ങളും പാടേ പരിഷ്ക്കരിക്കുക, വിശുദ്ധ മാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മധ്യസ്ഥ പ്രാർഥനകൾ പാടേ നീക്കിക്കളയുക, വിവാഹം കഴിക്കാൻ വൈദികരെ അനു വദിക്കുക, ആരാധനക്രമം മലയാളത്തിലാക്കുക, ആചാരാനു ഷ്ഠാനങ്ങളിൽ പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ നവീകരണം വരുത്തുക എന്നീ

12. M.E.Gibbs, *op.cit.*74.

www.malankaralibrary.com

സംഗതികൾ ഊന്നിപ്പറഞ്ഞു. ആരാധനാ രീതികളെയും ആചാരാനുഷ്ഠാനങ്ങളെയും പറ്റി പര്യാലോചിക്കാൻ ഒരു കമ്മറ്റി ഉണ്ടാക്കണമെന്ന് യോഗം തീരുമാനിച്ചു.[13]

പുത്തൻകൂർ സമുദായത്തിൽ കടന്നുകൂടിയ വേദവിപരീതങ്ങൾ നീക്കാനുള്ള ആഹ്വാനം മിഷണറിമാരുടെ പോക്ക് എങ്ങോട്ടാണെന്ന് ചിന്തിക്കാൻ പലരേയും പ്രേരിപ്പിച്ചു. മിഷണറിമാർ ഈ സഭയുടെ നേതാക്കന്മാർ എന്ന നിലയിലാണ് വർത്തിച്ചിരുന്നത്. പുതുതായി സമ്പാദിച്ച ചില സ്വത്തുക്കൾ മിഷണറിമാർക്കും മെത്രാനും പൊതുവായിരുന്നു. പുത്തൻകൂറ്റുകാരുടെ യഥാർഥ സഹായികളായി, അവരെ അടിയുറച്ച് നവീകരിക്കാൻ നിശ്ചയിച്ചവരായിരുന്നു മിഷണറിമാർ. എന്നാൽ 1818-ലെ യോഗത്തോടുകൂടി മിഷണറിമാരുമായി തുടർന്നു സഹകരിക്കുന്നതിനെ പറ്റി പര്യാലോചിക്കാൻ ആറു കത്തനാരന്മാർ അടങ്ങുന്ന ഒരു കമ്മറ്റി മാവേലിക്കരയിൽ വച്ച് രൂപീകൃതമായി.[14]

പുന്നത്ര മാർ ദിവന്നാസ്യോസാകട്ടെ, നവീകരണസംരംഭങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാൻ തയാറായിരുന്നു. തുടർന്നു മിഷണറിമാരും പുത്തൻകൂറ്റുകാരും തമ്മിൽ മൈത്രിയിൽ തന്നെ മുന്നോട്ടുപോയി. നവീകരണാശയങ്ങൾ പള്ളികളിൽ തുടർന്നും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അവിവാഹിതരായിരുന്ന 150-ഓളം പുത്തൻകൂർ വൈദികരിൽ 40 പേർ മിഷണറിമാരുടെ പ്രേരണയാൽ വിവാഹിതരായി. വിവാഹം കഴിച്ച ഓരോ കത്തനാർക്കും മിഷണറിമാർ 400 രൂപാവീതം പ്രതിഫലമായി നൽകി. എന്നാൽ ഇതിനെല്ലാം പിൻതുണ നൽകിക്കൊണ്ടിരുന്ന കേണൽ മൺറോയ്ക്ക് 1819-ൽ റസിഡന്റുസ്ഥാനം രാജി വയ്ക്കേണ്ടിവന്നു. പുന്നത്ര മാർ ദിവന്നാസ്യോസ് 1825-ൽ കോളറാ ബാധമൂലം മരണമടഞ്ഞു. അത് തുടർന്നുള്ള സഹകരണത്തെ സാരമായി ബാധിച്ചു.

ഇക്കാലത്ത് സെമിനരിയിൽ വൈദികപരിശീലനത്തിൽ ഫെന്നിനെ സഹായിച്ചുകൊണ്ടിരുന്ന നാട്ടുകത്തനാരന്മാരായിരുന്നു മാരാമൺ പാലക്കുന്നത്ത് അബ്രഹാം മൽപ്പാനും (1796-1845)പുതുപ്പള്ളി കൈതയിൽ ഗീവർഗീസ് മൽപ്പാനും(1788-1855).[15] തുടർന്നുള്ള നവീകരണാശയങ്ങളുടെ പ്രചാരണത്തിന് മിഷണറിമാരുടെ ഉപകരണമായി വർത്തിച്ചത് അബ്രഹാം മൽപ്പാനായിരുന്നു. എന്നാൽ പുത്തൻകൂറ്റുകാരും മിഷണറിമാരും തമ്മിൽ പിണങ്ങി പിരിയേണ്ട സാഹചര്യം ഉടലെടുത്തു. അതിന് നേതൃത്വം നൽകിയത് ചേപ്പാട്ട് മാർ ദിവന്നാസ്യോസ് ആയിരുന്നു.

---

13. കൂടപ്പുഴ, *ഭാരതസഭാചരിത്രം*,580-581; പാറേട്ട്, *മുളന്തുരുത്തി സൂനഹദോസ്*,18-20; കണിയാംപറമ്പിൽ, *സുറിയാനിസഭ,* 186.
14. കണിയാംപറമ്പിൽ, *സുറിയാനിസഭ,* 186.
15. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,തിരുവല്ല,2015,പേ.39-40;382-383. നവീകരണത്തിന്റെ ത്രിതീയ കനകജൂബിലി,7-9.

www.malankaralibrary.com

അദ്ദേഹം നവീകരണസംരംഭങ്ങളെ കൈയയച്ച് പ്രോത്സാഹിപ്പിച്ചില്ല. മിഷണറിമാരെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം അദ്ദേഹത്തിനു ബോധ്യമായി. എന്നാൽ മിഷണറിമാരാകട്ടെ, പുത്തൻകൂർ സമുദായത്തിൽ തങ്ങൾക്കു ലഭിച്ച സ്വാതന്ത്ര്യം ഉപയോഗിച്ച് സഭയെ ഒന്നടങ്കം ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കാമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ പുതിയ റസിഡന്റ് കേണൽ നെവാൾ, തന്റെ മുൻഗാമിയെപ്പോലെ മിഷണറിമാരെ പിൻതുണയ്ക്കാൻ തിടുക്കം കാട്ടിയില്ല.[16] 1826-ൽ ഫെൻ ആരോഗ്യപരമായ കാരണങ്ങളാൽ ഇംഗ്ലണ്ടിലേക്ക് തിരിച്ചുപോയി. ബയ്‌ലി 1831-ലും ബേക്കർ 1833-ലും തിരിച്ചുപോയി.[17] ഈ ആദ്യമിഷണറിമാർക്കു പകരം വന്ന ജോസഫ് പീറ്റ് (1833), വുഡ്കോക്ക് (1834) എന്നിവർ യാക്കോബായാ സഭയെ പരസ്യമായി വിമർശിക്കുകയും പ്രോട്ടസ്റ്റന്റിസത്തിലേക്ക് ഈ സഭയെ തിരിച്ചുവിടാൻ തിടുക്കം കൂട്ടുകയും ചെയ്തു.

മിഷണറിമാരും നാട്ടുകാരും തമ്മിലുള്ള ബന്ധം ഉലഞ്ഞു കൊണ്ടിരുന്നപ്പോൾ ജോൺ ടക്കർ തിരുവിതാംകൂറിലെത്തി ഇവിടുത്തെ സ്ഥിതിഗതികൾ പഠിച്ച് ഇംഗ്ലണ്ടിലെ സഭാധികാരികൾക്ക് 1835-ൽ റിപ്പോർട്ടു സമർപ്പിച്ചു. കേർ, ബുക്കാനൻ, ഹഫ് എന്നിവർ യൂറോപ്പിലെ ജനങ്ങളെ തെറ്റുദ്ധരിപ്പിച്ചു എന്നായിരുന്നു അദ്ദേഹത്തിന്റെ റിപ്പോർട്ട്. പുത്തൻ കൂറ്റുകാരുടെ ഇടയിലെ തെറ്റുകളെന്നും ദുരാചാരങ്ങളെന്നും മിഷണറിമാർ പറഞ്ഞു പരത്തിയിരുന്നവ റോമൻ കത്തോലിക്കാ സഭയിൽനിന്നു വന്നവയല്ല, പിന്നെയോ, അന്ത്യോക്യൻ യാക്കോബായാസഭയിലെ പാരമ്പര്യങ്ങളാണെന്ന് ടക്കർ വ്യക്തമാക്കി. പതിനെട്ടുവർഷത്തെ മിഷൻ പ്രവർത്തനം കൊണ്ട് ഈ സഭയിൽ കാര്യമായ ഒരു നവീകരണവും വരുത്താൻ അവർക്ക് സാധിച്ചിട്ടില്ല. കാരണം, ഈ സഭ മെത്രാനോടും പാത്രിയർക്കീസിനോടും ബന്ധിതമാണ്. മിഷണറിമാർ റോമിന്റെയും അന്ത്യോക്യയുടെയും കീഴിൽ അല്ലാഞ്ഞിട്ടും അവരുടേതായ ഒരാരാധനാലയവും ഉണ്ടാക്കാൻ അവർക്ക് സാധിച്ചില്ല. പ്രാർഥനപ്പുസ്തകം മലയാളത്തിൽ ആക്കുന്നതിലും നവീകരിക്കപ്പെട്ട ആരാധനക്രമം തങ്ങളുടെ ബംഗ്ലാവുകളിൽ ഉപയോഗിക്കുന്നതിലുമേ അവർ വിജയിച്ചിട്ടുള്ളൂ.[18]

ഈ സാഹചര്യത്തിൽ കൽക്കട്ടാ ബിഷപ്പ് ദാനിയേൽ വിത്സൻ 1835 നവംബർ 15-ന് തിരുവിതാംകൂറിലെത്തി. അദ്ദേഹം മാർ ദിവന്നാസ്യോസുമായി നവംബർ 21-ന് കോട്ടയത്തു വച്ച് ചർച്ചനടത്തി. വിത്സൻ ആറ് നിർദേശങ്ങൾ മുന്നോട്ടുവച്ചു.[19]

16. M.E.Gibbs, *op.cit.* 111.
17. *Ibid.* ബെയ്‌ലി 1834-ൽ തിരികെ വന്നു. ബേക്കർ 1835 ഡിസംബർ വരെ തിരികെ വന്നില്ല.
18. *Ibid.* 111 -112.
19. *Ibid.*.

www.malankaralibrary.com

1.ഇടവകപ്പള്ളികളിലെ വരവുചെലവുകളുടെ കണക്ക് ബ്രിട്ടീഷ് റസിഡന്റിന്റെയോ അദ്ദേഹം നിയമിക്കുന്ന ആളിന്റെയോ പരിശോധനയ്ക്കും അംഗീകരണത്തിനുമായി സമർപ്പിക്കപ്പെടണം. 2.സെമിനരിയിൽ പഠിച്ച് പരീക്ഷയിൽ ജയിച്ച് പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്കു മാത്രമേ മെത്രാപ്പോലീത്താ മേലാൽ പട്ടം കൊടുക്കാൻ പാടുള്ളു. 3. മരിച്ചവർക്കുവേണ്ടി കുർബാന അർപ്പിക്കുകയും അതിനുവേണ്ടി കത്തനാരന്മാർക്ക് പണം കൊടുക്കുകയും ചെയ്യുന്ന പതിവു നിർത്തണം. അതിനു പകരം അവർക്ക് ഇതര വരുമാന മാർഗങ്ങൾ നിർദേശിക്കണം. 4. കുർബാന തക്സായിലെ ആക്ഷേപഭാഗങ്ങളെല്ലാം നീക്കി ചുരുക്കി തർജമ ചെയ്ത് ഉപയോഗിക്കണം. 5. കത്തനാരന്മാർ വേദപുസ്തകം മലയാളത്തിൽ വായിച്ച് ജനങ്ങളെ കേൾപ്പിക്കണം. 6. പള്ളികൾ ഉള്ളിടങ്ങളിൽ പള്ളികളോട് അനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണം.

ഈ നവീകരണങ്ങൾ നടപ്പാക്കാൻ 1000 രൂപാ ദാനമായി നൽകാൻ വിത്സൻ തയാറായി. പ്രസ്തുത തുക റസിഡന്റും മെത്രാനും മിഷണറിമാരും കൂടി കൈകാര്യം ചെയ്യണമെന്നും നിർദേശിക്കപ്പെട്ടു. ഒരു സഭാസിനഡു വിളിച്ചുകൂട്ടി ഇതേപ്പറ്റി ആലോചിക്കാമെന്ന് മാർ ദിവന്നാസ്യോസ് വിത്സനെ അറിയിച്ചു. വിത്സനും പ്രതീക്ഷാനിർഭരനായിരുന്നു. പുത്തൻകൂർ സമുദായത്തെ മുഴുവൻ സാവധാനം നവീകരണ പാതയിലേക്ക് നയിക്കാൻ സാധിച്ചേക്കുമെന്ന ചിന്ത ഒരുപക്ഷേ വിത്സനുണ്ടായിരുന്നിരിക്കാം.

## രണ്ടാം മാവേലിക്കരയോഗം (1836)

അതനുസരിച്ച് 1836 ജനുവരി 18-ന് മാവേലിക്കരയിൽവച്ച് ഒരു യോഗം കൂടുകയും മലങ്കര-സി.എം. എസ്.ബന്ധം ചർച്ചാവിഷയമാകുകയും ചെയ്തു. ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം മലങ്കരയിലെ പുത്തൻകൂർ സമുദായത്തിന് ദോഷകരമാണെന്ന് അവിടെ കൂടിയ പ്രതിപുരുഷയോഗം ഏകകണ്ഠമായി തീരുമാനിച്ചു. മാവേലിക്കര പടിയോല എന്നറിയപ്പെടുന്ന ഒരു നിശ്ചയം പ്രസ്തുത യോഗത്തിൽ അവർ പാസ്സാക്കി.[20] ഔദ്യോഗികമായി സി.എം.എസ്സുകാരുമായുള്ള ബന്ധം അവിടെവച്ച് അവസാനിച്ചു. അന്ത്യോക്യൻ യാക്കോബായാ സഭയുടെ ലിറ്റർജിക്കൽ - താത്വിക പഠനങ്ങൾ പുത്തൻകൂറ്റുകാരുടെ പ്രബോധനമായി യോഗം അംഗീകരിച്ചു. "ഓർത്തഡോക്സ് യാക്കോബായാ സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലും അല്ലാതെ യാതൊരു പഠിത്തവും വിശ്വാസവും നമ്മൾ അനുസരിച്ചു കൊള്ളുന്നില്ല' എന്ന് പ്രഖ്യാപിക്കപ്പെട്ടു.

'മെത്രാനോടാലോചിക്കാതെ മിഷണറിമാർ തന്നെ സെമിനരി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. വട്ടിപ്പണത്തിന്റെ ആണ്ടുതോറുമുള്ള പലിശ മിഷണറിമാർ ചെലവാക്കുന്നു. വൈദിക വിദ്യാർഥികളെ സെമിനരിയിൽ

20. W.S Hunt,*The Anglican church in Travancore and Cochin 1816-1918, II,* Kottayam,1933,p.17-19.

www.malankaralibrary.com

നിന്നു പറഞ്ഞുവിടുന്നു. സഭാപാരമ്പര്യത്തിന് എതിരായ നടപടികൾ സഭയിൽ നടപ്പാക്കുന്നു. സഭയിൽ ഭിന്നത വിതയ്ക്കുന്നു' എന്നിങ്ങനെയുള്ള ആരോപണങ്ങളും മിഷണറിമാർക്കെതിരെ ഉന്നയിക്കപ്പെട്ടു.

ഒന്നിച്ചു മുന്നോട്ടു പോകാൻ സാധ്യമല്ലെന്ന് മിഷണറിമാർക്ക് ബോധ്യമായി. പൊതുവായി സമ്പാദിച്ച വസ്തുക്കൾ ഭാഗംവച്ചു പിരിയാൻ ഇരുകൂട്ടരും നിർബന്ധിതരായി. സഭാസ്വത്തുക്കളെ സംബന്ധിച്ച് തർക്കമുണ്ടായി. തർക്കം പരിഹരിക്കാൻ മൂന്നു യൂറോപ്യന്മാർ അടങ്ങിയ ഒരു കമ്മറ്റിയെ നിയമിച്ചു. ഈ കമ്മറ്റി കൊച്ചി പഞ്ചായക്കോടതി എന്ന പേരിൽ അറിയപ്പെടുന്നു.[21]

സെമിനരിയിൽ പഠിക്കാൻ കുട്ടികളെയും ശെമ്മാശ്ശന്മാരെയും വിടരുതെന്ന് മെത്രാപ്പോലീത്താ പള്ളികൾക്ക് കൽപ്പന അയച്ചു. മിഷണറിമാരാകട്ടെ മെത്രാനോട് പിണങ്ങി നിന്ന നാലു കത്തനാരന്മാരെ കുർബാന തക്സാ പരിഷ്കരിക്കാൻ ശമ്പളത്തിന്മേൽ നിയമിച്ചു. ഒരു ഞായറാഴ്ച ദിവസം ജോസഫ് പീറ്റ് എന്ന മിഷണറി കൊല്ലനേയും കൊണ്ട് സെമിനരിയിൽ വന്ന് അതുവരെ മെത്രാന്റെയും മിഷണറിമാരുടെയും പൊതു സൂക്ഷിപ്പിൽ ഇരുന്ന ബസ്ഗസാ മുറി തല്ലിത്തുറന്ന് അതിലുണ്ടായിരുന്ന ആധാരങ്ങൾ, റിക്കാർഡുകൾ തുടങ്ങി വിലപ്പെട്ട സകല സാധനങ്ങളും അദ്ദേഹത്തിന്റെ വസതിയിലേക്ക് കൊണ്ടുപോയി. ഇത് വേർപിരിയലിന് ആക്കം കൂട്ടി.

കൊച്ചിൻ അവാർഡ് (1840) എന്നറിയപ്പെടുന്ന അവാർഡു വിധിയനുസരിച്ച്[22] സെമിനരിയും വട്ടിപ്പണവും കടമറ്റം നിലവും മറ്റു ചില സ്വത്തുക്കളും സുറിയാനിക്കാർക്കും, മൺറോ തുരുത്തും 1818-ൽ സെമിനരിക്കു ലഭിച്ച ഇരുപതിനായിരം രൂപായും കോട്ടയം ഇംഗ്ലീഷ് സ്കൂളും മിഷണറിമാർക്കും ലഭിച്ചു. മെത്രാപ്പോലീത്തായും സുറിയാനിക്കാരുടെ യോഗം നിശ്ചയിക്കുന്ന ഒരു കത്തനാരും ഒരു അൽമായനും കൂടി സെമിനരിയുടെയും വട്ടിപ്പണത്തിന്റെയും മറ്റും അവകാശം നടത്തിക്കൊണ്ടു പോകേണ്ടതാണെന്നും വിധിയിൽ തീരുമാനിച്ചു. അങ്ങനെയാണ് യാക്കോബായാ സ്വത്തുക്കൾ ഒരു ട്രസ്റ്റിന്റെ കീഴിലാകുന്നത്.

തുടർന്ന് മിഷണറിമാർ യാക്കോബായക്കാരിൽ നിന്നു പിരിഞ്ഞു. സി.എം.എസ്സുകാർ ഇപ്പോൾ സി.എം.എസ്. കോളേജ് ഇരിക്കുന്ന സ്ഥലത്ത് ഒരു പുതിയ സെമിനരി തുടങ്ങി. അത് പുത്തൻ സെമിനരി ആയി. അങ്ങനെയാണ് ആദ്യത്തേത് പഴയ സെമിനരി ആയത്.[23]

21. കണിയാംപറമ്പിൽ, *സുറിയാനിസഭ*, 197: ബാരൻ ദി അൽബി ദൽ, ജോൺ സിപ്പിയോ വർണീസ്, വില്യം ഹെൻറി ഹോഴ്സ്ലി എന്നിവർ ആയിരുന്നു കമ്മറ്റിയംഗങ്ങൾ.

22. W.S Hunt, 19 - 20; ഇ.എം.ഫിലിപ്പ്, *മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ*, ചിങ്ങവനം, 1977, പേ. 29-44.

23. ഇടിക്കുള പാണ്ടിയേത്ത്, *പുത്തൻകൂറ്റുകാർ*, കോട്ടയം, 1986, പേ.86-90.

www.malankaralibrary.com

## പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ (1796-1845)

മാരാമണ്ണ് ഇടവകയിൽ ജനിച്ച അബ്രഹാം പുതുപ്പള്ളിയിൽ കോര മൽപ്പാന്റെ കീഴിൽ സുറിയാനി പഠിച്ചശേഷം 16-ാം വയസ്സിൽ എട്ടാം മാർ തോമായിൽ നിന്ന് കശീശാപട്ടം സ്വീകരിച്ചു. തുടർന്ന് പഴയ സെമിനരിയിൽ സുറിയാനി പഠിപ്പിക്കുന്നതിന് നിയമിതനായി. എന്നാൽ ഏതാനും വർഷങ്ങൾക്കു ശേഷം എട്ടാം മാർ തോമായുടെ കൈവയ്പിനെയും തദ്വാരാ തന്റെ വൈദികാഭിഷേകത്തിന്റെ സാധുതയെയും പറ്റി മൽപ്പാൻ സംശയിക്കാൻ തുടങ്ങി. തദ്ഫലമായി, പരദേശത്തുനിന്ന് ഇവിടെ വന്ന മാർ അത്തനാസ്യോസ് (1825) എന്ന മെത്രാനിൽ നിന്ന് എല്ലാ പട്ടങ്ങളും ഒന്നുകൂടി വാങ്ങി.[24]

പഴയ സെമിനരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്താണ് മൽപ്പാൻ പ്രോട്ടസ്റ്റന്റിസവുമായി ബന്ധപ്പെടുന്നത്. പ്രോട്ടസ്റ്റന്റുകാരുടെ പ്രേരണമൂലം 400 രൂപാ പ്രതിഫലം പറ്റി വിവാഹം ചെയ്ത കത്തനാരന്മാരിൽ പ്രഥമൻ മൽപ്പാനായിരുന്നു. നവീകരണലക്ഷ്യം വച്ചുകൊണ്ട് മറ്റു പതിനൊന്നു കത്തനാരന്മാരോടു കൂടി മൽപ്പാൻ റസിഡന്റ് കേണൽ ഫ്രെയിസറിന് 1836-ൽ ഒരു നിവേദനം സമർപ്പിച്ചു. അന്നത്തെ മെത്രാനായിരുന്ന ചേപ്പാട്ട് മാർ ദിവന്നാസ്യോസിന് എതിരായിട്ടാണ് മെമ്മോറാണ്ഡം. മാവേലിക്കര പടിയോലയ്ക്കുശേഷം മെത്രാന് മിഷണറിമാരുമായി സഹകരണം ഇല്ലാതെ വന്നെങ്കിലും, സഹകരണം തുടരണമെന്ന് ആഗ്രഹിച്ച ആളായിരുന്നു മൽപ്പാൻ. അന്നത്തെ പുത്തൻകൂർ സുറിയാനിസഭയിൽ നിലവിലിരുന്ന പല നടപടികൾക്കും എതിരായിട്ടായിരുന്നു മൽപ്പാന്റെ പരാതി.[25] ഏതായാലും റസിഡന്റ് സുറിയാനി സഭയുടെ കാര്യങ്ങളിൽ ഇടപെടാൻ വിസമ്മതിച്ചു.

തക്സാ പരിഷ്കരണത്തിനായി മിഷണറിമാർ നിയമിച്ച കമ്മറ്റിയിൽ മൽപ്പാനായിരുന്നു മുഖ്യൻ. പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ മൽപ്പാൻ തക്സാ പരിഷ്കരിച്ചു. ആ തക്സാ ഉപയോഗിച്ച് സെമിനരി ചാപ്പലിലും പള്ളത്തും കൊല്ലാടും മാരാമണ്ണും 1837-ൽ മൽപ്പാൻ കുർബാന ചൊല്ലി. ഉടനെ മാർ ദിവന്നാസ്യോസ് മാരാമണ്ണ് പള്ളിക്കാരെയും മൽപ്പാനെയും മുടക്കി. മൽപ്പാൻ പഠിപ്പിച്ച 18 ശെമ്മാശ്ശന്മാർക്ക് പട്ടംകൊടുക്കാൻ വിസമ്മതിച്ചു. അവരിൽ പാലക്കുന്നത്ത് മാത്തൻ ശെമ്മാശ്ശൻ (പിന്നീട് മാത്യൂസ് മാർ അത്തനാസ്യോസ്) പുത്തൻകാവിൽ ജോർജ് ശെമ്മാശ്ശൻ (ജോർജ് മാത്തൻ പാദ്രി) തര്യൻ ശെമ്മാശ്ശൻ (തര്യൻ പാദ്രി) എന്നിവരും ഉൾപ്പെടുന്നു.[26]

---

24. തൊഴിയൂർ മെത്രാന്മാരുടെ പട്ടത്തെപ്പറ്റി ഈ അത്തനാസ്യോസ് സംശയം ഉന്നയിച്ചു: കണിയാംപറമ്പിൽ, *സുറിയാനി സഭ*, 188-190.
25. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,തിരുവല്ല,2015,പേ.64-68.
26. *Ibid.*40.

www.malankaralibrary.com

## തക്സായിൽ വരുത്തിയ പരിഷ്കാരങ്ങൾ

പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ മിഷണറിമാരുടെ നിർദേശം അനുസരിച്ച് അബ്രഹാം മൽപ്പാൻ തക്സായിൽ ചില മാറ്റങ്ങൾ വരുത്തി. പാതിക്കുർബാന, അരക്കുർബാന എന്നൊക്കെ നവീകരിക്കപ്പെട്ട ഈ കുർബാനയെ ചിലർ വിളിച്ചിരുന്നു. മിഷണറിമാർ ചെയ്ത ഈ പ്രവൃത്തി വളരെ തെറ്റായിപ്പോയെന്ന് അവരുടെ ഇടയിലുള്ളവർ തന്നെയും രേഖപ്പെടുത്തിയിട്ടുണ്ട്. തങ്ങൾക്ക് യാതൊരധികാരവുമില്ലാത്ത സഭയിൽ കടന്നുചെന്ന്, അനധികൃതരായ നാലു കത്തനാരന്മാരെക്കൊണ്ട് സഭയിലെ ആരാധനക്രമം തിരുത്തിയത് അക്ഷന്തവ്യമായ തെറ്റാണ്. പറങ്കികൾ പതിനാറാം നൂറ്റാണ്ടിൽ അന്നത്തെ നസ്രാണിസഭയിൽ ചെയ്തവ ഇവിടെയും ആവർത്തിക്കപ്പെട്ടു.[27] മൽപ്പാൻ ഉണ്ടാക്കിയ തക്സാ ഇന്നു ലഭ്യമല്ല. എന്നാൽ മൽപ്പാന്റെ നവീകരണങ്ങളായി മാർത്തോമ്മാസഭ അംഗീകരിക്കുന്ന മാറ്റങ്ങൾ താഴെ പറയുന്നവയാണ്. മലങ്കരസഭയ്ക്ക് പ്രോട്ടസ്റ്റന്റിസവുമായി ബന്ധം ഉണ്ടാകാതിരുന്നെങ്കിൽ, ഈ മാറ്റങ്ങൾ ഉണ്ടാകുമായിരുന്നില്ല. ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ചുകാരുടെ സ്വാധീനമാണ് ഈ മാറ്റത്തിൽ കാണുക.

1. പരിശുദ്ധന്മാരോടുള്ള പ്രാർഥനകൾ നീക്കിക്കളഞ്ഞു.

2. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർഥനകൾ നീക്കിക്കളഞ്ഞു.

3. "ലോകാതിർത്തികളെ അധീനമാക്കിയിരിക്കുന്ന നിന്നെ ഞാൻ എടുക്കുന്നു...ദൈവമായ നിന്നെ എന്റെ വായിൽ വയ്ക്കുന്നു" എന്ന പ്രാർഥന എടുത്തുകളഞ്ഞു.

4. "സർവലോകത്തിലുമുള്ള നിന്റെ വിശുദ്ധസഭയ്ക്കു വേണ്ടി രക്തം കൂടാത്ത ബലിയെ ഞങ്ങൾ അണയ്ക്കുന്നു" എന്ന പ്രാർഥന "കർത്താവേ, ...സഭയ്ക്കുവേണ്ടി ഈ പ്രാർഥനയെ നിനക്ക് ഞങ്ങൾ അണയ്ക്കുന്നു" എന്ന് ഭേദപ്പെടുത്തി.

5. "ജീവനുള്ള ബലിയെ അണയ്ക്കുന്നു" എന്ന പ്രഖ്യാപനത്തെ "കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലിയെ അണയ്ക്കുന്നു" എന്ന് ഭേദപ്പെടുത്തി.

6. "ഈ കുർബാന...ബലിയും സ്തോത്രവുമാകുന്നു" എന്നുള്ള പ്രഖ്യാപനം നീക്കിക്കളഞ്ഞു.

7. വിശുദ്ധ റൂഹാ "ധൂപകലശത്തെ ശുദ്ധീകരിക്കുന്നവനാകുന്നു" എന്ന പ്രഖ്യാപനം നീക്കിക്കളഞ്ഞു.

8. ധൂപക്കുറ്റി വാഴ്ത്തണമെന്നുള്ള കുറിപ്പ് എടുത്തുകളഞ്ഞു.

---

27. *Ibid.*40 - 41;കണിയാംപറമ്പിൽ,196–197.

www.malankaralibrary.com

9. "ഈ അപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരമായി, രക്ഷാകരമായ ശരീരമായി ആക്കിത്തീർക്കുമാറാകട്ടെ" എന്നതിനെ "അവൻ (പരിശുദ്ധാത്മാവ്) ആവസിച്ചുകൊണ്ട് ഈ അപ്പത്തെ അതിനെ കൈക്കൊള്ളുന്നവർക്ക് പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി യേശുമിശിഹായുടെ ശരീരമാക്കി തീർക്കുമാറാകട്ടെ."എന്നു ഭേദപ്പെടുത്തി.

10. "നമ്മുടെ രക്ഷിതാവിന്റെ കല്ലറമേൽ വയ്ക്കപ്പെട്ട ആ തീക്കൽ പാറയും നീയാകുന്നു" എന്നത് "പണിക്കാർ നിരസിച്ച ശോധന ചെയ്യപ്പെട്ടതും വിലയേറിയതുമായ ആ തീക്കൽ പാറയും നീയാകുന്നു" എന്ന് ഭേദപ്പെടുത്തി.

## മൽപ്പാൻ ആചാരങ്ങളിൽ വരുത്തിയ ഭേദഗതികൾ:

1.കുർബാന രണ്ടായിട്ട് കൊടുക്കണമെന്ന് നിശ്ചയിച്ചു. 2.പട്ടക്കാരോട് പാപം ഏറ്റുപറഞ്ഞ്പാപമോചനം പ്രാപിക്കുന്ന രീതി നിർത്തലാക്കി. 3.കൈക്കൊള്ളാൻ ആളില്ലാത്തപ്പോൾ കുർബാന ചൊല്ലുന്ന രീതി നിർത്തലാക്കി.

## നവീകരണകക്ഷിയുടെ ആവിർഭാവം

യാക്കോബായാസഭയിൽ നിന്ന് ബഹിഷ്കൃതരായപ്പോൾ മൽപ്പാനും കൂട്ടരും അനന്തരകരണീയം എന്തെന്ന് ആലോചിച്ചു. യാക്കോബായാ-ആംഗ്ലിക്കൻ ബന്ധം അവസാനിച്ചപ്പോൾ ഏതാണ്ട് 6000 പേർ ആംഗ്ലിക്കൻ സഭയിൽ ചേർന്നു. എന്നാൽ മൽപ്പാൻ പൊടുന്നനവെ അതിനു മുതിർന്നില്ല. ഈ സഭയിൽ നവീകരണം വരുത്തി പുതിയൊന്നിന് രൂപം കൊടുക്കുക തന്നെ എന്ന് അദ്ദേഹം തീരുമാനിച്ചു. ആരാധനക്രമവും വേഷയും ഭാഷയും യാക്കോബായാ സഭയിലേതു പോലെ തന്നെ ആയിരിക്കണമെന്നും എന്നാൽ ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ചുകാരുടെ വിശ്വാസമനുസരിച്ച് ആരാധനക്രമത്തിൽ ഭേദം വരുത്തി നവീകരിക്കണം എന്നുമായിരുന്നു പദ്ധതി. പുതിയ കക്ഷിയെ ഭരിക്കുന്നതിന് ഒരു മെത്രാൻ അത്യന്താപേക്ഷിതമായിരുന്നതിനാൽ, ഒരു മെത്രാനെ ലഭിക്കുന്നതിനുള്ള മാർഗത്തെ കുറിച്ചായിരുന്നു അവർ പിന്നീട് ചിന്തിച്ചത്. അതിനായി മൽപ്പാൻ തന്റെ സഹോദരന്റെ പുത്രനായ മാത്തൻ ശെമ്മാശ്ശനെ മർദീനിൽ മാർ ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസിന്റെ പക്കലേക്കയച്ചു. ഇക്കാര്യത്തിൽ മിഷണറിമാരിൽ നിന്ന് മൽപ്പാന് സകല സഹായങ്ങളും ലഭിച്ചു.

## മാത്യൂസ് മാർ അത്തനാസ്യോസ് (1818–1877)[28]

കോട്ടയം പഴയ സെമിനരിയിൽ പഠിച്ചുവരവെ, അബ്രഹാം മൽപ്പാന്റെ നവീകരണത്തെ അനുകൂലിക്കയാൽ സെമിനരിയിൽ നിന്ന് മാത്തൻ ശെമ്മാശ്ശൻ ബഹിഷ്കൃതനായി. ഉടനെ മൽപ്പാന്റെ ആലോചനയോടും ആംഗ്ലിക്കൻ മിഷണറിമാരുടെ സഹായത്തോടും കൂടെ മദ്രാസിലെ ആംഗ്ലിക്കൻ കോളേജിലേക്ക് മാത്തൻ അയക്കപ്പെട്ടു. അവിടെ ബിഷപ്പ് കോറിസ് ഗ്രാമർ

28. മുകളിൽ പേ. 181 കാണുക. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.385.

www.malankaralibrary.com

സ്കൂളിൽ ചേർന്ന് പഠനം ആരംഭിച്ചു. അവിടെ പഠിച്ചു കൊണ്ടിരുന്നപ്പോൾ അബ്രഹാം മൽപ്പാൻ, മാത്തനെ 1841-ൽ മർദീനിലേക്കയച്ചു. ഏലിയാസ് പാത്രിയർക്കീസ് 1842-ൽ അദ്ദേഹത്തെ മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മെത്രാനാക്കി. അദ്ദേഹം 1843-ൽ നാട്ടിലെത്തി. മലങ്കര മെത്രാപ്പോലീത്താ ആയി പാത്രിയർക്കീസിനാൽ നിയമിതനായ സ്ഥാനപത്രവും (സ്ഥാത്തിക്കോൻ) കൊണ്ടാണ് അദ്ദേഹം എത്തിയത്. അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് നേരിട്ട് മലങ്കരയിൽ ഒരാൾക്ക് മെത്രാൻപട്ടം കൊടുക്കുന്ന ആദ്യസംഭവമാണിത്. തുടർന്ന് ചേപ്പാട്ട് മാർ ദിവന്നാസ്യോസും മാർ അത്തനാസ്യോസും തമ്മിൽ അധികാരവടംവലി ഉണ്ടായി. മാർ ദിവന്നാസ്യോസ് നിയമാനുസൃത മെത്രാനായി മലങ്കരയിലെ പുത്തൻ കൂറ്റുകാരെ ഭരിക്കുമ്പോഴത്രേ മാർ അത്തനാസ്യോസ് ഇവിടെ എത്തിയത്.

പുതിയൊരു കക്ഷിയുണ്ടാക്കി അതിന്റെ മേലധ്യക്ഷനായി മാത്യൂസിനെ അവരോധിക്കാനായിരുന്നു അബ്രഹാം മൽപ്പാന്റെ പദ്ധതി. എന്നാൽ മലങ്കര യാക്കോബായാ സഭയുടെ മെത്രാപ്പോലീത്താ ആയി ഭരണം നടത്തുന്നതിനാണ് മാത്യൂസ് മാർ അത്തനാസ്യോസ് പരിശ്രമിച്ചത്. മാത്യൂസ് മാർ അത്തനാസ്യോസിനെതിരെ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് അന്ത്യോക്യൻ പാത്രിയർക്കീസിന് എഴുതിയതിന്റെ ഫലമായി മാർ കൂറില്ലോസ് എന്ന മെത്രാൻ 1846-ൽ ഇവിടെ വന്നു. മാർ ദിവന്നാസ്യോസ് അദ്ദേഹത്തെ സഭാഭരണം ഏൽപ്പിച്ചു. തുടർന്നുള്ള അധികാര വടംവലിയിൽ മാർ അത്തനാസ്യോസ് ജയിച്ചു. ഈ കേസിന്റെ വിശദാംശങ്ങൾ മുമ്പൊര ധ്യായത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുള്ളതിനാൽ, ഇവിടെ ആവർത്തിക്കുന്നില്ല.[29] മാത്യൂസ് മാർ അത്തനാസ്യോസിന് അനുകൂലമായി അക്കാലത്തെ രീതിയനുസരിച്ച് 1852-ൽ തിരുവിതാംകൂർ രാജാവും 1853-ൽ കൊച്ചീരാജാവും വിളംബരം പ്രസിദ്ധീകരിച്ചു.

തിരുവിതാംകൂർ രാജാവിന്റെ വിളംബരം:

"ശ്രീ പത്മനാഭദാസ വഞ്ചി ബാലമാർത്താണ്ഡവർമ...മഹാരാജാ അവർകൾ സകലമാന പേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം:

കോട്ടയത്തു പാർക്കുന്ന മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് വയസ്സുകാലമായി സ്ഥാനം ഒഴിഞ്ഞിരിക്ക കൊണ്ടും ആ സ്ഥാനത്തേക്ക് അന്ത്യോക്യയിൽ നിന്ന് എഴുത്തു വാങ്ങിച്ചു കൊണ്ടുവന്നിരിക്കുന്ന മാർ അത്തനാസ്യോസിനെ മെത്രാപ്പോലീത്താ ആയിട്ട് നിശ്ചയിച്ചിരിക്കകൊണ്ടും ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ, മലങ്കര ഇടവകയിൽ പുത്തൻകൂറ്റു സുറിയാനിക്കാർ ഉൾപ്പെട്ട എല്ലാപേരും മേലെഴുതിയ മാർ

29. മുകളിൽ പേ. 181 -182 കാണുക.

www.malankaralibrary.com

അത്തനാസ്യോസ് മെത്രാപ്പോലീത്തിനെ അനുസരിച്ച് കീഴ്മര്യാദപോലെ നടന്നുകൊള്ളുകയും വേണം. എന്ന് 1027-ാമാണ്ട് കർക്കടകം 15-ന്[30.]

1843-ൽ നാട്ടിലെത്തിയ മാർ അത്തനാസ്യോസിന് സഭയെ ഭരിക്കാൻ പത്തുവർഷം കേസു നടത്തേണ്ടിവന്നു. 1853 മുതൽ ഭരണം തുടങ്ങി. 1856-ൽ തൊഴിയൂരെ മാർ കൂറില്ലോസ് നാലാമനെ അദ്ദേഹം അഭിഷേകം ചെയ്തു. അത്തനാസ്യോസിന്റെ എതിർകക്ഷിക്കാർ ചില ഇടവകകളിൽ ബഹളം ഉണ്ടാക്കിയപ്പോൾ,"വിളംബരത്തിന് എതിരായി പ്രവർത്തിക്കുന്നവർ വേറേ പള്ളിവച്ച് പൊയ്ക്കൊള്ളണം" എന്ന് ദിവാൻ സർ ടി. മാധവരായർ 1863-ൽ സർക്കുലർ ഉത്തരവു പുറപ്പെടുവിച്ചു.

തുടർന്ന് എതിരാളികൾ പുലിക്കോട്ടിൽ യൗസേപ്പ് കത്തനാരെ പശ്ചിമേഷ്യയിലേക്കയച്ചു. പാത്രിയർക്കീസ് അദ്ദേഹത്തെ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാനാക്കി അധികാരപത്രങ്ങളോടു കൂടെ നാട്ടിലേക്കയച്ചു. 1865-ൽ തിരികെയെത്തിയ അദ്ദേഹത്തിന് ഭരിക്കാനുള്ള രാജകീയവിളംബരം ലഭിച്ചില്ല. അദ്ദേഹം തുടരെത്തുടരെ പാത്രിയർക്കീസിന് എഴുതിക്കൊണ്ടിരുന്നു. മാത്യൂസ് മാർ അത്തനാസ്യോസ് 1868-ൽ അബ്രഹാം മൽപ്പാന്റെ മകനായ തോമസിനെ തൊഴിയൂരെ മാർ കൂറില്ലോസ് നാലാമന്റെ സഹായത്തോടെ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ സഹായ മെത്രാനായി വാഴിച്ചു.

ചേപ്പാട്ടു മാർ ദിവന്നാസ്യോസ് കൊച്ചിൻ അവാർഡനുസരിച്ചുള്ള തുക കൈപ്പറ്റിയിരുന്നില്ല. അവാർഡനുസരിച്ചുള്ള 6000 രൂപായും വട്ടിപ്പണത്തിന്റെ 35 വർഷത്തെ പലിശയും ഉൾപ്പെടെ 35000 രൂപാ മാത്യൂസ് മാർ അത്തനാസ്യോസ് റസിഡന്റിന്റെ ഖജനാവിൽ നിന്ന് 1869-ൽ കൈപ്പറ്റി.[31] കൊല്ലം പഞ്ചായക്കോടതിവിധി മൂലം മാർ അത്തനാസ്യോസിന് മലങ്കരസഭാഭരണം ലഭിച്ച വർഷംമുതൽ പഴയസെമിനരി വീണ്ടും സജീവമായി പ്രവർത്തിക്കാൻ തുടങ്ങി. നവീകരണത്തോട് അനുഭാവം ഉണ്ടായിരുന്ന കൈതയിൽ മൽപ്പാൻ, ഉലശ്ശേരിൽ മൽപ്പാൻ, ചെറുകര പീലിപ്പോസ് മൽപ്പാൻ എന്നിവരെ പഴയ സെമിനരിയിൽ പഠിപ്പിക്കാൻ നിയമിച്ചു. അതിനുപകരം പുലിക്കോട്ട് മാർ ദിവന്നാസ്യോസ് 1872-ൽ തുടങ്ങിയതാണ് പരുമല സെമിനരി.[32]

പത്രോസ് പാത്രിയർക്കീസ് 1875-ൽ മലങ്കരയിലെത്തി 1876-ൽ മുളന്തുരുത്തിയിൽ വച്ച് ഒരുസഭായോഗം വിളിച്ചുകൂട്ടി. മുളന്തുരുത്തി സൂനഹദോസ് എന്ന് അത് അറിയപ്പെടുന്നു.[33] മാർ അത്തനാസ്യോസിന് സർക്കാർ നൽകിയിരുന്ന രാജകീയവിളംബരം പിൻവലിപ്പിച്ച് അത് മാർ

---

30. റോയൽകോടതി വിധി, നമ്പർ, 174; ഇ.എം. ഫിലിപ്പ്, *മാർത്തോമ്മാ ശ്ലീഹായുടെ...* പേ.45.
31. ഇടിക്കുള പാണ്ടിയേത്ത്, *പുത്തൻകൂറ്റുകാർ*,106.
32. റ്റി.ജി.സഖറിയാ-കെ.വി.മാമ്മൻ, *ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ,* 315;
33. മുകളിൽ പേ. 183-185 കാണുക.

www.malankaralibrary.com

ദിവന്നാസ്യോസിന് കൊടുപ്പിച്ചു. മാത്യൂസ് മാർ അത്തനാസ്യോസിനെയും തോമസ് മാർ അത്തനാസ്യോസിനെയും തൊഴിയൂരെ മാർ കൂറില്ലോസ് നാലാമനെയും മുടക്കി. മുടക്കുകൽപ്പനയുടെ ഒരു ഭാഗം: "പ്രിയമുള്ളവരേ, മാത്യൂസ് എന്നവൻ നമുക്കുമുമ്പേ ഭരിച്ചുവന്നിരുന്ന പാത്രിയർക്കീസ് ബാവാന്മാരാൽ ശപിക്കപ്പെട്ടവനാകുന്നു. ഇപ്പോൾ നാം രണ്ടാമതും അവനേയും ശ്ലീഹന്മാരുടെയും ബാവാന്മാരുടേയും നിയമത്തിനു വിരോധമായി മേൽപ്പട്ടക്കാരുടെ നാമത്തിൽ അവൻ പേര് മാറ്റിവിളിക്കുന്ന രണ്ടു മനുഷ്യരേയും ശപിച്ചിരിക്കുന്നു. ഇനിമേലാൽ നിങ്ങളുടെ പള്ളികളിൽ നിന്ന് അവരെ പുറത്താട്ടിക്കളയണം. എന്തെന്നാൽ മാത്യൂസും ആ രണ്ടു മനുഷ്യരും മേൽപ്പട്ടസ്ഥാനത്തിന്റെ യാതൊരു ക്രമത്തിലും പേരു മാറ്റുവാൻ അധികാരമില്ലാത്തവരാകുന്നു. നാം അവരെ ശപിച്ചതുപോലെ നിങ്ങളും അവരെ ശപിച്ചുകൊള്ളണം".[34] പാത്രിയർക്കീസ് 1877-ൽ പശ്ചിമേഷ്യയിലേക്ക് തിരികെ പോയി. മാത്യൂസ് മാർ അത്തനാസ്യോസ് 1877 ഇടവം 7-ന് തോമസ് മാർ അത്തനാസ്യോസിനെ തന്റെ പിൻഗാമിയായി നിയമിച്ചു.

## ഉണർവുപ്രസ്ഥാനം

മാത്യൂസ് മാർ അത്തനാസ്യോസിന്റെ കാലത്ത് യാക്കോബായാ സഭയിൽ ആദ്യമായി ഉണർവുപ്രസ്ഥാനം ഉടലെടുത്തു. അമ്മാളും (തഞ്ചാവൂർ) മോശ വത്സലം ശാസ്ത്രിയാരും (എൽ.എം.എസ്.) 1864-ൽ ഇവിടെ ഉണർവാരംഭിച്ചു. 1873-ൽ വിദ്വാൻകുട്ടിയുടെയും സാധു മത്തായിയുടെയും (തിരുനെൽവേലി) പ്രവർത്തനത്തോടെ ഉണർവു പ്രസ്ഥാനം ശക്തമായി. കായംകുളം, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം എന്നീ സ്ഥലങ്ങളിലെ അനേകം സുറിയാനിക്കാർ ഇവരുടെ കൂടെക്കൂടി. കൂടാരപ്പള്ളിൽ തൊമ്മൻ (കൊട്ടാരക്കര) തുടങ്ങിയവർ പ്രവചനങ്ങൾ നടത്തി. 1876 ആഗസ്റ്റ് 10.11.12 തീയതികളിൽ അന്ധകാരം ഉണ്ടാകുമെന്നും 1881-ൽ കർത്താവിന്റെ രണ്ടാമത്തെ വരവ് സംഭവിക്കുമെന്നുമുള്ള ഇവരുടെ പ്രവചനങ്ങൾ സർവാബദ്ധങ്ങളായി മാറി. 1888-ൽ സുവിശേഷപ്രസംഗസംഘം സ്ഥാപിതമായി. കൊച്ചി, കോട്ടയം, കോടുകുളഞ്ഞി, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ ഉണർവുയോഗങ്ങൾ നടന്നു. ബാറിങ്കോൾസ്, കാർണി എന്നിവർ (1887) അതിന് നേതൃത്വം നൽകി. 1888-ൽ ലക്ഷ്മണറാവു (ബോംബേ) പ്രസംഗപര്യടനം നടത്തി. 1893-ൽ റവ. തോമസ് വോക്കർ (തിരുനെൽവേലി) ഇവിടെ വന്ന് സുവിശേഷപ്രസംഗം നടത്തി.[35] ഇത് ആത്മീയമായി വലിയൊരു ഉണർവിന്റെ കാലഘട്ടമായി മാർത്തോമ്മാക്കാർ കരുതുന്നു.

മാത്യൂസ് മാർ അത്തനാസ്യോസ് പഴയ തക്സാ ഉപയോഗിച്ച് സുറിയാനിയിലാണ് കുർബാന അർപ്പിച്ചിരുന്നത്. മൽപ്പാൻ ഉണ്ടാക്കിയ

34. അന്ന് 175 പള്ളികളായിരുന്നു യാക്കോബായക്കാർക്ക് തിരുവിതാംകൂറിൽ ഉണ്ടായിരുന്നത്. അവയിൽ 150-ഓളം പള്ളിക്കാർ മുളന്തുരുത്തിയിൽ സംബന്ധിച്ചു.

35. ഇരുപതാം നൂറ്റാണ്ടിലെ...,139-141.

www.malankaralibrary.com

ചുരുക്കിയ തക്സാ ഉപയോഗിച്ചില്ല. അദ്ദേഹം മിഷണറിമാരോടും നവീകരണത്തോടും അനുകൂലിച്ചിരുന്നെങ്കിലും, പാത്രിയർക്കീസിന്റെ മേലധികാരത്തെ പരസ്യമായി നിഷേധിക്കുകയോ ആരാധനക്രമത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്തില്ല. അദ്ദേഹം ഒരു സാമുഹ്യ പരിഷ്കർത്താവുമായിരുന്നു. ക്രിസ്ത്യാനികൾ പൊതുവേ അനുഭവിക്കുന്ന പരാധീനതകളിൽ നിന്ന് അവരെ ഉദ്ധരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1876–ൽ രാജകീയവിളംബരം പിൻവലിച്ചെങ്കിലും പള്ളികൾ എല്ലാം തന്നെ മാത്യൂസ് മാർ അത്തനാസ്യോസിന്റെ കൈവശത്തിലായിരുന്നു. അതുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾ സിവിൾ കോടതികളിൽ വ്യവഹാരം നടത്തി കൈവശാവകാശം ഉറപ്പിക്കണമെന്ന് പ്രഖ്യാപിക്കപ്പെട്ടു.

''ശ്രീപത്മനാഭദാസ കിരീടപതി...തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിലെ വിളംബരം...ഏതെങ്കിലും പള്ളികളുടെയോ, അവയുടെ സ്വത്തുക്കളുടെയോ അവകാശങ്ങളോ ഉടമസ്ഥതയോ സംബന്ധിച്ചും അവയിലെ ഉദ്യോഗസ്ഥന്മാരെ ആക്കുകയും നീക്കുകയും ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ചും ഉണ്ടാകുന്ന ഏതെങ്കിലും തർക്കങ്ങൾ സാധാരണ നീതിന്യായ കോടതികളിൽ കേട്ട് തീരുമാനിക്കുന്നതിന് മുൻവിളംബരം യാതൊരു പ്രകാരത്തിലും ബാധകമായി വരുമെന്ന് ഗണിക്കപ്പെടേണ്ടതല്ല... എല്ലാ കക്ഷികളും തങ്ങൾക്ക് അവകാശമുണ്ടെന്നു വിചാരിക്കുന്ന നിവൃത്തികൾ രാജ്യത്തെ വ്യവസ്ഥാപിത കോടതികൾ മുഖാന്തരം നേടേണ്ടതാണെന്ന് വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു''[36]

## തോമസ് മാർ അത്തനാസ്യോസ് (1877–1893)

മേൽപ്പറഞ്ഞ ഉത്തരവനുസരിച്ച് നീണ്ട പത്തുവർഷം (1879–1889) യാക്കോബായക്കാരും (പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും) നവീകരണ യാക്കോബായക്കാരും (മാത്യൂസ് മാർ അത്തനാസ്യോസിന്റെ പിൻഗാമിയായ തോമസ് മാർ അത്തനാസ്യോസും) തമ്മിൽ കേസുനടന്നു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1879–ൽ ആലപ്പുഴ ജില്ലാകോടതിയിൽ പഴയ സെമിനരിക്കു വേണ്ടി കേസുകൊടുത്തു. പഴയ സെമിനരിയും സഭാസ്വത്തുക്കളും അപ്പോഴും നവീകരണക്കാരുടെ കൈവശമായിരുന്നു. *സെമിനരിക്കേസ്* എന്നാണ് അത് അറിയപ്പെടുന്നത്. യാക്കോബായക്കാർക്ക് അനുകൂലമായി 1881–ൽ വിധിയുണ്ടായി. തുടർന്ന് തിരുവനന്തപുരം ഹൈ കോർട്ടിൽ നവീകരണക്കാർ കൊടുത്ത അപ്പീലിലും യാക്കോബായക്കാർക്ക് അനുകൂലമായ വിധി 1886–ലുണ്ടായി. അതിനുശേഷം റോയൽകോടതിയിൽ കൊടുത്ത അപ്പീലിലും നവീകരണക്കാർക്ക് 1889–ൽ പരാജയമുണ്ടായി. അപ്പീൽ കോടതിയിൽ മൂന്നു ജഡ്ജിമാർ ഉണ്ടായിരുന്നതിൽ രണ്ടുപേർ യാക്കോബായക്കാർക്ക് അനുകൂലമായും ഒരാൾ നവീകരണക്കാർക്ക് അനുകൂലമായും വിധി പ്രസ്താവിച്ചു. അന്ത്യോക്യയുടെ മേൽക്കോയ്മയിലുള്ള ഒരു സഭയായി മലങ്കരസഭയെ ഭൂരിപക്ഷവിധി വിധിച്ചു. മലങ്കര

36. ഇ. എം. ഫിലിപ്പ്, മാർത്തോമ്മാശ്ലീഹായുടെ...,1977, അനുബന്ധങ്ങൾ, പേ. 45–46.

www.malankaralibrary.com

സഭയെ ഒരു സ്വതന്ത്രസഭയായി മൂന്നാമത്തെ ജഡ്ജി വിധിച്ചു. ഭൂരിപക്ഷ വിധി യാക്കോബായക്കാർക്ക് അനുകൂലമായി. ഈ കേസിൽ ഇരു വിഭാഗക്കാരും തിരുത്തിയതോ, പുതുതായി നിർമിച്ചതോ ആയ കാനോനാ കളാണ് കോടതിയിൽ സമർപ്പിച്ചത്. യാക്കോബായക്കാർ ഹൂദായകാനോൻ തിരുത്തി സമർപ്പിച്ചു. നവീകരണക്കാർ മുൻകൂർ തീയതി വച്ച് ഒരു കാനൻ പ്രസിദ്ധീകരിച്ചു. അതിൽ പാത്രിയർക്കീസിന് യാതൊരധികാരവും കൊടുത്തിരുന്നില്ല. കൃഷ്ണസ്വാമി റാവു, സീതാരാമയ്യർ, ആറംബ്സി (Ornsby) എന്നിവരുടെ ബഞ്ചാണ് റോയൽ കോടതിവിധി പ്രസ്താവിച്ചത്. ആറംബ്സിയാണ് നവീകരണക്കാർക്ക് അനുകൂലമായി വിധി പ്രസ്താ വിച്ചത്. യാക്കോബായാ സഭയുടെ നൈയാമിക തലവൻ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസാണെന്നും പുലിക്കോട്ട് മാർ ദിവന്നാ സ്യോസ് അദ്ദേഹത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന മലങ്കര മെത്രാപ്പോ ലീത്താ ആണെന്നും തൻമൂലം യാക്കോബായാ സഭയുടെ സ്വത്തുക്കൾ അദ്ദേഹത്തിന്റെ കൈവശം ഇരിക്കേണ്ടതാണെന്നും പാത്രിയർക്കീസിനാൽ മുടക്കപ്പെട്ടവർക്ക് യാക്കോബായാ സ്വത്തുക്കളിന്മേൽ യാതൊരവകാശവും ഇല്ലെന്നുമായിരുന്നു വിധി. എന്നാൽ സാക്ഷാൽ യാക്കോബായക്കാർ തങ്ങളാണെന്നായിരുന്നു മാർ അത്തനാസ്യോസ് വാദിച്ചുകൊണ്ടിരുന്നത്.[37]

## നവീകരണകക്ഷി (1889)

കേസിൽ തോറ്റ തോമസ് മാർ അത്തനാസ്യോസ് (1877-1893)തന്റെ കൈവശമുള്ള യാക്കോബായാ സഭയുടെ മെത്രാപ്പോലീത്തൻ സ്ഥാനചിഹ്ന ങ്ങളും തൽസംബന്ധമായി അദ്ദേഹത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന എല്ലാ വസ്തുവകകളും പണവും പഴയ സെമിനരിയും വിട്ടുകൊടുക്കേണ്ടി വന്നു. കോഴഞ്ചേരി, മാരാമൺ, കൊട്ടാരക്കര എന്നീ മൂന്നു പള്ളികൾ പൂർണ മായി മാർ അത്തനാസ്യോസിനെ അനുഗമിച്ചു. ചെങ്ങന്നൂർ, മല്ലപ്പള്ളി വെങ്ങ ലശ്ശേരി, തേവലക്കര, കൂർത്തമല, തലവടി പടിഞ്ഞാറേക്കര, കൊല്ലം പെരി നാട് എന്നീ സ്ഥലങ്ങളിൽ പകുതിയാളുകൾ നവീകരണത്തെ പിൻതാങ്ങി. അദ്ദേഹം മാരാമൺ വന്നു താമസമായി. തുടർന്ന് നവീകരണകക്ഷി എന്ന പേരിൽ ഒരു സഭയായി അവർ രൂപംകൊണ്ടു. തീത്തൂസ് ഒന്നാമന്റെ കാല ത്തും അപ്രകാരമാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ചിത്രം അച്ചടി പ്പിച്ച് പ്രചരിപ്പിച്ചിട്ടുണ്ട്. ആ ചിത്രത്തിന്റെ അടിയിൽ The Most Rev.Mar Titus Thoma, Syrian Metropolitan, Reformed Church എന്ന് അച്ചടിച്ചിട്ടുണ്ട്.[38] അങ്ങനെ നവീകരണ കക്ഷിയിൽ കാര്യമായ സംഗതിയൊന്നും ചെയ്യാൻ തോമസ് മാർ അത്തനാസ്യോസിന് സാധിച്ചില്ല. 1899 വരെ മാർ ദിവന്നാ സ്യോസുമായി കേസായിരുന്നു. *മലങ്കരസഭാതാരക* എന്ന ഔദ്യോഗിക മുഖപത്രം 1892-ൽ ആരംഭിച്ചു.[39]

37. *The Royal Court of final appeal, Kottayam,*1975. മുകളിൽ പേ. 188 കാണുക. ഇരുപതാം നൂറ്റാണ്ടിലെ...,209-223; *റോയൽ കോടതിവിധി,* തിരുവനന്തപുരം 1980.

38. ഇടിക്കുള പാണ്ടിയേത്ത്, *പുത്തൻകൂറ്റുകാർ,* പേ.119.

39. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ. 43-45;386-387.

www.malankaralibrary.com

## തീത്തൂസ് ഒന്നാമൻ മാർത്തോമ്മാ (1894–1909)

തോമസ് മാർ അത്തനാസ്യോസ് പിൻഗാമിയെ വാഴിക്കാതെ 1893–ൽ മരിച്ചു. തൊഴിയൂർ യൗസേപ്പ് മാർ അത്തനാസ്യോസ്, ഗീവർഗീസ് മാർ കൂറില്ലോസ് എന്നിവർ ചേർന്ന് അബ്രഹാം മൽപ്പാന്റെ ഇളയ മകനും തോമസ് മാർ അത്തനാസ്യോസിന്റെ സഹോദരനുമായ ദത്തോസ് കത്തനാരെ കോട്ടയം ചെറിയ പള്ളിയിൽ വച്ച് 1894–ൽ തീത്തൂസ് ഒന്നാമൻ മാർത്തോമ്മാ എന്നപേരിൽ മെത്രാനായി വാഴിച്ചു. താഴത്ത് ചാണ്ടപ്പിള്ള കത്തനാർ അതിനു മുൻകൈയെടുത്തു. മാരാമൺ കൺവൻഷൻ തുടങ്ങിയതും (1895) സൺഡേ സ്കൂൾ സമാജം സ്ഥാപിതമായതും ഇക്കാലത്താണ്. സഭയിലെ ആത്മീയ ഉണർവുകൾക്ക് അദ്ദേഹം നേതൃത്വം നൽകി. മാരാമണ്ണ, കുറിയന്നൂർ മുതലായ ഇടവകകളിൽ ഉപവാസ യോഗങ്ങളും കൂട്ടായ്മ യോഗങ്ങളും സംഘടിപ്പിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മരിക്കുന്നതിനു മുമ്പ്, ഒരു ഒത്തുതീർപ്പെന്ന നിലയിൽ ചാണ്ടപ്പിള്ളക്കത്തനാർ തന്റെ സ്വന്തം ഇടവകയായ കോട്ടയം ചെറിയപള്ളി വിട്ടുകൊടുക്കുകയും മാർ ദിവന്നാസ്യോസ് അത് കൈവശപ്പെടുത്തി അവിടെ താമസമാക്കുകയും ചെയ്തു. മാർ തീത്തൂസ് ഒന്നാമൻ അദ്ദേഹത്തെ കോട്ടയം ചെറിയ പള്ളിയിൽ പോയി സന്ദർശിക്കുകയും മാർ ദിവന്നാസ്യോസ് അദ്ദേഹത്തിൽ നിന്ന് തൈലാഭിഷേകം സ്വീകരിക്കുകയും ചെയ്തു.

ഈ കാലത്ത് സഭയുടെ ഉള്ളിൽ തന്നെ യാഥാസ്ഥിതികരും നവീകരണ തീവ്രവാദികളും തമ്മിൽ ശബ്ദരഹിതമെങ്കിലും ശക്തിയേറിയ വടംവലി നടന്നുകൊണ്ടിരുന്നു. അവയെ ഒരളവുവരെ നിയന്ത്രിച്ചുനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. നിരവധി സ്കൂളുകൾ ഇക്കാലത്ത് സ്ഥാപിതമായി. നവീകരണകക്ഷിക്കാർക്ക് കൊല്ലവർഷം 1084–ലെ കോടതിവിധി മൂലം മാരാമൺ പള്ളി ലഭിച്ചു. യാക്കോബായക്കാരുമായുള്ള വ്യവഹാരങ്ങൾ ഇതോടെ അവസാനിച്ചു[40]

## തീത്തൂസ് രണ്ടാമൻ മാർത്തോമ്മാ (1909–1944)

തൊഴിയൂർ മാർ കൂറില്ലോസും തീത്തൂസ് ഒന്നാമനും കൂടി മാത്യൂസ് മാർ അത്തനാസ്യോസിന്റെ ഇളയ സഹോദരനായ ദത്തോസ് കത്തനാരെ 1899–ൽ പുത്തൻകാവു പള്ളിയിൽവച്ച് മെത്രാനായി വാഴിച്ച് തീത്തൂസ് രണ്ടാമൻ മാർത്തോമ്മാ എന്ന് പേരിട്ടു. ഇദ്ദേഹത്തിന്റെ കാലത്താണ് നവീകരണകക്ഷി മാർത്തോമ്മാസഭ എന്ന പേര് സ്വയം സ്വീകരിച്ചത്. വിശുദ്ധ കുർബാനക്രമം മാർ തോമാ സഭയിൽ ആദ്യമായി മലയാളത്തിൽ രചിച്ച് അച്ചടിപ്പിച്ചത് ഇക്കാലത്താണ്. കോവൂർ ഐപ് തോമാ കത്തനാരാണ് (കൊല്ലവർഷം 1017–1092) ഇക്കാര്യം സാധിച്ചത്. എന്നാൽ അക്കാലത്തും മിക്ക പട്ടക്കാരും സുറിയാനിമൂലം തന്നെ ഉപയോഗിച്ചുവന്നു. സുറിയാനി

40. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.45–46;387–388.

www.malankaralibrary.com

നോക്കി മലയാളത്തിൽ വിവർത്തനം ചെയ്ത് വായിച്ചു വന്നതിനാൽ കുർബാന ക്രമത്തിൽ ഇടവകതോറും വൈവിധ്യം നിലനിന്നു. 1924-ൽ ഒരു തക്സാ പരിഷ്കരണ കമ്മറ്റി നിയമിതമായി. അവർ ഒരു തക്സാ പ്രസിദ്ധീകരിച്ചു. അതും സാർവത്രികമായി നടപ്പായില്ല. 1927-ൽ നവീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളായി അബ്രഹാം മൽപ്പാൻ മുതൽപേർ പ്രഖ്യാപനം ചെയ്തിട്ടുള്ള പൊതുപ്രമാണങ്ങൾ സ്ഥിരപ്പെടുത്തി. അവയ്ക്ക് അനുരൂപമായി സഭാശുശ്രൂഷക്രമങ്ങൾ ക്രമീകരിച്ചാൽ മതിയെന്നു തീരുമാനിച്ചു. അതനുസരിച്ച് ഒരു തക്സാ രൂപീകൃതമായി. അത് മിക്ക പട്ടക്കാരും ഉപയോഗിക്കാൻ തുടങ്ങി. 1942-ൽ തീത്തൂസ് രണ്ടാമൻ മാർതോമ്മായുടെ അവതാരികയോടുകൂടി പ്രസ്തുത തക്സാ അച്ചടിപ്പിച്ചു. അങ്ങനെ 1836-ലെ നവീകരണശ്രമങ്ങൾ അവസാനം രൂപപ്പെട്ടത് 1942-ലെ തക്സായോടു കൂടിയാണ്.[41] മാർതോമാസഭയുടെ നാനാവിധമായ അഭിവൃദ്ധിയുടെ കാലഘട്ടമായിരുന്നിത്[42]

## ഏബ്രഹാം മാർതോമ്മാ (1944-1947)

കല്ലൂപ്പാറ മാരേട്ട് ഏബ്രഹാം കത്തനാരെ ഏബ്രഹാം മാർതോമാ എന്ന പേരിൽ 1917-ൽ തീത്തൂസ് രണ്ടാമനും തൊഴിയൂരെ മാർ കൂറില്ലോസ് അഞ്ചാമനും മാർ അത്തനാസ്യോസ് രണ്ടാമനും കൂടി വാഴിച്ചു. അദ്ദേഹം 1944 വരെ സഫ്രഗൻ മെത്രാപ്പോലീത്തായായി ഭരണം നടത്തി. തീത്തൂസ് രണ്ടാമൻ മരിച്ചപ്പോൾ സഭാധ്യക്ഷനായി. അദ്ദേഹം പണ്ഡിതനും ബിരുദ ധാരിയും സമർത്ഥനും ഒരു വലിയ സുവിശേഷ പ്രസംഗകനും ആയിരുന്നു. തന്മൂലം മാർത്തോമ്മാ സഭയിലെ വിഭിന്ന കക്ഷികളെ യോജിപ്പിച്ചു കൊണ്ടു പോകുന്നതിൽ അദ്ദേഹം വിജയിച്ചു. അദ്ദേഹത്തിന്റെ കാലത്ത് പല സഭാ പ്രസ്ഥാനങ്ങളും അഭിവൃദ്ധി പ്രാപിച്ചു. അബ്രഹാം മൽപ്പാന്റെ കുടുംബ ത്തിൽ പെടാത്ത ആദ്യത്തെ മെത്രാപ്പോലീത്താ ആയിരുന്നു അദ്ദേഹം.[43]

## യൂഹാനോൻ മാർത്തോമ്മാ (1947-1976)[44]

തീത്തൂസ് രണ്ടാമനും ഏബ്രഹാം മാർത്തോമ്മായും തൊഴിയൂരെ കൂറില്ലോസ് ആറാമനും കൂടി 1937-ൽ യൂഹാനോൻ മാർ തിമോതിയോസിനെയും മാത്യൂസ് മാർ അത്തനാസ്യോസിനെയും മെത്രാന്മാരായി വാഴിച്ചു.[45] മാർ തിമോതിയോസ് പാലക്കുന്നത്ത് കുടുംബത്തിൽ പെട്ട ആളായിരുന്നു. ഏബ്രഹാം മാർത്തോമ്മായുടെ മരണശേഷം യൂഹാനോൻ മാർത്തോമ്മാ എന്നപേരിൽ അദ്ദേഹം മാർത്തോമ്മാ സഭാധ്യക്ഷനായി. മാത്യൂസ് മാർ അത്തനാസ്യോസ് സഫ്രഗനുമായി. തീത്തൂസ് രണ്ടാമന്റെ കൽപ്പനപ്രകാരം

41. *മലങ്കര മാർത്തോമ്മാ സുറിയാനിസഭയുടെ കുർബാനതക്സാ,* തിരുവല്ലാ, 1942.
42. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.388-389.
43. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.389-390.
44. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.390-391.
45. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ. 49-50.

www.malankaralibrary.com

1942-ൽ പ്രസിദ്ധപ്പെടുത്തിയ തക്സാ സഭയിൽ ഉപയോഗത്തിൽ ഇരുന്നെങ്കിലും അതിന്റെ ഏതാനും ഭാഗങ്ങൾ പട്ടക്കാർ വ്യത്യാസപ്പെടുത്തി ചൊല്ലിയിരുന്നു. തുടർന്ന് സിനഡ് ഒരു തക്സാ റിവിഷൻ കമ്മറ്റിയെ വച്ചു. 1954-ൽ സിനഡിന്റെ തക്സാ എന്ന പേരിൽ പുതിയ തക്സാ പ്രസിദ്ധീകൃതമായി. 1953-ൽ തോമസ് മാർ അത്തനാസ്യോസ് (+1984), അലക്സാൺഡർ മാർ തെയോഫിലസ്(+2000), ഫിലിപ്പോസ് മാർ ക്രിസൊസ്തോം എന്നിങ്ങനെ മൂന്നു മെത്രാന്മാരെ വാഴിച്ചു. ഈ മെത്രാഭിഷേകത്തോടു കൂടിയാണ് മാർത്തോമ്മാ സഭയിലെ യാഥാസ്ഥിതികരും ഉത്പതിഷ്ണുക്കളും തമ്മിലുള്ള അഭിപ്രായവ്യത്യാസം പരസ്യമായ വിവാദമായി തീർന്നതും അവസാനം സെന്റ് തോമസ് ഇവാൻജലിക്കൽസഭ എന്ന സമൂഹം മാർത്തോമ്മാ സഭയിൽ നിന്ന് വേർപെട്ടുപോയതും. ഇതേപ്പറ്റി അടുത്ത ഭാഗത്ത് ചർച്ച ചെയ്യുന്നതാണ്.

വിവിധ വിഭാഗക്കാരെ ഒന്നിച്ചുകൂട്ടി നിർത്തത്തക്ക രീതിയിലാണ് തക്സാ കമ്മറ്റിയും മറ്റും പരിശ്രമിച്ചത്. എന്നാൽ ഏറെനാൾ അപ്രകാരം മുമ്പോട്ടുപോകാൻ സാധിക്കയില്ലെന്ന് 1953 മുതലുള്ള മാർത്തോമ്മാ സഭയുടെ ചരിത്രം തെളിയിക്കുന്നു. കുറേ അടിസ്ഥാന കാര്യങ്ങളിലെങ്കിലും ഐക്യം വേണം. വൈവിധ്യത്തിനു പരിധിയുണ്ട്. അതിനപ്പുറം പാടില്ല. അത് ഐക്യം തകർക്കും എന്ന് ഇത് പഠിപ്പിക്കുന്നു. മാർത്തോമ്മാ സഭയ്ക്ക് വളരെ പ്രയാസ മേറിയ കാലഘട്ടത്തിലാണ് മാർ യൂഹാനോൻ മാർത്തോമ്മാ സഭാശുശ്രൂഷ നടത്തിയത്. 1953-നുശേഷം പിന്നെ മെത്രാഭിഷേകം നടന്നത് 1975ലാണ്. ഈശോ മാർ തിമോതിയോസ്(+1988), ജോസഫ് മാർ ഐറേനിയോസ് എന്ന് രണ്ട് എപ്പിസ്കോപ്പാമാരെ 1975-ൽ വാഴിച്ചു.

## അലക്സാണ്ഡർ മാർത്തോമ്മാ (1976–2000 )

അദ്ദേഹം 1980-ൽ സക്കറിയാസ് മാർ തെയോഫിലസിനെയും 1989-ൽ ഗീവർഗീസ് മാർ അത്തനാസ്യോസ്, ഗീവർഗീസ് മാർ തിയഡോഷ്യസ്, യുയാക്കിം മാർ കൂറില്ലോസ് എന്നിവരെയും 1993-ൽ ജോസഫ് മാർ ബർണബാസ്, തോമസ് മാർ തിമോത്തിയോസ്, ഐസക് മാർ ഫീലക്സീനോസ് എന്നിവരെയും മെത്രാന്മാരായി വാഴിച്ചു.അതുപോലെ തൊഴിയൂസ് സഭയ്ക്കുവേണ്ടി മാത്യൂസ് മാർ കൂറില്ലോസ്, ജോസഫ് മാർ കൂറില്ലോസ് എന്നിവരെയും വാഴിച്ചു. അദ്ദേഹം നവീകരണത്തിന്റെ കനകജൂബിലി 1986 -ൽ ആഘോഷിച്ചു.(മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.54-55)

**ഫിലിപ്പോസ് മാർ ക്രിസൊസ്തോം (1999–2007)** "പ്രസാദാത്മകമാണ് മാർ ക്രിസൊസ്തോം തിരുമേനിയുടെ സ്ഥായീഭാവം...നർമം വിതറുന്ന വാക്കുകൾ സംഭാഷണങ്ങളിലും പ്രഭാഷണങ്ങളിലും പ്രസാദം വിതറുന്നു...മാർ ക്രിസൊസ്തോം ചിരിപ്പിക്കുന്നു, നാം ചിന്തിക്കുന്നു...രണ്ടാം വത്തിക്കാൻ കൗൺസിലിൽ മാർത്തോമ്മാസഭയുടെ നിരീക്ഷകനായിരുന്നു" (മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ. 399-400).

www.malankaralibrary.com

**മാർ ജോസഫ് മാർത്തോമ്മാ (2007–2020)** "ജോസഫ് മാർത്തോമ്മാ തിരുമേനി പാരമ്പര്യത്തിൽ ധന്യനും സ്വയാർജിത കഴിവുകളിൽ ധനാഢ്യനും ബന്ധങ്ങളിൽ നിപുണനും നിർമാണപ്രവർത്തനങ്ങളിൽ കർമകുശലനും നേതൃത്വത്തിൽ അനുഗൃഹീതനുമാണ്" എന്നാണ് മാർ ക്രസൊസ്തോം വലിയ തിരുമേനിയുടെ വിലയേറിയ വാക്കുകൾ (മാർത്തോമ്മാ സുറിയാനിസഭ, സഭാഡിറക്ടറി, പേ. 401-403).

**മാർ തിയഡോഷ്യസ് മാർത്തോമ്മാ (2020– )** "അറിവിന്റെയും അനുഭവത്തിന്റെയും ഉദാത്തജീവിതദർശനത്തിന്റെയും ഉടമയാണ് തിയഡോഷ്യസ് തിരുമേനി" (മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,പേ.411).

**മാർത്തോമ്മാസഭയിലെ രൂപതകൾ (2020):**

അടൂർ,

മലേഷ്യാ-ആസ്ത്രേലിയാ-സിംഗപ്പൂർ-ന്യൂസിലാൻഡ്,

ചെങ്ങന്നൂർ-മാവേലിക്കര,

നിരണം-മാരാമൺ,

റാന്നി-നിലയ്ക്കൽ,

തിരുവനന്തപുരം-കൊല്ലം,

കൊട്ടാരക്കര-പുനലൂർ,

കോട്ടയം-കൊച്ചി,

ചെന്നൈ-ബംഗലുരു,

കുന്നംകുളം-മലബാർ,

ഡൽഹി, മുംബൈ,

നോർത്ത് അമേരിക്ക-യൂറോപ്പ്.

**മാർത്തോമ്മാസഭയിലെ അധ്യക്ഷന്മാർ (2020)**

ഫിലിപ്പോസ് മാർ ക്രിസൊസ്തോം വലിയ തിരുമേനി

മാർ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ (2020– )

യുയാക്കിം മാർ കൂറില്ലോസ്

ജോസഫ് മാർ ബർണബാസ്

തോമസ് മാർ തിമോതിയോസ്

ഐസക് മാർ പീലക്സീനോസ്

ഏബ്രഹാം മാർ പൗലോസ്

മാത്യൂസ് മാർ മക്കാറിയോസ്

ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്

തോമസ് മാർ തീത്തോസ്

www.malankaralibrary.com

# 2
# മാർത്തോമ്മാ സുറിയാനിസഭ വിശ്വാസവിഷയങ്ങൾ

മാർത്തോമ്മാ സുറിയാനസഭയുടെ വിശ്വാസവിഷയങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ ഔദ്യോഗിക ഗ്രന്ഥങ്ങൾ കുറവായതിനാൽ അവ ഗ്രഹിക്കുക വിഷമമാണ്.[1] യാഥാസ്ഥികരും ഉൽപതിഷ്ണുക്കളുമടങ്ങിയ മാർത്തോമ്മാ സുറിയാനസഭ രണ്ടുവിഭാഗക്കാരെയും തൃപ്തിപ്പെടുത്തുന്നതിന് ഉതകിയ രീതിയിലാണ് ചില സംഗതികൾക്ക് രൂപം നൽകിയിരിക്കുന്നത്. 1961-ൽ സെന്റ് തോമസ് ഇവാൻജലിക്കൽസഭ എന്ന് നാമം സ്വീകരിച്ചു കൊണ്ട് ഒരു സമൂഹം മാർത്തോമ്മാസഭയിൽനിന്ന് വേർപെട്ടതിനു ശേഷം മാർത്തോമ്മാസഭയിൽ തുടരുന്നവർ സത്യവിശ്വാസ സംബന്ധമായവ പരിരക്ഷിക്കണമെന്ന് താൽപ്പര്യമുള്ളവരാണെന്ന് തോന്നുന്നു.

മലങ്കരയിലെ പുത്തൻകൂർവിഭാഗക്കാരായ യാക്കോബായക്കാർ 1815 മുതൽ ആംഗ്ലിക്കൻസഭയിലെ ലോ ചർച്ചുകാരുമായി ബന്ധത്തിൽ ഏർപ്പെട്ടതിന്റെ ഫലമായുണ്ടായതാണ് മലങ്കരയിലെ നവീകരണപ്രസ്ഥാനം. ഒരു സഹായകമിഷൻ എന്ന നിലയിലാണ് സി.എം.എസ്. മിഷണറിമാർ കോട്ടയത്തു വന്നതും യാക്കോബായാ സഭയുമായി ബന്ധപ്പെട്ടതും. അന്നുവരെ സുറിയാനിയിൽ ആയിരുന്നു ആരാധനക്രമവും വേദപുസ്തകവും. ലോ ചർച്ചുകാരുമായുള്ള ബന്ധം മൂലം പ്രോട്ടസ്റ്റന്റിസത്തിലെ പല ആശയങ്ങളും അബ്രഹാം മൽപ്പാനും മറ്റും സ്വീകരിക്കാൻ ഇടയായി. അതിന്റെ വെളിച്ചത്തിൽ മലങ്കരയിലെ യാക്കോബായാ ആരാധനക്രമത്തിലും അനുഷ്ഠാനങ്ങളിലും ഭേദഗതികൾ വരുത്തി. സി.എം. എസ്. മിഷണറിമാർക്കു പകരം ആംഗ്ലിക്കൻസഭയിലെ ഹൈ ചർച്ചുകാർ

1. K.V.Mathew, *The Faith and Practice of the Mar Thoma Church, Kottayam,1985;Mar Thoma Church Directory,cit.*

www.malankaralibrary.com

ആയിരുന്നു ഇവിടെ വന്നിരുന്നതെങ്കിൽ ഇവിടുത്തെ നവീകരണം മറ്റൊരു രീതിയിൽ ആകുമായിരുന്നു.[2]

അബ്രഹാം മൽപ്പാൻ ചില നവീകരണ പ്രബോധനങ്ങൾ സ്വീകരിച്ചു. അതിനാൽ അന്ന് ഭരിച്ചുകൊണ്ടിരുന്ന ചേപ്പാട്ട് മാർ ദിവന്നാസ്യോസ് അദ്ദേഹത്തെ മുടക്കി. മൽപ്പാന്റെ നവീകരണചിന്ത മാത്യൂസ് മാർ അത്തനാസ്യോസും തോമസ് മാർ അത്തനാസ്യോസും പൂർണമായി സ്വീകരിച്ചില്ല എന്നുവേണം കരുതാൻ. തങ്ങളാണ് യഥാർഥ യാക്കോബായക്കാർ എന്നും അതുകൊണ്ട് മലങ്കര യാക്കോബായാ സഭയെ ഭരിക്കാനുള്ള അവകാശം തങ്ങൾക്കാണെന്നും അവർ വാദിച്ചു കൊണ്ടിരുന്നു. പൂർണമായി വിവർത്തനം ചെയ്ത തക്സാ മൽപ്പാൻപോലും ഉപയോഗിച്ചിരുന്നില്ല. സുറിയാനിയിൽ നിന്ന് നവീകരണചിന്തയുടെ വെളിച്ചത്തിൽ ഭേദപ്പെടുത്തി മലയാളത്തിൽ പൊരുൾതിരിച്ച തക്സായാണ് അക്കാലത്ത് നവീകരണ വൈദികർ ഉപയോഗിച്ചുകൊണ്ടിരുന്നത്. ഇതുമൂലം പല വൈവിധ്യങ്ങൾ ഉടലെടുത്തു. മൽപ്പാന്റേതായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ആശയങ്ങൾക്ക് അന്തിമരൂപം നൽകപ്പെട്ടത് തീത്തൂസ് രണ്ടാമൻ മെത്രാപ്പോലീത്തായുടെ കാലത്താണ്. (1899–1944). 1927–ലെ തക്സാക്കമ്മറ്റി ഈ ആശയങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: ‘‘ബഹു. പാലക്കുന്നത്ത് അബ്രഹാം മൽപ്പാനച്ചൻ കൊല്ലവർഷം 1012–ൽ മാരാമണ്ണു ദേശത്തുള്ള തന്റെ ഇടവകപ്പള്ളിയിൽ തക്സാ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി കുർബാന അനുഷ്ഠിച്ചു തുടങ്ങി. കുർബാന രണ്ടായി കൊടുക്കുക എന്ന പതിവും അദ്ദേഹം ആരംഭിച്ചു. മാത്രമല്ല, അദ്ദേഹം തക്സായിൽ ചില ഭേദഗതികൾ വരുത്തുകയും ചെയ്തു. ഈ ഭേദഗതികൾ ഏവയെന്ന് തങ്ങൾക്ക് ബോധ്യമായത് താഴെ ചേർക്കുന്ന റിപ്പോർട്ടിൽ തൽകർത്താക്കൾ നൽകിയിട്ടുണ്ട്. മൽപ്പാനച്ചൻ ഉപയോഗിച്ച കൈയെഴുത്തു തക്സാ പുസ്തകം കമ്മറ്റിക്കാർക്ക് ലഭിച്ചില്ല. പിൽക്കാലത്ത് മാരാമൺ പള്ളിയിലെ അച്ചന്മാർ ഉപയോഗിച്ചിരുന്ന കൈയെഴുത്തു പ്രതികളും മറ്റും ആധാരമാക്കി കമ്മറ്റിക്കാർ ചില അനുമാനങ്ങളിൽ എത്തിയെന്നേയുള്ളു.”[3]

അതുകൊണ്ട്, അബ്രഹാം മൽപ്പാന്റേതായി 1927–ൽ ക്രോഡീകരിച്ചവ യഥാർഥത്തിൽ അദ്ദേഹം വരുത്തിയ മാറ്റങ്ങളാണോ അതോ മൽപ്പാനു ശേഷമുണ്ടായ നവീകരണചിന്താഗതിക്കാരുടെ ആശയങ്ങളാണോ, മിഷണറിമാരുടെ ആശയങ്ങളാണോ എന്ന് വേർതിരിച്ചറിയുക പ്രയാസമാണ്.

മൽപ്പാൻ തക്സായിൽ മാറ്റം വരുത്തിയെന്ന് തക്സാക്കമ്മറ്റി തീരുമാനിച്ചതും മാർത്തോമ്മാസഭ ഔദ്യോഗികമായി അംഗീകരിച്ചതുമായ സംഗതികൾ സഭയുടെ ഡിറക്ടറിയിൽ കൊടുത്തിട്ടുണ്ട്.[4]

---

2. ആംഗ്ലിക്കൻ സഭയിലെ വിവിധ വിഭാഗങ്ങളെപ്പറ്റി താഴെ ചർച്ച ചെയ്യുന്നു.
3. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,തിരുവല്ല,2015,പേ.106.
4. *Ibid.* 40-41

www.malankaralibrary.com

മൽപ്പാന്റെ നവീകരണങ്ങളെ രണ്ടായി തിരിക്കാം. ഡിറക്ടറിയിൽ അതും കൊടുത്തിട്ടുണ്ട്:(1)ദൈവശാസ്ത്രസംബന്ധമായ തിരുത്തലുകൾ. (2) ആചാരങ്ങളിൽ വരുത്തിയ ഭേദഗതികൾ.

### *1. ദൈവശാസ്ത്രസംബന്ധമായവ*

പ്രധാനമായി മൂന്നായി തിരിക്കാം. 1.വിശുദ്ധ കുർബാന ബലിയാണ് എന്ന ദൈവശാസ്ത്രചിന്തയ്ക്ക് എതിരായ നിലപാട് (ഭേദഗതി നമ്പർ 4.5.6). 2.വിശുദ്ധരോടുള്ള മാധ്യസ്ഥ്യാപേക്ഷയ്ക്ക് എതിരായ നിലപാട്(നമ്പർ 1) 3.മരിച്ചവർക്കുവേണ്ടി സഭ കഴിക്കുന്ന പ്രാർഥനയ്ക്ക് എതിരായ നിലപാട് (നമ്പർ 2).

### *2. ആചാരങ്ങളിൽ വരുത്തിയ ഭേദഗതികൾ*

1.കുർബാന രണ്ടായി കൊടുക്കണം. 2.രഹസ്യ കുമ്പസാരം വേണ്ട. 3.ധൂപക്കുറ്റി വാഴ്ത്തൽ വേണ്ട. 4.കുർബാന സ്വീകരിക്കാൻ ആളില്ലാത്തപ്പോൾ കുർബാന അർപ്പിക്കേണ്ട.

ഈ രണ്ടുതരം നവീകരണങ്ങളും കൂട്ടിക്കുഴയ്ക്കാൻ പാടില്ല. ആചാരങ്ങൾ മാറ്റങ്ങൾക്ക് വിധേയമാണ്. കാലാനുസൃതമായി മാറ്റപ്പെടേണ്ടവ തന്നെയാണ് ആചാരങ്ങൾ. എന്നാൽ അപ്രകാരമല്ല ദൈവശാസ്ത്ര തത്വങ്ങൾ. നൂറ്റാണ്ടുകളായി സാർവത്രികസഭ അംഗീകരിച്ചു വന്ന വിശ്വാസ സത്യങ്ങൾ നവീകരണത്തിന്റെ പേരിൽ തിടുക്കത്തിൽ മാറ്റിമറിച്ചത് സുവിശേഷത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ന്യായീകരിക്കാൻ സാധിക്കുമോ?

## 1836-ലെ നിവേദനം

അബ്രഹാം മൽപ്പാൻ മറ്റു ചില കത്തനാരന്മാരോടുകൂടെ 1836-ൽ മലയാളത്തിലെ പുത്തൻകൂർ സുറിയാനിക്കാരുടെ ഇടയിലെ അനാചാരങ്ങളെപ്പറ്റി ബ്രിട്ടീഷ് റസിഡന്റ് കേണൽ ഫ്രെയ്സറിന് ഒരു നിവേദനം സമർപ്പിച്ചു. അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രധാന സംഗതികൾ താഴെ പറയുന്നവയാണ്:

ചേപ്പാട്ടു മാർ ദിവന്നാസ്യോസ് ദ്രവ്യാഗ്രഹിയാണ്. ദ്രവ്യലാഭത്തിങ്കൽ വേദപുസ്തകത്തിനും കാനോനും വിരോധമായിട്ട് പ്രവർത്തിക്കുന്നു. സഭയിൽ സർവത്ര അഴിമതിയാണ്. ഓർത്തഡോക്സ് യാക്കോബായാ സുറിയാനിക്കാരുടെ സത്യവിശ്വാസത്തിൽ അപമര്യാദകൾ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു.

1. പത്തു കൽപ്പനകൾ ശരിയായിട്ടല്ല പള്ളികളിൽ പഠിപ്പിക്കുന്നത്. 2. ക്രൈസ്തവ വിശ്വാസം പഠിപ്പിക്കുന്നില്ല. 3. യാക്കോബായാ സഭയിലും ലത്തീൻരീതി അനുസരിച്ച് പ്രായമാകുമ്പോൾ മൂറോൻകൂദാശ നടത്തുന്നു. എന്നാൽ സ്നാനത്തോടുകൂടി അത് നൽകുന്നതാണ് സുറിയാനിരീതി. 4. രോഗിയെ തൈലം പൂശി അന്ത്യകൂദാശ നൽകണമെന്നത് സുറിയാനി

www.malankaralibrary.com

പാരമ്പര്യത്തിൽ ഉള്ളതല്ല. 5. ശരിയായ ഒരുക്കവും അനുതാപവും കൂടാതെ പട്ടക്കാരുടെ പക്കൽ കുമ്പസാരിച്ച് കുർബാന സ്വീകരിക്കുന്നതും അതിനായി പണം കൊടുക്കുന്നതും ശരിയല്ല. 6. കുമ്പസാരിക്കുന്ന ജനങ്ങൾക്ക് പ്രായശ്ചിത്തമായി പിതാക്കന്മാർ പ്രാർഥനകളാണ് നിശ്ചയിച്ചിരുന്നത്. എന്നാലിന്ന് വെളിച്ചെണ്ണ, കുന്തുരുക്കം, മെഴുകുതിരി ആദിയായ വസ്തുക്കൾ ആവശ്യപ്പെടുന്നു. 7. ഞായറാഴ്ചദിവസം ഭക്തിരഹിതമായി വിശുദ്ധ കുർബാന അനുഷ്ഠിക്കുന്നു. പ്രഭാതപ്രാർഥനയും വേദപുസ്തക പാരായണവും അന്നു നടക്കുന്നില്ല. പള്ളിയിൽ വരുന്നവർ അവിടെയും ഇവിടെയും കൂട്ടംകൂടി നിന്ന് നാട്ടുവർത്തമാനം പറഞ്ഞ് സമയം കളയുന്നു. കത്തനാരന്മാരും അതുപോലെ വ്യാപരിക്കുന്നു. 8. ദുഃഖവെള്ളിയാഴ്ചയും പെരുന്നാൾ ദിവസങ്ങളിലും പല അനാചാരങ്ങളും നടപ്പിലുണ്ട്.9.വൈദികർ വചന ശുശ്രൂഷയിൽ മുഴുവനായി ഏർപ്പെട്ടിരിക്കാതെ ലൗകിക കാര്യങ്ങളിൽ മുഴുകിയിരിക്കുന്നു. 10. വഴക്കുകൾ തീർക്കുന്നതിന് ഞായറാഴ്ച ദിവസം തെരഞ്ഞെടുക്കുന്നു. ജനങ്ങൾ ജോലിവേലകളിൽ ഏർപ്പെടുന്നു. 11. ശരിയായ യോഗ്യതയില്ലാത്തവർക്ക് പട്ടം കൊടുക്കുന്നു. 12. പ്രായം കുറഞ്ഞവർക്ക് കത്തനാരുപട്ടം കൊടുക്കുന്നു. 13. വിശുദ്ധരുടെ പെരുന്നാൾ ആഘോഷവേളകളിൽ പള്ളികളിൽ നിരവധി അനാചാരങ്ങൾ നടന്നു വരുന്നു. 14. നെസ്തോറിയൻ വിശുദ്ധരെ (ഉദാ. മാർ മാറി) ബഹുമാനിക്കുന്നു. 15. പള്ളിയിലെ ധർമ മുതൽ വൈദികവിദ്യാഭ്യാസം ആദിയായ ആത്മീയ സംഗതികൾക്ക് ഉപയോഗിക്കാതെ ലൗകിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. 16. ചില പട്ടക്കാർ ദുരാചാരങ്ങൾക്കും ദുർനടപടികൾക്കും വിധേയരാണ്. 17. എട്ടുനോമ്പാചരണത്തിന് കൊന്തനമസ്കാരം നടത്തുന്നു. ശരിയായ ഭക്തിയില്ലാത്ത പലതും അതുമായി ബന്ധപ്പെട്ടു നടക്കുന്നു. 18. നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ രാത്രിയിലെ തീ ഉഴലിച്ച ശുശ്രൂഷ സുറിയാനി ക്രമത്തിലില്ല. അത് നിർത്തലാക്കണം. 19. ദനഹായിലെ രാക്കുളി ആദിയായവ സുറിയാനി ക്രമത്തിൽ കാണുന്നില്ല. 20. വലിയനോമ്പ് ലത്തീൻരീതി അനുസരിച്ച് വിഭൂതി ബുധനാഴ്ചത്തെ ചാരം പൂശലോടുകൂടി ആരംഭിക്കുന്നത് സുറിയാനി രീതിയല്ല. 21. പെസഹാ വ്യാഴാഴ്ചത്തെ ഇണ്ടറി അപ്പവും ശർക്കര വെള്ളവും മണ്ടകയും സുറിയാനി പാരമ്പര്യത്തിലില്ല. 22. മരിച്ചവർക്കു വേണ്ടിയുള്ള ശേഷകർമങ്ങൾ സുറിയാനി പാരമ്പര്യത്തിലില്ല. 23. വിശുദ്ധരുടെ തിരുശേഷിപ്പിനെ മദ്ബഹായിൽ വച്ചു വണങ്ങുന്നു. 24. മുടക്കപ്പെട്ടവരുടെ കാര്യം മെത്രാന്മാർ കൂടി പരിഗണിക്കുന്നില്ല.[5]

സങ്കടഹർജിക്കാർ ഉടനീളം വേദപുസ്തകമുറയും കാനോനും പരാമർശവിധേയമാക്കുന്നു. അന്ത്യോക്യൻ പാരമ്പര്യത്തിൽ മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തവയാണ് ഇവയെല്ലാം എന്നാണ് ഹർജിക്കാരുടെ പരാതി. ബാവാമാർ നിശ്ചയിച്ചിട്ടുള്ളതിനെയും പരാമർശിക്കുന്നു. 1836-ലാണ് ഈ അപേക്ഷ അയക്കുന്നത്. അന്നും പല ലത്തീൻ ആചാരങ്ങളും യാക്കോ

5. *Ibid.*64 -68.

www.malankaralibrary.com

ബായാ സഭയിൽ നിലനിന്നിരുന്നു എന്ന് ആ അപേക്ഷ വ്യക്തമാക്കുന്നു.[6] നീക്കേണ്ട പല സംഗതികളും മൽപ്പാൻ ചൂണ്ടിക്കാണിച്ചു. എന്നാൽ ചൂണ്ടിക്കാണിക്കപ്പെട്ട പലതും ആംഗ്ലിക്കൻ ചിന്താഗതിയുമായി പൊരുത്തപ്പെടാത്ത ഓർത്തഡോക്സ് ആചാരങ്ങൾ തന്നെ ആയിരുന്നു.

സുറിയാനി സഭാകാര്യങ്ങളിൽ ഇടപെടാൻ റസിഡന്റ് കൂട്ടാക്കിയില്ല. അതുകൊണ്ട് നിവേദനത്തിന് ഫലമുണ്ടായില്ല. എന്നാൽ മൽപ്പാനും സമാനചിന്താഗതിക്കാരായ മറ്റു കത്തനാരന്മാരും ഏതുവഴിക്കാണ് ചിന്തിച്ചിരുന്നതെന്നു ഗ്രഹിക്കാൻ ഈ രേഖ സഹായിക്കും. ഇവിടുത്തെ യാക്കോബായാ സഭയിൽ സത്യവിശ്വാസത്തിനു വിരുദ്ധമായ സംഗതികൾ നിലനിൽക്കുന്നെന്നു പറഞ്ഞ് കാനോനേയും ബാവാമാരേയും പരാമർശിച്ച മൽപ്പാനും കൂട്ടരും ലോ ചർച്ചുകാരായ ആംഗ്ലിക്കൻ മിഷണറിമാരുടെ വിശ്വാസ വിഷയങ്ങളുമായി യോജിച്ചുപോകത്തക്ക വിധത്തിൽ കൂദാശക്രമത്തിലും പ്രാർഥനക്രമത്തിലും മാറ്റങ്ങൾ വരുത്തുകയാണ് ചെയ്തത്. പ്രസ്തുത മാറ്റങ്ങൾ സഭയുടേതായി 1927-ലെ മാർത്തോമ്മാ ആലോചനാ സമിതി അംഗീകരിച്ചതിനാൽ അവ അവരുടേതായി പരിഗണിക്കാവുന്നതാണ്.

## അടിസ്ഥാനവിശ്വാസം

മാർത്തോമ്മാ സഭയിലെ വിശ്വാസവിഷയങ്ങൾക്ക് ആധാരം വേദപുസ്തകവും നിഖ്യാവിശ്വാസപ്രമാണവുമാണ്. മാർത്തോമ്മാസഭയുടെ ഭരണഘടനയിൽ ഇപ്രകാരം കാണുന്നു:[7]

"മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനിസഭ അംഗീകരിച്ചിരിക്കുന്നവയായി സകല വൈദിക വിഷയങ്ങൾക്കും ആധാരമായ 66 പുസ്തകങ്ങൾ അടങ്ങിയിരിക്കുന്ന പഴയ പുതിയ നിയമങ്ങൾ എന്ന വേദപുസ്തകവും വേദാനുസരണം സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിഖ്യാവിശ്വാസപ്രമാണവും യാതൊരു പ്രകാരത്തിലും യാതൊരുത്തരാലും ഭേദപ്പെടുവാൻ പാടില്ലാത്തതും, ശെമ്മാശ്ശസ്ഥാനം, കശീശാസ്ഥാനം, മെത്രാൻസ്ഥാനം എന്നീ വൈദിക സ്ഥാനങ്ങളെയും പള്ളിപ്രതിഷ്ഠ, വി. മാമോദീസാ, വി. കുർബാന, വിശുദ്ധ വിവാഹം, രോഗികളെ സംബന്ധിച്ചുള്ള പ്രാർഥനാശുശ്രൂഷ, ശവസംസ്കാര ശുശ്രൂഷ എന്നീ കർമാചാരങ്ങളെയും, ഞായറാഴ്ച, നോമ്പ്, മാറാനായ പെരുന്നാളുകൾ എന്നിവയുടെ ആചാരങ്ങളെയും ഒരു കാലത്തും നിർമൂലനം ചെയ്യാൻ പാടില്ലാത്തതുമാകുന്നു."

6 പ്രായമാകുമ്പോൾ മൂറോൻ കൂദാശ നൽകുന്നത്, കൊന്തനമസ്കാരം ചൊല്ലുന്നത്,വിഭൂത ബുധനാഴ്ച ആചരണം എന്നിവ ലത്തീൻ രീതികളാണ്. 1836-ലും ഇവയൊക്കെ മലങ്കര യാക്കോബായാ സഭയിൽ നിലനിന്നവയാണ്.

7. മലങ്കര മാർത്തോമ്മാ സുറിയാനിസഭാ ഭരണഘടന, തിരുവല്ലാ, 1977, പേ.1-2.

www.malankaralibrary.com

## വിലയിരുത്തൽ

സഭാപാരമ്പര്യത്തിൽ നിന്ന് നിഖ്യാവിശ്വാസപ്രമാണം സ്വീകരിച്ചിട്ടുണ്ട്. അന്ത്യോക്യൻ യാക്കോബായാ സഭയിൽ നിലനിന്ന രീതിയിൽ ആചാരാനുഷ്ഠാനങ്ങൾ ഭേദഗതികളോടെ സ്വീകരിച്ചു. വേദപുസ്തകം മാത്രമാണ് വിശ്വാസവിഷയങ്ങൾക്ക് ആധാരമെന്ന് ഭരണഘടനയിൽ പറഞ്ഞിട്ടില്ല. സഭയിലെ പാരമ്പര്യങ്ങൾക്കെതിരായ ഒരു നിലപാടും അവർ ഔദ്യോഗികമായി സ്വീകരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഭരണഘടന മൂന്നാം നമ്പറിൽ കൊടുത്തിരിക്കുന്നവയാണ് ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നത്.

നൂറ്റാണ്ടുകൾ കൊണ്ട് ക്രൈസ്തവസഭ വളർന്നു. ഈ വളർച്ചയിൽ നേട്ടങ്ങളും കോട്ടങ്ങളുമുണ്ടായി. ചില ക്രൈസ്തവസമൂഹങ്ങൾ ഏതെങ്കിലുമൊരു സംഗതി ഊന്നിപ്പറയുമ്പോൾ, മറ്റു ചിലർ വേറേ ചില ഘടകങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. എന്നാൽ എല്ലാ നല്ല വികാസങ്ങളും ക്രൈസ്തവസഭയ്ക്ക് പൊതുവാണ്. സഭയിലെ നല്ല ഘടകങ്ങളൊന്നും തന്നെ ഒരു ക്രൈസ്തവസമൂഹത്തിനും തള്ളിക്കളയാൻ ആകില്ല. എന്നാൽ ചില ക്രൈസ്തവസമൂഹങ്ങൾ മറ്റുള്ളവയിൽ നിന്നകന്ന് ഏകപക്ഷീയമായി പല സംഗതികളും വളർത്തിയെടുത്തിട്ടുണ്ട്. ചില കാര്യങ്ങളിൽ അവയ്ക്ക് പാളിച്ചകളും സംഭവിച്ചിട്ടുണ്ട്.

പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യസഭയിൽ ഉടലെടുത്ത പ്രോട്ടസ്റ്റൻന്റ് നവീകരണത്തിന് ഒരു ചരിത്രപശ്ചാത്തലമുണ്ടായിരുന്നു. അന്നത്തെ പാശ്ചാത്യസഭയിലെ ആചാരാനുഷ്ഠാനങ്ങളിൽ സുവിശേഷവിരുദ്ധമായ പല ഘടകങ്ങളും കടന്നുകൂടി. അവ നീക്കം ചെയ്യാൻ നവീകരണക്കാർ പരിശ്രമിച്ചതിനിടയിൽ നൂറ്റാണ്ടുകളായി ക്രൈസ്തവ ലോകത്തു നിലനിന്ന പല നല്ല വിശ്വാസങ്ങളും ആചാരങ്ങളും നീക്കപ്പെട്ടു. പ്രോട്ടസ്റ്റന്റിസത്തിന് പല നല്ല അംശങ്ങളും ചൂണ്ടിക്കാണിക്കാൻ സാധിക്കുമെങ്കിലും, അടിസ്ഥാനപരമായ ഈ പാളിച്ച അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നുവന്ന ആംഗ്ലിക്കൻ ലോ ചർച്ച് (സി.എം.എസ്.) മിഷണറിമാരുടെ സ്വാധീനത്തിൽ മാറ്റിക്കളഞ്ഞ ആചാരങ്ങളോടൊപ്പം ചില നല്ല പാരമ്പര്യങ്ങളും ക്രൈസ്തവ പ്രബോധനങ്ങളും മാർത്തോമ്മാക്കാർക്കു നഷ്ടപ്പെട്ടു. അതുമൂലം അവികലവും പൂർണവുമായ ക്രൈസ്തവ ജീവിതത്തിനും പ്രബോധനത്തിനും അവർ അവകാശികൾ അല്ലാതായി. നവീകരണക്കാരുടെ ചിന്താധാര അവരും സ്വന്തമാക്കി. ആംഗ്ലിക്കൻ സഭവഴി അവരും പാശ്ചാത്യസഭയുടെ സ്വാധീനത്തിൽ വന്നു. അക്കാരണത്താലാണ് വേദപുസ്തകവും നിഖ്യാ വിശ്വാസപ്രമാണവും മാത്രം വിശ്വാസത്തിന് അടിസ്ഥാനമായി അവർ സ്വീകരിച്ചത്.

### 1. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർഥന

മാർത്തോമ്മാസഭ ഔദ്യോഗികമായി മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുന്നില്ല. എന്നാൽ വ്യക്തികൾ എന്ന നിലയിൽ പ്രാർഥിക്കുന്നത് തടയുന്നില്ല.

www.malankaralibrary.com

മാർത്തോമ്മാസഭയിൽ ധാരാളമാളുകൾ തങ്ങളുടെ മരിച്ചവർക്കുവേണ്ടി വി. കുർബാന അർപ്പിക്കുന്നതായറിയാം. അവർ മരിച്ചവരെ ഓർത്ത് പ്രാർഥിക്കുന്നുമുണ്ട്.

ക്രൈസ്തവസഭ ആരംഭം മുതൽ മരിച്ചവരെ ഓർക്കുകയും അവർക്കുവേണ്ടി കുർബാന അർപ്പിക്കുകയും ദാനധർമങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു.[8] എല്ലാ അപ്പസ്തോലിക സഭകളിലെയും കുർബാന ക്രമങ്ങൾ, ശവസംസ്കാരക്രമങ്ങൾ മറ്റു കൂദാശക്രമങ്ങൾ എന്നിവയിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളുണ്ട്. പൗരസ്ത്യസുറിയാനിസഭ, യാക്കോബായാസഭ, ഗ്രീക്കുസഭകൾ, ലത്തീൻസഭകൾ തുടങ്ങി എല്ലാ അപ്പസ്തോലിക സഭകളും ഇന്നും മരിച്ചവരെ ഓർക്കുന്നു. പ്രാചീന ശ്മശാന ലിഖിതങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു. വിശുദ്ധ പിതാക്കന്മാരും മൽപ്പാന്മാരും ഇതിനു സാക്ഷികളാണ്. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർഥനകളോട് ബന്ധപ്പെട്ട് ചില അനാചാരങ്ങൾ 16-ാം നൂറ്റാണ്ടിലെ ലത്തീൻസഭയിൽ കടന്നുകൂടിയപ്പോൾ മാർട്ടിൻ ലൂഥർ അതിനെതിരെ രംഗത്തുവന്നു. അതിനുശേഷം മിക്ക നവീകരണസഭകളും ഇതിനെതിരെയുള്ള നിലപാടു സ്വീകരിച്ചു. എന്നാൽ ആംഗ്ലിക്കൻ സഭയിലെ ഹൈ ചർച്ചുകാർ ഇപ്പോഴും മരിച്ചവരെ ഓർത്തു പ്രാർഥിക്കുന്നു.

സി.എം. എസ്. മിഷണറിമാരുടെ സ്വാധീനത്തിൽപ്പെട്ട് മലങ്കരയിലെ പുരാതന തക്സായിൽ നിന്നും കൂദാശക്രമങ്ങളിൽ നിന്നും നവീകരണക്കാർ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകൾ നീക്കിക്കളഞ്ഞു. അങ്ങനെയാണ് മരിച്ചവർക്കുവേണ്ടി പ്രാർഥിക്കാത്ത കുർബാനക്രമവും ശവസംസ്കാര ക്രമവും മറ്റു ക്രമങ്ങളും മലങ്കര മാർത്തോമ്മാ സഭയിൽ ഉണ്ടായത്. അത് പ്രാചീന പാരമ്പര്യത്തിൽ നിന്നുള്ള വ്യതിചലനമാണ്. നവീകരണത്തിന്റെ പേരിൽ നടത്തിയ ഈ പരിഷ്കാരം പരിതാപകരമായ ഒരു മാർഗഭ്രംശമായിപ്പോയി.

സഭ വിശുദ്ധരുടെ കൂട്ടായ്മയത്രേ. ഈ ലോകത്തിൽ നിന്ന് വേർപിരിഞ്ഞതു കൊണ്ട് ഒരു വ്യക്തിയും കൂട്ടായ്മയിൽനിന്ന് ബഹിഷ്കൃതനാകുന്നില്ല. ഭൂമിയിൽ ജീവിക്കുന്നവരും മരിച്ചു കടന്നു പോയവരും ഒരേ സഭയുടെ അംഗങ്ങളായി ദൈവസന്നിധിയിൽ ജീവിക്കുന്നു. പ്രാർഥന വഴി പരസ്പരം സഹായിക്കാൻ സഭാംഗങ്ങൾ ബാധ്യസ്ഥരാണ്. ശ്ലൈഹികമായ നിർദേശവും ഇക്കാര്യത്തിനുണ്ട്. ഈ ഭൂമിയിൽ ജീവിക്കുന്നവരും ഇവിടെനിന്ന് കടന്നുപോയവരും തമ്മിലുള്ള ഐക്യത്തെ സംബന്ധിച്ചുള്ള അവബോധം സഭയിൽ എന്നുമുണ്ടായിരുന്നു. അതുകൊണ്ടാണ് എല്ലാ സഭകളുടെയും ആരാധനക്രമത്തിലും മറ്റു ശുശ്രൂഷകളിലും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർഥനകൾക്ക് സ്ഥാനം നൽകിയിട്ടുള്ളത്. മരിച്ചവർക്കുവേണ്ടി ചെയ്യാവുന്ന ഏറ്റവും ശ്രേഷ്ഠമായ കാര്യമാണ് ക്രിസ്തുവിന്റെ ബലിയുടെ

8. രണ്ടാം വത്തിക്കാൻ സൂനഹദോസ്,തിരുസഭ,നമ്പർ,50.

www.malankaralibrary.com

കൗദാശിക പുനരാവിഷ്കരണമായ വിശുദ്ധ കുർബാനയുടെ അർപ്പണം. നവീകരണത്തിന്റെ പേരിൽ പ്രോട്ടസ്റ്റന്റു സഭകൾ ഇത് നീക്കിക്കളഞ്ഞത് വലിയൊരു കുറവായിട്ടേ ആദിമസഭാ പാരമ്പര്യത്തിന്റെ ദൃഷ്ടിയിൽ കാണാനാവൂ. അനാചാരങ്ങളോടൊപ്പം കാതലായ സംഗതിയും ആരാധന ക്രമത്തിൽ നിന്ന് നീക്കിക്കളഞ്ഞത് വളർച്ചയല്ല, തളർച്ചയാണ്; സാർവത്രിക സഭയുടെ പാരമ്പര്യത്തിൽനിന്നുള്ള അകന്നു പോകലുമാണ്.

ക്രൈസ്തവർ മാത്രമല്ല, യഹൂദരും ഹൈന്ദവരും മുസ്ലീങ്ങളും മറ്റു മതവിശ്വാസികളും മരിച്ചവരെ ഓർത്തു പ്രാർഥിക്കുന്നവരാണല്ലോ. മനുഷ്യന്റെ ഉള്ളിലുള്ള ശ്രേഷ്ഠമായ ഒരു ചിന്തയാണ് പരേതരെ സ്നേഹ പൂർവം ഓർക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യുക എന്നത്. അതു കൊണ്ടാണ് ക്രൈസ്തവസഭ ശ്രേഷ്ഠമായ രീതിയിൽ ശവസംസ്കാര ക്രമ ങ്ങൾ രൂപീകരിച്ചിരിക്കുന്നത്. അങ്ങനെ രൂപീകരിക്കപ്പെട്ടതാണ് അന്ത്യോ ക്യൻ ക്രമങ്ങൾ. അതിൽ തിരുത്തലുകൾ വരുത്തി, സംസ്കരിക്കപ്പെടുന്ന ആളിനുവേണ്ടി പ്രാർഥിക്കാതെ, ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കു ന്നവർക്കു വേണ്ടി പ്രാർഥിക്കുന്നതാക്കിയിരിക്കുന്നതിന്റെ യുക്തിഭംഗം വ്യക്തമാണല്ലോ.

സഭ തന്റെ മരിച്ചവരെ നിരന്തരം ഓർക്കുന്നു. നമുക്ക് സമാശ്വാസം തരുന്ന മഹാസംഗതിയാണിത്. നാം കടന്നുപോയാലും ദൈവത്തിന്റെ സഭ നമ്മെ ഓർത്തു പ്രാർഥിക്കും എന്നത് ആശ്വാസകരമാണ്. മരിച്ചു പോയാലും നാമാരും അനാഥരല്ല. നാം ഉൾപ്പെട്ടിരിക്കുന്ന കർതൃശരീരമായ സഭ നമുക്കുവേണ്ടി നിരന്തരം പ്രാർഥിക്കുന്നു.

## 2. വിശുദ്ധരുടെ മാധ്യസ്ഥ്യാപേക്ഷ

സഭ വിശുദ്ധരുടെ സമൂഹമാണ്. വിശ്വാസികൾ എല്ലാവരും സഭയുടെ വിശുദ്ധിയിൽ പങ്കുകൊള്ളുന്നവരത്രേ. എല്ലാ വിശുദ്ധിയുടെയും ഉറവിടം ദൈവമാണ്. തന്റെ ഏകജാതൻ വഴിയാണ് ദൈവം നമ്മെ വിശുദ്ധീകരിക്കു ന്നതും നമുക്ക് രക്ഷ പ്രദാനം ചെയ്യുന്നതും. ആകാശത്തിനും ഭൂമിക്കു മിടയിൽ മനുഷ്യരക്ഷയ്ക്കായി യേശുക്രിസ്തുവിന്റെ നാമമല്ലാതെ മറ്റൊരു നാമവും ദൈവം തന്നിട്ടില്ല (നടപടി, 4,12).

സഭാംഗങ്ങളെല്ലാവരും മാമോദീസാ വഴി ശിരസ്സായ മിശിഹായോട് ബന്ധിതരായിരിക്കുന്നു. ഒരേ ജീവരക്തം ശിരസ്സിലും അവയവങ്ങളിലും ഒഴുകുന്നു. ഒരേ ചൈതന്യം ശിരസ്സിനെയും അവയവങ്ങളെയും നയിക്കുന്നു. ഈ ഭൂമിയിൽ വിപ്രവാസത്തിൽ കഴിയുന്നവരും ക്രിസ്തുവിലുള്ള പ്രത്യാശ യിൽ നിദ്രപ്രാപിച്ച് ഈ ലോകത്തിൽ നിന്നു കടന്നുപോയി ദൈവസമക്ഷം ജീവിക്കുന്നവരുമെല്ലാം ഈ ഏകശരീരത്തിലെ അംഗങ്ങൾ തന്നെ. യൂദനാ യാലും വിജാതിയനായാലും യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷി ക്കുകയും അവനിൽ വിശ്വസിച്ച് സ്നാനം സ്വീകരിക്കുകയും ചെയ്താൽ, ഈ ഏകശരീരത്തിലെ അംഗമാകും. ശിരസ്സും അവയവങ്ങളും തമ്മിലുള്ള

www.malankaralibrary.com

ബന്ധം സുദൃഢമാണ്. മുന്തിരിവള്ളിയും ശാഖകളും തമ്മിലുള്ള ബന്ധത്തോടാണല്ലോ കർത്താവ് ഈ ബന്ധത്തെ ഉപമിക്കുക. ഈ ഏകശരീരത്തിലെ അംഗങ്ങൾ യേശുക്രിസ്തുവും തന്റെ പരിശുദ്ധാത്മാവും വഴി പരസ്പരം ബന്ധിതമായിരിക്കുന്നു.

പരസ്പരം പ്രാർഥിക്കാൻ കർത്താവ് കൽപ്പിച്ചിരിക്കുന്നു. കർത്താവു തന്നെയും പത്രോസിനു വേണ്ടിയും ശിഷ്യർക്കെല്ലാവർക്കു വേണ്ടിയും തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടിയും പ്രാർഥിക്കുന്നു (ലൂ.22,31-32; യോഹ. 17,6ff.). അവിടുന്ന് സ്വർഗത്തിൽ മനുഷ്യകുലത്തിനുവേണ്ടി നിത്യമായ ആരാധന അർപ്പിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായും പരസ്പരമുള്ള പ്രാർഥനയെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു (എഫേ.6,18-19). ഇതുതന്നെ വിശുദ്ധ യാക്കോബു ശ്ലീഹായും പഠിപ്പിക്കുന്നു (5,16). പാപികളുടെ പ്രാർഥനയ്ക്ക് ഫലമുണ്ടാകുമെങ്കിൽ, മരിച്ച് ദൈവസമക്ഷം ജീവിച്ചിരിക്കുന്നവരുടെ പ്രാർഥന തികച്ചും ഫലദായകമാണ്.

എല്ലാ പുരാതന ക്രൈസ്തവസഭകളും വിശുദ്ധരുടെ മാധ്യസ്ഥ്യത്തിൽ വിശ്വസിച്ചിരുന്നു. ഇപ്പോഴും വിശ്വസിക്കുന്നു. എല്ലാ പുരാതന കുർബാന ക്രമങ്ങളും കൂദാശക്രമങ്ങളും പ്രാർഥനക്രമങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു. പുരാതന ശ്മശാനലിഖിതങ്ങളും ഇത് തെളിയിക്കുന്നു. പതിനാറാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റ് നവീകരണത്തോടു കൂടിയാണ് ഈ പാരമ്പര്യത്തെ കുറേപ്പേർ എതിർക്കാൻ തുടങ്ങിയത്. എന്നാൽ പ്രോട്ടസ്റ്റന്റുകാരിൽ പെട്ട ആംഗ്ലിക്കൻ ഹൈ ചർച്ചുകാർ ഇപ്പോഴും വിശുദ്ധരുടെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നു.

സി.എം.എസ്.മിഷണറിമാരുടെ സ്വാധീനത്തിൽ പെട്ടാണ് മാർത്തോമ്മാ സഭ ഔദ്യോഗികമായി മധ്യസ്ഥപ്രാർഥന നിരാകരിച്ചത്. എന്നാൽ വ്യക്തികൾക്ക് ഈ വിഷയത്തിൽ സ്വാതന്ത്ര്യമുണ്ട്. വ്യക്തികൾ രഹസ്യമായി പ്രാർഥിക്കുന്നതിന് സഭ എതിരല്ല. വി.കുർബാനയിൽ നിന്നും കൂദാശക്രമങ്ങളിൽ നിന്നും പരിശുദ്ധ കന്യകാമാതാവിനോടും വിശുദ്ധരോടുമുള്ള മധ്യസ്ഥപ്രാർഥനകളെല്ലാം മാർത്തോമ്മാസഭ നീക്കിക്കളഞ്ഞു. വി. കുർബാന പരസ്യമായി ആരംഭിക്കുന്ന ഭാഗത്തുള്ള സുറിയാനിയുടെ വിവർത്തനം പോലും നവീകരണ ചിന്തയ്ക്ക് അനുസൃതമാകാൻ വേണ്ടി തെറ്റായിട്ടാണ് കൊടുത്തിരിക്കുന്നത്. അതിന്റെ ശരിയായ വിവർത്തനം:[9]

‘‘നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമോദീസാ നൽകിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. ഞങ്ങളെ അനുഗ്രഹിക്കണമെ.’’

9. ''മറിയാം ദീലേസോക്, യൂഹാനോൻ ദാമ്ദോക്,ഹേനൂൻ നെഹവൂൻ ലോക് മ്പീസോനേ ഹലോപായ്ൻ,എസ്രാഹം അലൈൻ.’’

www.malankaralibrary.com

മാർത്തോമ്മാ തക്സായിൽ കാണുന്ന വിവർത്തനം:

"മറിയാമിൽ നിന്നു ജഡം ധരിക്കുകയും യോഹന്നാനോട് മാമോദീസാ കൈക്കൊള്ളുകയും ചെയ്ത ഞങ്ങളുടെ കർത്താവേശുമിശിഹായേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ".[10]

ഈ മലയാള വിവർത്തനത്തിന്റെ സുറിയാനി അന്ത്യോക്യൻ സഭയിലെ ഒരൊറ്റ സുറിയാനി പുസ്തകത്തിൽ പോലും കാണുകയില്ല. എന്നാൽ കേരളത്തിൽ തയാറാക്കിയ ഒരു കൈയെഴുത്തുപ്രതിയിൽ കാണാനിടയായി.[11] മാർത്തോമ്മാസഭ പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ മധ്യസ്ഥാപേക്ഷയ്ക്കെതിരായി പ്രാചീന തക്സായിൽ ഈ രീതിയിൽ തിരുത്തലുകൾ വരുത്തി. ലോകത്തിലുള്ള എല്ലാ പുരാതന അപ്പസ്തോലിക സഭകളും മധ്യസ്ഥാപേക്ഷയിൽ വിശ്വസിക്കുന്നവരാണ്. സഭയുടെ പുരാതന വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച്, തെറ്റായ വിവർത്തനം നൽകി ആരാധന ക്രമത്തെ ത്തന്നെ മാർത്തോമ്മാസഭ വികലമാക്കിയതിനെ കുറിച്ചും പുനർവിചിന്തനം നടത്തേണ്ടതുണ്ട്.

## 3. വി.കുർബാന

വി.കുർബാനയെ സംബന്ധിച്ച് നൂറ്റാണ്ടുകളായി ക്രൈസ്തവ സഭകൾക്ക് ഉണ്ടായിരുന്ന ധാരണകൾ കാൽവിനിസത്തിന്റെ വെളിച്ചത്തിൽ ആംഗ്ലിക്കൻസഭ തിരുത്തിക്കുറിച്ചു. കുർബാനയിൽ ക്രിസ്തുവിന്റെ യഥാർഥ സാന്നിധ്യം, കുർബാന ബലിയാണെന്ന വസ്തുത, എന്നിവ അവർ നിഷേധിച്ചു. ഇത്തരം ചിന്തകൾ കൂടുതലായി സ്വന്തമാക്കിയവരായിരുന്നു ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ചുകാർ. പ്രസ്തുത വിഭാഗത്തിൽ നിന്നുള്ള സി.എം.എസ്സുകാരുടെ സ്വാധീനത്തിൽ വന്ന നവീകരണ യാക്കോബായക്കാർ കുർബാന ബലിയാണ് എന്ന് സ്പഷ്ടമായി പ്രഖ്യാപിക്കുന്ന ഭാഗങ്ങളെല്ലാം അന്ത്യോക്യൻ കുർബാനക്രമത്തിൽ നിന്ന് നീക്കിക്കളഞ്ഞു.[12]

അബ്രഹാം മൽപ്പാന്റേതായി അറിയപ്പെടുന്ന നവീകരണങ്ങൾ താഴെ പറയുന്നവയാണ്:

1. "സർവലോകത്തിലുമുള്ള നിന്റെ വിശുദ്ധ സഭയ്ക്കുവേണ്ടി രക്തം കൂടാതെ ഈ *ബലിയെ* നിനക്ക് ഞങ്ങൾ അണയക്കുന്നു " എന്ന പ്രാർഥന "കർത്താവേ,...സഭയ്ക്കുവേണ്ടി ഈ *പ്രാർഥനയെ* ഞങ്ങൾ അണയ്ക്കുന്നു" എന്നാക്കി.

---

10. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ കുർബാനതക്സാ, പേ.16.
11. Archbishop's Library,Trivandrum,No.364:The Mar Thoma Missal, p.107(manuscript)."മോറാൻ യേശുമിശിഹാ ദെസ്ബസർ മെൻ മറിയം വെസ്അമാദ് ബ്യൂഹാനോൻ എസ്റാഹം അലൈൻ".
12. മാർത്തോമ്മാ സുറിയാനിസഭ,സഭാഡിറക്ടറി,തിരുവല്ല,2015,പേ.106-117.

www.malankaralibrary.com

2. "*ജീവനുള്ള ബലിയെ...* അണയ്ക്കുന്നു" എന്നത് "കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലിയെ അണയ്ക്കുന്നു " എന്നാക്കി.

3. "ഈ കുർബാന ...*ബലിയും* സ്തോത്രവുമാകുന്നു" എന്നുള്ള പ്രഖ്യാപനം നീക്കിക്കളഞ്ഞു.

വി. കുർബാന സംബന്ധിച്ച് മാർത്തോമ്മാസഭയുടെ ഉപദേശങ്ങൾ വിശദീകരിക്കാൻ കൊല്ലവർഷം 1099-ൽ ഒരു കമ്മറ്റിയെ നിയമിച്ചു. 1100-ൽ കൂടിയ കമ്മറ്റി തയാറാക്കിയ റിപ്പോർട്ടിന്റെ ചില ഭാഗം താഴെ ചേർക്കുന്നു:[13]

"വിശുദ്ധ കുർബാനയെപ്പറ്റി ക്രിസ്തുസഭാശാഖകളിൽ വിവിധങ്ങളും ഭിന്നങ്ങളുമായ പലേ വിശ്വാസങ്ങളും അഭിപ്രായങ്ങളുമുള്ളതായി ഏവർക്കും അറിവുള്ളതാണല്ലോ.നിർഭാഗ്യവശാൽ ഇവയെല്ലാം നിർദോഷങ്ങളായി ഗണിക്കുന്നതിന് നിവൃത്തിയില്ലാതെയാണിരിക്കുന്നത്. ദോഷങ്ങളായ അമിതാഭിപ്രായങ്ങളെ നിഷേധിച്ചുകൊണ്ട് ഏറെക്കുറെ സ്വാതന്ത്ര്യം അനുവദിക്കുന്ന നയമത്രേ ഈ വിഷയത്തിൽ നാം അനുഷ്ഠിക്കേണ്ടത്... നമ്മുടെ സഭാംഗങ്ങളുടെ ഇടയിൽ കുർബാനയെപ്പറ്റി ഒരേ അഭിപ്രായവും വിശ്വാസവുമേ ആകാവൂ എന്ന് ശഠിക്കേണ്ട ആവശ്യമില്ല...."

തക്സാക്കമ്മറ്റി കൊല്ലവർഷം 1102-ൽ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കട്ടെ:

1."കർത്താവിന്റെ തിരുശരീരരക്തങ്ങൾ, ശുദ്ധീകരിക്കപ്പെടുന്ന അപ്പവീഞ്ഞുകൾ വഴിയായി ആരാധകരുടെ മധ്യേ സന്നിഹിതമാകുന്നു എന്നും, അങ്ങനെ സന്നിഹിതമാകുന്നില്ല എന്നുമുള്ള രണ്ടഭിപ്രായങ്ങളിൽ ഏതെങ്കിലും ഒന്നിനെ സഭ നിഷ്കർഷിക്കുകയോ, മറ്റേതിനെ സഭ നിഷേധിക്കുകയോ ചെയ്യുന്നില്ല."

2."എന്നാൽ അപ്പവീഞ്ഞുകളിൽ വസ്തുമയമായ എന്തെങ്കിലും മാറ്റം ഉണ്ടാകുന്നുവെന്നോ, അവയിൽ ക്രിസ്തുവിന്റെ സ്ഥാനീകരണം... ഉണ്ടാകുന്നുവെന്നോ ഉള്ള ഉപദേശങ്ങളെ സഭ നിഷേധിക്കുന്നു".

3. "...വിശുദ്ധ കുർബാനയിൽ ഒരർഥത്തിലും ക്രിസ്തു യാഗമായി വധിക്കപ്പെടുന്നില്ല."

4."വിശുദ്ധ കുർബാന കാൽവരിയിലെ ബലിയുടെ ആവർത്തനമാണെന്ന വിശ്വാസം" വേദവിപരീതമായി അബ്രഹാം മൽപ്പാൻ തള്ളിക്കളഞ്ഞു. അതുപോലെ "വിശുദ്ധ കുർബാനയിലെ ശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകൾ ഏതെങ്കിലും അർഥത്തിൽ വസ്തുനിഷ്ഠമായി ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി ഭവിക്കുന്നു എന്ന ചിന്താഗതിയും" അദ്ദേഹം തള്ളിക്കളഞ്ഞു."[14]

13. *Ibid.* 106 ff.

14. എം.എം.തോമസ്,ഏബ്രഹാം മൽപാന്റെ നവീകരണം-ഒരു വ്യാഖ്യാനം, തിരുവല്ലാ,1978,പേ.22.

www.malankaralibrary.com

“വിശുദ്ധ കുർബാന സംബന്ധിച്ച് വസ്തുമാറ്റോപദേശവും സ്ഥാനീകരണോപദേശവും നമുക്ക് സ്വീകാര്യമല്ല. കുർബാനയിലെ അപ്പവീഞ്ഞുകൾക്ക് അടയാളം എന്ന വില മാത്രം കൽപ്പിക്കുന്നവരായാലും, വിശ്വാസികൾ ആത്മീയമായി അനുഭവിക്കുന്ന ഏതോ ഒരു സാന്നിധ്യം അതോടനുബന്ധിച്ചുണ്ട് എന്ന് വീക്ഷിക്കുന്നവരായാലും, വി.കുർബാനയിൽ കർത്താവ് തന്നെത്തന്നെ നമുക്കായി നൽകുന്നു എന്നും വിശ്വാസികൾ അവനുമായി സംസർഗത്തിലേക്ക് പ്രവേശിക്കുന്നു എന്നും നാമെല്ലാവരും വിശ്വസിക്കുന്നു.’’ എന്ന് 1955-ലെ മാർത്തോമ്മാ പ്രതിനിധിമണ്ഡലത്തിൽ പ്രസ്താവിക്കുകയുണ്ടായി.[15]

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ 1958-ലെ നവവത്സര സന്ദേശത്തിൽ ഇപ്രകാരം എഴുതുന്നു:

“വിശുദ്ധ കുർബാനയിലെ അപ്പവീഞ്ഞുകൾക്ക് അടയാളം മാത്രമെന്ന് വില കൽപ്പിക്കുന്നവരും, വിശ്വാസികൾ ആത്മീയമായി അനുഭവിക്കുന്ന ഒരു സാന്നിധ്യം അവയോട് അനുബന്ധിച്ചുണ്ടെന്നു വിശ്വസിക്കുന്നവരും നമ്മുടെ സഭയിലുണ്ട്. ഈ പരിധിക്കുള്ളിലുള്ള വിശ്വാസ സ്വാതന്ത്ര്യം സഭയിൽ അനുവദിച്ചിട്ടുള്ളതാണ്. വിശുദ്ധ കുർബാനയെ സംബന്ധിച്ച് ഇതുപോലുള്ള വിശ്വാസ സ്വാതന്ത്ര്യം, ആംഗ്ലേയാ, പ്രസ്ബിറ്റേറിയൻ, മെതഡിസ്റ്റ് മുതലായ സഭാവിഭാഗങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുള്ളതാകുന്നു. നമ്മുടെ സഭയിലും കഴിഞ്ഞ കാലങ്ങളിലെ പോലെ തന്നെ ഭാവിയിലും ഈ പരസ്പര ധാരണ ഉണ്ടായിരിക്കുന്നത് സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കും സഭാംഗങ്ങൾക്ക് തമ്മിലുള്ള സംസർഗത്തിനും ഏറ്റവും അപരിത്യാജ്യമാണെന്ന് ഞങ്ങൾ കരുതുന്നു.’’[16]

## വിലയിരുത്തൽ

വിശുദ്ധ കുർബാനയെ സംബന്ധിച്ച് പുരാതന ക്രൈസ്തവസഭകളുടെ കാതലായ വിശ്വാസത്തിൽ നിന്നുള്ള വ്യതിചലനമാണ് പ്രോട്ടസ്റ്റന്റിസം മൂലം ഉണ്ടായത്. അവരുടെ സ്വാധീനത്താലത്രേ അബ്രഹാം മൽപ്പാനും മറ്റും പ്രോട്ടസ്റ്റന്റിസം യാക്കോബായക്കാരുടെ ഇടയിൽ പ്രചരിപ്പിച്ചതും യാക്കോബിന്റെ അനാഫറയിൽ തിരുത്തലുകൾ വരുത്തിയതും.

എന്നാൽ മാർത്തോമ്മാ സഭയിലുള്ള എല്ലാവർക്കും കുർബാന സംബന്ധിച്ച് ഒരേ ചിന്താഗതിയല്ല. ലോ ചർച്ചുകാരായ സി.എം.എസ്സുകാരുടെ പ്രോട്ടസ്റ്റന്റു ചിന്തയുടെ സ്വാധീനമേൽക്കാതെ പുരാതന വിശ്വാസം അനുസരിച്ചു തന്നെ കുർബാനയെ പരിഗണിക്കുന്ന മാർത്തോമ്മാക്കാരുണ്ട്. തക്സാക്കമ്മറ്റിക്കാരുടെ റിപ്പോർട്ടിൽ ഈ കാര്യം എടുത്തുപറയുന്നു.

ഡിഡാക്കെ മുതലുള്ള പുരാതനരേഖകളൊക്കെ കുർബാന ബലിയാണ് എന്നയാശയം തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. അത് രക്തരഹിതമായ

15. അതേകൃതി,25-26.
16. അതേകൃതി,110.

www.malankaralibrary.com

രീതിയിൽ, കൗദാശികമായ രീതിയിൽ, കുരിശിലെ ബലിയുടെ പുനരാവിഷ്കരണമാണ്. 16-ാം നൂറ്റാണ്ടുവരെ ഈ യാഥാർഥ്യം ആരും നിഷേധിച്ചിരുന്നില്ല. നവീകരണക്കാരാണ് ഇതിനെതിരായി ആദ്യമായി സംസാരിച്ചത്.

അബ്രഹാം മൽപ്പാന്റെ പ്രോട്ടസ്റ്റന്റ് നവീകരണചിന്തകളാണല്ലോ മാർത്തോമ്മാ സഭയുടെ, യാക്കോബായാ സഭയിൽ നിന്നുള്ള വ്യതിചലനത്തിന് ആധാരം. 1950 ആയപ്പോഴേക്കും ഈ പ്രോട്ടസ്റ്റന്റിസത്തിൽ നിന്നു മാറി പുരാതനവിശ്വാസത്തിലേക്ക് മാർത്തോമ്മാ സഭയെ പിതാക്കന്മാർ തിരിച്ചുവിടുന്നു എന്ന ആരോപണവുമായി കെ.എൻ. ദാനിയേലും മറ്റും മുറവിളി കൂട്ടി. കോടതി കേസുകളായി. അവസാനം (1961) മാർത്തോമ്മാ സഭയിൽ നിന്ന് പിളർന്നുമാറി ലിബറൽ ചിന്താഗതിക്കാർ എല്ലാവരും കൂടി *ഇവാൻജലിക്കൽസഭ* ഉണ്ടാക്കി. ഈ വിഭാഗം റാഡിക്കൽ പ്രോട്ടസ്റ്റന്റിസത്തിന് വിധേയരായവരാണ്. ഇക്കൂട്ടർ മാർത്തോമ്മാ സഭയിൽ നിന്ന് പുറത്തുപോയശേഷം മാർത്തോമ്മാക്കാരുടെ കുർബാന സംബന്ധിച്ച വിശ്വാസം കുറേക്കൂടി ഓർത്തഡോക്സ് പാതയിൽ ആയിട്ടുണ്ട് എന്നുവേണം കരുതാൻ.

1950-നു ശേഷമുള്ള കാലഘട്ടത്തിൽ ലോകത്തെമ്പാടും സഭൈക്യചിന്ത ശക്തിപ്പെട്ടു. സഭകളെല്ലാം തങ്ങളുടെ നിലപാടുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കയാണ്. യോജിച്ചുള്ള ക്രൈസ്തവ സാക്ഷ്യം ഇന്നിന്റെ ഒരാവശ്യമായി സഭകളെല്ലാം തന്നെ അംഗീകരിച്ചിരിക്കയാണ്. ഈ കാര്യത്തിൽ റോമൻ കത്തോലിക്കാസഭയും പ്രോട്ടസ്റ്റന്റു സഭകളും പങ്കുചേരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസോടു കൂടി ഈ പുത്തൻ ചിന്താഗതിയുടെ അലയടി കത്തോലിക്കാസഭയിൽ ശക്തപ്രാപിച്ചു. മാർത്തോമ്മാസഭയും ഈ എക്യുമേനിക്കൽ ചിന്തയിൽ പങ്കുചേരുന്നു എന്നുവേണം കരുതാൻ.

## ലീമാരേഖ

മാമോദീസാ, കുർബാന, കൈവയ്പ്പ് എന്നിവയെ കുറിച്ച് അഖിലലോക സഭാകൗൺസിലിന്റെ ആഭിമുഖ്യത്തിൽ ദീർഘനാളത്തെ പഠനം നടന്നു. അതിന്റെ വെളിച്ചത്തിൽ ഒരു രേഖ സഭകളുടെ പ്രതിനിധികൾ കൂടി 1982-ൽ തയാറാക്കി. ലീമാരേഖ എന്നാണ് ഇതിന്റെ പേര്. ഈ രേഖ എല്ലാ സഭകളുടെയും പഠനത്തിനും അഭിപ്രായത്തിനും അയച്ചുകൊടുത്തു. മിക്ക സഭകളുടെയും പ്രതികരണം ലഭിച്ചു. അത് പ്രോത്സാഹജനകമാണ്. സഭൈക്യ ചർച്ചകളിൽ ഒരു വലിയ കാൽവയ്പ്പാണ് ഈ രേഖ. മാമോദീസാ, കുർബാന, കൈവയ്പ്പ് എന്നിവയെപ്പറ്റി വ്യത്യസ്തപാരമ്പര്യങ്ങളും അഭിപ്രായങ്ങളും പുലർത്തുന്ന സഭകൾക്ക് ഒന്നിച്ചൊരു സംയുക്തരേഖ പുറപ്പെടുവിക്കാൻ സാധിച്ചു. റോമൻ കത്തോലിക്കാസഭയും ഡബ്ലിയൂ. സി. സിയിൽ അംഗത്വമില്ലാത്ത മറ്റുസഭകളും ഈ രേഖ തയാറാക്കുന്നതിൽ സഹകരിച്ചു.[17]

---

17. *Baptism Eucharist and Ministry(Faith and Order Paper No.111) WCC. Geneva, 1983.*

www.malankaralibrary.com

വി.കുർബാന നമ്മുടെ കർത്താവിൽ നിന്ന് ഒരു ദാനമായി സഭ സ്വീകരിച്ചു. നമ്മുടെ കർത്താവ് അപ്പമെടുത്ത്, "ഇത് എന്റെ ശരീരമാകുന്നു" എന്നും, വീഞ്ഞെടുത്ത് "ഇത് എന്റെ രക്തം ആകുന്നു" എന്നും അരുളി ച്ചെയ്തു. "എന്റെ ഓർമയ്ക്കായി (anamnesis) ഇപ്രകാരം ചെയ്യുവിൻ" എന്നും അവിടുന്ന് കൽപ്പിച്ചു (1കൊറി.11,23-25; മത്താ. 26,26-29; മർക്കോ. 14,22-25; ലൂക്കാ 22,14-20). നമ്മുടെ കർത്താവിന്റെ പെസഹായുടെ അനുസ്മരണമാണിത്. കർത്താവിന്റെ അന്ത്യത്താഴത്തിന്റെ തുടർച്ചയാണിത്. ഇത് ദൈവരാജ്യത്തിന്റെ അടയാളമാണ്. പഴയനിയമ പെസഹായുടെ പശ്ചാത്തലത്തിലാണ് കർത്താവിന്റെ പെസഹാ നടന്നത്. തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അനുസ്മരണയായി (anamnesis) അവിടുന്നിത് തന്റെ ശിഷ്യർക്കു നൽകി. തന്റെ വരവുവരെ സഭയോടുള്ള വ്യക്തിപരമായ ഈ ബന്ധം കൂർബാനയിലൂടെ തുടരണമെന്നും കർത്താവ് ആഗ്രഹിച്ചു.

ദൈവം മനുഷ്യർക്കു നൽകുന്ന വലിയ ദാനമാണ് കർത്താവുമായുള്ള ബന്ധം. ഈ രക്ഷാദാനം ക്രിസ്തുവിന്റെ ശരീരരക്തങ്ങളിലെ ഭാഗഭാഗിത്വം വഴി വിശ്വാസികൾക്ക് ലഭിക്കുന്നു. അപ്പവും വീഞ്ഞും വഴി തന്നോട് സംസർഗം ചെയ്യാൻ ക്രിസ്തു നമ്മെ അനുവദിക്കുന്നു. ഇത് പാപമോചനത്തിനും നിത്യജീവനുമായി സ്വീകരിക്കപ്പെടുന്നു. വി. കുർബാന ദൈവത്തിനുള്ള കൃതജ്ഞതാ പ്രകാശനമാണ്. ദൈവിക കർമങ്ങളുടെ പ്രഘോഷണമാണിവിടെ നടക്കുക. സൃഷ്ടിയിലും രക്ഷയിലും പവിത്രീകരണത്തിലും ദൈവം നിർവഹിച്ചവയ്ക്ക് നന്ദി പറച്ചിലാണിത്. ദൈവരാജ്യം പൂർത്തീകരിക്കുവാൻ ദൈവം ചെയ്യുന്നവയ്ക്കെല്ലാം ഇവിടെ നന്ദി പറയുന്നു. കൂർബാന സ്തുതിയുടെ ബലിയാണ്. സൃഷ്ടി മുഴുവനും വേണ്ടി സഭ പിതാവിന് സ്തുതിയാകുന്ന ബലിയർപ്പിക്കുന്നു. ദൈവം നവീകരിച്ച ലോകം, അപ്പത്തിലും വീഞ്ഞിലും വിശ്വാസികളിലും പ്രാർഥനകളിലും സന്നിഹിതമാകുന്നു. ക്രിസ്തുവിലൂടെ മാത്രമേ സ്തുതിയാകുന്ന ബലിയർപ്പിക്കാൻ സാധിക്കൂ. കാരണം, അവിടുന്ന് നിത്യമായി ഏകബലിയർപ്പിച്ചു.

ക്രൂശിതനും ഉത്ഥിതനുമായ മിശിഹായുടെ പെസഹാരഹസ്യത്തിന്റെ അനുസ്മരണമാണ് വി.കുർബാന. ക്രിസ്തുവിന്റെ ഏകബലിയുടെ കൗദാശികമായ പുനരവതരണമാണിത്. രക്തത്തോടു കൂടിയുള്ള ക്രിസ്തുവിന്റെ ബലി ആവർത്തിക്കാനാവില്ല. ക്രിസ്തു നമുക്കുവേണ്ടി ചെയ്തവയെല്ലാം ഇവിടെ അനുസ്മരണത്തിന് വിഷയമാകുന്നു. വരാനിരിക്കുന്ന രാജ്യത്തിന്റെ മുന്നാസ്വാദനവുമാണ് വി.കുർബാന. ക്രിസ്തു തന്നെയാണ് ഇവിടെയും പ്രവർത്തിക്കുന്നത്. "ഇതെന്റെ ശരീരം", "ഇതെന്റെ രക്തം" എന്ന വാക്കുകൾ "ഉണ്ടാകട്ടെ" എന്ന വചനംപോലെ കാലാന്ത്യംവരെ ഫലപ്രദമായി നിലകൊള്ളുന്നു. ദൈവം ചെയ്ത അത്ഭുതകർമങ്ങൾ അനുസ്മരിച്ചുകൊണ്ട് സഭ ദൈവത്തിന് നന്ദിപറയുന്നു. ലോകം മുഴുവനുവേണ്ടിയും സഭ കൃപ യാചിക്കുന്നു. വി. കുർബാനയിൽ സജീവവും വിശുദ്ധവുമായ ബലിയായി വിശ്വാസികൾ ദൈവത്തിന് സ്വയം സമർപ്പിക്കുന്നു. കുർബാനയിലെ ക്രിസ്തുവിന്റെ സാന്നിധ്യം അതുല്യമാണ് (unique). എന്നാൽ തന്റെ വിവിധ

www.malankaralibrary.com

സാന്നിധ്യങ്ങളിൽ നിന്ന് വേറിട്ട ഒന്നല്ലിത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയാണ് ക്രൂശിതനും ഉത്ഥിതനുമായ മിശിഹാ യഥാർഥത്തിൽ കുർബാനയിൽ സന്നിഹിതനാകുന്നത്. ലോകം മുഴുവനുംവേണ്ടി സഭ മുഴുവൻ അർപ്പിക്കുന്നതാണ് കുർബാന.

വി.കുർബാനയിലെ ചില ഘടകങ്ങൾക്ക് ചില സഭകൾ ചില കാലഘട്ട ങ്ങളിൽ കൂടുതൽ പ്രാധാന്യം കൊടുക്കുകയും മറ്റുചില ഘടകങ്ങൾക്ക് അർഹമായ പ്രാധാന്യം കൊടുക്കാതിരിക്കുകയും ചെയ്തതായി ചരിത്ര ത്തിൽ നമുക്ക് കാണാൻ സാധിക്കും. മധ്യകാലഘട്ടത്തിൽ ലത്തീൻസഭ ബലി എന്ന ആശയത്തിന് അമിതമായ ഊന്നൽ നൽകി. എന്നാൽ മറ്റു ചില ഘടകങ്ങൾ വിസ്മരിച്ചു. അത്തരം ഘടകങ്ങൾക്ക് പ്രോട്ടസ്റ്റന്റിസം കൂടുതൽ പ്രാധാന്യം നൽകി. അവർ ബലിയെന്ന ആശയം തിരസ്കരിച്ചു.

ആധുനിക കാലത്തുള്ള എക്യുമേനിക്കൽ ചർച്ചകളുടെ വെളിച്ചത്തിൽ, സമഗ്രമായ ദൈവശാസ്ത്ര വീക്ഷണത്തിന്, വ്യത്യസ്ത പാരമ്പര്യങ്ങ ളെല്ലാം പരിഗണിക്കപ്പെടണമെന്ന ചിന്തയ്ക്ക് കൂടുതൽ സ്വീകാര്യത ലഭിച്ചു കൊണ്ടിരിക്കയാണ്. 16-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റ് ചിന്താഗതിയുടെ വെളിച്ചത്തിലുള്ള ദൈവശാസ്ത്രചിന്ത പുനർവിചിന്തനത്തിന് വിധേയ മാക്കണമെന്ന് പ്രോട്ടസ്റ്റന്റു സഭകൾ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. ഒന്നിച്ചുള്ള ക്രൈസ്തവസാക്ഷ്യം ഇന്നിന്റെ ആവശ്യമായി സഭകൾ അംഗീകരിക്കുന്നു. സഭകൾ തങ്ങളുടെ മാത്രം പ്രബോധനങ്ങളിലും പാരമ്പര്യങ്ങളിലും നോക്കിയാൽ പോരാ, സാർവത്രികസഭയുടെ പാരമ്പര്യങ്ങളുടെ വെളിച്ച ത്തിൽ തങ്ങളുടെ പഠനങ്ങൾ വിമർശന വിധേയമാക്കണം, തിരുത്തണം എന്ന ചിന്താഗതി ഉരുത്തിരിഞ്ഞു വരുന്നുണ്ട്. ഈ സാർവത്രിക ചിന്തയിൽ മാർത്തോമ്മാ സഭയും പങ്കുചേരുന്നു എന്നുവേണം കരുതാൻ. കുർബാനയെ പറ്റിയുള്ള തങ്ങളുടെ പ്രബോധനങ്ങൾ അപഗ്രഥനാവിധേയമാക്കാനും സഭകൾ തയാറാകണം. സഭകളുടെ സമ്പൂർണമായ ഐക്യത്തിന് എപ്പോഴും വളരെയധികം താൽപ്പര്യം കാണിച്ചുകൊണ്ടിരിക്കുന്ന പാരമ്പര്യമാണ് മാർത്തോമ്മാ സഭയ്ക്കുള്ളത്.

## 4. കൈവയ്പ്പ്

ഡീക്കൻ സ്ഥാനം, കശീശാസ്ഥാനം, മെത്രാൻസ്ഥാനം എന്നീ ത്രിവിധ വൈദികസ്ഥാനങ്ങൾ മാർത്തോമ്മാ സഭ അംഗീകരിക്കുന്നു. ഇവ ഒരു കാലത്തും മാറ്റിമറിക്കാനോ ഇല്ലാതാക്കാനോ പാടില്ലെന്ന് മാർത്തോമ്മാ സഭ പഠിപ്പിക്കുന്നു.[18] "ഈ സഭയ്ക്ക് അതിന്റെ പരമാധ്യക്ഷനായ ഒരു മെത്രാപ്പോ ലീത്തായും ഒന്നോ അതിലധികമോ എപ്പിസ്കോപ്പാമാരും പട്ടം കെട്ടപ്പെട്ട ശെമ്മാശ്ശന്മാരും ഉണ്ടായിരുന്നിട്ടുള്ളതും എക്കാലവും ഉണ്ടായിരിക്കുന്നതു മാണ്."[19]

18. മലങ്കര മാർത്തോമ്മാ സുറിയാനിസഭാ ഭരണഘടന, പേ.2.
19. അതേകൃതി,പേ.8.

www.malankaralibrary.com

മാർത്തോമ്മാസഭ ചരിത്രപരമായ എപ്പിസ്കോപ്പസിയിൽ വിശ്വസിക്കുന്നവരാണ്. ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ച് വിഭാഗക്കാരായ സി. എം. എസ്. കാരുടെ സ്വാധീനത്തിൽ വന്നെങ്കിലും, മാർത്താമ്മാക്കാർ ചരിത്രപരമായ എപ്പിസ്കോപ്പസി നിലനിർത്തി. എന്നാൽ മാർത്തോമ്മാ സഭയിലെ കൈവയ്പ്പ് കേരളത്തിലെ ചില സഭകൾ അംഗീകരിക്കുന്നില്ല.

മാത്യൂസ് മാർ അത്തനാസ്യോസിന് (1842-1877)അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് ഏലിയാസ് രണ്ടാമൻ (1838-1847) ആണ് മർദീനിൽവച്ച് 1842-ൽ പട്ടം നൽകിയത്. മാത്യൂസ് മാർ അത്തനാസ്യോസ് തൊഴിയൂരെ മാർ കൂറില്ലോസ് നാലാമനെ 1854-ൽ വാഴിച്ചു. മാത്യൂസിന്റെ പിൻഗാമിയായ തോമസ് മാർ അത്തനാസ്യോസിനെ മാത്യൂസും തൊഴിയൂർ മാർ കൂറില്ലോസും കൂടി 1868-ൽ വാഴിച്ചു. ഒരു പിൻഗാമിയെ വാഴിക്കാതെ തോമസ് മാർ അത്തനാസ്യോസ് മരിച്ചതിനാൽ (+1893) തീത്തൂസ് ഒന്നാമൻ മാർത്തോമ്മായെ 1893-ൽ വാഴിച്ചത് തൊഴിയൂരെ മാർ അത്തനാസ്യോസും മാർ കൂറില്ലോസും കൂടിയാണ്. തീത്തൂസ് രണ്ടാമനെ 1909-ൽ വാഴിച്ചത് തീത്തൂസ് ഒന്നാമനും തൊഴിയൂരെ മാർ കൂറില്ലോസും കൂടിയാണ്.

ഏബ്രഹാം മാർത്തോമ്മായെ 1916-ൽ വാഴിച്ചത് തീത്തൂസ് രണ്ടാമനും (1899-1944) തൊഴിയൂർ മാർ കൂറില്ലോസ് അഞ്ചാമനും കൂടിയാണ്. യൂഹാനോൻ മാർ തിമോതിയോസിനെ 1935-ൽ വാഴിച്ചത് തീത്തൂസ് രണ്ടാമനും തൊഴിയൂരെ മാർ കൂറില്ലോസ് അഞ്ചാമനും കൂടിയാണ്.

ഇപ്പോൾ മാർത്തോമ്മാസഭയിലെ പട്ടം തൊഴിയൂർ സഭയിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്. തൊഴിയൂർക്കാർക്കാകട്ടെ മാത്യൂസ് മാർ അത്തനാസ്യോസിലൂടെ അന്ത്യോക്യൻ യാക്കോബായാ സഭയിലെ പട്ടമാണ്. തൊഴിയൂർ മാർ പീലക്സീനോസ് രണ്ടാമനാണ് (1811-1829) പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1815-1816),പുന്നത്ര മാർ ദിവന്നാസ്യോസ് (1817-1825), ചേപ്പാട്ട് മാർ ദിവന്നാസ്യോസ് (1825-1855) എന്നീ യാക്കോബായാ മെത്രാന്മാരെയും വാഴിച്ചത്.

തൊഴിയൂരെ കൈവയ്പ്പിന്റെ കാര്യത്തിൽ ചിലർ സംശയം പ്രകടിപ്പിച്ചിരുന്നു. ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ കാലത്ത് പശ്ചിമേഷ്യയിൽ നിന്ന് 1825-ൽ കേരളത്തിൽ വന്ന മാർ അത്തനാസ്യോസ് എന്ന യാക്കോബായാ മെത്രാനും കൂട്ടരുമാണ് ആദ്യമായി തൊഴിയൂർ മെത്രാന്മാരുടെ കൈവയ്പ്പിനെപ്പറ്റി സംശയം പ്രകടിപ്പിച്ചത്. അത് 1772-ൽ കിട്ടിയ മെത്രാഭിഷേകത്തെ പറ്റിയാണ്[20]

എന്നാൽ തൊഴിയൂരെ മാർ കൂറില്ലോസ് നാലാമനെ (1856-1888)വാഴിച്ചത് മാത്യൂസ് മാർ അത്തനാസ്യോസാണ്. അങ്ങനെയാണെങ്കിൽ തൊഴിയൂർക്കാരുടെ പട്ടം 1772-ലെ പട്ടത്തിന്റെ തുടർച്ചയല്ല. മാത്യൂസ് മാർ അത്തനാ

20. കണിയാംപറമ്പിൽ, സുറിയാനിസഭ, 180-190.

www.malankaralibrary.com

സ്യോസ് കൊടുത്ത പട്ടത്തിന്റെ തുടർച്ചയാണ്.1856-ൽ അദ്ദേഹം മലങ്കര യിലെ പുത്തൻകൂർ സമുദായം മുഴുവന്റെയും മേൽ അധികാരമുള്ള ആളായിരുന്നല്ലോ. അദ്ദേഹത്തിന്റെ പട്ടം അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിൽ നിന്നു നേരിട്ടു ലഭിച്ചിട്ടുള്ളതാണല്ലോ. ഇക്കാരണത്താൽ "മാർത്തോമ്മാക്കാരുടെ പട്ടം വാസ്തവമല്ല" എന്നു വാദിക്കുന്നത് ശരിയല്ല.

മാർത്തോമ്മാസഭയിലെ പട്ടത്തിന്റെ വാസ്തവികതയ്ക്കെതിരെ ഉന്നയിക്കുന്ന മറ്റൊരു വാദം കുർബാന സംബന്ധമായ അവരുടെ തത്വങ്ങളെ ആധാരമാക്കിയാണ്. "കുർബാന ബലിയാണ് എന്ന ദൈവശാസ്ത്ര തത്വം അവർ നിഷേധിക്കുന്നു. ബലിയില്ലെങ്കിൽ പൗരോഹിത്യവുമില്ല. ബലിയർപ്പി ക്കാനല്ലെങ്കിൽ പിന്നെ പൗരോഹിത്യത്തിന് പ്രസക്തിയില്ല. അതുകൊണ്ട് അവരുടെ പട്ടം വാസ്തവമല്ല" എന്നതാണ് വാദം.

എന്നാൽ മുകളിൽപറഞ്ഞ ലീമാരേഖയെ അടിസ്ഥാനമാക്കി ചിന്തി ച്ചാൽ മാർത്തോമ്മാ സഭയിലെ കൈവയ്പ്പിനെ പറ്റി മറ്റു സഭകൾ പുനർ വിചിന്തനം നടത്തേണ്ടതായിട്ടുണ്ട്. ലീമാരേഖ മാർത്തോമ്മാസഭയും അംഗീകരിക്കുന്നതാണല്ലോ.

അന്നത്തെ കേസിന്റെയും കലഹത്തിന്റെയും പള്ളി പിടിച്ചെടുക്ക ലിന്റെയും ആരോപണ പ്രത്യാരോപണങ്ങളുടെയും പശ്ചാത്തലത്തിൽ "മാർത്തോമ്മാസഭയുടെ പട്ടം വാസ്തവമല്ല" എന്നു പറയാൻ യാക്കോബായ ക്കാർ പ്രേരിതരായി. തുടർന്നു വന്നവരും അത് ആവർത്തിച്ചു.എന്നാൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിനെ പോലെയുള്ളവർ തീത്തൂസ് ഒന്നാ മൻ മെത്രാപ്പോലീത്തായിൽ നിന്ന് കന്തീലാ ശുശ്രൂഷ സ്വീകരിക്കണമെങ്കിൽ അവരുടെ പട്ടം അദ്ദേഹം അംഗീകരിച്ചിരുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്. റോയൽ കോടതിവിധി നവീന യാക്കോബായക്കാർക്ക് അനുകൂലമായി വന്നിരുന്നെങ്കിൽ അവരുടെ പട്ടത്തെപ്പറ്റി ആരും സംശയം പ്രകടിപ്പിക്കുമായി രുന്നില്ല. കോടതിവിധി യാക്കോബായക്കാർക്ക് അനുകൂലമായി വന്നപ്പോൾ, കഴിവതും ആളുകളെ കൂടെ നിർത്താനും നവീകരണക്കാരിൽ നിന്ന് അകറ്റി നിർത്താനും ഈ പ്രചരണം ഒരുപക്ഷേ സഹായിച്ചു കാണും.

ഇതുപോലെ തന്നെയാണ്, ഓർത്തഡോക്സ് മെത്രാപ്പോലീത്താ ആയിരുന്ന മാർ ഈവാനിയോസ് തിരുമേനി 1930-ൽ റോമൻ കത്തോലിക്കാ സഭയുമായി കാനോനിക കൂട്ടായ്മ പുനഃസ്ഥാപിച്ചപ്പോൾ അദ്ദേഹത്തിനെ തിരെ ഉയർത്തിയ ആരോപണങ്ങളും. അദ്ദേഹത്തെ വഞ്ചകനായി ചിത്രീ കരിച്ച്, കഴിവതും ആളുകളെ പുനരൈക്യ പ്രസ്ഥാനത്തിൽ നിന്ന് അകറ്റാ നുള്ള പ്രചരണ പരിപാടിയുടെ ഭാഗമായിരുന്നു അത്തരം ദുരാരോപണങ്ങൾ.

പ്രവാചകൻ, പുരോഹിതൻ, അജപാലകൻ എന്നീ മൂന്നു ദൗത്യങ്ങ ളാണ് ക്രൈസ്തവപുരോഹിതനുള്ളത്. പ്രബോധനം, വിശുദ്ധീകരണം, മേൽനോട്ടം എന്നീ ത്രിവിധ കർമങ്ങൾ പുരോഹിത ദൗത്യത്തിൽ അടങ്ങി യിരിക്കുന്നു. പുരോഹിതൻ (hiereus) എന്ന വാക്ക് പട്ടം കെട്ടിയവരെ

www.malankaralibrary.com

കുറിക്കാൻ പുതിയനിയമത്തിൽ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ക്രിസ്തുവിന്റെ ഏകപൗരോഹിത്യത്തെയും വിശ്വാസികളുടെ രാജകീയ പൗരോഹിത്യത്തെയും കുറിക്കാനാണിത് പ്രയോഗിച്ചിരിക്കുന്നത്. ബലിയർപ്പണവും മാധ്യസ്ഥ്യാപേക്ഷയുമാണ് ഈ പൗരോഹിത്യത്തിന്റെ ഉദ്ദേശ്യം. എന്നാൽ ക്രിസ്തുവിന്റെ പൗരോഹിത്യവും വിശ്വാസികളുടെ പൗരോഹിത്യവും തമ്മിലുള്ള അന്തരം നിഷേധിക്കാനാകില്ല.

മറിച്ച് ആദിമസഭയിൽ പുരോഹിതൻ (hiereus) എന്ന പദം പട്ടം കെട്ടപ്പെട്ടവരെ കുറിക്കാൻ ഉപയോഗിച്ചുവന്നു. കൂർബാനയിൽ അധ്യക്ഷൻ ആയിരിക്കുന്നവനാണ് പുരോഹിതൻ എന്ന ധാരണ പരന്നു. പട്ടം കിട്ടിയവർ യേശുക്രിസ്തുവിന്റെയും ജനത്തിന്റെയും പൗരോഹിത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതായിരുന്നു അതിന്റെ കാരണം. എന്നാൽ പട്ടം കിട്ടിയ, പുരോഹിതൻ എന്ന പദം പഴയനിയമത്തിലെ പുരോഹിതന്മാരിൽ നിന്ന് വ്യത്യസ്തമായി മനസ്സിലാക്കപ്പെട്ടിരുന്നു. അതുപോലെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ നിന്നും ജനങ്ങളുടെ രാജകീയ പൗരോഹിത്യത്തിൽ നിന്നും വ്യത്യസ്തമായി അത് മനസ്സിലാക്കിയിരുന്നു.[21] പുരോഹിതൻ എന്ന നിലയിൽ ദൈവജനത്തെ വിശുദ്ധീകരിക്കുക എന്നതാണ് വൈദികന്റെ ദൗത്യം.

ചില സഭകൾ ഈ ദൗത്യം വളരെ ഊന്നിപ്പറയുകയും മറ്റു രണ്ടും കുറെയൊക്കെ വിസ്മരിക്കുകയും ചെയ്തിട്ടുണ്ട്. മധ്യകാല ലത്തീൻ പാരമ്പര്യം ഇത്തരത്തിൽ പെട്ടതായിരുന്നു. അതിനോടുള്ള ഒരെതിർപ്പായി പ്രോട്ടസ്റ്റന്റ് സഭകൾ പ്രവാചകൻ, അജപാലകൻ എന്നീ ദൗത്യങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തു. എല്ലാ മനുഷ്യരെയും പഠിപ്പിക്കുക, വചനം പ്രഘോഷിക്കുക, ക്രിസ്തുവിന്റെ സാന്നിധ്യം അനുസ്മരിപ്പിക്കുക, എന്നീ ദൗത്യങ്ങൾക്ക് അവർ ഊന്നൽ കൊടുത്തു. പുരോഹിതൻ എന്നത് അവർ വേണ്ടത്ര ഊന്നിപ്പറഞ്ഞില്ല.

ബലിയർപ്പിക്കുക എന്ന ദൗത്യം പ്രോട്ടസ്റ്റന്റുകാർ വിസ്മരിച്ചുകളഞ്ഞു എന്ന് മറ്റുള്ളവർ പറഞ്ഞുപരത്തി. അതിന്റെ വെളിച്ചത്തിൽ അവരുടെ പൗരോഹിത്യത്തെ പറ്റി സംശയമുണ്ടായി. എന്നാൽ ഈ അടുത്ത കാലത്തു നടക്കുന്ന സഭൈക്യചർച്ചകൾ കൂറേക്കൂടി വിശാലമനോഭാവം കാട്ടുന്നു. ലീമാരേഖയുടെ വെളിച്ചത്തിൽ ഈ വിഷയത്തിലും മെച്ചപ്പെട്ട സഭാബന്ധങ്ങൾ ഉരുത്തിരിയേണ്ടതുണ്ട്. മാർത്തോമ്മാസഭയെപ്പറ്റി മറ്റു സഭകൾക്കുള്ള ധാരണ തിരുത്താൻ അത് സഹായിച്ചേക്കുമെന്ന് കരുതുന്നു. അതുപോലെ മാർത്തോമ്മാസഭയും തങ്ങൾ വിട്ടുകളഞ്ഞ ബലിയർപ്പണമെന്ന ആശയത്തെപ്പറ്റി കൂടുതലായി ചിന്തിക്കേണ്ടതുണ്ടെന്നു തോന്നുന്നു.

മാർത്തോമ്മാ സുറിയാനി സഭയിൽ നിന്ന് മറ്റു സഭകൾ പല നല്ല സംഗതികളും പഠിക്കേണ്ടതുണ്ട്. സഭൈക്യത്തിന് മാർത്തോമ്മാസഭ

21. *Baptism Eucharist...* ലീമാരേഖ, no.17.

www.malankaralibrary.com

താൽപ്പര്യം കാണിക്കുന്നു. സുവിശേഷാത്മകജീവിതം, വചനപ്രഘോഷണം, ജനങ്ങൾക്ക് പങ്കാളിത്തം നൽകിക്കൊണ്ടുള്ള സഭാഭരണം എന്നിവ പ്രത്യേകം എടുത്തുപറയേണ്ടതാണ്. കേരളത്തിലെ മറ്റുസഭകൾ മാർ ത്തോമ്മാ സഭയുമായി ദൈവശാസ്ത്ര തലത്തിലുള്ള ഐക്യ സംഭാഷണം തുടങ്ങേണ്ടതുണ്ട്. ഐക്യ സംഭാഷണത്തിലൂടെ മാത്രമേ തെറ്റുദ്ധാരണകൾ നീങ്ങൂ. ചർച്ചകൾ വഴി മാർത്തോമ്മാസഭയെ മനസ്സിലാക്കാനും അംഗീ കരിക്കാനും സാധിക്കും .അതുപോലെ മാർത്തോമ്മാ സഭയും, വിശ്വ വ്യാപകമായ സാർവത്രിക പാരമ്പര്യങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നയിക്കുന്ന വഴിയിലൂടെ സഭകൾ നീങ്ങട്ടെ.

www.malankaralibrary.com

# 3

# സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ

സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ 1961 ജനുവരി 26-നാണ് രൂപീകരിക്കപ്പെട്ടത്. മാർത്തോമ്മാ സഭയിൽ നിന്നു മാറിയ പതിനെട്ട് പട്ടക്കാർകൂടി അന്ന് ഈ സഭയ്ക്കുവേണ്ടി റവ. ജോൺ വർഗീസ് (+1965) റവ.കെ.എൻ. ഉമ്മൻ (+1984) എന്നിങ്ങനെ രണ്ട് അധ്യക്ഷന്മാരെ വാഴിച്ചു. ഏതാണ്ട് 206 സ്ഥലങ്ങളിൽ ഇവാൻജലിക്കൽ സഭ പ്രവർത്തിക്കുന്നു. മൊത്തം അംഗസംഖ്യ എത്രയെന്ന് അവരുടെ സഭാചരിത്രത്തിൽ കൊടുക്കുന്നില്ല.[1] അബ്രഹാം മൽപ്പാന്റെ നവീകരണ പന്ഥാവിൽനിന്ന് മാർത്തോമ്മാസഭ വഴുതി മാറുന്നു എന്നു കരുതിയ പട്ടക്കാരും ജനങ്ങളും കൂടി രൂപീകരിച്ചതാണ് ഈ സഭാസമൂഹം. അബ്രഹാം മൽപ്പാന്റെ നവീകരണദൗത്യം തുടർന്നു കൊണ്ടുപോകാൻ വേണ്ടിയാണ് തങ്ങൾ ഇപ്രകാരം പിളർന്നു മാറിയതെന്ന് അവർ പറയുന്നു.

മാർത്തോമ്മാ സഭയിലെ ആദ്യകാല അധ്യക്ഷന്മാർ കടുത്ത പ്രോട്ടസ്റ്റന്റാശയങ്ങൾ സ്വാംശീകരിച്ചവർ ആയിരുന്നില്ല. അബ്രഹാം മൽപ്പാൻ തുടങ്ങിവച്ച നവീകരണം അവരെ ആഴമായി സ്വാധീനിച്ചില്ല. മാത്യൂസ് മാർ അത്തനാസ്യോസും തോമസ് മാർ അത്തനാസ്യോസും തീത്തൂസ് ഒന്നാമനും മറ്റും കോടതി കേസുകളിൽ വ്യാപൃതരായിരുന്നു. മാത്യൂസ് മാർ അത്തനാസ്യോസ് അബ്രഹാം മൽപ്പാൻ തിരുത്തിയ തക്സാ വച്ച് കുർബാന ചൊല്ലാതെ യാക്കോബായാ തക്സാ തന്നെയാണ് ഉപയോഗിച്ചത്. തങ്ങളാണ് യഥാർഥ യാക്കോബായക്കാരെന്ന് അവരും വാദിച്ചു കൊണ്ടിരുന്നു. എന്നാൽ നവീകരണം സ്വാംശീകരിച്ച ധാരാളം പേർ അവരുടെ കൂടെ ഉണ്ടായിരുന്നു. വിവിധ ചിന്താഗതിക്കാരായ ആളുകൾക്ക് മാർത്തോമ്മാ

---

1. 20000 എന്ന് ബിഷപ്പ് അപ്രേം പറയുന്നു: Mar Aprem, *Indian Christian who is who,* Trichur/Bombay, 1983, p. 14; പി. കെ. വർഗീസ്, *സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ സഭാചരിത്രം; തിരുവല്ല 1985 (=സഭാചരിത്രം).* P. T. Thomas-P. C. Zachariah, *It Happened in the Thoma Church,* Tirvualla, 1961.

www.malankaralibrary.com

സഭയിൽ സ്ഥാനമുണ്ടായിരുന്നു. ആരാധനക്രമത്തിലൊന്നും കാര്യമായ നവീകരണം അക്കാലത്തുണ്ടായിരുന്നില്ല. .

അബ്രഹാം മൽപ്പാന്റേതായി മാർത്തോമ്മാസഭ കുറേ പ്രോട്ടസ്റ്റന്റാശയങ്ങൾ ഔദ്യോഗികമായി രൂപീകരിച്ചത് 1927-ലാണ്. തക്സാ കമ്മറ്റിയുടെ റിപ്പോർട്ടും മറ്റും വിവിധ വിഭാഗക്കാരെ തൃപ്തിപ്പെടുത്തത്തക്ക വിധം ഉള്ളവയായിരുന്നു. പുരാതന ഓർത്തഡോക്സ് വിശ്വാസം പുലർത്തുന്നവരും നവീകരണക്കാരും അമിത പ്രോട്ടസ്റ്റന്റ് വീക്ഷണങ്ങൾ പുലർത്തുന്നവരും 1927-ൽ മാർത്തോമ്മാസഭയിൽ ഉണ്ടായിരുന്നു. ഒരുപക്ഷേ അന്നത്തെ തക്സാ കമ്മറ്റിയിൽ നവീകരണ പ്രേമികൾക്ക് ആയിരിക്കാം മുൻതൂക്കം ഉണ്ടായിരുന്നത്. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് ഈ വ്യത്യസ്ത ചിന്താഗതിക്കാരെ ഏതാണ്ട് ഒന്നിച്ചു കൊണ്ടുപോകാൻ കഴിഞ്ഞു. നവീകരണക്കാരുടെ വീക്ഷണത്തിൽ ഏബ്രഹാം മാർത്തോമ്മാ നവീകരണ പാതയിലൂടെ മാർത്തോമ്മാ സഭയെ നയിച്ച ആളാണ്. എന്നാൽ തുടർന്ന് മാർത്തോമ്മാസഭയിൽ അധ്യക്ഷസ്ഥാനത്തു വന്നവർ കൂടുതൽ കൂടുതൽ ഓർത്തഡോക്സ് വിശ്വാസം പുലർത്തുന്നവരും പുരാതന സഭകളുടെ സമഗ്രവിശ്വാസം സ്വാംശീകരിക്കണമെന്ന ചിന്ത ഉണ്ടായിരുന്നവരും ആയിരുന്നു. അവർ നവീകരണപാത അപ്പാടെ സ്വീകരിച്ചില്ല. അവർ മാർത്തോമ്മാസഭയെ നവീകരണത്തിൽ നിന്ന് അകറ്റുന്നു എന്നൊക്കെ നവീകരണക്കാർ കുറ്റപ്പെടുത്തി. തുടർന്ന് തുറന്ന സംഘട്ടനങ്ങൾ ആരംഭിച്ചു.അതിന്റെ അവസാനം 1961-ൽ ഒരുകൂട്ടം അമിത നവീകരണ വാദികളായ മാർത്തോമ്മാക്കാർ മാർത്തോമ്മാസഭ വിട്ടുപോയി സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ സ്ഥാപിച്ചു.

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ (1937-1976) യാഥാസ്ഥിതിക വിശ്വാസി ആയിരുന്നു എന്നാണ് ഇവാൻജലിക്കൽ സഭക്കാർ പറയുന്നത്.[2] മാർത്തോമ്മാ സഭയ്ക്കുള്ളിൽ സമീകരണനില പാലിക്കാനാണ് അദ്ദേഹത്തോടൊപ്പം മാത്യൂസ് മാർ അത്തനാസ്യോസിനെ (1937-1973) വാഴിച്ചതെന്നും അവർ കരുതുന്നു. അദ്ദേഹം ഉൽപ്പതിഷ്ണുവായിരുന്നു. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കെതിരെ അവർ ഉന്നയിച്ച ആരോപണങ്ങൾ താഴെ പറയുന്നവയാണ്:

"അദ്ദേഹം തന്റെ പ്രസംഗശുശ്രൂഷ ആരംഭിച്ചത് വിശ്വാസപ്രമാണം, നമസ്കാരങ്ങൾ, കൗമാകൾ കൂദാശകൾ മുതലായവയെ ആസ്പദിച്ചായിരുന്നു. മരിച്ചവർക്കു വേണ്ടി പ്രാർഥിക്കുന്നതും വിശുദ്ധരോട് അപേക്ഷിക്കുന്നതും വേദപുസ്തക വിശ്വാസത്തിന് അനുയോജ്യമല്ലെന്ന് മാർത്തോമ്മാ സഭ പഠിപ്പിക്കുന്നില്ലെന്ന് അദ്ദേഹം പരസ്യമായി പ്രസ്താവിച്ചു." "കുർബാനയിലെ അപ്പവീഞ്ഞുകളിൽ ക്രിസ്തുവിന്റെ സാന്നിധ്യം ഉണ്ടാകുന്നെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. മാർത്തോമ്മാസഭ ഒരു ബന്ധിപ്പിക്കുന്ന സഭയാണെന്ന് (Bridge Church) അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹം കൂദാശകളുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞു"[3]

2. *Ibid. p.* 35.
3. *Ibid.* 35-36; SJS. 13.

www.malankaralibrary.com

## സത്യക്കാരും പഥ്യക്കാരും

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കാലത്ത് മൂന്നുപേരേ മെത്രാന്മാരായി വാഴിക്കാനുള്ള നടപടികൾ ആരംഭിച്ചു. "അതിനായി 1952-ൽ എപ്പിസ്കോപ്പാമാർക്കു വേണ്ടിയുള്ള നാമനിർദേശം ക്ഷണിച്ചു. റവ.പി.ജോൺ വർഗീസ് (പാലക്കാട്ടച്ചൻ), റവ.പി.എം.മാത്തൻ, റവ.എം.ജി.ചാണ്ടി, റവ.പിതോമസ് (പനമ്പുന്ന), റവ.ഫിലിപ്പ് ഉമ്മൻ എന്നിങ്ങനെ അഞ്ചുപേരുടെ പേരുകളാണ് നിർദേശിക്കപ്പെട്ടത്. ഇവരിൽ ജോൺ വർഗീസും മാത്തനും അമിതനവീകരണ ചിന്താഗതിക്കാരായിരുന്നു എന്ന് പറയപ്പെടുന്നു. അവരെ ഒഴിവാക്കിക്കൊണ്ട് മറ്റു മൂന്നുപേരെയും മെത്രാന്മാരായി ബോർഡ് തെരഞ്ഞെടുത്തെന്ന് ഇവാൻജലിക്കൽക്കാർ പറയുന്നു.[4] രണ്ടുപേരേ ഒഴിവാക്കി ഇലക്ഷൻ നടത്തിയതിനെ എതിർത്തുകൊണ്ട് 1952-ൽ തന്നെ മാർത്തോമ്മാസഭയിലെ 12 പട്ടക്കാർ മെത്രാപ്പോലീത്തായ്ക്ക് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. പ്രസ്തുത വർഷം ശ്രീ കെ. എൻ. ദാനിയേലിന്റെ നേതൃത്വത്തിൽ പഥ്യോപദേശസമിതി എന്ന പേരിൽ ഒരു സംഘടന മാർത്തോമ്മാസഭയിൽ രൂപം കൊണ്ടു. നവീകരണ പാതയിൽ നിന്ന് മാർത്തോമ്മാസഭ വഴുതി മാറുന്നെന്നും യൂഹാനോൻ മാർത്തോമ്മാ നവീകരണ വിശ്വാസത്തിൽ നിന്ന് മാർത്തോമ്മാ സഭയെ അകറ്റുന്നെന്നും പ്രസ്തുത സമിതി ആരോപണം ഉന്നയിച്ചു. നവീകരണാശയങ്ങൾ നിലനിർത്തുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ പ്രഖ്യാപിച്ചു. അവർ ഇടവകകൾ തോറും പ്രവർത്തനം നടത്തി സുവിശേഷവിഹിത ചിന്താഗതിക്കാരെ കൂട്ടിയിണക്കി യോഗം സംഘടിപ്പിച്ചു. ക്രമേണ അത് സഭയ്ക്കൊരു വെല്ലുവിളി ആയിത്തീർന്നു. സഭാനേതൃത്വത്തെ അവഹേളിക്കുന്ന ലഘുലേഖാപരമ്പര തന്നെ പുറത്തിറങ്ങി.

ഇതിനെതിരെ യാഥാസ്ഥിതിക കക്ഷിക്കാർ പ്രസംഗങ്ങൾ നടത്തുകയും പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരുന്നു. സത്യവിശ്വാസസംഘം എന്ന പേരിൽ മി.കെ.കെ.കുരുവിള, സി.പി.മാത്യു എന്നിവരുടെ നേതൃത്വത്തിലത്രേ ഇത് രൂപീകൃതമായത്. മാർത്തോമ്മാ സമിതി എന്ന നാമം തങ്ങളുടെ സംഘടനയ്ക്ക് സത്യക്കാർ പിന്നീട് നൽകി. സത്യക്കാർ, പഥ്യക്കാർ എന്നീ പേരുകളിൽ ഇരുവിഭാഗവും പൊതുവെ അറിയപ്പെട്ടിരുന്നു. ഇരുകക്ഷികളും തമ്മിൽ ശക്തിയായ സംഘട്ടനം നടന്നു. ഇരുകൂട്ടരെയും യോജിപ്പിക്കാൻ നിരവധിയാളുകൾ പരിശ്രമിച്ചെങ്കിലും, നടന്നില്ല. സുവിശേഷ പ്രസംഗകനായ സ്റ്റാൻലി ജോൺസ് (1956-ൽ), സി.എസ്.ഐ. മോഡറേറ്റർ ബിഷപ്പ് റ്റി.ബി.ബഞ്ചമിൻ (1960) ആദിയായവർ തിരുവല്ലായിൽ വച്ചും മാരാമണ്ണു വച്ചും പലവട്ടം അനുരഞ്ജനചർച്ചകൾ നടത്തി. എന്നാൽ ഒന്നും ഫലപ്രാപ്തിയിൽ എത്തിയില്ല. ഇതിനിടയിൽ ഒരു മധ്യസ്ഥകക്ഷി പ്രസ്തുത സഭയിൽ ഉടലെടുത്ത് യോജിപ്പിനുവേണ്ടി കഴിവതും പരിശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ അതും വിജയിച്ചില്ല. ഇഷ്ടം

4. പി. കെ. വർഗീസ്, സഭാചരിത്രം, 37-38.

www.malankaralibrary.com

പോലെ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം നൽകാൻ മാർത്തോമ്മാ സഭാധ്യക്ഷന്മാർ സന്നദ്ധരായിരുന്നെങ്കിലും കെ.എൻ. ദാനിയേലും പഥ്യോപദേശകരും അതിനെതിരായി നിലകൊണ്ടു. ഈ വടംവലി ഒരു പുതിയ സഭയ്ക്ക് രൂപം നൽകി.

അതേസമയം യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കെതിരെ കെ.എൻ. ദാനിയേൽ 1952-ൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു.[5] നവീകരണാശയങ്ങൾക്ക്നിരക്കാത്ത ഉപദേശങ്ങളാണ് മെത്രാപ്പോലീത്താ പഠിപ്പിക്കുന്നതെന്നും അക്കാരണത്താൽ അദ്ദേഹത്തെ സഭയ്ക്ക് പുറത്താക്കണമെന്നുമാണ് ദാനിയേൽ വാദിച്ചത്. മധ്യസ്ഥന്മാരുടെ ശ്രമഫലമായി കെ.എൻ. ദാനിയേൽ പ്രസ്തുത കേസ് പിൻവലിച്ചു. തുടർന്ന് നിരവധി അനുരഞ്ജന സമ്മേളനങ്ങളും ഒത്തുതീർപ്പു പരിശ്രമങ്ങളും നടന്നു. അവയെല്ലാം പരാജയപ്പെട്ടു. അവസാനം 1955-ൽ കോട്ടയം ഡിസ്ട്രിക്ട് കോർട്ടിൽ യൂഹാനോൻ തിരുമേനിക്കും സത്യോപദേശകർക്കും എതിരെ ദാനിയേൽ കേസ് ഫയൽ ചെയ്തു. 'അബ്രഹാം മൽപ്പാന്റെ നവീകരണാശയങ്ങളാണ് മാർത്തോമ്മാസഭയുടെ അടിസ്ഥാന വിശ്വാസ പ്രമാണം. അതിൽ നിന്ന് മേൽപ്പറഞ്ഞവർ മാറി സഭയ്ക്ക് അന്യരായി' എന്നായിരുന്നു കേസ്. അതുകൊണ്ട് മേൽപ്പറഞ്ഞവരെ സഭയ്ക്ക് ഇതരരായി പ്രഖ്യാപിക്കണം' എന്നായിരുന്നു വാദം.

ഒന്നാംപ്രതി എന്ന നിലയിൽ യൂഹാനോൻ തിരുമേനി ഇതിനെതിരെ ഫയൽ ചെയ്ത പത്രികയിൽ ആരോപണങ്ങളെല്ലാം നിഷേധിച്ചു. അതിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.[6]

1. കുർബാനയിലെ അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീര രക്തങ്ങളുടെ ചിഹ്നങ്ങൾ മാത്രമാണെന്ന് മാർത്തോമ്മാസഭ വിശ്വസിക്കുന്നില്ല. അപ്പവീഞ്ഞുകളിൽ നിർവചിച്ചു കൂടാത്ത ഏതോ വിധത്തിലുള്ള ഒരു സാന്നിധ്യം ഉണ്ടെന്നും അപ്പവീഞ്ഞുകൾ വഴിയായി ക്രിസ്തു ആരാധകരുടെ മധ്യേ സന്നിഹിതനാകുന്നു എന്നും വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം സഭാംഗങ്ങൾക്കുണ്ട്.

2. കുർബാന ബലിയല്ലെന്ന് മാർത്തോമ്മാസഭ വിശ്വസിക്കുന്നില്ല. അത് രക്തം കൂടാത്ത ബലിയാണ്.

3. പരിശുദ്ധരോട് അപേക്ഷിക്കുന്നത് വേദോചിതമല്ലെന്ന് സഭ പഠിപ്പിക്കുന്നില്ല. എന്നാൽ പരിശുദ്ധന്മാരോട് പ്രാർഥിക്കണമെന്ന് സഭ പഠിപ്പിക്കുന്നില്ല.

4. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുന്നത് വേദോചിതമല്ലെന്ന് മാർത്തോമ്മാസഭ പഠിപ്പിക്കുന്നില്ല.

5. *Ibid.* 43
6. *Ibid.* 47

www.malankaralibrary.com

5. വിശ്വാസത്തിനും ഉപദേശത്തിനും ആധാരമാക്കിയിരിക്കുന്നത് 66 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന വേദപുസ്തകം മാത്രമാണെന്ന് മാർ ത്തോമ്മാസഭ വിശ്വസിക്കുന്നില്ല. വേദപുസ്തകവും നിഖ്യാവിശ്വാസ പ്രമാണവും പിതാക്കന്മാരുടെ എഴുത്തുകളും പാരമ്പര്യവും കൂദാശ ക്രമ ങ്ങളും മെത്രാപ്പോലീത്തായുടെ കൽപ്പനകളും സഭയുടെ വിശ്വാസത്തിന് ആധാരമാണ്.

പല കോടതികൾ കടന്ന് അവസാനം ഈ കേസ് സുപ്രീം കോടതി യിലാണ് അവസാനിച്ചത്. എല്ലാ കോടതികളിലും ദാനിയേൽ പരാജയപ്പെട്ടു.[7] പഥ്യോപദേശസമിതി ബുള്ളറ്റിൻ എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ച് തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചു കൊണ്ടിരുന്നു. സുവിശേഷ പ്രകാശിനി എന്നാണ് 1968 മുതൽ അതിന്റെ പേര്. ഇവാൻജലിക്കൽ സഭയുടെ ഔദ്യോഗിക മാസികയാണിത്.

മാർത്തോമ്മാസഭയിൽ നിന്ന് ഇവാൻജലിക്കൽസഭ പിളർന്നുണ്ടാ കാനുള്ള വഴിയൊരുക്കി അമിത നവീകരണചിന്ത വളർത്തിയെടുത്തവരിൽ പ്രമുഖൻ കോഴഞ്ചേരിൽ കുറിഞ്ഞോട്ടിക്കൽ കൊല്ലക്കാരൻ കൊച്ചിട്ടി നൈനാന്റെ മകൻ കെ.എൻ. ദാനിയേൽ (1878–1965) ആയിരുന്നു. യുയോമയ ക്കാരായിരുന്ന അവരുടെ കുടുംബം മാർത്തോമ്മാക്കാരായി. ജീവിതത്തിൽ ഏറിയ പങ്കും വാദപ്രതിവാദങ്ങളിലും വ്യവഹാരങ്ങളിലും ഗ്രന്ഥരചനയി ലുമാണ് ദാനിയേൽ ചെലവഴിച്ചിട്ടുള്ളത്. മാർത്തോമ്മാ സഭയിലെ കൈവയ്പ്പിനെപ്പറ്റി യാക്കോബായാസഭയിലെ ഈ.എം. ഫിലിപ്പുമായി വാദപ്രതിവാദം നടത്തി. ശിശുസ്നാനത്തെപ്പറ്റി മഹാകവി കെ.വി.സൈമണു മായി തർക്കങ്ങളിൽ ഏർപ്പെട്ടു.

മാർത്തോമ്മാസഭയിലെ വിശ്വാസവിഷയങ്ങളെപ്പറ്റി പ്രസ്തുത സഭയിലെ യാഥാസ്ഥിതിക കക്ഷിയുമായി തർക്കത്തിൽ ഏർപ്പെട്ടു. പിന്നീട് കത്തോലിക്കാ സഭയ്ക്കെതിരായി ഗ്രന്ഥമെഴുതി. അതേത്തുടർന്ന് ജേക്കബ് നടുവത്തുശ്ശേരിയച്ചൻ, റോമിയോ തോമസ് അച്ചൻ, ശ്രീ ഐ.സി. ചാക്കോ എന്നിവരുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ടു. അതിൽ പരാജയപ്പെട്ടപ്പോൾ ഐ.സി. ചാക്കോയ്ക്കെതിരെ മാനനഷ്ടക്കേസ് കൊടുത്തു. ആ കേസിൽ ദാനിയേൽ തോറ്റു. പിന്നീട് പഥ്യോപദേശസമിതി ഉണ്ടാക്കുകയും യൂഹാനോൻ തിരുമേനിക്കെതിരെ ലഘുലേഖകൾ പ്രസിദ്ധീകരിക്കയും കേസുകൊടുത്ത് പരാജയമടയുകയും ചെയ്തു. തുടർന്ന് ഇവാൻജലിക്കൽ സഭാരൂപീകരണത്തിന് നേതൃത്വം നൽകി . മാർത്തോമ്മാസഭയിൽ തന്നെ നിന്നുകൊണ്ട് അദ്ദേഹം സഭയ്ക്കെതിരെ പ്രവർത്തിച്ചു. ഇടപെട്ട എല്ലാ കേസുകളിലും അദ്ദേഹം പരാജയപ്പെട്ടു. യൂഹാനോൻ തിരുമേനിയെ സുപ്രീംകോടതി വരെ കയറ്റി സംതൃപ്തിയടഞ്ഞു.

---

7. K. T. Thomas-T. N. Koshy, *Faith on Trial,* Ernakulam 1965.

www.malankaralibrary.com

## നിരോധന കൽപ്പന (1959)

പഥ്യോപദേശ സമിതിയുടെ വാർഷികദിനത്തിൽ (1959 ജനുവരി 1) ഇവാൻജലിക്കൽ തത്വങ്ങളനുസരിച്ച് കെ.എൻ ദാനിയേലിന്റെ ആലോചന യോടുകൂടി പുതിയ തിരുവത്താഴശുശ്രൂഷക്രമം പ്രസിദ്ധീകൃതമായി. പുതിയ ക്രമം അനുസരിച്ചുള്ള ശുശ്രൂഷയ്ക്ക് റവ.പി.ജോൺവർഗീസ് നേതൃത്വം നൽകി. കടുത്ത പ്രോട്ടസ്റ്റന്റ് മയമായ ഒരു ക്രമമാണ് അവർ ഉണ്ടാക്കിയത്. ഇതിൽ പങ്കെടുത്ത നാല് മാർത്തോമ്മാപട്ടക്കാരെ 1959 ഡിസംബർ 1-ന് യൂഹാനോൻ തിരുമേനി മാർത്തോമ്മാ സഭാശുശ്രൂഷ കളിൽ നിന്ന് നിരോധിച്ചുകൊണ്ട് കൽപ്പനയിറക്കി. റവ. പി.ഐ.മത്തായി, പി.ജോൺ വർഗീസ്, സി.എം.വർഗീസ്, കെ.ഓ.ജോൺ എന്നീ പട്ടക്കാരെ യാണ് മുടക്കിയത്.

മുടക്കിനു ശേഷം പല അനുരഞ്ജന ചർച്ചകളും പലയിടങ്ങളിലുമായി നടന്നു. എന്നാൽ അവയെല്ലാം പരാജയപ്പെട്ടപ്പോൾ, മുടക്കപ്പെട്ട നാലു പട്ടക്കാരെയും 1960 നവംബർ 1-ന് മാർത്തോമ്മാസഭയിൽനിന്ന് നീക്കം ചെയ്തു.[8]

## ഇവാൻജലിക്കൽസഭയുടെ ഉദ്ഘാടനം

അനുരഞ്ജന ചർച്ചകൾ നടന്നുകൊണ്ടിരുന്നപ്പോഴും പഥ്യോപദേശ സമിതിയിൽ പെട്ട ജനങ്ങൾ ശക്തിയായി എതിർപ്രചരണങ്ങളും പ്രമേയ ങ്ങളും പ്രതിഷേധപ്രകടനങ്ങളും എതിർപ്രവർത്തനങ്ങളും നടത്തിക്കൊണ്ടി രുന്നു. 1960 നവംബർ 25,26 തീയതികളിൽ ചെങ്ങന്നൂർ മുളക്കുഴയിൽ വച്ച് റവ.പി.എം.മത്തായി കശീശായുടെ അധ്യക്ഷതയിൽ പഥ്യോപദേശക്കാരായ ഇരുപതോളം പട്ടക്കാരും അനേകം അൽമായരും ഒന്നിച്ചുകൂടി യൂഹാനോൻ തിരുമേനിക്കും സത്യക്കാർക്കും എതിരായി പ്രമേയങ്ങൾ പാസ്സാക്കി. നവീകരണ ചിന്താഗതിക്കാരായ വിവിധ വിഭാഗക്കാരുടെ ഒരു സംയുക്ത യോഗമായിരുന്നത്: പഥ്യോപദേശ സമിതി, ഭാരത ഇവാൻജലിക്കൽ അലയൻസ്, സേവിനിസമാജം, തിരുവനന്തപുരം ഫെലോഷിപ്പ്, പട്ടക്കാരുടെ ഗ്രൂപ്പ്, വടക്കൻ തിരുവിതാംകൂർ ഇടവകകളുടെ കൂട്ടായ്മ എന്നീ സംഘടന കളിൽ പെട്ടവർ സന്നിഹിതരായിരുന്നു.[9]

പുതിയൊരു സഭ സ്ഥാപിക്കണമെന്നും അതൊരു എപ്പിസ്കോപ്പൽ സഭ ആയിരിക്കണമെന്നും മറ്റും ചർച്ചചെയ്ത് അംഗീകരിച്ചു. 1960 ഡിസംബർ 10-12 തീയതികളിൽ കുറ്റാലത്തുവച്ച് പ്രതിനിധികളുടെ ഒരു യോഗം കൂടി പുതിയ സഭയുടെ അടിസ്ഥാനപ്രമാണങ്ങൾ അംഗീകരിച്ചു.[10] കുറ്റാലത്തു വച്ചെടുത്ത തീരുമാനങ്ങൾ 1960 ഡിസംബർ 31-ന് കുമ്പനാട്ടുവച്ച് റവ.പി. ജോൺ വർഗീസിന്റെ അധ്യക്ഷതയിൽ കൂടിയ പഥ്യോപദേശ സമിതി

8. *SJS. 21-25*
9. *SJS. 25-26;* പി. കെ. വർഗീസ്, സഭാചരിത്രം, 54-55.
10. *Ibid.*

www.malankaralibrary.com

വാർഷികയോഗം അംഗീകരിച്ചു. വിവിധ സംഘടനകളും കുറ്റാലയോഗ തീരുമാനങ്ങൾ അംഗീകരിച്ചിരുന്നു. തീരുമാനപ്രകാരം 1961 ജനുവരി 26-ന് തിരുവല്ലായിൽ ബിഷപ്പ് ഏബ്രഹാം നഗറിൽ വച്ച് സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച ഓഫ് ഇൻഡ്യാ ഉദ്ഘാടനം ചെയ്യപ്പെട്ടു.

റവ.പി.ഐ.മത്തായി കശീശായുടെ അധ്യക്ഷതയിലാണ് ചടങ്ങുകൾ നടന്നത്. സന്നിഹിതരായിരുന്ന 18 മാർത്തോമ്മാ സഭാവൈദികർ കൈവച്ച് രണ്ടു വൈദികരെ സഭാനേതൃത്വം ഏൽപ്പിച്ചു. റവ. പി. ജോൺ വർഗീസ്, റവ. കെ. എൻ. ഉമ്മൻ എന്നിവരാണ് ഇപ്രകാരം നിയമിതരായത്. റവ. ഉമ്മൻ കെ. എൻ. ദാനിയേലിന്റെ സഹോദരനായിരുന്നു. ജോൺ വർഗീസ് മാർത്തോമ്മാ സഭയിൽ നിന്ന് മുടക്കപ്പെട്ട ആളുമായിരുന്നു. ചരിത്രപരമായ കൈവയ്പ് അവർക്ക് ലഭിച്ചില്ല. എപ്പിസ്കോപ്പൽ സഭകളൊന്നും 18 വൈദികർ നടത്തിയ ശുശ്രൂഷ മെത്രാഭിഷേകമായി അംഗീകരിക്കുന്നില്ല. ഇവർ വാഴിക്കുന്ന വൈദികർ ചരിത്രപരമായ ക്രൈസ്തവപട്ടം ഉള്ളവരായി ചരിത്രപരസഭകൾ അംഗീകരിക്കുന്നില്ല.

## മാർത്തോമ്മാസഭയുടെ പ്രതികരണം

ഇവാൻജലിക്കൽ സഭ 1961-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടശേഷം പ്രസ്തുത വർഷം ഫെബ്രുവരി 14-ന് 156-ാം നമ്പർ കൽപ്പനയായി യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ പള്ളികൾക്ക് ഒരു കൽപ്പന അയച്ചു. ഇതൊരു സംഘടനയാണ്. അവരുടെ മെത്രാൻപട്ടം വാസ്തവമല്ല. അവരുമായി കൗദാശിക ബന്ധം പാടില്ല എന്നെല്ലാം കൽപ്പനയിൽ അറിയിച്ചു. കൽപ്പനയുടെ ചില ഭാഗങ്ങൾ ചുവടേ ചേർക്കുന്നു:

"...1961 ജനുവരി 26-ാം തീയതി സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ എന്ന നാമധേയത്തിൽ ഒരു പുതിയ സംഘടന രൂപീകരിച്ചതായി പത്രദ്വാരാ നിങ്ങൾ ഗ്രഹിച്ചിരിക്കുമല്ലോ. സഭയിൽ നിന്നു മുടക്കപ്പെട്ട ഒരു പട്ടക്കാരന്റെ മുമ്പിൽ, മുടക്കപ്പെട്ട വേറൊരു പട്ടക്കാരനും നമ്മുടെ സഭാസേവനത്തിൽ നിന്നു രാജിവച്ചുപോയ മറ്റൊരു പട്ടക്കാരനും മുട്ടുകുത്തി ബിഷപ്പന്മാരുടെ ചുമതലകളും അധികാരങ്ങളും പദവികളും സംബന്ധിച്ച് ചില പ്രതിജ്ഞകൾ ചെയ്ത്, ആ സംഘടനയുടെ അംഗങ്ങളായി ചേർന്നിട്ടുള്ള കുറേ പട്ടക്കാരുടെ കൈവയ്പ്പോടുകൂടി ബിഷപ്പന്മാരായി തീർന്നതായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്ക് അവർക്ക് നമ്മുടെ സഭയിൽ ഉണ്ടായിരുന്ന സകല പദവികളും അവകാശങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ അവർ അയക്കുന്ന വിളിച്ചുചൊല്ലു കുറി സ്വീകരിക്കുകയോ അവരുടെ പള്ളികൾക്ക് കുറി കൊടുക്കുകയോ ആ വകുപ്പിൽ പെട്ടവർ ഉൾപ്പെട്ട വിവാഹങ്ങൾക്ക് നമ്മുടെ സഭാംഗങ്ങളായ സ്ത്രീകളെ പുതിയ വകുപ്പിലേക്ക് വിവാഹം ചെയ്തുകൊടുക്കുകയോ ആ പട്ടക്കാരുടെ കർമാദികളിൽ പങ്കെടുക്കുകയോ പാടില്ലാത്തതാണ്."

"...കിഴക്കും പടിഞ്ഞാറുമുള്ള എപ്പിസ്കോപ്പൽ സഭകൾ ഏറ്റവും പാവനമായി കരുതി, അനേകം കഷ്ടനഷ്ടങ്ങളിൽ കൂടി നിലനിർത്തി

www.malankaralibrary.com

പ്പോരുന്ന ഒരു അതിപാവന സ്ഥാനമത്രേ മേൽപട്ടസ്ഥാനം. ഇങ്ങനെയിരിക്കെ, മേൽവിവരിച്ച രീതിയിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ എന്ന സംഘടനയെ ഒരു സഭയായി സ്വീകരിപ്പാൻ നമുക്ക് നിവൃത്തിയില്ലാത്തതാണ്. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ആരാധനകളിലോ, കർമാദികളിലോ സംബന്ധിക്കുകയോ സഹകരിക്കുകയോ ചെയ്തു കൂടാത്തതാണ്. ഈ സംഘടനയിൽ ഉൾപ്പെട്ടവർ മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ അവരുടെ അംഗത്വം സ്വമനസ്സാലെ ഉപേക്ഷിക്കുന്നതായും അവർക്ക് സഭയിലുള്ള അവകാശങ്ങളും പദവികളും തൻമൂലം നഷ്ടപ്പെട്ടതായും പരിഗണിക്കപ്പെടുന്നതാണ്..."

## ഇന്നത്തെ സ്ഥിതി

ഇവാൻജലിക്കൽ സഭ 1961-ൽ റവ. കെ. എൻ.ഉമ്മനെയും റവ. ജോൺ വർഗീസിനെയും വൈദികരുടെ കൈവയ്പ്പാൽ സഭാധ്യക്ഷന്മാരാക്കി. ഭരണഘടന അനുസരിച്ച് റവ.കെ.എൻ ഉമ്മനെ 1962-ൽ പ്രിസൈഡിംഗ് ബിഷപ്പായി പ്രതിനിധിസഭ തെരഞ്ഞെടുത്തു. റവ. ജോൺവർഗീസ് 1965-ൽ മരിച്ചു. പുതുതായി രണ്ടുപേരേ കൂടി ബിഷപ്പന്മാരായി വാഴിക്കാൻ പ്രതിനിധി സഭ തീരുമാനിച്ചതനുസരിച്ച് 1966-ൽ യോഗം ചേർന്നു. വൈദികരുടെയും അൽമായരുടെയും മൂന്നിൽ രണ്ട് വോട്ടുകൾ വെവ്വേറെ കിട്ടുന്നയാളിനെ മാത്രമേ ബിഷപ്പാക്കാവൂ എന്ന ഭരണഘടന നിബന്ധന അനുസരിച്ച് വോട്ടിംഗ് നടന്നു. ഒരു സ്ഥാനാർഥി മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും, അദ്ദേഹത്തിന് വേണ്ടത്ര വോട്ട് ലഭിച്ചില്ല. തദ്ഫലമായി പുതിയ ബിഷപ്പന്മാരെ വാഴിക്കാൻ സാധിച്ചില്ല. ഇതേ തുടർന്ന് അവരുടെ ഇടയിൽ കക്ഷിതിരിവുകൾ ആരംഭിച്ചു. പ്രതിനിധിസഭയുടെ പ്രത്യേകയോഗം കൂടി ബിഷപ്പ് ഉമ്മനെതിരെ അവിശ്വാസപ്രമേയം പാസ്സാക്കി. സഭയുടെ ഉന്നതാധികാര ട്രിബ്യൂണൽ കൂടി ബിഷപ്പ് ഉമ്മനെ സഭാഭ്രഷ്ടനാക്കി.

## സെന്റ് തോമസ് ഇവാൻജലിക്കൽ ഫെലോഷിപ്പ് ഓഫ് ഇൻഡ്യാ

ബിഷപ്പ് ഉമ്മനെ പിൻതുണയ്ക്കുകയും അംഗീകരിക്കുകയും ചെയ്തവർ ബിഷപ്പ് ഉമ്മന്റെയും റവ.പി.സി. സഖറിയായുടെയും നേതൃത്വത്തിൽ 1971-ൽ സെന്റ് തോമസ് ഇവാൻജലിക്കൽ ഫെലോഷിപ്പ് ഓഫ് ഇൻഡ്യാ എന്ന പേരിൽ ഒരു ഫെലോഷിപ്പുണ്ടാക്കി. തിരുവിതാംകൂർ-കൊച്ചി ലിറ്ററി ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് XII(1956) അനുസരിച്ച് ഈ ഫെലോഷിപ്പ് റജിസ്റ്റർ ചെയ്തു. ബിഷപ്പ് ഉമ്മനായിരുന്നു 1971 മുതൽ 1984 വരെ ഇതിന്റെ പ്രസിഡന്റ്.

ഇതോടുകൂടി ഇവാൻജലിക്കൽസഭ രണ്ടുകക്ഷികളായി പിളർന്നു. ബിഷപ്പ് ഉമ്മന്റെ നേതൃത്വം അംഗീകരിച്ച വിഭാഗം മെത്രാൻ ഗ്രൂപ്പെന്നും അംഗീകരിക്കാതെ നിന്നവർ റവ.പി.റ്റി.തോമസിന്റെ നേതൃത്വത്തിൽ അച്ചൻ ഗ്രൂപ്പെന്നും അറിയപ്പെട്ടു. ഈ രണ്ടുഗ്രൂപ്പുകളും തമ്മിൽ കേസുകളും തുടങ്ങി. 1974-ൽ കേസ്സുകളെല്ലാം ആലപ്പുഴ സബ്കോടതിയിലേക്കു

www.malankaralibrary.com

മാറ്റുവാൻ കേരളാ ഹൈ കോടതിയുടെ ഉത്തരവു ലഭിച്ചു. അതോടുകൂടി ഇരുകൂട്ടരും യോജിച്ചുപോകുന്നതിനുള്ള ആലോചനയുടെ ഫലമായി കേസു കളെല്ലാം പിൻവലിക്കണമെന്നും പ്രതിനിധിസഭ കൂടി തെരഞ്ഞെടുപ്പു നടത്തണമെന്നുമുള്ള രണ്ടു വ്യവസ്ഥകളോടു കൂടെ യോജിപ്പുണ്ടാക്കു കയും കോടതിയിൽ അപ്രകാരം എഴുതിക്കൊടുത്ത് കേസുകൾ പിൻവലിക്കു കയും ചെയ്തു. 1974 നവംബർ 30-ന് നടന്ന പ്രതിനിധി സഭായോഗത്തിൽ പുതിയ ചുമതലക്കാരെ തെരഞ്ഞെടുത്തു.[11] എന്നാൽ ഐക്യം യാഥാർഥ്യ മായില്ല. പ്രതിനിധിസഭയുടെ അനുവാദമില്ലാതെയും ഭരണഘടനയ്ക്ക് വിരുദ്ധമായും ബിഷപ്പ് ഉമ്മൻ സ്വന്തമായി 1977-ൽ റവ. പി.എസ്. വർഗീ സിനെ ബിഷപ്പായി വാഴിച്ചു.[12]

അച്ചൻഗ്രൂപ്പുകാർ 1978-ൽ സ്വന്തമായി ഒരു ബിഷപ്പിനെ വാഴിച്ചു. തങ്ങളുടെ ഇടയിലെ അഭിപ്രായവ്യത്യാസം മൂലം തങ്ങളിലൊരാളെ അവർക്ക് ബിഷപ്പാക്കാൻ സാധിച്ചില്ല. അതുകൊണ്ട് റ്റി.സി.ചെറിയാൻ എന്ന സി.എസ്.ഐ.വൈദികനെ മധ്യപ്രദേശിലെ മെന്നോനീത്താ ബിഷപ്പായ മലാഗറിന്റെ കൈവയ്പ്പോടുകൂടെ 1978 ഡിസംബർ 17-ന് ഇവാൻജലിക്കൽ സഭയ്ക്കുവേണ്ടി ബിഷപ്പാക്കി.ചരിത്രപരമായ എപ്പിസ്കോപ്പൽ കൈവയ്പ്പി ല്ലാത്ത സഭയാണ് മെന്നോനീത്താസഭ. അതുകൊണ്ട് ബിഷപ്പ് ചെറിയാന്റെ പട്ടം പലരും അംഗീകരിക്കുന്നില്ല. ഇവാൻജലിക്കൽ സഭയിലെ പ്രാഥമി കാംഗത്വം പോലും ഇല്ലാത്തയാളെ അധ്യക്ഷനാക്കിയതിൽ എതിർകക്ഷി ക്കാർ കോടതിയിൽ ചോദ്യംചെയ്തു. അതിന് 1987 ജൂലൈ 31-ന് കോടതി തീരുമാനമുണ്ടായി. ബിഷപ്പ് ചെറിയാൻ ഈ സഭവക പള്ളികളിലും സ്ഥാപനങ്ങളിലും പ്രവേശിക്കുകയും പ്രസംഗിക്കുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്യുന്നത് കോടതി തടഞ്ഞു. തുടർന്നു നടത്തിയ അപ്പീലു കളിലും കീഴ്ക്കോടതിയുടെ ഡിക്രി ശരിവയ്ക്കയാണുണ്ടായത്.[13] ഇതിനിടെ 1984 ജനുവരി 17-ന് ബിഷപ്പ് ഉമ്മൻ മരിച്ചു.1985-ൽ ബിഷപ്പ് പി.എസ്. വർഗീസ് ഇവാൻജലിക്കൽ ഫെലോഷിപ്പിനു വേണ്ടി. റവ. എം.കെ. കോശിയെ ബിഷപ്പായി വാഴിച്ചു. അങ്ങനെ ഫെലോഷിപ്പിന് രണ്ടു ബിഷപ്പന്മാരും 13 അച്ചന്മാരും ഉണ്ടായി. 1989-ൽ അവർ ഒരു വൈദിക സെമിനരി തുടങ്ങി. ബിഷപ്പ് ഉമ്മൻ തിയളോജിക്കൽ സെമിനരി. കുമ്പനാട് കടപ്രാ ആണ് ഫെലോഷിപ്പിന്റെയും സെമിനരിയുടെയും ആസ്ഥാനം.[14]

ഇവാൻജലിക്കൽ ചർച്ചിലെ അച്ചൻ ഗ്രൂപ്പുകാർ 1985-ൽ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് അവർക്ക് 39 പട്ടക്കാരുണ്ട്.ഇവരിൽ എട്ടുപേരേ ബിഷപ്പ് ചെറിയാൻ 1985 ഏപ്രിൽ 27-ന് വാഴിച്ചതാണ്. 1977 ഡിസംബറിനുശേഷം പട്ടക്കാരായിതീർന്ന 28 പേരുള്ളതിൽ 18 പേരും ബിഷപ്പ് ചെറിയാനിൽ നിന്ന്

11. പി. കെ. വർഗീസ്, സഭാചരിത്രം, 81.
12. *Ibid.*
13. ഇവാൻജലിക്കൽ ഓഫീസിൽനിന്ന് അറിയിച്ചതനുസരിച്ചാണ് ഈ വിവരങ്ങൾ.
14. ഇ. ജെ. ചാക്കോ, *കേരളത്തിലെ ചില സ്വതന്ത്രസഭകൾ, പേ. 171.*

www.malankaralibrary.com

പട്ടമേറ്റവരാണ്.[15] അച്ചൻഗ്രൂപ്പുകാർ റവ.പി.റ്റി.തോമസിന്റെ നേതൃത്വത്തിൽ ബിഷപ്പ് ചെറിയാനെ പ്രിസൈഡിംഗ് ബിഷപ്പായി കരുതി.

ഇവാൻജലിക്കൽ ചർച്ച് 1962-ൽ ഇന്റർനാഷണൽ ക്രിസ്റ്റ്യൻ കൗൺസിൽ ഓഫ് ചർച്ചസിന്റെ ഒരു ഘടകമായിത്തീർന്നു.[16] അതിന്റെ പ്രസിഡന്റായ കാൾ മക്കിന്റെർ ഇവാൻജലിക്കൽ സഭയെ വളരെയധികം സഹായിച്ചിട്ടുണ്ട്. പിളർപ്പുണ്ടായപ്പോൾ കാൾ മക്കിന്റെർ സഹായിക്കുന്നത് ഫെലോഷിപ്പിനെയാണ്. 1968 മുതൽ ഇവാൻജലിക്കൽസഭ മേൽപ്പറഞ്ഞ സംഘടനയിൽ അംഗമല്ല. എന്നാൽ ഫെഡറേഷൻ ഓഫ് ഇവാൻജലിക്കൽ ചർച്ചസ് ഓഫ് ഇൻഡ്യയുടെ അംഗമായി തുടരുന്നു.

ഇരുവിഭാഗവും തമ്മിൽ യോജിച്ച് ഒന്നാകുന്നതിനുള്ള ചർച്ചകൾ 1993-ൽ ആരംഭിച്ചു. എന്നാൽ പൂർണമായി ഒന്നായിത്തീരാൻ സാധിച്ചില്ല. തുടർന്ന് ബിഷപ്പ് കോശിയും ആറ് പട്ടക്കാരും ഫെലോഷിപ്പ് വിട്ട് ഇവാൻജലിക്കൽ സഭയിൽ 1995 ജൂൺ 24-ന് ചേർന്നു. 1995-ൽ ബിഷപ്പ് പി.എസ്.വർഗീസ്, ഏ.ഐ. അലക്സാണ്ടറെ ഫെലോഷിപ്പിനു വേണ്ടി വാഴിച്ചു. 1996-ൽ ബിഷപ്പ് വർഗീസ് മരിച്ചു.

തുടർന്നു നടന്ന ചർച്ചകളുടെഫലമായി രണ്ടുവിഭാഗവും ഒന്നായി. ബിഷപ്പ് സി.വി.മാത്യു പത്തുവർഷം ഐക്യപ്പെട്ട സഭയുടെ പ്രിസൈഡിംഗ് ബിഷപ്പായിരുന്നു. ഇപ്പോഴത്തെ പ്രിസൈഡിംഗ് ബിഷപ്പ് തോസ് ഏബ്രഹാമാണ്. അദ്ദേഹത്തിനു പുറമേ ഈ സഭയ്ക്ക് ഏബ്രഹാം ചാക്കോ എന്ന ഒരു ബിഷപ്പ് കൂടിയുണ്ട്. സി.വി.മാത്യു, റ്റി.സി. ചെറിയാൻ, എം.കെ.കോശി, ഏ.ഐ. അലക്സാണ്ഡർ എന്നിവർ റിട്ടയർ ചെയ്ത ബിഷപ്പന്മാരാണ്.

## അവലോകനം

വിശ്വാസത്തിൽ തികച്ചും പ്രോട്ടസ്റ്റന്റാണ് ഇവാൻജലിക്കൽ സഭയും ഫെലോഷിപ്പും. 66 ഗ്രന്ഥങ്ങളുള്ള സത്യവേദപുസ്തകം മാത്രമാണ് വിശ്വാസത്തിനാധാരം. അവർ നിഖ്യാവിശ്വാസപ്രമാണം സ്വീകരിക്കുന്നെങ്കിലും, അതിന്റെ അന്തസ്സത്ത അംഗീകരിക്കുന്നില്ല. തിരുവത്താഴവും സ്നാനവും അംഗീകരിക്കുന്നു. "സ്നാനം കൊണ്ട് വീണ്ടും ജനനം ഉണ്ടാകുമെന്നുള്ള ഉപദേശം ഈ സഭ നിഷേധിക്കുന്നു."[17] "പാപമോചനത്തിനുള്ള മാമോദീസാ ഒന്നു മാത്രമേയുള്ളു" എന്നതിന്റെ അർഥം, "പാപമോചനം ഉണ്ടാക്കുവാനുള്ള സ്നാനം" എന്നല്ല, പിന്നെയോ, "പാപമോചനത്തെ കുറിക്കുന്ന സ്നാനം" എന്നാണ്. "ഒന്നുമാത്രം" എന്നാൽ "ഒരിക്കൽ മാത്രം അനുഷ്ഠിക്കേണ്ടത്" എന്നാണർഥം. അതായത് സ്നാനം സംബന്ധിച്ച്

15. പി. കെ. വർഗീസ് *op. cit.* p. 85.

16. ഭിന്നിച്ചു മാറുന്ന സഭാസമൂഹങ്ങളെ ചേർത്തും സഹായിച്ചും അഖില ലോക സഭാകൗൺസിലിന് (WCC) ബദലായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണിത്.

17. *സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ: സ്നാന ശുശ്രൂഷാക്രമം, 1987, പേ. 5; ഭരണഘടന* പേ. 11.

www.malankaralibrary.com

കാൽവിനിസ്റ്റ് പ്രോട്ടസ്റ്റന്റ് ആശയമാണ് ഇവർ സ്വീകരിച്ചിരിക്കുന്നത് എന്നർഥം.

അപ്പവീഞ്ഞുകൾ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ ചിഹ്നവും പ്രതീകവും മാത്രമാണ് എന്ന ലിബറൽ പ്രോട്ടസ്റ്റന്റ് ആശയം ഇവർ പഠിപ്പിക്കുന്നു. "ശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകളിൽ ക്രിസ്തുവിന്റെ ഏതെങ്കിലും സാന്നിധ്യം ഉണ്ടെന്നുള്ള ഉപദേശവും അപ്പവീഞ്ഞുകളിൽ ഉണ്ടെന്നു പറയപ്പെടുന്ന ആത്മീയസാന്നിധ്യോപദേശവും ഈ സഭ നിഷേധിക്കുന്നു. തിരുവത്താഴത്തിൽ ഉപയോഗിക്കുന്ന അപ്പവീഞ്ഞുകൾ യേശുക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ ചിഹ്നവും പ്രതീകവും മാത്രമാണ്." എന്ന് ഭരണഘടനയിൽ ചേർത്തിരിക്കുന്നു.[18]

അതുപോലെ പട്ടക്കാരോട് പാപം ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിക്കണം എന്ന പുരാതന സഭാപ്രബോധനവും ഇവർ സ്വീകരിക്കുന്നില്ല. ഇവർ മരിച്ചവർക്കുവേണ്ടിപ്രാർഥിക്കുന്നില്ല. പരിശുദ്ധ കന്യകമറിയാമിന്റെയും വിശുദ്ധരുടെയും മാധ്യസ്ഥ്യാപേക്ഷയിലും ഇവർ വിശ്വസിക്കുന്നില്ല. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഔദ്യോഗികമായി മാർത്തോമ്മാ സഭയുടെ വിശ്വാസം ഇതൊക്കെ തന്നെയാണല്ലോ.

ഇവർക്ക് ചരിത്രപരമായ കൈവയ്പ്പ് ലഭിച്ചിട്ടില്ല. പട്ടക്കാർ കൈവച്ച് ബിഷപ്പിനെ വാഴിക്കുന്നത് സാർവത്രിക സഭാരീതിയല്ല. പ്രോട്ടസ്റ്റന്റ് സഭകളുടെ രീതിയാണ്. അതാണിവർ സ്വീകരിച്ചിരിക്കുന്നത്.

കുരിശു വരയ്ക്കുന്ന പുരാതനരീതി ഇവർ ഉപേക്ഷിച്ചിരിക്കയാണ്. വീടുകളിലും പള്ളികളിലും എങ്ങും ഇവർ സാധാരണയായി കുരിശു വയ്ക്കാറില്ല. എന്നാൽ പള്ളിയാണെന്നു കാണിച്ച് പഞ്ചായത്തിൽ നിന്ന് അനുവാദം കിട്ടാൻവേണ്ടി ഇപ്പോൾ ചില പള്ളികൾക്കു മുകളിൽ കുരിശു വയ്ക്കുന്നുണ്ട്. കുരിശാകൃതിയിലല്ല ഇവർ ആശീർവദിക്കുന്നത്. പകരം കൈ ഉയർത്തി പിടിക്കുക മാത്രം ചെയ്യുന്നു.

അബ്രഹാം മൽപ്പാന്റെ നവീകരണോപദേശങ്ങളാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. സമഗ്ര ക്രൈസ്തവ വീക്ഷണങ്ങളൊന്നും മൽപ്പാന് ലഭിച്ചതിന്റെ ലക്ഷണം നവീകരണത്തിൽ കാണുന്നില്ല. അദ്ദേഹം കുറേ സുറിയാനി പഠിച്ച് 16-ാം വയസ്സിൽ കത്തനാരായി. സെമിനരിയിൽ സുറിയാനി പഠിപ്പിക്കാൻ തുടങ്ങി. അത്രമാത്രം ദൈവശാസ്ത്രമേ അദ്ദേഹത്തിന് ലഭിച്ചിട്ടുള്ളു. പിന്നീട് പ്രോട്ടസ്റ്റന്റുകാരുമായുള്ള സംസർഗത്തിലൂടെ കുറേ പ്രോട്ടസ്റ്റന്റ് ആശയങ്ങൾ ലഭിച്ചു. അതിന്റെ വെളിച്ചത്തിൽ അന്ത്യോകൃൻ ആരാധനക്രമം തിരുത്തി. അത് ഒരു സഭയുടെ ദൈവശാസ്ത്രമായി സ്വീകരിച്ചത് മഹാ അബദ്ധവും വലിയ കുറവും ആയിരുന്നു. ഇന്നും അത് മുറുകെ പിടിക്കുന്നതിൽ വലിയ അർഥമില്ല.

18. *ഭരണഘടന*,പേ.13; *ആരാധനാക്രമവും തിരുവത്താഴവും,* തിരുവല്ല, 1988, 31-42.

www.malankaralibrary.com

ചുരുക്കത്തിൽ മാർത്തോമ്മാസഭയിലെ ലിബറൽ ചിന്താഗതിക്കാരായ ജനങ്ങളാണ് ഇവാൻജലിക്കൽസഭയ്ക്ക് രൂപം നൽകിയിരിക്കുന്നത്. ക്രിസ്തുമതത്തിൽ വിശ്വാസപ്രമാണങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകപ്പെടുന്നു. വിശ്വാസപ്രമാണങ്ങളിൽ ഐക്യമില്ലാതെ ക്രൈസ്തവ സഭയ്ക്ക് മുന്നോട്ടുപോകാൻ സാധ്യമല്ലെന്ന് മാർത്തോമ്മാ സഭയുടെ ചരിത്രം പഠിപ്പിക്കുന്നു. വിവിധ ചിന്താഗതിക്കാരായ ജനങ്ങളെ കുറേനാൾ യോജിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാമെങ്കിലും,അതൊന്നും സ്ഥായിയായ ഐക്യം ആയിരിക്കയില്ല.സ്ഥായിയായ ഐക്യം അടിസ്ഥാന ക്രിസ്തീയ പ്രമാണ ങ്ങളിലും തത്വങ്ങളിലും അധിഷ്ഠിതമായിരിക്കണം. അപ്രകാരമല്ലെങ്കിൽ ഒരവസരം അല്ലെങ്കിൽ മറ്റൊരവസരം വ്യത്യസ്ത ചിന്താഗതിക്കാർ അകന്നു മാറും. പുതിയ പുതിയ സഭകൾ ഉടലെടുക്കുകയും ചെയ്യും.

മാർത്തോമ്മാ സഭ കുറേ പ്രോട്ടസ്റ്റന്റ് തത്വങ്ങൾ അടിസ്ഥാനമാക്കി നവീകരണം നടത്തി. നവീകരണത്തിന്റെ പേരിൽ പുരാതന അന്ത്യോക്യൻ തക്സായിൽ തിരുത്തലുകൾ വരുത്തി. അതുവഴി പല പുരാതന ക്രൈസ് തവ മൂല്യങ്ങളും നഷ്ടപ്പെടുത്തി. അന്നു വിട്ടുകളഞ്ഞവ മേന്മയായിട്ടല്ല, കുറവായിട്ടാണ് സമഗ്ര ക്രൈസ്തവ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ കരുതേണ്ടത്. ആ പാതതന്നെ ഇവാൻജലിക്കൽ സഭയും പിന്തുടർന്നു. മാർത്തോമ്മാ സഭയിൽ നിലനിന്ന പല പുരാതന ക്രൈസ്തവ മൂല്യങ്ങളും വേണ്ടെന്നു വച്ചിട്ട് ലിബറൽ പ്രോട്ടസ്റ്റന്റ് ആശയങ്ങൾ സ്വന്തമാക്കി. സ്നാനം, മെത്രാൻസ്ഥാനം, കുർബാന എന്നിവയെപ്പറ്റി മാർത്തോമ്മാ സഭയ്ക്കുള്ള ആശയങ്ങൾ പോലും ഇവാൻജലിക്കൽ സഭയിൽ ചോർന്നു പോയി. പരിപാവനമായ സ്ലീബായുടെ അടയാളം പോലും വേണ്ടെന്നുവച്ചു.

വിശ്വാസവ്യത്യാസം, വ്യക്തിവിദ്വേഷം, അനുസരണരാഹിത്യം, സ്ഥാന ബഹുമാനമോഹം എന്നിവയാണ് ഈ സമൂഹത്തിന്റെ രൂപീകരണ ത്തിന് വഴിതെളിച്ച കാരണങ്ങൾ എന്നു കരുതുന്നവരുണ്ട്. ഇതിനൊക്കെ ആവേശ പൂർവം വാതിൽ തുറന്നുകൊടുത്തത് യുയോമയക്കാരനായിരുന്ന കെ.എൻ. ദാനിയേലാണ്. എന്നാൽ ഇതിൽ ബാഹ്യമായി ഉൾപ്പെടാതെ നിന്നുകൊണ്ട് അദ്ദേഹം തന്റെ സഹോദരനെ ബിഷപ്പാക്കി.

പിളർപ്പുകളെല്ലാം ശ്ലൈഹികവിശ്വാസം ചോർന്നുപോകാൻ വഴിയൊരു ക്കുന്നു. കുറേ സുറിയാനി ക്രിസ്ത്യാനികളെ തനി പ്രോട്ടസ്റ്റന്റ് താവളങ്ങ ളിൽ എത്തിക്കുന്നതിന് ഇതിടയാക്കി. എക്യുമേനിസത്തിന്റെ ഇക്കാലത്ത് സമഗ്ര ക്രൈസ്തവ പാരമ്പര്യം എന്തെന്ന് അന്വേഷിക്കുന്നതിനും കൈവിട്ടു പോയവ തിരികെ എടുക്കുന്നതിനുമാണ് സഭകൾ പരിശ്രമിക്കേണ്ടത്. വൈദേശിക ചരിത്ര പശ്ചാത്തലങ്ങളുടെ പേരിൽ ഒരിക്കലും പുരാതന വിശ്വാസാനുഷ്ഠാനങ്ങൾ കളഞ്ഞുകുളിക്കാൻ പാടില്ല.

www.malankaralibrary.com

## അധ്യായം - 4

# ചർച്ച് ഓഫ് സൗത്തിൻഡ്യാ (ദക്ഷിണേൻഡ്യാ സഭ - സി.എസ്.ഐ.)

ഐക്യചിന്ത ഈ നൂറ്റാണ്ടിന്റെ പ്രത്യേകതയാണല്ലോ. "അവരെല്ലാവരും ഒന്നാകുവാൻ" (യോഹ.17,24) പ്രാർഥിച്ച കർത്താവിന്റെ തിരുവിഷ്ടം നിറവേറ്റാൻ പല സഭകളും താൽപ്പര്യപൂർവം പരിശ്രമിക്കുന്നു. പിളർപ്പ് ക്രിസ്തുവിന്റെ പ്രാർഥനയ്ക്കും തിരുഹിതത്തിനും വിരുദ്ധമാണെന്ന് ഈ സഭകൾ മനസ്സിലാക്കുന്നു. സഭയിലെ പിളർപ്പിന് ആരംഭം കുറിച്ച നാടുകളിൽ മാത്രമല്ല, മിഷൻപ്രദേശങ്ങളിലും ഐക്യത്തിനുള്ള വലിയൊരു അന്തർദാഹം ഉടലെടുത്തിട്ടുണ്ട്. മിഷൻ പ്രദേശങ്ങളിൽ യോജിച്ചുള്ള ക്രൈസ്തവസാക്ഷ്യം അവശ്യാവശ്യമാണെന്ന് ക്രൈസ്തവ മിഷണറിമാർക്ക് ബോധ്യമായതിനെ തുടർന്ന് യോജിച്ചുള്ള പ്രവർത്തനങ്ങളെ പറ്റി ചിന്തിച്ചു. അപ്രകാരം ഭാരതത്തിലെ ചില പ്രോട്ടസ്റ്റന്റ് സഭകൾ ചിന്തിച്ചതിന്റെ ഫലമായി രൂപമെടുത്ത സഭയാണ് *ചർച്ച് ഓഫ് സൗത്തിൻഡ്യാ.* എന്നാൽ ഈ ഐക്യത്തിൽ നിന്ന് പിന്നീട് ചില സഭാസമൂഹങ്ങൾ പിളർന്നു മാറാൻ ഇടയായി. അതിൽ പ്രധാനപ്പെട്ടതാണ് തിരുവിതാംകൂർ-കൊച്ചി സി.എം.എസ്. ആംഗ്ലിക്കൻ മഹായിടവക. ഈ രണ്ടു സഭകളെ പറ്റിയാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

പ്രെസ്ബിറ്റേറിയൻ, കോൺഗ്രിഗേഷണൽ, ആംഗ്ലിക്കൻ, മെതഡിസ്റ്റ് എന്നിങ്ങനെ നാല് വിഭിന്ന പാരമ്പര്യങ്ങളിൽ ഉൾപ്പെട്ട സഭകളാണ് യോജിച്ച് ഒരു സഭയായി തീർന്നത്.[1] 1947 സെപ്തംബർ 27-ാം തീയതിയാണ് ദക്ഷിണേൻഡ്യാ സഭ ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഇതിനു മുന്നോടിയായി ആദ്യം പ്രെസിബിറ്റേറിയൻ, കോൺഗ്രിഗേഷണൽ സഭകൾ തമ്മിൽ ഐക്യപ്പെട്ടു.

1. ഈ സഭകളെ പറ്റി അടുത്തൊരധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നതാണ്.

www.malankaralibrary.com

## പ്രെസ്ബിറ്റേറിയൻ സഭകളിലെ ഐക്യം

സ്കോട്ട്ലണ്ടിൽ 1900–ൽ *യുണൈറ്റഡ് ഫ്രീചർച്ച് ഓഫ് സ്കോട്ട്ലണ്ട്* എന്ന പേരിൽ പ്രെസ്ബിറ്റേറിയൻ സഭകളെല്ലാം കൂടി സംയോജിച്ചു. തെക്കേ ഇൻഡ്യയിൽ പ്രവർത്തിച്ചിരുന്ന പ്രെസ്ബിറ്റേറിയൻ സഭകൾ സ്കോട്ട്ലണ്ടിലെ പ്രെസ്ബിറ്റേറിയൻ സഭയുടെ മാതൃക സ്വീകരിച്ചു കൊണ്ട് 1901–ൽ *സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ച്* എന്ന പേരിൽ വെല്ലൂരിൽ വച്ച് ഒരു സഭയായി. അമേരിക്കൻ ആർക്കോട്ട് മിഷന്റെ സഭകളും[2] യുണൈറ്റഡ് ഫ്രീ ചർച്ച് ആൻഡ് ചർച്ച് ഓഫ് സ്കോട്ട്ലണ്ടും ആയിരുന്നു ഘടകസഭകൾ. ഈ രണ്ട് പ്രെസ്ബിറ്റേറിയൻ സഭകൾ തമ്മിൽ യോജിച്ചപ്പോൾ *പ്രെസ്ബിറ്റേറിയൻ* എന്ന പദം വിട്ടുകളഞ്ഞു. ഭാവിയിൽ വിശാലമായ ഐക്യത്തിന് വഴിയൊരുക്കാനാണ് ഐക്യസംഘാടകർ ഇപ്രകാരം ചെയ്തത്.

## കോൺഗ്രിഗേഷണൽ സഭകളിലെ ഐക്യം

പ്രെസ്ബിറ്റേറിയൻ സഭയിലുണ്ടായ ഈ ഐക്യം തെക്കേ ഇൻഡ്യയിലെ കോൺഗ്രിഗേഷണൽ സഭകളിലും ഐക്യാഭിവാഞ്ഛ ഉണർത്തി. കോൺഗ്രിഗേഷണൽ സഭയുടെ ഓരോ ശാഖയും അതാതു സ്ഥാനങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിച്ചു പോരുക എന്നുള്ളതായിരുന്നു രീതി. അത്തരത്തിൽ പെട്ടതായിരുന്നു *ലണ്ടൻ മിഷണറി സൊസൈറ്റി (എൽ.എം.എസ്.).* പല സ്ഥലങ്ങളിലായി സ്വതന്ത്രമായും യഥേഷ്ടമായും പ്രവർത്തിച്ചിരുന്ന ലണ്ടൻ മിഷണറി സൊസൈറ്റിയുടെ ഘടകങ്ങളെ ഒരു ഡിസ്ട്രിക്ട് കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ യോജിപ്പിക്കാനുള്ള നടപടികളെടുത്തു.[3] തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ലണ്ടൻ മിഷണറി സൊസൈറ്റിയുടെ 71 ഘടകങ്ങളെ 1903–ൽ ഒരു ഡിസ്ട്രിക്ട് ആയി സംഘടിപ്പിച്ചു. അതിൽ അപ്പോൾ 12,000 അംഗങ്ങൾ ഉണ്ടായിരുന്നു. മധുരയിൽ ലണ്ടൻ മിഷണറി സൊസൈറ്റിയുടെ വിഭാഗത്തിൽ പെടുന്നതും, അമേരിക്കൻ ബോർഡിന്റെ വിഭാഗത്തിൽ പെടുന്നതുമായ കോൺഗ്രിഗേഷണൽ സഭകളും 1905–ൽ യോജിച്ചു. അതിൽ 1,33,000 അംഗങ്ങളുണ്ടായിരുന്നു. കോൺഗ്രിഗേഷണൽ സഭയുടെ മധുര ഡിസ്ട്രിക്ട് ഇപ്രകാരം രൂപം കൊണ്ടു.

## തമ്മിലൈക്യം

കോൺഗ്രിഗേഷണൽ സഭകളുടെ ഫെഡറൽ യൂണിയനും പ്രെസ്ബിറ്റേറിയൻ സഭകളുടെ ഫെഡറൽ യൂണിയനും കൂടി യോജിപ്പിൽ എത്താനുള്ള നീക്കങ്ങൾ ആരംഭിച്ചു. ഐക്യപ്പെടുന്നതിന് 1907–ൽ തീരുമാനിച്ചു. 1908–ൽ ഔപചാരികോൽഘാടനം നടന്നു. പ്രെസ്ബിറ്റേറിയൻ സഭകളുടെ

---

2. ആർക്കോട്ടു മിഷനിൽ മൂന്നു മിഷണറി സമൂഹങ്ങൾ ഉൾപ്പെട്ടിരുന്നു: അമേരിക്കയിലെ ഡച്ച് റിഫോംഡ് ചർച്ച്, രണ്ടു സ്കോട്ടിഷ് മിഷനുകൾ.
3. പി.ഡി. ജോൺ, *ദക്ഷിണേൻഡ്യാസഭ*, കോട്ടയം,1972,പേ. 45.

www.malankaralibrary.com

ഫെഡറേഷൻ നേരത്തെ സ്വീകരിച്ച *സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ച്* എന്ന പേരുതന്നെ പൊതുപേരായി ഇരുകൂട്ടരും അംഗീകരിച്ചു. അപ്പോൾ അതിലെ അംഗസംഖ്യ 142,000 ആയിരുന്നു.

## ദക്ഷിണേൻഡ്യാ സഭാരൂപീകരണം

കോൺഗ്രിഗേഷണൽ സഭകളും പ്രെസ്ബിറ്റേറിയൻ സഭകളും കൂടി യോജിച്ച് *സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ച്* രൂപീകരിച്ചത് കൂടുതൽ വിപുലമായ യോജിപ്പിന് പ്രേരകമായി. 1919 മുതൽ സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചും ആംഗ്ലിക്കൻ ചർച്ചും തമ്മിൽ ഐക്യചർച്ചകൾ തുടങ്ങി.[4] ബിഷപ്പ് വി.എസ്. അസ്സറിയായും[5] ഡോക്ടർ ഷേർവുഡ് എഡ്ഢിയുമായിരുന്നു ചർച്ചകൾക്ക് നേതൃത്വം നൽകിയത്. ഇരുസഭകളുടെയും 33 പ്രതിനിധികൾ കൂടിയാലോചിച്ച് ചരിത്രപ്രസിദ്ധമായ *ട്രാൻകുബാർ (തരങ്കമ്പാടി) മാനിഫെസ്റ്റോ*[6] എന്ന സംയുക്തരേഖ പ്രസിദ്ധീകരിച്ചു. ആംഗ്ലിക്കൻ സഭയിൽനിന്ന് ഏഴും സൗത്തിൻഡ്യാ യുണൈറ്റഡ് സഭയിൽ നിന്ന് 26 പേരുമാണ് സംബന്ധിച്ചിരുന്നത്. ഈ മാനിഫെസ്റ്റോയുടെ ചുരുക്കം താഴെ ചേർക്കുന്നു:[7]

"സഭകളുടെ ഐക്യം ദൈവഹിതാനുസൃതമാകയാൽ കഴിഞ്ഞ കാലത്തെ ഭിന്നതകൾ മറന്ന് ഐക്യം പുനഃസ്ഥാപിക്കാൻ സഭകൾ മുന്നോട്ടു വരണം. ഭിന്നതകളെ കുറിച്ച് പശ്ചാത്തപിച്ച് കർത്താവായ മിശിഹായിലേക്ക് തിരിയണം. മിശിഹായുടെ ശരീരമായ ഏകദൃശ്യസഭ എന്ന നിലയിൽ നമുക്കുള്ള ഐക്യം അന്വേഷിക്കണം."

"മനുഷ്യരാശിയുടെ അഞ്ചിൽ ഒരു ഭാഗം അധിവസിക്കുന്ന ആർഷ ഭാരതത്തെ കർത്താവിനായി നേടുക എന്ന ബൃഹത്തായ ജോലിയാണ് നമുക്കുള്ളത്. അത്ര വിപുലമായ ഒരു ചുമതല നമ്മെ അഭിമുഖീകരിക്കുന്നെങ്കിലും, അവ നിർവഹിക്കുന്നതിന് നമ്മുടെ നിർഭാഗ്യഭിന്നത നമ്മെ അശക്തരും അയോഗ്യരും ആക്കിത്തീർത്തിരിക്കുന്നു. ഈ ഭിന്നതയ്ക്ക് നാം ഉത്തരവാദികളല്ല. ഒരുവിധത്തിൽ അത് നമ്മുടെമേൽ പുറത്തുനിന്ന് നിർബന്ധിച്ച് ഏൽപ്പിച്ചിട്ടുള്ളതാണ്. അതിന് നാം ഒട്ടും കാരണക്കാരുമല്ല. ഈ അവസ്ഥ തുടർന്നു കൊണ്ടുപോകാൻ നാം ഒട്ടും ഇഷ്ടപ്പെടുന്നില്ല."

---

4. 1919-ൽ നടന്ന ചർച്ചകൾ അനൗദ്യോഗികമായിരുന്നു. പി. ഡി. ജോൺ, *ദക്ഷിണേൻഡ്യാ സഭ, 65.*
5. ഇൻഡ്യയിലെ ആംഗ്ലിക്കൻസഭയിലെ ആദ്യത്തെ ഇൻഡ്യാക്കാരൻ ബിഷപ്പായിരുന്നു(1912) തിരുനെൽവേലിക്കാരനായ വി. എസ്. അസ്സറിയാ (1974-1945). ഡോർണക്കൽ ആയിരുന്നു അദ്ദേഹം പ്രവർത്തിച്ചത്. എഡ്ഢി അമേരിക്കൻ സഞ്ചാര സെക്രട്ടറി ആയിരുന്നു.
6. *Tranqebar Manifesto.*
7. പി.ഡി. ജോൺ, *ദക്ഷിണേൻഡ്യാസഭ*, 66-67.

www.malankaralibrary.com

ഐക്യപ്പെടുന്ന സഭയ്ക്ക് കോൺഗ്രിഗേഷണൽ, പ്രെസ്ബിറ്റേറിയൻ, എപ്പിസ്കോപ്പൽ എന്നിങ്ങനെ മൂന്ന് സ്വഭാവങ്ങൾ അടിസ്ഥാനമായി ഉണ്ടായിരിക്കണമെന്നും മാനിഫെസ്റ്റോ തീരുമാനിച്ചു. *കോൺഗ്രിഗേഷണൽ സ്വഭാവം:* "സഭ മുഴുവനായും പ്രതിനിധീകരിക്കപ്പെടുന്നു. സഭയിലെ ഓരോ അംഗത്തിനും ദൈവവുമായി സാമീപ്യമുണ്ട്. ഓരോരുത്തരും താന്താങ്ങൾക്ക് ലഭിച്ചിട്ടുള്ള കൃപ സഭയുടെ പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നു." *പ്രെസ്ബിറ്റേറിയൻ സ്വഭാവം:* "ഈ സഭ സംവിധാനപരവും നിയുക്താധികാരത്തോടെ വർത്തിക്കുന്നതും അഥവാ പ്രെസ്ബിറ്റേറിയൻ സ്വഭാവത്തോടു കൂടിയതുമായിരിക്കണം. തദ്വാരാ, സഭ ഘടനാപരമായ ഐക്യം, അതിന്റെ ജനറൽ അസംബ്ലി, സിനഡ് അല്ലെങ്കിൽ കൗൺസിൽ എന്നിവയിൽ കൂടി പ്രദർശിപ്പിക്കുന്നു." *എപ്പിസ്കോപ്പൽ സ്വഭാവം:* ഈ സഭ പ്രാതിനിധ്യപരവും നിർവാഹകാധികാരത്തോടു കൂടിയ മേൽപ്പട്ടത്വം ഉള്ളതുമായിരിക്കണം."

മേൽപ്പറഞ്ഞ മൂന്നു ഘടകങ്ങൾക്കും തുല്യപ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം ഐക്യം ഉണ്ടാക്കേണ്ടതെന്നും തീരുമാനിച്ചു. ഐക്യപ്പെട്ട ഘടകസഭകളിൽ ആംഗ്ലിക്കൻ സഭയിൽ മാത്രമേ ചരിത്രപരമായ മെത്രാൻസ്ഥാനം ഉണ്ടായിരുന്നുള്ളു. "ഐക്യത്തിനുള്ള ശ്രമത്തിൽ ആംഗ്ലിക്കൻ സഭാവിഭാഗത്തിൽ പെട്ട അംഗങ്ങൾ ചരിത്രപരമായ മേൽപ്പട്ടത്വം എന്ന അതിപ്രധാനമായ തത്വത്തെ പ്രതിനിധാനം ചെയ്യുന്നു...ആംഗ്ലിക്കൻ സഭയിലെ അംഗങ്ങൾ ചരിത്രപരമായ മേൽപട്ടത്വത്തിന് പ്രാധാന്യം നൽകുന്നതു പോലെതന്നെ സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചിലെ അംഗങ്ങൾ ആത്മീയസമാനത, വിശ്വാസികളുടെ സാർവത്രിക പൗരോഹിത്യം, അത്മായർക്ക് സഭയിലുള്ള പൂർണമായ പങ്ക് എന്നിവ ഐക്യത്തിനുള്ള അപരിത്യാജ്യ വ്യവസ്ഥകളായി കരുതുന്നു"[8]

ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭയെ സ്വയംഭരണാവകാശമുള്ള ഒരു സമൂഹമായി ഇംഗ്ലണ്ടിലെ സഭ 1927-ൽ അംഗീകരിച്ചു. സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചുമായി ഔദ്യോഗിക തലത്തിൽ ഐക്യചർച്ച നടത്താൻ ഈ സഭയെ ഇംഗ്ലണ്ടിലെ മാതൃസഭ അനുവദിച്ചു. ലാംബത് ക്വാഡ്രിലാറ്ററൽ[9] എന്നറിയപ്പെടുന്ന നാലു തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കണം ഐക്യചർച്ചയെന്ന് ആംഗ്ലിക്കൻ സഭയ്ക്ക് നിർബന്ധമുണ്ടായിരുന്നു. സഭൈക്യത്തിനുള്ള അവശ്യവ്യവസ്ഥകളായി ആംഗ്ലിക്കൻ മെത്രാന്മാരുടെ 1888-ലെ ലാംബത് കോൺഫറൻസ് അംഗീകരിച്ചതാണിവ. ഇവ അംഗീകരിച്ചുറപ്പിച്ചു കൊണ്ട് ഐക്യത്തിനു തയാറാകുക എന്നതായിരുന്നു ആംഗ്ലിക്കൻ നയം:

---

8. *അതേകൃതി,* 68-69.
9. *Lambeth Quadrilateral(1888):* F.L.Cross,*The Oxford Dictionary of the Christian Church,*London,1974, p.795.

www.malankaralibrary.com

1. പഴയനിയമവും പുതിയ നിയമവും ഉൾപ്പെട്ട വിശുദ്ധ ഗ്രന്ഥത്തിൽ രക്ഷയ്ക്ക് ആവശ്യമായ എല്ലാ വിശ്വാസ സത്യങ്ങളുമുണ്ട്. 2. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണവും നിഖ്യാവിശ്വാസപ്രമാണവും അംഗീകരിക്കണം.3. സ്നാനവും തിരുവത്താഴവും ക്രിസ്തു സ്ഥാപിച്ച രണ്ട് കൂദാശകളായി (സാക്രമെന്തുകളായി) അംഗീകരിക്കണം.4. ചരിത്രപരമായ എപ്പിസ്കോപ്പൽ സ്ഥാനം പ്രാദേശികമായി രൂപീകരിക്കപ്പെട്ടത് ഉണ്ടായിരിക്കണം.

ട്രാൻകുബാർ മാനിഫെസ്റ്റോയിൽ താഴെ പറയുന്നവിധം ഒരു ധാരണ ഉരുത്തിരിഞ്ഞു[10] "പൂർണമായ ചർച്ചകൾക്കുശേഷം സൗത്തിൻഡ്യൻ യുണൈറ്റഡ് ചർച്ച് ഐക്യം ആഗ്രഹിക്കുന്ന പക്ഷം അവരിൽനിന്ന് ബിഷപ്പന്മാരായി വാഴിക്കുന്നതിനുള്ള ആളുകളെ തെരഞ്ഞെടുക്കട്ടെ. ഈ ആദ്യ ബിഷപ്പന്മാരെ വാഴിക്കുമ്പോൾ ആംഗ്ലിക്കൻ സഭയിലുള്ള മൂന്നോ അതിലധികമോ ബിഷപ്പന്മാരുടെ കൈവയ്പ്പോടുകൂടി ആ അഭിഷേകം നടത്തേണ്ടതാണ്. ഈ അഭിഷേകശുശ്രൂഷയിൽ പങ്കെടുക്കുന്ന ബിഷപ്പന്മാരുടെ എണ്ണത്തിനു തുല്യമായി അത്രയും തന്നെ സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചിലെ പട്ടക്കാരും കൈവയ്പ്പിൽ പങ്കെടുക്കേണ്ടതാണ്. ആദ്യബിഷപ്പന്മാരെ വാഴിച്ചുകഴിയുമ്പോൾ മുതൽ ഇരുസഭകളും പരസ്പരം സംസർഗത്തിൽ ആകുന്നതാണ്."- തുടർന്ന് നിരവധി ഔദ്യോഗിക ചർച്ചകൾ വിവിധ സ്ഥലങ്ങളിൽ വച്ചുനടന്നു. ഐക്യത്തിൽ എത്തണം എന്ന ചിന്ത എല്ലായിടത്തും പ്രകടമായിരുന്നു.[11]

## മെതഡിസ്റ്റ് സഭ

മദ്രാസിൽവച്ച് 1925 ഫെബ്രുവരിയിൽ നടന്ന ഐക്യചർച്ചകളിലേക്ക് വെസ്ലിയൻ മെതഡിസ്റ്റ് സഭയുടെ പ്രൊവിൻഷ്യൽ സിനഡ് 14 പ്രതിനിധികളെ അയച്ചു. അതുവരെ ഉണ്ടായിട്ടുള്ള ധാരണകളും തീരുമാനങ്ങളും മെതഡിസ്റ്റ് സഭയുടെ പ്രതിനിധികൾക്ക് എത്രമാത്രം സ്വീകാര്യമാണെന്ന് കമ്മറ്റി ചർച്ച ചെയ്തു. 1929 ആയപ്പോഴേക്കും ഐക്യത്തിൽ പ്രവേശിക്കാൻ മെതഡിസ്റ്റ് സഭ തീരുമാനിച്ചു. അതുകൊണ്ട് ആദ്യത്തെ ഐക്യഡ്രാഫ്റ്റ് ഒന്നുകൂടി പരിശോധിച്ചശേഷം 1929-ൽ തന്നെ ആദ്യത്തെ ഐക്യപദ്ധതി പ്രസിദ്ധപ്പെടുത്തി.[12]

## ഐക്യം

തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ചർച്ചകളും പ്രാർഥനാ സമ്മേളനങ്ങളും നടന്നു. ഐക്യഫോർമുലയും ഭരണഘടനയും 1940-ഓടുകൂടി ഘടകസഭകൾ അംഗീകരിച്ചു. 1946-ഓടുകൂടി മെതഡിസ്റ്റ് സഭയുടെ ജനറൽ കൗൺസിലും സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചിന്റെ ജനറൽ അസംബ്ലിയും ഐക്യപ്പെടുന്നതിന് ഔദ്യോഗികസമ്മതം നൽകി. ആംഗ്ലിക്കൻ

10. പി.ഡി.ജോൺ, ദക്ഷിണേൻഡ്യാസഭ, 70.
11. അതേകൃതി,72-74.
12. അതേകൃതി,74-75.

www.malankaralibrary.com

സഭയുടെ ജനറൽ അസംബ്ലി 1947 ജനുവരിയിൽ സമ്മതം നൽകി. 1947 സെപ്തംബർ 27-ന് മദ്രാസിലെ സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് ബിഷപ്പ് സി.കെ.ജേക്കബ് സി.എസ്.ഐ.സഭ ഉദ്ഘാടനം ചെയ്തു. സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ച് (കോൺഗ്രിഗേഷണൽ-പ്രെസ്ബിറ്റേറിയൻ സഭകളുടെ ഫെഡറേഷൻ), ആംഗ്ലിക്കൻ സഭ, മെതഡിസ്റ്റ് സഭ എന്നിവയായിരുന്നു ഘടകസഭകൾ. ഏതാണ്ട് മുപ്പതുവർഷത്തെ ആലോചനകളുടെ ഫലമായിട്ടാണ് ഇപ്രകാരം ഐക്യത്തിലെത്തി ഒരു സഭയായി തീരാൻ സാധിച്ചത്. സംയോജന സമയത്ത് സി.എസ്. ഐ. യുടെ മൊത്തം അംഗസംഖ്യ 10,01183 ആയിരുന്നു: സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ച് - വിശ്വാസികൾ-275,562 (മദ്രാസ്, തിരുവിതാംകൂർ, മധുര, കന്നട, തെലുങ്ക്, ജാഫ്നാ (സിലോൺ), മലബാർ എന്നീ ഏഴ് സഭാകൗൺസിലുകൾ). ആംഗ്ലിക്കൻസഭ-വിശ്വാസികൾ-488,966 (ഡോർണക്കൽ, മദ്രാസ്, തിരുനെൽവേലി, തിരുവിതാംകൂർ-കൊച്ചി എന്നീ നാല് മഹായിടവകകൾ). മെതഡിസ്റ്റ് സഭ-വിശ്വാസികൾ-224,655 (മദ്രാസ്,ത്രിശ്ശിനാപ്പള്ളി, ഹൈദരാബാദ്, മൈസൂർ എന്നീ നാലു ഡിസ്ട്രിക്ടുകൾ)[13]

സി.എസ്. ഐ. ഉദ്ഘാടനം ചെയ്തപ്പോൾ 14 മഹായിടവകകളാണ് ഉണ്ടായിരുന്നത്.[14] 1950-ൽ സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചിന്റെ 20,000 അംഗസംഖ്യയുള്ള ഉത്തര തമിൾ ചർച്ച് കൗൺസിൽ സി.എസ്.ഐ.-ൽ ചേർന്നു. 1958-ൽ ബാസൽ മിഷന്റെ 7000 പേരുള്ള ബോംബെ - കർണാടക കൗൺസിലും റായലസീമാ പ്രദേശത്ത് 6000 പേരുള്ള ഒരു ഗ്രൂപ്പും സി.എസ്. ഐ.-ൽ ലയിച്ചു. ആന്ധ്രാ പ്രദേശിൽ ആംഗ്ലിക്കൻ സഭയായ ഡോർണക്കൽ മഹായിടവകയുടെ നന്ത്യാൽ പ്രദേശം 1947-ൽ സി.എസ്.ഐ. യിൽ ചേരാതെ വിഘടിച്ചുനിന്നു. 40000 വിശ്വാസികളും 33 പട്ടക്കാരും ഉണ്ടായിരുന്ന ഈ പ്രദേശം പിന്നീട് വടക്കേ ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭയോട് ചേർന്നു നിന്ന് അതിന്റെ ഒരു മഹായിടവകയായി. 1971-ൽ വടക്കേ ഇൻഡ്യയിലെ ആംഗ്ലിക്കൻസഭ ചർച്ച ഓഫ് നോർത്തിൻഡ്യയുടെ ഭാഗമായി. 1975 ജൂലായ് 6-ന് നന്ത്യാൽ മഹായിടവക സി.എസ്. ഐ.-ൽ ചേർന്നു.[15]

കാലക്രമത്തിൽ രൂപതകളുടെ എണ്ണത്തിൽ വ്യത്യാസം വന്നു. അതിർത്തികളും പുനഃസംഘടിപ്പിക്കപ്പെട്ടു. അനന്തപ്പൂർ-കർണൂൽ മഹായിടവകയും കടപ്പാ-ചിറ്റൂർ മഹായിടവകയും കൂട്ടിച്ചേർത്ത്1950-ൽ റായലസീമ എന്ന ഒറ്റ മഹായിടവകയാക്കി.1950-ൽ ദക്ഷിണ തിരുവിതാംകൂർ മഹായിടവ കന്യാകുമാരി, ദക്ഷിണകേരളം എന്നിങ്ങനെ രണ്ടാക്കി. 1970-ൽ ദക്ഷിണ കർണാടക, മധ്യകർണാടക, ഉത്തര കർണാടക എന്നിങ്ങനെ മൈസൂർ മഹായിടവക മൂന്നായി വിഭജിച്ചു. 1976-ൽ മദ്രാസ് മഹായിടവക

13. *C.S.I. Madhya Kerala Diocese, Centenary Souvnir,* Kottayam, 1980, p. 115.
14. പിഡി.ജോൺ, *ദക്ഷിണേൻഡ്യാസഭ*, 154-155.
15. *C.S.I. Madhya Kerala...66.*

www.malankaralibrary.com

യിൽ നിന്ന് വെല്ലൂർ മഹായിടവക ഉണ്ടായി.1977-ൽ ഡോർണക്കൽ മഹായിടവക വിഭജിച്ച് കരിംനഗർ രൂപീകരിച്ചു. 1962-ൽ മധ്യതിരുവിതാംകൂർ മഹായിടവക എന്ന പേരുമാറ്റി മധ്യകേരള എന്നാക്കി. 1983-ൽ മധ്യകേരള മഹായിടവകയിൽ നിന്ന് ഈസ്റ്റുകേരള (മേലുകാവ്) ഉണ്ടായി[16]. 2015-ൽ ഉത്തരകേരള മഹാഇടവക, മലബാർ, കൊച്ചി എന്നിങ്ങനെ രണ്ടായി വിഭജിച്ചു. 1989-ൽ സി.എസ്. ഐ.-യിൽ 22 മഹാഇടവകകൾ ഉണ്ടായിരുന്നു: കർണാടകം മൂന്ന്, കേരളം നാല്, തമിഴ്നാട് ഒൻപത്, ശ്രീലങ്ക ഒന്ന്, ആന്ധ്രാ അഞ്ച്. 1985-ലെ കണക്കനുസരിച്ച് 1,471,000 വിശ്വാസികളും 1228 ഇടവകകളും 1214 സഭാശുശ്രൂഷകരും 8715 സഭാസമൂഹങ്ങളും ഈ സഭയിലുണ്ട്.[17]

## സി.എസ്. ഐ. യും ലൂഥറൻസഭയും

സി.എസ്.ഐ. സഭയും ലൂഥറൻസഭയും തമ്മിൽ 1948 മുതൽ ഐക്യചർച്ചകൾ നടത്തി. വിശ്വാസം, ഉപദേശം എന്നീ കാര്യങ്ങളിൽ ദൈവശാസ്ത്രജ്ഞന്മാർ ഐക്യം കണ്ടെത്തി. 1951-നും 1959-നും ഇടയിൽ ആറു പ്രാവശ്യം അവർ സമ്മേളിച്ചു. തുടർന്ന് *ഇന്റർ ചർച്ച് കമ്മീഷൻ* ഒൻപതു പ്രാവശ്യം സമ്മേളിച്ച് (1961-69). ഒരു ഡ്രാഫ്റ്റ് ഭരണഘടന തയാറാക്കി. പുതിയ സഭയ്ക്ക് *ചർച്ച ഓഫ് ക്രൈസ്റ്റ് ഇൻ സൗത്തിൻഡ്യാ* എന്ന പേരും നിർദേശിച്ചു. എന്നാൽ ലൂഥറൻ ചർച്ച് ഇതുവരെ സി.എസ്.ഐ.യിൽ ചേർന്നിട്ടില്ല. ഇൻഡ്യയിലെ 9 ലൂഥറൻസഭകൾ 1975-ൽ യോജിച്ച് *യുണൈറ്റഡ് ഇവാൻജലിക്കൽ ലൂഥറൻ ചർച്ച് ഇൻ ഇൻഡ്യാ* രൂപീകരിച്ചു. ഈ സഭ അഖിലലോക സഭാകൗൺസിലിൽ അംഗമാണ്. മൊത്തം 15 ലക്ഷം ആളുകൾ ഈ ഐക്യസഭയിലുണ്ട്.[18]

## സി.എസ്. ഐ. യും മാർത്തോമ്മാസഭയും

മാർത്തോമ്മാസഭ ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭയുമായി നല്ല ബന്ധം പുലർത്തിയിരുന്നു. 1961-ൽ *ആംഗ്ലിക്കൻ-മാർത്തോമ്മാ കൊൺകൊർദാത്ത്* അംഗീകരിക്കപ്പെട്ടു. അതനുസരിച്ച് ഇന്റർ കമ്യൂണിയനും ഇന്റർ കോൺസക്രേഷനും സ്വീകരിച്ച് ഇരുസഭകളും സമ്പൂർണമായ ഐക്യത്തിൽ പ്രവേശിച്ചു. എന്നാൽ ഓരോ സഭയും പഠിപ്പിക്കുന്ന തത്വങ്ങൾ മറ്റേസഭ അംഗീകരിക്കണമെന്ന് നിർബന്ധമില്ല. താഴെ പറയുന്നവയാണ് പൂർണ സംസർഗത്തിന് അംഗീകരിച്ച മാർഗരേഖ:

1.എപ്പിസ്കോപ്പാമാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ ഇരുസഭകളും സഹകരിക്കുക. 2.മേലധികാരികളുടെ അനുമതിയോടുകൂടെ പ്രത്യേക സന്ദർഭങ്ങളിൽ ഒരു വിഭാഗത്തിലെ പള്ളികളിൽ മറ്റേ വിഭാഗത്തിലെ

16. *C.S.I. Madhya Kerala*...66; ഇ.ജെ.ചാക്കോ, *ശതാബ്ദി സ്മരണകൾ,* തിരുവല്ല,1980,പേ.159.
17. Ans J.van der Bent, *Handbook...,*p.76-77.
18. Ans J.van der Bent, 79; *The Church of South India after Thirtyt Years,* Madras, 1978, p.12. ഇ.ജെ. ചാക്കോ, *ശതാബ്ദി...* 188.

www.malankaralibrary.com

പട്ടക്കാരെ രണ്ടിലേതെങ്കിലും ഒരു തക്സാ വച്ച് കുർബാന ചൊല്ലാൻ അനുവദിക്കുക. 3.കേരളത്തിലെ സാമൂഹ്യപ്രവർത്തനങ്ങളിൽ ഇരുസഭകളും സഹകരിച്ച് പ്രവർത്തിക്കാനുള്ള മാർഗങ്ങൾ ആരായാൻ ഒരു ബോർഡ് സംഘടിപ്പിക്കുക. 4.ഇരുസഭകളിലെയും പട്ടക്കാർ, യുവജനങ്ങൾ എന്നിവരുടെ യോഗങ്ങൾ യോജിച്ചു നടത്തുന്ന പതിവ് പുനർജീവിപ്പിക്കുക. 5.ചിലയിടങ്ങളിൽ രണ്ടു സഭകളിലെയും ആരാധനക്രമങ്ങൾ മാറിമാറി ഉപയോഗിക്കുക. 6.ഇരുസഭകളിലെയും വിശ്വാസികൾ ഉള്ളിടങ്ങളിൽ പുതുതായി പള്ളി വയ്ക്കുമ്പോൾ സംയുക്തമായി ചെയ്യുക. മാതൃസഭയുമായുള്ള ബന്ധം ഉപേക്ഷിക്കാതെ യോജിച്ചുള്ള ഇടവകജീവിതം കെട്ടിപ്പടുക്കാൻ വ്യവസായ മേഖലകളിലും പുതിയ പട്ടണങ്ങളിലും ശ്രമിക്കുക.[19]

## സി.എസ്. ഐ.യും സി.എൻ. ഐ.യും

ചർച്ച് ഓഫ് നോർത്തിൻഡ്യാ (സി.എൻ. ഐ.) 1970 നവംബർ 29-ന് നാഗപ്പൂർ ആംഗ്ലിക്കൻ കത്തീഡ്രലിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. ബാപ്തിസ്റ്റ്, ബ്രദറൺ, ആംഗ്ലിക്കൻ, ഡിസൈപ്പിൾസ് ഓഫ് ക്രൈസ്റ്റ്, വെസ്ലിയൻ മെതഡിസ്റ്റ്, യുണൈറ്റഡ് ചർച്ച് ഓഫ് നോർത്തിൻഡ്യാ എന്നീ സഭകൾ ചേർന്നാണ് ഐക്യപ്പെട്ടത്. സി.എസ്.ഐ.യും സി.എൻ. ഐ. യും 1972-ൽ പരിപൂർണസംസർഗത്തിൽ എത്തിച്ചേർന്നു.സി.എൻ. ഐ. ഉദ്ഘാടനദിവസം സി.എസ്. ഐ. ലിറ്റർജിയാണ് ഉപയോഗിച്ചത്.[20]

## സി.എസ്.ഐ.-സി.എൻ. ഐ.-മാർത്തോമ്മാ ഐക്യം

ഈ മൂന്നു സഭകളും കൂടി 1974-ൽ ഒരു സംയുക്ത ദൈവശാസ്ത്ര കമ്മീഷനെ നിയമിച്ചു. മൂന്നു സഭകളും ഐക്യത്തിലാണ് എന്ന സംഗതി കമ്മീഷൻ എടുത്തുകാട്ടി. ആഴമേറിയ ഐക്യത്തിനുള്ള വഴികൾ ആരായുകയായിരുന്നു കമ്മീഷന്റെ ലക്ഷ്യം. മൂന്നു സഭകളും തങ്ങളുടെ വ്യക്തിത്വവും ഉൾഭരണസ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ട് കൂട്ടായ്മയിൽ ജീവിക്കുക എന്നതാണ് അംഗീകരിച്ച തത്വം. *കൺസീലിയർ ഐക്യം* എന്ന തത്വം മൂന്നു സഭകളും അംഗീകരിച്ചു. മൂന്നു സഭകൾക്കും കൂടി *ഭാരത ക്രിസ്തീയസഭ (Bharat Christian Church)* എന്ന പൊതുനാമം നിർദേശിച്ചു. ഓരോ സഭയും ഭാരത ക്രിസ്തീയ സഭയുടെ ഭാഗമാണെന്നു തീരുമാനിക്കണം. തങ്ങൾ ഒന്നിച്ച് ഈ സഭയിലാണെന്ന് ഈ മൂന്നു സഭകളുടെയും ഉന്നതാധികാര സമിതി തീരുമാനിച്ച് പ്രസിദ്ധീകരിക്കണം എന്നൊക്കെ അംഗീകരിച്ചു. തുടർന്ന് ഒരു *ജോയിന്റ് കൗൺസിൽ* നിയമിതമായി. മൂന്നു സഭകളിൽ നിന്നുമുള്ളവർ ഇതിൽ അംഗങ്ങളായിരുന്നു. ഒന്നായി തീരുന്ന സഭയിലെ സഭാജീവിതത്തെപ്പറ്റി അവർ പഠനം നടത്തി. 1978-ൽ നാഗപ്പൂരിൽ വച്ച് അവരുടെ യോഗം നടന്നു. ജോയിന്റ് കൗൺസിലിന്റെ പേര് The Council of

19. പി.ഡി.ജോൺ, 147-150.

20. *അതേ കൃതി.*150-152.

www.malankaralibrary.com

Churches in Communion-CNI.CSI.Mar Thoma എന്നാക്കണമെന്ന് മാർത്തോമ്മാസഭയുടെ മണ്ഡലം ആവശ്യപ്പെട്ടു. ജോയിന്റ് കൗൺസിലിന്റെ പ്രാദേശിക കൗൺസിലുകൾ ഉണ്ടാക്കാൻ 1985 ഡിസംബറിൽ ഡൽഹിയിൽ ചേർന്ന യോഗം തീരുമാനിച്ചു.

മാർത്തോമ്മാസഭയുടെ ലിറ്റർജി പൗരസ്ത്യമാണ്. സി. എസ്. ഐ. യുടേത് പാശ്ചാത്യവും. ദൈവശാസ്ത്രവീക്ഷണം ഇരുസഭകളുടെയും ഏതാണ്ട് ഒന്നുതന്നെ. എന്നാൽ കൃത്യമായി ഒന്നല്ല. സി.എസ്.ഐ.യിലെ ഘടക സഭകളെല്ലാം ഒരു പൊതുലിറ്റർജിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. എന്നാൽ സി.എസ്. ഐ., സി.എൻ.ഐ., മാർത്തോമ്മാ യോജിപ്പിനുശേഷം മൂന്നു സഭകൾക്കും മൂന്നു സഭകളുടെയും ലിറ്റർജി ഉപയോഗിക്കാം. അതനുസരിച്ച് മൂന്നു തക്സാകളും ഒന്നിച്ച് അച്ചടിച്ചിട്ടുണ്ട്. സി.എസ്. ഐ. പള്ളികളിൽ ഇപ്പോൾ മാർത്തോമ്മാ ലിറ്റർജി ഉപയോഗിച്ചുകാണുന്നു.[21]

## ഐക്യത്തിലുള്ള വളർച്ച

സി.എസ്. ഐ. ദൈവശാസ്ത്ര വീക്ഷണത്തിലും ലിറ്റർജിയിലും പാശ്ചാത്യമാണ്. പൊതുവെ പ്രോട്ടസ്റ്റന്റ് ചിന്താഗതിയാണ് ഈ സഭയിൽ നിലനിൽക്കുന്നത്. സി.എസ്.ഐ. യിലെ ഘടകസഭകൾക്ക് വൈവിധ്യമാർന്ന ദൈവശാസ്ത്ര പശ്ചാത്തലങ്ങൾ ഉള്ളതിനാൽ അവയൊക്കെ ഇപ്പോഴും നിലനിൽക്കുന്നു എന്നുപറയാം. ദൈവശാസ്ത്രത്തിലുള്ള ഐക്യത്തിന് സി.എസ്. ഐ. അമിതമായ ഊന്നൽ നൽകുന്നില്ല. ഏതായാലും വൈകാരികമായ ഐക്യം പൂർണമായി സാധിച്ചിട്ടില്ല. ഐക്യത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളെ പറ്റി ഈ സഭ തന്നെ അവലോകനം നടത്തുകയുണ്ടായി.[22] മുമ്പ് ഏതെങ്കിലും ഒരു സഭാഘടകം മാത്രമുണ്ടായിരുന്നിടത്ത് ഇപ്പോൾ വലിയ പ്രശ്നമില്ല. എന്നാൽ സി.എസ്. ഐ.യിലെ വിവിധ ഘടകങ്ങൾ ഒരേ സ്ഥലത്തുള്ളപ്പോൾ, ജനങ്ങൾ തങ്ങളുടെ മുൻകാല സഭയിൽ മാത്രം പോയിരുന്ന പതിവുണ്ടായിരുന്നു. തങ്ങളുടെ സ്വന്തമായ പ്രെസ്ബിറ്റർമാരെ മാത്രം നിയമിച്ചിരുന്നു. ഈ രീതി മാറിവരുന്നുണ്ട്.സി.എസ്. ഐ. ലിറ്റർജിയാണ് മിക്കവാറും എല്ലാ പള്ളികളിലും ഉപയോഗിക്കുന്നത്.

വിവിധ വിഭാഗങ്ങൾ തമ്മിൽ സഭാസ്വത്തുക്കൾ സംബന്ധിച്ച് തർക്കങ്ങളുണ്ടായി. എപ്പിസ്കോപ്പസി പൂർണമായി സ്വീകരിക്കാത്ത സമൂഹങ്ങളുമുണ്ട്. ജാതി, വർഗ, വിഭാഗീയ ചിന്തകൾ ഇപ്പോഴും അവിടവിടെ നിലനിൽക്കുന്നു. ഐക്യം നിലനിൽക്കണമെങ്കിൽ ശിക്ഷണവും വിട്ടുവീഴ്ചാമനോഭാവവും ഉണ്ടായെങ്കിലേ പറ്റൂ.

---

21. ഇ.ജെ.ചാക്കോ, ശതാബ്ദി... 212-213.
22. *The Church of South India after Thirtyt Years,* p. 5-7; R.D.Paul, *Ecumenism in Action-Church of South India,An Assesment (*CLS)Madras, 1972, 361-364.

www.malankaralibrary.com

ഇതിനും പുറമേ ചിലയിടങ്ങളിൽ തന്നെ ചെറിയ ചെറിയ പിളർപ്പുകളും 1947-നു ശേഷമുണ്ടായി. മംഗലാപുരം മുതലായ സ്ഥലങ്ങളിൽ പഴയ ബാസൽ മിഷൻകാർ മാറി വ്യവഹാരത്തിലേർപ്പെട്ടു. മലബാറിലെ പഴയ ബാസൽ മിഷൻകാരുടെ ഒരിടവക ഐക്യത്തിൽ നിന്നു വിട്ടുമാറി. മധ്യ കേരള ഇടവകയിൽ വട്ടപ്പാറ സ്റ്റീഫൻ അച്ചന്റെ നേതൃത്വത്തിൽ പരിവർത്തന ക്രിസ്ത്യാനികൾ സി.എസ്.ഐ. വിട്ട് പുതിയൊരു സഭയായി മാറി.[23] ഇങ്ങനെ ചിലയിടങ്ങളിലൊക്കെ ചെറിയ ചെറിയ എതിർ ഗ്രൂപ്പുകൾ ഉണ്ടായി ഐക്യത്തിന് തടസ്സമായി നിലകൊള്ളുന്നു.

### സഭാജീവിതം

ചരിത്രപരമായ കൈവയ്പ്പുള്ളവരാണ് 1947 മുതലുള്ള പട്ടങ്ങളെല്ലാം നൽകുന്നത്. സ്ത്രീകളുടെ ശുശ്രൂഷയും സേവനവും ഈ സഭ ധാരാളമായി ഉപയോഗിക്കുന്നു. പട്ടം കിട്ടിയ സ്ത്രീകളും ഈ സഭയിൽ സേവനത്തിനുണ്ട്. സുവിശേഷ പ്രഘോഷണം, സാമുഹ്യനീതിക്കു വേണ്ടിയുള്ള പ്രവർത്തനം എന്നീ രണ്ടു ലക്ഷ്യങ്ങളാണ് ഈ സഭയിൽ പ്രധാനമായിട്ടുള്ളത്. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽപരിശീലന കേന്ദ്രങ്ങൾ എന്നിവ സഭാസേവനത്തിൽ പെടുന്നു.

1950-ൽ പൊതുവായ കുർബാനക്രമം പരിഷ്ക്കരിച്ചു. ജനാധിപത്യ രീതിയിലാണ് ഈ സഭയിലെ ഭരണസംവിധാനം. എല്ലാ മഹായിടവകകൾക്കും ഭരണത്തിൽ തുല്യപങ്കാളിത്വം ഭരണഘടന ഉറപ്പുവരുത്തുന്നു. ഓരോ മഹായിടവകയ്ക്കും സ്വന്തമായ ഭരണനിബന്ധനകളുണ്ട്. എന്നാൽ സി.എസ്.ഐ.യ്ക്ക് പൊതുവായി ഒരു ഭരണഘടനയുണ്ട്. സിനഡാണ് പരമോന്നതസമിതി. രണ്ടുവർഷത്തിലൊരിക്കൽ സിനഡു കൂടുന്നു. സിനഡിന് ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയുണ്ട്. ഓരോ മഹായിടവകയിൽ നിന്നും മൂന്നുപേർ വീതം ഇതിൽ സംബന്ധിക്കുന്നു: ബിഷപ്പ്, പ്രെസ്ബിറ്റർ, അൽമായൻ. ഈ കമ്മറ്റി 9 മാസത്തിലൊരിക്കൽ സമ്മേളിക്കുന്നു. സിനഡിന് ഒരു വർക്കിംഗ് കമ്മറ്റിയുണ്ട്. സിനഡ് മോഡറേറ്ററേയും ഡപ്യൂട്ടി മോഡറേറ്ററേയും റിട്ടയർ ചെയ്യാത്ത ബിഷപ്പന്മാരിൽ നിന്ന് രണ്ടു വർഷത്തേക്ക് തെരഞ്ഞെടുക്കുന്നു. റിട്ടയർമെന്റ് പ്രായം 65 ആണ്.

## സി.എസ്.ഐ. കേരളത്തിൽ

ഇപ്പോൾ സി.എസ്.ഐ.യുടെ അഞ്ച് മഹായിടവകകൾ കേരളത്തിലുണ്ട്. എൽ.എം.എസ്., സി.എം. എസ്., ബാസൽമിഷൻ എന്നിവയാണ് കേരള സി.എസ്.ഐ.യുടെ ഘടകസഭകൾ. ദക്ഷിണകേരള മധ്യകേരള, മലബാർ,കൊച്ചി, പൂർവകേരള എന്നിവയാണ് സി.എസ്.ഐ.യുടെ കേരളത്തിലെ മഹായിടവകകൾ.

23. ഇതേപ്പറ്റി അടുത്ത ഭാഗത്ത് ചർച്ച ചെയ്യുന്നതാണ്.

www.malankaralibrary.com

## 1. ദക്ഷിണകേരള മഹായിടവക (1959)

ഈ മഹായിടവകയിലെ വിശ്വാസികൾ മുമ്പ് എൽ.എം.എസ്സു കാരായിരുന്നു. വില്യം ടോബി റിങ്കിൾടോബ്,[24] വേദമാണിക്യം എന്നീ മിഷണറിമാർ 1806-ൽ തെക്കൻ തിരുവിതാംകൂറിൽ വന്ന് നാടാർ സമുദായ ത്തിൽ പെട്ട ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചു. നാഗർകോവിൽ, നെയ്യൂർ, പാറശ്ശാല, മാർത്താണ്ഡം, തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ എൽ.എം.എസ്.മിഷണറിമാർ പ്രവർത്തിച്ചു. എൽ.എം.എസ്. മിഷണറിമാർ കോൺഗ്രിഗേഷണൽ വിഭാഗത്തിൽ പെട്ടവരായിരുന്നു. 1947-ൽ സി.എസ്. ഐ. രൂപീകരിച്ചപ്പോൾ ഇവർ സി.എസ്.ഐ.യിൽ ചേർന്നു. ദക്ഷിണ തിരുവിതാംകൂർ മഹായിടവക എന്നാണ് ഇത് അറിയപ്പെട്ടത്. 1959-ൽ ഇതിനെ വിഭജിച്ച് കന്യാകുമാരി, ദക്ഷിണകേരള എന്നിങ്ങനെ രണ്ട് മഹായി ടവകകൾ ആക്കി. തമിഴ് സംസാരിക്കുന്ന ജനങ്ങളെ വേർതിരിച്ചാണ് കന്യാകുമാരി മഹായിടവക സ്ഥാപിച്ചത്. തിരുവനന്തപുരമാണ് ദക്ഷിണ മഹായിടവകയുടെ ആസ്ഥാനം.

## 2. മധ്യകേരള മഹായിടവക (1947)

മധ്യകേരളമഹായിടവകയിൽ 64% സുറിയാനി ക്രിസ്ത്യാനികളും 36% പരിവർത്തന ക്രിസ്ത്യാനികളുമാണ്. കോട്ടയത്താണ് ആസ്ഥാനം. കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ച ആദ്യകാലമിഷണറിമാർ ആംഗ്ലിക്കൻസഭയിൽ പെട്ട സി.എം.എസ്സുകാരായിരുന്നു. അവർ പുത്തൻകൂറ്റുകാരുമായി ബന്ധ പ്പെടുകയും (1815-1836) 6000-ഓളം സുറിയാനിക്കാർ അവരുടെ കൂടെ ചേരു കയും ചെയ്തു. മിഷണറിമാരുടെയും അവരുടെ കൂടെ ചേർന്ന സുറിയാനി ക്കാരായ പാതിരിമാരുടെയും പ്രവർത്തനഫലമായി അക്രൈസ്തവരിൽ നിന്ന് ധാരാളം മാനസ്സാന്തരമുണ്ടായി. 1879-ൽ തിരുക്കൊച്ചി ആംഗ്ലിക്കൻ മഹായിടവക രൂപം കൊണ്ടു. 1947-ൽ ഈ മഹായിടവക സി.എസ്.ഐ. യുടെ ഭാഗമായി. 1983-ൽ ഈ മഹായിടവക വിഭജിച്ച് പൂർവകേരള മഹായിട വക (മേലുകാവ്) സ്ഥാപിച്ചു. ബിഷപ്പ് എം.എം.ജോണിന്റെ കാലത്ത് (1958-1974) സ്റ്റീഫൻ പ്രസ്ഥാനം ഉടലെടുക്കുകയും ഒരുവിഭാഗം പരിവർത്തന ക്രിസ്ത്യാനികൾ സഭ വിട്ട് പുതിയൊരു സഭ രൂപീകരി ക്കുകയും ചെയ്തു.[25]

## 3. മലബാർ മഹായിടവക (2015)

ബാസൽ മിഷനിൽ[26] പെട്ട മിഷണറിമാർ തലശ്ശേരി, പാലക്കാട്, ബഡകര, കുന്നൂർ, നെട്ടൂർ,കോഴിക്കോട് 1834 മുതൽ പ്രവർത്തനമാരംഭിച്ചു. സാമുവൽ ഹേബിച്ച്, ഹെർമാൻ ഗുണ്ടർട്ട് (1814-1893) എന്നിവർ അവരിൽ

24. William Toby Ringeltaube: ജർമൻ ലൂഥറൻ.1816-ൽ സ്ഥലം വിട്ടു.പിന്നെ അദ്ദേഹത്തെപ്പറ്റി കേട്ടിട്ടില്ല.

25. ഇ.ജെ.ചാക്കോ, *ശതാബ്ദി*...163.

26. ജർമനിയിലെ ബാസൽ എന്ന സ്ഥലത്ത് 1815-ൽ മിഷൻപ്രവർത്തനാർഥം തുടങ്ങിയ മിഷണറി സ്ഥാപനമാണ് ബാസൽമിഷൻ. പി.ഡി.ജോൺ, 30.

www.malankaralibrary.com

പ്രശസ്തരാണ്. ജർമൻകാരനായ ഗുണ്ടർട്ട് മലയാളഭാഷയിൽ ഒരു നിഘണ്ടുവും ഒരു വ്യാകരണഗ്രന്ഥവും നിർമിച്ചു.[27] 1919-ൽ മലബാറിലെ ബാസൽ മിഷൻ കൗൺസിൽ സൗത്തിൻഡ്യാ യുണൈറ്റഡ് ചർച്ചിൽ ലയിച്ചു.[28] 1947-ൽ സി.എസ്.ഐ.യുടെ ഉത്തരകേരള മഹായിടവകയായി. പിന്നീട് ഇതിൽ നിന്ന് ഒരു ബാസൽ മിഷൻ ഇടവക മാറിപ്പോയി. 2015-ൽ ഉത്തരകേരള മഹാഇടവക മലബാർ എന്നും കൊച്ചി എന്നും രണ്ടായി വിഭജിച്ചു.

### 4. കൊച്ചി മഹാഇടവക (2015)

ഉത്തരകേരള മഹാഇടവക വിഭജിച്ച് 2015 രൂപീകരിക്കപ്പെട്ടതാണ് കൊച്ചി മഹാഇടവക.

### 5. പൂർവകേരള മഹായിടവക (1983)

ഈ മഹായിടവകയിൽ കുറച്ച് ഹരിജൻ ക്രിസ്ത്യാനികളും ഭൂരിഭാഗം ഗിരിജൻ ക്രിസ്ത്യാനികളുമാണുള്ളത്.1848-ൽ ഹെൻറി ബേക്കർ മേലുകാവിലെ അരയന്മാരുടെ ഇടയിൽ പ്രസംഗിച്ച് അവരെ മാനസ്സാന്തരപ്പെടുത്തി.

27. CS.36

28. കാനറാ-മറാത്തി കൗൺസിൽ ഐക്യപ്പെടാതെ വേറിട്ടു നിന്നു.1958-ലാണ് അവർ ചേർന്നത്.

www.malankaralibrary.com

# 2

# തിരുവിതാംകൂർ-കൊച്ചി സി.എം.എസ്. ആംഗ്ലിക്കൻ മഹായിടവക (ആംഗ്ലിക്കൻ ചർച്ച് ഓഫ് ഇൻഡ്യാ)

സി.എസ്.ഐ. മധ്യകേരള മഹായിടവകയിൽ നിന്ന് ബിഷപ്പ് എം.എം. ജോൺ അധ്യക്ഷനായിരുന്ന കാലത്ത് (1958-1974) 1964-ൽ പിളർന്നുണ്ടായ താണ് ഈ സഭാസമൂഹം. മധ്യകേരള മഹായിടവകയിലെ പരിവർത്തന ക്രിസ്ത്യാനികൾ തങ്ങൾക്ക് സഭയിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നി ല്ലെന്ന് മുറവിളി കൂട്ടി. സിദ്ധനർ, സാംബവർ, ചേരമർ എന്നീ വിഭാഗങ്ങളിൽ പെട്ടവരായിരുന്നു ഈ പരിവർത്തന ക്രിസ്ത്യാനികൾ.

അടൂർ, ഏനാത്ത്, കോടുകുളഞ്ഞി എന്നിവിടങ്ങളിൽ 1854-നു ശേഷ മാണ് സിദ്ധനരുടെ (കുറവർ) ഇടയിൽ സി.എം. എസ്.കാർ പ്രവർത്തനം ആരംഭിച്ചത്. റവ. റ്റി. ജി. സ്റ്റുവർട്ട് സ്മിത്തിന്റെ കാലത്താണ് (1930) ഇവരുടെ ഇടയിലെ പ്രവർത്തനം ശക്തിപ്പെട്ടത്. മണക്കാലാ, താഴത്തു മൺ, ചൂരക്കോട്, പെരുവേലി, ഏനാത്ത്, ഇളംഗമംഗലം, കുന്നട, കിഴക്കേപ്പുറം, പിറവന്തൂർ, ഇളമണ്ണൂർ, എന്നീ സ്ഥലങ്ങളിൽ സിദ്ധനരിൽ നിന്നുള്ള പരിവർത്തന ക്രിസ്ത്യാനികളുടെ കേന്ദ്രങ്ങളുണ്ടായി.

സാംബവരിൽ (പറയർ) നിന്നുള്ള പരിവർത്തനം 1862-ഓടുകൂടി തുടങ്ങി. കാനം, പാമ്പാടി, തെക്കൻ പാമ്പാടി, കുറ്റൂർ, കൂമ്പാടി, കുന്നിക്കാട് എന്നിവിടങ്ങളിൽ വ്യാപകമായ മാനസ്സാന്തരം ഉണ്ടായി.

അടിസ്ഥാന വർഗങ്ങളിൽ നിന്ന് ഏറ്റവുമധികം മാനസ്സാന്തരമുണ്ടായത് ചേരമരിൽ (പുലയർ) നിന്നാണ്. കേരളത്തിലുടനീളം ഇവർ അധിവസി ക്കുന്നു. ഇവരുടെ ഇടയിൽ 32 പരിഷകളും 96 ഉപജാതികളുമുണ്ട്. 1853 മുതൽ ഇവരുടെ ഇടയിൽ സി.എം. എസ്.പ്രവർത്തനം ശക്തിപ്പെട്ടു.[1]

1. സ്റ്റീഫൻ വട്ടപ്പാറ, സി.എം.എസ്. സഭാചരിത്രം, കുറിച്ചി, 1989, പേ.78-86.

www.malankaralibrary.com

ഏനാത്ത് സി.എസ്.ഐ.പള്ളി വികാരിയായിരുന്ന റവ.സ്റ്റീഫൻ വട്ടപ്പാറയുടെ (1962–1964) നേതൃത്വത്തിൽ അവർ തങ്ങളുടെ പരാതി പരസ്യമായി പ്രകടിപ്പിക്കാൻ തുടങ്ങി. തങ്ങൾക്ക് സ്വന്തമായി ഒരു ഭരണ സംവിധാനം (സെപ്പറേറ്റ് അഡ്മിനിസ്ട്രേഷൻ) വേണമെന്ന് അവർ വാദിച്ചു. എല്ലാത്തരത്തിലും തങ്ങൾ അവഗണിക്കപ്പെടുന്നു എന്നു കാണിച്ച്, ഇംഗ്ലണ്ടിലെ ചർച്ച് മിഷണറി സൊസൈറ്റിക്കും ബിഷപ്പ് എം.എം.ജോണിനും സി.എസ്.ഐ.മോഡറേറ്റർക്കും നിവേദനങ്ങളയച്ചു. തുടർന്ന് സ്റ്റീഫൻ പ്രസ്ഥാനം എന്നൊന്ന് സി.എസ്.ഐ. യിൽ ഉടലെടുത്തു. നിവേദനത്തിന്റെ വെളിച്ചത്തിൽ സി.എസ്.ഐ.സിനഡ് ഒരു അന്വേഷണക്കമ്മീഷനെ നിയമിച്ചു. കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കി മധ്യകേരളാ മഹായിടവകയിൽ ഒരു വിദ്യാഭ്യാസ ഓഫീസറേയും ഒരു ഡവലപ്പ്മെന്റ് ഓഫീസറേയും പരിവർത്തന ക്രൈസ്തവ വിഭാഗത്തിൽനിന്ന് നിയമിച്ചു. ഒരു അസിസ്റ്റന്റ് ബിഷപ്പിനെ നിയമിക്കുന്നതിനും ശിപാർശ ചെയ്തു.[2]

എന്നാൽ സിഎസ്ഐയിൽനിന്നു മാറി പഴയ സി.എം.എസ് പുനരുദ്ധരിക്കാനുള്ള തീരുമാനം 1964–ൽ അവർ തീരുമാനിച്ചു. അതോടൊപ്പം റവ. സ്റ്റീഫൻ സിഎസ്ഐ യിൽ നിന്നു രാജിവച്ചു. തുടർന്ന് സ്റ്റീഫനെ ബിഷപ്പ് എം.എം.ജോൺ മുടക്കി. മുടക്കപ്പെട്ടെങ്കിലും അദ്ദേഹം പുറമേ നിന്നുകൊണ്ട് അസംതൃപ്തരായ പരിവർത്തന ക്രൈസ്തവരെ സംഘടിപ്പിച്ച് നേതൃത്വം നൽകിക്കൊണ്ടിരുന്നു. 1966 മെയ് 5–ന് ജയിംസ് പാർക്കർ ഡീസ് എന്ന ഒരു അമേരിക്കൻ ബിഷപ്പ് സ്റ്റീഫനെ സഭാധ്യക്ഷനാക്കി പുതിയൊരു സഭയ്ക്ക് ആരംഭമിട്ടു.*ആംഗ്ലിക്കൻ ഓർത്തഡോക്സ്* സഭാധ്യക്ഷൻ എന്നു സ്ഥാനനാമമുള്ള ഒരു ബിഷപ്പായിരുന്നു ജയിംസ്. ഇവാൻജലിക്കൽ സഭയുടെ മാഞ്ഞാടിയിലുള്ള ഹോളിൽ വച്ചാണ് സ്റ്റീഫൻ വാഴിക്കപ്പെട്ടത്.[3]

തുടർന്ന് സി.എസ്ഐയുടെ സ്വത്തുക്കളുടെമേൽ ഇക്കൂട്ടർ അവകാശവാദം ഉന്നയിച്ച് നിരവധി കയ്യേറ്റശ്രമങ്ങളും കേസുകളും ഉണ്ടായി. ഈ ഘട്ടത്തിൽ ചർച്ച് മിഷണറി സൊസൈറ്റി സെക്രട്ടറി റവ. ജോൺ ടെയ്‌ലർ കോട്ടയത്തുവന്ന് പ്രശ്നം പഠിക്കുകയും ചർച്ച മിഷണറി സൊസൈറ്റിയുടെ യഥാർഥ പിൻതുടർച്ച സിഎസ്ഐയ്ക്കാണെന്ന് വ്യക്തമാക്കുകയും ചെയ്തു.[4] കേരള ഹൈക്കോടതിയിൽ നിന്ന് അന്തിമമായി ഇപ്രകാരം ഒരു വിധിയുണ്ടായി.[5]

*ഇന്റർനാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്* ഇവരെ അംഗീകരിക്കുകയും ആരംഭകാലത്ത് ഇവർക്കുവേണ്ട ധനസഹായം ചെയ്യുകയും ചെയ്തു.

---

2. *C.S.I. Madhya Kerala Diocese, Centenary Souvnir,* Kottayam, 1980, p. 25.
3. ഇ.ജെ.ചാക്കോ, *കേരളത്തിലെ ചില സ്വതന്ത്ര സഭകൾ,* തിരുവല്ല,1986, പേ.120.
4. സ്റ്റീഫൻ വട്ടപ്പാറ, *സി.എം.എസ്. സഭാചരിത്രം,* 258.
5. *C.S.I. Madhya Kerala Diocese,25 - 26;* ഇ.ജെ.ചാക്കോ, ശതാബ്ദിസ്മരണകൾ, 63–64.

www.malankaralibrary.com

കൗൺസിൽ പ്രസിഡന്റ് കാൾ മക്കിന്റയറും സെക്രട്ടറി ജെ.സി.മാരീസും ഇവരെ സന്ദർശിച്ചു. എന്നാൽ സി.എസ്.ഐ. യോ ആംഗ്ലിക്കൻസഭയോ ഇവരെ അംഗീകരിച്ചിട്ടില്ല. 1964-ൽ മധ്യകേരളയിൽ ഉണ്ടായിരുന്ന 10 പട്ടക്കാരിൽ റവ. സ്റ്റീഫനൊഴികെ മറ്റാരും സിഎസ്ഐ വിട്ടുപോയില്ല. ഇവർ ആംഗ്ലിക്കൻ ആരാധനക്രമമാണ് ഉപയോഗിക്കുന്നത്. ബിഷപ്പ് സ്റ്റീഫൻ 1966-ൽ സിഎസ്ഐയിലെ ഉപദേശിമാരും പ്രവർത്തകരുമായിരുന്ന 24 പേരേ കൈവച്ച് പട്ടക്കാരാക്കി. അവരിൽ 23 പേരും വിവിധ അവസരങ്ങളിലായി ഈ സഭ വിട്ടുപോകുകയും ചിലർ പിന്നീട് തിരികെ വരികയും ചെയ്തു എന്ന് പറയപ്പെടുന്നു.

## പലതായി പിളരുന്നു

വിഘടന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആറു പട്ടക്കാരെ 1967-ൽ സി.എം.എസ്. സഭാനേതൃത്വം മുടക്കി. 1971-ൽ സി.എം.എസ്സിൽ പട്ടം ഏറ്റ കാരിക്കുഴി തോമസ്(+2020) പ്രസ്തുത വർഷം തന്നെ സഭവിട്ട് നിരവധി വ്യവഹാരങ്ങളിലും തർക്കങ്ങളിലും ഏർപ്പെട്ടെന്ന് പറയപ്പെടുന്നു. അദ്ദേഹം നേതൃത്വം നൽകി സ്ഥാപിച്ചതാണ് *വെസ്റ്റ് കോസ്റ്റ് ആംഗ്ലിക്കൻ സഭ* അഥവാ പശ്ചിമതീരം എന്ന വിഘടിതസഭ. 1974-ൽ പട്ടമേറ്റ കെ.എം.ചാക്കോ *തിരുക്കൊച്ചി സി.എം.എസ്. ആംഗ്ലിക്കൻ മഹായിടവക* എന്ന അതേ പേരി സ്വീകരിച്ചുകൊണ്ട് ഒരു വിഭാഗത്തിന് നേതൃത്വം നൽകി.പിളർപ്പിനും അഭിപ്രായ വ്യത്യാസത്തിനും പ്രധാന കാരണം മക്കിന്റയർ എന്ന അമേരിക്കൻ നേതാവിന്റെ ധനസഹായമാണ്. പണത്തെ ചൊല്ലിയാണ് തർക്കങ്ങളും പിളർപ്പുകളും ഉണ്ടായിട്ടുള്ളത്.

ബിഷപ്പ് സ്റ്റീഫനെ എതിർത്ത 12 പട്ടക്കാർ കൂടി 1976-ൽ തോമസ് പുല്ലാടിൽ എന്ന പട്ടക്കാരനെ ചെങ്ങളം സി.എം.എസ്. പള്ളിയിൽ വച്ച് അവരുടെ ബിഷപ്പാക്കി. അദ്ദേഹം 1977-ൽ മരിച്ചു. 1978-ൽ ഇ. ജെ. മത്തായിയെ ചിങ്ങവനത്തു വച്ച് പുല്ലാടിൽ വിഭാഗക്കാരായ 12 പട്ടക്കാർ ചേർന്ന് ബിഷപ്പാക്കി. 1981-ൽ ബിഷപ്പ് മത്തായിയുടെ സഹായമെത്രാനായി ഏ.സി. ജോസഫ് കണിച്ചികുളം നിയമിതനായി. 1982-ൽ ബിഷപ്പ് മത്തായി മരിച്ചപ്പോൾ, ഏ.സി.ജോസഫ് ആ വിഭാഗത്തിന്റെ അധ്യക്ഷനായി. മേൽപ്പറഞ്ഞവരൊക്കെ 1966-ൽ ബിഷപ്പ് സ്റ്റീഫൻ പട്ടക്കാരായി വാഴിച്ചവരാണ്.

ബിഷപ്പ് സ്റ്റീഫന്റെ നേതൃത്വത്തിലുള്ള സി.എം.എസ്. 1982-ൽ പൗലോസ് കെ. മർക്കോസ്, പൗലോസ് എം. നിരപ്പിൽ, സ്റ്റീഫൻ വട്ടപ്പാറ എന്നിവരെ ബിഷപ്പന്മാരായി വാഴിച്ചു. ആദ്യത്തെ രണ്ടുപേർ 1966-ൽ ബിഷപ്പ് സ്റ്റീഫൻ പട്ടക്കാർ ആക്കിയവരും മൂന്നാമൻ ബിഷപ്പ് സ്റ്റീഫന്റെ മകനുമാണ്. തുടർന്ന് സ്റ്റീഫൻ ആർച്ചുബിഷപ്പായി. ബിഷപ്പ് സ്റ്റീഫൻ നയിക്കുന്ന വിഭാഗവും ബിഷപ്പ് ഏ.സി.ജോസഫിന്റെ നേതൃത്വത്തിലുള്ള *അച്ചൻഗ്രൂപ്പ്* എന്ന വിഭാഗവും തമ്മിൽ വ്യവഹാരമായി. 1985 ആഗസ്റ്റ് 10-ന് ഏ.സി. ജോസഫ് റിട്ടയർ ചെയ്തെന്നും പകരം ചാക്കോ കല്ലടമുറിയിലിനെ ബിഷപ്പായി ഡിസംബർ 15-ന് വാഴിച്ചെന്നും പറയപ്പെടുന്നു. തുടർന്ന് ജോസഫും

www.malankaralibrary.com

ചാക്കോയും തമ്മിൽ കോടതിവ്യവഹാരങ്ങൾ ഉടലെടുത്തു. 1985–ൽ ജേക്കബ് ചേന്നപ്പള്ളി ബിഷപ്പ്, സ്റ്റീഫൻ ഗ്രൂപ്പിൽ ബിഷപ്പായി.

1986–ൽ ബിഷപ്പ് സ്റ്റീഫൻ മരിച്ചു. തുടർന്ന് മകൻ സ്റ്റീഫൻ സഭാധ്യക്ഷൻ (അഡ്ജുറ്റേർ) ആയി. 1988–ൽ കാരിക്കുഴി തോമസും കുറേ അനുയായികളും സി.എം.എസ്. ആംഗ്ലിക്കൻ സഭയിൽ തിരികെ വന്നു. അദ്ദേഹത്തെ വീണ്ടും ബിഷപ്പായി വാഴിച്ചു. എന്നാൽ ഒരു എം.ഒ. ജോർജിന്റെ നേതൃത്വത്തിൽ *പശ്ചിമതീരം* എന്നപേരിൽ ഒരു വിഘടിതഗ്രൂപ്പ് നിലനിൽക്കുന്നു. മാമ്മൂട് കേന്ദ്രമാക്കി ഏ.സി.ജോസഫിന്റെ കൂടെനിന്ന കുറേപ്പേർ 1990–ൽ തിരികെവന്നു. നാട്ടകം കേന്ദ്രമാക്കി വി.ജെ.മോസസിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നവർ 1990–ൽ തിരികെയെത്തി. മോസസിനെ മധ്യകേരള ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററാക്കി.[6]

സി.എസ്.ഐ.യിൽ നിന്ന് 1964–ൽ പിരിഞ്ഞുപോയ കുറേപ്പേർ കാലക്രമത്തിൽ തിരികെ പോയി. അവരുടെ ഇടയിൽ നിന്നുള്ള റ്റി.കെ. ജോസഫ് (+1990) സി.എസ്.ഐ. സഭാധ്യക്ഷനായതാണ് (1974–1981) അതിനുള്ള മുഖ്യകാരണം. ഒരു ഏ.ഐ.തോമസിന്റെ(+1989) നേതൃത്വത്തിൽ കുറേപ്പേർ *പ്രവചനദൈവസഭ* എന്ന വിഭാഗത്തിൽ ചേർന്നു. ഏതാണ്ട് സ്വതന്ത്ര പെന്തിക്കോസ്തു രീതിയാണിതിന്. മറ്റുചിലർ പല പെന്തിക്കോസ്തു വിഭാഗങ്ങളിലും സംഘടനകളിലും ചേരാനിടയായി.

ബിഷപ്പ് സ്റ്റീഫൻ വട്ടപ്പാറയുടെ നേതൃത്വത്തിൽ കേരളത്തിൽ അഞ്ച് ഭദ്രാസനങ്ങളും അഞ്ച് ബിഷപ്പന്മാരുമുണ്ട്: കങ്ങഴ, മാരാമൺ, ഹൈറേഞ്ച്, സൗത്ത് കേരളം, മധ്യകേരളം, എന്നിവയാണ് ഭദ്രാസനങ്ങൾ. ഇവ പിന്നീട് ആറായി പുനഃക്രമീകരിച്ചു. അവ: സെൻട്രൽ ഡയോസിസ്, കോട്ടയം, ചേലക്കൊമ്പ്, തിരുവല്ലാ, ഇടുക്കി, ഏനാത്ത്. 1994–ൽ ലക്നൗ ക്രൈസ്റ്റ് ചർച്ചിൽ വച്ച് ലൂയീസ് ഫൗക് എന്ന ബിഷപ്പ് ചാക്കോയ്ക്ക് വീണ്ടും പട്ടം നൽകി. ബിഷപ്പ് കാരിക്കുഴി 1994–ൽ പുതിയൊരു സഭയുണ്ടാക്കി സി.എം.എസിൽ നിന്ന് മാറി. *ആംഗ്ലിക്കൻ ഓർത്തഡോക്സ് സഭ* എന്നാണ് അതിന്റെ പേര്.

കേരളത്തിനു പുറത്ത് ഈ സഭയുമായി കൂട്ടായ്മയുള്ള നാല് ആംഗ്ലിക്കൻ ഭദ്രാസനങ്ങൾ കൂടിയുണ്ട്: അമൃത്സർ(1986), ഹരിയാനാ (1990), ഡൽഹി (1990), ഡറാഡൂൺ (1992). ഇപ്പോൾ ഏഴെണ്ണമുണ്ട്. ബിഷപ്പ് സ്റ്റീഫൻ വട്ടപ്പാറയാണ് ഈ രൂപതകളുടെ അധ്യക്ഷന്മാരെ വാഴിച്ചത്. ഇവയെല്ലാം കൂടി *ആംഗ്ലിക്കൻ ചർച്ച ഓഫ് ഇൻഡ്യാ* എന്ന് അറിയപ്പെടുന്നു. ഇവയുടെ മോഡറേറ്റർ ബിഷപ്പ് സ്റ്റീഫൻ വട്ടപ്പാറയാണ്.[7] ആംഗ്ലിക്കൻ ചർച്ച് ഓഫ് ഇൻഡ്യയുടെ മെത്രാപ്പോലീത്താ ആയി അറിയപ്പെടാനാണ് ബിഷപ്പ് സ്റ്റീഫൻ ആഗ്രഹിക്കുന്നത്.[8]

---

6. *മംഗളം,1990 ആഗസ്റ്റ് 15; മലയാള മനോരമ, 1990 സെപ്തംബർ 10.*
7. *കുറിച്ചി ബിഷപ്സ് ഓഫീസിൽനിന്ന് അറിയിച്ചത്.*
8. *ദീപിക 1994, സെപ്തംബർ 14.*

www.malankaralibrary.com

തോമസ് പുല്ലാടിലിന്റെ പിൻതുടർച്ചക്കാരായി തിരു-കൊച്ചി ആംഗ്ലിക്കൻ മഹായിടവക എന്ന പേരിൽ ഒരു കൂട്ടം ഇപ്പോഴും വേറിട്ട് നില നിൽക്കുന്നു. തോമസ് പുല്ലാടിൽ, ഇ.ജെ.മത്തായി, ഏ.സി.ജോസഫ്, മാത്യു കരിമ്പിൽ, തോമസ് മരംകൊല്ലി, ഡേവിഡ് ലൂക്കോസ് എന്നിവർ നേതാക്കന്മാരായിരുന്നു. ഇപ്പോഴത്തെ നേതാവ് ലൂക്കോസ് വരകുകാലായിൽ (2013-) ആണ്.

## അവലോകനം

മിഷണറി ആനുകൂല്യങ്ങൾ മാത്രം അനുഭവിച്ചു കഴിഞ്ഞ ഈ ക്രൈസ്തവ സഹോദരന്മാർ അലസരായും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാതെയും കഴിഞ്ഞിരുന്നു. പൊടുന്നനവെ ഒരു സഭ സ്ഥാപിച്ച് ഭരണം തുടങ്ങിയപ്പോഴാണ് ചുമതലകളുടെ ഗൗരവം അവർക്ക് ശരിക്കും മനസ്സിലായത്. ഭരണപരമായ പരിചയക്കുറവ്,  ഉപജാതി ചിന്തകൾ ഉയർത്തി വിട്ട കൊടുങ്കാറ്റുകൾ എന്നിവ മൂലം പലവിധ പ്രശ്നങ്ങൾ അവരെ ഇപ്പോഴും അലട്ടുന്നുണ്ട്. അന്തച്ഛിദ്രത്തിന്റെ  അലയടികളിൽ നിന്ന് ഈ സഭ ഇപ്പോഴും വിമുക്തമല്ല.

അവശ സമുദായത്തിൽ പെട്ട പരിവർത്തന ക്രിസ്ത്യാനികളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് സി.എസ്. ഐ.യിൽ നിന്ന് അവശക്രിസ്ത്യാനികൾ പിളർന്നു മാറിയത്. എന്നാൽ അപൂർവം ചില കുടുംബങ്ങളെയൊഴിച്ച് മഹാഭൂരിപക്ഷത്തേയും ഉയർത്താൻ ഈ പിളർപ്പ് സഹായിച്ചില്ല. അവസാനിക്കാത്ത സിവിൾ വ്യവഹാരങ്ങളും മത്സരങ്ങളും കക്ഷിവഴക്കുകളും കൊണ്ട് സുവിശേഷ ചൈതന്യത്തിന് കടകവിരുദ്ധമായ ഒരു പാതയാണ് പുതിയ നേതൃത്വം ഈ ക്രൈസ്തവർക്കു നൽകിയത്.അവരുടെ ആത്മീയ ജീവിതമോ ഭൗതികജീവിതമോ മെച്ചപ്പെടുത്താൻ ഈ പിളർപ്പും പുതിയ സഭാസ്ഥാപനവും സഹായിച്ചില്ല എന്ന് ആത്മാർഥമായി ചിന്തിക്കുകയും ഈ പ്രസ്ഥാനത്തെ ഓർത്ത് ദുഃഖിക്കുകയും ചെയ്യുന്നവർ ഇതിനുള്ളിൽ തന്നെയുണ്ട്.

www.malankaralibrary.com

# അധ്യായം - 5

# തൊഴിയൂർ സഭ

കേരളത്തിൽ കുന്നംകുളത്തിനു സമീപം തൊഴിയൂർ (അഞ്ഞൂർ) ഉള്ള വളരെ ചെറുയൊരു ക്രൈസ്തവസമൂഹമാണ് തൊഴിയൂർസഭ. അഞ്ഞൂർ സഭ, മലബാർ സ്വതന്ത്ര സുറിയാനസഭ എന്നും ഈ സഭ അറിയപ്പെടുന്നു. പുത്തൻകൂർ യാക്കോബായാ സഭയിൽനിന്ന് 1772-ൽ പിരിഞ്ഞുണ്ടായതാണ് ഈ സമൂഹം.അന്ത്യോക്യൻ ആരാധനക്രമമാണ് ഇവർ ഉപയോഗിക്കുന്നത്.

പശ്ചിമേഷ്യയിൽനിന്ന് 1751-ൽ എത്തിയ യാക്കോബായാ മെത്രാന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന മാർ ഗ്രിഗോറിയോസ് 1770-ൽ ആറാം മാർത്തോമ്മായ്ക്ക് മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാൻപട്ടം നല്കി. അതിനുശേഷം അദ്ദേഹത്തിന്റെ സഹായി ആയിരുന്ന കാട്ടുമങ്ങാട്ട് അബ്രഹാം റമ്പാനെ കൂറില്ലോസ് (+1800) എന്ന പേരിൽ 1772-ൽ മെത്രാനാക്കി. മാർ ദിവന്നാസ്യോസ് ഇതിനെ എതിർത്തു. അദ്ദേഹത്തിന്റെ പ്രേരണയാൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാർ മാർ കൂറില്ലോസിനെതിരായ നിലപാട് സ്വീകരിച്ചു. അദ്ദേഹം ബ്രിട്ടീഷ് മലബാറിൽ ഉൾപ്പെട്ട തൊഴിയൂർ ചെന്നു താമസിച്ചു. തൊഴിയൂർ സഭാസ്ഥാപകൻ ഈ കൂറില്ലോസാണ്.

അദ്ദേഹം 1794-ൽ തന്റെ അനുജൻ ഗീവർഗീസിനെ കൂറില്ലോസ് രണ്ടാമൻ (+1808) എന്ന പേരിൽ മെത്രാനാക്കി. ഇരുവരും ഒന്നിച്ച് അഞ്ഞൂരിൽ താമസിച്ചു. കുറേ ജനങ്ങൾ അവരെ സന്ദർശിച്ചിരുന്നു. തുടർന്ന് മാർ പീലക്സീനോസ് ഒന്നാമനും (1807-1811) മാർ പീലക്സീനോസ് രണ്ടാമനും (1811-1829) മെത്രാന്മാരായി. മലങ്കര യാക്കോബായാസഭയിലെ മൂന്നു മെത്രാന്മാരെ ഒന്നിനു പിറകെ ഒന്നായി വാഴിച്ചത് പീലക്സീനോസ് രണ്ടാമനാണ്. പുലിക്കോട്ട് ഇട്ടൂപ്പ് റമ്പാനെ പഴഞ്ഞി പള്ളിയിൽവച്ച് 1815-ൽ മാർ ദിവന്നാസ്യോസ് രണ്ടാമൻ എന്ന പേരിലും, പുന്നത്ര കുര്യൻ കത്തനാരെ 1816-ൽ കോട്ടയം ചെറിയ പള്ളിയിൽ വച്ച് ദിവന്നാസ്യോസ് മൂന്നാമൻ എന്ന പേരിലും, അടുത്ത മെത്രാനെ കോട്ടയം ചെറിയ പള്ളിയിൽ വച്ച് 1825-ൽ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് നാലാമൻ എന്ന പേരിലും വാഴിച്ചു.

www.malankaralibrary.com

കുറേക്കാലം പുന്നത്ര മാർ ദിവന്നാസ്യോസും തൊഴിയൂർ മാർ പീലക്സീനോസും ഒന്നിച്ച് മലങ്കരസഭാഭരണം നടത്തി. 1818-ലെ മാവേലിക്കര സഭായോഗത്തിൽ മാർ പീലക്സീനോസും പങ്കെടുത്തു. മാർ പീലക്സീനോസ് അടുത്ത പിൻഗാമിയെ വാഴിക്കാതെ 1829-ൽ കാലം ചെയ്തപ്പോൾ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് കുത്തൂർ ഗീവർഗീസിനെ കൂറില്ലോസ് മൂന്നാമൻ (+1856) എന്ന പേരിൽ വാഴിച്ചു.1836-ലെ മാവേലിക്കര സിനഡിൽ ഇദ്ദേഹവും സംബന്ധിച്ചു. മാവേലിക്കര പടിയോലയിൽ ഇപ്രകാരം കാണുന്നു: "മലങ്കര യാക്കോബായാ സുറിയാനിപ്പള്ളി ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തരവൻ മാർ കൂറില്ലോസ് മെത്രാപ്പോലീത്തായും..."

മാർ കൂറില്ലോസ് 1856-ൽ മരിച്ചപ്പോൾ മാത്യൂസ് മാർ അത്തനാസ്യോസും പരദേശമെത്രാനായ യൊവാക്കിം മാർ കൂറില്ലോസും തൊഴിയൂരെത്തി പിൻഗാമിയെ വാഴിക്കാൻ ശ്രമിച്ചു. ആ ശ്രമത്തിൽ വിജയിച്ച മാത്യൂസ് മാർ അത്തനാസ്യോസ് 1856-ൽ പനയ്ക്കൽ യൗസേപ്പ് കത്തനാരെ കൂറില്ലോസ് നാലാമൻ എന്ന പേരിൽ വാഴിച്ചു. തുടർന്ന് പരദേശിമെത്രാൻ തൊഴിയൂർ മെത്രാനെതിരെ 1857-ൽ കേസു കൊടുത്തു. 1863-ലെ മദ്രാസ് ഹൈക്കോടതി തൊഴിയൂർ മെത്രാന് അനുകൂലമായി വിധിക്കുകയും തൊഴിയൂരിനെ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും പരദേശി മെത്രാന് തൊഴിയൂരിന്മേൽ യാതൊരവകാശവുമില്ലെന്ന് വിധിക്കുകയും ചെയ്തു.

മാത്യൂസ് മാർ അത്തനാസ്യോസിനെ പത്രോസ് പാത്രിയർക്കീസ് മുടക്കിയ കൂട്ടത്തിൽ തൊഴിയൂർ മെത്രാനെയും മുടക്കി. ഇതോടുകൂടി തൊഴിയൂർ സഭയും യാക്കോബായാ സഭയും തമ്മിലകന്നു. തൊഴിയൂർ മെത്രാന്മാർ മാർത്തോമ്മാ സഭയുമായി കൂടുതൽ അടുത്തു. കൂറില്ലോസ് നാലാമൻ (+1888) 1883-ൽ തന്റെ പിൻഗാമിയായി മാളിയേക്കൽ യൗസേപ്പ് മാർ അത്തനാസ്യോസിനെ(+1898) വാഴിച്ചു. അത്തനാസ്യോസ് 1892-ൽ കരിമാങ്കുഴി മാർ കൂറില്ലോസ് അഞ്ചാമനെയും (+1935) വാഴിച്ചു.

നവീകരണകക്ഷിയിലെ തോമസ് മാർ അത്തനാസ്യോസ് പിൻഗാമിയെ വാഴിക്കാതെ 1893-ൽ മരിച്ചപ്പോൾ തൊഴിയൂരെ രണ്ടു മെത്രാന്മാരും കൂടി കോട്ടയം ചെറിയ പള്ളിയിൽ വച്ച്, പുന്നത്ര (താഴത്ത്) ചാണ്ടപ്പിള്ള കത്തനാരുടെ ഉത്സാഹത്താൽ, തീത്തൂസ് ഒന്നാമനെ നവീകരണക്കാർക്കു വേണ്ടി വാഴിച്ചു. മാർ അത്തനാസ്യോസ് രണ്ടാമൻ (+!927) എന്ന സഹായ മെത്രാനെ 1917-ൽ തൊഴിയൂർ സഭയ്ക്കുവേണ്ടി മാർ കൂറില്ലോസ് അഞ്ചാമൻ വാഴിച്ചു.

കൂറില്ലോസ് അഞ്ചാമൻ മരിച്ചപ്പോൾ (1935) മാർത്തോമ്മാസഭയിലെ തീത്തൂസ് രണ്ടാമൻ, കൂറില്ലോസ് ആറാമനെ (+1947) വാഴിച്ചു. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ 1948-ൽ തൊഴിയൂർ ഇടവകയ്ക്ക് എഴുതപ്പെട്ട ഒരു ഭരണക്രമം ഉണ്ടാക്കി. ചീരൻ ഗീവർഗീസിനെ കൂറില്ലോസ്

www.malankaralibrary.com

ഏഴാമൻ എന്ന പേരിൽ 1948–ൽ വാഴിക്കുകയും ചെയ്തു. അദ്ദേഹം 1967–ൽ മരിച്ചപ്പോൾ, പൗലോസ് മാർ പീലക്സീനോസിനെ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ മെത്രാനായി വാഴിച്ചു. 1977–ൽ അദ്ദേഹം മലങ്കര കത്തോലിക്കാസഭയുമായി സമ്പൂർണ സംസർഗത്തിലെത്തി. 1978–ൽ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറില്ലോസ് എട്ടാമനെ(+1986) വാഴിച്ചു. അദ്ദേഹം 1986–ൽ മരിച്ചപ്പോൾ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, 1986–ൽ യൗസേപ്പ് മാർ കൂറില്ലോസ് ഒൻപതാമനെ(+2001) വാഴിച്ചു. മാർത്തോമ്മാ സഭയിലെ ഫിലിപ്പോസ് മാർ ക്രിസൊസ്തോം മെത്രാപ്പോലീത്തായുടെ സഹകാർമികത്വത്തിൽ 2001–ൽ കുത്തൂർ സണ്ണിയെ സിറിൽ മാർ ബസേലിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അദ്ദേഹമാണ് ഇപ്പോഴത്തെ അധ്യക്ഷൻ.

തൊഴിയൂർസഭ പട്ടത്തിനു മാത്രമേ മാർത്തോമ്മാസഭയുമായി ബന്ധപ്പെടുന്നുള്ളു. അവരുടെ ദൈവശാസ്ത്രവും ആരാധനക്രമങ്ങളും യാക്കോബായ സഭയിലേതു തന്നെയാണ്. കൈവയ്പിന് മാർത്തോമ്മാ സഭയുമായി സഹകരിക്കുന്നെങ്കിലും അവരുടെ പ്രോട്ടസ്റ്റന്റ് ആശയങ്ങൾ തൊഴിയൂർ ഇടവക സ്വീകരിച്ചിട്ടില്ല.

കുന്നംകുളത്തിനു സമീപം ഏതാണ്ട് പത്തു കിലോമീറ്റർ ചുറ്റളവിലായി തൊഴിയൂർസഭയ്ക്ക് 16 ഇടവകകളിലായി 5000 വിശ്വാസികളുണ്ട്. കേരളത്തിലെ ഏതെങ്കിലും അപ്പസ്തോലിക സഭയോട് ചേർന്ന് കൂട്ടായ്മയിൽ മുന്നോട്ടു പോകുന്നതാണ് തൊഴിയൂർ സഭയ്ക്ക് നല്ലത്. ഒറ്റപ്പെട്ട സാക്ഷ്യത്തേക്കാൾ കൂട്ടായ്മയിലുള്ള സാക്ഷ്യമാണ് ഏറേ ഫലദായകം. ആ ലക്ഷ്യം മുൻനിർത്തിയാണ് 1977–ൽ അവരുടെ മെത്രാനായ പൗലോസ് മാർ പീലക്സീനോസ് കത്തോലിക്കാ സഭയുമായി കാനോനിക്കൽ കൂട്ടായ്മയിൽ എത്തിയത്.

www.malankaralibrary.com

## അധ്യായം - 6

# കൽദായ സുറിയാനി സഭ

കേരളത്തിൽ തൃശൂർ കേന്ദ്രമാക്കി സ്ഥിതി ചെയ്യുന്ന ഒരു സഭാസമൂഹ മാണ് കൽദായസുറിയാനിസഭ. ഈ സഭ പല പേരുകളിൽ അറിയപ്പെടുന്നു: സുറിയാനിക്കാർ എന്ന അർഥത്തിൽ സൂറായികൾ, കാൽഡിയൻ - അസ്സീറി യൻ സഭയുടെ ഭാഗമാകയാൽ അസ്സീറിയൻ സഭ, പൗരസ്ത്യസഭ, കൽദായ സഭ, നെസ്തോറിയൻ സഭ എന്നൊക്കെ ഇവർ അറിയപ്പെടുന്നു.തൃശൂരെ വ്യാകുലമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ പെട്ട കത്തോലിക്കരിൽ ഒരുവിഭാഗം 1908-ൽ റോമൻ കത്തോലിക്കാ സംസർഗം ഉപേക്ഷിച്ച് കാലക്രമ ത്തിൽ പശ്ചിമേഷ്യയിലെ നെസ്തോറിയൻ എന്ന് വിളിക്കപ്പെട്ടിരുന്ന സഭയുടെ സ്വാധീനത്തിൽ വന്നു. ഇവർ രണ്ട് നേതൃത്വങ്ങളുടെ കീഴിലാണ് കുറേക്കാലം കഴിഞ്ഞത്. രണ്ടു കക്ഷികളും കോടതി വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുന്നു എന്നതൊഴിച്ചാൽ ഇവർക്ക് പൊതുവായ ചരിത്രവും ആരാധനക്രമവും സഭാപാരമ്പര്യങ്ങളുമാണ് ഉണ്ടായിരുന്നത്. 1908 വരെ ഇവരെല്ലാം മാർത്തോമ്മാ നസ്രാണികളായ പഴയകൂറ്റുകാരായിരുന്നു.

പഴയകൂറ്റുകാരെ ലെയോ മാർപാപ്പാ 1887-ൽ വരാപ്പുഴ രൂപതയിൽ നിന്ന് വേർപെടുത്തി അവർക്കായി തൃശൂർ, കോട്ടയം എന്നിങ്ങനെ രണ്ടു വികാരിയേറ്റുകൾ സ്ഥാപിച്ചു. തൃശൂരെ വ്യാകുലമാതാവിന്റെ പള്ളിക്കാർ വിഘടിച്ചുനിന്നു. മേലൂസിന്റെ ആസ്ഥാനം തൃശൂരായിരുന്നല്ലോ. ഇതേപ്പറ്റി മുകളിൽ വിവരിച്ചിട്ടുള്ളത് കാണുക.[1] പ്രസ്തുത പള്ളിക്കുവേണ്ടി തൃശൂർ വികാരി അപ്പസ്തോലിക്കാ ബിഷപ്പ് മെഡ്ലിക്കോട്ട് 1889-ൽ കേസു കൊടുത്തു. 1896-ൽ കേസിന്റെ വിധി മെഡ്ലിക്കോട്ടിന്റെ പിൻഗാമിയായ മാർ മേനാച്ചേരിക്ക് എതിരായി. ഉടനേ ബിഷപ്പ് മേനാച്ചേരി അപ്പീൽ കൊടുത്തു. എന്നാൽ അതിലും തോറ്റു. അങ്ങനെ ആ പള്ളി കത്തോലി ക്കർക്ക് നഷ്ടമായി. 1908-വരെ മൂസൽകാരൻ അഗസ്റ്റിൻ കോറെപ്പിസ്കോപ്പാ

1. മുകളിൽ പേ. 94 കാണുക

www.malankaralibrary.com

അവരെ ഭരിച്ചു. മാർ മേലൂസിന്റെ കാലംമുതൽ അദ്ദേഹം തൃശൂർ താമസിച്ചു വന്നു. മെത്രാന്റെ സ്ഥാനചിഹ്നങ്ങൾ അണിയുകയും മെത്രാനെപ്പോലെ ഒപ്പുവയ്ക്കുകയും നടക്കുകയും ചെയ്തിരുന്നെങ്കിലും അദ്ദേഹത്തിന് മെത്രാൻപട്ടം ഇല്ലായിരുന്നു.[2]

## നെസ്തോറിയൻ ബന്ധം

വ്യാകുലമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ പെട്ട തൃശൂരിലെ പഴയകൂറ്റുകാരായ കത്തോലിക്കർ നെസ്തോറിയൻ എന്നറിയപ്പെട്ട മെത്രാന്റെ കൂടെ ചേരുന്നത് 1908-ലാണ്. ആ വർഷം ഫെബ്രുവരി 27-ന് പശ്ചിമേഷ്യയിൽ നിന്ന് മാർ അബീമെലെക്ക് തിമോതിയൂസ് എന്ന മെത്രാൻ തൃശൂരെത്തി. വ്യാകുലമാതാവിന്റെ പള്ളിക്കാർ അദ്ദേഹത്തെ സ്വീകരിച്ചു. തങ്ങളുടെ സഹോദരങ്ങളായ പഴയകൂർ സുറിയാനി കത്തോലിക്കരുമായി ദൈവശാസ്ത്ര സംബന്ധമായി വ്യാകുലമാതാവിന്റെ പള്ളിക്കാർക്ക് യാതൊരു വ്യത്യാസവുമില്ലായിരുന്നു. പഴയ കൂറ്റുകാരിൽ നിന്നകന്ന് നെസ്തോറിയൻ പാത്രിയർക്കീസിന്റെ കീഴിൽ വരണമെന്ന് ആഗ്രഹിച്ച സമൂഹവുമല്ല വ്യാകുലമാതാവിന്റെ പള്ളിക്കാർ.[3]

വളരെ കുറച്ചു വർഷങ്ങൾകൊണ്ട് അവർ പഴയകൂറ്റുകാർ കത്തോലിക്കരിൽ നിന്നകന്ന് പ്രത്യേക ഗ്രൂപ്പായി മാറി എന്നുമാത്രം. മാർ അബീമെലെക്ക് 1945 വരെ അവരെ ഭരിച്ചു. കത്തോലിക്കാ സഹോദരങ്ങളിൽ നിന്ന് വ്യാകുലമാതാവിന്റെ പള്ളിക്കാരെ അകറ്റിയത് ഈ നെസ്തോറിയൻ മെത്രാനാണ്. ഇവിടെ എത്തിയ മിക്കവാറും എല്ലാ വിദേശമെത്രാന്മാരും ഏതെങ്കിലും തരത്തിലുള്ള വിഭജനത്തിനും കലഹത്തിനും കാരണക്കാരായി തീർന്നിട്ടുണ്ട്.

## ഇൻഡിപെൻഡന്റ്സ് (സ്വതന്ത്രകക്ഷി)

അബീമെലെക്കിന്റെ ചിന്താഗതികളെ എതിർത്ത ഒരുവിഭാഗം അവരുടെ ഇടയിൽ ഉണ്ടായി.അവർ മിഖായേൽ അഗസ്റ്റിൻ എന്നയാളിന്റെ നേതൃത്വത്തിൽ ഇൻഡിപെൻഡന്റ്സ് (സ്വതന്ത്രകക്ഷി) എന്ന് അറിയപ്പെട്ടിരുന്നു. പ്രസ്തുത സ്വതന്ത്രകക്ഷികളും അബീമെലെക്കിനെ അനുകൂലിച്ചവരും തമ്മിൽ 1911-ൽ സിവിൾ വ്യവഹാരങ്ങൾ ആരംഭിച്ചു. പല വിധികൾക്കു ശേഷം കേസ് ഒത്തുതീർക്കാൻ തീരുമാനിച്ചു. "പ്രസ്തുത കേസ് പൊളിറ്റിക്കൽ ഏജന്റ് മിസ്റ്റർ കോട്ടന്റെ മധ്യസ്ഥവിധിക്ക് ഇരുകൂട്ടരും വിട്ടുകൊടുത്തു. ഒരു പ്രോട്ടസ്റ്റന്റുകാരനായിരുന്ന മിസ്റ്റർ കോട്ടൻ അകത്തോലിക്കർക്ക് അനുകൂലമായാണ് വിധി പ്രസ്താവിച്ചത്. അങ്ങനെ പള്ളികളും സ്വത്തുക്കളും അവർക്കധീനമായി. ഇതോടുകൂടി ഇൻഡിപെൻഡന്റ്

2. മാർ അപ്രേം, *പൗരസ്ത്യസഭാചരിത്രപ്രവേശിക,* തിരുവല്ലാ, 1976, പേ.143.

3. തൃശൂരെ വ്യാകുലമാതാവിന്റെ പള്ളിക്കാർക്ക് നെസ്തോറിയൻ പാത്രിയർക്കീസുമായി ആദ്യകാലത്ത് യാതൊരു ബന്ധവും ഇല്ലായിരുന്നു: *അതേകൃതി, 143-144.*

www.malankaralibrary.com

കക്ഷിക്കാർ ഒന്നടങ്കം കത്തോലിക്കാസഭയിൽ ചേർന്നു. കത്തോലിക്കരുടെ വകയായിരുന്ന വ്യാകുലമാതാവിന്റെ പള്ളി എതിർകക്ഷിക്ക് പോയതിൽ കുണ്ഠിതരായ തൃശൂർ കത്തോലിക്കർ പണിയിച്ചതാണ് ഇൻഡ്യയിലെ ബൃഹത് ദൈവാലയങ്ങളിൽ ഒന്നായ പുത്തൻപള്ളി എന്നറിയപ്പെടുന്ന വ്യാകുലമാതാവിന്റെ പള്ളി''[4] 1925-ലാണ് ഇൻഡിപെൻഡന്റ്സ് കത്തോലിക്കാ സഭയിൽ ചേർന്നത്.

മാർ അബീമെലെക്ക് 1945-ൽ മരിച്ചപ്പോൾ കോണിക്കര പൗലോസ് കശീശാ 1949 വരെ സൂറായികളെ ഭരിച്ചു. പിന്നീട് മൂന്നു വർഷത്തേക്ക് അവർക്ക് അധ്യക്ഷൻ ഇല്ലായിരുന്നു. 1952-ൽ മാർ തോമാ ധർമോ എന്ന മെത്രാനെ സൂറായികൾക്കുവേണ്ടി മാർ ശെമഓൻ പാത്രിയർക്കീസ് തൃശൂരേക്കയച്ചു. മാർ തോമാ ധർമോ ഇവിടുത്തെ സൂറായികൾക്കുവേണ്ടി ഒരു ഭരണഘടന ഉണ്ടാക്കി. എന്നാൽ അത് തന്റെ അറിവോടോ സമ്മത ത്തോടോ കൂടി ഉണ്ടാക്കിയതല്ലെന്ന് എട്ടു വർഷങ്ങൾക്കു ശേഷം മാർ ശെമഓൻ പാത്രിയർക്കീസ് വാദിച്ചു. എന്നാൽ അതേപ്പറ്റി തൃശൂരെ മെത്രാപ്പോലീത്താ മാർ അപ്രേം പറയുന്നത് ഇപ്രകാരമാണ്: "മാർ ശീമോൻ പാത്രിയർക്കീസുമാരുടെ കീഴിലല്ല തൃശൂർ പള്ളി പണിതതെന്നും കൽദായ പാത്രിയർക്കീസുമാരെയും അവർ അയച്ച റോക്കോസ്, മേലൂസ്, എന്നീ മെത്രാന്മാരെയും അംഗീകരിച്ച കൽദായ സുറിയാനിസഭയ്ക്ക് അവരുടെ സ്വന്തം ഭരണഘടന എഴുതുന്നതിനും നടപ്പിൽ വരുത്തുന്നതിനും അവകാശമുണ്ട് എന്നുമുള്ള വസ്തുത അവിതർക്കിതവും സുവ്യക്തവു മാണ്.''[5]

## മെത്രാൻകക്ഷിയും ബാവാക്കക്ഷിയും

മാർ ശെമഓൻ പാത്രിയർക്കീസ് 1961-ൽ ത്രിശൂരെ സൂറായിസഭ സന്ദർശിച്ചു. തുടർന്ന് പാത്രിയർക്കീസും മാർ തോമാ ധർമോയും തമ്മിൽ ഇടഞ്ഞു. ത്രിശൂരെ സൂറായിസഭയെ സ്വതന്ത്രയാക്കാൻ ശ്രമിച്ചു എന്നതായി രുന്നു തർക്കകാരണം. 1963-ഓടുകൂടി ജനങ്ങൾ മെത്രാൻ കക്ഷിയെന്നും ബാവാക്കക്ഷിയെന്നും രണ്ടു കക്ഷികളായി തിരിഞ്ഞു. സിവിൾ വ്യവഹാര ങ്ങളുടെ പുതിയ ശൃംഖല തന്നെ ആരംഭിച്ചു. മാർ തോമാ ധർമോയെ 1964-ൽ പാത്രിയർക്കീസ് സസ്പെൻഡു ചെയ്തു. അതിന്റെ പേരിലും സിവിൾകേസ് ആരംഭിച്ചു. ആ കേസ് സുപ്രീം കോടതി വരെയെത്തി.[6] മാർതോമാ ധർമോ 1968-ൽ ഇറാക്കിൽ പോയി ബദൽ പാത്രിയർക്കീസായി. തൃശൂരെ തന്റെ അനുയായികളായ മെത്രാൻ കക്ഷിക്കാർക്കു വേണ്ടി മാർ അപ്രേം, പൗലോസ് മാർ പൗലോസ് (+1998) എന്നിങ്ങനെ രണ്ട് ബിഷപ്പന്മാരെ വാഴിച്ചു. മാർ അപ്രേം നാട്ടിൽ വന്ന് ഭരണം ഏറ്റെടുത്തെങ്കിലും, സുഗമമായി

4. എം.ഒ.ജോസഫ്, *കേരള ക്രിസ്ത്യാനികൾ,* കൊച്ചി,1972, പേ. 884-885.
5. മാർ അപ്രേം, *പൗരസ്ത്യസഭാ...,* 145-146.
6. *അതേകൃതി,* 147.

www.malankaralibrary.com

മുന്നോട്ട് പോകാൻ സാധിച്ചില്ല. 1962 മുതൽ നിലവിലുള്ള വ്യവഹാരങ്ങൾക്ക് പുറമേ പുതിയ സിവിൾ കേസുകൾ ഉടലെടുത്തു. തുടർന്നുള്ള വർഷങ്ങളിൽ ബാവാക്കക്ഷിയോട് കേസുപറഞ്ഞ് സഭാസ്വത്തുക്കൾ കൈവശപ്പെടു ത്തേണ്ടി വന്നതിനാൽ മാർ അപ്രേം വ്യവഹാരങ്ങളിൽ മുഴുകിക്കഴിഞ്ഞു.

ശെമഓൻ പാത്രിയർക്കീസിനെ അനുകൂലിക്കുന്ന ബാവാക്കക്ഷിക്കാർ 1971-ൽ ചൂണ്ടേൽ ചേറു തിമത്തി എന്നയാളിനെ പാത്രിയർക്കീസിന്റെ പക്കലേക്ക് അയച്ചു. അദ്ദേഹം മാർ തിമോതിയോസ്(+2001) എന്ന പേരിൽ മെത്രാനായി, നാട്ടിലെത്തി. തുടർന്ന് രണ്ടുവിഭാഗങ്ങളും തമ്മിൽ പുതിയ സിവിൾ വ്യവഹാരങ്ങൾ ഉടലെടുത്തു. മാർ തോമാ ധർമോയുടെ പിൻഗാമി യായി മാർ ആദായി രണ്ടാമൻ 1972-ൽ പാത്രിയർക്കീസായി. അദ്ദേഹത്തിന്റെ കൂടെയായിരുന്നു മെത്രാൻകക്ഷിക്കാർ. ബാവാക്കക്ഷിക്കാരാകട്ടെ മാർ ശെമഓന്റെ പിൻഗാമിയായ മാർ ദിൻഹാ ഖനാനിയായുടെ (1976-2015) കീഴിലും. 1991-ൽ മാർ ഖനാനിയാ ത്രിശൂരെ ബാവാക്കക്ഷിക്കാരെ സന്ദർ ശിച്ചു. 1995 നവംബർ 17-ന് രണ്ടുകക്ഷികളും യോജിപ്പിലെത്തി ആദായ് പാത്രിയർക്കീസിനെ വിട്ടിട്ട് മാർ ഖനനിയാ പാത്രിയർക്കീസിനെ സ്വീകരിച്ചു. ഗ്രിഗോറിയൻ കലണ്ടറുമെടുത്തു. ഇരുകൂട്ടരും 1962 മുതലുള്ള കേസുക ളെല്ലാം പിൻവലിച്ചു. ത്രിശൂരെ സൂറായിസഭയിൽ ഏതാണ്ട് 15,000 ആളുക ളുണ്ട്. ത്രിശൂരെ വ്യാകുലമാതാവിന്റെ നാമത്തിലുള്ള ഇടവകയിൽ നിന്ന് പല സ്ഥലങ്ങളിലേക്ക് വിശ്വാസികൾ കുടിയേറി. കേരളത്തിനകത്ത് 28 സ്ഥലങ്ങളിൽ സഭാസമൂഹങ്ങളുണ്ട്. കേരളത്തിനു വെളിയിൽ പ്രധാന പട്ടണങ്ങളിലും കുറേപ്പേർ കുടിയേറിയിട്ടുണ്ട്. അവർക്കുവേണ്ടി ടൂറിംഗ് മിഷൻ പ്രവർത്തിക്കുന്നു.

നെസ്തോറിയൻ എന്നു വിളിക്കപ്പെട്ടിരുന്ന സഭ ഇപ്പോൾ വിളിക്കപ്പെ ടുന്നത് അസ്സീറോ-കാൽഡിയൻ സഭ എന്നാണ്. ഈ സഭയിൽ ഇപ്പോൾ മൂന്നു കക്ഷികളും മൂന്നു പാത്രിയർക്കീസുമാരുമുണ്ട്: റോമിനോട് കാനോ നിക സംസർഗമുള്ള ഒരു കത്തോലിക്കാ പാത്രിയർക്കീസ്(മാർ ലൂയീസ് സാക്കോ) ബാഗ്ദാദിലുണ്ട്. മാർ തോമാ ധർമോയുടെ പിൻഗാമിയായ മാർ ആദായ് പാത്രിയർക്കീസും ബാഗ്ദാദിലാണ്. മാർ ദിൻഹാ ഖനാനിയാ പാത്രി യർക്കീസിന്റെ ആസ്ഥാനം ചിക്കാഗോ ആയിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി ഗീവർഗീസ് മൂന്നാമൻ സ്ലീവാ (2015- ) കുർദിസ്ഥാനിലെ എർബീ ലിലാണ് താമസിക്കുന്നത്. നെസ്തോറിയൻ സഭയിലെ രണ്ടു പാത്രിയർ ക്കീസുമാരെയും യോജിപ്പിച്ച് ഏകസഭയാക്കാനുള്ള സംരംഭങ്ങൾ ഉണ്ടായെ ങ്കിലും ഐക്യം യാഥാർഥ്യമായില്ല. ഇറാൻ-ഇറാക്ക് യുദ്ധം, ലെബനോൻ യുദ്ധം, സിറിയായിലെ ആഭ്യന്തരകലാപം, ഇറാക്കിന്റെ മേൽ അമേരിക്ക നടത്തിയ കടന്നാക്രമണം, ഈ അടുത്തകാലത്ത് പശ്ചിമേഷ്യയിൽ ഉടലെടുത്ത ഐ.എസിന്റെ ഭീകരപ്രവർത്തനം എന്നിവയാൽ പശ്ചിമേഷ്യ യിൽ മൊത്തത്തിൽ ക്രൈസ്തവരുടെ സംഖ്യ ഗണ്യമായി കുറഞ്ഞ്, നാമമാത്രമായ അസ്തിത്വത്തിൽ എത്തിച്ചേർന്നിരിക്കയാണ്. ഇറാക്കിലെ പൗരസ്ത്യസഭകളെ അത് സാരമായി ബാധിച്ചിട്ടുണ്ട്. ഇറാക്കിൽ നിന്ന്

www.malankaralibrary.com

കുർദിസ്ഥാനിലേക്കും യൂറോപ്പ്, അമേരിക്കാ, ആസ്ത്രേലിയാ എന്നിവിടങ്ങളിലേക്കും ഒട്ടനേകം പേർ കുടിയേറി. ഈയടുത്ത കാലത്ത് മാർ ഖനനിയായുടെ കൂട്ടത്തിലുള്ള മാർ ബാവായ് സോറോ എന്ന പ്രശസ്ത മെത്രാൻ കത്തോലിക്കാ സഭയിൽ ചേരുകയും കൽദായ കത്തോലിക്കാ സഭാഗമാകുകയും ചെയ്തു. അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു വലിയ എക്യൂമെനിസ്റ്റാണ് മാർ ബാവായ് സോറോ. അദ്ദേഹം ഇപ്പോൾ കാനഡായിലെ കൽദായ കത്തോലിക്കാ മെത്രാപ്പോലീത്തായാണ്.

കത്തോലിക്കാ സഭാംഗങ്ങളായിരുന്ന വ്യാകുലമാതാവിന്റെ പള്ളിക്കാരെ നെസ്തോറിയൻ ബന്ധത്തിൽ എത്തിച്ചത് വെറും ചരിത്രപരമായ കാരണങ്ങളാണ്. 1908-ൽ നെസ്തോറിയർ ആകാൻ ആഗ്രഹിച്ചവരല്ല തൃശൂരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ. എന്നാൽ ചരിത്രം അവരെ ഇവിടെ കൊണ്ടെത്തിച്ചു. ബന്ധപ്പെട്ടവരെല്ലാം ഈ യാഥാർഥ്യം കണക്കിലെടുത്ത് ഈ സമൂഹത്തെ കൂടി സഭൈക്യത്തിലേക്ക് ആനീതരാക്കുന്നതിന് ശ്രദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സമൂഹം നെസ്തോറിയൻ സഭാകൂട്ടായ്മയിൽ ആണെങ്കിലും, ഇവർ പുരാതന കത്തോലിക്കാ വിശ്വാസം കാത്തുസൂക്ഷിക്കുന്നവരാണ്. ഇവരിൽ നെസ്തോറിയൻ പാഷണ്ഡതയാകട്ടെ മറ്റു പാഷണ്ഡതകളാകട്ടെ ലവലേശമില്ല. ഇവരുമായുള്ള കാനോനികൈക്യം വളരെ എളുപ്പമാണ്. കത്തോലിക്കാസഭ വിശ്വസിക്കുന്ന അടിസ്ഥാന വിശ്വാസസത്യങ്ങളെല്ലാം 1908 വരെ വിശ്വസിച്ചിരുന്നവരും ഇപ്പോഴും വിശ്വസിക്കുന്നവരുമാണ് വ്യാകുല മാതാവിന്റെ പള്ളിക്കാർ.[7]

## നെസ്തോറിയസ്

കേരളത്തിലെ ഈ സഭയും പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയും കേരളത്തിലെ മറ്റു മലങ്കര നസ്രാണികളുടെ സഭയും നെസ്തോറിയൻസഭ ആയിരുന്നെന്ന് പലരും കരുതുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ഗ്രീക്കുകാരനായ നെസ്തോറിയസ്(428-431) എന്ന കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിൽ നിന്നാണ് ഈ പേരുണ്ടായത്. സത്യവിശ്വാസം പാലിക്കുന്നതിൽ വളരെ നിഷ്ഠയുള്ള ആളായിരുന്നു അദ്ദേഹം. എന്നാൽ അധികം താമസിയാതെ നെസ്തോറിയസും പാഷണ്ഡിയായി മുദ്ര കുത്തപ്പെട്ടു. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രവും ദൈവശാസ്ത്രവും തന്റെ പ്രസംഗത്തിന്റെ ഒരു പ്രധാന വിഷയമായി നെസ്തോറിയസ് സ്വീകരിച്ചു. തുടർന്നുണ്ടായ തർക്കങ്ങളും വാദപ്രതിവാദങ്ങളും 431-ലെ എഫേസൂസ് സൂനഹദോസിനു വഴിതെളിച്ചു. അവിടെവച്ച്

7. ജി.ചേടിയത്ത്, *എക്യൂമെനിസം,* കോട്ടയം 1998,പേ.141.158-159. J.Madey, *The Hierarchy of the Churches of Syriac Traditioin,* Kottayam, 1998; R.G.Roberson, *The Eastern Christian Churches-A Brief Survey,* Rome, 1995,p.19; N.Wyrwoll, *Orthodoxia 1997-98,*Regensburg,1997,p.105-108; *Christian Orient* 18/4(1997)215.

www.malankaralibrary.com

നെസ്തോറിയസ് സ്ഥാനഭ്രഷ്ടനായി. 431–ൽ അന്ത്യോക്യയിലെ ആശ്രമത്തിലേക്കും 435–ൽ അവിടെ നിന്ന് ഈജിപ്തിലെ മണലാരണ്യത്തിലേക്കും നാടുകടത്തപ്പെട്ടു. അവിടെ വിപ്രവാസത്തിൽ വച്ച് 451–നു ശേഷം അദ്ദേഹം മരിച്ചു. പൗരസ്ത്യദേശത്തെ സംഭവവികാസങ്ങൾ വസ്തുനിഷ്ഠമായി കാണാൻ റോമിലെ മെത്രാന്മാർക്ക് സാധിക്കാതെ പോയത് നെസ്തോറിയസിന്റെ വീഴ്ചയ്ക്ക് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. നെസ്തോറിയസും സിറിലും തമ്മിലുള്ള തർക്കത്തിൽ റോം സിറിലിനെത്തന്നെ ന്യായാധിപനും മധ്യവർത്തിയുമായി നിയമിച്ചത് വലിയ തെറ്റായിപ്പോയെന്നു കരുതുന്നവരുണ്ട്. അന്ത്യോക്യാ പാത്രിയാർക്കേറ്റിലെ മെത്രാന്മാരിൽ അധികം പേരും ഈ പ്രവൃത്തിക്ക് ന്യായീകരണം കണ്ടില്ല. 431–ലെ സിനഡിനുശേഷം ക്രിസ്ത്യാനികളിൽ വലിയൊരു ഭാഗം നെസ്തോറിയസിനെ പാഷണ്ഡിയായി കരുതുന്നു. എന്നാൽ നെസ്തോറിയസിന്റെ പാഷണ്ഡത സംബന്ധിച്ച് ആധുനിക കാലത്തുള്ള പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല.

## നെസ്തോറിയൻസഭ

സഭയുടെ ആരംഭകാലത്ത് റോമൻസാമ്രാജ്യത്തിനു സമാന്തരമായി പേർഷ്യൻ സാമ്രാജ്യം ഉണ്ടായിരുന്നു. അവിടെയും സഭ പടർന്നു പന്തലിച്ചു. അവിടുത്തെ സഭ അന്ത്യോക്യൻ ദൈവശാസ്ത്രമാണ് സ്വീകരിച്ചിരുന്നത്. അന്ത്യോക്യൻ സഭയിലെ പ്രമുഖ ദൈവശാസ്ത്രജ്ഞനായ തിയഡോർ (+428) ആയിരുന്നു മാർ അപ്രേമിനോടൊപ്പം (+373)അവരുടെ പ്രധാന പ്രബോധകൻ. നെസ്തോറിയസിന്റെയും ഗുരു തിയഡോറായിരുന്നു. പേർഷ്യൻസഭ തിയഡോറിയൻ–അന്ത്യോക്യൻ ദൈവശാസ്ത്രം സ്വീകരിച്ചതിനാൽ, നെസ്തോറിയൻ എന്ന് അവരെ യാക്കോബായക്കാർ കാലാന്തരത്തിൽ കളിയാക്കി വിളിച്ചു. പേർഷ്യൻ സഭയിൽ പെട്ടവർ ഇതിനെ ശക്തിയായി എതിർത്തു. “തങ്ങളുടെ സഭ നെസ്തോറിയസ് സ്ഥാപിച്ചതല്ല. തങ്ങളുടേത് ഒരു ശ്ലൈഹികസഭയാണ്. നെസ്തോറിയസ് തങ്ങളുടെ മെത്രാനല്ലായിരുന്നു. ഗ്രീക്കുഭാഷയിലാണ് അദ്ദേഹം സംസാരിച്ചതും കൃതികളെഴുതിയതും. സുറിയാനിയിൽ അല്ലായിരുന്നു” എന്നൊക്കെ അവർ വാദിച്ചെങ്കിലും, റോമൻ സാമ്രാജ്യത്തിലെ യാക്കോബായക്കാരും മറ്റുള്ളവരും നെസ്തോറിയൻ എന്ന ലേബൽ ഒട്ടിച്ച് ഇവരെ താറടിച്ചു. പേർഷ്യൻ സഭയുമായുള്ള ബന്ധം നിമിത്തം പാശ്ചാത്യമിഷണറിമാർ മലങ്കര നസ്രാണികളെയും നെസ്തോറിയർ എന്ന് മുദ്രകുത്തി പ്രചരണം നടത്തി.

ആറാം നൂറ്റാണ്ടിൽ മാത്രമാണ് നെസ്തോറിയസിന്റെ ചില കൃതികൾ പേർഷ്യൻ സഭയിൽ പ്രചരിക്കുന്നതുതന്നെ. കാലക്രമത്തിൽ പേർഷ്യൻസഭ നെസ്തോറിയസിന് വലിയ സ്ഥാനം നല്കി. അനുസ്മരണപ്പട്ടികയിൽ പേരും ചേർത്തു. അങ്ങനെയാണ് പേർഷ്യൻസഭ നെസ്തോറിയനായത്. അത്രയും നെസ്തോറിയനിസമേ പേർഷ്യൻ സഭയ്ക്കുള്ളു. പേർഷ്യൻ സഭയോട് ബന്ധപ്പെട്ട ഭാരതസഭയെപ്പറ്റിയും ഇതുതന്നെ പറയാനാകും.

www.malankaralibrary.com

പതിനാറാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ പോർട്ടുഗീസ് മിഷണറിമാർ ലത്തീൻ അല്ലാത്തതെല്ലാം പാഷണ്ഡതയായി കരുതി. മലങ്കര നസ്രാണികളെല്ലാം നെസ്തോറിയരാണെന്ന് എല്ലായിടത്തും പ്രചരിപ്പിച്ചു.

## നെസ്തോറിയൻ പാഷണ്ഡത

എന്താണ് നെസ്തോറിയനിസം അഥവാ നെസ്തോറിയൻ പാഷണ്ഡത? "യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്. തന്നിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ട്. സ്വഭാവങ്ങൾക്ക് സമാന്തരമായി യേശുക്രിസ്തുവിൽ രണ്ടാളുകളുണ്ട്: ദൈവികയാളും മാനുഷികയാളും. ഈ രണ്ടാളുകൾ തമ്മിൽ സത്താപരമായ ഐക്യമില്ല. പിന്നെയോ, രണ്ടു സ്നേഹിതന്മാർ തമ്മിലുള്ളതുപോലെ വെറുമൊരു ധാർമികൈക്യമേയുള്ളു. കന്യകാമറിയം വെറും മനുഷ്യവ്യക്തിയുടെ അമ്മ മാത്രമാണ്. അതുകൊണ്ട് മറിയത്തെ ദൈവമാതാവെന്ന് വിളിക്കാൻ പാടില്ല." – ഇതാണ് നെസ്തോറിയൻ പാഷണ്ഡത. ഇത് നെസ്തോറിയസ് പഠിപ്പിച്ചെന്ന് ആളുകൾ പറഞ്ഞുണ്ടാക്കി, അദ്ദേഹത്തിന്റെമേൽ ആരോപിച്ചു. വസ്തുനിഷ്ഠമായ ഒരു പാഷണ്ഡത രൂപീകരിച്ച് അത് നെസ്തോറിയസിൽ കെട്ടിയേൽപ്പിച്ചു എന്നാണ് ഇന്ന് പല പണ്ഡിതന്മാരും കരുതുന്നത്. നെസ്തോറിയസ് ഈ പാഷണ്ഡത പഠിപ്പിച്ചിട്ടില്ല എന്നത്രേ അവരുടെ അഭിപ്രായം. എന്നാൽ ഈ പാഷണ്ഡത നെസ്തോറിയസിൽ നിന്ന് ഉടലെടുത്തു എന്നാണ് ഇപ്പോഴും പല സഭകളുടെയും ഔദ്യോഗിക നിലപാട്.

## പേർഷ്യൻ സഭയുടെ ക്രിസ്തുശാസ്ത്രം

മേൽപ്പറഞ്ഞ അബദ്ധോപദേശം പേർഷ്യൻസഭയിൽ ഇല്ല. അവരുടെ ദൈവശാസ്ത്രജ്ഞനായ മാർ ബാബായ് റമ്പാ (+628) ക്രിസ്തുവിനെപ്പറ്റി പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: യേശുക്രിസ്തുവാണ് നമ്മുടെ ജീവിതത്തിന്റെ ശിരസ്സും നമ്മുടെ ശരണവും നമ്മുടെ ദൈവവും. അവിടുന്ന് നമ്മുടെ കർത്താവും നാഥനുമാണ്. സനാതനനായ ദൈവമാകയാൽ, അവിടുന്ന് സകലവും അറിയുന്നു. സർവ ജീവജാലങ്ങളോടുമൊത്ത് ക്രിസ്തുവിനെ നാം സ്തുതിക്കണം. നമ്മുടെ ജീവന്റെ അടിസ്ഥാനവും നമ്മുടെ ഗുരുവും നായകനും പ്രബോധകനും വിജ്ഞാനവും ശക്തിയും സമാശ്വാസവും എല്ലാം അവിടുന്നു തന്നെ. ദൈവത്തിലാണ് നമ്മുടെ രക്ഷ ആരംഭിക്കുന്നത്.

പുത്രത്വം എന്ന വ്യക്തിത്വം(ആളത്വം) ഉള്ള ത്രിത്വത്തിലെ രണ്ടാമൻ, വചനമാം ദൈവം, നമ്മുടെ മനുഷ്യത്വം തന്റെ വ്യക്തിത്വത്തിൽ സ്വീകരിച്ചു. പുത്രത്വം എന്ന വ്യക്തിത്വം നമ്മിൽ നിന്നുള്ള മനുഷ്യന്റെ വ്യക്തിത്വമായി കൊടുത്തു. ഗർഭധാരണനിമിഷം മുതൽ പുത്രന്റെ വ്യക്തിത്വം മനുഷ്യത്വത്തിന്റെയും വ്യക്തിത്വമായി. അവിടുത്തേക്ക് പൂർണദൈവത്വവും പൂർണ മനുഷ്യത്വവുമുണ്ട്. പരിപൂർണ ദൈവസ്വഭാവവും പരിപൂർണ മനുഷ്യസ്വഭാവവുമുണ്ട്. എന്നാൽ വ്യക്തിത്വം ഒന്നുമാത്രം. അതിനാൽ നസ്രായ നീശോ ഒരേസമയം ദൈവവും മനുഷ്യനുമാണ്. ദൈവത്തിന്റെ ഏകജാതൻ

www.malankaralibrary.com

മനുഷ്യാവതാരം വഴി മറിയത്തിന്റെ ആദ്യജാതനായി. – ഇതാണ് പേർഷ്യൻ സഭയുടേയും തൃശൂരെ സൂറായികളുടെയും ക്രിസ്തുശാസ്ത്രം. അതുകൊണ്ട് നെസ്തോറിയൻകാർ എന്ന് അവരെ വിളിച്ചാലും അവരിൽ നെസ്തോറിയൻ പാഷണ്ഡതയില്ല. ഈ അടുത്ത കാലത്ത് അസ്സീറിയൻ –കാൽഡിയൻ–സീറോ മലബാർ സഭകൾ ഒന്നിച്ച് തങ്ങൾ ഉപയോഗിക്കുന്ന ക്രിസ്തുശാസ്ത്ര പദങ്ങൾക്ക് അർഥക്ലിപ്തത നൽകിയിട്ടുണ്ട്. താഴെ പറയുംവിധം അവർ ക്രിസ്തുശാസ്ത്രപദങ്ങൾ വിശദീകരിക്കുന്നു. അത് മാർ ബാബായ് റമ്പാ വിശദീകരിക്കുന്ന രീതിയിൽ തന്നെയാണ്:[8]

ക്യാനാ, ക്നോമാ, പർസോപ്പാ എന്നിവയാണ് പൗരസ്ത്യ സുറിയാനി സഭ ഉപയോഗിക്കുന്ന മൂന്ന് ക്രിസ്തുശാസ്ത്ര പദങ്ങൾ. ക്യാനാ എന്നാൽ സ്വഭാവം. മനുഷ്യസ്വഭാവം, ദൈവസ്വഭാവം എന്നിങ്ങനെ കർത്താവായ യേശുക്രിസ്തുവിൽ രണ്ട് സ്വഭാവങ്ങൾ ഉണ്ട്. ഈ രണ്ടു സ്വഭാവങ്ങൾ യഥാർഥത്തിൽ യേശുക്രിസ്തുവിൽ സ്ഥിതിചെയ്യുന്നു എന്നു പറയണമെങ്കിൽ, രണ്ട് ക്നോമാകൾ ഉണ്ടെന്നു പറയണം. ക്യാനാ പൊതുവാണ്. ക്യാനാ സ്ഥിതിചെയ്യുന്നത് ക്നോമാ ആയിട്ടാണ്. യഥാർഥത്തിൽ ദൈവത്വവും മനുഷ്യത്വവും യേശുക്രിസ്തുവിൽ സ്ഥിതി ചെയ്യുന്നു എന്നു പറയുന്നതിനു തുല്യമാണ് ദൈവിക ക്നോമായും മാനുഷിക ക്നോമായും ഉണ്ടെന്നു പറയുന്നത്. അതായത് യേശുക്രിസ്തുവിലെ രണ്ട് യാഥാർഥ്യങ്ങളെ സൂചിപ്പിക്കുന്നതാണ് രണ്ടു ക്നോമാകൾ എന്ന പദപ്രയോഗം. പർസോപ്പാ എന്നാൽ വ്യക്തിത്വം, ആളത്വം എന്നൊക്കെ പറയാം. യേശുക്രിസ്തുവിന്റെ സത്താപരമായ പർസോപ്പാ ത്രിത്വത്തിലെ രണ്ടാമാളായ വചനമാം ദൈവത്തിന്റെ പുത്രത്വം എന്ന പർസോപ്പാ മാത്രമാണ്. സ്വഭാവത്തിന്റെ തലത്തിൽ യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവുമുണ്ട്. എന്നാൽ വ്യക്തിത്വത്തിന്റെ തലത്തിൽ യേശുക്രിസ്തു ഏകനാണ്. പുത്രൻ തമ്പുരാന്റെ വ്യക്തിത്വം തന്നെയാണ് മനുഷ്യനായ യേശുവിന്റെ വ്യക്തിത്വം. അതായത്, നസ്രായനേശു ദൈവപുത്രനാണ്. മാനുഷിക തലത്തിൽ, പാപമൊഴികെ നമ്മേപ്പോലെ മനുഷ്യനാണ്. ദൈവത്തിന്റെ ഏകജാതൻ മനുഷ്യാവതാരത്തിൽ കന്യകയുടെ ആദ്യജാതനായി. അതിനാൽ അവൾ ദൈവമാതാവാണ്. മിശിഹാ ദൈവവും മനുഷ്യനുമാകയാൽ മറിയത്തെ മിശിഹായുടെ മാതാവ് എന്നും വിളിക്കാം. അതും അർഥസംപുഷ്ടമാണ്.

ക്നോമാ എന്ന് പദത്തിന് പൗരസ്ത്യസഭയുടെ ചിന്തയിൽ ത്രിത്വസംബന്ധമായി ഒരർഥവും ക്രിസ്തുശാസ്ത്ര സംബന്ധമായി മറ്റൊരർഥവുമാണ്. ത്രിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു ക്നോമാകളുണ്ട്. അവിടെ മൂന്നാളുകൾ എന്നാണ് അർഥം. എന്നാൽ യേശുക്രിസ്തുവിൽ ദൈവത്വം, മനുഷ്യത്വം എന്നിങ്ങനെ രണ്ടു ക്നോമാകൾ എന്നു പറയുമ്പോൾ രണ്ടാളുകൾ എന്ന് അർഥമാക്കുന്നില്ല. രണ്ട് യാഥാർഥ്യങ്ങൾ എന്നേ അർഥമാക്കുന്നുള്ളു.

8. G. Chediath, *The Christology of Mar Babai the Great, Kottayam,1982.*

www.malankaralibrary.com

പൗരസ്ത്യ സുറിയാനിസഭ പരിശുദ്ധ മറിയത്തെ മിശിഹായുടെ അമ്മ എന്ന അർഥത്തിൽ *എമ്മേഹ് ദംശീഹാ* എന്നാണ് സാധാരണയായി വിളിക്കുന്നത്. എന്നാൽ മാർ ബാബായ് റമ്പാ വളരെ വ്യക്തമായും സ്പഷ്ടമായും പരിശുദ്ധ മറിയത്തെ ദൈവമാതാവെന്നു തന്നെ വിളിക്കുന്നു. ദൈവത്തെ പ്രസവിച്ചവൾ എന്ന അർഥത്തിൽ *യൽദാസ് ആലാഹാ* എന്ന് മൂന്നിടത്ത് മാർ ബാബായ് മറിയത്തെ പരാമർശിക്കുന്നു:

"യൽദാസ് ആലാഹാ ദഹ്വാത് ലേഹ് മെൻ ഗൗ മർബഅ"[9]

"യൽദാസ് ആലാഹാ ദേൻ മേതുൽ ഹ്ദായൂതാ ദഹ്വാത് ലേഹ് അം നാശൂതേഹ്"[10]

"യൽദാസ് ആലാഹാ ദേൻ മേതൂൽ ദമ്ഹയെദ് ല്ബർനാശേഹ്[11]

ഇപ്രകാരം വളരെ സ്പഷ്ടമായി പ്രസ്താവിക്കുന്നവരെ എങ്ങനെ നെസ്തോറിയന്മാർ എന്ന് വിളിക്കാനാകും? പൗരസ്ത്യ സൂറിയാനി (നെസ്തോറിയൻ) സഭയെ പറ്റിയുള്ള വീക്ഷണത്തിൽ സഭകൾ മാറ്റം വരുത്തേണ്ടതാണ്. അവരുമായി സമ്പൂർണ കൂട്ടായ്മ പുലർത്താനുള്ള മാർഗങ്ങൾ ആരായേണ്ടതാണ്.

റോമിലെ മാർപാപ്പായും പൗരസ്ത്യസുറിയാനി സഭയുടെ അധ്യക്ഷനായ മാർ ദിൻഹാ ഖനാനിയായും കൂടി 1994 നവംബർ 11-ന് റോമിൽവച്ച് ക്രിസ്തുശാസ്ത്രം സംബന്ധിച്ച് ഒരു സംയുക്തപ്രസ്താവനയിൽ ഒപ്പുവച്ചു. ക്രിസ്തുശാസ്ത്ര സംബന്ധമായ അഭിപ്രായവ്യത്യാസങ്ങൾ വെറും പദപ്രയോഗങ്ങളിൽ ഒതുങ്ങി നിൽക്കുന്നതാണെന്നും വിശ്വാസത്തിന്റെ സാരസത്തയെ ബാധിക്കുന്നതല്ലെന്നും ബോധ്യമായതിന്റെ വെളിച്ചത്തിലാണ് സംയുക്ത പ്രസ്താവന രൂപീകൃതമായത്.[12] ഈ രേഖയുടെ രൂപീകരണത്തിൽ മാർ ബാബായ് റമ്പായുടെ ക്രിസ്തുശാസ്ത്രം സംബന്ധിച്ച തീസിസിലൂടെയും മറ്റു രീതിയിലും ഈ ലേഖകനും നിർണായക പങ്കുണ്ടായിരുന്നു.[13] ഇതിന്റെ തുടർച്ചയായി കത്തോലിക്കാ സഭയും മാർ ദിൻഹാ ഖനാനിയാ അധ്യക്ഷനായ നെസ്തോറിയൻ സഭയും തമ്മിലുള്ള ഡയലോഗിനായി ഒരു കാതലിക്-അസ്സീറിയൻ ഡയലോഗ് കമ്മീഷൻ പ്രവർത്തിക്കുന്നു. ഈ കമ്മീഷന്റെ പ്രവർത്തനം കുറച്ചുനാൾ തടസ്സപ്പെട്ടെങ്കിലും, ഇപ്പോൾ വീണ്ടും തുടങ്ങിയിട്ടുണ്ട്. ഈ ചർച്ചകളിൽ തൃശൂരെ മാർ അപ്രേം തിരുമേനിയും പങ്കെടുക്കുന്നു.

9. Yaldat Alaha dahwat leh men gaw marba: *Liber de Unione,* 100,4-5.
10. Yaldat Alaha den metul hdayuta dahwat leh am nasuteh: *Textus Vaticanus, VII,* 264,27-28.
11. Yaldat Alaha den metul damhayed lbarnaseh: *Textus Vaticanus, VII,* 271,28-29.
12. G. Chediath, *The Christology of Mar Babai the Great, Kottayam, 1982.*
13. ഒരു ജി.ചേടിയത്ത്, *എക്യുമെനിസം,* തിരുവനന്തപുരം, 1998, പേ.241-244.

www.malankaralibrary.com

നെസ്തോറിയൻ എന്നു വിളിക്കപ്പെടുന്ന അസ്സീറിയൻ സഭയുമായി (മാർ ദിൻഹാ ഖനാനിയായുടെ വിഭാഗവുമായി) പ്രോ ഓറിയെന്തേയുടെ ആഭിമുഖ്യത്തിൽ വിയന്നാ കത്തോലിക്കാസഭ അനൗദ്യോഗിക ചർച്ചകൾ നടത്തി. അതിനായി സുറിയാനി സഭകളുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു സുറിയാനിക്കമ്മീഷൻ രൂപീകരിക്കപ്പെട്ടു. അസ്സീറിയൻ സഭയെപ്പറ്റി മെച്ചപ്പെട്ട ധാരണകൾ ഉരുത്തിരിയാൻ ഈ ചർച്ചകൾ സഹായകമായി. മലങ്കര കത്തോലിക്കാ സഭയിൽ നിന്ന് ഈ ലേഖകനാണ് പ്രതിനിധിയായി പങ്കെടുത്തത്. മാർ അപ്രേമും ഈ കമ്മീഷനിലെ അംഗമാണ്. നെസ്തോറിയൻ സഭയെപ്പറ്റി സഭകൾക്കുണ്ടായിരുന്ന തെറ്റുദ്ധാരണകൾ കുറേയൊക്കെ മാറുന്നതിന് ഈ ചർച്ചകൾ സഹായിച്ചു.

**തൃശൂരെ കൽദായ സഭയിലെ അധ്യക്ഷന്മാർ**

| | |
|---|---|
| മാർ അബീമെലെക് തിമോതിയോസ് | (1908–1945) |
| കോണിക്കര പൗലോസ് കശ്ശീശാ | (1945–1949) |
| മാർ തോമ്മാ ധർമോ | (1952–1968) |
| പൗലോസ് മാർ പൗലോസ് | (1968–1998) |
| മാർ അപ്രേം | (1968– ) |
| മാർ തിമോതിയോസ് | (1971–2001) |
| മാർ യോഹന്നാൻ യോസെഫ് | (2010 – ) |
| മാർ ഔഗീൻ കുറിയാക്കോസ് | (2010– ) |

www.malankaralibrary.com

## അധ്യായം - 7

# പ്രോട്ടസ്റ്റന്റ് സഭകൾ

പാശ്ചാത്യലോകത്തുള്ള ലത്തീൻ കത്തോലിക്കാസഭയിൽ 16-ാം നൂറ്റാണ്ടിൽ സഭാനവീകരണപ്രസ്ഥാനം ഉടലെടുത്തു. ജർമനിയിൽ മാർട്ടിൻ ലൂഥറിന്റെയും(1483-1546), സ്വിറ്റ്സർലൻഡിലെ ജനീവായിൽ ജോൺ കാൽവിന്റെയും (1509-1564), വില്യം ഫാരലിന്റെയും (1489-1565), സ്യൂറിച്ചിൽ ഉൾറിക് സ്വിംഗ്ലിയുടെയും (1484-1531), ഇംഗ്ലണ്ടിൽ ഹെൻറി എട്ടാമൻ രാജാവിന്റെയും (1491-1547) നേതൃത്വത്തിൽ മതപരമായ ഒരു വലിയ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. അതുപോലെ ആ കാലഘട്ടത്തിൽ തന്നെ അനാബാപ്റ്റിസ്റ്റുകാർ (വീണ്ടും സ്നാനക്കാർ)[1] എന്ന വിഭാഗം യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ഇവരുടെയെല്ലാം പ്രവർത്തനഫലമായി ഒന്നായിരുന്ന പാശ്ചാത്യകത്തോലിക്കാസഭ ഛിന്നഭിന്നമായി. വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്ത ചരിത്ര പശ്ചാത്തലങ്ങൾ ഉണ്ടായിരുന്നെങ്കിലും, പ്രോട്ടസ്റ്റന്റ് മതവിപ്ലവത്തിന് ചില പൊതുവായ കാരണങ്ങൾ ചൂണ്ടിക്കാണിക്കാനാകും. ഒന്നായിരുന്ന പാശ്ചാത്യ കത്തോലിക്കാ സഭയിൽ പിളർപ്പുണ്ടാക്കി, വെട്ടിമുറിച്ച് കഷണങ്ങളാക്കി വ്യത്യസ്ത സഭാനേതൃത്വത്തിൻ കീഴിൽ കൊണ്ടുവരണമെന്ന ചിന്തയോടു കൂടിയല്ല ആദ്യകാല മതനവീകരണ നേതാക്കന്മാർ നവീകരണചിന്ത ഇളക്കിവിട്ടത്. പിന്നെയോ, അന്നത്തെ പാശ്ചാത്യസഭയിൽ അവർ ദർശിച്ച ചില അരുതായ്കകളും അവർക്കു തോന്നിയ സുവിശേഷാനുയോജ്യമല്ലാത്ത പ്രവർത്തനങ്ങളും നീക്കി സുവിശേഷ പാതയിലൂടെ പാശ്ചാത്യസഭയെ നയിക്കാൻ പ്രേരിപ്പിക്കുക എന്ന ലക്ഷ്യമായിരുന്നു ലൂഥറിനും മറ്റും ആദ്യം ഉണ്ടായിരുന്നത്. എന്നാൽ വളരെവേഗം ഈ പ്രസ്ഥാനം കാട്ടുതീപോലെ പടർന്നു പിടിച്ചു. മതവീകരണ നേതാക്കന്മാരുടെ കരങ്ങളിൽ നിന്ന് വഴുതിമാറി പിളർപ്പിലേക്ക് നയിച്ചു.

---

1. Anabaptists (Rebaptisers)

www.malankaralibrary.com

പതിനാറാം നൂറ്റാണ്ട് യൂറോപ്പിൽ വലിയ മാറ്റങ്ങളുടെ കാലമായിരുന്നു. യൂറോപ്യന്മാർ ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും എത്തിച്ചേർന്ന് കച്ചവടം തുടങ്ങി. ഭൂഗോളത്തെപ്പറ്റി അവർക്കുണ്ടായിരുന്ന ധാരണ മാറി. കിഴക്കൻ രാജ്യങ്ങളുമായും അമേരിക്കൻ രാജ്യങ്ങളുമായും അവർ നേരിട്ട് കച്ചവടബന്ധം സ്ഥാപിച്ചതുവഴി അന്നത്തെ പാശ്ചാത്യ ലോകത്തിന്റെ സമ്പദ്‌വ്യവസ്ഥിതി തന്നെ പാടേ മാറി. മധ്യകാലഘട്ടത്തിലെ ഫ്യൂഡൽ വ്യവസ്ഥിതി തകർന്നു. പുതിയ പുതിയ സമ്പദ്ഘടനകളുണ്ടായി. ജനങ്ങളുടെ ഇടയിൽ ദേശീയ വികാരങ്ങൾ വളർന്നതിന്റെ ഫലമായി ഒരു രാജ്യം, ഒരുമതം, ഒരുനേതൃത്വം തുടങ്ങിയ ചിന്തകളൊക്കെ തകരാൻ തുടങ്ങി. റോം കേന്ദ്രമാക്കി ഭരിച്ചിരുന്ന പാപ്പായെത്തന്നെ വിദേശിയനായി കാണുന്ന ആളുകളുടെ സംഖ്യ ഇറ്റലിക്കു പുറത്തു വർധിച്ചുവന്നു. അവിഞ്ഞോൺ വാസം (1309-1376), പാശ്ചാത്യശീശ്മ (1378-1417), കൺസീലിയർ ചിന്തകൾ എന്നിവമൂലം പാപ്പാസ്ഥാനം തന്നെ വളരെയധികം വിമർശനവിധേയമായി.[2]

പരിവർത്തനങ്ങൾ നിറഞ്ഞ 16-ാം നൂറ്റാണ്ടിലെ മതപരമായ പരിവർത്തനമായിരുന്നു പ്രോട്ടസ്റ്റന്റിസം. സാവധാനത്തിലുള്ള മാറ്റം സംഭവിച്ചില്ല. അപ്പോളത് വലിയൊരു പൊട്ടിത്തെറിക്കലായി. പതിന്നാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ അവശ്യാവശ്യമായി നടത്തേണ്ടിയിരുന്ന സഭാനവീകരണം നടക്കാതെ പോയതും പ്രോട്ടസ്റ്റന്റ് മതവിപ്ലവത്തിന്റെ കാരണമായി ചൂണ്ടിക്കാണിക്കാം. നവോത്ഥാനഫലമായി ജനങ്ങൾക്ക് അറിവു വർധിച്ചു. അന്നുവരെ വിദ്യാഭ്യാസത്തിൽ നിലനിന്ന വൈദിക മേധാവിത്വം അവസാനിപ്പിക്കുന്നതിനോ നവോത്ഥാനചിന്തയ്ക്ക് അനുസൃതമായി സഭാജീവിതം ക്രമീകരിക്കുന്നതിനോ സഭാനേതൃത്വത്തിനു കഴിഞ്ഞില്ല. സഭാധികാരികൾ പഴമയുടെ സംരക്ഷകരും പുതിയ ചിന്താഗതികളെ എതിർക്കുന്നവരുമായി പലർക്കും അനുഭവപ്പെട്ടു. അത് സഭാവിമർശനത്തിലേക്ക് നയിച്ചു. വൈദിക വിരുദ്ധ, റോമൻ വിരുദ്ധ, സ്കൊളാസ്റ്റിക് വിരുദ്ധ, സഭാവിരുദ്ധ സാഹചര്യം സംജാതമായി.

ദൈവശാസ്ത്രസംബന്ധമായും ക്രൈസ്തവജീവിതം സംബന്ധിച്ചും വളരെയധികം അവ്യക്തതയുടെ കാലഘട്ടമായിരുന്നു അത്. പല വിശ്വാസസത്യങ്ങളെപ്പറ്റിയും വ്യക്തമായ കാഴ്ചപ്പാടുകൾ നൽകുന്നതിൽ സഭാനേതൃത്വം പരാജയപ്പെട്ടു. ഭക്താഭ്യാസങ്ങൾ ഭക്തജനങ്ങളുടെ സ്വകാര്യ

---

2. *അവിഞ്ഞോൺവാസം:* റോമിലെ വാസം സുരക്ഷിതമല്ലാതായപ്പോൾ മാർപാപ്പാമാർ കുറേക്കാലം ഫ്രാൻസിലെ അവിഞ്ഞോണിൽ പോയി താമസിച്ചു. *പാശ്ചാത്യശീശ്മ:* ഒരേ കാലഘട്ടത്തിൽ ഒന്നിലേറെ മാർപാപ്പാമാർ ഭരണം നടത്തി സഭയിൽ പിളർപ്പുണ്ടാക്കി. പാശ്ചാത്യശീശ്മ എന്നാണ് ഇതറിയപ്പെടുന്നത്. *കൺസീലിയർ ചിന്തകൾ:* കൗൺസിലാണ് പാപ്പായേക്കൾ ഉയർന്ന സ്ഥാനത്താണെന്നും കൗൺസിലിന് പാപ്പായെ വിസ്തരിക്കാനും വിധിക്കാനും നീക്കാനും അവകാശമുണ്ടെന്നും പഠിപ്പിച്ച ചിന്താധാരയാണ് കൺസീലിയരിസം. കത്തോലിക്കാസഭ ഔദ്യോഗികമായി ഈ തത്വം അംഗീകരിക്കുന്നില്ല.

www.malankaralibrary.com

ജീവിതത്തെ തൃപ്തിപ്പെടുത്തിക്കൊണ്ടിരുന്നു. സുവിശേഷാനുസൃത ജീവിതത്തിനു പകരം ഭക്താഭ്യാസങ്ങളുടെ ഒരു ലോകത്തിൽ വ്യാപരിക്കുന്ന ഭക്തജനങ്ങളെയാണ് നവീകരണത്തിനു തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ കാണുക.

വിശുദ്ധകുർബാനയിൽ തന്നെ ബാഹ്യമായ പ്രകടനങ്ങളും അനുഷ്ഠാന ക്രമങ്ങളും മേളാത്മകമാക്കി. കുർബാനയുടെ സാമൂഹ്യവശം പാടേ വിസ്മരിക്കപ്പെട്ടു. വൈദികൻ രഹസ്യമായി അനുഷ്ഠിക്കുന്ന ഒരു കർമമായി കുർബാന തരംതാണു. വചനപ്രഘോഷണം എന്ന കാര്യം പാടേ മറന്നു. കുർബാന കാണുന്നതിന് ഊന്നൽ കൊടുത്തു. അതിനായി കുർബാന ഉയർത്തിപ്പിടിക്കുന്ന സമയം ദീർഘിപ്പിച്ചുതുടങ്ങി. അപ്പോൾ ചോദിക്കുന്ന കാര്യങ്ങളെല്ലാം സാധിച്ചുകിട്ടും, അതിനായി ദീർഘനേരം ഉയർത്തണം എന്ന ചിന്ത ഉയർന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ആരംഭിച്ച ഈ ചിന്താരീതി 16-ാം നൂറ്റാണ്ടിലും നിലനിന്നു. അതിന്റെ ഫലമായി, കുർബാന എഴുന്നെള്ളിച്ചുവച്ച് ആരാധിക്കുന്ന രീതി, വാഴ്വ്, കുർബാനയുടെ പ്രദക്ഷിണം എന്നിവ വർധിച്ചുവന്നു. എന്നാൽ കുർബാനയിലുള്ള സജീവ ഭാഗഭാഗിത്വത്തിനു പകരമായിരുന്നു ഇവയെല്ലാം എന്നു വന്നപ്പോൾ ഇവയുടെ മൂല്യം കുറഞ്ഞു. വചനം വ്യാഖ്യാനിച്ചുകൊടുക്കാൻ കഴിവുള്ള വൈദികർ ഇല്ലാതെവന്നു. അവർ കർമങ്ങൾ അനുഷ്ഠിക്കുന്ന പുരോഹിതർ മാത്രമായി മാറി.

എന്നാൽ 16-ാം നൂറ്റാണ്ടിലെ മാറ്റങ്ങൾക്കൊത്ത് സഭയിൽ മാറ്റം വരുത്താൻ ശ്രദ്ധിക്കാതെ മാർപാപ്പാമാർ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായും മറ്റുവലിയ സൗധങ്ങളും പണിയുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ധാർമികാധഃപതനം ചിലയിടങ്ങളിൽ ഗൗരവമായി ഉണ്ടായി. എന്നാൽ അതിനേക്കാളുപരി കർത്തവ്യ നിർവഹണത്തിൽ സഭാനേതൃത്വം വീഴ്ച വരുത്തിയതാണ് മതവിപ്ലവം പൊട്ടിപ്പുറപ്പെടാനുള്ള ഒരു പ്രധാന കാരണം. ലെയോ പത്താമൻ പാപ്പാ (1513-1521) ഹ്യൂമനിസ്റ്റ് വലയത്തിൽ ജീവിച്ചു. ലൂഥറും മറ്റും ജർമനിയിൽ അഴിച്ചുവിട്ട വിപ്ലവക്കൊടുങ്കാറ്റിന്റെ ശക്തി എത്രമാത്രമെന്നു ഗ്രഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. വൈദികരുടെയും മെത്രാന്മാരുടെയും ധാർമിക നിലവാരവും വളരെ ശോചനീയമായിരുന്നു. തങ്ങളുടെ കർത്തവ്യങ്ങളെപ്പറ്റി ഒട്ടും അവബോധമില്ലാത്തവർ സഭാസ്വത്തുക്കൾ തങ്ങളുടെ സ്വന്തമെന്നവണ്ണം കൈയടക്കി അനുഭവിച്ചുവന്നു. ആത്മാക്കളുടെ രക്ഷ എന്നതിലുപരി സ്വന്തം കുടുംബത്തിന്റെ ശ്രേയസ്സിലത്രേ അക്കാലത്തെ പല ഇടയന്മാരും ശ്രദ്ധിച്ചിരുന്നത്. ഒരാൾ തന്നെ നിരവധി രൂപതകളുടെയും സഭാസ്ഥാപനങ്ങളുടെയും ചുമതലക്കാരായി. പലപ്പോഴും ഇക്കൂട്ടർ രൂപതകളിലോ സ്ഥാപനങ്ങളിലോ പോകാതെ പകരം ശമ്പളക്കാരെ അയച്ച് സുഖസമൃദ്ധിയിൽ ജീവിച്ചുവന്നു. എവിടെയും ധനസമ്പാദനമായിരുന്നു ലക്ഷ്യം. ഇവയെല്ലാം കൂടി കുമിഞ്ഞുകൂടി 16-ാം നൂറ്റാണ്ടായപ്പോഴേക്കും പൊട്ടിത്തെറിച്ചു.

എരിതീയിൽ എണ്ണ ഒഴിക്കുന്നതായിരുന്നു ജർമനിയിലെ ദണ്ഡ

www.malankaralibrary.com

വിമോചനവിവാദം.[3] റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കാ പണി പൂർത്തിയാക്കാൻ യൂറോപ്യൻ ക്രിസ്ത്യാനികളിൽ നിന്ന് മാർപാപ്പാ ധനശേഖരണം നടത്തിക്കൊണ്ടിരുന്നു. ജൂലിയസ് മാർപാപ്പാ (1503–1513) 1510–ൽ ഒരു പ്രത്യേകമായ അഭ്യർഥന പുറപ്പെടുവിച്ചു. അതാണ് ചരിത്രത്തിൽ അറിയപ്പെടുന്ന ദണ്ഡവിമോചനവിവാദം. ദണ്ഡവിമോചനത്തെ ദാനധർമവുമായി ബന്ധിച്ച് ചെയ്ത പ്രസംഗങ്ങൾ തെറ്റുദ്ധാരണാജനകമായിരുന്നു. അനേകർ അതിൽ രോഷാകുലരായി. അവരുടെ നേതൃത്വം ലൂഥർ (1483–1546) ഏറ്റെടുത്തു.

നാലാം ലാറ്ററൻ കൗൺസിൽ (1512–1517) നവീകരണം ലക്ഷ്യമാക്കി വിളിച്ചു കൂട്ടിയതായിരുന്നു. എന്നാൽ ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് യൂറോപ്പിൽ ആകമാനം സഭാതലത്തിൽ അസംതൃപ്തി വളർന്നു. അത് രൂപം പ്രാപിച്ച് പ്രോട്ടസ്റ്റന്റിസമായി പുറത്തുവന്നു. എന്നാൽ മുകളിൽ പറഞ്ഞവയൊന്നും ഈ വലിയ സ്ഫോടനം വിശദീകരിക്കാൻ തികച്ചും പര്യാപ്തമല്ല. എന്നാലത് സംഭവിക്കുക തന്നെ ചെയ്തു.[4] പ്രധാനപ്പെട്ട പ്രോട്ടസ്റ്റന്റ് സഭകളെപ്പറ്റി ചർച്ച ചെയ്യാം.

### 1. ലൂഥറൻസഭ

കത്തോലിക്ക സഭയിലെ അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിൽ പെട്ട ഒരു വൈദികനായിരുന്നു മാർട്ടിൻ ലൂഥർ. ദൈവശാസ്ത്രത്തിൽ അദ്ദേഹത്തിന് ഡോക്ടറേറ്റ് ഉണ്ടായിരുന്നു. ജർമനിയിലെ വിറ്റൻബർഗ് സർവകലാശാലയിൽ വിശുദ്ധ ഗ്രന്ഥാധ്യാപകൻ ആയിരിക്കുമ്പോഴാണ് (1512–1517) സഭാനവീകരണം ലക്ഷ്യമാക്കി ചിന്തിക്കാനും എഴുതാനും തുടങ്ങിയത്. ദണ്ഡവിമോചന പ്രസംഗങ്ങൾ ലൂഥറിനെ ചൊടിപ്പിച്ചു. 1517 ഒക്ടോബർ 31–ന് വിറ്റൻബർഗിലെ കൊട്ടാരക്കപ്പേളയുടെ ചുവരിൽ 95 പ്രമേയങ്ങൾ എഴുതി ഒട്ടിച്ചു.[5] സഭയിലെ അഴിമതികൾ എന്ന് ലൂഥറിന് തോന്നിയവയ്ക്ക് എതിരായിരുന്നു ചില പ്രമേയങ്ങൾ. തുടർന്നുള്ള ചർച്ചകളും സംവാദങ്ങളും ലൂഥറിന്റെ സ്വാധീനം വർധിപ്പിച്ചുകൊണ്ടിരുന്നു. ലൂഥറിന്റെ ആശയങ്ങൾ വളരെവേഗം പ്രചരിച്ചു. ജർമൻ പ്രഭുക്കന്മാരിൽ പലരും ലൂഥറിന്റെ പക്ഷം ചേർന്നു. അനുരഞ്ജനശ്രമങ്ങൾ പലതു നടന്നെങ്കിലും, പരാജയമടഞ്ഞു. 1520 ജൂൺ 15–ന് ലൂഥറിന്റെ 95 പ്രമേയങ്ങളിലെ ഉത്ഭവപാപം, കൂദാശകൾ, വിശ്വാസം, വരപ്രസാദം, പാപം, പ്രായശ്ചിത്തം, കുമ്പസാരം, ശുദ്ധീകരണസ്ഥലം പാപ്പായുടെ ഭരണാധികാരം തുടങ്ങിയവയെ സംബന്ധിക്കുന്ന 41 പ്രമേയങ്ങൾ എക്സുർജേ ദോമിനേ എന്ന ബൂളാവഴി റോമൻ കൂരിയാ ശപിച്ചു. ലൂഥർ ഈ ബൂളായും കാനൻ നിയമപുസ്തകവും പരസ്യമായി കത്തിച്ചു. ദേചെത് റൊമാനും പൊന്തിഫിച്ചെം

3. Indulgence Controversy
4. T.P. Neil, *History of the Catholic Church*, Milwaukee, 1965, p.303-308; H. Jedin, *History of the Church,* vols.1-10, London,1980-1981: vol.5.p.1-11.
5. അവിടെ പ്രസിദ്ധം ചെയ്തതേയുള്ളു, ഒട്ടിച്ചില്ല എന്നു കരുതുന്നവരുണ്ട്: Hubert Jedin, *History...* P.48.

www.malankaralibrary.com

എന്ന രേഖ വഴി 1521 ജനുവരി 3-ന് ലെയോ പത്താമൻ മാർപാപ്പാ ലൂഥറിനെ സഭാഭ്രഷ്ടനാക്കി.

ലൂഥറിന്റെ വ്യക്തിപരമായ ക്രൈസ്തവജീവിതവും പ്രോട്ടസ്റ്റന്റിസത്തിന് വഴിതെളിച്ചു. ആത്മരക്ഷയെപ്പറ്റി അമിതമായ ഉത്ക്കണ്ഠ വച്ചുപുലർത്തിയ വ്യക്തിയായിരുന്നു ലൂഥർ. അവസാനം ഒരു തത്വം രൂപീകരിക്കാൻ തന്റെ അനുഭവങ്ങൾ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ക്രിസ്തുവിലുള്ള രക്ഷ മാത്രമാണ് നീതീകരണത്തിന് അടിസ്ഥാനം എന്ന ചിന്ത അദ്ദേഹത്തിന് മനഃസമാധാനം നൽകി. എല്ലാറ്റിനും അടിസ്ഥാനം വേദപുസ്തകം മാത്രം എന്നതാണ് രണ്ടാമത്തെ തത്വം. ആരാധനക്രമങ്ങൾക്ക് രൂപം നൽകേണ്ടത് വിശ്വാസത്തിൽ മാത്രം രക്ഷ, വിശുദ്ധ ഗ്രന്ഥം മാത്രം മതി എന്നീ തത്വങ്ങളെ ആധാരമാക്കി വേണം. അനുഗ്രഹം പ്രാപിക്കാൻ മനുഷ്യൻ നടത്തുന്ന പ്രവൃത്തിയല്ല ആരാധന. അത് ദൈവവചന പ്രഘോഷണത്തെ കേന്ദ്രമാക്കി ആയിരിക്കണം.ഹയരാർക്കിക്കൽ (ശുശ്രൂഷാ) പൗരോഹിത്യം എന്നൊന്നില്ല. സമൂഹം നിയോഗിക്കുന്നവർക്കെല്ലാം ഈ ശുശ്രൂഷ നടത്താം. സ്നാനം, തിരുവത്താഴം എന്നിങ്ങനെ കൂദാശകൾ രണ്ടെണ്ണമേയുള്ളു എന്നു പോകുന്നു ലൂഥറൻ തത്വസംഹിത.

*ജർമനിയിലെ ക്രൈസ്തവപ്രഭുക്കന്മാർക്ക് ക്രൈസ്തവരാഷ്ട്രത്തിന്റെ നവീകരണത്തെപ്പറ്റി ഒരു തുറന്ന കത്ത്* എന്ന ഒരു ലഘുലേഖ 1520-ൽ ലൂഥർ പ്രസിദ്ധീകരിച്ചു. ജർമൻ പ്രഭുക്കന്മാർ നവീകരണത്തിന്റെ നേതൃത്വം ഏറ്റെടുക്കണമെന്നും, റോമിന് സാമ്പത്തികസഹായം ഒന്നും കൊടുക്കരുതെന്നും, വൈദികബ്രഹ്മചര്യം, മരിച്ചവർക്കു വേണ്ടിയുള്ള കുർബാന, തീർത്ഥാടനങ്ങൾ, സന്യാസസമൂഹങ്ങൾ, കത്തോലക്കാസഭയിലെ നിരവധി ആചാരാനുഷ്ഠാനങ്ങൾ എന്നിവ നിർത്തലാക്കണമെന്നും ഇതിലൂടെ ലൂഥർ അഭ്യർഥിച്ചു. ആ ലഘുലേഖയ്ക്ക് വലിയ സ്വാഗതം ലഭിച്ചപ്പോൾ, *സഭയുടെ ബാബിലോണിയൻ അടിമത്തം* എന്ന ലഘുലേഖ പ്രസിദ്ധീകരിച്ചു. അപ്പത്തിന്റെയും വീഞ്ഞിന്റെയും ഇരുസാദൃശ്യങ്ങളിൽ അൽമായർക്ക് വിശുദ്ധ കുർബാന കൊടുക്കാതിരുന്നത്, കുർബാനയിലെ വസ്തുമാറ്റോപദേശം, കുർബാന ബലിയാണെന്ന പ്രബോധനം, എന്നിവയിലാണ് ലൂഥർ ഈ ബാബിലോണിയൻ അടിമത്തം ഉണ്ടെന്ന് ആരോപിച്ചത്.[6] *ക്രൈസ്തവ സ്വാതന്ത്ര്യത്തെപ്പറ്റി ഒരു താത്വിക പ്രതിപാദനം* എന്ന മൂന്നാമത്തെ ലഘുലേഖയിൽ വിശ്വാസം വഴി ക്രിസ്ത്യാനിക്കു ലഭിക്കുന്ന വിടുതലിനെ പറ്റി പ്രഖ്യാപിക്കുന്നു. നിത്യരക്ഷ പ്രാപിക്കാൻ സത്പ്രവൃത്തികൾ ചെയ്യണമെന്ന കടമയിൽ നിന്ന് ഈ വിശ്വാസം അവനെ വിമുക്തനാക്കുന്നു എന്ന് ലൂഥർ പഠിപ്പിച്ചു.

ലൂഥറിന്റെ ആശയങ്ങൾ ജർമനിയിൽ ഉടനീളം പ്രചരിച്ചു. പരമ്പരാഗതമായി ജനങ്ങൾ അനുഷ്ഠിച്ചിരുന്ന പല മതകർമങ്ങളും അതോടെ

6. അബ്രഹാം മൽപ്പാൻ നിരാകരിച്ച പുരാതന ക്രൈസ്തവ തത്വങ്ങൾ എല്ലാം തന്നെ 16-ാം നൂറ്റാണ്ടിൽ ലൂഥറൻ സഭക്കാർ നിരാകരിച്ചവയായിരുന്നു.

www.malankaralibrary.com

നിലച്ചു. ജനങ്ങൾ പല ആചാരാനുഷ്ഠാനങ്ങളും ഉപേക്ഷിച്ചു. വൈദികർ വിവാഹിതരായി. സന്യാസിനീസന്യാസികൾ സന്യാസ ഭവന ങ്ങൾ വിട്ടിറങ്ങി. ലൂഥറിന്റെ സ്നേഹിതനായ കാൾസ്റ്റാട്ട് (1480-1541) അനാ ബാപ്റ്റിസ്റ്റുകളെ കൂട്ടുപിടിച്ച് ബലിപീഠങ്ങളും പടങ്ങളും രൂപങ്ങളും കുരിശു രൂപങ്ങളും നശിപ്പിക്കാൻ തുടങ്ങി. രഹസ്യമായി അർപ്പിക്കുന്ന കുർബാന, കുമ്പസാരം, ഉപവാസം എന്നിവ 1522-ൽ ലൂഥർ നിർത്തലാക്കി. 1524-ൽ അയാൾ സന്യാസ വസ്ത്രം ഉരിഞ്ഞു കളഞ്ഞിട്ട് കാതറിൻ ഫോൺ ബോറാ എന്ന സിസ്റ്റേർസ്യൻ സന്യാസിനിയെ 1525-ൽ വിവാഹം കഴിച്ചു.

ആരാധനക്രമത്തിൽ ഗാനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. അങ്ങനെ ജനപങ്കാളിത്തം വർധിപ്പിച്ചു. അത് ജനങ്ങൾക്ക് ഇഷ്ടപ്പെട്ടു. ഫ്യൂഡൽ പ്രഭുക്കന്മാർ ജർമനിയലെ സ്പയറിൽ 1929-ൽ കൂടിയ യോഗ ത്തിൽ വച്ച്, തങ്ങളുടെ കീഴിൽ ദേശീയസഭ രൂപീകരിക്കാനുള്ള തീരുമാന വുമായി മുന്നോട്ടുപോയി. ലൂഥറനിസം വ്യാപിക്കാതിരിക്കാൻ വേണ്ടതു ചെയ്യണമെന്ന് സ്പയർ യോഗത്തിൽ പ്രമേയം അവതരിപ്പിക്കപ്പെട്ടപ്പോൾ ചിലർ അതിൽ പ്രതിഷേധിച്ചു.[7] അങ്ങനെ എതിർത്തവർ എന്ന അർഥത്തിൽ അവരെ പ്രോട്ടസ്റ്റന്റുകാർ എന്നു വിളിച്ചു തുടങ്ങി. അങ്ങനെ പ്രോട്ടസ്റ്റന്റിസം എന്നത് ലൂഥറനിസത്തിന്റെ പേരായി.[8] ഫിലിപ്പ് മെലാങ്ടൻ (1497-1560) ആയിരുന്നു ലൂഥറൻ ദൈവശാസ്ത്രജ്ഞൻ. ഔഗ്സ്ബുർഗ് പ്രഖ്യാപനം എന്ന രേഖ 1530-ൽ മെലാങ്ടൻ പ്രസിദ്ധീകരിച്ചു. ഷ്മാൽകാൽഡൻ ലീഗ് 1537-ൽ കത്തോലിക്കാസഭയും ലൂഥറൻ ചിന്തയും തമ്മിലുള്ള അന്തരം വ്യക്തമാക്കി.

കാലാന്തരത്തിൽ ജർമനിയിൽ തന്നെ നിരവധി ലൂഥറൻസഭകൾ ഉടലെടുത്തു.അൽപ്പസ്വൽപ്പ ദൈവശാസ്ത്രവ്യത്യാസങ്ങളോടെ ലൂഥറൻ സഭകൾ വർധിച്ചു പെരുകി. ജർമൻ ജനതയിൽ മൂന്നിൽ രണ്ട് 16-ാം നൂറ്റാണ്ടിൽ തന്നെ ലൂഥറൻകാരായി.

ജർമനിയിലെ 12 ലൂഥറൻസഭകൾ 1948-ൽ ജർമനിയിലെ ഇവാൻജലി ക്കൽ സഭയിൽ ചേർന്നു.[9] 1949-ൽ ജർമനിയിലെ മിക്ക ലൂഥറൻ സഭകളും ഒന്നിച്ചു ചേർന്ന് യുണൈറ്റഡ് ഇവാൻജലിക്കൽ ലൂഥറൻ ചർച്ച ഓഫ് ജർമനി രൂപീകരിച്ചു. അത് ജർമനിയിലെ ഇവാൻജലിക്കൽ സഭയുടെ ഭാഗമായി. ഈ സഭയിൽ ഇപ്രകാരം 17 സഭകൾ ചേർന്നിട്ടുണ്ട്. ഈ സഭകൾക്ക് ഒറ്റയ്ക്കും ഒന്നിച്ചും ഡബ്ലിയു.സി.സി.സി.യിൽ അംഗത്വമുണ്ട്.പഴയ പൂർവജർമനിയിലെ ലൂഥറൻ സഭകളെല്ലാം തന്നെ ജർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിലെ ഇവാൻജെലിക്കൽ ചർച്ചിന്റെ ഫെഡറേഷനിൽ അംഗങ്ങ

7. protested (Protestant)
8. T.P.Neil,*op.cit.* 314; H.Jedin, *op.cit.* p.11-295; കൂടപ്പുഴ, *തിരുസഭാചരിത്രം*, 659-678.
9. Evangelische Kirche in Deutschland: (EKD);13 ലൂഥറൻസഭകളും 2 റിഫോംഡ് സഭകളും 12 യുണൈറ്റഡ് സഭകളും ഇതിൽ അംഗങ്ങളായി.

www.malankaralibrary.com

ളാണ്. സ്കാൻഡിനേവിയൻ (സ്വീഡൻ, ഡെൻമാർക്ക്, ഫിൻലാൻഡ്, നോർവേ)രാജ്യങ്ങളുടെ ഔദ്യോഗികമതം ലൂഥറനിസമാണ്. ഈ പ്രദേശങ്ങളിൽ നിന്നെല്ലാം ലൂഥറൻ മതക്കാർ അമേരിക്കയിലേക്കും കാനഡായിലേക്കും കുടിയേറിയിട്ടുണ്ട്. അതിന്റെ ഫലമായി നിരവധി ലൂഥറൻ സഭകൾ ഉടലെടുത്തു. ഈ അടുത്ത കാലത്ത് അവ ചേർന്ന് രണ്ടു പ്രധാന ഐക്യസഭകൾ ഉണ്ടാക്കി. അമേരിക്കൻ ലൂഥറൻ ചർച്ച് (1960), ലൂഥറൻ ചർച്ച് ഇൻ അമേരിക്ക (1962). ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൂഥറൻ സഭ മിഷൻ പ്രവർത്തനം നടത്തി ഈ സഭയുടെ ബ്രാഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. 1947-ൽ രൂപീകരിച്ച ലൂഥറൻ വേൾഡ് ഫെഡറേഷനിൽ മിക്ക ലൂഥറൻ സഭകളും അംഗങ്ങളാണ്.

ചരിത്രപരമായ കൈവയ്പ്പുള്ള മെത്രാന്മാരോ വൈദികരോ അവർക്കില്ല. ജനങ്ങൾ തെരഞ്ഞെടുത്ത് നിയമിക്കുന്ന ബിഷപ്പുമാരും പാസ്റ്റർമാരും മറ്റുമാണ് സഭാശുശ്രൂഷ നടത്തുന്നത്. 16-ാം നൂറ്റാണ്ടിലെ പാശ്ചാത്യ സഭയിൽ ഉണ്ടായിരുന്ന കുറവുകൾ പരിഹരിക്കാനാണ് നവീകരണ നേതാക്കൾ പ്രോട്ടസ്റ്റന്റിസം തുടങ്ങിയത്. എന്നാലത് ലക്ഷ്യത്തിൽ നിന്ന് വളരെ അകന്നുപോയി എന്ന് ചരിത്രം തെളിയിക്കുന്നു.

### ഇൻഡ്യയിൽ

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ 1706 മുതൽ ലൂഥറൻ മിഷനറിമാർ പ്രവർത്തിച്ചുവന്നു. ജർമൻ, അമേരിക്കൻ, സ്കാൻഡിനേവിയൻ മിഷണറിമാരാണ് ഇൻഡ്യയിൽ ലൂഥറനിസം പ്രചരിപ്പിച്ചത്. ഇൻഡ്യയിലെ ഒൻപത് ലൂഥറൻ സഭകൾ ഒന്നിച്ചുചേർന്ന് യുണൈറ്റഡ് ഇവാൻജലിക്കൽ ലൂഥറൻ ചർച്ചസ് ഓഫ് ഇൻഡ്യാ രൂപീകരിച്ചു.[10]

### കേരളത്തിൽ

മുകളിൽ പറഞ്ഞ ലൂഥറൻ സഭയുടെ ഒരു ഘടകമാണ് ദി ഇൻഡ്യാ ഇവാൻജലിക്കൽ ലൂഥറൻ ചർച്ച്. ആ ഘടകത്തിൽ പെട്ടതാണ് കേരളത്തിലെയും കർണാടകം, തമിഴ്നാട് എന്നിവിടങ്ങളിലെയും ലൂഥറൻ സഭകളും. ലൂഥറൻ മിഷനറിമാർ 1911-ൽ പേരൂർക്കടയെത്തി സുവിശേഷ വേല ആരംഭിച്ചു. തെക്കൻ തിരുവിതാംകൂറിൽ നിരവധി സ്ഥലങ്ങളിൽ ഇവർ ആരാധനാ സമൂഹങ്ങൾ രൂപീകരിച്ചു. സി.എസ്.ഐ., സി.എൻ. ഐ. സഭകളുമായി ഐക്യപ്പെടുന്നതു സംബന്ധിച്ച ചർച്ചകൾ നടന്നെങ്കിലും, ഐക്യം യാഥാർഥ്യമായില്ല. തിരുവനന്തപുരമാണ് കേരളത്തിലെ ലൂഥറൻ സഭയുടെ ആസ്ഥാനം. ഈസ്റ്റിൻഡ്യാ കമ്പനിയുടെ ആദ്യകാലമിഷണറിമാർ (സി.എം.എസ്.-എൽ.എം.എസ് )ലൂഥറൻകാരായിരുന്നു. അവരിൽ നിന്നാണ് മാർത്തോമ്മാ സഭക്കാർ നവീകരണാശയങ്ങൾ സ്വീകരിച്ചത്. മാർത്തോമ്മാ സഭയുടെ നവീകരണാശയങ്ങൾ ലൂഥറൻ തത്വങ്ങളാണ്. ലൂഥറൻകാർ

10. United Evangelical Lutheran Church in India (UELCI).

www.malankaralibrary.com

ഇവിടെ ഒരു ലൂഥറൻസഭ സ്ഥാപിച്ചു എന്നതിലുപരി, ഇവിടുത്തെ ഒരു വിഭാഗം പുത്തൻകൂർ സുറിയാനിക്കാരെ സ്വാധീനിക്കാൻ ലൂഥറനിസത്തിനു സാധിച്ചു എന്നതാണ് ലൂഥറൻ മിഷണറിമാരുടെ നേട്ടം.

### എക്യൂമെനിസം

ലൂഥറൻ സഭയും കത്തോലിക്കാ സഭയും തമ്മിലുള്ള ഡയലോഗ് പുരോഗമിക്കുന്നു. ഈ ഐക്യചർച്ചകളെപ്പറ്റി മറ്റൊരിടത്ത് ചർച്ച ചെയ്തിട്ടുള്ളതാണ്. ചർച്ചകളുടെ ഫലമായി നീതീകരണത്തെപ്പറ്റി വളരെ സുപ്രധാനമായ ഒരു സംയുക്തരേഖയിൽ കത്തോലിക്കാസഭയും ലൂഥറൻ വേൾഡ് ഫെഡറേഷനും ഒപ്പുവച്ചു. കത്തോലിക്കാസഭയുമായുള്ള ഐക്യ ചർച്ചകൾക്ക് ലൂഥറൻസഭ വളരെ പ്രാധാന്യം കൊടുക്കുന്നു.

### 2. കാൽവിന്റെ പ്രെസ്ബിറ്റേറിയൻസഭ

ജോൺ കാൽവിൻ (1509–1564) ഫ്രഞ്ചുദൈവശാസ്ത്രജ്ഞനും നവീകരണ കർത്താവുമായിരുന്നു. അൽമായനായ കാൽവിൻ സ്വിറ്റ്സർ ലാൻഡിലെ ജനീവാ കേന്ദ്രമാക്കി നവീകരണം തുടങ്ങി. വില്യം ഫാരൽ (1489–1565) അദ്ദേഹത്തെ സഹായിച്ചു. ഒരേകാധിപതിയെപ്പോലെ അധികാരം ഉപയോഗിച്ച് തന്റെ പ്രോട്ടസ്റ്റന്റ് ചിന്തകൾ ജനീവയിൽ അയാൾ നടപ്പാക്കി. എതിർത്തവരെ ബലം പ്രയോഗിച്ച് അമർച്ച ചെയ്തു. ഇംഗ്ലണ്ടിൽ നിന്നും ഫ്രാൻസിൽ നിന്നും വന്ന അഭയാർഥികളെ മിഷണറിമാരായി തിരിച്ചയച്ചു. വലിയ ഒരു എഴുത്തുകാരനായിരുന്ന കാൽവിന്റെ സുപ്രധാന കൃതിയാണ് *ഇൻസ്തിത്തൂത്തെസ്.* ലൂഥറൻ സഭകളൊഴികെ മറ്റെല്ലാ പ്രോട്ടസ്റ്റന്റു സഭകളും കാൽവിന്റെ ആശയം സ്വീകരിച്ചിട്ടുണ്ട്.

പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രം ആദ്യമായി ക്രോഡീകരിച്ചെഴുതിയത് കാൽവിനാണ്. പല പ്രോട്ടസ്റ്റന്റ് ചിന്തകളും ഒന്നിച്ചുകൂട്ടി അവയിൽ നിന്ന് കാൽവിൻ നിഗമനങ്ങളിൽ എത്തി എന്നതൊഴിച്ചാൽ, കാൽവിന്റെ സ്വന്തമായ സംഭാവനകൾ ദൈവശാസ്ത്രത്തിൽ വളരെ കുറച്ചേയുള്ളു. “ദൈവത്തിന്റെ പരമാധികാരം, മനുഷ്യന്റെ പൂർണമായ നികൃഷ്ടാവസ്ഥ”– ഇതാണ് കാൽവിന്റെ ദൈവശാസ്ത്രത്തിന്റെ മൂലക്കല്ല്. അധപ്പതിച്ച മനുഷ്യന് തന്റെ നീതീകരണം സമ്പാദിക്കാനാവില്ല. എന്നാൽ ദൈവം ചിലരെ മുൻനിർണ യിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവനായാലും തള്ളപ്പെട്ടവനായാലും ദൈവത്തെ മഹത്വപ്പെടുത്തുക എന്ന ഏകലക്ഷ്യമേ മനുഷ്യനുള്ളു. നീതീകരിക്കപ്പെട്ടവന് അത് നഷ്ടമാക്കാൻ സാധിക്കയില്ല. – ലൂഥറിൽ നിന്നും കാൽവിൻ ചില തത്വങ്ങൾ സ്വീകരിച്ചു: വിശുദ്ധ ഗ്രന്ഥം മാത്രമാണ് വിശ്വാസ ത്തിനാധാരം. ആദത്തിന്റെ പാപത്തിനുശേഷം മനുഷ്യമനസ്സ് സ്വതന്ത്രമല്ല. സത്പ്രവൃത്തികൾ കൂടാതെ വിശ്വാസം വഴി മനുഷ്യൻ നീതീകരിക്ക പ്പെടുന്നു.– സ്നാനം, തിരുവത്താഴം എന്നിങ്ങനെ രണ്ടു കൂദാശകൾ മാത്രമേ കാൽവിൻ അംഗീകരിച്ചുള്ളു. സഭയിലേക്ക് പ്രവേശിപ്പിക്കുന്ന ചടങ്ങു മാത്ര മാണ് സ്നാനം. തിരുവത്താഴത്തിൽ ക്രിസ്തുവിന്റെ ശക്തി മാത്രമേയുള്ളു[1]

www.malankaralibrary.com

കാൽവിൻ രൂപപ്പെടുത്തിയ ആരാധനക്രമം, പ്രസംഗത്തിലും പാട്ടുകൾ പാടുന്നതിലും കർത്താവിന്റെ അന്ത്യത്താഴത്തിന്റെ ഓർമ കഴിക്കുന്ന അനുസ്മരണ ശുശ്രൂഷയിലും അടങ്ങിയിരിക്കുന്നു. ലൂഥർ പഠിപ്പിച്ച യഥാർഥ സാന്നിധ്യം[2] കാൽവിൻ അംഗീകരിച്ചില്ല. സ്വിംഗ്ലി പഠിപ്പിച്ച വെറും പ്രതീകം[3] എന്ന തത്വവും അംഗീകരിച്ചില്ല. അതിനിടയ്ക്കുള്ള ഒരു തത്വം സ്വീകരിച്ചു. എന്നാൽ കൂടുതലായി സ്വിംഗ്ലിയുടെ ചിന്തയോടാണ് കാൽവിന് അടുപ്പം.[4]

കാൽവിന്റെ 26 ആർട്ടിക്കിൾസ് കൂദാശകളെപ്പറ്റി പൊതുവായും കുർബാനയെപ്പറ്റി പ്രത്യേകമായും ചർച്ച ചെയ്യുന്നു. ആർട്ടിക്കിൾസ് 21–26 കുർബാനയെപ്പറ്റി തന്നെയാണ്.

"അപ്പവീഞ്ഞുകളിൽ ക്രിസ്തുവിന്റെ ശാരീരികസാന്നിധ്യമില്ല. ഇതെന്റെ ശരീരം എന്നത് ആലങ്കാരിക ഭാഷയിൽ മനസ്സിലാക്കണം. വിശ്വാസത്തിലും പരിശുദ്ധാത്മ ശക്തിയിലും ക്രിസ്തു നമ്മുടെ ആത്മാക്കളെ പോഷിപ്പിക്കുന്നു എന്നതാണ് ശരീരം ഭക്ഷിക്കുക, രക്തം കുടിക്കുക എന്നതിന്റെ അർഥം. സത്താപരമായ മാറ്റം കാൽവിന്റെ ദൃഷ്ടിയിൽ ഭോഷത്തമാണ്. ക്രിസ്തു അപ്പത്തിലും വീഞ്ഞിലും ഇല്ല. ക്രിസ്തുവിനെ ആരാധിക്കാൻ പാടില്ല. ക്രിസ്തുവുമായി നമുക്കുള്ള ഐക്യത്തിന്റെ അടയാളമാണ് അപ്പവും വീഞ്ഞും. ക്രിസ്തു ശാരീരികമായി സ്വർഗത്തിൽ സന്നിഹിതനാകയാൽ അൾത്താരയിൽ സന്നിധി ചെയ്യുന്നില്ല." - ഇതാണ് കാൽവിന്റെ കുർബാനയെ പറ്റിയുള്ള സിദ്ധാന്തം.

കാൽവിൻ ചരിത്രപരമായ പട്ടം അംഗീകരിച്ചില്ല. വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിക്കാനും പഠിപ്പിക്കാനും സമൂഹം ശുശ്രൂഷകരെ നിയമിക്കുന്നു. ജനീവായിലെ തന്റെ സഭയിൽ കാൽവിൻ മിനിസ്റ്റേഴ്സിനെ നിയമിച്ചു. അവർക്ക് ശിക്ഷണക്രമത്തിന്റെ ചുമതലയായിരുന്നു. സത്യപ്രബോധകരായി ടീച്ചേഴ്സിനെ നിയമിച്ചു. ജനങ്ങളുടെ അനുദിനജീവിതം പരിശോധിക്കാൻ 12 മൂപ്പന്മാരുടെ സംഘത്തേയും സാമുഹ്യപ്രവർത്തനങ്ങൾക്കായി ഡീക്ക

---

1. Christ is only dynamically present in the Eucharist: T.P.Neil, *op.cit.* 327.
2. Consubstantiation: കുർബാനയിലെ അപ്പത്തിലും വീഞ്ഞിലും കൂദാശാനന്തരം അപ്പവീഞ്ഞുകളുടെ സത്തയും കർത്താവിന്റെ ശരീര രക്തങ്ങളുടെ സത്തയും ഐക്യപ്പെട്ട് ഒന്നിച്ചു സ്ഥിതി ചെയ്യുന്നു. ചുട്ടുപഴുത്ത ഇരുമ്പിൽ അഗ്നിയും ഇരുമ്പും മാറ്റം കൂടാതെ ഒന്നിച്ച് സ്ഥിതി ചെയ്യുന്നതുപോലെയാണ് ഇതെന്ന് ലൂഥർ വിശദീകരിക്കുന്നു: F.L.Cross, *op.cit.* 340.
3. A purely symbolic Interpretation: അപ്പവീഞ്ഞുകളിൽ ക്രിസ്തുവിന്റെ ഏതെങ്കിലും തരത്തിലുള്ള സാന്നിധ്യം സ്വിംഗ്ലി നിഷേധിച്ചു. ഇംപനേഷൻ (Impanation) എന്ന സിദ്ധാന്തവും അയാൾ തള്ളിക്കളഞ്ഞു: കുർബാനയിലെ അപ്പവീഞ്ഞുകൾക്ക് സത്താപരമായി മാറ്റമുണ്ടാകുന്നില്ല. എന്നാൽ കർത്താവിന്റെ ശരീരവും രക്തവും സത്യമായും സന്നിഹിതമാണ്. നിഗൂഢമായിട്ടാണെന്നു മാത്രം. അതുകൊണ്ട് അത് നമുക്ക് സ്വീകരിക്കാവുന്നതാണ്. F.L.Cross, *op.cit.* 1514.1694.
4. *Ibid.* 222 - 224; H.Jedin, *op.cit.* 383-390.

www.malankaralibrary.com

ന്മാരെയും നിയമിച്ചു.[5] കാൽവിൻ ദൈവശാസ്ത്രജ്ഞൻ എന്നതിലുപരി നിയമപണ്ഡിതനായിരുന്നു. നിയമാധിഷ്ഠിതവീക്ഷണം അയാളുടെ ചെയ്തികളിലെല്ലാം ദൃശ്യമാണ്. ജനീവായിലെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലേക്ക കടന്നുചെന്ന് തന്റെ ഹിതാനുസരണം വർത്തിക്കാത്ത വരെയൊക്കെ കൊന്നുകളയുകയോ, നാടുകടത്തുകയോ അമർച്ച ചെയ്യു കയോ ചെയ്തു. അയാൾ കടുത്ത ഏകാധിപത്യമനോഭാവം പുലർത്തി. കർക്കശമായ ഒരു ജീവിതക്രമം ജനങ്ങൾക്ക് നിർദേശിച്ചു. പ്രസംഗത്തി നിടയ്ക്ക് ചിരിക്കുന്നതും ഡാൻസിനും കളികൾക്കും പോകുന്നതും വിനോദ ങ്ങളിൽ ഏർപ്പെടുന്നതും കത്തോലിക്കാസഭയുടെ ആചാരങ്ങൾ അനുഷ്ഠി ക്കുന്നതും കർശനമായി നിരോധിച്ചു. കടുത്ത ശിക്ഷയും നടപ്പാക്കി.

ജനീവാ കാൽവിനിസത്തിന്റെ കേന്ദ്രമായി. യൂറോപ്പിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് അവിടേക്ക് അഭയാർഥികളെത്തി. കാൽവിന്റെ കർക്കശ മനഃസ്ഥിതി നിമിത്തം പിൻഗാമികൾ പ്യൂരിട്ടൺസ് എന്ന് അറിയപ്പെടുന്നു.[6] കാൽവിനിസം ജനീവയിൽ നിന്ന് ഹോളണ്ടിലേക്കും ഫ്രാൻസിലേക്കും വ്യാപിച്ചു. 1622-ൽ കാൽവിനിസം ഹോളണ്ടിന്റെ ഔദ്യോഗിക മതമായി. ഹ്യൂഗെനോട്ട്സ്[7] എന്നാണ് ഫ്രാൻസിൽ കാൽവിൻ പക്ഷക്കാർ അറിയപ്പെട്ടി രുന്നത്. ജർമനിയിൽ ചിലയിടങ്ങളിൽ ലൂഥറനിസത്തെ മാറ്റി കാൽവിനിസം സ്വീകരിച്ച പ്രദേശങ്ങളുണ്ട്.

കാൽവിന്റെ അനുയായികൾ പ്രെസ്ബിറ്റേറിയൻസ് എന്നാണ് അറിയ പ്പെടുന്നത്. സ്കോട്ട്ലൻഡിലാണ് ഈ പേര് ആദ്യം പ്രചരിച്ചത്. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രെസ്ബിറ്റർമാർ സഭയിലെ നേതാക്കന്മാരാണ് . അതിൽ നിന്നാണ് ഈ പേര്. ചരിത്രപരമായ കൈവയ്പ്പു വഴിയല്ല ഈ അധികാരം ലഭിക്കുക. പിന്നെയോ, ജനങ്ങൾ ചുമതലപ്പെടുത്തുന്നതുവഴി ലഭിക്കുന്നു. സ്കോട്ട്ലൻഡിൽ ജോൺ നോക്സാണ് (1505-1572) കാൽവിനിസം പ്രചരിപ്പിച്ചത്. 1560-ൽ സ്കോട്ടിഷ് പാർലമെന്റ് കാൽവിനിസം നോക്സ് അവതരിപ്പിച്ച രീതിയിൽ അംഗീകരിച്ചു. ആംഗ്ലിക്കൻ സഭാപാരമ്പര്യം അനുസരിച്ചുള്ള ചരിത്രപരമായ എപ്പിസ്കോപ്പൽ ഭരണം വേണ്ടെന്നുവച്ചു. അവിടെ നിന്ന് ഇംഗ്ലണ്ടിലേക്കും വെയിൽസിലേക്കും പ്രെസ്ബിറ്റേറിയനിസം

---

5. Ministers, Teachers, Elders.
6. Puritans: പരസ്യാരാധനയ്ക്ക് പൂർണമായി വേദപുസ്താകാടിസ്ഥാനം ഉണ്ടായിരിക്കണമെന്ന് അവർ വാദിച്ചു. പള്ളിയിൽ അലങ്കാരങ്ങൾ, തിരുവസ്ത്ര ങ്ങൾ, സംഗീതോപകരണങ്ങൾ, കുരിശുവര തുടങ്ങിയവയൊക്കെ നിഷിദ്ധമെന്നു വിധിച്ചു. അതിനുപകരം പ്രസംഗം, ഞായറാഴ്ചയാചരണം, ബലിപീഠത്തിനു പകരമുള്ള മേശ എന്നിവയ്ക്ക് പ്രാധാന്യം നൽകി. ഇംഗ്ലണ്ടിലെ കാൽവിനിസ്റ്റുകൾ ക്കാണ് പ്യൂരിട്ടൺസ് എന്നപേരു കിട്ടിയത് (F.L.Cross,*op.cit. 1146)*.
7. *Huguenots:* ഈ പദത്തിന്റെ ഉത്ഭവം വ്യക്തമല്ല.1599-ലെ പാരീസ് സിനഡിൽ വച്ച് ഫ്രഞ്ച് പ്രോട്ടസ്റ്റന്റുകാർ, കാൽവിനിസ്റ്റ് ലൈനിൽ നവീകരണം നടത്തി.

www.malankaralibrary.com

പ്രചരിച്ചു. സ്കോട്ട്ലൻഡിൽ കുർബാന നിയമവിരുദ്ധമാക്കി. ഈ പ്രദേശങ്ങളിൽ നിന്ന് പ്രെസ്ബിറ്റേറിയൻസഭ അമേരിക്കയിലും ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രചരിച്ചു. സൗത്താഫ്രിക്കയിൽ വർണവിവേചനം നിലനിർത്തിയിരുന്നത് ഹോളണ്ടിൽ നിന്നുള്ള വെള്ളക്കാരായ കാൽവിനിസ്റ്റുകളാണ്. അവരുടെ മുൻനിർണയ സിദ്ധാന്തം ആണ് അതിനടിയിലുള്ള ചിന്ത. ഹോളണ്ടിൽ കാൽവിനിസ്റ്റുകൾ വെറും നാമമാത്ര ക്രിസ്ത്യാനികളായി തീർന്നിട്ടുണ്ട്.

വടക്കുകിഴക്കൻ ഇൻഡ്യയിൽ 1894-ൽ പ്രെസ്ബിറ്റേറിയൻ മിഷണറിമാർ എത്തി.[8] തെക്കേ ഇൻഡ്യയിലെ പ്രെസ്ബിറ്റേറിയൻ സഭകൾ 1947-ൽ സി.എസ്.ഐ.യിൽ ലയിച്ചു. കേരളത്തിലെത്തിയ ചില ആംഗ്ലിക്കൻ മിഷണറിമാർ കാൽവിനിസ്റ്റ് ആശയങ്ങൾ സ്വീകരിച്ചവർ ആയിരുന്നു. കാൽവിനിസ്റ്റുകാരായ ഡച്ചുകാർ 1663 മുതൽ കുറേക്കാലം കൊച്ചിയിൽ താവളമടിച്ചിരുന്നെങ്കിലും, കാൽവിനിസം പ്രചരിപ്പിച്ച് ഒരു സഭ സ്ഥാപിക്കാൻ അവർക്കു സാധിച്ചില്ല. എന്നാൽ കാൽവിനിസം കേരളത്തിലെ എല്ലാ പ്രോട്ടസ്റ്റന്റ് സഭകളെയും സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിലെ ഒരു വിഭാഗം മാർത്തോമ്മാക്കാർ, ഇവാൻജലിക്കൽക്കാർ, സി.എം. എസ്.കാർ വിവിധ ബാപ്റ്റിസ്റ്റുകാർ, ബ്രദറൺകാർ, പെന്തക്കോസ്തുകാർ ആദിയായവരെ കാൽവിനിസം സ്വാധീനിച്ചിട്ടുണ്ട്.

## 3. ഉൾറിക് സ്വംഗ്ലിയുടെ സ്വതന്ത്രസഭ

സ്വിറ്റ്സർലൻഡിലെ സ്യൂറിച്ചിൽ ഒരു പള്ളിയിലെ കത്തോലിക്കാ വികാരിയായിരുന്ന സ്വിംഗ്ലി(1484-1531) 1518-ൽ ദണ്ഡവിമോചന പ്രസംഗങ്ങൾക്കെതിരെ സ്വരമുയർത്തി. അയാൾ 1522-ൽ കത്തോലിക്കാസഭ വിട്ടു. നോമ്പാചരണം വേദപുസ്താനുസൃതമല്ലെന്ന് വാദിച്ച് വേണ്ടെന്നുവച്ചു. മറ്റു ചില കത്തോലിക്കാ ആചാരാനുഷ്ഠാനങ്ങളെയും അയാൾ വിമർശിച്ചു. വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന് ആധാരമെന്ന് അയാൾ പ്രസംഗിച്ചു. അയാൾ വൈദിക ബ്രഹ്മചര്യം ഉപേക്ഷിച്ചു. കോൺഗ്രിഗേഷണൽ രീതിയിലുള്ള സഭാസംവിധാനത്തിന് ആരംഭം കുറിച്ചു. "ഓരോ സമൂഹവും വിശ്വാസ സംബന്ധമായ കാര്യങ്ങൾ സ്വന്തമായി തീരുമാനിക്കണം, അവരെ നിയന്ത്രിക്കാൻ മറ്റാരും ആവശ്യമില്ല" എന്നു പ്രഖ്യാപിച്ച സിംഗ്ലിക്ക് നല്ല പ്രചരണം ലഭിച്ചു. വേദപുസ്തകത്തിൽ കാണുന്നതു മാത്രം പ്രചരിപ്പിച്ചാൽ മതിയെന്ന് പട്ടണാധികാരികൾ വൈദികർക്ക് നിർദേശം നൽകി. ഉപവാസം, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർഥന, വിശുദ്ധരോടുള്ള മാധ്യസ്ഥ്യാപേക്ഷ,വൈദികബ്രഹ്മചര്യം ആദിയായ പുരാതനകത്തോലിക്കാ രീതികളൊക്കെ നിർത്തലാക്കി.കുർബാന വെറുമൊരു അനുസ്മരണ

8. Mar Aprem, *Indian Christian Directory,* p.112-114.

www.malankaralibrary.com

മാത്രമാണെന്ന് തീരുമാനിച്ചു. ഇക്കാര്യത്തിൽ 1929-ൽ സ്വിംഗ്ലിക്കും ലൂഥറിനും യോജിപ്പിലെത്താൻ കഴിഞ്ഞില്ല.

സ്വിംഗ്ലി സ്യൂറിച്ചിലെ പള്ളികളിൽ ഉണ്ടായിരുന്ന രൂപങ്ങളും പടങ്ങളും 1525-ൽ തകർത്തു. വി.കുർബാന നിർത്തലാക്കി. 1524-ൽ അന്ന മേയർ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. സിറ്റിയിലെ സഭയെ മെത്രാന്റേയും മാർപാപ്പായുടേയും അധികാരത്തിൽ നിന്നു വിടർത്തി, സ്വതന്ത്രസഭയാക്കി. പ്രോട്ടസ്റ്റന്റ് സഭകളുടെ ഐക്യത്തിന് തടസ്സമായി നിന്നത് സ്വിംഗ്ലിയുടെ കുർബാനയെ പറ്റിയുള്ള കടുത്ത ലിബറൽ പ്രോട്ടസ്റ്റന്റ് ചിന്താഗതിയാണ്. അനാബാപ്റ്റിസ്റ്റുകളുമായും അയാൾ തർക്കിച്ചു. അയാളുടെ ആശയങ്ങൾ സ്വിറ്റ്സർലണ്ടിൽ ഉടനീളം പ്രചരിച്ചു. അത് ആഭ്യന്തരകലാപത്തിൽ കലാശിച്ചു. അയാൾ 1531-ലെ കലാപത്തിൽ കൊല്ലപ്പെട്ടു. അവസാനം ഓരോ കാന്റണും (പ്രോവിൻസും) ഇഷ്ടമുള്ള മതം സ്വീകരിക്കാമെന്ന ഒത്തുതീർപ്പുണ്ടായി.[1] ഉത്തരകേരളത്തിൽ വന്ന ചില ബാസൽ മിഷൻകാർ സ്വിംഗ്ലിയുടെ ആശയം സ്വീകരിച്ചിരുന്നു.

### 4. അനാബാപ്റ്റിസ്റ്റുകാർ (വീണ്ടും സ്നാനക്കാർ)

യൂറോപ്പിലെ സഭയിൽ 16-ാം നൂറ്റാണ്ടിൽ വിവിധ സ്ഥലങ്ങളിൽ ഉടലെടുത്തതാണ് അനാബാപ്റ്റിസ്റ്റുകാർ. തങ്ങളുടെ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽ തന്നെ സ്നാനപ്പെടുത്താൻ വിസമ്മതിച്ച ഇക്കൂട്ടർ വിശ്വാസികളുടെ സ്നാനം ഏർപ്പെടുത്തി. *അനാ* എന്ന ഗ്രീക്കുവാക്കിന് വീണ്ടും എന്നർഥം. വീണ്ടുംസ്നാനക്കാർ എന്ന് ഇവരെ മറ്റുള്ളവർ വിളിച്ചു. സ്യൂറിച്ചിൽ സ്വിംഗ്ലിയുടെ സ്വാധീനവലയത്തിൽ ഉടലെടുത്തതാണിത്. ഇവർക്ക് സ്വിക്കാവു പ്രവാചകന്മാർ, കാൾസ്റ്റാട്ട്, തോമസ് മ്യുൻറ്റ്സർ എന്നീ ജർമൻ തീവ്രവാദികളുമായി സാന്ദർഭിക ബന്ധം ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ, ഇവരുടേതൊരു സ്വതന്ത്രപ്രസ്ഥാനം ആയിരുന്നു.

### 5. സ്വിസ് ബ്രദറൺ

സ്യൂറിച്ച്പട്ടണത്തിൽ സ്വിംഗ്ലിയുടെ നേതൃത്വത്തിൽ 1523-ൽ നവീകരണം നടപ്പാക്കിയപ്പോൾ സുവിശേഷാനുസൃതമായി പ്രസംഗിക്കാൻ തീരുമാനിച്ചു. ആരാധനക്രമത്തിൽ മാറ്റം വരുത്തിയില്ല. ഇതിൽ പ്രതിഷേധിച്ച് കുറേപ്പേർ മാറി. ഒരുസഭാധികാരത്തിനും വിധേയമാകാതെയും ക്രിസ്ത്യാനികളുടെ സാധാരണയുള്ള കുർബാന കൂടാതെയും സ്വതന്ത്രമായ സമൂഹത്തിന് രൂപം നൽകാൻ തീരുമാനിച്ചു. കൊൺറാഡ് ഗ്രേബെൽ (+1526) ഫേലിക്സ് മാന്റ്സ് (+1527) എന്നിവരായിരുന്നു നേതാക്കന്മാർ. ശരിയായ വിശ്വാസമുള്ളവരും ശരിയായ ജീവിതം നയിക്കുന്നവരുമായ കുറേപ്പേരുടേതാണ് സഭ. അല്ലാതെ എല്ലാവരുടേതുമല്ല എന്ന് ഗ്രേബെൽ ചിന്തിച്ചു.

---

1. T.P.Neil, *op.cit.* 321-322.

www.malankaralibrary.com

ശിശുസ്നാനത്തെ അവർ വിമർശിച്ചു. മാനസ്സാന്തരം അനുഭവപ്പെട്ട് വ്യക്തിപരമായി വിശ്വസിക്കുന്ന ആളിനു മാത്രമേ സ്നാനം സ്വീകരിച്ച് സാക്ഷ്യം നൽകി ഈ സമൂഹത്തിൽ ചേരാൻ സാധിക്കൂ. പ്രായമായവരുടെ സ്നാനമാണ് ശരിയായ സ്നാനമെന്ന് ഇക്കൂട്ടർ വാദിച്ചു.

സ്യൂറിച്ചിൽ നിന്ന് ഈ പ്രസ്ഥാനം സാവധാനത്തിൽ ചുറ്റുമുള്ള പല സ്ഥലങ്ങളിലേക്കും വ്യാപിച്ചു. സ്വിംഗ്ലിയും മറ്റും ഇവരെ പീഡിപ്പിക്കുകയും ചിലരെ ജലത്തിൽ മുക്കിക്കൊല്ലുകയും ചെയ്തു. സ്യൂറിച്ചിൽ നിന്നു പുറത്താക്കപ്പെട്ടവർ തെക്കൻ ജർമനിയിലും മറ്റും പോയി കോൺഗ്രിഗേഷണൽ വിശ്വാസം പ്രചരിപ്പിച്ചു.

ജറുസലേമിലെ ആദ്യക്രൈസ്തവ സമൂഹത്തിന്റെ ജീവിതം പുനരുദ്ധരിക്കാൻ ഇവർ ആഗ്രഹിച്ചു. മാനസ്സാന്തരപ്പെട്ട് വിശ്വാസസ്നാനം സ്വീകരിച്ച് കർത്താവിനെ അനുകരിക്കുകയും നവജീവിതം നയിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ഇതിൽ അംഗങ്ങളാകാൻ സാധിക്കൂ എന്ന് അവർ പഠിപ്പിച്ചു. താഴെ പറയുന്നവയാണ് ഇവരുടെ പ്രധാന തത്വങ്ങൾ:

വ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിതം പുതിയ നിയമാധിഷ്ഠിതമായിരിക്കണം. കുർബാനയിൽ കർത്താവിന്റെ യഥാർഥ സാന്നിധ്യമില്ല. കർത്താവിന്റെ അത്താഴം ഒരു വിരുന്നും ഓർമയും മാത്രമാണ്. അത് സമൂഹത്തിന്റെ കൂട്ടായ്മയ്ക്കും സ്ഥിരതയ്ക്കും അത്യാവശ്യമാണ്. സഭ വിശുദ്ധരുടെ സമൂഹമാണ്. അതുകൊണ്ട് മഹറോൻ കൃത്യമായി പ്രയോഗിച്ച് വിശുദ്ധരല്ലാത്തവരെ സഭയ്ക്ക് പുറത്താക്കണം. അങ്ങനെ സഭയെ വിശുദ്ധമായി കാത്തുസൂക്ഷിക്കണം."- ഇതിന്റെ ആരംഭകാലത്ത് ഇവരെ മറ്റുള്ളവർ വളരെ പീഡിപ്പിച്ചിട്ടുണ്ട്.[2]

## 6. മൊറാവിയൻ ബ്രദറൺ

യാക്കോബ് ഹുട്ടർ (+1536) എന്നയാളിൽ നിന്ന് മൊറാവിയായിലെ ഈ ഹുട്ടേറിയൻ ബ്രദറന്മാർ ചൈതന്യം സ്വീകരിച്ചു. ടിറോളിലെ അനാബാപ്തിസ്റ്റ് നേതാവായിരുന്ന യാക്കോബ്. മതപീഡനം ഭയന്ന് 1529-ൽ മൊറാവിയായിൽ അഭയം തേടി. അവിടെ വസ്തുവകകൾ സ്വന്തമെന്നു കരുതാതെ ഒന്നിച്ചു ജീവിക്കുന്ന അനാബാപ്തിസ്റ്റുകളെ കണ്ടുമുട്ടി. സ്വകാര്യ സ്വത്തില്ലാത്ത ഒരു സമൂഹത്തിന് രൂപം നൽകി. ഇപ്പോൾ യു.എസ്.എ.യിൽ അവരുടെ ഒരു സമൂഹമുണ്ട്.[3]

2. .Jedin, *op.cit.* 178-182.
3. *Ibid.* 182-183.

www.malankaralibrary.com

## 7. ഹോളണ്ടിലെ അനാബാപ്തിസ്റ്റുകാർ

മെൽക്കിയോർ ഹോഫ്മാൻ (+1543) എന്നയാൾ ഒരു ലൂഥറൻ പ്രസംഗക നായിരുന്നു. കാലാന്ത്യം, കർത്താവിന്റെ അത്താഴം എന്നിവ സംബന്ധിച്ച് ഭാവനാസമ്പന്നമായ വർണനകൾ നടത്തി അയാൾ പ്രസംഗിച്ചുനടന്നു. അയാൾ 1529-ൽ അനാബാപ്തിസ്റ്റുകാരുമായി സ്ട്രാസ്ബുർഗിൽവച്ച് ബന്ധപ്പെട്ടു. 1530-ൽ അതിൽ ചേർന്നു. മറ്റ് അനാ ബാപ്തിസ്റ്റുകാരുടെ ആശയങ്ങളൊക്കെ അയാൾ സ്വീകരിച്ചു. എന്നാൽ അയാൾ ഒരുതരം ഡോസെറ്റിസം പഠിപ്പിച്ചു. "ബൈബിൾ ഒരു രഹസ്യ വെളിപാടു ഗ്രന്ഥമാണ്. ആത്മാവിനെ പ്രാപിച്ചവർക്കേ അത് മനസ്സിലാകൂ. ലോകാന്ത്യത്തിന്റെ അടയാളങ്ങൾ തനിക്ക് മനസ്സിലായി. വെളിപാട്11,3-ൽ പറയുന്ന അവസാനത്തെ രണ്ടു സാക്ഷികളിൽ ഒരാളാണ് താൻ. ലോകാവസാനം അടുത്തു" എന്നൊക്കെ അയാൾ പ്രസംഗിച്ചു. ഹോളണ്ടിലും വടക്കൻ ജർമനിയിലും അയാൾ പ്രസംഗിച്ച് ആളുകളെ ചേർത്തു. മെൽക്കിയൊറീത്തർ എന്ന് ഇവർ അറിയപ്പെട്ടു. മതപീഡനം ഉണ്ടായപ്പോൾ അയാൾ ആംസ്റ്റർഡാമിൽ നിന്ന് ഓടിപ്പോയി. അനുയായികളായ ഒൻപതുപേരേ 1531-ൽ എതിരാളികൾ ഹേഗിൽവച്ച് കൊന്നുകളഞ്ഞു.

മെന്നോ സീമോൺസ് (+1561) എന്ന കത്തോലിക്കാ വൈദികൻ ഇവരുടെ കൂടെക്കൂടി. പിൽക്കാലത്ത് ഇയാൾ മെന്നോനീത്തർ എന്ന വിഭാഗത്തിന്റെ തലവനായി.

സ്ട്രാസ്ബുർഗിൽ പത്തുവർഷം ജയിലിൽ കിടന്നിട്ട് 1543-ൽ ഹോഫ്മാൻ മരിച്ചു.[4]- മ്യുൺസ്റ്റർ അനാബാപ്തിസ്റ്റുകാർ (1533-1555) വിശുദ്ധരുടെ സാമ്രാജ്യം സ്ഥാപിക്കാൻ ഉദ്യമിച്ച് പരാജയപ്പെട്ടു.

## 8. മെന്നോണീത്തർ

സ്വിസ് ബ്രദറൺകാരുടെ ആശയങ്ങൾ ഇവർ സ്വീകരിച്ചു. മെന്നോ സീമൺസിന്റെ പിൻഗാമികളായതിനാൽ ഇപ്രകാരം വിളിക്കപ്പെടുന്നു. ഇവർ വളരെ ലിബറൽ ദൈവശാസ്ത്ര വീക്ഷണങ്ങൾ പുലർത്തി. ഡോസെറ്റിക് ക്രിസ്തുശാസ്ത്രം പഠിപ്പിച്ചു. സമാധാനത്തിന്റെ വക്താവായി മെന്നോ കാണപ്പെട്ടു. തങ്ങളുടെ സമൂഹം മ്യുൺസ്റ്റർ സമൂഹത്തിൽ നിന്ന് വിഭിന്നമാണെന്ന് ആളുകളെ ബോധ്യപ്പെടുത്താൻ മെന്നോയ്ക്ക് കഴിഞ്ഞു. സമാധാനം കാംക്ഷിച്ച വടക്കൻ ജർമൻ-ഡച്ച് അനാബാപ്തിസ്റ്റുകാരെ അയാൾ ഒന്നിച്ചുനിർത്തി.[5] ഇക്കൂട്ടരെ മറ്റുള്ളവർ പീഡിപ്പിച്ചിട്ടുണ്ട് എന്നു പറയപ്പെടുന്നു.ബാപ്തിസ്റ്റുകാർ, ബ്രദറൺകാർ, പെന്തക്കോസ്തുകാർ എന്നിവരെല്ലാം മെന്നോണീത്തരിൽ നിന്ന് സ്വാധീനം സ്വീകരിച്ചിട്ടുണ്ട്.

4. *Ibid.* 183-185.
5. *Ibid.* 187-188;F.L.Cross,*op.cit.*902-903.

www.malankaralibrary.com

മുതിർന്നവരുടെ സ്നാനമാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. ഇവരുടെ ആദ്യമിഷണറിമാർ 1890-ലാണ് ഇൻഡ്യയിലെത്തിയത്. കേരളത്തിലെ സെന്റ് തോമസ് ഇവാൻജലിക്കൽ സഭയിലെ ബിഷപ്പ് ചെറിയാന് മധ്യപ്രദേശിലെ മെന്നോണീത്താ സമൂഹത്തിന്റെ അധ്യക്ഷനിൽ നിന്നാണ് കൈവയ്പ് ലഭിച്ചിട്ടുള്ളത്.

## 9. ആംഗ്ലിക്കൻ സഭ

ഇംഗ്ലണ്ടിലെ കത്തോലിക്കാസഭയിൽ പിളർപ്പുണ്ടാക്കി റോമൻ കൂട്ടായ്മയിൽനിന്ന് അകറ്റിയത് ഹെൻറി എട്ടാമൻ രാജാവും (1509-1547) അദ്ദേഹത്തിന്റെ പിൻഗാമികളും സ്ഥാപിത താൽപ്പര്യക്കാരായ ചില പ്രഭുക്കന്മാരുമാണ്. യൂറോപ്പിലെ മറ്റിടങ്ങളിലുള്ള സഭകളിൽ ഉണ്ടായിരുന്ന ധാർമികാധഃപതനമോ, കുറവുകളോ ഇംഗ്ലണ്ടിലെ കത്തോലിക്കാസഭയിൽ ഇല്ലായിരുന്നു. ഹെൻറി എട്ടാമന്റെ ആദ്യഭാര്യ ജീവിച്ചിരിക്കെ രണ്ടാമതൊരു സ്ത്രീയെ വിവാഹം കഴിക്കാനുള്ള അനുവാദം റോമിൽനിന്നു ലഭിക്കാഞ്ഞതിന്റെ പേരിൽ ഇംഗ്ലണ്ടിലെ സഭയെ ഒന്നടങ്കം അയാൾ കാതോലിക സംസർഗത്തിൽ നിന്നകറ്റി. കാലക്രമത്തിൽ ഈ സഭ പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ വന്നു. എന്നാൽ ഹെൻറിയുടെ മരണം വരെ പ്രോട്ടസ്റ്റന്റിസം ഇംഗ്ലണ്ടിൽ പ്രചരിച്ചില്ല.

ഹെൻറിയുടെ പിൻഗാമിയായ എഡ്വേർഡിന്റെ കാലത്ത് (1547-1553) ജനീവയിലെ കാൽവിനിസ്റ്റ് ആശയങ്ങൾ ഇംഗ്ലണ്ടിൽ പ്രചരിച്ചു. ദൈവാലയങ്ങളിലെ ഛായാപടങ്ങളും രൂപങ്ങളും തകർത്തു. വൈദിക വിവാഹം 1548-ൽ നിയമാനുസൃതമാക്കി. 1550-ൽ ബലിപീഠങ്ങൾ തകർത്തിട്ട് തടികൊണ്ടുള്ള മേശകൾ സ്ഥാപിച്ചു. കുർബാനയിലെ യഥാർഥ സാന്നിധ്യത്തെ എതിർത്തു. മതസംബന്ധമായ 42 ഖണ്ഡികകളും പൊതുപ്രാർഥന പുസ്തകവും 1550-1552-ൽ പ്രസിദ്ധീകരിച്ചു. പ്രോട്ടസ്റ്റന്റ് ചിന്താഗതി അനുസരിച്ച് തയാറാക്കിയതായിരുന്നു 1552-ലെ പ്രാർഥനപ്പുസ്തകം. എന്നാൽ കൂദാശകളും ഹയരാർക്കിക്കൽ ക്രമവും നിലനിർത്തി.

ശേഷിച്ച പുരാതന ആചാരാനുഷ്ഠാനങ്ങൾ എലിസബത്തു രാജ്ഞി (1558-1603) നിർത്തലാക്കി. ഇംഗ്ലണ്ടിലെ സഭ *എക്ലേസിയാ ആംഗ്ലിക്കാനാ* ആയിത്തീർന്നു. 1563-ൽ ഉണ്ടാക്കിയ 39 ആർട്ടിക്കിൾസ് കാൽവിന്റെ ചിന്താരീതി അനുസരിച്ച് രൂപീകരിക്കപ്പെട്ടവ ആയിരുന്നു. എന്നാൽ കാൽവിന്റെ പ്രെസ്ബിറ്റേറിയൻ സിസ്റ്റം ഇംഗ്ലണ്ടിൽ നടപ്പാക്കാൻ ആംഗ്ലിക്കൻ നേതൃത്വം സമ്മതിച്ചില്ല. എപ്പിസ്കോപ്പൽ സിസ്റ്റം നിലനിർത്തി. ആംഗ്ലിക്കൻ സഭ മെത്രാന്മാർ,വൈദികർ, ഡീക്കന്മാർ എന്ന ത്രിവിധ ഹയരാർക്കിക്കൽ സ്ഥാനങ്ങൾ അംഗീകരിക്കുന്നു. 1599-ലെ ബുക്ക് ഓഫ് കോമൺ പ്രെയർ ഉപയോഗിക്കുന്നവരും അതിനു വലിയ പ്രാധാന്യം കൽപ്പിക്കുന്നവരുമാണ് പൊതുവെ ആംഗ്ലിക്കൻ സഭയിലെ കൂടുതൽ ആളുകളും. ഇവർ

www.malankaralibrary.com

ഇവാൻജലിക്കൽ പ്രോട്ടസ്റ്റന്റിസം പഠിപ്പിക്കുന്നില്ല. അതുപോലെ ആചാരാനുഷ്ഠാനങ്ങൾക്ക് അമിത പ്രധാന്യം കൊടുക്കുന്നുമില്ല. ഒരു മധ്യമാർഗം സ്വീകരിക്കുന്നു. മറ്റുള്ളവരെ അംഗീകരിക്കാനും സമഭാവനയോടെ വർത്തിക്കാനും ഇവർക്ക് സാധിക്കുന്നു.

ആംഗ്ലിക്കൻ സഭയിൽ കാലാന്തരത്തിൽ വ്യത്യസ്ത ചിന്താഗതിയുള്ള മൂന്നു വിഭാഗങ്ങൾ ഉടലെടുത്തു. പാർലമെന്റിൽ ഏതു വിഭാഗത്തിന് മുൻതൂക്കം ലഭിച്ചോ അതനുസരിച്ച് ആ വിഭാഗത്തിന്റെ സ്വാധീനം ആംഗ്ലിക്കൻ സഭയിൽ ഉണ്ടായിട്ടുണ്ട്. ഇവ മൂന്നും നവീകരണ ചിന്താഗതികളായി കണക്കാക്കുന്നവരുണ്ട്. ഒന്നിനേയും തള്ളിക്കളയാതെ മൂന്നും കൂടികോർത്തിണക്കണമെന്ന് അവർ ചിന്തിക്കുന്നു. ലോ ചർച്ചുകാർ സഭയുടെ ഉറവിടങ്ങളിലേക്ക് പോകണമെന്ന് പഠിപ്പിക്കുന്നു. മറ്റേ വിഭാഗമാകട്ടെ, എങ്ങനെ വിശ്വാസത്തെ ശാസ്ത്രീയമായി അപഗ്രഥിക്കാമെന്ന് അന്വേഷിക്കുന്നു. പല പുതിയ പേരുകളിലും ലേബലുകളിലും ഈ ഗ്രൂപ്പുകൾ പ്രത്യക്ഷപ്പെടാറുണ്ട്.[1]

### 1. ലോ ചർച്ച് പാർട്ടി

തോമസ് ക്രാൻമറുടേയും(1489-1556) കാന്റർബറി ആർച്ചുബിഷപ്പന്മാരായ മാത്യു പാർക്കർ (1505-1575) എഡ്മണ്ഡ് ഗ്രിൻഡൽ (1519-1583), ജോൺ വൈറ്റ് ഗിഫ്റ്റ് (1530-1604) എന്നിവരുടേയും പാരമ്പര്യം തുടരുന്നവരാണ് ഇക്കൂട്ടർ. ജോൺ വിക്ലിഫിനെ (1330-1384) നവീകരണത്തിന്റെ പ്രവാചകനായി ഇവർ കരുതുന്നു. ദൈവശാസ്ത്രത്തിൽ കാൽവിന്റെ ആശയങ്ങൾ പുലർത്തുന്നു. ആംഗ്ലിക്കൻ സഭയിലെ എപ്പിസ്കോപ്പൽ ഭരണരീതിക്കെതിരെ 1604-ൽ ഇവർ വാദിച്ചു. ഇവാൻജലിക്കൽ പുനരുദ്ധാരാണ കാലത്ത് ഇവരുടെ ആശയങ്ങൾക്ക് മുൻതൂക്കം നൽകുന്ന നേതാക്കന്മാർ ആംഗ്ലിക്കൻ സഭയിൽ ഉണ്ടായി. അമേരിക്കയിലെ അടിമത്തം നിർത്തലാക്കാനുള്ള നീക്കം ആരംഭിച്ച വില്യം വിൽബർഫോഴ്സ് (1759-1883) ലോ ചർച്ച് വിഭാഗത്തിൽ പെട്ട ആളായിരുന്നു. ഇവാൻജലിക്കൽ പ്രബോധനങ്ങളും പ്യൂരിട്ടൻ ജീവിത രീതിയും ഇവരുടെ പ്രത്യേകതയാണ്. ആംഗ്ലിക്കൻസഭയിൽ മിക്കപ്പോഴും ഇവർക്കായിരുന്നു മേധാവിത്വം. പ്രോട്ടസ്റ്റന്റ് എന്നു വിളിക്കപ്പെടാൻ ഇവർ ആഗ്രഹിക്കുന്നു. കത്തോലിക്കാവിരുദ്ധ വീക്ഷണങ്ങൾ പുലർത്തുകയും ചെയ്യുന്നു. പട്ടക്കാർ എന്നല്ല മിനിസ്റ്റേഴ്സ് എന്നു വിളിക്കപ്പെടാൻ ഇവരുടെ സഭാശുശ്രൂഷകർ താൽപ്പര്യപ്പെടുന്നു.

ഇവർ കൂദാശകളുടെ പരികർമത്തിന് വേണ്ടത്ര പ്രാധാന്യം നൽകാറില്ല. വചനശുശ്രൂഷയിലാണ് കൂടുതൽ ശ്രദ്ധിക്കാറുള്ളത്. സഭാപാരമ്പര്യങ്ങൾ അംഗീകരിക്കാറില്ല. മെത്രാഭിഷേകമോ, സഭയിൽ മെത്രാന്മാരുടെ ഭരണമോ

1. R.Rouse-S.C.Neil, *A History of the ecumenical Movement,*I,p.306.

www.malankaralibrary.com

അവശ്യാവശ്യഘടകങ്ങളായി അവർ കരുതുന്നില്ല. മെത്രാന്മാരും വൈദികരും തമ്മിലുള്ള വ്യത്യാസം നിഷേധിക്കുന്ന പ്രെസ്ബിറ്റേറിയൻ വീക്ഷണങ്ങൾ ചിലർ പുലർത്തുന്നു. സ്നാനം കൃപയുടെ പ്രവർത്തനത്തിന്റെ ഒരു സിംബോളിക് കർമം മാത്രമാണ്. കർത്താവിന്റെ അത്താഴവും സിംബോളിക് മാത്രമാണ്. അന്ത്യത്താഴത്തിന്റെ വെറുമൊരനുസ്മരണ ആണത്. യാതൊരർഥത്തിലും കുർബാനയിൽ കർതൃസാന്നിധ്യം അവർ അംഗീകരിക്കുന്നില്ല. ഞായറാഴ്ച ആചരിക്കുന്നു. നീതീകരണം, മുൻനിർണയം, മനുഷ്യസ്വാതന്ത്ര്യം എന്നിവ സംബന്ധിച്ച് കാൽവിന്റെ ആശയങ്ങളാണ് ഇവരെ ഭരിക്കുന്നത്. ആരാധനയിൽ പ്രസംഗത്തിനും സ്വയംപ്രേരിത പ്രാർഥനയ്ക്കുമാണ് പ്രാധാന്യം. പുരോഹിതൻ ദൈവത്തിനും ജനത്തിനും ഇടയിലുള്ള മധ്യസ്ഥനാണ് എന്നയാശയം ധ്വനിപ്പിക്കാൻ ഇവർ ആഗ്രഹിക്കുന്നില്ല.

ഈ വിഭാഗത്തിൽനിന്ന് താഴെപ്പറയുന്ന സംഘടനകൾ ഉടലെടുത്തു: മെതഡിസ്റ്റ് പ്രസ്ഥാനം (1739), പാവപ്പെട്ടവരുടെ ഇടയിൽ ക്രിസ്തീയ വിജ്ഞാനം പകരാനുള്ള സൊസൈറ്റി (1750[2] സൺഡേ സ്കൂൾ പ്രസ്ഥാനം (1780), സൺഡേസ്കൂൾ പ്രസ്ഥാനത്തെ സഹായിക്കുന്ന പദ്ധതി (1785), നേവൽ മിലിറ്ററി ബൈബിൾ സൊസൈറ്റി(1780), ലണ്ടൻ മിഷണറി സൊസൈറ്റി–എൽ.എം.എസ്(1795), റിലീജിയസ് ട്രാക്ട് സൊസൈറ്റി(1799), ചർച്ച് മിഷണറി സൊസൈറ്റി–സി.എം.എസ്.(1799), ബ്രിട്ടീഷ് ഫോറിൻ ബൈബിൾ സൊസൈറ്റി(1804), വൈ.എം.സി.ഏ.(1804), വൈ.ഡബ്ലിയു.സി.ഏ. (1850), രക്ഷാസൈന്യം(1870).–ഇവയിൽ മെതഡിസ്റ്റ് പ്രസ്ഥാനവും രക്ഷാസൈന്യവും കാലാന്തരത്തിൽ പ്രത്യേക സഭകളായി മാറി.

**2. മോഡേൺ ചർച്ച് മെൻസ് യൂണിയൻ (1898)**

ആംഗ്ലിക്കൻ സഭാംഗങ്ങൾ ആയിരുന്നു കൊണ്ടുതന്നെ ദൈവശാസ്ത്രപരവും ആരാധനക്രമപരവും സഭാഭരണ സംബന്ധവുമായ എല്ലാ ഐകരൂപ്യങ്ങളെയും ഇക്കൂട്ടർ എതിർക്കുന്നു. ഇവർ ആംഗ്ലിക്കൻ സഭയിൽ എപ്പോഴും ഉണ്ടായിരുന്നു. പ്രാർഥനപ്പുസ്തകത്തിൽ അത്തനാസ്യൻ വിശ്വാസപ്രമാണം നിലനിർത്തുന്നതിനെ 17–ാം നൂറ്റാണ്ടിൽ ഇവർ ചോദ്യം ചെയ്തു. കർത്താവിന്റെ ദൈവത്വം, ദൃശ്യസഭയുടെ പ്രബോധനം എന്നിവയെപ്പറ്റി ഇവരിൽ ചിലർ സംശയാലുക്കളായിരുന്നു. 18–ാം നൂറ്റാണ്ടിൽ ഇവർ ലിബറൽ വീക്ഷണക്കാരായി മാറി. കൂദാശകൾ, പഴയ നിയമത്തിന്റെ ചരിത്രപരത, സഭാപാരമ്പര്യം എന്നിവയെപ്പറ്റി ഇവർ സംശയിക്കാൻ തുടങ്ങി. 20–ാം നൂറ്റാണ്ടിൽ ഈ വിഭാഗത്തിൽ പല പണ്ഡിതന്മാരുമുണ്ടായി. ക്രിസ്തുവിന്റെ അത്ഭുതങ്ങളുടെയും ഉത്ഥാനത്തിന്റെയും ചരിത്രപരത, കന്യകയിൽ നിന്നുള്ള ക്രിസ്തുവിന്റെ ജനനം, ദിവ്യജ്ഞാനം എന്നിവ സംബന്ധിച്ച് ഇഷ്ടമുള്ള വിവരണം നൽകാൻ ഇക്കൂട്ടർ അനുവദിക്കുന്നു. മറ്റു ചില

2. Society for promoting Christian Knowledge among the Poor (SPCK).

www.malankaralibrary.com

ആംഗ്ലിക്കൻ വിഭാഗക്കാർ തന്നെയും ഇവരെ എതിർക്കുന്നെങ്കിലും, മറ്റുള്ളവരും ഇവരുടെ സ്വാധീനത്തിൽ വന്നിട്ടുണ്ട്. ജനനനിയന്ത്രണം, വിവാഹബന്ധം വേർപെടുത്തിയവരുടെ പുനർവിവാഹം തുടങ്ങിയവയിലും ഇക്കൂട്ടർ മാനുഷിക അനുഭവത്തിനും ശ്രോതാക്കളുടെ പ്രതികരണത്തിനുമാണ് വിശുദ്ധ ഗ്രന്ഥത്തേക്കാളും പാരമ്പര്യത്തേക്കാളും വില കൽപ്പിക്കുന്നത്. ആധുനിക മനുഷ്യന്റെ ആവശ്യത്തിന് ഉതകുന്നവിധം തത്വങ്ങളും ആരാധനാരീതികളും പുനരവതരിപ്പിക്കണമെന്ന് ഇവർ കരുതുന്നു. ക്രിസ്തുമതത്തിലെ അതിസ്വാഭാവിക ഘടകത്തിന്റെ മൂല്യം കുറച്ചു കാണിക്കാനുള്ള പ്രവണത ഇവരുടെ ഇടയിൽ പ്രകടമത്രേ. ഇവർ ലിബറൽ പ്രോട്ടസ്റ്റന്റിസം പുലർത്തുന്നു. റാഷണലിസമാണ് ഇവരുടെ ശൈലി.

### 3. ഹൈ ചർച്ച് പാർട്ടി

കാൽവിന്റെ പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രം സ്വീകരിക്കാതെ ആംഗ്ലിക്കൻ സഭാംഗങ്ങളായിത്തീർന്ന നിരവധിയാളുകൾ 16-ാം നൂറ്റാണ്ടു മുതൽ ഇംഗ്ലണ്ടിലെ സഭയിൽ ഉണ്ടായിരുന്നു. ഇപ്പോഴും അപ്രകാരം ഒരു വിഭാഗമുണ്ട്. മറ്റ് ആംഗ്ലിക്കൻ സഭാവിഭാഗങ്ങളിൽ നിന്ന് താത്വികമായും ആരാധനക്രമപരമായും ഇവർ വ്യത്യസ്തരായിരുന്നു. ആംഗ്ലിക്കൻ സഭയിലെ കാതലിക് പാർട്ടി അഥവാ ആംഗ്ലോ-കാതലിക് എന്ന് ഇവർ അറിയപ്പെട്ടിരുന്നു. ഇവരുടെ ഇടയിലും പ്രശസ്തരായ എഴുത്തുകാരും നേതാക്കന്മാരും ഉണ്ടായിട്ടുണ്ട്.

ഇക്കൂട്ടരിൽ പെട്ട തോമസ് ബ്രെ വിദേശരാജ്യങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കാനുള്ള സൊസൈറ്റി സ്ഥാപിച്ചു (1701). അതുപോലെ യൂണിവേഴ്സിറ്റീസ് മിഷൻ റ്റു സെൻട്രൽ ആഫ്രിക്കയും ഇവർ സ്ഥാപിച്ചതാണ്. 1965-ൽ രണ്ടും ചേർന്ന് ഒന്നായി. 19-ാം നൂറ്റാണ്ടിൽ ഹൈ ചർച്ച് പുനരുദ്ധാരണം ആംഗ്ലിക്കൻ സഭയിൽ ഉണ്ടായി. ഓക്സ്ഫോർഡ് മൂവ്മെന്റ് (1833-1845) എന്നായിരുന്നു അതിന്റെ പേര്. ഇക്കൂട്ടർ സഭാപിതാക്കന്മാരുടെ പഠനങ്ങളിലുള്ള താൽപ്പര്യം ഉണർത്തി. ആംഗ്ലിക്കൻ സഭയേയും കത്തോലിക്കാ സഭയേയും തമ്മിൽ ഐക്യപ്പെടുത്തുന്ന ഘടകങ്ങൾക്ക് അവർ ഊന്നൽ കൊടുത്തുകൊണ്ട് ലഘുലേഖകൾ പ്രസിദ്ധീകരിച്ചു. ആംഗ്ലിക്കൻ ആരാധനക്രമത്തിൽ തന്നെ ഒരു നവീകരണത്തിന് അവർ ഉദ്യമിച്ചു. ജോൺ ഹെൻറി ന്യൂമാനെപ്പോലെ ചിലർ പഠനങ്ങളുടെ വെളിച്ചത്തിൽ റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു.

ഉപേക്ഷിച്ചുകളഞ്ഞ പല ആചാരാനുഷ്ഠാനങ്ങളും അവർ പുനഃപ്രതിഷ്ഠിച്ചു. സന്യാസസമൂഹങ്ങൾ തുടങ്ങി. ഇംഗ്ലണ്ടിലും കോളനികളിലും മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രോട്ടസ്റ്റന്റ് എന്ന ലേബലിൽ അറിയപ്പെടാൻ ആഗ്രഹിക്കാതെ ആംഗ്ലിക്കൻ സഭയിൽ നിന്നവരാണിവർ. റോമിലെ മാർപാപ്പായെ സഭാധ്യക്ഷനായി അംഗീകരിക്കുന്നില്ല എന്നതൊഴി

www.malankaralibrary.com

ച്ചാൽ മറ്റെല്ലാ സംഗതികളും അവർ കത്തോലിക്കരെപ്പോലെ ചെയ്യുന്നു. ചരിത്രപരമായ കൈവയ്പ്പിലും കുർബാനയിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിലും അവർ വിശ്വസിക്കുന്നു. ചിലർ വസ്തുമാറ്റോപദേശവും[3] പഠിപ്പിക്കുന്നു. ഞായറാഴ്ചയും ഇടദിവസങ്ങളിലും ഇവർക്ക് കുർബാനയുണ്ട്. മെഴുകുതിരികളും തിരുവസ്ത്രങ്ങളും ഇവർ ഉപയോഗിക്കുന്നു. വിശുദ്ധ കുർബാന സക്രാരിയിൽ സൂക്ഷിക്കുന്ന പതിവ് ഇവർക്കുണ്ട്. കത്തോലിക്കാ ഗ്രന്ഥകാരന്മാരുടെ ഗ്രന്ഥങ്ങളാണ് ജ്ഞാനവായനയ്ക്ക് ഇവർ ഉപയോഗിക്കുന്നത്.[4]

ആംഗ്ലിക്കൻ കൂട്ടായ്മയിൽ കേന്ദ്രീകൃതമായ നേതൃത്വമില്ല. കൂട്ടായ്മ മുഴുവനും വേണ്ടി നിയമനിർമാണം നടത്താൻ അധികാരമുള്ള നേതൃസ്ഥാനമില്ല എന്നു സാരം. കൂട്ടായമയിലെ 27 പ്രോവിൻസുകളും സ്വതന്ത്രമാണ്. എന്നാൽ ഒന്നിച്ചുകൂടി ആശയവിനിമയം നടത്താനുള്ള മൂന്നു വേദികൾ ആംഗ്ലിക്കൻ സഭയ്ക്കുണ്ട്. ഒന്ന്, ആംഗ്ലിക്കൻ സഭയിലെ മെത്രാന്മാർ പത്തു വർഷത്തിലൊരിക്കൽ ഒന്നിച്ചു കൂടുന്ന ലാംബത് കോൺഫറൻസ്. രണ്ട്, 27 പ്രോവിൻസുകളിലെ അധ്യക്ഷന്മാർ രണ്ടു വർഷത്തിലൊരിക്കൽ ഒന്നിച്ചുകൂടുന്ന യോഗം. മൂന്ന്, കൂട്ടായ്മ മുഴുവനിലും നിന്നുമുള്ള നൂറോളം ആളുകൾ മൂന്നു വർഷത്തിലൊരിക്കൽ ഒന്നിച്ചുകൂടുന്ന ആംഗ്ലിക്കൻ കൺസൾട്ടേറ്റീവ് കൗൺസിൽ. മെത്രാന്മാരും വൈദികരും അൽമായരും ഇതിൽ അംഗങ്ങളാണ്. ഒന്നും മൂന്നും സമിതിയിലേക്ക് നിരീക്ഷകരായി കത്തോലിക്കരെ ആംഗ്ലിക്കൻ സഭ ക്ഷണിക്കുന്നു.

സ്ത്രീകളെ വൈദികരും ബിഷപ്പന്മാരും ആക്കുന്നതു സംബന്ധിച്ച് ചില ആംഗ്ലിക്കൻ പ്രോവിൻസുകളുടെ നിലപാട് സംബന്ധിച്ച് 1988-ൽ പ്രമേയം പാസ്സാക്കി. പട്ടം കൊടുക്കാം എന്നു പാസ്സാക്കുകയല്ല, പിന്നെയോ, ആംഗ്ലിക്കൻ കൂട്ടായ്മയിൽ ഉടലെടുത്ത ഒരു പ്രശ്നത്തെ എങ്ങനെ ലാംബത് കോൺഫറൻസ് അഭിമുഖീകരിച്ചു എന്ന രീതിയിലാണ് നാം മനസ്സിലാക്കേണ്ടത്. കാരണം, എല്ലാ പ്രോവിൻസുകൾക്കും വേണ്ടി നിയമനിർമാണം നടത്താൻ കോൺഫറൻസിന് അധികാരമില്ല. സ്ത്രീകളുടെ പട്ടം സംബന്ധിച്ച് കോൺഫറൻസു കഴിഞ്ഞയുടനെ കാന്റർബറി ആർച്ചുബിഷപ്പ് റോമിലെ മാർപാപ്പായ്ക്ക് എഴുതി തങ്ങളുടെ നിലപാടു വ്യക്തമാക്കി. എക്യുമേനിക്കൽ, സഭാപരം എന്നീ വശങ്ങൾ വേണ്ടവണ്ണം പരിഗണിക്കാതെയാണ് ചില ആംഗ്ലിക്കൻ പ്രോവിൻസുകൾ സ്ത്രീകൾക്ക് പട്ടം നൽകുന്നത്. അത് ആംഗ്ലിക്കൻ-റോമൻ കാത്തലിക് ഐക്യചർച്ചയെ ബാധിക്കും എന്ന് മാർപാപ്പാ മറുപടിക്കത്തിൽ വ്യക്തമാക്കി. ഇരുസഭകളിലെയും ശുശ്രൂഷകളെ പരസ്പരം അംഗീകരിക്കാൻ സ്ത്രീകളുടെ പട്ടം തടസ്സമാകും എന്നും

3. Transubstantiation: നാലാം ലാതറൻ സിനഡിൽ വച്ച് (1215) പാശ്ചാത്യസഭ ഈ തത്വം അംഗീകരിച്ചു.
4. Woodard, *Our Separated Brethren*, London,1968,p.32-75.

www.malankaralibrary.com

ചൂണ്ടിക്കാട്ടി. സ്ത്രീകൾക്ക് പട്ടം കൊടുക്കുന്നതു സംബന്ധിച്ച് ആംഗ്ലിക്കൻ കൂട്ടായ്മയിൽ തന്നെ അഭിപ്രായവ്യത്യാസമുണ്ട്.

**എക്യൂമെനിസം**

രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി കത്തോലിക്കാസഭയും ആംഗ്ലിക്കൻസഭയും തമ്മിൽ മെച്ചപ്പെട്ട ബന്ധങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട്.[5] 1966 മുതൽ റോമിൽ ഒരു ആംഗ്ലിക്കൻ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. സഭൈക്യ കാര്യാലയവുമായി ഇതിന്റെ ഡിറക്ടർ സമ്പർക്കം പുലർത്തുന്നു. കത്തോലിക്കാ സഭയും ആംഗ്ലിക്കൻ സഭയും കൂടി സംയുക്തമായി ദൈവശാസ്ത്ര ചർച്ചകൾ നടത്തുന്നുണ്ട്. മറ്റു ചില സഭകളുമായും ആംഗ്ലിക്കൻ സഭ എക്യുമേനിക്കൽ ചർച്ചകൾ നടത്തുന്നു.[6]

ലൂഥർ, കാൽവിൻ, സ്വംഗ്ലി, അനാബാപ്തിസ്റ്റുകാർ ആദിയായവരിൽ നിന്ന് സ്വാധീനം സ്വീകരിച്ച് ആംഗ്ലിക്കൻസഭയിൽ പുതിയ പുതിയ സഭാ സമൂഹങ്ങൾ ഉടലെടുത്തു. ആംഗ്ലിക്കൻ എപ്പിസ്കോപ്പൽ ഭരണരീതിയോട് യോജിക്കാൻ സാധിക്കാത്ത ആംഗ്ലിക്കൻ സഭക്കാരിൽ ചിലർ കാൽവിന്റെ ആശയങ്ങൾ സ്വീകരിച്ച് പ്രെസ്ബിറ്റേറിയൻ സഭ സ്ഥാപിച്ചു.

## 10. പുതിയ സഭകൾ

### 1. കോൺഗ്രിഗേഷണൽ സഭകൾ

പ്രെസ്ബിറ്റർമാർ പോലും സഭയിൽ ആവശ്യമില്ലെന്നു കരുതിയ ആംഗ്ലിക്കൻ സഭക്കാർ കോൺഗ്രിഗേഷണൽ സഭകൾ സ്ഥാപിച്ചു. ഓരോ പ്രദേശത്തെ സഭയും സ്വതന്ത്രമാണ്. മറ്റു സഭകളെ ആശ്രയിക്കേണ്ടതില്ല എന്ന് ഇവർ പഠിപ്പിച്ചു. സഭാതലവൻ ക്രിസ്തുവാണ്. സഭയിൽ മറ്റൊരു തലവന്റെ ആവശ്യമില്ല. ജനാധിപത്യസംവിധാനമാണ് സഭയിൽ വേണ്ടത്. സഭാംഗങ്ങളെല്ലാം ക്രിസ്ത്യാനികളാകയാൽ ദൈവത്തിന് പുരോഹിതരാണ്. രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ, അവിടുന്ന് അവരുടെ മധ്യത്തിലുണ്ട്. അവൻ അവരുടെ ചിന്തകൾ നയിക്കുന്നു, അവരുടെ പ്രവൃത്തികൾ നിയന്ത്രിക്കുന്നു എന്ന് ഇവർ കരുതുന്നു. 1550-ഓടുകൂടി ഇംഗ്ലണ്ടിലെ നാഷണൽ സഭയിൽനിന്നു വേർപെട്ട ഗ്രൂപ്പുകൾ ഒന്നിച്ചുകൂടി വചനശുശ്രൂഷ നടത്തുകയും ചില കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

---

5. ജി.ചേടിയത്ത്, എക്യൂമെനിസം, 157-163.
6. H.Meyer-L.Vischer, *Growth in Agreement (Ecumenical Documents-II)* N.Y., Ramsey-Geneva,1994, p.13ff.

www.malankaralibrary.com

1582-ൽ റോബർട്ട് ബ്രൗൺ (1550-1633) കോൺഗ്രിഗേഷണൽ സഭയ്ക്ക് ആരംഭമിട്ടു. നാഷണൽ സഭയിൽനിന്നു മാറി, സ്റ്റേറ്റിന്റെ നിയന്ത്രണം കൂടാതെ, സ്വയംഭരണാവകാശമുള്ള സഭകൾ വേണമെന്ന് അയാൾ വാദിച്ചു. അവർ *വേർപാടുകാർ* എന്നറിയപ്പെട്ടു. അവർ കോൺഗ്രിഗേഷനുകൾ സ്ഥാപിച്ചു. മതപീഡനം ഉണ്ടായപ്പോൾ അവർ ഹോളണ്ടിലേക്ക് കുടിയേറി. അവസാനം അമേരിക്കയിൽ അഭയം തേടി. അമേരിക്കൻ രാഷ്ട്രീയത്തിലും സഭയിലും കോൺഗ്രിഗേഷണലിസം വലിയ സ്വാധീനം ചെലുത്തി. ഇവർ ദൈവശാസ്ത്രത്തിൽ കാൽവിന്റെ ചിന്ത സ്വീകരിച്ചു. ലണ്ടൻ യൂണിവേഴ്സിറ്റി ആരംഭിക്കാൻ ഇവരാണ് കാരണക്കാർ. ലണ്ടൻ മിഷണറി സൊസൈറ്റി തുടങ്ങിയത് ഇക്കൂട്ടരാണ്. 1832-ൽ ഇംഗ്ലണ്ടിലേയും വെയിൽ സിലേയും കോൺഗ്രിഗേഷണൽ സഭകൾ ഒരു സഖ്യം ഉണ്ടാക്കി. 1973-ൽ ഈ സഭയും ഇംഗ്ലണ്ടിലെ പ്രെസ്ബിറ്റേറിയൻ സഭയും കൂടിച്ചേർന്ന് യുണൈറ്റഡ് റിഫോംഡ് ചർച്ച് രൂപീകരിച്ചു.[7] തെക്കേ ഇൻഡ്യയിലെ കോൺഗ്രിഗേഷണൽ സഭകൾ 1947-ൽ സി.എസ്.ഐ.യിൽ ചേർന്നു.

## 2. ബാപ്തിസ്റ്റ് സഭകൾ

ആംഗ്ലിക്കൻ സഭയിൽ ഉടലെടുത്ത മറ്റൊരു സഭാസമൂഹമാണ് ബാപ്തിസ്റ്റ് സമൂഹം. ജോൺ സ്മിത്ത് (+1612) എന്ന വേർപാടുകാരനിലാണ് ഇതാരംഭിക്കുന്നത്. ആംഗ്ലിക്കൻ സഭയിലെ എപ്പിസ്കോപ്പസിയോടും അനുഷ്ഠാനങ്ങളോടുമുള്ള എതിർപ്പിൽ നിന്നാണ് ഇത് ഉടലെടുത്തത്. മുതിർന്നവരെ രണ്ടാമതും ജലത്തിൽ മുക്കി അവരുടെ കൂടെ ചേർക്കുന്നു. അതിനെ വിശ്വാസികളുടെ സ്നാനമെന്നു വിളിക്കുന്നു. അതിൽ നിന്നാണ് ബാപ്തിസ്റ്റ് എന്ന പേര്. സ്മിത്ത് ഹോളണ്ടിൽ വച്ച് മെന്നോനീത്തരുടെ സ്വാധീനത്തിൽ വന്നു. അവർ അനാബാപ്തിസ്റ്റുകാരായിരുന്നു. തോമസ് ഹെൽവിസ് എന്നയാൾ (+1616) 1612-ൽ ഇംഗ്ലണ്ടിലെ ആദ്യത്തെ ബാപ്തിസ്റ്റ് സമൂഹം സ്ഥാപിച്ചു. അവിടെ നിന്ന് അത് വിവിധ സ്ഥലങ്ങളിലേക്ക് വ്യാപിച്ചു. ചില ബാപ്തിസ്റ്റുകാർ കാൽവിന്റെ ആശയങ്ങൾ കൂടുതലായി സ്വാംശീകരിച്ച് കോൺഗ്രിഗേഷണൽ ആയിത്തീർന്നു. ജോൺ ബനിയൻ (1628-1288) ഒരു ബാപ്തിസ്റ്റുകാരനായിരുന്നു. 17-ാം നൂറ്റാണ്ടിൽ ബാപ്തിസ്റ്റുകാർ അമേരിക്കയിലേക്ക് കുടിയേറി. ഇവരിൽ നിന്ന് പിന്നീട് അവാന്തര വിഭാഗങ്ങളുണ്ടായി.

ജനറൽ ബാപ്തിസ്റ്റ്, പർട്ടിക്കുലർ ബാപ്തിസ്റ്റ് എന്നിങ്ങനെ ബാപ്തിസ്റ്റുകാർ രണ്ടു തരമുണ്ട്. തോമസ് ഹെൽവിസിന്റെ നേതൃത്വത്തിൽ 1612-ൽ ഇംഗ്ലണ്ടിൽ തിരികെയെത്തി സഭ തുടങ്ങിയവരാണ് ജനറൽ ബാപ്തിസ്റ്റുകാർ. കാൽവിന്റെ ചില തത്വങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചു കൊണ്ട് യാക്കോബ് അർമീനിയുസ് (1560-1609) നൽകിയ *അർമീനിയനിസം* എന്നറിയ

7. F.L.Cross,*op.cit.* 333;D.Woodard, *op.cit.* 999-108.

www.malankaralibrary.com

പ്പെടുന്ന കാൽവിനിസം ജനറൽ ബാപ്തിസ്റ്റുകാർ സ്വീകരിച്ചു. "മനുഷ്യനിലെ സ്വതന്ത്രേച്ഛയുമായി ഒത്തുപോകുന്നതാണ് ദൈവത്തിന്റെ പരമാധികാരം. യേശുക്രിസ്തു മരിച്ചത് തെരഞ്ഞെടുക്കപ്പെട്ട കുറേപ്പേർക്കു മാത്രമല്ല, എല്ലാ മനുഷ്യർക്കും വേണ്ടിയാണ്." "ആദത്തിന്റെ വീഴ്ചയ്ക്കു മുമ്പുതന്നെ ഓരോ മനുഷ്യവ്യക്തിയുടേയും തെരഞ്ഞെടുപ്പോ തിരസ്കരണമോ ദൈവം തീരുമാനിച്ചു വച്ചിരിക്കയാണ്" എന്ന കാൽവിനിസ്റ്റ് ചിന്താഗതി ഇവർ അംഗീകരിക്കുന്നില്ല. "ആദത്തിന്റെ വീഴ്ചയ്ക്കു ശേഷമാണ് ഓരോ മനുഷ്യവ്യക്തിയുടേയും തെരഞ്ഞെടുപ്പോ വീഴ്ചയോ ദൈവം തീരുമാനിച്ചിരിക്കുന്നത്" എന്ന കാൽവിനിസ്റ്റ് ചിന്താഗതിയും ഇവർ അംഗീകരിക്കുന്നില്ല. മുൻനിർണയം സംബന്ധിച്ച് കാൽവിനിസത്തിലുള്ള രണ്ട് വിഭാഗക്കാരാണിവർ. ഈ ചിന്താഗതി വേദപുസ്തക വിരുദ്ധമാണെന്ന് ജനറൽ ബാപ്തിസ്റ്റുകാർ കരുതുന്നു.[8]

ലണ്ടനിലുള്ള കുറേ കാൽവിനിസ്റ്റുകാർ 1633-ൽ ഹെൻറി ജേക്കബ് എന്നയാളിന്റെ നേതൃത്വത്തിൽ മുതിർന്നവരുടെ സ്നാനം എന്ന തത്വം സ്വീകരിച്ച് ബാപ്തിസ്റ്റുകാരായി. ഇവർ പർട്ടിക്കുലർ ബാപ്തിസ്റ്റുകാർ എന്നറിയപ്പെട്ടു. കാൽവിന്റെ സിദ്ധാന്തങ്ങൾ ഇവർ സ്വായത്തമാക്കി, കോൺഗ്രിഗേഷണൽ സഭാരീതി സ്വീകരിച്ചു. ഓരോ സമൂഹവും സർവ കാര്യങ്ങളിലും സ്വതന്ത്രമാണ് എന്നതാണ് അവരുടെ പ്രത്യേകത. എന്നാൽ കാലക്രമത്തിൽ ഒരു പ്രദേശത്തെ വിവിധ സമൂഹങ്ങൾ ചേർന്ന് അസോസിയേഷനുകൾ ഉണ്ടാക്കിയിട്ടുണ്ട്.

സെവൻത് ഡേ ബാപ്തിസ്റ്റ് എന്ന പേരിൽ 17-ാം നൂറ്റാണ്ടിൽ ബാപ്തിസ്റ്റ് പ്രസ്ഥാനത്തിൽ പുതിയൊരു സംഘടന ഉടലെടുത്തു. ഞായറാഴ്ച ആചരിക്കാൻ പാടില്ല, ശനിയാഴ്ച ആചരിക്കണം എന്നു പഠിപ്പിക്കുന്ന ബാപ്തിസ്റ്റുകാരാണ് ഇവർ. ഇവരിൽ നിന്നാണ് സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ ശാബതാചരണം എന്ന ആശയം സ്വീകരിച്ചിരിക്കുന്നത്.

ജനറൽ ബാപ്തിസ്റ്റുകാർ 18-ാം നൂറ്റാണ്ടിൽ യൂണിറ്റേറിയൻ സ്വാധീനത്തിൽ വന്നതിനാൽ, മുതിർന്നവരുടെ സ്നാനം എന്ന തത്വം അവരുടെ ഇടയിൽ നിന്നുപോയി. ത്രിത്വപ്രബോധനവും ക്രിസ്തുവിന്റെ ദൈവത്വവും നിഷേധിച്ചുകൊണ്ട് ദൈവം ഏകയാളാണ് എന്നു പഠിപ്പിക്കുന്ന ചിന്തയാണ് യൂണിറ്റേറിയനിസം.[9] കാലക്രമത്തിൽ കുറേപ്പേർ ഈ ചിന്ത ഉപേക്ഷിച്ച് ബാപ്തിസ്റ്റ് വിഭാഗത്തിൽ വന്നു. മിഷൻ പ്രവർത്തനം ലക്ഷ്യമാക്കി ബാപ്തിസ്റ്റ് മിഷണറി സൊസൈറ്റി എന്നപേരിൽ 1792-ൽ വില്യം കറെയുടെ(1761-1834)

8. F.L.Cross, *op.cit.* 129 -130.90.
9. *Ibid.* 1408-1409.

www.malankaralibrary.com

ആഹ്വാനത്താൽ തുടങ്ങിയ സംഘടന മിഷൻ പ്രവർത്തനത്തിന് പ്രോട്ടസ്റ്റന്റ് സഭകളിൽ വളരെ പ്രോത്സാഹനവും പ്രേരണയും നൽകി.

വില്യം കറെ 1793-ൽ കൽക്കട്ടായിൽ വന്ന് പ്രവർത്തനം തുടങ്ങി. സതി നിർത്തലാക്കാൻ 1829-ൽ കറെ കഠിനമായി പരിശ്രമിച്ചു. മിഷണറിമാർക്ക് ഇൻഡ്യയിലേക്ക് കടന്നുവരാൻ കറെയുടെ ഈ സൊസൈറ്റി പ്രേരണ നൽകി. അദ്ദേഹം പർട്ടിക്കുലർ ബാപ്തിസ്റ്റുകാരൻ ആയിരുന്നു.

അമേരിക്കയിൽ കുടിയേറിയ ബാപ്തിസ്റ്റുകാർ ഗണ്യമായ മിഷൻ പ്രവർത്തനം നടത്തി. അമേരിക്കയുടെ തെക്കൻ സംസ്ഥാനങ്ങളിൽ അവർ വളരെ വേഗം വർധിച്ചു. നീഗ്രോ ക്രിസ്ത്യാനികളിൽ 65%-ൽ കൂടുതൽ ബാപ്തിസ്റ്റുകാരാണ്. ചരിത്രകാരനായ കെ.എസ്. ലത്തുറേറ്റ്, ബില്ലിഗ്രഹാം, മാർട്ടിൻ ലൂഥർ കിംഗ് എന്നിവർ ബാപ്തിസ്റ്റുകാരാണ്.

സ്ട്രിക്ട് ബാപ്തിസ്റ്റ് എന്ന പേരിൽ ഒരുവിഭാഗം കാൽവിനിസം മുറുകെ പിടിക്കുന്നുണ്ട്. സ്കോട്ട്ലൻഡിലെ ബാപ്തിസ്റ്റുകാർ കൃത്യമായി പുതിയ നിയമാനുസൃതം ജീവിക്കുന്നവരെന്ന് അവകാശപ്പെട്ടു. *ഡിസൈപ്പിൾസ് ഓഫ് ക്രൈസ്റ്റ്* എന്ന സഭാവിഭാഗത്തിന്റെ ഒരുറവിടം ഈ സ്കോച്ച് ബാപ്തിസ്റ്റുകാരാണ്. ഇവർ സ്നാനത്തിനും കുർബാനയ്ക്കും വെറും സിംബോളിക് വിലയേ നൽകുന്നുള്ളു. കോൺഗ്രിഗേഷനൽ സഭകളുടെ ആരാധനാ രീതികളാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. ഇവർക്ക് ചരിത്രപര കൈവയ്പ്പുള്ള വൈദികസ്ഥാനികളില്ല. എന്നാൽ ഓരോ സമൂഹത്തിനും പാസ്റ്റർമാരുണ്ട്.

**ബാപ്തിസ്റ്റ് വേൾഡ് അലയൻസ്**

പല ബാപ്തിസ്റ്റ് സഭകൾ ചേർന്ന് ബാപ്തിസ്റ്റ് വേൾഡ് അലയൻസ് 1905-ൽ ഉണ്ടാക്കിയിട്ടുണ്ട്. ഇതിൽ 138 അംഗസഭകളുണ്ട്. ഓരോ പ്രാദേശിക ബാപ്തിസ്റ്റ് സമൂഹവും പരമാധികാരമുള്ളതാണ്. ഓരോന്നിനും അവരുടേതായ ഭരണസംവിധാനവുമുണ്ട്. ശിശുസ്നാന നിഷേധം, മുതിർന്നവരെ ജലത്തിൽ മുക്കിയുള്ള സ്നാനം, അത്തരക്കാർ മാത്രമാണ് വീണ്ടും ജനിച്ചവർ എന്ന ധാരണ, അത്തരക്കാർക്ക് സഭയിലുള്ള അംഗത്വ തുല്യത തുടങ്ങിയവ ഇവരുടെ അടിസ്ഥാന പ്രമാണങ്ങളാണ്. വിശ്വാസികളുടെ പൗരോഹിത്യം, യേശുക്രിസ്തുവിലുള്ള വിശ്വാസത്താലും അനുതാപത്താലും ലഭിക്കുന്ന ദൈവത്തിന്റെ സൗജന്യദാനമാണ് രക്ഷ എന്ന ആശയം, സുവിശേഷം പങ്കുവയ്ക്കാനുള്ള ആവേശം എന്നിവ ഇവരിൽ ദൃശ്യമാണ്. മാനസ്സാന്തരപ്പെടുത്തേണ്ട കൂട്ടമായിട്ടാണ് അവർ കത്തോലിക്കരെ കാണുന്നത്. എക്യുമേനിസം എന്ന വാക്കുതന്നെ പല ബാപ്തിസ്റ്റുകാരും ഉപയോഗിക്കുന്നില്ല. ഒരു ദൃശ്യാധ്യക്ഷന്റെ നേതൃത്വത്തിൽ അംഗീകൃത തത്വങ്ങളുടെ പേരിലുള്ള ഐക്യം എന്ന ആശയം അവർക്ക് അന്യമാണ്. ഘടനാപരമോ, താത്വികമോ ആയ ഐക്യത്തിന് അവർ എതിരാണ്. കത്തോലിക്കാ സഭയും ബാപ്തിസ്റ്റ്

www.malankaralibrary.com

വേൾഡ് അലയൻസുമായി നടത്തുന്ന എക്യുമേനിക്കൽ ചർച്ചകളുടെ ഫലമായി പല തെറ്റുദ്ധാരണകളും മാറിക്കിട്ടാൻ ഇടയായിട്ടുണ്ട്.[10]

ഇൻഡ്യയിൽ ഏതാണ്ട് പതിനാറോളം ബാപ്തിസ്റ്റ് സഭകൾ പ്രവർത്തിക്കുന്നു. സി.എൻ.ഐ.യുടെ രൂപീകരണാവസരം ചില ബാപ്തിസ്റ്റുസഭകൾ അതിൽ ചേർന്നു. ഇൻഡ്യയുടെ വടക്കുകിഴക്കൻ മേഖലയിൽ അവർ ധാരാളമായി പ്രവർത്തിക്കുന്നു. കേരളത്തിൽ ചില സ്വതന്ത്ര ബാപ്തിസ്റ്റ് സമൂഹങ്ങളുണ്ട്. പല ബാപ്തിസ്റ്റ് നേതാക്കന്മാരും മുമ്പ് ബ്രദറൺ കാർ ആയിരുന്നു. ബ്രദറൺ ഉപദേശങ്ങളോട് ഏതാണ്ട് സാമ്യമുള്ളതാണ് ഈ ബാപ്തിസ്റ്റുകാരുടെ പ്രബോധനങ്ങൾ.

### 3. മെതഡിസ്റ്റ് സഭകൾ

ആംഗ്ലിക്കൻസഭയിൽ 18-ാം നൂറ്റാണ്ടിൽ ഉണ്ടായ മതപരമായ ഉണർവിന്റെ ഫലമാണ് മെതഡിസം എന്ന സഭാവിഭാഗം. ജോൺ വെസ്ലിയാണ് (1703-1791) സ്ഥാപകൻ. ആംഗ്ലിക്കൻ സഭയിലെ പുരോഹിതനായ ജോണും സഹോദരനായ ചാൾസും കൂടി പ്രാർഥനയ്ക്കും വേദപുസ്തക പഠനത്തിനും പ്രാധാന്യം കൊടുക്കുന്ന ഒരു ക്ലബ് ഉണ്ടാക്കി. പ്രാർഥനയ്ക്കും വിശുദ്ധ ഗ്രന്ഥപഠനത്തിനും കൃത്യമായ നിഷ്ഠ വച്ചിരുന്നതിനാൽ മെതഡിസ്റ്റുകാർ എന്ന് ഈ ക്ലബിനെ കളിയാക്കി വിളിച്ചു. മെതഡിസ്റ്റുകാർ ഒരു ജീവിതനിയമം എഴുതിയുണ്ടാക്കി. കൃത്യമായ പ്രാർഥന, ക്രമീകൃതമായ വേദപുസ്തകപഠനം, ഉപവാസം, ആഴ്ചതോറുമുള്ള അപ്പം മുറിക്കൽ, ദാനധർമം, രോഗീസന്ദർശനം ആദിയായവ അവർ പരിപാടിയിൽ ഉൾപ്പെടുത്തി. വിശ്വാസം വഴിയുള്ള രക്ഷ എന്ന ലൂഥറൻ തത്വം വെസ്ലി സ്വീകരിച്ചു. അതേത്തുടർന്ന് അയാളെ ആംഗ്ലിക്കൻ സഭയിൽ നിന്ന് പുറത്താക്കി. 1789-ൽ അവർ ഒരുനിയമാവലി ഉണ്ടാക്കി. ആംഗ്ലിക്കൻ ലിറ്റർജിയിൽ പരിഷ്കാരങ്ങൾ വരുത്തി ഒരു ലിറ്റർജിയുണ്ടാക്കി. വെസ്ലിയുടെ സഭാശുശ്രൂഷകർക്ക് ചരിത്രപരമായ കൈവയ്പ്പില്ല.1784-ൽ മെതഡിസത്തിന് ഇംഗ്ലണ്ടിൽ അംഗീകാരം ലഭിച്ചു. ഇംഗ്ലണ്ടിൽ നിന്ന് മെതഡിസം അമേരിക്കയിലേക്കും മിഷൻ പ്രദേശങ്ങളിലേക്കും വ്യാപിച്ചു. വെയിൽസിലേയും സ്കോട്ട്ലൻഡിലേയും മെതഡിസ്റ്റ് നേതാവ് ജോർജ് വൈറ്റ്ബീൽഡാണ് (+1770). അയാൾ കാൽവിന്റെ തത്വങ്ങളാണ് സ്വീകരിച്ചത്.

#### ഇൻഡ്യയിൽ

മെതഡിസ്റ്റ് മിഷണറിമാർ 1956-ഓടുകൂടി ഇൻഡ്യയിൽ പ്രവർത്തിക്കാൻ തുടങ്ങി. തെക്കേ ഇൻഡ്യയിലെ മെതഡിസ്റ്റ് ചർച്ച് സി.എസ്.ഐ.യുടെ

10. *Information Service (=IS),* Vatican, 78 (1991) III-IV, p.164; *IS*, 72(1990)1. 15-16; ബാപ്തിസ്റ്റ് -കാതലിക് ഡയലോഗിനെപ്പറ്റി വിശദമായി: ജി.ചേടിയത്ത്, *എക്യൂമെനിസം,* 190-191 കാണുക.

www.malankaralibrary.com

ഭാഗമായി. വടക്കേ ഇൻഡ്യയിലെ ചില മെതഡിസ്റ്റ് സഭകൾ സി.എൻ.ഐ. യിൽ ചേർന്നു. കേരളത്തിൽ മെതഡിസ്റ്റ് സഭ പ്രചരിച്ചിട്ടില്ല. വേൾഡ് മെതഡിസ്റ്റ് കൗൺസിലുമായി റോമിലെ സഭൈക്യകാര്യാലയം ഐക്യചർച്ചകൾ നടത്തുന്നു.[11] അമേരിക്കയിലെ മെതഡിസ്റ്റുകൾക്കും പുത്രീസഭകൾക്കും ബിഷപ്പന്മാരുണ്ട്. എന്നാൽ ബ്രിട്ടീഷ് മെതഡിസത്തിന് ബിഷപ്പന്മാരില്ല.

**4. സാൽവേഷൻ ആർമി (രക്ഷാസൈന്യം)**

വില്യം ബൂത്ത് (1829-1921) എന്ന മെതഡിസ്റ്റ് വൈദികൻ 1865-ൽ ഇതിനു രൂപം കൊടുത്തു. തന്റെ ചുറ്റുമുള്ള പാവപ്പെട്ടവരുടെ ദയനീയ സ്ഥിതിയെപ്പറ്റി മനസ്സിലാക്കി അവരെ സമുദ്ധരിക്കാൻ അദ്ദേഹം ഒരു സംഘടന രൂപീകരിച്ചു. മെതഡിസ്റ്റ് സഭാചട്ടക്കൂട്ടിൽ ആ ദൗത്യം നിർവഹിക്കാനാവില്ലെന്നു കണ്ട ബൂത്ത് ആ സഭയിൽ നിന്നു പുറത്തു പോയി സാൽവേഷൻ ആർമിക്ക് രൂപം നൽകി. 1878-ലാണ് ഈ പേരിൽ ഇന്നത്തെ രീതിയിൽ രക്ഷാസൈന്യം രൂപീകൃതമായത്. ആദ്യം സ്വമേധയാ സൈന്യം, ക്രിസ്ത്യൻ മിഷൻ എന്നൊക്കെ ഇതറിയപ്പെട്ടു. ബൂത്തും ഭാര്യയും ചുറ്റി നടന്ന് പ്രസംഗിക്കുകയും പരോപകാര പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. സൈനിക നിയമം അനുസരിച്ചുള്ള ഭരണക്രമമാണ് ബൂത്ത് തന്റെ സഭയ്ക്ക് നൽകിയത്. അയാൾ സ്വയം ജനറൽ എന്ന നാമം സ്വീകരിച്ചു. സഹപ്രവർത്തകർക്ക് കേണൽ, ക്യാപ്റ്റൻ, എന്നും മറ്റുള്ളവർക്ക് ഭടന്മാർ എന്നുമുള്ള പദവികൾ നൽകി.1904-ൽ അമേരിക്കൻ വിഭാഗത്തിന്റെ കമാൻഡറായി തന്റെ മകൾ എവാൻജലിനെ നിയമിച്ചു.

അമേരിക്കയിലെ സൈന്യാധിപൻ മേജർ തോമസ് മൂർ 1880-ൽ സ്വയമായി അമേരിക്കയിലെ രക്ഷാസൈന്യം എന്ന സംഘടന സ്ഥാപിച്ച് ബൂത്തിൽ നിന്നു വേർപെട്ടു. എന്നാൽ സാവധാനം അതിലെ ഭൂരിഭാഗത്തേയും തിരികെ കൊണ്ടുവരാൻ ബൂത്തിനു സാധിച്ചു. ശേഷിച്ചവർ 1913-ൽ അമേരിക്കൻ റെസ്ക്യൂ വർക്കേഴ്സ് എന്ന സംഘടന സ്ഥാപിച്ച് അതിന്റെ അംഗങ്ങളായി. സ്നാനവും കർത്താവിന്റെ അത്താഴവും ഇക്കൂട്ടർ അംഗീകരിച്ചു. ബാക്കിയെല്ലാം രക്ഷാസൈന്യം പോലെതന്നെ. രക്ഷാസൈന്യം 1896-ൽ വീണ്ടും പിളർന്നു. വോളണ്ടിയേഴ്സ് ഓഫ് അമേരിക്ക എന്ന പേരിൽ ഒരു സംഘടന ബൂത്തിന്റെ മകൻ ബാല്ലിംഗ്ടന്റെ നേതൃത്വത്തിൽ രൂപീകൃതമായി. ഇവരും സ്നാനവും കർത്താവിന്റെ അത്താഴവും അംഗീകരിച്ചു. പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്ര തത്വങ്ങൾ ഇവർ സ്വീകരിച്ചു. കാലാന്തരത്തിൽ ഈ പിളർപ്പും അവസാനിച്ചു.

വില്യം ബൂത്ത് മരിച്ചപ്പോൾ മകൻ ബ്രോംവെൽ ജനറലായി. 1931 മുതൽ തെരഞ്ഞെടുപ്പു വഴിയാണ് ജനറൽമാരെ കണ്ടെത്തുക. ഹൈ കൗൺസിൽ

11. *അതേകൃതി,* 176-179.

www.malankaralibrary.com

എന്ന ബോഡി ജനറലിനെ തെരഞ്ഞെടുക്കുന്നു. 1878-ൽ വില്യം ബൂത്ത് നൽകിയ 11 പ്രമാണങ്ങളിൽ രക്ഷാസൈന്യത്തിന്റെ ഉപദേശം കാണാം. *ഹാന്ഡ്ബുക്ക് ഓഫ് ഡോക്ട്രിൻ* എന്ന ഗ്രന്ഥത്തിൽ ഇവരുടെ പ്രമാണങ്ങൾ വിശദീകരിക്കുന്നു.

**പ്രബോധനം**

ക്രിസ്തു മൂലമുള്ള രക്ഷയുടെ സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കുന്നതിനു വേണ്ടിയുള്ളപ്രവർത്തകർ അടങ്ങിയ സംഘമായിട്ടാണ് ബൂത്ത് രക്ഷാസൈന്യത്തെ രൂപപ്പെടുത്തിയത്. പിന്നീട് അതൊരു സഭയായി രൂപാന്തരപ്പെട്ടു. എന്നാൽ മെത്രാന്മാരോ, വൈദികരോ, കൂദാശകളോ, ദൈവാലയങ്ങളോ ഇവർക്കില്ല. പാട്ട്, പ്രാർഥന, സാക്ഷി പറച്ചിൽ, പ്രസംഗം, പരോപകാരപ്രവർത്തനങ്ങൾ എന്നിവയ്ക്ക് അവർ പ്രധാന സ്ഥാനം നൽകിയിരിക്കുന്നു. രക്ഷാസൈന്യത്തിലെ ഉദ്യോഗസ്ഥർ ചുവന്ന നിറമുള്ള വസ്ത്രം ധരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ എന്നുള്ളതിന്റെ അടയാളമായിട്ടത്രേ രക്തനിറത്തിലുള്ള വസ്ത്രങ്ങൾ ഇവർ ധരിച്ചിരുന്നത്. ഇപ്പോൾ ഈ രീതി മാറിയിട്ടുണ്ട്.

മാമോദീസായ്ക്ക് പകരം ചുവപ്പ്, മഞ്ഞ, നീല എന്നീ ത്രിവിധ നിറങ്ങളോടു കൂടിയ ഒരു കൊടിയുടെ കീഴിൽക്കൂടെ നടത്തിയാണ് ഇവർ ആളുകളെ രക്ഷാസൈന്യത്തിൽ ചേർക്കുന്നത്. ചുവപ്പ് കർത്താവിന്റെ രക്തത്തേയും മഞ്ഞ പരിശുദ്ധാത്മാവിന്റെ അഗ്നിയേയും നീല പരിശുദ്ധമായ സ്വർഗരാജ്യത്തേയും സൂചിപ്പിക്കുന്നെന്ന് ഇവർ വ്യാഖ്യാനിക്കുന്നു.

നിഖ്യാവിശ്വാസപ്രമാണത്തോട് പലതും കൂട്ടിച്ചേർത്തും അതിൽനിന്ന് ചിലതെല്ലാം നീക്കിയും ഉണ്ടാക്കിയ ഒരു വിശ്വാസപ്രമാണമാണ് ഇവർ ഉപയോഗിക്കുന്നത്. കൂദാശകൾ ഇവർ അംഗീകരിക്കുന്നില്ല. കൂദാശകളെ പറ്റിയുള്ള തിരുലിഖിതസാക്ഷ്യത്തിന് ഇവർ ആത്മീയ വ്യാഖ്യാനം നൽകുന്നു. സ്നാനം ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന ഒരു അംഗീകൃത കർമം ആയിരുന്നെന്നും ജലസ്നാനം സഭയിൽ തുടർച്ചയായി ആചരിക്കണമെന്ന് ക്രിസ്തു കൽപ്പിച്ചിട്ടില്ലെന്നും പരിശുദ്ധാത്മാവിലുള്ള സ്നാനമാണ് അവശ്യം വേണ്ടതെന്നും ഇവർ പഠിപ്പിക്കുന്നു. വി.കുർബാനയെ പറ്റിയുള്ള കർതൃവചനങ്ങൾക്കും അവർ ആത്മീയാർഥം നൽകുന്നു. ശരീരം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക എന്നീ പദങ്ങൾ ആത്മീയമായി മനസ്സിലാക്കണം എന്നും പറയുന്നു.

രക്ഷാസൈന്യത്തെ പല ടെറിട്ടറികളായി തിരിച്ചിരിക്കുന്നു. ടെറിട്ടറികളെ പ്രോവിൻസുകളായും പ്രോവിൻസുകളെ ഡിവിഷനുകളായും തിരിച്ചിരിക്കുന്നു.

www.malankaralibrary.com

**ഇൻഡ്യയിൽ**

പഞ്ചാബിലെ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്ന ഫ്രെഡറിക് ജോർജ് ടക്കർ രക്ഷാസൈന്യ പ്രസിദ്ധീകരണങ്ങളാൽ ആകൃഷ്ടനായി. 1882-ൽ സർക്കാരുദ്യോഗം രാജിവച്ച് ഇംഗ്ലണ്ടിൽ പോയി വില്യം ബൂത്തിനു ശിഷ്യപ്പെട്ടു.ഫക്കീർ സിംഗ് എന്നപേരിൽ രക്ഷാസൈന്യാംഗമായി. ഇൻഡ്യയിൽ പലയിടങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് ബൂത്തിന്റെ ആശയം പ്രചരിപ്പിച്ചു.

**കേരളത്തിൽ**

മദ്രാസിൽനിന്ന് 1892-ൽ കേരളത്തിലെത്തിയ രക്ഷാസൈന്യക്കാർ തോട്ടം തൊഴിലാളികളുടെ ഇടയിൽ ഇത് ആദ്യമായി പ്രചരിപ്പിച്ചു. തുടർന്ന് തിരുവനന്തപുരം കേന്ദ്രമാക്കി നിരവധി സ്ഥലങ്ങളിൽ സമൂഹങ്ങൾ സ്ഥാപിച്ചു. ഇവർ കുഷ്ഠരോഗാശുപത്രികളും മറ്റ് ആശുപത്രികളും സ്ഥാപിച്ചു.

**അവലോകനം**

രക്ഷാസൈന്യം ഒരു സഭ എന്നതിലുപരി പരോപകാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സംഘടന എന്നു പറയുന്നതാകും കൂടുതൽ ശരി. ആംഗ്ലിക്കൻ സഭയിൽ ഇതാരംഭിച്ചത് ഒരു സംഘടനയായിട്ടാണ്. പിന്നീടാണ് മാറി സഭയായിത്തീർന്നത്. ഇവർ കൂദാശകളിൽ വിശ്വസിക്കുന്നില്ല. മറ്റു പ്രോട്ടസ്റ്റന്റ് സഭകൾക്കുള്ള സ്നാനവും തിരുവത്താഴവും പോലും ഇവർക്കില്ല. ലോകത്തിലുള്ള മിക്ക ക്രൈസ്തവസമൂഹങ്ങളും മാമോദീസാ അംഗീകരിക്കുന്നു. ക്രൈസ്തവ സഭയിലേക്ക് പ്രവേശിക്കാനുള്ള കവാടമാണ് സ്നാനം. അതില്ലാത്ത സംഘടനയെ ക്രിസ്തീയം എന്നു പറയാൻ തന്നെ വിഷമമാണ്. പരോപകാരപ്രവർത്തനങ്ങളിൽ ഇവർ വളരെയധികം ശ്രദ്ധിക്കുന്നു എന്നത് മഹത്തായ നേട്ടം തന്നെയാണ്. എന്നാൽ പുരാതന എപ്പിസ്കോപ്പൽ സഭകളിലുള്ള അനേകം ക്രൈസ്തവമൂല്യങ്ങൾ ഇവർക്കില്ല.[12]

**5. ബ്രദറൺകാർ (വേർപാടുകാർ)**

ആംഗ്ലിക്കൻ സഭയിൽ 19-ാം നൂറ്റാണ്ടിൽ ഉടലെടുത്ത ഒരു നവീകരണ കൂട്ടായ്മയാണ് ബ്രദറൺ അസംബ്ലി. ആംഗ്ലിക്കൻ സഭയിലെ എപ്പിസ്കോപ്പൽ ഭരണരീതിയോടും കാൽവിന്റെ സഭയിലെ പ്രെസ്ബിറ്റേറിയൻ ഭരണരീതിയോടും എതിർപ്പുള്ള സമാനചിന്താഗതിക്കാരായ കുറേയാളുകൾ ആംഗ്ലിക്കൻ സഭയിൽ നിന്നുമാറി സ്വതന്ത്രസമൂഹങ്ങൾക്ക് രൂപം നൽകി. ഡബ്ലിനിലാണ് ഇതിനാരംഭം. പ്ലിമത്തുകാരനായ ഗ്രോവ്സും ഡബ്ലിൻകാരനായ ബെല്ലറ്റും ഇതിന് നേതൃത്വം നൽകി. ഇതേ കാലയളവിൽ ഡബ്ലിനിൽ തന്നെ ജെ.വി. പാർനൽ മറ്റൊരു ഗ്രൂപ്പുണ്ടാക്കി. ജോൺ എൻ ഡാർബി എന്ന ആംഗ്ലിക്കൻ

12. *The Salvation Army Year Book 1980*,London 1979; Mar Aprem,*Indian Christian Directory,*110-112.

www.malankaralibrary.com

വൈദികനും ഇവരോടു ചേർന്നു. തുടർന്ന് ഇവരെല്ലാം ഒന്നിച്ചു പ്രവർത്തിക്കാൻ തുടങ്ങി. ജോർജ് മുള്ളർ, ഹെൻറി ക്രേക്ക് എന്നിവർ ബ്രിസ്റ്റളിലും സമൂഹങ്ങൾ തുടങ്ങി. 1830-ൽ പ്ലിമത്തിൽ ഈ സമൂഹം ഉടലെടുത്തു. ഡാർബി, ന്യൂട്ടൻ, ഗ്രോവ്സ് എന്നിവർ പ്ലിമത്തുകാരായിരുന്നതിനാൽ ഇവർ കാലക്രമത്തിൽ പ്ലിമത്ത് ബ്രദറൺ എന്നറിയപ്പെട്ടു. ആദ്യമൊക്കെ പ്രാർഥനയ്ക്കും വേദപുസ്തക പഠനത്തിനും അപ്പം മുറിക്കലിനും ഇവർ സ്വകാര്യഭവനങ്ങളിൽ ഒന്നിച്ചുകൂടിയിരുന്നു.

വചനം പഠിക്കുക, പരമ്പരാഗതസഭകളുടെ പ്രവർത്തനങ്ങളിൽ നിന്ന് അകന്നിരിക്കുക, പ്രായമായശേഷം സ്നാനം സ്വീകരിക്കുക എന്നിവ ഇവരുടെ അടിസ്ഥാന തത്വങ്ങളായിരുന്നു. മുതിർന്നവരുടെ സ്നാനം, ജലത്തിൽ മുക്കിയുള്ള സ്നാനം എന്നിവ ബാപ്തിസ്റ്റുകാരിൽ നിന്നാണ് ഇവർ സ്വീകരിച്ചത്. കാൽവിനിസവും ഭക്തപ്രസ്ഥാനവും (പയറ്റിസം) കൂടിക്കലർന്നുള്ള തത്വങ്ങൾ ഇവർ പഠിപ്പിക്കുന്നു. കർതൃപുനരാഗമനത്തെ പറ്റിയുള്ള പ്രബോധനങ്ങൾക്ക് (മില്ലെനരിസം) കൂടുതൽ ഊന്നൽ നൽകുന്നു. ധാർമികത സംബന്ധിച്ച് കർക്കശ മനഃസ്ഥിതി പുലർത്തുന്നു. കർത്താവിനായി ലോകത്തിൽ നിന്ന് വേർതിരിക്കപ്പെട്ടവർ എന്ന അർഥത്തിൽ വേർപാടുകാർ എന്നറിയപ്പെടാൻ ഇവർ ആഗ്രഹിക്കുന്നു. ഇപ്രകാരം വേർതിരിക്കപ്പെട്ട സഹോദരന്മാരുടെ കൂട്ടം എന്ന നിലയിലാണ് ബ്രദറൺ എന്ന പേര് ഇവർക്ക് ലഭിച്ചത്.

ഇവർക്ക് കേന്ദ്രനേതൃത്വമില്ല. ചരിത്രപരമായി കൈവയ്പ്പുള്ള വൈദിക സ്ഥാനികളില്ല. ഞായറാഴ്ചകളിൽ ഒന്നിച്ചുകൂടുന്നു. കൂദാശകൾ എന്ന ആശയം ഇവർക്കില്ല. കുർബാന ബലിയല്ല. ക്രിസ്തീയ കൂട്ടായ്മയുടെ പ്രതീകമാണ് അവരുടെ അപ്പം മുറിക്കൽ. ക്രിസ്തുവിന്റെ മരണം അനുസ്മരിക്കാനുള്ള ഉപാധിയാണിത്. ഇവർ വളരെ ഭാഗികമായ ക്രിസ്തീയ വീക്ഷണം പുലർത്തുന്നു. ചില വേദപുസ്തകഭാഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുകയും മറ്റുള്ളവ പാടേ അവഗണിക്കുകയും ചെയ്യുന്നു.

ഗ്രോവ്സിന്റെ നേതൃത്വത്തിൽ ഒരുസംഘം 1829-ൽ ബാഗ്ദാദിലേക്കും 1833-ൽ ഒരുസംഘം ഇൻഡ്യയിലേക്കും പുറപ്പെട്ടു. ഓപ്പൺ ബ്രദറൺ, എക്സ്ക്ലൂസീവ് ബ്രദറൺ എന്നിങ്ങനെ 1835 – നോടടുത്ത് ഇവരുടെ ഇടയിൽ പിളർപ്പുണ്ടായി. ശിശുസ്നാനം, അധികാരകേന്ദ്രീകരണം, വേർപാട് എന്നിവയെ ചൊല്ലി നേതാക്കന്മാരുടെ ഇടയിലെ അഭിപ്രായവ്യത്യാസമാണ് പിളർപ്പിനു കാരണം. ഈ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ ഉടലെടുത്ത പ്രവചന കോൺഫറൻസുകൾ ബ്രദറൺകാരെ സ്വാധീനിച്ചു. ഡാർബി ദൈവത്തിന്റെ പ്രവാചകനായി ചമഞ്ഞ് കുറേ പ്രവചനങ്ങൾ നടത്തി. അവയൊക്കെ സർവാബദ്ധങ്ങളായി പരിണമിച്ചു. 1842-ൽ കർതൃപുനരാഗമനം ഉണ്ടാകുമെന്ന് അയാൾ ആളുകളെ പറഞ്ഞ് വിശ്വസിപ്പിച്ചു. അയാളുടെ കൂടെ കൂടിയവർ

www.malankaralibrary.com

എക്സ്ക്ലൂസീവ് ബ്രദറൺകാരായി. ഗ്രോവ്സ്, ക്രേക്ക്, മുള്ളർ തുടങ്ങിയവർ ഓപ്പൺ ബ്രദറൺ വിഭാഗത്തിൽ പെടുന്നു.

വേർപാടും മുതിർന്നവരുടെ സ്നാനവുമാണ് ഇവരുടെ അടിസ്ഥാന തത്വങ്ങൾ. ലോകത്തിൽ നിന്ന് വേർപെട്ടിരിക്കയാണ് ക്രൈസ്തവധർമ്മം. വേർപാടുകാർ കർത്താവിന് വിശുദ്ധരായിരിക്കണം. സങ്കീ.4,3-ഉം നടപടി 13,2-ഉം ഇവർ ആലംബമായി സ്വീകരിച്ചിരിക്കുന്നു. രാഷ്ട്രീയ, സാമുഹ്യ സംഘടനകളിൽ നിന്നു വേർപെട്ടു നിൽക്കണം എന്ന് ഇവർ പഠിപ്പിക്കുന്നു. സ്നാനം പാപം നീക്കുന്നില്ല, സഭാംഗത്വം നൽകുന്നുമില്ല. താൻ കർത്താവിനുള്ളവൻ ആണെന്നും അപ്രകാരം ജീവിക്കുമെന്നും തീരുമാനം ചെയ്യുന്നത് വ്യക്തമാക്കുക മാത്രമാണ് സ്നാനം ചെയ്യുക. രക്ഷിക്കപ്പെടുന്നവന് സ്നാനം നൽകുന്നു. രക്ഷിക്കപ്പെടുന്നതിനാൽ സഭാംഗമാകുന്നു. യേശുവിനെ കർത്താവായി അംഗീകരിക്കുന്നതും പരസ്യമായി ഏറ്റുപറയുന്നതുമാണ് സ്നാനം. ജലത്തിൽ മുക്കിയുള്ള സ്നാനം മാത്രമാണ് യഥാർഥ സ്നാനമെന്ന് ഇക്കൂട്ടർ കരുതുന്നു.

പുരാതന ക്രൈസ്തവസഭയിലെ ദൈവസ്ഥാപിത സഭാശുശ്രൂഷകളൊന്നും ഇവർ അംഗീകരിക്കുന്നില്ല. ശിശുസ്നാനം പാടേ തള്ളിക്കളയുന്നു. ബ്രദറൺ സഭാഹോൾ എന്നാണ് ഇവരുടെ ആരാധനാലയങ്ങളുടെ പേര്. സ്വതന്ത്ര വാചികപ്രാർഥനകളാണ് ഇവർ ഉപയോഗിക്കുന്നത്.

ഇൻഡ്യയിൽ 1833-ൽ എത്തിയ ബ്രദറൺകാർ ബീഹാറിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ആന്ധ്രാ,തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലും അവർ പ്രവർത്തിച്ചു. കേരളത്തിലെ സി.എം.എസുകാരും നവീകരണക്കാരും (മാർത്തോമ്മാക്കാരും) 1895-ൽ ജാഫ്നാക്കാരൻ വേഡ്സ്വർത്, തിരുനെൽവേലിക്കാരൻ ഡേവിഡ് എന്നീ ബ്രദറൺകാരെ പ്രസംഗത്തിനായി ക്ഷണിച്ചു. മാരാമൺ, മല്ലപ്പള്ളി, മാവേലിക്കര എന്നിവിടങ്ങളിൽ അവർ പ്രസംഗിച്ച് ബ്രദറൺ ആശയങ്ങൾ പ്രചരിപ്പിച്ചു. 1896-ൽ ഗ്രിഗ്സൺ എന്ന മിഷണറിയെത്തി. ബാസൽ മിഷണറി നാഗൽ കുന്നംകുളത്തു വന്ന് സ്വതന്ത്രപ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. അയാൾ ബ്രദറൺകാരൻ ബേർഡുമായി ചേർന്ന് തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ പലയിടങ്ങളിലും ബ്രദറൺ പ്രസ്ഥാനം സ്ഥാപിക്കാൻ ശ്രമിച്ചു. മാർത്തോമ്മാ സഭയിലെ റവ. പി. ഇ. മാമ്മൻ കശീശാ (കുമ്പനാട്ടച്ചൻ), കെ.വി. സൈമൺ എന്നിവരും ബ്രദറൺ പ്രസ്ഥാനത്തിൽ ചേർന്നു.

നോയൽ എന്ന മിഷണറി (1878-1943) 1906-ൽ കുമ്പനാട്ടുവന്ന് കുമ്പനാട്ടച്ചനുമായി സഹകരിച്ച് കുറേനാൾ പ്രവർത്തിച്ചു. പിന്നീട് അവർ തമ്മിൽ പിണങ്ങി. നോയൽ അവശസമുദായങ്ങളുടെ ഇടയിലും കുമ്പനാട്ടച്ചൻ സുറിയാനിക്കാരുടെ ഇടയിലും പ്രവർത്തിച്ചു. നോയലിന്റെ വിഭാഗം ഓപ്പൺ ബ്രദറൺ എന്നും മറ്റേവിഭാഗം സിറിയൻ ബ്രദറൺ എന്നും അറിയപ്പെട്ടു.

www.malankaralibrary.com

പിന്നീട് അവർ ഒന്നായി. കെ.വി.സൈമൺ (+1943) ഇടയാറന്മുള കേന്ദ്രമാക്കി വിയോജിതസഭ (മലങ്കര വിയോജിത പ്രസ്ഥാനം)എന്ന പേരിൽ പുതിയൊരു ബ്രദറൺ സമൂഹം ഉണ്ടാക്കി.1928-ഓടുകൂടി അവരും മറ്റുള്ളവരുടെ കൂടെ ചേർന്നു.

കെ.ജി. തോമസും പുത്രൻ ജോർജ് തോമസും (+1993) കൂടി ഇൻഡ്യൻ ഗോസ്പൽ മിഷൻ ബ്രദറൺ പ്രസ്ഥാനത്തിനുള്ളിൽ ആരംഭിച്ചു. കേരളധ്വനി എന്ന പത്രവും നടത്തിയിരുന്നു.1957-59-ലെ കമ്യൂണിസ്റ്റ് ഭരണകാലത്ത് കമ്യൂണിസ്റ്റ് വിരുദ്ധപ്രസ്ഥാനമയിട്ടാണ് ഇതാരംഭിച്ചത്. ഇതിന്റെ പേരിൽ ബ്രദറൺ സമൂഹങ്ങളിൽ കക്ഷിമത്സരങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമുണ്ടായി. - തിരുവല്ലായിലെ മെഡിക്കൽ മിഷൻ ആശുപത്രി ബ്രദറൺസഭ വകയാണ്.

പെന്തക്കോസ്തുസഭകളുടെ മുന്നോടിയായി കേരളത്തിൽ എത്തിയത് ബ്രദറൺ പ്രസ്ഥാനക്കാരാണ്. കേരളത്തിലെ ബ്രദറൺകാരിൽ നിന്നാണ് കേരളത്തിലെ പല പെന്തക്കോസ്തു-ബാപ്തിസ്റ്റ് സമൂഹങ്ങളുടെ നേതാക്കന്മാർ ഉണ്ടായിട്ടുള്ളത്. ബ്രദറൺ ഉപദേശം വേദപുസ്തകത്തിനും ക്രൈസ്തവസഭയുടെ ആദ്യകാലപാരമ്പര്യത്തിനും എതിരാണ്. സ്നാന സംബന്ധമായ അവരുടെ പ്രബോധനം നിരർത്ഥകവും ചരിത്രസത്യത്തിന് നിരക്കാത്തതുമാണ്.[13]

**അവലോകനം**

പതിനാറാം നൂറ്റാണ്ടിലെ പാശ്ചാത്യകത്തോലിക്കാസഭയെ കുറ്റപ്പെടുത്തിക്കൊണ്ട് തുടങ്ങിയ പ്രോട്ടസ്റ്റന്റിസം ഇന്ന് ആത്മീയജീവിതത്തിന് മനുഷ്യരെ എത്രമാത്രം സഹായിക്കുന്നു എന്നത് ചിന്തിക്കേണ്ട വസ്തുതയാണ്. ദൈവാലയത്തിൽ പോയി ഞായറാഴ്ച ആചരിക്കുന്ന ലൂഥറൻകാരുടെ എണ്ണം യൂറോപ്പിൽ ശോചനീയമായി കുറഞ്ഞു. കുട്ടികളെ സ്നാനപ്പെടുത്തുന്ന പതിവ് ലൂഥറനിസത്തിന് ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ ഗണ്യമായി കുറഞ്ഞു. ഭ്രൂണഹത്യ സർവസാധാരണമായി. വളരെയധികം ജനങ്ങൾ സുവിശേഷ ചൈതന്യത്തിൽ നിന്ന് വളരെ അകലെയായി കഴിഞ്ഞു. നവീകരണത്തിന്റെ പേരിൽ 16-ാം നൂറ്റാണ്ടിൽ തങ്ങളുടെ പൂർവികർ പല നല്ല സംഗതികളും ഉപേക്ഷിച്ചു കളഞ്ഞെന്ന് ഇന്ന് പല സഭകൾക്കും ബോധ്യമായിക്കൊണ്ടിരിക്കയാണ്. സമഗ്ര ക്രൈസ്തവ പാരമ്പര്യമാണാവശ്യം, വികലമാക്കപ്പെട്ട പാരമ്പര്യമല്ല എന്നും പലർക്കും തോന്നിത്തുടങ്ങിയിട്ടുണ്ട്. എല്ലാറ്റിനുമുപരി പിളർപ്പ് പാപമാണെന്ന ബോധ്യം ക്രൈസ്തവ ജനതയ്ക്ക് കൂടുതലായി ബോധ്യപ്പെട്ടു വരുന്നു. ആധുനിക

13. റ്റി. ഇ. ഈശോ, *ബ്രദറൺപ്രസ്ഥാനം ലോകമെങ്ങും?,* പാറ്റ്ന, 1981; ജെ.സി.ദേവ് (എഡി.), *ക്രിസ്തുവിന്റെ സഭയും അടിസ്ഥാന ഉപദേശങ്ങളും,* റാന്നി 1988; ഇ. ജെ. ചാക്കോ, *കേരളത്തിലെ ചില സ്വതന്ത്രസഭകൾ,* 9-23.

www.malankaralibrary.com

കാലത്ത് ആധുനികമനുഷ്യന് കാഴ്ചവയ്ക്കേണ്ടത് വികല പാരമ്പര്യങ്ങളല്ല, സമഗ്രപാരമ്പര്യമാണ്. അതുകൊണ്ട് സഭകളെല്ലാം ആത്മശോധനയ്ക്കും വീണ്ടും ഒരു നവീകരണത്തിനും മാറ്റത്തിനും ഐക്യത്തിനും തയാറാകണം.

മേൽപ്പറഞ്ഞ പ്രോട്ടസ്റ്റന്റ് സഭകളും അവയിൽ നിന്നുടലെടുത്ത മറ്റു സഭാസമൂഹങ്ങളും കേരളത്തിലെ പ്രോട്ടസ്റ്റന്റ് സഭകളെ സ്വാധീനിച്ചിട്ടുണ്ട്. വിവിധ പെന്തക്കോസ്തു സമൂഹങ്ങൾ ഇക്കൂട്ടത്തിൽ പെടും. അതുപോലെ മാർത്തോമ്മാ, സി.എസ്.ഐ. എന്നീ സഭകളിൽ നിന്ന് പിരിഞ്ഞു പോയ സഭകൾ ലിബറൽ പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ എത്തിയിട്ടുള്ളവയാണ്.

www.malankaralibrary.com

## അധ്യായം - 8

# രണ്ട് അഡ്വന്റിസ്റ്റ് സമൂഹങ്ങൾ

സെവൻത് ഡേ അഡ്വന്റിസ്റ്റ് (ശാബതുമിഷൻ),യുയോമയം (അഞ്ചര വേദം) എന്നീ സമൂഹങ്ങളെ പറ്റിയാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. അതോടൊപ്പം ഞായറാഴ്ച ആചരണത്തെപ്പറ്റി പുരാതന സഭയുടെ വിശ്വാസം രണ്ടാംഭാഗത്ത് നൽകുന്നു.

കർത്താവിന്റെ പുനരാഗമനം ഉടനെ ഉണ്ടാകുമെന്നു പഠിപ്പിച്ചുകൊണ്ട് 19-ാം നൂറ്റാണ്ടിൽ അമേരിക്കയിൽ പല സമൂഹങ്ങൾ ഉടലെടുത്തു. കർതൃ പുനരാഗമനത്തിനായി ജനങ്ങൾ ഒരുങ്ങണം, കർത്താവു വന്ന് ആയിരം വർഷം നീതിപൂർവം ലോകത്തിൽ ഭരണം നടത്തും, ഈ ഭരണം തിന്മയുടെ മേലുള്ള വിജയത്തോടും നീതിമാന്മാരുടെ ഉത്ഥാനത്തോടും കൂടെ ആരംഭിച്ച്, എല്ലാ മരിച്ചവരുടെയും ഉത്ഥാനത്തിൽ കലാശിക്കും.അർമാഗെദോൻ യുദ്ധത്തിലുള്ള[1] അന്ത്യവിജയത്തിലാണ് തിന്മ കീഴടക്കപ്പെടുക. അതോടു കൂടിയാണ് 1000 വർഷം ആരംഭിക്കുക. 1000 വർഷം കഴിയുമ്പോൾ തിന്മ നിശ്ശേഷം നീങ്ങിപ്പോകുകയും നീതിമാന്മാരുടെ പുതിയ ആകാശവും പുതിയ ഭൂമിയും സംസ്ഥാപിതമാകുകയും ചെയ്യും എന്നൊക്കെ അവർ പഠിപ്പിച്ചു. കർത്താവിന്റെ വരവ് ഉടനേ പ്രതീക്ഷിച്ച് കാത്തിരിക്കുന്നതിനാൽ അഡ്വന്റിസ്റ്റ് എന്ന് ഇവർ അറിയപ്പെടുന്നു.[2]

വില്യം മില്ലർ എന്ന ബാപ്തിസ്റ്റുകാരനാണ് (1782-1849) അഡ്വന്റിസത്തിന്റെ ആരംഭകൻ. ദാനിയേലിന്റെ പുസ്തകം, വെളിപാടു പുസ്തകം

1. വെളി.16,16:ഹർമാഗെദോൻ; 2രാജാ.8,27 (ഹർ മെഗീദോ= മെഗീദോ മല: ഹീബ്രു) ഇതിനെ ആധാരമാക്കി രൂപീകരിച്ച തത്വം.
2. P.G.Damsteegt, *Foundation of the Seventh Day Advenntist Message and Mission,* Grand Rapids,1981; "The seventh Day Adventist Church" in *Ecumenical Review*,19/1(1967) 15-28.

www.malankaralibrary.com

ബൈബിളിലെ മറ്റ് അപ്പോകലിപ്റ്റിക് ഭാഗങ്ങൾ (മത്താ.24-25) എന്നിവയെ ആധാരമാക്കി അയാൾ ന്യൂയോർക്കിലെ ഡ്രസ്ഡണിൽ 1831-ൽ പ്രസംഗം ആരംഭിച്ചു. കർത്താവിന്റെ വരവ് 1843-44-ൽ സംഭവിക്കുമെന്നും അതിനു ശേഷം സഹസ്രാബ്ദവാഴ്ച (മില്ലെനരിസം) തുടങ്ങുമെന്നും അയാൾ പ്രവചിച്ചു. വിവിധ സഭകളിൽനിന്ന് ഏതാണ്ട് അരലക്ഷം പേർ അയാളെ അനുഗമിച്ചു. പ്രീമില്ലേനിയം കോൺഫറൻസുകൾ നടന്നു. *മിഡ്നൈറ്റ് ക്രൈ* എന്ന പേരിൽ ഒരു പ്രസിദ്ധീകരണവും ആരംഭിച്ചു. "ഇതാ, മണവാളൻ വരുന്നു, അവനെ എതിരേൽക്കാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളി ഉണ്ടായി" എന്ന് കന്യകമാരുടെ ഉപമയിൽ സൂചിപ്പിച്ചിരിക്കുന്നതിൽ നിന്നാണ് (മത്താ.25,5) മിഡ്നൈറ്റ് ക്രൈ എന്ന പേര് മില്ലർ സ്വീകരിച്ചത്. അയാൾ പറഞ്ഞതുപോലെ ഒന്നും നടന്നില്ല. പിന്നെ പല തീയതികൾ മാറിമാറി പറഞ്ഞുനോക്കി. അതും നടക്കാതെ വന്നപ്പോൾ പലരും നിരാശരായി മില്ലറെ വിട്ടുപോയി.

കത്തോലിക്കാ സഭയോട് മില്ലർ കടുത്ത വിദ്വേഷം പുലർത്തി. വെളിപാടു പുസ്തകത്തിലെ (അധ്യായം 17-18) ബാബിലോണിനോട് റോമൻ കത്തോലിക്കാസഭയെ മില്ലർ താദാത്മ്യപ്പെടുത്തി.അതിന്റെ തകർച്ച ഉടനേ ഉണ്ടാകുമെന്നും മില്ലർ പ്രവചിച്ചു. കർതൃപുനരാഗമനത്തിന് എല്ലാ സഭകളിലേയും ജനങ്ങളെ ഒരുക്കുക എന്നതാണ് ലക്ഷ്യമെന്ന് മില്ലർ പറഞ്ഞെങ്കിലും, കാലക്രമത്തിൽ അയാൾ അഡ്വന്റിസ്റ്റ് സ്ഥാപകനായി മാറി. പ്രോട്ടസ്റ്റന്റു സഭകളിൽ മില്ലർ വിരുദ്ധചിന്തകൾ പ്രബലപ്പെട്ടപ്പോൾ അയാൾ അവയേയും ബാബിലോണിൽ ഉൾപ്പെടുത്തി. അയാൾ പുതിയൊരു മുദ്രാവാക്യം മുഴക്കി: "ബാബിലോൺ വീണു. എന്റെ ജനമേ, അവരെ വിട്ടുപോരുക" (വെളി. 18,24). ചാൾസ് ഫിറ്റ്സ് എന്ന അനുഗാമി ഇതിന് പ്രചുരപ്രചാരം നൽകി. അങ്ങനെ എല്ലാ സഭകളിൽ നിന്നും തന്റെ കൂടെ ആളുകളെ ചേർത്ത് അഡ്വന്റിസം പ്രചരിപ്പിക്കാൻ മില്ലർ ശ്രമിച്ചു. കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും ഉൾപ്പെടെയുള്ള ക്രിസ്തീയലോകം അന്തിക്രിസ്തു ആണെന്നും ക്രിസ്ത്യാനിയാണെങ്കിൽ ബാബിലോണിനെ വിട്ടുപേക്ഷിക്കണമെന്നും പ്രസംഗിച്ചു. ക്രിസ്തു വരുമ്പോൾ ക്രിസ്ത്യാനിയായി കാണപ്പെടണമെങ്കിൽ ഇപ്പോൾ തന്നെ ബാബിലോണിൽനിന്നു പുറത്തു വരണമെന്നും അല്ലെങ്കിൽ നശിക്കുക എന്നും മറ്റും പറഞ്ഞ് ജനങ്ങളെ ഇളക്കി മറിക്കത്തക്ക മുദ്രാവാക്യങ്ങൾ കണ്ടുപിടിച്ചു. മില്ലറിന്റെ പ്രവചനങ്ങൾ തെറ്റിയെങ്കിലും, അനുയായികളെ പിടിച്ചുനിർത്താൻ ഈ മുദ്രാവാക്യത്തിനു കഴിഞ്ഞു.

തന്റെ പ്രവചന പരാജയത്തിന് അയാൾ ന്യായീകരണം കണ്ടുപിടിച്ചു. യോനാ നിനവെയിൽ നാശം പ്രസംഗിച്ചിട്ട് നാശം സംഭവിച്ചില്ലല്ലോ. അബ്രഹാം ഇസഹാക്കിനെ ബലി കഴിക്കാൻ കൊണ്ടുപോയിട്ട് ബലി കഴിച്ചില്ലല്ലോ. ഇത്തരം വിവരണം കൊണ്ട് കുറേപ്പേരെ കുറേനാൾ കൂടി പിടിച്ചുനിർത്തി. അവസാനം അഡ്വന്റിസ്റ്റ് പ്രസ്ഥാനം മൂന്നായി പിളർന്നു. (1) ഇവാൻജലിക്കൽ അഡ്വന്റിസ്റ്റ്: മില്ലറുടെ യഥാർഥ പിൻഗാമികളാണെന്ന്

www.malankaralibrary.com

അവകാശപ്പെട്ടുകൊണ്ട് കർതൃപുനരാഗമനം ഏതുനിമിഷവും സംഭവിക്കാമെന്ന് ഇവർ വിശ്വസിച്ചു. അവരുടെ ഇടയിൽ നിരവധി കലഹങ്ങൾ ഉടലെടുത്തതിനാൽ 1962-ൽ അത് പിരിച്ചുവിട്ടു. അതിലെ അംഗങ്ങൾ മറ്റ് അഡ്വന്റിസ്റ്റ് സമൂഹങ്ങളിൽ ചേർന്നു. (2) സെക്കന്റ് അഡ്വന്റിസ്റ്റ് ക്രിസ്റ്റ്യൻസ്. കർതൃപുനരാഗമനം 1854-ൽ സംഭവിക്കുമെന്ന് ഒരു യോനാഥാൻ കണ്ണിംഗ്സ് പ്രസംഗിക്കുകയും കുറേപ്പേരെ വിശ്വസിപ്പിക്കുകയും ചെയ്തു. അത് യാഥാർഥ്യമാകാഞ്ഞപ്പോൾ, അവർ ഒരു പ്രത്യേക വിഭാഗമായി തുടർന്നു. അവർ ഞായറാഴ്ച ആചരിക്കുന്നവരാണ്. (3) സെവൻത് ഡേ അഡ്വന്റിസ്റ്റ്. 1860-ലാണ് ഇത് രൂപീകൃതമായത്. കേരളത്തിൽ ഇവർക്ക് ചില ശാഖകളുണ്ട്. അതുകൊണ്ട് അവരെപ്പറ്റി ചർച്ച ചെയ്യാം.

## 1. സെവൻത് ഡേ അഡ്വന്റിസ്റ്റ് സമൂഹം (ശാബതുമിഷൻ)

വില്യം മില്ലറിന്റെ അനുഗാമിയായ ഹെലൻ ഹെർമാൻ എന്ന വനിതയാണ് ഇതിനു രൂപം കൊടുത്തത്. മെതഡിസ്റ്റ് സഭാംഗമായിരുന്ന ഹെലൻ, മില്ലറിന്റെ കൂടെക്കൂടി. കർതൃപുനരാഗമനം നടക്കാതെ വന്നപ്പോൾ പുതിയൊരു സമൂഹത്തിന് ജന്മം നൽകി. ഹെലന് ലഭിച്ചതായി പറയപ്പെടുന്ന വെളിപാടുകൾ അനുസരിച്ചാണ് ഈ സമൂഹം കെട്ടിപ്പടുത്തിരിക്കുന്നത്. 1846-ൽ ഇവർ ജയിംസ് വൈറ്റ് എന്ന സുവിശേഷകനെ വിവാഹം കഴിച്ച് ഹെലൻ വൈറ്റായി.

അഡ്വന്റിസ്റ്റുകാർ ആദ്യം ശനിയാഴ്ച ആചരണക്കാരായിരുന്നില്ല. എന്നാൽ ശനിയാഴ്ച ആചരിക്കുന്ന സെവൻത് ഡേ ബാപ്തിസ്റ്റുകാരുടെ സ്വാധീനത്തിൽ വന്ന അഡ്വന്റിസ്റ്റുകാരാണ് ശനിയാഴ്ചയാചരണം (ശാബതാചരണം) അഡ്വന്റിസത്തിന്റെ ഭാഗമാക്കിയത്. പഴയനിയമത്തിലെ അനുഷ്ഠാനങ്ങൾ അക്ഷരശ്ശഃ പാലിക്കാനുള്ള കടമകളെപ്പറ്റി ചില അഡ്വന്റിസ്റ്റുകാർ ചിന്തിക്കുകയും യഹൂദരുടെ ശാബതാചരണം കൂടി അനുഷ്ഠിച്ചെങ്കിലേ കർത്താവിന്റെ വരവിനുള്ള ഒരുക്കം പൂർത്തിയാകുകയുള്ളു എന്ന് ധരിച്ചുവശാകുകയും ചെയ്തു. 1844-ലെ നിരാശയ്ക്കു ശേഷം പല അഡ്വന്റിസ്റ്റുകാരും പഴയനിയമ ശാബത് ആചരിക്കാൻ തുടങ്ങി. എന്നാൽ 1843-ൽ ഒരു സൺഡേ റിഫോം റിവൈവൽ ഉണ്ടായി. അതിനെതിരായി ശാബതാചരണക്കാർ പ്രവർത്തിക്കുകയും 1844-ൽ തന്നെ ശാബതാചരണക്കാരായ കുറേപ്പേർ അഡ്വന്റിസത്തിൽ ഉടലെടുക്കുകയും ചെയ്തു.

റാഹേൽ ഓക്സ് എന്ന സെവൻത് ഡേ ബാപ്തിസ്റ്റ്, മില്ലറുടെ സമൂഹത്തിൽ ശാബതാചരണം ആരംഭിച്ചു. തുടർന്ന് ഫ്രെഡിക് വീലർ, റ്റി.എം. പ്രേബിൾ എന്നിവരും ഇത് സ്വീകരിച്ചു.അതിനുശേഷം ശാബതിനു വേണ്ടിയുള്ള ശക്തിയായ പ്രചരണം തന്നെ നടന്നു. ശാബത് മാറ്റി ഞായറാഴ്ചയാചരണം നടപ്പാക്കിയത് റോമൻ കത്തോലിക്കാ സഭയാണെന്ന് പ്രചരിപ്പിച്ചു. ദാനിയേൽ 7,25 റോമാസഭയെ കുറിച്ചാണെന്നു വരെ പ്രേബിൾ

www.malankaralibrary.com

തട്ടിവിട്ടു. ശാബതിനു പകരം ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ആചരിക്കുന്ന വരെല്ലാം പോപ്പിന്റെ ഞായറാഴ്ച ആചരിക്കുന്നവരും ശാബത് ലംഘിക്കു ന്നവരുമാണെന്ന് അവർ നുണപ്രചരണം നടത്തി. ബാറ്റെസ്, എഡ്സൺ എന്നിവരെ പ്രേബിൾ സ്വാധീനിച്ചു. ബാറ്റെസ്, ഹെലൻ വൈറ്റിനെ ശാബതാ ചരണം നടപ്പാക്കാൻ പ്രേരിപ്പിച്ചു. അങ്ങനെ ക്രിസ്തീയസഭ ആരംഭം മുതൽ ആചരിച്ചിരുന്ന ഞായറാഴ്ചയാചരണം മാറ്റി ഇക്കൂട്ടർ പഴയനിയമത്തിലെ യഹൂദാചാരമായ ശാബതിലേക്ക് (ശനിയാഴ്ചയിലേക്ക്) മാറിപ്പോയി. ഇവരെ വിട്ടുപിരിഞ്ഞു പോയവരെ സാത്താന്റെ സിനഗോഗ് എന്ന് അവർ വിളിച്ചു (വെളി. 3,9). തങ്ങളുടെ സമൂഹത്തെ ശേഷിപ്പ്, ചെറിയ ശേഷിപ്പ്, ചിതറപ്പെട്ട ശേഷിപ്പ്, ചെറിയ കൂട്ടം ചിതറപ്പെട്ട കൂട്ടം എന്നൊക്കെ വിളിച്ച് ആളുകളെ കൂടെ നിർത്താൻ ശ്രമിച്ചു.

സെവൻത് ഡേ അഡ്വന്റിസ്റ്റ് എന്ന പേര് 1860-ലാണ് ഇവർ സ്വീകരിച്ചത്. അടിസ്ഥാനപരമായി പ്രോട്ടസ്റ്റന്റിസത്തിൽ നിന്നാണ് ഇവർ തത്വങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നവീകരണ പ്രസ്ഥാനങ്ങളെല്ലാം തങ്ങളുടെ മുൻകാല നടപടികളായി ഇവർ കണക്കാക്കുന്നു. ബാപ്തിസ്റ്റുകാരിൽ നിന്ന് മുതിർന്ന വരെ ജലത്തിൽ മുക്കിയുള്ള സ്നാനം ഇവർ സ്വീകരിച്ചു. ദാനിയേൽ 8,14-ലെ 2300 ദിവസങ്ങൾ 1844 ഒക്ടോബർ 22-ന് പൂർത്തിയായതായി ഇവർ കരുതു ന്നു. വെളിപാടുപുസ്തകം ആദിയായ അപ്പോകലിപ്റ്റിക് സാഹിത്യത്തിനു നൽകുന്ന വളരെ വികലമായ വ്യാഖ്യാന രീതികളിൽ നിന്ന് ഉടലെടുത്ത താണ് ഇവരുടെ തത്വങ്ങൾ. വെളിപാടു പുസ്തകത്തിലെ വിവരണങ്ങൾ ആദ്യന്തം അക്ഷരാർഥത്തിൽ തെറ്റായി വ്യാഖ്യാനിച്ചാണ് ഇവർ അഡ്വന്റിസ്റ്റ് തത്വങ്ങൾ രൂപീകരിച്ചിരിക്കുന്നത്. വെളിപാട് 14-ലെ മൂന്നു ദൂതന്മാരുടെ സന്ദേശങ്ങൾ 1755-ലും 1780-ലും 1838-ലും(ഒന്നാമത്തെ ദൂതന്റെ സന്ദേശം), 1844-ലും (രണ്ടാമത്തെ ദൂതന്റെ സന്ദേശം), 1860-ലും(മൂന്നാമത്തെ ദൂതന്റെ സന്ദേശം) സംഭവിച്ചതായി അവർ വ്യാഖ്യാനിക്കുന്നു.

പെന്തക്കോസ്തു സമൂഹങ്ങളിൽനിന്ന് വ്യത്യസ്തമായി ഇവർക്ക് ശാബതാചരണവും കർത്താവിന്റെ പെട്ടെന്നുള്ള പുനരാഗമന വിശ്വാസവു മാണ്. ആഭരണങ്ങൾ പാടില്ലെന്ന് ഇവർ നിഷ്കർഷിക്കുന്നു. ആരാധനയ്ക്ക് പ്രത്യേക ക്രമമില്ല. വചനപ്രഘോഷണത്തിന് കൂടുതൽ സമയം ചെലവഴി ക്കുന്നു. വെളിപാടുപുസ്തകത്തിലെ ദുഷ്ടമൃഗമായും അന്തിക്രിസ്തുവായും റോമിലെ മാർപാപ്പായേയും റോമൻ കത്തോലിക്കാ സഭയേയും ഇവർ ചിത്രീ കരിക്കുന്നു. എല്ലാവിധ ദുഷ്ടതയുടേയും മൂർത്തീഭാവമായ ബാബിലോൺ റോമൻ കത്തോലിക്കാ സഭയാണെന്നാണ് ഇവർ പഠിപ്പി ക്കുന്നത്.

ശാബതു മിഷൻകാർ മദ്യപാനം, പുകവലി ആദിയായവ ഉപേക്ഷി ക്കണം എന്നാണ് വയ്പ്. കൃത്യമായി ദശാംശവും സ്വമേധയാ വഴിപാടുകളും നൽകണം. തിരുവത്താഴം എന്ന പേരിൽ ഒരു ചടങ്ങുണ്ട്. അധികം വരുന്ന അപ്പം തീയിലിടുന്നു. വീഞ്ഞ് ഒഴിച്ചുകളയുന്നു. ആരോഗ്യ പരിപോഷണവും

www.malankaralibrary.com

ആത്മനിയന്ത്രണ സംബന്ധമായ ഉപദേശവും സുപ്രധാനമായി കരുതുന്നു. സസ്യാഹാരത്തിന് ഊന്നൽ നൽകുന്നു.

ആസ്ത്രേലിയാ, അമേരിക്കാ എന്നിവിടങ്ങളിൽ നിന്നുള്ള ശാബതു മിഷൻകാർ 1893-ൽ കൽക്കട്ടായിലെത്തി .അനാഥശാലകൾ, ആശുപത്രികൾ, സ്കൂളുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ ഇവർ പ്രചരണം തുടങ്ങി. സ്ഥാപനങ്ങളിലെ പ്രവർത്തകരൊക്കെ ഈ പ്രസ്ഥാനത്തിന്റെ മിഷണറിമാരാണ്. ശാബതുമിഷൻകാർ കേരളത്തിലെത്തിയത് 1914-ലിലാണ്. സുവിശേഷമുത്ത് എന്ന പ്രസംഗകൻ തിരുവനന്തപുരത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ അഡ്വന്റിസം പ്രചരിപ്പിക്കാൻ പരിശ്രമിച്ചു. 1915-ൽ കേരളത്തിൽ ശാബതുമിഷൻ സ്ഥാപിതമായി. അതിനുശേഷം അവിടവിടെ യായി സ്കൂളുകൾ തുടങ്ങി. തൃശൂരും തിരുവനന്തപുരവുമാണ് ഇവരുടെ ആസ്ഥാനം.

ശാബതുമിഷൻകാർ ഒഴിച്ചുള്ള ക്രിസ്ത്യാനികളെല്ലാം ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുന്നു.ഞായറാഴ്ച ആചരണം ഒരു ശ്ലൈഹിക പാരമ്പര്യമാണ്.വിശുദ്ധ ഗ്രന്ഥത്തിൽ അതിന് വ്യക്തമായ തെളിവുക ളുണ്ട്.ശാബതിന്റെ അന്തസ്സത്ത പാലിച്ചു കൊണ്ടുള്ള ആചരണമാണ് ഞായറാഴ്ചയിലേത്. ശാബതു മിഷൻകാർ അത് 1860-ൽ മാറ്റിമറിച്ചു. അത് പുരാതന ക്രിസ്തീയ പാരമ്പര്യത്തിൽ നിന്നുള്ള വ്യതിചലനമാണ്.3

# 2. ഞായറാഴ്ചയാചരണം

ശാബതുമിഷൻകാരൊഴിച്ചുള്ള ക്രിസ്ത്യാനികളെല്ലാം ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുന്നു. ഞായറാഴ്ചയാചരണം ഒരു ശ്ലൈഹിക പാരമ്പര്യമാണ്. പിൽക്കാലസഭ തുടങ്ങിയ ഒന്നല്ല. വിശുദ്ധ ഗ്രന്ഥത്തിൽ അതിന് വ്യക്തമായ തെളിവുകളുണ്ട്. ശാബതിന്റെ അന്തസ്സത്ത പാലിച്ചു കൊണ്ടുള്ള ആചരണമാണ് ഞായറാഴ്ചയിലേത്. കർത്താവ് വന്ന് സാന്മാർ ഗിക നിയമങ്ങൾ ഉറപ്പിച്ചു. അനുഷ്ഠാന നിയമങ്ങളും ഭക്ഷണ പദാർഥങ്ങളെ സംബന്ധിച്ച നിരോധനങ്ങളും കർത്താവ് നീക്കി. ഛേദനാചാരം, രക്തബലി എന്നിവ നീക്കിക്കളഞ്ഞവയിൽ ഉൾപ്പെടുന്നു. അത്തരത്തിൽ പെട്ടതാണ് ശാബതാചരണം. പലസ്തീനായിലെ യഹൂദന്മാർ ശാബത് വളരെ കർക്കശ മായി അനുഷ്ഠിക്കണമെന്ന് വാദിച്ചവരായിരുന്നു.

---

3. ഇ.ജെ.ചാക്കോ, *കേരളത്തിലെ ചില സ്വതന്ത്രസഭകൾ*, 68-89.

www.malankaralibrary.com

എന്നാൽ യഹൂദന്മാർ വിലക്കിയിരുന്ന പലതും കർത്താവ് ശാബതിൽ ചെയ്തിരുന്നതായി നാം വായിക്കുന്നു. കർത്താവ് ശാബതിൽ രോഗികളെ സുഖപ്പെടുത്തി (യോഹ.5,8-12;9,14;മർക്കോ. 1,29-31;3,1-6; ലൂ.13,10-17;14,1-6). അവിടുന്ന് ശാബതുദിവസം യഹൂദ സിനഗോഗുകളിൽ പഠിപ്പിച്ചു കൊണ്ടിരുന്നപ്പോഴാണ് യഹൂദരുടെ ശാബത് ലംഘിച്ച് നന്മ ചെയ്തത് (മർക്കോ. 1,21;6,6;13,10). യഹൂദപ്രമാണികൾ അതിൽ കുപിതരായി. ശാബതാചരിക്കാത്ത ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല എന്ന് ഫരിസേയരിൽ ചിലർ പറഞ്ഞു (യോഹ.9,16). കർത്താവ് ശാബത് ലംഘിച്ചെന്ന് സദൂക്യരും ധരിച്ചു. അതിനാൽ അവനെ കൊല്ലാൻ അവർ തക്കം നോക്കിക്കൊണ്ടിരുന്നു (യോഹ.5,18). ശാബത് സംബന്ധിച്ചുള്ള ദൈവപ്രമാണത്തിന് കർത്താവ് നൽകിയ അർഥം യഹൂദപ്രമാണികളുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നു. കർത്താവും ശിഷ്യന്മാരും വയലിൽ കൂടി പോയപ്പോൾ കതിർ പറിച്ചുതിന്നു. പലസ്തീനിയൻ യഹൂദ പാരമ്പര്യപ്രകാരം അത് ശാബത് ലംഘനമായിരുന്നു. (മർക്കോ.1,23-28). യേശു സുഖപ്പെടുത്തിയ തളർവാദരോഗി തന്റെ കിടക്കയും എടുത്തുകൊണ്ട് നടന്നതും ശാബതുദിവസമായിരുന്നു (യോഹ. 5,8-12). ''ശാബത് മനുഷ്യനു വേണ്ടിയാണ്, മനുഷ്യൻ ശാബതിനു വേണ്ടിയല്ല, മനുഷ്യപുത്രൻ ശാബതിന്റേയും കർത്താവാണ്'' എന്നു പറഞ്ഞ് കർത്താവ് അവർക്ക് മറുപടി നൽകി (മർക്കോ. 2,27).

"ദൈവം ഏഴാം ദിവസം വിശ്രമിച്ചു" എന്ന് ഉൽപ്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് (2,2-3), യഹൂദചരിത്രത്തിൽ നിന്ന് പിറകോട്ടു തിരിഞ്ഞ് അവർ ചിന്തിച്ചതിന്റെ വെളിച്ചത്തിൽ എടുത്ത അനുമാനമാണ്. "ദൈവത്തെ ആരാധിക്കണം'' എന്നത് ദൈവപ്രമാണത്തിൽ പെടുന്നു. അന്ന് നന്മ ചെയ്യരുതെന്നോ, ആവശ്യങ്ങൾ നിറവേറ്റരുതെന്നോ ദൈവം കൽപ്പിച്ചിട്ടില്ല. യഹൂദനായ കർത്താവ് യഹൂദ പ്രമാണികളുടേതിൽ നിന്ന് വ്യത്യസ്തമായ അർഥം ശാബതിനു നൽകി. ദൈവത്തെ ആരാധിക്കണമെന്ന സാന്മാർഗിക നിയമം കർത്താവ് മാറ്റിയില്ല. എന്നു മാത്രമല്ല, ഏറ്റവും ശ്രേഷ്ഠമായ ആരാധന ദൈവത്തിന് അർപ്പിച്ചതും ഇപ്പോഴും സ്വർഗീയ ജറുസലേമിൽ അർപ്പിക്കുന്നതും അവിടുന്ന് തന്നെയാണ്.എന്നാൽ എങ്ങനെ ആരാധിക്കണം, എവിടെ വച്ച് ആരാധിക്കണം എന്നു തുടങ്ങിയവ കർമാനുഷ്ഠാനങ്ങളിൽ ഉൾപ്പെടുന്നു.

"സത്യാത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യങ്ങളിലേക്കും നയിക്കും'' എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തത് അനുസരിച്ച് (യോഹ.16,13), ദൈവത്തിന്റെ സഭയിലെ ആരാധനാരീതികളും മറ്റും കർതൃസുവിശേഷം സ്വീകരിച്ച ശ്ലീഹന്മാർ നിശ്ചയിച്ചു. "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയക്കുന്നു...ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം പാലിക്കാൻ എല്ലാ ജനതകളേയും പഠിപ്പിക്കുവിൻ. ഇതാ, ലോകാവസാനം വരെ എന്നും ഞാൻ നിങ്ങളോടു കൂടെയുണ്ട്'' എന്ന കർതൃപ്രബോധനം (മത്താ. 28,18-20) അവർ ശിരസ്സാവഹിച്ചു.

www.malankaralibrary.com

ക്രിസ്തീയസഭ യഹൂദസഭയിൽ ഉത്ഭവിച്ചതാണെങ്കിലും, അത് യഹൂദസഭയല്ല. കർത്താവ് പഴയതിനെ നീക്കി പുതിയ സഭയെ സ്ഥാപിച്ചു. ഇത് ശ്ലീഹന്മാർ മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് ജറുസലേം സിനഡിൽ വച്ച് പരിച്ഛേദനം വേണ്ടെന്നു വച്ചത്. (നട.15). "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്ന കർതൃവാഗ്ദാനം അനുസരിച്ചാണ് (മത്താ.18,18) ശ്ലീഹന്മാർ കർത്താവിന്റെ സഭയിൽ ക്രമീകരണങ്ങൾ വരുത്തിയതും നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കിയതും ശാബതിനു പകരം ഞായറാഴ്ചയാചരണം ഏർപ്പെടുത്തിയതും.

കർത്താവിന്റെ ഉത്ഥാനശേഷം ശ്ലീഹന്മാർ ശാബതുദിവസം യഹൂദസിനഗോഗുകളിൽ പോയിരുന്നു. എന്നാൽ അപ്പം മുറിക്കാനായി ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ഭവനങ്ങളിൽ അവർ ഒന്നിച്ചു കൂടിയിരുന്നു. കർത്താവ് മഹത്വത്തോടെ ഉത്ഥാനം ചെയ്തത് ഒന്നാം ദിവസമായ ഞായറാഴ്ച ആയിരുന്നു. (ലൂ.24,1-35). അതുകൊണ്ട് ശ്ലീഹന്മാർ അതിനെ "കർത്താവിന്റെ ദിവസം" എന്നു വിളിച്ചു (നട.20,7; 1കൊറി. 16,2; വെളി.1,10). കർത്താവ് ശിഷ്യർക്ക് കാണപ്പെട്ടതും ഞായറാഴ്ചകളിൽ ആയിരുന്നു (യോഹ.20,19-29). പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ ആവസിച്ചതും ഞായറാഴ്ച ആയിരുന്നു (നട.2,1-11).

ഇപ്രകാരം ക്രിസ്ത്യാനികൾക്കും ഈ പ്രപഞ്ചത്തിനു മുഴുവനും ഉത്ഥാനവും നവജീവനും ലഭിച്ച ദിവസം, ശാബതിനു പകരം ശ്ലീഹന്മാർ ആചരിച്ചു. നീതിസൂര്യനായ കർത്താവിന്റെ ദിവസമായി ഞായറാഴ്ചയെ അവർ പരിഗണിച്ചു. ക്രിസ്തീയസഭയും യഹൂദ സിനഗോഗും തമ്മിൽ അകലുകയും ജറുസലേം ദൈവാലയം തകർക്കപ്പെടുകയും ചെയ്തപ്പോൾ, ശാബതാചരണത്തിന് സിനഗോഗിൽ പോകുന്ന പതിവ് യഹൂദക്രിസ്ത്യാനികളുടെ ഇടയിലും നിന്നുപോയി. ശാബതാചരണം മാറ്റി ശ്ലീഹന്മാർ ഞായറാഴ്ചയാചരണം നടപ്പാക്കിയത് ദൈവകല്പനയക്ക് എതിരല്ല, കല്പനാനുസൃതമാണ്. സമസ്താധികാരവും നമ്മുടെ കർത്താവിൽ നിന്നു ലഭിച്ച ശ്ലീഹന്മാരാണ് ഇപ്രകാരം ചെയ്തത്. അത് ശാബതിന്റെ ആന്തരികാർഥത്തെ പൂർത്തീകരിക്കുകയും ചെയ്യുന്നു.

കോൺസ്റ്റന്റൈൻ ചക്രവർത്തിക്കുശേഷമാണ് (+337) ശാബതിനു പകരം ഞായറാഴ്ച ആചരണം നടപ്പാക്കിയതെന്ന ശാബതുമിഷൻ വാദം സഭാചരിത്രത്തിന്റെ വെളിച്ചത്തിൽ പരമാബദ്ധമാകുന്നു. സഭാരംഭത്തിൽ ജീവിച്ചിരുന്ന പിതാക്കന്മാരും എഴുത്തുകാരുമെല്ലാം ഇതൊരു ശ്ലൈഹിക പാരമ്പര്യമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നു മാത്രമല്ല, ശാബതുമിഷൻകാരുടെ വരവിനുമുമ്പ് (1860) ദൈവത്തിന്റെ സഭ ഇക്കാര്യത്തിൽ തെറ്റിലായിരുന്നെന്നു ചിന്തിക്കുക ഭോഷത്തമാണ്.

"ഞാനോ, ഇതാ, ലോകാവസാനം വരെ എല്ലാ നാളുകളും നിങ്ങളോടു

www.malankaralibrary.com

കൂടെയുണ്ട്''എന്നാണ് കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നത്. (മത്താ.28,20). എന്റെ നാമത്തിൽ എന്റെ പിതാവ് അയക്കുന്ന സഹായക നായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളവയെല്ലാം നിങ്ങളെ ഓർമിപ്പിക്കും. (യോഹ.14,26). ഈ വാഗ്ദാനം ദൈവത്തിന്റെ സഭയ്ക്ക് എന്നുമുണ്ട്. 1860 വരെ ദൈവഭവന മായിരുന്ന സഭ തെറ്റിൽ ആയിരുന്നെന്നും ഇപ്പോഴാണ് തെറ്റുതിരുത്താൻ ദൈവം തിരുമനസ്സായതെന്നും ചിന്തിക്കുക സാമാന്യബുദ്ധിക്ക് നിരക്കുന്ന തല്ല. തെറ്റിലായ സഭ തെറ്റുതിരുത്താൻ 1860 വർഷം കാത്തിരിക്കേണ്ടി വന്നുവെന്നും അതിന് അബദ്ധപ്രബോധനവുമായി വന്ന ഒരു സ്ത്രീയുടെ വരവ് സഭ നോക്കിപ്പാർത്തുകൊണ്ടിരിക്കയായിരുന്നെന്നും ചിന്തിക്കുക ശുദ്ധ ഭോഷ്കല്ലെങ്കിൽ പിന്ന എന്താണ്?

തെറ്റിന്റെ വക്താക്കളായ ശാബതു മിഷൻകാരാണ് നവീനോപദേശവു മായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. "അവസാനനാളുകളിൽ അനേകർ എന്റെ പേരെടുത്തുവന്ന് അനേകരെ തെറ്റിക്കും. കള്ളപ്രവാചകന്മാരും കള്ള ക്രിസ്തുക്കളും പ്രത്യക്ഷപ്പെടും. അവൻ അവിടെയുണ്ട്, അവൻ ഇവിടെ യുണ്ട് എന്നു പറയും. കഴിയുമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴി തെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും" എന്ന് നമ്മുടെ കർത്താവ് തന്റെ സഭയ്ക്ക് സ്പഷ്ടമായി മുന്നറിയിപ്പു നൽകിയിട്ടുണ്ട് (മത്താ. 24,23-38).

കർത്താവിന്റെ പുനരാഗമനം എപ്പോഴെന്ന് പിതാവിനു മാത്രമേ അറിയൂ. "ആ ദിവസത്തേയും നാഴികയേയും കുറിച്ച് പിതാവ് മാത്രമല്ലാതെ ആരും, സ്വർഗീയ ദൂതന്മാർ പോലും അറിയുന്നില്ല" എന്ന് നമ്മുടെ കർത്താവ് പ്രഖ്യാപിച്ചിരിക്കെ(മത്താ.24,36), കൃത്യ വർഷവും മാസവും തീയതിയും പ്രവചിച്ചത് തിരുവചനത്തോടുള്ള അവഹേളനവും തട്ടിപ്പുമല്ലേ? ദൈവത്തിന്റെ പ്രവാചകന്റെ വേഷം കെട്ടി വന്ന മില്ലറിന്റെ വാക്കുകൾ പൊളിവായിരുന്നെന്നു സ്പഷ്ടമാണല്ലോ. അയാൾ വ്യജപ്രവാചകൻ ആണെന്നു തെളിഞ്ഞു. അതുപോലെ, കത്തോലിക്കാ സഭയേയും മാർപാപ്പായേയും പറ്റി എത്രയെത്ര ദൂഷണങ്ങളും അപവാദങ്ങളുമാണ് മില്ലറും ശാബതുമിഷൻകാരും പറഞ്ഞിട്ടുള്ളതും ഇപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നതും. ഇത് ക്രിസ്തീയമാണോ? ദൈവാത്മാവാണോ ശാബതുമിഷൻകാരെ ഇതിന് പ്രേരിപ്പിക്കുന്നത്? ശാബതുമിഷൻ ഭാഗികമായി മാത്രമേ ക്രിസ്തീയം എന്നു പറയാൻ സാധിക്കൂ. ഒരു കപടക്രൈസ്തവ (യൂദയോ-ക്രിസ്ത്യൻ) സംഘടനയാണിത്. ലോകത്തി ലുള്ള മഹാഭൂരിപക്ഷം ക്രിസ്ത്യാനികളും ഞായറാഴ്ച ആചരിക്കുന്നു. അവരെല്ലാം തെറ്റിലാണ്. മുമ്പ് ആചരിച്ചിരുന്നവരും തെറ്റിലാണ് എന്ന ചിന്ത ബാലിശമാണ്.അബദ്ധോപദേശകരായ ശാബതുമിഷൻകാരാണ് സഭാ പ്രബോധനത്തിൽ നിന്ന് അകന്നുമാറി ദൈവമക്കളെ വഴിതെറ്റിക്കുന്നത്. കത്തോലിക്കാസഭ ശ്ലീഹന്മാരിൽ നിന്നു ലഭിച്ച പാവനമായ പാരമ്പര്യം അഭംഗുരം തുടരുന്നു.

www.malankaralibrary.com

വെളിപാടുപുസ്തകം സംബന്ധിച്ചുള്ള അവരുടെ വ്യാഖ്യാനവും ബഹുവിചിത്രമാണ്. അപ്പോകലിപ്റ്റിക് സാഹിത്യത്തിൽ പെടുന്നതാണ് വെളിപാടുപുസ്തകം. ആ സാഹിത്യശൈലി കണക്കാക്കാതെ അതിനെ കത്തോലിക്കാസഭയെ താറടിക്കാനും മാർപാപ്പായെ അവഹേളിക്കാനും ഉതകുന്ന വിധത്തിലുള്ള വളരെ തെറ്റായ വ്യാഖ്യാനമാണ് ശാബതു മിഷൻകാർ നൽകുന്നത്. അവരുടെ വ്യാഖ്യാനത്തിന് സഭാചരിത്രത്തിൽ ഒരടിസ്ഥാനവുമില്ല. തങ്ങളുടെ തെറ്റായ ലക്ഷ്യങ്ങൾക്കു വേണ്ടി അവർ തിരുലിഖിതത്തെ കോട്ടിമാട്ടുകയാണ്.

## സഭാപിതാക്കന്മാർ

ആദിമസഭയിലെ പിതാക്കന്മാർ ഞായറാഴ്ചയാചരണത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന പരാമർശങ്ങൾ പരിശോധിക്കാം. അവരെല്ലാവരും ഇത് പുരാതനപാരമ്പര്യത്തിന്റെ ഭാഗമായാണ് കണക്കാക്കിയിരുന്നത്. ഒന്നുകിൽ ശാബതുമിഷൻകാർക്ക് സഭാചരിത്രം അജ്ഞാതമായിരിക്കും.അല്ലെങ്കിൽ അവർ മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്നു. കോൺസ്റ്റൻടൈൻ ചക്രവർത്തിക്കു മുമ്പു ജീവിച്ച പിതാക്കന്മാരുടെ മാത്രം രേഖകൾ പരിശോധിക്കാം. കോൺസ്റ്റൻടൈനാണ് ശാബതു മാറ്റി ഞായറാഴ്ച നടപ്പാക്കിയത് എന്നാണല്ലോ ശാബതുമിഷൻകാർ പറയുന്നത്.

1. അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (+110): ക്രിസ്ത്യാനികളായിത്തീർന്ന യഹൂദർ പോലും ശാബതുപേക്ഷിച്ച് കർത്താവിന്റെ ദിവസം ആചരിക്കുന്നെന്ന് മഗ്നേഷ്യർക്കുള്ള ലേഖനത്തിൽ (9,1) അദ്ദേഹം പറയുന്നു: "പഴയ ആചാരങ്ങളിൽ ജീവിച്ചവർ തന്നെയും പുതിയൊരു പ്രത്യാശയിൽ എത്തിച്ചേർന്നു. അവർ ശാബതാചരണം ഉപേക്ഷിച്ചു. അതിനുപകരം നമ്മുടേയും അവരുടേയും ജീവൻ പ്രകാശിച്ച കർതൃദിനം ആചരിച്ചു. ചിലർ നിഷേധിക്കുമെങ്കിലും ഇതിനു കാരണക്കാരൻ ക്രിസ്തുവും അവന്റെ മരണവുമാണ്".[1]

2. രക്തസാക്ഷിയായ വി. ജസ്റ്റിൻ (+165): ഞായറാഴ്ച ആചരണത്തെ പറ്റി ഒന്നാം അപ്പോളജിയിൽ (67,3) ഇപ്രകാരം പറയുന്നു: "ഞായറാഴ്ച എന്നു വിളിക്കപ്പെടുന്ന ദിവസം ഗ്രാമങ്ങളിലും പട്ടണങ്ങളിലും പാർക്കുന്നവർ ഒന്നിച്ചുകൂടുകയും സമയം അനുവദിക്കുന്നതനുസരിച്ച് ശ്ലീഹന്മാരുടെ ഓർമക്കുറിപ്പുകളോ, പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളോ വായിക്കുകയും ചെയ്യുന്നു." ക്രിസ്ത്യാനികൾ ഒന്നിച്ചുകൂടുന്നത് ഞായറാഴ്ച ആണെന്ന് വളരെ സ്പഷ്ടമായി ജസ്റ്റിൻ പ്രസ്താവിക്കുന്നു. തുടർന്ന് അതിന്റെ കാരണവും പറയുന്നു: "ഞായറാഴ്ചയാണ് ഞങ്ങൾ സഭായോഗം കൂടുന്നത്. അത് ദൈവം ഇരുളിനേയും പദാർഥത്തേയും രൂപാന്തരപ്പെടുത്തി ലോകത്തെ സൃഷ്ടിച്ചതും, നമ്മുടെ രക്ഷകനായ യേശുക്രിസ്തു മരിച്ചവരിൽ നിന്ന്

1. ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ,* കോട്ടയം,1987.1996[2], 74.

www.malankaralibrary.com

ഉയിർത്തതുമായ ആദ്യദിവസമായതിനാലാണ്.[2]

3. ബർണബാസിന്റെ ലേഖനം (ക്രി.വ.70–130): എട്ടാം ദിവസമായ ഞായറാഴ്ചയെ പറ്റി ഇപ്രകാരം പറയുന്നു(15,8–9): "കൂടാതെ, അവൻ അവരോടു പറയുന്നു: നിങ്ങളുടെ അമാവാസികളും ശാബതുകളും എനിക്ക് ഇഷ്ടമില്ല (ഏശാ.1,13). അവൻ എന്താണ് അർഥമാക്കുന്നതെന്ന് നിങ്ങൾ കാണുവിൻ. ഈ ശാബതുകൾ എനിക്ക് സ്വീകാര്യമല്ല. എന്നാൽ ഞാനുണ്ടാക്കിയ ആ ശാബതിൽ എല്ലാറ്റിനും വിശ്രമം കൊടുത്തശേഷം ഞാൻ, എട്ടാംദിവസത്തിന്റെ ആരംഭം, അതായത്, മറ്റൊരു ലോകത്തിന്റെ ആരംഭം ഉണ്ടാക്കും. അതുകൊണ്ട്, യേശു മരിച്ചവരിൽ നിന്നുയിർത്ത്, കാണപ്പെട്ട്, സ്വർഗത്തിലേക്ക് കരേറിയ എട്ടാംദിവസം നാമും സന്തോഷത്തോടെ ആഘോഷിക്കുന്നു.[3]

4. ഡിഡാക്കേ (14,1): കർതൃദിനത്തിൽ ഒന്നിച്ചുകൂടുന്നതിനെ പറ്റി പറയുന്നു: കർത്താവിന്റെ ദിവസത്തിൽ[4] നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ അപ്പം മുറിക്കുകയും നന്ദിപറയുകയും ചെയ്യുവിൻ.[5]

5. കൊറിന്തോസിലെ ദിന്നാസ്യോസ് (ക്രി,വ.170):റോമിലെ സൊത്തേറിന് (166–174) എഴുതിയ കത്തിൽ കർത്താവിന്റെ ദിവസത്തെപ്പറ്റി പറയുന്നു: ഇന്ന് ഞങ്ങൾ കർത്താവിന്റെ ദിവസം വിശുദ്ധമായി ആചരിച്ചു.[6] അങ്ങയുടെ ലേഖനം ഞങ്ങൾ വായിച്ചു.[7]

6.ഡിഡസ്കാലിയാ (230): "നാം ഉല്ലസിക്കുകയും ലഘുചിത്തർ ആയിരിക്കുകയും ചെയ്യുന്ന ഞായറാഴ്ചകളിൽപോലും ഒരുവന് അന്തസ്സാരശൂന്യമോ മതവിശ്വാസത്തിന് അന്യമോ ആയ വാക്കുകൾ പറയാൻ അനുവാദമില്ല."[8]

7. അലക്സാണ്ഡ്രിയായിലെ ക്ലെമെന്റ്: എട്ടാം ദിവസത്തെ പറ്റിയും കർത്താവിന്റെ ദിവസത്തെ പറ്റിയും പ്രസ്താവിക്കുന്നു.[9]

8.കേസറിയായിലെ എവുസേബിയസ്(+339):ഞായറാഴ്ചയാണ് ക്രിസ്ത്യാനികളുടെ ശാബതെന്ന് സങ്കീർത്തനഭാഷ്യത്തിൽ (91/92) പറയുന്നു.[10] ഞായറാഴ്ചയാചരണം പരമ്പരാഗതമായി ലഭിച്ചതാണെന്ന്

---

2. ജി.ചേടിയത്ത്, *ആദിമസഭയുടെ സന്ദേശം,* കോട്ടയം,1981.1988.1994[3] 137–138.
3. ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ,*156–157.
4. Kata Kyriaken de Kyriou:each Lord's Day which belongs to the Lord.
5. ജി.ചേടിയത്ത്,*അപ്പസ്തോലിക പിതാക്കന്മാർ,*10.
6. Ten Semeron oun Kyriaken hagian hemeran diegagomen.
7. എവുസേബിയസ്, *തിരുസഭാചരിത്രം,കോട്ടയം,1984.* 4.23.11.
8. ജി.ചേടിയത്ത്, *ഡിഡസ്കാലിയാ,*കോട്ടയം,1987.പേ.154.
9. *സ്ത്രോമാത്താ,* 6,16;7,12.

www.malankaralibrary.com

അദ്ദേഹം പ്രഖ്യാപിക്കുന്നു.

9. സാർദിസിലെ മെലിറ്റോ (+190): കർതൃദിവസത്തെപ്പറ്റി ഒരു കൃതിയെഴുതിയതായി എവുസേബിയസ് സഭാചരിത്രത്തിൽ (4,26) രേഖപ്പെടുത്തിയിരിക്കുന്നു.

10. ഒരിജൻ (+253): ഞായറാഴ്ചദിവസം ശാബതുപോല ആചരിക്കണമെന്ന് അദ്ദേഹം നിർദേശിക്കുന്നു: "ഞായറാഴ്ച ആരും ലൗകിക വേലകളിൽ ഏർപ്പെടരുത്. ലൗകിക വ്യാപാരങ്ങളിൽ നിന്നകന്ന് ആത്മീയ കാര്യങ്ങൾക്കായി സ്വയം സജ്ജമാക്കുക. ദൈവാലയത്തിൽ പോയി വിശുദ്ധ ഗ്രന്ഥവും പ്രസംഗവും കേട്ട് സ്വർഗീയകാര്യങ്ങൾ ധ്യാനിക്കുക."[11]

11. ഡയഗ്നേറ്റസിനുള്ള ലേഖനം (4,1-3): യഹൂദരുടെ ശാബത് സംബന്ധിച്ചുള്ള അന്ധവിശ്വാസത്തെ പരിഹസിക്കുന്നു. "ശാബതു ദിവസം ഒരു നന്മപ്രവൃത്തി പോലും തടയുന്നു എന്നു പറഞ്ഞ് ദൈവത്തെ യഹൂദന്മാർ തെറ്റായി ചിത്രീകരിക്കുന്നത് തികഞ്ഞ അഭക്തിയല്ലേ?"എന്ന് ലേഖന കർത്താവ് ചോദിക്കുന്നു. ഈ ലേഖനം എഴുതിയ ശ്ലൈഹിക പിതാവിനും യഹൂദരുടെ ശാബതിൽ വിശ്വാസമില്ലായിരുന്നു എന്നു സ്പഷ്ടം.[12]

12. സിനഡുകൾ: ഗാംഗ്രാസിനഡ് (325/331) ഞായറാഴ്ചത്തെ ഉപവാസം നിരാകരിക്കുന്നു."സന്യാസത്തിന്റെ പേരിൽ ഞായറാഴ്ച ഉപവസിക്കുന്നവർ ശപിക്കപ്പെടട്ടെ"[13]

കർത്താവിന്റെ ദിവസം മുട്ടുകുത്താൻ പാടില്ലെന്ന് നിഖ്യാസൂനഹദോസ് (325) വിലക്കി.[14]

"പട്ടണത്തിൽ താമസിക്കുന്ന അൽമായർ മൂന്നു ഞായറാഴ്ചകളിൽ തുടർച്ചയായി പള്ളിയിൽ വരാതിരുന്നാൽ സഭാസംസർഗത്തിൽനിന്ന് നീക്കപ്പെടണമെന്ന് നമ്മുടെ പിതാക്കന്മാർ നേരത്തേ തീരുമാനിച്ചിട്ടുള്ളത് നീ അനുസ്മരിക്കുമല്ലോ എന്ന് ഹോസിയുസ് മെത്രാൻ(+357) സാർദിക്കാ സിനഡിൽ (342/3) പ്രസ്താവിച്ചു(കാനൻ-1).[15]

ലവദീക്യാ സിനഡ് (343/381) കർതൃ ദിവസത്തിലെ വിശ്രമത്തെപ്പറ്റി പറയുന്നു (കാനൻ 29): "ക്രിസ്ത്യാനികൾ യഹൂദരെ അനുകരിച്ച് ശനിയാഴ്ച വിശ്രമിക്കരുത്. അന്ന് അവർ ജോലി ചെയ്യണം. മറിച്ച്, കർതൃ ദിവസത്തെ അവർ ബഹുമാനിക്കണം. അന്ന് സാധിക്കുമെങ്കിൽ ക്രിസ്ത്യാനികൾ എന്ന നിലയിൽ അവർ വിശ്രമിക്കണം. എന്നാൽ യൂദന്മാരേപ്പോലെ

10. P.G.23,1168ff.; R.T.Beckwith-W.Scott, *This is the Day,* London,1978. p.75-83.
11. *സംഖ്യാഹോമിലി* 23,4
12. ജി.ചേടിയത്ത്, *അപ്പസ്തോലിക...*,167.
13. കാനൻ,18:ജി.ചേടിയത്ത്,*ആദിമസഭാ...* 374.
14. കാനൻ,20: ജി.ചേടിയത്ത്,*സഭാപിതാക്കന്മാർ*,കോട്ടയം,1980. 1.77.
15. *അതേകൃതി,* 93.

www.malankaralibrary.com

ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ ക്രിസ്തുവിൽനിന്ന് അന്യനായിരിക്കട്ടെ".[16]

"കർതൃദിവസം ഉപവസിക്കുന്ന വൈദിക സ്ഥാനിയെ സ്ഥാനഭ്രഷ്ടനാക്കണം. അൽമായനാണെങ്കിൽ മുടക്കണം" എന്ന് നാലാം നൂറ്റാണ്ടിലെ അപ്പസ്തോലിക കാനോനാകൾ (66) അനുശാസിക്കുന്നു[17]

ഞായറാഴ്ച ദിവസം കുർബാന സമയത്ത് സാധിക്കുമെങ്കിൽ മെത്രാന്റെ കൈയിൽനിന്ന് ജനങ്ങളെല്ലാം കുർബാന സ്വീകരിക്കട്ടെ എന്ന് അപ്പസ്തോലിക പാരമ്പര്യത്തിൽ കാണുന്നു.[18]

13.തെർത്തുല്യൻ (+220): "നമ്മെ സംബന്ധിച്ച്,നമ്മുടെ പാരമ്പര്യം അനുസരിച്ച്, നമ്മുടെ കർത്താവിന്റെ ഉത്ഥാനം അനുസ്മരിക്കുന്ന ദിവസം മാത്രം മുട്ടുകുത്തുന്നതിൽ നിന്ന് നാം ഒഴിഞ്ഞുനിൽക്കുന്നു". വീണ്ടും "കർതൃദിവസം ഉപവസിക്കുന്നതും മുട്ടുകുത്തുന്നതും നിയമവിരുദ്ധമായി ഞങ്ങൾ കരുതുന്നു" എന്നും അദ്ദേഹം പറയുന്നു.[19]

സൃഷ്ടിയുടെ നവീകരണം,നിത്യതയുടെ മുന്നാസ്വാദനം, ഉത്ഥാനത്തിന്റെ മഹത്വം, ജേതാവിന്റെ ജയഭേരി എന്നീ കാരണങ്ങളാൽ സഭാരംഭം മുതൽ ഞായറാഴ്ച സന്തോഷത്തിന്റെ ദിനമായിരുന്നു. നവീകരണവും പൂർണതയും പ്രാപിച്ച്, ശ്രേഷ്ഠമായിത്തീർന്ന പ്രപഞ്ചത്തിന്റെ വക്താക്കളായി ആനന്ദത്തോടും ആഹ്ലാദത്തോടും ആർപ്പുവിളിയോടും കൂടെ ക്രിസ്തുവാഹകർ നാനാഭാഗങ്ങളിൽ നിന്നും ദൈവഭവനമായ സഭയിൽ ഓടിക്കൂടിയിരുന്നു.എങ്ങും ആഹ്ലാദത്തിമർപ്പിന്റെ അലയടികൾ ഉയർന്നിരുന്നു. അത് 1860-ൽ മാറ്റി യഹൂദരുടെ ശാബതാചരണത്തിലേക്ക് ശാബതുമിഷൻകാർ തിരിച്ചുപോയത് പുരാതന ക്രിസ്തീയ പാരമ്പര്യത്തിൽ നിന്നുള്ള വ്യതിചലനമാണ്.

---

16. *അതേകൃതി*,101.
17. *അതേകൃതി,* 189.
18. *അതേകൃതി*,262.
19. തെർത്തുല്യൻ, പ്രാർഥന,23.2: ജി.ചേടിയത്ത്, *പ്രാർഥന സഭയിൽ*, പേ.82; തെർത്തുല്യൻ, *കിരീടത്തെപ്പറ്റി*,3,4.

www.malankaralibrary.com

# 3. യുയോമയം

അഡ്വന്റിസ്റ്റ് സിദ്ധാന്തസ്വാധീനം തിരുവിതാംകൂറിലും ഉണ്ടായി. ക്രിസ്തുവിന്റെ പെട്ടെന്നുള്ള പുനരാഗമനത്തിൽ വിശ്വസിക്കുന്നവരാണ് യുയോമയം എന്നറിയപ്പെടുന്ന സമൂഹത്തിൽ പെട്ടവർ. യുസ്തൂസ് യോസഫ് എന്ന ആംഗ്ലിക്കൻ വൈദികൻ (1835–1887)കായംകുളത്തിനടുത്ത് കന്നീറ്റ് എന്ന സ്ഥലത്ത് 1881–ൽ ഇത് സ്ഥാപിച്ചു. ഒരു തമിഴ് ബ്രാഹ്മണന്റെ പുത്രനായി ഹിന്ദുമതത്തിൽ പിറന്ന് രാമൻ എന്ന പേരിൽ ഇയാൾ അറിയപ്പെട്ടു. 1861–ൽ യുസ്തൂസ് യോസഫ് എന്ന പേരിൽ ക്രിസ്ത്യാനിയായി. മാവേലിക്കര താമസിച്ചിരുന്ന പീറ്റ് സായിപ്പിന്റെ ശിപാർശപ്രകാരം 1868–ൽ കോട്ടയത്തുവച്ച് ഇയാൾ സി.എം.എസ്. ആംഗ്ലിക്കൻ സഭയിൽ വൈദികനാകുകയും 1869 മുതൽ കന്നീറ്റ് ഇടവക വികാരിയാകുകയും ചെയ്തു. വിദ്വാൻകുട്ടി എന്ന പേരിലും അറിയപ്പെട്ടിരുന്നു. സംഗീതത്തിലും പ്രസംഗത്തിലും ഇയാൾ സമർത്ഥനായിരുന്നു.

അക്കാലത്ത് കായംകുളം പ്രദേശത്ത് തമിഴ്നാട്ടുകാരനായ മത്തായി ഉപദേശി ഉണർവുപ്രസംഗങ്ങൾ നടത്തിവന്നു.ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചും സഹസ്രാബ്ദവാഴ്ചയെക്കുറിച്ചും അയാൾ പ്രസംഗിച്ചു. ലോകാന്ത്യം അടുത്തിരിക്കുന്നു, അതിനുശേഷം ക്രിസ്തു ഭൂമിയിൽ വന്ന് ആയിരം വർഷം ഭരണം നടത്തുമെന്ന ചിന്ത ആ പ്രദേശങ്ങളിൽ വ്യാപിച്ചു. വിദ്വാൻകുട്ടി ഇതിൽ ആകൃഷ്ടനായി.

ആംഗ്ലിക്കൻ ലോ ചർച്ച് ഉപദേശങ്ങളും അഡ്വന്റിസ്റ്റ് വീക്ഷണങ്ങളും കൂടിക്കലർന്നതാണ് യുയോമയം. ശാബതുമിഷന്റെ ശാബതാചരണം ഒഴിച്ച് ബാക്കിയെല്ലാ ആശയങ്ങളും യുയോമയത്തിലുണ്ട്.ഇപ്രകാരം പുനരാഗമന സിദ്ധാന്തത്തോടുകൂടി ചില ഭാരതീയ രീതികൾ കൂട്ടിക്കലർത്തി രൂപീകരിക്കപ്പെട്ടതാണ് യുയോമയം.

കന്നീറ്റ് ഉണർവുസഭ, ആറുവർഷക്കക്ഷി, അഞ്ചരവേദം എന്നീ പേരുകളിലും ഈ സമൂഹം അറിയപ്പെടുന്നു. കന്നീറ്റ് സി.എം.എസ് ഇടവക കേന്ദ്രമാക്കി പ്രവർത്തിച്ചതിനാൽ കന്നീറ്റ് ഉണർവുസഭ എന്നും, ആറുവർഷം അഥവാ അഞ്ചരവർഷം കഴിഞ്ഞ് കർത്താവ് വരുമെന്ന് പഠിപ്പിച്ചതിനാൽ (1875 മെയ്–1881 ഒക്ടോബർ) ആറുവർഷക്കക്ഷി, അഞ്ചരവേദക്കാർ എന്നും ഇവർ വിളിക്കപ്പെട്ടു. ക്രിസ്തുമതത്തിനും ഹിന്ദുമതത്തിനും ഇടയ്ക്കുള്ള പ്രസ്ഥാനമാണിത്. എന്നാൽ ക്രിസ്തുമത തത്വങ്ങൾക്കാണ് മുൻതൂക്കം.

പുതിയ സഭ തുടങ്ങുന്നതിനുമുമ്പ് ആംഗ്ലിക്കൻ, യാക്കോബായാ ഇടവകകളിലെ ഒരു ഉണർവു പ്രസംഗകനായിരുന്നു വിദ്വാൻകുട്ടി. അയാളുടെ യോഗങ്ങളിൽ അയാളുടെ സഹോദരങ്ങളും സജീവപങ്കാളികൾ

www.malankaralibrary.com

ആയിരുന്നു. യോഗസമയത്ത് ജനങ്ങൾ നൃത്തം വയ്ക്കുക, ഹാലേലൂയ്യാ പാടുക, പ്രവചിക്കുക, വേദപുസ്തകം വ്യാഖ്യാനിക്കുക, പരസ്യമായി പാപങ്ങൾ ഏറ്റുപറയുക, അനുതാപപൂർവം മാറത്തടിച്ച് നിലവിളിക്കുക എന്നിവയെല്ലാം നടത്തിയിരുന്നു. ഇത്തരത്തിലുള്ള യോഗങ്ങളത്രേ ഉണർവുയോഗങ്ങൾ.

വിദ്വാൻകുട്ടിയും അനുയായികളായിരുന്ന കൂടാരപ്പള്ളിൽ തൊമ്മൻ, ഓമല്ലൂർ ഈപ്പൻ, പുതുപ്പള്ളി ലൂക്കോസ് എന്നീ ഉപദേശിമാരും കൂടി കന്നീറ്റിൽ ഉണർവുസഭ എന്ന പേരിൽ ഒരു സഭ സ്ഥാപിച്ചു. പുത്തൻകൂർ സുറിയാനിക്കാരിൽ നിരവധിപേർ ഇവരോടു കൂടിച്ചേർന്നു. ഇതേത്തുടർന്ന് ആംഗ്ലിക്കൻസഭ വിദ്വാൻകുട്ടിയെ സഭയിൽനിന്ന് നീക്കി. ചില അക്രൈസ്തവരും അവരുടെ കൂടെ ചേർന്നു.

**രണ്ട് പ്രവചനങ്ങൾ**

1875 ആഗസ്റ്റ് 10,11,12 എന്നീ തീയതികളിൽ ലോകത്തിൽ സർവത്ര അന്ധകാരം വ്യാപിക്കുമെന്നും ആകാശത്തിൽ ചില പ്രത്യേക അടയാളങ്ങൾ ഉണ്ടാകുമെന്നും ആയിരുന്നു ഒന്നാമത്തെ പ്രവചനം. 1881-ൽ ക്രിസ്തു രണ്ടാമത് വരുമെന്നും തുടർന്നുള്ള കാലം സ്വർഗവാസം ആയിരിക്കുമെന്നും ആയിരുന്നു രണ്ടാമത്തെ പ്രവചനം. ഇവ അപ്രകാരം സംഭവിക്കുമെന്ന് നിരവധി സാധാരണക്കാർ വിശ്വസിച്ചു. ഇതൊന്നും നടക്കാതെ വന്നപ്പോൾ നിരവധിയാളുകൾ വിദ്വാൻകുട്ടിയെ വിട്ടുപോയി.വിദ്വാൻകുട്ടിയാകട്ടെ, അദൃശ്യവും ആത്മീയവുമായ വിധത്തിൽ അന്ധകാരവും ക്രിസ്തുവിന്റെ വരവും നടന്നുകഴിഞ്ഞു എന്ന് പ്രസംഗിച്ചുനടന്നു.

യുയോമയം എന്നത് യുസ്തൂസ് യോസഫ്മയം എന്നതിന്റെ സംക്ഷിപ്ത രൂപമാണ്. മയം എന്നത് നിറവ് എന്നതിനെ സൂചിപ്പിക്കുന്നു. യുസ്തൂസ് യോസഫിനാൽ നിറഞ്ഞിരിക്കുന്നത് എന്നർഥം. മറ്റൊരർഥം: മായയെ എതിർത്തകറ്റിയത്. യു,യുധ് എന്നീ ധാതുക്കളിൽ നിന്നുണ്ടായതാണ് യുയോ എന്നപദം. യു എന്നാൽ ദൂരീകരിക്കുക. യുധ് എന്നാൽ യുദ്ധം ചെയ്യുക.പാപത്തോട് നിരന്തരം യുദ്ധം ചെയ്തുകൊണ്ടിരിക്കുക. രണ്ടാമത്തെ അർഥം പിന്നീട് നൽകപ്പെട്ടതാണ്.[1]

യുയോമയക്കാർ വിദ്വാൻകുട്ടിയെ ഭഗവാൻ എന്നു വിളിക്കുന്നു. മഹാവിഷ്ണുവിന്റെ പത്താമത്തെ അവതാരമായ ഖഡ്ഗമെന്നും ക്രിസ്താത്മജൻ എന്നും വിളിക്കുന്നു. യോഹന്നാൻ എന്ന നാമവും ഈശ്വര നാമമായി വിദ്വാൻകുട്ടി സ്വീകരിച്ചു. യഹോവാ, യേശു, യോസഫ്, യോഹന്നാൻ എന്നിവ ദൈവത്തിന്റെ ഐക്യനാമങ്ങളാണ്. ത്രിത്വത്തിന് യയേയോയോ എന്നാണ് യുയോമയക്കാർ കൊടുക്കുന്ന പേര്.താൻ

1. *യുയോമയസഭ ശതാബ്ദി സ്മരണിക, പാദശുശ്രൂഷ,* ചെന്നിത്തല, 1982, പേ.29.

www.malankaralibrary.com

ദൈവത്തിന്റെ അവതാരമാണെന്നുവരെ വിദ്വാൻകുട്ടി ധരിച്ചുവശായി. മനുഷ്യർക്ക് ഉയിർപ്പും രൂപാന്തരീകരണവും സിദ്ധിക്കുന്നത് യുസ്തൂസ് യോസഫിലുള്ള വിശ്വാസം വഴിയാണ് എന്ന് അവർ കരുതുന്നു.[2] വിദ്വാൻ കുട്ടി യുയോരാലിസൻ എന്ന പേരുമെടുത്തു. സർവജാതി മതൈക്യത്തിന്റെ പ്രവാചകൻ എന്ന അർഥത്തിൽ, യുസ്തൂസ്, യോസഫ്, രാമൻ, ആലി, വത്സൻ അഥവാ വിത്സൻ എന്നീ നാമങ്ങളുടെ ചുരുക്കമത്രേ ഇത്.

വെളിപാടുപുസ്തകത്തെയും (13,18) ദാനിയേൽ പ്രവചനത്തെയും (8,14;10,13)ആധാരമാക്കിയാണ് യുയോമയക്കാരുടെ പ്രബോധനം. പ്രവചനങ്ങൾ നടക്കാതെ വന്നപ്പോൾ ആത്മീയമായ വ്യാഖ്യാനം നൽകി.

ത്രിയേക ദൈവത്തിലും ക്രിസ്തുവിന്റെ രക്ഷയിലുമുള്ള വിശ്വാസം മാത്രമേ വിദ്വാൻകുട്ടി തന്റെ സഭയുടേതായി അംഗീകരിച്ചിട്ടുള്ളു.താൻ ദൈവത്തിന്റെ പ്രതിനിധി എന്നു മാത്രമല്ല, പരിശുദ്ധാത്മാവിന്റെ അവതാര മാണ് എന്നുകൂടി അയാൾ പഠിപ്പിച്ചിരുന്നു. വേദപുസ്തകവും തന്റെ നിത്യാക്ഷരങ്ങൾ എന്ന ഗ്രന്ഥവും ദൈവനിവേശിതമായി അയാൾ കരുതി. മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതും ആഭരണങ്ങൾ അണിയുന്നതും പാപമാണെന്നും കർത്താവിന്റെ രണ്ടാമത്തെ വരവ് നടന്നുകഴിഞ്ഞിരിക്ക യാൽ തങ്ങൾ സ്വർഗത്തിലാണെന്നും അയാൾ പറഞ്ഞുധരിപ്പിച്ചു. മാമോദീസായ്ക്കു പകരം പട്ടാഭിഷേകം എന്ന ഒരു കർമം നടത്തിയാണ് അയാൾ ആളുകളെ ചേർത്തുകൊണ്ടിരുന്നത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും യുസ്തൂസ് യോസഫിന്റെയും നാമത്തിലാണ് ഈ കർമം. കുർബാനയ്ക്കു പകരം പച്ചവെള്ളവും അപ്പവും ഉപയോഗിച്ച് ഒരു കർമം നടത്തുന്നു. മഹാദൈവാരാധന എന്നാണ് ഇതിന്റെ പേര്. വിവാഹത്തിന് നിത്യവിവാഹം എന്നാണ് പേര്. യുയോമയത്തിന് ഈൗരിഞ്ഛരികാ്വാനൊവൊ (ഇരുവായ്ത്തലവാളിൻനാവ്) എന്ന ഒരു ഭാഷയുണ്ട്. യുയോമയാബ്ദം എന്ന പേരിൽ 1881 ഒക്ടോബർ 2 മുതൽ അവർ പുതിയൊരു വർഷവും തുടങ്ങി. മാസങ്ങൾക്കും ദിവസങ്ങൾക്കും പുതിയ പേരുകളും നിശ്ചയിച്ചു.[3]

ഇവർക്ക് പ്രത്യേക ആരാധനാലയങ്ങളില്ല. ഭവനങ്ങളിൽ ഒന്നിച്ചു കൂടുന്നു. പൊതുശ്മശാനങ്ങളില്ല. അവരവരുടെ പറമ്പുകളിൽ സംസ്കരി ക്കുന്നു. ചരിത്രപരമായ കൈവയ്പ്പുള്ള വൈദികസ്ഥാനകളില്ല. എന്നാൽ വിദ്വാൻകുട്ടി ഉണ്ടാക്കിയ ക്രമീകരണമുണ്ട്. പട്ടക്കാർ, ബോധകന്മാർ, ഉപദേശിമാർ, സെക്രട്ടറിമാർ, നിക്ഷേപ പാത്രസ്ഥന്മാർ, കുടുംബത്തലവന്മാർ, ഐക്യകുടുംബത്തലവന്മാർ, ഭവനവിചാരകന്മാർ, സുവിശേഷകന്മാർ,

2. *അതേകൃതി, 29-33.*

3. *അതേകൃതി, 46-52.*

www.malankaralibrary.com

ദീർഘദർശിമാർ, ഗായകന്മാർ, ക്രമപാലകന്മാർ, ജാഗരൂകന്മാർ, ദ്വാരപാലകന്മാർ എന്നിവർ ഒരോ സമൂഹത്തിലുമുണ്ട്.

1881-ൽ 1500 വീടുകളും 11 സുറിയാനി പട്ടക്കാരും ഉൾപ്പെടെ 10000-ത്തിൽ പരം അംഗങ്ങളും ഇവർക്കുണ്ടായിരുന്നു. ഇപ്പോൾ ഏതാണ്ട് 200-ൽ പരം വീടുകളും 1600-ഓളം അനുയായികളുമേ ഇവർക്കുള്ളു. യുയോമയസഭ ക്രിസ്തീയസഭയുടെ ശാഖയല്ല. ശാബതാചരണമില്ല, പ്രത്യേകിച്ചുള്ള ഞായറാഴ്ചയാചരണമില്ല. എല്ലാദിവസവും വിശുദ്ധമായി പരിഗണിക്കുന്നു. ഇവർക്ക് ഒരു ക്രൈസ്തവവിഭാഗവുമായി ബന്ധവും കൂട്ടായ്മയുമില്ല.

യുസ്തൂസ് യോസഫിനുശേഷം (+1887) യുസ്തൂസ് യാക്കോബ്, യുസ്തൂസ് ഫീലിപ്പോസ്, യുസ്തൂസ് ശാമുവേൽ എന്നിവർ നേതൃസ്ഥാനത്തു വന്നു. 1911-ൽ ഈ സമൂഹം രണ്ടായി പിളർന്നു.1961 വരെ ഈ പിളർപ്പ് തുടർന്നു. എല്ലാ അധ്യക്ഷന്മാരും പേരിനോട് ചേർത്ത് യുസ്തൂസ് എന്നെഴുതുന്നു. 1961-ൽ ഒന്നിച്ചെങ്കിലും 1969-ൽ വീണ്ടും പിളർന്നു. ഇപ്പോൾ രണ്ടുവിഭാഗമായിട്ടാണ് കഴിയുന്നത്.[4] 1982-ൽ ചെന്നിത്തല വച്ച് ഈ സമൂഹത്തിന്റെ ശതാബ്ദിയാഘോഷം നടത്തി.

4. ഡി. മാത്യു, *യുയോമയസഭ, സുധപദവിവരണങ്ങൾ,* കുമ്മല്ലൂർ, 1990;--*മഹത്വപ്രത്യക്ഷത;* എ. അബ്രഹാം, *നിത്യാക്ഷരങ്ങൾ,* അഞ്ചേരി, 1972; —*ക്രിസ്താത്മീയ ഗീതങ്ങളും യുയോമയാത്മ ഗീതങ്ങളും,* കോട്ടയം, 1973; കെ. വൈ. ഗീവർഗീസ്, *നിത്യാക്ഷരങ്ങൾ, പൂർവഭാഗം,* ചെന്നിത്തല, 1989; ----*ഉത്തരഭാഗം,നിത്യജീവപദവി,* ചെന്നിത്തല,1972.--- *ക്രിസ്തുവിന്റെ രണ്ടാംവരവ്,* അഞ്ചേരി,1979; വിദ്വാൻകുട്ടി, *യുയോമയ ഭാഷയുടെ പാഠാരംഭം,* കോട്ടയം, 1846; കെ.എം.ജോൺ, *യേശുക്രിസ്തുവിന്റെ പുനരാഗമനം,* തിരുവല്ല, 1990.

www.malankaralibrary.com

## അധ്യായം - 9

# പെന്തക്കോസ്ത് സമൂഹങ്ങൾ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രോട്ടസ്റ്റന്റ് സഭകളിലുണ്ടായ ആത്മീയ ഉണർവിന്റെ ഫലമായി ഉടലെടുത്ത സഭാസമൂഹങ്ങളാണ് പെന്തക്കോസ്തു സഭകൾ എന്ന പേരിൽ അറിയപ്പെടുന്നത്. അമേരിക്കയിലെ ബാപ്തിസ്റ്റ്, മെതഡിസ്റ്റ് സഭകളിൽ നീഗ്രോകളുടെ ഇടയിലാണ് ഇതാരംഭിച്ചത്. ആത്മീയ ഉണർവുസംഘങ്ങൾ എന്ന നിലയിൽ ആദ്യമാദ്യം മാതൃസഭകളിൽ തന്നെ നിലനിന്നവർ കാലാന്തരത്തിൽ പ്രത്യേക വിഭാഗങ്ങളായി മാറി. ജലത്തിൽ മുക്കിയുള്ള സ്നാനവും വീണ്ടുംസ്നാനവും ബാപ്തിസ്റ്റുകാരെപ്പോലെ ഇവർ സ്വീകരിച്ചു. കൂടാതെ മറുഭാഷ പറച്ചിൽ, രോഗശാന്തിവരം എന്നിവ പരിശുദ്ധാത്മാവിലുള്ള സ്നാനം വഴി ലഭിക്കുന്നെന്ന് ഇക്കൂട്ടർ കരുതി. കാലക്രമത്തിൽ പെന്തക്കോസ്തു പ്രസ്ഥാനം ഒരു സംഘടിത സഭയായി. അൽപ്പസ്വൽപ്പ വ്യത്യാസങ്ങളോടു കൂടെ നിരവധി വിഭാഗങ്ങൾ ഇവരുടെ ഇടയിലുണ്ടായി.

ക്രൈസ്തവസഭയുടെ ആരംഭം മുതൽ കാലാകാലങ്ങളിൽ ആത്മീയ ഉണർവു പ്രസ്ഥാനങ്ങൾ ഉടലെടുത്തിട്ടുണ്ട്. പലപ്പോഴും അവ അതിരുകടന്നുപോയതിനാൽ അധഃപതിച്ചുപോയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങൾ ദൈവജനത്തെ സഭയിൽ നിന്നകറ്റുകയും സമാന്തരസഭയായി മാറുകയും കാലാന്തരത്തിൽ ഇല്ലാതാകുകയും ചെയതിട്ടുണ്ട്. ഏഷ്യാമൈനറിൽ രണ്ടാം നൂറ്റാണ്ടിൽ ഉടലെടുത്ത മോണ്ടനിസം അത്തരത്തിൽ പെട്ട ഒന്നാണ്. മൊണ്ടാനുസും പ്രവാചകികൾ എന്നറിയപ്പെട്ട പ്രിസ്കാ, മാക്സിമില്ലാ എന്നീ സ്ത്രീകളും കൂടി തുടങ്ങിയതാണിത്. തനിക്ക് ദൈവത്തിൽ നിന്ന് പ്രത്യേക ദർശനങ്ങളും വെളിപാടുകളും പരിശുദ്ധാത്മാവിന്റെ ആവാസവും ഉണ്ടായതായി മൊണ്ടാനുസ് അവകാശപ്പെട്ടു. പരിശുദ്ധാത്മദാനം പുതിയ രീതിയിൽ സഭ മുഴുവൻ ചൊരിയപ്പെടാൻ പോകുന്നെന്ന് അവർ പ്രസംഗിച്ചു. ഏഷ്യാമൈനറിൽ ഫ്രീജിയായിലെ

www.malankaralibrary.com

പെപ്പൂസായ്ക്കടുത്ത് സ്വർഗീയ ജറുസലേം താഴേയ്ക്കിറങ്ങുമെന്ന് അവർ പറഞ്ഞു വിശ്വസിപ്പിച്ചു. ക്രിസ്തു ഉടനെ വരുമെന്നും അതിനായി ഒരുങ്ങണമെന്നും ലോകത്തെ ഇപ്രകാരം ഒരുക്കാൻ തങ്ങൾ നിയോഗിക്കപ്പെട്ടിരിക്കുന്നെന്നും അവർ വിശ്വസിച്ചു. കാലാന്തരത്തിൽ അവർ സഭയിൽ നിന്ന് വിട്ടുമാറുകയും ഇല്ലാതാകുകയും ചെയ്തു. 20-ാം നൂറ്റാണ്ടിലെ ഉണർവു പ്രസ്ഥാനങ്ങൾ ഒരു പുതിയ പ്രതിഭാസമാണ്.

## മുന്നോടികൾ

ആധുനിക പെന്തക്കോസ്തലിസം അമേരിക്കയിലാണ് ഉത്ഭവിച്ചതെങ്കിലും അതിന്റെ വേരുകൾ യൂറോപ്പിലാണ്. ക്വെയിക്കേഴ്സ്, ഷെയിക്കേഴ്സ്, ഇർവിംഗ്യർ, മൊർമോൺകാർ എന്നിവരാണ് ആധുനിക പെന്തക്കോസ്തലിസത്തിന്റെ മുന്നോടികൾ. ഈ വിഭാഗങ്ങളിൽ നിന്ന് പെന്തക്കോസ്തുകാർ നിരവധി ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പെന്തക്കോസ്തലിസം ഉടലെടുത്തപ്പോൾ ഈ സംഘടനകളിൽ പെട്ടവർ പെന്തക്കോസ്തുകാരായി മാറി. ക്രിസ്തീയ ജീവിതത്തിന്റെ സത്താപരമായ അംശം ബാഹ്യപ്രകടനങ്ങളിലാണ് എന്ന് മേൽപ്പറഞ്ഞവർ വാദിച്ചിരുന്നു. കൈകൊട്ട്, തമ്പേറടി, ഉച്ചത്തിലുള്ള പ്രസംഗം, പാട്ട്, ഇളകിമറിഞ്ഞുള്ള ആരാധന, ഭാഷാവരത്തോടു കൂടി ആത്മാവിലുള്ള സ്നാനം തുടങ്ങിയവയൊക്കെ ഇവരിൽ നിന്നാണ് പെന്തക്കോസ്തുകാർ സ്വീകരിച്ചത്. മേൽപ്പറഞ്ഞ വിഭാഗങ്ങളെപ്പറ്റി ചുരുക്കി വിവരിക്കാം.

### 1. ക്വെയിക്കേഴ്സ്

ജി. ഫോക്സ് 17-ാം നൂറ്റാണ്ടിൽ സ്ഥാപിച്ചതാണിത്. സജീവനായ ക്രിസ്തുവിന്റെ ആന്തരികപ്രകാശം എന്ന തത്വം ഇയാൾ പഠിപ്പിച്ചു. രക്ഷയുടെ അനുഭവം അഥവാ ആന്തരികജ്ഞാനം എന്ന ക്രിസ്തീയ ഉറപ്പിന്റെ തത്വമാണിത്. ക്രിസ്തു ആത്മാവിൽ നേരിട്ട് പ്രവർത്തിക്കുന്നെന്ന ബോധ്യം ഇവരുടെ ഒരു സുപ്രധാനാശയമാണ്. അതുവഴി പാപത്തിൽനിന്നു വിടുതൽ ലഭിക്കുന്നു. ക്രിസ്തുവുമായി ഐക്യപ്പെടുത്തുന്നു. സത്പ്രവൃത്തികൾ ചെയ്യാൻ കഴിവുറ്റവരാക്കുന്നു. ലാളിത്യം, സത്യസന്ധത എന്നിവയാണ് ഇതിന്റെ ബാഹ്യമായ ഫലങ്ങൾ. ആത്മീയ സ്നാനത്തിലും ആത്മീയ കൂട്ടായ്മയിലും ഇവർ വിശ്വസിക്കുന്നു. "ദൈവവചനത്തിന്റെ മുമ്പിൽ വിറയ്ക്കണം"എന്ന് ജസ്റ്റീസ് ബെന്നെറ്റിനോട് 1650-ൽ ഫോക്സ് പറഞ്ഞപ്പോൾ അദ്ദേഹം കൊടുത്ത പേരാണ് ക്വയിക്കേഴ്സ്. ഈ സമൂഹം ഒന്നിച്ചു കൂടുമ്പോൾ തോന്നുന്ന ആത്മീയ വിറയൽ എന്ന അനുഭവത്തിൽ നിന്ന് ഈ പേരിന്റെ അർഥം മനസ്സിലാക്കിയിരുന്നു.

ഇവർ കൂദാശകൾ അംഗീകരിക്കുന്നില്ല. പള്ളിയോ, പട്ടമുള്ള വൈദികരോ ഇവർക്കില്ല. പ്രത്യേക ലിറ്റർജിയോ, ക്രമങ്ങളോ ഇല്ല. സ്വയംപ്രേരിത പ്രാർഥനകൾ നടത്തുന്നു. 18-ാം നൂറ്റാണ്ടിൽ ഫ്രണ്ട്സ് ഓഫ്

www.malankaralibrary.com

ട്രൂത്, റിലീജിയസ് സൊസൈറ്റി ഓഫ് ഫ്രണ്ട്സ് എന്നും, 19-ാം നൂറ്റാണ്ടിൽ ഫ്രണ്ട്സ് ചർച്ച് എന്നും ഇതിന് പേരുണ്ടായിരുന്നു.

## 2. ഷെയിക്കേഴ്സ്

ക്വെയിക്കർ ഉണർവുകാലത്ത് (1747) ഇംഗ്ലണ്ടിൽ ഉടലെടുത്തതാണിത്. ജയിംസ്, ജയിൻ വാർഡ്ലി എന്നിവരാണ് സ്ഥാപകർ. പിന്നീട് ആൻലി എന്ന സ്ത്രീ നേതാവായി. ക്രിസ്തുവിലുള്ള സ്ത്രീ തത്വമാണ് താനെന്നും തന്നിൽ ക്രിസ്തുവിന്റെ രണ്ടാംവരവ് യാഥാർഥ്യമായെന്നും അവർ പഠിപ്പിച്ചു. അവരുടെ കൂട്ടായ്മ യോഗങ്ങളിൽ ഉളവാകുന്ന ആത്മീയാനുഭവത്തിന്റെ ഫലമായി അവർക്കുണ്ടാകുന്ന ശാരീരികമായ ഇളക്കങ്ങളെ സൂചിപ്പിക്കുന്നതാണ് അവരുടെ പേര്. ഇവർ ഒരുതരം പൊതുജീവിതം നയിച്ചിരുന്നു. പാപം ഏറ്റുപറച്ചിൽ, അവിവാഹിതജീവിതം, മദ്യപാനവും പുകവലിയും ഉപേക്ഷിക്കൽ എന്നിവയ്ക്ക് അവർ ഊന്നൽ കൊടുത്തിരുന്നു. ലോകത്തിൽ നിന്നുള്ള വേർപാട് ഒരു മുഖ്യപ്രസംഗവിഷയമായിരുന്നു. രോഗത്തിന്മേൽ തങ്ങൾക്ക് പ്രത്യേകാധികാരമുണ്ടെന്ന് അവർ കരുതി. കൂട്ടുകൂടുംബ വ്യവസ്ഥിതിയിൽ ഇവർ ജീവിച്ചു. ഇപ്പോൾ ഈ സമൂഹം പാടേ നിന്നുപോയി. ദി യുണൈറ്റഡ് സൊസൈറ്റി ഓഫ് ബിലീവേഴ്സ് ഇൻ ക്രൈസ്റ്റ്സ് സെക്കൻഡ് അപ്പിയറിംഗ് എന്നും ദി മില്ലേനിയൽ ചർച്ച് എന്നും അലേതിയൻസ് എന്നും ഇവർ അറിയപ്പെട്ടിരുന്നു.

## 3. ഇർവിംഗ്യർ

എഡ്വേർഡ് ഇർവിംഗ് (1792-1834) എന്ന സ്കോട്ടിഷ് പാസ്റ്ററിൽ നിന്നാണ് ഇവരുടെ ആരംഭം. കാതലിക് അപ്പസ്തോലിക് ചർച്ച് എന്ന് തന്റെ സമൂഹത്തെ അയാൾ വിളിച്ചു. ക്രിസ്തുവിന്റെ രണ്ടാംവരവ് ഉടനെ സംഭവിക്കും, പിന്നെ സഹസ്രാബ്ദ വാഴ്ചയുണ്ടാകും എന്നൊക്കെ ഇയാൾ പ്രസംഗിച്ചു.

## 4. മൊർമോൺസ്

ജോസഫ് സ്മിത് 1830-ൽ അമേരിക്കയിൽ സ്ഥാപിച്ചതാണിത്. ബുക്ക് ഓഫ് മൊർമോൺസ് ഇവരുടെ ഔദ്യോഗിക ഗ്രന്ഥമാണ്. ഇവർ ബഹുഭാര്യത്വം പഠിപ്പിച്ചു. കർതൃദ്വിതീയാഗമനം ഉടനുണ്ടാകുമെന്നും ഇസ്രായേലിന്റെ പുനരുദ്ധാരണം വാച്യാർഥത്തിൽ എടുക്കണമെന്നും ക്രിസ്തു പുതിയ ഭൂമിയിൽ വന്ന് ഭരണം നടത്തുമെന്നും പഠിപ്പിച്ചു. ചർച്ച് ഓഫ് ജീസസ് ക്രൈസ്റ്റ് ഓഫ് ലാറ്റർ ഡേ സെയിന്റ്സ് എന്നും ഇവർ സ്വയം വിളിച്ചിരുന്നു.

## 5. ഹോളിനെസ് മൂവ്മെന്റ്

വെസ്ലിയൻ മെതഡിസത്തിൽ ഉടലെടുത്ത ഉണർവു ചിന്തയാണ് പെന്തക്കോസ്തലിസത്തിലേക്കുള്ള കവാടം തുറന്നത്. പാപിയുടെ നീതീകരണം എന്നത് വിശുദ്ധീകരണത്തിന്റെ ആരംഭം മാത്രമേ

www.malankaralibrary.com

ആകുന്നുള്ളു എന്ന വെസ്ലിയൻ മെതഡിസ്റ്റ് വിശ്വാസം അവരുടെ പാസ്റ്റർമാർ വേണ്ടവണ്ണം പഠിപ്പിക്കുന്നില്ലെന്ന ആരോപണവുമായി ചില മെതഡിസ്റ്റുകാർ മുന്നോട്ടുവന്ന് ഹോളിനെസ് മൂവ്മെന്റ് എന്നൊരു പ്രസ്ഥാനം തുടങ്ങി. നീതീകരണത്തോടുകൂടി ഒരു പ്രത്യേക അനുഗ്രഹം ലഭിക്കുന്നു. മാനസ്സാന്തരത്തിൽ നിന്നു വ്യത്യസ്തമാണിത്. ഈ അനുഗ്രഹം തേടേണ്ടതും പ്രാപിക്കേണ്ടതും ഉണർവുയോഗങ്ങളിലാണ്. വേർപാട് ഇവരുടെയും ഒരു സുപ്രധാന പ്രബോധനമാണ്. കാലക്രമത്തിൽ രണ്ടുതരം ചിന്താരീതികൾ ഉടലെടുത്തു. 1. വിശുദ്ധീകരണത്തിന്റെ അനുഭവം ആന്തരിക മാറ്റത്തിലാണ് അടിസ്ഥാനപരമായി അടങ്ങിയിരിക്കുന്നത്. അത് ഉച്ചത്തിലുള്ള പ്രാർഥന, പാട്ട് എന്നിവയിലൂടെ പ്രസ്പഷ്ടമാക്കാം. 2. അതല്ല കാതലായ കാര്യമെന്ന് മറ്റുള്ളവർ വാദിച്ചു. ആന്തരിക കൃപാവരം പ്രകൃത്യാതീത അടയാളങ്ങൾ വഴി കാണിക്കേണ്ടിയിരിക്കുന്നു. ഈ രണ്ടാം വിഭാഗമാണ് ഇന്നത്തെ പെന്തക്കോസ്തലിസത്തിന്റെ പ്രധാനതത്വം രൂപീകരിക്കാൻ വഴിതെളിച്ചത്.

## തൊപ്പേക്കാ റിവൈവൽ

അമേരിക്കയിൽ 1900-ഓടുകൂടി മേൽപ്പറഞ്ഞ സ്വാധീനങ്ങളാൽ ഉണർവു പ്രസ്ഥാനം ആരംഭിച്ചു. ഹോളിനെസ് സ്വാധീനം സ്വീകരിച്ച മെതഡിസ്റ്റ് സഭാംഗങ്ങളായ പർഹാം ദമ്പതികൾ ഇതിന് ആരംഭം കുറിച്ചു. "ജീവിതത്തിൽ ഒരു പ്രതിസന്ധിയുടെ അനുഭവം ഉണ്ടാകുക, പാപത്തോട് കടുത്ത പോരാട്ടം നടത്തി ബോധപൂർവം സ്വേച്ഛയെ ഉപേക്ഷിക്കുക എന്നത് രക്ഷയ്ക്ക് ആവശ്യമാണ്. പാപത്തെ പൂർണമായി നിർമാർജനം ചെയ്ത ശേഷമേ വിശുദ്ധീകരണം ലഭിക്കൂ. വിശ്വാസം വഴിയുള്ള സുഖപ്പെടുത്തൽ ക്രിസ്തീയ സന്ദേശത്തിന്റെ ഭാഗമാണ്. യഥാർഥമായി വിശുദ്ധീകരണം പ്രാപിച്ച വ്യക്തിയുടെ ആന്തരിക ചലനങ്ങൾ ബാഹ്യമായി പ്രത്യക്ഷപ്പെടുക തന്നെ ചെയ്യും"എന്നിങ്ങനെ ചാൾസ് ഫോക്സ് പർഹാം പഠിപ്പിച്ചു.

കൻസാസിലെ (യു.എസ്.ഏ.) തൊപ്പേക്കായിൽ 1898-ൽ പർഹാം തുടങ്ങിയ ബേഥേൽ ഹീലിംഗ് ഹോം പിന്നീട് ബേഥേൽ ബൈബിൾ സ്കൂളാക്കി മാറ്റി. അവിടെ വച്ച് 1901-ൽ പുതുവർഷദിവസം മിസ് ആഗ്നസ് ഓസ്മാൻ എന്ന ബൈബിൾ വിദ്യാർഥിനിയുടെ തലയിൽ ചാൾസ് പർഹാം കൈവച്ചപ്പോൾ അവൾ ഭാഷാവരത്തിൽ പ്രാർഥിച്ചു. തുടർന്ന് അവിടെ ഉണ്ടായിരുന്ന മറ്റു വിദ്യാർഥികൾക്കും ഈ അനുഭവം ഉണ്ടായി. ആധുനിക പെന്തക്കോസ്തു നവീകരണത്തിന്റെ ആരംഭം ഈ കൂട്ടായ്മയിലാണ് പെന്തക്കോസ്തുകാർ കാണുന്നത്. തുടർന്ന് അവരൊക്കെ മിഷണറിമാരായി ഇറങ്ങിത്തിരിച്ച് പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു. പരിശുദ്ധാത്മാഭിഷേകത്തിന്റെ പ്രാഥമികാടയാളമായി അവർ ഭാഷാവരത്തെ കണക്കാക്കി. ഭാഷാവരം അന്ത്യകാലാടയാളമായി വ്യാഖ്യാനിച്ച് കർതൃപുനരാഗമനത്തിലേക്ക് ജനശ്രദ്ധ തിരിച്ചുവിട്ടു.

www.malankaralibrary.com

## അസൂസാ തെരുവും വില്യം സെയ്മൂറും

പർഹാം ദമ്പതികളുടെ ഒരു നീഗ്രോ ശിഷ്യനായ വില്യം സെയ്മൂർ ലോസ് ആഞ്ചലസിലെ അസൂസാ സ്ട്രീറ്റിലുള്ള ഒരു മെതഡിസ്റ്റ് പള്ളിയിൽ 1906–ൽ പെന്തകോസ്തലിസത്തിന് നേതൃത്വം നൽകി. ഭാഷകളിൽ സംസാരിക്കാത്ത വ്യക്തി പരിശുദ്ധാത്മാവിൽ സ്നാനപ്പെട്ടിട്ടില്ലെന്ന് അയാൾ പ്രസംഗിച്ചു. ഈ പ്രാർഥനാകൂട്ടത്തിൽ ഭാഷാവരവും പരിശുദ്ധാത്മ സ്നാനവും ഉണ്ടായി. ലോകപെന്തക്കോസ്തലിസത്തിന്റെ ആരംഭമായി ഈ പ്രാർഥനാകൂട്ടത്തെയാണ് ചിലർ കാണുന്നത്. അപ്പസ്തോലിക് ഫെയ്ത് ഗോസ്പൽ മിഷൻ എന്ന പേര് ഈ സമൂഹം സ്വീകരിച്ചു. ഈ സമൂഹം കറുത്ത വർഗക്കാരുടേതു മാത്രമാകാൻ 1907–ൽ തുടങ്ങിയപ്പോൾ വെള്ളക്കാരെല്ലാം ഈ കൂട്ടായ്മ വിട്ടുപോയി. അസൂസാ തെരുവിൽ നിന്ന് ഉണർവു സ്വീകരിച്ച ഫ്ളോറൻസ് ലൂയീസ് ക്രൗഫോർഡ്, പോർട്ട്ലാൻഡിൽ (ഒറോഗോൺ) അപ്പസ്തോലിക വിശ്വാസം എന്ന സമൂഹം 1907–ൽ തുടങ്ങി. ഇങ്ങനെ ഒൻപതോളം സമൂഹങ്ങൾ ഈ കാലയളവിൽ ഉടലെടുത്തു.

സെയ്മൂറിന്റെ കൂട്ടായ്മയിൽ നിന്നു തെറ്റിപ്പിരിഞ്ഞ ഡബ്ലിയൂ. എച്ച്. ഡർഹാം ചിക്കാഗോയിൽ ഒരു സമൂഹത്തിന് രൂപം നൽകി. തത്വങ്ങളിലുള്ള വ്യത്യാസമായിരുന്നു കാരണം. മാനസ്സാന്തരം (വീണ്ടും ജനനം), വിശുദ്ധീകരണം, ഭാഷാവരത്തോടുകൂടി ആത്മാവിലുള്ള സ്നാനം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലുള്ള രക്ഷാതീയറിയായിരുന്നു 1908 വരെ അമേരിക്കയിലെ പെന്തക്കോസ്തു കൂട്ടങ്ങളും പല ഹോളിനെസ് സഭകളും നസറീൻ സഭകളും മുറുകെ പിടിച്ചിരുന്നത്. ഡർഹാം 1907–ൽ മൂന്നു ഘട്ടങ്ങളിലുള്ള രക്ഷാതീയറിയെ രണ്ടായി ചുരുക്കി. മാനസ്സാന്തരം, വിശുദ്ധീകരണം എന്നിവ ഒന്നിച്ചു പോകുന്നു. രണ്ടാമത്, ഭാഷാവരത്തോടു കൂടി ആത്മാവിലുള്ള സ്നാനം. ബാപ്തിസ്റ്റുകാരുടെ വിശുദ്ധീകരണ ധാരണകളാണ് ഡർഹാമിന് ഉണ്ടായിരുന്നത്. അസംബ്ലീസ് ഓഫ് ഗോഡ് എന്ന പെന്തക്കോസ്ത് വിഭാഗം ഡർഹാമിന്റെ തീയറി സ്വീകരിച്ചവരാണ്.

## അസംബ്ലീസ് ഓഫ് ഗോഡ്

അമേരിക്കയിൽ നിരവധി സ്വതന്ത്ര പെന്തക്കോസ്തുവിഭാഗങ്ങൾ ഉടലെടുത്തു. അതിരുകടന്ന സ്വതന്ത്രചിന്ത, വ്യക്തിവാദം എന്നിവ കൂടുതൽ ഗ്രൂപ്പുകളുടെ രൂപീകരണത്തിനു വഴിതെളിച്ചു. വിശ്വാസം, അനുഷ്ഠാനം എന്നിവ സംബന്ധിച്ചും പരസ്പര വിരുദ്ധ നിലപാടുകൾ പുലർത്തി. ഈ കൂട്ടങ്ങളെ ഒന്നിപ്പിക്കാനുള്ള പരിശ്രമഫലമായി 1914–ൽ 120 പാസ്റ്റർമാരും സുവിശേഷകരും ഒത്തുകൂടി ഒരു ഐക്യസമൂഹം രൂപീകരിച്ചു. അസംബ്ലീസ് ഓഫ് ഗോഡ് എന്ന പേര് ഇതിനു നൽകി. വിവിധ ചർച്ച് ഓഫ് ഗോഡ്, അപ്പസ്തോലിക് ഫെയ്ത് മിഷൻസ്, അപ്പസ്തോലിക് ഫെയ്ത് ചർച്ചസ്, ഫുൾ ഗോസ്പൽ, പെന്തക്കോസ്തൽ മിഷൻസ് തുടങ്ങി സമാന ചിന്താഗതി

www.malankaralibrary.com

ക്കാരുടെ കൂട്ടായ്മകളാണ് ഒത്തുകൂടിയത്. കരിസ്മാറ്റിക് കോൺഗ്രിഗേഷ ണൽ എന്ന് ഈ സംഘടനയെ വിളിക്കാം.

*യേശു മാത്രം മതി* എന്നുവാദിക്കുന്ന ഒരുവിഭാഗം പെന്തക്കോസ്തുകാർ ഉടലെടുത്തു. അവരെ 1916-ൽ അസംബ്ലീസ് ഓഫ് ഗോഡിൽ നിന്നു പുറത്താക്കി. യേശുവിന്റെ നാമത്തിൽ മാത്രം സ്നാനമേറ്റ് പുതിയ സിദ്ധാന്തങ്ങൾ പഠിപ്പിച്ച 150-ഓളം പാസ്റ്റർമാരെയാണ് പുറത്താക്കിയത്. ത്രിത്വനാമത്തിലുള്ള സ്നാനമല്ല, യേശുവിന്റെ നാമത്തിൽ മാത്രമുള്ള സ്നാനമാണ് ഇക്കൂട്ടർ സ്വീകരിച്ചിരുന്നത്. ത്രിത്വപ്രബോധനം ഇവർ തള്ളിക്കളഞ്ഞു. ദൈവത്വത്തിൽ ഏകയാളെയുള്ളെന്ന് ഇവർ പഠിപ്പിച്ചു. പുറത്താക്കപ്പെട്ടവർ പെന്തക്കോസ്തൽ അസംബ്ലീസ് ഓഫ് ദി വേൾഡ് എന്ന പേരെടുത്തു. 1924-ൽ പെന്തക്കോസ്തൽ ചർച്ച് (മിസിസിപ്പി), 1931-ൽ പെന്തക്കോസ്തൽ അസംബ്ലീസ് ഓഫ് ജീസസ് ക്രൈസ്റ്റ് എന്നിങ്ങനെ അവർ പിളരുകയും 1934-ൽ ഒന്നിച്ച് യുണൈറ്റഡ് പെന്തക്കോസ്തൽ ചർച്ച് എന്ന പേരെടുക്കുകയും ചെയ്തു.

ഭാഷാവരം സംബന്ധിച്ചും അസംബ്ലീസ് ഓഫ് ഗോഡിൽ തർക്കമുണ്ടായി. ആത്മാവിലുള്ള സ്നാനത്തിന്റെ അടയാളമായി ഭാഷകളിലുള്ള ഭാഷണം മാത്രമല്ല എന്നചിന്ത ചിലർ പുലർത്തി. അവരെ 1918-ൽ പുറത്താക്കി. ആത്മാവിലുള്ള സ്നാനത്തോടുകൂടി അവശ്യാവശ്യം ചേർന്നു പോകുന്നതാണ് ഭാഷകളിലുള്ള ഭാഷണമെന്ന കാര്യം അസംബ്ലീസ് ഓഫ് ഗോഡിന്റെ പാസ്റ്റർമാരെല്ലാം അംഗീകരിക്കണമെന്ന് തീരുമാനിച്ചു. 1919-ൽ വിട്ടുമാറിയ മറ്റൊരു ഗ്രൂപ്പാണ് പെന്തക്കോസ്തൽ ചർച്ച ഓഫ് ഗോഡ് ഓഫ് അമേരിക്ക (യോപ്ലിൻ). ജോൺ സി.സിൻക്ലേർ ആണ് സ്ഥാപകൻ. വിവാഹ മോചനം നേടുന്നവർക്ക് ഇവർ പുനർവിവാഹം അനുവദിക്കുന്നു. - രോഗം സുഖമാക്കുന്നത് പ്രധാന ദൗത്യമായി സ്വീകരിച്ചവരെ അസംബ്ലീസ് ഓഫ് ഗോഡ് പുറത്താക്കി. അവർ ഹീലിംഗ് ഇവാൻജലിസ്റ്റ്സ് എന്ന് പേരെടുത്തു.

അസംബ്ലീസ് ഓഫ് ഗോഡുകാർ കടുത്ത യാഥാസ്ഥിതികത്വം *(ഫൺഡമെന്റലിസം)* പുലർത്തുന്നവരാണ്. ഈ കർക്കശമനഃസ്ഥിതി ഇപ്പോൾ അൽപ്പം മയപ്പെട്ടിട്ടുണ്ട്. വേദപുസ്തകമാണ് സർവസംഗതികൾക്കും ആധാരമെന്നു പഠിപ്പിക്കുകയും അതിന് മതമൗലികവാദപരമായ അർഥം നൽകുകയും ചെയ്യുന്നു. ഇവർക്ക് ഹയരാർക്കിയോ കൂദാശകളോ ഇല്ല. യൂറോപ്യൻ ദൈവശാസ്ത്രത്തെ മോഡേണിസം എന്ന ലേബലിൽ തള്ളിക്കളയുന്നു. വേദപുസ്തകപഠനത്തിൽ ഉണ്ടായിട്ടുള്ള വളർച്ചകളൊന്നും അവർ സ്വീകരിക്കുന്നില്ല. ദൈവവചനം മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ടതാണെന്നും എഴുതപ്പെട്ട ഭാഷാരീതിയും ചരിത്രപശ്ചാത്തലവും അംഗീകരിക്കണമെന്നും പറയുന്നത് ദൈവവചനത്തോടുള്ള ബഹുമാനക്കുറവായി അവർ കാണുന്നു. വേദപുസ്തകത്തിലെ എല്ലാ ഭാഗങ്ങളും അവർ വാച്യാർഥത്തിൽ മനസ്സിലാക്കുന്നു. പ്രാർഥനവഴിയുള്ള രോഗശാന്തി,

www.malankaralibrary.com

പ്രവചനം, മാനസ്സാന്തരങ്ങൾ, ഭാഷകളിലുള്ള ഭാഷണം എന്നിവ മുഖമുദ്ര യായി ഇവർ സ്വീകരിച്ചിരിക്കുന്നു. പരിശുദ്ധാത്മസ്നാനം കാത്തിരുന്നു പ്രാപിക്കേണ്ടതും അന്യഭാഷാ ഭാഷണത്തോടുകൂടി ലഭിക്കേണ്ടതുമാണ് എന്ന് അവർ പറയുന്നു. ജനറൽ ചെയർമാനാണ് ഇവരുടെ അധ്യക്ഷൻ. 1919-ൽ വിദേശ മിഷൻവകുപ്പ് സ്ഥാപിച്ച് മിഷൻ പ്രവർത്തനം നടത്തുന്നു.

## ചർച്ച് ഓഫ് ഗോഡ് (ദൈവസഭ)

രക്ഷയെ സംബന്ധിച്ച് മൂന്നുഘട്ട തത്വങ്ങൾ പഠിപ്പിക്കുന്നവരാണിവർ. ഇവരുടെ ഉത്ഭവം അമേരിക്കയാണ്. ഈ ഒറ്റക്കാര്യത്തിലേ അസംബ്ലീസു കാരുമായി ഇവർക്ക് വ്യത്യാസമുള്ളു. ദൈവത്തിലുള്ള വിശ്വാസം മാത്രമാണ് സഭയ്ക്ക് ആധാരം എന്നു കരുതുന്നു. ജോൺ വെസ്ലിയെ പൊതുനേതാവായി ഇവർ അംഗീകരിക്കുന്നു. അമേരിക്കയിൽ തന്നെ മുപ്പതിലേറെ വ്യത്യസ്ത ചർച്ച ഓഫ് ഗോഡുകാരുണ്ട്. ചർച്ച് ഓഫ് ഗോഡ് (ആൻഡേർസൺ), ചർച്ച് ഓഫ് ഗോഡ് (അപ്പസ്തോലിക്), ചർച്ച് ഓഫ് ഗോഡ് (ഹോളിനെസ്സ്), ചർച്ച് ഓഫ് ഗോഡ് (ക്ലീവ്ലാൻഡ്). ആദ്യം ഉത്ഭവിച്ചതും ഇപ്പോൾ അമേരിക്കയിൽ ഏറ്റവും പ്രധാനപ്പെട്ടതും ഈ അവസാനം പറഞ്ഞതാണ്. കാലാകാലങ്ങ ളിൽ വിട്ടുമാറിയ നിരവധി ദൈവസഭകളുണ്ട്. സ്വതന്ത്രമായി തുടങ്ങിയ ദൈവസഭകളുമുണ്ട്.

## ചർച്ച് ഓഫ് ഗോഡ് (ക്ലീവ്ലാൻഡ്)

നോർത്ത് കരൊളീനായ്ക്കും ടെന്നെസിക്കും ഇടയ്ക്കുള്ള പർവത പ്രദേശത്തുള്ളവർ 1886-ൽ ക്രിസ്ത്യൻ യൂണിയൻ എന്ന പേരിൽ ഒരുണർവു സഭയ്ക്ക് രൂപം നൽകി. അതിൽനിന്ന് ഒരു ഹോളിനെസ് സഭ രൂപം കൊണ്ടു. 1902-ൽ ഏ.ജെ. ടോമിൽസൺ (+1943) ഇതിൽ ചേർന്ന് പാസ്റ്ററാകുകയും ചർച്ച ഓഫ് ഗോഡ് എന്ന് പേരെടുക്കുകയും ചെയ്തു.1907-ൽ ആസ്ഥാനം ക്ലീവ്ലാൻഡിലേക്ക് മാറ്റി. പുകവലി, വിവാഹമോചനം എന്നിവയായിരുന്നു ആദ്യകാലത്തു ചർച്ച ചെയ്ത വിഷയങ്ങൾ. ക്ലീവ്ലാൻഡിൽ 1909-ൽ വീണ്ടും ഉണർവുണ്ടായി. അവസാനം ടോമിൽസൺ സമൂഹത്തിന്റെ എല്ലാമായി. ഇതിൽ അതൃപ്തരായവർ അയാളെ പുറത്താക്കി. അയാൾ ചർച്ച് ഓഫ് ഗോഡ് ഓഫ് പ്രോഫസി എന്ന പുതിയൊരു സമൂഹം തുടങ്ങി. 1951-ൽ ക്ലീവ്ലാൻഡിലെ സമൂഹം സൗത്താഫ്രിക്കയിലെ ഫുൾ ഗോസ്പൽ ചർച്ചുമായി ചേർന്ന് ഒന്നായി പുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് എന്ന പേരെടുത്തു.

ക്ലീവ്ലാൻഡിൽ നിന്നു മാറിയ സമൂഹങ്ങൾ താഴെ പറയുന്നവയാണ്:[1]

1. ചർച്ച് ഓഫ് ഗോഡ് (ബിഷപ്പ് പൊതെയാത്)
2. ചർച്ച് ഓഫ് ഗോഡ് (പുലാസ്കി)

1. W. J. Hollenweger, *The Pentacostals*, London,1969,p.60-61.

www.malankaralibrary.com

3. ചർച്ച് ഓഫ് ഗോഡ് (ഹൺട്സ്വിൽ)
4. ചർച്ച് ഓഫ് ഗോഡ് ഓഫ് ഓൾ നേഷൻസ്
5. ചർച്ച് ഓഫ് ഗോഡ് ഓഫ് പ്രോഫസി
6. ചർച്ച് ഓഫ് ഗോഡ് ഓഫ് ദി മൗണ്ടൻ അസംബ്ലി
7. ഇവാൻജലിസ്റ്റിക് ചർച്ച് ഓഫ് ഗോഡ്
8. ഒറിജിനൽ ചർച്ച് ഓഫ് ഗോഡ്

**സ്വതന്ത്രമായി തുടങ്ങിയ മറ്റു ദൈവസഭകൾ**

1. ചർച്ച് ഓഫ് ഗോഡ്, ഈസ്റ്റ് ഹാർലെം
2. ചർച്ച് ഓഫ് ഗോഡ്, ഹോളിനെസ് (നീഗ്രോ)
3. ചർച്ച് ഓഫ് ഗോഡ്, ഹോളിനെസ്, യു.എസ്.ഏ. (നീഗ്രോ)
4. ചർച്ച് ഓഫ് ഗോഡ്, മദർ ഹോർൺ (നീഗ്രോ)
5. ചർച്ച് ഓഫ് ഗോഡ്, റോബിൻസൺ (നീഗ്രോ)
6. ചർച്ച് ഓഫ് ഗോഡ് ഇൻ ക്രൈസ്റ്റ് (നീഗ്രോ)
7. ചർച്ച് ഓഫ് ഗോഡ് ഓഫ് ദി ബൈബിൾ, യു.എസ്.ഏ.
8. ചർച്ച് ഓഫ് ദി ലിവിംഗ് ഗോഡ് (നീഗ്രോ)
9. ചർച്ച് ഓഫ് ദി ലിവിംഗ് ഗോഡ് , ദി പില്ലർ ആൻഡ് ഗ്രൗൻഡ് ഓഫ് ട്രൂത് (നീഗ്രോ)
10. പെന്റക്കോസ്റ്റൽ ചർച്ച് ഓഫ് ഗോഡ് ഓഫ് അമേരിക്ക
11. ഫ്രീ ചർച്ച് ഓഫ് ഗോഡ് ഇൻ ക്രൈസ്റ്റ്
12. ഗ്ലോറിഫൈഡ് ചർച്ച് ഓഫ് ഗോഡ്
13. ഹോളിനെസ് ചർച്ച് ഓഫ് ഗോഡ് (നീഗ്രോ)
14. ഇന്റർനാഷണൽ ചർച്ച് ഓഫ് ഗോഡ് (നീഗ്രോ + വെള്ളക്കാർ)
15. ജസ്റ്റിഫൈഡ് ചർച്ച് ഓഫ് ഗോഡ്
16. നോൺ ഡൈഗ്രെസ്സീവ് ചർച്ച് ഓഫ് ഗോഡ്, യു.എസ്.ഏ.

## മറ്റു ചില പെന്തക്കോസ്തു സമൂഹങ്ങൾ

## 1. പെന്തെക്കോസ്ത് ഹോളിനെസ് ചർച്ച്

അഗ്നിസ്നാനസഭ, വിശുദ്ധസഭ, കൂടാരവാസസഭ എന്നിവ ചേർന്നുണ്ടായതാണ് ഹോളിനെസ് ഇൻകോർപ്പറേഷൻ എന്ന സഭ. ശിശുസ്നാനവും എല്ലാവിധ സ്നാനവും ഇവർ അംഗീകരിക്കുന്നു.തത്വങ്ങളിലും ജീവിത രീതികളിലും മറ്റു പെന്തക്കോസ്തുകാരിൽ നിന്ന് ഇവർ വ്യത്യസ്ത വീക്ഷണം പുലർത്തുന്നു. ഇവർ ഒന്നിലും കാർക്കശ്യം കാട്ടുന്നില്ല. മരുന്നുപയോഗം തടയുന്നില്ല. മറ്റുള്ളവരെ സമഭാവനയോടെ കാണുന്നു.

www.malankaralibrary.com

## 2. ഇന്റർനാഷണൽ ചർച്ച് ഓഫ് ദി ഫോർസ്ക്വയർ ഗോസ്പൽ

മിസ്സിസ് എയ്മി സിമ്പിൾ മക്ഫേർസൺ എന്ന നീഗ്രോ വനിത 1921-ൽ കാലിഫോർണിയായിലെ ഓക്ലാൻഡിൽ തുടങ്ങിയതാണിത്.രക്ഷ, പരിശുദ്ധാത്മസ്നാനം, രോഗശാന്തി, കർത്താവിന്റെ രണ്ടാമത്തെ വരവ് എന്നിവയെ കുറിക്കുന്നതാണ് ഹെസക്കിയേൽ 10,14 വിവരിക്കുന്ന നാലു മൃഗങ്ങളെന്ന് അവർ പഠിപ്പിച്ചു.

മറ്റനേകം പെന്തക്കോസ്തുസഭകൾ കൂടി അമേരിക്കയിലുണ്ട്. തിരുവചനങ്ങളുടെ അർഥം പൂർണമായി ഗ്രഹിക്കാതെ അവയെ ഉപദേശമായി സ്വീകരിച്ചിരിക്കുന്ന അനേകർ പെന്തക്കോസ്തുകാർ എന്ന പേര് സ്വീകരിച്ചിട്ടുണ്ട്. "എന്റെ നാമത്തിൽ അവർ സർപ്പങ്ങളെ പിടിച്ചെടുക്കും" എന്ന വാക്യം അടിസ്ഥാനമാക്കി, വിശ്വാസത്തിന്റെ ശക്തിപരീക്ഷണത്തിനായി വിഷപ്പാമ്പുകളെ കൂട്ടിൽ വളർത്തി പിടിച്ചെടുക്കുന്ന കൂട്ടരുമുണ്ട്. ഇപ്പോൾ അവരെ സർപ്പാരാധകരായി മുദ്രയടിച്ച് മറ്റുള്ളവർ പുറത്താക്കിയിരിക്കുന്നു.[2] പെന്തക്കോസ്തൽ വേൾഡ് കോൺഫറൻസ് 1947 മുതൽ എല്ലാ മൂന്നാം വർഷവും വിവിധ സ്ഥലങ്ങളിൽ വച്ച് കൂടുന്നു.[3]

# 1. കേരളത്തിലെ പെന്തക്കോസ്തു സമൂഹങ്ങൾ

കേരളത്തിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ പെന്തക്കോസ്തു മിഷണറിമാരെത്തി പ്രചരണം തുടങ്ങി. പുത്തൻകൂർ സുറിയാനിക്കാരുടെ ഇടയിലാണ് അവർ പ്രചരണം നടത്തിയത്. 19-ാം നൂറ്റാണ്ടിൽ സി.എം.എസ്., നവീകരണചിന്താഗതിക്കാരായ യാക്കോബായക്കാർ എന്നിവരുടെ ഇടയിൽ ഉണർവുയോഗങ്ങൾ നടന്നു. അതിന്റെ തുടർച്ചയായി ബ്രദറൺകാരുടെ വേർപാടുയോഗങ്ങൾ ഉണ്ടായി. ഇവിടെ പെന്തക്കോസ്തലിസം പ്രചരിച്ചപ്പോൾ, ഈ സ്വാധീനങ്ങളിൽ വന്നവർ അവരുടെ കൂടെക്കൂടി. ആദ്യകാലത്ത് വിദേശ മിഷണറിമാരും നാട്ടുകാരും ഒന്നിച്ച് പ്രവർത്തിച്ചു. പിന്നീട് പലരും പിരിഞ്ഞ് പല സഭകളുടെ നേതാക്കന്മാരായി. 1909-ൽ കുന്നൂരിൽ തോമസ് ബാരെറ്റും, കൊട്ടാരക്കരയിൽ ജോർജ് ബർഗും, 1913-ൽ കൊട്ടാരക്കരയിൽ റോബർട്ട് കുക്കും, 1915-ൽ തിരുവനന്തപുരത്ത് മിസ്സിസ് മേരി ചാപ്മാനും (+1927) പ്രവർത്തിച്ചു. ഇവരൊക്കെ ഏതാണ്ട് ധാരണയിലാണ് പ്രവർത്തിച്ചിരുന്നത്. ഇവരുടെ പ്രവർത്തനഫലമായി നാട്ടുകാരായ പല ബ്രദറൺകാരും ഇവരുടെ കൂടെ ചേർന്ന് പെന്തക്കോസ്ത് നേതാക്കന്മാരായി. 1926-ഓടു കൂടി ഇവരുടെ ഇടയിൽ വിഭാഗീയത ഉടലെടുത്ത് ഇവർ മൂന്നായി പിളർന്നു. അതുപോലെ സിലോൺ പെന്തക്കോസ്ത് (സി.പി.എം.) എന്നറിയപ്പെട്ടിരുന്ന

2. എം. റ്റി. സാമുവൽ, *പെന്തക്കോസ്തു പ്രസ്ഥാനം, ഇന്നലെ, ഇന്ന്*, കോട്ടയം, 1988.
3. *ഗുഡ് ന്യൂസ്*,vol.XV, no.39(749),1992,Sep.28.

www.malankaralibrary.com

പെന്തക്കോസ്തു സമൂഹവും ഇവിടെ സ്ഥാപിതമായി. ഈ നാലിൽ നിന്നാണ് കേരളത്തിലെ മിക്കവാറും എല്ലാ പെന്തക്കോസ്തു വിഭാഗങ്ങളും നേതാക്കന്മാരും ഉണ്ടായിരിക്കുന്നത്.[4]

## വിവിധ സമൂഹങ്ങൾ

കേരളത്തിൽ എത്ര പെന്തക്കോസ്തുവിഭാഗങ്ങൾ ഉണ്ടെന്നു പറയാൻ വിഷമമാണ്. കുറേ സമൂഹങ്ങളുടെ പേരുകൾ പറയാനേ സാധിക്കൂ.

1. സൗത്തിൻഡ്യാ അസംബ്ലീസ് ഓഫ് ഗോഡ് 1951-ൽ ബോംബെയിൽ റജിസ്റ്റർ ചെയ്തു. മിസിസ് ചാപ്മാന്റെ പിൻതുടർച്ചക്കാരാണിവർ.[5]

2. ഇൻഡ്യാ പൂർണസുവിശേഷ ദൈവസഭ: കുക്കിന്റെ പിൻതുടർച്ചയിൽ പെട്ടവരാണിവർ. 1949-ൽ കോയമ്പത്തൂരിൽ ഈ സമൂഹം റജിസ്റ്റർ ചെയ്തു. കുക്കിന്റെ കൂട്ടങ്ങൾ ചേർന്ന് മലങ്കര പെന്തക്കോസ്തുദൈവസഭ എന്ന് 1929-ൽ ഇതിന് പേരിട്ടു.1936-ലാണ് ഇപ്പോഴത്തെ പേരെടുത്തത്. 1972-ൽ ഈ സമൂഹത്തെ രണ്ടായി തിരിച്ചു. പരിവർത്തന ക്രിസ്ത്യാനികൾ ഉൾക്കൊള്ളുന്ന വിഭാഗത്തിന് ഇൻഡ്യാ ദൈവസഭ-കേരളാഡിവിഷൻ എന്നും സിറിയൻ ക്രിസ്ത്യൻ വിഭാഗത്തിന് ഇൻഡ്യാദൈവസഭ-കേരളാ സ്റ്റേറ്റ് എന്നും പേരിട്ടു. മുളക്കുഴയും പള്ളവുമാണ് കേന്ദ്രങ്ങൾ. അഭിപ്രായ വ്യത്യാസമുണ്ടായിരുന്ന നാട്ടുകാരിൽ ചിലർ കുക്കിനെ വിട്ട് വേറേ സമൂഹങ്ങൾ സ്ഥാപിച്ചു.

3. ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ: കുക്കുമായി പിണങ്ങിയ ദേശീയനേതാക്കന്മാർ കുക്കിന്റെ സഭയിൽ നിന്നുമാറി സൗതിൻഡ്യാ പെന്തക്കോസ്തുസഭ സ്ഥാപിച്ചു. 1934-ൽ ഇൻഡ്യാ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ് (ഐ.പി.സി.)എന്ന് പേരുമാറ്റി. 1935-ൽ ഏലൂർ കേന്ദ്രമാക്കി റജിസ്റ്റർ ചെയ്തു. 1953-ൽ ഇവരുടെ ഇടയിൽ ഉണ്ടായ ഭിന്നത നിമിത്തം നിരവധിയാളുകൾ മറ്റു സമൂഹങ്ങളിലേക്ക് പോയി. 1966-ൽ ഭാഗികമായി ഈ ഭിന്നത പരിഹരിക്കപ്പെട്ടു. കുമ്പനാടാണ് ആസ്ഥാനം. "കർത്താവിന്റെ വരവിനു മുമ്പ് അന്തിക്രിസ്തുവിന്റെ ഭീകരഭരണം വരും, കർത്താവ് വന്ന് അവനെ തോൽപ്പിച്ച് കീഴടക്കും, അപ്പോൾ അവസാനം വരും" എന്ന് ഇവർ പഠിപ്പിക്കുന്നു. സ്നാനമെന്നും കർതൃമേശയെന്നും പേരുള്ള രണ്ട് അനുഷ്ഠാനങ്ങൾ ഇവർക്കുണ്ട്. ചരിത്രപരമായ കൈവയ്പ് ഇവർക്കില്ല. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കാറില്ല. കൂദാശകളിൽ വിശ്വസിക്കുന്നുമില്ല.[6]

---

4. ഡാനിയേൽ ഐരൂർ, *കേരളത്തിലെ പെന്തക്കോസ്തുസഭകൾ*, മാവേലിക്കര, 1986,പേ.39;
5. ഡാനിയേൽ ഐരൂർ, *കേരളത്തിലെ...* പേ. 50; ഇ.ജെ.ചാക്കോ, *കേരളത്തിലെ ചില സ്വതന്ത്രസഭകൾ,* പേ.56-63.
6. *അതേകൃതി*, 51-63.

www.malankaralibrary.com

4. ദി പെന്തക്കോസ്ത് മിഷൻ: മുമ്പ് സിലോൺ പെന്തെക്കോസ്ത് മിഷൻ (സി.പി.എം.) എന്നറിയപ്പെട്ടിരുന്ന സമൂഹം 1984-ലാണ് ഇപ്പോഴത്തെ പേരായ ദി പെന്തക്കോസ്ത് മിഷൻ (റ്റി.പി.എം.) എടുത്തത്. തൃശൂർകാര നായ ഒരു രാമൻകുട്ടി (1881-1945)ക്രിസ്ത്യാനിയായി പോൾ എന്നു പേരെ ടുത്തു. 1924-ൽ പെന്തക്കോസ്തു പ്രവർത്തകനായി. അയാൾ ആദ്യം അസം ബ്ലീസ് ഓഫ് ഗോഡിൽ പ്രവർത്തിച്ചിരുന്നു. പോൾ തുടങ്ങിയതാണ് സി.പി.എം. മുതിർന്നവരെ ജലത്തിൽ മുക്കിയുള്ള വീണ്ടുംസ്നാനം എന്ന ചടങ്ങ്, സുവിശേഷ വേലക്കാരുടെ അവിവാഹിതജീവിതം, വെള്ളവസ്ത്ര ധാരണം, വ്യത്യസ്ത വെളിപാടു പുസ്തകവ്യാഖ്യാന സ്വീകരണം എന്നിവ ഈ സമൂഹത്തിന്റെ പ്രബോധനത്തിൽ പെടുന്നു. ചീഫ് പാസ്റ്ററെ ആരും ചോദ്യം ചെയ്യാൻ പാടില്ല. ഇവർ ദൈവിക രോഗശാന്തിയിൽ വിശ്വസിക്കുന്നു. ഇവരുടെ ആരാധനാലയം ഫെയ്ത് ഹോം എന്നറിയപ്പെടുന്നു.

5. സിലോൺ പെന്തക്കോസ്ത് മിഷൻ:സി.പി.എം.കാർ പേരുമാറ്റി റ്റി.പി.എം. എന്ന് പേരെടുത്തതിൽ പ്രതിഷേധിച്ച് 1984-ൽ പത്തനംതിട്ട കേന്ദ്രമാക്കി പാസ്റ്റർ റ്റി.പി.ചാണ്ടി പഴയപേര് നിലനിർത്തി സ്ഥാപിച്ച താണിത്.

6. പൂർണസുവിശേഷ പെന്തക്കോസ്തുസഭ: സി.പി.എം.-ൽ നിന്നു മാറിയ തമിഴൻ ജോൺ റോസ്, നെയ്യൂർ ആസ്ഥാനമാക്കി സ്ഥാപിച്ചതാണിത്.

7. പൂർണസുവിശേഷ പെന്തക്കോസ്തുസഭ (കേരളം):ജോൺ റോസിന്റെ കൂടെ പ്രവർത്തിച്ച ജെ.വർഗീസ് 1968-ൽ സ്ഥാപിച്ചതാണിത്.

8. ശാരോൻ ഫെലോഷിപ്പ് ചർച്ച്:ശാരോൻ ദൈവസഭ എന്നറിയപ്പെട്ടി രുന്ന സമൂഹം 1975-ൽ ഈ പേരിൽ തിരുവല്ലാ കേന്ദ്രമാക്കി റജിസ്റ്റർ ചെയ്തിരിക്കുന്നു. ഐ.പി.സി.യിൽനിന്നു തെറ്റിപ്പിരിഞ്ഞ പാസ്റ്റർ പി.ജെ. തോമസ് തുടങ്ങിയതാണിത്.

9. ദൈവസഭ(കലയപുരം): 1961 കൊല്ലത്ത് റജിസ്റ്റർ ചെയ്ത് കലയപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. റ്റി.പി.എം. ചിന്താഗതികളാണ് ഇവരുടേത്.

**മറ്റു ചില പെന്തക്കോസ്ത് സമൂഹങ്ങൾ:**

10.ദൈവസഭ (വള്ളംകുളം-1981). 11.ഫിലാഡെൽഫിയാ ദൈവസഭ. 12. സ്വതന്ത്ര ദൈവസഭ.13.പെന്തക്കോസ്ത് ദൈവസഭ.14. ഫ്രീ പെന്തക്കോസ്ത് ദൈവസഭ (1968).15.ചർച്ച് ഓഫ് ഗോഡ്,കല്ലുമല-1973).16.ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ്(1976). 17.ഇന്റർനാഷണൽ ചർച്ച് ഓഫ് ഗോഡ്. (1969). 18. ഇൻഡി പ്പെൻഡെന്റ് അസംബ്ലീസ് ഓഫ് ഗോഡ്,ഇന്റർനാഷണൽ (1976) 19. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് (1974). 20. ദി പെന്തക്കോസ്തൽ ഗോസ്പൽ ചർച്ച്(1976). 21.ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് ഇൻ ക്രൈസ്റ്റ്(1977). 22. ഫുൾഗോസ്പൽ അസംബ്ലി-കേരളം:(1977). 23. ഇൻഡ്യാ ഫുൾ

www.malankaralibrary.com

ഗോസ്പൽ ഇൻഡിപെൻഡെന്റ് ചർച്ച് ഓഫ് ഗോഡ്(1981). 24. ഫെലോഷിപ്പ് ഓഫ് ഇൻഡിപെൻഡെന്റ് ഫുൾ ഗോസ്പൽ ചർച്ചസ്(1981). 25. സൗത്തിൻഡ്യാ അപ്പസ്തോലിക് ചർച്ച് ഓഫ് ഗോഡ്. 26. ഓൾ വൺ ഇൻ ക്രൈസ്റ്റ് ചർച്ച് ഫെലോഷിപ്പ്(1948).27. സീയോൻസംഘം ദൈവസഭ (1952). 28. ഇന്റർനാഷണൽ സീയോൻ അസംബ്ലി. 29. വേൾഡ് മിഷണറി ഇവാൻജലിസം ചർച്ച് (1981). 30. വേൾഡ് മിഷണറി ഇവാൻജലിസം ചർച്ച് ഓഫ് ഗോഡ്. 31. ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്തിൻഡ്യാ. 32. അപ്പസ്തോലിക ഐക്യപെന്തക്കോസ്ത് (യേശുനാമക്കാർ). 33. ഫിലാഡെൽഫിയാ പെന്തക്കോസ്ത്. 34. അഖിലേൻഡ്യാ ദൈവസഭ (1976) 35. ജീസസ് ഫോർ ഇൻഡ്യാ (1970) എന്നു തുടങ്ങി ഏതാണ്ട് നൂറിലേറെ പെന്തക്കോസ്ത് വിഭാഗങ്ങളുടെ ചെറിയ ചെറിയ കൂട്ടങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു.

## അവലോകനം

കേരളത്തിലെ പെന്തക്കോസ്തു നവീകരണപ്രസ്ഥാനം ആരംഭ കാലത്ത് ചില വ്യക്തികൾക്ക് ദൈവോന്മുഖജീവിതത്തിന് ഉത്തേജനം നൽകിയിരുന്നു. മറ്റേതൊരു മാനുഷിക പ്രസ്ഥാനം പോലെ ഇതും അധഃപതിച്ചു എന്നു പറയുന്നവരുണ്ട്[7].

(1) നേതൃസ്ഥാനത്തു വന്ന പെന്തക്കോസ്തുകാർ ഭൗതിക സ്വത്തുക്കൾ വാരിക്കൂട്ടാനാണ് തത്രപ്പെട്ടത്. അതിൽ ലക്ഷ്യം വച്ചവർ അതു സാധിക്കാതെ വന്നപ്പോൾ അതിൽ നിന്നുമാറി പുതിയ സമൂഹങ്ങൾ സംഘടിപ്പിച്ച് അമേരിക്കൻ സഭകളുടെ ബ്രാഞ്ചുകളായി മാറി.

(2) ചിലരെങ്കിലും പാളം തെറ്റിയവരും കള്ളപ്രവാചകന്മാരും ആയിരുന്നു.

(3) അത്ഭുത രോഗശാന്തിപോലും ഒരു വ്യാജവിൽപ്പന ചരക്കായി അധഃപതിച്ചു.

(4) മറുഭാഷാവരം സംബന്ധിച്ചും വളരെയധികം നാട്യം നടക്കുന്നുണ്ട്.

(5) വീണ്ടും സ്നാനം ഒരു ദുരാചാരം തന്നെയാണ്. അത് അർഥ ശൂന്യമായ ഒരു ചടങ്ങാണ്.

(6) ഏതെങ്കിലും വ്യക്തിയുടെ വ്യക്തിപരമായ താൽപര്യമനുസരിച്ച് തുടങ്ങിയവയാണ് മിക്ക കൂട്ടങ്ങളും.

(7) ശിശുസ്നാനത്തിനെതിരെ അവർ നടത്തുന്ന പ്രചരണവും വേദാനുസൃതമല്ല. വേദപുസ്കത്തിന്റെ സമഗ്രവീക്ഷണം ഇവർക്കില്ല. അവർ

7. എം.റ്റി.സാമുവൽ, *പെന്തക്കോസ്തുപ്രസ്ഥാനം, ഇന്നലെ, ഇന്ന്,* പേ. 57-88; അച്ചൻകുഞ്ഞ് ഇലന്തൂർ, *ഉണർവിന്റെ ജ്വലകൾ*,കോട്ടയം, 1992, പേ.259;

www.malankaralibrary.com

ഉപേക്ഷിച്ചു കളഞ്ഞ പല സംഗതികളും വളരെ പൗരാണിക പാരമ്പര്യങ്ങ ളാണ്. കുരിശുവര, കർതൃപ്രാർഥന എന്നിവ ഉപേക്ഷിച്ചത് അക്ഷന്തവ്യമായ തെറ്റാണ്. കർതൃപ്രാർഥനയേക്കാൾ ശ്രേഷ്ഠമത്രേ അവരുടെ സ്വയംപ്രേരിത പ്രാർഥന.

മിശിഹായുടെ ശരീരമായ സഭയെ കീറിമുറിക്കുന്ന പ്രസ്ഥാനങ്ങളൊ ക്കെ ത്യാജ്യങ്ങളാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന് വാതിൽ അടച്ചു കളയുന്നതാണ്. വിശ്വാസികളെ ദൈവഭവനമാകുന്ന സഭയിൽ നിന്നകറ്റി വിഘടിത ഗ്രൂപ്പുകളിൽ ചേർത്തുനിർത്തുന്നത് പാപമാണ്. പെന്തക്കോസ്തു വിഭാഗങ്ങളുടെ പിളർപ്പുകൾ കണ്ടാൽ, "എന്നോടുകൂടി ചേർക്കാത്തവൻ ചിതറിക്കും" എന്ന കർതൃവചനം ഇവർ പൂർത്തിയാക്കുകയാണോ എന്ന് തോന്നാറുണ്ട്(മത്താ.12,30). പരിശുദ്ധാത്മാവ് പിളർപ്പിന്റെയും കലഹത്തി ന്റെയും ദൈവമല്ല, ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദൈവമാണ്.

## 2. ശിശുസ്നാനം വേദാനുസൃതം

ഇന്ന് ലോകത്തുള്ള കത്തോലിക്കാ, ഗ്രീക്ക് ഓർത്തഡോക്സ്, യാക്കോ ബായാ പാരമ്പര്യമുള്ള ഓറിയന്റൽ ഓർത്തഡോക്സ്, നെസ്തോറിയൻ എന്നറിയപ്പെട്ടിരുന്ന അസ്സീറിയൻ എന്നീ പുരാതനസഭകളും ആംഗ്ലിക്കൻ, ലൂഥറൻ, പ്രെസ്ബിറ്റേറിയൻ ആദിയായ പ്രോട്ടസ്റ്റന്റ് സഭകളും ശിശുസ്നാനം പുരാതന ക്രൈസ്തവ പാരമ്പര്യമായി അംഗീകരിക്കുന്നവരാണ്. 17-ാം നൂറ്റാണ്ടിൽ ഉടലെടുത്ത വീണ്ടും സ്നാനക്കാരുടെ (അനാബാപ്തിസ്റ്റു കാരുടെ) പിൻതലമുറയിൽ പെട്ട ബാപ്തിസ്റ്റ്, ബ്രദറൺ, പെന്തക്കോസ്ത് സഭാവിഭാഗങ്ങൾ മാത്രമാണ് ഈ പുരാതന ക്രൈസ്തവ പാരമ്പര്യം ഉപേക്ഷിക്കുകയും നവീനപ്രബോധനം പഠിപ്പിക്കുകയും ശിശുസ്നാന ത്തിനെതിരെ പ്രചരണം നടത്തുകയും വേദപുസ്തകത്തെയും ക്രൈസ്തവ സഭാപാരമ്പര്യത്തെയും കോട്ടിമാട്ടുകയും ചെയ്യുന്നത്.

പുരാതനസഭകളെല്ലാം മുതിർന്നവരുടെ സ്നാനവും ശിശുസ്നാനവും അംഗീകരിക്കുന്നു. പെന്തക്കോസ്തുകാരുടെ കൂട്ടത്തിൽ ചിലിയിലെ (തെക്കേ അമേരിക്ക) പെന്തക്കോസ്തുകാർ ശിശുക്കളെയും സ്നാനപ്പെടു ത്തുന്നവരാണ്. വേദപുസ്തകത്തിൽ മുതിർന്നവരുടെ സ്നാനമെന്നും ശിശു ക്കളുടെ സ്നാനമെന്നുമുള്ള തരംതിരിവുകളൊന്നുമില്ല. മുതിർന്നവരുടെ സ്നാനം മാത്രമാണ് ശരിയെന്ന് വേദപുസ്തകം പറയുന്നില്ല. പുരാതന സഭകൾ അങ്ങനെ പഠിപ്പിക്കുന്നുമില്ല.

"നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് മാമോ

www.malankaralibrary.com

ദീസാ നൽകുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ.28,18–20) എന്നാണ് കർതൃകൽപ്പന. ഇവിടെ മൂന്നു കാര്യങ്ങളാണ് കർത്താവ് കൽപ്പിക്കുന്നത്: 1. ശിഷ്യപ്പെടുത്തുവിൻ. 2. മാമോദീസാ നൽകുവിൻ. 3. പഠിപ്പിക്കുവിൻ. എല്ലാം പഠിച്ചശേഷം മാമോ ദീസാ നൽകാനല്ല കർത്താവ് പറഞ്ഞത്. പിന്നെയോ, ശിഷ്യപ്പെടുത്തുവിൻ, സ്നാനപ്പെടുത്തുവിൻ എന്നാണ്. മാമോദീസായിലൂടെ ശിഷ്യരായി തീർന്നവരെ പഠിപ്പിക്കുന്നു. കർത്താവ് കൽപ്പിച്ചതു മുഴുവൻ അനുസരിക്കാ നാണ് പഠിപ്പിക്കുന്നത്. സ്നാനം ലഭിച്ച ശിശുക്കളെ നാം ഭവനത്തിൽ ക്രിസ്തീയമായി വളർത്തുന്നു. മതപഠനത്തിന് അയക്കുന്നു. വിശുദ്ധ ആരാധനയിലൂടെയും തിരുവചനപഠനത്തിലൂടെയും അവർ കർതൃ കൽപ്പനകളെല്ലാം പഠിക്കുന്നു. "ആദ്യകുർബാനാവസരം" ആ കുട്ടി യേശു ക്രിസ്തുവിന് വ്യക്തിപരമായി തന്നെത്തന്നെ ആഘോഷമായി ആത്മാ ർപ്പണം ചെയ്യുന്നു. ഓരോ വിശുദ്ധ കുർബാനയിലും, ഓരോ പ്രാവശ്യവും വിശ്വാസപ്രമാണം ചൊല്ലുമ്പോഴും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ തനിക്ക് കൈവന്ന രക്ഷ വിശ്വാസി പ്രഘോഷിക്കുന്നു.

ഇതുതന്നെയാണ് വി.മർക്കോസിലും കാണുക :"എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനാണ് കർത്താവ് ആഹ്വാനം ചെയ്തിരിക്കുന്നത്. ''വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും'' (16,16). യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് രക്ഷയുടെ ആരംഭം. "കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (നട.16,31). "അവനിൽ വിശ്വസിക്കുന്ന എല്ലാവരും അവന്റെ നാമം വഴി പാപ മോചനം നേടുമെന്ന് പ്രവാചകന്മാർ അവനെ കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു" (നട.10,43). യേശു കർത്താവാണെന്നും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചെന്നും വിശ്വസിക്കണം. യേശുക്രിസ്തുവിലും തന്റെ സുവിശേഷ ത്തിലും തന്റെ പ്രബോധനം മുഴുവനിലും വിശ്വസിക്കണം. ''യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമ.10,9). ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങ ളിലും പോയി സുവിശേഷം പ്രസംഗിച്ചു. യേശുവിൽ വിശ്വസിച്ചവരെ അവർ സ്നാനപ്പെടുത്തി സഭയോട് ചേർത്തു. എന്നാൽ ക്രിസ്ത്യാനികൾ ആയവ രുടെ മക്കൾ അടുത്ത തലമുറയിൽ ഉണ്ടായി. അവരെ അക്രൈസ്തവരായി വളർത്തി പ്രായപൂർത്തിയായിട്ട് സ്നാനം നൽകിയാൽ മതിയെന്നതിന് ആധാരമായി മർക്കോസ് 16,16 വ്യാഖ്യാനിക്കാൻ പാടില്ല.

ക്രിസ്തുമതത്തിൽ വിശ്വാസത്തിന് വളരെയധികം പ്രാധാന്യമുണ്ട്. വ്രിശ്വാസികളുടെ സമൂഹമാണിത്. ഈ സമൂഹത്തിലെ അംഗങ്ങൾ യേശുക്രിസ്തുവിന്റെ ഏകശരീരത്തിലെ അവയവങ്ങളാണ്. മാമോദീസാ വഴി വിശ്വാസികൾ യേശുക്രിസ്തുവുമായി ഒട്ടിക്കപ്പെടുന്നു. "ഞാൻ മുന്തിരി

www.malankaralibrary.com

വള്ളിയും നിങ്ങൾ ശാഖകളുമാകുന്നു"(യോഹ.15,5). "നാമെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു...നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1കൊറി. 12,13.27)."അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്" (കൊളോ.1,18). യേശുക്രിസ്തുവിൽ സ്നാനമേറ്റവർ യേശുക്രിസ്തുവിനെ ധരിക്കുന്നു. ഈ സമൂഹം പരസ്പരം ബന്ധിതമാണ്. മരണത്തിനപ്പുറത്ത് നിത്യതയിലേക്ക് നീണ്ടുപോകുന്നതാണത്. ഇവിടുത്തെ താൽക്കാലിക കൂടാരവാസത്തിനു ശേഷം സ്വർഗത്തിൽ നിത്യസൗഭാഗ്യത്തിലേക്ക് ഈ ബന്ധം തുടരുന്നു.

അതുകൊണ്ട് ഒരു വ്യക്തിക്കുവേണ്ടി വേറൊരു വ്യക്തിക്ക് വിശ്വാസം ഏറ്റുപറയാൻ സാധിക്കും. കാരണം, നാം ഒന്നാണ്. ശിശുക്കൾക്ക് സ്വന്തമായി വിശ്വാസം ഏറ്റുപറയാൻ സാധിക്കുന്നില്ലെങ്കിലും അതിനു കഴിവുള്ള മാതാപിതാക്കൾ, ബന്ധുജനങ്ങൾ തുടങ്ങി ദൈവത്തിന്റെ സഭയിലെ വിശ്വാസികളുടെ സമൂഹം യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് വിശ്വാസികളുടെ സമൂഹത്തിലേക്ക് ശിശുക്കളെ സ്വീകരിക്കുന്നു. അതാണ് ശിശുക്കൾക്ക് മാമോദീസാ നൽകുമ്പോൾ സഭ ചെയ്യുന്നത്. നാം പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞ് ശിശുക്കളെ വിശ്വാസികളുടെ സഭയിൽ സ്വീകരിക്കുന്നു. കർത്താവിലുള്ള വിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്ന് സഭയിൽ വാഗ്ദാനം ചെയ്യുന്നു. ശിശുക്കൾ വളർന്നു വരുന്നതനുസരിച്ച് ക്രിസ്തുവിൽ അവരെ വളർത്തുന്നു. അവരെ ക്രിസ്തീയ മായ അനുഭവത്തിൽ എത്തിക്കുന്നു. "ശിഷ്യപ്പെടുത്തി, സ്നാനപ്പെടുത്തി, കർതൃകൽപ്പനകളെല്ലാം അനുസരിക്കാൻ പഠിപ്പിക്കുന്നു". അക്രൈസ്തവ രായി മുപ്പതു വയസ്സുവരെ ജീവിക്കാൻ നാം വിടുന്നില്ല.

നമ്മുടെ കർത്താവ് രോഗശാന്തി നൽകിയപ്പോഴൊക്കെ, "മനുഷ്യ പുത്രന് ഇതു ചെയ്യാൻ കഴിവുണ്ടെന്ന് നീ വിശ്വസിക്കുന്നുവോ?" എന്നു ചോദിക്കുന്നതായി നാം വായിക്കുന്നു. "കർത്താവേ, ഞാൻ വിശ്വസിക്കുന്നു" എന്ന് ഏറ്റുപറയുമ്പോൾ, "നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടെ" എന്നു കൽപ്പിച്ചുകൊണ്ട് കർത്താവ് രോഗശാന്തി നൽകുന്നു. സ്വന്തമായി സംസാരിക്കാൻ കഴിവില്ലാത്തവർക്കു വേണ്ടി മറ്റുള്ളവർ വിശ്വാസം ഏറ്റു പറഞ്ഞതും കർത്താവ് സൗഖ്യം നൽകിയതും നാം കാണുന്നുണ്ട്. തളർവാതരോഗിയെ കർത്താവ് സൗഖ്യമാക്കിയത് ഇതിന് ഉദാഹരണമാണ്. "യേശു അവരുടെ വിശ്വാസം കണ്ട് തളർവാതരോഗിയോട്, മകനേ, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു (മത്താ.9,1-8). അതു പോലെ ശതാധിപന്റെ ഭൃത്യൻ സുഖമാകുന്നത് ശതാധിപന്റെ വിശ്വാസം കൊണ്ടാണ്. "പിന്നെ യേശു ശതാധിപനോട് പറഞ്ഞു: പോകുക. നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ"(മത്താ.8,13). പിശാചു ബാധിത നായ ബാലൻ സുഖം പ്രാപിക്കുന്നത് അവന്റെ പിതാവിന്റെ വിശ്വാസം

www.malankaralibrary.com

നിമിത്തമാണ് (മർക്കോ.9,24). അതുപോലെ മരിച്ച കുട്ടിയെ എഴുന്നേൽപ്പിച്ചത് യായീറോസിന്റെ വിശ്വാസം കൊണ്ടാണ് (മർക്കോ.5,41).

പ്രിയപ്പെട്ടവരുടെ വിശ്വാസം അവർ ആർക്കുവേണ്ടി നിലകൊള്ളുന്നുവോ അവരെ വിശുദ്ധീകരിക്കുമെന്ന് തിരുലിഖിതം പഠിപ്പിക്കുന്നു. 1കൊറി.7,12-15: "അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖേനയും അവിശ്വാസിനിയായ ഭാര്യ ഭർത്താവു മുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരാകുമായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ അവർ വിശുദ്ധരത്രേ."(7,14). വിശ്വാസികളായ മാതാപിതാക്കളുടെ വിശ്വാസം നിശ്ചയമായും തങ്ങളിൽ നിന്നു ജനിച്ച ശിശുവിനെ വിശുദ്ധീകരിക്കും, രക്ഷിക്കും എന്ന് ഈ ഭാഗത്തിൽ നിന്ന് ന്യായമായി ഊഹിക്കാം. മാതാപിതാക്കൾക്ക് നിശ്ചയമായും മക്കളുടെമേൽ അധികാരമുണ്ട്. അവരെ ലോകത്തിലേക്ക് ജനിപ്പിക്കുക മാത്രമല്ല അവരുടെ കടമ. ദൈവരാജ്യത്തിലേക്കും യേശുക്രിസ്തുവിലേക്കും നിത്യജീവനിലേക്കും ജനിപ്പിക്കാനുള്ള കടമയും അവർക്കുണ്ട്.

ദൈവരാജ്യപ്രവേശനത്തിന് മാമോദീസാ അത്യന്താപേക്ഷിതമാണെന്ന് കർത്താവ് പഠിപ്പിക്കുന്നു: "ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ആരും ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല." (യോഹ.3,5). ജലസ്നാനം വഴി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. ദൃശ്യമായ കർമം അദൃശ്യമായ ദൈവകൃപ പ്രദാനം ചെയ്യുന്നു. സ്നാനാവസരം അർഥികളുടെ മേൽ ഉച്ചരിക്കപ്പെടുന്ന ത്രിത്വനാമമാണ് അവരെ വീണ്ടും ജനിപ്പിക്കുന്നത്. ജലത്തിന്റെ ആഴമോ, സ്നാനം നൽകുന്ന ആളിന്റെ വിശ്വാസമോ അല്ല, പരിശുദ്ധാത്മ പ്രവർത്തനത്താലാണ് വീണ്ടുംജനനം നടക്കുന്നത്. "കാറ്റ് അതിന് ഇഷ്ടമുള്ളിടത്ത് ഊതുന്നു". പരിശുദ്ധാത്മ പ്രവർത്തനത്തിന് പ്രായപരിധിയില്ല. ശിശുക്കളെ മാമോദീസായിൽ നിന്ന് അകറ്റി നിർത്തുന്നതിന് വേദപുസ്തകാടിസ്ഥാനവുമില്ല.

മറിച്ചാണ് തിരുലിഖിതം പഠിപ്പിക്കുന്നത്: "ശിശുക്കളെ എന്റെ അടുക്കൽ വിടുവിൻ. അവരെ തടയരുത്. എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യം ഇവരേപ്പോലെ ഉള്ളവരുടേതാകുന്നു. ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്തവന് അതിൽ പ്രവേശിക്കാൻ സാധ്യമല്ലെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (മർക്കോ. 10,14-15). പുരാതനസഭ ശിശുസ്നാനത്തിനുള്ള ഒരാഹ്വാനമായി ഇത് പരിഗണിച്ചിരുന്നു. ജനിച്ചാലുടനെ ശിശുക്കളെ മാതാപിതാക്കൾ സ്നാനത്തിന് അണയ്ക്കാനുള്ള ആഹ്വാനം ഇതിൽ അടങ്ങിയിരിക്കുന്നതായി തെർത്തൂല്യൻ മനസ്സിലാക്കി. സ്നാനത്തെപ്പറ്റി പരാമർശിക്കുന്ന ഒരു വേദഭാഗമായി പല പണ്ഡിതന്മാരും ഈ ഭാഗം വിശദീകരിക്കുന്നു. ശിശുക്കളുടെ സ്നാനാവസരം ഉപയോഗിച്ചിരുന്ന വേദപുസ്തക വായനാഭാഗവും ആയിരിക്കാമിത്.

www.malankaralibrary.com

ശിശുക്കളെ സംബന്ധിച്ചുള്ള ഈ ഭാഗം എന്തിനാണ് പുരാതനസഭ പിൻതലമുറയിലേക്ക് കൈമാറിയത്? വിവാഹമോചനം (മർക്കോ.10,1-12), ധനികനായ യുവാവ് (10,17-31) എന്നീ രണ്ട് വിഷയങ്ങൾക്കിടയ്ക്കാണ് ഇതു വരുന്നത്. ഇവിടൊരു മതോപദേശം കാണാൻ കഴിയും. വിവാഹം, സന്താനങ്ങൾ, വസ്തുവകകൾ എന്നിവ സംബന്ധിച്ച് യേശുവിന്റെ അനുയായികൾക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണമെന്ന് ഈ ഭാഗം ചൂണ്ടിക്കാട്ടുന്നു. സന്താനങ്ങളെപ്പറ്റി പറയുന്ന മധ്യഭാഗത്തുള്ള ഉപദേശം ഇങ്ങനെ മനസ്സിലാക്കാം (10,13-16): "രക്ഷകൻ ശിശുക്കളെ വിളിക്കുന്നതു കേൾക്കൂ. ഭാവിരക്ഷയിലുള്ള ഭാഗഭാഗിത്വം അവിടുന്ന് അവർക്ക് വാഗ്ദാനം ചെയ്യുന്നത് ശ്രദ്ധിക്കൂ. രക്ഷകനിലേക്ക് ശിശുക്കളെ നയിക്കുക ക്രിസ്തീയ മാതാപിതാക്കളുടെ കടമയും ദൗത്യവുമാണ്. മാമോദീസാ വഴി അവരെ യേശുവിന് നൽകണം. അവരെ തടയരുത്." അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻസ് (6:15,7) ശിശുസ്നാനത്തിന് ആധാരമായി "അവരെ തടയരുത്" എന്ന വാക്യം എടുത്തു കാട്ടുന്നു. 'യേശു ശിശുക്കളുടെമേൽ കൈവച്ചു"എന്നു പറഞ്ഞുകൊണ്ട് (മത്താ.19,15) പ്രസ്തുത ഭാഗം അവസാനിപ്പിക്കുന്നു. കൈവയ്പ്പ് മാമോദീസായുടെ ഭാഗമാണ്. സ്നാനത്തെ അനുസ്മിരിപ്പിക്കാനാകാം അതും ചേർത്തത്.

പുതിയനിയമം മിഷണറി സാഹചര്യത്തിൽ വിരചിതമാണ്. സ്നാനത്തെ പറ്റിയുള്ള പുതിയനിയമ പരാമർശങ്ങളെല്ലാം മിഷണറി സ്നാനത്തെ പറ്റിയാണ് ചർച്ച ചെയ്യുക. അതായത്, ക്രിസ്തീയ കൂട്ടായ്മയിലേക്ക് യൂദരും വിജാതിയരും കടന്നുവന്നപ്പോൾ നൽകിയ സ്നാനമെന്നു സാരം. ഇക്കാരണത്താലാണ് സ്നാനത്തെ പറ്റിയുള്ള പുതിയനിയമ ഭാഗങ്ങളിൽ മുതിർന്നവരുടെ മാനസ്സാന്തരവും സ്നാനവും കേന്ദ്രസ്ഥാനത്തു നിൽക്കുന്നത്. അവരാണ് സഭയോടു ചേരുന്നത്. ഈ മിഷണറി പശ്ചാത്തലത്തിൽ മുതിർന്നവർക്കു ലഭിച്ചത്ര ശ്രദ്ധ ശിശുക്കൾക്ക് കിട്ടിക്കാണില്ല. എന്നാൽ ശിശുക്കളെ ഒഴിവാക്കിയിട്ടുമില്ല. മുതിർന്നവരോടുകൂടെ ശിശുക്കളും സ്നാനപ്പെട്ടു. ശിശുക്കൾ കുടംബത്തിന്റെ അവിഭാജ്യ ഘടകമാണല്ലോ. നടപടി 2,38-39: പത്രോസ് പറഞ്ഞു: ‟നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കും (തെക്നാ) വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്ക് വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ്." സ്നാനം പാപമോചനത്തിനാണ്. ഈ സ്നാനംവഴി പാപമോചനം ലഭിക്കുന്നു എന്നർഥം. 'വാഗ്ദാനത്തെപ്പറ്റി' ഇവിടെ പറയുന്നു. യോയേൽ 2,28-ൽ പറയുന്ന വാഗ്ദാനമാണിത്. ആ വാഗ്ദാനം ശിശുക്കൾക്കും ഉള്ളതാണ്. "എല്ലാവരുടേയും മേൽ ഞാൻ എന്റെ ആത്മാവിനെ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും.

www.malankaralibrary.com

നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും. എന്റെ ദാസന്മാരുടെയും ദാസികളുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും...കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ രക്ഷ പ്രാപിക്കും." 'എല്ലാവരുടെയും മേൽ', അഥവാ 'സർവജഡത്തിന്മേലും' എന്നു പറഞ്ഞിരിക്കുന്നത് (യോയേൽ,2,28; നടപടി,2,17) ശിശുക്കളേയും ഉൾപ്പെടുത്തിയാണ്. ശ്രോതാക്കളുടെ കൂട്ടത്തിലുള്ള ശിശുക്കളെ ഒഴിവാക്കി ക്കൊണ്ടല്ല, "ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കും' എന്ന് പറഞ്ഞിരിക്കുന്നത്. കുട്ടികളെയും സ്നാനപ്പെടുത്താനുള്ള ആഹ്വാനമാണിത് (നട.2,39). സ്നാനം വഴി ലഭിക്കുന്ന രക്ഷയ്ക്ക് പ്രായ പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ (2,40;2,21), സ്നാനത്തിനും പ്രായപരിധി നിശ്ചയിച്ചിട്ടില്ലെന്ന് അനുമാനിക്കാം.

"ലീദിയായും അവളുടെ കുടുംബവും (ഒയ്കോസ്) മാമോദീസാ സ്വീക രിച്ചു" (നട.16,15). "കാരാഗൃഹപ്രമാണിയും കുടുംബവും മാമോദീസാ സ്വീക രിച്ചു" (16,33). "ക്രിസ്പൂസും അവന്റെ കുടുംബം മുഴുവനും കർത്താവിൽ വിശ്വസിച്ചു" (18,8). "സ്തേഫാനോസിന്റെ കുടുംബത്തേക്കൂടി ഞാൻ സ്നാന പ്പെടുത്തിയിട്ടുണ്ട്"(1കൊറി. 1,16). "കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" എന്നു പറഞ്ഞപ്പോൾ തന്നെ യാണ് കാരാഗൃഹപ്രമാണിയും കുടുംബവും സ്നാനം സ്വീകരിച്ചത് (16,31). മറ്റൊന്ന്: 'ശെമയോനെ വരുത്തുക. നിനക്കും നിന്റെ കുടുംബത്തിനു മുഴു വനും രക്ഷ കിട്ടുന്നതിനുള്ള കാര്യങ്ങൾ അവൻ നിന്നോടു പറയും" (11,14).

ഈ പറഞ്ഞിരിക്കുന്നിടത്തൊക്കെ 'കുടുംബം', 'കുടുംബം മുഴുവനും ' എന്നു പറഞ്ഞിരിക്കുന്നത് ശിശുക്കളെ മാറ്റിനിർത്തിയിട്ടാണെന്ന് സുബുദ്ധി ഉള്ളവരാരും പറയുമെന്ന് തോന്നുന്നില്ല. 'ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും' എന്നു പറഞ്ഞാൽ (ജോഷ്വാ 24,15), കുടുംബത്തി ലുള്ള എല്ലാവരും എന്നാണർഥം.[1] ആ അർഥത്തിൽ തന്നെയാണ് പുതിയ നിയമവും പഠിപ്പിക്കുന്നത്. യഹൂദപശ്ചാത്തലത്തിൽ മാതാപിതാക്കളും എല്ലാ പ്രായത്തിലുമുള്ള മക്കളും വീട്ടിൽ താമസിക്കുന്ന ബന്ധുക്കളും ജോലിക്കാരുമെല്ലാം കുടുംബം (ഒയ്കോസ്) എന്ന സംജ്ഞയുടെ കീഴിൽ വരും.

സഭാരംഭകാലത്ത്, കർത്താവിൽ വിശ്വസിച്ചിരുന്ന സ്ത്രീപുരുഷന്മാരെ അവരുടെ ശിശുക്കളോടുകൂടെ സ്നാനപ്പെടുത്തിയിരുന്നു. ശിശുക്കളെ സ്നാനത്തിൽ നിന്ന് മാറ്റി നിർത്തിയതായി ഒരൊറ്റ പരാമർശം പോലും ചൂണ്ടിക്കാണിക്കാനില്ല. കുട്ടികളെ മാറ്റിനിർത്തുന്ന സാഹചര്യം വന്നാൽ എടുത്തുപറയുന്ന രീതിയാണ് ബൈബിളിനുള്ളത്. ഉൽപ്പ.50,80: "ജോസ ഫിന്റെ വീട്ടുകാരും സഹോദരന്മാരും പിതാവിന്റെ കുടുംബവും അവന്റെ

1. ഉൽപ. 47,12;2സാമു. 6,20;സുഭാഷി.27,27 കൂടി കാണുക.

www.malankaralibrary.com

കൂടെ ഉണ്ടായിരുന്നു. കുട്ടികളും ആടുമാടുകളും മാത്രമേ ഗോഷേൻ ദേശത്തു ശേഷിച്ചുള്ളു." അപ്രകാരം ഒന്നുംതന്നെ സ്നാനസംബന്ധമായി ഒരിടത്തും പറഞ്ഞിട്ടില്ല.

പുതിയ നിയമത്തിൽ ഒരിടത്തും സ്നാനത്തെ പറ്റിയുള്ള സമഗ്രവും പൂർണവുമായ ചർച്ചയില്ല. ക്രൈസ്തവ സ്നാനത്തിന്റെ നാനാവശങ്ങളും ചർച്ച ചെയ്യുകയല്ല പുതിയനിയമലക്ഷ്യം. യഹൂദരുടെ ഇടയിൽ ക്രിസ്തുവിന്റെ വരവിനുമുമ്പ് സ്നാനശുശ്രൂഷകൾ നിലനിന്നു. വിജാതിയരിൽനിന്ന് യഹൂദമതം സ്വീകരിച്ച പുരുഷന്മാരെ പരിച്ഛേദനം നടത്തുകയും സ്നാനപ്പെടുത്തുകയും ചെയ്തിരുന്നു. സ്ത്രീകൾക്ക് സ്നാനം മാത്രം നൽകിയിരുന്നു. അവരുടെ കുട്ടികളേയും ഇപ്രകാരം മാതാപിതാക്കളോടൊപ്പം ചെയ്തിരുന്നു.

"യഹൂദരെല്ലാം സ്നാനപ്പെട്ടവരായിരുന്നു" എന്നു ധ്വനിക്കുന്ന ഒരു ഭാഗം പൗലോസിൽ കാണാം. "നമ്മുടെ പിതാക്കന്മാരെല്ലാം മേഘത്തണലിൽ ആയിരുന്നെന്നും കടലിലൂടെ കടന്നെന്നും നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവരെല്ലാവരും മേഘത്തിലും കടലിലും സ്നാനമേറ്റ് മോശയോട് ചേർന്നു" (1കൊറി.10,1-2). മേഘത്തണലിൽ കൂടിയും കടലിൽ കൂടിയും നടന്നത് സ്നാനമായി പൗലോസ് ചിത്രീകരിക്കുന്നു. മേഘം മഴ വർഷിച്ചെന്നും ജലത്തിൽ മുങ്ങിയെന്നും കാണുന്നില്ല. 'പിതാക്കന്മാരെല്ലാവരും' എന്നു പറഞ്ഞാൽ മാതാക്കൾ ഒഴിവാക്കപ്പെട്ടെന്നും ശിശുക്കളെ മാറ്റി നിർത്തിയെന്നും വരുന്നില്ല. 'നമ്മുടെ പിതാക്കന്മാരെല്ലാവരും' എന്നു പറയുമ്പോൾ മരുഭൂമിയിലൂടെ നടന്ന തങ്ങളുടെ മുൻഗാമികളെയെല്ലാം ഉദ്ദേശിച്ചാണ് പൗലോസ് പറഞ്ഞിരിക്കുന്നത്. ഇതുപോലെയാണ് കുടുംബം മുഴുവനും എന്നതിന്റെയും അർഥം.

പത്രോസ് തന്റെ ഒന്നാം ലേഖനത്തിൽ സ്നാനത്തെപ്പറ്റി പറയുന്ന ഒരു ഭാഗമുണ്ട്(3,18ff.). നോഹിന്റെ കാലത്ത് എട്ടുപേർ രക്ഷപെട്ടു. "ആ പെട്ടകത്തിൽ ഉണ്ടായിരുന്ന എട്ടുപേർ മാത്രമേ ജലത്തിലൂടെ രക്ഷപെട്ടുള്ളു(3,20). അവർ പെട്ടകത്തിലൂടെ ജലത്തിനു മുകളിൽ ഒഴുകി നടന്നു. ജലത്തിനുള്ളിൽ മുങ്ങിയില്ല. മുങ്ങിയവർ മരിച്ചുപോയി. അതിന്റെ സാദൃശ്യമുള്ള സ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു. ശുദ്ധമനസ്സാക്ഷിക്കായി ദൈവത്തോടു നടത്തുന്ന പ്രാർഥനയാണത്" (3,21). അപ്പോൾ മുങ്ങലിനും പൊങ്ങലിനുമല്ല പ്രാധാന്യം എന്നുസാരം. "വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കുമാണ്" എന്ന് വി. പത്രോസ് സ്പഷ്ടമായി പറഞ്ഞിരിക്കുന്നു(നട.2,39).

ദൈവകൃപ ലഭിക്കുന്നത് തിരിച്ചറിവിന്റെ പ്രായം നോക്കിയല്ല എന്നതിന് മറ്റൊരു തെളിവ്: ജീവശ്വാസം ഊതുന്നതിനുമുമ്പ് വെറുമൊരു മൺകൂനയായിരുന്നു ആദ്യമനുഷ്യൻ. ദൈവം മൺകൂനയിൽ ജീവശ്വാസം ഊതിയ

www.malankaralibrary.com

പ്പോൾ മൺകൂന ജീവനുള്ളതായിത്തീർന്നു. അവൻ ആദ്യമനുഷ്യനായി (ഉൽപ്പ.2,7). മൺകൂനയ്ക്ക് ദൈവകൃപ സ്വീകരിക്കാൻ സാധിക്കുമെങ്കിൽ, 'ക്രിസ്തീയ മാതാപിതാക്കളുടെ ശിശുവിന് കൃപ സ്വീകരിക്കാൻ സാധ്യമല്ല, തിരിച്ചറിവു വരണം' എന്നു വാദിക്കുന്നത് യുക്തിവിരുദ്ധമാണ്.

ഉണങ്ങിക്കരിഞ്ഞ അസ്ഥികളിൽ നിന്ന് ദൈവാത്മാവിന് വലിയൊരു സൈന്യനിരയെ ഉയർത്താൻ സാധിക്കുമെങ്കിൽ, (എസ.37,1-10), ശിശുക്കൾക്ക് അതിനേക്കാൾ ശ്രേഷ്ഠമായ രീതിയിൽ ദൈവകൃപ സ്വീകരിക്കാൻ കഴിവുണ്ട്.

'കൃപ നിറഞ്ഞ' മറിയത്തിന്റെ അഭിവാദനം എലിസബത്ത് കേട്ടപ്പോൾ അവളുടെ ഉദരത്തിലെ ശിശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് സന്തോഷം കൊണ്ട് തുള്ളിച്ചാടിയതായി നാം വായിക്കുന്നു (ലൂ.1,44). "അവൻ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവു കൊണ്ട് നിറയും" എന്ന് ദൈവദൂതൻ പറഞ്ഞത് അങ്ങനെ നിറവേറി (ലൂ.1,15). ഉദരത്തിൽ കിടന്ന ശിശുവിന് അഭിവാദനം കൊണ്ട് പരിശുദ്ധാത്മാവിനെ സ്വീകരിക്കാമെങ്കിൽ, മാമോദീസായിൽ ശിശുവിന് എന്തുകൊണ്ട് പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൂടാ? ഉദരത്തിൽ കിടന്ന ശിശുവിന്റെ അറിവോടുകൂടി അല്ലല്ലോ അതിന് പരിശുദ്ധാത്മാവിനെ ലഭിച്ചത്.

ജറമിയായെ ജനിക്കുന്നതിനു മുമ്പുതന്നെ കർത്താവ് വിശുദ്ധീകരിച്ചു(1,5):"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു." ജനിക്കുന്നതിനു മുൻപ് ജറമിയായെ വിശുദ്ധീകരിക്കാൻ കഴിവുള്ള ദൈവമാണ് ശിശുക്കളെ വീണ്ടും ജനിപ്പിക്കുന്നത്.

"കർത്താവ് എന്നെ ഗർഭത്തിൽ വച്ചുതന്നെ വിളിച്ചു. എന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവിടുന്ന് എന്നെ നാമകരണം ചെയ്തു... ഗർഭത്തിൽ വച്ചുതന്നെ എന്നെ തന്റെ ദാസനായി കർത്താവ് രൂപപ്പെടുത്തി" എന്ന് ഏശായായും പറയുന്നു (49,1-5). അപ്രകാരം രൂപപ്പെടുത്തിയ കർത്താവാണ് മാമോദീസാത്തൊട്ടിയാകുന്ന ഗർഭപാത്രത്തിൽ വച്ച് ശിശുക്കളെ ദൈവമക്കളായി രൂപപ്പെടുത്തുന്നത്.

പൗലോസും തന്റെ അനുഭവം പങ്കുവയ്ക്കുന്നു: "ഞാൻ എന്റെ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾതന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു."(ഗലാ.1,15). ആ തെരഞ്ഞെടുപ്പാണ് മാമോദീസാ ജലത്തിൽ നടക്കുന്നത്. കുഞ്ഞുങ്ങളെപ്പറ്റി പൗലോസ് സംസാരിക്കുമ്പോൾ ക്രിസ്തീയ കുഞ്ഞുങ്ങൾ എന്ന നിലയിലാണ് ചർച്ച ചെയ്തിട്ടുള്ളത്. "കുട്ടികളേ, എല്ലാ കാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. ഇത് കർത്താവിന് പ്രീതികരമത്രേ."(കൊളോ.3,20). "കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ... പിതാക്ക

www.malankaralibrary.com

ന്മാരേ, കുട്ടികളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ.” (എഫേ.6,1-4). മാമോദീസാ വഴിയാണല്ലോ സഭാംഗമാകുന്നത്. കുട്ടികൾ കർത്താവിന്റെ ശിഷ്യരായി പരിഗണിക്കപ്പെട്ടിരുന്നു എന്നു സാരം. കർത്താവിനോട് ഐക്യപ്പെടാതെ സഭയ്ക്ക് പുറത്തുള്ളവരായിരുന്നു ശിശുക്കൾ എങ്കിൽ പൗലോസിന്റെ ഉപദേശം അർഥശൂന്യമാകുമായിരുന്നു. ‘നിങ്ങളുടെ മക്കൾ വിശുദ്ധരാണ്.” കൊറി.7,14-ൽ പറയുന്നതും സ്നാനം സ്വീകരിച്ചവരെ പറ്റിയാണ്.

യോഹന്നാൻ ശ്ലീഹായും ക്രിസ്തീയ കുഞ്ഞുങ്ങളോടാണ് സംസാരിക്കുന്നത്:“കുഞ്ഞുമക്കളേ, ഞാൻ നിങ്ങൾക്കെഴുതുന്നു. അവന്റെ നാമം നിമിത്തം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.”

യഹൂദരുടെ പരിച്ഛേദനം ക്രിസ്തീയ സ്നാനത്തിന്റെ മുൻകുറിയായി പൗലോസ് ശ്ലീഹാ ചിത്രീകരിക്കുന്നു (കൊളോ.2,11-12). പൗലോസ് പ്രസംഗിച്ച സ്ഥലങ്ങളിലൊക്കെ യഹൂദക്രൈസ്തവർ തങ്ങളുടെ ശിശുക്കൾക്ക് പരിച്ഛേദനം നൽകാതെ സ്നാനം മാത്രം നൽകിയിരുന്നു. ജറുസലേം സഭയിൽ എട്ടാംദിവസം ച്ഛേദനാചാരവും സ്നാനവും നൽകിയിരുന്നു. കാലക്രമത്തിൽ ക്രിസ്ത്യാനികളുടെ ഇടയിൽ പൊതുവേ ച്ഛേദനാചാരം നിന്നുപോയി. സിമ്മാക്കിയർ എന്നറിയപ്പെട്ടിരുന്ന യഹൂദ-ക്രൈസ്തവ വിഭാഗം മാത്രം ഇവ രണ്ടും തുടർന്നു. യഹൂദർ ചെയ്തിരുന്ന രീതിയിൽ, അതായത്, ശിശുക്കളേയും കർമങ്ങൾ നടത്തി യഹൂദസഭയിൽ ചേർത്തിരുന്നതു പോലെ ക്രിസ്തീയസഭയും ശിശുക്കൾക്ക് സ്നാനം നൽകി സഭയോട് ചേർത്തിരുന്നു. ക്രിസ്തീയസ്നാനം യഹൂദസ്നാനമല്ലായിരുന്നു. തന്റെ രാജകീയ പൗരോഹിത്യത്തിൽ ക്രിസ്തു നൽകുന്ന ഭാഗഭാഗിത്വമാണിത്. എന്നാൽ സ്നാനത്തോട് ബന്ധപ്പെട്ട പല സംഗതികളും യഹൂദ പശ്ചാത്തലത്തിൽ നിന്ന് എടുത്തിട്ടുള്ളവയാണ്. സ്നാനത്തിനു മുമ്പുള്ള ഉപദേശം, സ്നാനം, സ്നാനസംബന്ധമായ പദപ്രയോഗങ്ങൾ ആദിയായവ. ക്രൈസ്തവസ്നാനം യോഹന്നാന്റെ സ്നാനവുമല്ല. അത് ക്രിസ്തുവിന് വഴിയൊരുക്കുന്നതു മാത്രമായിരുന്നു. എല്ലാ നീതിയും പൂർത്തിയാക്കാൻ ആ സ്നാനമാണ് കർത്താവ് സ്വീകരിച്ചത്. ക്രൈസ്തവ സ്നാനം ക്രിസ്തു മുങ്ങിയ സ്നാനവുമല്ല. ക്രിസ്തു സ്ഥാപിച്ച കൂദാശയാണ്.

സ്നാനപ്പെട്ടവരെന്നും സ്നാനപ്പെടാത്തവരെന്നും രണ്ടുതരം ക്രിസ്ത്യാനികളെപ്പറ്റി പുരാതനസഭയിൽ യാതൊരു പരാമർശവുമില്ല. ക്രിസ്തീയ മാതാപിതാക്കൾക്കു ജനിച്ച ശിശുക്കൾക്ക് ഉടനെതന്നെ മാമോദീസാ കൊടുത്തിരുന്നില്ലെങ്കിൽ, സ്നാനപ്പെട്ടവരെന്നും സ്നാനപ്പെടാത്തവരെന്നും രണ്ടുകൂട്ടം ആളുകൾ ഒന്നിച്ച് സഭയിൽ ജീവിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുമായിരുന്നു.

ശിശുസ്നാനത്തിൽ നിന്നു വ്യത്യസ്തമായ ഒരു രീതി നടപ്പാക്കിയ

www.malankaralibrary.com

തിനെപ്പറ്റി സഭാചരിത്രത്തിൽ ഒരു സൂചനയും കാണുന്നില്ല. ക്രിസ്തീയ മാതാപിതാക്കളുടെ കുട്ടികളെ ജനിച്ചാലടൻ തന്നെ സ്നാനപ്പെടുത്തണമോ, വേണ്ടയോ എന്നതിനെപ്പറ്റി പുരാതന സഭയിൽ ചർച്ചകൾ നടന്നതായി കാണുന്നില്ല. ശിശുസ്നാനം പുതിയ പ്രബോധനം ആയിരുന്നെങ്കിൽ, ശ്ലൈഹിക കാലത്തു നിന്നു ലഭിച്ച സഭാപാരമ്പര്യം അല്ലെങ്കിൽ, പുതുതായി നടപ്പാക്കിയപ്പോൾ അതേപ്പറ്റി ചർച്ച നടക്കുക സ്വാഭാവികമാണ്. എന്നാൽ അപ്രകാരമൊന്ന് നടന്നതായി കാണുന്നില്ല.

ശിശുസ്നാനം ഏതെങ്കിലും സഭാവിഭാഗത്തിന്റെ പ്രബോധനമായി ഒരിക്കലും ചിത്രീകരിക്കപ്പെട്ടിരുന്നില്ല. അന്നറിയപ്പെട്ടിരുന്ന സഭ മുഴുവൻ ഏകയോഗമായി നടന്നിരുന്ന രീതികളിൽ ഒന്നായിരുന്നു അത്. പുരാതന സഭയിലെ മിക്കവാറും എല്ലാ എഴുത്തുകാരും ശിശുസ്നാനം അംഗീകരിച്ച വരാണ്. അന്നത്തെ ക്രൈസ്തവ ലോകത്തെല്ലായിടത്തും തന്നെ ശിശു സ്നാനം നിലനിന്നു. രക്തസാക്ഷിവിവരണങ്ങൾ, ശ്മശാന ശിലാലിഖിത ങ്ങൾ എന്നിവയും ഇതിന് സാക്ഷ്യം വഹിക്കുന്നു.

ശിശുക്കൾക്ക് സ്നാനം നൽകാതിരിക്കുന്നത് അവർക്കെതിരെ ദൈവരാജ്യത്തിലേക്കുള്ള വാതിൽ അടച്ചുകളയുന്നതാണ് (യോഹ. 3,3.5). അത് കർതൃഹിതത്തിന് കടകവിരുദ്ധമാണ്. ശിശുസ്നാനത്തിനെതിരായി ഒരൊറ്റ വേദപുസ്തക വാക്യംപോലും ചൂണ്ടിക്കാണിക്കാൻ ശിശുസ്നാന ത്തിനെതിരെ വാദിക്കുന്ന പെന്തക്കോസ്തുകാർക്ക് സാധിച്ചിട്ടില്ല. പ്രായമുള്ള വരെ മാത്രമേ സഭയിൽ ചേർക്കാൻ പാടുള്ളു എന്ന് കർത്താവിന് ഉദ്ദേശ മുണ്ടായിരുന്നെങ്കിൽ, കർത്താവ് അക്കാര്യം പറയുമായിരുന്നു. ശ്ലീഹന്മാർ അത് രേഖപ്പെടുത്തുമായിരുന്നു. നടപ്പാക്കുമായിരുന്നു. സ്നാനം നൽകാതെ ശിശുവിനെ മാറ്റിനിർത്തിയ ഒരൊറ്റ സംഭവവും വേദപുസ്തകത്തിലെങ്ങും രേഖപ്പെടുത്തിയിട്ടില്ല. നേരേമറിച്ച്, സഭാചരിത്രം പരിശോധിച്ചാൽ ശിശുക്കൾക്ക് സ്നാനം നൽകിയിരുന്നെന്ന് കാണാവുന്നതാണ്.

സ്നാനാനന്തരം പാപരഹിതമായി ജീവിക്കേണ്ടിയിരുന്നതിനാൽ നാലാം നൂറ്റാണ്ടോടുകൂടി ചിലയിടങ്ങളിൽ മേലേക്കിടയിൽ ജീവിച്ചിരുന്ന ചിലയാളുകളുടെ ഇടയിൽ പുരാതന പാരമ്പര്യത്തിനു മാറ്റംവന്നു. സ്നാനാ നന്തരമുള്ള പാപങ്ങൾക്ക് ദീർഘവും കഠിനതരവും പരസ്യവുമായ പ്രായശ്ചിത്തം നിശ്ചയിക്കപ്പെട്ടപ്പോൾ, യൗവന ചാപല്യങ്ങൾ കഴിഞ്ഞിട്ട് സ്നാനം സ്വീകരിക്കാമെന്ന ചിന്ത പരന്നു. സ്നാനാനന്തര പാപങ്ങൾക്ക് ഒരിക്കൽ മാത്രമേ മോചനം നൽകിയിരുന്നുള്ളു. കോൺസ്റ്റൻടൈൻ ചക്രവർത്തി തന്റെ മരണക്കിടക്കയിലാണ് സ്നാനം സ്വീകരിച്ചത്. ആ മാതൃകയും ചിലർക്ക് പ്രേരകമായി. പലസ്തീനായിൽ പോയി യോർദാൻ നദിയിൽ വച്ച് സ്നാനം സ്വീകരി ക്കണം എന്ന ഉദ്ദേശത്താലാണ് ചക്രവർത്തി സ്നാനം നീട്ടിവച്ചത്. എന്നാൽ പെട്ടെന്ന് രോഗഗ്രസ്തനായതിനാൽ ആ യാത്രമുടങ്ങി. എന്നാൽ വീണ്ടുംസ്നാക്കാരുടെ പാരമ്പര്യം പിൻതുടരുന്ന

www.malankaralibrary.com

വരൊക്കെ വെറും ചടങ്ങു നടത്തുന്നു എന്നേയുള്ളു. അവരുടെ വിഭാഗത്തിൽ ചേർന്നതിന്റെ ബാഹ്യാടയാളം മാത്രമാണ് ആ ചടങ്ങ്. അവർക്ക് മാമോദീസാ കൂദാശയല്ല. ലിബറൽ പ്രോട്ടസ്റ്റന്റ് ചിന്താരീതിയാണ് അവർ സ്വീകരിച്ചിരിക്കുന്നത്.

## ചില ചരിത്രസാക്ഷ്യങ്ങൾ

1. *പ്ലീനി (112/113):* ട്രാജൻ ചക്രവർത്തിക്ക് ബിഥീനിയാ ഗവർണറായിരുന്ന പ്ലീനി അയച്ച കത്തിൽ, "വളരെ പ്രായം കുറഞ്ഞവരും (teneri) പ്രായമുള്ളവരോടൊപ്പം(robustiores) സഭാംഗങ്ങൾ ആണെന്നും, എല്ലാ പ്രായത്തിലുമുള്ള അനേകർ[2] ഈ വിശ്വാസം സ്വീകരിച്ചിരിക്കുന്നെന്നും രേഖപ്പെടുത്തിയിരിക്കുന്നു. വിഗ്രഹാരാധനയിൽ നിന്ന് ക്രിസ്തുമതത്തിലേക്കു വന്ന അനേകരുടെ കൂടെ അവരുടെ കുഞ്ഞുങ്ങളും ക്രിസ്ത്യാനികളായെന്നു കരുതേണ്ടിയിരിക്കുന്നു. പ്രായമുള്ളവരെപ്പോലെ കുഞ്ഞുങ്ങളേയും വിസ്തരിക്കുന്നതിന്റെ സാധ്യതയെപ്പറ്റി പ്ലീനി പരിശോധിക്കുമ്പോൾ, ആ ശിശുക്കളും മാമോദീസാ വഴി പൂർണമായി സഭയുടെ അംഗങ്ങളായി തീർന്നവരാണ് എന്നു വിചാരിക്കണം.[3]

*ആഥൻസിലെ അരിസ്തിദെസ് (117/138):* ഹഡ്രിയാൻ ചക്രവർത്തിക്ക് (117-138) അരിസ്തിദെസ് എഴുതിയ തന്റെ വിശ്വാസ സമർഥക കൃതിയിൽ (അപ്പോളജിയിൽ) ക്രിസ്തീയ മാമോദീസായേപ്പറ്റി സൂചനയുണ്ട്: "അവർക്ക് (ക്രിസ്ത്യാനികൾക്ക്) ഒരു കുഞ്ഞ് ജനിക്കുമ്പോൾ അവർ ദൈവത്തിന് നന്ദി പറയുന്നു (എവുക്കരിസ്തൂസിൻ തോ തെയോ; മൗദീൻ ലാലാഹാ). അത് ശൈശവത്തിൽ തന്നെ മരിക്കാൻ ഇടയായാൽ അവർ കൂടുതലായി അവന് നന്ദി പറയുന്നു. കാരണം, അത് പാപരഹിതമായി ഈ ലോകത്തിൽ നിന്ന് കടന്നുപോയി (15,11). *നന്ദി പറയുന്നു* എന്ന പദം 15,10-ലും അരിസ്തിദെസ് ഉപയോഗിക്കുന്നു. പ്രഭാതത്തിലും ഭക്ഷണസമയത്തും ക്രിസ്ത്യാനികൾ നന്ദി പറയുന്നു. 17,4-ൽ: "അവരിൽ (വിജാതിയരിൽ) ഒരാൾ മാനസ്സാന്തരപ്പെട്ടാൽ, അവൻ ചെയ്തവയെപ്പറ്റി ക്രിസ്ത്യാനികളുടെ മുമ്പാകെ ലജ്ജിക്കുകയും 'ഞാൻ അവ അജ്ഞതയിൽ ചെയ്തുപോയതാണ്' എന്നു പറഞ്ഞ് ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു. അവൻ തന്റെ ഹൃദയം ശുദ്ധീകരിക്കുന്നു. അവന്റെ പാപങ്ങൾ ക്ഷമിച്ചു കിട്ടുകയും ചെയ്യുന്നു". *നന്ദി പറയുക* എന്ന പ്രയോഗം അരിസ്തിദെസിൽ ഒന്നാമതായി ക്രിസ്തീയ മാമോദീസായെ കുറിക്കുന്നു. 'ഒരു ശിശു ജനിക്കുമ്പോൾ അവർ നന്ദി പറയുന്നു' എന്ന പ്രയോഗം മാമോദീസായെ കുറിക്കുന്നതായി വേണം മനസ്സിലാക്കാൻ.

2. multi omnes aetatis
3. ലേഖനം, 10,96 .2,9: Joachim Jeremias, *Infant Baptism in the First Four Centuries,* London, 1960,p.63.n.4. ഈ ഭാഗത്തിന്റെ വിവരണത്തിന് ജറമിയാസിന്റെ ഈ ഗ്രന്ഥമാണ് ആധാരമാക്കിയിരി ക്കുന്നത്. (=*ജറമിയാസ്*).

www.malankaralibrary.com

പാപരഹിതമായി ഈ ലോകത്തിൽ നിന്നു കടന്നുപോകുന്ന ശിശുക്കളെ പറ്റിയുള്ള പരാമർശം അവരുടെ ശൈശവ നിഷ്കളങ്കതയെ അല്ല, മാമോദീസാ വഴിയുള്ള പാപമോചനത്തെയാണ് സൂചിപ്പിക്കുന്നത് (ജറമിയാസ്,70-71).

*3. നടപടി 2,39-ന്റെ പാശ്ചാത്യവായന (150-ന് മുമ്പ്):* "വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കുമാണല്ലോ'' എന്ന നടപടി ടെക്സ്റ്റിന് പാശ്ചാത്യസഭയിൽ വളരെ പുരാതനമായ ഒരു വ്യത്യസ്ത വായന ഉണ്ടായിരുന്നു. അതിപ്രകാരമാണ്:''വാഗ്ദാനം നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കുമാണല്ലോ''. ക്രിസ്തീയ കുഞ്ഞുങ്ങളെ കുറിച്ചുള്ള ഒരു പരാമർശമായിട്ടാണ് ഈ വ്യത്യസ്ത വായന മനസ്സിലാക്കുന്നത്. ഈ വായനയ്ക്ക് നാം അമിതപ്രാധാന്യം കൊടുക്കേണ്ട. അതേസമയം അത് വെറുതെ തള്ളിക്കളയാനും പാടില്ല. 'എല്ലാവരും മാമോദീസാ സ്വീകരിക്കുവിൻ. കാരണം, വാഗ്ദാനം നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കുമാണല്ലോ' എന്ന് ആരെങ്കിലും തിരുത്തിയെങ്കിൽ, ശിശുക്കളുടെ സ്നാനം പൊതുവെ നടപ്പിലിരുന്ന നടപടിയായി അയാൾ അംഗീകരിച്ചിരുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത് (ജറമിയാസ്, 72).

*4. രക്തസാക്ഷിയായ വി.ജസ്റ്റിൻ (150/155):* "തങ്ങളുടെ ശൈശവം മുതൽ ക്രിസ്തുവിന്റെ ശിഷ്യരായിരുന്ന, അറുപതും എഴുപതും വയസ്സുള്ള സ്ത്രീ പുരുഷന്മാരെപ്പറ്റി"ജസ്റ്റിൻ തന്റെ ഒന്നാം അപ്പോളജിയിൽ (15,6) സൂചിപ്പിക്കുന്നു. "സുദീർഘമായ ജീവിതകാലം മുഴുവൻ തങ്ങളുടെ ക്രിസ്തീയ വിശ്വാസം കളങ്കം കൂടാതെ അവർ കാത്തുസൂക്ഷിച്ചു''എന്നും അവൻ പറയുന്നു. ട്രീഫോയുമായുള്ള സംവാദം, 39,2 സ്നാനത്തെ പറ്റിയുള്ള സ്പഷ്ടമായ പരാമർശമാണ്. ജസ്റ്റിൻ സൂചിപ്പിക്കുന്ന ഈ സ്ത്രീപുരുഷന്മാർ ക്രി.വ. 90-നും 95-നും ഇടയ്ക്ക് ശിശുക്കളായി മാമോദീസാ സ്വീകരിച്ചവരാണ്. അതായത്, വിശുദ്ധ യോഹന്നാന്റെ സുവിശേഷം എഴുതപ്പെട്ട കാലഘട്ടത്തിൽ ജനിച്ചവരാണ് (ജറമിയാസ്, 72).

5. *ജസ്റ്റിന്റെയും കൂട്ടുകാരുടെയും നടപടികൾ,4,5-7 (ക്രി.വ.165):* ജസ്റ്റിനും കൂട്ടുകാരും 165-ൽ റോമിൽ വച്ച് കൊല്ലപ്പെട്ടു. അവരുടെ രക്തസാക്ഷിവിവരണം കോടതി നടപടികളിലൂടെ നമുക്ക് കൈവന്നിട്ടുണ്ട്. കപ്പഡോഷ്യയിൽ നിന്നു വന്നവനും ജസ്റ്റിന്റെ കൂട്ടുകാരനുമായ എവുഎൽപിസ്തുസ് കോടതിയിൽ പറഞ്ഞു: 'എന്റെ മാതാപിതാക്കളിൽ നിന്ന് ഞാനും ക്രിസ്തുമതം സ്വീകരിച്ചു.'(4,7). ഫ്രീജിയായിലെ ഇക്കോണിയത്തിൽ നിന്നു വന്ന ഹിയെരാക്സ് പറഞ്ഞു:'ഞാൻ എന്നും ക്രിസ്ത്യാനി ആയിരുന്നു. എന്നും അപ്രകാരം ആയിരിക്കുകയും ചെയ്യും'(4,5). മറ്റൊരു സ്നേഹിതനായ പയ്ഓൻ പറഞ്ഞു: 'ഞങ്ങളുടെ മാതാപിതാക്കളിൽ നിന്ന് ഞങ്ങൾ ഈ നല്ല വിശ്വാസം സ്വീകരിച്ചു (4,6). (ജറമിയാസ്,64).

www.malankaralibrary.com

6.*പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം,9,3(ക്രി.വ.167/168):* ന്യായാധിപനോട് പോളിക്കാർപ്പ് ഇപ്രകാരം പറഞ്ഞു: "എൺപത്തിയാറു വർഷം ഞാൻ അവനെ സേവിച്ചു. അവൻ എനിക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച എന്റെ രാജാവിനെ ഞാൻ എങ്ങനെ ശപിക്കും?" രക്തസാക്ഷിത്വം 167/8- ലാണ് നടന്നതെങ്കിൽ, പോളിക്കാർപ്പ് ജനിച്ചത് *ക്രി.വ.*80-ലാണ്. *ക്രി.വ.*81/82-ലായിരിക്കാം അദ്ദേഹത്തിന്റെ മാമോദീസാ. അതായത്, ശിശുവായിരുന്നപ്പോൾ തന്നെ. അല്ലെങ്കിൽ '86 വർഷം ഞാൻ അവനെ സേവിച്ചു' എന്നു പറയാൻ സാധിക്കയില്ല. പ്രായമായിട്ടാണ് സ്നാനം സ്വീകരിച്ചിരുന്നതെങ്കിൽ, രക്തസാക്ഷിത്വത്തിന്റെ അവസരം അദ്ദേഹത്തിന് പ്രായം വളരെ കൂടുതലായിരിക്കണം. അത് അസാധ്യമാണ്. കാരണം, രക്തസാക്ഷിത്വത്തിന് പത്തുവർഷം മുമ്പാണ് അദ്ദേഹം റോമിൽ പോയി ഉയിർപ്പുതിരുനാൾ സംബന്ധിച്ച് അനിസെറ്റസ് മാർപാപ്പായുമായി ചർച്ച നടത്തിയത്. മത്തായി, ലൂക്കോസ് എന്നീ സുവിശേഷകരുടെ രചനാകാലഘട്ടത്തിലത്രേ പോളിക്കാർപ്പിന്റെ സ്നാനം നടന്നത് (ജറമിയാസ്, 59-63).

7. കാർപ്പൂസ്, പപ്പീലൂസ്, അഗത്തോണീസ് എന്നിവരുടെ രക്തസാക്ഷിവിവരണം,34(161/180): തിയതീറായിൽ നിന്നുള്ള പപ്പീലൂസ് വിസ്താരസമയത്ത് ഇപ്രകാരം പറഞ്ഞു (34):"എന്റെ യൗവനം മുതൽ ഞാൻ ദൈവത്തെ സേവിച്ചു. ഞാനൊരിക്കലും ബിംബങ്ങൾക്ക് ബലി അർപ്പിച്ചിട്ടില്ല. പ്രത്യുത, ഞാനൊരു ക്രിസ്ത്യാനിയാണ്"(ജറമിയാസ്, 64).

8. ലയൺസിലെ ഐറേനിയോസ്, പാഷണ്ഡതകൾക്കെതിരെ, 2.22.4 (*ക്രി.വ.*180-നുശേഷം): ശിശുസ്നാനത്തെപ്പറ്റി വളരെ സ്പഷ്ടമായി സംസാരിക്കുന്ന ഒരു രേഖയാണിത്. "താൻവഴി എല്ലാവരെയും രക്ഷിക്കാൻ അവൻ (യേശു) വന്നു. അവൻ വഴി ദൈവത്തിന് വീണ്ടും ജനിക്കുന്ന എല്ലാവരെയും എന്നു ഞാൻ പറയുന്നു. ശിശുക്കൾ, കുട്ടികൾ, ബാലന്മാർ, യുവാക്കൾ, വൃദ്ധർ"[4]. ശിശുക്കളും കുട്ടികളും ബാലന്മാരും ഉൾപ്പെടെ എല്ലാ പ്രായത്തിൽ ഉള്ളവരെയും യേശു വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്നെന്ന് ഐറേനിയോസ് വിശ്വസിച്ചിരുന്നു "ദൈവത്തിന് വീണ്ടും ജനിക്കുന്നതാണ്" ( regeneratio in Deum) മാമോദീസാ. വീണ്ടും ജനനം (regeneration) എന്ന വാക്ക് മാമോദീസായെ കുറിക്കുന്ന പദമാണ്. ശിശുസ്നാനം സഭയിലെ ചോദ്യം ചെയ്യപ്പെടാത്ത രീതി ആയി അദ്ദേഹം കരുതുന്നു. (ജറമിയാസ്,72-73).

9. എഫേസോസിലെ പോളിക്രാട്ടസ്, റോമിലെ വിക്ടറിനെഴുതിയ കത്ത്(190/1):ക്രിസ്തീയ മാതാപിതാക്കളിൽ നിന്നു ജനിച്ച ആളായിരുന്നു

4. "Omnes enim venit (Jesus) per semetipsum salvare: omnes inquam, qui per eum renascuntur in Deum, infantes et parvulos et pueros et iuvenes et seniores (2,22.4). See also 1,21.1;3,17,1; 5,15,3.Dem.3,7).

www.malankaralibrary.com

പോളിക്രാട്ടസ്. ഉയിർപ്പുതിരുനാൾ പ്രശ്നം സംബന്ധിച്ച് വിക്ടറിനയച്ച കത്തിൽ 'തന്റെ ചാർച്ചയിൽ ഏഴുപേർ മെത്രാന്മാർ ആയിരുന്നെന്നും താൻ എട്ടാമത്തെ ആളാണെന്നും' അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു (എവുസേബിയസ്, സഭാചരിത്രം,5,24,6.). അദ്ദേഹം തുടരുന്നു:"എന്റെ സഹോദരന്മാരേ, ഞാൻ ഇപ്പോൾ കർത്താവിൽ 65 വർഷം ജീവിച്ചു". ഈ പരാമർശത്തിൽ നിന്ന് ശിശുവായിരുന്നപ്പോൾ ക്രി.വ.125-ൽ അദ്ദേഹം മാമോദീസാ സ്വീകരിച്ചു എന്ന് നമുക്ക് അനുമാനിക്കാം. (ജറമിയാസ്,63).

10. അലക്സാൺഡ്രിയായിലെ ക്ലെമെന്റ്, പൈദഗോഗോസ് (ഗുരു,3.59.2) ക്രി.വ. 195:"ജലത്തിൽ നിന്ന് കോരിയെടുക്കപ്പെട്ട കുഞ്ഞുങ്ങളെപ്പറ്റി (paidion)' ക്ലെമെന്റ് സംസാരിക്കുന്നു. കുഞ്ഞുങ്ങളുടെ ജലത്തിലുള്ള മാമോദീസായെപ്പറ്റിയാണ് ചർച്ച (ജറമിയാസ്,64).

11.എവുതീക്കിയാനുസിന്റെ ശിലാലിഖിതം (റോം. ക്രി.വ.200): മാമോദീസാ സ്വീകരിച്ച ശിശുക്കളുടെ 200-ാമാണ്ടിലെയോ, അതിനു തൊട്ടടുത്ത കാലത്തെയോ ശ്മശാന ലിഖിതങ്ങൾ റോമിൽനിന്ന് കണ്ടുകിട്ടിയിട്ടുണ്ട്.200-നു മുമ്പുള്ള ശ്മശാനശിലകളൊന്നും കണ്ടുകിട്ടിയിട്ടില്ല. ക്രിസ്തീയ ശ്മശാന ശിലകൾ എഴുതാൻ തുടങ്ങിയപ്പോൾ തന്നെ (200-ൽ) ശിശുസ്നാനത്തിന്റെ സാക്ഷ്യവും കണ്ടുതുടങ്ങിയിട്ടുണ്ട്. ശിശുക്കളുടെ കല്ലറകളുടെ പ്രതിരൂപങ്ങളിൽ നിന്ന് അവർ മാമോദീസാ സ്വീകരിച്ചവർ ആയിരുന്നെന്ന് വ്യക്തമാകുന്നു. എവുതീക്കിയാനുസിന്റെ ശിലാലിഖിതം ഇപ്രകാരമാണ്:

Eutychiano Filio dulcissimo Eutychus Pater d(e)d(icavit) v(ixit) a(nno)I m(ensibus)II d(iebus)IIII Dei ser(v)us. 'I Xp.

'IXp.=ഇക്തുസ് യേസൂസ് ക്രിസ്തോസ്.

Ichthus(ഇക്തുസ്=യേസൂസ് ക്രിസ്തോസ് തെവു യുയ്ഓസ് സൊതേർ).

Dei ser(v)us (ദൈവദാസൻ) എന്നതുവഴി ഒരു വയസ്സുള്ള ശിശു സ്നാനം സ്വീകരിച്ചവനാണെന്നു വ്യക്തം. (ജറമിയാസ്,76).

12. തെർത്തൂല്യൻ, മാമോദീസായെപ്പറ്റി,18,3-6.(ക്രി.വ.200/6): "നിന്നോട് ചോദിക്കുന്നവന് കൊടുക്കുക"(ലൂ.6,30):"ശിശുക്കൾ എന്റെ പക്കൽ വരാൻ അനുവദിക്കുവിൻ" (മത്താ.19,14) എന്നീ കർതൃവചനങ്ങൾ ശിശുക്കളെ സ്നാനപ്പെടുത്താനുള്ള കർതൃപ്രബോധനമായി തെർത്തുല്യൻ മനസ്സിലാക്കി. വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ ക്രിസ്തുമതത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 180-ലാണ്. 200/206-ലാണ് തെർത്തുല്യൻ സ്നാനത്തെപ്പറ്റി എഴുതുന്നത്. അതായത്, ആഫ്രിക്കൻ സഭയുടെ ആരംഭം മുതൽ ശിശുസ്നാനം നിലനിന്നെന്നു സാരം. ശിശുക്കളുടെ സ്നാനാവസരം സ്നാന

www.malankaralibrary.com

മാതാപിതാക്കൾ ഉണ്ടായിരുന്നെന്നും തെർത്തുല്യനിൽ നിന്നു ഗ്രഹിക്കാം (ആത്മാവിനെപ്പറ്റി,39,3-40,1:ക്രി.വ.210/13). (ജറമിയാസ്,81-85).

13. വി.ഹിപ്പോളിറ്റസ്(+250):പുരാതനസഭയിലെ രീതികൾ അപ്പാടെ കുറിച്ചു വച്ചിരുന്ന റോമിലെ വി. ഹിപ്പോളിറ്റസ് 215-ൽ എഴുതിയ അപ്പസ്തോലിക പാരമ്പര്യം(അപ്പസ്തോലിക്കേ പരദോസിസ്) എന്ന കൃതിയിൽ മാമോദീസായെപ്പറ്റി പറയുന്നിടത്ത് ശിശുക്കളെ ആദ്യം സ്നാനപ്പെടുത്തുന്ന കാര്യം സ്പഷ്ടമായി രേഖപ്പെടുത്തുന്നു:

"ആദ്യം കൊച്ചുകുട്ടികളെ സ്നാനപ്പെടുത്തുന്നു. അവർക്ക് തനിയെ ഉത്തരം നൽകാൻ കഴിയുമെങ്കിൽ അവർ തന്നെ നൽകട്ടെ. അവർക്ക് സാധ്യമല്ലെങ്കിൽ അവരുടെ മാതാപിതാക്കളോ, കുടുംബത്തിൽ പെട്ട മറ്റുള്ളവരോ ഉത്തരം നൽകട്ടെ. പിന്നീട് പുരുഷന്മാരെ സ്നാനപ്പെടുത്തുന്നു, അവസാനമായി സ്ത്രീകളേയും" (ഖണ്ഡിക,21).

താൻ എന്തിനാണ് ഇതൊക്കെ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കൃതിയുടെ ആരംഭത്തിൽ ഹിപ്പോളിറ്റസ് പറയുന്നു(ഖണ്ഡിക,1):" ശരിയായ പ്രബോധനം ലഭിച്ചവർ ഇന്നുവരെ അഭംഗുരം തുടർന്നുപോന്ന പാരമ്പര്യം മുറുകെ പിടിക്കുന്നതിനും നമ്മുടെ വിശദീകരണത്തിൽ നിന്ന് അത് പൂർണമായി മനസ്സിലാക്കിക്കൊണ്ട് അതിൽ കൂടുതൽ ഉറച്ചു നിൽക്കേണ്ട തിനുമായി ഈ വിഷയത്തിലേക്ക് കടക്കുന്നു. അജ്ഞത മൂലവും അറിവി ല്ലാത്ത കുറേ ആൾക്കാർ മൂലവും ഈയടുത്ത കാലത്ത് സംഭവിച്ചിരിക്കുന്ന വിശ്വാസനിഷേധം അഥവാ തെറ്റുനിമിത്തം ഇന്നിത് കൂടുതൽ ആവശ്യ മായിരിക്കുന്നു. സഭയിൽ ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവർ പാരമ്പര്യം എങ്ങനെ അഭ്യസിപ്പിക്കണമെന്നും എല്ലാ കാര്യങ്ങളിലും എങ്ങനെ അത് പിന്തുടരണമെന്നും ഉത്തമവിശ്വാസികൾ ഗ്രഹിക്കേണ്ടതിന് പരിശുദ്ധാത്മാവ് തന്റെ കൃപയുടെ പൂർണത അവരിൽ വർഷിച്ചു കൊണ്ടിരിക്കുന്നു."

ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത്(38) ഹിപ്പോളിറ്റസ് പറയുന്നു: "ശരിയായി ഗ്രഹിക്കുന്നവർ എല്ലാവരും ഇവ പാലിക്കണമെന്ന് ഞാൻ ഉപദേശിക്കുന്നു. കാരണം, അപ്പസ്തോലിക പാരമ്പര്യം ശ്രദ്ധിക്കുകയും അതു പാലിക്കുകയും ചെയ്യുന്നവരെ ഒരബദ്ധോപദേശകനും വഞ്ചിച്ച് കീഴ്പ്പെടുത്തുകയില്ല. താന്തോന്നികളായവർ വഴിപിഴച്ചുപോകുകയും അപ്പസ്തോലന്മാരുടെ പാരമ്പര്യത്തെ ദുഷിപ്പിക്കുകയും ചെയ്യുന്നു. അവരുടെ പക്കൽ എത്തുന്നവരെയെല്ലാം ഇങ്ങനെ തന്നെ പഠിപ്പിക്കുകയും ചെയ്യുന്നു. നേതൃസ്ഥാനത്തിരുന്നവർ അപ്പസ്തോലന്മാരുടെ ഉദ്ദേശം മനസ്സിലാക്കി ഉചിതമായതെന്തെന്ന് ശ്രദ്ധിക്കാതെ, അവരവരുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിച്ചതാണ് പാഷണ്ഡതകൾ വർധിച്ചു പെരുകാൻ കാരണം."

14.ഒരിജൻ (233/244):ശിശുക്കളുടെ(paidia, parvuli) സ്നാനം സഭാചാരമാണ്(custom)എന്ന് മൂന്നിടത്ത് ഒരിജൻ പറയുന്നു.

www.malankaralibrary.com

(1)ലൂക്കാ ഹോമിലി, 14-ൽ: “അതുകൊണ്ട് ശിശുക്കളേയും സ്നാനപ്പെടു ത്തുന്നു”. (2) ലേവ്യഹോമിലി 8,3-ൽ:“സഭാചാരമനുസരിച്ച് (observantiam-custom) ശിശുക്കൾക്കും സ്നാനം നൽകുന്നു”. (3) റോമാലേഖന ഭാഷ്യം, 5-ൽ: “ഇക്കാരണത്താൽ ശിശുക്കളേയും സ്നാനപ്പെടുത്തുന്ന പാരമ്പര്യം ശ്ലീഹന്മാരിൽ നിന്ന് സഭയ്ക്ക് കിട്ടി”.[5] ഈ മൂന്നു സ്ഥലങ്ങളിലും ഒരിജൻ ഉദ്ധരിക്കുന്ന വേദപുസ്തക തെളിവുകളുടെ കൂട്ടത്തിൽ യോബ് 14.4 ഉൾപ്പെടുന്നു: “ഒരു ദിവസം മാത്രം പ്രായമുള്ളെങ്കിലും ആരും കറയിൽ നിന്ന് വിമുക്തരല്ല”(സെപ്ത്വജിന്ത്). സ്നാനപ്പെട്ട paidia എന്നോ, parvuli എന്നോ ഒരിജൻ പറയുമ്പോൾ, ശിശുക്കളെയാണ് ഉദ്ദേശിച്ചതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ജോഷ്വാഹോമിലിയിലും(ക്രി.വ.249/51)ഇതുപൊലൊരു പരാമർശം കാണാം. ‘ഇസ്രായേൽ മക്കളുടെ സാന്നിധ്യത്തിൽ ജോഷ്വാ മോശയുടെ നിയമത്തിന്റെ കോപ്പി കല്ലുകളിൽ കൊത്തി’ (ജോഷ്വാ,8,32) എന്ന ഭാഗത്തിന്റെ വ്യാഖ്യാനത്തിലാണിത് കാണുക. ‘‘കർത്താവിലേക്ക് തിരിയുന്നവരുടെ ഹൃദയത്തിൽ രേഖപ്പെടുത്തുന്ന നിയമത്തെ ഇത് സൂചിപ്പി ക്കുന്നു. ഇസ്രായേൽ മക്കളെന്നാൽ ഓരോ ക്രിസ്ത്യാനിയുടേയും സ്നാനാ വസരം സന്നിഹിതമായിരിക്കുന്ന മാലാഖമാരെ കുറിക്കുന്നു. ദൈവത്തെ ആത്മാവിൽ ദർശിക്കുന്നവനാണ് *ഇസ്രായേൽ* എന്നു നാം പറയുന്നത് ശരിയാണെങ്കിൽ, “അവരുടെ ദൂതന്മാർ എന്റെ സ്വർഗീയ പിതാവിന്റെ മുഖം എപ്പോഴും ദർശിക്കുന്നു” (മത്താ.18,10) എന്ന് ശിശുക്കളെ പറ്റി പറയുന്ന കർത്താവിന്റെ വാക്കനുസരിച്ച്, ശുശ്രൂഷ ചെയ്യുന്ന മാലാഖമാരെ സംബന്ധിച്ച് അത് ഏറെ ശരിയാണ്. അതുകൊണ്ട്, ദൈവത്തിന്റെ മുഖം ദർശിക്കുന്ന നിങ്ങൾക്ക്, സന്നിഹിതരായിരിക്കുന്ന ഈ ഇസ്രായേൽ മക്കളുടെ സാന്നിധ്യത്തിൽ വിശ്വാസത്തിന്റെ കൂദാശ[6] നൽകപ്പെട്ടപ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ യേശു നിയമത്തിന്റെ കോപ്പിയെഴുതി. - കാരണം നിന്റെ സ്നാനത്തിൽ നീയും ഒരു ശിശുവായിരുന്നു.[7]

ശിശുസ്നാനം ഒരു ശ്ലൈഹിക പാരമ്പര്യമായിട്ടാണ് ഒരിജൻ രേഖപ്പെ ടുത്തുന്നത്. ഒരിജൻ തന്നെയും 185-ൽ ശിശുവായി സ്നാനം സ്വീകരിച്ചിരി ക്കാം. ഒരിജന്റേത് ഒരു ക്രിസ്തീയ കുടുംബമായിരുന്നു. ഒരിജന്റെ പിതാവും പിതാമഹനും ശിശുക്കളായി സ്നാനം സ്വീകരിച്ചവരായിരിക്കാം (ജറമിയാസ്, 65-66).[8]

---

5. Ecclesia ab apostolis traditionem suscepit (Jermias,65); *ഇതോടുകൂടി മത്തായിഭാഷ്യം 15,36 കൂടി കാണുക.*
6. Sacramenta fidei.
7. quod et tu fuisti infans in baptismo.
8. J.Jeremias, *The Origins of Infant Baptism,* London,1963,p.70.

www.malankaralibrary.com

15. കാർത്തേജിലെ വി.സിപ്രിയാൻ(ദെ ലാപ്സിസ്,9;ലേഖനം, 64,2-6: ക്രി.വ.251/3): ശിശുസ്നാനം വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിൽ സാധാരണ സംഭവമായിരുന്നു. ആഫ്രിക്കൻ മെത്രാന്മാരുടെ ഒരു സിനഡിലെ ചർച്ച ഇക്കാര്യം വ്യക്തമാക്കുന്നു: ഛേദനാചാരം എട്ടാംദിവസം നടത്തുന്നതു പോലെ അത്യാവശ്യ സന്ദർഭങ്ങളൊഴികെ മാമോദീസായും എട്ടാം ദിവസം വരെ നടത്തരുതെന്ന് ഫീദൂസ് എന്ന മെത്രാൻ ഒരഭിപ്രായം പറഞ്ഞു.

അറുപത്തേഴ് മെത്രാന്മാരാണ് തദവസരം സിനഡിൽ ഉണ്ടായിരുന്നത്. മെത്രാന്മാർ ഏകകണ്ഠമായി ഫീദൂസിന്റെ അഭിപ്രായം നിരാകരിച്ചു. സിപ്രിയാന്റെ 64-ാം കത്തിൽ നിന്ന് ഇത് വ്യക്തമാണ്. ഉത്ഭവപാപം നിമിത്തം, എട്ടുദിവസം വരെ സ്നാനം മാറ്റിവയ്ക്കരുത്. ജനനം കഴിഞ്ഞാലുടൻ (രണ്ടാം ദിവസമോ മൂന്നാം ദിവസമോ തന്നെ) സ്നാനപ്പെടുത്തണമെന്ന് സിനഡ് തീരുമാനിച്ചു. ശിശുക്കൾക്ക് കുർബാനയും കൊടുത്തിരുന്നു എന്ന് സിപ്രിയാൻ തന്റെ കൃതിയിൽ രേഖപ്പെടുത്തുന്നു (ദെ ലാപ്സിസ്,9). കുർബാന കൊടുത്തിരുന്നെങ്കിൽ അവർ സ്നാനം സ്വീകരിച്ചവരായിരുന്നു എന്നു വ്യക്തമാണല്ലോ. (ജറമിയാസ്,85).

16. മൂന്നാം നൂറ്റാണ്ടിലെ ശ്മശാന ശിലാലിഖിതങ്ങൾ: മൂന്നാം നൂറ്റാണ്ടിലെ ശിശുക്കളുടെ ചില ശ്മശാന ശിലകളിലെ ലിഖിതങ്ങൾ ശിശുസ്നാനത്തെ ഉറപ്പിക്കുന്നു. ഈ ശിശുക്കൾ സ്നാനം സ്വീകരിച്ച ക്രിസ്തീയ പൈതങ്ങളായിരുന്നു എന്ന് വ്യക്തമാണ്. റോമിൽ നിന്നു ലഭിച്ചവയാണ് ഈ രേഖകൾ.

(1) ഒരു വയസ്സുള്ള എവുതീക്കിയൻ എന്ന കുട്ടിയുടെ ശ്മശാന ശിലയിൽ സ്നാനപ്പെട്ട വ്യക്തി എന്ന നിലയിൽ ദെയി സേർവുസ് (Dei servus-ദൈവദാസൻ) എന്നു കാണുന്നു.

(2) കുറിയാക്കോസ് എന്ന വിശുദ്ധ ശിശുവിന്(hagnon paidion-ഹാഗ്നോൺ പയ്ദിയോൻ) ക്രെയ്സതു ദുളോസ് (Chreistou doulos-ക്രിസ്തുവിന്റെ ദാസൻ) എന്ന വിശേഷണം കൊടുത്തിരിക്കുന്നു.

(3) മറ്റൊരു ശിശുവിന്റെ ശിലാലിഖിതത്തിൽ സ്നാനത്തെപ്പറ്റി lavacro എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. dulcissime nate (മാധുര്യമേറിയ ജനനം) എന്നാണ് ഇതിലെ അഭിസംബോധന. (ജറമിയാ,76-77).

(4) രണ്ടു വയസ്സുള്ളപ്പോൾ മരിച്ച സോസിമുസ് എന്ന ശിശുവിന്റെ കല്ലറയിൽ pistos ek piston (വിശ്വാസികളിൽ നിന്നുള്ള വിശ്വാസി) എന്നു കാണുന്നു. അതായത്, സോസിമുസ് ക്രിസ്തീയ മാതാപിതാക്കളിൽ നിന്നുള്ളവനും സ്നാനം സ്വീകരിച്ചവനുമായിരുന്നു എന്നു സാരം. പിസ്തോസ് (pistos) എന്ന വാക്ക് സ്നാനം സ്വീകരിച്ച വ്യക്തിയെ കുറിക്കുന്നതായിരുന്നു. അതുപോലയാണ് ഫിദേലിസ് (fidelis)എന്ന വാക്കും.

www.malankaralibrary.com

"വിശ്വാസികളിൽ നിന്നുള്ള വിശ്വാസിയായ രണ്ടു വർഷവും ഒരു മാസവും 25 ദിവസവും ജീവിച്ച സോസിമുസായ ഞാൻ ഇവിടെ കിടക്കുന്നു." റോമിലെ ലാതറാൻ മ്യൂസിയത്തിൽ ഈ ശിലാലിഖിതം സൂക്ഷിക്കുന്നു (ജറമിയാസ്, 41-42;55-56).

(5) ക്രിസ്തീയ മാതാപിതാക്കളിൽ നിന്നുള്ള പന്ത്രണ്ടു വയസ്സുള്ള മൂന്നു ബാലന്മാരുടെ ശിലാലിഖിതത്തിൽ പിസ്തോയ് ഗെനേതേ (pistoi genete) എന്നു കാണുന്നു. സോസിമുസിന്റെ ലിഖിതത്തിൽ കാണുന്ന പിസ്തോസ് എക് പിസ്തോൻ (pistos ek piston) എന്നതു തന്നെയാണിത്. ക്രിസ്തീയ മാതാപിതാക്കളുടെ സ്നാനപ്പെട്ട കുട്ടികളായിരുന്നു ഇവരെന്ന് ഇത് വ്യക്തമാക്കുന്നു.

(6) ഒരു നിഷ്കളങ്ക ശിശുവായ ഡയനീഷ്യസ് സ്നാനം സ്വീകരിച്ചവൻ ആയിരുന്നെന്ന് ശിലാലിഖിതത്തിലെ താഴെപ്പറയുന്ന വാചകം ഉറപ്പുതരുന്നു: "വിശുദ്ധരോടുകൂടെ അവൻ ഇവിടെ കിടക്കുന്നു."

(7) രണ്ടു വയസ്സുള്ള പൊംപോണിയാ ഫോർതുണാതായുടെ ശിലാലിഖിതത്തിൽ, "അവൾ സമാധാനത്തിൽ മരിച്ചു" (decesset in pace) എന്നു കാണുന്നു. അതിന്റെ കൂടെ ക്രിസ്ത്യാനി ആണെന്ന് സൂചിപ്പിക്കുന്ന മത്സ്യത്തിന്റെ രൂപവും കാണാം.

(8) മൂന്നു വയസ്സുള്ള ഇന്നൊചെൻസിന്റെ ലിഖിതത്തിൽ സ്നാനത്തെ കുറിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദം Spirito Sancto (സ്പിരിതോ സാങ്തോ-പരിശുദ്ധാത്മാവ്)എന്നാണ്.

(9) ഒരു വയസ്സുള്ള ഒരു ശിശുവിന്റെ ലിഖിതത്തിൽ 'സമാധാനത്തിൽ' (te cum pace-തേ കും പാചേ) എന്ന പദമാണ് സ്നാനത്തെ കുറിക്കുന്നത്.

(10) ലത്തീൻ വാചകം ഗ്രീക്കക്ഷരങ്ങളിൽ എഴുതിയ രണ്ട് ലിഖിതങ്ങൾ: (ഏ) പതിനൊന്നു മാസം പ്രായമുള്ളപ്പോൾ മരിച്ച തിയഡോറാ സ്നാനപ്പെട്ടിരുന്നു എന്ന് ഇല കൊത്തിപ്പിടിച്ചിരിക്കുന്ന പക്ഷിയുടെ ചിത്രം സൂചിപ്പിക്കുന്നു. (ബി) രണ്ടുവയസ്സുള്ള അലക്സാൺഡ്രായുടെ ലിഖിതത്തിൽ കാണുന്ന ഇൻ പാകെ (in pake-സമാധാനത്തിൽ) എന്ന പ്രയോഗവും സ്നാനസൂചകമാണ് (ജറമിയാസ്,77-78).

(11) കുട്ടികളുടെ നാല് റോമൻ ശിലാലിഖിതങ്ങൾ വ്യക്തമായി സ്നാനം സ്വീകരിച്ച ദിവസം കുറിക്കുന്നു.ഈ ശിശുക്കളുടെ മരണസമയത്താണ് സ്നാനപ്പെടുത്തിയത്.

(ഏ) അപ്രോണിയാനുസ്: ഒരു വർഷവും ഒൻപതു മാസവും അഞ്ചു ദിവസവും ജീവിച്ചു. 'ഒരു വിശ്വാസിയായി (fidelis) ഈ ലോകത്തിൽനിന്നു കടന്നുപോകാനായി' ശിശുവിന്റെ വലിയമ്മ സഭയോട് സ്നാനം ആവശ്യപ്പെട്ടു. അക്രൈസ്തവ മാതാപിതാക്കളുടെ കുട്ടിയായിരുന്നു

www.malankaralibrary.com

ഇതെന്നു ധ്വനിക്കുന്നു. റോമിലെ പ്രിഷില്ലാ കാറ്റക്കോംബിലാണ് ഇതും അടുത്ത രണ്ടും കണ്ടെത്തിയത്(ജറമിയാസ്,41-42).

(ബി) ത്യുക്കെ ലിഖിതം: ത്യുക്കെ എന്ന ശിശുവിന്റെ മരണസമയത്തു കൊടുത്ത സ്നാനത്തെ പറ്റിയാണ് പരാമർശം. ഒരുവർഷവും 10 മാസവും 15 ദിവസവും ശിശു ജീവിച്ചു. സ്നാനദിവസം തന്നെ കുട്ടി മരിച്ചു (ജറമിയാ,78).

(സി) ഇരേനേ ലിഖിതം: പതിനൊന്നു മാസവും ആറു ദിവസവും ഇരേനേ ജീവിച്ചു. സ്നാനം സ്വീകരിച്ചത് 11 മാസം പ്രായമുള്ളപ്പോളായിരുന്നു . കുട്ടി തുടർന്ന് ആറുദിവസം കൂടി ജീവിച്ചു.

(ഡി) മാർസിയൻ എന്ന 12 വയസ്സുള്ള കുട്ടിയുടെ സ്നാനത്തെ പറ്റിയും മരണത്തെ പറ്റിയും പറയുന്നതും ഇപ്പോൾ റോമിലുള്ളതുമായ, 268-ലെ ഒരു ലിഖിതമാണ് മറ്റൊന്ന്.

മരണസമയത്തുള്ള ഈ നാല് സ്നാനങ്ങളും അക്രൈസ്തവ മാതാപിതാക്കളുടെ കുട്ടികളുടേതാകാനാണ് സാധ്യത. കാരണം, ക്രിസ്തീയ മാതാപിതാക്കൾ വളരെ ശൈശവത്തിൽ തന്നെ ശിശുക്കളെ സ്നാനപ്പെടുത്തിയിരുന്നെന്ന് ഒരിജനും സിപ്രിയാനും സാക്ഷിക്കുന്നുണ്ടല്ലോ. ഇതൊരു ശ്ലൈഹിക പാരമ്പര്യമായി അവർ കണക്കാക്കിയിരുന്നു.

12. ജനിച്ച് അധികസമയം കഴിയുന്നതിനു മുമ്പ് സ്നാനപ്പെടുത്തിയ അരീസുസ് എന്ന കുട്ടിയുടെ ശിലാലിഖിതം ആഫ്രിക്കയിൽ ഹഡ്രുമെതും എന്ന സ്ഥലത്തുനിന്ന് ലഭിച്ചിട്ടുണ്ട്. ജനിച്ച് രണ്ടുമൂന്നു ദിവസങ്ങൾക്കകം ശിശുക്കളെ സ്നാനപ്പെടുത്തിയിരിക്കണം എന്നതായിരുന്നു ആഫ്രിക്കൻ സിനഡിന്റെ തീരുമാനമെങ്കിലും, മരണാപകടത്തിൽ ഉടൻതന്നെ സ്നാനപ്പെടുത്തിയിരുന്നു. ജനിച്ച് ഒൻപതു മണിക്കൂർ കഴിഞ്ഞ് അരീസുസിന് സ്നാനം നൽകി. ആഫ്രിക്കയിലെ മക്താരിയിൽ നിന്നുള്ള മറ്റൊരു ലിഖിതത്തിലും ഇതേ രീതിയിലുള്ള വാക്കുകൾ കാണുന്നു (ജറമിയാസ്, 85).

ശിശുക്കളുടെ ശ്മശാന ശിലാലിഖിതങ്ങൾ വളരെ വിലപ്പെട്ട രേഖകളാണ്. അത്തരം ലിഖിതങ്ങളെ രണ്ടായി തിരിക്കാം: (1) സ്നാനപ്പെട്ട ശിശുക്കൾ മരിക്കുമ്പോഴുള്ള വയസ്സുമാത്രം നൽകുന്നു. dulcissimus natus, nepios akakios, hagnon paidion എന്നൊക്കെ അവരെപ്പറ്റിയുള്ള വിവരണത്തിൽ കാണാം. അവർ ക്രിസ്തീയ മാതാപിതാക്കളിൽ നിന്നുള്ള ശിശുക്കൾ ആയിരുന്നെന്നും അവർക്ക് ശൈശവത്തിൽ തന്നെ സ്നാനം നൽകിയിരുന്നെന്നും ഇത് സൂചിപ്പിക്കുന്നു. pistos ek piston, pistoi genete എന്ന് കാണുന്നത് മാതാപിതാക്കൾ ക്രിസ്ത്യാനികൾ ആയിരുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. (2) ശിശുവിന്റെ പ്രായത്തോടൊപ്പം സ്നാനത്തീയതിയും നൽകുന്നു: മരണാവസരമുള്ള സ്നാനത്തെയാണ് ഈ

www.malankaralibrary.com

സന്ദർഭങ്ങളെല്ലാം സൂചിപ്പിക്കുന്നത്. ഈ വിഭാഗത്തിൽ വരുന്ന കുട്ടികൾ വ്യത്യസ്ത പ്രായപരിധിയിൽ വരുന്നവരാണ്. 11 മാസം മുതൽ 12 വയസ്സുവരെ . ഇവിടെ മാതാപിതാക്കൾ അക്രൈസ്തവർ ആയിരിക്കാനാണ് വലിയ സാധ്യത.(ജറമിയാസ്,80).

17. എൽവീരാ സിനഡ് (സ്പെയിൻ-ക്രി.വ.306/312): കാനൻ 1: സ്നാനാനന്തരം വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ച പ്രായമായവരെപ്പറ്റി (adulta aetate): സ്നാനാനന്തരം വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ചവർക്ക് മരണക്കിട ക്കയിൽ പോലും കുർബാന നിഷേധിക്കപ്പെട്ടിരുന്നു. സ്നാനം സ്വീകരിച്ച തിരിച്ചറിവില്ലാത്ത കൊച്ചുകുട്ടികളെ കാനൻ ഒഴിവാക്കുന്നു എന്ന് ഇതിൽ നിന്ന് അനുമാനിക്കാം. കാനൻ 22: "കത്തോലിക്കാ സഭയിൽ നിന്ന് പാഷണ്ഡതയിൽ ചേരുകയും തിരികെ വരാൻ ആഗ്രഹിക്കുകയും ചെയ്യുന്ന യാളിന് പത്തുവർഷത്തെ പ്രായശ്ചിത്ത കാലാവധി കഴിയുന്നതു വരെ കുർബാന കൊടുക്കാൻ പാടില്ല." തുടർന്ന്: "Sie vero infantes fuerint transducti, quod non suo vitio peccaverint incunctanter recipi debent" (എന്നാൽ കുട്ടികൾ ഇതിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നത് അവരുടെ കുറ്റം കൊണ്ടല്ലാത്തതിനാൽ, അവരെ സ്വീകരിക്കണം). പാഷണ്ഡതയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതിനു മുമ്പ് സ്നാനത്താൽ ഈ കുട്ടികൾ (infantes) സഭാംഗങ്ങൾ ആയിത്തീർന്നിരുന്നെന്ന് ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടി യിരിക്കുന്നു. (ജറമിയാസ്,92).

18. ക്രിസ്ത്യൻ സ്പെയിനിലെ ശ്മശാനശിലകൾ: ക്രിസ്തീയ മാതാപിതാക്കളുടെ കുട്ടികൾക്ക് ശൈശവത്തിൽ തന്നെ സ്നാനം നൽകിയിരുന്നെന്ന് തെളിയിക്കുന്ന ധാരാളം ശ്മശാനശിലകൾ സ്പെയിനിൽ നിന്ന് ലഭിച്ചിട്ടുണ്ട്.(ജറമിയാസ്, 93.നമ്പർ1).

19. ഈജിപ്തിൽ നിന്നുള്ള ഒരു പെൺകുട്ടിയുടെ മൃതശരീരം (മമ്മി-3-ാം നൂറ്റാണ്ട്): ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിലാണ് ഒരിജന്റെ കാലത്തെ ഈ പെൺകുട്ടിയുടെ മമ്മി വച്ചിരിക്കുന്നത് (Br.Mus.54051 Egypt). അതു വച്ചിരിക്കുന്ന കളിമൺ ശവപ്പെട്ടിയുടെ പുറത്ത് പെൺകുട്ടി യുടെ രൂപം കാണാം. അവളുടെ വലത്തുകൈ ഇടത്തുകൈയ്ക്ക് മുകളിലായി നെഞ്ചോട് ചേർത്തു വച്ചിരിക്കുന്നു. വലത്തുകൈയിൽ ഒരു കുരിശ്, ഇടത്തുകൈയിൽ പുനർജന്മസൂചകമായ താമരപ്പൂവ്. കുരിശിൽ നിന്നുള്ള ചരടുകൊണ്ട് ശരീരത്തിൽ രണ്ട് ചുറ്റുണ്ട്. വലത്തുകൈയിലെ കുരിശും, കുരിശ് ചരടുകൊണ്ട് ബന്ധിച്ചിരിക്കുന്ന കാര്യവും വ്യക്തമാക്കു ന്നത് ആ കുട്ടി ക്രിസ്ത്യാനി ആണെന്നാണ്, അവൾ സ്നാനം സ്വീകരിച്ചവൾ ആയിരുന്നെന്നാണ്.(ജറമിയാസ് 66-68). - ക്രിസ്തീയ പ്രതീകമായി കുരിശ് ഉപയോഗിക്കുന്നതിന്റെ ഒരു സാക്ഷ്യം കൂടിയാണിത്.

20. അസ്തേരിയുസ് എന്ന സോഫിസ്റ്റ് (341-നു ശേഷം): അയാളുടെ

www.malankaralibrary.com

സങ്കീർത്തന ഹോമിലികൾ ശിശുസ്നാനത്തെപ്പറ്റി സംസാരിക്കുന്നു. ശിശുസ്നാനം സാധാരണ സംഭവമായിരുന്നെന്ന് പ്രസംഗങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ശിശുക്കളെ സ്നാനപ്പെടുത്തുക മാതാപിതാക്കൾ തങ്ങളുടെ കടമയായി കരുതിയിരുന്നു(സങ്കീർത്തനഹോമിലി 12,3-7, സങ്കീ.6-നെയും 21,10 സങ്കീ.11-നെയും, 27,2 സങ്കീ.14-നെയും ആധാരമാക്കി).

21.മിലേവിസിലെ (നുമീഡിയാ) ഒപ്താതൂസ് (365), ഡൊണാട്ടിസ്റ്റായ പർമേനിയനെതിരെ 5,10 (പുസ്തകം 7,5.10): ശിശുസ്നാനം നുമീഡിയായിലെ (ആഫ്രിക്കാ) അംഗീകൃത നടപടി ആയിട്ടാണ് ഒപ്താതൂസ് വിവരിക്കുന്നത്. മാമോദീസായിൽ ക്രിസ്ത്യാനി ധരിക്കുന്ന വസ്ത്രമായി ക്രിസ്തുവിനെ വരച്ചുകാട്ടുന്നു. “ശിശുക്കൾ ഇതു ധരിക്കുമ്പോൾ ഇത് ഒരു ചുളുക്കവും കാണിക്കുന്നില്ല. യുവാക്കൾക്കിത് ഒട്ടും അപര്യാപ്തമല്ല. മാറ്റം കൂടാതെ സ്ത്രീകൾക്കിത് ചേരുന്നു.”

22.മഹാനായ ബേസിൽ (371/2): വാലൻസ് ചക്രവർത്തിയുടെ മരണാസന്നനായ ശിശുവിനെ, സത്യവിശ്വാസിയായ മെത്രാൻ സ്നാനപ്പെടുത്തിയാൽ അവന്റെ രോഗം സുഖമാകുമെന്ന് ബേസിൽ പറയുന്നതായി തിയഡൊറെറ്റ് സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ജറമിയാസ്,19).

23. സെവുഡോ-ക്ലെമെന്റെൻ ഹോമിലികൾ (380-ന് മുമ്പ്): മാതാപിതാക്കളുടെ മാനസ്സാന്തരത്തോടുകൂടി അവരോടൊപ്പം അവരുടെ കുഞ്ഞുങ്ങളെല്ലാവരും സ്നാനപ്പെടുക എന്നതായിരുന്നു പതിവെന്ന് രേഖ വ്യക്തമാക്കുന്നു(ഹോമിലി,13,4.4;15,12) (ജറമിയാസ്, 68.69).

24. സിറീചിയുസ് മാർപാപ്പാ,ലേഖനം 1,2.3: പ്രായമായവരെ ഉയിർപ്പിനും, ഉയിർപ്പിനും പെന്തിക്കോസ്തിക്കും ഇടയ്ക്കുള്ള കാലഘട്ടത്തിലും മാത്രം സ്നാനപ്പെടുത്തുക എന്നത് പുരാതന റോമൻപാരമ്പര്യമാണ്. കൊച്ചുകുട്ടികൾക്കും മരണാവസ്ഥയിലിരിക്കുന്ന ജനങ്ങൾക്കും മാത്രമേ ഇതിന് അപവാദമുണ്ടായിരുന്നുള്ളു എന്ന് പാപ്പാ 385-ൽ തറാഗൊണായിലെ ഹിമേരിയുസിന് എഴുതുന്നു (ജറമിയാസ്,74.നമ്പർ 1; 94,നമ്പർ 5).

25.മിലാനിലെ അംബ്രോസ് (387): ശിശുക്കളെ പരിച്ഛേദനം ചെയ്യണമെന്നുള്ള പഴയനിയമാനുഷ്ഠാനം ഉദ്ധരിച്ചുകൊണ്ട് അംബ്രോസ് ശിശുസ്നാനത്തെ ന്യായീകരിക്കുന്നു (അബ്രഹാമിനെപ്പറ്റി,2,11.81). സ്നാനം കൂടാതെ മരിക്കുന്ന കുട്ടികൾക്ക് ദൈവരാജ്യത്തിൽ ഓഹരി ഉണ്ടായിരിക്കുമോ എന്ന സംശയത്തെ ന്യായീകരിക്കാൻ യോഹ.3,5 ഉദ്ധരിക്കുന്നു (2,11.84). ലൂക്കാഭാഷ്യം 1,36-38 കൂടി കാണുക. (ജറമിയാസ് 94.നമ്പർ 5;95).

26. ജോൺ ക്രിസൊസ്തോം(ഉൽപ്പത്തിഹോമിലി,40,4): baptismatis largitates-നെ പ്രകീർത്തിക്കുന്നു. അദ്ദേഹം ഈ അനുമാനം എടുക്കുന്നു: “അതുകൊണ്ട്, പാപം ഒന്നും ഇല്ലെങ്കിലും കൊച്ചുകുട്ടികളേയും(ta paidia)നാം സ്നാനപ്പെടുത്തുന്നു (ജറമിയാസ്, 94,നമ്പർ 7; 95).

www.malankaralibrary.com

27. അന്ധനായ ദിദിമുസ് (381/392),ത്രിത്വം,2,14:ശിശുസ്നാനമാണ് ഈജിപ്തിലെ മാമോദീസാ രീതിയെന്ന് സാക്ഷിക്കുന്നു (ജറമിയാസ്, 95,നമ്പർ,5).

28. ജറോം,ലേഖനം,107(ക്രി.വ.400):ക്രിസ്തീയമാതാപിതാക്കൾ തങ്ങളുടെ ശിശുക്കളെ മാമോദീസായ്ക്ക് കൊണ്ടുവരാതിരുന്നാൽ അത് ഗൗരവമായ പാപമാണെന്ന് ലേതായ്ക്കുള്ള കത്തിൽ തറപ്പിച്ചു പറയുന്നു

29. മാർക്ക് എന്ന ഡീക്കൻ രചിച്ച ഗാസ്സായിലെ പൊർഫീരിയുടെ ജീവചരിത്രത്തിൽ ഒരു ശിശുസ്നാനത്തെ പറ്റി വിവരിക്കുന്നു.399-ൽ പൊർഫീരിയുടെ പ്രാർഥനാ സഹായത്താൽ ഒരു സ്ത്രീ പ്രസവിച്ചു. അടുത്ത ദിവസം അവളും ഭർത്താവും മാതാപിതാക്കളും ബന്ധുജനങ്ങളും സ്നാർഥി കളുടെ ഗണത്തിൽ ചേർന്നു. പൊർഫീരി അവരെ പഠിപ്പിച്ചു. അധികം താമസിയാതെ സ്ത്രീയും ശിശുവും ബാക്കിയെല്ലാവരും മാമോദീസാ സ്വീകരിച്ചു(ജറമിയാസ്,95).[9]

30. അഗസ്റ്റിൻ: "അവരെ സ്നാനപ്പെടുത്തേണ്ട" എന്ന് ശിശുക്കളേപ്പറ്റി പറയാൻ ധൈര്യപ്പെടുന്നവരുടെ മുഖത്ത് പുരുഷന്മാർ തുപ്പുകയും സ്ത്രീ കൾ ചെരിപ്പൂരി എറിയുകയും ചെയ്യാനിടയുണ്ട്." എന്ന് 422-ൽ പെലാജിയ രോട് അഗസ്റ്റിൻ പറയുകയുണ്ടായി.(ജറമിയാസ്,97).[10]

ഇപ്രകാരം സഭാചരിത്രം പരിശോധിക്കുമ്പോൾ ശിശുസ്നാനം ഒരു ശ്ലൈഹികപാരമ്പര്യമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.ശ്ലൈഹിക പാരമ്പര്യമായതിനാലാണ് ശ്ലൈഹികസഭകൾ ആ രീതി ഇന്നും തുടരുന്നത്. നമ്മുടെ കർത്താവിൽ നിന്നു ലഭിച്ചതും ശ്ലീഹന്മാർ സഭകൾക്ക് കൈമാറി യവയുമാണ് ശ്ലൈഹികപാരമ്പര്യങ്ങൾ.

### *സ്നാനം പലതരം*

സ്നാനത്തെപ്പറ്റി പ്രതിപാദിക്കുന്ന പുരാതനരേഖകളിൽ ഒന്നാമത് വരുന്നത് ഡിഡാക്കെ എന്ന രേഖയാണ്. അതിൽ, ജലത്തിൽ മുക്കിയുള്ള സ്നാനത്തെപ്പറ്റിയും തലയിൽ ജലമൊഴിച്ചുള്ള സ്നാനത്തെപ്പറ്റിയും പ്രതിപാദിക്കുന്നു(7,1-3)."താഴെ വരുംവിധമാണ് സ്നാനം നൽകേണ്ടത്. സ്നാനത്തെപ്പറ്റി അർഥിക്ക് വേണ്ടത്ര ഉപദേശം നൽകിയശേഷം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒഴുകുന്ന ജലത്തിൽ മാമോദീസാ മുക്കണം. ഒഴുകുന്ന ജലം സൗകര്യമായി ല്ലെങ്കിൽ, മറ്റെന്തിലെങ്കിലും സ്നാനപ്പെടുത്തുക. തണുത്ത വെള്ളത്തിൽ അസാധ്യമെങ്കിൽ, ചെറിയ ചൂടുള്ള വെള്ളത്തിൽ മുക്കുക. ജലത്തിൽ മുക്കു

9. Mark the *Deacon, Life of Porphyry*,44-47;J.Jeremias, 95.
10. *Contra Julianum Pelagianum,*III,5.11;J.Jeremias, 97.

www.malankaralibrary.com

വാൻ സൗകര്യമില്ലെങ്കിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ തലയിൽ മൂന്നു പ്രാവശ്യം വെള്ളമൊഴിക്കുക"– ഈ രേഖയുടെ മൂലരൂപം 50–നും 100–നുമിടയ്ക്ക് വിരചിതമായി. ഇപ്പോഴത്തെ രീതിയിൽ രൂപീകൃതമായത് 100–നും 150–നും ഇടയ്ക്കാണ്.

സ്നാനത്തെ കുറിക്കുന്ന ഗ്രീക്ക്,സുറിയാനി പദങ്ങൾക്ക് (ബാപ്തിസ്മാ– ഒമോദോ) മുങ്ങൽ,കഴുകൽ എന്നെല്ലാം അർഥമുണ്ട്. ജലത്തിൽ മുക്കുന്നത് മാത്രമാണ് ശരിയായിട്ടുള്ള സ്നാനമെന്ന് വാക്കുകളിൽ നിന്ന് വാദിക്കാൻ സാധ്യമല്ല. മുങ്ങുന്നതു മാത്രമല്ലല്ലോ സ്വാഭാവിക സ്നാനം. മറ്റു പല രീതികളിലും സ്നാനമാകാമല്ലോ. അതുപോലെ തന്നെയാണ് ആത്മീയ തലത്തിലും.

### *ജ്ഞാനസ്നാനം*

സാധാരണ കുളിയിൽ നിന്നു വ്യത്യസ്തമാണെന്നു കാണിക്കാൻ ക്രൈസ്തവ സ്നാനത്തെ ജ്ഞാനസ്നാനം എന്നു വിളിക്കുന്നു. ഗ്രീക്കു പദത്തിന്റെ കൃത്യമായ അർഥം പറഞ്ഞാൽ ജ്ഞാനം എന്ന പദം കിട്ടില്ല. മലയാളഭാഷയിൽ നാം കൂട്ടിച്ചേർത്ത് കൊടുത്തിരിക്കുന്നു എന്നുമാത്രം. സ്നാനം വഴിയാണ് ദൈവത്തെ ദൈവമായിരിക്കുന്ന അവസ്ഥയിൽ അറിയാനും ആരാധിക്കാനും നമുക്ക് കഴിയുന്നത്. ദൈവത്തെ അറിയുന്നതാണ് ജ്ഞാനം. ആ ജ്ഞാനം പ്രദാനം ചെയ്യുന്നതിനാൽ ജ്ഞാനസ്നാനം എന്ന് ഇതിനെ വിളിക്കാം. ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണെന്ന് ഗ്രഹിക്കുക. പിതാവായ ദൈവത്തെ തന്റെ ഏകജാതൻവഴി പരിശുദ്ധാത്മാവിൽ ആരാധിക്കുക (യോഹ.4,24). നാം ത്രിത്വത്തിന്റെ നാമത്തിൽ ത്രിത്വത്തിലേക്ക് സ്നാനപ്പെടുന്നു. ത്രിത്വൈക ദൈവത്തിന്റെ ജീവിതത്തിലും കൂട്ടായ്മയിലും ഭാഗഭാക്കുകളാകുന്നു. നാം ത്രിത്വത്തിന്റെ വാസഗേഹമാകുന്നു. (1കൊറി.3,16; 6,11–20;2കൊറി.6,16;5,17;ഗലാ.6,15;2,20). ചിലർ പറയുന്നതുപോലെ, തിരിച്ചറിവു വന്നശേഷം, ജ്ഞാനം ലഭിച്ചശേഷം, സ്വീകരിക്കാനുള്ള കൂദാശയല്ലിത്. ജ്ഞാനസ്നാനം എന്ന വാക്കിന് ഇത്തരം വിശദീകരണം കൊടുക്കുന്നത് ശരിയല്ല.

### ***സ്നാനം ജലത്താലും പരിശുദ്ധാത്മാവിനാലും***

വീണ്ടുംജനനം ദൈവരാജ്യപ്രവേശനത്തിന് അത്യന്താപേക്ഷിതമാണ് (യോഹ.3,5). ജലത്താലും എന്നു പറഞ്ഞാൽ സ്നാനരീതി എന്താണെന്ന് സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിനാലും എന്നാൽ വീണ്ടുംജനനത്തിന്റെ കാരണക്കാരൻ ആരാണെന്ന് വ്യക്തമാക്കുന്നു. ജലത്താലുള്ള സ്നാനം ഒരവസരവും ആത്മാവിലുള്ള സ്നാനം മറ്റൊരവസരവുമാണ് എന്ന് വാദിക്കുന്നത് ശരിയല്ല. ജലസ്നാനം വഴി ആത്മീയമായി ജനിക്കുന്നു എന്ന് നാം ഗ്രഹിക്കണം. ജലം പ്രതീകമാണ്. ജലസ്നാനവും പ്രതീകാത്മക കർമമാണ്. ജനിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മ പ്രവർത്തനത്തിന് നാം നിയന്ത്രണം വയ്ക്കാൻ പാടില്ല.

www.malankaralibrary.com

## *സ്നാനഫലം*

സ്നാനം നമ്മെ ദൈവത്തിന്റെ ദത്തുപുത്രരും യേശുക്രിസ്തുവിനോടു കൂടെ കൂട്ടവകാശികളുമാക്കുന്നു. നാം സ്വർഗസൗഭാഗ്യത്തിന് അവകാശികളും രക്ഷിക്കപ്പെട്ടവരും ആയിത്തീരുന്നു. നമ്മുടെ സർവപാപവും നീങ്ങിപ്പോകുന്നതിനാൽ രക്ഷിക്കപ്പെട്ട പുതിയ ഇസ്രായേലിന്റെ അവകാശത്തിന് നാം അർഹരായി തീരുന്നു. നാം ശിരസ്സായ യേശുവിനോട് ബന്ധിതരായി തീരുന്നു (1കൊറി.12,13.27;10,17). നാം യേശുക്രിസ്തുവിൽ പരസ്പരം അവയവങ്ങളായി തീരുന്നു (റോമ.12,5). ലോകം മുഴുവനുമുള്ള ക്രൈസ്തവ സഭയുമായി നാം ബന്ധപ്പെടുന്നു. നമ്മിൽ നിന്ന് കടന്നുപോയ വിശ്വാസികളുമായും നാം ബന്ധപ്പെടുന്നു. നാം ഏകശരീരമായി തീരുന്നു(1കൊറി.12,12). നിത്യജീവനിലേക്ക് നമ്മെ മുദ്രകുത്തിയ പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് നമ്മെ പൂർണതയിലേക്ക് നയിക്കുന്നു. (1കൊറി.3,16;6,19). പരിശുദ്ധാത്മാവാകുന്ന അഗ്നി നിരന്തരമായി നമ്മെ നവീകരിക്കുന്നു. നാം നിരന്തരമായി പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നു(ലൂ.3,16;നട.1,5).

സ്നാനം വഴി നമ്മുടെ പാപങ്ങളെല്ലാം നീക്കപ്പെടുന്നു. നാം ത്രിയേക ദൈവത്തിന്റെ ആലയങ്ങളായി തീരുന്നു, പ്രകാശിതരാകുന്നു. നാം ഉന്നതത്തിൽനിന്നു ജനിച്ചവരാകയാൽ, സ്വർഗീയന്റെ അവയവങ്ങളാകുന്നു. നവീകരിക്കപ്പെട്ട തലത്തിലേക്ക് കടന്ന നാം സ്വർഗീയ തീർഥാടനം ആരംഭിക്കുന്നു.

## ***ഒരേ ഒരു സ്നാനം***

ഈ സ്നാനം ഒരിക്കൽ മാത്രം നടത്താവുന്നതത്രേ. ഇത് ഒരിക്കലും ആവർത്തിച്ചുകൂടാ. സ്വാഭാവികജനനം ഒരിക്കൽമാത്രം സംഭവിക്കുന്നു. ആത്മീയജനനവും അപ്രകാരം തന്നെ."കർത്താവ് ഒന്ന്, വിശ്വാസം ഒന്ന്, മാമോദീസാ ഒന്ന്"(എഫേ.4,4-6). മാനസ്സാന്തരവും അനുതാപവും പാപമോചനവും പലപ്പോഴും ഉണ്ടാകാം. എങ്കിലും പാപമോചനത്തിനുള്ള സ്നാനം ഒന്നു മാത്രമേയുള്ളു. വീണ്ടുംസ്നാനം നൽകുന്നവർ കൂടുതലായി ഒന്നും നൽകാതെ തിരുവചനത്തെ അവഹേളിക്കുന്നു. അവർ ചെയ്യുന്ന ജലത്തിലുള്ള രണ്ടാമത്തെ മുക്കൽ അവരുടെ കൂടെ കൂട്ടുന്നു എന്നതിന്റെ പരസ്യമായ പ്രകടനം മാത്രമേയുള്ളു.

## ***മരണവും ഉത്ഥാനവും***

ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും സ്നാനം നമ്മെ ഭാഗഭാക്കുകളാക്കുന്നു. നാം മരിക്കാതെ, ക്രിസ്തുവിനോടു കൂടെ മരിക്കുന്നു. എന്നാൽ ക്രിസ്തുവിനെപ്പോലെ നാമും ഉയിർക്കുമെന്ന ഉറപ്പ് നമുക്കു ലഭിക്കുന്നു. ജലത്തിൽ മുങ്ങിയെങ്കിലേ ഈ പ്രതീകം അർഥപൂർണമാകൂ എന്നു വാദിക്കുന്നവർ, "കടലിൽ കൂടിയും മേഘത്തിൻ കീഴിലും നടന്ന

www.malankaralibrary.com

ഇസ്രായേൽക്കാർ" കടലിൽ മുങ്ങാതെയും മഴ നനയാതെയും സ്നാനം സ്വീകരിച്ച കാര്യം പൗലോസ് ശ്ലീഹാ വിവരിക്കുന്നതു വായിക്കുന്നത് നല്ലതാണ് (1കൊറി. 10,15).

*അന്തിമമായ ജനനം*

സ്നാനംവഴി ക്രിസ്തീയ ജീവിതത്തിലേക്ക് നാം ആനീതരാക്കപ്പെടുന്നു. ഉത്ഥാനത്തിൽ ജനിച്ച് അമർത്യസ്വഭാവം ലഭിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഈ കാലഘട്ടത്തിൽ വിശ്വാസത്താലും ഭാവിനന്മകളിലുള്ള പ്രത്യാശയാലും നാം ക്രിസ്തീയ ജീവിതത്തിലേക്ക് രൂപീകരിക്കപ്പെടുന്നു. ഉത്ഥാനാവസരം ദൈവിക ശാസനപ്രകാരം അമർത്യവും അഴിവില്ലാത്തതുമായ സ്വഭാവം സ്വീകരിച്ചുകൊണ്ട്, നാം പൊടിയിൽനിന്ന് രണ്ടാമതും ജനിക്കുന്നു. അപ്പോൾ നമ്മുടെ കർത്താവേശുമിശിഹാ നമ്മുടെ ദുർബല ശരീരത്തെ തന്റെ മഹത്വമുള്ള ശരീരംപോലെ രൂപാന്തരപ്പെടുത്തും (ഫിലി. 3,21).

## 3. ഭാഷാവരം

ഭാഷാവരം, രോഗശാന്തിവരം, അത്ഭുതപ്രവർത്തനവരം, പ്രവചനവരം, ആത്മാക്കളെ വിവേചിച്ചറിയാനുള്ള വരം, ഭാഷകളുടെ വ്യാഖ്യാനവരം എന്നിവ പരിശുദ്ധാത്മാവിന്റെ സൗജന്യദാനങ്ങളിൽ പെടുന്നതായി വി.പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കുള്ള ലേഖനത്തിൽ എടുത്തുകാട്ടുന്നു(1കൊറി.12,8-10). താനൊരിക്കലും പഠിച്ചിട്ടില്ലാത്ത ഭാഷയിൽ സംസാരിക്കാനുള്ള വരമാണ് ഭാഷാവരം. ഭാഷാവരമുള്ള വ്യക്തിക്ക് ആ ഭാഷ അറിയാൻ കഴിവുണ്ടായിരിക്കയില്ല. താൻ പറയാൻ പോകുന്നത് അയാളല്ല തീരുമാനിക്കുന്നത്. പറഞ്ഞതിന്റെ അർഥവും അയാൾക്ക് അറിയാൻ പാടില്ല. താൻ പറഞ്ഞ ഭാഷയിൽ ഒരു വാചകം തന്റെ സ്വന്തം കഴിവുപയോഗിച്ച് എഴുതാൻ അയാൾക്ക് സാധിക്കുകയില്ല. അതുപോലെ മറ്റൊരാൾ ആ ഭാഷ പറഞ്ഞാൽ അത് അയാൾക്ക് മനസ്സിലാകയുമില്ല. എന്നാൽ ആ ഭാഷ മനസ്സിലാകുന്ന വ്യക്തി സന്നിഹിതനാണെങ്കിൽ അയാൾക്ക് ഗ്രഹിക്കാൻ കഴിയും. ശ്ലീഹന്മാർ പെന്തക്കോസ്തി ദിവസം സംസാരിച്ച ഭാഷകൾ സന്നിഹിതരായിരുന്ന ജനങ്ങളുടെ ഭാഷയായിരുന്നു. അതുകൊണ്ട് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ വ്യാഖ്യാനവരമുള്ള ആളില്ലെങ്കിൽ സാധാരണയായി ഭാഷാവരമുള്ളയാൾ സംസാരിക്കുന്നത് സംസാരിക്കുന്ന ആളിനോ ശ്രോതാക്കൾക്കോ മനസ്സിലാകയില്ല എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത് (1കൊറി.14). ഭാഷാവരം പെന്തിക്കോസ്തി ദിവസത്തിലും

www.malankaralibrary.com

തുടർന്നുള്ള അനേക വർഷങ്ങളിലും സഭയിൽ ഉണ്ടായിട്ടുള്ളതായി പുതിയനിയമം സാക്ഷിക്കുന്നു (നടപടി 2,4ff.10,46.19,6). കൊറിന്തോസ് സഭയിൽ ഇത് സാധാരണമായിരുന്നു. അത് പരിശുദ്ധാത്മദാനമാണെന്ന് പൗലോസ് ശ്ലീഹാ പ്രഖ്യാപിക്കുകയും ചെയ്തു(1കൊറി.12,7-11). വി. പൗലോസിന് ഈ വരം ലഭിച്ചിരുന്നു. അതിന് അദ്ദേഹം ദൈവത്തിന് നന്ദി പറയുന്നു. അതുപോലെ, "നിങ്ങളെല്ലാവരും ഭാഷകളിൽ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്ന" എന്ന് പറയുക കൂടി ചെയ്യുന്നു (1കൊറി.14,4). ഭാഷാവരം പ്രാർഥനാവരമാണ്. ഇത് മറ്റുള്ളവർക്കു വേണ്ടിയല്ല. "ഭാഷകളിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല, ദൈവത്തോടാണ് സംസാരിക്കുന്നത്" (1കൊറി.14,2). അപരിചിത ഭാഷയിൽ സംസാരിക്കുന്നു എന്നതല്ല പ്രധാനം. അത് ബാഹ്യമായ അടയാളം മാത്രമാണ്. വാക്കുകൾ ഉച്ചരിക്കുന്ന വ്യക്തി എന്നതിനേക്കാൾ, ഈ പ്രാർഥന നടത്തുന്നത് പരിശുദ്ധാത്മാവാണ് എന്നാണ് ഇതിനർഥം.

വേണ്ടവണ്ണം എങ്ങനെ പ്രാർഥിക്കണമെന്ന് നാമറിയുന്നില്ല. എന്നാൽ ആത്മാവ്, പറയപ്പെടുവാൻ വഹിയാത്ത നെടുവീർപ്പുകൾ വഴി നമുക്കു വേണ്ടി പ്രാർഥിക്കുന്നു(റോമ.8,26). പലവിധ മാനസ്സിക പ്രയാസങ്ങളിൽ ഉൾപ്പെട്ടിരുന്നവർ ഭാഷാവര പ്രാർഥനവഴി പൂർണമായി അവയിൽനിന്ന് വിമുക്തരായി എന്നു പറയപ്പെടുന്നു. മറ്റു പ്രാർഥനാരീതികൾ അസാധ്യമായി ത്തീരുന്ന മാനസ്സിക പശ്ചാത്തലത്തിൽ ഈ രീതിയിൽ അവർക്ക് പ്രാർഥിക്കാൻ സാധിക്കുന്നു. അതുപോല മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിയാൻ പാടില്ലാതിരിക്കെ, അവർക്കുവേണ്ടി പ്രാർഥിക്കേണ്ട അവസരം ഭാഷകളിലുള്ള പ്രാർഥന ഫലദായകമാകാറുണ്ട്. കാരണം, അവിടെ ആത്മാവാണ് പ്രാർഥിക്കുന്നത്. എന്താണ് പ്രാർഥിക്കേണ്ടതെന്നും എങ്ങനെ പ്രാർഥിക്കണമെന്നും ആത്മാവിനറിയാം.

ഭാഷാവരമുള്ളവർ മറ്റു പ്രാർഥനാരീതികളോ, യാമപ്രാർഥനകളോ, വി.കുർബാനയോ ഉപേക്ഷിക്കുന്നില്ല. അവ കൂടുതൽ നന്നായി നടത്താൻ അവർക്ക് കഴിവുണ്ടാകുന്നു. അവരുടെ പ്രാർഥനാജീവിതം മെച്ചപ്പെടുന്നതു കൊണ്ടാണ് അവർക്ക് അതിന് കഴിവുണ്ടാകുന്നത്. ഭാഷാവരം മിസ്റ്റിക്കൽ അനുഭവവുമല്ല. ഭാഷാവരമുള്ളയാൾ നിയന്ത്രണരഹിതനായി വർത്തി ക്കാറില്ല. തന്നിൽ തന്നെ അയാൾക്ക് നിയന്ത്രണമുണ്ട്. ഈ ദാനമുള്ള ആൾക്ക് ഇഷ്ടമുള്ളപ്പോഴൊക്കെ അപ്രകാരം പ്രാർഥിക്കാം. എന്നാൽ ചിലർക്ക് ചില സന്ദർഭങ്ങളിൽ മാത്രമേ ഭാഷാവരം ഉപയോഗിക്കാൻ സാധിക്കുന്നുള്ളു. ചിലർക്ക് കുർബാനയുടെ സന്നിധിയിൽ വച്ചുമാത്രമേ അതിനു കഴിവു ലഭിക്കുന്നുള്ളു. ഭാഷാവരം പ്രധാനമായും വ്യക്തികളുടെ രഹസ്യ പ്രാർഥനയാണ്. അപൂർവ സന്ദർഭങ്ങളിൽ അതുവഴി മറ്റുള്ളവർക്ക് സന്ദേശവും നൽകപ്പെടാറുണ്ട്. സന്ദേശം വ്യാഖ്യാനിക്കാൻ ആളുണ്ടെങ്കിലേ അത് ഫലദായകമാകയുള്ളു(1കൊറി.14,27ff.). ഇപ്രകാരം സന്ദേശം

www.malankaralibrary.com

നൽകാൻ ദൈവത്തിന്റെ പ്രത്യേക പ്രചോദനം അത്യാവശ്യമാണ്. രഹസ്യ പ്രാർഥനയ്ക്കാകട്ടെ, പ്രത്യേക പ്രചോദനം ആവശ്യമില്ല. ഭാഷകളുടെ വ്യാഖ്യാനവും ഒരു വരമാണ്(1കൊറി.12,10-30). വ്യാഖ്യാനം വിവർത്തനമല്ല. ഭാഷ മനസ്സി ലായില്ലെങ്കിലും, ഇതാണ് അർഥമെന്ന് അയാൾക്ക് ലഭിക്കുന്ന വരംകൊണ്ട് അയാൾ പറയുന്നു. ഒരേ അവസരം പലർക്ക് ഈ വരം ലഭിച്ചെന്നുവരാം. ഈ സംഗതിയിലും വളരെയധികം പാളിച്ചകൾ സംഭവിക്കുന്നതിനാൽ, ഇത് മൊത്തത്തിൽ തട്ടിപ്പായി പലരും കരുതുന്നു. ഭാഷാവരമുള്ള ചിലർക്ക് പ്രസ്തുത ഭാഷകളിൽ പാടാനും കഴിയും. ഇതും പുതിയ നിയമത്തിന് അജ്ഞാതമല്ല.(1കൊറി.14,15).

നിത്യരക്ഷയ്ക്ക് മാമോദീസാ അവശ്യാവശ്യമാണെന്ന് നമ്മുടെ കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ശിശുക്കൾക്കും സ്നാനം നൽകണം. അപ്രകാരം ചെയ്യാത്തവർ കർതൃകൽപ്പനയെ നിന്ദിക്കുന്നു. എന്നാൽ അപ്രകാരമൊന്ന് ഭാഷാവരത്തെ സംബന്ധിച്ച് നമ്മുടെ കർത്താവ് നൽകിയിട്ടില്ല. മറുഭാഷ കൂടാതെ പരിശുദ്ധാത്മസ്നാനം സാധ്യമല്ല എന്ന ചിന്ത സുവിശേഷാനുസൃതമല്ല. സഭയുടെ ഇടമുറിയാതുള്ള പാരമ്പര്യത്തിന് ചേർന്നതുമല്ല. മറുഭാഷ ലഭിച്ചവർ മാത്രമേ കർത്താവിന്റെ വരവിൽ എടുക്കപ്പെടുകയുള്ളു എന്നുവരെ കട്ടായം പറയുന്ന വികലചിന്തകരുമുണ്ട്. ഇത് ഒരു വരമാണെങ്കിൽ, എല്ലാവർക്കും ലഭിക്കുന്നതെങ്ങനെ?"എല്ലാവർക്കും ഭാഷാവരമുണ്ടോ ?" എന്ന് പൗലോസ് ശ്ലീഹായും ചോദിക്കുന്നു (1കൊറി. 12,30).അതുപോലെ ആത്മാവിനെ കാത്തിരുന്നു പ്രാപിക്കണം എന്ന പ്രയോഗവും തെറ്റുദ്ധാരണാജനകമാണ്. ദൈവം ആത്മാവിനെ സഭയിൽ ചിന്തിയിരിക്കുന്നു. അവിടുന്ന നിരന്തരം കർമനിരതനാണ്. ഓരോ കാലത്തും അവിടുന്ന് വിവിധ രീതികളിൽ പ്രവർത്തിക്കുന്നു. ആദ്യപെന്തിക്കോസ്തു ദിവസം കാത്തിരുന്നതുപോലെ പിന്നീടൊരിക്കലും കാത്തിരുന്നതായി ബൈബിളിൽ കാണുന്നില്ല. നാം ദൈവത്തെ ശ്രവിക്കാനായി പ്രാർഥനാനിരതരായും ഒരുക്കമുള്ളവരായും വ്യാപരിക്കണം. അതല്ല പെന്തിക്കോസ്തൽ പ്രസ്ഥാനത്തിലെ കാത്തിരിപ്പ്. "മറുഭാഷ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കാണ് " എന്നും പൗലോസ് ശ്ലീഹാ ചൂണ്ടിക്കാട്ടുന്നു(1കൊറി. 14,21). മനുഷ്യാവതാരം നടന്ന രീതിയിൽ ആവർത്തിക്കാൻ സാധിക്കാത്തതുപോലെ, ആദ്യപെന്തക്കോസ്തയും നടന്ന രീതിയിൽ ആവർത്തിക്കപ്പെടാൻ സാധിക്കുകയില്ല. "ഭാഷാവരമോ അത് നിന്നുപോകും" എന്ന് ശ്ലീഹാ പറയുമ്പോൾ(1കൊറി.13,8) അതുണ്ടെങ്കിലേ സ്വർഗത്തിലേക്ക് എടുക്കപ്പെടൂ എന്ന് ചിന്തിക്കുന്നത് തെറ്റാണ്. ഇന്നത്തെ പെന്തക്കോസ്തൽ പ്രസ്ഥാനത്തിലെ ഭാഷാവരത്തെ ചൊല്ലിയുള്ള ഒച്ചപ്പാടിൽ വളരെയധികം കബളിപ്പിക്കലും തട്ടിപ്പും നടക്കുന്നുണ്ടെന്ന് അവരുടെ ഇടയിൽ ഉള്ളവർ തന്നെ പറയാറുണ്ട്. ഭാഷാവരമല്ല, സ്നേഹമാണ് സർവപ്രധാനമായ ക്രൈസ്തവ തത്വമെന്ന് ഭാഷാവരത്തെ പറ്റി പറയുന്ന വേദപുസ്തകഭാഗം വായിച്ചാൽ സുവ്യക്തമാണ് (1കൊറി.12,14).

www.malankaralibrary.com

# 4. പരിശുദ്ധാത്മസ്നാനം

നമ്മുടെ കർത്താവ് തന്റെ സ്വർഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്ത വാക്കുകളിൽ നിന്നാണ് പരിശുദ്ധാത്മസ്നാനം എന്ന പദപ്രയോഗം ഉണ്ടായിരിക്കുന്നത്. “യോഹന്നാൻ വെള്ളം കൊണ്ട് സ്നാനപ്പെടുത്തി. എന്നാൽ അധികം കഴിയുന്നതിനുമുമ്പ് നിങ്ങൾ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടും”(നട.1,5). ആദ്യക്രിസ്തീയ പെന്തക്കൊസ്തായിൽ 120 പേർക്ക് സംഭവിച്ചത് പരിശുദ്ധാത്മ സ്നാനമായിരുന്നു. ഈ അനുഭവത്തിന്റെ പുതുക്കലിൽ നിന്നാണ് പെന്തക്കോസ്തു നവീകരണം അതിന്റെ പേരും ചൈതന്യവും സ്വീകരിച്ചിരിക്കുന്നത്. ആദ്യപെന്തക്കൊസ്തായിൽ നടന്നതെല്ലാം പിന്നീട് അതുപോലെ ആവർത്തിക്കപ്പെട്ടില്ല. ശക്തിയായ കാറ്റും അഗ്നിനാവുകളും പിന്നീട് ഉണ്ടായതായി പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്ലീഹന്മാർക്ക് പരിശുദ്ധാത്മ സ്നാനം എന്നത് പരിശുദ്ധാത്മശക്തിയുടെ ആന്തരികാനുഭവം ആയിരുന്നു. ആ ശക്തി അവരെ നിറയ്ക്കുകയും ചെയ്തു. മാമോദീസാ സ്വീകരിച്ച വ്യക്തികൾക്കും ഈ ശ്ലൈഹികാനുഭവം ശ്ലീഹന്മാരെപ്പോലെ ചിലപ്പോൾ അനേകം വർഷങ്ങൾ കഴിഞ്ഞാണ് അനുഭവപ്പെടുന്നത്. മാമോദീസാവഴി പരിശുദ്ധാത്മാവ് നൽകപ്പെട്ടില്ല എന്ന അർഥത്തിലല്ല പരിശുദ്ധാത്മസ്നാനം മനസ്സിലാക്കേണ്ടത്. മറിച്ച് മാമോദീസാ വഴി എല്ലാ ദാനങ്ങളുടേയും ദാതാവായ പരിശുദ്ധാത്മാവിനെ തന്നെ നമുക്ക് ലഭിക്കുന്നു. നിത്യരക്ഷയ്ക്ക് ജലത്തിലുള്ള മാമോദീസാ അവശ്യാവശ്യമാണെന്ന് നമ്മുടെ കർത്താവ് പ്രഖ്യാപിച്ചിട്ടുണ്ട്: “ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ, ആർക്കും സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ സാധ്യമല്ല” (യോഹ.3,5). എന്നാൽ ആത്മീയവരങ്ങളെപ്പറ്റി നമ്മുടെ കർത്താവ് ഇപ്രകാരം പഠിപ്പിച്ചിട്ടില്ല. ആത്മീയവരങ്ങളെല്ലാം ഇതിൽ നിന്ന് ഉത്ഭവിക്കുന്ന വയാണ്. പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുന്നതോടുകൂടി ഈ ദാനങ്ങളും നമുക്ക് ലഭിക്കുന്നു. എന്നാൽ അവ നമ്മിൽ പ്രവർത്തിക്കുന്നത് സാവധാന ത്തിൽ ആയിരിക്കും. അവയെ സജീവമാക്കി കർമനിരതമാക്കുന്ന സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാകാം. അതിനാണ് പരിശുദ്ധാത്മ സ്നാനം എന്നു പറയുന്നത്.

ക്രിസ്തീയ മാമോദീസാ എന്ന കൂദാശ യോഹന്നാൻ സ്നാപകന്റെ സ്നാനമല്ല. യോഹന്നാൻ വെള്ളംകൊണ്ട് സ്നാനപ്പെടുത്തി. പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യാൻ അതിന് കഴിഞ്ഞില്ല. എന്നാൽ ക്രിസ്തീയസ്നാനം വഴി ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടുംജനനം നടക്കുന്നു (യോഹ.3,5). അതുകൊണ്ടാണ് പെന്തക്കോസ്തിദിവസം പത്രോസ് ജനക്കൂട്ടത്തോട് പറഞ്ഞത്: “നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി നിങ്ങൾ ഓരോരുത്തരും യേശുക്രിസ്തുവിന്റെ നാമത്തിൽ (ജലം കൊണ്ടുള്ള) സ്നാനമേൽക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ലഭിക്കും”

www.malankaralibrary.com

(നട.2,38). സമറിയാക്കാർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു. എന്നാൽ അവരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചിരുന്നില്ല എന്നു നാം വായിക്കുന്നു (നട.8,16). ഇതിന്റെ അർഥം, മാമോദീസാ എന്ന കൂദാശയിലൂടെ ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ നിഗൂഢ സംസർഗത്തിനു പുറമേ പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷമായ സംസർഗം പിന്നാലെ ഉണ്ടാകുന്നു എന്നാണ്. ശ്ലീഹന്മാർക്ക് പെന്തിക്കോസ്തിദിവസം സംഭവിച്ചത് ഈ അനുഭവമാണ്."നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" എന്നു പറഞ്ഞ് നമ്മുടെ കർത്താവ് ശ്ലീഹന്മാരുടെമേൽ ഊതിയപ്പോൾ (യോഹ.20,22) അവർക്ക് നിഗൂഢസംസർഗം ലഭിച്ചു. അത് പ്രത്യക്ഷമായത്, പരിശുദ്ധാത്മാവ് അവരുടെമേൽ നിപതിച്ചത് പെന്തക്കോസ്തി ദിവസമാണ്.

പരിശുദ്ധാത്മ സ്നാനത്തിന് വിവിധ രീതികളുണ്ട്. അത് വ്യക്തികളിൽ വിവിധ രീതികളിലുള്ള ഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്നു. അതുകൊണ്ട് പരിശുദ്ധാത്മ സ്നാനത്തിന്റെ അന്തസ്സത്ത എന്താണെന്ന് ഖണ്ഡിതമായി പറയാൻ പ്രയാസമാണ്. രഹസ്യരീതി, പ്രത്യക്ഷരീതി എന്ന് ചിലർ തിരിക്കാറുണ്ട്. ബോധപൂർവമായ ഒരു പ്രത്യേകാവസരം ഉണ്ടാകുന്നതാണ് പ്രത്യക്ഷ രീതി എന്നത്. കൈവച്ചു പ്രാർഥിക്കുമ്പോൾ ദൈവസാന്നിധ്യം, ശക്തി, സ്നേഹം എന്നിവയുടെ അനുഭവം വ്യക്തിക്കുണ്ടാകുന്നു. അയാൾ വലിയൊരാനന്ദത്താൽ നിറയുന്നു. വലിയ ശാന്തത അനുഭവിക്കുന്നു. മുമ്പ് അർഥസംപുഷ്ടമാകാതിരുന്നവ ഇപ്പോൾ അർഥമുള്ളതായി അനുഭവപ്പെടും. ഇരുട്ടുള്ള മുറിയിൽ വെളിച്ചം പെട്ടെന്ന് കടക്കുന്നതുപോലുള്ള ഒരനുഭവം അവിടെ സംജാതമാകുന്നു. ഈ അനുഭൂതികളോടെ സാധാരണയായി ഭാഷാവരവും ലഭിക്കുന്നതായി കാണാം. എന്നാൽ എല്ലാവർക്കും അങ്ങനെ ഉണ്ടാകണമെന്നില്ല. സ്വീകരിക്കുന്ന അവസരം ബോധപൂർവമായ ഒരനുഭവവും ഉണ്ടാകാത്തതാണ് രഹസ്യരീതി. ഒരുപക്ഷേ കുറേക്കഴിഞ്ഞ് ആ അനുഭവത്തിലേക്ക് വരാം. കൈവയ്പ്പു പ്രാർഥനാനന്തരം ഒന്നും സംഭവിച്ചില്ല എന്ന് അയാൾ പറഞ്ഞേക്കാം. എന്നാൽ സാവധാനത്തിൽ തന്നിൽ എന്തോ മാറ്റം സംഭവിച്ചതായി അയാൾ മനസ്സിലാക്കുന്നു. അതിന്റെ അനുഭവം അയാൾക്കുണ്ടാകുന്നു. എങ്ങനെയായാലും പരിശുദ്ധാത്മസ്നാനം പരിശുദ്ധാത്മ സാന്നിധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അനുഭവം വ്യക്തികൾക്ക് പ്രദാനം ചെയ്യുന്നു. ഇതൊരു പുതിയാരംഭമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ജീവിതത്തിലേക്കുള്ള പ്രവേശനമായി വ്യക്തിക്ക് അനുഭവപ്പെടും. ഒരു വലിയ മാനസ്സാന്തരം അയാളിൽ സംഭവിക്കുന്നു. ചിന്തയിലും പ്രവർത്തനങ്ങളിലുമെല്ലാം ദൈവോന്മുഖമായ മാറ്റമുണ്ടാകുന്നു. ഈ മാറ്റം നീണ്ടുനിൽക്കണമെന്നില്ല. അയാൾ അതിൽ നിന്ന് തെന്നിമാറിയെന്നു വരാം. ഏതായാലും താൻ നിറയപ്പെട്ടവനായി എന്ന ഒരവബോധം വ്യക്തിക്ക് ഇതുമൂലം ഉണ്ടാകുന്നു.

യേശുവിന്റെ ആത്മാവിന് ഓരോരുത്തരും ബോധപൂർവം സ്വയം സമർപ്പിക്കുകയും ആത്മാർപ്പണം ചെയ്യുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാ

www.malankaralibrary.com

വിന്റെ ദാനങ്ങളും വരങ്ങളും ഫലങ്ങളും നവീനവും സൂചിതവുമായ രീതിയിൽ തന്നിൽത്തന്നെ അനുഭവവേദ്യമാകുന്ന വിശ്വാസാനുഭവമാണ് പരിശുദ്ധാത്മ സ്നാനമെന്ന് ചുരുക്കത്തിൽ പറയാം.

പെന്തക്കോസ്തൽ അനുഭവം ഉണ്ടാകുന്നവർ നിമിഷനേരം കൊണ്ട് വിശുദ്ധരായി മാറുന്നില്ല. മനുഷ്യർ ഇവിടെ മരുഭൂമിയിൽ കൂടി യാത്ര ചെയ്യുകയാണ്. ഇത് പരദേശവാസമാണ്. മണ്ണിൽ നിന്നെടുത്ത ശരീരത്തിലാണ് ഈ യാത്ര. ഇവിടെ നിരന്തര പ്രയത്നം ആവശ്യമാണ്. പരിശുദ്ധാത്മ സ്നാനം ഒരു നിമിഷം കൊണ്ട് ലഭിക്കുന്ന ഒന്നല്ല. ജീവിതം മെച്ചപ്പെട്ട് ദൈവത്തിങ്കലേക്ക് അടുക്കുമ്പോൾ ദൈവം നൽകുന്ന സൗജന്യദാനം മാത്രമാണത്. അതും ജീവിതകാലം മുഴുവൻ നിലനിൽക്കണമെന്നില്ല. ചിലരിൽ നിലനിൽക്കും . ചിലരിൽ നിന്നുപോകും. വിതക്കാരന്റെ ഉപമ എല്ലാ ക്രിസ്ത്യാനികളെ സംബന്ധിച്ചും അർഥവത്താണ്. നല്ല നിലത്തു വീണ വിത്ത് മുളച്ച് നൂറുമടങ്ങ് ഫലം പുറപ്പെടുവിക്കും. പാറയിൽനിന്ന് വെള്ളം കുടിച്ച് ദാഹം ശമിപ്പിച്ചശേഷം പിന്നെയും മരുഭൂമിയിൽകൂടി നടക്കേണ്ടതുണ്ട്. മന്നാ ഭക്ഷിച്ചതുകൊണ്ട് ഈജിപ്തിൽനിന്നു പുറപ്പെട്ടവരെല്ലാം കനാൻ നാട്ടിൽ പ്രവേശിച്ചില്ല. മനുഷ്യജീവിതത്തിൽ നിരന്തരപരിശ്രമം അപരിത്യാജ്യമാണ്.

## 5. കത്തോലിക്കാവിരുദ്ധഗ്രൂപ്പുകൾ

ഈയടുത്ത കാലത്ത് കത്തോലിക്കാസഭയ്ക്കെതിരെ പ്രവർത്തിക്കുന്ന ശക്തികൾ സജീവമാണ്. കത്തോലിക്കാസഭയിലെ ഒറ്റപ്പെട്ട സംഗതികൾ പർവതീകരിച്ച് ചാനലുകളിലൂടെ ആഴ്ചകളോ മാസങ്ങളോ ആഘോഷിക്കാൻ വേണ്ടി പണം മുടക്കാനും തയാറുള്ളവരുണ്ട് നമ്മുടെ ഇടയിൽ. സഭയുമായി രമ്യതയിൽ കഴിയാത്തവരെ മുൻനിരയിൽ നിർത്തിക്കൊണ്ട് ഇക്കൂട്ടർ പിന്നിൽനിന്ന് ചെളിവാരി എറിയാൻ ശ്രമിക്കുന്നു. എക്കാലവും കത്തോലിക്കാസഭ ഇത്തരം കടന്നാക്രമണങ്ങൾ നേരിട്ടിട്ടുള്ളതാണ്. എന്നാൽ ഇക്കാലത്ത് മാധ്യമങ്ങളിലൂടെയുള്ള നിരന്തര വ്യാജപ്രചരണത്തിലൂടെ സഭയെയും സഭ വിശുദ്ധമായി കരുതുന്നവയെയും പൊതുജനമധ്യത്തിൽ അവഹേളിച്ച് സഭയിൽനിന്ന് വിശ്വാസികളെ അകറ്റാൻ ഉള്ള സംഘടിത നീക്കമാണ് നടക്കുന്നത്. തുടർച്ചയായ നുണപ്രചരണത്തിലൂടെയും ചാനൽ ചർച്ചകളിലൂടെയും ഇക്കാര്യം നേടിയെടുക്കാനാണ് ഇക്കൂട്ടരുടെ ശ്രമം.

www.malankaralibrary.com

തങ്ങളാണ് യഥാർഥ ക്രൈസ്തവരെന്നും തങ്ങളാണ് വിശുദ്ധ ഗ്രന്ഥം അനുസരിച്ച് ജീവിക്കുന്നവരെന്നും പ്രചരിപ്പിച്ചുകൊണ്ട് കത്തോലിക്കാ സഭയ്ക്കും മറ്റ് ചരിത്രപര സഭകൾക്കും എതിരായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വിഘടിതഗ്രൂപ്പുകളും രംഗത്തുണ്ട്. സ്വതന്ത്ര പ്രാർഥനാഗ്രൂപ്പുകളായി ആരംഭിച്ച് സാവധാനം കത്തോലിക്കാസഭയിൽ നിന്നകറ്റി തങ്ങളുടെകൂടെ ചേർത്ത് എണ്ണം കൂട്ടാൻ പലരും പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

ഇന്നിപ്പോൾ എവിടെ നോക്കിയാലും കരിസ്മാറ്റിക് യോഗങ്ങളും കൂട്ടായ്മകളും കാണാം. ഏതെങ്കിലും ഒരു വ്യക്തിക്ക് ദൈവം ഏതെങ്കിലും വരം നൽകിയാൽ അതുപയോഗിച്ച് ദൈവത്തിൻ പക്കലേക്ക് മനുഷ്യരെ കൂടുതൽ അടുപ്പിക്കാനല്ല, പിന്നെയോ, സഭകളിൽ നിന്നും കൂദാശപരമായ ജീവിതത്തിൽ നിന്നും അകറ്റി, തങ്ങളുടെ കൂടെ ചേർത്തുനിർത്താനാണ് പല പ്രസംഗകരും ശ്രമിക്കുന്ന്ത്. ചിലർക്ക് ദൈവം വാചാലതയാകാം നൽകിയിരിക്കുന്നത്. വേറേ ചിലർക്ക് രോഗശാന്തി വരമായിരിക്കാം, അഥവാ ദർശനവരമാകാം. ഇത് ദൈവം നൽകുന്ന വരങ്ങളാണെന്ന് തിരിച്ചറിയാതെ കുറേ യോഗങ്ങൾക്കുശേഷം ഇക്കൂട്ടരിൽ പലരും ആൾദൈവങ്ങളായി മാറുകയാണ്. വിഘടിത സെക്ടുകളേക്കാൾ ഇന്ന് കത്തോലിക്കാസഭയ്ക്ക് നമ്മുടെ നാട്ടിൽ ഭീഷണിയായിരിക്കുന്നത് ഇത്തരം എക്സ് കത്തോലിക്ക രുടെ നിലപാടുകളാണ്.

മെത്രാന്മാരുടെയു വൈദികരുടെയും പിന്തുണയോടുകൂടി ജനസമ്മതി നേടിയിട്ട്, കത്തോലിക്കാ വിരുദ്ധ രീതിയിലേക്ക് ഇക്കൂട്ടർ തിരിയുന്നു. ഇവർക്ക് കുറേ വേദവാക്യങ്ങൾ അറിയാം. എന്നാൽ ബൈബിളിന്റെ സമഗ്ര വീക്ഷണമോ, ശരിയായ ദൈവശാസ്ത്രപശ്ചാത്തലമോ ഇല്ലാതെ ആൾ ദൈവം ചമഞ്ഞ് ആളുകളെ വശീകരിച്ച് അടുപ്പിക്കുന്നു. തങ്ങളാണ് സുവിശേഷ ചൈതന്യം പകർന്നുതരുന്ന യഥാർഥ ക്രിസ്തുശിഷ്യർ എന്ന വ്യാജേന ഇവർ പ്രവർത്തിക്കുന്നു. കാതലിക് കരിസ്മാറ്റിക് പ്രസ്ഥാനം സജീവമായതിനാൽ, മുമ്പ് സെക്ടുകൾ ചെയ്തിരുന്നവയൊന്നും കേരളത്തിൽ ഇപ്പോൾ വിലപ്പോകുന്നില്ല. അവർ പിന്മാറിയ പശ്ചാത്തലത്തിൽ പുതിയ വെല്ലുവിളിയുമായി ആൾദൈവങ്ങൾ നമ്മുടെ ഇടയിൽ നിന്നുതന്നെ എഴുന്നേറ്റിരിക്കയാണ്.

ഗൾഫ് രാജ്യങ്ങളിൽ ജോലി തേടി പോകുന്നവർക്ക് ജീവിത പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, അവരുടെ സഹായികളായി നിലകൊണ്ട് സാവധാനം തങ്ങളുടെ കൂടെ ചേർത്തുനിർത്താൻ സെക്ടുകൾ ഇപ്പോഴും പരിശ്രമിക്കുന്നുണ്ട്. സ്വാധീനമുള്ളവർ സഹായിക്കുക തന്നെവേണം. എന്നാൽ ആ സഹായത്തിന് പ്രതിഫലമായി കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ച് തങ്ങളുടെ കൂടെ ചേരാൻ നിർബന്ധിക്കുന്നത് ക്രൈസ്തവോ ചിതമല്ല. കൈപ്പുണ്യമുള്ള ഒരു ഡോക്ടർ ഒരു മരുന്ന് നൽകി, രോഗം

www.malankaralibrary.com

ഭേദമായി. അതുകൊണ്ട് സ്വന്തം വിശ്വാസം ഉപേക്ഷിച്ചിട്ട്, വ്യത്യസ്ത വിശ്വാസമുള്ള ഡോക്ടറുടെ മതം സ്വീകരിക്കാറുണ്ടോ? എന്നാൽ ഗൾഫിൽ ഇതാണ് നടന്നിരുന്നത്. തങ്ങളുടെ കൂടെ കൂടിക്കഴിഞ്ഞാൽ, പിന്നെ "കത്തോലിക്കർ വിഗ്രഹാരാധന നടത്തുന്നു, സുവിശേഷചൈതന്യം അനുസരിച്ചല്ല ജീവിക്കുന്നത്" എന്നു തുടങ്ങി നിരവധി ആരോപണങ്ങൾ നടത്തി സഭാവിരുദ്ധമനോഭാവം കുത്തിവയ്ക്കുന്നു. ഇതൊരുതരം മസ്തിഷ്ക ക്ഷാളനമാണ്. നാട്ടിലുള്ള ഭാര്യമാർക്ക് കെട്ടുതാലി പറിച്ചു കളയാൻ ഇഷ്ടമില്ലെങ്കിലും, അവരും സെക്ടുകളുടെ കൂടെ കൂടാൻ നിർബന്ധിതരാകുന്നു.

വേദപുസ്തകത്തിൽ അധിഷ്ഠിതമാണ് തങ്ങളുടെ പ്രബോധനമെന്ന് എല്ലാ സെക്ടുകാരും ആൾദൈവങ്ങളും പറയും. എല്ലാ പാരമ്പര്യങ്ങളും വിട്ടെറിഞ്ഞ് ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കുന്നവരാണ് തങ്ങളെന്ന് അവർ പറയും. സഭയിലെ ലിറ്റർജിക്കൽ പാരമ്പര്യങ്ങൾ, കൂദാശകൾ, ഹയരാർക്കി ആദിയായവയൊന്നും വേണ്ടെന്ന് ചിന്തിക്കുന്ന സ്ഥിതിവിശേഷത്തിൽ ഇക്കൂട്ടർ അനുയായികളെ എത്തിക്കും. സ്വകാര്യ ഭവനങ്ങളിലോ, സ്കൂളുകളിലോ, ഹാളുകളിലോ, അവർ ഒന്നിച്ചുകൂടും. എന്നാൽ പള്ളിയിൽ കൂടാറില്ല. ഗൾഫിൽ നിന്ന് തിരികെവരുന്ന ചിലർ ഇവരുടെ കൂടെ കൂടിയിട്ടില്ലെങ്കിലും, ഞായറാഴ്ച പള്ളിയിൽ പോകാറില്ല. ഗൾഫിലെ രീതിപോലെ വീട്ടിൽ തന്നെ കുത്തിയിരിക്കും. ജോലിതേടി, പണമുണ്ടാക്കാൻ ഗൾഫിൽ പോയി. തിരികെ വരുന്നത് പലതും നഷ്ടമാക്കിയിട്ടാണ്. കുട്ടികൾക്ക് വേദോപദേശമില്ല. ഞായറാഴ്ച ആചരണമില്ല. വീടുണ്ട്, കാറുണ്ട്, പണമുണ്ട്, പ്രൗഢിയുണ്ട്. എന്നാൽ പിതാക്കന്മാർ കൈമാറിയ വിശ്വാസം കൈമോശം വന്നുപോയി. നൂറ്റാണ്ടുകളായി തുടർന്നുവന്ന ക്രൈസ്തവജീവിതം മെച്ചപ്പെട്ടതാക്കുകയും ജീവിതത്തിലൂടെ ഉത്തമക്രൈസ്തവസാക്ഷ്യം നൽകുകയും ചെയ്യാൻ പരിശ്രമിക്കുന്ന ക്രിസ്തുശിഷ്യനെ ആൾദൈവങ്ങൾക്കോ സെക്ടുകാർക്കോ വഴിതെറ്റിക്കാനാകില്ല. വിശുദ്ധ ഗ്രന്ഥത്തിലും സഭാപിതാക്കന്മാർ ഇടമുറിയാതെ നൂറ്റാണ്ടുകളായി പഠിപ്പിച്ച ദൈവിക പാരമ്പര്യങ്ങളിലുമുള്ള ആഴമായ അറിവും ഉത്തമ ക്രൈസ്തവ സാക്ഷ്യവും കൊണ്ട് എല്ലാ വികല പ്രബോധകരെയും കള്ളപ്രവാചകന്മാരെയും ദൂരെയകറ്റാൻ സാധിക്കും.

ദൈവമക്കളെ ദൈവസ്നേഹത്തിൽ ജീവിക്കാൻ സഹായിക്കുന്ന ദൈവജന ശുശ്രൂഷകരായ മെത്രാന്മാരും വൈദികരും സന്യാസിനീ സന്യാസികളും സുവിശേഷസാക്ഷ്യത്തിന് കൂടുതൽ ആഴമായി ശ്രദ്ധ കേന്ദ്രീകരിക്കണം. സഭയുടെ സർവകഴിവുകളും സുവിശേഷസന്ദേശം എല്ലാവരിലും എത്തിക്കുന്നതിനായി വിനിയോഗിക്കണം. അതനുസരിച്ചുള്ള ജീവിതമാതൃക എല്ലായിടത്തും ഉണ്ടാകണം. എല്ലാറ്റിനുമുപരിയായി, സഭയിൽ അധ്യക്ഷന്മാരായി ദൈവം നിയമിച്ചരിക്കുന്ന ശ്രേഷ്ഠവ്യക്തികൾ സത്യത്തിനും സ്നേഹ

www.malankaralibrary.com

ത്തിനും ഐക്യത്തിനും ലാളിത്യത്തിനും തങ്ങളുടെ ജീവിതത്തിൽ കൂടി സാക്ഷ്യം നൽകണം. മതജീവിതത്തിൽ വരുത്തേണ്ട മാറ്റം സാവധാനത്തിൽ വന്നില്ലെങ്കിൽ അനിയന്ത്രിതമായ മാറ്റങ്ങൾ പെട്ടെന്നായിരിക്കും സംഭവിക്കുക. ആത്മാവിന്റെ സജീവ സാന്നിധ്യാനുഭവം ഉണ്ടാകാനുതകുന്ന കർമപരിപാടികൾ ആവിഷ്കരിക്കണം. സഭയിലെ ആരാധനകളും കർമാനുഷ്ഠാനങ്ങളും വിശ്വാസികൾക്ക് കൂടുതൽ അനുഭവവേദ്യമാക്കി കൊടുക്കണം. ആഴമായ ദൈവസ്നേഹത്തിൽ ജീവിക്കുന്ന ദൈവമക്കളെ വശീകരിക്കാൻ ഒരു കള്ളപ്രവാചകനും സാധിക്കയില്ല. ആഴമായ ക്രൈസ്തവ ജീവിതവും സഭാസ്നേഹവും ഉള്ളവരെ ഒരു വിഘടിത സമൂഹക്കാരനും അടർത്തി മാറ്റില്ല. കാരണം അവൻ സഭയോട് ചേർന്നു നിൽക്കുന്നവനാണ്.

# 6. കരിസ്മാറ്റിക് നവീകരണം

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടത്തിൽ ഒരുവലിയ പെന്തക്കോസ്തൽ അനുഭവം ഈ ലോകത്തിലുണ്ടായി. രണ്ടാം വത്തിക്കാൻ സൂനഹദോസായിരുന്നു (1962–1965)ആ അനുഭവം. അതേത്തുടർന്ന് ലോകം മുഴുവനുമുള്ള സഭകളിൽ അതിന്റെ അലയടികൾ ഉയർന്നു. യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരെല്ലാം ഏകസ്വരത്തിൽ പിതാവിന്റെ മഹത്വം പ്രഘോഷിക്കണമെന്ന ആഴമായ ബോധ്യം, ദൈവാത്മാവിന്റെ സ്പർശനമേറ്റ സഭകൾക്കെല്ലാമുണ്ടായി. അവർ തങ്ങളുടെ വൈകാരിക സംതൃപ്തി വിട്ട് വിശാലവും വിശ്വവ്യാപകവുമായ ഐക്യത്തിലേക്ക് ഓടിയടുത്തു കൊണ്ടിരിക്കയാണ്.

കൗൺസിലിനുശേഷം കത്തോലിക്കാസഭയിൽ കരിസ്മാറ്റിക് പ്രസ്ഥാനം സജീവമായി. അത് കാട്ടുതീപോലെ എല്ലാരാജ്യങ്ങളിലുമുള്ള കത്തോലിക്കരുടെ ഇടയിലും വ്യാപിച്ചു. ഒന്നിച്ചുകൂടി ദീർഘനേരം പ്രാർഥിക്കാനും പ്രാർഥന ദൈവാനുഭവം ആക്കിത്തീർക്കാനുമുള്ള അവസരം ഈ പ്രാർഥനാകൂട്ടങ്ങൾ അനേകർക്ക് പ്രദാനം ചെയ്തു.സ്വയം പ്രേരിത പ്രാർഥനകൾക്കും കൈയടിച്ച് ഒന്നിച്ച് ഒരേ ഈണത്തിൽ പാട്ടുകൾ പാടുന്നതിനും സ്തോത്രം ചെയ്യുന്നതിനും ഹാലേലൂയ്യാ പാടുന്നതിനും ജീവിതാനുഭവ സാക്ഷ്യം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും അതുവഴി മറ്റുള്ളവരെ പണിതുയർത്തുന്നതിനും പലർക്കും സാധിക്കുന്നു. പരസ്പരം ക്ഷമിക്കാനും മറക്കാനും സഹിക്കാനും സ്നേഹത്തിൽ മുട്ടുകൾ മടക്കാനുമുള്ള കൃപ പലർക്കും ലഭിക്കുന്നു. ദൈവം സജീവനും ജീവദാതാവും നമ്മുടെ ജീവിത

www.malankaralibrary.com

ത്തിലും നമ്മുടെ മധ്യത്തിലും സന്നിഹിതനും നിരന്തരം പ്രവർത്തിക്കുന്ന വനും ആണെന്നും അവിടുന്ന് നമ്മുടെ സ്നേഹം നിറഞ്ഞ പിതാവും നമ്മെ എന്നേക്കും സ്നേഹിക്കുന്നവനും ആണെന്ന് പലർക്കും അനുഭവവേദ്യമാകുന്ന അവസരമാണ് ഈ പ്രാർഥനാക്കൂട്ടങ്ങൾ മനുഷ്യർക്ക് ഓരോരുത്തർക്കും വ്യക്തിപരമായി ദൈവത്തെ സംബന്ധിച്ചുള്ള അനുഭവം ഉണ്ടാകണം. വ്യക്തിയുടെ സാരസത്തയെത്തന്നെ ബാധിക്കുന്ന അനുഭവം ജീവിതത്തിൽ ഉണ്ടാകേണ്ടത് എല്ലാവർക്കും അവശ്യാവശ്യമാണ്. ചില മനുഷ്യർക്ക് ഈ അനുഭവം ലഭിക്കുന്നത് ഇത്തരം പ്രാർഥനാക്കൂട്ടങ്ങൾ വഴിയാണ്. ചിലർക്ക് ഈ കൂട്ടങ്ങളിൽ വച്ച് ഭാഷാവരവും ഉള്ളതായി അവകാശപ്പെടുന്നു. ഇവിടെ കൈവയ്പ്പു പ്രാർഥനകളും ബന്ധനവിമോചന പ്രാർഥനകളും നടക്കുന്നു. മദ്യപാനം, ദുർനടപ്പ്, വേശ്യാവൃത്തി തുടങ്ങിയ തിന്മകളിൽനിന്നു മോചനം നേടാൻ ഇത്തരം കൂട്ടായ്മ ചിലരെ സഹായിക്കുന്നു. ശാരീരിക രോഗങ്ങളിൽ നിന്ന് മോചനം ലഭിക്കുന്നവരുണ്ട്. യഥാർഥമായ പെന്തക്കോസ്തൽ അനുഭവത്തിലേക്ക് വരുന്ന പലരും കൂടുതൽ പ്രാർഥനാചൈതന്യം ഉള്ളവരായി കാണാറുണ്ട്. കുർബാനയിലും മറ്റു കൂദാശകളിലും യാമപ്രാർഥനകളിലും അവർ ഭക്തിപൂർവം പങ്കെടുക്കുന്നു. സഭാത്മകമായി ചിന്തിക്കാനും തങ്ങളുടെ പ്രാർഥന സഭാത്മകമാക്കാനും അവർ ശ്രദ്ധിക്കുന്നു.

വ്യക്തിപരമായ വൈകാരികസംതൃപ്തി എന്നതിനേക്കാൾ സഭയുടെ വളർച്ചയിലും ഇടവകയുടെ പുരോഗതിയിലും മറ്റുള്ളവരുടെ നന്മയിലും അവർ ശ്രദ്ധിക്കുന്നു. എല്ലാറ്റിനെ പ്രതിയും എല്ലാറ്റിനുവേണ്ടിയും കാരുണ്യവാനായ ദൈവത്തിന് അവർ നന്ദിപറയുകയും സ്തോത്രം അർപ്പിക്കുകയും ചെയ്യുന്നു. വി.ഗ്രന്ഥം ഭക്തിപൂർവം വായിച്ചു ധ്യാനിക്കാൻ അവർ കൂടുതൽ സമയം കണ്ടെത്തുന്നു. കുമ്പസാരം എന്ന കൂദാശ താൽപ്പര്യത്തോടുകൂടെ സ്വീകരിക്കുന്നു. സഭാവിമർശകരായിരുന്ന പലരും ഇരുട്ടിനെ പഴിക്കാതെ ചെറിയ ചെറിയ തിരികൾ കത്തിച്ചുവയ്ക്കുന്നതിൽ ശ്രദ്ധ കാണിക്കുന്നു. സഭയെ തളർത്തുന്നതോ വെട്ടിമുറിക്കുന്നതോ, കീറിമുറിക്കുന്നതോ, കുത്തി മുറിവേൽപ്പിക്കുന്നതോ ആയ ഒന്നും അവരിൽനിന്ന് ഉണ്ടാകുന്നില്ല. ഉണ്ടാകാൻ പാടില്ല എന്ന് അവർക്ക് നിർബന്ധവുമുണ്ട്. അതുപോലെ അവർ പരിശുദ്ധ കന്യകാമറിയത്തോട് വളരെയധികം ഭക്തിയുള്ളവരാണ്. മാതാവിനെ ബഹുമാനിക്കുന്നതു വഴി തങ്ങൾക്ക് എന്തെങ്കിലും കുറവുണ്ടാകുമെന്ന് അവർ കരുതുന്നുമില്ല.

കരിസ്മാറ്റിക് നവീകരണം ലോകം മുഴുവൻ നടക്കുന്ന ഒരുവലിയ പരിശുദ്ധാത്മ പ്രവർത്തനമാണ്.ലോകത്തിലുള്ള എല്ലാസഭകളേയും നവീകരിക്കാനുള്ള ദൈവിക പ്രവർത്തനമാണിത്. സഭകളെ ഐക്യപ്പെടുത്താനും ലോകത്തിലുള്ള എല്ലാവരേയും ക്രിസ്തുവിനായി നേടാനും വേണ്ടിയുള്ള ദൈവിക പദ്ധതിയുടെ ഭാഗമാണ് കരിസ്മാറ്റിക് നവീകരണം.

ഇന്ന് കേരളത്തിൽ നിരവധി കരിസ്മാറ്റിക് യോഗകേന്ദ്രങ്ങളും

www.malankaralibrary.com

പ്രസംഗകരും കൗൺസിൽ കൊടുക്കുന്നവരും സാക്ഷ്യം പറയുന്നവരുമുണ്ട്. അനേകർ ദൈവവചനത്തിന്റെ വക്താക്കൾ തന്നെയാണ്. എന്നാൽ എല്ലാ മാനുഷികപ്രസ്ഥാനങ്ങളും പോലെ, ഇതിലും പാളിച്ചകൾക്ക് സാധ്യതയുണ്ട്. ദർശനവരം, ഭാഷാവരം,രോഗശാന്തിവരം തുടങ്ങിയവയിൽ മായംകലരാൻ ഇടയുണ്ട്. വലിയ പരസ്യം കൊടുത്ത് രോഗശാന്തി ലേബലിൽ കരിസ്മാറ്റിക് കൺവൻഷൻ നടത്തുന്ന ആൾദൈവങ്ങൾ തങ്ങളുടെ ചുറ്റും ആളുകളെ കൂട്ടാൻ ശമിക്കുന്നില്ലേ എന്ന് സംശയിക്കണം. ഇത് ഒരു കച്ചവടച്ചരക്കായും ധനാഗമ മാർഗമായും കരുതുന്നവരുമുണ്ട്. കൗൺസലിംഗ് നടത്തുന്നവരുടെ വികല ചിന്തകൾ മറ്റുള്ളവരെ വഴിതെറ്റിക്കാം. കുടുംബകലഹങ്ങൾക്ക് ഹേതുവാകാം.ധ്യാനയോഗങ്ങളിലെ പണപ്പിരിവ് ഇടർച്ചയ്ക്ക് ഹേതുവാകാതിരിക്കണം. സ്തുതിപ്പുകൾ അട്ടഹാസമായി മാറുമ്പോൾ, അതിൽ നിന്നു ലഭിക്കുന്ന മാനസ്സികാനുഭൂതിയെ ആത്മീയതയായി കരുതുകയും ഇടവകയിലെ മറ്റു മനുഷ്യരേക്കാൾ തങ്ങൾ മെച്ചപ്പെട്ടവരാണെന്ന് ചിന്തിക്കുകയും ചെയ്യാനിടയുണ്ട്. വേതനം സ്വീകരിച്ച് സാക്ഷ്യം പറയുന്നതും നന്നല്ല. ഇക്കാര്യങ്ങളിലെല്ലാം സഭാനേതൃത്വത്തിന്റെ നിയന്ത്രണം അപരിത്യാജ്യമാണ്. അല്ലെങ്കിൽ വഴിപിഴച്ചു പോകാനിടയുണ്ട്.

www.malankaralibrary.com

## അധ്യായം - 10

# യഹോവാസാക്ഷികൾ (റസ്സൽ മതക്കാർ)

യഥാർഥ ക്രിസ്ത്യാനികൾ തങ്ങളാണെന്ന് അവകാശപ്പെട്ടുകൊണ്ട് 20-ാം നൂറ്റാണ്ടിൽ ഉടലെടുത്തതാണ് യഹോവയുടെ സാക്ഷികൾ എന്ന സംഘടന. ക്രിസ്തുമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളും തത്വങ്ങളുമെല്ലാം നിരാകരിക്കുകയും അതേസമയം തങ്ങളാണ് യഥാർഥ ക്രിസ്ത്യാനികളെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു കപടക്രൈസ്തവ വിഭാഗമാണിത്. ഇവർ കേരളത്തിലെ കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായാ തുടങ്ങിയ ചരിത്രപരസഭകൾക്കിടയിൽ വളരെ സംഘടിതമായി പ്രവർത്തിക്കാൻ പരിശ്രമിക്കുന്നു. എന്നാൽ ഇവിടെ വലിയ വിജയമുണ്ടായില്ല. അവിടവിടെ യായി ചിലരെ ക്രൈസ്തവ സഭയിൽനിന്ന് അടർത്തിമാറ്റി തങ്ങളുടെകൂടെ ചേർക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. ക്രിസ്തുമതത്തിന്റെ തായ്‌വേരറക്കാൻ രൂപം നൽകിയിട്ടുള്ള ഒരു ബിസിനസ് സംഘടനയാണിത്. അമേരിക്കയിലെ ബ്രൂക്ക്‌ലിൻ (ന്യൂയോർക്ക്)കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സംഘടന യുടെ പിന്നിൽ ഏതോ ക്രൈസ്തവവിരുദ്ധശക്തികൾ ഗൂഢമായി പ്രവർത്തി ക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്.[1]

ഒരു സി. റ്റി. റസ്സൽ (+1916) എന്ന കോൺഗ്രിഗേഷണൽ സഭക്കാരനാണ് ഇത് സ്ഥാപിച്ചത്. എന്നാൽ അയാളല്ല യഹോവാസാക്ഷികൾ എന്ന പേര് ഈ കമ്പനിക്ക് കൊടുത്തത്. ഒരു നിരീശ്വരനായിരുന്ന റസ്സൽ ശാബതു

1. W.J.Schnell,*Jehovah's Witnesses' Errors Exposed,*Grand Rapids,1986; Louise d'Angelo, *The Catholic Answer to the Jehovah's Witness-A challenge Accepted,*Meriden 1981; R.A.Morey*, How to Answer a Jehovah's Witness,*Minneapolis 1980; പിസി.തോമസ്, *യഹോവാസാക്ഷികൾ-ചില യാഥാർഥ്യങ്ങൾ,*തിരുവനന്തപുരം, 1986;റ്റി.ജെ.ജോഷ്വാ, *പുതുവേഷമണിഞ്ഞ അറിയോസിന്റെ മതം അഥവാ യഹോവയുടെ സാക്ഷികൾ,*കോട്ടയം,s.d.; ചാക്കോ മാത്യു, *യഹോവാസാക്ഷികളുടെ ഉപദേശങ്ങൾ,* കല്ലിശ്ശേരി,1972.

www.malankaralibrary.com

മിഷൻ[2] സ്വാധീനത്തിൽ വന്നു. ബൈബിൾ വ്യാഖ്യാന തത്വങ്ങളോ, ക്രിസ്തീയ ദൈവശാസ്ത്രമോ പഠിച്ചിട്ടില്ലാത്ത റസ്സൽ അഡ്വന്റിസ്റ്റ് പശ്ചാത്തലത്തിൽ നിന്നു ലഭിച്ച വികലധാരണകളുടെ വെളിച്ചത്തിൽ 1872–ൽ ബൈബിൾ വ്യാഖ്യാനങ്ങൾ തയാറാക്കി. അയാളുടെ വ്യക്തിപരമായ ജീവിതം പരാജയമായിരുന്നു എന്ന് പറയപ്പെടുന്നു.[3] 1876–ൽ മില്ലേനിയൽ ഡോൺ എന്ന സംഘടന സ്ഥാപിച്ചു. കർതൃപുനരാഗമനം സമീപസ്ഥ മായിരിക്കുന്നെന്നും കർത്താവ് വന്ന് 1000 വർഷം ഭൂമിയിൽ രാജാവായി വാഴുമെന്നും അയാൾ പ്രചരിപ്പിച്ചു. 1879–ൽ വാച്ച് ടവർ എന്ന മാസിക ആരംഭിച്ചു. 1882–ൽ തന്റെ സൊസൈറ്റിയുടെ പേര് സീയോൻസ് വാച്ച് ടവർ ആൻഡ് ട്രാക്ട് സൊസൈറ്റി എന്നാക്കി. 1886–ൽ ഏഴു വാല്യങ്ങളിലായി സ്റ്റഡീസ് ഇൻ ദി സ്ക്രിപ്ച്ചേഴ്സ് എന്നപേരിൽ ഒരു വ്യാഖ്യാനഗ്രന്ഥം തയാറാക്കി. 1896–ൽ സംഘടനയുടെ പേര് വാച്ച് ടവർ ആൻഡ് ട്രാക്ട് സൊസൈറ്റി എന്നാക്കി. 1901–ൽ അത് പീപ്പിൾസ് പുൾപിറ്റ് അസോസി യേഷൻ ആയി. 1909–ൽ വാച്ച് ടവർ ബൈബിൾ സൊസൈറ്റി എന്നും 1914–ൽ ഇന്റർനാഷണൽ ബൈബിൾ സ്റ്റുഡന്റ്സ് അസോസിയേഷൻ എന്നും മാറ്റി.

വാച്ച് ടവറിന്റെ പ്രവർത്തനം പുരോഗമിക്കുന്നില്ല എന്നുകണ്ട്, ഈ സംഘടനയുടെ അടുത്ത പ്രസിഡന്റ് റൂതർഫോർഡാണ് (1869–1942) 1931–ൽ യഹോവായുടെ സാക്ഷികൾ എന്ന പേര് നിർദ്ദേശിച്ചത്.[4] ഈ സംഘടന യുടെ സ്ഥാപകന് ലഭിക്കാത്ത വെളിപാട് 1931–ൽ അനുഗാമിക്ക് ലഭിച്ചു എന്നു കരുതുന്നതിൽ പരം ഭോഷത്തം എന്താണുള്ളത്? ഏശാ.43,10–നെ ആധാര മാക്കിയാണ് ഈ പേരെന്നു പറയുന്നു. ക്രിസ്തുവിന് 700 വർഷം മുമ്പു നടന്ന ഏശായാപ്രവചനം 2631 വർഷം കഴിഞ്ഞ് റൂതർഫോർഡ് കണ്ടുപിടി ക്കുന്നതു വരെ മറഞ്ഞിരുന്നെന്നും റസ്സലിന്റെ അനുയായികളെ മുന്നിൽ കണ്ടുകൊണ്ടാണ് ഏശായാ പ്രവാചകൻ ഈ പ്രവചനം നടത്തിയതെന്നും വിശ്വസിക്കുന്നത് മൗഢ്യമല്ലേ? വെറും ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കി ദൈവവചനത്തിന് വളരെ വികലമായ വ്യാഖ്യാനം നൽകുകയാണിവർ.

റസ്സൽമതക്കാർ, റൂതർഫോർഡുകാർ, സഹസ്രാബ്ദോദയക്കാർ എന്നൊക്കെ ഇവർ അറിയപ്പെട്ടിരുന്നു. മൂന്നാമത്തെ പ്രസിഡന്റ് എൻ.എച്ച്.നോർ (+1972) 1943–ൽ വാച്ച് ടവർ ബൈബിൾ സ്കൂൾ സ്ഥാപിച്ചു. 1946–ൽ അവരുടെ പ്രാമാണിക ഗ്രന്ഥമായ ലെറ്റ് ഗോഡ് ബി ട്രൂ എന്ന ഗ്രന്ഥം നോർ പ്രസിദ്ധീകരിച്ചു. ദൈവം സത്യവാൻ എന്ന പേരിൽ ഇത് മലയാളത്തി ലുണ്ട്. അവരുടെ മറ്റൊരു പുസ്തകമാണ് "നിങ്ങൾക്കും ഭൂമിയിലെ

2. Seventh Day Adventist
3. റ്റി.ജെ.ജോഷ്വാ, പേ.7; പി.സി.തോമസ്,11–12.
4. *ദൈവം സത്യവാൻ,* പേ.242–245 (യഹോവാസാക്ഷികളുടെ പ്രാമാണിക ഗ്രന്ഥം, സ്ഥലവും വർഷവുമില്ല. യഹോവാസാക്ഷികളുടെ ഉത്ഭവത്തെപ്പറ്റി വിവരിക്കുന്നു.

www.malankaralibrary.com

പറുദീസായിൽ എന്നേക്കും ജീവിക്കാൻ കഴിയും" എന്നത്. 1961-ൽ ഇക്കൂട്ടർ സ്വന്തമായി ഒരു ബൈബിൾ വിവർത്തനം തയാറാക്കി.[5] ദി ന്യൂ വേൾഡ് ട്രാൻസ്ലേഷൻ ഓഫ് ദി ക്രിസ്റ്റ്യൻ ഗ്രീക്ക് സ്ക്രിപ്ച്ചേഴ്സ്. ക്രൈസ്തവ സഭകൾ അംഗീകരിച്ചിട്ടുള്ള വിവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തവും വേദപുസ്തകത്തിന്റെ ഗ്രീക്കു മൂലവുമായി ഒത്തുപോകാത്തതുമാണിത്. അവരുടെ ദുരുപദേശത്തെ ന്യായീകരിക്കാൻ ഉതകുന്ന രീതിയിലാണ് ഈ വിവർത്തനം തയാറാക്കിയിരിക്കുന്നത്.[6]

പരിശുദ്ധാത്മാവിനെ ഒരു ദൈവിക ആളായി യഹോവാസാക്ഷികൾ അംഗീകരിക്കാത്തതിനാൽ ത്രിത്വത്തെ കുറിക്കുന്ന വേദവാക്യങ്ങളിൽ പിതാവ്, പുത്രൻ എന്നീ പദങ്ങൾ വലിയക്ഷരത്തിലും പരിശുദ്ധാത്മാവ് എന്ന പദം ചെറിയക്ഷരത്തിലുമാണ് അവർ അച്ചടിച്ചിട്ടുള്ളത്. (മത്താ.28,19; 2കൊറി. 13,14). പരിശുദ്ധാത്മാവിനെപ്പറ്റി പറയുന്നിടത്തൊക്കെ അവൻ എന്നതിനു പകരം അത് എന്നാക്കി മാറ്റിയിരിക്കുന്നു. പുത്രന്റെ ദൈവത്വവും നിത്യതയും ആരിയൻ പാഷണ്ഡരെപ്പോലെ അവർ നിഷേധിക്കുന്നതിനാൽ യോഹ.1,1-ന്റെ വിവർത്തനം ഇപ്രകാരമാണ് അവർ നൽകുന്നത്: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം *ഒരു* ദൈവമായിരുന്നു."അതുപോലെ കൊളോ.1,15-17: "എല്ലാം അവൻ വഴി സൃഷ്ടിക്കപ്പെട്ടു" എന്നതിനുപകരം "മറ്റുള്ള സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു." എന്നാക്കി. *മറ്റുള്ള* എന്ന പദം ഗ്രീക്കു മൂലത്തിലില്ല. അവർ വിവർത്തനത്തിൽ കൂട്ടിച്ചേർത്തതാണ്. പുത്രൻ പിതാവിന് സമനല്ല, സൃഷ്ടികളിൽ ഒരുവനാണ് എന്നു കാണിക്കാനാണ് അവർ ഇപ്രകാരം ചെയ്തത്. ഫിലി.2,6: "ദൈവത്തോടുള്ള സമത്വം കവർച്ചയായിട്ടെടുക്കണമെന്ന് വിചാരിക്കാതെ" എന്നാണ് അവർ വിവർത്തനം ചെയ്തിരിക്കുന്നത്."ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല" എന്നതാണ് ശരിയായ വിവർത്തനം. തീത്തൂസ്,2,13: "നമ്മുടെ അനുഗൃഹീതമായ പ്രത്യാശയെ, നമ്മുടെ മഹാദൈവവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ, മഹത്വത്തിന്റെ ആഗമനത്തെ നാം കാത്തുകഴിയുന്നു" എന്നത് "മഹാദൈവത്തിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും" എന്ന് രണ്ടായിട്ടാണ് കൊടുത്തിരിക്കുന്നത്. ക്രിസ്തുവിനെ മഹാദൈവം എന്നു വിളിക്കാനുള്ള മടികൊണ്ടാണ് അവർ ഇപ്രകാരം ചെയ്തിരിക്കുന്നത്. വെളി.3,14:"ദൈവത്തിന്റെ സൃഷ്ടിയുടെ (സൃഷ്ടി കർമത്തിന്റെ) ആരംഭമായവൻ" എന്നതിനു പകരം "ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവയുടെ ആരംഭമായവൻ"എന്നാക്കി. ക്രിസ്തുവിനെ ഒരു സൃഷ്ടി ആക്കാനാണ് അവർ ഇപ്രകാരം ചെയ്തത്.

5. The New World Translation of the Christian Scriptures.
6. *റ്റി.ജെ.ജോഷ്വാ, 9-12.*

www.malankaralibrary.com

കൊളോ.3,23-24:''നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കു വേണ്ടിയല്ല, കർത്താവിന് (കുരിയോസിന്) എന്നപോലെ ആത്മാർഥമായി ചെയ്യുവിൻ. നിങ്ങൾക്ക് കർത്താവിൽ (കുരിയോസിൽ) നിന്നുള്ള അവകാശം പ്രതിഫലമായി ലഭിക്കും എന്നറിയുക. കർത്താവായ (കുരിയോസായ) ക്രിസ്തുവിനെയാണ് നിങ്ങൾ സേവിക്കുന്നത്.'' ഇതിന് യഹോവാ സാക്ഷികൾ നൽകുന്ന തെറ്റായ വിവർത്തനം ഇപ്രകാരമാണ്: "നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല, യഹോവയ്ക്ക് എന്നവണ്ണം മനസ്സോടെ ചെയ്‌വിൻ. അവകാശം എന്ന പ്രതിഫലം യഹോവ തരുമെന്ന റിഞ്ഞ് യജമാനനായ ക്രിസ്തുവിന് ദാസരാകുവിൻ". റോമ.9,5:"ക്രിസ്തുവും അവരിൽ നിന്നുത്ഭവിച്ചു. അവൻ സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമാകുന്നു" എന്ന വേദപുസ്തകഭാഗം, "ക്രിസ്തു അവരിൽ നിന്നുത്ഭവിച്ചു. ദൈവം സകലത്തിനും മീതെയായി എന്നേക്കും വാഴ്ത്ത പ്പെട്ടവൻ"എന്ന് യഹോവാസാക്ഷികൾ മാറ്റി. 1യോഹ.5,20:"നാം സത്യ ദൈവത്തിൽ, അവന്റെ പുത്രനായ യേശുക്രിസ്തുവിൽ, തന്നെയാകുന്നു" എന്നത് "അവന്റെ പുത്രനായ യേശുക്രിസ്തു മുഖാന്തരം സത്യദൈവത്തിൽ ആകുന്നു" എന്നാക്കി.- യഹോവാസാക്ഷികൾ ബൈബിൾ വിവർത്തനം ചെയ്തപ്പോൾ കാണിച്ച കൃത്രിമങ്ങൾക്കുള്ള ചില ഉദാഹരണങ്ങൾ മാത്രമാണ് ചൂണ്ടിക്കാട്ടിയത്.

''ഒന്റാറിയോയിലുള്ള ഹാമിൽട്ടണിലെ ജയിംസ് സ്ട്രീറ്റിലുള്ള ബാപ്തിസ്റ്റ് സഭയുടെ പാസ്റ്ററായ ജെ.ജെ.റോസ് 1912-ൽ 'സ്വയം പാസ്റ്ററായ ചാൾസ് റ്റി. റസ്സലിനെ സംബന്ധിച്ചുള്ള ചില വസ്തുതകൾ' എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. റസ്സൽ കോടതിയിൽ കേസ് ഫയൽ ചെയ്തപ്പോൾ റോസിന് അനുകൂലമായ വിധത്തിൽ കോടതിവിധി പ്രസ്താവിച്ചു. ഗ്രീക്കുഭാഷ നിശ്ചയമില്ലാതെ അതറിയാമെന്ന് റസ്സൽ അവകാശപ്പെട്ടിരിക്കുന്നു എന്ന് കോടതിയുടെ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നു.''

അമേരിക്ക കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൂന്നു കോർപ്പറേഷനുകളാണ് ലോകം മുഴുവനുമുള്ള യഹോവാസാക്ഷികളെ നിയന്ത്രിക്കുന്നത്. ഇവർക്ക് പള്ളിയും പട്ടക്കാരനുമില്ല. കിംഗ്ഡം ഹാളുകളിലാണ് യോഗം കൂടുന്നത്. യഹോവാസാക്ഷികളെല്ലാം മിനിസ്റ്റേഴ്സാണ്. എല്ലാവരും വ്യക്തിപരമായി യഹോവയ്ക്ക് സാക്ഷ്യം നൽകാൻ കടപ്പെട്ടിരിക്കുന്നു. വീടുകൾ തോറും കയറിയിറങ്ങി അവരുടെ പുസ്തകങ്ങളും മാസികകളും വിറ്റ് ഇവർ പ്രചരണം നടത്തുന്നു. പ്രസാധകർ എന്നാണ് അംഗങ്ങളെ വിളിക്കുന്നത്. ഇവരുടെ ഇടയിൽ പതിനൊന്നിലേറെ പിളർപ്പുകൾ ഉണ്ടായിട്ടുണ്ട്. കത്തോലിക്കാസഭയിൽ നിന്ന് ഇവരുടെ കെണിയിൽ വീണ നിരവധിപേർ തെറ്റുമനസ്സിലാക്കി തിരികെ വരികയും അവരുടെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

www.malankaralibrary.com

**കേരളത്തിൽ**

മല്ലപ്പള്ളിയിൽ 1925-ൽ റസ്സൽമതക്കാരുടെ മിഷണറിമാരെത്തി. മല്ലപ്പള്ളി, മീനടം, പാമ്പാടി, വാകത്താനം, കങ്ങഴ, അയർക്കുന്നം, പുതുപ്പള്ളി എന്നിവിടങ്ങളിൽ പ്രവർത്തിച്ചെങ്കിലും അവർ വിജയിച്ചില്ല. എന്നാൽ വളരെ ഒച്ചപ്പാടുണ്ടാക്കാൻ പരിശ്രമിക്കുന്നു. തങ്ങളുടെ അംഗസംഖ്യ വളരെ പെരുപ്പിച്ച് കാണിക്കുന്നു.

**പ്രബോധനങ്ങൾ**

**1. സ്നാനം:** ബാപ്തിസ്റ്റ്,അഡ്വന്റിസ്റ്റ് പാരമ്പര്യപ്രകാരമുള്ള, മുതിർന്നവരെ ജലത്തിൽ മുക്കിയുള്ള സ്നാനം നടത്തുന്നു. ഇത് ക്രൈസ്തവസഭയിലെ മാമോദീസാ എന്ന കൂദാശയല്ല. ഇവരുടെ കൂടെ കൂടി എന്നതിന്റെ വെറുമൊരടയാളം മാത്രം. അവരുടെ സ്നാനം പാപത്തിൽ നിന്ന് ശുദ്ധീകരിക്കുന്നില്ല.[7]

**2. ത്രിത്വവിരോധം:**[8] ക്രൈസ്തവസഭ നമ്മുടെ കർത്താവിൽ നിന്നു സ്വീകരിച്ച ത്രിത്വപ്രബോധനം യഹോവാസാക്ഷികൾ ഉപേക്ഷിച്ചു കളഞ്ഞു. ദൈവം ഏകനാണെന്നും ഏകനായ ദൈവം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് മൂന്നാളുകളായി അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നു എന്നും മൂന്നാളുകൾക്കും ഒരേ സത്തയും ഒരേ സ്വഭാവവും ഒരേ ആധിപത്യവും ആണെന്നുമുള്ള ക്രൈസ്തവ വിശ്വാസത്തിന്റെ കാതലായ തത്വം അവർ തള്ളിക്കളഞ്ഞു.

**3. ദൈവമായ ക്രിസ്തുവിനെ തള്ളിപ്പറയൽ:**[9] കർത്താവായ യേശുക്രിസ്തുവിനെ ദൈവമായി ഇവർ അംഗീകരിക്കുന്നില്ല. സത്തയിൽ പിതാവിനു തുല്യനാണ് പുത്രൻ എന്നത് നിഷേധിച്ചുകൊണ്ട് സഭാരംഭതിൽ ഉണ്ടായ ആരിയൻ പാഷണ്ഡത ഇവർ പുനർജീവിപ്പിച്ചിരിക്കയാണ്. ആവരുടെ ദൈവം യഹോവയാണ്. അവർ പറയുന്നു: ക്രിസ്തു ആദ്യം മുഖ്യദൂതനായ മിഖായേലായിരുന്നു. മിഖായേൽ മനുഷ്യനായി പിറന്നപ്പോൾ ക്രിസ്തുവായി. ജനനസമയത്ത മാലാഖയുടെ പ്രകൃതി ഉപേക്ഷിച്ച് മനുഷ്യനായി. മരണം വരെ യേശു വെറുമൊരു മനുഷ്യനായിരുന്നു. കുരിശിലെ മരണത്തോടു കൂടി ക്രിസ്തുവിന്റെ ജീവിതം അവസാനിച്ചു. ക്രിസ്തുവിന്റെ മരണം വെറുമൊരു മനുഷ്യന്റെ മരണവും അവന്റെ യാഗം വെറുമൊരു മനുഷ്യന്റെ യാഗവും അവന്റെ പ്രായശ്ചിത്തം തികച്ചും മാനുഷികവുമായിരുന്നു. ക്രിസ്തുവിന് അമർത്യമായ മനുഷ്യാത്മാവില്ലായിരുന്നു.

---

7. നിത്യജീവനിലേക്ക് നയിക്കുന്ന സത്യം,*ബോംബെ, 1970,പേ.220-202 (യഹോവായുടെസാക്ഷികളുടെ പ്രാമാണിക ഗ്രന്ഥം)*

8. ത്രിത്വം ഉണ്ടോ?-*ദൈവം സത്യവാൻ* എന്ന ഗ്രന്ഥത്തിൽ, *പേ.94-107.*

9. “മിശിഹായെ സംബന്ധിച്ച് നിങ്ങൾ എന്തു പറയുന്നു?” *ദൈവം സത്യവാൻ എന്ന ഗ്രന്ഥത്തിൽ, പേ.38-51.*

www.malankaralibrary.com

എന്നാൽ തന്റെ സുകൃതങ്ങൾക്ക് പ്രതിഫലമായി ക്രിസ്തുവിനെ യഹോവ ഒരു അർദ്ധദൈവമാക്കി. ശവസംസ്കാരം കഴിഞ്ഞപ്പോൾ അർദ്ധദൈവം കല്ലറയിൽനിന്ന് പുറത്തുവന്നു. എന്നാൽ ക്രിസ്തു മരിച്ചവരിൽനിന്ന് ഉയർത്തിട്ടില്ല.

**4. പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം:**[10] പരിശുദ്ധാത്മാവ് ദൈവികയാളല്ല. - ഇപ്രകാരം ദൈവത്വത്തെക്കുറിച്ചും പുത്രൻതമ്പുരാന്റെ മനുഷ്യാവതാരത്തെ കുറിച്ചും പരിശുദ്ധാത്മാവിനെ കുറിച്ചും ഇവർ തെറ്റായി പഠിപ്പിക്കുകയും ദൈവദൂഷണം പ്രചരിപ്പിക്കുകയും ചെയ്യുന്നു.

**യഹോവാ ആര്?**

പഴയനിയമത്തിൽ യഹൂദർ ദൈവത്തെ സൂചിപ്പിക്കാൻ ഏൽ, എലോഹിം, യാഹ്‌വെ, യാഹ്‌വെ എലോഹിം എന്നെല്ലാം വിളിച്ചിരുന്നു. യാഹ്‌വെ എന്ന പദം 6823 പ്രാവശ്യം ഹീബ്രു ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. എലോഹിം എന്നത് 2226 പ്രാവശ്യവും. യാഹ്‌വെ എന്ന നാമം വളരെ സംപൂജ്യമായി യഹൂദർ കരുതിയിരുന്നു. അത് അപ്രകാരം ഉച്ചരിക്കാതെ കർത്താവ് എന്നർഥമുള്ള അദൊണായ് എന്ന വാക്കാണ് യഹൂദർ പോലും ഉപയോഗിച്ചിരുന്നത്. എന്നാൽ യാഹ്‌വെ എന്ന നാമം കാണുന്നിടത്തെല്ലാം വ്യഞ്ജനങ്ങൾക്കു മുകളിൽ അദൊണായ് എന്ന പദത്തിന്റെ അ-ഉ-അ എന്നീ സ്വരങ്ങൾ എഴുതിവച്ചു. യാഹ്‌വെ എന്നു ഹീബ്രുബൈബിളിൽ കാണുന്നിടത്തെല്ലാം അദൊണായ് എന്ന് യഹൂദർ വായിച്ചു. ഹീബ്രു അറിയാവുന്നവർ അപ്രകാരം തന്നെയാണ് വായിച്ചത്. പുരാതന ഹീബ്രുഭാഷ പരിചയമില്ലാത്തവർ ഹീബ്രുബൈബിൾ കൈകാര്യം ചെയ്യാൻ തുടങ്ങിയപ്പോൾ യാഹ്‌വെയുടെ മുകളിൽ കണ്ട അദൊണായ് എന്ന വാക്കിന്റെ സ്വരാക്ഷരങ്ങൾ യാഹ്‌വെയുടെ സ്വരാക്ഷരങ്ങളായി കരുതി യഹോവ എന്നു വായിക്കാൻ തുടങ്ങി. അങ്ങനെയാണ് യഹോവ എന്ന പദം ഉണ്ടായത്. യഹോവ യഹൂദപശ്ചാത്തലത്തിൽ ഇല്ല. അത് ദൈവത്തിന്റെ നാമവുമല്ല. ദൈവനാമം യാഹ്‌വെ എന്നു മാത്രമാണ്. ഹീബ്രുബൈബിൾ ഗ്രീക്കിലേക്ക് വിവർത്തനം ചെയ്ത അലക്സാണ്ഡ്രിയായിലെ പ്രവാസി യഹൂദർ യാഹ്‌വെ എന്ന് കണ്ടിടത്തെല്ലാം അദൊണായ് എന്ന് വിവർത്തനം ചെയ്ത് കർത്താവ് എന്നർഥമുള്ള കുരിയോസ് എന്ന ഗ്രീക്കു വാക്കുവച്ചു. പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ സെപ്ത്വജിന്ത് എന്നറിയപ്പെടുന്നു. സെപ്ത്വജിന്തിൽ ഉടനീളം കുരിയോസ് (കർത്താവ്) എന്നാണ്. യാഹ്‌വെ എന്ന പദം കാണാനില്ല.

യാഹ്‌വെ (അദൊണായ്, കുരിയോസ്) എന്ന പദം ദൈവത്തെ കുറിക്കാൻ യഹൂദർ പഴയ നിയമത്തിൽ ഉപയോഗിച്ചു. പുതിയ നിയമത്തിൽ ഉടനീളം കുരിയോസ് എന്ന് പദമാണ് കാണുക. പുതിയനിയമ ഗ്രന്ഥങ്ങളെ

10. *അതേകൃതി, 103-104.*

www.malankaralibrary.com

ല്ലാം ഗ്രീക്കിലാണല്ലോ എഴുതപ്പെട്ടത്. യേശുവിന്റെ ശിഷ്യന്മാർ പഴയനിയമം ഉദ്ധരിച്ച അവസരങ്ങളിലൊക്കെ ഗ്രീക്കു പഴയനിയമമാണ് ഉപയോഗിച്ചത്. യാഹ്‌വെ എന്നതിനു പകരമായി ഉപയോഗിച്ച കുരിയോസ് എന്ന ഗ്രീക്കു വാക്ക് ക്രിസ്തുവിനെ സൂചിപ്പിക്കാൻ പുതിയ നിയമത്തിലെ എഴുത്തുകാരും ഉപയോഗിച്ചു. ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ ദർശിച്ച മാർ തോമാശ്ലീഹാ വിളിച്ചു പറഞ്ഞതായി യോഹന്നാൻ ശ്ലീഹാ ഗ്രീക്കിൽ എഴുതിയിരിക്കുന്നത് ഹോ കുരിയോസ് മൂ കായ് ഹോ തെയോസ് മൂ (എന്റെ കർത്താവും എന്റെ ദൈവവുമേ) എന്നാണ് (യോഹ.20,28-29).“നിങ്ങൾ കുരിശിൽ തറച്ച ഈ യേശുവിനെ ദൈവം കർത്താവും (കുരിയോസും) ക്രിസ്തുവുമായി അവരോധിച്ചു എന്ന് ഇസ്രായേൽ ഭവനം മുഴുവൻ അറിയട്ടെ”(നട. 2,36). “കർത്താവിന്റെ (കുരിയോസിന്റെ)നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷ പ്രാപിക്കും”(നട.2,21).“മറ്റൊരുവനിലും രക്ഷയില്ല. നമ്മെ രക്ഷിക്കാൻ തക്ക മറ്റൊരു നാമവും ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ നൽക പ്പെട്ടിട്ടില്ല.” (നട.4,12). “കർത്താവായ യേശുവേ, (കുരിയേ യേശു) എന്റെ ആത്മാവിനെ കൈക്കൊള്ളണമെ. കർത്താവേ(കുരിയേ) ഈ പാപം ഇവരുടെമേൽ ചുമത്തരുതേ”എന്ന്പറഞ്ഞാണ് സ്തേഫാനോസ് പ്രാർഥിച്ചത് (നട.7,59-60).

പഴയനിയമകാലത്ത് ദൈവത്തിന്റെ ഏകത്വം ഊന്നിപ്പറഞ്ഞിരുന്നു. ബഹുദേവതകളുടെ വിഗ്രഹാരാധനയിൽ നിന്ന് ദൈവം ഒരു ജനതയെ തെരഞ്ഞെടുത്തു അവരെ വിഗ്രഹാരാധനയിൽ നിന്നകറ്റി ഏകദൈവ വിശ്വാസത്തിൽ ഉറപ്പിച്ചു. അവരിലൂടെ മനുഷ്യകുലത്തിന്റെ രക്ഷകനെ ദൈവം ലോകത്തിലേക്കയച്ചു. ആ രക്ഷകൻ ഭൂമിയിൽവന്ന് ദൈവത്വത്തിന്റെ സത്തയെ പറ്റിയും ത്രിത്വത്തെ പറ്റിയും മനുഷ്യരക്ഷയെ പറ്റിയും പഠിപ്പിച്ചു. അവിടുത്തെ പ്രബോധന ഫലമായിട്ടാണ് ദൈവത്തിന്റെ സഭ ത്രിത്വപ്രബോധനം സ്വീകരിച്ചത്. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ പുറകോട്ട് തിരിഞ്ഞ് നോക്കുമ്പോൾ, പഴയനിയമത്തിന്റെ ഹീബ്രുബൈബിൾ പറഞ്ഞിരിക്കുന്ന യാഹ്‌വെ എന്നപദം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിക്കുന്ന പദമാണെന്നു കാണാം. നമ്മുടെ കർത്താവായ യേശുക്രിസ്തു യാഹ്‌വെ എന്നപദമല്ല ദൈവത്തെ കുറിക്കാൻ ഉപയോഗിച്ചത്.അവിടുന്ന് ആബാ-പിതാവേ-എന്നാണ് ദൈവത്തെ അഭിസംബോധന ചെയ്തത്.

5. മനുഷ്യാത്മാവിന്റെ നിഷേധം: മനുഷ്യർക്ക് മനുഷ്യാത്മാവില്ല. മനുഷ്യർ മരിച്ചാൽ മൃഗങ്ങൾ ചാകുന്നതുപോലെ മാത്രമേയുള്ളു.

6. നിത്യമായ നരകമില്ലെന്നും അവർ പഠിപ്പിക്കുന്നു.

7. യുഗാന്ത്യം സംബന്ധിച്ച ദുരുപദേശങ്ങൾ: ക്രിസ്തുവിന്റെ രണ്ടാം വരവിനെ പറ്റിയും ലോകാവസാനത്തെ പറ്റിയുമുള്ള പ്രബോധനങ്ങളാണ് യഹോവാ സാക്ഷികളുടെ പ്രധാന പ്രബോധനങ്ങൾ. വെളിപാടു പുസ്തകം, ദാനിയേൽ പ്രവാചകന്റെ പുസ്തകം തുടങ്ങി വേദപുസ്തകത്തിലെ

www.malankaralibrary.com

അപ്പോകലിപ്റ്റിക് സാഹിത്യത്തിന് വിചിത്രവ്യാഖ്യാനം നൽകിയാണ് റസ്സലും കൂട്ടരും തങ്ങളുടെ തെറ്റായ നിഗമനങ്ങളിലും കണക്കുകൂട്ടലുകളിലും എത്തിച്ചേർന്നിരിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് 1874-ൽ ആയിരിക്കുമെന്ന് റസ്സൽ പ്രവചിച്ചു. ആ പ്രവചനം പൊളിഞ്ഞപ്പോൾ, 1878,1914,1915,1916,1918,1925,1929,1975 തുടങ്ങി പുതിയ പുതിയ തീയതികൾ യഹോവാസാക്ഷികൾ മുമ്പോട്ടുവച്ചു. എന്നാൽ ഒന്നും സംഭവിച്ചില്ല. ഇറാക്ക് കുവൈറ്റ് ആക്രമിച്ചപ്പോൾ ലോകാന്ത്യം എന്ന് അവർ പറഞ്ഞു.1992 ഒക്ടോബർ 28 വെകിട്ട് എട്ടരയ്ക്ക് ലോകാവസാനം ഉണ്ടാകുമെന്ന് കൊറിയാക്കാരാരോ പറഞ്ഞപ്പോൾ യഹോവാസാക്ഷികൾ ആ വ്യാജ പ്രവചനത്തിന്റെ പ്രചാരകരായി. ഇപ്രകാരം തീയതി മാറ്റിമാറ്റി പറയുന്നതിന് അവർക്കൊരു മടിയുമില്ല.

8. ക്രിസ്തു 1918-ൽ രാജ്യം സ്ഥാപിക്കാൻ വന്നു. മരിച്ചവരെല്ലാം അപ്പോൾ ഉത്ഥാനം ചെയ്തു. സഹസ്രാബ്ദവാഴ്ച അപ്പോൾ ആരംഭിച്ചെന്നും യഹൂദർക്ക് ഒരു നന്മയും ഉണ്ടാകയില്ലെന്നും അവർ പറയുന്നു. ബൈബിളിന് ദൈവനിവേശിതം കൽപ്പിക്കേണ്ട കാര്യമില്ല. അത് നല്ല മനുഷ്യരുടെ കൃതികളാണ്.

9. യഹോവാസാക്ഷികളൊഴികെ ബാക്കിയെല്ലാവരും അർമാഗെദോൻ യുദ്ധത്തിൽ ഇല്ലാതാകും. യഹോവാസാക്ഷികൾ പറുദീസായിൽ നടന്നു കയറും. 1935-നു ശേഷമുള്ളവരാരും-യഹോവാസാക്ഷിയും-സ്വർഗത്തിൽ പോകുകയില്ല. ക്രിസ്തുവിന്റെ ശരീരമായ സഭ സീയോൻ മലയിൽ കാണുന്ന 1,44,000 പേരാണ് എന്ന് അവർ പറയുന്നു. യഹോവാസാക്ഷികളെ തന്നെ സീയോൻ കൂട്ടം, നവോമി-മൊർദേഖായി കൂട്ടം, റൂത്ത്-എസ്തേർ കൂട്ടം, യോനാദാബ് കൂട്ടം എന്നൊക്കെ അവർ തരംതിരിക്കുന്നു.

10. ലോകത്തെ സംബന്ധിച്ചുള്ള ദുരുപദേശങ്ങൾ: ഈ ലോകവും ഇതിലെ സംഘടനകളും മതങ്ങളും രാജ്യങ്ങളും സർക്കാരുകളും പ്രസ്ഥാനങ്ങളുമെല്ലാം സാത്താന്റെ പ്രവർത്തനങ്ങളാണ്. ഈ ദുഷ്ടലോകത്തെ യഹോവ നശിപ്പിക്കും. അർമാഗെദോൻ യുദ്ധത്തിൽ തിന്മ നിശ്ശേഷം സംഹരിക്കപ്പെടും. 1914 മുതൽ 1935 വരെ യഹോവാസാക്ഷികൾ ആയിത്തീർന്ന 1,44,000 പേർക്കു മാത്രമേ സ്വർഗവാസമുള്ളു. അവർ സ്വർഗത്തിൽ വാഴുന്നു. മൃഗങ്ങൾ ചാകുന്നതുപോലെ മാത്രമേയുള്ളു മനുഷ്യന്റെ മരണം.

എന്നാൽ ക്രിസ്തുവും സാത്താനും തമ്മിലുള്ള യുദ്ധം അവസാനിക്കുമ്പോൾ ഭൂമിയിൽ ജീവിച്ചിരുന്ന യഹോവാസാക്ഷികൾ ജീവൻ പ്രാപിച്ച് ക്രിസ്തുവിനോടു കൂടെ 1000 വർഷം ഭൂമിയിൽ വസിക്കും. ഇവിടെ ഒരു ഭൗമിക പറുദീസാ സ്ഥാപിക്കപ്പെടും. ദുഷ്ടന്മാരില്ലാത്ത, സർക്കാരില്ലാത്ത, പോലീസില്ലാത്ത ഭരണമായിരിക്കുമത്. ആ ദൈവരാജ്യത്തിലാണ് തങ്ങൾ ഇപ്പോളെന്ന് അവരിൽ ചിലർ പറയുന്നു. അവർ പറയുന്നത്, "നമുക്ക് അനശ്വരമായ ആത്മാവില്ല, നിത്യനരകമില്ല, അന്ത്യവിധിയുമില്ല. ദുഷ്ടരേയും

www.malankaralibrary.com

ശിഷ്ടരേയും വേർതിരിക്കുന്ന അന്ത്യവിധിയില്ല. എല്ലാം ഇവിടെ, ഇവിടെ ക്രിസ്തു സ്ഥാപിക്കുന്ന ഭൗമികപറുദീസായിൽ. അത് യഹോവായുടെ സാക്ഷികൾക്ക് മാത്രമുള്ളതാണ്. മറ്റുള്ളവരെല്ലാം അർമാഗെദോൻ യുദ്ധത്തിൽ മൃഗങ്ങളെപ്പോലെ ചത്തു മണ്ണടിയും" എന്നാണ്.

യഹോവയുടെ രാജ്യത്തിലെ പ്രജകളാകയാൽ യഹോവാസാക്ഷികൾ ഭൂമിയിലെ ഭരണാധികാരികൾക്കു വേണ്ടിയുള്ള സേവനം നടത്തുവാൻ വിസമ്മതിക്കുന്നു. അവർ ദേശീയപതാകയോട് ബഹുമാനം കാണിക്കുന്നില്ല. ലേവ്യപുസ്തകം, 17,14 വാച്യാർഥത്തിൽ വ്യാഖ്യാനിച്ച് തെറ്റായ നിഗമനങ്ങളിലെത്തി രക്തദാനം നടത്തുന്നില്ല.

11. അപവാദപ്രചരണം: ഇവർ കത്തോലിക്കാസഭയെ നിരന്തരം കടന്നാക്രമിക്കുന്നു. സാത്താന്റെ ദാസനായി മാർപാപ്പായെ കരുതുന്നു. കത്തോലിക്കാ വൈദികരെയും മെത്രാന്മാരെയും അവർക്ക് പുച്ഛവും വെറുപ്പുമാണ്. അതുപോലെ മറ്റു ക്രൈസ്തവസഭകളെയും വെറുപ്പോടെ വീക്ഷിക്കുന്നു. അവർ ഇപ്പോഴും വിദ്വേഷം തുടരുന്നു.

12. തെറ്റായ ബൈബിൾവ്യാഖ്യാന രീതികൾ: ബൈബിളിലെ അപ്പോകലിപ്റ്റിക് സാഹിത്യ ഗ്രന്ഥങ്ങളാണ് മറ്റു ഗ്രന്ഥങ്ങളേക്കാൾ ഇവരെ ആകർഷിച്ചിട്ടുള്ളത്. അവയ്ക്ക് വളരെ വിഭാഗീയവും അബദ്ധ ജഡിലവുമായ വ്യാഖ്യാനങ്ങൾ നൽകിയ സെവൻത് ഡേ അഡ്വന്റിസ്റ്റ് പാരമ്പര്യമാണ് യഹോവാസാക്ഷികൾ സ്വീകരിച്ചിട്ടുള്ളത്. ബൈബിൾ പഠനത്തിന് റസ്സലിന്റെയും മറ്റും വ്യാഖ്യാനങ്ങൾ ഉപയോഗിക്കണം. അവരുടെ പഠന സഹായി കൂടാതെ വായിച്ചുപഠിക്കാൻ നേതാക്കന്മാർ ജനങ്ങളെ അനുവദിക്കുന്നില്ല. വേദപുസ്തകത്തിന്റെ അർഥം 2000 കൊല്ലമായി മറഞ്ഞു കിടക്കയാണെന്നും റസ്സലിന്റെ കാലം മുതലാണ് അത് വെളിപ്പെട്ടു വന്നിട്ടുള്ളതെന്നും ഇവർ പഠിപ്പിക്കുന്നു. വളരെ ബാലിശവും തികച്ചും വാച്യാർഥപരവും പക്ഷപാതപൂർണവുമായ അർഥം അവർ ബൈബിളിന് നൽകുന്നു. ആലങ്കാരിക ഭാഷയിൽ ബൈബിളിൽ പറഞ്ഞിരിക്കുന്ന സംഖ്യകൾക്ക് വാച്യാർഥം നൽകി ആളുകളെ തെറ്റുദ്ധരിപ്പിക്കുന്നു. ബൈബിളിൽ അവിടെ നിന്നും ഇവിടെ നിന്നും വാക്യങ്ങളെടുത്ത്, പശ്ചാത്തലത്തിൽ നിന്ന് മാറ്റി കോർത്തിണക്കിയാണ് ഇവർ കള്ളപ്രചരണം നടത്തുന്നത്. ബൈബിൾ വ്യാഖ്യാനത്തിന് സഭകൾ പരക്കെ അംഗീകരിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങളൊന്നും അവർ സ്വീകരിക്കുന്നില്ല. പഴയനിയമവും പുതിയനിയമവും വരച്ചുകാട്ടുന്ന ദൈവത്തെയല്ല യഹോവാസാക്ഷികൾ അവതരിപ്പിക്കുന്നത്.

**കേന്ദ്രീകൃതമായ സംഘടന**

അവർ ലോകത്തിലെ എല്ലാ മതങ്ങളേയും രാഷ്ട്രങ്ങളേയും ഭരണകൂടങ്ങളേയും സംഘടനകളേയും അധിക്ഷേപിക്കുന്നു. എന്നാൽ അവരുടേത് വളരെ കേന്ദ്രീകൃതമായ ഒരു ബിസിനസ് സംഘടനയാണ്.

www.malankaralibrary.com

ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത അധികാരമാണ് സംഘടനാ പ്രസിഡന്റിനുള്ളത്. ബൈബിളിനോടൊപ്പം റസ്സലിന്റേയും റൂതർഫോർഡിന്റേയും വെളിപാടുകൾ യഹോവാസാക്ഷികൾ സ്വീകരിക്കുന്നു. മേലധികാരികൾ ഏൽപ്പിക്കുന്ന പുസ്തകങ്ങൾ വിറ്റ് പണം ഏൽപ്പിക്കുകയാണ് ഓരോ അംഗത്തിന്റെയും ചുമതല. പ്രസിഡന്റ്, ഡയറക്ടർ ബോർഡ്, പയനിയേഴ്സ്, പ്രസാധകർ എന്നിങ്ങനെയാണ് അവരുടെ ഹയരാർക്കി. പുസ്തകവിൽപ്പന തന്നെ പ്രധാന ജോലി. വളരെ പ്രത്യേക രീതിയിൽ ഓരോ ദിവസത്തേക്കും തയാറാക്കിയ ബൈബിൾവ്യാഖ്യാനങ്ങൾ കേന്ദ്രത്തിൽ നിന്ന് ലോകത്തെല്ലാം അയച്ചുകൊടുക്കുന്നു. ബ്രാഞ്ച് ഓഫീസുകൾ അതിന്റെ വിവർത്തനം അച്ചടിക്കുന്നു. ലോകം മുഴുവനുമുള്ള യഹോവാസാക്ഷികൾ ഇപ്രകാരം ഒരേ രീതിയിൽ ചിന്തിക്കുകയും മസ്തിഷ്കക്ഷാളനത്തിന് വിധേയർ ആയിരിക്കുകയുമാണ്.

**ഇവരുടെ സമീപനം**

ഞായറാഴ്ച തോറുമാണ് അവർ ക്രൈസ്തവ ഭവനങ്ങളിൽ കടന്നുവരുന്നത്. വളരെ ഭംഗിയായും വൃത്തിയായും ഉടുത്തൊരുങ്ങി യുവാക്കന്മാരും യുവതികളും അടങ്ങുന്ന ടീം ഈരണ്ടു പേരായിട്ടാണ് ഭവനങ്ങളിൽ കയറിയിറങ്ങി വാച്ച് ടവർ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നത്. അതിന്റെ ചെറിയൊരു ലാഭം വിൽക്കുന്നവർക്കും കിട്ടും. വിൽപ്പനയ്ക്കുള്ള ഒരു പ്രേരണ ഇതിൽ നിന്നാണ് ലഭിക്കുക. ത്രിത്വമില്ലെന്നോ, ക്രിസ്തു ദൈവമല്ലെന്നോ, പരിശുദ്ധാത്മാവില്ലെന്നോ മനുഷ്യന് അമർത്യമായ ആത്മാവില്ലെന്നോ, നിത്യനരകമില്ലെന്നോ ഒന്നും അവർ ആദ്യമേ പറഞ്ഞു തുടങ്ങുകയില്ല. സുവിശേഷ പ്രസംഗകരായിട്ടാണ് അവർ പ്രത്യക്ഷപ്പെടുന്നത്. സാധാരണയായി വീട്ടുകാരെ അലട്ടുന്ന പ്രശ്നങ്ങളിലേക്ക് തിരിയുന്നു. അവർ ഉൾപ്പെട്ടു നിൽക്കുന്ന മതത്തിലേക്ക് സാവധാനം കടക്കുന്നു. മതനേതാക്കന്മാരുടെ ചില കുറവുകൾ പെരുപ്പിച്ച് കാണിക്കുക, ഒറ്റപ്പെട്ട അനുഭവങ്ങൾ പൊതുവായി ചിത്രീകരിക്കുക, മാനുഷികപ്രശ്നങ്ങളിൽ അവർക്കാർക്കും താൽപ്പര്യമില്ലെന്ന് വരുത്തുക എന്നു തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്ത് വ്യക്തികളുമായി അവർ ബന്ധം സ്ഥാപിക്കുന്നു.

പലപ്പോഴും തങ്ങളുടെ പ്രശ്നങ്ങളും ആവലാതികളും കേൾക്കാൻ ആരുമില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുമ്പോൾ ആയിരിക്കാം ഇവരുടെ വരവ്. പ്രശ്നം പറഞ്ഞുപറഞ്ഞ് അന്നത്തെ പള്ളിയിൽപോക്ക് ഇല്ലാതാക്കും. വൃദ്ധജനങ്ങൾ, രോഗികൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ, ആലംബഹീനർ, സന്നിഗ്ധാവസ്ഥയിൽ കഴിയുന്നവർ, ആഴമായ ദൈവാനുഭവത്തിലേക്ക് കൗദാശിക ജീവിതം വഴി ആനീതരാകാത്തവർ, സഭയെ നിരന്തരം വിമർശന ദൃഷ്ടിയോടുകൂടി മാത്രം നോക്കിക്കാണുന്നവർ, വൈദികരോട് പിണക്കത്തിലും നീരസത്തിലും കഴിയുന്നവർ,സഭയിൽതന്നെ നാമമാത്ര ക്രിസ്ത്യാനികളായി വ്യാപരിക്കുന്നവർ, വലിയ വേദപുസ്തക ജ്ഞാന

www.malankaralibrary.com

മില്ലാത്ത സാധാരണക്കാർ എന്നിവരെയാണ് ഈ പ്രസാധകർ ലഘുലേഖകളും സാന്ത്വനവാക്കുകളുമായി സമീപിക്കുന്നത്. ബന്ധം സ്ഥാപിച്ചു കഴിഞ്ഞാൽ പതിവായി കയറിയിറങ്ങി ദൈവമക്കളെ സഭയിൽനിന്ന് അടർത്തിമാറ്റി അബദ്ധപ്രബോധനമാകുന്ന വിഷം കുത്തിവച്ച് ഈ സംഘടനയിൽ ചേർക്കുന്നു. അവിടെ ചെന്നുകഴിയുമ്പോൾ ആയിരിക്കും റസ്സൽമതത്തിന്റെ തനിനിറം വ്യക്തമാകുന്നത്. അപ്പോഴേക്കും അതിൽ നിന്ന് തലയൂരി വെളിയിൽ വരാൻ സാധിക്കാത്തവണ്ണം വ്യക്തിബന്ധം സുദൃഢമായിക്കഴിയും. കുറേ സന്ദർശനങ്ങൾ കൊണ്ട് പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണം കുറേശ്ശ കുറേശ്ശ നൽകി ക്രിസ്ത്യാനിയുടെ അന്തരാത്മാവിന്റെ പല അറകളെയും ഈ സംഘടനക്കാർ കൊല്ലുന്നു. തർക്കിക്കാതെ, അടിമകളെപ്പോലെ ഇവരും ലഘുലേഖ വിതരണക്കാരും പ്രസാധകരുമായി മാറുന്നു. അവരുടെ അന്തരംഗത്തിലെ പല അറകളും ഇതിനോടകം മരിച്ചു കഴിഞ്ഞിരിക്കും.

അന്ത്യകാലസംഭവങ്ങളെ കുറിച്ച് ഭാവനാത്മകമായി വർണിച്ച് ജനങ്ങളിൽ ഒരുതരം ഭീതി ഉളവാക്കിയാണ് ഇവർ ജനങ്ങളെ വലയിലാക്കുന്നത്. തങ്ങളിൽ കൂടി മാത്രമേ രക്ഷയുള്ളു. ലോകത്തിലുള്ള സകലതും പിശാചിന്റെ പണിപ്പുരയാണ്. മരണത്തോടുകൂടി മറ്റുള്ളവർ നശിച്ചാലും തങ്ങൾ ഉത്ഥാനം ചെയ്യും. അർമാഗെദോൻ യുദ്ധത്തിൽ തങ്ങൾക്കു മാത്രമേ രക്ഷയുള്ളു എന്നൊക്കെ പറയുമ്പോൾ സാധാരണക്കാർ ഇവരുടെ കെണിയിൽ വീഴുന്നു. മറ്റുള്ളവരെക്കൊണ്ട് ഒന്നും പറയാൻ ഇവർ സമ്മതിക്കയില്ല. എതിർത്തുപറഞ്ഞാൽ ഇവർ മറുപടി പറയില്ല. സൗകര്യപൂർവം തെരഞ്ഞെടുത്ത വേദഭാഗങ്ങൾ കൊണ്ടുള്ള ചെപ്പടിവിദ്യ നടത്തി ഇവർ വലയൊരുക്കുന്നു. കരുതലില്ലാത്തവർ കെണിയിൽ വീഴുന്നു. വീണാൽ അതിൽനിന്നു രക്ഷപെടുക പ്രയാസമാണ്. മാരകവിഷം മധുരം ചേർത്തുതരുമ്പോൾ സന്ദേഹമില്ലാതെ വലിച്ചുകുടിക്കുന്നതുപോലെ, ഇവർ നൽകുന്ന പാഷണ്ഡത ആകുന്ന ഘോരവിഷം ഇവരുടെ നല്ല പെരുമാറ്റം ആകുന്ന പഞ്ചസാരയിൽ പൊതിഞ്ഞ് തരുമ്പോൾ അത് നിത്യജീവനുള്ള ഭക്ഷണമായി സംശയം കൂടാതെ സ്വീകരിക്കുകയും അപ്പോഴേ മരിക്കുകയും ചെയ്യുന്നു എന്നകാര്യം പാവപ്പെട്ട മനുഷ്യർ അറിയുന്നില്ല.''ഈപഴം ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും'' എന്നുപറഞ്ഞ സർപ്പത്തിന്റെ വഞ്ചനയാണ് നാമിവിടെ ദർശിക്കുക (ഉൽപ്പ. 3,5-6). ദൈവം സ്ഥാപിച്ച സഭയിൽ നിന്ന് ദൈവമക്കളെ അടർത്തിമാറ്റി മാരകവിഷം കുടിപ്പിച്ച് കൊല്ലുകയാണ് ഇവർ ചെയ്യുന്നത്. അതുകൊണ്ട് ഇവരെ അകറ്റി നിർത്തുകയാണ് ഒന്നാമത്തെ ഉപാധി. യഹോവാസാക്ഷികളാണോ വാതിൽ അടച്ചുകളയുക. ''സമയമില്ല. ഇന്നു ഞായറാഴ്ചയാണ്. പള്ളിയിൽ പോകണം. ഞങ്ങൾക്ക് നിങ്ങളുടെ പ്രബോധനം കേൾക്കേണ്ട'' എന്നു പറയാൻ ഒട്ടും മടിക്കേണ്ട. നമ്മുടെ വീട്ടിൽ വരുന്ന വ്യക്തിയോട് എങ്ങനെയാണ് ഇറങ്ങിപ്പോകാൻ പറയുക എന്നു തോന്നിയേക്കാം. നിങ്ങളെല്ലാം

www.malankaralibrary.com

പിശാചിന്റെ പിണിയാളുകളാണെന്നാണ് അവരുടെ ചിന്ത. നിങ്ങളെ അവർക്കൊട്ടും ബഹുമാനവുമില്ല. നിങ്ങളേയും നിങ്ങളുടെ മതത്തേയും അവർക്ക് പുച്ഛമാണ്. ഞങ്ങൾക്ക് സമയമില്ല എന്ന് അവരോട് പറയുന്നതിൽ ഒരു തെറ്റുമില്ല. ഇനി അവരോട് ചർച്ച ചെയ്യണമെന്ന് നിർബന്ധമുണ്ടെങ്കിൽ ഒരുങ്ങി ചർച്ച ചെയ്യുക. പഠിച്ചൊരുങ്ങി ചർച്ചചെയ്യുക. അതിന് കഴിവില്ലെങ്കിൽ, നിങ്ങൾ കെണിയിൽ വീണതുതന്നെ.

**ഇവരുടെ സപ്തപരിപാടി**

റൂതർഫോർഡ് എന്ന നേതാവ് ഇവർക്കൊരു വർക്കിംഗ് സിസ്റ്റം നൽകിയിട്ടുണ്ട്. നാലു തരത്തിലുള്ള റിപ്പോർട്ടു ഫോറങ്ങളുണ്ട്. സഭാകൂടിവരവുകൾ, വേദപഠനക്ലാസുകൾ, പുസ്തകവിൽപ്പന, ഭവനസന്ദർശനം, പരസ്യവേല എന്നിവയെല്ലാം യഥാവിധി പൂരിപ്പിച്ചു നൽകണം. എത്ര മണിക്കൂർ ജോലി ചെയ്തെന്ന് രേഖപ്പെടുത്തി കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കണം. സാക്ഷികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ ഉദ്യോഗസ്ഥന്മാരുണ്ട്. താഴെ പറയുന്നതാണ് സപ്തപരിപാടി.

1. ഭവനസന്ദർശനം പ്രധാനപരിപാടിയായി കരുതണം. സ്വീകരിക്കുന്ന ഭവനങ്ങളുടെ വീട്ടുനമ്പർ കുറിച്ചെടുത്ത് താൽപ്പര്യം കാണിച്ചു എന്ന കുറിച്ചിടണം. പുസ്തകങ്ങളിൽ ഒന്ന് അവിടെ കൊടുക്കണം.

2. വീണ്ടും അവിടെച്ചെന്ന് ദൈവരാജ്യം, അർമാഗെദോൻ എന്നീ വിഷയങ്ങളെപ്പറ്റി സംസാരിച്ച്, അതുവരെയുള്ള വിശ്വാസത്തെപ്പറ്റി സംശയം ജനിപ്പിക്കണം.

3. തുടർന്ന് കയറിയിറങ്ങി, കൊടുത്തിരിക്കുന്ന പുസ്തകത്തിലെ ചോദ്യങ്ങൾ ചർച്ചാവിഷയമാക്കണം. അതിൽനിന്നുള്ള ഉത്തരങ്ങൾ പറഞ്ഞു കൊടുക്കണം.

4. വീണ്ടും ചെന്ന്, വീട്ടുകാരെക്കൊണ്ടു തന്നെ വേദവാക്യങ്ങൾ വായിപ്പിക്കണം. ആ വിഷയം സംബന്ധിച്ചുള്ള തന്റെ അറിവ് തെളിയിക്കാൻ തുടരെത്തുടരെ വേദവാക്യങ്ങൾ ഉദ്ധരിച്ച് അവരെ സമ്മതിപ്പിക്കണം.

5. പിന്നെയും ചെന്ന് തങ്ങളുടെ യോഗങ്ങളിലേക്ക് ക്ഷണിക്കുക. വരുമ്പോൾ യോഗ്യമായി ബഹുമാനച്ചിരുത്തുക.

6. അവരെക്കൊണ്ട് മറ്റുള്ളവരേയും വിളിപ്പിക്കുക. അവരുടെ വീട്ടുകാര്യങ്ങളിൽ താൽപ്പര്യം കാണിക്കുക. അവരിൽ ഒരാളായി പെരുമാറുക.

7. പരസ്യപ്രകടനമായി ജലത്തിൽ മുക്കുക.

**നമുക്ക് നഷ്ടപ്പെടുന്നവ**

1. അവരുടെ കൂടെക്കൂടി അവരുടെ സംഘടനയിൽ ചേർന്നാൽ, നമുക്ക്

www.malankaralibrary.com

എല്ലാം നഷ്ടപ്പെട്ടതുതന്നെ. നമ്മുടെ വിശ്വാസപ്രമാണങ്ങളേയും ആരാധനാനുഷ്ഠാനങ്ങളേയും ബാബിലോണിയൻ വിശ്വാസങ്ങൾ എന്നാണ് അവർ പറയുന്നത്. അത് അൽപ്പംപോലും അവശേഷിപ്പിക്കാതെ പൂർണമായി നശിപ്പിക്കാതെ യഹോവാസാക്ഷിയാകാൻ സാധ്യമല്ല. ത്രിത്വത്തിലും പുത്രൻ തമ്പുരാന്റെ ദൈവത്വത്തിലും മനുഷ്യാവതാരത്തിലും, പരിശുദ്ധാത്മാവിലും, വിശുദ്ധ സഭയിലും സഭയിലെ കൂദാശകളിലും, പുത്രൻ തമ്പുരാന്റെ രക്ഷാകര വ്യാപാരങ്ങളിലും, വി. കുർബാനയിലും നമ്മുടെ ആത്മാവിന്റെ അമർത്യതയിലും നിത്യജീവിതത്തിലും പുണ്യവാന്മാരുടെ ഐക്യത്തിലും വിശുദ്ധരുടെ മാധ്യസ്ഥ്യതയിലുമുള്ള വിശ്വാസം തുടങ്ങി ക്രൈസ്തവസഭയുടെ എല്ലാ അടിസ്ഥാന തത്വങ്ങളും വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും അവരുടെ കൂടെ കൂടുന്നവർ ഉപേക്ഷിക്കണം. അമേരിക്കയിലെ ബ്രൂക്ക്ലിനിലുള്ള വാച്ച് ടവറിന്റെ അടിമയാകണം. യഹോവാസാക്ഷികൾ എന്തു വിശ്വസിക്കണമെന്ന് അവർ തീരുമാനിക്കും. എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും അവർ അറിയിച്ചു കൊണ്ടിരിക്കും. അത് അനുസരിച്ചാൽ മാത്രം മതി.

2. യഹോവാസാക്ഷികൾ തങ്ങളുടെ സമയവും സ്വാതന്ത്ര്യവും വാച്ച് ടവറിന്റെ ബിസിനസിനുവേണ്ടി അടിയറ വയ്ക്കണം. ആഴ്ചയിൽ കുറഞ്ഞത് രണ്ട് മണിക്കൂർ അവരുടെ പ്രസിദ്ധീകരണങ്ങൾ വിറ്റ് പണം അവരെ ഏൽപ്പിക്കണം. യഹോവാസാക്ഷികളുമായി ബന്ധപ്പെടാത്ത ഒരു സാമുഹ്യ ചടങ്ങിലും പങ്കെടുക്കാൻ പാടില്ല. രാഷ്ട്രീയസ്വാതന്ത്ര്യമോ മതപരമായ സ്വാതന്ത്ര്യമോ ഇല്ല. യഹോവാസാക്ഷികളുടെ ജീവിതത്തിലെ ഓരോ നാഴികയ്ക്കും അവർ ദൈവത്തോടല്ല, അമേരിക്കയിലെ വാച്ച് ടവർ കോർപ്പറേഷനോട് കണക്കു പറയണം. ചെയ്യുന്നതിന്റെയെല്ലാം റിക്കാർഡെഴുതി സൂക്ഷിച്ച് അവർക്ക് അയച്ചുകൊടുക്കണം. ഉടനെ, പെട്ടെന്ന്, നാളെ അർമഗെദോൻ വരും, തയാറായിരിക്കണം എന്നുപറഞ്ഞ് അവർ ആളുകളെ ഭയപ്പെടുത്തിക്കൊണ്ടിരിക്കും. അതുകൊണ്ട് എത്രയുംപേരേ ഈ സംഘടനയിൽ ചേർക്കണം. അതിനുവേണ്ടി കഠിനാധ്വാനം ചെയ്യണം എന്നതായിരിക്കും വാച്ച് ടവറിൽ നിന്നുള്ള നിരന്തര നിർദേശം. അവർക്ക് മറ്റൊന്നിനും സമയമില്ല. മറ്റൊരാൾക്കുവേണ്ടിയും സമയമില്ല. നന്മപ്രവൃത്തികൾക്കൊന്നും ഈ സിസ്റ്റത്തിൽ പ്രസക്തിയില്ല. “ഈ നശിച്ച ലോകത്തിൽ ആരും നന്നാകില്ല. യഹോവാസാക്ഷികൾ മാത്രം പറുദീസായിൽ കയറും. പിന്നെ മറ്റുള്ളവരെ എന്തിനു നന്നാക്കണം. എന്തിനു നന്മ ചെയ്യണം?”എന്ന് അവർ ചോദിക്കും. അർമാഗെദ്ദോൻ കഴിഞ്ഞുവരുന്ന ഏദന്റെ പറുദീസാ എന്ന ഒറ്റ ചിന്തയേ യഹോവാസാക്ഷിക്കുള്ളു. ആ വ്യക്തി മറ്റൊന്നും പരിഗണിക്കുന്നില്ല. മാനുഷിക മൂല്യങ്ങളൊക്കെ അവിടെ അർഥമില്ലാത്തതായി മാറുന്നു.

3. യഹോവാസാക്ഷി ആയിക്കഴിഞ്ഞാൽ വ്യക്തിപരമായ ചിന്തകളും അഭിപ്രായങ്ങളും ഉപേക്ഷിക്കണം.അംഗങ്ങളുടെ മനസ്സ് നേതൃത്വം

www.malankaralibrary.com

നിയന്ത്രിക്കുന്നു. നൂറ് യഹോവാസാക്ഷികളോട് ഒരു സംഗതിയെപ്പറ്റി ചോദിച്ചാൽ നൂറുപേരും കൃത്യമായി ഒരേ രീതിയിലുള്ള ഉത്തരം നൽകും. വളരെ കണക്കു കൂട്ടിയുള്ള മസ്തിഷ്ക ക്ഷാളനത്തിന് അനുയായികളെ അവർ വിധേയരാക്കുന്നു. പിന്നെ അവർ പറയുന്നതേ അനുയായികൾക്ക് ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനും സാധിക്കൂ. "അർമാഗെദോൻ യുദ്ധം ഉടനേ വരും എനിക്കും ഏദന്റെ പറുദീസായിൽ പ്രവേശിക്കണം" എന്ന് എല്ലാ യഹോവാസാക്ഷികളും പറയും. നേതാക്കന്മാരുടെ കണക്കുകൾ പല പ്രാവശ്യം തെറ്റിയല്ലോ എന്നു നാം പറഞ്ഞാൽ "അത് ഞങ്ങൾക്ക് പ്രശ്നമല്ല" എന്ന് അവർ പ്രത്യുത്തരിക്കും.

4. തങ്ങളുടെ അമൂല്യമായ കത്തോലിക്കാവിശ്വാസം ഉപേക്ഷിക്കേണ്ടി വരിക എന്നതാണ് ഏറ്റവും പരിതാപകരമായ സംഗതി. നമ്മുടെ കർത്താവിന്റെ ശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ കർത്താവിൽനിന്നു നേരിട്ടു കേട്ട സുവിശേഷം 52-ാമാണ്ടിൽ ഇവിടെയെത്തിച്ചു. അന്നുമുതൽ ഇന്നോളം നാം ക്രിസ്ത്യാനികളാണ്. ഈ കാതോലികവിശ്വാസം മായം ചേർക്കാതെ തലമുറ തലമുറകളായി നമ്മുടെ പിതാക്കന്മാർ കൈമാറി. ഇപ്പോൾ ഈ നവീന പ്രബോധകരുടെ വാക്കുകേട്ട് നാം നമ്മുടെ 2000 വർഷം പഴക്കമുള്ള ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കുക മഹാപാതകമായിരിക്കും. നമ്മുടെ കർത്താവ് തന്റെ ശിഷ്യരോട് പറഞ്ഞത് ശ്രദ്ധിക്കൂ: "നിങ്ങൾ ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും എന്റെ സാക്ഷികൾ ആയിരിക്കും"(നടപടി, 1,8). നിങ്ങൾക്ക് ക്രിസ്ത്യാനി ആയിരിക്കണമോ, യഹോവാസാക്ഷികളെ വിട്ടകന്നു പോകുക. അവർ യേശുക്രിസ്തുവിന്റെ സാക്ഷികളല്ല. ക്രിസ്ത്യാനികളുമല്ല. കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ സാത്താന്റെ കണ്ടുപിടുത്തമാണെന്നാണ് വാച്ച് ടവർ പറഞ്ഞു പഠിപ്പിക്കുന്നത്.

5. കത്തോലിക്കാസഭയും മറ്റു ചരിത്രപരസഭകളും വേദനിക്കുന്ന മനുഷ്യന്റെ വേദനയകറ്റാൻ പരിശ്രമിക്കുന്നു. ലോകം മുഴുവനുമുള്ള ക്രൈസ്തവസഭകൾ ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ വളരെയധികമാണ്. യഹോവാസാക്ഷികൾ ചെയ്യുന്ന ഏക ജീവകാരുണ്യപ്രവൃത്തി അമേരിക്കയിലെ വാച്ച് ടവറിന്റെ ആശയങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളും മാസികകളും വിതരണം ചെയ്യുക എന്നത് മാത്രമാണ്. അവർ ഒരനാഥശാലയോ, ഒരാശുപത്രിയോ എങ്ങും നടത്തുന്നില്ല. പുസ്തക വിൽപ്പന ഒഴിച്ചുള്ള സാമുഹ്യപ്രവൃത്തികളെല്ലാം ദൈവവിരോധമായും സമയം വൃഥാ പാഴാക്കുന്നതായും ഇവർ കരുതുന്നു. തങ്ങളുടെ സംഘടന ഒഴികെയുള്ളതെല്ലാം തിന്മയാണെങ്കിൽ, എന്തിന് തിന്മയെ പ്രോത്സാഹിപ്പിക്കണം, അർമാഗെദോനിൽ നശിക്കാനുള്ളവയെ വളർത്തണമോ എന്നാണ് അവർ ചോദിക്കുന്നത്. കത്തോലിക്കാസഭയെ ഉപേക്ഷിച്ച് യഹോവാസാക്ഷികളുടെ കൂടെ കൂടുന്നയാൾ കൊടുക്കേണ്ട വില വളരെ വലുതാണ്.

www.malankaralibrary.com

അവർ സ്വപ്നം കാണുന്ന അർമാഗെദോൻ യുദ്ധവും അവർ വാഗ്ദാനം ചെയ്യുന്ന ഭൗമികപറുദീസായും അവരുടെ ഭാവനയിൽ ഉടലെടുത്തതാണ്. കർത്താവ് വാഗ്ദാനം ചെയ്തതല്ല, സുവിശേഷത്തിൽ അതൊന്നും രേഖപ്പെടുത്തിയിട്ടുമില്ല. ലോകത്തിലെ കോടാനുകോടി മനുഷ്യരെല്ലാം നശിക്കും, അർമാഗെദോൻ യുദ്ധാനന്തരം തങ്ങൾക്കുമാത്രം ആസ്വദിക്കാൻ ഭൗമിക പറുദീസാ നിർമിക്കപ്പെടും എന്ന് യഹോവാസാക്ഷികൾ പറയുന്നത് സാമാന്യബുദ്ധിക്ക് നീതീകരിക്കാൻ അസാധ്യമായ മായാമോഹമാണ്.

**എന്താണ് അർമാഗെദോൻ?**

ദൈവത്തിന്റെ വലിയ ദിവസത്തിൽ ഭൂമിയിലെ രാജാക്കന്മാരെയെല്ലാം യുദ്ധത്തിന് ഒന്നിച്ചുകൂട്ടുന്ന സ്ഥലമാണ് അർമാഗെദോൻ. വെളിപാടു പുസ്തകം 16,16-ൽ ആണ് ഹർമാ ഗെദോൻ എന്ന വാക്ക് കാണുന്നത്: "ഹെബ്രായഭാഷയിൽ ഹർമാഗെദോൻ എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ അവരെ ഒന്നിച്ചുകൂട്ടി." ഈ ലോകവും ഇതിലെ നിവാസികളും ഇതിലെ രാഷ്ട്രങ്ങളും പ്രസ്ഥാനങ്ങളുമെല്ലാം തിന്മയാണ്. സാത്താനാണ് ഈ ദുഷിച്ച ലോകത്തെ നയിക്കുന്നത്. യഹോവാസാക്ഷികളുടെ സമൂഹം മാത്രമേ യഹോവയ്ക്ക് പ്രീതികരമായുള്ളു എന്നാണ് അവരുടെ ചിന്ത. അവരെ ഭരിക്കുന്നത് യഹോവയാണത്രേ. സാത്താൻ നിയന്ത്രിക്കുന്ന ഈ ലോകം ഉടൻതന്നെ അതിലെ നിവാസികളോടും പ്രസ്ഥാനങ്ങളോടും കൂടെ നശിക്കാനുള്ളതാണ്. പിശാചു ഭരിക്കുന്ന ഈ ലോകം പൂർണമായി നശിച്ചു കഴിയുമ്പോൾ യഹോവാസാക്ഷികൾക്കു വേണ്ടി ഒരു പുതിയലോകം - പറുദീസാ - സൃഷ്ടിക്കപ്പെടും. ഏദന്റെ പറുദീസായുടെ പുനർസൃഷ്ടി ആയിരിക്കുമത്. യഹോവാസാക്ഷികൾ മാത്രം അതിൽ പ്രവേശിക്കും. അപ്പോൾ അർമാഗെദോൻ എന്നു പറഞ്ഞാൽ വലിയ യുദ്ധം, അന്ത്യദിനം, ലോകാന്ത്യം എന്നൊക്കെ അർഥം പറയാം. അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. തകർച്ചയിൽനിന്ന് ക്രിസ്തു ഭരിക്കുന്ന ഏദന്റെ പറുദീസാ ഉടലെടുക്കും. അർമാഗെദോനിലെ തകർച്ചയിൽ നശിക്കാതെ ലക്ഷക്കണെക്കിന് യഹോവാസാക്ഷികൾ പറുദീസായിലേക്ക് നടന്നുകയറും. അവരുടെ സർവ പ്രത്യാശയും പണിതുയർത്തിയിരിക്കുന്നത് അർമാഗെദോനിലാണ്. അവർ പഠിപ്പിക്കുന്ന ആദ്യത്തെ ബൈബിൾസത്യം ഇതാണ്. വാച്ച് ടവർ അംഗങ്ങളേയും അവരെ ശ്രവിക്കുന്നവരേയും നോക്കിയിരിക്കയാണ് ഏദന്റെ പറുദീസാ. ഇവർ ജീവിക്കുന്നതും ഭക്ഷിക്കുന്നതും ശ്വസിക്കുന്നതും നടക്കുന്നതും ചിന്തിക്കുന്നതും ഉറങ്ങുന്നതുമെല്ലാം അർമാഗെദോനു വേണ്ടിയാണ്. അതിൽ പരിപൂർണവിശ്വാസം ഉണ്ടായിരിക്കുക എന്നത് അവരുടെ പ്രധാനപ്പെട്ട നിബന്ധനയാണ്. ഇതുമായി ബന്ധപ്പെട്ടതാണ് അവരുടെ മറ്റു പ്രബോധനങ്ങളെല്ലാം. ഇതിനെയാരും ചോദ്യം ചെയ്തുകൂടാ. അപ്രമാദ സത്യമാണിത്. ഇതംഗീകരിച്ചു കഴിഞ്ഞാൽ വാച്ച് ടവർ സംഘടനയിൽ അംഗമാകുന്നതിനും അവർക്കുവേണ്ടി പുസ്തകങ്ങൾ വിൽക്കുന്നതിനും

www.malankaralibrary.com

പ്രവർത്തിക്കുന്നതിനും വേറേ കാരണം അന്വേഷിക്കേണ്ടതില്ല. അംഗത്വം ഉറപ്പിക്കുന്നത് പ്രസിദ്ധീകരണങ്ങൾ വിറ്റുകൊണ്ടാണ്. അതുവഴി പറുദീസായിൽ ഒരു സ്ഥാനം ഉറപ്പാകുന്നു. വാച്ച് ടവറുമായി ബന്ധപ്പെടാത്തവരെല്ലാം ദൈവത്തിന്റെ ശത്രുക്കളാണ്. യഹോവാസാക്ഷി അല്ലാത്ത ബന്ധുവുമായി ബന്ധം പുലർത്തുന്ന സാക്ഷി പറുദീസായിൽ കയറുമോ എന്നുറപ്പില്ല. കാരണം, അയാൾ ദൈവത്തിന്റെ ശത്രുക്കളുമായി സംസർഗം ചെയ്യുന്നതിനാൽ, ദൈവത്തിന്റെ ശത്രുവാകുന്നു. അതുകൊണ്ട് ഇപ്രകാരമുള്ളവരുമായുള്ള ബന്ധവും പറുദീസായ്ക്കുവേണ്ടി ഉപേക്ഷിക്കണം. മറ്റുവാക്കുകളിൽ പറഞ്ഞാൽ വാച്ച് ടവർ പ്രസിദ്ധീകരണം വിൽക്കുകയും അതുവാങ്ങി വായിക്കുകയും ചെയ്യുന്നവർ മാത്രമേ ദൈവത്തിന്റെ സ്നേഹത്തിനും കരുണയ്ക്കും പാത്രീഭൂതരാകുകയുള്ളു.

എത്ര ഭോഷത്തം നിറഞ്ഞ ചിന്തയാണിത്! ഇവരുടെകൂടെ ചേരാത്തതുകൊണ്ട് നിങ്ങൾ ദുഷിച്ചയാളാണ്. നിങ്ങൾ ദുഷ്ടനാണ്. അല്ലെങ്കിൽ ദുഷ്ടയാണ്. നിങ്ങൾ നശിച്ചതുതന്നെ. എത്ര വികല ചിന്തയാണിത്. യഹോവാസാക്ഷികൾ ഒഴികെ ലോകത്തിലുള്ള ജനങ്ങളാരും വാച്ച് ടവർ സംഘടനയെ അംഗീകരിക്കുന്നില്ല. അവർ ഈ സംഘടനയിൽ ചേർന്നില്ല എന്ന ഒറ്റക്കാരണത്താൽ ദൈവം അവരെയെല്ലാം നശിപ്പിക്കുമെന്ന് ചിന്തിക്കുന്നത് സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല.

**പൊരുത്തക്കേടുകൾ**

റസ്സലും റൂതർഫോർഡും കൂടി രൂപീകരിച്ചതാണ് വാച്ച് ടവർ കമ്പനിയുടെ സിദ്ധാന്തങ്ങളെല്ലാം. ഇതൊരു ദൈവസ്ഥാപിത മതമല്ല. പിന്നെയോ ഒരു വലിയ ബിസിനസ് കമ്പനിയാണ്. പഴയനിയമം ആചരിച്ചിരുന്നെങ്കിൽ, അവർ യഹൂദർ ആയിരുന്നേനേം. ക്രിസ്തുവിന്റെയും തന്റെ ശിഷ്യന്മാരുടെയും പ്രബോധനം പിൻചെന്നിരുന്നെങ്കിൽ, അവർ ക്രിസ്ത്യാനികൾ ആയിരുന്നേനേം. എന്നാൽ അവർ യഹൂദരുമല്ല, ക്രിസ്ത്യാനികളുമല്ല. ക്രിസ്തുവിനെ പിൻചെല്ലുന്നു എന്നാണ് അവരുടെ പറച്ചിൽ. എന്നാൽ അവരുടെ തത്വങ്ങൾ പലതും പഴയനിയമത്തിന്റെ വാച്യാർഥത്തിൽ അധിഷ്ഠിതമാണ്. ക്രിസ്തു നീക്കിക്കളഞ്ഞ പലതും അവർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി അവരിൽ ധാരാളം പൊരുത്തക്കേടുകൾ കാണുന്നു. പൊരുത്തക്കേടുകൾ എന്ന് സാമാന്യ ബുദ്ധിയുള്ളവർ പറയുന്നവ അവർ ഒട്ടും തന്നെ അംഗീകരിക്കുന്നില്ല.

1. അവരുടെ ജീവിതമാണ് ഏറ്റവും വലിയപൊരുത്തക്കേട്. ഈ ദുഷ്ടലോകത്തിൽനിന്നു വിട്ടുമാറിയ സമൂഹത്തിലാണ് തങ്ങൾ കഴിയുന്നതെന്നാണ് വയ്പ്. എന്നാൽ അതൊരിക്കലും കാണുന്നില്ല. സമൂഹത്തിലെ സകലതിനെയും അവർ ശപിച്ചുതള്ളുന്നെങ്കിലും സമൂഹത്തിന്റെ നന്മകൾ അനുഭവിക്കുന്നതിൽ അവർ എല്ലാവരേക്കാളും മുമ്പിലാണ്. അവർ തങ്ങളുടെ മക്കളെ ദുഷ്ടസ്കൂളുകളിൽ അയക്കുന്നു. ഈലോകത്തിലെ ദുഷ്ട

www.malankaralibrary.com

തടികൊണ്ടും ആണികൊണ്ടും കല്ലുകൊണ്ടും കിംഗ്ഡം ഹോളുകൾ ഉണ്ടാക്കുന്നു. ഈ ദുഷ്ടലോകത്തിലെ രാജ്യങ്ങളിൽ അവർ വിവിധ ഉദ്യോഗങ്ങൾ വഹിച്ച് ശമ്പളം പറ്റുന്നു. ദുഷ്ടപേപ്പർ ഉപയോഗിച്ച് അവർ പുസ്തകങ്ങൾ അച്ചടിക്കുന്നു. ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ നിരത്താനാകും.

2. സാത്താനേയും പറുദീസായേയും സംബന്ധിച്ചുള്ള പ്രബോധന ത്തിലും പൊരുത്തക്കേടുണ്ട്.

(എ) അർമാഗെദോനിൽ വച്ച് സാത്താനും ദുഷ്ടലോകവും തിന്മ നിറഞ്ഞ സംഘടനകളും സംവിധാനങ്ങളുമെല്ലാം നിശ്ശേഷം നശിപ്പിക്കപ്പെടു മെന്ന് അവർ പറയുന്നു. നിരവധി ഗ്രന്ഥങ്ങളിൽ നിരവധി സ്ഥലത്തു പറയുന്നു. എന്നാൽ അവരുടെ പ്രാമാണിക ഗ്രന്ഥത്തിൽ ഇതിനെതിരെയുള്ള പഠിപ്പിക്കലും കാണാം. ക്രിസ്തുവിന്റെ സഹസ്രാബ്ദ വാഴ്ചക്കാലത്ത് സാത്താനും അവന്റെ ദൂതന്മാരും ആഴത്തിലേക്ക് എറിയപ്പെടും. അതുകഴിഞ്ഞ് അവരെ കെട്ടഴിച്ചുവിടും. അവന് മാറ്റമില്ലാത്തതിനാൽ അവൻ യഹോവയ്ക്കെതിരെ വീണ്ടും മത്സരിക്കാൻ തുടങ്ങും. മനുഷ്യകുലത്തെ ദൈവത്തിനെതിരെ തിരിക്കാൻ നോക്കും. ചിലർ വഴിതെറ്റും. ആയിരം വർഷം കഴിഞ്ഞ് അവിശ്വസ്തർ നശിപ്പിക്കപ്പെടും.

(ബി) അർമാഗെദോൻ യുദ്ധത്തിൽ എല്ലാ ദുഷ്ടരും പൂർണമായി നശിപ്പിക്കപ്പെടും എന്ന് ഒരിടത്ത് പഠിപ്പിക്കുന്നു. യഹോവാസാക്ഷികൾ മാത്രമാണ് പറുദീസായിൽ പ്രവേശിക്കുന്നത്. ക്രിസ്തു അതിനുശേഷം 1000 വർഷം ഭരണം നടത്തും. ബാക്കിയുള്ളവരെല്ലാം നശിക്കും. യഹോവാ സാക്ഷികൾ മറ്റുള്ളവരുടെ അസ്ഥികൾ പറുദീയിൽ മറവുചെയ്യും. എന്നാൽ മറ്റൊരിടത്ത് ഇപ്രകാരം കാണുന്നു: ക്രിസ്തു ഭരിക്കുന്ന 1000 വർഷം മനുഷ്യകുലത്തിന്റെ പൊതുകല്ലറ തന്നിലുള്ള മരിച്ചവരെയെല്ലാം വിടുവിക്കും. അവിടെയാരും അവശേഷിക്കയില്ല. ഇപ്രകാരം ഉത്ഥാനം ചെയ്ത വരും പറുദീസായിലെ നിത്യജീവിതത്തിനായി മുന്നോട്ടുവരും. ഈ ഉത്ഥാനത്തിൽ ലക്ഷക്കണക്കിന് നീതികെട്ട മരിച്ചവർ ഉത്ഥാനം ചെയ്യുന്നതിനാൽ അവർക്കും ദൈവികനിയമത്തിലുള്ള പരിശീലനം നൽകേണ്ടതുണ്ട്. ഇവരെ പ്രലോഭിപ്പിക്കാൻ സാത്താനെ അഴിച്ചുവിടും. തുടർന്ന് രണ്ടാമതൊരു നശിപ്പിക്കൽ ഉണ്ടാകും. സാത്താന്റെ അനുയായി കളെ ദൈവം അഗ്നിയുടെയും ഗന്ധകത്തിന്റെയും കടലിൽ എറിയും.

(സി) അവർ വളരെയധികം പ്രതീക്ഷാനിർഭരരായി കാത്തിരിക്കുന്ന അർമാഗെദോൻ തന്നെ പൊരുത്തക്കേടുകൾ നിറഞ്ഞതാണ്. വളരെയധികം പൊട്ടക്കഥകളും ഭാവനാചിത്രങ്ങളും പരസ്പരവിരുദ്ധങ്ങളായ സംഗതികളും റസ്സലിന്റെ പ്രബോധനത്തിലുണ്ട്. ദുഷ്ടരും ഉത്ഥാനം ചെയ്ത് പറുദീസായിൽ എത്തുമെങ്കിൽ പിന്നെ പാടുപെട്ട് എന്തിന് യഹോവാസാക്ഷിയാകണം? പിന്നെന്തിന് പുസ്തകവിൽപ്പനയ്ക്ക് നടക്കണം? ദുഷ്ടർക്കുള്ള പറുദീസാ

www.malankaralibrary.com

മാത്രമാണ് യഹോവാസാക്ഷികൾക്കും ഉള്ളതെങ്കിൽ എന്തിന് അവരുടെ കൂടെ കൂടണം?

3. യഹോവാസാക്ഷികളുടെ മക്കൾ പറുദീസായിൽ നീതിമാന്മാരായി ജീവിക്കുമെന്ന് ഒരിടത്തുപറയുന്നു. എന്നാൽ അവർ ദൈവനിയമം ലംഘിച്ചാൽ അവരും ശിക്ഷിക്കപ്പെടുമെന്ന് മറ്റൊരിടത്ത് പറയുന്നു. അർമാഗെദോനിൽ സാത്താൻ തകർക്കപ്പെട്ടെങ്കിൽ, പിന്നെ അവരെ ആരാണ് പ്രലോഭിപ്പിക്കുക? ദുഷ്ടരും ഉത്ഥാനം ചെയ്യുന്നതിനാൽ അവരുടെ മക്കളും പറുദീസായിൽ കാണും. അപ്പോൾ ഈ ലോകജീവിതത്തിൽ നിന്ന് വ്യത്യസ്തമായിരിക്കയില്ല പറുദീസാവാസം. ഈ ദുഷ്ടരുടെ മക്കൾ നീതിമാന്മാരായ യഹോവാസാക്ഷികളുടെ മക്കളെ നിശ്ചയമായും സ്വാധീനിക്കും.

4. എല്ലാ രാജ്യങ്ങളേയും സർക്കാരുകളേയും ഭരിക്കുന്ന അദൃശ്യശക്തി സാത്താനാണെന്ന് ഒരിടത്ത് പഠിപ്പിക്കുന്നു. ദേശീയപതാകയെ വന്ദിക്കുന്നവർ സാത്താനെ വന്ദിക്കുന്നു. യഹോവ ഈ രാജ്യങ്ങളെ സാത്താനോടുകൂടെ നശിപ്പിക്കും. എന്നാൽ ദൈവം അനുവദിക്കുന്നതിനാലാണ് ഭരണകൂടങ്ങൾ നിലനിൽക്കുന്നതെന്നും അതുകൊണ്ട് അവരെ അനുസരിക്കണമെന്നും അവയ്ക്കെതിരെ മത്സരിക്കുന്നവൻ ദൈവിക ക്രമീകരണത്തിനെതിരെ പ്രവർത്തിക്കുന്നെന്നും ദൈവത്തിന്റെ പൊതുസേവകരായി സർക്കാരിനെ ബഹുമാനിക്കണമെന്നും മറ്റൊരിടത്തു പറയുന്നു. ഇതിൽ പൊരുത്തക്കേടില്ലേ? സാത്താൻ നിയന്ത്രിക്കുന്ന ഈ ഭരണകൂടങ്ങൾക്ക് നന്മ ചെയ്യാനാവുമോ? സർക്കാർ ഉദ്യോഗസ്ഥന്മാർ ദൈവത്തിന്റെ പൊതു പ്രവർത്തകർ ആണെങ്കിൽ, അവരെ എങ്ങനെയാണ് സാത്താൻ നിയന്ത്രിക്കുന്നത്?

5. സ്കൂളുകളെല്ലാം സാത്താന്റെ സ്വാധീനത്തിലാണെന്നും പിശാചാണ് അവയെ നിയന്ത്രിക്കുന്നതെന്നും അവർ പറയുന്നു. എന്നാൽ കുട്ടികളെ സ്കൂളിൽ വിട്ട് പഠിപ്പിക്കണമെന്ന് അവർ ഉപദേശിക്കുന്നു. സാത്താൻ ഭരിക്കുന്ന ദുഷ്ടസിസ്റ്റത്തിലെ സ്കൂളിൽനിന്ന് അവരുടെ മക്കൾക്ക് എന്തു പഠിക്കാൻ സാധിക്കുമെന്നാണ് കരുതുക?

വാച്ച് ടവർ സംഘടന യഹോവാസാക്ഷികളെ പൊരുത്തക്കേടുകളിൽ കെട്ടിയുറപ്പിച്ചിരിക്കയാണ്. അവയിൽ നിന്ന് തലയൂരിപ്പോരാൻ സാധ്യമല്ല. പൊരുത്തക്കേടുകൾ ചൂണ്ടിക്കാണിച്ചാലും അവർ അതംഗീകരിക്കുകയില്ല.

### ഗോതമ്പും കളകളും

നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹാ തന്റെ സന്ദേശവാഹകരായി ശിഷ്യന്മാരെ തെരഞ്ഞെടുത്തു. തന്റെ ദൗത്യം ലോകാവസാനം വരെ തുടരാൻ അവൻ അവരെ ഭരമേൽപ്പിച്ചു. ദൈവരാജ്യത്തിന്റെ നിർമലസുവിശേഷം കർത്താവിന്റെ ശിഷ്യന്മാർ സ്ഥാപിച്ച സഭക

www.malankaralibrary.com

ളിൽ നിലനിൽക്കുന്നു. അത് കർത്താവിന്റെ വരവുവരെ നിലനിൽക്കുകയും ചെയ്യു. “ഞാനോ, ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളും നിങ്ങളോടു കൂടെയുണ്ട്. നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു. നിങ്ങൾ കെട്ടുന്നത് സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ അഴിക്കുന്നത് സ്വർഗത്തിൽ അഴിക്കപ്പെട്ടിരിക്കും. പാതാളവാതിലുകൾ സഭയുടെമേൽ പ്രബലപ്പെടുക യില്ല”(മത്താ.28,20;10,40;18,18;16,18) എന്നിപ്രകാരം നമുക്ക് കർതൃവാഗ്ദാനവും കർതൃപരിപാലനയുമുണ്ട്. ശ്ലീഹന്മാരുടെകാലം മുതൽ ഇന്നുവരെ സത്യ വിശ്വാസം ഏകവും വിശുദ്ധവും കാതോലികവുമായ സഭയിൽ നിലനിൽ ക്കുന്നു. എന്നും നിലനിൽക്കുകയും ചെയ്യും.

എന്നാൽ സത്യവിശ്വാസത്തോടൊപ്പം കളകളും വളരുന്നതായി സഭാചരിത്രത്തിൽ നാം കാണുന്നു. കള വിതച്ചത് ദുഷ്ടനാണ് എന്ന് നമ്മുടെ കർത്താവു തന്നെ ഉപമവഴി മുൻകൂട്ടി നമ്മെ അറിയിച്ചിട്ടുണ്ട്. (മത്താ. 13,24-28). കള പിതാവിന്റെ കൃഷിയല്ല. കളകളുടെ ഉടമസ്ഥർ മുന്തിരിയുടെ ശാഖകളല്ല. നല്ല ഫലം കായ്ക്കാൻ അവർക്ക് സാധിക്കയുമില്ല. പാഷണ്ഡ തകളും ശീശ്മകളുമാണ് ഈ കളകൾ. സത്യസുവിശേഷത്തിൽ അബദ്ധോ പദേശകർ മായംചേർത്തു. ചിലർ വെള്ളം ചേർത്തു. വിഷം കലർത്തിയ രാക്ഷസന്മാരുമുണ്ട്. വ്യാജച്ചരക്കുമായി വിൽപ്പനയ്ക്കിറങ്ങിയ കച്ചവടക്കാരു മുണ്ട്. ചിലർ ദൈവത്തിന്റെ പ്രവാചകന്റെ വേഷം കെട്ടി, തങ്ങളുടെ പക്കൽ മിശിഹാ ഇല്ലാതിരിക്കെ അവർ കപട മിശിഹാക്കളായും വ്യാജപ്രവാചക ന്മാരായും എഴുന്നേറ്റു. പ്രകാശമുള്ള മാലാഖയുടെ മുഖംമൂടി വച്ച് സാത്താൻ മനുഷ്യരുടെ ഇടയിൽ കടന്നുചെന്ന് അനേകരെ വഴിതെറ്റിച്ചു (2കോറി. 11,14).

### മുന്നറിയിപ്പുകൾ

നമ്മുടെ കർത്താവ് തന്റെ പ്രബോധനത്തിൽ ഇപ്രകാരമുള്ളവർക്കെ തിരെ മുന്നറിയിപ്പ് തന്നിട്ടുണ്ട്.“ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. കാരണം, ഞാനാണ് മിശിഹാ എന്നുപറഞ്ഞ് പലരും എന്റെ നാമത്തിൽ വരികയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യും... നിരവധി വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെറ്റിക്കും... ഇതാ, ക്രിസ്തു ഇവിടെ അല്ലെങ്കിൽ അവിടെ ഉണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. കാരണം കള്ളക്രിസ്തുക്കളും കള്ള പ്രവാചകന്മാരും പ്രത്യക്ഷപ്പെടുകയും സാധിക്കുമെങ്കിൽ തെരഞ്ഞെടുക്ക പ്പെട്ടവരെ പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അത്ഭുത ങ്ങളും കാണിക്കുകയും ചെയ്യും. ഇതാ, ഞാൻ മുൻകൂട്ടി നിങ്ങളോട് പറഞ്ഞി രിക്കുന്നു. അതുകൊണ്ട്, അവൻ മരുഭൂമിയിൽ ഉണ്ടെന്ന് അവർ പറഞ്ഞാൽ നിങ്ങൾ പുറപ്പെടരുത്. അവൻ മുറിക്കുള്ളിൽ ഉണ്ടെന്നു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കരുത്...നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. എല്ലാം ഞാൻ മുൻകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു” (മത്താ.24, 4-5.11. 23-26; മർക്കോ.13,23).

www.malankaralibrary.com

കർത്താവിന്റെ ശിഷ്യന്മാരും ഇത്തരം ഇത്തിക്കണ്ണികൾക്കും കളകൾക്കും വ്യാജപ്രബോധനങ്ങൾക്കുമെതിരെ മുന്നറിയിപ്പ് തന്നിട്ടുള്ളതാണ്. "നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിലുള്ള ലാളിത്യത്തിലും വിശുദ്ധിയിലും നിന്ന് വ്യതിചലിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. എന്തെന്നാൽ ഞങ്ങൾ പ്രസംഗിച്ചതല്ലാത്ത മറ്റൊരേശുവിനെ ആരെങ്കിലും വന്ന് പ്രസംഗിക്കുകയോ, നിങ്ങൾ സ്വീകരിച്ചതല്ലാത്ത മറ്റൊരാത്മാവിനെ നിങ്ങൾ സ്വീകരിക്കുകയോ, നിങ്ങൾ കൈക്കൊണ്ടിട്ടില്ലാത്ത മറ്റൊരു സുവിശേഷം നിങ്ങൾ കൈക്കൊള്ളുകയോ ചെയ്താൽ നിങ്ങൾ അനായാസം അതിനെല്ലാം കീഴടങ്ങുകയായിരിക്കും ചെയ്യുക." എന്ന് കൊറിന്തോസുകാരോട് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു (2 കൊറി.11,2–4).

ശ്ലീഹന്മാർ പ്രസംഗിച്ച സുവിശേഷത്തിൽ നിന്ന് വ്യത്യസ്തമായ സുവിശേഷം പ്രസംഗിച്ചവർ അക്കാലത്തു തന്നെ ഉണ്ടായിരുന്നെന്നു വ്യക്തം. അവർ ദൈവത്തിന്റെ ജനത്തെ കലക്കുകയും ദൈവവചനത്തിൽ മായം ചേർക്കുകയും ചെയ്തു. "എന്റെ വേർപാടിനുശേഷം ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ മധ്യേ വരുമെന്നും അവ അജഗണത്തെ വെറുതെ വിടുകയില്ലെന്നും എനിക്കറിയാം. ശിഷ്യരെ ആകർഷിച്ച് തങ്ങളുടെ പിന്നാലെ കൊണ്ടുപോകാൻ വേണ്ടി സത്യം വളച്ചൊടിച്ച് പ്രസംഗിക്കുന്നവർ നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടാകും. അതിനാൽ നിങ്ങൾ ജാഗ്രതയുള്ളവർ ആയിരിക്കുവിൻ"(നടപടി,20,29–31) എന്ന് വി.പൗലോസ് ശ്ലീഹാ എഫേസോസുകാരെ ഉപദേശിക്കുന്നു. വീണ്ടും, "നാം ഇനിമേൽ, തെറ്റിന്റെ വഞ്ചനയിൽ പെടുത്താൻ മനുഷ്യർ കൗശലപൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തൂത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത്" എന്നും എഫേസോസുകാരോട് പറയുന്നു (എഫേ.4,14).

അവസാന നാളുകളിൽ കാണപ്പെടുന്ന ക്രൂരന്മാരെ എപ്രകാരം ഒഴിഞ്ഞു മാറണമെന്ന് പൗലോസ് തിമോതിയോസിനെ ഉപദേശിക്കുന്നു: "സത്യത്തേപ്പറ്റിയുള്ള പൂർണജ്ഞാനത്തിൽ എത്തിച്ചേരാൻ അവർക്ക് കഴിവില്ല. അവർ ദുഷിച്ച മനസ്സുള്ളവരും വിശ്വാസനിന്ദകരുമാണ്" (2 തിമോ.3,8). "നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുവിൻ. നിങ്ങളത്തന്നെ പരീക്ഷിച്ചറിയുവിൻ" എന്ന് കൊറിന്തോസുകാരോടും പൗലോസ് നിർദേശിക്കുന്നു (2 കൊറി.13,5). "പലരും ക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നു'' എന്നും പറയുന്നു (ഫിലി.3,18). "വചനം മുഖേനയോ കത്തു മുഖേനയോ ഞങ്ങൾ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങൾ മുറുകെ പിടിക്കുകയും അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുവിൻ" എന്ന് തെസ്സലോനിക്കക്കാരോട് പൗലോസ് ആവശ്യപ്പെടുന്നു (2തെസ്സ.2,15). "ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽനിന്ന് വ്യത്യസ്തമായ ഒരു സുവിശേഷം , ഞങ്ങൾ തന്നെയോ, സ്വർഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോട് പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ

www.malankaralibrary.com

ആകട്ടെ...നിങ്ങൾ സ്വീകരിച്ച സുവിശേഷമല്ലാതെ മറ്റൊന്ന് ആരെങ്കിലും നിങ്ങളോട് പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്ന് പൗലോസ് വീണ്ടും പറയുന്നു(ഗലാ.1,8-9). "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ മറ്റൊന്നിലും എനിക്ക് അഭിമാനിക്കാൻ ഇടയാകാതിരിക്കട്ടെ...നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ... ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും പുറജാതികൾക്ക് ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"(ഗലാ.6,14; 1കൊറി.1,18-23).

പത്രോസും യൂദായും യോഹന്നാനും തങ്ങളുടെ ലേഖനങ്ങളിൽ വ്യാജപ്രവാചകന്മാർക്കെതിരെ മുന്നറിയിപ്പു നൽകുന്ന: "ഇസ്രായേൽക്കാരുടെ ഇടയിൽ വ്യാജപ്രവാചകന്മാരുണ്ടായിരുന്നു. അതുപോലെ തങ്ങളുടെ മേൽ ശീഘ്രനാശം വരുത്തിവയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെ ഇടയിലും ഉണ്ടാകും. അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും തങ്ങളെ വില കൊടുത്തുവാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗത്തെ അനുഗമിക്കും. അങ്ങനെ അവർമൂലം സത്യത്തിന്റെ മാർഗം നിന്ദിക്കപ്പെടും. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞ് നിങ്ങളെ അവർ ചൂഷണം ചെയ്യും." (2പത്രോ. 2,1-3). "പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യർ നിങ്ങളുടെ ഇടയിൽ കയറിക്കൂടിയിട്ടുണ്ട്. അവർ നമ്മുടെ ദൈവത്തിന്റെ കൃപയെ തങ്ങളുടെ അശുദ്ധജീവിതത്തിനായി ദുർവിനിയോഗിക്കുകയും നമ്മുടെ ഏകനാഥനും കർത്താവുമായ യേശുക്രിസ്തുവിനെ തള്ളിപ്പറയുകയും ചെയ്യുന്നു."(യൂദാ.4). "പ്രിയപ്പെട്ടവരേ, എല്ലാ ആത്മാക്കളേയും നിങ്ങൾ വിശ്വസിക്കരുത്. ആത്മാക്കളെ പരിശോധിച്ച് അവ ദൈവത്തിൽ നിന്നാണോ എന്നു വിവേചിക്കുവിൻ. പല വ്യാജപ്രവാചകന്മാരും ലോകത്തിലെങ്ങും പ്രത്യക്ഷപ്പെട്ടിരിക്കുന്നു...യേശുക്രിസ്തു ശരീരം ധരിച്ചു വന്നെന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽ നിന്നാണ്. യേശുവിനെ ഏറ്റുപറയാത്ത ആത്മാവ് ദൈവത്തിൽ നിന്നല്ല. വരാനിരിക്കുന്നു എന്ന് നിങ്ങൾ കേട്ടിട്ടുള്ള അന്തിക്രിസ്തുവിന്റെ ആത്മാവാണത്. ഇപ്പോൾ തന്നെ അത് ലോകത്തിലുണ്ട്." (1യോഹ. 4,1-3). "കുഞ്ഞുമക്കളേ, ഇപ്പോൾ തന്നെ അനേകം വ്യാജക്രിസ്തുക്കൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്... അവർ നമ്മുടെ കൂട്ടത്തിൽ നിന്നാണ് പുറത്തുപോയത്. അവർ നമുക്കുള്ളവർ ആയിരുന്നില്ല. നമുക്കുള്ളവർ ആയിരുന്നെങ്കിൽ നമ്മോടുകൂടെ നിൽക്കുമായിരുന്നു... പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ ആരോ അവനാണ് അന്തിക്രിസ്തു. പുത്രനെ നിഷേധിക്കുന്നവന് പിതാവുമില്ല. പുത്രനെ ഏറ്റുപറയുന്നവന് പിതാവും ഉണ്ടായിരിക്കും." (1യോഹ.2,18-24).

**ആദ്യകാലപാഷണ്ഡതകൾ**

ശ്ലീഹന്മാരുടെ കാലത്തു തന്നെ പലതരം അബദ്ധപ്രബോധകർ

www.malankaralibrary.com

ഉടലെടുത്തിരുന്നു. യേശുക്രിസ്തു ശരീരത്തിൽ വന്നില്ല എന്നു പറഞ്ഞുകൊണ്ട് കുറേപ്പേർ വ്യാജം പ്രചരിപ്പിച്ചു. 'അവന്റെ ശരീരം മായയാണ്. നമ്മിൽ നിന്ന് അവൻ ശരീരമെടുത്തില്ല. അവന്റെ മനുഷ്യാവതാരവും പീഡാസഹനവും എല്ലാം മായയാണ്' എന്ന് ഈ ദുഷ്ടന്മാർ ജൽപ്പിച്ചു. ഇവർക്കെതിരെയാണ് യോഹന്നാൻ ശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിന്റെ ആരംഭത്തിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നത് (1യോഹ.1,1–4). ഈ പാഷണ്ഡികൾ *ഡോസെറ്റിസ്റ്റുകൾ (മായാവാദികൾ)* എന്നറിയപ്പെട്ടു. ഈ പാഷണ്ഡത ക്രിസ്തുവിന്റെ മാനുഷിക വശത്തെ പാടേ നിഷേധിച്ചു. ഏഷ്യാമൈനറിൽ (തുർക്കിയിൽ) ഇത് പിൽക്കാലത്ത് പ്രബലപ്പെട്ടു. അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (+110) തന്റെ ലേഖനങ്ങളിൽ ഇവർക്കെതിരെ ശക്തിയായി മുന്നറിയിപ്പു തരുന്നു. വി. ജറോമിന്റെ കാലത്തും ഇവർ ഉണ്ടായിരുന്നു: "മിശിഹായുടെ ശരീരം മായയാണെന്ന് ഡോസെറ്റിസ്റ്റുകൾ വാദിച്ചപ്പോഴും യൂദയാനാട്ടിൽ അവന്റെ രക്തം തളംകെട്ടി കിടക്കുകയായിരുന്നു" എന്ന് വി. ജറോം പ്രസ്താവിക്കുന്നു.

**ത്രിത്വസംബന്ധമായ അബദ്ധോപദേശങ്ങൾ**

ത്രിത്വത്തെ സംബന്ധിച്ചും ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചും ആരംഭകാലത്തു തന്നെ പലതരം അബദ്ധോപദേശങ്ങൾ ഉയർന്നു വന്നു. ദൈവം ഏകനാണ് എന്നതിൽ നിന്ന് ദൈവം ഏകയാളാണ് എന്ന് ചിലർ അനുമാനിച്ച് ത്രിത്വരഹസ്യം നിഷേധിച്ചു. പഴയനിയമ സ്വാധീനത്തിലാണ് അവർ ഇപ്രകാരം ചെയ്തത്. ത്രിത്വരഹസ്യം വിശദീകരിച്ചപ്പോൾ അവർക്ക് തെറ്റുപറ്റി. *മൊണാർക്കിയനിസം* എന്ന് ഇത് അറിയപ്പെടുന്നു. എല്ലാറ്റിന്റെയും ആരംഭം ഒന്നാണ്. പിതാവിന്റെ ശക്തി *(ഡുനാമിസ്)* പുത്രനിൽ വന്നുവസിച്ചു. സാധാരണ മനുഷ്യനായ യേശുവിൽ സ്നാനാവസരം ദൈവികശക്തി വന്നുവസിച്ചു. ദൈവം യേശുവിനെ ദത്തെടുത്ത് പുത്രനാക്കി. ക്രൂശാരോഹണത്തിനു മുമ്പ് ഈ ദൈവികശക്തി യേശുവിനെ വിട്ടുപോയി. ഒരു സാധാരണ മനുഷ്യൻ ക്രൂശിക്കപ്പെട്ടു. ഇത് *ഡൈനാമിക് മൊണാർക്കിയനിസം* എന്നറിയപ്പെടുന്നു. ഉത്ഥാനാനന്തരമാണ് യേശുവിനെ പിതാവ് ദൈവമാക്കിയത് എന്നുപറഞ്ഞ പാഷണ്ഡികളുമുണ്ട്. യഹോവാസാക്ഷികൾ ഈ പാഷണ്ഡരുടെ പ്രബോധനമാണ് കട്ടെടുത്തിരിക്കുന്നത്. മറ്റൊരുതരം മൊണാർക്കിയനിസമുണ്ട്. മോഡലിസ്റ്റ് മൊണാർക്കിയനിസം: പിതാവു തന്നെ പുത്രനായി പുതിയനിയമം സ്ഥാപിച്ചു. പുത്രൻ തന്നെ പിന്നെ പരിശുദ്ധാത്മാവായി വന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ മൂന്ന് അവസ്ഥകൾ *(മോഡ്സ്)* മാത്രമാണ് എന്ന് ഈ പാഷണ്ഡികൾ വാദിച്ചു. ഇവരുടെ വീക്ഷണമനുസരിച്ച് പിതാവു തന്നെയാണ് പുത്രനായി കുരിശിൽ മരിച്ചത്. അതുകൊണ്ട് *പിതൃഘാതകർ* എന്ന് ഇവരെ വിളിക്കുന്നതിൽ തെറ്റില്ല. പിതാവിൽനിന്ന് ഒരു പടിതാഴെ പുത്രനേയും പുത്രനിൽനിന്ന് ഒരുപടിതാഴെ പരിശുദ്ധാത്മാവിനേയും കാണുന്ന പാഷണ്ഡികളും ഉണ്ടായിട്ടുണ്ട്. *സബോർഡിനേഷനിസം* എന്ന് ഇതറിയപ്പെടുന്നു. സബെല്ലിയുസ് എന്നയാൾ പഠിപ്പിച്ചതു കൊണ്ട്

www.malankaralibrary.com

*സബെല്ലിയനിസം* എന്നും ഇത് അറിയപ്പെടുന്നു. ആരിയസ് (+336) പഠിപ്പിച്ച *ആരിയനിസം* എന്ന ദൈവദൂഷണം ഇതിനേക്കാൾ വഴിപിഴച്ചതായിരുന്നു. "വചനമാം ദൈവം ഒരു സൃഷ്ടി ആണെന്നും ഇല്ലായ്മയിൽ നിന്ന് പിതാവ് നിർമിച്ചവനാണെന്നും" അയാൾ പഠിപ്പിച്ചു. "പിതാവു മാത്രം സർവശക്തൻ, രണ്ടാം ദൈവമായ പുത്രൻ ശക്തനാണ്. എന്നാൽ അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു." ക്രിസ്തുമതത്തിന്റെ അടിത്തറ ഇളക്കുന്ന കൊടിയ പാഷണ്ഡത ആയിരുന്നു ആരിയനിസം. ഇതിനെതിരെയാണ് 325-ൽ നിഖ്യാസൂനഹദോസ് കൂടിയതും പിതാവിന്റെയും പുത്രന്റെയും സത്ത ഒന്നു തന്നെയാണെന്ന് പഠിപ്പിച്ചതും നിഖ്യാവിശ്വാസപ്രമാണം രൂപീകരിച്ചതും. *ഹോമോഉസിയോസ് (ഒരേസത്ത-സമസത്ത)* എന്ന പദം സത്യവിശ്വാസത്തിന്റെ ഉരകല്ലായി ക്രിസ്തുവിന്റെ സഭ അംഗീകരിച്ചു.

അതിനുശേഷം പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചു കൊണ്ട് ചിലർ ദൈവദൂഷണം പ്രചരിപ്പിച്ചപ്പോൾ, പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടുമൊപ്പം വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്ന ത്രിത്വത്തിലെ മൂന്നാമത്തെ ആളാണെന്ന് 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് സ്പഷ്ടമായി പഠിപ്പിച്ചു.സഭ ഇപ്രകാരം ത്രിത്വരഹസ്യം അംഗീകരിച്ചുറപ്പിച്ചു. എന്നാൽ അന്നു പുറംതള്ളപ്പെട്ട പാഷണ്ഡതയുടെ ഉപജ്ഞാതാക്കളായി യഹോവാസാക്ഷികൾ രംഗപ്രവേശം ചെയ്തിരിക്കയാണ്. അംഗീകരിക്കപ്പെട്ട എല്ലാ ക്രൈസ്തവ തത്വങ്ങളും തള്ളിക്കളഞ്ഞിട്ട് എല്ലാ പാഷണ്ഡതകളും കോർത്തിണക്കി ഇരിക്കയാണവർ. എന്നാൽ അതേസമയം യഥാർഥ ക്രിസ്ത്യാനികൾ തങ്ങളാണെന്ന് വീമ്പടിക്കുകയും കൊട്ടിഘോഷിക്കുകയും ചെയ്യുന്നു. ഇത് കൊടിയ പാതകവും വഞ്ചനയും ദുഷ്ടതയുമാണ്. കർത്താവും തന്റെ ശിഷ്യന്മാരും ഇവരെ പറ്റിയാണ് നമുക്ക് മുന്നറിയിപ്പ് തന്നത്.

**ഗ്നോസ്റ്റിസിസം**

സഭാരംഭത്തിൽ സഭാഗാത്രത്തെ പിടിച്ചുലച്ച ഒരു പാഷണ്ഡതയാണ് ഗ്നോസ്റ്റിസിസം. ഇത് മനുഷ്യകേന്ദ്രീകൃതമായ ഒരു മതവും ഈ ലോകവുമായി താദാത്മ്യപ്പെട്ടുപോകുന്ന ക്രിസ്തുമതവുമായിരുന്നു. സുവിശേഷത്തിന് സ്വയം സമർപ്പിച്ച് കുരിശിന്റെ ഭോഷത്തത്തിന് കഴുത്തു കുനിച്ചു കൊടുക്കുന്നതിനു പകരം, തങ്ങൾ പഠിച്ചുവച്ചതും ധരിച്ചുവശായിരുന്നതുമായ താത്വിക പഠനങ്ങൾക്കും പുരാണേതിഹാസങ്ങൾക്കും ഭാവനാചിത്രങ്ങൾക്കും അനുസൃതമായി ക്രിസ്തുമതത്തെ വെട്ടിയൊരുക്കി തങ്ങളുടെ ഇഷ്ടമനുസരിച്ചുള്ള ഒരു മതം രൂപീകരിക്കയാണ് ജ്ഞാനവാദികൾ ചെയ്തത്. "അത് വെളിപാടുവഴി ലഭിക്കുന്നു. അനുയായികൾ അത് അക്ഷരം പ്രതി അനുസരിക്കണം" എന്നൊക്കെ അവർ ശഠിച്ചു. ക്രിസ്തുമതത്തെ വിശ്വാസത്തിന്റെ തലത്തിൽ നിന്നുമാറ്റി അറിവിന്റെ തലത്തിൽ പ്രതിഷ്ഠിക്കാനാണ് ഗ്നോസ്റ്റിക് നേതാക്കന്മാർ പരിശ്രമിച്ചത്. ഗ്രീക്കുകാരുടെ മതാത്മക

www.malankaralibrary.com

തത്വശാസ്ത്രത്തിന് പ്രാധാന്യം കൊടുക്കുകയും വെളിപാടിന്റെ പ്രാധാന്യം ഇടിച്ചുകാണിക്കുകയും സുവിശേഷത്തെ വേണ്ടവണ്ണം മാനിക്കാതിരിക്കുകയും ചെയ്യുന്ന ഒരു ക്രിസ്തുമതം സൃഷ്ടിക്കാൻ ഗ്നോസ്റ്റിക്കുകാർ പരിശ്രമിച്ചു. ഐതിഹാസിക വിശദീകരണങ്ങൾക്കായി തലനാരിഴ ഭേദിക്കാൻപോലും ഇവർക്കൊട്ടും മടിയില്ല. ഇവർ സുവിശേഷങ്ങൾക്ക് സമാന്തരമായി തങ്ങളുടെ സുവിശേഷങ്ങളും മറ്റു കൃതികളും രചിച്ചു. യേശുവിനെ കാണുകയും കേൾക്കുകയും ചെയ്ത ശ്ലീഹന്മാർ എഴുതിയവയേക്കാൾ ഇവരുടെ കൃതികൾ അനുയായികൾ അംഗീകരിച്ചാദരിച്ചു. എന്നാൽ തങ്ങളാണ് യഥാർഥ ക്രിസ്ത്യാനികൾ എന്ന് അവർ പറഞ്ഞു നടന്നു.

ഏതാണ്ട് ഈ ഗ്നോസ്റ്റിക് സാഹിത്യത്തിന് തുല്യമാണ് റസ്സൽ മതക്കാരുടെ കൃതികൾ. അവർ വേദപുസ്തകം ഉദ്ധരിക്കുന്നു. എന്നാൽ തങ്ങളുടെ കൊടിയ വിഷത്തിൽ മധുരമായിട്ടു മാത്രം. വെളിപാടു സാഹിത്യത്തിന്റെ ഔദ്യോഗിക വ്യാഖ്യാതാക്കൾ എന്ന മട്ടിലാണ് പുറപ്പാട്. തങ്ങൾ മാത്രമേ രക്ഷ അവകാശമാക്കൂ എന്ന് ജ്ഞാനവാദികളെപ്പോലെ ഇവരും പറയും. മുമ്പുണ്ടായിട്ടുള്ള എല്ലാ പാഷണ്ഡികളും ഇതു തന്നെയാണ് പറഞ്ഞിരുന്നത്. അവരാരും ഇപ്പോൾ ഭൂമുഖത്തില്ല. അവരുടെ മതവുമില്ല. എന്നാൽ ദൈവം തന്റെ ഏകജാതനിലൂടെ സ്ഥാപിച്ച ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭ കാലാന്ത്യംവരെ നിലനിൽക്കും. എന്തുകൊണ്ടെന്നാൽ കർതൃവാഗ്ദാനം എന്നും സഭയോടുകൂടിയുണ്ട്.

**യഹോവായുടെ സാക്ഷികളോടുള്ള സമീപനം**

യഹോവാസാക്ഷികൾ വാച്ച് ടവറിൽ വിശ്വാസം അർപ്പിച്ചിരിക്കയാൽ അവരോട് വേദപുസ്തകത്തിലെ ഓരോ വാക്യവും എടുത്ത് തർക്കിക്കുന്നതിൽ അർഥമില്ല. ഭൂമിയിൽ ദൈവത്തിന്റെ ദൃശ്യസംഘടനയല്ല വാച്ച് ടവർ കോർപ്പറേഷൻ എന്ന് ബോധ്യപ്പെടുത്തണം. തങ്ങളെ വഞ്ചിച്ച് ബന്ധിച്ചിരിക്കയായിരുന്നെന്ന് ബോധ്യപ്പെടുന്നവർ തിരികെവരും. വാച്ച് ടവറിൽ വിശ്വാസം നഷ്ടപ്പെട്ട വ്യക്തികൾ തെറ്റുതിരുത്തി ചരിത്രപരസഭകളിൽ വന്നതിന്റെ നൂറുനൂറ് ഉദാഹരണങ്ങളുണ്ട്. വാച്ച് ടവർ കള്ളപ്രവാചകനാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. ലോകാന്ത്യം സംബന്ധിച്ച് വാച്ച് ടവർ നൽകിയ ഒരു പ്രവചനവും നടന്നില്ല. വാച്ച് ടവറല്ല സത്യത്തിന്റെ അവസാന വാക്കെങ്കിൽ, നാം അവരുടെ സഹായം കൂടാതെ വിശുദ്ധ വചനത്തിലേക്ക് തിരിയണം. നാം സത്യം കണ്ടെത്തും. അതിന് ഒരുക്കമുള്ളവർ വാച്ച് ടവർ പറഞ്ഞു പഠിപ്പിച്ച സകല സംഗതികളും പുനർവിചിന്തന വിധേയമാക്കണം. വേദപുസ്തകം എന്താണ് പഠിപ്പിക്കുന്നതെന്ന് കള്ളപ്രവാചകനല്ല പഠിപ്പിക്കേണ്ടത്. വാച്ച് ടവറിനേക്കാൾ ദൈവവചനത്തെ വിശ്വസിക്കാൻ മനസ്സുണ്ടെങ്കിൽ, നിങ്ങൾക്ക് യഹോവാസാക്ഷികളിൽ നിന്ന് മോചനം ലഭിക്കും.

**ക്രിസ്ത്യാനിയാണെങ്കിൽ**

1. ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകനാണെന്ന് വിശ്വസിക്കണം. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേ

www.malankaralibrary.com

ദൈവസ്വഭാവവും ഒരേ ദൈവികസത്തയും ഒരേ ആധിപത്യവും ഒരേ ഇച്ഛയുമാണ്. കർതൃകൽപ്പനാനുസൃതം(മത്താ.28,18-20) ത്രിത്വനാമത്തിൽ മാമോദീസാ സ്വീകരിച്ചവർ മാത്രമേ ക്രിസ്ത്യാനി എന്നറിയപ്പെടുന്നുള്ളു.

2. ക്രിസ്ത്യാനികൾ പുത്രന്റെ മനുഷ്യാവതാരം ഏറ്റുപറയുന്നു. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ തമ്പുരാൻ-വചനമാം ദൈവം-മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽ നിന്ന് ജഡമെടുത്ത്, മനുഷ്യനായി അവതരിച്ചു. അവിടുന്ന് നമ്മെപ്രതി പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ പീഡസഹിച്ചു മരിച്ചു. അവിടുന്ന് മൂന്നാംനാൾ ഉത്ഥാനം ചെയ്ത് പിതൃവലഭാഗത്തിരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരും. ഈ സത്യം സ്വീകരിക്കാത്തവർ ക്രിസ്ത്യാനികളല്ല.

3. പരിശുദ്ധാത്മാവ് ത്രിത്വത്തിലെ മൂന്നാമാളായ ദൈവമാണ്. എന്നാൽ മൂന്നു ദൈവങ്ങളെന്ന് നാം പറയുന്നില്ല നാം ദൈവത്തെ ഏകനായി വിശ്വസിക്കുകയും ത്രിത്വമായി ആരാധിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചതിനാൽ നാമിത് സ്വീകരിക്കുന്നു.

4. ദൈവം മനുഷ്യന് അനശ്വരമായ ആത്മാവിനെ നൽകിയിട്ടുണ്ട് (ഉൽപ്പ.1,26). നന്മ ചെയ്തവർക്ക് നിത്യസമ്മാനവും തിന്മ ചെയ്തവർക്ക് നിത്യശിക്ഷാവിധിയും കർത്താവിന്റെ രണ്ടാമത്തെ വരവിൽ ലഭിക്കും.

5. നമ്മുടെ കർത്താവ് നമ്മുടെ രക്ഷ നേടിത്തന്നത് കുരിശിന്റെ ഭോഷത്തത്തിലൂടെയാണ് (1കൊറി. 1,18-31). ആദിമുതലുള്ള ക്രിസ്തീയ പാരമ്പര്യമനുസരിച്ച് ക്രിസ്ത്യാനികൾ കുരിശു വരയ്ക്കുന്നു. കുരിശില്ലാത്ത ക്രിസ്ത്യാനിയെപ്പറ്റി സഭാപാരമ്പര്യമനുസരിച്ച് ചിന്തിക്കുക സാധ്യമല്ല.

6. ക്രിസ്ത്യാനിയുടെ അടയാളം സ്നേഹമാണ്. കർതൃവചനമനുസരിച്ച് (യോഹ.13,35) കർത്താവിനെ പ്രതി സമസൃഷ്ടികൾക്ക് നന്മ ചെയ്യുന്നതിൽ ക്രിസ്ത്യാനികൾ എന്നും തൽപ്പരരാണ്. മറ്റുള്ളവർക്ക് ഒരു നന്മയും ചെയ്യാത്തവൻ ക്രിസ്ത്യാനിയല്ല.

7. ''നിങ്ങൾ എനിക്ക് സാക്ഷികളാകും'' എന്ന് ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നു(നടപടി,1,8). ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന വരാണ് ക്രിസ്ത്യാനികൾ.

മുകളിൽ പറഞ്ഞ അടിസ്ഥാന ക്രിസ്തീയ തത്വങ്ങൾ യഹോവാ സാക്ഷികൾ എന്ന റസ്സൽ മതക്കാർ നിഷേധിക്കുന്നതിനാൽ അവർ ക്രിസ്ത്യാനികളല്ല, ഒരു പാഷണ്ഡതാ വിഭാഗമാണ്.

www.malankaralibrary.com

# അനുബന്ധം -1

## റോസ് എസ്.ജെ.

### "ദെ എറോരിബൂസ് നെസ്തോറിയനോരും..."

1. *De Erroribus Nestorianorum qui in hac India Orientali versantur:* in J.Wicki, *Documenta Indica*,vol. 14. p.801; *Orientalia Christiana,*XI.40 (1928), Rome, 5-35. For the English translation, Fr. C.M.George, *De Erroribus...* : in *Christian Orient* 10/4 (1989) 143-162. The Malayalam translation was first published in 1988: See G. Chediath, *Mar thoma Sleehayude Indian Sabha*, Kottayam, 1988, p.152-170.

ഫ്രാൻചിസ്കോ റോസ് എന്ന ജസ്വിട്ട് വൈദികൻ 1586/7-ൽ *"പൗരസ്ത്യ ഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയരുടെ തെറ്റുകൾ"* എന്ന തലക്കെട്ടിൽ മാർ തോമാക്രിസ്ത്യാനികളുടെ "നെസ്തോറിയനിസം" സംബന്ധിച്ച് തയാറാക്കിയ ലഘുലേഖയുടെ മലയാളം വിവർത്തനമാണ് ചുവടേ ചേർക്കുന്നത്. ഫാ.ഫ്രാൻസിസ് റോസ് തന്റെ ലേഖനം ലത്തീനിൽ എഴുതി. എന്നാൽ മിക്കയിടങ്ങളിലും സുറിയാനി ഗ്രന്ഥങ്ങളിൽ നിന്ന് സുറിയാനിയിൽ ഉദ്ധരിക്കുകയും ലത്തീൻ ദൈവശാസ്ത്ര പശ്ചാത്തലത്തിൽ ലത്തീനിൽ വിവർത്തനം കൊടുക്കുകയും ചെയ്തു.

ഫാ.റോസ് പിന്നീട് അവിഭക്ത മലങ്കര നസ്രാണികളുടെയെല്ലാം ആദ്യത്തെ ലത്തീൻ (റോമൻ കത്തോലിക്കാ) മെത്രാനായി (1599-1624) അങ്കമാലി അതിരൂപതയിൽ നിയമിതനായി. മാർ അബ്രഹാം മെത്രാന്റെ മരണശേഷം(1597), ഇവിടെ മെത്രാനില്ലാതിരുന്ന അവസരം ഗോവൻ ആർച്ചു ബിഷപ്പ് ഡോം മെനെസിസ് മലങ്കരയിൽ അനധികൃതമായി കടന്നുവന്ന് 1599-ൽ ഉദയംപേരൂർ സൂനഹദോസിൽ വച്ച് ഈ സഭയിൽ നിരവധി മാറ്റങ്ങൾ വരുത്തി. അതിന്റെ തുടർച്ച ആയിട്ടാണ് റോസ് ഇവിടെ മെത്രാനായത്.

മെനെസിസാണ് മാർതോമാ നസ്രാണികളെ കത്തോലിക്കർ ആക്കിയതെന്നാണ് ഗുവെയാ എന്ന പോർട്ടുഗീസ് ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഗുവെയായെ ആശ്രയിച്ച് ഗ്രന്ഥങ്ങൾ തയാറാക്കിയവരെല്ലാം ഇതാവർത്തിച്ചിരിക്കുന്നു. എന്നാൽ ഇവിടെ ഉപയോഗത്തിൽ ഇരുന്ന പൗരസ്ത്യസുറിയാനി ആരാധനക്രമം അനുസരിച്ച് മലങ്കര നസ്രാണികൾ നെസ്തോറിയർ അല്ലായിരുന്നു എന്ന് സ്പഷ്ടമാണ്.

പരിശുദ്ധ കന്യകാമറിയത്തെ പാടിപ്പുകഴ്ത്തുന്ന നിരവധി സ്തുതിപ്പുകൾ മലങ്കരയിലെ കൽദായ കാനോനാ നമസ്കാരത്തിലുണ്ട്: "നമ്മുടെ കർത്താവിന്റെ അമ്മ, അമ്മാനുവേലായ ദൈവപുത്രനെ പ്രസവിച്ച മറിയം, നമ്മുടെ രക്ഷകന്റെ അമ്മ, തമ്പുരാന്റെ അമ്മ, വചനമായ ദൈവത്തിന്റെ

www.malankaralibrary.com

അമ്മ" എന്നിപ്രകാരമുള്ള പ്രയോഗങ്ങൾ പ്രസ്തുത കാനോന നമസ്കാര ത്തിൽ സർവസാധാരണമാണ്.

റോസിന്റെ ലേഖനത്തെ മൂന്നായി തിരിക്കാം:

1. വേദപുസ്തകത്തിൽ നെസ്തോറിയർ വരുത്തിയ തിരുത്തലുകൾ എന്നു പറഞ്ഞ് ഫാ.റോസ് ഉദ്ധരിക്കുന്നവ:

അതേപ്പറ്റി പറയാനുള്ളത്: പൗരസ്ത്യ സുറിയാനിസഭയിൽ *പ്ശീത്താ* എന്ന് അറിയപ്പെട്ടിരുന്ന സുറിയാനി വേദപുസ്തകമാണ് പ്രചരിച്ചിരുന്നത്. അത് ചിലയിടങ്ങളിലൊക്കെ ലത്തീൻ വൾഗേറ്റിൽ നിന്ന് വ്യത്യസ്തമായി രുന്നു. റോസ് ഇവിടുത്തെ സുറിയാനി ബൈബിളിൽ കണ്ട വ്യത്യാസങ്ങൾ *നെസ്തോറിയർ* തിരുത്തിയവയല്ല, പിന്നെയോ, സുറിയാനി ബൈബിളിന്റെ പ്രത്യേകതകളാണ്.

2. തർസോസിലെ ദിയദോറിനെയും മൊപ്സുവെസ്ത്യായിലെ തിയഡോറിനെയും കോൺസ്റ്റാന്റിനോപ്പിളിലെ നെസ്തോറിയസിനെയും സുറിയാനി ആരാധനക്രമത്തിൽ അനുസ്മരിക്കുന്നതാണ് ഫാ.റോസ് തെറ്റായി കണ്ടത്.

അതിനു മറുപടി:അവരെ അനുസ്മരിക്കുന്നത് നെസ്തോറിയനിസമല്ല. ജീവിതകാലത്ത് ഒരാൾപോലും ദിയദോറിന്റെയും തിയഡോറിന്റെയും സത്യവിശ്വാസത്തെ ലവലേശം സംശയിച്ചിട്ടില്ല. അവരിരുവരും സത്യവിശ്വാ സത്തിന്റെ മഹാസ്തംഭങ്ങളായിരുന്നു. പൗരസ്ത്യസുറിയാനി പാരമ്പര്യമനു സരിച്ച് അവരെ ഇവിടെയും വണങ്ങിയിരുന്നു എന്നുമാത്രം. നെസ്തോറി യൻ പാഷണ്ഡത നെസ്തോറിയസിൽ ഇല്ലെന്നാണ് ഇപ്പോൾ പൊതുവെ യുള്ള പണ്ഡിതമതം.

3. ദൈവശാസ്ത്ര കൃതികളിലെ തെറ്റുകളാണ് മൂന്നാംഗണത്തിൽ ഫാ. റോസ് കണ്ടുപിടിച്ചിരിക്കുന്നത്.

സ്കൊളാസ്റ്റിക് ദൈവശാസ്ത്ര ചിന്താഗതിയുടെ വെളിച്ചത്തിൽ ഫാ. റോസ് "ഉണ്ടാക്കിയ" തെറ്റുകളാണവ. സുറിയാനി പദങ്ങൾക്ക് സുറിയാനി സഭ കൊടുക്കാത്ത അർഥം കൊടുത്തതിന്റെ ഫലമായി "രൂപീകരിക്ക പ്പെട്ടവയാണ്" അവയൊക്കെ. അങ്ങനെയാണ് റോസ് ഇവിടെ "നെസ്തോറി യൻ തെറ്റുകൾ" *ഉണ്ടാക്കിയതും* മലങ്കരനസ്രാണികളെ *നെസ്തോറിയന്മാർ* എന്നു മുദ്രകുത്തിയതും.

*നെസ്തോറിയൻ തെറ്റുകൾ* നിരത്തി വച്ചശേഷം റോസ് നൽകുന്ന ഒരു പ്രസ്താവന ഗാഢമായ ചിന്തയ്ക്ക് വിഷയീഭവിപ്പിക്കേണ്ടതാണ്: "ഇങ്ങനെ യൊക്കെ ആണെങ്കിലും അവർ കന്യകമറിയത്തെ ദൈവമാതാവെന്ന് പരസ്യ മായി വിളിക്കുന്നു."

www.malankaralibrary.com

ലത്തീൻ ഭാഷയിൽ നിന്നും ലത്തീൻ ദൈവശാസ്ത്രത്തിൽ നിന്നും വ്യത്യസ്തമായതെന്തും പല പാശ്ചാത്യർക്കും പാഷണ്ഡത ആയിരുന്നു. സുറിയാനിഭാഷ പാഷണ്ഡതയുടെ ഉറവിടമായി അവർ കരുതി. പോർട്ടുഗീസ് കാലഘട്ടത്തിൽ ഇവിടെ ഉണ്ടായിരുന്ന മാർ യാക്കോബ്, മാർ യൗസേപ്പ്, മാർ അബ്രഹാം എന്നിവർ കത്തോലിക്കാ മെത്രാന്മാരായിരുന്നു എന്നതിന് സ്പഷ്ടമായ ചരിത്രത്തെളിവുകളുണ്ട്. അവരായിരുന്നു നസ്രാണികളുടെ ആത്മീയ പിതാക്കന്മാർ.

ഇനിയും റോസിന്റെ ലഘുലേഖ പരിശോധിക്കാം:

ഏ. പൗരസ്ത്യ ഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയർ റോമൻ കത്തോലിക്കാ വിശ്വാസം പ്രഖ്യാപിച്ചിരുന്നെങ്കിലും, അവരുടെ ഗ്രന്ഥങ്ങളിൽ തർസോസിലെ ദിയദോറിന്റെയും മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെയും നെസ്തോറിയസിന്റെയും തത്വങ്ങൾ ധാരാളമുണ്ട്. ഈപ്രദേശത്തെ ആർച്ചുബിഷപ്പായ മാർ അബ്രഹാം റോമൻ കത്തോലിക്കാ വിശ്വാസവും നെസ്തോറിയൻ തത്വങ്ങളും അറിയാവുന്ന ആളാണ്. അദ്ദേഹത്തിന് ഈ വിശ്വാസങ്ങളിൽ നിന്ന് രക്ഷപെടാൻ സാധിക്കാഞ്ഞതിനാൽ, വളരെയധികം പാഷണ്ഡത മണക്കുന്നതായി തോന്നുന്നു.

അദ്ദേഹം ഗോവയിൽ ആയിരുന്നപ്പോൾ സുറിയാനി പുസ്തകങ്ങൾ തിരുത്താമെന്ന് വാഗ്ദാനം ചെയ്യുകയും ആണയിട്ട് ഈ വാഗ്ദാനം ഉറപ്പിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം ആഘോഷപൂർവമായ ഈ വാഗ്ദാനത്തിൽനിന്ന് ഒഴിഞ്ഞുമാറി; ഇതൊട്ടും പരിഗണിക്കുന്നുമില്ല. അദ്ദേഹത്തിന് സാവധാനം സുബോധം വന്ന് തന്റെ ഹൃദയത്തിലും വാക്കിലും പ്രവൃത്തിയിലും കത്തോലിക്കാവിശ്വാസം സ്വീകരിക്കാൻ സർവശക്തനായ ദൈവം ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എന്നെ സംബന്ധിച്ച്, എന്റെ കർത്തവ്യത്തോട് നീതി പുലർത്താനായി നെസ്തോറിയൻ തത്വങ്ങൾ ഉണ്ടെന്നു സംശയിക്കപ്പെടുന്ന ഭാഗങ്ങൾ സുറിയാനിയിൽ നിന്ന് ലത്തീനിലേക്ക് ഞാൻ വിശ്വസ്തതാപൂർവം വിവർത്തനം ചെയ്യാം. അത് മുഴുവനായിട്ടല്ല, പിന്നെയോ, പരസ്യമായിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്ന് ഒളിച്ചും പാത്തും പകർത്തിയെഴുതാൻ എനിക്ക് സാധിച്ചവ മാത്രം. എന്നാൽ, ഞാൻ എന്റെ കർത്തവ്യത്തിലേക്ക് കടക്കുന്നതിനു മുമ്പ്, സുറിയാനി ഗ്രന്ഥങ്ങളിൽ നിന്ന് ഞാൻ ശേഖരിച്ചതിന്റെ വെളിച്ചത്തിൽ നെസ്തോറിയൻ പാഷണ്ഡത എന്താണെന്ന് ചുരുക്കി വിവരിക്കാം.

ബി. വചനത്തിന്റെ തിരുഅവതാരം സംബന്ധിച്ച് ഏറ്റവും അഭക്തമായി പ്രതിപാദിക്കുന്ന, ഏതോ നെസ്തോറിയന്റെ ചെറിയ സുറിയാനി പുസ്തകം മുഴുവൻ ഞാൻ വായിച്ചു. തിരുഅവതാര രഹസ്യം തന്റേതായ രീതിയിൽ പ്രതിപാദിക്കുന്ന നെസ്തോറിയസിന്റെ കൃതികളുടെ ചില ഭാഗങ്ങളും ഞാൻ വായിച്ചു. ഈ കാര്യം സംബന്ധിച്ച് ആർച്ചുബിഷപ്പ് തർക്കിക്കുന്ന തായും

www.malankaralibrary.com

ഞാൻ കേൾക്കുകയുണ്ടായി. ഇവയിൽ നിന്നെല്ലാം ഇപ്രകാരം സമാഹരിക്കാം:

ഒന്നാമത്, നമ്മുടെ കർത്താവായ മിശിഹായിൽ ദൈവികം, മാനുഷികം എന്ന് രണ്ട് *സുപ്പോസിത്താ*[1] ഉണ്ട്. അതുപോലെ ദൈവത്തിന്റെയും മനുഷ്യന്റേയുമായി രണ്ട് സ്വഭാവങ്ങളുമുണ്ട്. ഇവയെ ഇവർ മിശിഹാ, പുത്രൻ എന്നീ പേരുകൾ ചൊല്ലിവിളിക്കുന്നു. അവ ഈ രണ്ട് *സുപ്പോസിത്തായെ* സൂചിപ്പിക്കുന്നു. എന്നാൽ ഈശോ, എമ്മാനുവേൽ, മനുഷ്യപുത്രൻ എന്നീ പേരുകൾ മാനുഷിക സുപ്പോസിത്തുമിനെ[2] മാത്രം സൂചിപ്പിക്കുന്നു. വചനമാം ദൈവം എന്ന നാമം ദൈവിക സുപ്പോസിത്തും മാത്രം സൂചിപ്പിക്കുന്നു. കൂടാതെ ആ മാനുഷിക സുപ്പോസിത്തും മറ്റൊരു സുപ്പോസിത്തുമിന്റെ ആലയവും വചനമാം ദൈവത്തിന്റെ വാസസ്ഥലവുമാണ്.ആ മാനുഷിക സുപ്പോസിത്തും വചനമാം ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്നത് സ്നേഹം, കൃപ, ഉപവി, ശക്തി എന്നിവ വഴിയാണ്. വചനത്തോടു കൂടെ ഒരേസമയം അത് ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ ബാഹ്യകർമങ്ങളെല്ലാം ത്രിത്വത്തിന് മൊത്തത്തിൽ പൊതുവാകയാൽ,അവർ പറയുന്നതനുസരിച്ച്, മനുഷ്യാവതാരം പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പൊതുവായിട്ടുള്ളതാണ്. ഇക്കാരണത്താൽ, പിതാവും പുത്രനും പരിശുദ്ധാത്മാവും സത്യമായി അവതരിച്ചെന്നും ആ മനുഷ്യൻ ത്രിത്വം മുഴുവന്റെയും ആലയമാണെന്നും പറയാൻ അവർക്ക്

---

1. *സുപ്പോസിത്താ (*Supposita)*:* സുറിയാനി ഭാഷയിലെ *ക്നോമാ (ക്നൂമാ)* എന്ന പദമാണ് റോസ് പാതിരി *സുപ്പോസിത്തും(*Suppositum) എന്ന് ലത്തീനിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത്. യഥാർഥമായി സ്ഥിതി ചെയ്യുന്നത്, വസ്തുനിഷ്ഠമായി സ്ഥിതിചെയ്യുന്നത് എന്ന അർഥമാണ് പൗരസ്ത്യർക്ക് ക്രിസ്തുശാസ്ത്രത്തിൽ ക്നോമായ്ക്കുള്ളത്. യേശുക്രിസ്തുവിൽ രണ്ടു ക്നോമാ ഉണ്ടെന്ന് അവർ പറയുമ്പോൾ, യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും സത്യമായും യഥാർഥമായും വസ്തുനിഷ്ഠമായും സ്ഥിതിചെയ്യുന്നു എന്നാണ് അവർ കൊടുക്കുന്ന അർഥം. അതായത്, നമ്മുടെ കർത്താവേശുമിശിഹാ സത്യമായും ദൈവവും മനുഷ്യനുമാണ്.

   എന്നാൽ സുപ്പോസിതും (Suppositum)എന്ന ലത്തീൻപദത്തിന് ക്നോമായുടെ അർഥമല്ല. മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും പൂർണമാണ്. എന്നാൽ ലത്തീൻ ദൈവശാസ്ത്രമനുസരിച്ച്, മിശിഹായിൽ ഒരു സുപ്പോസിതും (Suppositum) മാത്രമേയുള്ളൂ. (St.Thomas Aquinas, *Quodlibetum*, IX,art.3: The Latin Suppositum is distinctum subsistens in aliqua natura). ഈ ലേഖനത്തിൽ ഉടനീളം റോസ് *ക്നോമാ* എന്ന പദം *സുപ്പോസിതും* എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. സ്കൊളാസ്റ്റിക് ദൈവശാസ്ത്രമനുസരിച്ച് രണ്ട് *സുപ്പോസിതാ* ഉണ്ടെന്ന് പറയുന്നത് തെറ്റാണ്. അപ്രകാരമാണ് റോസ് നെസ്തോറിയനിസം കണ്ടുപിടിച്ചത്.

2. Suppositum

www.malankaralibrary.com

ഭയമില്ല. കൂടാതെ ഈ രണ്ട് *സുപ്പോസിത്തായും* ഏകയാളിൽ ഐക്യപ്പെട്ടിരിക്കുന്നെന്നും അവർ പ്രഖ്യാപിക്കുന്നു. എന്നാൽ *പേർസോണാ*[3] എന്ന് ഈ സുറിയാനിക്കാർ പറയുമ്പോൾ, എന്താണ് അർഥമാക്കുന്നതെന്ന് കേൾക്കുന്നത് പ്രയോജനകരമായിരിക്കും.

1. *ക്നോമാ*[4] പോലെ *പർസോപാ* സ്ഥിരം അല്ല; മെഴുകിൽ മുദ്ര പോലെയും നാണയത്തിൽ രാജാവിന്റെ പ്രതിച്ഛായ പോലെയും അത് കൊടുക്കപ്പെടുകയുംഎടുക്കപ്പെടുകയും ചെയ്യുന്നു. കാരണം, പ്രതിച്ഛായയും പർസോപാ എന്ന് വിളിക്കപ്പെടുന്നു. അതുകൊണ്ട് പൗലോസിന്റെ പർസോപാ പത്രോസ് എടുക്കുന്നു.

അതിനാൽ *പേർസോണാ*[5] എന്നതുകൊണ്ട് അവർ രൂപം അല്ലെങ്കിൽ സാദൃശ്യം എന്നേ മനസ്സിലാക്കുന്നുള്ളു എന്ന് വ്യക്തമാണല്ലോ.

2. ഇപ്രകാരം തിരുഅവതാര രഹസ്യത്തിൽ ഈ രണ്ട് *സുപ്പോസിത്തായും* ഐക്യപ്പെട്ടിരിക്കുന്ന ആളിനെ സുറിയാനിയിൽ അവർ വിളിക്കുന്നത് *പർസോപാ ദമ്ദബറാനൂസാ*[6] എന്നാണ്.

അതായത്, "വ്യാപാരത്തിന്റെ അഥവാ സംഭാഷണത്തിന്റെ ആളത്വം". വ്യാപാര രഹസ്യമനുസരിച്ച്, മിശിഹായുടെ എല്ലാ പ്രവർത്തനങ്ങളും - അവയെല്ലാം എന്നു ഞാൻ പറയുന്നു - സംഭാഷണത്തിന്റെയും മിശിഹായുടെ ജീവന്റെയും ഏക ആളിന്റേതായി അവർ തറപ്പിച്ചുപറയുന്നു. ഈ ഏകയാളിന്റെ ദൈവികവും മാനുഷികവുമായ ഈ രണ്ടു *സുപ്പോസിത്താ* തന്റെ ഇച്ഛയാലും ശക്തിയാലും ഐക്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ദൈവത്തിന്റെയും മനുഷ്യന്റെയും ഇച്ഛകൾ, മിശിഹായുടെ ഈ പ്രവർത്തനങ്ങളെല്ലാം ഒന്നിച്ചു ചേർത്തു എന്നല്ലാതെ മറ്റൊന്നുമല്ല അവർ പറയുന്നത്. അതുകൊണ്ട് *പുത്രത്വത്തിന്റെ ഏക ആളത്വം*[7] എന്നു കേൾക്കുമ്പോൾ അവർ സത്യം എത്തിപ്പിടിച്ചു എന്ന് കരുതരുത്. കാരണം, ഏകയാൾ എന്ന് അവർ പറയുന്നത്, മിശിഹായുടെ എല്ലാ പ്രവർത്തനങ്ങളും ഒന്നിച്ചാണ്. ഇപ്രകാരം പരിഗണിച്ച് അവർ ഒരിക്കലും ജനനവും മരണവും ദൈവത്തിൽ ആരോപിക്കാതെ, മിശിഹാ എന്നോ, യേശു എന്നോ, അമ്മാനുവേൽ എന്നോ ആണ് പറയാറുള്ളത്. കാരണം, ഞാൻ പറഞ്ഞതുപോലെ, മിശിഹാ എന്ന നാമം ഈ രണ്ട് *സുപ്പോസിത്തായെയും* സൂചിപ്പിക്കുന്നു. അതുകൊണ്ട് "ഏറ്റവും ഭാഗ്യവതിയായ കന്യക, മിശിഹായെ പ്രസവിച്ചു" എന്ന് അവർ

3. *പർസോപാ*-Parsopa
4. Qnoma
5. Persona
6. Parsopa damdabranuta
7. പർസോപാ-Parsopa dabruta

www.malankaralibrary.com

പറയുമ്പോൾ, അവർ ആ ജനനം മാനുഷിക *സുപ്പോസിത്തും* ആയിട്ടാണ് ബന്ധപ്പെടുത്തുന്നത്. അതുപോലെ മിശിഹായുടെ മരണത്തെപ്പറ്റി പറയുമ്പോൾ, ഈ രീതിയിൽ തന്നെ അവർ മനസ്സിലാക്കുന്നു. മരണവും രക്തംചിന്തലും ദൈവത്തിന് ആരോപിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങളിൽ കാണുന്ന *ദൈവം* എന്ന പദപ്രയോഗം കൊണ്ട് മറ്റേതോ നാമമാണ് ഉദ്ദേശിക്കുക. താഴെ നൽകുന്ന ചർച്ചയിൽ നിന്ന് ഇത് വ്യക്തമാകും.

*ദൈവം മരിച്ചു* എന്ന് ഏതെങ്കിലും തരത്തിൽ പ്രഖ്യാപിക്കുന്നു എന്നു വരാതിരിക്കാൻ, ''അവർ ഇത് അറിഞ്ഞിരുന്നെങ്കിൽ, മഹത്വത്തിന്റെ കർത്താവിനെ അവർ കുരിശിൽ തറയ്ക്കുകയില്ലായിരുന്നു" (1കൊറി. 2,8) എന്ന വിശുദ്ധ പൗലോസിന്റെ വാചകം താഴെ പറയുന്ന രീതിയിൽ അവർ വ്യാഖ്യാനിക്കുന്നു: "ഈ വാക്കുകളിലൂടെ പീഡാനുഭവനാമം ഉയർത്തി ക്കാട്ടാൻ വി.പൗലോസ് ആഗ്രഹിച്ചു. അതിനുവേണ്ടി അവന് ഒരു ദിവ്യ ആളത്വം ആരോപിച്ചു. യാഥാർഥ്യത്തിലല്ല, പിന്നെയോ, പേരിൽ മാത്രം."

അവസാനമായി, "മിശിഹാ പ്രകൃത്യാ ദൈവമല്ല, കൃപയാലാണ്" എന്ന് നെസ്തോറിയർ പറയുന്നു. ഫറവോന്റെ ദൈവമെന്ന് മോശ വിളിക്കപ്പെടു ന്നതു പോലെയാണ് മിശിഹാ ദൈവമെന്ന് വിളിക്കപ്പെടുന്നതെന്ന് അവരുടെ മൽപ്പാനായ നെസ്തോറിയസ് പറയുന്നു. അതുകൊണ്ട്, ദൈവിക വിധിയാൽ അയാൾ നാടുകടത്തപ്പെട്ടു. ദൈവത്തെയും ദൈവമാതാവും ഭാഗ്യവതിയുമായ കന്യകാമറിയത്തെയും ദുഷിച്ച അയാളുടെ നാവ് പുഴുക്കൾക്ക് ആഹാരമായി."

റോസ് തുടരുന്നു: ഈ പാഷണ്ഡത വ്യക്തമാക്കാനായി, എന്റെ അഭിപ്രായമായിട്ടല്ല, സുറിയാനി ഗ്രന്ഥങ്ങളിൽ കാണുന്നതുപോലെ ഈ സംഗതികളെല്ലാം ചുരുക്കമായി ഞാൻ വിവരിച്ചിരിക്കുന്നു.

(C) മാർതോമാ ക്രിസ്ത്യാനികളുടെ സുറിയാനി പതിപ്പുകളിൽ കണ്ടതും നെസ്തോറിയസിന്റെ പാഷണ്ഡത നിമിത്തം തിരുത്തപ്പെട്ടതു മായ അഞ്ചു വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ:

ഒന്നാമതായി, കാൽസിഡൺ കൗൺസിൽ പ്രഖ്യാപിച്ചതുപോലെ, യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ (4,3) ഒരു വാചകം മുഴുവൻ നെസ്തോറിയസ് മായിച്ചു കളഞ്ഞു. അതിപ്രകാരമാണ്:

3. "യേശുവിനെ വിഭജിക്കുന്നവൻ ദൈവത്തിൽ നിന്നല്ല. പിന്നെയോ, അവൻ എതിർ ക്രിസ്തുവാണ്." ഈ വാചകം സുറിയാനിയിലില്ല.

കൂടാതെ എബ്രായർക്കുള്ള ലേഖനത്തിൽ(2,9) അയാൾ ഇപ്രകാരം സ്വന്തമായി കൂട്ടിച്ചേർത്തു:

www.malankaralibrary.com

4. "താൻ സഹിച്ച മരണത്താൽ മഹത്വത്താലും ബഹുമാനത്താലും കിരീടം ധരിപ്പിക്കപ്പെട്ട യേശുവിനെത്തന്നെ നാം കാണുന്നു. അവൻ ദൈവം ഒഴികെ എല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ചു".

യേശുവിനെ ദൈവത്തിൽ നിന്നും ദൈവത്തെ യേശുവിൽ നിന്നും വേർതിരിച്ചു കൊണ്ട് മിശിഹായിൽ രണ്ടു *സുപ്പോസിത്താ* വയ്ക്കാൻ ആഗ്രഹിച്ചുകൊണ്ട് ഏതോ നെസ്തോറിയൻ വി.പൗലോസിൽ ഇപ്രകാരം തിരുത്തൽ വരുത്തി എന്നത് വ്യക്തമാണ്. വാസ്തവത്തിൽ രണ്ട് *സുപ്പോസിത്താ* ഇല്ല. വചനമാം ദൈവത്തിന്റെ ഏക *സുപ്പോസിത്തും* മാത്രമേയുള്ളു.

5. വീണ്ടും, ശ്ലീഹന്മാരുടെ നടപടിയിൽ(20,28):

"ആകയാൽ നിങ്ങളെ പറ്റിയും അജഗണം മുഴുവനെ പറ്റിയും ജാഗരൂകർ ആയിരിക്കുവിൻ. മിശിഹാ സ്വന്തം രക്തംകൊണ്ടു നേടിയ സഭയെ മേയിക്കാൻ പരിശുദ്ധാത്മാവ് നിങ്ങളെ മെത്രാന്മാരായി നിയമിച്ചിരിക്കുന്നു."

"ദൈവം മരിച്ചു" എന്നു പറയുന്നത് ഒഴിവാക്കാൻ, നാം വായിക്കുന്നതു പോലെ, *ദൈവം* എന്നുള്ളിടത്ത് അവർ *മിശിഹാ* എന്നെഴുതി. ദൈവം മറിയത്തിൽ നിന്നു ജനിച്ചു എന്ന് പ്രഖ്യാപിക്കാതെ, മിശിഹാ ജനിച്ചു എന്നു പറയുന്നതു പോലെയാണിത്. അതുകൊണ്ട്, കന്യക ദൈവമാതാവല്ല, മിശിഹായുടെ മാതാവാണ് എന്ന് അവർ പറയുന്നു.

6. ഫിലിപ്യർക്കുള്ള ലേഖനത്തിൽ ഇപ്രകാരം വായിക്കുന്നു(2,6): "ദൈവത്തിന്റെ സാദൃശ്യത്തിൽ ആയിരുന്നവൻ ദൈവത്തിനു തുല്യനാണെന്നുള്ളത് അപഹരണമായി ഗണിച്ചില്ല".

"ദൈവത്തിനു തുല്യനായി തീരുക" എന്നു നാം വായിക്കുന്നു. അവരാകട്ടെ, യേശുവിനെ ദൈവത്തിന്റെ ആലയം എന്നു പറയുന്നതിനാൽ, ദൈവത്തിനു തുല്യൻ എന്നല്ല, സദൃശ്യൻ[8] എന്നേ പരിഗണിക്കുന്നുള്ളു.

7. വീണ്ടും യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ(4,13) താഴെ പറയുന്ന വാചകത്തിൽ നിന്ന് *ദൈവം* എന്ന നാമം അവർ നീക്കിക്കളഞ്ഞു:

"അവൻ നമുക്ക് തന്റെ ആത്മാവിനെ നൽകിയതിൽ നിന്ന് നമ്മോടുള്ള അവന്റെ സ്നേഹം നാം മനസ്സിലാക്കുന്നു."

*ദൈവത്തിന്റെ സ്നേഹം* എന്നു നാം വായിക്കുന്നിടത്ത് *അവന്റെ സ്നേഹം* എന്ന് അവർ പറയുന്നു. അവർ അതുവഴി മിശിഹായുടെ മാനുഷിക *സുപ്പോസിതുമിനെ*യത്രേ പരാമർശിക്കുന്നത്. നാം മുകളിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അനുസരിച്ച് "ദൈവം തന്റെ ആത്മാവിനെ നമുക്കായി നൽകി" എന്നു പറയാതിരിക്കാനാണിത്.

8. *പെഹമാ*

www.malankaralibrary.com

8. വീണ്ടും, യോഹന്നാന്റെ അതേ ലേഖനത്തിൽ (1യോഹ.5,8) താഴെ പറയുന്ന വാചകം സുറിയാനിയിലില്ല:"സ്വർഗത്തിൽ സാക്ഷ്യം വഹിക്കുന്നവർ മൂന്ന്. പിതാവ്, വചനം, പരിശുദ്ധാത്മാവ്. ഇവ മൂന്നും ഒന്നാകുന്നു."[9]

അവരുടെ ചില പരസ്യ ഗ്രന്ഥങ്ങളിൽ നിന്ന് താഴെ പറയുന്നവ ഞാൻ ഗോപ്യമായി പകർത്തി. അവർ അവരുടെ രഹസ്യഗ്രന്ഥങ്ങളിൽ നിന്നു പകർത്താൻ എന്നെ അനുവദിച്ചില്ല:

9. "ദൈവം മരിച്ചു എന്ന് ഏത് ശ്ലീഹായാണ് പറഞ്ഞിരിക്കുന്നത്? പൂർണമായി ഇത് കാണിച്ചുതരാൻ ഒരുത്തർക്കും കഴിയുകയില്ല. അക്കാരണത്താൽ, ഭാഗ്യവതിയായ മറിയത്തിൽ നിന്ന് *ദൈവം പിറന്നു* എന്നു ഞങ്ങൾ പറയാറില്ല. അവൾ ദൈവത്തെ പ്രസവിച്ചെങ്കിൽ, ദൈവം മരിക്കുകയും ചെയ്തു. ജനിക്കുന്നവൻ മരിക്കുന്നു എന്ന് യൂദരും ജാതികളും പറയാതിരിക്കാനാണിത്. എന്നാൽ അവൾ *മിശിഹായെ പ്രസവിച്ചു.* അവിടുന്ന് ദൈവമാണ്. അവിടുന്ന് ശരീരത്തിൽ മരിച്ചെങ്കിലും, ആത്മാവിൽ ജീവിക്കുന്നു എന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഇപ്രകാരം തന്നെയാണ് മംഗലവാർത്തയുടെ അവസരം ദൂതൻ അവളെ അഭിസംബോധന ചെയ്തു പറഞ്ഞതും: "ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം." യോഹന്നാൻ പറയുന്നു: "ഗലീലയിലെ കാനായിൽ ഒരു വിരുന്നുണ്ടായിരുന്നു. യേശുവിന്റെ അമ്മയും അവിടെ ഉണ്ടായിരുന്നു". ദൈവത്തിന്റെ അമ്മയും അവിടെ കാണപ്പെട്ടു എന്ന് അവൻ പറയുന്നില്ല. ''ദൈവം തന്റെ പുത്രനെ അയച്ചു. അവൻ ഒരു സ്ത്രീയിൽനിന്നു ജനിച്ചു"എന്നാണ് പൗലോസും പറയുന്നത്. ദൈവം ദൈവത്തെ അയച്ചു എന്ന് അവൻ പറയുന്നില്ല. കാരണം, ദൈവം തന്റെ വചനത്തെ അയച്ചില്ല. എന്തുകൊണ്ടെന്നാൽ, വചനത്തിന്റെ ക്നോമാ അയക്കപ്പെട്ടില്ല. ആയതിനാൽ, അവൻ സത്തയിൽ തന്റെ പിതാവിനു തുല്യനാണ്. അവൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു."[10]

ഇവ അവിടെ ഉള്ളതാണ്. ഒരു വൃദ്ധപുരോഹിതന്റെ പക്കൽ ഞാൻ അവ കണ്ടു.അയാളുടെ അജ്ഞതയാൽ അയാൾ ഇവയ്ക്ക് വലിയ പ്രാധാന്യം കൊടുത്തിരുന്നു.ഇങ്ങനെയൊക്കെ ആണെങ്കിലും ഭാഗ്യവതിയായ കന്യകയെ അവർ പരസ്യമായി ദൈവമാതാവെന്ന് പ്രഘോഷിക്കുന്നു.'' എങ്കിലും, എനിക്ക് തെറ്റുപറ്റിയിട്ടില്ലെങ്കിൽ, അവരുടെ രഹസ്യഗ്രന്ഥങ്ങളിൽ ഇതും മറ്റു സംഗതികളും കണ്ടേക്കാം. ഈ സഭയുടെ പരസ്യഗ്രന്ഥങ്ങളിൽ നിന്നെടുത്ത, താഴെപ്പറയുന്ന ഭാഗം വായിക്കാൻ ഞാൻ

9. മേൽപ്പറഞ്ഞവ സുറിയാനി പ്ശീത്തായിലെ വ്യത്യാസങ്ങളും. പാഠഭേദങ്ങളുമാണ്. ചില വാചകങ്ങൾ പ്ശീത്താബൈബിളിൽ ഇല്ല, അല്ലെങ്കിൽ വ്യത്യസ്തമാണ്. നെസ്തോറിയർ തിരുത്തിയവയല്ല.

10. ഏതോ എഴുത്തുകാരന്റെ ഗ്രന്ഥത്തിൽ നിന്നാണിത്. ഇത് സഭയുടെ വിശ്വാസ പ്രമാണമായി അവതരിപ്പിക്കാൻ പാടില്ല.

www.malankaralibrary.com

അപേക്ഷിക്കുന്നു. അവ പരസ്യമായി വായിച്ചാൽ ഇവയെല്ലാം കണ്ടെത്തും. ഒരുപക്ഷേ ആർച്ചുബിഷപ്പിന്റെയും മറ്റുള്ളവരുടെയും രഹസ്യഗ്രന്ഥങ്ങളിൽ ഇതിനേക്കാൾ മോശമായ കാര്യങ്ങൾ കാണാൻ ഇടയുണ്ട്.

ആഗമനകാലത്തെ ആദ്യഞായറാഴ്ചയിലെ ഗീതത്തിൽ നിന്ന്:

10. "പുരുഷസംസർഗം കൂടാതെ മറിയം ദൈവത്തിന്റെ പുത്രനായ അമ്മാനുവേലിനെ പ്രസവിച്ചു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവളിൽ നിന്ന് പരിശുദ്ധാത്മാവ് ഐക്യപ്പെട്ട ശരീരം മെനഞ്ഞു. ഒരേ പുത്രത്വത്തിൽ അത് പിതാവിന്റെ കിരണത്തിന് വാസസ്ഥലവും ആരാധ്യമായ ഹൈക്കലായും ആയിത്തീരാനായിരുന്നു. അത്ഭുതകരമായ ഗർഭധാരണത്തിന്റെ ആരംഭം മുതൽ ഒരേ ബഹുമാനത്തിൽ അവൻ അതിനെ തന്നോടു ചേർത്തു. ഏകപുത്രത്വത്തിന്റെ ഏക പർസോപ്പായിൽ തങ്ങളുടെ *ക്നോമാകളിൽ* സ്വഭാവങ്ങൾ സംരക്ഷിക്കപ്പെടുന്നു."

ഇവ അവിടെ ഉള്ളതാണ്. ഇതാ, രണ്ട് *ഹ്യുപോസ്റ്റാസെസ്.* ഇതാ, ബഹുമാനത്തിലുള്ള ഐക്യം. ഇതാ, മറിയം മാനുഷിക *സുപ്പോസിതുമായ* അമ്മാനുവേലിനെ പ്രസവിച്ചെന്ന് അവർ പറയുന്നു.

11. "മാലാഖമാർ നിന്നെ കർത്താവെന്നു വിളിച്ചു. ഇടയന്മാർ നിനക്ക് ശിശു എന്നു പേരിട്ടു. പേർഷ്യാക്കാർ നിന്നെ രാജാവെന്നു വിളിച്ചു. ദൈവമായ മിശിഹായേ, എല്ലാറ്റിലും ഉപരി ഏകപുത്രത്വത്തിൽ രണ്ടു ക്നോമാകളും രണ്ടു സ്വഭാവങ്ങളുമുള്ള നിന്റെ നിഗൂഢവിശുദ്ധിയുടെ രഹസ്യങ്ങളെ ഞങ്ങൾ ആരാധിക്കുന്നു."

ഇവ അവിടെ ഉള്ളതാണ്. അവർ മിശിഹായെ യേശുവും അമ്മാനുവേലുമായ ദൈവമെന്ന് വിളിക്കുന്നു. ദൈവമെന്നല്ല, പിന്നെയോ, ദൈവത്തിന്റെ ആലയമെന്നാണ് വിളിക്കുന്നത്.[11]

മറ്റൊരുഗീതത്തിൽ:

12. "തന്റെ മഹനീയമായ മിന്നൽപിണറിനാൽ തന്റെ മാനുഷിക ക്നോമായുടെ വിളക്കിനെ പ്രകാശിപ്പിച്ചവൻ, അല്ലെങ്കിൽ വിളക്കു കത്തിച്ചവൻ..."

കാരണം, *അനഹർ* എന്ന വാക്ക് ഇവയെല്ലാം അർഥമാക്കുന്നു. കൂടാതെ, കത്തോലിക്കർക്ക് എതിരായി കർതൃജന്മദിനത്തിൽ അവർ ഇപ്രകാരം പാടുന്നു:

11. ക്നോമാ എന്ന വാക്ക് ഹ്യുപ്പോസ്റ്റസിസ് എന്ന് വിവർത്തനം ചെയ്തു. എന്നിട്ട് ഹ്യുപ്പോസ്റ്റസിസിന് ലത്തീൻ ദൈവശാസ്ത്രത്തിലുള്ള ആളത്വം അഥവാ വ്യക്തിത്വം എന്ന അർഥം നൽകി നെസ്തോറിയനിസം കണ്ടുപിടിച്ചു. "ഏക പർസോപ്പാ" എന്നും "ദൈവമായ മിശിഹായേ" എന്നും സ്പഷ്ടമായി പറഞ്ഞിരിക്കുമ്പോൾ, ഇതിൽ എവിടെയാണ് നെസ്തോറിയനിസം എന്നു മനസ്സിലാകുന്നില്ല

www.malankaralibrary.com

13. “അഭക്തരേ, അതിപ്രകാരമല്ല. ലിഖിതങ്ങളോ ദൈവശക്തിയോ മനസ്സിലാകാത്തതിനാൽ നിങ്ങൾക്ക് തെറ്റുപറ്റുന്നു. നിങ്ങൾ ചിന്തിക്കുന്നതു പോലെ ദൈവികസത്ത (ഇസ്യാ) മാതാവിന്റെ ഉദരത്തിൽ ജഡമായി തീർന്നില്ല. തന്റെ ദർശനത്താൽ മനുഷ്യകുലം മുഴുവൻ നശിച്ചു പോകാതിരിപ്പാനായി തന്റെ ശോഭ വെളിപ്പെടുത്താൻ താൻ തെരഞ്ഞെടുത്ത വാസസ്ഥലമാണിത്.”

വീണ്ടും,

14. “ദാവീദിന്റെ പുത്രിയായ മറിയം അത്ഭുത ശിശുവിനെ പ്രസവിച്ചു. അവൻ ഏക *പർസോപായിൽ* മിശിഹായും അതിപാവനനും അത്യുന്നതന്റെ ശക്തിയും ആലയവും അതിന്റെ പണിക്കാരനും വാസസ്ഥലവും വസിക്കുന്നവനും ആകുന്നു.- മിശിഹാ ഈ രണ്ട് *സുപ്പോസിത്താ* സൂചിപ്പിക്കുന്നതിനാൽ അവർ മിശിഹാ എന്നു പറയുന്നു.”

15. “നിന്റെ സ്നേഹത്താൽ ഞങ്ങളുടെ വംശത്തിൽ നിന്ന് ശാന്തിയുടെ ദൂതനെ നീയെടുത്തു. നിന്റെ വ്യാപാരത്തിന്റെ ഇഷ്ടത്തിന് തെരഞ്ഞെടുക്കപ്പെട്ട വാസസ്ഥലമായി അവനെ നീ ആക്കിത്തീർത്തു.”

ഇതാ, ഇച്ഛയാലുള്ള, സത്താപരമല്ലാത്ത ഐക്യം.

വീണ്ടും,

16. “എല്ലാവർക്കും മറഞ്ഞിരിക്കുന്ന സത്തയെ *(ഈസൂസാ)*[12]മറിയം പ്രസവിച്ചില്ല. എല്ലാ മനുഷ്യരെപ്പോലെയുള്ള മനുഷ്യനെയാണ് മറിയം പ്രസവിച്ചത്. കാരണം, വചനം ഇറങ്ങി ജഡമായി തീർന്നെങ്കിൽ പിന്നെ പരിശുദ്ധാത്മാവ് വന്ന് അവന്റെ ഗർഭധാരണത്തെ പൂർത്തീകരിച്ചതിന്റെ ആവശ്യമെന്ത്?”

കന്യകയുടെ ജന്മദിനത്തിൽ പുരോഹിതൻ ഇപ്രകാരം പാടുന്നതായി ഞാൻ കേട്ടു.

17. “പാഷണ്ഡികൾ പറയുന്നതുപോലെ മറിയം ദൈവികസത്തയെ *(ഇസ്യാ)* പ്രസവിച്ചില്ല. ആരിയസ് പറഞ്ഞതുപോലെ വെറും മനുഷ്യനെയുമല്ല പ്രസവിച്ചത്. പിന്നെയോ, അവൾ മിശിഹായെ പ്രസവിച്ചു.

18. “പിതാവും താണിറങ്ങിവന്ന് നമ്മിൽ നിന്നുള്ള നമ്മുടെ ശരീരം സ്വീകരിച്ചു.”[13]

ഇവയിൽനിന്നെല്ലാം, അവരുടെ അഭിപ്രായം അനുസരിച്ച്, മനുഷ്യാവതാരത്തിലെ ഐക്യം സത്താപരമല്ലെന്ന് വ്യക്തമാണല്ലോ. പ്രയോഗക്ഷമ

12. ഈസൂസാ എന്നപദം റോസ് പാതിരി സുപ്പോസിത്തും എന്നാണ് ലത്തീനിൽ വിവർത്തനം ചെയ്തിരിക്കുന്നത്.

13. ഇത് സത്യപ്രബോധനമല്ല.

www.malankaralibrary.com

മായി മാത്രമല്ല, അന്ത്യക്ഷമമമായും[14] ഇത് ത്രിത്വം മുഴുവനും പൊതുവായി ട്ടുള്ളതാണ്.

മറ്റൊരു പ്രാർഥന പുസ്തകത്തിൽ:

19.‘‘നമ്മിൽ നിന്നെടുത്ത്, മഹത്വത്തിന്റെയും പുത്രത്വത്തിന്റെയും ആധിപത്യത്തിന്റെയും ഐക്യത്തിൽ തന്നോടു ചേർത്ത വിശുദ്ധ ആദ്യഫലത്താൽ നമ്മുടെ സ്വഭാവത്തെ വിശുദ്ധീകരിച്ചവൻ.’’

20.‘‘പിതാവിൽ നിന്നുള്ള വചനം നമ്മുടെ മനുഷ്യത്വത്തിൽ വസിക്കുകയും മറിയത്തിൽ നിന്നുള്ള ശിശുവഴി നമ്മുടെ പ്രകൃതിയെ രക്ഷിക്കുകയും ചെയ്തു.’’

21. ‘‘മറിയം തന്റെ ഉദരത്തിൽ വചനമായ ദൈവത്തിന്റെ ആലയത്തെ വലിയ മഹത്വത്തോടുകൂടെ പേറുകയും എല്ലാവരുടെയും രക്ഷകനായ യേശുവിന്റെ അമ്മയും ദാസിയുമായി തീരുകയും ചെയ്തു.’’

22. ‘‘പിതാവിൽ നിന്നുള്ള വചനം ധരിച്ചതും ഉയരത്തിന്റെയും ആഴത്തിന്റെയും കർത്താവും വിധിയാളനും ആക്കിയതും ദാവീദിന്റെ പുത്രനായ യേശുവിനെയാണെന്ന് അപ്പോൾ ദിവ്യേച്ഛ *(റെംസാ)* അവരെ പഠിപ്പിച്ചു.’’

23. ‘‘നമ്മിൽനിന്ന് ആലയമെടുത്തവൻ അതിനെ പണിയുകയും എല്ലാ നീതിയുടെയും പൂർത്തീകരണത്താൽ അതിനെ പൂർണമാക്കുകയും ചെയ്തു.’’[15]

നിനവേ നോമ്പിന്റെ പുസ്തകത്തിൽ മിശിഹായേക്കുറിച്ച് പറയുന്നിടത്ത്:

24. ‘‘അവൻ ദൈവത്തിന്റെ ആലയവും തന്റെ സത്തയുടെ മഹനീയ വാസസ്ഥലവുമാണ്. ഒരാലയത്തിൽ എന്നവണ്ണം നിന്റെ സത്തയുടെ നാമം അവനിൽ വസിക്കുന്നത് ഞാൻ കാണുന്നു.’’

25. ‘‘അപ്പവും വീഞ്ഞും സ്വഭാവത്താലേ നിന്നിൽ നിന്നു വ്യത്യസ്തം ആയിരിക്കുന്നെങ്കിലും, ശക്തിയിലും ആധിപത്യത്തിലും നിന്നോടുകൂടെ ഒന്നായിരിക്കുന്നതു പോലെ, ഞങ്ങളിൽ നിന്നുള്ള ശരീരം വചനത്തിൽ നിന്ന് സത്തയിൽ വ്യത്യസ്തമാണെങ്കിലും, കർതൃത്വത്തിലും അധികാരത്തിലും അതിനെ എടുക്കുന്നവനോടു കൂടെ തുല്യമാണ്.’’

ഇവിടെങ്ങും *ഹ്യൂപ്പോസ്റ്റാറ്റിക് ഐക്യത്തെപ്പറ്റി* പറഞ്ഞു കേൾക്കുന്നില്ല.

---

14. Not only actively but terminatively.
15. ഈ പ്രാർഥനകളിൽ എവിടെയാണാവോ നെസ്തോറിയനിസം

www.malankaralibrary.com

പിന്നെയോ, സ്നേഹത്തിലും കർതൃത്വത്തിലും കൃപയിലുമുള്ള ഐക്യം മാത്രം.[16]

26. "പ്രധാന മാലാഖ മുന്നറിയിച്ച മഹനീയശിശു ലോകത്തിന്റെ നാലു ഭാഗങ്ങളിലും എല്ലാ ജനപദങ്ങളുടെ ഇടയിലും തന്റെ മഹത്വം കാട്ടി. മാലാഖമാരുടെ ഗണങ്ങൾ ഇടതടവില്ലാതെ ഇപ്രകാരം പ്രഘോഷിക്കുന്നു: നിന്നെ അയച്ച പിതാവും നിന്നെ പൂശിയ പരിശുദ്ധാത്മാവും നിന്നിൽ വസിക്കുകയും നിന്നെ എല്ലാ സൃഷ്ടവസ്തുക്കളുടെയും മേൽ കർത്താവാക്കുകയും ചെയ്ത പുത്രനും, പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ."

ഈ മനുഷ്യർ രണ്ടു പുത്രന്മാരെപ്പറ്റി പറയുന്നെന്ന് ആർക്കാണ് മനസ്സിലാകാത്തത്? അതായത്, മഹനീയ പുത്രനും ഈ മഹനീയ പുത്രൻ വസിച്ച യേശു എന്ന മറ്റൊരു പുത്രനും.[17]

താഴെ പറയുന്നതിൽ നിന്ന് ഇതു വ്യക്തമാണ്.

27. ''വരുവിൻ,നിത്യസത്തയായ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നമുക്ക് ഏറ്റുപറയാം... അവൻ തന്റെ സത്തയിൽ നിന്നുള്ള പുത്രനെ അയച്ചു."

വീണ്ടും:

28. "തന്റെ കരുണയാൽ താഴേക്ക് ഇറങ്ങി വരാനും തന്റെ കൃപയാൽ കന്യകയിൽ വസിക്കാനും തിരുമനസ്സായ പുത്രനു മഹത്വം. അവൻ നിന്നിൽ നിന്ന് ഒരു മനുഷ്യനെ രൂപീകരിക്കുകയും തന്റെ നിഗൂഢമായ ഇച്ഛയോട് അവനെ ചേർക്കുകയും ചെയ്തു."[18]

29. "പുരുഷനെ കൂടാതെയും പുരുഷബീജം കൂടാതെയും പരിശുദ്ധാത്മാവിനാൽ നീ ഒരു ശിശുവിനെ പ്രസവിച്ചു. എല്ലാറ്റിന്റെയും കർത്താവും പിതാവിന്റെ അവകാശിയുമായവൻ തന്റെ സ്നേഹത്താൽ ഇപ്രകാരം ഇച്ഛിക്കുകയും നിന്നിൽ വസിക്കുകയും ചെയ്തു."

ഞാൻ ഒരിക്കൽ സുറിയാനിയിൽനിന്നു പദാനുപദം ലത്തീനിലേക്ക് ഭാഷാന്തരം ചെയ്ത മറ്റുചില കാര്യങ്ങളും കൂട്ടിച്ചേർക്കാം. ഇപ്പോൾ എന്റെ പക്കൽ ആ സുറിയാനി പുസ്തകങ്ങളുടെ കോപ്പികൾ ഇല്ലാത്തതിനാൽ എനിക്ക് സുറിയാനിയിൽ നിന്ന് പകർത്താൻ സാധിച്ചില്ല.

---

16. പൗരസ്ത്യസഭയുടെ ക്രിസ്തുശാസ്ത്ര ചിന്താഗതി റോസ് പാതിരി സ്വായത്തമാക്കിയില്ല എന്നു ചുരുക്കം.
17. പേർഷ്യൻ ക്രിസ്ത്യാനികളെപ്പറ്റിയുള്ള ഒരാരോപണമാണിത്. അവരിത് നിരന്തരം നിഷേധിച്ചിരുന്നു.
18. It is common in Eastern theology to use interchangeably concret and abstract expressions. eg. man instead of humanity and vice versa. It was unknown to Fr.Roz.

www.malankaralibrary.com

"തന്റെ കാരുണ്യത്താൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ അയച്ച നിത്യനായ നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ വന്ന് നമ്മുടെ മനുഷ്യത്വത്തിന്റെ പുത്രനിൽ വസിച്ചു. അവനെ തന്നോട് ചേർക്കുകയും സ്നേഹിതൻ ആക്കുകയും ചെയ്തു. അവന്റെ സ്നാനത്തിൽ പിതാവ്, വചനം, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് *സുപ്പോസിത്താ* കാണപ്പെട്ടു."

വീണ്ടും,

"കർത്താവേ, നിന്റെ വിശുദ്ധ പ്രത്യക്ഷീകരണത്തിൽ ഞങ്ങൾ നിന്റെ മഹനീയ ത്രിത്വത്തിന്റെ *സുപ്പോസിത്താ* ദർശിച്ചു. എനിക്കു പ്രിയപ്പെട്ട എന്റെ പ്രിയപുത്രൻ എന്ന് നിന്നേപ്പറ്റി സാക്ഷ്യപ്പെടുത്തിക്കൊണ്ട് നിത്യനായ പിതാവും, നിന്നിൽ വസിച്ച പുത്രനും നിന്നെ സത്യമായി അഭിഷേകം ചെയ്ത പരിശുദ്ധാത്മാവും...".

"സർവാരാധ്യനും ദൈവപുത്രനും നിന്നിൽ പരിശുദ്ധാത്മാവിനാൽ രൂപീകൃതനുമായ മിശിഹായെ അത്ഭുതകരമായി പ്രസവിച്ച മറിയമേ, നീ ഭാഗ്യവതിയാകുന്നു. അവനിൽ വചനമാം ദൈവം കലർപ്പു കൂടാതെ വസിച്ചു. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഏക പർസോപായിൽ ക്നോമാകൾ കലർപ്പു കൂടാതെ സ്വഭാവങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെട്ടു."

നെസ്തോറിയൻ വിഭാഗത്തിൽ പെട്ട ഒരു യോഹന്നാന്റെ ഗ്രന്ഥത്തെപ്പറ്റി ഇവിടെ പരാമർശിക്കാം. വചനത്തിന്റെ മനുഷ്യാവതാരത്തെപ്പറ്റി ഒട്ടും ബഹുമാനമില്ലാതെ അയാൾ പ്രസ്തുത ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു. മനുഷ്യാവതാരം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾക്കും പൊതുവായിട്ടുള്ളതാണെന്ന് അയാൾ തറപ്പിച്ചു പറയുന്നു. മനുഷ്യാവതാരം സത്താപരമല്ല, യാദൃച്ഛികമാണ്. സ്നേഹത്തിൽ ഐക്യപ്പെട്ട രണ്ട് സുപ്പോസിത്താ കർത്താവായ മിശിഹായിലുണ്ട്. ഏതോ മാലാഖാ കർത്താവായ മിശിഹായെ ഉയർത്തി. രോഗം, മരണം ആദിയായി മനുഷ്യപ്രകൃതിയുടെ ബലഹീനതകൾ മനുഷ്യർക്ക് ദൈവം നൽകിയിരിക്കുന്നത് പാപം നിമിത്തമല്ല, മറ്റെന്തോ കാരണത്താലാണ് എന്നൊക്കെ അയാൾ കൂട്ടിച്ചേർക്കുന്നു. ഇത്തരത്തിലുള്ള മറ്റു പലകാര്യങ്ങളും ഞാൻ ആ ഗ്രന്ഥത്തിൽ വായിക്കുകയും ലത്തീനിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തിരിക്കുന്നു. സമയദൗർലഭ്യത്താൽ അവ സുറിയാനിയിലും ലത്തീനിലും പകർത്തി എഴുതാൻ എനിക്ക് സാധിച്ചില്ല."[19]

അവസാനമായി, ഒരിക്കൽ റോമൻ കത്തോലിക്കാവിശ്വാസം പ്രഖ്യാപിച്ച ബാബിലോണിയൻ പാത്രിയർക്കീസ് മാർ ഔദീശോയുടെ[20] വിശ്വാസ

19. യോഹന്നാൻ ബർ കൽദൂൻ എന്ന പേർഷ്യാക്കാരന്റെ ഗ്രന്ഥമാണ് വിവക്ഷ. അയാളുടെ കൃതിയിലെ പല സംഗതികളും പൗരസ്ത്യസഭ തന്നെയും അംഗീകരിക്കു ന്നില്ല. മാർ അബ്രഹാം ഗോവായിൽ ആയിരുന്നപ്പോൾ ഈ കൃതിയിൽ തിരുത്തലുകൾ വരുത്തിയെന്ന് റോസ്പാതിരി തന്റെ ലേഖനത്തിന്റെ മാർജിനിൽ കുറിച്ചിരിക്കുന്നു.

www.malankaralibrary.com

പ്രഖ്യാപനത്തിലെ വാക്കുകൾ ഉദ്ധരിക്കാം. ദൈവപുത്രനെപ്പറ്റി ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു:

30. "അവിടുന്ന് മാനുഷിക ക്നോമാ എടുത്തു."[21]

അതുകൊണ്ട്, നേട്ടത്തിനോ, ബഹുമാനത്തിനോ വേണ്ടി കപടമാനസ്സരായി ഈ പൗരസ്ത്യർ സത്യവിശ്വാസം പ്രഖ്യാപിക്കയില്ലെന്ന് കത്തോലിക്കാ വിശ്വാസികൾ മനസ്സിലാക്കിയാലും. കാരണം റോമിൽ വച്ച് എഴുതപ്പെട്ടതും സുറിയാനിയിൽ നിന്ന് ലത്തീനിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമായ വിശ്വാസപ്രഖ്യാപനത്തിൽ തന്നെയാണ് മുകളിൽ കൊടുക്കുന്ന വാക്കുകൾ കാണപ്പെടുന്നത്.

31. "ആരുവഴി വൈദികർ വിജയമകുടം ചൂടുകയും തന്റെ മഹത്വത്തിന്റെ അവകാശികൾ വിശ്വസിക്കുകയും ചെയ്തുവോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു. തങ്ങളുടെ വചനത്താൽ ദിയദോറും തിയഡോറും നെസ്തോറിയസും സത്യം പ്രസംഗിച്ചു. ആരുടെ സ്നേഹത്താൽ വിശുദ്ധ സഭയിൽ സത്യവാന്മാർ വിജയമകുടം ചൂടുകയും ദൈവം മരിച്ചുപോയില്ലെന്ന് ഏറ്റു പറഞ്ഞ് പ്രഖ്യാപിക്കുകയും ചെയ്തുവോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു."

32."സ്വർഗീയ ഇടയൻ തന്റെ അജഗണങ്ങളുടെമേൽ ഇടയന്മാരെ നിയമിക്കുകയും, തന്റെ മഹനീയവും ശക്തവുമായ വലത്തുകൈയാൽ ആദ്യത്തെ ആളുകളുടെ പിൻതുടർച്ചയിൽ ദിയദോർ, തിയഡോർ, നെസ്തോറിയസ് എന്നീ മൂന്ന് അംഗീകൃത വ്യക്തികളെ ഉറപ്പിക്കുകയും ചെയ്തു."

33."വിജയമുകുടം ചൂടിയ വിശുദ്ധർ ഭാഗ്യവാന്മാരാകുന്നു. എന്തെന്നാൽ സത്യം അവർക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. തങ്ങളുടെ കഷ്ടതകളാൽ അവർ നിന്റെ രാജ്യത്തിന്റെ മഹത്വത്തിന് അവകാശികളായിത്തീർന്നു. അവരെ പീഡിപ്പിച്ചവർ വിദ്വേഷവും ദുഷ്ടതയും നിറഞ്ഞ തങ്ങളുടെ വാക്കുകളാലും ഈജിപ്തിലെ രാജാക്കന്മാരുടെ ഹൃദയത്തിന്റെ കയ്പ്പുനീരാലും ആയുധം ധരിച്ചിരിക്കുന്നു. അവരാരും അവരുടെപ്രബോധനത്തോട് തുല്യരായിരുന്നില്ല."[22]

34. "തങ്ങളുടെ പ്രബോധനത്തിന്റെ വലിയ അധ്വാനത്താൽ നമ്മുടെ പിതാക്കന്മാർ ഉത്തേജിതരായി. ദിയദോർ വാദപ്രതിവാദത്തിൽ വിജയം കൈവരിച്ചു. നെസ്തോറിയസ് സത്യത്തിനുവേണ്ടി തന്റെ ജീവൻ ഹോമിച്ചു.

20. മാർ അബ്ദീശോ (1555–1571)

21. "വശ്ഖൽ ക്നോമാ നാശായാ". അത് റോസ് വിവർത്തനം ചെയ്തിരിക്കുന്നത്, Assumpsit hypostasim humanam. ഇവിടെയും ഫാ.റോസിന് തെറ്റുപറ്റി.

22. ഗ്രീക്കു സഭാപിതാക്കന്മാരുടെ ഓർമദിവസത്തെ പ്രാർഥനയിൽ നിന്നാണ് ഈ ഭാഗം.

www.malankaralibrary.com

മൽപ്പാനായ തിയഡോർ തന്റെ പ്രബോധനത്തിന്റെ വെളിച്ച ത്തിൽ മാലാഖമാരുടെയും മനുഷ്യരുടെയും ഏറ്റവും വലിയ അഭിനന്ദനവും പരമാനന്ദപ്രദമായ സ്തുതിയും സമ്പാദിച്ചു. മിശിഹായെ പ്രതി ശാപങ്ങൾ സഹിച്ച ഈ വ്യക്തികളുടെ മഹനീയ ചെയ്തികളും ഇവർ നേടിയ വിജയങ്ങളും ഇതാ, സൃഷ്ടിയിൽ പ്രഘോഷിക്കപ്പെടുന്നു."

35. "നീതിമാന്മാരേ പ്രതി ഉഗ്രമായ തീക്ഷ്ണതയാൽ ഞാൻ ഉരുകി ഇല്ലാതാകുന്നു. കാരണം, അവരുടെ അധ്വാനഫലം ചതിയാൽ അപഹരിക്ക പ്പെടുന്നു. മർത്യരുടെ ഇടയിൽ അവരുടെ നിരവധി അനന്തരാവകാശികളെ ഞാൻ കാണുന്നു. നീതിമാന്മാർ ദുഷ്പ്രചരണത്താൽ വിവിധ രീതികളിൽ പീഡിപ്പിക്കപ്പെടുന്നു എന്നു കാണുന്നതിനാൽ, ഞാൻ ആഴമായി ദുഃഖി ക്കുന്നു. വെളിപ്പെടുത്തപ്പെട്ട സത്യം അവരുടെ വാക്കുകൾ മനുഷ്യർക്ക് അനുഭവവേദ്യമാക്കി കൊടുക്കുന്നു. വഴിതെറ്റി പോകുന്നവരാകട്ടെ, വിശ്വാസജ്വാലയുടെ മുമ്പിൽ ഇരുണ്ടുപോകുന്നു. വിശ്വാസംവഴി, വിശ്വാസരഹസ്യം അവർ നിരന്തരം ധ്യാനിച്ചു. അത് മാലാകമാർക്കും മനു ഷ്യർക്കും[23] അവർ കാണിച്ചുകൊടുത്തു. മനുഷ്യർ ശരീരത്തെയും വചന ത്തെയും യോഗ്യതാപൂർവം വിളിച്ചുപ്രാർഥിക്കാനായി, തങ്ങളുടെ വിശ്വാസ ത്തിന്റെ അടയാളമായി അവർ ദൈവികസത്തയിലും മനുഷ്യരിലും ശ്രദ്ധ കേന്ദ്രീകരിച്ചു. സത്യവചനവുമായി താരതമ്യപ്പെടുത്തുമ്പോൾ ശോഭയേറിയ സൂര്യപ്രകാശവും ഒന്നുമല്ല."

36. "ഓ, വിശുദ്ധ നെസ്തോറിയസ്, നിന്റെ ആത്മാവിനെ സ്വർഗത്തി ലേക്ക് ആനയിക്കാൻ തുടങ്ങിയപ്പോൾ, ശത്രു നാശത്തിനായി ചതികൾ പ്രയോഗിച്ചു. എങ്കിലും നിന്റെ പോരാട്ടത്തിന്റെ ഉറച്ച ധൈര്യം കീഴടക്ക പ്പെട്ടില്ല. നിന്റെ പീഡകർ നിന്റെ പാദങ്ങൾക്ക് കെണിയൊരുക്കിയെങ്കിലും, നീ മിശിഹായിലേക്കുള്ള നിന്റെ ഓട്ടം കരുതലോടെ ഓടി. ഇപ്പോൾ അതു കൊണ്ട് മിശിഹാ ഞങ്ങളുടെ സഹായത്തിനായി തന്റെ നന്മയാൽ തന്റെ കരുണാപ്രവാഹം ഞങ്ങളുടെമേൽ വർഷിക്കാനായി അവിടുത്തോട് അപേക്ഷിച്ചാലും."

37. "ഇതാ, മിശിഹായെ സ്നേഹിച്ച പുരോഹിതന്മാർ എല്ലായിടങ്ങളിലും വിജയം വരിക്കുന്നു. കാരണം, തങ്ങളുടെ സത്കർമങ്ങളുടെ പ്രഭയാൽ അവർ ആകാശഗോളങ്ങളേക്കാൾ ശോഭയുള്ളവർ ആയിരിക്കുന്നു. ഇതാ, സ്തുതിയും പുകഴ്ചയും കൊണ്ട് സഭ അവരെ പ്രകീർത്തിക്കുന്നു. കർത്താ വിന് പ്രിയങ്കരരായ ജനക്കൂട്ടം ബഹുമാനത്തോടെ അവരെ വണങ്ങുന്നു.

23. സുറിയാനിയിൽ *റൂഹാനേ വശ്മായോനേ* എന്നാണ്. റോസ് ലത്തീനിൽ വിവർത്തനം ചെയ്തിരിക്കുന്നത് angelis et hominibus എന്നാണ്. അതിന്റെ സുറിയാനി ആണെങ്കിൽ റൂഹാനേ വറആനേ(ഭൗമികർ) എന്നായിരിക്കാം വേണ്ടിയിരുന്നത്.

www.malankaralibrary.com

തന്റെ നാമത്തെപ്രതി തങ്ങളുടെ പോരാട്ടത്തിൽ അവർ ധൈര്യപൂർവം ഉറച്ചുനിന്നു. അക്കാരണത്താൽ കർത്താവു തന്നെ തന്റെ രാജ്യത്തിൽ അവരെ ശ്രേഷ്ഠരാക്കുന്നു. സ്വർഗത്തിൽ എല്ലാ വിശുദ്ധരേയും പൊതിയുന്ന മഹനീയപ്രകാശം ഇവിടെയും അവരെ വിജയശ്രീലാളിതരാക്കുന്നു."

38. "ഞങ്ങളുടെ വിശുദ്ധ പിതാവേ, ദിവ്യമായ വിനയം നിന്നിൽ ഞങ്ങൾ ദർശിച്ചു. നിന്നിൽ നിന്ന് പ്രബോധനത്തിന്റെ ഉറവകൾ ഒഴുകി. ധരയുടെ ഈ കോണുകളിൽ നിന്ന്, നീ കുടിക്കുന്ന ഉറവകൾ നീ കാണിച്ചുകൊടുത്തു. അവ വഴി സഭയുടെ സമ്പത്ത് നീ വർധിപ്പിച്ചു. ഏറ്റവും വിജയശ്രീലാളിതനേ, ശാപഗ്രസ്തനെ മുറുകെ പിടിക്കുക, മിശിഹായോട് സമാധാനത്തിനായി യാചിച്ചപേക്ഷിക്കുക."

39. "നിന്റെ നീതിയുടെ ഘോരവിധിയിൽ, നിന്റെ ദിവ്യസത്തയിൽ പീഡനം ആരോപിക്കുന്നവർക്കെതിരെ നീ പ്രതികാരം ചെയ്തു. ദിയദോറിന്റേയും തിയഡോറിന്റേയും നെസ്തോറിയസിന്റേയും പിൻഗാമികൾ വിജയികളായി. കാരണം, അമർത്യമായ നിന്റെ ദിവ്യസത്തയെ അവർ സഹനത്തിന് ഉപരിയായി നിർത്തി."

മറ്റൊരു പ്രാർഥനപ്പുസ്തകത്തിൽ നിന്ന്:

40. "യുദ്ധം ചെയ്യാനും ബർബരന്മാരുമായുള്ള തർക്കം തീർക്കാനുമായി കോൺസ്റ്റന്റൈൻ ചക്രവർത്തി തന്റെ പട്ടണത്തിൽ നിന്നു പുറപ്പെട്ടു. അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ട് ദൈവത്തോട് ഒരു പ്രതിജ്ഞ ചെയ്തു: ഞാൻ പങ്കെടുക്കാൻ പോകുന്ന യുദ്ധത്തിൽ നിന്ന് ഞാൻ തിരിച്ചുവന്നാൽ, ഞാൻ മാർ നർസായിയുടെ മൂന്നു രൂപങ്ങൾ ഉണ്ടാക്കാം. ഞാൻ യുദ്ധത്തിൽ നിന്ന് തിരികെ ധരിച്ചുകൊണ്ട് പ്രവേശിക്കുന്ന കിരീടവും വിശിഷ്ട വസ്ത്രങ്ങളും ഞാൻ മാർ നെസ്തോറിയസിനു നൽകും. മാർ ഗീവർഗീസിനെ ഞാൻ ഒരു ഊറാറായും ധരിപ്പിക്കും"[24].

ഇവ കൂടാതെ വലിയനോമ്പിലെ പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നത് ഞാൻ കണ്ടു.

"അന്ധവിശ്വാസങ്ങളെ നശിപ്പിച്ച ഭാഗ്യവാനായ ദിയദോറും, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ച തിയഡോറും, സത്യത്തിനുവേണ്ടി തീക്ഷ്ണതയാൽ കത്തിയെരിയുകയും ജീവനുള്ള രക്തസാക്ഷി ആയിത്തീരുകയും സാത്താന്റെ പിണിയാളനായ സിറിലിന്റെ പിൻഗാമികളുടെ അസൂയയാൽ പീഡനം സഹിക്കുകയും ചെയ്ത നെസ്തോറിയൂസും, സഭയ്ക്കും അവളുടെ മക്കൾക്കും ഉറപ്പുള്ള കോട്ടയും രാത്രിയിലെ ഗോപുരവുമാണ്. ഇവരുടെ കൈകളാൽ സഭയുടെ കൊമ്പുയർത്തിയ മിശിഹായെ നമുക്ക് പ്രകീർത്തിക്കാം."

24. ചരിത്രപരമായി ഈ പ്രസ്താവനയിൽ തെറ്റുണ്ട്. ഏതെങ്കിലും ഐതിഹ്യത്തെ ആധാരമാക്കിയാകാമിത്.

www.malankaralibrary.com

ഇതാ, മനുഷ്യരിൽ അതിപരിശുദ്ധനായ സിറിൽ. അദ്ദേഹത്തിന്റെ പ്രവർത്തനം നെസ്തോറിയൂസിനെ നാടുകടത്തി. അദ്ദേഹത്തെയാണ് സാത്താന്റെ പിണിയാളനെന്ന് വിളിച്ചിരിക്കുന്നത്. ആ സ്ഥലത്തു തന്നെയാണ് നെസ്തോറിയർ, സുറിയാനി മൽപാനും കത്തോലിക്കനുമായ അപ്രേമിനേയും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഉദ്ധരണികളിൽ ഇവയും പാഷണ്ഡരുടെ മറ്റു സ്തുതിപ്പുകളും നാം വായിക്കുന്നു. അവയെല്ലാം ഉദ്ധരിക്കുക ശ്രമകരമാണ്.

എന്നാൽ യഥാർഥത്തിൽ, അവർ കാനോന നമസ്കാരം ചൊല്ലുമ്പോൾ, ഈ പാഷണ്ഡരുടെ പേരുകൾ പറയാതെ വിട്ടുകളയുന്നു. നെസ്തോറിയൂസിനെയും അയാളുടെ സഖികളേയും പേരെടുത്തു പറയാതെ, മുകളിൽ പറഞ്ഞ അനുസ്മരണകൾ വായിക്കുകയോ, പാടുകയോ, ചൊല്ലുകയോ മാത്രം ചെയ്യുന്നു. നെസ്തോറിയസിന്റെ പീഡകരെ *തെറ്റിന്റെ ധിക്കാര സന്താനങ്ങളെന്നും പാഷണ്ഡരെന്നും* വിളിക്കുന്നു. മുകളിൽ പറഞ്ഞതിൽ നിന്ന് ഇത് വ്യക്തമാണല്ലോ. അവർ അവരുടെ സഭയെ വിളിക്കുന്നത്:

42. "ഏറ്റവും വലിയ ഇടയൻ, മേൽപ്പട്ടക്കാരുടെ മേൽപട്ടക്കാരൻ എന്നാണ്. അവരുടെ പാത്രിയർക്കീസാകട്ടെ, അധ്യക്ഷന്മാരുടെ അധ്യക്ഷനും മഹാപുരോഹിതനും പിതാക്കന്മാരുടെ പിതാവും നമ്മുടെ ഭാഗ്യവാനും പരിശുദ്ധനുമായ പിതാവും ദിക്കുകളുടെ ശിരസ്സായ കിഴക്കിന്റെ പാത്രിയർക്കീസുമാണ്."[25]

യോഹന്നാൻ (ബർ കൽദൂൻ) എന്ന നെസ്തോറിയന്റെ ഗ്രന്ഥത്തിൽ മുകളിൽ പറഞ്ഞ തെറ്റുകൾക്കു പുറമേ ഇതും കാണുന്നു: മനുഷ്യപ്രകൃതിക്ക് അസൗകര്യം ഉണ്ടാക്കുന്നവയായ മരണവും അത്തരത്തിൽ ഉള്ളവയും ദൈവം നൽകിയിരിക്കുന്നത് പാപം നിമിത്തമല്ല. പിന്നെയോ, മറ്റെന്തോ കാരണം കൊണ്ടാണ്. മറിച്ചു പറയുന്ന പൗലോസിന്റെ റോമാക്കാർക്കുള്ള ലേഖനവും മറ്റു തിരുലിഖിതഭാഗങ്ങളും ലജ്ജാരഹിതമായി തികച്ചും വ്യത്യസ്ത രീതിയിൽ വിശദീകരിക്കുന്നു.

നിസ്സാര കാര്യങ്ങളും കെട്ടുകഥകളും പച്ചക്കള്ളങ്ങളും നിറഞ്ഞതും വലിയ അന്ധവിശ്വാസങ്ങളോടു കൂടിയതും ഏതുതരം പിശാചിനേയും ഓടിക്കാനുള്ളതുമായ ഒരു പുസ്തകം അവർക്കുണ്ട്. സഭയിലെ ഏറ്റവും പരിശുദ്ധ ഗ്രന്ഥമായി ഈ മനുഷ്യർ ഈ ഗ്രന്ഥത്തെ ബഹുമാനിക്കുന്നു. സുറിയാനിയിൽ ഇതിനെ അവർ *പാറെസ്മാൻ* എന്നു വിളിക്കുന്നു.

---

25. ഇത് സഭയേയല്ല, സഭാധ്യക്ഷനെയാണ് കുറിക്കുന്നത്: "റമ്പാ ദ്റാവാവാതാ ഉആലാനാ ദ്ആലാനേ".സുറിയാനിയുടെ കൃത്യമായ അർഥം ലത്തീനിൽ: Maximus Pastorum et Episcopus Episcoporum. റോസിന്റെ വിവർത്തനം: Ecclesiarum maximum,frugiferarum frugiferam maxime എന്നാണ്.

www.malankaralibrary.com

കത്തനാരന്മാർ ലക്ഷണം പറയാൻ ഇതുപയോഗിക്കുന്നു. കൃത്യമായ ക്രമത്തിലും അവയുടെ സ്ഥാനങ്ങളിൽ അകറ്റിയും അക്ഷരങ്ങൾ ക്രമീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം അവർക്കുണ്ട്. കണ്ണടച്ചും സ്പർശിച്ചും ചോദ്യം ചോദിച്ചും മറ്റും ഇതുപയോഗിച്ച് അവർ ഭാവി പറയുന്നു. അവർക്ക് മൂറോനഭിഷേകം, അന്ത്യലേപനം എന്നീ കൂദാശകളോ, മൂറോൻ അഥവാ തൈലം കൂദാശയോ ഇല്ല. റോമാ മാർപാപ്പായെ അനുസരിക്കുന്നതിൽ നിന്ന് തങ്ങളുടെ പാത്രിയർക്കീസിന് ഒരിക്കൽ ദൈവികമോചനം ലഭിച്ചിട്ടുണ്ടെന്ന് ആത്മധൈര്യത്തോടെ അവർ തറപ്പിച്ചു പറയുന്നു.

നെസ്തോറിയസിനെപ്പറ്റി അത്ഭുതകരമായ കാര്യങ്ങൾ ഈ വിഭാഗത്തിൽ പെട്ടവർ, അതായത് നെസ്തോറിയസിന്റെ പിൻഗാമികൾ, പ്രസംഗിക്കുന്നത് ഞാൻ ഈ ചെവികൾകൊണ്ട് കേട്ടിട്ടുണ്ട്. കൂടാതെ, മാർതോമാ ശ്ലീഹായുടെ ഈ സഭയിൽ വിശ്വാസികളിൽ ചിലരെ വിശുദ്ധരായും വിശുദ്ധ വ്യക്തികളായും വണങ്ങുന്നു എന്നത് സംശയം കൂടാതെയും ഏറ്റവും ഉറപ്പായും എനിക്ക് അറിയാവുന്നതാണ്. നെസ്തോറിയസിന്റെയും അയാളുടെ സഖികളുടെയും കാലത്ത് ജീവിച്ചവരെ ഈ സഭയിൽ പരസ്യമായി വണങ്ങുന്നു. യഥാർത്ഥത്തിൽ ഇവർ സാധാരണ പാമരന്മാർ ആയിരുന്നില്ല. പിന്നെയോ, വളരെ പ്രശ്സ്തരായ മെത്രാന്മാർ ആയിരുന്നു.

ഇവരുടെ ഇടയിൽ വിശുദ്ധ പട്ടങ്ങൾ കൊടുക്കുന്നതും സ്വീകരിക്കുന്നതും പണം വാങ്ങിയും കൊടുത്തുമാണ്. ഇവർ താഴ്ന്ന പട്ടങ്ങളെല്ലാം ഒന്നിച്ചു സ്വീകരിക്കുന്നു. സബ് ഡീക്കൻപട്ടം, ഡീക്കൻപട്ടം, പൗരോഹിത്യം എന്നിവ പണമുണ്ടെങ്കിൽ, സമയമോ, പ്രായമോ നോക്കാതെ ഒന്നിച്ചു കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. അപൂർവം ചിലരൊഴിച്ച്, അവരുടെ സഭാംഗങ്ങളെല്ലാം കുടിയന്മാരാണ്. ജനങ്ങളെ പോലെ കത്തനാരന്മാരും. വിശുദ്ധ പത്രോസിന്റെയും വി.തോമായുടെയും വിശ്വാസം ഒന്നല്ല, രണ്ടാണ് എന്ന് അവർ ചിന്തിക്കുന്നു. അവരുടെ ആർച്ചുബിഷപ്പ് വളരെ ചീത്ത ജീവിതമാണ് നയിക്കുന്നത്. കാരണം, കത്തോലിക്കാ വിശ്വാസം പ്രഖ്യാപിക്കാനായി റോമിലേക്ക് പോകാൻ തുടങ്ങിയപ്പോൾ, തന്റെ അജഗണത്തെ മുഴുവൻ സത്യവിശ്വാസത്തിലേക്ക് ആനയിക്കാമെന്ന് പ്രതിജ്ഞ ചെയ്തെങ്കിലും, അതിനു വേണ്ടി അയാൾ ഒന്നും ചെയ്തില്ല. കൂടാതെ ഗോവായിൽ പോയപ്പോൾ, സുറിയാനി പുസ്തകങ്ങൾ തിരുത്താമെന്ന് ആയിരം തവണ ആണയിട്ടു പറഞ്ഞെങ്കിലും, അയാൾക്ക് തന്റെ അജഗണത്തിന്റെ കാര്യത്തിൽ ഒരു താൽപര്യവുമില്ല. ചെന്നായ് ആടുകളെ ചിതറിച്ചാലും, അവർ ഇഷ്ടമുള്ള വഴിയേ പോയാലും, പുറജാതികളുടെ കർമങ്ങളോ മറ്റെന്തെങ്കിലുമോ പഠിച്ചാലും അയാൾക്ക് അതൊരു പ്രശ്നമല്ല, അയാൾ അതൊന്നും ശ്രദ്ധിക്കുന്നില്ല. അയാൾ തന്റെ ശരീരത്തിന്റെ കാര്യത്തിൽ മാത്രം ശ്രദ്ധിക്കുന്നു. ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്നതേയില്ല. അതുകൊണ്ട് സഭയുടെ താക്കോൽ പിടിച്ചിരിക്കുന്ന

www.malankaralibrary.com

അയാളിൽ പാഷണ്ഡത ഉണ്ടെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ഈ മാർത്തോമാ ക്രിസ്ത്യാനികളും, അയാളെ അടുത്തറിയാവുന്നവരും ഇതിനു സാക്ഷികളാണ്. അയാൾ പരിശുദ്ധനും നീതിമാനുമാണെന്ന് നടിക്കുന്നു. എന്നാൽ അയാളുടെ പ്രവൃത്തികൾ കൊണ്ടാണ് അയാളെ വിശ്വസിക്കേണ്ടത്. അതുകൊണ്ട്, ഈ കാര്യം മാർപാപ്പായെ ധരിപ്പിച്ച്, അയാളെ സഭയിലെ സ്ഥാനത്തു നിന്നും അതിരൂപതയിൽ നിന്നും നീക്കം ചെയ്യുന്നതായിരിക്കും ഉത്തമം.

ഇ) ഇസ്യാ, ഈസൂസാ എന്നീ പദങ്ങൾ ശരിയായും കത്തോലിക്കാ അർഥത്തിലുമാണ് ഞാൻ വിശദീകരിച്ചിട്ടുള്ളത് എന്ന് ഈ പ്രതിപാദന ത്തിന്റെ അവസാനം പറഞ്ഞുകൊള്ളട്ടെ. ഇസ്യാ എന്നാൽ കാരണം, ദൈവം എന്നാണ് ശരിയായ അർഥം. മിക്കപ്പോഴും ഈ രീതിയിലാണ് ഇത് മനസ്സിലാക്കിയിരിക്കുന്നത്. സത്ത, സ്വഭാവം പദാർഥം എന്നൊന്നുമല്ല ഇതിനർഥം. പിന്നെയോ കാരണം, ദൈവം എന്നാണ്. *ഹേതിയാ* എന്ന ഗ്രീക്കുപദത്തിന്റെ അർഥം കാരണം എന്നാണ്. മറിയം ദൈവത്തെ പ്രസവിച്ചില്ല എന്ന് വ്യക്തമായും പരസ്യമായും പ്രഖ്യാപിക്കാതിരിക്കാൻ, ദൈവം എന്നുള്ളിടത്ത് അവർ *ഇസ്യാ* എന്നാക്കി. കൂടാതെ *ഈസൂസാ* എന്നാൽ സുപ്പോസിതും, പദാർഥം എന്നൊക്കെയാണർഥം. മുകളിൽ പറഞ്ഞ കാരണത്താൽ ഈ വാക്കുതന്നെ ദൈവത്തിനും അവർ ഉപയോഗിക്കുന്നു. സുറിയാനി ഭാഷാപരിജ്ഞാനം ഉള്ളവർക്കൊക്കെ ഈ കാര്യങ്ങൾ സുവ്യക്തമാണ്.[26]

**അവലോകനം**

തെറ്റാണെന്ന് അറിഞ്ഞിട്ടും നിർബന്ധബുദ്ധ്യാ അബദ്ധത്തിൽ ഉറച്ചു നിൽക്കുന്നതാണല്ലോ പാഷണ്ഡത. സത്യവിശ്വാസം പാലിക്കണമെന്ന് ആഗ്രഹിക്കുകയും എന്നാൽ അറിവില്ലാതെ അബദ്ധങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നവർ പാഷണ്ഡതയിലല്ല.സഭാപ്രബോധനം സ്വീകരിക്കാൻ തയാറുള്ളവർ പാഷണ്ഡരല്ല. മലങ്കരസഭ ഒരു കാലത്തും പാഷണ്ഡതാ മനോഭാവം വച്ചുപുലർത്തിയില്ല. മറ്റു രാജ്യങ്ങളിലും സഭകളിലും ഉടലെടുത്ത ദൈവശാസ്ത്ര തർക്കങ്ങളിൽ ഉൾപ്പെട്ടില്ല. അവ മലങ്കര സഭയ്ക്ക് അജ്ഞാതമായിരുന്നു എന്നതുകൊണ്ട് പാഷണ്ഡത ആകില്ല. കൂടാതെ, നെസ്തോറിയൻ പാഷണ്ഡതയെ സ്പഷ്ടമായി നിഷേധിക്കുന്ന നിരവധി പ്രാർഥനകൾ ഇവിടുത്തെ ഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്നു.

ചില പുസ്തകങ്ങളിൽ ചില തെറ്റുകൾ ഉണ്ടെയിരുന്നെങ്കിലും മലങ്കര നസ്രാണികൾ കത്തോലിക്കാ വിശ്വാസം പുലർത്തിയിരുന്നെന്നും കന്യകാമറിയത്തെ ദൈവമാതാവ് എന്ന് പരസ്യമായി വിളിച്ചിരുന്നെന്നും

26. 1588 ജനുവരി 1-ന് റോസ് ഈ രേഖ പോർട്ടുഗലിലേക്ക് അയച്ചു കൊടുത്തു. J.Wicki,*Documenta Indica*,14.p.801.

www.malankaralibrary.com

മിഷണറിയായ ഫാദർ റോസ് തന്നെ ഈ രേഖയിൽ സാക്ഷിക്കുന്നു. മാർതോമാ ശ്ലീഹായുടെ കാലം മുതൽ മലങ്കരനസ്രാണികൾ കത്തോലിക്കാ വിശ്വാസം പുലർത്തിയിരുന്നെന്ന്, മലങ്കരസഭയുടെ മെത്രാനായപ്പോൾ റോസ് 1601-ൽ ജസ്വിട്ട് ജനറലിന് എഴുതുന്നു. നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചത് ഇവിടെയുള്ള സുറിയാനി പുസ്തകങ്ങൾ നശിപ്പിക്കാനും പൗരസ്ത്യ സുറിയാനിസഭയിൽ നിന്ന് മേലിൽ മെത്രാന്മാർ വരാതിരിക്കാനും ഈ അപ്പസ്തോലികസഭയിൽ ലത്തീൻഭരണം നടപ്പാക്കി ലത്തീൻസഭയുടെ ഭാഗമാക്കാനുമുള്ള തന്ത്രമായിരുന്നു. പേർഷ്യയിൽ നിന്നു കൊണ്ടുവന്ന പുസ്തകങ്ങളിൽ ഉണ്ടായിരുന്ന ചില നാമങ്ങൾ ആരാധനാ വസരം നസ്രാണികൾ ചൊല്ലിയിരുന്നില്ലെന്നും റോസ് സാക്ഷിക്കുമ്പോൾ നെസ്തോറിയനിസം കെട്ടിയേൽപ്പിക്കുന്നതിന്റെ അസാംഗത്യം ഊഹിക്കാ വുന്നതേയുള്ളു.

## അനുബന്ധം-2

## മലങ്കരയിലെ പുരാതന ആരാധനക്രമം

## ചില സൂചനകൾ

പുരാതനകാലത്ത് ഇന്നാട്ടിൽ ചെന്തമിഴാണല്ലോ പ്രചരിച്ചിരുന്നത്. ചെന്തമിഴിൽ എഴുതിയ പതിറ്റുപ്പത്ത്, പുറനാനൂറ് എന്നീ കൃതികളിൽ ക്രൈസ്തവ ബലിയുടെ വിവരണങ്ങൾ ഉണ്ടെന്ന് ചില പണ്ഡിതന്മാർ കരുതുന്നു. പതിറ്റുപ്പത്തിലെ ഒരു ഭാഗം (3,10.33-38):

കടുഞ്ചിനം കടാഅയ് മുഴങ്ക് മന്തിരത്ത്

അരുന്തിറൽ മരബിൽ കടവുൾ പേണിയർ

ഉയർന്തോൻ ഏന്തിയ അരുംപെറൽ പിണ്ഡം

കരുങ്കട് പേയ്മകൾ കൈപുടൈയൂഉ നടുങ്ക

നെയ്തോർ തൂഉയ നിറൈഴ് ഇരുമ്പലി

എറുമ്പു മൂസാ ഇറുമ്പൂത് മരബിൽ.

അർഥം:

''കേൾക്കുന്നവരുടെ മനസ്സിൽ വൈരികളോടുള്ള കോപാഗ്നി ജ്വലിപ്പിക്കുന്ന മുഴങ്ങുന്ന മന്ത്രജപത്തോടെ ബലവാനായ ദൈവത്തിന് ബലി അർപ്പിക്കുക പതിവാണ്. ഉയർന്നവൻ(പുരോഹിതൻ)അർപ്പിച്ച ദുർലഭമായ ബലിവസ്തു യോഗ്യതയുള്ളവർ മാത്രം ഭക്ഷിച്ചിരുന്നു. വലിയ കണ്ണുകളുള്ള

www.malankaralibrary.com

പിശാച് ബലിവേളയിൽ കൈകൾ ചലിപ്പിച്ചുകൊണ്ട് നടുങ്ങുന്നു. പരിശുദ്ധ മായ, രക്തം പോലുള്ള മകിഴ്(പ്രത്യേകതരം വീഞ്ഞ്) ഉപയോഗിച്ചു കൊണ്ടുള്ള മഹനീയമായ ബലി ഉറുമ്പു തൊടാത്തതും ആശ്ചര്യാ വഹവുമാണ്."

ഒന്നാം ചേരവംശത്തിലെ മൂന്നാം ഭരണാധികാരിയായ പൽയാനൈ ചെൽകെഴു കുട്ടുവൻ അർപ്പിച്ച ബലിയെപ്പറ്റി വർണിക്കുന്നിടത്താണ് മേൽപ്പറഞ്ഞ ഭാഗം കാണുക. കുട്ടുവൻ ബലിയർപ്പിക്കുന്നത് *മരബിൽ കടവുളിനാണ്. മരബിൽ* എന്ന വാക്കിന്റെ അർഥം ബലവാനായ എന്നാണ്. ബലവാനായ അഥവാ ശ്രേഷ്ഠനായ ദൈവത്തിനാണ് ഈ ബലി.

ഈ ബലിയിൽ ഉപയോഗിച്ച ബലിവസ്തുക്കൾ ഒരു പിണ്ഡവും മദ്യവുമാണ്. ആ ബലിപിണ്ഡം അന്നത്തെ മുഖ്യ ആഹാരസാധനമായിരുന്ന അരിയിൽ നിർമിച്ച ചോറ്റുപിണ്ഡമായിരുന്നു. പതിറ്റുപ്പത്ത് അതിനെ *പെരുഞ്ചോറ്* എന്നു വിളിക്കുന്നു (3,10. 43). അതായത്, മഹത്തായ ചോറ്. ആ ബലിപിണ്ഡം അരുമയേറിയതും മഹത്വമുള്ളതുമായ ഒരു ചോറ്റുപിണ്ഡമായിരുന്നു.

മദ്യത്തിന് *മകിഴ്* എന്നാണ് അവിടെ കൊടുത്തിരിക്കുന്ന പേര്. "നെയ്ത്തോർ തൂഉയ നിറൈ മകിഴ് ഇരുമ്പലി" (3,10.37): "പരിശുദ്ധി നിറഞ്ഞ രക്തം പോലുള്ള മദ്യത്തിലുള്ള ബലി." ബലിവസ്തുവായ മകിഴ് രക്തമാണ് എന്ന സങ്കൽപ്പമാണിവിടെ. പതിറ്റുപ്പത്തിൽ മറ്റു പലയിടങ്ങ ളിലും കള്ള് എന്ന വാക്ക് നിർലോപം ഉപയോഗിക്കുന്നു. എന്നാൽ ബലിയേ പ്പറ്റി ചർച്ച ചെയ്യുന്നിടത്ത് മകിഴ് എന്ന പദമാണ് ഉപയോഗിക്കുക. കള്ളിനേക്കാൾ മേന്മയേറിയ മദ്യമാണിത് എന്നതുകൊണ്ടായിരിക്കാം. പുറനാനൂറിൽ ഈ മകിഴിനെപ്പറ്റി പറയുന്നു: "അരക്കിട്ടുറപ്പിച്ച കുപ്പികളിൽ യവനർ മേന്മയേറിയ ഒരുതരം മദ്യം ഇറക്കുമതി ചെയ്തിരുന്നു. കള്ളിനേ ക്കാൾ വീര്യം കുറഞ്ഞതും പുലിക്കണ്ണിന്റെ നിറമുള്ളതുമാണ്. അത് പിഴിമകിഴാണ്. അതായത്, പിഴിഞ്ഞെടുത്ത മദ്യമാണ്" (56,18.269). വീഞ്ഞെന്നു വ്യക്തം. കുട്ടുവൻ തന്റെ പലിക്ക് ഈ മദ്യം ഉപയോഗിച്ച തിനാലാകാം കള്ള് എന്നുപയോഗിക്കാതെ മകിഴ് എന്നു പറഞ്ഞിരിക്കുന്നത്.

അതിൽ പങ്കെടുത്തിരുന്നവർ (വേളിതർ-വിശ്വാസികൾ) മറവരും കുത്തറും ആയിരുന്നു (പതിറ്റുപ്പത്ത് 3,41.43). ദൈവാത്മാവിനെ മേലങ്കിയായി മെയ് മറച്ചവരാണ് മറവർ. അതിന്റെ ഒരു പര്യായപദമാണ് അന്തണർ (3,10;7,4.5). അന്തത്തെ (ദൈവത്തെ) അന്തിണവർ അന്തണർ. കുത്തർ എന്നാൽ കുത്തകക്കാർ. അതായത്, അർഹരായവർ. ഈ ബലിക്കുശേഷം അർഹരായവർക്കു മാത്രം (കുത്തർക്കു മാത്രം) കുട്ടുവൻ ബലിവസ്തു പങ്കിട്ടു കൊടുത്തു. എല്ലാവർക്കും നൽകിയില്ല.

അത്യച്ചത്തിലുള്ള മന്ത്രജപത്തോടുകൂടിയാണ് പലി നടന്നത്. ദൈവ

www.malankaralibrary.com

സന്നിധിയിൽ ഭക്തിനിർഭരമായ കീർത്തനങ്ങൾ അവർ ആലപിച്ചിരുന്നെന്നു സാരം. അവരുടെ ബലിയിൽ പിശാചുക്കൾ നടുങ്ങിയിരുന്നു.

പതിറ്റുപ്പത്തിൽ ഒൻപതാം പതികത്തിൽ ബലിയെപ്പറ്റി വിവരിക്കുന്നതു കൂടി ഉദ്ധരിക്കാം:

"അരുംതിറൽ മരബിൽ പെരുഞ്ചതുക്കവർന്ത

വെന്തിറർ പുതറൈത്തന്തി വൺ നിറീ ഇ

ആയ്ന്ത മരബിൽ ശാന്തിവേട്ടു."

അർഥം:

"അനുഗ്രഹം ചൊരിയുന്ന മനോഹരമായ പെരുംനഗരത്തിൽ വന്നു ചേർന്ന പേർഷ്യാക്കാരെ കൊണ്ടുവന്നിരുത്തി ആ അന്തത്തിന്റെ മനോഹരമായ ശാന്തിബലി അർപ്പിച്ച രാജാവ്."

അന്തമെന്നാൽ ദൈവം എന്നർഥം. ബലിയെ ഇവിടെ ശാന്തിബലി എന്നു വിളിക്കുന്നു. ഒൻപതാം ചേരരാജാവായ കടുംകോ ഇളം ചേരൽ ഇരുമ്പൊറൈ പങ്കെടുത്ത ബലിയെ പറ്റിയാണ് വിവരണം. ഈ ശാന്തിബലിയെ "ഉറൈചാൽ വേൾവി, ഉറൈചാൽ ചിറപ്പ്, പോകുപലി, വേദവേൾവി''എന്നൊക്കെ വിളിച്ചിരുന്നു (പതിറ്റുപ്പത്ത്, 7,4.4; പുറനാനൂറ്,166;331;224). ഏഴാം ചേരരാജാവായ ചെൽവ കടുംകോ ആഴി ആതനും എട്ടാം ചേരരാജാവായ തകടൂർ എറിന്ത പെരും ചേരൽ ഇരുമ്പൊറൈയും ഇത്തരം വേൾവികൾ (ബലികൾ) അർപ്പിച്ചിരുന്നു.

പുറനാനൂറിലെ ഒരു പരാമർശവും ഉദ്ധരിക്കാം:

"കാവൽ മന്നൻ കടൈ മുകത്തു കുക്കും

പോകുപലി വെൺചോറ്..." (331.11-12)

അർഥം:

"പ്രജാസംരക്ഷകനായ രാജാവ് ദേവാലയമുഖപ്പിൽ കൊടുക്കുന്ന ഭോഗബലി വെൺചോറ്."

ഈ ബലിയെ കുറിച്ചല്ലാതെ മറ്റൊരു ബലിയെ കുറിച്ചും ഈ കാലഘട്ടത്തിലെ കൃതികൾ വിവരിക്കുന്നില്ല. ബലിയർപ്പകരെ വേന്തർ, ചാന്റോർ, വേടർ എന്നിങ്ങനെ വിളിച്ചിരുന്നു.

ചേരരാജാവ് വെന്തരിറർ വേന്തർ (വൈദികരിൽ വൈദികൻ അഥവാ മുഖ്യപുരോഹിതൻ )ആയിരുന്നു. ചിറ്ററചന്മാർ വേന്തർ (സാധാരണ പുരോഹിതർ) ആയിരുന്നു. ചേരരാജാവിന് മുടിവേന്തർ (കിരീടധാരിയായ പുരോഹിതൻ) എന്നും പേരുണ്ടായിരുന്നു.

www.malankaralibrary.com

ചാന്തോർ (ശാന്റോർ)എന്ന പദത്തിന് സാക്ഷി എന്നർഥം: "ഉരൈ ശാന്റനവാർ പെരുമ നിൻ വെന്റി". അതായത്, "വചനസാക്ഷികൾ മഹത്വം നിന്റെ വിജയം" എന്ന് നാലാം ചേരരാജാവായ കലങ്കൈ കന്നി നാർമുടി ചേരലിനെ കവി പുകഴ്ത്തുന്നു. അതായത്, ചാന്തോർ വചനത്തിന്റെ സാക്ഷികളാകുന്നു. അന്നത്തെ ബലിയെ *ഉരൈചാൽ വേൾവി* (വചനം വഴിയുള്ള ബലി)എന്നും വിളിച്ചിരുന്നു. അതിന്റെ സാക്ഷികളായിരുന്നു ചാന്തോർ. ഏഴാം ചേരരാജാവായ ചെൽവ കടുംകോ ആഴി ആതനെ, ചാന്റോർ പെരുമകൻ എന്ന് കപിലർ സ്തുതിക്കുന്നു. ഉരൈചാൽ വേൾവി നടത്തി പ്രശസ്തനായ ആളായിരുന്നു ആതൻ (പതിറ്റുപ്പത്ത്, 7,7.18). ചേരരാജാക്കന്മാർ പുരോഹിതന്മാർ ആയിരുന്നതിനാൽ, ശാന്റോർമാർ എന്നും അറിയപ്പെട്ടിരുന്നു.''ശാന്റോർ മെയ്മറൈ വാനുറൈ (ദൈവാത്മാവിനെ മേലങ്കിയായി മെയ് മറച്ചിരിക്കുന്ന ശാന്റോർ)" എന്ന് രണ്ടാം ചേരരാജാവായ ഇമയവരമ്പൻ നെടുംചേരലാതനെ (47-105) കവി കണ്ണനാർ പ്രകീർത്തിക്കുന്നു.

പുരോഹിതന്റെ മറ്റൊരു പേരാണ് വേടർ. വേൾവി വേട്ടോർ വേടർ (ബലി അർപ്പിക്കുന്നവൻ വേടർ).

ദൈവത്തെ കുറിക്കാൻ അക്കാലത്ത് ഉപയോഗിച്ചിരുന്ന പദങ്ങൾ ഏവയെന്നു കൂടി നോക്കാം: ദൈവം, കടവുൾ, ഇയരവൻ. ഈ മൂന്നുവാക്കുകൾ പ്രചാരത്തിലിരുന്നു. മരബിൽ കടവുൾ, (ബലവാനായ ദൈവം), കാമർ കടവുൾ (സ്നേഹനിധിയായ ദൈവം), വാനത്തിൽ നിലൈപെറും കടവുൾ (സ്വർഗസ്ഥനായ ദൈവം)എന്നും മറ്റും പതിറ്റുപ്പത്ത് വിശേഷിപ്പിക്കുന്നു. മുക്കട് ചെൽവർ (മൂന്നു കക്ഷി ദൈവം) എന്നും പ്രയോഗമുണ്ട്. അതായത്, മൂന്നാൾ ദൈവം. ഏകദൈവം മൂവൊരുവർ ദൈവമാണെന്ന് കരുതപ്പെട്ടിരുന്നു. അതായത്, ത്രിയേകദൈവം.

ബലവാനായ ദൈവത്തെ ആദിമുതൽവൻ (പുറനാനൂറ്,166), അന്തം, ആദിമുതൽവൻ നാതനായോൻ (മണിമേകല), ഐന്തവിത്താൻ (തന്റെ സ്വന്തം ശരീരം ബലി കഴിച്ചവൻ) ഓയ്മൻ, ചാത്തൻ(അഭിഷിക്തൻ) മുരുകൻ, നാകൻ (സ്വർഗീയൻ), പിറയൻ (പിറന്ന ദൈവം) എന്നും വിളിച്ചിരുന്നു. "വൽവേർ ചാത്ത നല്ലിചൈ" (പുറനാനൂറ്, 380). ചാത്ത എന്നാൽ അഭിഷേകം എന്നാണർഥം. ചാത്തൻ, അഭിഷിക്തൻ (മിശിഹാ, ക്രിസ്തു) എന്നതിന്റെ തമിഴ് രൂപമായിരുന്നു.

മുരുകൻ എന്നാൽ പ്രകാശിക്കുന്നവൻ, മനോഹരൻ, പ്രകാശമായവൻ എന്നാണർഥം. "മുരുകൻ ചിറ്റത്തുരുകെഴു കുരുശിൽ" (പുറനാനൂറ്, 16,12). "മുരുകൻ അണഞ്ഞ ശ്രേഷ്ഠപ്രകാശം കുരുശിൽ" എന്നർഥം. മുരുങ്കത്തലൈ എന്ന സ്ഥലം വർണിക്കുന്നിടത്താണ് ഈ വാചകം കാണുക. അതായത്, പ്രശാന്തരമണീയമായ സ്ഥലത്ത് ശ്രേഷ്ഠപ്രകാശമായ മുരുകനെ വഹിക്കുന്ന ഒരു കുരിശും ഉണ്ടായിരുന്നു.

ഈ രീതിയിൽ നോക്കുമ്പോൾ ദക്ഷിണേൻഡ്യയിലെ പുരാതന

www.malankaralibrary.com

സാഹിത്യ കൃതികൾ ഒരു പുനരാഖ്യാനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു. ഭാരതത്തിലെ ക്രിസ്തുമതത്തിന്റെ ആരംഭ കാലത്തെ കുറിച്ചുള്ള പല സങ്കൽപ്പങ്ങളും തിരുത്തി കുറിക്കേണ്ടതായും വന്നേക്കാം[1] .

**ഒന്നാം ചേരവംശത്തിൽ പെട്ട ചില രാജാക്കന്മാരുടെ പേരുകൾ:**

1. പെരുംചോറ്റ് ഉതിയൻ ചേരൽ വാനവരമ്പൻ (50-75)
2. ഇമയവരമ്പൻ നെടും ചേരൽ ആതൻ (75-133)
3. പൽയനൈ ചെൽകെഴു കുട്ടവൻ (25 വർഷം ഭരിച്ചു)
4. കലങ്കയ് കന്നി നാർമുടി ചേരൽ (25)
5. കടൽ പിറകോട്ടിയ ചേരൻ ചെങ്കുട്ടവൻ, (155-210)
6. ആട്ട് കൊട്ട് പാട്ട് ചേരൽ ആതൻ (35)
7. ചെൽവ കടുംകോ ആവി ആതൻ (25)
8. തകടൂർ എറിന്ത പെരും ചേരല് ഇരുമ്പൊറൈ (17)
9. കടുംകോ ഇളം ചേരൽ ഇരുമ്പൊറൈ (16)
10. അനൈയ്കൽ ചെൽമന്തിരം ചേരൽ ഇരുമ്പൊറൈ

**രണ്ടാംചേരവംശം (കുലശേഖരവംശം)**

കുലശേഖര ആൾവാർ (800-820)
രാജശേഖരവർമ (820-844)
സ്ഥാണുരവിവർമ (844-885)
രാമവർമ(885-917)
ഗോദരവിവർമ (917-944)
ഇന്ദുക്കോതവർമ (944-962)
ഭാസ്കരരവിവർമ (962-1019)
രാമവർമ കുലശേഖരൻ(1090-1102)

1. ജെ. ജെ. മോറീസ്, *കേരളമതവിശ്വാസങ്ങൾ സംഘകാലകൃതികളിലൂടെ*, കൊല്ലം, 1987;—*Kerala in First Millenium A.D.,Quilon,1984;* *കതിരൊളി* 2004, മെയ്, ജൂൺ, ജൂലൈ വാല്യം 43/5.6.7: "സംഖ്യകാലസമസ്യകളിലേക്ക്."; ജോസ് മുള്ളൻകുഴി, *സംഘകാലക്രൈസ്തവർ*, കാഞ്ഞിരപ്പള്ളി, 2000.

www.malankaralibrary.com

## അനുബന്ധം - 3

## മാർ അത്തനാസ്യോസിന്റെ മലങ്കര കാനൻ

ക്രി.വ.1857-ൽ അച്ചടിച്ച ഒരു കാനൻ സംഹിത മാത്യൂസ് മാർ അത്ത നാസ്യോസിന്റെ(+1877) പേരിൽ അറിയപ്പെടുന്നു. യാക്കോബായക്കാർക്കെ തിരെയുള്ള സെമിനരിക്കേസിൽ നവീകരണകക്ഷിക്കുവേണ്ടി മൂൻകാല തീ യതി വച്ച് പ്രസിദ്ധീകരിച്ചതാണിതെന്ന് പറച്ചിലുണ്ട്. ഈ കാനനിൽ യാക്കോ ബായാ പാത്രിയർക്കീസിന് യാതൊരധികാരവും ഉള്ളതായി രേഖപ്പെടുത്തി യിട്ടില്ല. തനിക്ക് പാത്രിയർക്കീസിന്റെ പിന്തുണ നഷ്ടപ്പെട്ടു എന്നു കണ്ട മാർ അത്തനാസ്യോസ് തയാറാക്കിയതായിരിക്കാമിത്. ലത്തീൻ, ആംഗ്ലിക്കൻ, യാക്കോബായാ സഭകളുടെ സ്വാധീനം കാനോനകളിൽ ദൃശ്യമാണ്. ല ത്തീൻ മെത്രാന്മാരുടെ സ്വാധീനത്താൽ രൂപീകൃതമായവ: ചാരബുധ നാഴ്ചയാചരണം (8,6), വൈദികസ്ഥാനികളുടെ അംശവസ്ത്രം(7,4), സ്നാന ത്തിൽ നിന്ന് വേർതിരിച്ചുള്ള മൂറോനഭിഷേകം (7,5;11,1-3), വൈദികന്റെ പക്കൽ രഹസ്യമായി പാപം ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കുന്ന രീതി (12) തുടങ്ങിയവ. ആംഗ്ലിക്കൻ സ്വാധീനത്താൽ വിശുദ്ധരുടെ മാധ്യസ്ഥ്യത്തിനെ തിരായ നിലപാട് (5,10) ദൃശ്യമാണ്. മാർ അത്തനാസ്യോസിനുശേഷം കൂടു തൽ പ്രോട്ടസ്റ്റന്റിസം സ്വാംശീകരിച്ച പിൽക്കാല നേതാക്കന്മാർ പൊതുവെ ഈ കാനൻ സഗൗരവം പരിഗണിച്ചില്ല. ചില കാനോനാകൾ താഴെ ഉദ്ധരി ക്കുന്നു.

**തലക്കെട്ട്:** "മാർ തൊമ്മാ ശ്ലീഹായുടെ ഇടവകയാകുന്ന മലങ്കര സുറി യാനി സഭയുടെ കാനൊൻ. മലങ്കര ഇടവകയുടെ മാർ അത്തനാസ്യൊസു മെത്രാപൊലീത്താ തർജമ ചെയ്ത കൊട്ടയത്ത സുറിയാനി സിമ്മനാരി യിൽ ടി.മെത്രാപൊലീത്തായുടെ അച്ചുക്കൂട്ടത്തിൽ അച്ചടിപ്പിച്ചത്. 1957."

**ഒന്നാം കെപ്പാലയോൻ - ഒന്നാംഭാഗം ശുദ്ധമാനപള്ളിയെക്കുറിച്ചു:**

"2. പള്ളിപ്രതിഷ്ഠ മേൽപട്ടക്കാരനൊ തന്റെ അനുവാദത്തോടു റം ബാനൊ കൂറെപ്പിസ്കൊപ്പായൊ കശ്ശീശായൊ നടത്തേണ്ടതാകുന്നു... 4. പ്രതിഷ്ഠിക്കപ്പെടുന്ന പള്ളി വിശുദ്ധന്മാരിൽ ഒരുവന്റെ നാമത്തിൽ ആയിരി ക്കണം."

**രണ്ടാംഭാഗം പള്ളിവരുമാനങ്ങളെക്കുറിച്ചു:**

"റീശീസാ, കൈമുത്തു, ഗെബിയാസാ, നെദറെ, ബുർക്സാ, കുർബാൻ, പതാരം, ദശാംശം, സത്യം, നടവഴക്കം, വച്ചുകുമ്പിടീൽ, അടിയറ, അടിമ, ഉ ത്തരപ്പണം-കിഴിപ്പണം, വിളിച്ചു ചൊല്ലുപണം, കുഴിക്കാണം (1-17)" - ഇവ മേൽപ്പട്ടക്കാരനും (1-2) പള്ളിക്കും (3-16) നൽകേണ്ട സംഭാവനകളാണ്.

www.malankaralibrary.com

**അഞ്ചാം കെപ്പാലയൊൻ**

"9. വിശുദ്ധവേദം ആധാരമാക്കി നടക്കയും സത്യത്തിന്റെ വചനങ്ങളെ നെരെ വിഭാഗിച്ചു സഭയെ പഠിപ്പിക്കുകയും ചെയ്തിട്ടുള്ള മരിച്ചുപോയ എല്ലാ പരിശുദ്ധന്മാരും നല്ല ദൃഷ്ടാന്തക്കാരാകയാൽ അവരുടെ നാമങ്ങളെയും നമസ്കാരങ്ങളിൽ ഓർമ്മ ചെയ്യെണ്ടതും അവരുടെ പിന്നടിയിൽ നടപ്പാൻ ദൈവകരുണയ്ക്കായി അപേക്ഷിക്കേണ്ടതുമാകുന്നു."

"10. മാലാകെമാരെയൊ ശുദ്ധമുള്ളവരെയൊ ആരാധിക്കുന്നതും മരിച്ചുപോയ പരിശുദ്ധന്മാരൊടു നമസ്കരിക്കുന്നതും വെദവിധിക്കു ചെരുന്നതല്ലായ്കയാൽ തിരുസഭ ഈവക ആരാധനകളെയും നമസ്കാരങ്ങളെയും വെടിഞ്ഞിരിപ്പാനുള്ളതാകുന്നു."

**ആറാം കെപ്പാലയൊൻ - ഒന്നാംഭാഗം കുറുബാനയെക്കുറിച്ചു:** "സർവലോകത്തിന്റെയും പാപപരിഹാരത്തിനായി അണെക്കപ്പെട്ട ഏകബലിയാകുന്ന കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനുവെണ്ടി കർത്താവ് ശ്ലീഹന്മാർക്കും, ശ്ലീഹന്മാർ തിരുസഭയ്ക്കും ഭരമേൽപ്പിച്ചപ്രകാരം എല്ലാക്കാലത്തും സഭയിൽ ശുദ്ധമാന കുർബാന അണെക്കപ്പെടെണ്ടതാകുന്നു."

**"മൂന്നാംഭാഗം:** ആൾക്കൂട്ടം ബഹുത്വമായിരുന്നാൽ അപ്പം ഇരട്ടിച്ചുവച്ചും കാസായിൽ വീഞ്ഞു കുറഞ്ഞുപോയാൽ ആവർത്തിച്ചു ഒഴിച്ചു സ്തോത്രം ചെയ്തു ശുദ്ധീകരിച്ചും ഉപയൊഗിക്കെണ്ടതാകുന്നു."

**പന്ത്രണ്ടാം കെപ്പാലയൊൻ - കുമ്പസാരത്തെക്കുറിച്ചു:**

"1. കുമ്പസാരം എന്നുള്ളത് തങ്ങളുടെ പാപങ്ങളെ ഏറ്റുപറയുന്നതാകുന്നു. മനസ്സുതിരിയുന്ന പൂർണക്രിസ്ത്യാനി മാമൊദീസാ കൈക്കൊള്ളുന്നത് ഏറ്റുപറഞ്ഞതിനുമേൽ ചെയ്യുന്നതാകുന്നു. 2. ശുദ്ധമാന കുറുബാനയിൽ സംബന്ധിപ്പാൻ ഒരുങ്ങപ്പെട്ടു വരുന്നവർ കശ്ശീശായൊടു കുമ്പസാരിപ്പാൻ ന്യായമാകുന്നു. രഹസ്യമായും പരസ്യമായും കുമ്പസാരം നടത്തിക്കുന്നത് മര്യാദയാകുന്നു. 3. സഭയിൽ ശെമ്മാശുസ്ഥാനം മുതൽ മെലൊട്ടുള്ള സ്ഥാനങ്ങൾ കൈക്കൊള്ളുവാൻ യത്നമാകുമ്പോൾ അവരും കുമ്പസാരിപ്പാൻ ന്യായമാകുന്നു. 4. കശ്ശീശാ കശ്ശീശായോടും മെത്രാൻ മെത്രാനോടും കുമ്പസാരിക്കണം. 5. കുമ്പസാരത്തിൽ ആരെങ്കിലും ഏറ്റുപറയുന്ന കൃത്യങ്ങളെപ്പറ്റി പട്ടക്കാർ അവർക്കു നല്ല ഉപദേശം കൊടുക്കണം. മൊഷ്ടിക്കപ്പെട്ടൊ അപഹകരിക്കപ്പെട്ടൊ മറ്റു വിധത്തിലൊ അടക്കിയിരിക്കുന്ന സാധനങ്ങളെ കശ്ശീശാവശം ഏൽപിച്ചാൽ അവരുടെ നാമങ്ങളെയും കൃത്യങ്ങളെയും വെളിപ്പെടുത്താതെ പരിഹാരം ഉണ്ടാക്കണം. കുമ്പസാരത്തിൽ ഏറ്റുപറയുന്ന ധനം മനസ്സുതിരിഞ്ഞവൻ പക്കൽ ഇല്ലാതെയും തിരിച്ചുകൊടുപ്പാൻ പ്രയാസമായും വന്നാൽ പട്ടക്കാരൻ അതിന്നു പരിഹാരം കൽപിക്കണം."

www.malankaralibrary.com

## അനുബന്ധം-4

## ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

റേഡിയോ പ്രഭാഷകനായിരുന്ന കെ. പി. യോഹന്നാൻ എന്ന സുവിശേഷപ്രവർത്തകൻ 2017-ൽ സ്ഥാപിച്ച സഭാസമൂഹമാണ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്. ശ്രീ യോഹന്നാന്റെ പ്രഭാഷണങ്ങൾ പലർക്കും ആത്മീയ ജീവിതവളർച്ചയ്ക്ക് സഹായകമായിരുന്നു. ഗോസ്പൽ ഫോർ ഏഷ്യാ എന്ന പേരിൽ അദ്ദേഹത്തിന്റെ പ്രസ്ഥാനം 1979 മുതൽ അറിയപ്പെട്ടു. 1993 -ൽ ബിലീവേഴ്സ് ചർച്ച് എന്ന സംഘടന സ്ഥാപിച്ചു. 2003-ൽ അത് സഭയായി പ്രഖ്യാപിച്ചു. സി.എസ്.ഐ.മോഡറേറ്റർ ബിഷപ്പ് കെ.ജെ.സാമുവേൽ അദ്ദേഹത്തെ ബിഷപ്പാക്കി. അദ്ദേഹം 2017-ൽ യൊഹാൻ അത്തനാസ്യോസ് എന്ന പേരെടുക്കുകയും ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് എന്ന് തന്റെ സഭയുടെ പേര് മാറ്റുകയും ചെയ്തു. പൗരസ്ത്യസഭകളിലെ വേഷവിധാനങ്ങളും പാശ്ചാത്യ ദൈവശാസ്ത്ര വീക്ഷണങ്ങളുമാണ് അദ്ദേഹം തെരഞ്ഞെടുത്തിരിക്കുന്നത്. ഇൻഡ്യയിൽ ഉടനീളം അദ്ദേഹത്തിന് സഭാസമൂഹങ്ങളും ബിഷപ്പന്മാരുമുണ്ടെന്ന് പറയപ്പെടുന്നു. തിരുവല്ലായിൽ ഒരു മെഡിക്കൽ കോളേജുൾപ്പെടെ ഇവർക്ക് നിരവധി സ്ഥാപനങ്ങളുണ്ട്. അമേരിക്കയിലും ഇവരുടെ സ്ഥാപനങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു.

ഏതെങ്കിലും പ്രത്യേക വരമുള്ള വ്യക്തികൾ ആദ്യമാദ്യം തങ്ങളുടെ പ്രസംഗയോഗങ്ങളിലേക്ക് ആളുകളെ ക്ഷണിക്കുന്നു. കുറേപ്പേർ സ്വാധീന വലയത്തിൽ എത്തുമ്പോൾ ഇക്കൂട്ടർ പ്രത്യേക സമൂഹവും സഭയുമായി മാറുന്നു. അവർ സഭാസ്ഥാപകരായിത്തീരുന്നു. അവരുടെ കാലശേഷം സാവധാനം ആ സമൂഹം ശിഥിലമായി അസ്തമിക്കുന്നു. സഭാചരിത്രത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണിത്. അങ്ങനെയാണ് നൂറുകണക്കിന് വിഘടിതസഭാസമൂഹങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തിട്ടുള്ളത്.

സലാമിസിലെ (സൈപ്രസ്) വിശുദ്ധ എപ്പിഫാനിയസ് (+403) എഴുതിയ പനാരിയോൻ എന്ന കൃതിയിൽ അന്നുവരെ ക്രിസ്തീയസഭയിൽ ഉണ്ടായിട്ടുള്ള 60 വിഭാഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. കാലക്രമത്തിൽ അവയെല്ലാം ഇല്ലാതായി. വി.അഗസ്റ്റിന്റെ കാലത്ത് വടക്കൻ ആഫ്രിക്കയിൽ ഡൊണാറ്റിസ്റ്റ് ചർച്ച് എന്ന വിഘടിതവിഭാഗം കത്തോലിക്കാ സഭയേക്കാൾ വളരെ ശക്തവും സംഘടിതവുമായിരുന്നു. അവർക്ക് മെത്രാന്മാരും വൈദികരും ഉണ്ടായിരുന്നു. ധനാഢ്യരായ ആളുകൾ അവരെ പിൻതുണച്ചിരുന്നു. അഗസ്റ്റിന്റെ ഉദയത്തിനു മുമ്പ് അവരെ എതിർക്കാൻ കഴിവുള്ളവർ അവിടുത്തെ കത്തോലിക്കാ സഭയിൽ ഇല്ലായിരുന്നു. ഇന്ന് ഡൊണാറ്റിസ്റ്റ്സഭ ലോകത്തെങ്ങുമില്ല. ആരിയൻ അബദ്ധോപദേശത്തെ പറ്റിയും മറ്റ് അബദ്ധോപദേശങ്ങളെ പറ്റിയും വിഘടിതസമൂഹങ്ങളെ പറ്റിയും ഇപ്രകാരം തന്നെ പറയാൻ കഴിയും.

www.malankaralibrary.com

# ഗ്രന്ഥസൂചിക

ഇഞ്ചക്കലോടി തോമസ്, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 2 വാല്യം, തിരുവനന്തപുരം, 1957.

———, കേരളത്തിലെ ക്രൈസ്തവസഭകൾ, തിരുവല്ല,1962.[3]

------, യാക്കോബായാ സഭയിലെ സമാധാന പരിശ്രമങ്ങൾ, തിരുവല്ല,1949.

ഈപ്പൻ,കെ.വി., മലങ്കര മാർത്തോമ്മാ സുറിയാനി സഭാചരിത്രം, മുട്ടമ്പലം,2001.

ഉദയംപേരൂർ സൂനഹദോസിന്റെ കാനോനാകൾ, തിരുവല്ല 1952,K.N. ഡാനിയേൽ.

ഏബ്രഹാം റ്റി.പി., നവീകരണം- തുടക്കവും തുടർച്ചയും,കോട്ടയം, 1985.

ഐ.സി.ചാക്കോ, മാർ ലൂയിസ് പഴേപറമ്പിൽ-ജീവിതവും കാലവും, (ed. എം.എം. വർക്കി), തിരുവനന്തപുരം,1937.

ഓച്ചന്തുരുത്ത് ജോൺ, അടിവേരുകൾ,കോട്ടയം,1992.

കട്ടക്കയം C.M., വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും,മാന്നാനം, 1959.

കണിയാമ്പറമ്പിൽ കെ., സുറിയാനിസഭ,തിരുവല്ല,1982.

———, മുളന്തുരുത്തി സൂനഹദോസ്, കോട്ടയം, 1976.

കല്ലറങ്ങാട്ട് ജെ. , ത്രിത്വവിശ്വാസം പുറജാതീയമോ?ചങ്ങനാശ്ശേരി,1992.

കാതോലിക്കാ സിംഹാസനചരിത്രം, കോട്ടയം,2009[10] (OSSAE Publication).

കാഞ്ഞിരമുകളിൽ, എസ്., പുനരൈക്യരേഖകൾ, കോട്ടയം,1979. 2012[4].

——, മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം, കോട്ടയം,1988.

കാട്ടുചിറ പി., ശ്ലൈഹിക സിംഹാസനവും മലങ്കരസഭയും,കോതമംഗലം, 1975.

കാതോലിക്കാ സ്ഥാപനത്തിന്റെ യഥാർഥനില, കോട്ടയം, 1954,

കാർഡിനൽ തിസറാങ്, ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ, (tr.) ജോസ് തച്ചിൽ, കോട്ടയം,(s.d.).

കിളിച്ചിമല,വി., കേരള സഭാചരിത്ര പ്രശ്നങ്ങളും ഷെവ.വി.സി.ജോർജിന്റെ ഗവേഷണ നിഗമനങ്ങളും , കോട്ടയം, 1995.

കുര്യൻ പി.കെ., ക്രിസ്തുവിന്റെ രണ്ടാംവരവ്, ചെന്നിത്തല,1979.

കുര്യാക്കോസ് മുണ്ടാടൻ, (ed.), വഴിതെറ്റുന്ന വിശ്വാസം, ആലുവാ,2010.[3]

കൂടപ്പുഴ സേവ്യർ, ഭാരതസഭാചരിത്രം, കോട്ടയം,1980, 1989, 1998. 2012, 2018.[5]

———, തിരുസഭാചരിത്രം, കോട്ടയം, 1996. 2008.[4]

കേരളത്തിലെ എപ്പിസ്കോപ്പൽസഭകൾ,(Pro-Oriente Regional Committee), കോട്ടയം, 2002.

www.malankaralibrary.com

കൊല്ലാപറമ്പിൽ ജെ., അഹത്തള്ളാ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ, കോട്ടയം, (s.d.).

കോര താഴത്ത് റ്റി.സി.,മലങ്കര സഭാനവീകരണത്തിന്റെ മുന്നോടികൾ,കോട്ടയം, 1984.

ഗീവർഗീസ്, K.Y., യുയോമയ സഭാശതാബ്ദി സ്മരണിക,ചെന്നിത്തല,1982.

ഗ്രിഗറി നീരാക്കൽ, മിഷൻസ്മരണകൾ,1921-1925, കുരിയനാട്, 1971.

ചാക്കോ, ഇ.ജെ., കേരളത്തിലെ ചില സ്വതന്ത്രസഭകൾ, തിരുവല്ല, 1986.

——ശതാബ്ദി സ്മരണകൾ, തിരുവല്ല, 1986.

ചാക്കോ തോമസ്, യഹോവാസാക്ഷികളുടെ ഉപദേശങ്ങൾ,(tr.)കല്ലിശ്ശേരി, 1972.

ചാൾസ് പൈങ്ങോട്ട്, നിധീരിയച്ചൻ ചരിത്രരേഖകളിൽ,കോട്ടയം,2004.

———, കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ,(മൊയ്റീന്റെ കത്തുകൾ), കോട്ടയം, 1996.

ചേന്നങ്കരി കുരുവിള, നവീകരണകർത്താക്കൾ, തിരുവല്ല, 1987.

ചേടിയത്ത് ജി., അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും,കോട്ടയം, 1986.2013.

-------, അപ്പസ്തോലിക പിതാക്കന്മാർ, കോട്ടയം,1996.

——— - ജി.അപ്പശ്ശേരി, ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം, കോട്ടയം, 1990.

-------, എക്യുമെനിസം,തിരുവനന്തപുരം,1998.

———, എക്യൂമെനിസത്തിന്റെ മറുവശം, പത്തനംതിട്ട, 2013.

———, ജി.ചരുവിളയിൽ,കത്തോലിക്കാവിശ്വാസവും പെന്തിക്കോസ്തു വീക്ഷണങ്ങളും, കോട്ടയം,1999.

——–, പൗരസ്ത്യകാതോലിക്കോസ്,കോട്ടയം,1985. 1999.

———-, അപ്പശ്ശേരി ജി., ബർ എബ്രായാ-സഭാചരിത്രം,കോട്ടയം,1990.

----, മാർ ബാബായ്,ക്രിസ്തുശാസ്ത്രം,കോട്ടയം,2000((tr.of Liber de Unione).

——-, മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം,1988.1992.2001.

——--, സഭാചരിത്രപഠനങ്ങൾ, കോട്ടയം, 1996.

———-, യഹോവാസാക്ഷികൾ, കോട്ടയം,1989.

ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ, പൂർവകാലസ്മരണകൾ,തിരുവനന്തപുരം,1969.

-------------, കേരള ക്രൈസ്തവസഭ, തിരുവനന്തപുരം,1981

ജോൺ കെ.യു., കേരളത്തിലെ ക്രിസ്തീയ സഭകൾ,കാഞ്ഞിരപ്പള്ളി,1995.

ജോൺ കോന്നിയൂർ, മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം, ഓമല്ലൂർ, 1978.

www.malankaralibrary.com

ജോൺ പള്ളത്ത്, (tr.), പൗളീനോസ്, പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമതം, കളമശ്ശേരി,1988.

ജോൺ പി.ഡി., ദക്ഷിണേൻഡ്യാസഭ, കോട്ടയം,1972.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, കർത്താവിന്റെ ദിവസം,(tr.ജോർജ് കുരുക്കൂർ), പാലാരിവട്ടം/കൊച്ചി,1998.

ജോർജ് വിസി., നിധീരി മാണിക്കത്തനാർ, കോട്ടയം,1994.[2]

ജോസ് കൊച്ചുപറമ്പിൽ,(ed.)പെന്തക്കോസ്തുവാദമുഖങ്ങൾ സത്യമോ? മിഥ്യയോ?, ചങ്ങനാശ്ശേരി, 2004.

ജോസഫ് കൂട്ടുമ്മേൽ, ചങ്ങനാശ്ശേരിയും ചങ്ങനാശ്ശേരിപള്ളിയും, ചങ്ങനാശ്ശേ രി, 1998.

ജോഷ്വാ റ്റി.ജെ., പുതുവേഷമണിഞ്ഞ അറിയോസിന്റെ മതം അഥവാ, യഹോവാ സാക്ഷികൾ, കോട്ടയം, (s.d.).

ഡി.ഐരൂർ, കേരളത്തിലെ പെന്തെക്കോസ്ത് സഭകൾ, 1, മാവേലിക്കര, 1986.

തോമസ്, എം.എം.,ഏബ്രഹാം മൽപാന്റെ നവീകരണം-ഒരു വ്യാഖ്യാനം, തിരുവല്ല, 1978.

തോമസ് പി.റ്റി., മലങ്കര കാതോലിക്കാ സ്ഥാപനത്തിന്റെ ഊടുവഴികൾ, തിരുവ നന്തപുരം, (s.d.).

ദേവസ്യാ പി.സി.,കേരളസഭാചരിത്രം,പാലാ,(s.d.).

നങ്ങച്ചിവീട്ടിൽ റ്റി., ഏഷ്യയിലെ മാർത്തോമാസഭകൾ, 2 വാല്യം, തിരുവനന്തപുരം, 1982.1985.

പടിഞ്ഞാറേമണ്ണിൽ ഏ., മാർ ഈവാനിയോസ്-ബഥനിസ്ഥാപകനും പുനരൈ ക്യശിൽപ്പിയും, കോട്ടയം,2018.

പറപ്പള്ളി ഐസക്, പൗലോസ് മാർ പീലക്സീനോസ്-സഭൈക്യത്തിന്റെ അപ്പ സ്തോലൻ, തിരുവല്ല, 2006.

പാണ്ടിയേത്ത് ഇടിക്കുള, പുത്തൻകൂറ്റുകാർ, കോട്ടയം, 1986. പത്തനംതിട്ട, 2014.

—–, കേരളസുറിയാനിസഭയിലെ പിളർപ്പും അനന്തരസംഭവങ്ങളും, പത്തനംതിട്ട, 2012.

———, കേരളസുറിയാനിസഭയിലെ പിളർപ്പിന് ഒരു സപ്ലിമെന്റ്,പത്തനംതിട്ട 2013.

-----, തിരുവനന്തപുരം അതിരൂപതയിലെ ആദ്യകാലവൈദികർ, തിരുവനന്ത പുരം, 2001.

പാറേട്ട് Z.M., മുളന്തുരുത്തി സൂനഹദോസ്, കോട്ടയം, 1966.

പുതുശ്ശേരി ജെ., വെളിപാട് വായനയ്ക്കൊരു വഴികാട്ടി,പാലാരിവട്ടം/കൊച്ചി,2017.

പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ, വിലാപങ്ങൾ, (ed.റ്റി.സി.കോര), കോട്ടയം, 1925, 1989.[2]

www.malankaralibrary.com

പൊടിപ്പാറ പ്ലാസിഡ്, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും,? കോട്ടയം,1981.

പൗരസ്ത്യസഭ ഭാരതത്തിൽ-ഒരു ലഘുചരിത്രം,തൃശൂർ, 1979.

പോൾ എം.വി., തിരുസഭാചരിത്രം,തൃശൂർ,1982.

ഫാദർ തോമ്മാ, പൗരോഹിത്യപിന്തുടർച്ചയും കൂദാശകളും,തുമ്പമൺ,1973.

ഫിലിപ്പ് ഇ.എ., മലങ്കരസഭയുടെ രഹസ്യപേടകം, കോട്ടയം,1993.

ഫിലിപ്പ് ഇ.എം., മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, ചിങ്ങവനം,1977.

ബർണാർദ് റ്റി., മാർതോമാക്രിസ്ത്യാനികൾ, കോട്ടയം,1992[2]

മത്തായി M.V., കത്തോലിക്കാ സഭാപുനരൈക്യവും മലങ്കരസുറിയാനി റീത്തും, പന്തളം,1939.

മടുക്കക്കുഴി മാത്യു, പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിലൂടെ, 2 വാല്യം, കാഞ്ഞിരപ്പള്ളി, 1995.

മണ്ണൂരാംപറമ്പിൽ റ്റി., സീറോ-മലബാർ സഭയുടെ ചരിത്രപശ്ചാത്തലം, കോട്ടയം,1986.

മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം, കോട്ടയം, 1993.

മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികളുടെ പരസ്യാരാധനക്രമം, തിരുവല്ല,1985.

മലങ്കര മാർത്തോമ്മാ സുറിയാനിസഭ -സഭാഡയറക്ടറി 2015,തിരുവല്ല,2015.

മലങ്കര മാർത്തോമ്മാ സുറിയാനിസഭയുടെ കുർബാന തക്സാ, തിരുവല്ല, 1942.

മലങ്കര മാർത്തോമ്മാ സുറിയാനിസഭാ ഭരണഘടന,തിരുവല്ല, 1977.

മാതോത്ത് കുര്യൻ (ed.), കേരളസഭ ചരിത്രത്തിലൂടെ, പാലാ, 1980.

മാർ അത്തനാസ്യോസിന്റെ മലങ്കര കാനൻ, കോട്ടയം,2002.

മാർ അപ്രേം, പൗരസ്ത്യ സഭാചരിത്ര പ്രവേശിക, തിരുവല്ല, 1976.

മാർ ഈവാനിയോസ്, ഗിരിദീപം, തിരുവല്ല,1923.

മോറിസ് J.J.സംഘകാലസംസ്കാരത്തിന്റെ ക്രൈസ്തവസ്വഭാവം,കോട്ടയം, 1988.

വട്ടശ്ശേരി ഗീവർഗീസ് മാർ ദിവന്നാസ്യോസ്, മതോപദേശസാരം, കോട്ടയം, (s.d.)

വർഗീസ് K.C., മലബാർ സ്വതന്ത്രസുറിയാനിസഭാചരിത്രം, കുന്നംകുളം,1972.

വർഗീസ് P.K.,സെന്റ് തോമസ് ഇവാൻജലിക്കൽ സഭാചരിത്രം, തിരുവല്ല, 1985.

വർഗീസ് റ്റി.ഐ., മലങ്കര-അന്ത്യോക്യൻബന്ധം പത്തൊൻപതാം നൂറ്റാണ്ടിന്റെ സൃഷ്ടി, കോട്ടയം, 1977.

ശമുവേൽ വി.സി., ഇത് ഒരു ഇൻഡ്യൻസഭയോ? തിരുവല്ല, 1975.

---------------,ആധുനിക ഭാരതസഭ, കോട്ടയം 1987.

www.malankaralibrary.com

---------------, സഭ വളരുന്നു, കോട്ടയം, 1984.

—മലങ്കരസഭയുടെ അന്ത്യോക്യൻ ബന്ധം, കോട്ടയം, 1982.

—മലങ്കര അന്ത്യോക്യൻ ബന്ധത്തിലെ ചില ചരിത്രസത്യങ്ങൾ, കോട്ടയം, 1997.

സ്കറിയാ സക്കറിയാ, രണ്ടു പ്രാചീന ഗദ്യകൃതികൾ, ചങ്ങനാശ്ശേരി, 1976.

സഖറിയാ റ്റി.ജി.- മാമ്മൻ കെ.വി.(ed.), ഇരുപതാംനൂറ്റാണ്ടിലെ മലങ്കരസഭ 1876-1976, കോട്ടയം,1978.

സാംസൺ ഏബ്രഹാം,പെന്തക്കോസ്തുസഭകൾ കേരളത്തിൽ,ചങ്ങനാശ്ശേരി,1994.

സാമുവൽ M.T.,പെന്തെക്കോസ്തുപ്രസ്ഥാനം,ഇന്നലെ, ഇന്ന്...,കോട്ടയം, 1988.

സിറിൾ മാർ ബസേലിയോസ്, സീറോ-മലങ്കര സഭ, കോട്ടയം, 1982.

സെന്റ് തോമസ് ഇവാൻലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ, സ്നാനശുശ്രൂഷ, തിരുവല്ല, 1996.

---------, ആരാധനക്രമവും തിരുവത്താഴക്രമവും, തിരുവല്ല,1997.

റോയൽകോടതിവിധി, തിരുവനന്തപുരം, 1989.

Abraham C.A., A Matter of Rite, Kottayam,(s.d.).

---------------, A Jarring Note Made More Jarring,Trivandrum,(s.d.)

________, The Indian Reality-A Church at Risk,Trivandrum, (s.d.).

Alexander Mar Thoma, The Mar Thoma Church-Heritage and Mission, Tiruvalla,1985.

Algermissen K. , The Christian Sects, London,1962.

Ananthakrishna Ayyar, Anthropology of the Syrian Christians,Ernakulam, 1926.

Ans J.Van der Bent, Handbook Member Churches,WCC.,Geneva, 1985.

Arangassery Lonappan, Right to Rite, Kottayam,2012.

Beckwith R.T.-W.Stott, This is the day,London, 1978.

Beltrami, G., La Chiesa Caldea nel secolo dell'unione,(Orientalia Christiana 29) Roma 1933.

Bernard T., A Brief Sketch of the History of the St.Thomas Christians, Trichinopoly, 1924.

Brian McNeil, One City One Bishop?, Bangalore 1987.

Brown L., The Indian Christians of St.Thomas, Cambridge,1982.

Chediath G., The Malankara Catholic Church, Kottayam,2012.

www.malankaralibrary.com

------------, Major Archbishop-Catholicos,Trivandrum 2007.

-----------, Die malankarisch-katholische Kirche, Kottayam,2012.

Chediath G.-Vellilamthadom,T., ""Problems and Prospects of Evangelization in India", in *Jeevadhara* July 1983, p.253-264.

-------------- ,The Catholicos of the East,Trivandrum,2005.

-------------- , Valuparambil K., Chempakassery P. (ed.), Archbishop Mar Ivanios in his Thoughts, Trivandrum 2004.

Cherian C.V., A History of Christianity in Kerala,Kottayam,1973.

Coad R., A History of the Brethren Movement,Exeter,1968.

CSI Madhya Kerala Diocese,Centenary Souvenir,Kottayam, 1980.

Cyril Mar Baselios,The Holy Catholic Church as the Communion of Churches, the End of a Controversy, Ernakulam, 1993.

Damsteegt P.G., Foundations of the Seventh day Adventist Message and Mission, Grand Rapids,1977.

Edward D. O'Connor,The Pentacostal Movement in the Catholic Church, Notre Dame/Indiana,1971.

Estep W.R. Anabaptist Beginnings(1523-1533) A Source Book, Nieukoop, 1976.

Farquhar J.N.,The Apostle Thomas in North India, Manchester, 1926.

Ferroli, The Jesuits in Malabar, 2 vols. Bangalore,1939.1951.

Geddes M., The History of the Church of Malabar....,London 1694.

George C.M., Ecumenical Strategies of the Malankara Catholic Church, Kottayam, 2001.

George K.M.,Church of South India-Negotiations towards Union 1919-1947, Punnavely, 1997.

Giamil S.,Genuinae Relationes inter Sedem Apostolicam et Assyriorum Orientalium seu Chaldaeorum Ecclesiam,Romae,1902.

Gibbs M.E., The Anglican Church in India 1600-1970,Delhi,1972.

Gielen M.,St. Thomas the Apostle of India,Kottayam,1990(ed.G.Chediath)

Gouvea A.,Jornada...Coimbra,1606; English tr. Jornada of Dom Alexis de Menezes... ed.by P. Malekandathil, Cochi,2004.

Hardan, The Protestant Churches of America, NY.1968.

www.malankaralibrary.com

Hough J.,The History of Christianity in India...2 vols.London 1839.

Hunt W.S., The Anglican Church in Travancore and Cochin 1816-1916,vol.2. Kottayam,1933.

Inchakkalody T., Archbishop Mar Ivanios, 2 vols. Trivandrum, 2015 (tr.by The Department of English,Mar Ivanios College, Nalanchira,TVM).

Indian Christian Directory for the New Millennium,Kottayam, 2000, (A Deepika Publication).

Jedin H., History of the Church,10 vols. London, 1980-1981.

John K.J., Christian Heritage of Kerala, Cochin,1981.

Jungmann,The Meaning of Sunday,London, 1961.

Kamukumpally A. The Ministerial Structure of the Church of South India in Reference to recent Catholic Thinking on non Catholic Ministry, Rome, 1981 .

Kanjiramukalil S., History of the St.Thomas Christians in India, Kottayam, 2016.

Kochuvilayil G., The Juridical Figure of Catholicos in the Catholic Church, Bangalore, 2010.

Kollaparambil J., The Archdeacon of All India,...Rome,1972.

---------------, The St.Thomas Christians' Revolution in1653,Kottayam,1981.

---------------, The Babylonian Origin of the Southists among the St.Thomas Christians, Roma, 1992 (OCA-241).

Koodapuzha X., Christianity in India,Kottayam,1998.

--------------------, Faith and Communion of the Indian Church of the St.Thomas Christians, Kottayam,1982.

Kuruvila K.K., A History of the Mar Thoma Church and its Doctrines, Madras, 1951.

K.M.George, Church of South India, Life in Union(1947-1997)Tiruvalla,1999.

Lima Document-Baptism, Eucharist and ministry (Faith and Order Paper-No.111)WCC.,Geneva,1983.

Louise d'Angelo, The Catholic Answer to the Jehovah's Witnesses - A Challenge Accepted, Meriden, 1981.

Mackenzie G.T., Christianity in Travancore, Trivandrum 1901.

Madey J., The Hierarchy of the Syriac Tradition,Kottayam,1998.

www.malankaralibrary.com

Malancharuvil C.,The Syro-Malankara Church, Alwaye,1973.

Mar Aprem, Indian Christian Who is Who,Trichur/Bombay,1983.

---------------, Indian Christian Directory, Bangalore,1984.

----------------, The Chaldean Syrian Church in India, Trichur,1977.

Margret Gibbons, Mar Ivanios, Kottayam,2002(Reprint).

Mar Thoma Syrian Church,Order of Services,Tiruvalla, 1988.

Mathew K.V.,The Faith and Practice of the Mar Thoma Church, Kottayam,1985.

Medlycott A.E., India and the Apostle Thomas,London, 1905.

Menacherry C., Indian Church History Classics,vol.1.Trissur,1998.

Meyer H.-Vischer L., Growth in Agreement (Ecumenical Documents-2),NY.-Ramsey-Geneva, 1994.

Mingana A., The early Spread of Christianity in India, in Bulletin of the John Ryland's Library 10 (1926) 435-495.

Moffett S.H., A History of Christianity in Asia,vol.1.Beginnings to 1500, NY.,1998.

Moolaveettil L., The Malankara Catholic Church, Kottayam,1988.

Moolaveettil L., The Spiritual Life of Mar Ivanios,Kottayam,1977.

Moraes G.M., A History of Christianity in India,Bombay,1964.

Morey R.A., How to answer a Jehovah's Witness, Minneapolis, 1980.

Mounayer J., Les Synodes Syrien Jacobites,Beyrouth,1963.

Mundaden A.M., History of Christianity in India...,vol.1.Bangalore 1984.

Nedungatt G.(ed.), The Synod of Diamper Revisited, Rome,2001.

Neil T.P., History of the Catholic Church, Milwaukee, 1965.[2]

O'Conner E.D., The Pentacostal Movement in the Catholic Church, Notre Dame/Indiana, 1971.

Pallath Paul, The Provincial Councils of Goa and the Church of St.Thomas Christians, Kottayam,2005.

--------, Important Roman Documents concerning the Catholic Church in India, Kottayam, 2004.

Pananthanam J.M., The Canonical Reforms of Leonardo Mellano, Rome, 1976 (Doctoral Dissertation, Gregorian University).

www.malankaralibrary.com

Pathikulangara V., Further Documentation on Latin-Oriental relation and the Mission of the Church in India?, Kottayam, 1985.

Paulose Mar Gregorios, The Indian Orthodox Church-An Overview, Kottayam,1986.

Payngot C., Homage to Mar Cariatti, Rome 1987.

Perumalil H.C.- Hambye E.R., Christianity in India, Alleppey,1972.

Podipara P.J., The Hierarchy of the Syro-Malabar Church, Alleppey,1976.

-----------------, The Latin Rite Christians of Malabar, Kottayam,1986.

--------- -------, Mariology of the East, Kottayam,1980.

-----------------, The Thomas Christians, London-Bombay, 1970.

Ripley F.J., The Witness of Jehovah:questions and answers,London 1969.

Puthur B.(ed.), The Life and Nature of the St.Thomas Christian Church in the Pre-Diamper Period, Kochi,2000.

Raulin J.F., Historia Ecclesiae Malabaricae cum Diamperitana Synodo, Roma, 1745.

Rumble L., The Incredible Creed of Jehovah's Witnesses, London,1970.

Scariah Zacharia(ed.), The Acts and Decrees of the Synod of Diamper, Edamattom,1994.

Schnell W.J., Jehovah's Witnesses, Errors Exposed, Grand Rapids,1959.

Schurhammer G., The Malabar Church and Rome,trichinopoly,1933.

Silva Rego A., Documentacao para Historia das Missoes do Padroado portugues do Oriente,Lisboa,1947.

St.Thomas Evangelical Church of India, Silver Jubilee Souvenir, Tiruvalla, 1986 (=SJS).

Subsidium ad Bullarium Patronatus Portugalliae,Alleppey,1903.

Sundkler B., Church of South India, London,1954.

Supreme Court Judgement 1995, Ernakulam 1996.

Susan Visvanathan,The Christians of Kerala, Oxford,1993.

Thaliath J., The Synod of Diamper,Rome,1958.

The Apostolic Constitution and the Papal Bulls relating to the Establishment of the Ecclesiastical Province of Trivandrum of the Syro-Antiochene Rite, Trivandrum,1933 (tr.by I.C.Chacko & published by M.M.Varkey).

The Catholic Directory of India 2013, New Delhi, 2013.

www.malankaralibrary.com

The Royal Court of final Appeal, Kottayam,1975.

The Church of South India after Thirty Years, Madras,1978.

The Code of Particular Canons of the syro-Malankara Catholic Church,Trivandrum, 2012.

The Constitution of the Malankara Orthodox Syrian Church, Kottayam,1973.

Thekkedath J., The Troubled Days of Francis Garcia S.J. Archbishop of Cranganore (1641-1659), Rome,1972.

Thevarmannil C., Mar Abraham ,The Archbishop of St.Thomas Christians in Malabar (1508-1597), (ed. K.S.Mathew), Kottayam,2016.

Thomas K.T.- Koshy T.N., Faith on Trial, Ernakulam,1965.

Thomas M.A., An Outline History of Christian Churches and Denominations in Kerala, Trivandrum,1977.

Thomas N.A., One Territory-One Bishop?or Shall the Syrian Rites die? Changanacherry,1971.

Tisserant E. - Hambye E.R., Eastern Christianity in India, Calcutta, 1957.

Titus Varghese V.- Philip P.P., Glimpses of the Historyof the Christian Churches in India, Madras,1983.

Tottunkal Isaac, Malankara Catholic Church: A Model for Ecumenical Dialogue, Bangalore,1988.

Tottunkal Isaac, At the Service of Full Communion, Rome 1997.

Urumpackal A.,Vocations in Kerala, 2 vols. Kottayam,1986.1988.

-------------------, The Juridical Status of the Catholicos of Malabar,Rome,1977.

Van de Pol W.H.,World Protestentism, London-Melbourne,1964.

Vellian J., Symposium on Knanites, Kottayam, 1986.

--------, The Apostle Thomas in India according to the Acts of Thomas, Kottayam, 1972.

----------, The Romanization Tendency, Kottayam,1972.

Vineeth V.F., Justice and Reconciliation, Bangalre, 1983.

Wicki J., Documenta Indica, 18 vols. Romae,1948-1988.

Woodard D., Our Separated Brethren, London,1968.

Yuhanon Mar Thoma, Christianity in India, Madras 1968.

www.malankaralibrary.com

www.malankaralibrary.com

## OIRSI Publications Recent Books

438. മാത്യു ആലപ്പാട്ടുമേടയിൽ, കുറവിലങ്ങാട്ടിന്റെ പൈതൃകം, കോട്ടയം 2018.
439. Jose Valiamangalam, Ecclesial Vision of Thomas Christians in the Light of Varthamanapusthakam: A Historico-Theological Study, Kottayam 2018.
440. Varghese Palathingal, ed., Temporal Goods of the Church, Kottayam 2018.
441. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം, അഞ്ചാം പതിപ്പ്, കോട്ടയം 2018.
442. James Puliurumpil, Jurisdiction of the Syro-Malabar Church: A Historical Perspective, Kottayam 2018.
443. സ്കറിയ കന്യാകോണിൽ, സ്വവർഗ ലൈംഗികത: ക്രൈസ്തവ ധാർമ്മികദർശനം, കോട്ടയം2018.
444. James Puliurumpil, Theology of Acts of Thomas: A Textual Analysis, Kottayam 2018.
445. മാർ ജോർജ് പുന്നക്കോട്ടിൽ, വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം, കോട്ടയം2019.
446. Anto Cheranthuruthy, ed., Quest for Truth: A Spectrum of Certitude, Kottayam 2019.
447. Joseph Kaduppil, ed., Clerical Formation: Challenges in a Changing World, Kottayam 2019.
448. James Puliurumpil, Glimpses of Syro-Malabar History, Kottayam 2019.
449. Bishop Jose Pulickal, Pilgrim Perspectives of Eastern Ecclesiology, Kottayam 2019.
450. ജി. ചേടിയത്ത്, സൊസോമൻ – സഭാചരിത്രം, കോട്ടയം2019.
451. Lonappan Arangassery, Introduction to Patrology, Ujjain 2019.
452. സ്കറിയ കന്യാകോണിൽ & റോസിലിൻ MTS (ed.) , സ്ത്രീമഹത്വം സുറിയാനി പാരമ്പര്യത്തിൽ, കോട്ടയം, 2019.
453. ജി. ചേടിയത്ത്, സൈറസിലെ തിയഡൊറെറ്റ് : സഭാചരിത്രം, കോട്ടയം, 2020.
454. ആന്റോ ചേരാൻതുരുത്തി, സമകാലികഭാരതം കാഴ്ചകളും ഉൾക്കാഴ്ചകളും, കോട്ടയം, 2020.
455. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ed., വിശ്വാസവും ജീവിതവും ക്വാറന്റീനിൽ, കോട്ടയം, 2020.
456. Bishop Joseph Kallarangatt, Marginalia: Text and Thoughts, Kottayam 2020.
457. ജി. ചേടിയത്ത്, കേരളത്തിലെ ക്രൈസ്തവസഭകൾ,കോട്ടയം, 2020.

O I R S I
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam

www.malankaralibrary.com